

ശ്രീമദ് വാല്മീകി

# രാമായണം

യുദ്ധകാണ്ഡം ഭാഗം രണ്ട്

ശ്രീരാമജയം

# ശ്രീമദ്വാല്മീകിരാമായണം

## യുദ്ധകാണ്ഡം

രണ്ടാം ഭാഗം

(അന്വയക്രമഭാഷാവ്യാഖ്യാനസഹിതം)

——(००)——

*M. N. RAMASWAMY IYER MEMORIAL EDITION*


വ്യാഖ്യാതാവ്:

ബ്രഹ്മശ്രീ ജി. എസ്സ്. ശ്രീനിവാസയ്യർ, ബി.എ., എൽ.ടി.

റിട്ടയർഡ് ഹെഡ്മാസ്റ്റർ, ഹൈസ്കൂൾ, ആലത്തൂർ



*Published by*

**SRI RAM PUBLISHERS**

**321, Thambu Chetty Street**

**MADRAS-1**

**1968**

Price Rs. 12



Late M. N. RAMASWAMI IYER
BANKER, PALGHAT

# വിഷയാനുക്രമണിക


| സൎഗ്ഗം | വിഷയം | ശ്ലോകസംഖ്യ | പേജ് |
|---|---|---|---|
| 71. | അതികായവധം | 115 | 1 |
| 72. | രാവണന്റെ ഉത്കണ്ഠ | 20 | 26 |
| 73. | ഇന്ദ്രജിത്ത് ശ്രീരാമലക്ഷ്മണന്മാരെ ബ്രഹ്മാസ്ത്രംകൊണ്ട് ബന്ധിക്കുന്നതു് | 74 | 31 |
| 74. | ഹനുമാൻ ഔഷധിപൎവ്വതം കൊണ്ടുവരുന്നതു് | 80 | 49 |
| 75. | വാനരന്മാർ രാത്രി ലങ്കയെ തീവെക്കുന്നതു് | 73 | 69 |
| 76. | കുംഭവധം | 98 | 84 |
| 77. | നികുംഭവധം | 25 | 104 |
| 78. | മകരാക്ഷൻ പോരിന്നു പുറപ്പെടുന്നതു് | 21 | 109 |
| 79. | മകരാക്ഷന്റെ വധം | 43 | 114 |
| 80. | ഇന്ദ്രജിത്ത് മറഞ്ഞു യുദ്ധം ചെയ്യുന്നതു് | 44 | 124 |
| 81. | മായാസീതയെ വധിക്കുന്നതു് | 38 | 133 |
| 82. | നികുംഭിലയിൽ ഹോമം തുടങ്ങുന്നത് | 29 | 142 |
| 83. | ശ്രീരാമനെ സമാധാനിപ്പിക്കുന്നത് | 44 | 148 |
| 84. | ഇന്ദ്രജിത്തിനെ വധിപ്പാനുള്ള ഉപായത്തെപ്പററി വിഭീഷണൻ പറയുന്നതു് | 23 | 165 |
| 85. | ഇന്ദ്രജിത്തിനെ വധിപ്പാനായി ലക്ഷ്മണൻ പുറപ്പെടുന്നതു് | 39 | 170 |
| 86. | ഇന്ദ്രജിത്തുമായി യുദ്ധം തുടങ്ങുന്നത് | 36 | 178 |
| 87. | ഇന്ദ്രജിത്തും വിഭീഷണനും തമ്മിലുള്ള സംവാദം | 35 | 186 |
| 88. | ഇന്ദ്രജിത്തും ലക്ഷ്മണനുമായുള്ള യുദ്ധം | 41 | 193 |
| 89. | ഇന്ദ്രജിത്തും ലക്ഷ്മണനുമായുള്ള മഹായുദ്ധം | 44 | 202 |
| 90. | ഇന്ദ്രജിത്തിന്റെ തേരുടക്കുന്നതു് | 56 | 211 |
| | ഇരുപത്തിമൂന്നാം ദിവസം ഗാനംചെയ്ത ശ്ലോകസംഖ്യ | | 978 |
| 91. | ഇന്ദ്രജിത്തിന്റെ വധം | 101 | 223 |
| 92. | ഇന്ദ്രജിത്ത് മുറിയേല്പിച്ചവരെ ചികിത്സിക്കുന്നത് | 32 | 244 |
| 93. | സീതയെ രാവണൻ ഹനിപ്പാൻ ഉദ്യമിക്കുന്നതിനെ തടുക്കുന്നതു് | 70 | 254 |
| 94. | ശ്രീരാമൻ ഗാന്ധൎവ്വാസ്ത്രം പ്രയോഗിക്കുന്നതു് | 39 | 268 |
| 95. | രാക്ഷസികൾ പ്രലപിക്കുന്നത് | 44 | 278 |
| 96. | രാവണൻ യുദ്ധത്തിന്നു പുറപ്പെടുന്നത് | 52 | 286 |
| 97. | വിരൂപാക്ഷവധം | 35 | 297 |
| 98, | മഹോദരവധം | 46 | 304 |
| 99, | മഹാപാൎശ്വവധം | 26 | 313 |

| | | | |
|---|---|---|---|
| 100, | രാമരാവണയുദ്ധം | 50 | 318 |
| 101. | ലക്ഷ്മണൻെറ നേരെ വേൽ പ്രയോഗിക്കുന്നതു് | 65 | 329 |
| 102, | ലക്ഷ്മണനെ ജീവിപ്പിക്കുന്നതു് | 54 | 342 |
| 103, | ശ്രീരാമൻ ഇന്ദ്രൻ അയച്ച രഥത്തിൽ ആരോഹണം ചെയ്യുന്നതു് | 36 | 353 |
| 104. | രാവണൻെറ ശൂലത്തെ തകക്കുന്നത് | 37 | 360 |
| 105. | രാവണനെ കുഴക്കുന്നത് | 33 | 367 |
| 106. | സാരഥിയെ രാവണൻ ഭർത്സിക്കുന്നത് | 29 | 374 |
| 107. | അഗസ്ത്യമുനി ആദിത്യഹൃദയം ഉപദേശിക്കുന്നത് | 32 | 381 |
| 108. | ശുഭാശുഭലക്ഷണങ്ങൾ കാണുന്നതു് | 39 | 397 |
| 109. | രാവണൻെറ കൊടി മുറിച്ചുവീഴ്ത്തുന്നത് | 31 | 405 |
| 110. | രാവണൻെറ നൂറു തല മുറിച്ചുവീഴ്ത്തുന്നതു് | 40 | 411 |
| 111. | രാവണവധം | 34 | 419 |
| | ഇരുപത്തിനാലാംദിവസം ഗാനംചെയ്ത ശ്ലോകസംഖ്യ | 925 | |
| 112. | വിഭീഷണൻ വിലപിക്കുന്നതു് | 26 | 427 |
| 113. | രാവണൻെറ അന്തഃപുരസ്ത്രീകളുടെ വിലാപം | 28 | 434 |
| 114. | മണ്ഡോദരിയുടെ പ്രലാപം മുതലായവ | 127 | 440 |
| 115. | വിഭീഷണപട്ടാഭിഷേകം | 25 | 468 |
| 116. | സീതയോടു് പ്രിയവൎത്തമാനത്തെ അറിയിക്കുന്നത് | 56 | 473 |
| 117, | സീത ഭർത്തൃമുഖത്തെ സന്ദർശിക്കുന്നത് | 37 | 486 |
| 118. | സീതാദേവിയെ നിരസിക്കുന്നത് | 26 | 494 |
| 119, | സീത അഗ്നിപ്രവേശം ചെയ്യുന്നത് | 35 | 501 |
| 120, | ബ്രഹ്മാദികളാൽ ചെയ്യപ്പെട്ട രാമസ്തവം | 36 | 509 |
| 121, | സീതയെ സ്വീകരിക്കുന്നത് | 23 | 519 |
| 122, | ദശരഥമഹാരാജാവിനെ സന്ദർശിക്കുന്നത് | 37 | 525 |
| 123, | ഇന്ദ്രൻ വരം നൽകുന്നത് | 25 | 533 |
| 124, | വിഭീഷണൻ സൽക്കരിക്കുന്നത് | 29 | 539 |
| 125. | പുഷ്പകവിമാനത്തിൽ കയറുന്നത് | 28 | 545 |
| 126, | മടക്കത്തിലുള്ള മാർഗ്ഗത്തെ വർണ്ണിക്കുന്നത് | 58 | 552 |
| 127, | ഭരദ്വാജാശ്രമത്തിൽ താമസിക്കുന്നത് | 24 | 552 |
| 128, | ഭരതനെ പ്രിയവൎത്തമാനം അറിയിക്കുന്നത് | 46 | 585 |
| 129, | ഹനുമാനും ഭരതനും തമ്മിൽ സംഭാഷണം ചെയ്യുന്നതു് | 57 | 595 |
| 130, | ഭരതനുമായി ചേരുന്നത് | 62 | 607 |
| 131, | ശ്രീരാമപട്ടാഭിഷേകം | 120 | 621 |

ഇരുപത്തഞ്ചാംദിവസം ഗാനംചെയ്ത ശ്ലോകസംഖ്യ 905

ഹരിഃ ഓം ശ്രീഗുരുഭ്യോ നമഃ

ശ്രീ സീതാലക്ഷ്മണഭരതശത്രുഘ്നഹനൂമത്സമേത ശ്രീരാമചന്ദ്രസ്വാമിനെ നമഃ

# ശ്രീമദ്വാല്മീകിരാമായണം

## യുദ്ധകാണ്ഡം

### രണ്ടാം ഖണ്ഡം

പുരാ കുശലവാഭ്യാം ശ്രീരാമസന്നിധാവശ്വമേധയജ്ഞവാടേ ത്രയോവിംശതതമേഽഹനി യുദ്ധകാണ്ഡേ ഏകസപ്തതിതമസർഗ്ഗമാരഭ്യ നവതിതമസർഗ്ഗപര്യന്തം (17917–18394 ശ്ലോകാഃ) ഗീതം. തസ്മിൻ ദിനേ ഗീതാഃ ശ്ലോകാശ്ച 978.

പണ്ടു് കുശലവന്മാരാൽ ശ്രീരാമസന്നിധിയിങ്കൽ അശ്വമേധയാഗമണ്ഡപത്തിൽ വെച്ച ഇരുപത്തിമൂന്നാം ദിവസം യുദ്ധകാണ്ഡത്തിൽ 71-ാം സർഗ്ഗംമുതൽ 90-ാം സർഗ്ഗം കൂടി 17917 മുതൽ 18894 കൂടി ശ്ലോകങ്ങൾ) ഗാനം ചെയ്യപ്പെട്ടു.

അന്നേ ദിവസം ഗാനം ചെയ്യപ്പെട്ട ശ്ലോകസംഖ്യ 978

### ഏകസപ്തതിതമഃ സർഗ്ഗഃ=എഴുപത്തൊന്നാംസർഗ്ഗം

[അതികായവധഃ = അതികായവധം]

സ്വബലം വ്യഥിതം ദൃഷ്ട്വാ തുമുലം രോമഹർഷണം
ഭ്രാതൄംശ്ച നിഹതാൻ ദൃഷ്ട്വാ ശക്രതുല്യപരാക്രമാൻ 1
പിതൃവ്യൌ ചാപി സംദൃശ്യ സമരേ സന്നിഷൂദിതൌ
യുദ്ധോന്മത്തം ച മത്തം ച ഭ്രാതരൌ രാക്ഷസർഷഭൌ 2
ചുകോപ ച മഹാതേജാ ബ്രഹ്മദത്തവരോ യുധി
അതികായോഽദ്രിസംകാശോ ദേവദാനവദർപ്പഹാ. 3

| | |
|---|---|
| യുധി | പോരിൽ |
| മഹാതേജാഃ | അതിപ്രതാപശാലിയും |
| അദ്രിസംകാശഃ | പർവ്വതതുല്യനും |
| ദേവദാനവ-ദർപ്പഹാ | ദേവന്മാരുടേയും ദാനവന്മാരുടേയും ഗർവ്വമടക്കിയവനും |
| ബ്രഹ്മദത്ത-വരഃ ച | ബ്രഹ്മദേവനിൽനിന്നു് വരംലഭിച്ചവനുമായ |
| അതികായ: | അതികായൻ |
| രോമഹർഷണം | രോമാഞ്ചമുണ്ടാക്കമാറു് |
| തുമുലം | അത്രയും വലുതായ |
| സ്വബലം | തന്റെ സേനയെ |
| വ്യഥിതം | കുഴമ്പിയതായി |
| ദൃഷ്ട്വാ | കണ്ടു് |
| ശക്രതുല്യ-പരാക്രമാൻ | ഇന്ദ്രതുല്യപരാക്രമികളായ |

| | |
|---|---|
| ഭ്രാതൄൻ | സഹോദരന്മാരെ |
| നിഹതാൻ | കൊല്ലപ്പെട്ടവരായി |
| ദൃഷ്ട്വാ ച | കാൺകയാലും |
| ഭ്രാതരൌ | ജ്യേഷ്ഠാനുജന്മാരായ |
| രാക്ഷസർഷഭൌ അപി | രാക്ഷസോത്തമന്മാരും |
| പിതൃവ്യൌ | ഇളയച്ഛന്മാരുമായ |
| യുദ്ധോന്മത്തം ച | യുദ്ധോന്മത്തനേയും (മഹോദരനേയും) |
| മത്തം ച | മത്തനേയും (മഹാപാർശ്വനേയും) |
| സമരേ | പോരിൽ |
| സന്നിഷൂദിതൌ | കൊല്ലപ്പെട്ടവരായു് |
| സംദൃശ്യ ച | കണ്ടതിനാലും |
| ചുകോപ | കോപാക്രാന്തനായി ഭവിച്ചു. |

സ ഭാസ്കരസഹസ്രസ്യ സംഘാതമിവ ഭാസ്വരം
രഥമാസ്ഥായ ശക്രാരിരഭിദുദ്രാവ വാനരാൻ 4

| | | | |
|---|---|---|---|
| ശക്രാരിഃ സഃ | ഇന്ദ്രശത്രുവായ അവൻ | ഭാസ്വരം | ദീപ്തിയാൎന്നതായ |
| ഭാസ്കര- സഹസ്രസ്യ സംഘാതം ഇവ | അനേകം സൂൎയ്യന്മാർ ഒത്തുകൂടിയാലെന്ന പോലെ | രഥം | രഥത്തിൽ |
| | | ആസ്ഥായ | ഇരുന്നുകൊണ്ടു് |
| | | വാനരാൻ | വാനരന്മാരെ |
| | | അഭിദുദ്രാവ. | ഏറ്റടുത്തു. |

സ വിസ്ഫാൎയ്യ മഹച്ചാപം കിരീടീ മൃഷ്ടകുണ്ഡലഃ
നാമ വിശ്രാവയാമാസ നനാദ ച മഹാസ്വനം. 5

| | | | |
|---|---|---|---|
| കിരീടീ | മകുടം ധരിച്ചവനും | വിസ്ഫാൎയ്യ | ഞാണൊലിയിട്ടുകൊണ്ടു് |
| മൃഷ്ടകുണ്ഡലഃ | മിനുപ്പിച്ച കുണ്ഡലങ്ങളണിഞ്ഞവനുമായ | നാമ | പേരിനെ |
| | | വിശ്രാവയാമാസ | വിളിച്ചുപറഞ്ഞു; |
| സഃ | അവൻ | മഹാസ്വനം | ഉച്ചത്തിൽ |
| മഹത്ചാപം | ഊക്കൻ വില്ലിനെ | നനാദ ച. | ഗൎജ്ജിക്കയുംചെയ്തു. |

തേന സിംഹപ്രണാദേന നാമവിശ്രാവണേന ച
ജ്യാശബ്ദേന ച ഭീമേന ത്രാസയാമാസ വാനരാൻ 6

| | | | |
|---|---|---|---|
| തേന | ആ | ഭീമേന | ഭയങ്കരമായ |
| സിംഹ- പ്രണാദേന | സിംഹനാദംകൊണ്ടും | ജ്യാശബ്ദേന ച | ഞാണൊലിയാലും |
| നാമവിശ്രാ- വണേന ച | പേർവിളിച്ചുപറഞ്ഞതുകൊണ്ടും | വാനരാൻ | വാനരന്മാരെ |
| | | ത്രാസയാമാസ. | വിറപ്പിച്ചു. |

തേ ദൃഷ്ട്വാ ദേഹമാഹാത്മ്യം കുംഭകൎണ്ണോऽയമുത്ഥിതഃ
ഭയാൎത്താ വാനരാഃ സൎവ്വേ സംശ്രയന്തേ പരസ്പരം. 7

| | | | |
|---|---|---|---|
| തേ വാനരാഃ | ആ വാനരന്മാർ | അയം ഉത്ഥിതഃ | ഇതാ എഴുന്നേറ്റുകഴിഞ്ഞു എന്നു് |
| സൎവ്വേ | എല്ലാവരും | | |
| ദേഹമാഹാത്മ്യം | ദേഹത്തിൻ വലുപ്പത്തെ | ഭയാൎത്താഃ | നടുങ്ങിയവരായി |
| ദൃഷ്ട്വാ | കണ്ടു് | പരസ്പരം | ഒരുവനെയൊരുവൻ |
| കുംഭകൎണ്ണഃ | കുംഭകൎണ്ണൻ | സംശ്രയന്തേ. | കെട്ടിപ്പിടിക്കയായി. |

തേ തസ്യ രൂപമാലോക്യ യഥാ വിഷ്ണോസ്ത്രിവിക്രമേ
ഭയാദ്വാനരയൂഥാസ്തേ വിദ്രവന്തി തതസ്തതഃ. 8

| | | | |
|---|---|---|---|
| തേ | ആ വീൎയ്യശാലികളായ | രൂപം | രൂപത്തെ |
| വാനരയൂഥാഃ | വാനരഗണങ്ങൾ | ആലോക്യ | കണ്ടു് |
| ത്രിവിക്രമേ | ത്രിവിക്രമാവതാരത്തിൽ | തേ | അവർ |
| | | ഭയാത് | ഭയത്താൽ |
| വിഷ്ണോഃ യഥാ | വിഷ്ണുവിന്റേതുപോലെയുള്ള | തതഃ തതഃ | ഓരോ ദിക്കിൽ |
| തസ്യ | അവന്റെ | വിദ്രവന്തി. | ഓടുകയായി. |

തേഽതികായം സമാസാദ്യ വാനരാ മൂഢചേതസഃ
ശരണ്യം ശരണം ജഗ്മുർലക്ഷ്മണാഗ്രജമാഹവേ. 9

| | | | |
|---|---|---|---|
| തേ വാനരാഃ | ആ വാനരന്മാർ | ആഹവേ | പോരിൽ |
| അതികായം | അതികായനെ | ശരണ്യം | ശരണാഗതരക്ഷകനായ |
| സമാസാദ്യ | എതിരിൽ കണ്ടു് | ലക്ഷ്മണാഗ്രജം | ശ്രീരാമനെ |
| മൂഢചേതസഃ | മതികലങ്ങിയവരായി | ശരണം ജഗ്മുഃ | ശരണം പ്രാപിച്ചു. |

തതോഽതികായം കാകുത്സ്ഥോ രഥസ്ഥം പർവ്വതോപമം
ദദർശ ധന്വിനം ദൂരാദ്ഗർജ്ജന്തം കാളമേഘവത്. 10

| | | | |
|---|---|---|---|
| തതഃ | ആ സമയം | കാളമേഘവത് | കാളമേഘംപോലെ |
| കാകുത്സ്ഥഃ | കാകുത്സ്ഥൻ | ഗർജ്ജന്തം | ഗർജ്ജിച്ചുകൊണ്ടിരിക്കുന്നവനുമായ |
| രഥസ്ഥം | തേരിലിരിക്കുന്നവനും | | |
| പർവ്വതോപമം | ഗിരിതുല്യനും | അതികായം | അതികായനെ |
| ധന്വിനം | വില്ലേന്തിയവനും | ദൂരാത് ദദർശ | ദൂരത്തിലായി കണ്ടു. |

സ തം ദൃഷ്ട്വാ മഹാത്മാനം രാഘവസ്തു വിസിസ്മിയേ
വാനരാൻ സാന്ത്വയിത്വാഽഥ വിഭീഷണമുവാച ഹ. 11

| | | | |
|---|---|---|---|
| സഃ | ആ | അഥ | പിന്നെ |
| രാഘവഃ തു | ശ്രീരാഘവനും | വാനരാൻ | വാനരന്മാരെ |
| മഹാത്മാനം | പൃഥുകായനായ | സാന്ത്വയിത്വാ | സമാധാനിപ്പിച്ചു് |
| തം ദൃഷ്ട്വാ | അവനെ കണ്ടു് | വിഭീഷണം | വിഭീഷണനോടായി |
| വിസിസ്മിയേ | ആശ്ചര്യമുറ്റുകൊണ്ടു; | ഉവാച ഹ. | ഇങ്ങിനെ ചോദിച്ചു. |

കോഽസൌ പർവ്വതസങ്കാശോ ധനുഷ്മാൻ ഹരിലോചനഃ
യുക്തേ ഹയസഹസ്രേണ വിശാലേ സ്യന്ദനേ സ്ഥിതഃ 12

| | | | |
|---|---|---|---|
| "പർവ്വതസങ്കാശഃ | "ഗിരിതുല്യനും | വിശാലേ | വിശാലമായി |
| ധനുഷ്മാൻ | ധനുഷ്പാണിയും | സ്യന്ദനേ | രഥത്തിൽ |
| ഹരിലോചനഃ | മഞ്ഞച്ച കണ്ണുകളോടു കൂടിയവനും | സ്ഥിതഃ | ഇരിക്കുന്നവനുമായ |
| ഹയസഹസ്രേണയുക്തേ | പല കുതിരകളും പൂട്ടി ക്കെട്ടപ്പെട്ടതായ | അസൌ | ഇവൻ |
| | | കഃ | ആരാണു്? |

യ ഏഷ നിശിതൈഃ ശൂലൈഃ സുതീക്ഷ്ണൈഃ പ്രാസതോമരൈഃ
അർച്ചിഷ്മദ്ഭിർവൃതോ ഭാതി ഭൂതൈരിവ മഹേശ്വരഃ. 13

| | | | |
|---|---|---|---|
| "യഃ | "യാതൊരു അപ്രകാരമുള്ള | പ്രാസതോമരൈഃ | കുന്തങ്ങളാലും മുറ്റത്തടികളാലും |
| ഏഷഃ | ഇവൻ | വൃതഃ | ചൂഴപ്പെട്ടവനായി |
| അർച്ചിഷ്മദ്ഭിഃ | ജ്വലിക്കുന്ന | ഭൂതൈഃ | പ്രഥമഗണങ്ങളാൽ |
| നിശിതൈഃ | തീക്ഷ്ണങ്ങളായ | മഹേശ്വരഃ | രുദ്രൻ |
| ശൂലൈഃ | ശൂലങ്ങളാലും | ഇവ | എന്നപോലെ |
| സുതീക്ഷ്ണൈഃ | കൂർത്തുമൂർത്ത | ഭാതി | വിളങ്ങുന്നു. |

കാലജിഹ്വാപ്രകാശാഭിര്യ ഏഷോഽതിവിരാജതേ
ആവൃതോ രഥശക്തീഭിർവിദ്യുദ്ഭിരിവ തോയദഃ 14

| | | | |
|---|---|---|---|
| "യഃ | "യാതൊരു | ആവൃതഃ | ചൂഴപ്പെട്ടവനായി |
| ഏഷഃ | ഇവൻ | തോയദഃ | മേഘം |
| കാലജിഹ്വാപ്രകാശാഭിഃ | മൃത്യുവിന്റെനാവിനെപ്പോലെ പ്രകാശിക്കുന്ന | വിദ്യുദ്ഭിഃ | മിന്നൽപിണരുകളാൽ |
| | | ഇവ | എന്നപോലെ |
| രഥശക്തിഭിഃ | തേരിലുള്ള വേലുകളാൽ | അതിവിരാജതേ | അത്യധികം ശോഭിക്കുന്നു. |

ധനൂംഷി ചാസ്യ സജ്ജ്യാനി ഹേമപൃഷ്ഠാനി സർവ്വശഃ
ശോഭയന്തി രഥശ്രേഷ്ഠം ശക്രചാപ ഇവാംബരം. 15

| | | | |
|---|---|---|---|
| "സജ്യാനി | "ഞാണേററപ്പെട്ടവയും | ശക്രചാപഃ | മഴവില്ല് |
| ഹേമപൃഷ്ഠാനി ച | പൊൻപിടിയാർന്നവയുമായ | അംബരം ഇവ | ആകാശത്തെയെന്ന |
| | | രഥശ്രേഷ്ഠം | ഉത്തമരഥത്തെ[പോലെ |
| അസ്യ | ഇവന്റെ | സർവ്വശഃ | എങ്ങും |
| ധനൂംഷി | വില്ലുകൾ | ശോഭയന്തി | പ്രകാശിപ്പിക്കുന്നു. |

ക ഏഷ രക്ഷഃ ശാർദ്ദൂലോ രണഭൂമിം വിരാജയൻ
അഭ്യേതി രഥിനാം ശ്രേഷ്ഠോ രഥേനാദിത്യതേജസാ 16

| | | | |
|---|---|---|---|
| "രണഭൂമിം | "പോർക്കളത്തെ | രഥേന | രഥത്തോടുകൂടി |
| വിരാജയൻ | പ്രശോഭിപ്പിച്ചുകൊണ്ട് | അഭ്യേതി | എതിർത്തുവരുന്നു; |
| | | രഥിനാം ശ്രേഷ്ഠഃ | തേരാളികളിൽ ഉത്തമ[നായ |
| രക്ഷഃ ശാർദ്ദൂലഃ | രാക്ഷസോത്തമൻ | ഏഷഃ | ഇവൻ |
| ആദിത്യതേജസാ | ആദിത്യപ്രഭയാർന്ന | കഃ | ആരാണ്? |

ധ്വജശൃംഗപ്രതിഷ്ഠേന രാഹുണാഽഭിവിരാജതേ
സൂര്യരശ്മിനിഭൈർബാണൈർദിശോ ദശ വിരാജയൻ 17

| | | | |
|---|---|---|---|
| സൂര്യരശ്മിനിഭൈഃ | "സൂര്യകിരണങ്ങൾക്കു തുല്യങ്ങളായ | ധ്വജശൃംഗപ്രതിഷ്ഠേന | കൊടിയുടെ അഗ്രത്തിലിരിക്കുന്ന |
| ബാണൈഃ | ബാണങ്ങളാൽ | രാഹുണാ | രാഹുവോടുകൂടി |
| ദശ ദിശഃ | പത്തുദിക്കുകളേയും | അഭിവിരാജതേ | ഏററവും പ്രശോഭിക്കുന്നു. |
| വിരാജയൻ | പ്രകാശിപ്പിക്കുന്ന ഇവൻ | | |

ത്രിണതം മേഘനിർഹ്രാദം ഹേമപൃഷ്ഠമലംകൃതം
ശതക്രതുധനുഃപ്രഖ്യം ധനുശ്ചാസ്യ വിരാജതേ 18

| | | | |
|---|---|---|---|
| "അസ്യ | "ഇവന്റെ | ഹേമപൃഷ്ഠം | പൊൻപിടിയുള്ളതായി |
| ധനുഃ ച | വില്ലും | | |
| ത്രിണതം | മൂന്നുവളവുകളുള്ളതായി | അലംകൃതം | അലങ്കരിക്കപ്പെട്ടതായി |
| മേഘനിർഹ്രാദം | ഇടിമുഴക്കംപോലെ ശബ്ദിക്കുന്നതായി | ശതക്രതുധനുഃപ്രഖ്യം | ഇന്ദ്രധനുസ്സൊത്തതായി |
| | | വിരാജതേ | പ്രകാശിക്കുന്നു. |

സധ്വജഃ സപതാകശ്ച സാനുകർഷോ മഹാരഥഃ
ചതുഃസാദിസമായുക്തോ മേഘസ്തനിതനിഃസ്വനഃ 19

| | | | |
|---|---|---|---|
| "മഹാരഥഃ ച | "ഇവൻെറ ശ്രേഷ്ഠമായ രഥവും | സാനുകർഷഃ | നുകത്തണ്ടോടുകൂടിയതായും |
| സധ്വജഃ | കൊടികൾ കെട്ടപ്പെട്ടതായും | ചതുഃസാദി-സമായുക്തഃ | നാലു സാരഥികളോടുകൂടിയതായും |
| സപതാകഃ | കൊടിക്കൂറകളോടുകൂടിയതായും | മേഘസ്തനിത-നിഃസ്വനഃ | മേഘധ്വനിപോലെമുഴങ്ങുന്നതായുമിരിക്കുന്നു. |

വിംശതിർദ്ദശ ചാഷ്ടൌ ച തൂണ്യോഽസ്യ രഥമാസ്ഥിതാഃ
കാർമ്മുകാനി ച ഭീമാനി ജ്യാശ്ച കാഞ്ചനപിംഗളാഃ. 20

| | | | |
|---|---|---|---|
| അഷ്ടൌ ദശ | എട്ടും പത്തും | കാഞ്ചന-പിംഗളാഃ | പൊന്നാൽ മഞ്ഞനിറമാന്ന |
| വിംശതിഃ ച | ഇരുപതുമായ | ജ്യാഃ ച | ഞാണുകളും |
| തൂണ്യഃ ച | ആവനാഴികളും | അസ്യ രഥം | ഇവൻെറ രഥത്തിൽ |
| ഭീമാനി | ഭയങ്കരങ്ങളായ | ആസ്ഥിതാഃ | ഉണ്ടു്. |
| കാർമ്മുകാനി ച | വില്ലുകളും | | |

ദ്വൌ ച ഖഡ്ഗൌ രഥഗതൌ പാർശ്വസ്ഥൌ പാർശ്വശോഭിതൌ
ചതുർഹസ്തത്സരുയുതൌ വ്യക്തഹസ്തദശായതൌ. 21

| | | | |
|---|---|---|---|
| ചതുർഹസ്ത-ത്സരുയുതൌ | നാലുമുഴം നീളമുള്ള പിടിയുള്ളവയും | ഖഡ്ഗൌ ച | ഖഡ്ഗങ്ങളും |
| വ്യക്തഹസ്ത-ദശായതൌ | പത്തുമുഴംനീണ്ടവയുമായ | രഥഗതൌ | രഥത്തിലുള്ളവയായി |
| ദ്വൌ | രണ്ടു | പാർശ്വസ്ഥൌ | അരികിലായി |
| | | പാർശ്വ-ശോഭിതൌ | ഇരുഭാഗങ്ങളിലും വിളങ്ങുന്നു. |

രക്തകണ്ഠഗുണോ ധീരോ മഹാപർവ്വതസന്നിഭഃ
കാലഃ കാലമഹാവക്ത്രോ മേഘസ്ഥ ഇവ ഭാസ്കരഃ 22
കാഞ്ചനാംഗദനദ്ധാഭ്യാം ഭുജാഭ്യാമേഷ ശോഭതേ
ശൃംഗാഭ്യാമിവ തുംഗാഭ്യാം ഹിമവാൻ പർവ്വതോത്തമഃ 23

| | | | |
|---|---|---|---|
| "രക്തകണ്ഠ-ഗുണഃ | "ചുവന്നമാല ചാർത്തിയവനായി | ഭാസ്കരഃ ഇവ | ആദിത്യനെന്നപോലെ [യിരിക്കുന്ന |
| | | ഏഷഃ | ഇവൻ |
| ധീരഃ | ഗംഭീരനായി | കാഞ്ചനാം-ഗദനദ്ധാഭ്യാം | പൊൻതോൾവളകളണിഞ്ഞ |
| മഹാപർവ്വത-സന്നിഭഃ | വൻമലപോലെയിരിക്കുന്നവനായി | ഭുജാഭ്യാം | ഇരു കൈകളാൽ |
| | | പർവ്വതോത്തമഃ | പർവ്വതശ്രേഷ്ഠനായ |
| കാലഃ | കറുത്തവനായി | ഹിമവാൻ | ഹിമവാൻ |
| കാലമഹാവക്ത്രഃ | മൃത്യുപോലെ വമ്പിച്ച വക്ത്രമുള്ളവനായി | തുംഗാഭ്യാം | ഉയർന്ന |
| | | ശൃംഗാഭ്യാം | രണ്ടുശിഖരങ്ങളാൽ |
| മേഘസ്ഥഃ | കാർമേഘത്തിനിടയിലുള്ള | ഇവ | എന്നപോലെ |
| | | ശോഭതേ. | പ്രകാശിക്കുന്നു. |

കുണ്ഡലാഭ്യാം തു യസ്യൈതദ്ഭാതി വക്ത്രം ശുഭേക്ഷണം
പുനർവ്വസ്വന്തരഗതം പൂർണ്ണം ബിംബമിവൈന്ദവം 24

| | | | |
|---|---|---|---|
| "യസ്യ | "യാതൊരുവന്റെ | പുനർവ്വസ്വന്തരഗതം | രണ്ടുപുനർവ്വസുനക്ഷത്രങ്ങൾക്കിടയിലുള്ള |
| ഏതത് | ഈ | ഐന്ദവം പൂർണ്ണം ബിംബം ഇവ | പൂർണ്ണേന്ദുമണ്ഡലമെന്നപോലെ |
| ശുഭേക്ഷണം | ഭംഗിയാർന്ന നേത്രങ്ങളോടുകൂടിയ | | |
| വക്ത്രം തു | വദനവും | | |
| കുണ്ഡലാഭ്യാം | ഇരുകുണ്ഡലങ്ങളാൽ | ഭാതി | വിലസുന്നു. |

ആചക്ഷ്വ മേ മഹാബാഹോ ത്വമേനം രാക്ഷസോത്തമം
യം ദൃഷ്ട്വാ വാനരാഃ സർവ്വേ ഭയാർത്താ വിദ്രുതാ ദിശഃ 25

| | | | |
|---|---|---|---|
| "വാനരാഃ | "വാനരന്മാർ | ഏനം | ഈ |
| സർവ്വേ | എല്ലാവരും | രാക്ഷസോത്തമം | രാക്ഷസോത്തമനെക്കുറിച്ച് |
| യം ദൃഷ്ട്വാ | യാതൊരുവനെ കണ്ട് | മഹാബാഹോ! | മഹാബാഹോ! |
| ഭയാർത്താഃ | ഭയപീഡിതരായി | ത്വം | അങ്ങ് |
| ദിശഃ | ദിക്കുകളിൽ | മേ | എന്നോട് |
| വിദ്രുതാഃ | ഓടിക്കളഞ്ഞുവോ | ആചക്ഷ്വ." | പറഞ്ഞാലും." |

സ പൃഷ്ടോ രാജപുത്രേണ രാമേണാമിതതേജസാ
ആചചക്ഷേ മഹാതേജാ രാഘവായ വിഭീഷണഃ 26

| | | | |
|---|---|---|---|
| രാജപുത്രേണ | രാജകുമാരനും | സഃ മഹാതേജാഃ | ആ മഹാതേജസ്വിയായ |
| അമിതതേജസാ | അളവററ തേജസ്സാർന്നവനുമായ | വിഭീഷണഃ | വിഭീഷണൻ |
| രാമേണ | ശ്രീരാമനാൽ | രാഘവായ | ശ്രീരാഘവനോടായി |
| പൃഷ്ടഃ | ചോദിക്കപ്പെട്ട | ആചചക്ഷേ. | ഇപ്രകാരം ഉണർത്തിച്ചു. |

ദശഗ്രീവോ മഹാതേജാ രാജാ വൈശ്രവണാനുജഃ
ഭീമകർമ്മാ മഹോത്സാഹോ രാവണോ രാക്ഷസാധിപഃ 27

| | | | |
|---|---|---|---|
| "വൈശ്രവണാനുജഃ | "കുബേരന്റെ സഹോദരനും | മഹാതേജാഃ | അതിബലശാലിയും |
| രാക്ഷസാധിപഃ | രാക്ഷസേശ്വരനും | ഭീമകർമ്മാ | ഭയങ്കരകൃത്യങ്ങൾ ചെയ്യുന്നവനും |
| ദശഗ്രീവഃ | ദശകണ്ഠനായ | | |
| രാവണഃ രാജാ | രാവണമഹാരാജാവ് | മഹോത്സാഹഃ | അത്യുത്സാഹിയുമാണ്. |

തസ്യാസീദ്വീര്യവാൻ പുത്രോ രാവണപ്രതിമോ രണേ
വൃദ്ധസേവീ ശ്രുതിധരഃ സർവ്വാസ്ത്രവിദുഷാം വരഃ 28

| | | | |
|---|---|---|---|
| "തസ്യ | "അവന്ന് | ശ്രുതിധരഃ | വേദജ്ഞനും |
| വീര്യവാൻ | വീര്യശാലിയും | സർവ്വാസ്ത്രവിദുഷാം | അസ്ത്രജ്ഞന്മാരിലെല്ലാംവെച്ച് |
| രണേ | പോരിൽ | | |
| രാവണപ്രതിമഃ | രാവണന്നുതുല്യനും | വരഃ | ശ്രേഷ്ഠനും ആയ |
| വൃദ്ധസേവീ | വലിയവരെ സേവിക്കുന്നവനും | പുത്രഃ | ഒരു പുത്രൻ |
| | | ആസീത് | ഉണ്ടായി. |

അശ്വപൃഷ്ഠേ രഥേ നാഗേ ഖഡ്ഗേ ധനുഷി കർഷണേ
ഭേദേ സാന്ത്വേ ച ദാനേ ച നയേ മന്ത്രേ ച സംമതഃ 29

| | | | |
|---|---|---|---|
| “അശ്വപൃഷ്ഠേ | “കുതിരപ്പുറത്തും | സാന്ത്വേ ദാനേ ഭേദേ ച | സാമദാനഭേദങ്ങളിലും |
| രഥേ, നാഗേ | തേരിലും, ആനപ്പുറത്തും | നയേ | രാജനീതിയിലും |
| ഖഡ്ഗേ, ധനുഷി | വാളിലും, വില്ലിലും | മന്ത്രേ ച | മന്ത്രാലോചനയിലും |
| കർഷണേ ച | അസ്ത്രങ്ങളെ സംഹരിക്കുന്നതിലും | സംമതഃ | സമർത്ഥനാകുന്നു. |

യസ്യ ബാഹൂ സമാശ്രിത്യ ലങ്കാ വസതി നിർഭയാ
തനയം ധാന്യമാലിന്യാ അതികായമിമം വിദുഃ

| | | | |
|---|---|---|---|
| “യസ്യ | “ആരുടെ | വസതി | വാഴുന്നുവോ, അപ്രകാരമുള്ള |
| ബാഹൂ | ഇരുഭുജങ്ങളെയും | ഇമം | ഇവനെ |
| സമാശ്രിത്യ | ആശ്രയിച്ചുകൊണ്ട് | ധാന്യമാലിന്യാഃ | ധാന്യമാലിനിയുടെ |
| ലങ്കാ | ലങ്കാനഗരം | തനയം | പുത്രനായ |
| നിർഭയാ | ആപത്തൊഴിഞ്ഞതായി | അതികായം | അതികായനെന്ന് |
| | | വിദുഃ | സർവ്വരും അറിയുന്നു. |

ഏതേനാരാധിതോ ബ്രഹ്മാ തപസാ ഭാവിതാത്മനാ
അസ്ത്രാണി ചാപ്യവാപ്താനി രിപവശ്ച പരാജിതാഃ 31

| | | | |
|---|---|---|---|
| “ഭാവിതാത്മനാ | “ആത്മധ്യാനനിരതനായ | ആരാധിതഃ | ആരാധിക്കപ്പെട്ടു |
| | | അസ്ത്രാണി അപി | അസ്ത്രങ്ങളും |
| ഏതേന | ഇവനാൽ | അവാപ്താനി | പ്രാപിക്കപ്പെട്ടു. |
| ബ്രഹ്മാ ച | ബ്രഹ്മാവ് | രിപവഃ ച | ശത്രുക്കളും |
| തപസാ | തപസ്സുകൊണ്ട് | പരാജിതാഃ | ജയിക്കപ്പെട്ടു. |

സുരാസുരൈരവധ്യത്വം ദത്തമസ്മൈ സ്വയംഭുവാ
ഏതച്ച കവചം ദിവ്യം രഥശ്ചൈഷോഽർക്കഭാസ്വരഃ 32

| | | | |
|---|---|---|---|
| “സ്വയംഭുവാ | “ബ്രഹ്മാവിനാൽ | ദിവ്യം | ശ്രേഷ്ഠമായ |
| അസ്മൈ | ഇവന്ന് | കവചം | കവചവും |
| സുരാസുരൈഃ | ദേവന്മാരാൽ | അർക്കഭാസ്വരഃ | സൂര്യതേജസ്സാർന്ന |
| അവധ്യത്വം | മരണമില്ലെന്ന അവസ്ഥയും | ഏഷഃ രഥഃ ച | ഈ രഥവും |
| ദത്തം | നൽകുപ്പെട്ടു. | ച. | അതുപോലെതന്നെ നൽകപ്പെട്ടു. |
| ഏതത് | ഈ | | |

ഏതേന ശതശോ ദേവാ ദാനവാശ്ച പരാജിതാഃ
രക്ഷിതാനി ച രക്ഷാംസി യക്ഷാശ്ചാപി നിഷൂദിതാഃ 33

| | | | |
|---|---|---|---|
| “ഏതേന | “ഇവനാൽ | രക്ഷാംസി | രാക്ഷസന്മാരും |
| ദേവാഃ | ദേവന്മാരും | രക്ഷിതാനി | രക്ഷിക്കപ്പെട്ടു. |
| ദാനവാഃ ച | അസുരന്മാരും | അപി ച | എന്നു മാത്രമല്ല |
| ശതശഃ | നൂറുവട്ടം | യക്ഷാഃ | യക്ഷന്മാരും |
| പരാജിതാഃ | തോല്പിക്കപ്പെട്ടിട്ടുണ്ട് | നിഷൂദിതാഃ | മർദ്ദിക്കപ്പെട്ടു. |

വജ്രം വിഷ്ടംഭിതം യേന ബാണൈരിന്ദ്രസ്യ ധീമതഃ
പാശഃ സലിലരാജസ്യ രണേ പ്രതിഹതസ്തഥാ. 34

| | | | |
|---|---|---|---|
| “യേന | “യാതൊരു ഇവനാൽ | തഥാ | അപ്രകാരം തന്നെ |
| ബാണൈഃ | ബാണങ്ങൾകൊണ്ട് | രണേ | പോരിൽ |
| ധീമതഃ | ധീമാനായ | സലിലരാജസ്യ | വരുണദേവന്റെ |
| ഇന്ദ്രസ്യ വജ്രം | ഇന്ദ്രന്റെ വജ്രായുധം | പാശ: | പാശവും |
| വിഷ്ടംഭിതം | അനങ്ങാതാക്കപ്പെട്ടു; | പ്രതിഹത: | അടക്കപ്പെട്ടു. |

ഏഷോഽതികായോ ബലവാൻ രാക്ഷസാനാമൃഷഭഃ
രാവണസ്യ സുതോ ധീമാൻ ദേവദാനവദർപ്പഹാ. 35

| | | | |
|---|---|---|---|
| “രാവണസ്യ | “രാവണന്റെ | രാക്ഷസാനാം | രാക്ഷസന്മാരിൽ |
| സുത: | പുത്രനായ | ഋഷഭ: | മുമ്പനും [റെച്ച് |
| ഏഷ: | ഇവ | ധീമാൻ | ബുദ്ധിമാനും |
| അതികായ: | അതികായൻ | ദേവദാനവ | ദേവന്മാരുടെ ഗർവ്വത്തെ |
| ബലവാൻ | ബലശാലിയാകുന്നു; | ദർപ്പഹാ. | അടക്കിയവനുമാകു |
| അഥ | എന്നല്ല | | ന്നു. |

തദസ്മിൻ ക്രിയതാം യത്നഃ ക്ഷിപ്രം പുരുഷപുംഗവ
പുരാ വാനരസൈന്യാനി ക്ഷയം നയതി സായകൈഃ 36

| | | | |
|---|---|---|---|
| “പുരുഷപുംഗവ! | ‘‘പുരുഷോത്തമ! | വാനര–സൈന്യാനി | വാനരസൈന്യങ്ങളെ |
| തത് | അതിനാൽ | സായകൈഃ | ബാണങ്ങൾകൊണ്ടും |
| അസ്മിൻ | ഇവന്റെ സംഗതി | പുരാ | ഇതുവരെയും |
| ക്ഷിപ്രം | താമസിയാതെ [യിൽ | ക്ഷയം നയതി” | നശിപ്പിച്ചുകൊണ്ടിരി |
| യത്ന: | വേണ്ടുന്ന യത്നം | | ക്കുന്നു.” |
| ക്രിയതാം | ചെയ്യപ്പെടട്ടെ | | |

തതോഽതികായോ ബലവാൻ പ്രവിശ്യ ഹരിവാഹിനീം
വിസ്ഫാരയാമാസ ധനുർന്നനാദ ച പുനഃ പുനഃ 37

| | | | |
|---|---|---|---|
| തത: | അപ്പോൾ | പ്രവിശ്യ | കടന്നു |
| ബലവാൻ | ബലശാലിയായ | ധനു | വില്ലിനെ |
| അതികായ: | അതികായൻ | വിസ്ഫാരയാമാസ | ഞാണൊലിയിട്ടു |
| ഹരിവാഹിനീം | വാനരസൈന്യത്തി | പുന: പുന: | മേൽക്കുമേൽ |
| | ന്നിടയിൽ | നനാദ ച. | ആർക്കുകയും ചെയ്തു. |

തം ഭീമവപുഷം ദൃഷ്ട്വാ രഥസ്ഥം രഥിനാം വരം
അഭിപേതുർമ്മഹാത്മാനോ യേ പ്രധാനാ വനൌകസഃ 38

| | | | |
|---|---|---|---|
| മഹാത്മന: | അതിബലശാലികളും | രഥിനാം വരം | വൻതേരാളിയും |
| പ്രധാനാ: | പ്രധാനികളുമായ | ഭീമവപുഷം | ഭീമകായനുമായി |
| വനൌകസ: | വാനരന്മാർ | തം | അവനെ |
| യേ | യാതൊരുവരോ അവർ | ദൃഷ്ട്വാ | കണ്ടു. |
| രഥസ്ഥം | രഥത്തിലിരുന്നിരുന്ന | അഭിപേതു: | ഏററടുത്തു. |

കുമുദോ ദ്വിവിദോ മൈന്ദോ നീലഃ ശരഭ ഏവ ച
പാദപൈർഗിരിശൃംഗൈശ്ച യുഗപത്സമഭിദ്രവൻ. 39

| | | | |
|---|---|---|---|
| കുമുദഃ | കുമുദനും | യുഗപത് | ഒന്നിച്ച് |
| ദ്വിവിദഃ | ദ്വിവിദനും | പാദപൈഃ | മരങ്ങൾകൊണ്ടും |
| മൈന്ദഃ | മൈന്ദനും | ഗിരിശൃംഗൈഃ ച | പൎവ്വതശിഖരങ്ങൾ കൊണ്ടും |
| നീലഃ ച | നീലനും | | |
| ശരഭഃ ഏവ | ശരഭനും | സമഭിദ്രവൻ | എതിൎത്തു. |

തേഷാം വൃക്ഷാംശ്ച ശൈലാംശ്ച ശരൈഃ കാഞ്ചനഭൂഷണൈഃ
അതികായോ മഹാതേജാശ്ചിച്ഛേദാസ്ത്രവിദാം വരഃ 40

| | | | |
|---|---|---|---|
| മഹാതേജാഃ | അതിബലശാലിയും | ശരൈഃ | ശരങ്ങൾകൊണ്ട് |
| അസ്ത്രവിദാം | അസ്ത്രജ്ഞന്മാരിൽ | തേഷാം | അവരുടെ |
| വരഃ | ഉത്തമനുമായ | വൃക്ഷാൻ ച | വൃക്ഷങ്ങളേയും |
| അതികായഃ | ആ അതികായൻ | ശൈലാൻ ച | മലകളേയും |
| കാഞ്ചനഭൂഷണൈഃ | പൊന്നണിഞ്ഞ | ചിച്ഛേദ | മുറിച്ചെറിഞ്ഞു. |

താംശ്ചൈവ സർവാൻ സ ഹരീൻ ശരൈഃ സർവ്വായസൈർബലീ
വിവ്യാധാഭിമുഖഃ സംഖ്യേ ഭീമകായോ നിശാചരഃ. 41

| | | | |
|---|---|---|---|
| ബലീ | ബലശാലിയും | ശരൈഃ | അമ്പുകൾകൊണ്ട് |
| ഭീമകായഃ ച | പെരുത്തശരീരമുള്ളവ | താൻ | ആ |
| സഃ | ആ [നുമായ | ഹരീൻ | വാനരന്മാരെ |
| നിശാചരഃ | രാക്ഷസൻ | സർവ്വാൻ ഏവ | എല്ലാം |
| സംഖ്യേ | പോരിൽ | അഭിമുഖഃ | എതിരിട്ട് |
| സൎവ്വായസൈഃ | മുഴുവനും ഇരുമ്പായ | വിവ്യാധ | പ്രഹരിച്ചു. |

തേഽർദ്ദിതാ ബാണവർഷേണ ഭഗ്നഗാത്രാഃ പ്ലവംഗമാഃ
ന ശേകുരതികായസ്യ പ്രതികർത്തും മഹാരണേ. 42

| | | | |
|---|---|---|---|
| തേ പ്ലവംഗമാഃ | ആ വാനരന്മാർ | ഭഗ്നഗാത്രാഃ | ഉടൽ പിളൎക്കപ്പെട്ടവ |
| മഹാരണേ | വൻപോരിൽ | അതികായസ്യ | അതികായന്ന് [രായി |
| ബാണവർഷേണ | ബാണവർഷത്താൽ | പ്രതികർത്തും | പകരംവീട്ടുന്നതിന്ന് |
| അർദ്ദിതാഃ | പീഡിക്കപ്പെട്ട് | ശേകുഃ ന. | അശക്തരായിരുന്നു. |

തത്സൈന്യം ഹരിവീരാണാം ത്രാസയാമാസ രാക്ഷസഃ
മൃഗയൂഥമിവ ക്രുദ്ധോ ഹരിർയൗവനദർപ്പിതഃ 43

| | | | |
|---|---|---|---|
| ക്രുദ്ധഃ | കുപിതനായ | യൗവനദർപ്പിതഃ | യൗവനത്തിളപ്പാൎന്ന |
| രാക്ഷസഃ | രാക്ഷസൻ | ഹരിഃ | ഒരു സിംഹം |
| ഹരിവീരാണാം | വാനരവീരന്മാരുടെ | മൃഗയൂഥം | മാൻകൂട്ടത്തെ |
| തത് | ആ | ഇവ | എന്നപോലെ |
| സൈന്യം | സൈന്യത്തെ | ത്രാസയാമാസ | വിറപ്പിച്ചു. |

സ രാക്ഷസേന്ദ്രോ ഹരിസൈന്യമദ്ധ്യേ
നായുദ്ധ്യമാനം നിജഘാന കിഞ്ചിത്
ഉപേത്യ രാമം സധനുഃ കലാപീ
സഗർവ്വിതം വാക്യമിദം ബഭാഷേ. 44

| | | | |
|---|---|---|---|
| സഃ | ആ | കലാപീ | തൂണീരങ്ങളാർന്നവനായ അവൻ |
| രാക്ഷസേന്ദ്രഃ | രാക്ഷസശ്രേഷ്ഠൻ | രാമം | ശ്രീരാമനെ |
| ഹരിസൈന്യമദ്ധ്യേ | വാനരസൈന്യത്തിന്നിടയിൽ | ഉപേത്യ | സമീപിച്ച് |
| അയുദ്ധ്യമാനം | എതിർക്കാതിരുന്ന | സഗർവ്വിതം | അഹങ്കാരയുക്തമായ |
| കിഞ്ചിത് | ഒരുവനേയും | വാക്യം | ഒരു വാക്യത്തെ |
| നിജഘാന ന | ഉപദ്രവിച്ചില്ല | ഇദം | ഇപ്രകാരം |
| സധനുഃ | വില്ലേന്തിയവനായി | ബഭാഷേ. | ഭാഷിച്ചു. |

രഥേ സ്ഥിതോഽഹം ശരചാപപാണിർ-
ന പ്രാകൃതം കഞ്ചന യോധയാമി
യസ്യാസ്തി കശ്ചിദ് വ്യവസായയുക്തോ
ദദാതു മേ ക്ഷിപ്രമിഹാദ്യ യുദ്ധം. 45

| | | | |
|---|---|---|---|
| "ശരചാപപാണിഃ | "അമ്പും വില്ലും കൈക്കൊണ്ട് | യഃ കശ്ചിത് | ആരെങ്കിലുമൊരുവൻ |
| രഥേ സ്ഥിതഃ | തേരിൽ ഇരിക്കുന്ന | വ്യവസായയുക്തഃ | തെമ്പോടുകൂടിയവനായി |
| അഹം | ഞാൻ | അസ്തി, | ഇരിക്കുന്നുവോ, അവൻ |
| കഞ്ചന പ്രാകൃതം | ഒരു സാധുവിനേയും | ഇഹ ച | ഇവിടെവെച്ചുതന്നെ |
| യോധയാമി ന | എതിർക്കുന്നില്ല | മേ | എന്നോടുകൂടി |
| അദ്യ | ഇപ്പോൾ | ക്ഷിപ്രം | ഉടനെ |
| | | യുദ്ധം ദദാതു." | യുദ്ധം ചെയ്യട്ടെ." |

തത് തസ്യ വാക്യം ബ്രുവതോ നിശമ്യ
ചുകോപ സൌമിത്രിരമിത്രഹന്താ
അമൃഷ്യമാണശ്ച സമുത്പപാത
ജഗ്രാഹ ചാപം ച തതഃ സ്മയിത്വാ. 46

| | | | |
|---|---|---|---|
| അമിത്രഹന്താ | ശത്രുസംഹാരകനായ | അമൃഷ്യമാണഃ | പൊറുക്കാതെ |
| സൌമിത്രിഃ | ലക്ഷ്മണൻ | സമുത്പപാത ച | ചാടിയെഴുന്നേററു |
| ബ്രുവതഃ | ഇപ്രകാരം പറയുന്ന | തതഃ | ഉടനെ |
| തസ്യ | അവന്റെ | സ്മയിത്വാ | പുച്ഛിച്ചുകൊണ്ട് |
| തത് വാക്യം | ആ വാക്യത്തെ | ചാപം ച | കോദണ്ഡത്തേയും |
| നിശമ്യ | കേട്ട് | ജഗ്രാഹ. | കൈക്കൊണ്ടു. |
| ചുകോപ, | ചൊടിച്ചു; | | |

ക്രുദ്ധഃ സൌമിത്രിരുത്പത്യ തൂണാദാക്ഷിപ്യ സായകം
പുരസ്താദതികായസ്യ വിചകർഷ മഹദ്ധനുഃ. 47

| | | | |
|---|---|---|---|
| ക്രുദ്ധഃ | ക്രുദ്ധനായ | സായകം | ബാണത്തെ |
| സൌമിത്രിഃ | സൌമിത്രി | തൂണാത് | തൂണീരത്തിൽ നിന്ന് |
| ഉത്പത്യ | കുതിച്ചെഴുന്നേററ് | ആക്ഷിപ്യ | ഊരിയെടുത്ത് |
| അതികായസ്യ | അതികായന്റെ | മഹത് ധനുഃ | മഹത്തായ കോദണ്ഡ |
| പുരസ്താത് | മുമ്പിൽ | വിചകർഷ | കുലച്ചു. [ത്തെ |

പൂരയൻ സ മഹീം ശൈലാനാകാശം സാഗരം ദിശഃ
ജ്യാശബ്ദോ ലക്ഷ്മണസ്യോഗ്രസ്ത്രാസയൻ രജനീചരാൻ. 48

| | | | |
|---|---|---|---|
| ലക്ഷ്മണസ്യ | ലക്ഷ്മണന്റെ | സാഗരം | സമുദ്രത്തേയും |
| സഃ ഉഗ്രഃ | ആ ഭയങ്കരമായ | ദിശഃ | ദിക്കുകളേയും |
| ജ്യാശബ്ദഃ | ഞാണൊലി | പൂരയൻ | മാറെറാലിക്കൊള്ളിക്കു |
| മഹീം | ഭൂമിയേയും | | ന്നതായി |
| ശൈലാൻ | പർവ്വതങ്ങളേയും | രജനീചരാൻ | രാക്ഷസന്മാരെ |
| ആകാശം | അന്തരീക്ഷത്തേയും | ത്രാസയൻ | വിറപ്പിച്ചു. |

സൌമിത്രേശ്ചാപനിർഘോഷം ശ്രുത്വാ പ്രതിഭയം തദാ
വിസിഷ്മിയേ മഹാതേജാ രാക്ഷസേന്ദ്രാത്മജോ ബലീ. 49

| | | | |
|---|---|---|---|
| മഹാതേജാഃ | പൌരുഷമേറിയവനും | പ്രതിഭയം | ഭയങ്കരമായ |
| ബലീ | ബലശാലിയുമായ | ചാപനിർഘോഷം | ഞാണൊലി |
| രാക്ഷ- | രാക്ഷസേശ്വരപുത്രൻ | ശ്രുത്വാ | കേട്ട് |
| സേന്ദ്രാത്മജഃ | (അതികായൻ) | തദാ | ആ സമയം |
| സൌമിത്രേഃ | സുമിത്രാത്മജന്റെ | വിസിഷ്മിയേ | അമ്പരന്നു പോയി. |

അഥാതികായഃ കുപിതോ ദൃഷ്ട്വാ ലക്ഷ്മണമുത്ഥിതം
ആദായ നിശിതം ബാണമിദം വചനമബ്രവീത്. 50

| | | | |
|---|---|---|---|
| അഥ | അപ്പോൾ | നിശിതം | തീക്ഷ്ണമായ |
| അതികായഃ | അതികായൻ | ബാണം | ബാണത്തെ |
| ലക്ഷ്മണം | ലക്ഷ്മണനെ | ആദായ | എടുത്ത് |
| ഉത്ഥിതം | എഴുന്നേററവനായി | ഇദം | ഇപ്രകാരം |
| ദൃഷ്ട്വാ | കണ്ട് | വചനം | പറഞ്ഞു. |
| കുപിതഃ | ക്രുദ്ധനായി | അബ്രവീത്. | |

ബാലസ്ത്വമസി സൌമിത്രേ വിക്രമേഷ്വവിചക്ഷണഃ
ഗച്ഛ കിം കാലസദൃശം മാം യോധയിതുമിച്ഛസി. 51

| | | | |
|---|---|---|---|
| "സൌമിത്രേ! | "ലക്ഷ്മണ! | ഗച്ഛ | പോയ്ക്കോക |
| ത്വം | നീ | കാലസദൃശം | കാലനുതുല്യനായ |
| ബാലഃ അസി: | കുട്ടിയാണ് | മാം | എന്നെ |
| വിക്രമേഷു | പരാക്രമവിഷയത്തിൽ | യോധയിതും | എതിർക്കുന്നതിന്നാണോ |
| അവിചക്ഷണഃ | അകുശലൻ | ഇച്ഛസി കിം? | നീ ഇച്ഛിക്കുന്നു? |

ന ഹി മദ്ബാഹുസൃഷ്ടാനാമസ്ത്രാണാം ഹിമവാനപി
സോഢുമുത്സഹതേ വേഗമന്തരിക്ഷമഥോ മഹീ. 52

| | | | |
|---|---|---|---|
| ''മദ്ബാഹുസൃഷ്ടാനാം | ''എന്റെ ബാഹുക്കളാൽ കൊണ്ടെയ്യപ്പെട്ട | സോഢും | താങ്ങുവാൻ |
| അസ്ത്രാണാം | ശരങ്ങളുടെ | ഉത്സഹതേ ന | മതിയാകയില്ല |
| വേഗം ഹി | വേഗത്തെയാവട്ടെ | അന്തരീക്ഷം | ആകാശവും |
| ഹിമവാൻ അപി | ഹിമവാൻ പർവ്വതവും | മഹീ | ഭൂമിയും |
| | | അഥോ. | അപ്രകാരം മതിയാകയില്ല. |

സുഖപ്രസുപ്തം കാലാഗ്നിം നിബോധയിതുമിച്ഛസി
ന്യസ്യ ചാപം നിവർത്തസ്വ മാ പ്രാണാൻ ജഹി മദ്ഗതഃ 53

| | | | |
|---|---|---|---|
| ''സുഖപ്രസുപ്തം | "നന്നായിക്കെട്ടടങ്ങിയ | നിവർത്തസ്വ | മടങ്ങിപ്പോയാലും |
| കാലാഗ്നിം | പ്രളയകാലാഗ്നിയെ | മദ്ഗതഃ | എന്റെ പിടിയിലകപ്പെട്ടു് |
| നിബോധയിതും | ആളിപ്പിടിപ്പിപ്പാനാണ് | പ്രാണാൻ | ജീവനെ |
| ഇച്ഛസി | നീ ഉദ്യമിക്കുന്നതു് | മാ ജഹി. | കളയാതിരുന്നുകൊൾക. |
| ചാപം ന്യസ്യ | വില്ലിനെ ഉപേക്ഷിച്ചു് | | |

അഥ വാ ത്വം പ്രതിഷ്ടബ്ധോ ന നിവർത്തിതുമിച്ഛസി
തിഷ്ഠ പ്രാണാൻ പരിത്യജ്യ ഗമിഷ്യസി യമക്ഷയം. 54

| | | | |
|---|---|---|---|
| ''പ്രതിഷ്ടബ്ധഃ | "ഗർവ്വംകൊണ്ടവനായി | പ്രാണാൻ | ജീവനെ |
| ത്വം | നീ | പരിത്യജ്യ | ഉപേക്ഷിച്ചു |
| നിവർത്തിതും | തിരിച്ചുപോകുവാൻ | യമക്ഷയം | യമലോകത്തിലേക്കു |
| ഇച്ഛസി ന അഥ വാ | ഇച്ഛിക്കുന്നില്ലെന്നാൽ | ഗമിഷ്യസി | നീ പോയ്ച്ചേരുന്നതാണ് |
| തിഷ്ഠ | നിലയ്ക്കുനിന്നുകൊൾക | | |

പശ്യ മേ നിശിതാൻ ബാണാനരിദർപ്പനിഷൂദനാൻ
ഈശ്വരായുധസങ്കാശാൻ തപ്തകാഞ്ചനഭൂഷണാൻ 55

| | | | |
|---|---|---|---|
| "നിശിതാൻ | "കൂർത്തുള്ളവയും | തപ്തകാഞ്ചനഭൂഷണാൻ | തങ്കത്താലലങ്കരിക്കപ്പെട്ടവയുമായ |
| അരിദർപ്പനിഷൂദനാൻ | ശത്രുക്കളുടെ ഗർവ്വത്തെ അടക്കുന്നവയും | മേ ബാണാൻ | എന്റെ ബാണങ്ങളെ |
| ഈശ്വരായുധസങ്കാശാൻ | പരമശിവന്റെ ആയുധങ്ങൾക്കൊത്തവയും | പശ്യ | നീ കണ്ടുകൊൾക. |

ഏഷ തേ സർപ്പസങ്കാശോ ബാണഃ പാസ്യതി ശോണിതം
മൃഗരാജ ഇവ ക്രുദ്ധോ നാഗരാജസ്യ ശോണിതം. 56

| | | | |
|---|---|---|---|
| ''സർപ്പസങ്കാശഃ | "സർപ്പതുല്യമായ | നാഗരാജസ്യ | ആനക്കൊമ്പന്റെ |
| ഏഷഃ ബാണഃ | ഈ ബാണം | ശോണിതം ഇവ | രക്തത്തെയെന്നപോലെ |
| തേ ശോണിതം | നിന്റെ രക്തത്തെ | പാസ്യതി." | കുടിക്കുവാൻ പോകുന്നു." |
| ക്രുദ്ധഃ | ക്രുദ്ധനായ | | |
| മൃഗരാജഃ | സിംഹം | | |

ഇത്യേവമുക്ത്വാ സംക്രുദ്ധഃ ശരം ധനുഷി സന്ദധേ. 57

| | | | |
|---|---|---|---|
| ഇതി ഏവം | മേൽപ്രകാരം | ധനുഷി | വില്ലിൽ |
| ഉക്ത്വാ | പറഞ്ഞു് | ശരം | ബാണത്തെ |
| സംക്രുദ്ധഃ | അതികുപിതനായി | സന്ദധേ | തൊടുത്തു. |

ശ്രുത്വാഽതികായസ്യ വചഃ സരോഷം
സഗർവ്വിതം സംയതി രാജപുത്രഃ
സ സംചുകോപാതിബലോ ബൃഹച്ഛ്രീ-
രുവാച വാക്യം ച തതോ മഹാർത്ഥം. 58

| | | | |
|---|---|---|---|
| അതിബലഃ | അതിബലശാലിയും | അതികായസ്യ | അതികായന്റെ |
| ബൃഹച്ഛ്രീഃ | മഹായശസ്വിയും | വചഃ | വാക്യത്തെ |
| രാജപുത്രഃ | ചക്രവർത്തിസുതനുമായ | ശ്രുത്വാ | കേട്ടു് |
| സഃ | ആ ലക്ഷ്മണൻ | സംചുകോപ | ഏറെച്ചൊടിച്ചു |
| സംയതി | പോരിൽ | തതഃ | അപ്പോൾ |
| സരോഷം | കോപയുക്തവും | മഹാർത്ഥം | സാരവത്തായ |
| സഗർവ്വിതം | അഹങ്കാരത്തോടുകൂടിയതുമായ | വാക്യം ച | വാക്യത്തെ |
| | | ഉവാച | ഇപ്രകാരം അരുൾചെയ്തു: |

ന വാക്യമാത്രേണ ഭവാൻ പ്രധാനോ
ന കത്ഥനാത് സത്പുരുഷാ ഭവന്തി
മയി സ്ഥിതേ ധന്വിനി ബാണപാണൌ
നിദർശ്യ സ്വാത്മബലം ദുരാത്മൻ. 59

| | | | |
|---|---|---|---|
| "വാക്യമാത്രേണ | "വെറും വാക്കുകൊണ്ടു് | ദുരാത്മൻ | ദുഷ്ട |
| ഭവാൻ | നീ | ധന്വിനി | വില്ലെടുത്തു് |
| പ്രധാനഃ ന; | സാമർത്ഥ്യശാലിയാകയില്ല | ബാണപാണൌ | കയ്യിലമ്പുകളേന്തി |
| | | സ്ഥിതേ | നില്ക്കുന്ന |
| കത്ഥനാത് | ആത്മപ്രശംസകൊണ്ടു് | മയി | എന്റെ നേരെ |
| സത്പുരുഷാഃ | യോഗ്യന്മാരായി | സ്വാത്മബലം | നിന്റെ കൈയൂക്കിനെ |
| ഭവന്തി ന; | തീരുന്നതുമല്ല | നിദർശയ | കാട്ടിയാലും |

കർമ്മണാ സൂചയാത്മാനം ന വികത്ഥിതുമർഹസി
പൌരുഷേണ തു യോ യുക്തഃ സ തു ശൂര ഇതി സ്മൃതഃ. 60

| | | | |
|---|---|---|---|
| "കർമ്മണാ | "പ്രവൃത്തികൊണ്ടു് | പൌരുഷേണ തു യുക്തഃ | പരാക്രമത്തെ കാണിക്കുന്നുവോ |
| ആത്മാനം | നിന്റെ ഊക്കിനെ | സഃ തു | അവൻതന്നെയാണു് |
| സൂചയ | വെളിപ്പെടുത്തുക | ശൂരഃ | ശൂരൻ |
| വികത്ഥിതും അർഹസി ന | വെറുതെ മേനിപറയേണ്ടതില്ല | ഇതി | എന്നു് |
| യഃ | യാതൊരുവൻ | സ്മൃതഃ | അറിയപ്പെടുന്നതു്. |

സർവ്വായുധസമായുക്തോ ധന്വീ ത്വം രഥമാസ്ഥിതഃ
ശരൈർവാ യദി വാപ്യസ്ത്രൈർദർശയസ്വ പരാക്രമം. 61

| | | | |
|---|---|---|---|
| "സർവ്വായുധ-സമായുക്തഃ | "ആയുധങ്ങളെല്ലാം കൈക്കൊണ്ടു് | ശരൈഃ വാ | ബാണങ്ങൾകൊണ്ടാകട്ടെ |
| ധന്വീ | ധനുഷ്പാണിയായ് | അസ്ത്രൈഃ അപി | അസ്ത്രങ്ങൾകൊണ്ടാകട്ടെ |
| രഥം | തേരിൽ | യദി വാ | എപ്രകാരമായാലും |
| ആസ്ഥിതഃ | ഇരിക്കുന്നവനായ | പരാക്രമം | പൌരുഷത്തെ |
| ത്വം | നീ | ദർശയസ്വ | പ്രദർശിപ്പിക്കുക. |

തതഃ ശിരസ്തേ നിശിതൈഃ പാതയിഷ്യാമ്യഹം ശരൈഃ
മാരുതഃ കാലസംപക്വം വൃന്താത് താലഫലം യഥാ. 62

| | | | |
|---|---|---|---|
| "തതഃ | "അതിൽപിന്നെ | കാലസംപക്വം | കാലംചെന്നു് പഴുത്ത |
| നിശിതൈഃ | കൂർത്തുമൂർത്തുള്ള | താലഫലം | പനമ്പഴത്തെ |
| ശരൈഃ | ബാണങ്ങൾകൊണ്ടു് | വൃന്താത് | തണ്ടിൽനിന്നു |
| തേ | നിന്റെ | യഥാ | എപ്രകാരമോ അപ്രകാരം |
| ശിരഃ | ശിരസ്സിനെ | അഹം | ഞാൻ |
| മാരുതഃ | കാററു് | പാതയിഷ്യാമി | വീഴ്ത്തുന്നുണ്ടു്. |

അദ്യ തേ മാമകാ ബാണാസ്തപ്തകാഞ്ചനഭൂഷണാഃ
പാസ്യന്തി രുധിരം ഗാത്രാദ്ബാണശല്യാന്തരോത്ഥിതം. 63

| | | | |
|---|---|---|---|
| "അദ്യ | "ഇപ്പോൾ | ഗാത്രാത് | ശരീരത്തിൽനിന്നു് |
| തപ്തകാഞ്ചന-ഭൂഷണാഃ | തങ്കക്കെട്ടുകളിട്ട | ബാണശല്യാ-ന്തരോത്ഥിതം | ശരീരങ്ങളുടെ മുറിവായിൽനിന്നു് ഒഴുകുന്ന |
| മാമകാഃ ബാണാഃ | എന്റെ ബാണങ്ങൾ | രുധിരം പാസ്യന്തി | ചോരകുടിക്കുന്നതാണു് |
| തേ | നിന്റെ | | |

ബാലോഽയമിതി വിജ്ഞായ ന മാഽവജ്ഞാതുമർഹസി. 64

| | | | |
|---|---|---|---|
| "അയം | "ഇവൻ | മാ | എന്നെ |
| ബാലഃ | ചെറുപ്പമാണു് | അവജ്ഞാതും അർഹസി ന | അവഗണിക്കാതിരുന്നുകൊൾക |
| ഇതി വിജ്ഞായ | എന്നു് വിചാരിച്ചു് | | |

ബാലോ വാ യദി വാ വൃദ്ധോ മൃത്യും ജാനീഹി സംയുഗേ
ബാലേന വിഷ്ണുനാ ലോകാസ്ത്രയഃ ക്രാന്താസ്ത്രിഭിഃ ക്രമൈഃ 65

| | | | |
|---|---|---|---|
| ബാലഃ വാ | "ബാലനാകട്ടെ | വിഷ്ണുനാ | വിഷ്ണുദേവനാൽ |
| വൃദ്ധഃ യദി വാ | "വയസ്സൻ തന്നെയാകട്ടെ | ത്രയഃ | മൂന്നു |
| സംയുഗേ | പോരിൽ | ലോകാഃ | ലോകങ്ങളും |
| മൃത്യും | യമനാണെന്നു് | ത്രിഭിഃ ക്രമൈഃ | മൂന്നു് അടികൾ കൊണ്ടാണല്ലൊ |
| ജാനീഹി | അറിഞ്ഞുകൊൾക; | ക്രാന്താഃ" | അളക്കപ്പെട്ടതു്." |
| ബാലേന | കുട്ടിയായ | | |

ലക്ഷ്മണസ്യ വചഃ ശ്രുത്വാ ഹേതുമത് പരമാർത്ഥവത്
അതികായഃ പ്രചുക്രോധ ബാണം ചോത്തമമാദദേ. 66

| | | | |
|---|---|---|---|
| അതികായഃ | അതികായൻ | ശ്രുത്വാ | കേട്ട് |
| ലക്ഷ്മണസ്യ | ലക്ഷ്മണന്റെ | പ്രചുക്രോധ | അതിയായി കോപിച്ചു |
| ഹേതുമത് | യുക്തിയുക്തവും | ഉത്തമം | ശ്രേഷ്ഠമായ |
| പരമാർത്ഥവത് | വാസ്തവമായുള്ളതുമായ | ബാണം ച | ഒരു ബാണത്തേയും |
| വചഃ | വാക്യത്തെ | ആദദേ. | ഉയരിയെടുത്തു. |

തതോ വിദ്യാധരാ ഭൂതാ ദേവാ ദൈത്യാ മഹർഷയഃ
ഗുഹ്യകാശ്ച മഹാത്മാനസ്തദ്യുദ്ധം ദ്രഷ്ടുമാഗമൻ 67

| | | | |
|---|---|---|---|
| തതഃ | അപ്പോൾ | മഹാത്മാനഃ | മഹാത്മാക്കളായ |
| വിദ്യാധരാഃ | വിദ്യാധരന്മാരും | ഗുഹ്യകാഃ ച | ഗുഹ്യകന്മാരും |
| ഭൂതാഃ | ഭൂതഗണങ്ങളും | തത് യുദ്ധം | ആ യുദ്ധം |
| ദേവാഃ ദൈത്യാഃ | ദേവന്മാരും അസുരന്മാ[രും | ദ്രഷ്ടും | കാണ്മാനായി |
| മഹർഷയഃ | മഹർഷികളും | ആഗമൻ. | വന്നുകൂടി |

തതോഽതികായഃ കുപിതശ്ചാപമാരോപ്യ സായകം
ലക്ഷ്മണായ പ്രചിക്ഷേപ സംക്ഷിപന്നിവ ചാംബരം. 68

| | | | |
|---|---|---|---|
| തതഃ | അപ്പോൾ | അംബരം ച | (ബാണവേഗംകൊണ്ട്) ഇടയിലുള്ള ദൂരത്തെത്തന്നെ |
| കുപിതഃ | ക്രുദ്ധിച്ചിരുന്ന | സംക്ഷിപൻ ഇവ | ഇല്ലാതാക്കുന്നവനെന്ന പോലെ |
| അതികായഃ | അതികായൻ | ലക്ഷ്മണായ | ലക്ഷ്മണന്നുനേരെ |
| ചാപം | വില്ലിൽ | പ്രചിക്ഷേപ. | ഊക്കോടെ എയ്തു. |
| സായകം | ശരത്തെ | | |
| ആരോപ്യ | തൊടുത്ത് | | |

തമാപതന്തം നിശിതം ശരമാശീവിഷോപമം
അർദ്ധചന്ദ്രേണ ചിച്ഛേദ ലക്ഷ്മണഃ പരവീരഹാ. 69

| | | | |
|---|---|---|---|
| പരവീരഹാ | ശത്രുസംഹാരകനായ | ആപതന്തം | മേൽവന്നുവീഴുന്നതു[മായ |
| ലക്ഷ്മണഃ | സൌമിത്രി | തം | ആ |
| നിശിതം | കൂർത്തുള്ളതും | ശരം | ബാണത്തെ |
| ആശീവിഷോപമം | സർപ്പതുല്യവും | അർദ്ധചന്ദ്രേണ | അർദ്ധചന്ദ്രബാണ[ത്താൽ |
| | | ചിച്ഛേദ. | മുറിച്ചുവീഴ്ത്തി. |

തം നികൃത്തം ശരം ദൃഷ്ട്വാ കൃത്തഭോഗമിവോരഗം
അതികായോ ഭൃശം ക്രുദ്ധഃ പഞ്ച ബാണാൻ സമാദദേ. 70

| | | | |
|---|---|---|---|
| അതികായഃ | അതികായൻ | ഉരഗം ഇവ | പാമ്പിനെപ്പോലിരി[ക്കുന്നതായി |
| തം ശരം | ആ ബാണത്തെ | ദൃഷ്ട്വാ | കണ്ട് |
| നികൃത്തം | മുറിക്കപ്പെട്ട് | ഭൃശം ക്രുദ്ധഃ | അതിക്രുദ്ധനായി |
| കൃത്തഭോഗം | ഉടൽ വേർപെട്ട് | പഞ്ചബാണാൻ | അഞ്ചുബാണങ്ങളെ |
| | | സമാദദേ. | കൈക്കൊണ്ടു. |

താൻ ശരാൻ സംപ്രചിക്ഷേപ ലക്ഷ്മണായ നിശാചരഃ. 71

| | | | |
|---|---|---|---|
| നിശാചരഃ | രാക്ഷസൻ | ലക്ഷ്മണായ | ലക്ഷ്മണന്റെമേൽ |
| താൻ | ആ | സംപ്രചി-<br>ക്ഷേപ | ഊക്കോടെ പ്രയോഗി<br>ച്ചു. |
| ശരാൻ | ബാണങ്ങളെ | | |

താനപ്രാപ്താൻ ശരൈസ്തീക്ഷ്ണൈശ്ചിച്ഛേദ ഭരതാനുജഃ 72

| | | | |
|---|---|---|---|
| ഭരതാനുജഃ | സൌമിത്രി | താൻ | അവയെ |
| തീക്ഷ്ണൈഃ | നിശിതങ്ങളായ | അപ്രാപ്താൻ | വന്നെത്തുന്നതിന്നു മുമ്പുതന്നെ |
| ശരൈഃ | ബാണങ്ങൾകൊണ്ട് | ചിച്ഛേദ. | മുറിച്ചുകളഞ്ഞു. |

സ താൻ ഛിത്വാ ശരൈസ്തീക്ഷ്ണൈർലക്ഷ്മണഃ പരവീരഹാ
ആദദേ നിശിതം ബാണം ജ്വലന്തമിവതേജസാ. 73

| | | | |
|---|---|---|---|
| പരവീരഹാ | ശത്രുസംഹാരകനായ | ഛിത്വാ | മുറിച്ചെറിഞ്ഞ് |
| സഃ | ആ | നിശിതം | തീക്ഷ്ണവും |
| ലക്ഷ്മണഃ | ലക്ഷ്മണൻ | തേജസാ | തേജസ്സാൽ |
| തീക്ഷ്ണൈഃ | കൂർത്തുമൂർത്തുള്ള | ഇവ | ഏററവും |
| ശരൈഃ | ശരങ്ങൾകൊണ്ടു് | ജ്വലന്തം | ഉജ്ജ്വലിക്കുന്നതുമായ |
| താൻ | അവയെ | ബാണം | ഒരു ബാണത്തെ |
| | | ആദദേ | കയ്ക്കൊണ്ടു. |

തമാദായ ധനുഃശ്രേഷ്ഠേ യോജയാമാസ ലക്ഷ്മണഃ
വിചകർഷ ച വേഗേന വിസസർജ്ജ ച വീര്യവാൻ. 74

| | | | |
|---|---|---|---|
| വീര്യവാൻ | വീര്യശാലിയായ | യോജയാമാസ | സന്ധാനംചെയ്തു |
| ലക്ഷ്മണഃ | ലക്ഷ്മണൻ | വേഗേന | ഊക്കോടെ |
| തം | അതിനെ | വിചകർഷ | വലിച്ചു |
| ആദായ | എടുത്തു് | ച ച | തൽക്ഷണംതന്നെ |
| ധനുഃശ്രേഷ്ഠേ | ഉത്തമധനുസ്സിൽ | വിസസർജ്ജ | വിടുകയുംചെയ്തു. |

പൂർണ്ണായതവിസൃഷ്ടേന ശരേണ നതപർവ്വണാ
ലലാടേ രാക്ഷസശ്രേഷ്ഠമാജഘാന സ വീര്യവാൻ 75

| | | | |
|---|---|---|---|
| വീര്യവാൻ | വീര്യവാനായ | ശരേണ | ബാണംകൊണ്ടു് |
| സഃ | ലക്ഷ്മണൻ | രാക്ഷസശ്രേഷ്ഠം | രാക്ഷസോത്തമനെ |
| പൂർണ്ണായത<br>വിസൃഷ്ടേന | നന്നായി ആഞ്ഞുവലി<br>ച്ചെയ്യപ്പെട്ടതും | ലലാടേ | നെററിയിൽ |
| നതപർവ്വണാ | കണക്കളുഴിഞ്ഞ് ചൊ<br>വ്വാക്കപ്പെട്ടതുമായ | ആജഘാന | എയ്തു. |

സ ലലാടേ ശരോ മഗ്നസ്തസ്യ ഭീമസ്യ രക്ഷസഃ
ദദൃശേ ശോണിതേനാക്തഃ പന്നഗേന്ദ്ര ഇവാചലേ. 76

| | | | |
|---|---|---|---|
| സഃ | ആ | മഗ്നഃ | തറച്ചു; |
| ശരഃ | ബാണം | ശോണിതേന | രക്തത്തിൽ |
| തസ്യ | ആ | അക്തഃ | മുങ്ങിയതായി |
| ഭീമസ്യ | ഭയങ്കരനായ | അചലേ | മലയിൽ |
| രക്ഷസഃ | രാക്ഷസന്റെ | പന്നഗേന്ദ്ര:ഇവ | മലമ്പാമ്പെന്നപോലെ |
| ലലാടേ | നെററിയിൽ | ദദൃശേ | കാണപ്പെട്ടു. |

രാക്ഷസഃ പ്രചകമ്പേ ച ലക്ഷ്മണേഷുപ്രപീഡിതഃ
രുദ്രബാണാഹതം ഘോരം യഥാ ത്രിപുരഗോപുരം. 77

| | | | |
|---|---|---|---|
| രാക്ഷസഃ ച | രാക്ഷസനും | ഘോരം | ഭയങ്കരമായ |
| ലക്ഷ്മണേഷു-പ്രപീഡിത: | ലക്ഷ്മണന്റെ ബാണത്താൽ പീഡിക്കപ്പെട്ടവനായി | ത്രിപുരഗോപുരം | ത്രിപുരന്മാരുടെ കോട്ടവാതിൽ |
| രുദ്ര-ബാണാഹതം | പരമശിവന്റെ ബാണത്താൽ തകർക്കപ്പെട്ട | യഥാ | എന്നപോലെ |
| | | പ്രചകമ്പേ | വിറക്കൊണ്ടു. |

ചിന്തയാമാസ ചാശ്വാസ്യ വിമൃശ്യ ച മഹാബലഃ
സാധു ബാണനിപാതേന ശ്ലാഘനീയോഽസി മേ രിപുഃ. 78

| | | | |
|---|---|---|---|
| മഹാബല: ച | മഹാബലവാനായ അവനും | മേ | എനിക്കു |
| ആശ്വാസ്യ | ആശ്വസിച്ച് | ശ്ലാഘനീയഃ | പ്രശംസിക്കത്തക്ക |
| വിമൃശ്യ ച | ആലോചിച്ച് | രിപുഃ | ശത്രുവായി |
| "സാധു | "നല്ലത് | അസി" | നീ ഇരിക്കുന്നുണ്ട്" എന്നിങ്ങിനെ |
| ബാണ-നിപാതേന | ശരപ്രയോഗം നോക്കുമ്പോൾ | ചിന്തയാമാസ | മനസ്സിൽ വിചാരിച്ചു. |

വിധായൈവം വിനമ്യാസ്യം നിയമ്യ ച ഭുജാവുഭൌ
സ രഥോപസ്ഥമാസ്ഥായ രഥേ ച പ്രചചാര ഹ. 79

| | | | |
|---|---|---|---|
| സ: | അവൻ | നിയമ്യ | കടഞ്ഞ് |
| ഏവം വിധായ | മേൽപ്രകാരം നിശ്ചയിച്ച് | രഥോപസ്ഥം | തേർത്തട്ടിൽ |
| ആസ്യം | മുഖം | ആസ്ഥായ | ഇരുന്നുകൊണ്ട് |
| വിനമ്യ | ചുളിച്ചുകൊണ്ടു് | രഥേ ച പ്രചചാര ഹ | തേരോടുകൂടിത്തന്നെ അങ്ങുമിങ്ങും സഞ്ചരിച്ചു |
| ഉഭൌ ഭുജൌ ച | ഇരുകൈകളും | | |

ഏകം ത്രീൻ പഞ്ച സപ്തേതി സായകാൻ രാക്ഷസർഷഭഃ
ആദദേ സന്ദധേ ചാപി വിചകർഷോത്സസർജ്ജ ച. 80

| | | | |
|---|---|---|---|
| രാക്ഷസർഷഭഃ | രാക്ഷസോത്തമൻ | സായകാൻ | ബാണങ്ങളെ |
| ഏകം | ഒന്നും | ആദദേ | കൈക്കൊണ്ടു; |
| ത്രീൻ | മൂന്നും | ച ച | ഉടൻതന്നെ |
| പഞ്ച | അഞ്ചും | സന്ദധേ | തൊടുത്തു |
| സപ്ത അപി | ഏഴും | വിചകർഷ ഉത്സസർജ്ജ | വലിച്ചുവിട്ടു. |
| ഇതി | എന്നിപ്രകാരം | | |

തേ ബാണാഃ കാലസങ്കാശാ രാക്ഷസേന്ദ്രധനുശ്ച്യുതാഃ
ഹേമപുംഖാ രവിപ്രഖ്യാശ്ചക്രുർദീപ്തമിവാംബരം. 81

| | | | |
|---|---|---|---|
| രാക്ഷസേന്ദ്ര-ധനുശ്ച്യുതാഃ | രാക്ഷസോത്തമന്റെ വില്ലിൽനിന്നു പുറപ്പെട്ടവയും | രവിപ്രഖ്യാഃ | ആദിത്യസദൃശങ്ങളുമായ |
| | | തേ ബാണാഃ | ആ ബാണങ്ങൾ |
| | | അംബരം | ആകാശത്തെ |
| കാലസങ്കാശാഃ | മൃത്യുതുല്യങ്ങളും | ഇവ | ഏററവും |
| ഹേമപുംഖാഃ | പൊൻപിടിയാന്നവയും | ദീപ്തം ചക്രുഃ | പ്രകാശിപ്പിച്ചു. |

തതസ്താൻ രാക്ഷസോത്സൃഷ്ടാൻ ശരൗഘാൻ രാഘവാനുജഃ
അസംഭ്രാന്തഃ പ്രചിച്ഛേദ നിശിതൈർബഹുഭിഃ ശരൈഃ 82

| | | | |
|---|---|---|---|
| രാഘവാനുജഃ | ലക്ഷ്മണൻ | ബഹുഭിഃ | പല |
| തതഃ | അപ്പോൾ | നിശിതൈഃ ശരൈഃ | കൂരമ്പുകൾകൊണ്ട് |
| രാക്ഷസോ-ത്സൃഷ്ടാൻ | രാക്ഷസനാൽ എയ്യപ്പെട്ട | | |
| താൻ | ആ | അസംഭ്രാന്തഃ | കൂസലില്ലാതെ |
| ശരൗഘാൻ | ബാണതതികളെ | പ്രചിച്ഛേദ. | മുറിച്ചുവീഴ്ത്തി. |

താൻ ശരാൻ യുധി സംപ്രേക്ഷ്യ നികൃത്താൻ രാവണാത്മജഃ
ചുകോപ ത്രിദശേന്ദ്രാരിർജഗ്രാഹ നിശിതം ശരം. 83

| | | | |
|---|---|---|---|
| ത്രിദശേന്ദ്രാരിഃ | ഇന്ദ്രശത്രുവായ | സംപ്രേക്ഷ്യ | കണ്ട് |
| രാവണാത്മജഃ | രാവണസുതൻ | ചുകോപ | ക്രുധിച്ചു |
| യുധി | പോരിൽ | നിശിതം | തീക്ഷ്ണമായ |
| താൻ ശരാൻ | ആ ശരങ്ങളെ | ശരം | ഒരുബാണത്തെ |
| നികൃത്താൻ | ഛേദിക്കപ്പെട്ടവയായി | ജഗ്രാഹ. | കയ്യിലെടുത്തു. |

സ സന്ധായ മഹാതേജാസ്തം ബാണം സഹസോത്സൃജത്
തതഃ സൌമിത്രിമായാന്തമാജഘാന സ്തനാന്തരേ. 84

| | | | |
|---|---|---|---|
| മഹാതേജാഃ സഃ | ബലിഷ്ഠനായ അവൻ | ഉത്സൃജത് | എയ്തു; |
| തതഃ | അപ്പോൾ | ആയാന്തം | നേർക്കുവന്നിരുന്ന |
| തം ബാണം | ആ ബാണത്തെ | സൌമിത്രിം | ലക്ഷ്മണനെ |
| സന്ധായ | തൊടുത്ത് | സ്തനാന്തരേ | മാറിൽ |
| സഹസാ | ഊക്കോടെ | ആജഘാന. | പ്രഹരിച്ചു. |

അതികായേന സൌമിത്രിസ്താഡിതോ യുധി വക്ഷസി
സുസ്രാവ രുധിരം തീവ്രം മദം മത്ത ഇവ ദ്വിപഃ 85

| | | | |
|---|---|---|---|
| സൌമിത്രിഃ | ലക്ഷ്മണൻ | രുധിരം | രക്തത്തെ |
| യുധി | പോരിൽ | മത്തഃ | മദപ്പാടുള്ള |
| അതികായേന | അതികായനാൽ | ദ്വിപഃ | ആന |
| വക്ഷസി | മാറത്ത് | മദം ഇവ | മദജലത്തെയെന്നപോലെ |
| താഡിതഃ | താഡിക്കപ്പെട്ടവനായി | | |
| തീവ്രം | അത്യധികം | സുസ്രാവ. | ഒലിപ്പിച്ചു. |

സ ചകാര തദാഽഽത്മാനം വിശല്യം സഹസാ വിഭുഃ
ജഗ്രാഹ ച ശരം തീക്ഷ്ണമസ്ത്രേണാപി ച സന്ദധേ. 86

| | | | |
|---|---|---|---|
| വിഭു: | എന്തിനും ശക്തനായ | തീക്ഷ്ണം | ഉഗ്രമായ |
| സ: | ആ ലക്ഷ്മണൻ | ശരം ച | ഒരു ബാണത്തേയും |
| തദാ, സഹസാ | അപ്പോൾ, ഝടുതിയിൽ | ജഗ്രാഹ | കയ്ക്കൊണ്ടു |
| ആത്മാനം | തന്നെ | അപി ച | കൂടാതെ |
| വിശല്യം ചകാര | ശരപീഡയററവനാക്കി | അസ്ത്രേണ സന്ദധേ. | ദിവ്യാസ്ത്രത്താൽ അഭിമന്ത്രിക്കുകയുംചെയ്തു. |

ആഗ്നേയേന തദാഽസ്ത്രേണ യോജയാമാസ സായകം
സ ജജ്വാല തദാ ബാണോ ധനുഷ്യസ്യ മഹാത്മനഃ. 87

| | | | |
|---|---|---|---|
| തദാ | അപ്പോൾ | തദാ | ആ സമയം |
| സായകം | ആ ബാണത്തെ | സഃ ബാണഃ | ആ ബാണം |
| ആഗ്നേയേന അസ്ത്രേണ | ആഗ്നേയാസ്ത്രമന്ത്രത്തോടുകൂടി | അസ്യ മഹാത്മനഃ | ഈ മഹാത്മാവിന്റെ |
| | | ധനുഷി | ധനുസ്സിൽ |
| യോജയാമാസ | സന്ധാനംചെയ്തു. | ജജ്വാല | ഉജ്ജ്വലിച്ചു. |

അതികായോഽപി തേജസ്വീ സൌരമസ്ത്രം സമാദധേ
തേന ബാണം ഭുജംഗാഭം ഹേമപുംഖമയോജയത്. 88

| | | | |
|---|---|---|---|
| തേജസ്വീ | പരാക്രമശാലിയായ | തേന | ആ മന്ത്രത്തോടുകൂടി |
| അതികായ: അപി | അതികായനും | ഭുജംഗാഭം | സർപ്പതുല്യവും |
| | | ഹേമപുംഖം | പൊൻപിടിയുള്ളതുമായ |
| സൌരം അസ്ത്രം | ആദിത്യാസ്ത്രത്തെ | ബാണം | ഒരു ബാണത്തെ |
| സമാദധെ | വരിച്ചു | അയോജയത്. | സന്ധാനംചെയ്തു. |

തദസ്ത്രം ജ്വലിതം ഘോരം ലക്ഷ്മണഃ ശരമാഹിതം
അതികായായ ചിക്ഷേപ കാലദണ്ഡമിവാന്തകഃ 89

| | | | |
|---|---|---|---|
| ലക്ഷ്മണഃ | ലക്ഷ്മണൻ | അതികായായ | അതികായനെ ഉദ്ദേശിച്ച് |
| ആഹിതം | അഭിമന്ത്രിക്കപ്പെട്ട് | അന്തക: | യമൻ |
| ഘോരം | ഭയങ്കരമായി | കാലദണ്ഡം | കാലദണ്ഡത്തെ |
| ജ്വലിതം ശരം | ഉജ്ജ്വലിക്കുന്നശരമായ | ഇവ | എന്നതുപോലെ |
| തത് അസ്ത്രം | ആ ആഗ്നേയാസ്ത്രത്തെ | ചിക്ഷേപ | പ്രയോഗിച്ചു. |

ആഗ്നേയേനാഭിസംയുക്തം ദൃഷ്ട്വാ ബാണം നിശാചരഃ
ഉത്സസർജ്ജ തദാ ബാണം ദീപ്തം സൂര്യ്യാസ്ത്രയോജിതം. 90

| | | | |
|---|---|---|---|
| നിശാചര: | രാക്ഷസൻ | തദാ | ആ സമയം |
| ബാണം | ബാണത്തെ | സൂര്യ്യാസ്ത്രയോജിതം | ആദിത്യമന്ത്രത്തോടുകൂടിയതായി |
| ആഗ്നേയേന | ആഗ്നേയമന്ത്രംകൊണ്ട് | ദീപ്തം | ഉജ്ജ്വലിക്കുന്ന |
| അഭിസംയുക്തം | അഭിമന്ത്രിക്കപ്പെട്ട് പ്രജ്വലിക്കുന്നതായി | ബാണം | അസ്ത്രത്തെ |
| ദൃഷ്ട്വാ | കണ്ട് | ഉത്സസർജ്ജ. | പ്രയോഗിച്ചു. |

താവുഭാവംബരേ ബാണാവന്യോന്യമഭിജഘ്നതുഃ
തേജസാ സംപ്രദീപ്താഗ്രൌ ക്രുദ്ധാവിവ ഭുജംഗമൌ 91

| | | | |
|---|---|---|---|
| തൌ | ആ | ക്രുദ്ധൌ | ക്രുദ്ധിച്ച |
| ഉഭൌ | രണ്ടു | ഭുജംഗമൌ | രണ്ടു സപ്പ്ങ്ങൾ |
| ബാണൌ | ബാണങ്ങളും | ഇവ | എന്നപോലെ |
| തേജസാ | ദീപ്തിയാൽ | അംബരേ | ആകാശത്തിൽ |
| സംപ്ര- ദീപ്താഗ്രൌ | ഉജ്വലിക്കുന്ന ശിഖക ളോടുകൂടിയവയായി | അന്യോന്യം | തമ്മിൽ |
| | | അഭിജഘ്നതുഃ | കൂട്ടിമുട്ടി. |

താവന്യോന്യം വിനിർദഹ്യ പേതതുഃ പൃഥിവീതലേ
നിരർച്ചിഷൌ ഭസ്മകൃതൌ ന ഭ്രാജേതേ ശരോത്തമൌ. 92

| | | | |
|---|---|---|---|
| തൌ | ആ | ഭ്രാജേതേ ന | മങ്ങിപ്പോയി |
| ശരോത്തമൌ | ഉത്തമബാണങ്ങൾ രണ്ടും | ഭസ്മകൃതൌ | നീറാക്കപ്പെട്ട അവ രണ്ടും |
| അന്യോന്യം | പരസ്പരം | | |
| വിനിർദഹ്യ | ദഹിപ്പിച്ചുകൊണ്ടു് | പൃഥിവീതലേ | നിലത്തു |
| നിരർച്ചിഷൌ | ജ്വാലകളററവയായി | പേതതുഃ | വീണു. |

താവുഭൌ ദീപ്യമാനൌ സ്മ ന ഭ്രാജേതേ മഹാഹവേ. 93

| | | | |
|---|---|---|---|
| തൌ | അവ | മഹാഹവേ | പിന്നെ ആ അടക്കളത്തിൽ |
| ഉഭൌ | രണ്ടും | | |
| ദീപ്യമാനൌ | ചുട്ടെരിക്കപ്പെട്ടവയായി | ഭ്രാജേതേ സ്മ ന. | പ്രകാശിച്ചതേയില്ല. |

തതോഽതികായഃ സംക്രുദ്ധസ്ത്വസ്ത്രമൈഷീകമുത്സൃജത്
തത് പ്രചിച്ഛേദ സൌമിത്രിരസ്ത്രേണൈന്ദ്രേണ വീര്യവാൻ. 94

| | | | |
|---|---|---|---|
| തതഃ | അപ്പോൾ | തത് | അതിനെ |
| അതികായഃ തു | അതികായനും | വീര്യവാൻ | വീര്യശാലിയായ |
| സംക്രുദ്ധഃ | അതികുപിതനായി | സൌമിത്രിഃ | ലക്ഷ്മണൻ |
| ഐഷീകം അസ്ത്രം | ഇഷീകാസ്ത്രത്തെ | ഐന്ദ്രേണ അസ്ത്രേണ | ഇന്ദ്രാസ്ത്രത്താൽ |
| ഉത്സൃജത് | പ്രയോഗിച്ചു. | പ്രചിച്ഛേദ. | നശിപ്പിച്ചു. |

ഐഷീകം നിഹതം ദൃഷ്ട്വാ രുഷിതോ രാവണാത്മജഃ
യാമ്യേനാസ്ത്രേണ സംക്രുദ്ധോ യോജയാമാസ സായകം. 95

| | | | |
|---|---|---|---|
| രുഷിതഃ | കുപിതനായ | സംക്രുദ്ധഃ | അതിക്രുദ്ധനായി |
| രാവണാത്മജഃ | രാവണപുത്രൻ | സായകം | ഒരു ബാണത്തെ |
| ഐഷീകം | ഐഷീകാസ്ത്രത്തെ | യാമ്യേന അസ്ത്രേണ | യമാസ്ത്രംകൊണ്ടു് |
| നിഹതം | നിഷ്ഫലമാക്കപ്പെട്ടതായ് | | |
| ദൃഷ്ട്വാ | കണ്ടു് | യോജയാമാസ. | അഭിമന്ത്രിച്ചു. |

തതസ്തദസ്ത്രം ചിക്ഷേപ ലക്ഷ്മണായ നിശാചരഃ
വായവ്യേന തദസ്ത്രേണ നിജഘാന സ ലക്ഷ്മണഃ 96

| | | | |
|---|---|---|---|
| നിശാചരഃ | രാക്ഷസൻ | സഃ ലക്ഷ്മണഃ | ആ ലക്ഷ്മണൻ |
| തതഃ | അപ്പോൾ | തത് | അതിനെ |
| തത് അസ്ത്രം | ആ അസ്ത്രത്തെ | വായവ്യേന അസ്ത്രേണ | വായവ്യാസ്ത്രംകൊണ്ട് |
| ലക്ഷ്മണായ | ലക്ഷ്മണനു നേക്കായി | | |
| ചിക്ഷേപ | വിട്ടു; | നിജഘാന. | ഒടുക്കി. |

അഥൈനം ശരധാരാഭിർധാരാഭിരിവ തോയദഃ
അഭ്യവർഷത് സുസംക്രുദ്ധോ ലക്ഷ്മണോ രാവണാത്മജം. 97

| | | | |
|---|---|---|---|
| അഥ | അപ്പോൾ | രാവണാത്മജം | രാവണാത്മജനെ |
| ലക്ഷ്മണഃ | ലക്ഷ്മണൻ | തോയദഃ | മേഘം |
| സുസംക്രുദ്ധഃ | അതിക്രുദ്ധനായി | ധാരാഭിഃ | വർഷധാരകളാൽ |
| ശരധാരാഭിഃ | ശരവർഷങ്ങളാൽ | ഇവ | എന്നപോലെ |
| ഏനം | ഇ | അഭ്യവർഷത്. | മൂടി. |

തേऽതികായം സമാസാദ്യ കവചേ വജ്രഭൂഷിതേ
ഭഗ്നാഗ്രശല്യാഃ സഹസാ പേതുർബാണാ മഹീതലേ. 98

| | | | |
|---|---|---|---|
| തേ | ആ | വജ്രഭൂഷിതേ | വൈരംപതിച്ച |
| ബാണാഃ | ബാണങ്ങൾ | കവചേ | കവചത്തിൽതട്ടി |
| അതികായം | അതികായന്റെമേൽ | ഭഗ്നാഗ്രശല്യാഃ | മുനകൾ മുറിഞ്ഞവയാ[യി |
| സഹസാ | ഉടക്കേടെ | മഹീതലേ | നിലത്ത് |
| സമാസാദ്യ | ചെന്നേറ്റ് | പേതുഃ | പതിച്ചു. |

താൻ മോഘാനഭിസംപ്രേക്ഷ്യ ലക്ഷ്മണഃ പരവീരഹാ
അഭ്യവർഷത്ശരൗഘാണാം സഹസ്രേണ മഹായശാഃ 99

| | | | |
|---|---|---|---|
| പരവീരഹാ | ശത്രുസംഹാര | അഭി— സംപ്രേക്ഷ്യ | കണ്ട് |
| മഹായശാഃ | അതിയശസ്വിയുമായ | | |
| ലക്ഷ്മണഃ | ലക്ഷ്മണൻ | മഹേഷൂണാം സഹസ്രേണ | അസംഖ്യം ഉത്തമബാണങ്ങൾകൊണ്ട് |
| താൻ | അവയെ | | |
| മോഘാൻ | പാഴായിത്തീർന്നവയായി | അഭ്യവർഷത്. | വർഷിച്ചു. |

സ വൃഷ്യമാണോ ബാണൗഘൈരതികായോ മഹാബലഃ
അവദ്ധ്യകവചഃ സംഖ്യേ രാക്ഷസോ നൈവ വിവ്യഥേ. 100

| | | | |
|---|---|---|---|
| മഹാബലഃ | മഹാബലശാലിയും | വൃഷ്യമാണഃ | വർഷിക്കപ്പെടുന്നവനായി |
| രാക്ഷസഃ | രാക്ഷസനുമായ | അവദ്ധ്യ— കവചഃ | പൊട്ടാത്തകവചം പൂണ്ടവനാകയാൽ |
| സഃ അതികായഃ | ആ അതികായ | | |
| സംഖ്യേ | പോരിൽ | വിവ്യഥേ ന ഏവ | വേദനതന്നെ ഉണ്ടായില്ല. |
| ബാണൗഘൈഃ | ശരനിരകൾക്കൊണ്ട് | | |

ന ശശാക രുജം കർത്തും യുധി തസ്യ ശരോത്തമഃ 101

| | | | |
|---|---|---|---|
| ശരോത്തമ: | ഏറ്റവിശേഷപ്പെട്ട ബാണവും | രുജം | വേദന |
| യുധി | പോരിൽ | കർത്തും | ഉണ്ടാക്കുവാൻ |
| തസ്യ | അവന്നു | ശശാക ന. | കഴിഞ്ഞില്ല. |

അഥൈനമഭ്യുപാഗമ്യ വായുർവ്വാക്യമുവാച ഹ
ബ്രഹ്മദത്തവരോ ഹ്യേഷ അവദ്ധ്യകവചാവൃതഃ 102

| | | | |
|---|---|---|---|
| അഥ | അപ്പോൾ | "ഏഷ: | "ഇവൻ |
| വായു: | വായുഭഗവാൻ | ബ്രഹ്മദത്തവര: | ബ്രഹ്മദേവങ്കൽനിന്നു് വരം ലഭിച്ചവനാണു് |
| ഏനം അഭ്യുപാഗമ്യ | ലക്ഷ്മണന്നു പ്രത്യക്ഷനായിവന്നു് | ഹി | ആകയാൽ |
| വാക്യം | ഇങ്ങിനെ | അവദ്ധ്യ-കവചാവൃത: | പെട്ടാത്ത ചട്ടയോടു കൂടിയവനാകുന്നു. |
| ഉവാച ഹ | അരുളിച്ചെയ്തു. | | |

ബ്രാഹ്മേണാസ്ത്രേണ ഭിന്ധ്യേനമേഷ വദ്ധ്യോ ഹി നാന്യഥാ
അവദ്ധ്യ ഏഷ ഹ്യന്യേഷാമസ്ത്രാണാം കവചീ ബലീ. 103

| | | | |
|---|---|---|---|
| "ഏനം | "ഇവനെ | ന | വദ്ധ്യനാകയില്ല |
| ബ്രാഹ്മേണ അസ്ത്രേണ | ബ്രഹ്മാസ്ത്രംകൊണ്ടു് | ഹി | എന്തെന്നാൽ |
| ഭിന്ധി | ഭേദിച്ചാലും; | കവചീ | കവചംധരിച്ചവനും |
| ഹി | എന്നാൽ | ബലീ | ബലശാലിയുമായ |
| ഏഷ: | ഇവനും | ഏഷ: | ഇവൻ |
| വദ്ധ്യ: | വധിക്കപ്പെടുന്നതാണു് | അന്യേഷാം | മററുള്ള |
| അന്യഥാ | വേറെ വിധത്തിൽ | അസ്ത്രാണാം | അസ്ത്രങ്ങൾക്കു് |
| | | അവദ്ധ്യ:" | അവദ്ധ്യനാണു്." |

തതസ്തു വായോർവ്വചനം നിശമ്യ
സൌമിത്രിരിന്ദ്രപ്രതിമാനവീര്യഃ
സമാദദേ ബാണമമോഘവേഗം
തദ്ബ്രാഹ്മമസ്ത്രം സഹസാ നിയോജ്യ. 104

| | | | |
|---|---|---|---|
| ഇന്ദ്രപ്രതി-മാനവീര്യ: | ഇന്ദ്രതുല്യപരാക്രമിയായ | അമോഘവേഗം | വ്യർത്ഥമാകാത്ത ശക്തിയുള്ളതായ |
| സൌമിത്രി: തു | സൌമിത്രിയും | തത് ബ്രാഹ്മം അസ്ത്രം | ആ ബ്രഹ്മാസ്ത്രമന്ത്രത്തെ |
| തത: | അപ്പോൾ | നിയോജ്യ | അഭിമന്ത്രിച്ചു് |
| വായോ: | വായുഭഗവാന്റെ | ബാ | ഒരു ബാണത്തെ |
| വചനം | വാക്യത്തെ | സഹ | തൽക്ഷണംതന്നെ |
| നിശമ്യ | കേട്ടു് | സമാദ. | കൈക്കൊണ്ടു. |

തസ്മിൻ മഹാസ്ത്രേ തു നിയുജ്യമാനേ
സൌമിത്രിണാ ബാണവരേ ശിതാഗ്രേ
ദിശശ്ച ചന്ദ്രാൎക്കമഹാഗ്രഹാശ്ച
നഭശ്ച തത്രാസ ചചാല ചോൎവ്വീ 105

| | | | |
|---|---|---|---|
| സൌമിത്രിണാ | സൌമിത്രിയാൽ | ചന്ദ്രാൎക്ക- മഹാഗ്രഹാഃ ച | ചന്ദ്രൻ, സൂൎയ്യൻ, മുതലായ മഹാഗ്രഹങ്ങളും |
| ശിതാഗ്രേ | കൂൎത്തമുനയോടുകൂടിയ | നഭഃ ച | ആകാശവും |
| ബാണവരേ | ശ്രേഷ്ഠ ബാണത്തിൽ | ച | എല്ലാംതന്നെ |
| തസ്മിൻ | ആ | തത്രാസ | നടുനടുങ്ങി |
| മഹാസ്ത്രേ | മഹാമന്ത്രം | ഉൎവ്വീ ച | ഭൂമിയും |
| നിയുജ്യമാനേ | അഭിമന്ത്രിക്കപ്പെട്ടാറെ | ചചാല. | കുലുങ്ങി. |
| ദിശഃ തു | ദിക്കുകളും | | |

തം ബ്രഹ്മണോഽസ്ത്രേണ നിയോജ്യ ചാപേ
ശരം സുപുംഖം യമദൂതകല്പം
സൌമിത്രിരിന്ദ്രാരിസുതസ്യ തസ്യ
സസൎജ്ജബാണം യുധി വജ്രകല്പം. 106

| | | | |
|---|---|---|---|
| സൌമിത്രിഃ | ലക്ഷ്മണൻ | തം | ആ |
| ബ്രഹ്മണഃ അസ്ത്രേണ | ബ്രഹ്മാസ്ത്രമന്ത്രപ്രഭാവത്താൽ | വജ്രകല്പം | വജ്രതുല്യമായ |
| യമദൂതകല്പം | യമകിങ്കരസന്നിഭമായ | ബാണം | ബാണത്തെ |
| സുപുംഖം | നല്ല കടയോടുകൂടിയ | യുധി | പോരിൽ |
| ശരം | ബാണത്തെ | ഇന്ദ്രാരിസുതസ്യ | ഇന്ദ്രശത്രുവായ രാവണന്റെ സുതനായ |
| ചാപേ | വില്ലിൽ | തസ്യ | അവനുനേൎക്ക് |
| നിയോജ്യ | തൊടുത്ത് | സസൎജ്ജ. | പ്രയോഗിച്ചു. |

തം ലക്ഷ്മണോത്സൃഷ്ടമമോഘവേഗം
സമാപതന്തം ജ്വലനപ്രകാശം
സുവൎണ്ണവജ്രോത്തമചിത്രപുംഖം
തദാഽതികായഃ സമരേ ദദൎശ. 107

| | | | |
|---|---|---|---|
| അതികായഃ | അതികായൻ | സുവൎണ്ണ- വജ്രോത്തമ- ചിത്രപുംഖം | വിശിഷ്ടമായപൊന്നും വജ്രവും ചേൎന്ന് ഭംഗിയാൎന്നപിടിയോടുകൂടിയതും |
| സമരേ | പോരിൽ | ജ്വലന- പ്രകാശം | അഗ്നിപോലെപ്രകാശിക്കുന്നതുമായ |
| തദാ | ആ സമയം | തം | അതിനെ |
| ലക്ഷ്മണോ- ത്സൃഷ്ടം | ലക്ഷ്മണനാൽ വിടപ്പെട്ടതും | സമാപതന്തം | നേൎക്കുവരുന്നതായ് |
| അമോഘവേഗം | നിഷ്ഫലമാകാത്തശക്തിയാൎന്നതും | ദദൎശ. | കണ്ടു. |

തം പ്രേക്ഷമാണഃ സഹസാഽതികായോ
ജഘാന ബാണൈർന്നിശിതൈരനേകൈ
സ സായകസ്തസ്യ സുപർണ്ണവേഗ-
സ്തദാഽതികായസ്യ ജഗാമ പാർശ്വം 108

| | |
|---|---|
| അതികായഃ | അതികായൻ |
| തം | അതിനെ |
| പ്രേക്ഷമാണഃ | ഉററുനോക്കുന്നവനായി |
| നിശിതൈഃ | തീക്ഷ്ണങ്ങളായ |
| അനേകൈഃ | പലവിധ |
| ബാണൈഃ | ബാണങ്ങൾകൊണ്ടു് |
| സഹസാ | ഊക്കോടെ |
| ജഘാന | തടുത്തുനോക്കി; |

| | |
|---|---|
| തദാ | എന്നിട്ടും |
| സുപർണ്ണവേഗഃ | ഗരുഡന്നുതുല്യം വേഗ [തയാന്ന |
| സഃ | ആ |
| സായകഃ | ബാണം |
| തസ്യ | ആ |
| അതികായസ്യ | അതികായന്നു |
| പാർശ്വം ജഗാമ. | നേർക്കുതന്നെ അടുത്തു. |

തമാഗതം പ്രേക്ഷ്യ തദാതികായോ
ബാണം പ്രദീപ്താന്തകകാലകല്പം
ജഘാന ശക്ത്യൃഷ്ടിഗദാകുഠാരൈഃ
ശൂലൈർഹ്ഹലൈശ്ചാത്യവിപന്നചേതാഃ 109

| | |
|---|---|
| അതികായഃ | അതികായൻ |
| തദാ | അപ്പോൾ |
| പ്രദീപ്താന്തക-കാലകല്പം | മൃത്യുവെപ്പോലെയും രുദ്രനെപ്പോലെയും ഉജ്ജ്വലിക്കുന്ന |
| തം ബാണം | ആ ബാണത്തെ |
| ആഗതം | അടുത്തതായി |
| പ്രേക്ഷ്യ | കണ്ടു് |

| | |
|---|---|
| അവിപന്ന-ചേതാഃ | ഒട്ടും പരിഭ്രമിക്കാതെ |
| ശക്ത്യൃഷ്ടി-ഗദാകുഠാരൈഃ | വേൽ, വാൾ, ഗദ, കുഠാരം എന്നവകൊണ്ടും |
| ശൂലൈഃ | ശൂലങ്ങൾ കൊണ്ടും |
| ഹ്ഹലൈഃ ച | അലക് രണ്ടായി പിളൎന്ന ഹ്ഹളമെന്ന വാളുകൾ [കൊണ്ടും |
| അതി | ഒട്ടേറെ |
| ജഘാന. | പ്രഹരിച്ചു. |

താന്യായുധാന്യദ്ഭുതവിഗ്രഹാണി
മോഘാനി കൃത്വാ സ ശരോഗ്നിദീപ്തഃ
പ്രഗൃഹ്യ തസ്യൈവ കിരീടജുഷ്ടം
തതോഽതികായസ്യ ശിരോ ജഹാര. 110

| | |
|---|---|
| അഗ്നിദീപ്തഃ | തീകത്തിജ്വലിക്കുന്നതായ |
| സഃ ശരഃ | ആ ബാണം |
| അദ്ഭുത-വിഗ്രഹാണി | ആശ്ചര്യപ്പെടത്തക്ക ആകൃതികളോടുകൂടിയ |
| താനി | ആ |
| ആയുധാനി | ആയുധങ്ങളെ |

| | |
|---|---|
| മോഘാനി-കൃത്വാ | പ്രയോജനമററവയാക്കിക്കൊണ്ടു് |
| തതഃ | അനന്തരം |
| തസ്യ | ആ |
| അതികായസ്യ | അതികായന്റെ |
| കിരീടജുഷ്ടം | മകുടംധരിച്ച |
| ശിരഃ ഏവ | ശിരസ്സിനേയും |
| പ്രഗൃഹ്യ ജഹാര. | കയ്ക്കൊണ്ടു. |

തച്ഛിരഃ സശിരസ്ത്രാണം ലക്ഷ്മണേഷുപ്രപീഡിതം
പപാത സഹസാ ഭൂമൌ ശൃംഗം ഹിമവതോ യഥാ. 111

| | | | |
|---|---|---|---|
| ലക്ഷ്മണേഷു-പ്രപീഡിതം | ലക്ഷ്മണന്റെ ബാണത്താൽ പ്രഹരിക്കപ്പെട്ട | ഹിമവതഃ ശൃംഗം യഥാ | ഹിമാലയശിഖരം പോലിരിക്കുന്നതായി |
| തത് ശിരഃ | ആ ശിരസ്സ് | സഹസാ | പെട്ടെന്ന് |
| സശിരസ്ത്രാണം | ഇരുമ്പുതൊപ്പിയോടുംകൂടി, | ഭൂമൌ | നിലത്ത് |
| | | പപാത. | പതിച്ചു. |

തം തു ഭൂമൌ നിപതിതം ദൃഷ്ട്വാ വിക്ഷിപ്തഭൂഷണം
ബഭൂവുർവ്യഥിതാഃ സർവ്വേ ഹതശേഷാ നിശാചരാഃ. 112

| | | | |
|---|---|---|---|
| ഹതശേഷാഃ | കൊല്ലപ്പെട്ട് അവശേഷിച്ച | നിപതിതം | വീണ് |
| നിശാചരാഃ | രാക്ഷസന്മാർ | വിക്ഷിപ്ത-ഭൂഷണം | അണികോപ്പുകൾ ചിതറിയതായി |
| സർവ്വേ തു | എല്ലാവരും | ദൃഷ്ട്വാ | കണ്ടു് |
| തം | ആ ശിരസ്സിനെ | വ്യഥിതാഃ | വ്യസനാക്രാന്തരായി |
| ഭൂമൌ | നിലത്ത് | ബഭൂവുഃ | ഭവിച്ചു. |

തേ വിഷണ്ണമുഖാ ദീനാഃ പ്രഹാരജനിതശ്രമാഃ
വിനേദുരുച്ചൈർബഹവഃ സഹസാ വിസ്വരൈഃ സ്വരൈഃ 113

| | | | |
|---|---|---|---|
| തേ | അവർ | സഹസാ | തത്ക്ഷണം തന്നെ |
| ബഹവഃ | പലരും | വിസ്വരൈഃ സ്വരൈഃ | വികൃത സ്വരങ്ങളോടുകൂടി |
| പ്രഹാര-ജനിതശ്രമാഃ | പ്രഹരമേററ് തളന്നവരായി | ഉച്ചൈഃ | ഉച്ചത്തിൽ |
| വിഷണ്ണമുഖാഃ | മുഖം വാടിയവരായി | വിനേദുഃ | നിലവിളിച്ചു. |
| ദീനാഃ | പരിതാപസ്ഥിതിയിലിരിക്കുന്നവരായി | | |

തതസ്തേ ത്വരിതം യാതാ നിരപേക്ഷാ നിശാചരാഃ
പുരീമഭിമുഖാ ഭീതാ ദ്രവന്തോ നായകേ ഹതേ. 114

| | | | |
|---|---|---|---|
| തേ | ആ | നിരപേക്ഷാഃ | എന്തു ചെയ്യേണ്ടുമെന്നറിയാതെ |
| നിശാചരാഃ | രാക്ഷസന്മാർ | ദ്രവന്തഃ | പായുന്നവരായി |
| തതഃ | ആ സമയം | പുരീം | നഗരത്തെ |
| നായകേ | തലവൻ | അഭിമുഖാഃ | നോക്കി |
| ഹതേ | മൃതിപ്പെട്ടാറെ, | ത്വരിതം | ദ്രുതഗതിയിൽ |
| ഭീതാഃ | ഭയന്ന് | യാതാഃ | ചെന്നു. |

പ്രഹൃഷ്ടയുക്താ ബഹവസ്തു വാനരാഃ പ്രബുദ്ധപത്മപ്രതിമാനനാസ്തദാ
അപൂജയൻ ലക്ഷ്മണമിഷ്ടഭാഗിനം ഹതേ രിപൗ ഭീമബലേ ദുരാസദേ.

| | |
|---|---|
| വാനരാഃ | വാനരന്മാർ |
| ബഹവഃ തു | പലരും |
| തദാ | അപ്പോൾ |
| പ്രഹൃഷ്ടയുക്താഃ | ആനന്ദഭരിതരായി |
| പ്രബുദ്ധപത്മ- പ്രതിമാനനാഃ | വികസിച്ച മുഖകമലങ്ങളോടുകൂടിയവരായി |
| ഭീമബലേ | അതിബലവാനും |
| ദുരാസദേ | ആരാലുമടുപ്പാൻ കഴിയാത്തവനുമായ |
| രിപൗ | വൈരി |
| ഹതേ | കൊല്ലപ്പെട്ടതിനാൽ |
| ഇഷ്ടഭാഗിനം | (വിജയമാകുന്ന) മനോരഥപൂർത്തിവന്നവനായ |
| ലക്ഷ്മണം | സൌമിത്രിയെ |
| അപൂജയൻ. | കൊണ്ടാടി. |

**ഇത്യാർഷേ ശ്രീമദ്രാമായണേ വാൽമീകീയേ ആദികാവ്യേ യുദ്ധകാണ്ഡേ**
**ഏകസപ്തതിതമഃ സർഗ്ഗഃ=എഴുപത്തൊന്നാംസർഗ്ഗം സമാപ്തം.**
ആദ്യം മുതൽ ശ്ലോകസംഖ്യ 18031; യുദ്ധകാണ്ഡം ആദ്യം മുതൽ ശ്ലോകസംഖ്യ 3356.

---

## ദ്വിസപ്തതിതമഃ സർഗ്ഗഃ = എഴുപത്തിരണ്ടാം സർഗ്ഗം.

[രാവണോദ്വേഗഃ=രാവണന്റെ ഉത്കണ്ഠ]

അതികായം ഹതം ശ്രുത്വാ ലക്ഷ്മണേന മഹൌജസാ
ഉദ്വേഗമഗമദ്രാജാ വചനം ചേദമബ്രവീത്. 1

| | |
|---|---|
| രാജാ | രാജാവായ രാവണൻ |
| അതികായം | അതികായനെ |
| മഹൌജസാ | അതിപ്രതാപശാലിയായ |
| ലക്ഷ്മണേന | ലക്ഷ്മണനാൽ |
| ഹതം | വധിക്കപ്പെട്ടവനായി |
| ശ്രുത്വാ | കേട്ട് |
| ഉദ്വേഗം അഗമത് | വല്ലാതെ പരിഭ്രമിച്ചു |
| ഇദം | ഇപ്രകാരം |
| വചനം ച | വാക്യത്തെയും |
| അബ്രവീത്. | ഉരചെയ്തു. |

ധൂമ്രാക്ഷഃ പരമാമർഷീ ധന്വീ ശസ്ത്രഭൃതാം വരഃ
അകമ്പനഃ പ്രഹസ്തശ്ച കുംഭകർണ്ണസ്തഥൈവ ച 2
ഏതേ മഹാബലാ വീരാ രാക്ഷസാ യുദ്ധകാംക്ഷിണഃ
ജേതാരഃ പരസൈന്യാനാം പരൈർനിത്യാപരാജിതാഃ 3

| | |
|---|---|
| “പരമാമർഷീ | “വാശികൂടിയവനും |
| ധന്വീ | വില്ലാളിയുമായ |
| ധൂമ്രാക്ഷഃ ച | ധൂമ്രാക്ഷനും |
| ശസ്ത്രഭൃതാം വരഃ | ആയുധധാരികളിൽ വെച്ച് മുമ്പനായ |
| അകമ്പനഃ ച | അകമ്പനനും |
| പ്രഹസ്തഃ ഏവ | പ്രഹസ്തനും |
| കുംഭകർണ്ണഃ തഥാ | കുംഭകർണ്ണനും |
| ഏതേ | ഈ |
| രാക്ഷസാഃ | രാക്ഷസന്മാരെല്ലാം |
| മഹാബലാഃ | അതിബലശാലികളും |
| യുദ്ധ- കാംക്ഷിണഃ | യുദ്ധം കൊതിക്കുന്ന |
| വീരാഃ | ശൂരന്മാരും |
| പര- സൈന്യാനാം | ശത്രുസൈന്യങ്ങളെ |
| ജേതാരഃ | ജയിക്കുന്നവരും |
| പരൈഃ | ശത്രുക്കളാൽ |
| നിത്യാ- പരാജിതാഃ | ഒരിക്കലും തോല്പിക്കപ്പെടാത്തവരുമാണ്. |

നിഹതാസ്തേ മഹാവീര്യാ രാമേണാക്ലിഷ്ടകർമ്മണാ
രാക്ഷസാഃ സുമഹാകായാ നാനാശാസ്ത്രവിശാരദാഃ
അന്യേ ച ബഹവഃ ശൂരാ മഹാത്മാനോ നിപാതിതാഃ 4

| | | | |
|---|---|---|---|
| "തേ | "അപ്രകാരമുള്ള | രാമേണ | ശ്രീരാമനാൽ |
| മഹാവീര്യാഃ | മഹാവീര്യശാലികളും | നിഹതാഃ | കൊല്ലപ്പെട്ടു; |
| സുമഹാകായാഃ | ഭീമകായന്മാരും | അന്യേ | മററു |
| നാനാശസ്ത്രവിശാരദാഃ | പല ആയുധങ്ങളിലും പാടവം ലഭിച്ചവരും | ബഹവഃ | പല |
| രാക്ഷസാഃ | രാക്ഷസന്മാർ [മായ | മഹാത്മാനഃ | പരാക്രമികളായ |
| അക്ലിഷ്ടകർമ്മണാ | എന്തുംനിഷ്പ്രയാസം ചെയ്യാൻ കഴിവുള്ള | ശൂരാഃ ച | ശൂരന്മാരും |
| | | നിപാതിതാഃ | വീഴ്ത്തപ്പെട്ടു. |

പ്രഖ്യാതബലവീര്യേണ പുത്രേണേന്ദ്രജിതാ മമ
യൌ ഹി തൌ ഭ്രാതരൌ വീരൌ ബദ്ധൌ ദത്തവരൈഃ ശരൈഃ 5
യന്ന ശക്യം സുരൈഃ സർവ്വൈരസുരൈർവ്വാ മഹാബലൈഃ
മോക്തും തദ്ബന്ധനം ഘോരം യക്ഷഗന്ധർവ്വകിന്നരൈഃ 6
തന്ന ജാനേ പ്രഭാവൈർവ്വാ മായയാ മോഹനേന വാ
ശരബന്ധാദ്വിമുക്തൌ തൌ ഭ്രാതരൌ രാമലക്ഷ്മണൌ. 7

| | | | |
|---|---|---|---|
| "യൌ | "യാതൊരു | സുരൈഃ | ദേവന്മാരാലും |
| തൌ | ആ | മഹാബലൈഃ | മഹാബലശാലികളായ |
| ഭ്രാതരൌ | സഹോദരന്മാരായ | അസുരൈഃ | അസുരന്മാരാലും |
| വീരൌ | വീരന്മാർ | യക്ഷഗന്ധർവ്വകിന്നരൈഃ വാ | യക്ഷന്മാരാലുംഗന്ധർവ്വന്മാരാലും കിന്നരന്മാരാലും |
| മമ | എന്റെ | | |
| പുത്രേണ | പുത്രനും | | |
| പ്രഖ്യാതബലവീര്യേണ | പ്രസിദ്ധപ്പെട്ടശക്തിയും പൌരുഷവുമാന്നവനുമായ | ശക്യം ന | സാദ്ധ്യമല്ലയോ |
| | | ശരബന്ധാത് | അപ്രകാരമുള്ള ആ അസ്ത്രബന്ധത്തിൽനിന്നു |
| ഇന്ദ്രജിതാ | ഇന്ദ്രജിത്തിനാൽ | തൌ | ആ |
| ദത്തവരൈഃ | വരനായ് ലഭിച്ച | ഭ്രാതരൌ | ഭ്രാതാക്കന്മാരായ |
| ശരൈഃ | ബാണങ്ങളാൽ | രാമലക്ഷ്മണൌ | രാമലക്ഷ്മണന്മാർ |
| ബദ്ധൌ ഹി | ബന്ധിക്കപ്പെട്ടുവോ | പ്രഭാവൈഃ | സ്വമഹിമാതിശയങ്ങൾകൊണ്ടോ |
| യത് | യാതൊരു | | |
| തത് | ആ | മായയാ വാ | വശ്യമന്ത്രത്താലോ |
| ഘോരം | ഭയങ്കരമായ | മോഹനേന വാ | മായകൊണ്ടോ |
| ബന്ധനം | ബന്ധനത്തെ | വിമുക്തൌ | മോചിക്കപ്പെട്ടവരായി |
| മോക്തും | വിടുവിക്കുന്നതിന്നു | തത് | എന്നുള്ളതിനെ |
| സർവ്വൈഃ | എല്ലാ | ജാനേ ന. | ഞാൻ അറിയുന്നില്ല. |

യേ യോധാ നിർഗ്ഗതാഃ ശൂരാ രാക്ഷസാ മമ ശാസനാത്
തേ സർവ്വേ നിഹതാ യുദ്ധേ വാനരൈഃ സുമഹാബലൈഃ 8

| | | | |
|---|---|---|---|
| "ശൂരാഃ | "ശൂരന്മാരായ | നിർഗ്ഗതാഃ | പുറപ്പെട്ടുചെന്നവോ |
| യേ | ഏതൊരു | തേ സർവ്വേ | അവർ എല്ലാവരും |
| രാക്ഷസാഃ | രാക്ഷസ | യുദ്ധേ | പോരിൽ |
| യോധാഃ | യോധാക്കന്മാർ | സുമഹാബലൈഃ | അതിബലശാലികളാ |
| മമ | എന്റെ | വാനരൈഃ | വാനരന്മാരാൽ [യ |
| ശാസനാത് | ആജ്ഞകൊണ്ട് | നിഹതാഃ | ഹനിക്കപ്പെട്ടു. |

തം ന പശ്യാമ്യഹം യുദ്ധേ യോദ്ധ്യ രാമം സലക്ഷ്മണം
ശാസയേത് സബലം വീരം സസുഗ്രീവവിഭീഷണം. 9

| | | | |
|---|---|---|---|
| "യഃ | "യാതൊരുവൻ | സസുഗ്രീവ-വിഭീഷണം | സുഗ്രീവവിഭീഷണന്മാരോടുകൂടിയും |
| അദ്യ | ഇപ്പോഠം | സബലം | സൈന്യങ്ങളോടുകൂടി |
| യുദ്ധേ | യുദ്ധത്തിൽ | ശാസയേത് | വെല്ലുമോ [യും |
| വീരം | വീരനായ | തം | അപ്രകാരമുള്ള ഒരുവ |
| രാമം | രാമനെ | അഹം | ഞാൻ [നെ |
| സലക്ഷ്മണം | ലക്ഷ്മണനോടുകൂടിയും | പശ്യാമി ന. | കാണുന്നില്ല. |

അഹോ ന ബലവാൻ രാമോ മഹദസ്ത്രബലം ച വൈ. 10

| | | | |
|---|---|---|---|
| ''രാമഃ | ''രാമൻ | മഹത് | അതിമഹിമയാർന്നു തന്നെ |
| ബലവാൻവൈ | അതിബലശാലിതന്നെ | അഹോ ന | ഇതിന്നു് ഒരു സംശയവുമില്ല. |
| അസ്ത്രബലം ച | അസ്ത്രങ്ങളുടെ വീര്യവും | | |

യസ്യ വിക്രമമാസാദ്യ രാക്ഷസാ നിധനം ഗതാഃ
തം മന്യേ രാഘവം വീരം നാരായണമനാമയം. 11

| | | | |
|---|---|---|---|
| "യസ്യ | "യാതൊരുവന്റെ | വീരം | വീരനായ |
| വിക്രമം | പ്രതാപത്തെ | രാഘവം | രാഘവനെ |
| ആസാദ്യ | ഏററു് | അനാമയം | നാശരഹിതനായ |
| രാക്ഷസാഃ | രാക്ഷസന്മാർ | നാരായണം | സാക്ഷാൽ നാരായണമൂർത്തിയെന്നുതന്നെ |
| നിധനം ഗതാഃ | കാലധർമ്മംപ്രാപിച്ചു | | |
| തം | അപ്രകാരമുള്ള [വോ | മന്യേ | ഞാൻ കരുതുന്നു. |

തദ്ഭയാദ്ധിപുരീ ലങ്കാ പിഹിതദ്വാരതോരണാ 12

| | | | |
|---|---|---|---|
| "ലങ്കാ പുരീ | "ലങ്കാനഗരം | പിഹിത-ദ്വാര-തോരണാ | കോട്ടവാതിലുകളെല്ലാം അടയ്ക്കപ്പെട്ടതായിരിക്കുന്നതു്. |
| തദ്ഭയാത് ഹി | അവങ്കലുള്ള ഭീതിയാൽ മാത്രമാണല്ലോ | | |

അപ്രമത്തൈശ്ച സർവ്വത്ര ഗുപ്തൈര രക്ഷ്യാ പുരീ ത്വിയം. 13

| | | | |
|---|---|---|---|
| "ഇയം | "ഈ | അപ്രമത്തൈഃ | ജാഗ്രതയുള്ളവരാൽ |
| പുരീ തു | നഗരവും | സർവ്വത്ര ച | എങ്ങും |
| ഗുപ്തൈഃ | കാവൽ കാക്കുന്നതിൽ | രക്ഷ്യാ. | രക്ഷിക്കപ്പെടേണ്ടതാണ് |

അശോകവനികായാം ച യത്ര സീതാऽഭിരക്ഷ്യതേ
നിഷ്ക്രാമോ വാ പ്രവേശോ വാ ജ്ഞാതവ്യഃ സർവ്വഥൈവ നഃ 14

| | | | |
|---|---|---|---|
| "യത്ര | "യാതൊരു | നിഷ്ക്രാമഃ വാ | പോക്കും |
| അശോകവനികായാം | അശോകവനത്തിൽ | പ്രവേശഃ വാ | വരവുംഎല്ലാം |
| സീതാ | സീത | നഃ | നമ്മാൽ |
| അഭിരക്ഷ്യതേ ച | കാവൽ കാക്കപ്പെടുന്നുവോ അവിടെ | സർവ്വഥാ ഏവ | ഒന്നും വിടാതെതന്നെ |
| | | ജ്ഞാതവ്യഃ | സൂക്ഷിക്കപ്പെടേണ്ടതാണ്. |

യത്ര യത്ര ഭവേദ്ഗുല്മസ്തത്ര തത്ര പുനഃ പുനഃ
സർവ്വതശ്ചാപി തിഷ്ഠധ്വം സ്വൈഃ സ്വൈഃ പരിവൃതാ ബലൈഃ 15

| | | | |
|---|---|---|---|
| "യത്ര യത്ര | "എവിടെവിടെയെല്ലാം | സ്വൈഃ സ്വൈഃ | തങ്ങൾതങ്ങളുടെ |
| ഗുല്മഃ | സൈന്യനിവേശം | ബലൈഃ | സൈന്യങ്ങളാൽ |
| ഭവേത് | ഉണ്ടോ | പരിവൃതാഃ | ചൂഴപ്പെട്ടവരായി |
| തത്ര തത്ര | അവിടവിടെ | പുനഃ പുനഃ | ഇടവിടാതെ |
| സർവ്വതഃ ച അപി | എല്ലാഭാഗങ്ങളിലും | തിഷ്ഠധ്വം. | നിലക്കൊള്ളുവിൻ. |

ദ്രഷ്ടവ്യം ച പദം തേഷാം വാനരാണാം നിശാചരാഃ
പ്രദോഷേ വാऽർദ്ധരാത്രേ വാ പ്രത്യൂഷേ വാऽപി സർവ്വതഃ 16

| | | | |
|---|---|---|---|
| "നിശാചരാഃ | "രാത്രിഞ്ചരന്മാരെ! | തേഷാം | ആ |
| പ്രദോഷേ വാ | സന്ധ്യാസമയത്തിലാകട്ടെ | വാനരാണാം | വാനരന്മാരുടെ |
| അർദ്ധരാത്രേ വാ | അർദ്ധരാത്രിയിലാകട്ടെ | പദം ച | സ്ഥിതിയും |
| പ്രത്യൂഷേ വാ | പ്രഭാതത്തിലാകട്ടെ | ദ്രഷ്ടവ്യം. | കണ്ടറിയപ്പെടേണ്ടതാണ്. |
| സർവ്വതഃ അപി | എങ്ങും | | |

നാവജ്ഞാ തത്ര കർത്തവ്യാ വാനരേഷു കദാചന
ദ്വിഷതാം ബലമുദ്യുക്തമാപതത് കിം സ്ഥിതം സദാ. 17

| | | | |
|---|---|---|---|
| "ദ്വിഷതാം | "ശത്രുക്കളുടെ | ആപതത്? | വന്നുകൊണ്ടിരിക്കുന്നുണ്ടോ? എന്നുള്ള |
| ബലം | സൈന്യം | തത്ര | ഈ സംഗതിയിൽ |
| സദാ | എപ്പോഴും | വാനരേഷു | വാനരന്മാരെക്കുറിച്ച് |
| ഉദ്യുക്തം കിം? | സന്നദ്ധമായിരിക്കുന്നുണ്ടോ? | കദാചന | ഏതു സമയത്തിലും |
| സ്ഥിതം? | കാത്തുകൊണ്ടിരിക്കുന്നുണ്ടോ? | അവജ്ഞാ | അലക്ഷ്യം |
| | | ന കർത്തവ്യാ." | ചെയ്യപ്പെടാവുന്നതല്ല." |

തതസ്തേ രാക്ഷസാഃ സൎവ്വേ ശ്രുത്വാ ലങ്കാധിപസ്യ തത്
വചനം സൎവ്വമാതിഷ്ഠൻ യഥാവത്തു മഹാബലാഃ. 18

| | | | |
|---|---|---|---|
| തതഃ | അതിനാൽ | തത് വചനം | ആ ആജ്ഞയെ |
| മഹാബലാഃ | അതിബലശാലികളായ | ശ്രുത്വാ | വഹിച്ച്, |
| തേ രാക്ഷസാഃ | ആ രാക്ഷസന്മാർ | സൎവ്വം | എല്ലാററിനേയും |
| സൎവ്വേ | എല്ലാവരും, | യഥാവത് തു | കല്പിച്ചവണ്ണംതന്നെ |
| ലങ്കാധിപസ്യ | ലങ്കാധിപന്റെ | ആതിഷ്ഠൻ. | നടത്തി. |

സ താൻ സൎവ്വാൻ സമാദിശ്യ രാവണോ രാക്ഷസാധിപഃ
മന്യുശല്യം വഹൻ ദീനഃ പ്രവിവേശ സ്വമാലയം. 19

| | | | |
|---|---|---|---|
| സഃ | ആ | മന്യുശല്യം വഹൻ | കോപത്താലുള്ള പീഡയോടുകൂടിയവനായ |
| രാക്ഷസാധിപഃ | രാക്ഷസേശ്വരനായ | ദീനഃ | മനസ്സിടിഞ്ഞവനായി |
| രാവണഃ | രാവണൻ | സ്വം | തന്റെ |
| താൻ സൎവ്വാൻ | അവർ എല്ലാവരേയും | ആലയം | അരമനയിൽ |
| സമാദിശ്യ | ആജ്ഞാപിച്ചയച്ചശേഷം, | പ്രവിവേശ. | പ്രവേശിച്ചു. |

തതഃ സ സന്ദീപിതകോപവഹ്നിർ—
നിശാചരാണാമധിപോ മഹാബലഃ
തദേവ പുത്രവ്യസനം വിചിന്തയൻ
മുഹുൎമ്മുഹുശ്ചൈവ തദാ വ്യനിശ്വസത്. 20

| | | | |
|---|---|---|---|
| തതഃ | അപ്പോൾ | വിചിന്തയൻ | ഓൎത്തുകൊണ്ടു് |
| നിശാചരാണാം | രാക്ഷസന്മാരുടെ | സന്ദീപിതകോപവഹ്നിഃ | കോപാഗ്നി ജ്വലിക്കുന്നവനായി |
| അധിപഃ | രാജാവും | തദാ | അപ്പോൾ |
| മഹാബലഃ ച | മഹാബലശാലിയുമായ | മുഹുഃ മുഹുഃ ഏവ | കൂടെക്കൂടെ |
| സഃ | അവൻ | വ്യനിശ്വസത്. | നെടുവീർപ്പിട്ടു. |
| തത് | ആ | | |
| പുത്രവ്യസനം ഏവ | പുത്രമരണത്തെത്തന്നെ | | |

ഇത്യാൎഷേ ശ്രീമദ്രാമായണേ വാല്മീകിയേ ആദികാവ്യേ യുദ്ധകാണ്ഡേ
ദ്വിസപ്തതിതമഃ സൎഗ്ഗഃ = എഴുപത്തിരണ്ടാം സൎഗ്ഗം സമാപ്തം
ആദ്യം മുതൽ ശ്ലോകസംഖ്യ 18051; യുദ്ധകാണ്ഡം ആദ്യം മുതൽ ശ്ലോകസംഖ്യ 3376

—oo—

## ത്രിസപ്തതിതമഃ സർഗ്ഗഃ = എഴുപത്തിമൂന്നാംസർഗ്ഗം

[ബ്രഹ്മാസ്ത്രബന്ധഃ—ഇന്ദ്രജിത്ത് ശ്രീരാമലക്ഷ്മണന്മാരെ ബ്രഹ്മാസ്ത്രംകൊണ്ടു് ബന്ധിക്കുന്നതു്.]

തതോ ഹതാൻ രാക്ഷസപുംഗവാംസ്താൻ
ദേവാന്തകാദിത്രിശിരോഽതികായാൻ
രക്ഷോഗണാസ്തത്ര ഹതാവശിഷ്ടാ-
സ്തേ രാവണായ ത്വരിതം ശശംസുഃ 1

| | |
|---|---|
| തത്ര | അവിടെ |
| ഹതാവശിഷ്ടാഃ | കൊല്ലപ്പെട്ടു് അവശേഷിച്ച |
| തേ | ആ |
| രക്ഷോഗണാഃ | രാക്ഷസഗണങ്ങൾ |
| തതഃ | അതിൽപിന്നെ |
| താൻ | ആ |
| രാക്ഷസപുംഗവാൻ | രാക്ഷസന്മാരായ |
| ദേവാന്തകാദി ത്രിശിരോ-തികായാൻ | ദേവാന്തകൻ, ത്രിശിരസ്സ്, അതികായൻ മുതലായവരെ |
| ഹതാൻ | മൃതിപ്പെട്ടവരായി |
| രാവണായ | രാവണനോടായി |
| ത്വരിതം | ത്വരയോടെ |
| ശശംസുഃ | അറിയിച്ചു. |

തതോ ഹതാംസ്താൻ സഹസാ നിശമ്യ
രാജാ മുമോഹാശ്രുപരിപ്ലുതാക്ഷഃ
പുത്രക്ഷയം ഭ്രാതൃവധം ച ഘോരം
വിചിന്ത്യ രാജാ വിപുലം പ്രദധ്യൗ. 2

| | |
|---|---|
| രാജാ | രാജാവ് |
| താൻ | അവരെല്ലാവരേയും |
| ഹതാൻ നിശമ്യ | മൃതിപ്പെട്ടവരായികേട്ട് |
| സഹസാ | തൽക്ഷണം |
| മുമോഹ | മൂർച്ഛിച്ചു |
| തതഃ രാജാ | അനന്തരം രാജാവ് |
| ഘോരം | ഭയങ്കരമായ |
| പുത്രക്ഷയം | പുത്രനാശത്തേയും |
| ഭ്രാതൃവധം ച | സഹോദരന്റെ മരണത്തേയും |
| വിചിന്ത്യ | ഓർത്തു് |
| അശ്രുപരിപ്ലുതാക്ഷഃ | കണ്ണുനീർ പെരുകിയവനായി |
| വിപുലം | അത്യധികം |
| പ്രദധ്യൗ. | അത്തൽപ്പെട്ടു. |

തതസ്തു രാജാനമുദീക്ഷ്യ ദീനം
ശോകാർണ്ണവേ സംപരിപുപ്ലുവാനം
രഥർഷഭോ രാക്ഷസരാജസൂനു-
സ്തമിന്ദ്രജിദ്വാക്യമിദം ബഭാഷേ. 3

| | |
|---|---|
| തതഃ | അപ്പോൾ |
| രാക്ഷസരാജസൂനുഃ | രാക്ഷസേശ്വരപുത്രനും |
| രഥർഷഭഃ | മഹാരഥനമായ |
| ഇന്ദ്രജിത് തു | ഇന്ദ്രജിത്തും |
| തം രാജാനം | ആ രാജാവിനെ |
| ശോകാർണ്ണവേ | ശോകസാഗരത്തിൽ |
| സംപരിപുപ്ലുവാനം | മുഴുകിയവനായി |
| ദീനം ഉദീക്ഷ്യ | ദീനനായി കണ്ട് |
| ഇദം വാക്യം | ഇപ്രകാരം |
| ബഭാഷേ | ഉണർത്തിച്ചു. |

ന താത മോഹം പ്രതിഗന്തുമർഹസി
യത്രേന്ദ്രജിജ്ജീവതി രാക്ഷസേന്ദ്ര
തദ്ബാണനിർഭിന്നവികീർണ്ണദേഹാഃ
പ്രാണൈർവിമുക്താഃ സമരേ പതന്തി 4

| | | | |
|---|---|---|---|
| "രാക്ഷസേന്ദ്ര! | "രക്ഷോനായക! | സമരേ | പോരിൽ |
| താത | പിതാവേ! | തദ്ബാണ-നിർഭിന്ന-വികീർണ്ണ-ദേഹാഃ | അവന്റെ ബാണങ്ങളാൽ പിളക്കപ്പെട്ട് ശരീരം ചിതറിയവരായി |
| യത്ര | എത്ര കാലം | | |
| ഇന്ദ്രജിത് | ഇന്ദ്രജിത്ത് | | |
| ജീവതി | ജീവനോടിരിക്കുന്നുവോ അത്രയും കാലം | | |
| മോഹം | മൌഢ്യത്തെ | പ്രാണൈഃ വിമുക്താഃ പതന്തി. | ആരായാലും ചത്തുവീഴുന്നതാണ്. |
| പ്രതിഗന്തും അർഹസി ന | നിന്തിരുവടി കൈയ്ക്കൊള്ളേണ്ടതില്ല; | | |

നേന്ദ്രാരിബാണാഭിഹതോ ഹി കശ്ചിത്
പ്രാണാൻ സമത്ഥഃ സമരേऽഭിപാതും. 5

| | | | |
|---|---|---|---|
| "കശ്ചിത് ഹി | "ആരുംതന്നെ | പ്രാണാൻ | ജീവനെ |
| സമരേ | യുദ്ധത്തിൽ | അഭിപാതും | രക്ഷിക്കുന്നതിന്ന് |
| ഇന്ദ്രാരി-ബാണാഭിഹതഃ | ഇന്ദ്രജിത്തിന്റെ ബാണങ്ങളേറ്റ് | സമത്ഥഃ ന. | ശക്തനാകുന്നതല്ല. |

പശ്യാദ്യ രാമം സഹ ലക്ഷ്മണേന
മദ്ബാണനിർഭിന്നവികീർണ്ണദേഹം
ഗതായുഷം ഭൂമിതലേ ശയാനം
ശിതൈഃ ശരൈരാചിതസർവ്വഗാത്രം. 6

| | | | |
|---|---|---|---|
| "അദ്യ | "ഇപ്പോൾ | ശരൈഃ | ബാണങ്ങളാൽ |
| ലക്ഷ്മണേന സഹ | ലക്ഷ്മണനോടുകൂടി | ആചിത-സർവ്വഗാത്രം | സർവ്വാംഗങ്ങളും തുളയ്ക്കപ്പെട്ട് |
| രാമം | രാമനെ | | |
| മദ്ബാണ-നിർഭിന്ന-വികീർണ്ണ-ദേഹം | എന്റെ ബാണങ്ങൾകൊണ്ട് ദേഹം കീറി ചിതറിയവനായി | ഗതായുഷം | ജീവനറ്റ് |
| | | ഭൂമിതലേ | നിലത്ത് |
| | | ശയാനം | വീണുകിടക്കുന്നവനായി |
| ശിതൈഃ | തീക്ഷ്ണങ്ങളായ | പശ്യ. | വീക്ഷിച്ചുകൊൾക. |

ഇമാം പ്രതിജ്ഞാം ശൃണു ശക്രശത്രോഃ
സുനിശ്ചിതാം പൌരുഷദൈവയുക്താം
അദ്യൈവ രാമം സഹ ലക്ഷ്മണേന
സന്തർപ്പയിഷ്യാമി ശരൈരമോഘൈഃ 7

| | | | |
|---|---|---|---|
| “പൌരുഷ–ദൈവയുക്താം | “സ്വവീര്യംകൊണ്ടും വരബലംകൊണ്ടും പറയുന്നതും | ‘അദ്യ ഏവ | ‘ഇക്ഷണം തന്നെ |
| സുനിശ്ചിതാം | ഉറപ്പോടുകൂടിയതുമായ | ലക്ഷ്മണേന | ലക്ഷ്മണനോടു |
| ശക്രശത്രോഃ | ഇന്ദ്രജിത്താകുന്ന ഇവ[ന്റെ | സഹ | കൂടി |
| ഇമാം | ഈ | രാമം | രാമനെ |
| പ്രതിജ്ഞാം | ശപഥത്തെ | അമോഘൈഃ | വ്യർത്ഥമാകാത്ത |
| ശൃണു | കേട്ടരുളിയാലും; | ശരൈഃ | ബാണങ്ങൾകൊണ്ടു് |
| | | സന്തർപ്പ–യിഷ്യാമി.’ | മതിവരുത്തുന്നുണ്ടു്.’ |

അദ്യേന്ദ്രവൈവസ്വതവിഷ്ണുരുദ്ര-
സാധ്യാശ്വിവൈശ്വാനരചന്ദ്രസൂര്യാഃ
ദ്രക്ഷ്യന്തു മേ വിക്രമമപ്രമേയം
വിഷ്ണോരിവോഗ്രം ബലിയജ്ഞവാടേ. 8

| | | | |
|---|---|---|---|
| “അദ്യ | ഇപ്പോൾ | ബലിയജ്ഞവാടേ | മഹാബലിയുടെ യാഗശാലയിൽ |
| ഇന്ദ്ര-വൈവസ്വത-വിഷ്ണുരുദ്ര-സാധ്യാശ്വി-വൈശ്വാനര-ചന്ദ്രസൂര്യാഃ | ഇന്ദ്രൻ, യമൻ, വിഷ്ണു, രുദ്രൻ, സാധ്യന്മാർ; അശ്വിനീദേവകൾ, അഗ്നി, ചന്ദ്രൻ, സൂര്യൻ എന്നവരെല്ലാം, | വിഷ്ണോഃ ഇവ | വിഷ്ണുവിന്റെ പരാക്രമത്തെ എന്നപോലെ |
| | | ഉഗ്രം | ഭയങ്കരവും |
| | | അപ്രമേയം | അളവററതുമായ |
| | | മേ വിക്രമം | എന്റെ പരാക്രമത്തെ |
| | | ദ്രക്ഷ്യന്തു.” | കണ്ടുകൊള്ളട്ടെ.” |

സ ഏവമുക്ത്വാ ത്രിദശേന്ദ്രശത്രു-
രാപൃച്ഛ്യ രാജാനമദീനസത്വഃ
സമാരുരോഹാനിലതുല്യവേഗം
രഥം ഖരശ്രേഷ്ഠസമാധിയുക്തം. 9

| | | | |
|---|---|---|---|
| അദീനസത്വഃ | ക്ഷയിക്കാത്ത പരാക്രമ[മുള്ള | അനിലതുല്യ-വേഗം | കാററുപോലെ വേഗതയുള്ളതും |
| ത്രിദശേന്ദ്രശത്രുഃ | ഇന്ദ്രശത്രുവായ | ഖരശ്രേഷ്ഠ-സമാധിയുക്തം | കോവർകഴുതകളെ പൂട്ടിയതുമായ |
| സഃ | അവൻ | രഥം | തേരിൽ |
| ഏവം ഉക്ത്വാ | ഇപ്രകാരം പറഞ്ഞു് | സമാരുരോഹ. | കയറി. |
| രാജാനാം | രാജാവിനോടു് | | |
| ആപൃച്ഛ്യ | വിടവാങ്ങിക്കൊണ്ടു് | | |

തമാസ്ഥായ മഹാതേജാ രഥം ഹരിരഥോപമം
ജഗാമ സഹസാ തത്ര യത്ര യുദ്ധം പ്രവർത്തതേ. 10

| | | | |
|---|---|---|---|
| മഹാതേജാഃ | അതിബലവാനായ അവൻ | യത്ര | എവിടെ |
| ഹരിരഥോപമം | സൂര്യന്റെ രഥത്തിനു തുല്യമായ | യുദ്ധം | യുദ്ധം |
| തം രഥം | ആ രഥത്തിൽ | പ്രവർത്തതേ | നടന്നുകൊണ്ടിരുന്നു |
| ആസ്ഥായ | കയറിക്കൊണ്ടു് | തത്ര | അവിടേക്കായി [വേ |
| | | സഹസാ | വേഗത്തിൽ |
| | | ജഗാമ. | ചെന്നു. |

തം പ്രസ്ഥിതം മഹാത്മാനമനുജഗ്മുർമഹാബലാഃ
സംഹൃഷ്യമാണാ ബഹവോ ധനുഃ പ്രവരപാണയഃ 11
ഗജസ്കന്ധഗതാഃ കേചിത് കേചിത് പ്രവരവാജിഭിഃ. 12

| | |
|---|---|
| മഹാബലാഃ | അതിബലശാലികളും |
| ധനുഃപ്രവരപാണയഃ | ശ്രേഷ്ഠമായ ധനുസ്സ് കൈക്കൊണ്ടവരുമായ |
| ബഹവഃ | പലരും |
| കേചിത് | ചിലർ |
| ഗജസ്കന്ധഗതാഃ | ആനപ്പുറത്തായും |
| കേചിത് | ചിലർ |
| പ്രവരവാജിഭിഃ | ഉത്തമങ്ങളായ കുതിരകളിൽ കയറിക്കൊണ്ടും |
| സംഹൃഷ്യമാണാഃ | ഉത്സാഹത്തോടുകൂടിയവരായി |
| പ്രസ്ഥിതം | പുറപ്പെട്ടുചെല്ലുന്ന |
| മഹാത്മാനം | അതിതേജസ്വിയായ |
| തം | അവനെ |
| അനുജഗ്മുഃ. | അനുഗമിച്ചു. |

പ്രാസമുദ്ഗരനിസ്ത്രിംശപരശ്വധഗദാധരഃ
ഭുശുണ്ഡിമുദ്ഗരായഷ്ടിശതഘ്നീപരിഘായുധഃ 13
സ ശംഖനിനദൈഃ പൂർണ്ണൈർഭേരീണാം ചാപി നിഃസ്വനൈഃ
ജഗാമ ത്രിദശേന്ദ്രാരിർമഹാസൈന്യേന വീര്യവാൻ. 14

| | |
|---|---|
| വീര്യവാൻ | വീര്യവാനും |
| ത്രിദശേന്ദ്രാരിഃ | ഇന്ദ്രശത്രുവുമായ |
| സഃ | അവൻ |
| പ്രാസമുദ്ഗരനിസ്ത്രിംശപരശ്വധഗദാധരഃ | കുന്തം, മുട്ടൻതടി, ഖഡ്ഗം, വെണ്മഴു, ഗദ എന്നവ ധരിച്ചവനായി |
| ഭുശുണ്ഡിമുദ്ഗരായഷ്ടിശതഘ്നീപരിഘായുധഃ | ഭുശുണ്ഡി, കൂടം, ദണ്ഡ്, പീരങ്കി, പരിഘം എന്നീ ആയുധങ്ങളോടുകൂടിയവനായി |
| മഹാസൈന്യേന | വൻപടയോടും |
| പൂർണ്ണൈഃ | എങ്ങുംനിറഞ്ഞ |
| ശംഖനിനദൈഃ | ശംഖധ്വനികളോടും |
| ഭേരീണാം | പെരുമ്പറകളുടെ |
| നിഃസ്വനൈഃ അപി | ശബ്ദങ്ങളോടുംകൂടി |
| ജഗാമ. | ചെന്നു. |

സ ശംഖശശിവർണ്ണേന ഛത്രേണ രിപുസൂദനഃ
രരാജ നിശി പൂർണ്ണേന നഭശ്ചന്ദ്രമസാ യഥാ. 15

| | |
|---|---|
| രിപുസൂദനഃ | ശത്രുധ്വംസകനായ |
| സഃ | അവൻ |
| ശംഖശശിവർണ്ണേന | ശംഖിന്റെയും, ചന്ദ്രന്റെയും നിറമാനുള്ള |
| ഛത്രേണ | വെൺകൊറ്റക്കുടയാൽ |
| നിശി | രാത്രിയിൽ |
| നഭഃ | ആകാശം |
| പൂർണ്ണേന ചന്ദ്രമസാ | പൂർണ്ണചന്ദ്രനാൽ |
| യഥാ | എന്നപോലെ |
| രരാജ. | പരിശോഭിച്ചു. |

അവീജ്യത തതോ വീരോ ഹൈമൈർഹേമവിഭൂഷിതൈഃ
ചാരു ചാമരമുഖ്യൈശ്ച മുഖ്യഃ സർവ്വധനുഷ്മതാം. 16

| | | | |
|---|---|---|---|
| തതഃ | ആസമയം | ഹേമവിഭൂഷി- തൈഃ ച | സ്വർണ്ണത്താലലങ്കരിക്കപ്പെട്ടവയുമായ |
| സർവ്വധനുഷ്മതാം | വില്ലാളികളിലെല്ലാം | ചാരുചാമര- മുഖ്യൈഃ | ഭംഗിയാന്ന ഉത്തമങ്ങളായ വെഞ്ചാമരങ്ങൾ |
| മുഖ്യഃ | പ്രധാനിയും [വെച്ച് | അവീജ്യത. | വീശപ്പെട്ടു. [കൊണ്ട് |
| വീരഃ | വീരനുമായ അവൻ | | |
| ഹൈമൈഃ | സ്വർണ്ണമയങ്ങളും | | |

തതസ്ത്വിന്ദ്രജിതാ ലങ്കാ സൂര്യപ്രതിമതേജസാ
രരാജാപ്രതിവീരേണ ദ്യൗരിവാർക്കേണ ഭാസ്വതാ. 17

| | | | |
|---|---|---|---|
| തതഃ | അപ്പോൾ | ലങ്കാ | ലങ്കാനഗരം |
| അപ്രതി- വീരേണ | എതിരില്ലാത്ത വീര്യശാലിയും | ഭാസ്വതാ | പ്രകാശിക്കുന്ന |
| സൂര്യപ്രതിമ- തേജസാ തു | സൂര്യതുല്യപ്രഭാവമാന്നവനുമായ | അർക്കേണ | ആദിത്യനാൽ |
| ഇന്ദ്രജിതാ | ഇന്ദ്രജിത്തിനാൽ | ദ്യൗഃ | ആകാശം |
| | | ഇവ | എന്നപോലെ |
| | | രരാജ. | വിളങ്ങി. |

സ സംപ്രാപ്യ മഹാതേജാ യുദ്ധഭൂമിമരിന്ദമഃ
സ്ഥാപയാമാസ രക്ഷാംസി രഥം പ്രതി സമന്തതഃ 18

| | | | |
|---|---|---|---|
| അരിന്ദമഃ | ശത്രുഹന്താവും | സംപ്രാപ്യ | പ്രാപിച്ച് |
| മഹാതേജാഃ | അതിപ്രതാപശാലിയുമായ | രഥം പ്രതി സമന്തതഃ | രഥത്തിന്നു ചുററും |
| സഃ | അവൻ | രക്ഷാംസി | രാക്ഷസന്മാരെ |
| യുദ്ധഭൂമിം | പോർക്കളത്തെ | സ്ഥാപയാമാസ | നിർത്തി. |

തതസ്തു ഹുതഭോക്താരം ഹുതഭുക്സദൃശപ്രഭഃ
ജുഹാവ രാക്ഷസശ്രേഷ്ഠോ മന്ത്രവദ്വിധിവത്തദാ. 19

| | | | |
|---|---|---|---|
| തതഃ | അനന്തരം | തദാ | അപ്പോൾ |
| ഹുതഭുക് സദൃശപ്രഭഃ | അഗ്നിയൊത്ത തേജസ്സോന്നവനായ | വിധിവത് | ശാസ്ത്രവിധിപ്രകാരം |
| രാക്ഷസ- ശ്രേഷ്ഠഃ തു | രാക്ഷസോത്തമനും | മന്ത്രവത് | മന്ത്രസഹിതം |
| | | ഹുതഭോക്താരം | അഗ്നിയിൽ |
| | | ജുഹാവ. | ഹോമംചെയ്തു. |

സ ഹവിർലാജസംസ്കാരൈർമാല്യഗന്ധപുരസ്കൃതൈഃ
ജുഹുവേ പാവകം തത്ര രാക്ഷസേന്ദ്രഃ പ്രതാപവാൻ. 20

| | | | |
|---|---|---|---|
| പ്രതാപവാൻ | പ്രതാപശാലിയായ | ഹവിർലാജ- സംസ്കാരൈഃ | സംസ്കരിച്ച ഹവിസ്സ് പൊരി എന്നവകൊണ്ട് |
| സഃ | ആ | പാവകം | അഗ്നിയിൽ |
| രാക്ഷസേന്ദ്രഃ | രാക്ഷസശ്രേഷ്ഠൻ | ജുഹുവേ. | ഹോമിച്ചു. |
| തത്ര | അവിടെ | | |
| മാല്യഗന്ധ- പുരസ്കൃതൈഃ | പൂ, ചന്ദനം എന്നവയോടുകൂടി | | |

ശസ്ത്രാണി ശരപത്രാണി സമിധോഽഥ വിഭീതകാഃ
ലോഹിതാനി ച വാസാംസി സ്രുവം കാർഷ്ണായസം തഥാ. 21

| | | | |
|---|---|---|---|
| ശസ്ത്രാണി | അഗ്നിക്കുചുററും പരിസ്തരണത്തിന്നായുള്ള പുല്ലുകൾ | വാസാംസി ച | ഹോമിക്കുമ്പോൾ അവൻ ധരിച്ച വസ്ത്രങ്ങളും |
| ശരപത്രാണി | ഞാങ്ങണപ്പുല്ലുകളാ[യിരുന്നു; | ലോഹിതാനി | [illegible]ടുത്തവയായിരുന്നു; |
| അഥ | കൂടാതെ | സ്രുവം തഥാ | ഹോമിപ്പാനുള്ള കരണ്ടിയും |
| സമിധഃ | ഹോമിപ്പാനുള്ള ചമതകൾ | കാർഷ്ണായസം | കാരിരുമ്പുകൊണ്ടുണ്ടാക്കിയതായിരുന്നു. |
| വിഭീതകാഃ | താന്നിമരത്തിന്റെ ചില്ലകളായിരുന്നു; | | |

[ഇതിൽനിന്നു് ആഭിചാരഹോമമാണ് നടത്തപ്പെട്ടിരുന്നതു് എന്നു കാണാം. "ശരമയം ബർഹിസ്തൃണാതി" എന്നു് ആഭിചാരഹോമത്തെപ്പററിയുള്ള ശ്രുതിവാക്യത്തിൽ പരിസ്തരണത്തിന്നായി ഞാങ്ങണപ്പുല്ലുവേണമെന്നു് പറഞ്ഞിരിക്കുന്നു. "വൈഭീതക ഇധ്മഃ" എന്ന ശ്രുതിവാക്യത്തിൽനിന്നു് ഇധ്മം, അതായതു് ചമത, താന്നിയുടേതെന്നു ഗ്രാഹ്യം. ഇപ്രകാരംതന്നെ ചുവപ്പുവസ്ത്രം, ഇരിമ്പുകരണ്ടി മുതലായവയേയും ആഭിചാരവിധികളിൽ കണ്ടുകൊൾക.]

സ തത്രാഗ്നിം സമാസ്തീര്യ്യ ശരപത്രൈഃ സതോമരൈഃ
ഛാഗസ്യ കൃഷ്ണവർണ്ണസ്യ ഗളം ജഗ്രാഹ ജീവതഃ 22

| | | | |
|---|---|---|---|
| തത്ര | അവിടെ | ശരപത്രൈഃ | ഞാങ്ങണപ്പുല്ലുകൾകൊണ്ടു് |
| സഃ | അവൻ | കൃഷ്ണവർണ്ണസ്യ | കറുത്തനിറമുള്ള |
| അഗ്നിം | അഗ്നിയേ | ജീവതഃ | ജീവനോടുകൂടിയ |
| സമാസ്തീര്യ്യ | ഉജ്ജ്വലിപ്പിച്ചശേഷം | ഛാഗസ്യ | ഒരു ആട്ടിന്റെ |
| സതോമരൈഃ | ഏർകുന്തത്തോടുകൂടിയ | ഗളം ജഗ്രാഹ. | കഴുത്തിൽ പിടിച്ചു. |

[ഇവിടെ പശുവിനെ വധിപ്പാനുള്ള ശസ്ത്രം തോമരവും; പിടിപ്പാനുള്ള കയറു് ഞാങ്ങണകൊണ്ടുള്ളതുമാണെന്നു് ഗ്രാഹ്യം.]

സകൃദേവ സമിദ്ധസ്യ വിധൂമസ്യ മഹാർച്ചിഷഃ
ബഭ്രുവുസ്താനി ലിംഗാനി വിജയം യാന്യദർശയൻ. 23

| | | | |
|---|---|---|---|
| വിധൂമസ്യ | പുകയററ | യാനി | യാതൊരു |
| മഹാർച്ചിഷഃ | ആളിക്കത്തുന്നതായ അഗ്നി | ലിംഗാനി | ലക്ഷണങ്ങൾ |
| സകൃത് ഏവ | ഒരൊററ പൂർണ്ണാഹുതിയായി | ബഭ്രുവുഃ | കാണപ്പെട്ടുവോ |
| സമിദ്ധസ്യ | (ആ ആടു്) ഹോമിക്കപ്പെട്ടാറെ | താനി | ആയവ |
| | | വിജയം | വിജയത്തെ |
| | | അദർശയൻ | സൂചിപ്പിച്ചു. |

[ഈ വിജയലക്ഷണത്തെ താഴെ ശ്ലോകത്തിൽ പറയുന്നു.]

പ്രദക്ഷിണാവർത്തശിഖസ്തപ്തകാഞ്ചനസന്നിഭഃ
ഹവിസ്തത് പ്രതിജഗ്രാഹ പാവകഃ സ്വയമുത്ഥിതഃ 24

| | | | |
|---|---|---|---|
| പാവകഃ | അഗ്നി | തപ്തകാഞ്ചനസംനിഭഃ | ഉരുക്കിയ സ്വർണ്ണത്തിനുതുല്യമായി |
| സ്വയം ഉത്ഥിതഃ | തന്നെ കത്തിജ്വലിച്ചുകൊണ്ടു് | തത് | ആ |
| പ്രദക്ഷിണാവർത്തശിഖഃ | വലത്തോട്ടുചുഴലുന്ന ജ്വാലകളോടുകൂടി | ഹവിഃ | ഹോമദ്രവ്യത്തെ |
| | | പ്രതിജഗ്രാഹ. | സ്വീകരിച്ചു. |

സോഽസ്ത്രമാഹാരയാമാസ ബ്രാഹ്മമസ്ത്രവിശാരദഃ
ധനുശ്ചാത്മരഥം ചൈവ സർവ്വം തത്രാഭ്യമന്ത്രയത്. 25

| | | | |
|---|---|---|---|
| അസ്ത്രവിശാരദഃ | അസ്ത്രകുശലനായ | തത്ര | അപ്പോൾ |
| സഃ | അവൻ | ധനുഃ ച | ധനുസ്സിനേയും |
| ബ്രാഹ്മം അസ്ത്രം | ബ്രഹ്മാസ്ത്രത്തെ | ആത്മരഥം ച | തന്റെ രഥത്തേയും |
| ആഹാരയാമാസ. | ആവാഹിച്ചു. | സർവ്വം ഏവ | എല്ലാററിനേയും |
| | | അഭ്യമന്ത്രയത്. | അഭിമന്ത്രിച്ചു. |

തസ്മിന്നാഹൂയമാനേഽസ്ത്രേ ഹൂയമാനേ ച പാവകേ
സാർക്കഗ്രഹേന്ദുനക്ഷത്രം വിതത്രാസ നഭഃസ്ഥലം. 26

| | | | |
|---|---|---|---|
| തസ്മിൻ | ആ | നഭഃസ്ഥലം | ആകാശം |
| അസ്ത്രേ ആഹൂയമാനേ | അസ്ത്രം ആവാഹിക്കപ്പെട്ടപ്പോഴും | സാർക്കഗ്രഹേന്ദുനക്ഷത്രം | സൂര്യൻ, ഗ്രഹങ്ങൾ, ചന്ദ്രൻ, നക്ഷത്രങ്ങൾ എന്നവയോടുകൂടി |
| പാവകേ | അഗ്നിയിൽ | വിതത്രാസ. | നടുങ്ങി. |
| ഹൂയമാനേ ച | ഹോമം ചെയ്യപ്പെട്ടപ്പോഴും | | |

സ പാവകം പാവകദീപ്തതേജാ
ഹുത്വാ മഹേന്ദ്രപ്രതിമപ്രഭാവഃ
സ ചാപബാണാസിരഥാശ്വസൂതഃ
ഖേഽന്തർദ്ധധേ രാക്ഷസരാജസൂനുഃ 27

| | | | |
|---|---|---|---|
| പാവകദീപ്തതേജാഃ | അഗ്നിയെപ്പോലെ ജ്വലിക്കുന്ന തേജസ്സോടുകൂടിയവനും | പാവകം ഹുത്വാ | അഗ്നിയിൽ ഹോമിച്ചശേഷം |
| മഹേന്ദ്രപ്രതിമപ്രഭാവഃ | ദേവേന്ദ്രനെപ്പോലെ പ്രഭാവശാലിയുമായ | സചാപബാണാസിരഥാശ്വസൂതഃ | ധനുസ്സ്, ബാണം, ഖഡ്ഗം, രഥം, കുതിരകൾ സാരഥി എന്നവയോടുംകൂടി |
| സഃ | ആ | ഖേ | ആകാശത്തിൽ |
| രാക്ഷസരാജസൂനുഃ | രാക്ഷസാധിപസൂനു | അന്തർദ്ധധേ. | മറഞ്ഞുകളഞ്ഞു. |

തതോ ഹയരഥാകീർണ്ണം പതാകാധ്വജശോഭിതം
നിര്യയൌ രാക്ഷസബലം നർദ്ദമാനം യുയുത്സയാ. 28

| | | | |
|---|---|---|---|
| തത: | അപ്പോൾ | പതാകാ-ധ്വജശോഭിതം | കൊടികൾ,കൊടിക്കൂറകൾ എന്നിവയാൽ ശോഭിക്കുന്നതായി |
| രാക്ഷസബലം | രാക്ഷസസൈന്യം | | |
| ഹയരഥാ-കീർണ്ണം | കുതിരകൾകൊണ്ടും, രഥങ്ങൾകൊണ്ടും നിറയപ്പെട്ടതായി | യുയുത്സയാ | പൊരുതുവാനിച്ഛിച്ച് |
| | | നർദ്ദമാനം | ആർത്തും കൊണ്ടു |
| | | നിര്യയൌ. | ചെന്നു. |

അശോഭത ബലം ഘോരം കിങ്കിണീശതനാദിതം. 29

| | | | |
|---|---|---|---|
| കിങ്കിണീശത നാദിതം | പലകിങ്കിണികൾ ശബ്ദിക്കുന്ന | ഘോരം | ഭയങ്കരമായി |
| ബലം | ആ സൈന്യം | അശോഭത. | വിളങ്ങി. |

തേ ശരൈർബഹുഭിശ്ചിത്രൈസ്തീക്ഷ്ണവേഗൈരലംകൃതൈഃ
തോമരൈരങ്കുശൈശ്ചാപി വാനരാൻ ജഘ്നുരാഹവേ. 30

| | | | |
|---|---|---|---|
| ആഹവേ | പോരിൽ | ബഹുഭി: | പല |
| തേ | അവർ | ശരൈ: | ശരങ്ങൾകൊണ്ടും |
| തിക്ഷ്ണ-വേഗൈ: | അതിവേഗതയുള്ളവയും | തോമരൈ: ച | തോട്ടികൾകൊണ്ടും |
| | | അംകുശൈ: അപി | തോമരങ്ങൾകൊണ്ടും |
| അലംകൃതൈ: | അലങ്കരിക്കപ്പെട്ട് | വാനരാൻ | വാനരന്മാരെ |
| ചിത്രൈ: | ഭംഗിയാന്നവയുമായ | ജഘ്നു: | താഡിച്ചു. |

രാവണിസ്തു തതഃ ക്രുദ്ധസ്താൻ നിരീക്ഷ്യ നിശാചരാൻ.
ഹൃഷ്ടാ ഭവന്തോ യുധ്യന്തു വാനരാണാം ജിഘാംസയാ. 31

| | | | |
|---|---|---|---|
| തത: | അപ്പോൾ | “ഭവന്ത: | “നിങ്ങൾ |
| ക്രുദ്ധ: | ക്രുദ്ധനായ | ഹൃഷ്ടാ: | ഉത്സാഹത്തോടുകൂടിയ |
| രാവണി: തു | ഇന്ദ്രജിത്തും | വാനരാണാം | വാനരന്മാരെ [വരായി |
| താൻ | ആ | ജിഘാംസയാ | വധിക്കുന്നതിന്നായി |
| നിശാചരാൻ | രാക്ഷസന്മാരെ | യുധ്യന്തു.” | പോർചെയ്യുവിൻ,” |
| നിരീക്ഷ്യ | നോക്കി | | എന്നുപറഞ്ഞു. |

തതസ്തേ രാക്ഷസാഃ സർവ്വേ നർദ്ദന്തോ ജയകാംക്ഷിണഃ
അഭ്യവർഷംസ്തതോ ഘോരാൻ വാനരാൻ ശരവൃഷ്ടിഭിഃ 32

| | | | |
|---|---|---|---|
| തത: | അതിനാൽ | നർദ്ദന്ത: | ആർത്തുകൊണ്ട് |
| തേ | ആ | തത: | ആ സമയം |
| രാക്ഷസാ: | രാക്ഷസന്മാർ | ഘോരാൻ | ഭയങ്കരന്മാരായ |
| സർവ്വേ | എല്ലാവരും | വാനരാൻ | വാനരന്മാരെ |
| ജയകാംക്ഷിണ: | വിജയേച്ഛുക്കളായി | ശരവൃഷ്ടിഭി: | ശരമാരികളാൽ |
| | | അഭ്യവർഷൻ. | വർഷിച്ചു. |

സ തു നാളീകനാരാചൈർഗദാഭിർമുസലൈരപി
രക്ഷോഭിഃ സംവൃതഃ സംഖ്യേ വാനരാൻ വിചകർത്ത ഹ. 33

| | | | |
|---|---|---|---|
| സഃ തു | അവനും | നാളീക- നാരാചൈഃ | മൊട്ടമ്പുകൾകൊണ്ടും എഴുത്താണിയമ്പുകൾ കൊണ്ടും |
| സംഖ്യേ | പോരിൽ | | |
| രക്ഷോഭിഃ | രാക്ഷസന്മാരാൽ | ഗദാഭിഃ | ഗദകൾകൊണ്ടും |
| സംവൃതഃ | ചൂഴപ്പെട്ടവനായി | മുസലൈഃ അപി | ഉലയ്ക്കകൾകൊണ്ടും |
| വാനരാൻ | വാനരന്മാരെ | വിചകർത്ത ഹ | അറുത്തു. |

തേ വധ്യമാനാഃ സമരേ വാനരാഃ പാദപായുധാഃ
അഭ്യദ്രവന്ത സഹിതാ രാവണിം രണകർക്കശം 34

| | | | |
|---|---|---|---|
| തേ | ആ | സഹിതാഃ | ഒത്തൊരുമിച്ച് |
| പാദപായുധാഃ | വൃക്ഷങ്ങളായുധമായുള്ള | രണകർക്കശം | പോരിൽ പ്രചണ്ഡനായ |
| വാനരാഃ | വാനരന്മാർ | | |
| സമരേ | പോരിൽ | രാവണിം | ഇന്ദ്രജിത്തിനെ |
| വധ്യമാനാഃ | മർദ്ദിക്കപ്പെട്ടവരായി | അഭ്യദ്രവന്ത. | ഏററടുത്തു. |

ഇന്ദ്രജിത്തു തതഃ ക്രുദ്ധോ മഹാതേജാ മഹാബലഃ
വാനരാണാം ശരീരാണി വ്യധമദ്രാവണാത്മജഃ 35

| | | | |
|---|---|---|---|
| തതഃ | അപ്പോൾ | ഇന്ദ്രജിത് തു | ഇന്ദ്രജിത്തും |
| മഹാതേജാഃ | അതിപൌരുഷശാലിയും | ക്രുദ്ധഃ | ചൊടിച്ച് |
| | | വാനരാണാം | വാനരന്മാരുടെ |
| മഹാബലഃ | ബലിഷ്ഠനും | ശരീരാണി | ശരീരങ്ങളെ |
| രാവണാത്മജഃ | രാവണസൂനുവുമായ | വ്യധമത്. | ചിതറിച്ചു. |

ശരേണൈകേന ച ഹരീൻ നവ പഞ്ച ച സപ്ത ച
ബിഭേദ സമരേ ക്രുദ്ധോ രാക്ഷസാൻ സംപ്രഹർഷയൻ. 36

| | | | |
|---|---|---|---|
| ക്രുദ്ധഃ | കുപിതനായ അവൻ | ശരേണ | ബാണംകൊണ്ട് |
| സമരേ | പോരിൽ | പഞ്ച | അഞ്ചും |
| രാക്ഷസാൻ | രാക്ഷസന്മാരെ | സപ്ത ച | ഏഴും |
| സംപ്രഹർഷയൻ | ഉത്സാഹപ്പെടുത്തി | നവ ച | ഒമ്പതും |
| ഏകേന ച | ഓരോ [ക്കൊണ്ട് | ഹരീൻ ബിഭേദ | വാനരന്മാരെ പിളർന്നു. |

സ ശരൈഃ സൂര്യ്യസംകാശൈഃ ശാതകുംഭവിഭൂഷിതൈഃ
വാനരാൻ സമരേ വീരഃ പ്രമമാഥ സുദുർജ്ജയഃ 37

| | | | |
|---|---|---|---|
| സമരേ | യുദ്ധത്തിൽ | ശാതകുംഭ- വിഭൂഷിതൈഃ | സ്വർണ്ണഭൂഷിതങ്ങളുമായ |
| സുദുർജ്ജയഃ | അജയ്യനായ | | |
| സഃ വീരഃ | ആ വീരൻ | ശരൈഃ | ബാണങ്ങൾകൊണ്ട് |
| സൂര്യ്യ- സംകാശൈഃ | സൂര്യ്യസദൃശങ്ങളും | വാനരാൻ | വാനരന്മാരെ |
| | | പ്രമമാഥ. | മർദ്ദിച്ചുതുടങ്ങി. |

തേ ഭിന്നഗാത്രാഃ സമരേ വാനരാഃ ശരപീഡിതാഃ
പേതുർമ്മഥിതസംകല്പാഃ സുരൈരിവ മഹാസുരാഃ 38

| | |
|---|---|
| സമരേ | പോരിൽ |
| ശരപീഡിതാ: | ബാണപീഡിതന്മാരായി |
| ഭിന്നഗാത്രാ: | ഉടൽ കീറിയവരായ |
| തേ | ആ |
| വാനരാ: | വാനരന്മാർ |
| മഥിതസംകല്പാ: | ഒന്നുംചെയ്വാൻ തോന്നാത്തവരായി |
| സുരൈ: | ദേവന്മാരാൽ |
| മഹാസുരാ: | അസുരശ്രേഷ്ഠന്മാർ |
| ഇവ | എപ്രകാരമോ അപ്രകാരം |
| പേതു: | വീണുകളഞ്ഞു. |

തം തപന്തമിവാദിത്യം ഘോരൈർബാണഗഭസ്തിഭിഃ
അഭ്യധാവന്ത സംക്രുദ്ധാഃ സംയുഗേ വാനരർഷഭാഃ 39

| | |
|---|---|
| സംയുഗേ | പോരിൽ |
| വാനരർഷഭാ: | വാനരോത്തമന്മാർ |
| സംക്രുദ്ധാ: | ഏററവും ക്രുദ്ധരായി |
| ഘോരൈ: | നിശിതങ്ങളായ |
| ബാണഗഭസ്തിഭി: | ബാണകിരണങ്ങളാൽ |
| തപന്തം | ദഹിപ്പിക്കുന്ന |
| ആദിത്യം ഇവ | ആദിത്യനെപ്പോൽ വിലസുന്നവനായ |
| തം | അവനെ |
| അഭ്യധാവന്ത | എതിർത്തു. |

തതസ്തു വാനരാഃ സർവ്വേ ഭിന്നദേഹാ വിചേതസഃ
വ്യഥിതാ വിദ്രവന്തി സ്മ രുധിരേണ സമുക്ഷിതാഃ 40

| | |
|---|---|
| തത: | അപ്പോൾ |
| വാനരാ: | വാനരന്മാർ |
| സർവ്വേ തു | എല്ലാവരും |
| ഭിന്നദേഹാ: | ശരീരം പിളക്കപ്പെട്ട് |
| രുധിരേണ സമുക്ഷിതാ: | ചോരകൊണ്ട് നനഞ്ഞവരായി |
| വിചേതസ: | ബോധഹീനരായി |
| വ്യഥിതാ: | സന്തപിച്ചുകൊണ്ടു |
| വിദ്രവന്തി സ്മ. | പാഞ്ഞുതുടങ്ങി. |

രാമസ്യാർത്ഥേ പരാക്രമ്യ വാനരാസ്ത്യക്തജീവിതാഃ
നർദ്ദന്തസ്തേഽഭിവൃത്താസ്തു സമരേ സശിലായുധാഃ 41

| | |
|---|---|
| തേ | ആ |
| വാനരാ: തു | വാനരന്മാരും |
| രാമസ്യ അർത്ഥേ | ശ്രീരാമനുവേണ്ടി |
| ത്യക്തജീവിതാ: | ജീവനെപ്പോലും, വിലമതിക്കാത്തവരായി |
| സശിലായുധാ: | പാറകളെആയുധങ്ങളാക്കി |
| നർദ്ദന്ത: | ഗർജ്ജിച്ചുകൊണ്ട് |
| സമരേ | പോരിൽ |
| പരാക്രമ്യ | പരാക്രമം കയ്ക്കൊണ്ട് |
| അഭിവൃത്താ: | എതിർത്തു. |

തേ ദ്രുമൈഃ പർവതാഗ്രൈശ്ച ശിലാഭിശ്ച പ്ലവംഗമാഃ
അഭ്യവർഷന്ത സമരേ രാവണിം പര്യവസ്ഥിതാഃ 42

| | |
|---|---|
| തേ | ആ |
| പ്ലവംഗമാ: | വാനരന്മാർ |
| സമരേ | യുദ്ധത്തിൽ |
| രാവണിം | ഇന്ദ്രജിത്തിനെ |
| പര്യവസ്ഥിതാ: | സമീപിച്ചവരായി |
| പർവ്വതാഗ്രൈ: ച | പർവ്വതശിഖരങ്ങൾകൊണ്ടും |
| ദ്രുമൈ: | മരങ്ങൾകൊണ്ടും |
| ശിലാഭി: ച | പാറകൾകൊണ്ടും |
| അഭ്യവർഷന്ത. | എങ്ങും വർഷിച്ചു. |

**തദ്ദ്രുമാണാം ശിലാനാം ച വർഷം പ്രാണഹരം മഹത്**
**വ്യപോഹത മഹാതേജാ രാവണിഃ സമിതിഞ്ജയഃ** 43

| | | | |
|---|---|---|---|
| മഹാതേജാഃ | അതിപ്രതാപശാലിയും | ശിലാനാം ച | പാറകളുടേയും |
| സമിതിഞ്ജയഃ | യുദ്ധത്തിൽ വിജയം | പ്രാണഹരം | ജീവനെ കവരുവാൻ |
| | പ്രാപിക്കുന്നവനുമായ | തത് മഹത് | ആ വമ്പിച്ച [മതിയായ |
| രാവണിഃ | ഇന്ദ്രജിത്ത് | വർഷം | വർഷത്തെ |
| ദ്രുമാണാം | വൃക്ഷങ്ങളുടേയും | വ്യപോഹത. | തടുത്തു. |

**തതഃ പാവകസംകാശൈഃ ശരൈരാശീവിഷോപമൈഃ**
**വാനരാണാമനീകാനി ബിഭേദ സമരേ പ്രഭുഃ** 44

| | | | |
|---|---|---|---|
| സമരേ പ്രഭുഃ | പോരിൽ സമർത്ഥനായ | ശരൈഃ | ബാണങ്ങളാൽ |
| തതഃ | അപ്പോൾ [അവൻ | | |
| പാവകസംകാശൈഃ | ചെന്തീയൊത്തവയും | വാനരാണാം | വാനരന്മാരുടെ |
| | | അനീകാനി | സൈന്യങ്ങളെ |
| ആശീവിഷോപമൈഃ | സർപ്പതുല്യങ്ങളുമായ | ബിഭേദ, | പിളർന്നു. |

**അഷ്ടാദശശരൈസ്തീക്ഷ്ണൈഃ സ വിദ്ധ്വാ ഗന്ധമാദനം**
**വിവ്യാധ നവഭിശ്ചൈവ നളം ദൂരാദവസ്ഥിതം.** 45

| | | | |
|---|---|---|---|
| സഃ | അവൻ | വിദ്ധ്വാ | കീറിയശേഷം |
| ഗന്ധമാദനം | ഗന്ധമാദനനെ | ദൂരാദവസ്ഥിതം | ദൂരത്തിൽ സ്ഥിതിചെ[യ്തിരുന്ന |
| തീക്ഷ്ണൈഃ | തീക്ഷ്ണങ്ങളായ | നളം ച ഏവ | നളനെയും |
| അഷ്ടാദശശരൈഃ | പതിനെട്ടു ബാണങ്ങൾ കൊണ്ട് | നവഭിഃ | ഒമ്പതുശരങ്ങൾകൊ[ണ്ട് |
| | | വിവ്യാധ. | പിളർന്നു |

**സപ്തഭിസ്തു മഹാവീര്യോ മൈന്ദം മർമ്മവിദാരണൈഃ**
**പഞ്ചഭിർവിശിഖൈശ്ചൈവ ഗജം വിവ്യാധ സംയുഗേ.** 46

| | | | |
|---|---|---|---|
| മഹാവീര്യഃ | അതിവീര്യശാലിയായ | വിശിഖൈഃ തു | ശരങ്ങൾകൊണ്ടും |
| സംയുഗേ | പോരിൽ [അവൻ | ഗജം | ഗജനെ |
| മൈന്ദം | മൈന്ദനെ | പഞ്ചഭിഃ ച ഏവ | അഞ്ചെണ്ണംകൊണ്ടും |
| മർമ്മവിദാരണൈഃ | മർമ്മഭേദകങ്ങളായ | | |
| സപ്തഭിഃ | ഏഴ് | വിവ്യാധ. | എയ്തു. |

**ജാംബവന്തം തു ദശഭിർനീലം ത്രിംശദ്ഭിരേവ ച**
**സുഗ്രീവമൃഷഭം ചൈവ സോഽംഗദം ദ്വിവിദം തഥാ**
**ഘോരൈർദത്തവരൈസ്തീക്ഷ്ണൈർനിഷ്പ്രാണാനകരോത്തദാ.** 47

| | | | |
|---|---|---|---|
| തദാ, സഃ | അപ്പോൾ, അവൻ | ദ്വിവിദം തഥാ | ദ്വിവിദനെയും |
| ജാംബവന്തം | ജാംബവാനെ | ദത്തവരൈഃ | വരമായ് ലഭിക്കപ്പെട്ട |
| ദശഭിഃ തു | പത്തുശരങ്ങൾകൊണ്ടും | തീക്ഷ്ണൈഃ | നിശിതങ്ങളും [വയും |
| നീലം ഏവ | നീലനേയും | ഘോരൈഃ | ഭയങ്കരങ്ങളും ആയ |
| സുഗ്രീവം ച | സുഗ്രീവനേയും | ത്രിംശദ്ഭിഃ ച | മുപ്പതുബാണങ്ങളാലും |
| ഋഷഭം ഏവ | ഋഷഭനെയും | നിഷ്പ്രാണാൻ അകരോത് | നിശ്ചേഷ്ടന്മാരാക്കി. |
| അംഗദം | അംഗദനെയും | | |

അന്യാനപി തദാ മുഖ്യാൻ വാനരാൻ ബഹുഭിഃ ശരൈഃ
അർദ്ദയാമാസ സംക്രുദ്ധഃ കാലാഗ്നിരിവ മൂർച്ഛിതഃ 48

| | | | |
|---|---|---|---|
| സംക്രുദ്ധഃ | അതികുപിതനായ അവൻ | ബഹുഭിഃ | പല |
| തദാ | അപ്പോൾ | ശരൈഃ | ബാണങ്ങളാൽ |
| മൂർച്ഛിതഃ | വർദ്ധിച്ച | അന്യാൻ | മററുള്ള |
| കാലാഗ്നിഃ ഇവ | പ്രളയകാലാഗ്നിക്കു തുല്യനായി | വാനരാൻ മുഖ്യാൻ അപി | വാനരത്തലവന്മാരേയും |
| | | അർദ്ദയാമാസ. | പീഡിപ്പിച്ചു. |

സ ശരൈഃ സൂര്യസംകാശൈഃ സുമുക്തൈഃ ശീഘ്രഗാമിഭിഃ
വാനരാണാമനീകാനി നിർമ്മമന്ഥ മഹാരണേ. 49

| | | | |
|---|---|---|---|
| സഃ | അവൻ | ശീഘ്രഗാമിഭി: | വേഗത്തിൽ ചെല്ലുന്നവയുമായ |
| മഹാരണേ | മഹായുദ്ധത്തിൽ | ശരൈ: | ബാണങ്ങളാൽ |
| സൂര്യസംകാശൈ: | സൂര്യതുല്യങ്ങളും | വാനരാണാം | വാനരന്മാരുടെ |
| സുമുക്തൈ: | നന്നായി പ്രയോഗിക്കപ്പെട്ടവയും | അനീകാനി | സൈന്യങ്ങളെ |
| | | നിർമ്മമന്ഥ. | മർദ്ദനംചെയ്തു. |

ആകുലാം വാനരീം സേനാം ശരജാലേന മോഹിതാം
ഹൃഷ്ടഃ സ പരയാ പ്രീത്യാ ദദർശ ക്ഷതജോക്ഷിതാം. 50

| | | | |
|---|---|---|---|
| സ: | അവൻ | മോഹിതാം | ബോധമില്ലാതിരിക്കുന്നതായി |
| വാനരീംസേനാം | വാനരസൈന്യത്തെ | ഹൃഷ്ടഃ | സന്തുഷ്ടനായി |
| ശരജാലേന | ശരസമൂഹത്താൽ | പരയാ | വർദ്ധിച്ച |
| ആകുലാം | ഛിന്നഭിന്നമാക്കപ്പെട്ട | പ്രീത്യാ | സംതൃപ്തിയോടെ |
| ക്ഷതജോക്ഷിതാം | രക്തംപുരണ്ടതായി | ദദർശ. | നിരീക്ഷിച്ചു. |

പുനരേവ മഹാതേജാ രാക്ഷസേന്ദ്രാത്മജോ ബലീ
സസർജ്ജ ബാണവർഷം ച ശസ്ത്രവർഷം ച ദാരുണം. 51

| | | | |
|---|---|---|---|
| മഹാതേജാ: | പൌരുഷശാലിയും | ബാണവർഷം ച | ശരമാരിയും |
| ബലീ | ബലവാനുമായ | ദാരുണം | ഭയങ്കരമായ |
| രാക്ഷസേന്ദ്രാത്മജഃ | രാവണാത്മജൻ | ശസ്ത്രവർഷം ച | ആയുധവർഷവും |
| പുന: ഏവ | വീണ്ടും | സസർജ്ജ. | പൊഴിച്ചു. |

മമർദ്ദ വാനരാനീകമിന്ദ്രജിത് ത്വരിതോ ബലീ. 52

| | | | |
|---|---|---|---|
| ബലീ | ബലശാലിയായ | വാനരാനീകം | വാനരസൈന്യത്തെ |
| ഇന്ദ്രജിത് | ഇന്ദ്രജിത്ത് | | |
| ത്വരിത: | ക്ഷണംകൊണ്ടു് | മമർദ്ദ. | ധൂളിയാക്കി. |

സ്വസൈന്യമുത്സൃജ്യ സമേത്യ തൂർണ്ണം
മഹാരണേ വാനരവാഹിനീഷു
അദൃശ്യമാനഃ ശരജാലമുഗ്രം
വവർഷ നീലാംബുധരോ യഥാംബു 53

| | | | |
|---|---|---|---|
| മഹാരണേ | വൻപോരിൽ | വാനര-വാഹിനീഷു | വാനരസൈന്യങ്ങളിൽ |
| സ്വസൈന്യം | തൻെറ സൈന്യത്തെ | ഉഗ്രം | ഭയങ്കരമായ |
| ഉത്സൃജ്യ | വിട്ട് | ശരജാലം | ബാണസമൂഹത്തെ |
| തൂർണ്ണം | വിരവോടെ | നീലാംബുധരഃ | കാർമേഘം |
| സമേത്യ | അടുത്ത് | അംബു | ജലത്തെ |
| അദൃശ്യമാനഃ | കാൺമാൻകഴിയപ്പെടാത്തവനായി | യഥാ | എപ്രകാരമോ അപ്രകാരം |
| | | വവർഷ. | തൂകി. |

തേ ശക്രജിദ്ബാണവിശീർണ്ണദേഹാ
മായാഹതാ വിസ്വരമുന്നദന്തഃ
രണേ നിപേതുർഹരയോഽദ്രികല്പാ
യഥേന്ദ്രവജ്രാഭിഹതാ നഗേന്ദ്രാഃ 54

| | | | |
|---|---|---|---|
| തേ | ആ | മായാഹതാഃ | ചതിയായി പ്രഹരിക്കപ്പെട്ടവരായി |
| അദ്രികല്പാഃ | പർവ്വത തുല്യന്മാരായ | വിസ്വരം | വികൃതസ്വരത്തിൽ |
| ഹരയഃ | വാനരന്മാർ | ഉന്നദന്തഃ | നിലവിളിക്കുന്നവരായി |
| രണേ | പോരിൽ | ഇന്ദ്രവജ്രാഭി-ഹതാഃ | ഇന്ദ്രൻെറ വജ്രായുധത്താൽ താഡിക്കപ്പെട്ട |
| ശക്രജിദ്ബാ-ണവിശീർണ്ണ-ദേഹാഃ | ഇന്ദ്രജിത്തിൻെറ ബാണങ്ങളാൽ ശരീരം പിളക്കപ്പെട്ടവരായി, | നഗേന്ദ്രാഃ യഥാ | മാമലകളെന്നപോലെ |
| | | നിപേതുഃ. | വീണു. |

തേ കേവലം സംദദൃശുഃ ശിതാഗ്രാൻ
ബാണാൻ രണേ വാനരവാഹിനീഷു
മായാനിഗൂഢം തു സുരേന്ദ്രശത്രും
ന ചാവൃതം രാക്ഷസമഭ്യപശ്യൻ. 55

| | | | |
|---|---|---|---|
| രണേ | പോരിൽ | സംദദൃശുഃ | കണ്ടു; |
| തേ | അവർ | മായാനിഗൂഢം | മായയാൽ മറക്കപ്പെട്ട് |
| വാനരവാഹി-നീഷു | വാനരസൈന്യങ്ങളിൽ (വന്നു വീഴുന്ന) | ആവൃതം ച | അദൃശ്യനായിരുന്ന |
| ശിതാഗ്രാൻ ബാണാൻ കേവലം | ക്രൂരമ്പുകളെ മാത്രം | സുരേന്ദ്രശത്രും | ഇന്ദ്രാരിയായ |
| | | രാക്ഷസം തു | രാക്ഷസനെയാവട്ടെ |
| | | അഭ്യപശ്യൻ ന. | കണ്ടതുമില്ല. |

തതഃ സ രക്ഷോധിപതിർമഹാത്മാ
സർവ്വാ ദിശോ ബാണഗണൈഃ ശിതാഗ്രൈഃ
പ്രച്ഛാദയാമാസ രവിപ്രകാശൈർ-
വിഷാദയാമാസ ച വാനരേന്ദ്രാൻ. 56

| | | | |
|---|---|---|---|
| തതഃ | അപ്പോൾ | ബാണഗണൈഃ | ശരജാലങ്ങൾകൊണ്ടും |
| സഃ | ആ | സർവ്വാഃ | എല്ലാ |
| മഹാത്മാ | പരാക്രമശാലിയായ | ദിശഃ | ദിക്കുകളെയും |
| രക്ഷോധിപതിഃ | രാക്ഷസേന്ദ്രൻ | പ്രച്ഛാദയാമാസ | മൂടി |
| ശിതാഗ്രൈഃ | കൂർത്തമുനകളുള്ളവയും | വാനരേന്ദ്രാൻ ച | വാനരശ്രേഷ്ഠന്മാരേയും |
| രവിപ്രകാശൈഃ | സൂർയ്യപ്രഭപൂണ്ടവയുമായ | വിഷാദയാമാസ. | അത്തൽപ്പെടുത്തി. |

സ ശൂലനിസ്ത്രിംശപരശ്വധാനി
വ്യാവിധ്യ ദീപ്താനലസന്നിഭാനി
സവിസ്ഫുലിംഗോജ്ജ്വലപാവകാനി
വവർഷ തീവ്രം പ്ലവഗേന്ദ്രസൈന്യേ. 57

| | | | |
|---|---|---|---|
| സഃ | അവൻ | ശൂലനിസ്ത്രിംശപരശ്വധാനി | ശൂലങ്ങൾ ഖഡ്ഗങ്ങൾ, കോടാലികൾ എന്നിവയെ |
| ദീപ്താനലസന്നിഭാനി | ആളുന്നചെന്തീയൊത്തവയും | വ്യാവിധ്യ | ചുഴററിക്കൊണ്ടു് |
| | | പ്ലവഗേന്ദ്രസൈന്യേ | വാനരാധിപസൈന്യത്തിൽ |
| സവിസ്ഫുലിംഗോജ്ജ്വലപാവകാനി | തീപ്പൊരികളോടും അഗ്നിജ്വാലകളോടും കൂടിയവയുമായ | തീവ്രം | അതികഠിനമായി |
| | | വവർഷ. | ചൊരിഞ്ഞു. |

ഗദാശ്ച ശക്തീഃ പരിഘം ശതഘ്നീ
വവർഷ തീവ്രം പ്ലവഗേന്ദ്രസൈന്യേ. 58

| | | | |
|---|---|---|---|
| പ്ലവഗേന്ദ്രസൈന്യേ | വാനരേന്ദ്രന്റെ സൈന്യത്തിൽ | പരിഘം | ഇരിമ്പുലക്കകളേയും |
| ഗദാഃ | ഗദകളേയും | ശതഘ്നീഃ ച | വെടിയുണ്ടകളേയും |
| ശക്തീഃ | വേൽകളേയും | തീവ്രം | അതിഘോരമായി |
| | | വവർഷ. | പൊഴിച്ചു. |

തതോ ജ്വലനസങ്കാശൈഃ ശരൈർവ്വാനരയൂഥപാഃ
താഡിതാഃ ശക്രജിദ്ബാണൈഃ പ്രഫുല്ലാ ഇവ കിംശുകാഃ 59

| | | | |
|---|---|---|---|
| തതഃ | അപ്പോൾ | ശക്രജിദ്ബാണൈഃ | ഇന്ദ്രജിത്തിന്റെ ബാണങ്ങളാൽ |
| വാനരയൂഥപാഃ | വാനരപ്പടത്തലവന്മാർ | താഡിതാഃ | പ്രഹരിക്കപ്പെട്ടു് |
| ജ്വലനസങ്കാശൈഃ | ചെന്തീയൊത്ത | പ്രഫുല്ലാഃ | നിറയപ്പൂത്ത |
| ശരൈഃ | തീക്ഷ്ണങ്ങളായ | കിംശുകാഃ ഇവ, | പലാശവൃക്ഷങ്ങളെന്നപോലായിത്തീർന്നു. |

തേഽന്യോന്യമഭിസർപ്പന്തോ നിനദന്തശ്ച വിസ്വരം
രാക്ഷസേന്ദ്രാസ്ത്രനിർഭിന്നാ നിപേതുർവാനരർഷഭാഃ 60

| | | | |
|---|---|---|---|
| തേ | ആ | അന്യോന്യം | ഒരുവനെയൊരുവൻ |
| വാനരർഷഭാഃ | വാനരോത്തമന്മാർ | അഭിസർപ്പന്തഃ | കെട്ടിപ്പിടിച്ചുകൊണ്ട് |
| രാക്ഷസേന്ദ്രാസ്ത്രനിർഭിന്നാഃ | ആ രാക്ഷസേന്ദ്രന്റെ ബാണങ്ങളാൽ ഭേദിക്കപ്പെട്ടവരായി | വിസ്വരം | വികൃതസ്വരത്തിൽ |
| | | നിനദന്തഃ ച | നിലവിളിക്കുന്നവരായി |
| | | നിപേതുഃ | വീണുകിടന്നു. |

ഉദീക്ഷമാണാ ഗഗനം കേചിന്നേത്രേഷു താഡിതാഃ
ശരൈർവിവിശുരന്യോന്യം പേതുശ്ച ജഗതീതലേ 61

| | | | |
|---|---|---|---|
| ഗഗനം | ആകാശത്തെ | താഡിതാഃ | എയ്യപ്പെട്ടവരായി |
| ഉദീക്ഷമാണാഃ | നോക്കിക്കൊണ്ടിരുന്ന | അന്യോന്യം | ഒരുവനെയൊരുവൻ |
| കേചിത് | ചിലർ | വിവിശുഃ | തപ്പിത്തടഞ്ഞുകൊണ്ടു അടുത്തു |
| ശരൈഃ | ബാണങ്ങളാൽ | ജഗതീതലേ ച പേതുഃ | നിലത്തുവീണുപോകയും ചെയ്തു. |
| നേത്രേഷു | നേത്രങ്ങളിൽ | | |

ഹനൂമന്തം ച സുഗ്രീവമംഗദം ഗന്ധമാദനം
ജാംബവന്തം സുഷേണം ച വേഗദർശിനമേവ ച 62
മൈന്ദം ച ദ്വിവിദം നീലം ഗവാക്ഷം ഗജഗോമുഖൌ
കേസരിം ഹരിലോമാനം വിദ്യുദ്ദംഷ്ട്രം ച വാനരം 63
സൂര്യാനനം ജ്യോതിമുഖം തഥാ ദധിമുഖം ഹരിം
പാവകാക്ഷം നളം ചൈവ കുമുദം ചൈവ വാനരം 64
പ്രാസൈഃ ശൂലൈഃ ശിതൈർബാണൈരിന്ദ്രജിന്മന്ത്രസംഹിതൈഃ
വിവ്യാധ ഹരിശാർദ്ദൂലാൻ സർവ്വാംസ്താൻ രാക്ഷസോത്തമഃ 65

| | | | |
|---|---|---|---|
| രാക്ഷസോത്തമഃ | രാക്ഷസശ്രേഷ്ഠനായ | സുഷേണം ച | സുഷേണനേയും |
| ഇന്ദ്രജിത് | ഇന്ദ്രജിത്ത് | വേഗദർശിനം ഏവ | വേഗദർശിയേയും |
| മന്ത്രസംഹിതൈഃ | മന്ത്രത്താലഭിമന്ത്രിക്കപ്പെട്ട | മൈന്ദം ച | മൈന്ദനേയും |
| ശിതൈഃ | നിശിതങ്ങളായ | ദ്വിവിദം | ദ്വിവിദൻ |
| ബാണൈഃ | ബാണങ്ങൾകൊണ്ടും | നീലം | നീലൻ |
| പ്രാസൈഃ | കുന്തങ്ങൾകൊണ്ടും | ഗവാക്ഷം | ഗവാക്ഷൻ |
| ശൂലൈഃ ച | ശൂലങ്ങൾകൊണ്ടും | ഗജഗോമുഖൌ | ഗജൻ, ഗോമുഖൻ |
| ഹനൂമന്തം | ഹനൂമാനേയും | കേസരിം | കേസരി |
| സുഗ്രീവം | സുഗ്രീവനേയും | ഹരിലോമാനം | ഹരിലോചനൻ |
| അംഗദം | അംഗദനേയും | വാനരം | വാനരനായ |
| ഗന്ധമാദനം | ഗന്ധമാദനനേയും | വിദ്യുദ്ദംഷ്ട്രം | വിദ്യുദ്ദംഷ്ട്രൻ |
| ജാംബവന്തം ച | ജാംബവാനേയും | സൂര്യാനനം | സൂര്യാനനൻ |

ജ്യോതിർമുഖം ച ജോതിർമുഖൻ എന്നവ
ഹരിം വാനരനായ [രേയും
ദധിമുഖം തഥാ ദധിമുഖനേയും
പാവകാക്ഷം ച പാവകാക്ഷനേയും
നളം ഏവ നളനേയും

വാനരം വാനരനായ
കുമുദം ഏവ കുമുദനേയും
താൻ ആ
ഹരിശാർദ്ദൂലാൻ കപിശ്രേഷ്ഠന്മാരെ
സർവ്വാൻവിവ്യാധ എല്ലാവരേയുംപിളന്നു

സ വൈ ഗദാഭിർഹരിയൂഥമുഖ്യാൻ
നിർഭിദ്യ ബാണൈസ്തപനീയപുംഖൈഃ
വവർഷ രാമം ശരവൃഷ്ടിജാലൈഃ
സലക്ഷ്മണം ഭാസ്കരരശ്മികല്പൈഃ 66

സഃ ആ ഇന്ദ്രജിത്ത്
ഗദാഭിഃ ഗദകളാലും
തപനീയപുംഖൈഃ പൊൻപിടികളുള്ള
ബാണൈഃ വൈ ബാണങ്ങളാലും
ഹരിയൂഥമുഖ്യാൻ } വാനരസൈന്യത്തലവന്മാരെ
നിർഭിദ്യ കീറിയശേഷം

സലക്ഷ്മണം ലക്ഷ്മണനോടുകൂടി
രാമം ശ്രീരാമനേയും
ഭാസ്കരരശ്മികല്പൈഃ } സൂര്യകിരണങ്ങളെയൊത്ത
ശരവൃഷ്ടിജാലൈഃ } ശരമാരികളുടെ തതികളാൽ
വവർഷ. വർഷിച്ചു.

സ ബാണവർഷൈരഭിവർഷ്യമാണോ
ധാരാനിപാതാനിവ താനചിന്ത്യ
സമീക്ഷമാണഃ പരമാദ്ഭുതശ്രീ
രാമസ്തദാ ലക്ഷ്മണമിത്യുവാച. 67

പരമാദ്ഭുതശ്രീഃ അമാനുഷ വൈഭവമാ
സഃ ആ [ന്നവനായ
രാമഃ ശ്രീരാമൻ
ബാണവർഷൈഃ ബാണവർഷങ്ങൾ
അഭിവർഷ്യമാണഃ തൂകപ്പെടുന്നവനായി
താൻ അവയെ
ധാരാനിപാതാൻ ഇവ } മഴത്തുള്ളികളെ എന്നപോലെ

അചിന്ത്യ അലക്ഷ്യമാക്കിക്കൊ
തദാ ആ സമയം [ണ്ട്
ലക്ഷ്മണം ലക്ഷ്മണനെ
സമീക്ഷമാണഃ ഇംഗിതത്തോടെ വീക്ഷിക്കുന്നവനായി
ഇതി ഇപ്രകാരം
ഉവാച. അരുളിച്ചെയ്തു.

അസൌ പുനർല്ലക്ഷ്മണ രാക്ഷസേന്ദ്രോ
ബ്രഹ്മാസ്ത്രമാശ്രിത്യ സുരേന്ദ്രശത്രുഃ
നിപാതയിത്വാ ഹരിസൈന്യമുഗ്ര-
മസ്മാൻ ശരൈരർദ്ദയതി പ്രസക്തഃ 68

"ലക്ഷ്മണ! "ലക്ഷ്മണ!
അസൌ ഈ
സുരേന്ദ്രശത്രുഃ ഇന്ദ്രശത്രുവായ
രാക്ഷസേന്ദ്രഃ പുനഃ } രാക്ഷസശ്രേഷ്ഠനാകട്ടെ
ബ്രഹ്മാസ്ത്രം ബ്രഹ്മാസ്ത്രത്തെ
ആശ്രിത്യ കൈക്കൊണ്ട്

ഉഗ്രം ഭയങ്കരമായ
ഹരിസൈന്യം വാനരസൈന്യത്തെ
നിപാതയിത്വാ വീഴ്ത്തിയശേഷം
അസ്മാൻ നമ്മെ
പ്രസക്തഃ വാശിപൂണ്ടവനായി
ശരൈഃ ബാണങ്ങളാൽ
അർദ്ദയതി. പീഡിപ്പിക്കുന്നു.

സ്വയംഭുവാ ദത്തവരോ മഹാത്മാ
ഖമാസ്ഥിതോഽന്തർഹിതഭീമകായഃ
കഥം ന ശക്യോ യുധി നഷ്ടദേഹോ
നിഹന്തുമദ്യേന്ദ്രജിദുദ്യതാസ്ത്രഃ

| | | | |
|---|---|---|---|
| "മഹാത്മാ | "അതിധീരനായ | ഖം | ആകാശത്തിൽ |
| ഇന്ദ്രജിത് | ഇന്ദ്രജിത്ത് | ആസ്ഥിതഃ | നിലകൊള്ളുന്നു |
| സ്വയംഭുവാ | ബ്രഹ്മാവിനാൽ | അദ്യ | ഇപ്പോൾ |
| ദത്തവരഃ | വരങ്ങൾ നൽകപ്പെട്ടവനായി | നഷ്ടദേഹഃ | അദൃശ്യനായ അവൻ |
| അന്തർഹിതഭീമകായഃ | വൻശരീരത്തെ മറച്ചുകൊണ്ടു് | യുധി | പോരിൽ |
| ഉദ്യതാസ്ത്രഃ | ബ്രഹ്മാസ്ത്രത്തെ കയ്ക്കൊണ്ടവനായി | കഥം ന | എങ്ങിനെതന്നെയാണു |
| | | നിഹന്തും | വധിപ്പാൻ |
| | | ശക്യഃ? | സാദ്ധ്യപ്പെടുക? |

മന്യേ സ്വയംഭൂർഭഗവാനചിന്ത്യോ
യസ്യൈതദസ്ത്രം പ്രഭവശ്ച യോഽസ്യ
ബാണാവപാതാംസ്ത്വമിഹാദ്യ ധീമൻ
മയാ സഹാവ്യഗ്രമനാഃ സഹസ്വ. 70

| | | | |
|---|---|---|---|
| ''ധീമൻ! | ''സൂക്ഷ്മഗ്രാഹിയായ | അചിന്ത്യഃ | അചിന്ത്യവൈഭവനാ |
| ഏതത് അസ്ത്രം | ഈ അസ്ത്രവും [വനേ! | ഇഹ | ഇക്കാൎയ്യത്തിൽ [കുന്നു |
| അസ്യ | ഇവനുള്ളതായ | മന്യേ | ഒന്നാണെനിക്കുതോന്നു |
| യഃ പ്രഭവഃ ച | യാതൊരു ഈ മഹിമയും | അദ്യ | ഇപ്പോൾ [ന്നതു് |
| യസ്യ | ആരുടേതൊ അപ്രകാരമുള്ള | ത്വം മയാ സഹ | നീ എന്നോടുകൂടി |
| | | ബാണപാതാൻ | ശരമാരികളെ |
| ഭഗവാൻ സ്വയംഭൂഃ | ഷാഡ്ഗുണ്യപരിപൂൎണ്ണനായ ബ്രഹ്മദേവൻ | അവ്യഗ്രമനാഃ | അചഞ്ചലമനസ്സനായി |
| | | സഹസ്വ. | സഹിച്ചുകൊണ്ടാലും. |

["അവ്യഗ്രമനഃ," എന്നതിൽനിന്നു് സ്വാത്മസ്വരൂപാനുസന്ധാനത്തെ കയ്ക്കൊള്ളേണ്ടതാണെന്നു വിവക്ഷ. ''മയാ സഹ" എന്നതിൽനിന്നു് ലക്ഷ്മണനും ബ്രഹ്മാസ്ത്രത്തെ സഹിപ്പാനുള്ള ശക്തി ഭഗവാനായ ശ്രീരാമന്റെ അനുഗ്രഹംകൊണ്ടു് സിദ്ധിക്കുന്നതാണെന്നു് ധ്വനി. (സ)]

പ്രച്ഛാദയത്യേഷ ഹി രാക്ഷസേന്ദ്രഃ
സൎവ്വാ ദിശഃ സായകവൃഷ്ടിജാലൈഃ
ഏതച്ച സൎവ്വം പതിതാഗ്ര്യശൂരം
ന ഭ്രാജതേ വാനരരാജസൈന്യം. 71

| | | | |
|---|---|---|---|
| ''ഏഷഃ | ''ഈ | ഏതത് | ഈ |
| രാക്ഷസേന്ദ്രഃ ഹി | രാക്ഷസശ്രേഷ്ഠനോ | വാനരരാജസൈന്യം | വാനരേശ്വരസൈന്യം |
| സായകവൃഷ്ടിജാലൈഃ | ശരമാരികളാൽ | സൎവ്വം ച | എല്ലാംതന്നെയും |
| ദിശഃ | ദിക്കുകൾ | പതിതാഗ്ര്യശൂരം | വീഴ്ത്തപ്പെട്ട മുഖ്യവീരന്മാരോടുകൂടിയതായി |
| സൎവ്വാഃ | എല്ലാററിനേയും | | |
| പ്രച്ഛാദയതി | മറയ്ക്കുന്നു | ഭ്രാജതേ ന. | ശാന്തമായിരിക്കുന്നു. |

ആവാം തു ദൃഷ്ട്വാ പതിതൌ വിസംജ്ഞൌ
നിവൃത്തയുദ്ധൌ ഗതരോഷഹർഷൌ
ധ്രുവം പ്രവേക്ഷ്യത്യമരാരിവാസ-
മസൌ സമാദായ രണാഗ്രലക്ഷ്മീം. 72

| | | | |
|---|---|---|---|
| "അസൌ | "ഇവൻ | ദൃഷ്ട്വാ | കണ്ട് |
| ആവാം തു | നമ്മളിരുവരേയും | രണാഗ്രലക്ഷ്മീം | യുദ്ധത്തിലുള്ള വിജയലക്ഷ്മിയെ |
| നിവൃത്തയുദ്ധൌ | യുദ്ധം ചെയ്യാത്തവരായി | സമാദായ | കയ്ക്കലാക്കിക്കൊണ്ട് |
| ഗതരോഷഹർഷൌ | കോപഹർഷാദിയററ് | അമരാരിവാസം | ദേവശത്രുക്കളുടെ നഗരിയായ ലങ്കയിലേക്ക് |
| വിസംജ്ഞൌ | ബോധംകെട്ട് | പ്രവേക്ഷ്യതി | ചെല്ലുന്നതാണ് |
| പതിതൌ | വീണുകിടക്കുന്നവരായി | ധ്രുവം." | തീർച്ചതന്നെ." |

തതസ്തു താവിന്ദ്രജിദസ്ത്രജാലൈർ-
ബഭൂവതുസ്തത്ര തഥാ വിശസ്തൌ
സ ചാപി തൌ തത്ര വിദർശയിത്വാ
നനാദ ഹർഷാദ്യുധി രാക്ഷസേന്ദ്രഃ 73

| | | | |
|---|---|---|---|
| തതഃ | അപ്പോൾ | രാക്ഷസേന്ദ്രഃ ച | രാക്ഷസേന്ദ്രൻ |
| തൌ തു | അവരിരുവരും | തത്ര | അപ്പോൾ |
| തത്ര | അവിടെ | യുധി | പോരിൽ |
| ഇന്ദ്രജിതസ്ത്രജാലൈ | ഇന്ദ്രജിത്തിന്റെ ബാണസമൂഹങ്ങളാൽ | തൌ അപി | അവരിരുവരേയും |
| വിശസ്തൌ | പിളർക്കപ്പെട്ടവരായി | തഥാ | ആ സ്ഥിതിയിൽ |
| ബഭൂവതുഃ | ഭവിച്ചു | വിദർശയിത്വാ | കണ്ട് |
| സഃ | ആ | ഹർഷാത് | സന്തോഷത്താൽ |
| | | നനാദ. | അട്ടഹസിച്ചു. |

സ തത് തദാ വാനരസൈന്യമേവം
രാമം ച സംഖ്യേ സഹ ലക്ഷ്മണേന
വിഷാദയിത്വാ സഹസാ വിവേശ
പുരീം ദശഗ്രീവഭുജാഭിഗുപ്താം. 74

| | | | |
|---|---|---|---|
| സഃ | അവൻ | സംഖ്യേ | പോരിൽ |
| തദാ | അപ്പോൾ | ഏവം വിഷാദയിത്വാ | ഇപ്രകാരം വ്യാകുലപ്പെടുത്തിയശേഷം |
| തത് | ആ | സഹസാ | തൽക്ഷണംതന്നെ |
| വാനരസൈന്യം | വാനരസൈന്യത്തേയും | ദശഗ്രീവഭുജാഭിഗുപ്താം | രാവണബാഹുപാലിതമായ |
| ലക്ഷ്മണേന സഹ | ലക്ഷ്മണനോടുകൂടി | പുരീം വിവേശ. | പുരത്തിൽപ്രവേശിച്ചു. |
| രാമം ച, | ശ്രീരാമനേയും, | | |

ഇത്യാർഷേ ശ്രീമദ്രാമായണേ വാൽമീകീയേ ആദികാവ്യേ യുദ്ധകാണ്ഡേ
ത്രിസപ്തതിതമഃ സർഗ്ഗഃ=എഴുപത്തിമൂന്നാംസർഗ്ഗം സമാപ്തം.
ആദ്യം മുതൽ ശ്ലോകസംഖ്യ 18125; യുദ്ധകാണ്ഡം ആദ്യം മുതൽ ശ്ലോകസംഖ്യ 3450.

## ചതുഃസപ്തതിതമഃ സർഗ്ഗഃ = എഴുപത്തിനാലാം സർഗ്ഗം.

[ഓഷധിപർവ്വതാനയനം = ഹനുമാൻ ഓഷധിപർവ്വതം കൊണ്ടുവരുന്നതു്]

തയോസ്തദാ സാദിതയോ രണാഗ്രേ
മുമോഹ സൈന്യം ഹരിപുംഗവാനാം. 1

| | | | |
|---|---|---|---|
| തദാ | അപ്പോൾ | സാദിതയോഃ | വീഴ്ത്തപ്പെട്ടപ്പോൾ |
| | | ഹരിപുംഗവാനാം | വാനരശ്രേഷ്ഠന്മാരുടെ |
| രണാഗ്രേ | പോർമുമ്പിൽ | സൈന്യം | സൈന്യം |
| തയോഃ | അവരിരുവരും | മുമോഹ. | മൂർച്ഛിച്ചു. |

സുഗ്രീവനീലാംഗദജാംബവന്തോ
ന ചാപി കിഞ്ചിത് പ്രതിപേദിരേ തേ. 2

| | | | |
|---|---|---|---|
| തേ സുഗ്രീവ-നീലാംഗദ-ജാംബവന്തഃ ച | ആ സുഗ്രീവൻ, നീലൻ അംഗദൻ, ജാംബവാൻ എന്നവരും | കിംചിത് അപി | യാതൊന്നുംതന്നെ |
| | | പ്രതിപേദിരേ ന | അറിവാൻ കഴിയാത്തവരായ് ഭവിച്ചു. |

തതോ വിഷണ്ണം സമവേക്ഷ്യ സൈന്യം
വിഭീഷണോ ബുദ്ധിമതാം വരിഷ്ഠഃ
ഉവാച ശാഖാമൃഗരാജവീരാ-
നാശ്വാസയന്നപ്രതിമൈർവ്വചോഭിഃ 5

| | | | |
|---|---|---|---|
| തതഃ | അപ്പോൾ | ശാഖാമൃഗ-രാജവീരാൻ | വാനരാധിപവീരന്മാരെ നോക്കി |
| ബുദ്ധിമതാം | ബുദ്ധിമാന്മാരിൽ | | |
| വരിഷ്ഠഃ | ശ്രേഷ്ഠനായ | അപ്രതിമൈഃ | നിസ്തുല്യമായ |
| വിഭീഷണഃ | വിഭീഷണൻ | വചോഭിഃ | വാക്കുകളാൽ |
| സൈന്യം | സൈന്യത്തെ | ആശ്വാസയൻ | സമാശ്വസിപ്പിക്കുന്നവനായി |
| വിഷണ്ണം | ഖിന്നതപൂണ്ടിരിക്കുന്ന[തായി] | | |
| സമവേക്ഷ്യ | കണ്ടു് | ഉവാച. | ഇങ്ങിനെ പറഞ്ഞു. |

മാ ഭൈഷ്ട നാസ്ത്യത്ര വിഷാദകാലോ
യദാര്യ്യപുത്രൌ ഹ്യവശൌ വിഷണ്ണൌ
സ്വയംഭുവോ വാക്യമഥോദ്വഹന്തൌ
യത് സാദിതാവിന്ദ്രജിദസ്ത്രജാലൈഃ 4

| | | | |
|---|---|---|---|
| "മാ ഭൈഷ്ട! | "ഭയപ്പെടാതിരിപ്പിൻ! | ഉദ്വഹന്തൌ അഥ | അനുസരിക്കുന്നവരായിത്തന്നെയാണ് |
| അത്ര | ഇപ്പോൾ | | |
| വിഷാദകാലഃ | ദുഃഖിക്കേണ്ടസമയം | ഇന്ദ്രജിദസ്ത്ര-ജാലൈഃ | ഇന്ദ്രജിത്തിന്റെ അസ്ത്രസമൂഹങ്ങൾകൊണ്ടു് |
| അസ്തി ന | അല്ല | | |
| യത് | എന്തെന്നാൽ | സാദിതൌ | അവശരാക്കപ്പെട്ടു് |
| ആര്യ്യപുത്രൌ | ആര്യ്യപുത്രന്മാർ ഇരുവരും | വിഷണ്ണൌ | നിശ്ചേഷ്ടരായി |
| | | അവശൌ ഹി." | ബോധമററവരായി |
| യത് വാക്യം | ആ ആജ്ഞയെ | | മാത്രമിരിക്കുന്നതു്." |

വിഭീഷണസ്തത്ര വരാദ്വിധാതു-
രാസാദിതോऽസ്ത്രേണ നിരീക്ഷമാണഃ
സേനാം ഹരീണാം ദ്രുഹിണാസ്ത്രഭഗ്നാം
സ്വസ്ഥം ഹനൂമന്തമുവാച ദൃഷ്ട്വാ 5

| | | | |
|---|---|---|---|
| തത്ര | അപ്പോൾ | ഹരീണാം സേനാം | വാനരസൈന്യത്തെ |
| വിഭീഷണഃ | വിഭീഷണൻ | നിരീക്ഷമാണഃ | ഉററുനോക്കുന്നവനായ് |
| വിധാതുഃ | ബ്രഹ്മാവിന്റെ | ഹനൂമന്തം | ഹനുമാനെ |
| വരാത് | വരത്താൽ | സ്വസ്ഥം | സ്വസ്ഥനായി മിണ്ടാതിരിക്കുന്നവനായി |
| അസ്ത്രേണ ആസാദിതഃ | അസ്ത്രപീഡയേല്ക്കാത്തവനായി | ദൃഷ്ട്വാ | കണ്ട് |
| ദ്രുഹിണാസ്ത്ര-ഭഗ്നാം | ബ്രഹ്മാസ്ത്രത്താൽ പീഡിക്കപ്പെട്ട | ഉവാച. | ഇങ്ങിനെ പറഞ്ഞു. |

തസ്മൈ തു ദത്തം പരമാസ്ത്രമേതത്
സ്വയംഭുവാ ബ്രാഹ്മമമോഘവേഗം
തന്മാനയന്തൌ യുധി രാജപുത്രൌ
നിപാതിതൌ കോऽത്ര വിഷാദകാലഃ 6

| | | | |
|---|---|---|---|
| "എതത് | "ഈ | രാജപുത്രൌ | രാജകുമാരന്മാർ |
| അമോഘവേഗം | വ്യർത്ഥമാകാത്ത ശക്തിയാന്ന | യുധി | പോരിൽ |
| ബ്രാഹ്മം പരമാസ്ത്രം | ശ്രേഷ്ഠമായ ബ്രഹ്മാസ്ത്രം | മാനയന്തൌ | ബഹുമാനിക്കുന്നവരായി |
| തസ്മൈ | അവന്നു | നിപാതിതൌ | വീഴ്ത്തപ്പെട്ടു; |
| സ്വയംഭുവാ തു | ബ്രഹ്മദേവനാൽതന്നെ | അത്ര | ഇക്കാര്യത്തിൽ |
| ദത്തം | നൽകപ്പെട്ടതാണ്; | വിഷാദകാലഃ | ദുഃഖിക്കേണ്ടുന്ന അവസരം |
| തത് | അതിനെ | കഃ?" | എന്താണിരിക്കുന്നത്?" |

ബ്രാഹ്മമസ്ത്രം തതോ ധീമാൻ മാനയിത്വാ തു മാരുതിഃ
വിഭീഷണവചഃ ശ്രുത്വാ ഹനുമാംസ്തമഥാബ്രവീത്. 7

| | | | |
|---|---|---|---|
| ധീമാൻ | ബുദ്ധിമാനും | ബ്രാഹ്മം അസ്ത്രം | ബ്രഹ്മാസ്ത്രത്തെ |
| മാരുതിഃ | മാരുതാത്മജനുമായ | മാനയിത്വാ | ബഹുമാനിച്ചുകൊണ്ട് |
| ഹനുമാൻ | ഹനുമാൻ | തു | ആ സമയം |
| തതഃ | അപ്പോൾ | തം | അദ്ദേഹത്തെനോക്കി |
| വിഭീഷണവചഃ | വിഭീഷണന്റെ വാക്യത്തെ | അഥ | ഇപ്രകാരം |
| ശ്രുത്വാ | കേട്ട് | അബ്രവീത്. | പറഞ്ഞു. |

ഏതസ്മിൻ നിഹതേ സൈന്യേ വാനരാണാം തരസ്വിനാം
യോ യോ ധാരയതേ പ്രാണാൻ തം തമാശ്വാസയാവഹൈ. 8

| | |
|---|---|
| "നിഹതേ | "നശിപ്പിക്കപ്പെട്ടതായ |
| ഏതസ്മിൻ | ഈ |
| തരസ്വിനാം | ബലശാലികളായ |
| വാനരാണാം | വാനരന്മാരുടെ |
| സൈന്യേ | സൈന്യത്തിൽ |
| യഃ യഃ | ഏതേതൊരുവൻ |
| പ്രാണാൻ ധാരയതേ | ജീവനോടിരിക്കുന്നുവോ |
| തം തം | അവനെയെല്ലാം |
| ആശ്വാസയാവഹൈ." | നാമിരുവരും ശുശ്രൂഷിച്ച് ആശ്വസിപ്പിക്കുക." |

താവുഭൌ യുഗപദ്വീരൌ ഹനുമദ്രാക്ഷസോത്തമൌ
ഉല്കാഹസ്തൌ തദാ രാത്രൌ രണശീർഷേ വിചേരതുഃ 9

| | |
|---|---|
| തൌ ഉഭൌ വീരൌ | ആ രണ്ടുവീരന്മാരായ |
| ഹനുമദ്രാക്ഷസോത്തമൌ | ഹനുമാനും രാക്ഷസോത്തമനും |
| യുഗപത് | ഒരുമിച്ച് |
| തദാ രാത്രൌ | അപ്പോൾ രാത്രിയിൽ |
| ഉല്കാഹസ്തൌ | പന്തങ്ങൾ കയ്യിലെടുത്ത് |
| രണശീർഷേ | പോർക്കളത്തിൽ |
| വിചേരതുഃ | ചുററിനടന്നു. |

ഭിന്നലാംഗൂലഹസ്തോരുപാദാംഗുലിശിരോധരൈഃ
സ്രവദ്ഭിഃ ക്ഷതജം ഗാത്രൈഃ പ്രസ്രവദ്ഭിഃ സമന്തതഃ 10
പതിതൈഃ പർവ്വതാകാരൈർവ്വാനരൈരഭിസങ്കുലാം
ശസ്ത്രൈശ്ച പതിതൈർദ്ദീപ്തൈർദ്ദദൃശാതേ വസുന്ധരാം 11

| | |
|---|---|
| ഭിന്നലാംഗൂല-ഹസ്തോരു-പാദാംഗുലി-ശിരോധരൈഃ | വാലും, കയ്യും, തുടയും കാലും, വിരലും, കഴുത്തും മുറിഞ്ഞ് കിടക്കുന്നവരും |
| ക്ഷതജം സ്രവദ്ഭിഃ | ചോരയൊലിപ്പിക്കുന്നവരും |
| പതിതൈഃ | വീണുകിടക്കുന്നവരും |
| പർവ്വതാകാരൈഃ | മലയൊത്തവരായ |
| വാനരൈഃ | വാനരന്മാരാലും |
| സമന്തതഃ | ചുററും |
| പ്രസ്രവദ്ഭിഃ | പുരളുന്ന |
| ഗാത്രൈഃ | ശരീരങ്ങളാലും |
| പതിതൈഃ | വീണുകിടക്കുന്ന |
| ദീപ്തൈഃ | തിളങ്ങുന്ന |
| ശസ്ത്രൈഃ ച | ആയുധങ്ങളാലും |
| അഭിസങ്കുലാം | നിറയപ്പെട്ടതായ |
| വസുന്ധരാം | ഭൂമിയെ |
| ദദൃശാതേ. | വീക്ഷിച്ചു. |

സുഗ്രീവമംഗദം നീലം ശരഭം ഗന്ധമാദനം
ജാംബവന്തം സുഷേണം ച വേഗദർശിനമാഹുകം 12
മൈന്ദം നളം ജ്യോതിമുഖം ദ്വിവിദം പനസം തഥാ
വിഭീഷണഹനൂമന്തൌ ദദൃശാതേ ഹതാൻ രണേ. 13

| | |
|---|---|
| വിഭീഷണ-ഹനൂമന്തൌ | വിഭീഷണനും ഹനുമാനും |
| സുഗ്രീവം | സുഗ്രീവനേയും |
| അംഗദം | അംഗദനേയും |
| നീലം, ശരഭം | നീലനേയും, ശരഭനേയും |
| ഗന്ധമാദനം | ഗന്ധമാദനനേയും |
| ജാംബവന്തം | ജാംബവാനേയും |
| സുഷേണം ച | സുഷേണനേയും |
| വേഗദർശിനം | വേഗദർശിയേയും |
| ആഹുകം | ആഹുകനേയും |
| മൈന്ദം | മൈന്ദനേയും |
| നളം | നളനേയും |
| ജ്യോതിമുഖം | ജ്യോതിമുഖനേയും |
| പനസം | പനസനേയും |
| ദ്വിവിദം തഥാ | ദ്വിവിദനേയും |
| രണേ ഹതാൻ ദദൃശാതേ. | പോരിൽ നിശ്ചേഷ്ടരായിരിക്കുന്നതായി കണ്ടു. |

സപ്തഷഷ്ടിർഹതാഃ കോട്യോ വാനരാണാം തരസ്വിനാം
അഹ്നഃ പഞ്ചമശേഷേണ വല്ലഭേന സ്വയംഭുവഃ. 14

| | | | |
|---|---|---|---|
| തരസ്വിനാം | ബലശാലികളായ | പഞ്ചമ-ശേഷേണ | അഞ്ചിലൊരുഭാഗം മാത്രം ബാക്കിയുള്ള ഇടകൊണ്ട് |
| വാനരാണാം | വാനരന്മാരുടെ | സ്വയംഭുവഃ | ബ്രഹ്മദേവൻെറ |
| സപ്തഷഷ്ടിഃ കോട്യഃ | അറുപത്തേഴുകോടിപ്പേർ | വല്ലഭേന | വരപ്രസാദം ലഭിച്ച ഇന്ദ്രജിത്തിനാൽ |
| അഹ്നഃ | പകൽ | ഹതാഃ | വീഴ്ത്തപ്പെട്ടു. |

സാഗരൌഘനിഭം ഭീമം ദൃഷ്ട്വാ ബാണാർദ്ദിതം ബലം
മാർഗ്ഗതേ ജാംബവന്തം സ ഹനുമാൻ സവിഭീഷണഃ 15

| | | | |
|---|---|---|---|
| സഃ ഹനുമാൻ | ആ ഹനുമാൻ | ബാണാർദ്ദിതം | ബാണത്താൽ മർദ്ദിക്കപ്പെട്ടതായി |
| സവിഭീഷണഃ | വിഭീഷണനോടുംകൂടി | ദൃഷ്ട്വാ | കണ്ട് |
| സാഗരൌഘനിഭം | കടൽവെള്ളമൊത്ത | ജാംബവന്തം | ജാംബവാനെ |
| ഭീമം ബലം | ഭയങ്കരസൈന്യത്തെ | മാർഗ്ഗതേ. | തിരയുകയായി. |

സ്വഭാവജരയാ യുക്തം വൃദ്ധം ശരശതൈശ്ചിതം
പ്രജാപതിസുതം വീരം ശാമ്യന്തമിവ പാവകം 16
ദൃഷ്ട്വാ തമുപസംഗമ്യ പൌലസ്ത്യോ വാക്യമബ്രവീത്
കച്ചിദാര്യ്യ ശരൈസ്തീക്ഷ്ണൈഃ പ്രാണാ ന ധ്വംസിതാസ്തവ. 17

| | | | |
|---|---|---|---|
| പൌലസ്ത്യഃ | വിഭീഷണൻ | പാവകം ഇവ | തീപോലെയിരിക്കുന്നവനായി |
| സ്വഭാവ-ജരയാ യുക്തം | വാർദ്ധക്യപ്രകൃതികൊണ്ട് ജരബാധിച്ചവനും | ദൃഷ്ട്വാ | കണ്ട് |
| വൃദ്ധം | വയോധികനും | വാക്യം അബ്രവീത് | ഇങ്ങിനെ ചോദിച്ചു. |
| പ്രജാപതിസുതം | ബ്രഹ്മപുത്രനും | "ആര്യ്യ! | "വന്ദ്യപാദ! |
| വീരം | ശൂരനുമായ | തീക്ഷ്ണൈഃ | നിശിതങ്ങളായ |
| തം | അദ്ദേഹത്തെ | ശരൈഃ | ബാണങ്ങളാൽ |
| ഉപസംഗമ്യ | സമീപിച്ച് | തവ പ്രാണാഃ ധ്വംസിതാഃ ന | അങ്ങയ്ക്ക് ജീവഹാനി വന്നിട്ടില്ലെന്നു |
| ശരശതൈഃ | അസംഖ്യം ബാണങ്ങളാൽ | കച്ചിത്?" | ഞാൻ വിശ്വസിക്കുന്നു?" |
| ചിതം | തുളയ്ക്കപ്പെട്ട് | | |
| ശാമ്യന്തം | കെടാറായ | | |

വിഭീഷണവചഃ ശ്രുത്വാ ജാംബവാൻ ഋക്ഷപുംഗവഃ
കൃച്ഛ്രാദഭ്യുദ്ഗിരൻ വാക്യമിദം വചനമബ്രവീത്. 18

| | | | |
|---|---|---|---|
| ഋക്ഷപുംഗവഃ | കരടിശ്രേഷ്ഠനായ | കൃച്ഛ്രാത് | പണിപ്പെട്ട് |
| ജാംബവാൻ | ജാംബവാൻ | വാക്യം അഭ്യുദ്ഗിരൻ | സംസാരിക്കുന്നവനായി |
| വിഭീഷണവചഃ | വിഭീഷണൻ പറഞ്ഞതിനെ | വചനം | ഒരു വാക്ക് |
| ശ്രുത്വാ | കേട്ട് | ഇദം അബ്രവീത് | ഇപ്രകാരം പറഞ്ഞു. |

നൈർഋതേന്ദ്ര മഹാവീര്യ സ്വരേണ ത്വാഽഭിലക്ഷയേ
പീഡ്യമാനഃ ശിതൈർബ്ബാണൈർന്ന ത്വാം പശ്യാമി ചക്ഷുഷാ. 19

| | | | |
|---|---|---|---|
| "മഹാവീര്യ! | "മഹാപരാക്രമശാലിയായ | ശിതൈഃ | തീക്ഷ്ണങ്ങളായ |
| നൈർഋതേന്ദ്ര | രാക്ഷസശ്രേഷ്ഠ! | ബാണൈഃ | ബാണങ്ങളാൽ |
| ത്വാ | ഭവാനെ | പീഡ്യമാനഃ | പീഡിക്കപ്പെടുന്നവ [നായ ഞാൻ |
| സ്വരേണ | ഒച്ചകൊണ്ട് | ത്വാം | ഭവാനെ |
| അഭിലക്ഷയേ | ഞാനറിയുന്നുണ്ട് | ചക്ഷുഷാ | കണ്ണുകൊണ്ടു |
| | | പശ്യാമി ന. | കാണുന്നില്ല. |

അഞ്ജനാ സുപ്രജാ യേന മാതരിശ്വാ ച നൈർഋത
ഹനുമാൻ വാനരശ്രേഷ്ഠഃ പ്രാണാൻ ധാരയതേ ക്വചിത്. 20

| | | | |
|---|---|---|---|
| "നൈർഋത! | "രാക്ഷസ! | വാനരശ്രേഷ്ഠഃ | അപ്രകാരമുള്ള വാനരോത്തമനായ |
| യേന | യാതൊരുവനാൽ | ഹനുമാൻ | ഹനുമാൻ |
| അഞ്ജനാ | അഞ്ജനാദേവി | പ്രാണാൻ ധാരയതേ ക്വചിത്?" | എങ്ങാനും ജീവനോടിരിക്കുന്നുണ്ടോ?" |
| സുപ്രജാ | സത്പുത്രവതിയായി ഭവിച്ചുവോ | | |
| മാതരിശ്വാ ച | വായുഭഗവാനും സത്പുത്രവനായിത്തീർന്നുവോ | | |

ശ്രുത്വാ ജാംബവതോ വാക്യമുവാചേദം വിഭീഷണഃ
ആര്യപുത്രാവതിക്രമ്യ കസ്മാത് പൃച്ഛസി മാരുതിം. 21

| | | | |
|---|---|---|---|
| വിഭീഷണഃ | വിഭീഷണൻ | "ആര്യപുത്രൌ! | "ആര്യപുത്രന്മാരെ |
| ജാംബവതഃ | ജാംബവാന്റെ | അതിക്രമ്യ | വിട്ട് |
| വാക്യം ശ്രുത്വാ | വാക്യത്തെ കേട്ടു | മാരുതിം | ഹനുമാനെപ്പററി |
| ഇദം | ഇങ്ങിനെ | കസ്മാത് | എന്തുകൊണ്ടാണ് |
| ഉവാച | ചോദിച്ചു | പൃച്ഛസി? | ചോദിക്കുന്നത്? |

നൈവ രാജനി സുഗ്രീവേ നാംഗദേ നാപി രാഘവേ
ആര്യ സന്ദർശിതഃ സ്നേഹോ യഥാ വായുസുതേ പരഃ 22

| | | | |
|---|---|---|---|
| "ആര്യ! | "ആര്യ! | രാജനി | രാജാവായ |
| വായുസുതേ | മാരുതിയിൽ | സുഗ്രീവേ ഏവ | സുഗ്രീവങ്കലും |
| പരഃ | അതിശയിക്കത്തക്ക | ന | കാണിക്കപ്പെട്ടില്ല |
| സ്നേഹഃ | വാത്സല്യം | അംഗദേ ന | അംഗദങ്കലുമില്ല |
| യഥാ | എപ്രകാരം | രാഘവേ അപി | ശ്രീരാമങ്കൽക്കൂടി |
| സന്ദർശിതഃ | കാണിക്കപ്പെട്ടുവോ അപ്രകാരം | ന." | ഇല്ല." |

വിഭീഷണവചഃ ശ്രുത്വാ ജാംബവാൻ വാക്യമബ്രവീത്
ശൃണു നൈർഋതശാർദ്ദൂല യസ്മാത് പൃച്ഛാമി മാരുതിം. 23

| | | | |
|---|---|---|---|
| ജാംബവാൻ | ജാംബവാൻ | "നൈർഋതശാർദ്ദൂല! | "രാക്ഷസോത്തമ! |
| വിഭീഷണവചഃ | വിഭീഷണവാക്യത്തെ | യസ്മാത് | എന്തുകാരണത്താൽ |
| ശ്രുത്വാ | കേട്ട് | മാരുതിം | വായുപുത്രനെപ്പററി |
| വാക്യം അബ്രവീത്. | ഇപ്രകാരം പറഞ്ഞു | പൃച്ഛാമി | ഞാൻ ചോദിക്കുന്നു |
| | | ശൃണു | കേട്ടാലും. [എന്നു |

തസ്മിൻ ജീവതി വീരേ തു ഹതമപ്യഹതം ബലം
ഹനുമത്യുജ്ഝിതപ്രാണേ ജീവന്തോऽപി വയം ഹതാഃ 24

| | | | |
|---|---|---|---|
| "തസ്മിൻ | "ആ | ഹനുമതി | ഹനുമാൻ |
| വീരേ | വീരൻ | ഉജ്ഝിതപ്രാണേ | മരിച്ചിട്ടുണ്ടെന്നാൽ |
| ജീവതി തു | ജീവിച്ചിരിക്കുന്നുണ്ടെ | ജീവന്തഃ | ജീവിച്ചിരിക്കുന്ന |
| ബലം | സൈന്യം [ന്നാൽ | വയം അപി | നാമും കൂടി |
| ഹതം അപി | നശിച്ചാലും കൂടി | ഹതാഃ. | നശിച്ചവർ തന്നെ. |
| അഹതം | നശിച്ചതാകയില്ല; | | |

ധരതേ മാരുതിസ്താത മാരുതപ്രതിമോ യദി
വൈശ്വാനരസമോ വീര്യേ ജീവിതാശാ തതോ ഭവേത്. 25

| | | | |
|---|---|---|---|
| "താത! | "വത്സ! | ധരതേ യദി | ജീവിച്ചിരിക്കുന്നുണ്ടെങ്കിൽ |
| മാരുതപ്രതിമഃ | വായുതുല്യനും | തതഃ | അപ്പോൾ മാത്രമേ |
| വീര്യേ | വീര്യത്തിൽ | ജീവിതാശാ | ജീവിക്കാമെന്നുള്ള ആശ |
| വൈശ്വാനരസമഃ | അഗ്നിസദൃശനുമായ | ഭവേത്." | ഉണ്ടാകയുള്ളു." |
| മാരുതിഃ | മാരുതി | | |

തതോ വൃദ്ധമുപാഗമ്യ നിയമേനാഭ്യവാദയത്
ഗൃഹ്യ ജാംബവതഃ പാദൗ ഹനുമാൻ മാരുതാത്മജഃ 26

| | | | |
|---|---|---|---|
| തതഃ | അപ്പോൾ | ജാംബവതഃ | ജാംബവാന്റെ |
| മാരുതാത്മജഃ | വായുകുമാരനായ | പാദൗ | ഇരുപാദങ്ങളേയും |
| ഹനുമാൻ | ഹനുമാൻ | ഗൃഹ്യ | പിടിച്ചുകൊണ്ട് |
| വൃദ്ധം | ആ വയോധികനെ | നിയമേന | വിധിപ്രകാരം |
| ഉപാഗമ്യ | അടുത്ത് | അഭ്യവാദയത്. | അഭിവാദനംചെയ്തു. |

ശ്രുത്വാ ഹനുമതോ വാക്യം തഥാപി വ്യഥിതേന്ദ്രിയഃ
പുനർജ്ജാതമിവാത്മാനം മന്യതേ സ്മർക്ഷപുംഗവഃ. 27

| | | | |
|---|---|---|---|
| ഋക്ഷപുംഗവഃ | ഋക്ഷശ്രേഷ്ഠൻ | ശ്രുത്വാ | കേട്ട് |
| വ്യഥിതേന്ദ്രിയഃ തഥാ അപി | ഇന്ദ്രിയങ്ങൾ സ്വാവശത്തിലില്ലാതിരുന്നിട്ടും | ആത്മാനം | തന്നെ |
| ഹനുമതഃ | ഹനുമാന്റെ | പുനർജ്ജാതം ഇവ | രണ്ടാമതും ജീവൻ വന്നവനെന്നപോലെ |
| വാക്യം | വാക്യത്തെ | മന്യതേ സ്മ. | കരുതി. |

തതോഽബ്രവീന്മഹാതേജാ ഹനുമന്തം സ ജാംബവാൻ
ആഗച്ഛ ഹരിശാർദ്ദൂല വാനരാംസ്ത്രാതുമർഹസി. 28

| | | | |
|---|---|---|---|
| തത: | അപ്പോൾ | "ഹരിശാർദ്ദൂല! | "വാനരോത്തമ! |
| മഹാതേജാ: | മഹാതേജസ്വിയായ | ആഗച്ഛ | അടുത്തുവരിക |
| സ: ജാംബവാൻ | ആ ജാംബവാൻ | വാനരാൻ | വാനരന്മാരെ |
| ഹനുമന്തം | ഹനുമാനെ നോക്കി | ത്രാതും | സംരക്ഷിച്ചാലും. |
| അബ്രവീത് | ഇപ്രകാരം പറഞ്ഞു | അർഹസി. | |

നാന്യോ വിക്രമപര്യാപ്തസ്ത്വമേഷാം പരമഃ സഖാ
ത്വത്പരാക്രമകാലോഽയം നാന്യം പശ്യാമി കഞ്ചന. 29

| | | | |
|---|---|---|---|
| "അന്യ: വിക്രമ- പര്യാപ്ത: ന | "വേണ്ടത്തക്ക വിക്രമമുള്ളവനായ മറ്റൊരുവനമില്ല | അയം | ഇതാണ് |
| ത്വം | ഭവാൻ | തത്- പരാക്രമ- കാലഃ | അങ്ങയ്ക്ക് പരാക്രമത്തിന്ന തക്കതായ സമയം |
| ഏഷാം | ഇവൎക്ക | അന്യം കഞ്ചന | മറ്റൊരുത്തനേയും |
| പരമഃ സഖാ | ഉററ ബന്ധുവാണ് | പശ്യാമി. ന. | ഞാൻ അറിയുന്നില്ല. |

ഋക്ഷവാനരവീരാണാമനീകാനി പ്രഹർഷയ
വിശല്യൌ കുരു ചാപ്യേതൌ സാദിതൌ രാമലക്ഷ്മണൌ 30

| | | | |
|---|---|---|---|
| "ഋക്ഷവാനര- വീരാണാം | "കരടിശ്രേഷ്ഠന്മാരുടേയും വാനരശ്രേഷ്ഠന്മാരുടേയും | സാദിതൌ | അവശരാക്കപ്പെട്ടു കിടക്കുന്ന |
| അനീകാനി | സൈന്യങ്ങളെ | രാമലക്ഷ്മണൌ അപി ച | ശ്രീരാമനേയും ലക്ഷ്മണനേയും |
| പ്രഹർഷയ | ഭവാൻ ഉത്സാഹപ്പെടുത്തിയാലും | വിശല്യൌ കുരു | വേദനയററവരാക്കിയാലും. |
| ഏതൌ | ഈ | | |

ഗത്വാ പരമമധ്വാനമുപര്യുപരി സാഗരം
ഹിമവന്തം നഗശ്രേഷ്ഠം ഹനുമൻ ഗന്തുമർഹസി 31

| | | | |
|---|---|---|---|
| "ഹനുമൻ! | "ഹനുമാനേ! | അധ്വാനം ഗത്വാ | വഴിചെന്നു |
| സാഗരം | സാഗരത്തിന്നു | നഗശ്രേഷ്ഠം | ഗിരിവരനായ |
| ഉപര്യുപരി | ഉപരിഭാഗത്തിലൂടെ | ഹിമവന്തം | ഹിമവാനിലേക്ക് |
| പരമം | എത്രയോ | ഗന്തും അർഹസി | എത്തിച്ചേർന്നാലും. |

തതഃ കാഞ്ചനമത്യുച്ചമൃഷഭം പർവ്വതോത്തമം
കൈലാസശിഖരം ചാപി ദ്രക്ഷ്യസ്യരിനിഷൂദന. 32

| | | | |
|---|---|---|---|
| "അരിനിഷൂദന! | "ശത്രുസംഹാരക! | പർവ്വതോത്തമം ച | ഉത്തമപർവ്വതത്തേയും |
| തത: | അവിടെ | കൈലാസ- ശിഖരം അപി | കൈലാസ ശിഖരത്തേയും |
| അത്യുച്ചം | അത്യുന്നതവും | ദ്രക്ഷ്യസി. | കാണാവുന്നതാണു. |
| കാഞ്ചനം | സ്വർണ്ണമയവുമായ | | |
| ഋഷഭം | ഋഷഭമെന്ന | | |

തയോഃ ശിഖരയോർമ്മദ്ധ്യേ പ്രദീപ്തമതുലപ്രഭം
സർവ്വൌഷധിയുതം വീര ദ്രക്ഷ്യസ്യോഷധിപർവ്വതം. 33

| | |
|---|---|
| "വീര! | "വീര! |
| തയോഃ | ആ |
| ശിഖരയോഃ | രണ്ടു ശിഖരങ്ങളുടെ |
| മദ്ധ്യേ | ഇടയിലായി |
| പ്രദീപ്തം | ഉജ്ജ്വലിക്കുന്നതും |
| അതുലപ്രഭം | നിസ്തുല്യപ്രകാശമാന്നതും |
| സർവ്വൌഷധിയുതം | എല്ലാ ഓഷധികളും നിറഞ്ഞുള്ളതുമായ |
| ഓഷധിപർവ്വതം | ഓഷധിപർവ്വതത്തെ |
| ദ്രക്ഷ്യസി. | അങ്ങു കാണുന്നതാണ്. |

തസ്യ വാനരശാർദ്ദൂല ചതസ്രോ മൂർദ്ധ്നി സംഭവാഃ
ദ്രക്ഷ്യസ്യോഷധയോ ദീപ്താ ദീപയന്ത്യോ ദിശോ ദശ 34
മൃതസഞ്ജീവനീം ചൈവ വിശല്യകരണീമപി
സാവർണ്ണ്യകരണീം ചൈവ സന്ധാനകരണീം തഥാ. 35

| | |
|---|---|
| "വാനരശാർദ്ദൂല! | "വാനരോത്തമ! |
| തസ്യ | അതിന്റെ |
| മൂർദ്ധ്നി | ശിഖരത്തിൽ |
| സംഭവാഃ | മുളച്ചുണ്ടായവയും |
| ദീപ്താഃ | ജ്വലിക്കുന്നവയും |
| ദശഃ ദിശഃ | പത്തുദിക്കുകളേയും |
| ദീപയന്ത്യഃ | പ്രകാശിപ്പിക്കുന്നവയു [മായ |
| ചതസ്രഃ | നാലു |
| ഓഷധയഃ | പച്ചിലമരുന്നുകൾ [ഉണ്ട് |
| തഥാ | അപ്രകാരമുള്ള |
| മൃതസംജീവനീം ച ഏവ | (മരിച്ചവരെ പുനരുജ്ജീവിപ്പിക്കുന്ന) മൃതസഞ്ജീവിനിയെന്ന മരുന്നിനേയും |
| വിശല്യകരണീം അപി | (വ്രണങ്ങളെ ഉണക്കുന്ന) വിശല്യകരണിയേയും |
| സാവർണ്യകരണീം ച | (വടുക്കളില്ലാതാക്കി മുൻപോലെതന്നെ ദേഹകാന്തി വരുത്തുന്ന) സാവർണ്യകരണിയേയും |
| സന്ധാനകരണീം ഏവ | (മുറിഞ്ഞുപോയ അംഗങ്ങളെ കൂട്ടിച്ചേർക്കുന്ന) സന്ധാനകരണിയെയും |
| ദ്രക്ഷ്യസി. | ഭവാൻ കാണുന്നതാണ്. |

താഃ സർവ്വാ ഹനുമൻ ഗൃഹ്യ ക്ഷിപ്രമാഗന്തുമർഹസി
ആശ്വാസയ ഹരീൻ പ്രാണൈര്യോജ്യ ഗന്ധവഹാത്മജ. 36

| | |
|---|---|
| "ഹനുമൻ! | "ഹനുമാനേ! |
| താഃ സർവ്വാഃ | അവ എല്ലാററിനേയും |
| ഗൃഹ്യ | പറിച്ചുകൊണ്ടു |
| ക്ഷിപ്രം | വേഗത്തിൽ |
| ആഗന്തും അർഹസി | തിരിച്ചുവന്നാലും |
| ഗന്ധവഹാത്മജ! | വായുകുമാര! |
| ഹരീൻ | വാനരന്മാരെ |
| പ്രാണൈഃ യോജ്യ | ജീവിപ്പിച്ച് |
| ആശ്വാസയ." | ആശ്വസിപ്പിച്ചാലും." |

ശ്രുത്വാ ജാംബവതോ വാക്യം ഹനൂമാൻ ഹരിപുംഗവഃ
ആപൂര്യത ബലോദ്ധർഷൈസ്തോയവേഗൈരിവാർണ്ണവഃ 37

| | | | |
|---|---|---|---|
| ഹരിപുംഗവഃ | വാനരോത്തമനായ | തോയവേഗൈഃ | വീചിക്ഷോഭങ്ങളാൽ |
| ഹനൂമാൻ | ഹനുമാൻ | അർണ്ണവഃ ഇവ | സമുദ്രം എപ്രകാരമോ അപ്രകാരം |
| ജാംബവതഃ | ജാംബവാന്റെ | ബലോദ്ധർഷൈഃ | വീര്യോൽക്കർഷങ്ങളാൽ |
| വാക്യം | വാക്യത്തെ | ആപൂര്യത. | നിറഞ്ഞു. |
| ശ്രുത്വാ | കേട്ട് | | |

സ പർവ്വതതടാഗ്രസ്ഥഃ പീഡയൻ പർവ്വതോത്തമം
ഹനൂമാൻ ദൃശ്യതേ വീരോ ദ്വിതീയ ഇവ പർവ്വതഃ 38

| | | | |
|---|---|---|---|
| പർവ്വതതടാഗ്രസ്ഥഃ | ഗിരിതടത്തിന്റെ ശിഖരത്തിലിരിക്കുന്ന | പർവ്വതോത്തമം | ആ മഹാഗിരിയെ |
| | | പീഡയൻ | ചവിട്ടി അമർത്തുന്നവ[നായി |
| വീരഃ | വീരനായ | ദ്വിതീയഃ | മറെറാരു |
| സഃ | ആ | പർവ്വതഃ ഇവ | പർവ്വതം എന്നപോലെ |
| ഹനൂമാൻ | ഹനുമാൻ | ദൃശ്യതേ. | കാണപ്പെട്ടു. |

ഹരിപാദവിനിർഭഗ്നോ നിഷസാദ സ പർവ്വതഃ
ന ശശാക തദാത്മാനം സോഢും ഭൃശനിപീഡിതഃ 39

| | | | |
|---|---|---|---|
| ഹരിപാദവിനിർഭഗ്നഃ | വാനരന്റെ ചവിട്ടുകൊണ്ടു അമർത്തപ്പെട്ട | ഭൃശനിപീഡിതഃ | ഏറെ പീഡിക്കപ്പെട്ട[തായ ആ മല |
| സഃ പർവ്വതഃ | ആ പർവ്വതം | ആത്മാനം | തന്നെ |
| നിഷസാദ | താഴോട്ടമർന്നു | സോഢും | താങ്ങുവാൻ |
| തദാ | അപ്പോൾ | ശശാക ന. | കഴിയാത്തതായിത്തീർന്നു. |

തസ്യ പേതുർന്നഗാ ഭൂമൌ ഹരിവേഗാച്ച ജജ്വലുഃ
ശൃംഗാണി ച വ്യശീര്യന്ത പീഡിതസ്യ ഹനൂമതാ 40

| | | | |
|---|---|---|---|
| ഹനൂമതാ | ഹനുമാനാൽ | ജജ്വലുഃ | കത്തുവാൻ തുടങ്ങി |
| പീഡിതസ്യ | പീഡിക്കപ്പെട്ട | ച | എന്നല്ല |
| തസ്യ | ആ പർവ്വതത്തിലുള്ള | ഹരിവേഗാത് | വാനരന്റെ ഊക്കുകൊണ്ട് |
| നഗാഃ | വൃക്ഷങ്ങൾ | | |
| ഭൂമൌ | ഭൂമിയിൽ | ശൃംഗാണി ച | ശിഖരങ്ങളും |
| പേതുഃ | പൊഴിഞ്ഞുവീണു; | വ്യശീര്യന്ത. | തകർന്നു. |

തസ്മിൻ സംപീഡ്യമാനേ തു ഭഗ്നദ്രുമശിലാതലേ
ന ശേകുർവ്വാനരാഃ സ്ഥാതും ഘൂർണ്ണമാനേ നഗോത്തമേ. 41

| | | | |
|---|---|---|---|
| തസ്മിൻ | ആ | ഘൂർണ്ണമാനേ | ഉലഞ്ഞാടുമ്പോൾ |
| നഗോത്തമേ | പർവ്വതം | വാനരാഃ | വാനരന്മാർ |
| സംപീഡ്യമാനേ | അമർക്കപ്പെട്ട് | സ്ഥാതും | കിടന്നകിടപ്പിൽ വർത്തിക്കവാൻ |
| ഭഗ്നദ്രുമശിലാതലേ തു | വൃക്ഷങ്ങളും, പാറകളും തകർന്ന് | ശേകുഃ ന. | ശക്തരായില്ല. |

സാ ഘൂർണ്ണിതമഹാദ്വാരാ പ്രഭഗ്നഗൃഹഗോപുരാ
ലങ്കാ ത്രാസാകുലാ രാത്രൌ പ്രനൃത്തേവാഭവത്തദാ. 42

| | | | |
|---|---|---|---|
| തദാ | അപ്പോൾ | പ്രഭഗ്ന-ഗൃഹഗോപുരാ | ഇടിഞ്ഞുവീണ മാളികകളോടും ഗോപുരങ്ങളോടും കൂടിയതായി |
| രാത്രൌ | രാത്രിയിൽ | ത്രാസാകുലാ | ഭയന്നു നടുങ്ങിയതായി |
| സാ ലങ്കാ | ആ ലങ്കാപുരം | പ്രനൃത്താ ഇവ | കൂത്താടുന്നപോലായി |
| ഘൂർണ്ണിതമഹാ-ദ്വാരാ | ഉലയുന്ന വലിയ കോട്ടവാതികളോടുകൂടിയതായി | അഭവത്. | ഭവിച്ചു. |

പൃഥിവീധരസംകാശോ നിപീഡ്യ ധരണീധരം
പൃഥിവീം ക്ഷോഭയാമാസ സാർണ്ണവാം മാരുതാത്മജഃ 43

| | | | |
|---|---|---|---|
| പൃഥിവീധര-സംകാശഃ | ഗിരിതുല്യനായ | നിപീഡ്യ | ചവിട്ടിയമർത്തി |
| മാരുതാത്മജഃ | മാരുതി | പൃഥിവീം | ഭൂമിയെ |
| ധരണീധരം | പർവ്വതത്തെ | സാർണ്ണവാം | കടലോടുകൂടി |
| | | ക്ഷോഭയാമാസ. | കലുക്കി. |

ആരുരോഹ തദാ ശ്രീമാൻ ഹരിർമ്മലയപർവ്വതം
മേരുമന്ദരസംകാശം നാനാപ്രസ്രവണാകുലം 44
നാനാദ്രുമലതാകീർണ്ണം വികാസികമലോത്പലം
സേവിതം ദേവഗന്ധർവ്വൈഃ ഷഷ്ടിയോജനമുച്ഛ്രിതം. 45
വിദ്യാധരൈർമ്മുനിഗണൈരപ്സരോഭിർനിഷേവിതം
നാനാമൃഗഗണാകീർണ്ണം ബഹുകന്ദരശോഭിതം. 46

| | | | |
|---|---|---|---|
| തദാ | അപ്പോൾ | സേവിതം | നിവസിക്കപ്പെട്ടതും |
| ശ്രീമാൻ ഹരിഃ | ശ്രീമാനായ വാനരൻ | ഷഷ്ടിയോജനം | അറുപതു യോജനദൂരം |
| മേരുമന്ദര-സംകാശം | മേരുപർവ്വതത്തിന്നും മന്ദരഗിരിയ്ക്കുംസദൃശവും | ഉച്ഛ്രിതം | ഉയർന്നുനില്ക്കുന്നതും |
| | | വിദ്യാധരൈഃ | വിദ്യാധരന്മാരാലും |
| നാനാപ്രസ്രവ-ണാകുലം | പല ചോലകളാർന്നതും | മുനിഗണൈഃ | ഋഷിഗണങ്ങളാലും |
| | | അപ്സരോഭിഃ | അപ്സരസ്സുകളാലും |
| നാനാദ്രുമ-ലതാകീർണ്ണം | പലവിധ വൃക്ഷങ്ങളും ലതകളും ചേർന്നതും | നിഷേവിതം | നിവസിക്കപ്പെട്ടതും |
| വികാസികമ-ലോത്പലം | വിടർന്ന താമരകളും, നീലോത്പലങ്ങളുമുള്ളതും | നാനാമൃഗ-ഗണാകീർണ്ണം | പലവിധ മൃഗങ്ങളാൽ നിറയപ്പെട്ടതും |
| | | ബഹുകന്ദര-ശോഭിതം | പലഗുഹകളാൽ വിലസുന്നതുമായ |
| ദേവഗന്ധർവ്വൈഃ | ദേവന്മാരാലും ഗന്ധർവ്വന്മാരാലും | മലയപർവ്വതം | മലയപർവ്വതത്തിൽ |
| | | ആരുരോഹ. | കയറി. |

സർവ്വാനാകലയംസ്തത്ര യക്ഷഗന്ധർവ്വകിന്നരാൻ
ഹനുമാൻ മേഘസങ്കാശോ വവൃധേ മാരുതാത്മജഃ 47

| | | | |
|---|---|---|---|
| മാരുതാത്മജഃ | വായുകുമാരനും | യക്ഷഗന്ധർവ്വ-കിന്നരാൻ | യക്ഷന്മാരേയും, ഗന്ധർവ്വന്മാരേയും, കിന്നരന്മാരേയും |
| മേഘ—സങ്കാശഃ | മുകിലൊത്തവനുമായ | സർവ്വാൻ | എല്ലാം |
| ഹനുമാൻ | ഹനുമാൻ | ആകുലയൻ | പരിഭ്രമിപ്പിച്ചുകൊണ്ട് |
| തത്ര | അവിടെ | വവൃധേ | ദേഹം വലുതാക്കി. |

പദ്ഭ്യാം തു ശൈലമാപീഡ്യ ബഡബാമുഖവന്മുഖം
വിവൃത്യോഗ്രം നനാദോച്ചൈസ്ത്രാസയന്നിവ രാക്ഷസാൻ. 48

| | | | |
|---|---|---|---|
| പദ്ഭ്യാം | കാലുകളെക്കൊണ്ട് | ഉഗ്രം വിവൃത്യ | ഭയങ്കരമായി വിടർത്തി |
| ശൈലം | പർവ്വതത്തെ | രാക്ഷസാൻ | രാക്ഷസന്മാരെ |
| ആപീഡ്യ | അമർത്തി | ഇവ | ഏററവും |
| മുഖം തു | വായിനെ | ത്രാസയൻ | ഭയപ്പെടുത്തിക്കൊണ്ട് |
| ബഡബാ-മുഖവത് | ബഡവാഗ്നിമുഖം പോലെ | ഉച്ചൈഃ | ഉച്ചത്തിൽ |
| | | നനാദ. | ഗർജ്ജിച്ചു. |

തസ്യ നാനദ്യമാനസ്യ ശ്രുത്വാ നിനദമത്ഭുതം
ലങ്കാസ്ഥാ രാക്ഷസാഃ സർവ്വേ ന ശേകുഃ സ്പന്ദിതും ഭയാത്. 49

| | | | |
|---|---|---|---|
| ലങ്കാസ്ഥാഃ | ലങ്കയിലിരുന്നിരുന്ന | അത്ഭുതം | അത്ഭുതകരമായ |
| രാക്ഷസാഃ | രാക്ഷസന്മാർ | നിനദം ശ്രുത്വാ | ശബ്ദത്തെ കേട്ട് |
| സർവ്വേ | എല്ലാവരും | ഭയാത് | ഭയംമൂലം |
| നാനദ്യമാനസ്യ | ഗർജ്ജിക്കുന്ന | സ്പന്ദിതും | അനങ്ങുവാൻ |
| തസ്യ | ആ ഹനുമാൻെറ | ശേകുഃ ന | കഴിയാതിരുന്നു. |

നമസ്കൃത്വാഽഥ രാമായ മാരുതിർഭീമവിക്രമഃ
രാഘവാർത്ഥേ പരം കർമ്മ സമീഹത പരന്തപഃ 50

| | | | |
|---|---|---|---|
| പരന്തപഃ | ശത്രുസംഹാരകനും | നമസ്കൃത്വാ | കുമ്പിട്ട് |
| ഭീമവിക്രമഃ | ഭീമപരാക്രമിയുമായ | രാഘവാർത്ഥേ | ശ്രീരാഘവനുവേണ്ടി |
| മാരുതിഃ അഥ | ഹനുമാൻ, അപ്പോൾ | പരം കർമ്മ | ശ്രേഷ്ഠമായ കർമ്മത്തിനായി |
| രാമായ | ശ്രീരാമനായിക്കൊണ്ട് | സമീഹത | മുതിർന്നു. |

സ പുച്ഛമുദ്യമ്യ ഭുജംഗകല്പം
വിനമ്യ പൃഷ്ഠം ശ്രവണേ നികുഞ്ച്യ
വിവൃത്യ വക്ത്രം ബഡബാമുഖാഭ-
മാപുപ്ലുവേ വ്യോമനി ചണ്ഡവേഗഃ 51

| | | | |
|---|---|---|---|
| സഃ | ആ ഹനുമാൻ | ബഡബാമുഖാഭം | ബഡബാഗ്നിയുടെ വായിന്നുതുല്യമായ |
| ഭുജംഗകല്പം | സർപ്പതുല്യമായ | | |
| പുച്ഛം ഉദ്യമ്യ | വാലിനെ ഉയർത്തി | വക്ത്രം | വായിനെ |
| പൃഷ്ഠം | പൃഷ്ഠഭാഗത്തെ | വിവൃത്യ | പിളർന്നുകൊണ്ട് |
| വിനമ്യ | താഴ്ത്തിക്കൊണ്ട് | വ്യോമനി | ആകാശത്തിൽ |
| ശ്രവണേ | കാതുകളെ | ചണ്ഡവേഗഃ | അത്യുഗ്രവേഗതയോടെ |
| നികുഞ്ച്യ | ഒതുക്കിപ്പിടിച്ച് | ആപുപ്ലുവേ. | കുതിച്ചുചെന്നു. |

സവൃക്ഷഷണ്ഡാംസ്തരസാऽऽജഹാര
ശൈലാഞ്ശിലാഃ പ്രാകൃതവാനരാംശ്ച
ബാഹൂരുവേഗോദ്ധതസംപ്രണുന്നാ-
സ്തേ ക്ഷീണവേഗാഃ സലിലേ നിപേതുഃ 52

| | | | |
|---|---|---|---|
| സഃ | ഹനുമാൻ | ആജഹാര | കൂടെ ആകർഷിച്ചു. |
| തരസാ | ഗതിവേഗത്താൽ | ബാഹൂരു-വേഗോദ്ധത-സംപ്രണുന്നാഃ | ബാഹുവേഗത്താലും തുടകളുടെ വേഗത്താലും ഒന്നിച്ചാകർഷിക്കപ്പെട്ട |
| വൃക്ഷ-ഷണ്ഡാൻ | മരക്കൂട്ടത്തേയും | തേ | അവ |
| ശൈലാൻ | പർവ്വതങ്ങളേയും | ക്ഷീണവേഗാഃ | വേഗത കുറഞ്ഞവയായി |
| ശിലാഃ | പാറകളേയും | സലിലേ | വെള്ളത്തിൽ |
| പ്രാകൃത-വാനരാൻ ച | സാധാരണ വാനരന്മാരേയും | നിപേതുഃ | വീണു. |

സ തൌ പ്രസാര്യോരഗഭോഗകല്പൌ
ഭുജൌ ഭുജംഗാരിനികാശവീര്യഃ
ജഗാമ മേരും നഗരാജമഗ്ര്യം
ദിശഃ പ്രകർഷന്നിവ വായുസൂനുഃ 53

| | | | |
|---|---|---|---|
| ഭുജംഗാരി-നികാശവീര്യഃ | ഗരുഡതുല്യപരാക്രമിയായ | തൌ | ആ |
| സഃ വായുസൂനുഃ | ആ മാരുതി | ഭുജൌ | ഇരുകൈകളേയും |
| ദിശഃ | ദിക്കുകളേയും | പ്രസാര്യ | നീട്ടിപ്പിടിച്ചുകൊണ്ട് |
| പ്രകർഷൻ ഇവ | കൂടെ കൊണ്ടുപോകുന്നവനെന്നപോലെ | മേരും | മേരുപർവ്വതത്തേയും |
| ഉരഗഭോഗ-കല്പൌ | സർപ്പത്തിന്റെ ഉടലിനുതുല്യമായ | അഗ്ര്യം | ശ്രേഷ്ഠമായ |
| | | നഗരാജം | ഹിമാലയപർവ്വതത്തേയും നോക്കി |
| | | ജഗാമ. | ചെന്നു. |

സ സാഗരം ഘൂർണ്ണിതവീചിമാലം
തദാ ഭൃശം ഭ്രാമിതസർവ്വസത്വം
സമീക്ഷമാണഃ സഹസാ ജഗാമ
ചക്രം യഥാ വിഷ്ണുകരാഗ്രമുക്തം. 54

| | | | |
|---|---|---|---|
| ഭൃശം | ഏററവും | സമീക്ഷമാണഃ | നോക്കുന്നവനായി |
| ഘൂർണ്ണിത-വീചിമാലം | അലകളിളകിമറിയുന്നതും | വിഷ്ണുകരാഗ്ര-മുക്തം | വിഷ്ണുഹസ്തത്തിൽനിന്നും വിടപ്പെട്ട |
| ഭ്രാമിത-സർവ്വസത്വം | പ്രാണികളെല്ലാമങ്ങുമിങ്ങും പായുന്നതുമായ | ചക്രം | ചക്രായുധം |
| സാഗരം | സമുദ്രത്തെ | യഥാ | പോലെ |
| തദാ | അപ്പോൾ | സഹസാ | അതിവേഗത്തിൽ |
| സഃ | ആ ഹനുമാൻ | ജഗാമ. | ഗമിച്ചു. |

സ പർവ്വതാൻ വൃക്ഷഗണാൻ സരാംസി
നദീസ്തടാകാനി പുരോത്തമാനി
സ്ഫീതാൻ ജനാന്താനപി സംപ്രവീക്ഷ്യ
ജഗാമ വേഗാത് പിതൃതുല്യവേഗഃ 55

| | | | |
|---|---|---|---|
| പിതൃതുല്യ-വേഗഃ | പിതാവായ വായുവിനു് തുല്യമായ വേഗതയാർന്ന | തടാകാനി | തടാകങ്ങളേയും |
| സഃ | ആ മാരുതി | പുരോത്തമാനി | ഉത്തമ ഭവനങ്ങളേയും |
| പർവ്വതാൻ | പർവ്വതങ്ങളേയും | സ്ഫീതാൻ | വമ്പിച്ച |
| വൃക്ഷഗണാൻ | മരക്കൂട്ടങ്ങളേയും | ജനാന്താൻ അപി | നഗരങ്ങളേയും |
| സരാംസി | പൊയ്കകളേയും | സംപ്രവീക്ഷ്യ, | നോക്കിക്കൊണ്ടു് |
| നദീഃ | നദികളേയും | വേഗാത് | ദ്രുതഗതിയായി |
| | | ജഗാമ. | ചെന്നു. |

ആദിത്യപഥമാശ്രിത്യ ജഗാമ സ ഗതക്ലമഃ
ഹനുമാംസ്ത്വരിതോ വീരഃ പിതൃതുല്യപരാക്രമഃ 56

| | | | |
|---|---|---|---|
| പിതൃതുല്യ-പരാക്രമഃ | പിതൃതുല്യവിക്രമിയായ | ആദിത്യപഥം ആശ്രിത്യ | ആകാശമാർഗ്ഗത്തിലൂടെ |
| വീരഃ | ശൂരനായ | ഗതക്ലമഃ | ഒട്ടും ക്ഷീണമില്ലാതെ |
| സഃ | ആ | ത്വരിതഃ | ത്വരിതഗതിയായി |
| ഹനുമാൻ | ഹനുമാൻ, | ജഗാമ. | ചെന്നു. |

ജവേന മഹതാ യുക്തോ മാരുതിർമ്മാരുതോ യഥാ
ജഗാമ ഹരിശാർദ്ദൂലോ ദിശഃ ശബ്ദേന പൂരയൻ. 57

| | | | |
|---|---|---|---|
| ഹരിശാർദ്ദൂലഃ | വാനരോത്തമനായ | യുക്തഃ | കൂടിയവനായി |
| മാരുതിഃ | ഹനുമാൻ | ശബ്ദേന | അട്ടഹാസത്താൽ |
| മാരുതഃ | വായുഭഗവാൻ | ദിശഃ | ദിക്കുകളെ |
| യഥാ | എന്നപോലെ | പൂരയൻ | മാറൊലികൊള്ളിച്ചു[കൊണ്ടു് |
| മഹതാ ജവേന | അതിവേഗതയോടു | ജഗാമ. | ഗമനംചെയ്തു. |

സ്മരൻ ജാംബവതോ വാക്യം മാരുതിർവ്വാതരംഹസാ
ദദർശ സഹസാ ചാപി ഹിമവന്തം മഹാകപിഃ 58

| | | | |
|---|---|---|---|
| മഹാകപിഃ | വാനരവീരനായ | വാതരംഹസാ അപി | വായുവിന്റെ ഉഗ്രക്കോടുകൂടിത്തന്നെ |
| മാരുതിഃ | മാരുതി | ഹിമവന്തം | ഹിമാലയപർവ്വതത്തെ |
| ജാംബവതഃ | ജാംബവാന്റെ | സഹസാ | ഉടനെ |
| വാക്യം | വാക്യത്തെ | ദദർശ. | കണ്ടു. |
| സ്മരൻ ച | ഓർത്തുകൊണ്ടുതന്നെ | | |

നാനാപ്രസ്രവണോപേതം ബഹുകന്ദരനിർഝരം
ശ്വേതാഭ്രചയസങ്കാശൈഃ ശിഖരൈശ്ചാരുദർശനൈഃ
ശോഭിതം വിവിധൈർവൃക്ഷൈരഗമത് പർവ്വതോത്തമം 59

| | | | |
|---|---|---|---|
| നാനാപ്രസ്രവണോപേതം | പല വെള്ളച്ചാട്ടങ്ങളോടുകൂടിയതും | ചാരുദർശനൈഃ | ഭംഗിയാന്ന |
| | | ശിഖരൈഃ | കൊടിമുടികളാലും |
| | | വിവിധൈഃ | പല |
| ബഹുകന്ദരനിർഝരം | പല ഗുഹകളും ചോലകളുമുള്ളതും | വൃക്ഷൈഃ | വൃക്ഷങ്ങളാലും |
| | | ശോഭിതം | ഉപശോഭിക്കുന്നതുമായ |
| ശ്വേതാഭ്രചയസങ്കാശൈഃ | വെണ്മുകിൽ നിരയൊത്ത | പർവ്വതോത്തമം | മഹാപർവ്വതത്തെ |
| | | അഗമത്. | പ്രാപിച്ചു. |

സ തം സമാസാദ്യ മഹാനഗേന്ദ്ര-
മതിപ്രവൃദ്ധോത്തമഘോരശൃംഗം
ദദർശ പുണ്യാനി മഹാശ്രമാണി
സുരർഷിസംഘോത്തമസേവിതാനി. 60

| | | | |
|---|---|---|---|
| സഃ | ഹനുമാൻ | സുരർഷിസംഘോത്തമസേവിതാനി | ഉത്തമദേവവൃന്ദങ്ങളാലും ഋഷിഗണങ്ങളാലും നിവസിക്കപ്പെട്ട |
| അതിപ്രവൃദ്ധോത്തമഘോരശൃംഗം | അത്യുന്നതവും അതിഭയങ്കരവുമായ കൊടുമുടികളാന്ന | | |
| തം | ആ | പുണ്യാനി | പാവനങ്ങളായ |
| മഹാനഗേന്ദ്രം | ശ്രേഷ്ഠപർവ്വതത്തെ | മഹാശ്രമാണി | മഹാശ്രമങ്ങളെ |
| സമാസാദ്യ, | അടുത്ത്, | ദദർശ. | വീക്ഷിച്ചു. |

സ ബ്രഹ്മകോശം രജതാലയം ച ശക്രാലയം രുദ്രശരപ്രമോക്ഷം
ഹയാനനം ബ്രഹ്മശിരശ്ച ദീപ്തം ദദർശ വൈവസ്വതകിങ്കരാംശ്ച 61

| | | | |
|---|---|---|---|
| സഃ | ആ ഹനുമാൻ | രുദ്രശരപ്രമോക്ഷം | (രുദ്രൻ ശരങ്ങളെ എയ്ത) രുദ്രപ്രമോക്ഷമെന്ന ആശ്രമത്തേയും |
| ബ്രഹ്മകോശം | (ചതുർമ്മുഖബ്രഹ്മാവിന്റെ സ്ഥാനമായ) ബ്രഹ്മകോശമെന്ന ആശ്രമത്തേയും | ഹയാനനം | (ഹയഗ്രീവാരാധനസ്ഥാനമായ) ഹയാനനമെന്ന ആശ്രമത്തെയും |
| രജതാലയം ച | (രജതനാഭി, അഥവാ ഹിരണ്യഗർഭന്റെ സ്ഥാനമായ) രജതാലയമെന്ന ആശ്രമത്തേയും | ദീപ്തം | ദീപ്തിയാന്നതും |
| | | ബ്രഹ്മശിരഃ ച | (ബ്രഹ്മാവിന്റെ ശിരസ്സിനൊന്നുള്ളിയിട്ട സ്ഥാനമായ) ബ്രഹ്മശിരസ്സെന്ന ആശ്രമത്തേയും |
| ശക്രാലയം | (ഇന്ദ്രന്റെ സ്ഥാനമായ) ശക്രാലയമെന്ന ആശ്രമത്തേയും | വൈവസ്വതകിങ്കരാൻ ച | യമകിങ്കരന്മാരേയും |
| | | ദദർശ. | കണ്ടു. |

വജ്രാലയം വൈശ്രവണാലയം ച
സൂര്യപ്രഭം സൂര്യനിബന്ധനം ച
ബ്രഹ്മാസനം ശങ്കരകാർമ്മുകം ച
ദദർശ നാഭിം ച വസുന്ധരായാഃ 62

| | |
|---|---|
| വജ്രാലയം | (ഇന്ദ്രന്നു് ബ്രഹ്മാവു് വജ്രത്തെക്കൊടുത്ത സ്ഥാനമായ) വജ്രാലയാശ്രമത്തേയും |
| വൈശ്രവണാലയം ച | (കുബേരസ്ഥാനമായ) വൈശ്രവണാലയാശ്രമത്തെയും |
| സൂര്യപ്രഭം | സൂര്യപ്രഭയാന്ന |
| സൂര്യനിബന്ധനം ച | (ആദിത്യന്മാർ കൂടിച്ചേരുന്ന സ്ഥാനമായ) സൂര്യനിബന്ധനമെന്ന ആശ്രമത്തേയും |
| ബ്രഹ്മാസനം | ഋഷികളുടെ സ്ഥാനത്തേയും |
| ശംകരകാർമ്മുകം ച | (ശിവധനുസ്സിൻെറ സ്ഥാനമായ) ശങ്കരകാർമ്മുകമെന്ന ആശ്രമത്തേയും |
| വസുന്ധരായാഃ നാഭിം ച | ഭൂമിക്കിൽനിന്നു് പാതാളത്തിലേക്കു് പ്രവേശിപ്പാനുള്ള രന്ധ്രത്തിൻെറ സ്ഥാനത്തേയും |
| ദദർശ. | സന്ദർശിച്ചു. |

കൈലാസമഗ്ര്യം ഹിമവച്ഛിലാം ച
തഥർഷഭം കാഞ്ചനശൈലമഗ്ര്യം
സംദീപ്തസർവൌഷധിസംപ്രദീപ്തം
ദദർശ സർവ്വൌഷധിപർവ്വതേന്ദ്രം. 63

| | |
|---|---|
| അഗ്ര്യം | ശ്രേഷ്ഠമായ |
| കൈലാസം | കൈലാസപർവ്വതത്തെ |
| ഹിമവച്ഛിലാം ച | ഹിമവച്ഛിലയെന്ന ശിഖരത്തേയും |
| തഥാ | അപ്രകാരം തന്നെ |
| അഗ്ര്യം ഋഷഭം | ഉത്തമമായ ഋഷഭമെന്ന |
| കാഞ്ചനശൈലം | സ്വർണ്ണഗിരിയേയും |
| സംദീപ്തസർവ്വൌഷധിസംപ്രദീപ്തം | ദീപ്തിയാന്ന പല ഓഷധികളാൽ വിളങ്ങുന്ന |
| സർവ്വൌഷധിപർവ്വതേന്ദ്രം | എല്ലാ ഓഷധികൾക്കുമിരിപ്പിടമായ ശ്രേഷ്ഠമായ ഓഷധിപർവ്വതത്തേയും |
| ദദർശ· | ദർശിച്ചു. |

സ തം സമീക്ഷ്യാനലരശ്മിദീപ്തം
വിസിഷ്മിയേ വാസവദൂതസൂനുഃ 64

| | |
|---|---|
| വാസവദൂതസൂനുഃ | ഇന്ദ്രദൂതനായ വായുവിൻെറ പുത്രനായ |
| സഃ | ആ ഹനുമാൻ |
| തം | ആ ഓഷധിപർവ്വതത്തെ |
| അനലരശ്മിദീപ്തം | അഗ്നിയെപ്പോലെ ജ്വലിക്കുന്നതായി |
| സമീക്ഷ്യ | കണ്ടു് |
| വിസിഷ്മിയേ. | വിസ്മയിച്ചു. |

[ഇന്ദ്രൻെറ ആജ്ഞയാൽ മേഘങ്ങളെ പ്രേരിപ്പിക്കുന്നതിനാൽ വാസവദൂതൻ എന്നു് വായുവിന്നു പേർ. "രാഘവായ ദദൌ വായുഃ വാസവേന പ്രചോദിതഃ" എന്നു് ശ്രീരാമപട്ടാഭിഷേകഘട്ടത്തിൽ ഇന്ദ്രൻ കൊടുത്തയച്ച ഹാരത്തെ വായുവാകുന്നു കൊണ്ടുവന്നതു് എന്നും താങ്ക· (ഗോ. രാ.) ]

ആവൃത്യ തം ചൌഷധിപർവ്വതേന്ദ്രം
തത്രൌഷധീനാം വിചയം ചകാര. 65

| | | | |
|---|---|---|---|
| തം | ആ | തത്ര | അവിടെ |
| ഔഷധിപർവ്വതേന്ദ്രം ച | ശ്രേഷ്ഠമായ ഓഷധിപർവ്വതത്തെയും | ഔഷധീനാം | ഓഷധികളെ |
| ആവൃത്യ | ഉടപ്പുക്ക് | വിചയം ചകാര. | തിരഞ്ഞുനടന്നു. |

സ യോജനസഹസ്രാണി സമതീത്യ മഹാകപിഃ
ദിവ്യൌഷധിധരം ശൈലം വ്യചരന്മാരുതാത്മജഃ 66

| | | | |
|---|---|---|---|
| മഹാകപിഃ | വാനരോത്തമനായ | സമതീത്യ | ചാടിക്കടന്നു |
| സഃ | ആ | ദിവ്യൌഷധിധരം | ശ്രേഷ്ഠങ്ങളായ ഔഷധികളുള്ള |
| മാരുതാത്മജഃ | മാരുതി | ശൈലം | പർവ്വതത്തിൽ |
| യോജനസഹസ്രാണി | ആയിരം യോജനകൾ | വ്യചരൻ. | ചുററിസ്സഞ്ചരിച്ചു. |

മഹൌഷധ്യസ്തതഃ സർവ്വാസ്തസ്മിൻ പർവ്വതസത്തമേ
വിജ്ഞായാർത്ഥിനമായാന്തം തതോ ജഗ്മുരദർശനം 67

| | | | |
|---|---|---|---|
| തതഃ | അപ്പോൾ | അർത്ഥിനം | തങ്ങളെ ഉദ്ദേശിച്ച് |
| മഹൌഷധ്യഃ | ദിവ്യൌഷധികൾ | ആയാന്തം | വരുന്നതായി [ഒരുവൻ |
| സർവ്വാഃ | എല്ലാം | വിജ്ഞായ | അറിഞ്ഞ് |
| തസ്മിൻ | ആ | തതഃ | അവിടെനിന്ന് |
| പർവ്വതസത്തമേ | വൻമലയിൽ | അദർശനം ജഗ്മുഃ | മറഞ്ഞുകളഞ്ഞു. |

സ താ മഹാത്മാ ഹനുമാനപശ്യൻ
ചുകോപ കോപാച്ച ഭൃശം നനാദ
അമൃഷ്യമാണോഽഗ്നിനികാശചക്ഷു-
ർമ്മഹീധരേന്ദ്രം തമുവാച വാക്യം. 68

| | | | |
|---|---|---|---|
| സഃ | ആ | നനാദ | ഗർജ്ജിച്ചു; |
| മഹാത്മാ | മഹാത്മാവായ | അമൃഷ്യമാണഃ | പൊറുക്കുവാൻ കഴിയാത്തവനായി |
| ഹനുമാൻ ച | ഹനുമാനും | അഗ്നിനികാശചക്ഷുഃ | തീപോലിരിക്കുന്ന കണ്ണുകളോടുകൂടിയവ[നായി |
| താഃ | അവയെ | തം | ആ |
| അപശ്യൻ | കാണാത്തവനായി | മഹീധരേന്ദ്രം | വൻമലയെ നോക്കി |
| ചുകോപ | കോപിച്ചു. | വാക്യം ഉവാച. | ഇപ്രകാരം ഉരചെയ്തു. |
| കോപാത് | ക്രോധത്താൽ | | |
| ഭൃശം | ഉച്ചത്തിൽ | | |

കിമേതദേവം സുവിനിശ്ചിതം തേ
യദ്രാഘവേ നാസി കൃതാനുകമ്പഃ
പശ്യാദ്യ മദ്ബാഹുബലാഭിഭൂതോ
വികീർണ്ണമാത്മാനമഥോ നഗേന്ദ്ര. 69

| | | | |
|---|---|---|---|
| "രാഘവേ | "ശ്രീരാമന്റെ പേരിൽ | നഗേന്ദ്ര ! | പർവ്വതേന്ദ്ര ! |
| കൃതാനുകമ്പ: | അനുകമ്പയാന്നവനാ | അദ്യ | ഇപ്പോൾ |
| അസി ന | നീ ഇരിക്കുന്നില്ല [യി | മദ്ബാഹു- | എന്റെ ഭുജബലത്താൽ |
| തേ | നിണക്കു് | ബലാഭിഭൂത: | പീഡിക്കപ്പെട്ടവനായ |
| ഏവം | ഇപ്രകാരമുള്ള | ആത്മാനം | നിന്നെ |
| യത് | യാതൊരു | വികീർണ്ണം | ചിതറിക്കിടക്കുന്നവ |
| ഏതത് അഥോ | ഇതുതന്നെയാണൊ | | നായി |
| സുവിനിശ്ചിതം കിം? | ദൃഢനിശ്ചയം ? | പശ്യ." | കണ്ടുകൊൾക." |

സ തസ്യ ശൃംഗം സനഗം സനാഗം
സകാഞ്ചനം ധാതുസഹസ്രജുഷ്ടം
വികീർണ്ണകൂടജ്വലിതാഗ്രസാനും
പ്രഗൃഹ്യ വേഗാത് സഹസോന്മമാഥ. 70

| | | | |
|---|---|---|---|
| സ: | ആ ഹനുമാൻ | വികീർണ്ണകൂട- | ചിതറിയ ശിഖരത്തോ |
| തസ്യ | ആ മലയുടെ | ജ്വലിതാഗ്ര- | ടും തീപ്പൊരിപറപ്പി |
| ധാതുസഹസ്ര- | പലമാതിരി ധാതുക്കൾ | സാനും | ക്കുന്ന സാനുപ്രദേശ |
| ജുഷ്ടം | നിറഞ്ഞ | | ത്തോടുംകൂടിയും |
| ശൃംഗം | ശിഖരത്തെ | വേഗാത് | വേഗത്തിൽ |
| സനഗം | വൃക്ഷങ്ങളടക്കം | പ്രഗൃഹ്യ | പിടിച്ചു് |
| സനാഗം | ഗജങ്ങളടക്കം | സഹസാ | ഊക്കോടെ |
| സകാഞ്ചനം | സ്വർണ്ണങ്ങളോടുകൂടിയും | ഉന്മമാഥ. | പുഴക്കിയെടുത്തു. |

സ തം സമുത്പാട്യ ഖമുത്പപാത
വിത്രാസ്യ ലോകാൻ സസുരാസുരേന്ദ്രാൻ
സംസ്തൂയമാനഃ ഖചരൈരനേകൈർ-
ജഗാമ വേഗാദ്ഗരുഡോഗ്രവേഗഃ. 71

| | | | |
|---|---|---|---|
| സ: | ആ മാരുതി, | ഉത്പപാത | ഉയന്നു |
| തം | അതിനെ | ഗരുഡോഗ്ര- | ഗരുഡതുല്യവേഗതയോ |
| സമുത്പാട്യ | പുഴക്കിയെടുത്തു് | വേഗ: | ന്നവനായി |
| സസുരാ- | ദേവശ്രേഷ്ഠന്മാരും അ | അനേകൈ: | പല |
| സുരേന്ദ്രാൻ | സുരശ്രേഷ്ഠന്മാരുമട | ഖചരൈ: | ആകാശചാരികളാലും |
| ലോകാൻ | ലോകങ്ങളെ [ങ്ങിയ | സംസ്തൂയമാന: | സ്തുതിക്കപ്പെടുന്നവനാ |
| വിത്രാസ്യ | വിറപ്പിച്ചുകൊണ്ടു് | വേഗാത് | അതിവേഗത്തിൽ [യി |
| ഖം | ആകാശത്തിലേക്കു് | ജഗാമ. | തിരിച്ചുചെന്നു. |

സ ഭാസ്കരാദ്ധ്വാനമനുപ്രപന്ന-
സ്തം ഭാസ്കരാഭം ശിഖരം പ്രഗൃഹ്യ
ബഭൌ തദാ ഭാസ്കരസന്നികാശോ
രവേഃ സമീപേ പ്രതിഭാസ്കരാഭഃ 72

| | | | |
|---|---|---|---|
| തദാ | അപ്പോൾ | ഭാസ്കരാദ്ധ്വാനം | ആദിത്യമാൎഗ്ഗത്തെ |
| ഭാസ്കര-സന്നികാശഃ | ആദിത്യതുല്യനായ | അനുപ്രപന്നഃ | പ്രാപിച്ചവനായി |
| സഃ | ആ വാനരൻ | രവേഃ | സൂൎയ്യന്റെ |
| ഭാസ്കരാഭം | സൂൎയ്യതേജസ്സാൎന്ന | സമീപേ | സമീപത്തിൽ |
| തം ശിഖരം | ആ ശിഖരത്തെ | പ്രതിഭാസ്കരാഭഃ | മറ്റൊരു സൂൎയ്യനെന്നപോലെ |
| പ്രഗൃഹ്യ | കൈക്കൊണ്ടു് | ബഭൌ. | വിളങ്ങി. |

സ തേന ശൈലേന ഭൃശം രരാജ
ശൈലോപമോ ഗന്ധവഹാത്മജസ്തു
സഹസ്രധാരേണ സപാവകേന
ചക്രേണ ഖേ വിഷ്ണുരിവാർപ്പിതേന. 73

| | | | |
|---|---|---|---|
| ശൈലോപമഃ | പർവ്വതാകാരനായ | അർപ്പിതേന | വിടപ്പെട്ടതും |
| സഃ | ആ | സഹസ്രധാരേണ | ആയിരംമുനകളോടുകൂടിയതും |
| ഗന്ധവഹാത്മജഃ തു | മാരുതിയും | സപാവകേന | അഗ്നിയോടുകൂടിയതു[മായ |
| തേന | ആ | ചക്രേണ | ചക്രായുധത്താൽ |
| ശൈലേന, | പർവ്വതത്തോടുകൂടി | ഇവ | എന്നപോലെ |
| വിഷ്ണുഃ | വിഷ്ണുഭഗവാൻ | ഭൃശം | ഏറ്റവും |
| ഖേ | ആകാശത്തിൽ | രരാജ. | ശോഭിച്ചു. |

തം വാനരാഃ പ്രേക്ഷ്യ വിനേദുരുച്ചൈഃ
സ താനപി പ്രേക്ഷ്യ മുദാ നനാദ
തേഷാം സമുദ്ഘുഷ്ടരവം നിശമ്യ
ലങ്കാലയാ ഭീമതരം വിനേദുഃ 74

| | | | |
|---|---|---|---|
| തം | ആ ഹനുമാനെ | മുദാ | സന്തോഷത്തോടെ |
| വാനരാഃ | വാനരന്മാർ | നനാദ | ഗർജ്ജിച്ചു |
| പ്രേക്ഷ്യ | കണ്ടു് | ലങ്കാലയാഃ | ലങ്കാനിവാസികൾ |
| ഉച്ചൈഃ | ഉച്ചത്തിൽ | തേഷാം | അവരുടെ |
| വിനേദുഃ | ആർത്തു | സമുദ്ഘുഷ്ടരവം | ഘോഷാരവത്തെ |
| സഃ അപി | ഹനുമാനും | നിശമ്യ | കേട്ടു്, |
| താൻ | അവരെ | ഭീമതരം | അത്യുഗ്രമായി |
| പ്രേക്ഷ്യ | കണ്ടു് | വിനേദുഃ. | അട്ടഹസിച്ചു. |

തതോ മഹാത്മാ നിപപാത തസ്മിൻ
ശൈലോത്തമേ വാനരസൈന്യമദ്ധ്യേ
ഹര്യുത്തമേഭ്യഃ ശിരസാഽഭിവാദ്യ
വിഭീഷണം തത്ര സസ്വജേ ച. 75

| | | | |
|---|---|---|---|
| തതഃ | അപ്പോൾ | സഃ | അദ്ദേഹം |
| മഹാത്മാ | മഹാത്മാവായ ആ ഹനുമാൻ | തത്ര | അവിടെ |
| തസ്മിൻ | ആ | ഹര്യുത്തമേഭ്യഃ | വാനരോത്തമന്മാർക്ക |
| ശൈലോത്തമേ | ത്രികൂടപർവ്വതശ്രേഷ്ഠനിൽ | ശിരസാ | തലകുനിച്ച് |
| വാനരസൈന്യമദ്ധ്യേ | വാനരസൈന്യത്തിന്റെ നടുവിലായി | അഭിവാദ്യ | നമസ്കൃതിചെയ്തു ശേഷം |
| നിപപാത | ഇറങ്ങി; | വിഭീഷണം ച | വിഭീഷണനേയും |
| | | സസ്വജേ. | ആശ്ലേഷിച്ചു: |

താവപ്യുഭൌ മാനുഷരാജപുത്രൌ
തം ഗന്ധമാഘ്രായ മഹൌഷധീനാം
ബഭൂവതുസ്തത്ര തദാ വിശല്യാ-
വുത്തസ്ഥുരന്യേ ച ഹരിപ്രവീരാഃ 76

| | | | |
|---|---|---|---|
| തത്ര | അവിടെ | ആഘ്രായ | ഏല്ക്കുക കാരണം |
| തൌ | ആ | തദാ | അപ്പോൾ |
| മാനുഷരാജപുത്രൌ | ചക്രവർത്തിതനയന്മാരായ | വിശല്യൌ | വ്യഥനീങ്ങിയവരായി |
| ഉഭൌ അപി | ഇരുവരും | ബഭൂവതുഃ | ഭവിച്ചു |
| മഹൌഷധീനാം | ആമഹൌഷധികളുടെ | അന്യേ | മററുള്ള |
| തം ഗന്ധം | ആ വാസനയെ | ഹരിപ്രവീരാഃ ച | വാനരവീരന്മാരും |
| | | ഉത്തസ്ഥുഃ | എഴുന്നേററു. |

സർവ്വേ വിശല്യാ വിരുജഃ ക്ഷണേന
ഹരിപ്രവീരാ നിഹതാശ്ച യേ സ്യുഃ
ഗന്ധേന താസാം പ്രവരൌഷധീനാം
സുപ്താ നിശാന്തേഷു ച സംപ്രബുദ്ധാഃ 77

| | | | |
|---|---|---|---|
| യേ | യാതൊരുവർ | സുപ്താഃ | ഉറങ്ങിക്കിടക്കുന്നവർ |
| നിഹതാഃ സ്യുഃ | മരിച്ചുകിടന്നിരുന്നുവോ, ആ | നിശാന്തേഷു | പ്രഭാതത്തിൽ |
| ഹരിപ്രവീരാഃ | വാനരവീരന്മാർ | ഇവ | എപ്രകാരമോ അപ്രകാരം |
| സർവ്വേ ച | എല്ലാവരുംതന്നെ | സംപ്രബുദ്ധാഃ | ഉണർന്നെഴുന്നേററവരായി |
| താസാം | ആ | ക്ഷണേന | തൽക്ഷണംതന്നെ |
| പ്രവരൌഷധീനാം | ദിവ്യൌഷധികളുടെ | വിശല്യാഃ | വ്രണങ്ങളില്ലാതായി |
| ഗന്ധേന | വാസനയാൽ | വിരുജഃ ച | വേദനയററവരായി ഭവിച്ചു. |

യദാ പ്രഭൃതി ലങ്കായാം യുദ്ധ്യന്തേ കപിരാക്ഷസാഃ
തദാപ്രഭൃതി മാനാൎത്ഥമാജ്ഞയാ രാവണസ്യ ച 78
യേ ഹന്യന്തേ രണേ തത്ര രാക്ഷസാഃ കപികുഞ്ജരൈഃ
ഹതാ ഹതാസ്തു ക്ഷിപ്യന്തേ സൎവ്വ ഏവ തു സാഗരേ. 79

| | |
|---|---|
| ലങ്കായാം | ലങ്കയിൽ |
| കപിരാക്ഷസാഃ | വാനരരാക്ഷസന്മാർ |
| യദാപ്രഭൃതി | എന്നുതുടങ്ങി |
| യുദ്ധ്യന്തേ | പോരാടുവാൻ തുടങ്ങിയോ |
| തദാപ്രഭൃതി ച | അന്നുമുതൽ |
| തത്ര | ആ |
| രണേ | സമരത്തിൽ |
| കപികുഞ്ജരൈഃ | വാനരോത്തമന്മാരാൽ |
| യേ | യാതൊരു |
| രാക്ഷസാഃ | രാക്ഷസന്മാർ |
| ഹന്യന്തേ | ഹനിക്കപ്പെട്ടുവോ, അപ്രകാരം |
| ഹതാഃഹതാഃ തു | മരിച്ചവർ, മരിച്ചവർ |
| സൎവ്വേ ഏവ | എല്ലാവരും |
| മാനാൎത്ഥം | ഇത്രയെന്നു് ശത്രുക്കളാൽ കണക്കാക്കപ്പെടാതിരിപ്പാനായി |
| രാവണസ്യ | രാവണന്റെ |
| ആജ്ഞയാ | കല്പനയാൽ |
| സാഗരേ | കടലിൽ |
| ക്ഷിപ്യന്തേ. | തള്ളപ്പെടുകയാണു് പതിവു്. |

[ലങ്കയിൽ രാക്ഷസർ എത്രപേർ മരിച്ചു്, ബാക്കി ചുരുക്കം പേർ മാത്രമേ ഉള്ള എന്നു് ശത്രുക്കൾ ഗ്രഹിച്ചു് ആക്രമിക്കാതിരിപ്പാനായി. (തിലകം.) സമുദ്രത്തിൽ എറിയപ്പെട്ടതിനാൽ ജന്തുക്കൾ ഭക്ഷിച്ചുപോയിരിക്കുന്നതിനാൽ അവർ ഓഷധിപർവ്വതത്തിന്റെ മഹിമയാൽ രണ്ടാമതും ജീവിച്ചില്ല എന്നു സാരം. കൂടാതെ ഗന്ധം വെള്ളത്തിന്നുള്ളിൽ പ്രവേശിക്കുകയുമില്ലല്ലൊ.]

തതോ ഹരിൎഗന്ധവഹാത്മജസ്തു
തമോഷധീശൈലമുദഗ്രവീൎയ്യഃ
നിനായ വേഗാദ്ധിമവന്തമേവ
പുനശ്ച രാമേണ സമാജഗാമ. 80

| | |
|---|---|
| തതഃ | അപ്പോൾ |
| ഉദഗ്രവീൎയ്യഃ | അതിവീൎയ്യവാനും |
| ഹരിഃ | കപിയുമായ |
| ഗന്ധവഹാത്മജഃ തു | മാരുതിയും |
| തം | ആ |
| ഓഷധീശൈലം | ഓഷധിപൎവ്വതത്തെ |
| ഹിമവന്തം ഏവ | ഹിമവാനിൽ തന്നെ |
| വേഗാത് | വേഗത്തിൽ |
| നിനായ | കൊണ്ടുപോയ്ചേൎത്തു |
| പുനഃ ച | വീണ്ടും |
| രാമേണ | ശ്രീരാമന്റെ അരികിൽ |
| സമാജഗാമ. | വന്നുചേൎന്നു്. |

ഇത്യാൎഷേ ശ്രീമദ്രാമായണേ വാല്മീകീയേ ആദികാവ്യേ യുദ്ധകാണ്ഡേ ചതുഃസപ്തതിതമഃ സൎഗ്ഗഃ=എഴുപത്തിനാലാംസൎഗ്ഗം സമാപ്തം.

ആദ്യം മുതൽ ശ്ലോകസംഖ്യ 18205; യുദ്ധകാണ്ഡം ആദ്യം മുതൽ ശ്ലോകസംഖ്യ 3530.

— — — —

# പഞ്ചസപ്തതിതമഃ സർഗ്ഗഃ = എഴുപത്തഞ്ചാം സർഗ്ഗം.

[വാനരൈഃ രാത്രൌ ലങ്കാദാഹഃ=വാനരന്മാർ രാത്രി ലങ്കയെ തീവെക്കുന്നതു്]

തതോഽബ്രവീന്മഹാതേജാഃ സുഗ്രീവോ വാനരാധിപഃ
അർത്ഥ്യം വിജ്ഞാപയംശ്ചാപി ഹനുമന്തമിദം വചഃ 1

| | | | |
|---|---|---|---|
| മഹാതേജാഃ | മഹാതേജസ്വിയും | വിജ്ഞാപയൻ | സമ്മതം ചോദിച്ചവനായി |
| വാനരാധിപഃ | വാനരേശ്വരനുമായ | ഹനുമന്തം | ഹനുമാനെ നോക്കി |
| സുഗ്രീവഃ ച | സുഗ്രീവനും | വചഃ | ഒരു വാക്യത്തെ |
| തതഃ | അപ്പോൾ | ഇദം | ഇപ്രകാരം |
| അർത്ഥ്യം അപി | (ശ്രീരാമന്റെ) അനുമതി ലഭിക്കപ്പെടേണ്ട ഒരു കാര്യത്തെക്കുറിച്ചു് | അബ്രവീത്. | ഉരചെയ്തു. |

യതോ ഹതഃ കുംഭകർണ്ണഃ കുമാരാശ്ച നിഷൂദിതാഃ
നേദാനീമുപനിർഹാരം രാവണോ ദാതുമർഹതി. 2

| | | | |
|---|---|---|---|
| "കുംഭകർണ്ണഃ | "കുംഭകർണ്ണൻ | രാവണഃ | രാവണൻ |
| ഹതഃ | വധിക്കപ്പെട്ടു; | ഇദാനീം | ഇപ്പോൾ |
| കുമാരാഃ ച | പുത്രന്മാരും | ഉപനിർഹാരം ദാതും | യുദ്ധംചെയ്വാൻ |
| നിഷൂദിതാഃ | നിഗ്രഹിക്കപ്പെട്ടു; | | |
| യതഃ | അതിനാൽ | അർഹതി ന. | വരികയില്ല. |

യേ യേ മഹാബലാഃ സന്തി ലഘവശ്ച പ്ലവംഗമാഃ.
ലങ്കാമഭ്യുത്പതന്ത്വാശു ഗൃഹ്യോല്കാഃ പ്ലവഗർഷഭാഃ 3

| | | | |
|---|---|---|---|
| "മഹാബലാഃ | "മഹാബലശാലികളും | ഉല്കാഃ | പന്തങ്ങൾ |
| ലഘവഃ ച | കൈമിടുക്കുള്ളവരുമായ | ഗൃഹ്യ | എടുത്തുകൊണ്ടു് |
| പ്ലവംഗമാഃ | വാനരന്മാർ | ലങ്കാം | ലങ്കയിലേക്കു് |
| യേ യേ സന്തി | ആരെല്ലാം ഉണ്ടോ ആ | ആശു | വേഗത്തിൽ |
| പ്ലവംഗർഷഭാഃ | വാനരശ്രേഷ്ഠന്മാർ | അഭ്യുത്പതന്തു." | പാഞ്ഞുചെല്ലട്ടെ." |

തതോഽസ്തംഗത ആദിത്യേ രൌദ്രേ തസ്മിൻ നിശാമുഖേ
ലങ്കാമഭിമുഖാഃ സോല്കാ ജഗ്മുസ്തേ പ്ലവഗർഷഭാഃ. 4

| | | | |
|---|---|---|---|
| തതഃ | അപ്പോൾ | നിശാമുഖേ | രാത്രിയുടെ ആരംഭത്തിൽ |
| തേ | ആ | | |
| പ്ലവംഗർഷഭാഃ | വാനരവീരന്മാർ | സോല്കാഃ | പന്തങ്ങളും കയ്യിൽക്കൊണ്ടു് |
| ആദിത്യേ | ആദിത്യൻ | ലങ്കാം | ലങ്കാപുരിയെ |
| അസ്തംഗതേ | അസ്തമിച്ചാറെ | അഭിമുഖാഃ | നോക്കി |
| തസ്മിൻ രൌദ്രേ | ആ ഭയങ്കരമായ | ജഗ്മുഃ | ചെന്നു. |

ഉല്കാഹസ്തൈർഹരിഗണൈഃ സർവ്വതഃ സമഭിദ്രുതാഃ
ആരക്ഷസ്ഥാ വിരൂപാക്ഷാഃ സഹസാ വിപ്രദുദ്രുവുഃ 5

| | | | |
|---|---|---|---|
| വിരൂപാക്ഷാ: | വികൃതേക്ഷണന്മാരായ | ഹരിഗണൈ: | വാനരസമൂഹങ്ങളാൽ |
| ആരക്ഷസ്ഥാ: | കാവല്ക്കാർ | സമഭിദ്രുതാ: | ഭയപ്പെടുത്തപ്പെട്ടവരാ[യി |
| സർവ്വത: | എല്ലാഭാഗങ്ങളിലും | സഹസാ | പെട്ടെന്നു് |
| ഉല്കാഹസ്തൈ: | പന്തങ്ങളേന്തിയ | വിപ്രദുദ്രുവുഃ | ഓടിപ്പോയി. |

ഗോപുരാട്ടപ്രതോളീഷു ചര്യാസു വിവിധാസു ച
പ്രാസാദേഷു ച സംഹൃഷ്ടാഃ സസൃജുസ്തേ ഹുതാശനം. 6

| | | | |
|---|---|---|---|
| തേ | ആ വാനരന്മാർ | വിവിധാസു | പല |
| സംഹൃഷ്ടാഃ | ഉത്സാഹം കൈക്കൊണ്ടവരായി | ചര്യാസു ച | കാവൽസ്ഥലങ്ങളിലും |
| ഗോപുരാട്ട-പ്രതോളീഷു | ഗോപുരങ്ങളിലും തെരുവീഥികളിലും രാജവീഥികളിലും | പ്രാസാദേഷു ച | അരമനകളിലും |
| | | ഹുതാശനം | അഗ്നിയെ |
| | | സസൃജു: | നിക്ഷേപിച്ചു. |

തേഷാം ഗൃഹസഹസ്രാണി ദദാഹ ഹുതഭുക് തദാ. 7

| | | | |
|---|---|---|---|
| തദാ | അപ്പോൾ | ഗൃഹ-സഹസ്രാണി | അനേകായിരം വീടുകളെ |
| ഹുതഭുക് | അഗ്നി | | |
| തേഷാം | അവരുടെ | ദദാഹ. | ദഹിപ്പിച്ചു. |

പ്രാസാദാഃ പർവ്വതാകാരാഃ പതന്തി ധരണീതലേ
അഗരുർദഹ്യതേ തത്ര വരം ച ഹരിചന്ദനം. 8

| | | | |
|---|---|---|---|
| പർവ്വതാകാരാ: | പർവ്വതതുല്യങ്ങളായ | അഗരു: | അകിലും |
| പ്രാസാദാ: | മണിമാളികകൾ | ദഹ്യതേ | ദഹിപ്പിക്കപ്പെടുന്നു |
| ധരണീതലേ | നിലത്തു് | വരം | ദിവ്യമായ |
| പതന്തി | ഇടിഞ്ഞുവീഴുകയായി | ഹരിചന്ദനം | രക്തചന്ദനം |
| തത്ര | ആ മാളികകളിൽ | ച. | വെണ്ണീറാകുന്നു. |

മൌക്തികാ മണയഃ സ്നിഗ്ദ്ധാ വജ്രം ചാപി പ്രവാളകം
ക്ഷൌമം ച ദഹ്യതേ തത്ര കൌശേയം ചാപി ശോഭനം 9
ആവികം വിവിധം ചൌർണ്ണം കാഞ്ചനം ഭാണ്ഡമായുധം
നാനാവികൃതസംസ്ഥാനം വാജിഭാണ്ഡപരിച്ഛദം 10
ഗജഗ്രൈവേയകക്ഷ്യാശ്ച രഥഭാണ്ഡാശ്ച സംസ്കൃതാഃ
തനുത്രാണി ച യോധാനാം ഹസ്ത്യശ്വാനാം ച വർമ്മ ച 11
ഖഡ്ഗാ ധനൂംഷി ജ്യാ ബാണാസ്തോമരാങ്കുശശക്തയഃ
രോമജം വാലജം ചർമ്മ വ്യാഘ്രജം ചാണ്ഡജം ബഹു 12

| | |
|---|---|
| തത്ര | ആ മാളികകളിൽ |
| മൌക്തികാഃ | മുത്തുകളും |
| സ്നിഗ്ദ്ധാഃ | നീരോട്ടമുള്ള |
| മണയഃ ച | രത്നങ്ങളും |
| പ്രവാളകം അപി | പവിഴവും |
| വജ്രം ച | വൈരവും |
| ക്ഷൌമം ച | നാർപട്ടും |
| ശോഭനം | ഭംഗിയാന്ന |
| കൌശേയം ച | പട്ടുനൂൽവസ്ത്രങ്ങളും |
| ആവികം | ആട്ടിൻരോമംകൊണ്ടുള്ള സാലുകളും |
| വിവിധം | പലതരത്തിലുള്ള |
| ഔർണ്ണം ച | കംബളവും |
| കാഞ്ചനം ഭാണ്ഡം | സ്വർണ്ണപ്പാത്രവും |
| ആയുധം | ആയുധവും |
| നാനാവികൃത-സംസ്ഥാനം | പലവിധത്തിൽ ഭംഗിയിൽ വെക്കപ്പെട്ട |
| വാജിഭാണ്ഡ-പരിച്ഛദം | കുതിരക്കോപ്പുകളും ജീനിയും |
| ഗജ-ഗ്രൈവേയ-കക്ഷ്യാഃ ച | ആനയുടെ കഴുത്തിലണിയുന്ന മണികളും ചങ്ങലകളും |
| സംസ്കൃതാഃ | ഭംഗിയാന്ന |
| രഥഭാണ്ഡാഃ | തേർകോപ്പുകളും |
| യോധാനാം | പടയാളികളുടെ |
| തനുത്രാണി | കവചങ്ങളും |
| ഹസ്ത്യശ്വാനാം | ആനകളുടേയും കുതിരകളുടേയും |
| വർമ്മ ച | പോർചട്ടയും |
| ഖഡ്ഗാഃ | ഖഡ്ഗങ്ങളും |
| ധനൂംഷി | വില്ലുകളും |
| ജ്യാഃ | ഞാണുകളും |
| ബാണാഃ | ബാണങ്ങളും |
| തോമരാങ്കുശ-ശക്തയഃ | മുറംത്തടികളും തോട്ടികളും വേലുകളും |
| രോമജം | പലരോമക്കമ്പിളികളും |
| വാലജം | ചാമരവും |
| ചർമ്മ ച | പരിചയും |
| വ്യാഘ്രജം | പുലിത്തോലും |
| അണ്ഡജം ച | കസ്തൂരിയും |
| ച | എന്നിത്യാദിയായ |
| ബഹു അപി | പലതും |
| ദഹ്യതേ. | ദഹിക്കപ്പെടുകയായി. |

മുക്താമണിവിചിത്രാംശ്ച പ്രാസാദാംശ്ച സമന്തതഃ
വിവിധാനസ്ത്രസംയോഗാനഗ്നിർദഹതി തത്ര വൈ. 13

| | |
|---|---|
| അഗ്നിഃ | അഗ്നി |
| തത്ര | അവിടെ |
| സമന്തതഃ വൈ | എല്ലാഭാഗങ്ങളിലും |
| മുക്താമണി-വിചിത്രാൻ | മുത്തുകളാലും രത്നങ്ങളാലുമലങ്കരിക്കപ്പെട്ട |
| പ്രാസാദാൻ ച | അരമനകളേയും |
| വിവിധാൻ | പല |
| അസ്ത്രസം-യോഗാൻ ച | അസ്ത്രജാലങ്ങളേയും |
| ദഹതി. | ഭസ്മീകരിക്കുന്നു. |

നാനാവിധാൻ ഗൃഹച്ഛന്ദാൻ ദദാഹ ഹുതഭുക്തദാ
ആവാസാൻ രാക്ഷസാനാം ച സർവ്വേഷാം ഗൃഹഗർദ്ധിനാം. 14

| | |
|---|---|
| തദാ | അപ്പോൾ |
| ഹുതഭുക് | അഗ്നി |
| നാനാവിധാൻ | പലവിധ |
| ഗൃഹച്ഛന്ദാൻ | വീട്ടുസാമാനങ്ങളേയും |
| ഗൃഹഗർദ്ധിനാം | ഗൃഹസ്ഥന്മാരായ |
| രാക്ഷസാനാം | രാക്ഷസന്മാർ |
| സർവ്വേഷാം | എല്ലാവരുടേയും |
| ആവാസാൻ ച | വസതികളേയും |
| ദദാഹ. | ചുട്ടെരിച്ചു. |

ഹേമചിത്രതനുത്രാണാം സ്രഗ്ദാമാംബരധാരിണാം
ശീധുപാനചലാക്ഷാണാം മദവിഹ്വലഗാമിനാം 15
കാന്താലംബിതവസ്ത്രാണാം ശത്രുസഞ്ജാതമന്യൂനാം
ഗദാശൂലാസിഹസ്താനാം ഖാദതാം പിബതാമപി 16
ശയനേഷു മഹാർഹേഷു പ്രസുപ്താനാം പ്രിയൈഃ സഹ
ത്രസ്താനാം ഗച്ഛതാം തൂർണ്ണം പുത്രാനാദായ സർവ്വതഃ 17
തേഷാം ശതസഹസ്രാണി തദാ ലങ്കാനിവാസിനാം
അദഹത് പാവകസ്തത്ര ജജ്ജ്വാല ച പുനഃ പുനഃ 18

| | |
|---|---|
| ഹേമചിത്ര-തനുത്രാണാം | സ്വർണ്ണത്താലഴകാർന്ന കവചങ്ങളണിഞ്ഞവരും |
| സ്രഗ്ദാമാംബര-ധാരിണാം | പൂമാലകളും വസ്ത്രങ്ങളും ധരിച്ചവരും |
| ശീധുപാന-ചലാക്ഷാണാം | മധുപാനത്താൽ ചുഴലുന്ന കണ്ണുകളോടുകൂടിയവരും |
| മദവിഹ്വല-ഗാമിനാം | ലഹരികൊണ്ടു് കുഴഞ്ഞു നടക്കുന്നവരും |
| കാന്താ-ലംബിത-വസ്ത്രാണാം | കാന്തമാരാൽ പിടിച്ചിഴക്കപ്പെട്ട വസ്ത്രങ്ങളോടു കൂടിയവരും |
| ശത്രുസഞ്ജാത-മന്യൂനാം | ശത്രുക്കളെക്കുറിച്ചു് വാശിപൂണ്ടവരായി |
| ഗദാശൂലാസി-ഹസ്താനാം | ഗദ, ശൂലം, വാൾ എന്നവയെ കയ്യിലെടുത്തവരും |
| ഖാദതാം | ഉണ്ണുന്നവരും |
| പിബതാം | കുടിക്കുന്നവരും |
| മഹാർഹേഷു | വിശേഷപ്പെട്ട |
| ശയനേഷു | തല്പങ്ങളിൽ |
| പ്രിയൈഃ സഹ | കാമുകന്മാരോടുകൂടി |
| പ്രസുപ്താനാം | നിദ്രചെയ്യുന്നവരും |
| ത്രസ്താനാം | പേടിച്ചുവിറച്ചു് |
| പുത്രാൻ | പുത്രന്മാരെ |
| ആദായ | എടുത്തുകൊണ്ടു് |
| സർവ്വതഃ | നാലുപാടും |
| തൂർണ്ണം | വേഗത്തിൽ |
| ഗച്ഛതാം അപി | മണ്ടുന്നവരുമായ |
| തേഷാം | ആ |
| ലങ്കാ-നിവാസിനാം | ലങ്കാപുരനിവാസികൾ |
| ശത-സഹസ്രാണി | എത്രയോ ആയിരം പേരെ |
| പാവകഃ | അഗ്നി |
| തദാ | അപ്പോൾ |
| തത്ര | അവിടെ |
| അദഹത് | ചുട്ടുകരിച്ചു |
| ച | എന്നിട്ടും |
| പുനഃ പുനഃ ജജ്ജ്വാല. | മേല്ക്കുമേൽ കത്തിജ്ജ്വലിച്ചുകൊണ്ടിരുന്നു. |

സാരവന്തി മഹാർഹാണി ഗംഭീരഗുണവന്തി ച
ഹേമചന്ദ്രാർദ്ധചന്ദ്രാണി ചന്ദ്രശാലോന്നതാനി ച 19
രത്നചിത്രഗവാക്ഷാണി സാധിഷ്ഠാനാനി സർവ്വശഃ
മണിവിദ്രുമചിത്രാണി സ്പൃശന്തീവ ദിവാകരം 20
ക്രൗഞ്ചബർഹിണവീണാനാം ഭൂഷണാനാം ച നിസ്വനൈഃ
നാദിതാന്യചലാഭാനി വേശ്മാന്യഗ്നിർദദാഹ സഃ 21

| | |
|---|---|
| സ: അഗ്നി: | ആ അഗ്നി |
| സാരവന്തി | ഉറപ്പുള്ളവയും |
| മഹാർഹാണി | അത്യുത്തമങ്ങളും |
| ഗംഭീരഗുണവന്തി ച | അപൂർവ്വങ്ങളായ ഗുണങ്ങളാന്നവയും |
| ഹേമചന്ദ്രാർദ്ധചന്ദ്രാണി | സ്വർണ്ണ നിർമ്മിതങ്ങളായ ചന്ദ്രബിംബങ്ങളോടും അർദ്ധചന്ദ്രബിംബങ്ങളോടും കൂടിയ |
| ചന്ദ്രശാലോന്നതാനി ച | ഉയന്ന നിലാമേടകളോടുകൂടിയവയും |
| രത്നചിത്രഗവാക്ഷാണി | രത്നങ്ങളാലലങ്കരിക്കപ്പെട്ട ജനലുകളോടു |
| സർവ്വശ: | എങ്ങും [കൂടിയവയും |
| സാധിഷ്ഠാനാനി | ആസനങ്ങടം, തല്പങ്ങളെന്നിവ നിറഞ്ഞവയും |
| മണിവിദ്രുമചിത്രാണി | രത്നങ്ങളാലും പവിഴങ്ങളാലും മനോഹരമാക്കപ്പെട്ടവയും |
| ദിവാകരം സ്പൃശന്തി ഇവ | ആദിത്യനെ സ്പർശിക്കുന്നപോലിരിക്കുന്നവയും |
| ക്രൌഞ്ചബർഹിണവീണാനാം | ക്രൌഞ്ചം, മയിൽ, വീണ എന്നവയുടേയും |
| ഭൂഷണാനാം | ആഭരണങ്ങളുടേയും |
| നി:സ്വനൈഃ | ഒലികളാൽ |
| നാദിതാനി | ശബ്ദിക്കപ്പെട്ടവയും |
| അചലാഭാനി ച | പർവ്വതതുല്യങ്ങളുമായ |
| വേശ്മാനി | മാളികകളെ |
| ദദാഹ. | ചുട്ടെരിച്ചു. |

ജ്വലനേന പരീതാനി തോരണാനി ചകാശിരേ
വിദ്യുദ്ഭിരിവ നദ്ധാനി മേഘജാലാനി ഘർമ്മഗേ. 22

| | |
|---|---|
| ജ്വലനേന | ചെന്തീയാൽ |
| പരീതാനി | ചൂഴപ്പെട്ട |
| തോരണാനി | കമാനവാതിലുകഠം |
| ഘർമ്മഗേ | വേനൽപോക്കിൽ |
| വിദ്യുദ്ഭി: | മിന്നൽപിണരുകളാൽ |
| നദ്ധാനി | ചൂഴപ്പെട്ട |
| മേഘജാലാനി | മുകിൽമാലകഠം |
| ഇവ | എന്നപോലെ |
| ചകാശിരേ | വിലസി. |

ജ്വലനേന പരീതാനി നിപേതുർഭവനാന്യഥ
വജ്രിവജ്രഹതാനീവ ശിഖരാണി മഹാഗിരേഃ. 23

| | |
|---|---|
| അഥ | അപ്പോഠം |
| ജ്വലനേന | അഗ്നിജ്വാലകൊണ്ട് |
| പരീതാനി ച | എങ്ങും ചൂററപ്പെട്ട |
| ഭവനാനി | ഗൃഹങ്ങഠം |
| മഹാഗിരേഃ | വന്മലയുടെ |
| ശിഖരാണി | ശിഖരങ്ങഠം |
| വജ്രിവജ്രഹതാനി | ഇന്ദ്രന്റെ വജ്രായുധത്താൽ ഹനിക്കപ്പെട്ടവ |
| ഇവ | എന്നപോലെ |
| നിപേതുഃ | നിലത്തുപതിച്ചു. |

വിമാനേഷു പ്രസുപ്താശ്ച ദഹ്യമാനാ വരാംഗനാഃ
ത്യക്താഭരണസർവ്വാംഗാ ഹാ ഹേത്യുച്ചൈർവ്വിചുക്രുശുഃ. 24

| | |
|---|---|
| വിമാനേഷു | വിമാനങ്ങളിൽ |
| പ്രസുപ്താ: | ഉറങ്ങിക്കിടന്നിരുന്ന |
| വരാംഗനാഃ | നല്ലാർമണികഠം |
| ദഹ്യമാനാ: | ദഹിപ്പിക്കപ്പെട്ട് |
| ച | അതിനാൽ |
| ത്യക്താഭരണസർവ്വാംഗാ: | സർവ്വാവയവങ്ങളിലുമുള്ള ആഭരണങ്ങളെ ഊരിയെറിഞ്ഞവരായി |
| ‘ഹാ ഹാ’ ഇതി | ‘അയ്യോ. അയ്യോ, എന്നു’ |
| ഉച്ചൈ: | ഉറക്കെ |
| വിചുക്രുശു: | നിലവിളിച്ചു. |

താനി നിർദ്ദഹ്യമാനാനി ദൂരതഃ പ്രചകാശിരേ
ഹിമവച്ഛിഖരാണീവ ദീപ്തൌഷധിവനാനി ച. 25

| | | | |
|---|---|---|---|
| ദൂരതഃ | ഉയരത്തിൽനിന്നു് | ഹിമവച്ഛിഖരാണി | ഹിമവാന്റെ ശിഖരങ്ങൾ |
| നിർദ്ദഹ്യമാനാനി | ദഹിപ്പിക്കപ്പെടുന്ന | ഇവ | എന്നപോലെ |
| താനി | ആ വിമാനങ്ങൾ | പ്രചകാശിരേ. | പ്രകാശിച്ചു. |
| ദീപ്തൌഷധിവനാനി ച | ജ്വലിക്കുന്ന ഓഷധിവനങ്ങളുള്ള | | |

ഹർമ്മ്യാഗ്രൈർദ്ദഹ്യമാനൈശ്ച ജ്വാലാപ്രജ്വലിതൈരപി
രാത്രൌ സ ദൃശ്യതേ ലങ്കാ പുഷ്പിതൈരിവ കിംശുകൈഃ. 26

| | | | |
|---|---|---|---|
| സാ | ആ | ഹർമ്മ്യാഗ്രൈഃ | അരമനകളുടെ അഗ്രഭാഗങ്ങളോടുകൂടിയവ |
| ലങ്കാ അപി | ലങ്കാപുരിയും | പുഷ്പിതൈഃ | പൂത്തുനില്ക്കുന്ന [ധായി |
| രാത്രൌ | രാത്രിയിൽ | കിംശുകൈഃ | പലാശവൃക്ഷങ്ങളോടു |
| ജ്വാലാപ്രജ്വലിതൈഃ | ജ്വാലകൾ പടർന്നുപിടിച്ചു് | ഇവ | എന്നപോലെ[ക്കൂടിയവ |
| ദഹ്യമാനൈഃ ച | ദഹിക്കുന്ന | ദൃശ്യതേ. | കാണപ്പെട്ടു. |

ഹസ്ത്യദ്ധ്യക്ഷൈർഗ്ഗജൈർമ്മുക്തൈർമ്മുക്തൈശ്ച തുരഗൈരപി
ബഭ്രുവ ലങ്കാ ലോകാന്തേ ഭ്രാന്തഗ്രാഹ ഇവാർണ്ണവഃ 27

| | | | |
|---|---|---|---|
| ഹസ്ത്യദ്ധ്യക്ഷൈഃ | ആനപ്പാപ്പാന്മാരാൽ | ലങ്കാ | ലങ്കാനഗരം |
| മുക്തൈഃ | കെട്ടഴിച്ചുവിടപ്പെട്ട | ലോകാന്തേ | പ്രളയകാലത്തിൽ |
| ഗജൈഃ | ആനകളാലും | ഭ്രാന്തഗ്രാഹഃ | അങ്ങുമിങ്ങും ഓടുന്ന മുതലകളോടുകൂടിയ |
| ച | അപ്രകാരംതന്നെ | | |
| മുക്തൈഃ | വിടപ്പെട്ട | അർണ്ണവഃ ഇവ | സമുദ്രംപോലെ |
| തുരഗൈഃ അപി | കുതിരകളാലും | ബഭ്രുവ. | ആയിത്തീർന്നു. |

അശ്വം മുക്തം ഗജോ ദൃഷ്ട്വാ കച്ചിദ്ഭീതോഽപസർപ്പതി
ഭീതോ ഭീതം ഗജം ദൃഷ്ട്വാ കച്ചിദശ്വോ നിവർത്തതേ 28

| | | | |
|---|---|---|---|
| കച്ചിത് | ചിലേടം | ഭീതം | മിരണ്ടോടുന്ന |
| മുക്തം | അഴിച്ചുവിടപ്പെട്ട | ഗജം ദൃഷ്ട്വാ | ആനയെ കണ്ടു് |
| അശ്വം ദൃഷ്ട്വാ | കുതിരയെ കണ്ടു് | അശ്വഃ ഭീതഃ | കുതിര പരിഭ്രമിച്ചു് |
| ഗജഃ ഭീതഃ | ആന ഭയപ്പെട്ടു് | കച്ചിത് | വല്ലേടവും |
| അപസർപ്പതി | പായുന്നു; | നിവർത്തതേ. | ഓടിപ്പോകുന്നു. |

ലങ്കായാം ദഹ്യമാനായാം ശുശുഭേ സ മഹാർണ്ണവഃ
ഛായാസംസക്തസലിലോ ലോഹിതോദ ഇവാർണ്ണവഃ 29

| | | | |
|---|---|---|---|
| ലങ്കായാം | ലങ്കാപുരം | സഃ | ആ |
| ദഹ്യമാനായാം | കത്തുന്നസമയം | മഹാർണ്ണവഃ | വൻകടൽ |
| ഛായാസംസക്തസലിലഃ | വെള്ളത്തിൽ (തീജ്വാലകളുടെ) നിഴലാടുന്നതായ | ലോഹിതോദഃ | ചെന്നീരാർന്ന |
| | | അർണ്ണവഃ ഇവ | കടൽ എന്നപോലെ |
| | | ശുശുഭേ. | വിളങ്ങി. |

സാ ബഭൂവ മുഹൂർത്തേന ഹരിഭിർദ്ദീപിതാ പുരീ
ലോകസ്യാസ്യ ക്ഷയേ ഘോരേ പ്രദീപ്തേവ വസുന്ധരാ. 30

| | | | |
|---|---|---|---|
| മുഹൂർത്തേന | ഒരുക്ഷണനേരംകൊണ്ടു | ലോകസ്യ | ലോകത്തിന്റെ |
| ഹരിഭിഃ | വാനരന്മാരാൽ | ഘോരേ | ഭയങ്കരമായ |
| ദീപിതാ | തീവെക്കപ്പെട്ടതായ | ക്ഷയേ | പ്രളയത്തിൽ |
| സാ | ആ | പ്രദീപ്താ | ചുട്ടെരിച്ച |
| പുരീ, | നഗരം, | വസുന്ധരാ ഇവ | ഭൂമിപോലെ |
| അസ്യ | ഈ | ബഭൂവ. | ആയ്ത്തീൎന്നു. |

നാരീജനസ്യ ധൂമേന വ്യാപ്തസ്യോച്ചൈർവിനേദുഷഃ
സ്വനോ ജ്വലനതപ്തസ്യ ശുശ്രുവേ ദശയോജനം. 31

| | | | |
|---|---|---|---|
| ജ്വലനതപ്തസ്യ | അഗ്നിയാൽ തപിപ്പിക്കപ്പെട്ടു | നാരീജനസ്യ | സ്ത്രീസമൂഹങ്ങളുടെ |
| ധൂമേന വ്യാപ്തസ്യ | പുകചുഴററി | സ്വനഃ | ശബ്ദം |
| ഉച്ചൈഃ | ഉച്ചത്തിൽ | ദശയോജനം | പത്തുയോജനദൂരത്തോളം |
| വിനേദുഷഃ | മുറവിളികൂട്ടുന്ന | ശുശ്രുവേ. | കേൾക്കപ്പെട്ടു. |

പ്രദഗ്ദ്ധകായാനപരാൻ രാക്ഷസാൻ നിർഗ്ഗതാൻ ബഹിഃ
സഹസാഽഭ്യുത്പതന്തി സ്മ ഹരയോഽത്ര യുയുത്സവഃ 32

| | | | |
|---|---|---|---|
| ഹരയഃ | വാനരന്മാർ | അപരാൻ | ചില |
| അഥ | അപ്പോൾ | രാക്ഷസാൻ | രാക്ഷസന്മാരെ |
| പ്രദഗ്ദ്ധകായാൻ | ശരീരം വെന്തു | സഹസാ | ഊക്കോടെ |
| | | യുയുത്സവഃ | പൊരുതുവാനായി |
| ബഹിഃ | പുറത്തു | അഭ്യുത്പതന്തി സ്മ. | ഏററടുത്തു. |
| നിർഗതാൻ | വന്നവരായ | | |

ഉദ്ഘുഷ്ടം വാനരാണാം ച രാക്ഷസാനാം ച നിഃസ്വനഃ
ദിശോ ദശ സമുദ്രം ച പൃഥിവീം ചാന്വനാദയത്. 33

| | | | |
|---|---|---|---|
| വാനരാണാം | വാനരന്മാരുടെ | അന്വനാദയത് | മുഴക്കി; |
| ഉദ്ഘുഷ്ടം | ആർപ്പുവിളി | രാക്ഷസാനാം | രാക്ഷസന്മാരുടെ |
| ദശ ദിശഃ | പത്തു ദിക്കുകളേയും | നിഃസ്വനഃ ച | കോലാഹലവും |
| സമുദ്രം ച | സമുദ്രത്തേയും | ച. | അപ്രകാരംതന്നെ മുഴക്കി. |
| പൃഥിവീം ച | ഭൂമണ്ഡലത്തേയും | | |

വിശല്യൌ തു മഹാത്മാനൌ താവുഭൌ രാമലക്ഷ്മണൌ
അസംഭ്രാന്തൌ ജഗൃഹതുസ്തേ ഉഭേ ധനുഷീ വരേ. 34

| | | | |
|---|---|---|---|
| തദാ | അപ്പോൾ | വിശല്യൌ | വ്യഥയററവരായി |
| തൌ | ആ | അസംഭ്രാന്തൌ | പരിഭ്രമംകൂടാതെ |
| മഹാത്മാനൌ | മഹാത്മാക്കളായ | ഉഭേ വരേ | രണ്ടുശ്രേഷ്ഠങ്ങളായ |
| രാമലക്ഷ്മണൌ | ശ്രീരാമലക്ഷ്മണന്മാർ | ധനുഷീ | വില്ലുകളെ |
| ഉഭൌ തു, | ഇരുവരും, | ജഗൃഹതുഃ | കൈക്കൊണ്ടു. |

തതോ വിസ്ഫാരയാനസ്യ രാമസ്യ ധനുരുത്തമം
ബഭൂവ തുമുലഃ ശബ്ദോ രാക്ഷസാനാം ഭയാവഹഃ 35

| | | | |
|---|---|---|---|
| തതഃ | അ സമയം | രാക്ഷസാനാം | രാക്ഷസന്മാൎക്ക് |
| രാമസ്യ | ശ്രീരാമൻ | ഭയാവഹഃ | ഭയത്തെ വിളയിക്കുന്ന |
| ഉത്തമം | ഉത്തമമായ | തുമുലഃ | ഗംഭീരമായ [തായ |
| ധനുഃ | കോദണ്ഡത്തെ | ശബ്ദഃ | ശബ്ദം |
| വിസ്ഫാരയാനസ്യ | ടങ്കാരംചെയ്യുന്നേരം | ബഭൂവ. | ഉണ്ടായി. |

അശോഭത തദാ രാമോ ധനുൎവ്വിസ്ഫാരയൻ മഹത്
ഭഗവാനിവ സംക്രുദ്ധോ ഭവോ വേദമയം ധനുഃ 36

| | | | |
|---|---|---|---|
| തദാ | ആ സമയം | സംക്രുദ്ധഃ | കോപത്തോടെ |
| രാമസ്യ | ശ്രീരാമൻ | വിസ്ഫാരയൻ | ടംകാരംചെയ്യുന്ന |
| മഹത് | മഹത്തായ | ഭഗവാൻ | സൎവ്വേശ്വരനായ |
| വേദമയം | വേദമയമായ | ഭവഃ ഇവ, | രുദ്രമൂൎത്തി എന്നപോ |
| ധനുഃ | ധനുസ്സിനെ | അശോഭത. | വിളങ്ങി. [ലെ |

[ത്രിപുരസംഹാരാവസരത്തിൽ ഭഗവാനായ രുദ്രമൂൎത്തി സാവിത്രിയാകുന്ന ഞാണോടുകൂടിയ സൎവ്വവേദാത്മസാരമായ ഓങ്കാരധനുസ്സിൽ വിഷ്ണുവിനെ ശരമായും, അഗ്നിയെ ശല്യമായും യമനെ പുംഖമായും കയ്ക്കൊണ്ടു എന്നു് ഭാരതം ആനുശാസനികം 265-ാം അദ്ധ്യായത്തിൽ പറഞ്ഞിട്ടുണ്ടു്. "സ തഥോക്തസ്തഥേത്യുക്ത്വാ കൃത്വാ വിഷ്ണും ശരോത്തമം ശല്യമഗ്നിം തഥാ കൃത്വാ പുംഖം വൈവസ്വതം യമം. ഓങ്കാരം ച ധനുഃ സൎവ്വാഞ്ജ്യാം ച സാവിത്രീമുത്തമാം. ബ്രഹ്മാണം സാരഥിം കൃത്വാ വിനിയുജ്യ ച സൎവ്വശഃ ത്രിപൎവ്വണാ ത്രിശല്യേന തേന താനി ബിഭേദ സഃ."

"വേദമയം ധനുഃ" (വേദോക്തമായ ലക്ഷണത്തോടുകൂടിയ വില്ലിനെ); അഥവാ "പ്രാണേശ്വരഃ കൃത്തിവാസാഃ പിനാകീ" എന്ന ശ്രുതിവാക്യത്താൽ പ്രതിപാദിക്കപ്പെട്ട മഹിമയോടുകൂടിയതു്. (എന്നു് ഗോ. രാ.)]

ഉദ്ഘുഷ്ടം വാനരാണാം ച രാക്ഷസാനാം ച നിഃസ്വനം
ജ്യാശബ്ദസ്താവുഭൌ ശബ്ദാവതി രാമസ്യ ശുശ്രുവേ. 37

| | | | |
|---|---|---|---|
| വാനരാണാം | വാനരന്മാരുടെ | ശബ്ദൌ | ശബ്ദങ്ങളെക്കാൾ |
| ഉദ്ഘുഷ്ടം ച | ഗൎജ്ജനവും | അതി | മേലെയായി |
| രാക്ഷസാനാം | രാക്ഷസന്മാരുടെ | രാമസ്യ | ശ്രീരാഘവന്റെ |
| നിസ്വനം ച | നിലവിളിയും ആയ | ജ്യാശബ്ദഃ | ഞാണൊലി |
| തൌ ഉഭൌ | ആ രണ്ടു | ശുശ്രുവേ. | കേൾക്കപ്പെട്ടു. |

വാനരോദ്ഘുഷ്ടഘോഷശ്ച രാക്ഷസാനാം ച നിഃസ്വനഃ
ജ്യാശബ്ദശ്ചാപി രാമസ്യ ത്രയം വ്യാപ ദിശോ ദശ. 38

| | | | |
|---|---|---|---|
| വാനരോദ്ഘുഷ്ടഘോഷഃ ച | വാനരന്മാരുടെ ആൎപ്പുവിളിയും | രാമസ്യ | ശ്രീരാമന്റെ |
| | | ജ്യാശബ്ദഃ ച | ഞാണൊലിയും |
| | | ത്രയം അപി | മൂന്നും |
| രാക്ഷസാനാം | രാക്ഷസന്മാരുടെ | ദശ ദിശഃ | പത്തുദിക്കുകളിലും |
| നിഃസ്വനഃ ച | നിലവിളിയും | വ്യാപ | വ്യാപിച്ചു. |

തസ്യ കാർമ്മുകമുക്തൈശ്ച ശരൈസ്തത് പുരഗോപുരം
കൈലാസശൃംഗപ്രതിമം വികീർണ്ണമപതദ്ഭുവി. 39

| | | | |
|---|---|---|---|
| തസ്യ | ശ്രീരാമന്റെ | തത് | ആ |
| കാർമ്മുക-മുക്തൈ: | കോദണ്ഡത്തിൽനിന്നു പുറപ്പെട്ട | പുരഗോപുരം ച | നഗരഗോപുരം |
| ശരൈ: | ബാണങ്ങളാൽ | വികീർണ്ണം | തകർന്നു് |
| കൈലാസ-ശൃംഗപ്രതിമം | കൈലാസശിഖരത്തിന്നു തുല്യമായ | ഭുവി | നിലത്തു് |
| | | അപതത് | പതിച്ചു. |

തതോ രാമശരാൻ ദൃഷ്ട്വാ വിമാനേഷു ഗൃഹേഷു ച
സന്നാഹോ രാക്ഷസേന്ദ്രാണാം തുമുലഃ സമപദ്യത 40

| | | | |
|---|---|---|---|
| തത: | അപ്പോൾ | രാക്ഷസേ-ന്ദ്രാണാം | രാക്ഷസ ശ്രേഷ്ഠന്മാരുടെ |
| വിമാനേഷു ച | അരമനകളിലും | സന്നാഹ: | യുദ്ധസന്നാഹം |
| ഗൃഹേഷു ച | ഭവനങ്ങളിലും | തുമുല: | കലശലായ് |
| രാമശരാൻ | ശ്രീരാമബാണങ്ങളെ | സമപദ്യത. | ഉണ്ടായി. |
| ദൃഷ്ട്വാ | കണ്ടു് | | |

തേഷാം സംനഹ്യമാനാനാം സിംഹനാദം ച കുർവ്വതാം
ശർവ്വരീ രാക്ഷസേന്ദ്രാണാം രൌദ്രീവ സമപദ്യത. 41

| | | | |
|---|---|---|---|
| തേഷാം | ആ | സിംഹനാദം | സിംഹനാദം |
| രാക്ഷസേ-ന്ദ്രാണാം | രാക്ഷസോത്തമന്മാർ | കുർവ്വതാം ച | മുഴക്കുകയും ചെയ്യു |
| സംനഹ്യ-മാനാനാം | യുദ്ധത്തിന്നായി ഒരുക്കൂട്ടുകയും | ശർവ്വരീ | ആ രാത്രി [മ്പോഴും |
| | | ഇവ രൌദ്രീ | തീരെ ഭയങ്കരമായി |
| | | സമപദ്യത. | ഭവിച്ചു. |

ആദിഷ്ടാ വാനരേന്ദ്രാസ്തു സുഗ്രീവേണ മഹാത്മനാ
ആസന്നദ്വാരമാസാദ്യ യുദ്ധ്യധ്വം പ്ലവഗർഷഭാഃ 42
യശ്ച വോ വിതഥം കുർയ്യാത് തത്ര തത്ര ഹ്യുപസ്ഥിതഃ
സ ഹന്തവ്യോ ഹി സംപ്ലുത്യ രാജശാസനദൂഷകഃ. 43

| | | | |
|---|---|---|---|
| "പ്ലവഗർഷഭാ:! | "വാനരന്മാരെ! | സ: | അവൻ |
| ആസന്നദ്വാരം ആസാദ്യ | അവനവന്നു് അടുത്തുള്ള ഗോപുരദ്വാരത്തെ | ഹി | അക്കാരണത്താൽ |
| യുദ്ധ്യധ്വം | എതിർപ്പിൻ [പ്രാപിച്ചു് | സംപ്ലുത്യ | ചെന്നുപിടിച്ചു് |
| വ: | നിങ്ങളിൽ | ഹന്തവ്യ: | കൊല്ലപ്പെടേണ്ടവനാണു് |
| യ: ച | ആരൊരുത്തൻ | ഹി " | നിശ്ചയം" എന്നിപ്ര |
| തത്ര തത്ര | അവിടവിടെ | മഹാത്മനാ | മഹാത്മാവായ [കാരം |
| ഉപസ്ഥിത: | തങ്ങിനിന്നു് | സുഗ്രീവേണ | സുഗ്രീവനാൽ |
| വിതഥം കുർയ്യാത് | കാര്യത്തിന്നു് വീഴ്ചവരുത്തുന്നുവോ | തു | അപ്പോൾ |
| രാജശാസന-ദൂഷക: | രാജശാസനയെ കെടുക്കുന്ന | വാനരേന്ദ്രാ: | വാനരശ്രേഷ്ഠന്മാർ |
| | | ആദിഷ്ടാ: | ആജ്ഞാപിക്കപ്പെട്ടു. |

തേഷു വാനരമുഖ്യേഷു ദീപ്തോല്കോജ്ജ്വലപാണിഷു
സ്ഥിതേഷു ദ്വാരമാസാദ്യ രാവണം മന്യുരാവിശത്. 44

| | | | |
|---|---|---|---|
| തേഷു | ആ | ആസാദ്യ | അടുത്ത് |
| വാനരമുഖ്യേഷു | വാനരശ്രേഷ്ഠന്മാർ | സ്ഥിതേഷു | എതിർത്തുനിന്നാറെ |
| ദീപ്തോല്കോജ്ജ്വലപാണിഷു | കയ്യിൽ കത്തുന്ന പന്തങ്ങളോടുകൂടിയവരായി | രാവണം | രാവണനെ |
| | | മന്യുഃ | ക്രോധം |
| ദ്വാരം | കോട്ടവാതിലിനെ | ആവിശത്. | കലശലായിബാധിച്ചു. |

തസ്യ ജൃംഭിതവിക്ഷേപാദ്വ്യാമിശ്രാ വൈ ദിശോ ദശ
രൂപവാനിവ രുദ്രസ്യ മന്യുർഗാത്രേഷ്വദൃശ്യത. 45

| | | | |
|---|---|---|---|
| തസ്യ ജൃംഭിതവിക്ഷേപാത് | അവൻ നിവർന്ന് അംഗങ്ങൾ കടഞ്ഞതിനാൽ | രൂപവാൻ | മൂർത്തിമത്തായ |
| ദശ ദിശഃ വൈ | പത്തുദിക്കുകളും | മന്യുഃ ഇവ | കോപമോ എന്നുതോന്നുമാറ് |
| വ്യാമിശ്രാഃ | ചിതറിപ്പോയി | ഗാത്രേഷു | അവയവങ്ങളിൽ |
| രുദ്രസ്യ | ശ്രീരുദ്രഭഗവാന്റെ | അദൃശ്യത | കാണപ്പെട്ടു. |

സ നികുംഭം ച കുംഭം ച കുംഭകർണ്ണാത്മജാവുഭൌ
പ്രേഷയാമാസ സംക്രുദ്ധോ രാക്ഷസൈർബ്ബഹുഭിഃ സഹ 46

| | | | |
|---|---|---|---|
| സംക്രുദ്ധഃ സഃ | അതിക്രുദ്ധനായ അവൻ | ഉഭൌ ച | ഇരുവരേയും |
| നികുംഭം | നികുംഭനും | ബഹുഭിഃ | പല |
| കുംഭം ച | കുംഭനുമായ | രാക്ഷസൈഃ സഹ | രാക്ഷസന്മാരോടുകൂടി |
| കുംഭകർണ്ണാത്മജൌ | കുംഭകർണ്ണപുത്രന്മാർ | പ്രേഷയാമാസ | പറഞ്ഞയച്ചു. |

യൂപാക്ഷഃ ശോണിതാക്ഷശ്ച പ്രജംഘഃ കമ്പനസ്തഥാ
നിര്യ്യയുഃ കൌംഭകർണ്ണിഭ്യാം സഹ രാവണശാസനാത്. 47

| | | | |
|---|---|---|---|
| രാവണശാസനാത് | രാവണന്റെ ആജ്ഞയാൽ | തഥാ | അപ്രകാരംതന്നെ |
| യൂപാക്ഷഃ | യൂപാക്ഷനും | കമ്പനഃ | കമ്പനനും |
| ശോണിതാക്ഷഃ ച | ശോണിതാക്ഷനും | കൌംഭകർണ്ണിഭ്യാം സഹ | കുംഭകർണ്ണാത്മജന്മാരോടുകൂടി |
| പ്രജംഘഃ | പ്രജംഘനും | നിര്യ്യയുഃ | പുറപ്പെട്ടു. |

ശശാസ ചൈവ താൻ സർവ്വാൻ രാക്ഷസാൻ സുമഹാബലാൻ
രാക്ഷസാ ഗച്ഛതാദ്യൈവ സിംഹനാദം ച നാദയൻ 48

| | | | |
|---|---|---|---|
| "രാക്ഷസാഃ | "രാക്ഷസന്മാരേ! | സുമഹാബലാൻ ച | അതിബലശാലികളായ |
| അദ്യ ഏവ | ഇപ്പോൾതന്നെ | താൻ രാക്ഷസാൻ | ആ രാക്ഷസന്മാർ |
| ഗച്ഛത" | ചെല്ലുവിൻ" എന്നിങ്ങിനെ | സർവ്വാൻ ഏവ | എല്ലാവരേയും |
| സിംഹനാദം ച നാദയൻ | ഗർജ്ജിച്ചുംകൊണ്ട് | ശശാസ | ആ രാവണൻ നിയോഗിച്ചു. |

തതസ്തു ചോദിതാസ്തേന രാക്ഷസാ ജ്വലിതായുധാഃ
ലങ്കായാ നിര്യയുർവ്വീരാഃ പ്രണദന്തഃ പുനഃ പുനഃ 49

| | |
|---|---|
| തതഃ | അപ്പോൾ |
| തേന | അവനാൽ |
| ചോദിതാഃ | ആജ്ഞാപിക്കപ്പെട്ട |
| രാക്ഷസാഃ വീരാഃ തു | രാക്ഷസവീരന്മാരും |
| ജ്വലിതായുധാഃ | തിളങ്ങുന്നആയുധങ്ങൾ കയ്യ്ക്കൊണ്ടവരായി |
| പുനഃ പുനഃ | വീണ്ടും വീണ്ടും |
| പ്രണദന്തഃ | അട്ടഹസിക്കുന്നവരായി |
| ലങ്കായാഃ | ലങ്കയിൽനിന്നു് |
| നിര്യയുഃ. | പുറപ്പെട്ടുചെന്നു. |

രക്ഷസാം ഭൂഷണസ്ഥാഭിർഭാഭിഃ സ്വാഭിശ്ച സർവ്വശഃ
ചക്രുസ്തേ സപ്രഭം വ്യോമ ഹരയശ്ചാഗ്നിഭിഃ സഹ 50

| | |
|---|---|
| തേ ഹരയഃ | ആ വാനരന്മാർ |
| അഗ്നിഭിഃ സഹ | പന്തങ്ങളോടുംകൂടി |
| സ്വാഭിഃ ഭാഭിഃ ച | തങ്ങടെ പ്രഭകളാലും |
| രക്ഷസാം | രാക്ഷസന്മാരുടെ |
| ഭൂഷണസ്ഥാഭിഃ ച | ആഭരണങ്ങളിലുള്ള കാന്തികളാലും |
| വ്യോമ | ആകാശത്തെ |
| സർവ്വശഃ | എങ്ങും |
| സപ്രഭം ചക്രുഃ | പ്രകാശമാനമാക്കി. |

തത്ര താരാധിപസ്യാഭാ താരാണാം ച തഥൈവ ച
തയോരാഭരണസ്ഥാ ച ബലയോർദ്യാമഭാസയൻ 51

| | |
|---|---|
| തത്ര | അപ്പോൾ |
| താരാധിപസ്യ | ചന്ദ്രന്റെ |
| ആഭാ ച | കാന്തിയും |
| താരാണാം ച | നക്ഷത്രങ്ങളുടേയും |
| തഥാ ഏവ | അപ്രകാരംതന്നെ |
| തയോഃ | ആ |
| ബലയോഃ | ഇരുസൈന്യങ്ങളുടെ |
| ആഭരണസ്ഥാ ച | ആഭരണങ്ങളിലുള്ള [പ്രഭയും |
| ദ്യാം | ആകാശത്തെ |
| അഭാസയൻ. | മിന്നിത്തിളങ്ങിച്ചു. |

ചന്ദ്രാഭാ ഭൂഷണാഭം ച ഗൃഹാണാം ജ്വലതാം ച ഭാ
ഹരിരാക്ഷസസൈന്യാനി ഭ്രാജയാമാസ സർവ്വതഃ 52

| | |
|---|---|
| ചന്ദ്രാഭാ | ചന്ദ്രകാന്തിയും |
| ഭൂഷണാഭ ച | ഭൂഷണശോഭയും |
| ജ്വലതാം | കത്തിജ്ജ്വലിക്കുന്ന |
| ഗൃഹാണാം | ഭവനങ്ങളുടെ |
| ഭാ ച | ജ്യോതിസ്സും |
| ഹരിരാക്ഷസസൈന്യാനി | വാനരസൈന്യങ്ങളേയും രാക്ഷസ സേനകളേയും |
| സർവ്വതഃ | എങ്ങും |
| ഭ്രാജയാമാസ. | പ്രകാശിപ്പിച്ചു. |

തത്ര ചോർദ്ധ്വം പ്രദീപ്താനാം ഗൃഹാണാം സാഗരഃ പുനഃ
ഭാഭിഃ സംസക്തപാതാളശ്ചലോർമ്മിഃ ശുശുഭേഽധികം 53

| | |
|---|---|
| തത്ര | അപ്പോൾ |
| ചലോർമ്മിഃ | അലകളിളകിമറിയുന്ന |
| സാഗരഃ പുനഃ | ആഴിയും |
| ഊർദ്ധ്വം | മേല്പോട്ടു് |
| പ്രദീപ്താനാം | കത്തിപ്പടർന്ന |
| ഗൃഹാണാം | ഭവനങ്ങളുടെ |
| ഭാഭിഃ | പ്രതിച്ഛായകളാൽ |
| സംസക്തപാതാളഃ ച | പാതാളം മുട്ടുവോളം, |
| അധികം | അതിയായി |
| ശുശുഭേ. | വിളങ്ങി. |

പതാകാധ്വജസംസക്തമുത്തമാസിപരശ്വധം
ഭീമാശ്വരഥമാതംഗം നാനാപത്തിസമാകുലം 54
ദീപ്തശൂലഗദാഖഡ്ഗപ്രാസതോമരകാർമ്മുകം
തദ്രാക്ഷസബലം ഘോരം ഭീമവിക്രമപൌരുഷം 55
ദദൃശേ ജ്വലിതപ്രാസം കിങ്കിണീശതനാദിതം
ഹേമജാലാചിതഭുജം വ്യാമിശ്രിതപരശ്വധം 56
വ്യാഘൂർണ്ണിതമഹാശസ്ത്രം ബാണസംസക്തകാർമ്മുകം
ഗന്ധമാല്യമധൂത്സേകസംമോദിതമഹാനിലം 57
ഘോരം ശൂരജനാകീർണ്ണം മഹാംബുധരനിഃസ്വനം 58

| | |
|---|---|
| തത് | ആ |
| ഘോരം | ഉഗ്രവും |
| ഭീമവിക്രമപൌരുഷം | ഭയങ്കരമായ പൌരുഷവും ബലവുമാൎന്നതുമായ |
| രാക്ഷസബലം | രാക്ഷസപ്പട |
| പതാകാധ്വജസംസക്തം | കൊടികളോടും കൊടിക്കൂറകളോടുംകൂടിയതായി |
| ഉത്തമാസിപരശ്വധം, | ശ്രേഷ്ഠമായ ഖഡ്ഗങ്ങളോടും കോടാലികളോടും കൂടിയതായി |
| ഭീമാശ്വരഥമാതംഗം | ഭയങ്കരമായ കുതിരകളോടും രഥങ്ങളോടും ആനകളോടും കൂടിയതായി |
| നാനാപത്തിസമാകുലം | പല കാലാൾപ്പടകൾ നിറഞ്ഞതായി |
| ദീപ്തശൂലഗദാഖഡ്ഗപ്രാസതോമരകാർമ്മുകം | മിന്നിത്തിളങ്ങുന്ന ശൂലങ്ങൾ ഗദകൾ ഖഡ്ഗങ്ങൾ നെടുംകുന്തങ്ങൾ ഏൎകുന്തങ്ങൾ വില്ലുകൾ എന്നവ കൈക്കൊണ്ടതായി |
| ജ്വലിതപ്രാസം | ഉജ്ജ്വലിക്കുന്ന കുന്തങ്ങളുള്ളതായി |
| കിങ്കിണീശതനാദിതം | പല കിങ്ങിണികളുടെ കിലുക്കത്തോടുകൂടിയതായി |
| ഹേമജാലാചിതഭുജം | സ്വൎണ്ണക്കോപ്പുകളണിഞ്ഞ കൈകളാൎന്നതായി |
| വ്യാമിശ്രിതപരശ്വധം | ചുഴററപ്പെടുന്ന വെണ്മഴുക്കളുള്ളതായി |
| വ്യാഘൂർണ്ണിതമഹാശസ്ത്രം | വീശപ്പെട്ട വലിയ ആയുധങ്ങളോടുകൂടിയതായി |
| ബാണസംസക്തകാർമ്മുകം | ശരങ്ങൾ തൊടുത്ത വില്ലുകളോടുകൂടിയതായി |
| ഗന്ധമാല്യമധൂത്സേകസംമോദിതമഹാനിലം, | ചന്ദനം പുഷ്പം നല്ല മധു എന്നവയുടെ വാസനകളാൎന്ന കാററൊടിടകലൎന്നതായി |
| മഹാംബുധരനിഃസ്വനം | വന്മേഘങ്ങളുടെ എന്നപോലുള്ള മുഴക്കത്തോടുകൂടിയതായി, |
| ശൂരജനാകീർണ്ണം | ശൂരന്മാരാൽ നിറയപ്പെട്ടതായി |
| ഘോരം | ഭയങ്കരമായി |
| ദദൃശേ. | കാണപ്പെട്ടു. |

തദ്ദൃഷ്ട്വാ ബലമായാന്തം രാക്ഷസാനാം സുദാരുണം
സംചചാല പ്ലവംഗാനാം ബലമുച്ചൈർന്നനാദ ച 59

| | | | |
|---|---|---|---|
| പ്ലവംഗാനാം | വാനരന്മാരുടെ | ആയാന്തം | എതിർത്തുവരുന്നതായി |
| ബലം | സൈന്യം | ദൃഷ്ട്വാ | കണ്ട് |
| രാക്ഷസാനാം | രാക്ഷസന്മാരുടെ | സംചചാല | ഇളകി |
| സുദാരുണം | അതഭയങ്കരമായ | ഉച്ചൈഃ ച | അത്യുച്ചത്തിൽ |
| തത് ബലം | ആ സൈന്യത്തെ | നനാദ. | ഗർജ്ജിച്ചു. |

ജവേനാപ്ലുത്യ ച പുനസ്തദ്ബലം രക്ഷസാം മഹത്
അഭ്യയാത് പ്രത്യരിബലം പതംഗാ ഇവ പാവകം. 60

| | | | |
|---|---|---|---|
| രക്ഷസാം | രാക്ഷസന്മാരുടെ | ആപ്ലുത്യ | കുതിച്ച് |
| തത് | ആ | അരിബലം | ശത്രുസൈന്യത്തെ |
| മഹത് | വമ്പിച്ച | പ്രതി | നോക്കി |
| ബലം | സേന | പതംഗാഃ | പാററകൾ |
| പുനഃ ച | എന്നിട്ടും | പാവകം ഇവ | തീയ്യിനെ എന്നപോ |
| ജവേന | അതിവേഗത്തിൽ | അഭ്യയാത് | അടുത്തു. [ലെ |

തേഷാം ഭുജപരാമർശവ്യാമൃഷ്ടപരിഘാശനി
രാക്ഷസാനാം ബലം ശ്രേഷ്ഠം ഭൂയസ്തരമശോഭത. 61

| | | | |
|---|---|---|---|
| തേഷാം | ആ | ഭുജപരാമർശ-വ്യാമൃഷ്ട-പരിഘാശനി | കൈപ്പെരുമാററത്താൽ ഒളിചിതരുന്ന ഇരിമ്പുലയ്ക്ക വജ്രം എന്നവയോടു കൂടിയതായി |
| രാക്ഷസാനാം | രാക്ഷസന്മാരുടെ | ഭൂയസ്തരം | അത്യധികം |
| ശ്രേഷ്ഠം | ശ്രേഷ്ഠമായ | അശോഭത | ശോഭിച്ചു. |
| ബലം | സൈന്യം | | |

തതോന്മത്താ ഇവോത്പേതുർഹരയോऽഥ യുയുത്സവഃ
തരുശൈലൈരഭിഘ്നന്തോ മുഷ്ടിഭിശ്ച നിശാചരാൻ. 62

| | | | |
|---|---|---|---|
| അഥ | അപ്പോൾ | തരുശൈലൈഃ | വൃക്ഷങ്ങൾകൊണ്ടും പർവ്വതങ്ങൾകൊണ്ടും |
| യുയുത്സവഃ | യുദ്ധോത്സുകരായ | മുഷ്ടിഭിഃ ച | മുഷ്ടികൾകൊണ്ടും |
| ഹരയഃ | വാനരന്മാർ | അഭിഘ്നന്തഃ | പ്രഹരിക്കുന്നവരായി |
| തത്ര | അവിടെ | ഉന്മത്താഃ ഇവ | ഭ്രാന്തുപിടിച്ചവരെന്ന |
| നിശാചരാൻ | രാക്ഷസന്മാരെ | ഉത്പേതുഃ. | ചാടിയേററു. [പോലെ |

തഥൈവാപതതാം തേഷാം കപീനാമസിഭിഃ ശിതൈഃ
ശിരാംസി സഹസാ ജഹ്രൂ രാക്ഷസാ ഭീമദർശനാഃ 63

| | | | |
|---|---|---|---|
| ഭീമദർശനാഃ | ഭയങ്കരസ്വരൂപികളായ | ആപതതാം | ഏററടുക്കുന്ന |
| രാക്ഷസാഃ | രാക്ഷസന്മാർ | തേഷാം | ആ |
| ശിതൈഃ | തീക്ഷ്ണങ്ങളായ | കപീനാം | വാനരന്മാരുടെ |
| അസിഭിഃ | ഖഡ്ഗങ്ങൾകൊണ്ട് | ശിരാംസി | ശിരസ്സുകളെ |
| തഥാ ഏവ | അപ്രകാരം | സഹസാ | ഊക്കോടെ |
| | | ജഹ്രുഃ. | വെട്ടി വീഴ്ത്തി. |

ദശനൈർഹൃതകർണ്ണാശ്ച മുഷ്ടിനിഷ്ഠീർണ്ണമസ്തകാഃ
ശിലാപ്രഹാരഭഗ്നാംഗാ വിചേരുസ്തത്ര രാക്ഷസാഃ 64

| | | | |
|---|---|---|---|
| രാക്ഷസാഃ | രാക്ഷസന്മാർ | ശിലാപ്രഹാര- ഭഗ്നാംഗാഃ | കല്ലേറുകൾകൊണ്ടു് അംഗങ്ങൾ മുറിഞ്ഞവരായി |
| ദശനൈഃ | കടികൾകൊണ്ടു് | | |
| ഹൃതകർണ്ണാഃ ച | കാതില്ലാത്തവരായി | | |
| മുഷ്ടിനിഷ്ഠീ- ർണ്ണമസ്തകാഃ | മുഷ്ടികളാൽ മണ്ടയുടഞ്ഞവരായി | തത്ര | അവിടെ |
| | | വിചേരുഃ | ചുററിത്തിരിഞ്ഞു. |

തഥൈവാപ്യപരേ തേഷാം കപീനാമഭിലക്ഷിതാഃ
പ്രവീരാനഭിതോ ജഘ്നുസ്തു രാക്ഷസാനാം തരസ്വിനാം. 65

| | | | |
|---|---|---|---|
| തേഷാം കപീനാം | ആ വാനരന്മാരിൽ | രാക്ഷസാനാം പ്രവീരാൻ | രാക്ഷസവീരന്മാരെ |
| അപരേ | മററു ചില | | |
| അഭില- ക്ഷിതാഃ അപി | വമ്പന്മാരും | അഭിതഃ | നാലുഭാഗത്തുനിന്നും |
| | | തഥാ ഏവ | അപ്രകാരംതന്നെ |
| തരസ്വിനാം | ബലശാലികളായ | ജഘ്നുഃ | മട്ടിച്ചു. |

അഭിപേതുർമ്മഹാകായാഃ പ്രതിയുക്താ മഹാബലാഃ
രാക്ഷസാ വാനരാൻ രോഷാദസിബാണഗദാധരാഃ 66

| | | | |
|---|---|---|---|
| മഹാകായാഃ | ഭീമകായന്മാരും | രോഷാത് | വാശിയോടെ |
| മഹാബലാഃ | അതിബലശാലികളുമായ | | |
| രാക്ഷസാഃ | രാക്ഷസന്മാർ | വാനരാൻ | വാനരന്മാരെ |
| അസിബാണ- ഗദാധരാഃ | ഖഡ്ഗം ബാണം ഗദയെന്നിവ കയ്യിൽക്കൊണ്ടു് | പ്രതിയുക്താ അഭിപേതുഃ | എതിർത്തു് പൊരുതു. |

തഥൈവാപ്യപരേ തേഷാം കപീനാമസിഭിഃ ശിതൈഃ
ഹരിവീരാൻ നിജഘ്നുശ്ച ഘോരരൂപാ നിശാചരാഃ 67

| | | | |
|---|---|---|---|
| ഘോരരൂപാഃ | ഭയങ്കരരൂപികളായ | അസിഭിഃ | ഖഡ്ഗങ്ങൾകൊണ്ടു് |
| അപരേ | മററു ചില | തേഷാം | ആ |
| നിശാചരാഃ ച | രാക്ഷസന്മാരും | കപീനാം | വാനരന്മാരിൽ വെച്ചു് |
| തഥാ ഏവ | അപ്രകാരംതന്നെ | ഹരിവീരാൻ അപി | വീരന്മാരായ വാനരന്മാരെയും |
| ശിതൈഃ | നിശിതങ്ങളായ | നിജഘ്നുഃ | വെട്ടി. |

ഘ്നന്തമന്യം ജഘാനാന്യഃ പാതയന്തമപാതയത്
ഗർഹമാണം ജഗർഹേഽന്യോ ദശന്തമപരോഽദശത്. 68

| | | | |
|---|---|---|---|
| ഘ്നന്തം അന്യം | അടിക്കുന്ന ഒരുവനെ | ഗർഹമാണം | പുച്ഛിക്കുന്ന ഒരുവനെ |
| അന്യഃ ജഘാന | മറെറാരുവൻ അടിച്ചു | അന്യഃ | മറെറാരുവൻ |
| പാതയന്തം | പിടിച്ചുതള്ളുന്ന ഒരുവനെ | ജഗർഹേ | ഭർത്സിച്ചു |
| | | ദശന്തം | കടിക്കുന്ന ഒരുവനെ |
| അപാതയത് | മറെറാരുവൻ തള്ളിയിട്ടു | അപരഃ | വേറൊരുവൻ |
| | | അദശത് | കടിച്ചു. |

ദേഹീത്യന്യോ ദദാത്യന്യോ ദദാമീത്യപരഃ പുനഃ
കിം ക്ലേശയസി തിഷ്ഠേതി തത്രാന്യോന്യം ബഭാഷിരേ. 69

| | | | |
|---|---|---|---|
| "ദേഹി" ഇതി | "അടിക്കു് കാണട്ടെ" | "കിം | "എന്തേ |
| അന്യഃ | ഒരുത്തൻ [എന്നു് | ക്ലേശയസി? | കഷ്ടനിക്കുന്നതു്? |
| "ദദാതി" | "അതിനെ വാങ്ങിക്കോ" | തിഷ്ഠ" | നിൽക്കു് കാണട്ടെ" |
| അന്യഃ | എന്നു് ഒരുത്തൻ | ഇതി | എന്നിത്യാദിയായി |
| "ദദാമി" ഇതി | "ഞാൻതന്നെ തരുന്നുണ്ടു്" എന്നു് | തത്ര | അപ്പോൾ |
| | | അന്യോന്യം | തമ്മിൽ തമ്മിൽ |
| അപരഃ പുനഃ | മറെറാരുത്തൻ | ബഭാഷിരേ. | വീരവാദം പറഞ്ഞു |

വിപ്രലംബിതവസ്ത്രം ച വിമുക്തകവചായുധം
സമുദ്യതമഹാപ്രാസം യഷ്ടിശൂലാസിസങ്കുലം
പ്രാവർത്തത മഹാരൗദ്രം യുദ്ധം വാനരരക്ഷസാം. 70

| | | | |
|---|---|---|---|
| വാനരരക്ഷസാം യുദ്ധം | വാനരരാക്ഷസന്മാരുടെ പോരാട്ടം | സമുദ്യത- മഹാപ്രാസം | നെടുകുന്തങ്ങളോങ്ങിയും |
| വിപ്രലംബിത- വസ്ത്രം | ഉടുപ്പുകൾ കിഴിഞ്ഞും | യഷ്ടിശൂലാസി- സങ്കുലം ച | വടികൾ. ശൂലങ്ങൾ, ഖഡ്ഗങ്ങൾ നിറഞ്ഞും |
| വിമുക്ത- കവചായുധം | കവചങ്ങളും ആയുധങ്ങളും തെറിച്ചും | മഹാരൗദ്രം | അതിദാരുണമാം വണ്ണം |
| | | പ്രാവർത്തത. | നടന്നു. |

വാനരാൻ ദശ സപ്തേതി രാക്ഷസാ ജഘ്നുരാഹവേ. 71

| | | | |
|---|---|---|---|
| രാക്ഷസാഃ | രാക്ഷസന്മാർ | സപ്ത | ഏഴും |
| ആഹവേ | പോരിൽ | ദശ ഇതി | പത്തുമായി |
| വാനരാൻ | വാനരന്മാരെ | ജഘ്നുഃ. | കൊന്നു. |

രാക്ഷസാൻ ദശ സപ്തേതി വാനരാശ്ചാഭ്യപാതയൻ 72

| | | | |
|---|---|---|---|
| വാനരാഃ ച | വാനരന്മാരും | സപ്ത ദശ ഇതി | ഏഴു പത്തുമായി |
| രാക്ഷസാൻ | രാക്ഷസന്മാരെ | അഭ്യപാതയൻ. | വീഴ്ത്തി. |

വിസ്രസ്തകേശവസനം വിധ്വസ്തകവചധ്വജം
ബലം രാക്ഷസമാലംബ്യ വാനരാഃ പര്യവാരയൻ 73

| | | | |
|---|---|---|---|
| വാനരാഃ | വാനരന്മാർ | രാക്ഷസം | രാക്ഷസ |
| വിസ്രസ്ത- കേശവസനം | തലമുടിയും വസ്ത്രങ്ങളും അഴിഞ്ഞു് | ബലം | സൈന്യത്തെ |
| വിധ്വസ്ത- കവചധ്വജം | കവചങ്ങളും കൊടികളും തകൎക്കപ്പെട്ടു് ഓടുന്നതായ | ആലംബ്യ | തടുത്തു് |
| | | പര്യവാരയൻ. | ചുഴന്നു നിന്നു. |

ഇത്യാർഷേ ശ്രീമദ്രാമായണേ വാൽമീകീയേ ആദികാവ്യേ യുദ്ധകാണ്ഡേ
പഞ്ചസപ്തതിതമഃ സർഗ്ഗഃ = എഴുപത്തഞ്ചാം സർഗ്ഗം സമാപ്തം
ആദ്യം മുതൽ ശ്ലോകസംഖ്യ 18278; യുദ്ധകാണ്ഡം ആദ്യം മുതൽ ശ്ലോകസംഖ്യ 3608

—oo—

## ഷട്‌സപ്തതിമഃ സർഗ്ഗഃ = എഴുപത്താറാംസർഗ്ഗം

[കംഭവധഃ=കംഭവധം]

പ്രവൃത്തേ സങ്കുലേ തസ്മിൻ ഘോരേ വീരജനക്ഷയേ
അംഗദം കമ്പനോ വീരമാസസാദ രണോത്സുകഃ 1

| | | | |
|---|---|---|---|
| തസ്മിൻ | ആ | രണോത്സുകഃ | യുദ്ധോത്സുകനായ |
| ഘോരേ | ഭയങ്കരവും | കമ്പനഃ | കമ്പനൻ |
| വീരജനക്ഷയേ | വീരന്മാർക്കു നാശമുണ്ടാ | വീരം | വീരനായ |
| സങ്കുലേ | കൂട്ടപ്പോർ[ക്കുന്നതുമായ | അംഗദം | അംഗദനെ |
| പ്രവൃത്തേ | നടന്നുകൊണ്ടിരിക്കെ | ആസസാദ. | ഏററടുത്തു. |

ആഹൂയ സോऽംഗദം കോപാത്താഡയാമാസ വേഗിതഃ
ഗദയാ കമ്പനഃ പൂർവ്വം സ ചചാല ഭൃശാഹതഃ 2

| | | | |
|---|---|---|---|
| സഃ | ആ | ഗദയാ | ഗദകൊണ്ടു |
| കമ്പനഃ | കമ്പനൻ | വേഗിതഃ | ഊററക്കോടെ |
| കോപാത് | കോപത്തോടെ | താഡയാമാസ | താഡിച്ചു. |
| ആഹൂയ | പോർക്കു വിളിച്ചു | സഃ | ആ അംഗദൻ |
| പൂർവ്വം | ആദ്യം | ഭൃശാഹതഃ | പ്രഹരമേററു |
| അംഗദം | അംഗദനെ | ചചാല. | ഒന്നുലഞ്ഞു. |

സ സംജ്ഞാം പ്രാപ്യ തേജസ്വീ ചിക്ഷേപ ശിഖരം ഗിരേഃ
അർദ്ദിതശ്ച പ്രഹാരേണ കമ്പനഃ പതിതോ ഭുവി 3

| | | | |
|---|---|---|---|
| തേജസ്വീ | പ്രതാപശാലിയായ | ചിക്ഷേപ | വീശി എറിഞ്ഞു |
| സഃ | അവൻ | കമ്പനഃ ച | കമ്പനനും |
| സംജ്ഞാം | ബോധം | പ്രഹാരേണ | ആ പ്രഹരത്താൽ |
| പ്രാപ്യ | തെളിഞ്ഞു | അർദ്ദിതഃ | പ്രാണൻവെടിഞ്ഞു |
| ഗിരേഃ | പർവ്വതത്തിന്റെ | ഭുവി | ഭൂമിയിൽ |
| ശിഖരം | ഒരു ശിഖരത്തെ | പതിതഃ | വീണു. |

തതസ്തു കമ്പനം ദൃഷ്ട്വാ ശോണിതാക്ഷോ ഹതം രണേ
രഥേനാഭ്യപതത് ക്ഷിപ്രം തത്രാംഗദമഭീതവത് 4

| | | | |
|---|---|---|---|
| തതഃ | അപ്പോഠ | തത്ര | ആ സമയം |
| ശോണിതാക്ഷഃ തു | ശോണിതാക്ഷനും | അംഗദം | അംഗദനെ |
| കമ്പനം | കമ്പനനെ | അഭീതവത് | തെല്ലും കൂസാതെ |
| രണേ | പോരിൽ | ക്ഷിപ്രം | അതിവേഗത്തിൽ |
| ഹതം | കൊല്ലപ്പെട്ടവനായി | രഥേന | രഥത്തോടുകൂടി |
| ദൃഷ്ട്വാ | കണ്ടു | അഭ്യപതത് | എതിർത്തു. |

സോഽങ്ഗദം നിശിതൈർബാണൈസ്തദാ വിവ്യാധ വേഗിതഃ
ശരീരദാരണൈസ്തീക്ഷ്ണൈഃ കാലാഗ്നിസമവിഗ്രഹൈഃ 5

| | |
|---|---|
| തദാ | അപ്പോൾ |
| സഃ | അവൻ |
| അംഗദം | അംഗദനെ |
| വേഗിതഃ | വാശിയോടു കൂടിയവനായി |
| നിശിതൈഃ | കൂർത്തവയും |
| തീക്ഷ്ണൈഃ | കഠിനങ്ങളും |
| ശരീരദാരണൈഃ | ശരീരത്തെ പിളക്കുന്നവയും |
| കാലാഗ്നി-സമ-വിഗ്രഹൈഃ | പ്രളയാഗ്നിയൊത്ത വടിവോടു കൂടിയവയുമായ |
| ബാണൈഃ | ബാണങ്ങൾകൊണ്ടു് |
| വിവ്യാധ | എയ്തു. |

ക്ഷുരക്ഷുരപ്രൈർനാരാചൈർവത്സദന്തൈഃ ശിലീമുഖൈഃ
കർണ്ണിശല്യവിപാഠൈശ്ച ബഹുഭിർനിശിതൈഃ ശരൈഃ 6
അംഗദഃ പ്രതിവിദ്ധാംഗോ വാലിപുത്രഃ പ്രതാപവാൻ
ധനുരുഗ്രം രഥം ബാണാൻ മമർദ്ദ തരസാ ബലീ. 7

| | |
|---|---|
| പ്രതാപവാൻ | പ്രതാപശാലിയും |
| ബലീ | ബലവാനും |
| വാലിപുത്രഃ | ബാലിപുത്രനുമായ |
| അംഗദഃ | അംഗദൻ |
| ക്ഷുര-ക്ഷുരപ്രൈഃ | കത്തിയമ്പുകൾ, കത്തിരക്കളമ്പുപോലെയുള്ള ക്ഷുരപ്രങ്ങൾ, എന്നവകൊണ്ടും |
| നാരാചൈഃ | എഴുത്താണിയമ്പുകൾ കൊണ്ടും |
| വത്സദന്തൈഃ | വത്സദന്തങ്ങളെന്ന |
| ശിലീമുഖൈഃ | (വേൽപോലെ മുഖമുള്ള) ശിലീമുഖങ്ങൾ കൊണ്ടും |
| കർണ്ണിശല്യ-വിപാഠൈഃ ച | ത്രികോണാകൃതിയിലുള്ള കർണ്ണികൾ, ഒരുഭാഗം ഉരുണ്ടും ഒരുഭാഗം പരന്നതുമുള്ള ശല്യങ്ങൾ, അരിവാളിന്റെ അഗ്രം പോലെയുള്ള വിപാഠങ്ങൾ, എന്നവകൊണ്ടും |
| നിശിതൈഃ | കൂർത്ത |
| ബഹുഭിഃ | പല |
| ശരൈഃ | ബാണങ്ങൾകൊണ്ടും |
| പ്രതിവിദ്ധാംഗഃ | ദേഹത്തിൽ തുളയ്ക്കപ്പെട്ടവനായി |
| തരസാ | ഊക്കോടെ |
| ഉഗ്രം | ഭയങ്കരമായ |
| ധനുഃ | ധനുസ്സിനേയും |
| രഥം | രഥത്തിനേയും |
| ബാണാൻ | ബാണങ്ങളേയും |
| മമർദ്ദ | തകർത്തു. |

ശോണിതാക്ഷസ്തതഃ ക്ഷിപ്രമസിചർമ്മ സമാദദേ
ഉത്പപാത രഥാത് ക്രുദ്ധോ വേഗവാനവിചാരയൻ. 8

| | |
|---|---|
| തതഃ | അപ്പോൾ |
| ശോണിതാക്ഷഃ | ശോണിതാക്ഷൻ |
| രഥാത് | രഥത്തിൽനിന്നു് |
| വേഗവാൻ | വേഗത്തിൽ |
| അവിചാരയൻ | ഒട്ടും കൂസാതെ |
| ഉത്പപാത | താഴോട്ടു കതിച്ചു |
| ക്രുദ്ധഃ | ക്രുദ്ധിച്ചവനായി |
| അസിചർമ്മ | വാളിനേയും പരിചയേയും |
| ക്ഷിപ്രം | വേഗത്തിൽ |
| സമാദദേ | കൈക്കൊണ്ടു. |

തം ക്ഷിപ്രതരമാപ്ലുത്യ പരാമൃശ്യാംഗദോ ബലീ
കരേണ തസ്യ തം ഖഡ്ഗം സമാച്ഛിദ്യ നനാദ ച. 9

| | | | |
|---|---|---|---|
| ബലീ | ബലിഷ്ഠനായ | കരേണ | ഒരു കൈകൊണ്ടു് |
| അംഗദഃ ച | അംഗദനും | തസ്യ | അവന്റെ |
| ക്ഷിപ്രതരം | അതിവേഗത്തിൽ | തം ഖഡ്ഗം | ആ ഖഡ്ഗത്തെ |
| ആപ്ലുത്യ | കുതിച്ചു് | സമാച്ഛിദ്യ | തട്ടിപ്പറിച്ചു് |
| തം പരാമൃശ്യ | അവനെ പിടിച്ചു് | നനാദ | ആർത്തു. |

തസ്യാംസഫലകേ ഖഡ്ഗം നിജഘാന തതോഽംഗദഃ
യജ്ഞോപവീതവച്ചൈനം ചിച്ഛേദ കപികുഞ്ജരഃ

| | | | |
|---|---|---|---|
| തതഃ | അപ്പോൾ | ഖഡ്ഗം | ഖഡ്ഗത്തെ |
| കപികുഞ്ജരഃ | വാനരശ്രേഷ്ഠനായ | നിജഘാന | പായിച്ചു |
| അംഗദഃ ച | അംഗദനും | ഏനം | ഇവനെ |
| തസ്യ | അവന്റെ | യജ്ഞോപവീതവത് | പൂണൂലിട്ടപാട്ടിൽ |
| അംസഫലകേ | (എടത്തെ) തോൾപ്പലകയിൽ | ചിച്ഛേദ | പിളൎന്നു. |

തം പ്രഗൃഹ്യ മഹാഖഡ്ഗം നിനദ്യ ച പുനഃ പുനഃ
വാലിപുത്രോഽഭിദുദ്രാവ രണശീൎഷേഽപരാനരീൻ. 11

| | | | |
|---|---|---|---|
| വാലിപുത്രഃ | ബാലിപുത്രൻ | നിനദ്യ | ഗൎജ്ജിച്ചുകൊണ്ടു് |
| തം | ആ | രണശീൎഷേ | പോർമുമ്പിൽ |
| മഹാഖഡ്ഗം | വമ്പിച്ച ഖഡ്ഗത്തെ | അപരാൻ | മററുള്ള |
| പുനഃ പ്രഗൃഹ്യ | വീണ്ടും കൈക്കൊണ്ടു് | അരീൻ ച | ശത്രുക്കളെ |
| പുനഃ | അതിയായി | അഭിദുദ്രാവ. | എതിൎത്തു. |

ആയസീം തു ഗദാം വീരഃ പ്രഗൃഹ്യ കനകാംഗദഃ
ശോണിതാക്ഷഃ സമാശ്വാസ്യ തമേവാന്വപപാത ഹ 12

| | | | |
|---|---|---|---|
| കനകാംഗദഃ | പൊൻതോൾവളകളണിഞ്ഞ | തു | അപ്പോൾ |
| വീരഃ | ശൂരനായ | ആയസീംഗദാം | ഇരിമ്പുഗദയെ |
| ശോണിതാക്ഷഃ | ശോണിതാക്ഷൻ | പ്രഗൃഹ്യ | കയ്ക്കൊണ്ടു |
| സമാശ്വാസ്യ | ക്ഷീണം തെളിഞ്ഞു് | തം ഏവ | ആ അംഗദനെത്തന്നെ |
| | | അന്വപപാത ഹ. | എതിൎത്തു. |

പ്രജംഘസഹിതോ വീരോ യൂപാക്ഷസ്തു തതോ ബലീ
രഥേനാഭിയയൗ ക്രുദ്ധോ വാലിപുത്രം മഹാബലം. 13

| | | | |
|---|---|---|---|
| തതഃ | അപ്പോൾ | പ്രജംഘസഹിതഃ | പ്രജംഘനോടൊരുമിച്ചു് |
| ബലീ | ബലശാലിയും | രഥേന | തേരിലിരുന്നുകൊണ്ടു് |
| വീരഃ തു | ശൂരനുമായ | മഹാബലം | അതിബലശാലിയായ |
| യൂപാക്ഷഃ | യൂപാക്ഷൻ | വാലിപുത്രം | അംഗദനെ |
| ക്രുദ്ധഃ | ക്രുദ്ധനായി | അഭിയയൗ. | എതിൎത്തു. |

തയോർമദ്ധ്യേ കപിശ്രേഷ്ഠഃ ശോണിതാക്ഷപ്രജംഘയോഃ
വിശാഖയോർമദ്ധ്യഗതഃ പൂർണ്ണചന്ദ്ര ഇവാഭവത് 14

| | | | |
|---|---|---|---|
| കപിശ്രേഷ്ഠ: | വാനരശ്രേഷ്ഠനായ അംഗദൻ | വിശാഖയോ: | വിശാഖ നക്ഷത്രങ്ങൾ രണ്ടിനും |
| തയോ: | ആ | മദ്ധ്യഗത: | നടുവിലിരിക്കുന്ന |
| ശോണിതാക്ഷ- പ്രജംഘയോ: | ശോണിതാക്ഷൻേറയും പ്രജംഘൻേറയും | പൂർണ്ണചന്ദ്ര: | പൂർണ്ണചന്ദ്രൻ |
| | | ഇവ | എന്നപോലെ |
| മദ്ധ്യേ | നടുവിൽ | അഭവത് | വിളങ്ങി. |

അംഗദം പരിരക്ഷന്തൌ മൈന്ദോ ദ്വിവിദ ഏവ ച
തസ്യ തസ്ഥതുരഭ്യാശേ പരസ്പരദിദൃക്ഷയാ 15

| | | | |
|---|---|---|---|
| മൈന്ദ: ച | മൈന്ദനും | പരിരക്ഷന്തൌ | രക്ഷിക്കുന്നവരായി |
| ദ്വിവിദ: ഏവ | ദ്വിവിദനും | തസ്യ | അവൻെറ |
| പരസ്പര- ദിദൃക്ഷയാ | അന്യോന്യസഹായ ത്തോടുകൂടി | അഭ്യാശേ | അരികിൽ |
| അംഗദം | (മരുമകനായ) അംഗദനെ | തസ്ഥതു: | കാത്തുനിന്നു. |

അഭിപേതുർമഹാകായാഃ പ്രതിയത്താ മഹാബലാഃ
രാക്ഷസാ വാനരാൻ രോഷാദസിചർമ്മഗദാധരാഃ. 16

| | | | |
|---|---|---|---|
| മഹാകായാ: | ഭീമകായന്മാരും | അസിചർമ്മ- ഗദാധര: | വാൾ, പരിച, ഗദ എന്നവ കൈക്കൊണ്ട് |
| മഹാബലാ: | അതിബലവാന്മാരുമായ | പ്രതിയത്താ: | എതിർപ്പാനുള്ള യത്നത്തോടുകൂടി |
| രാക്ഷസാ: | ആ രാക്ഷസന്മാർ | വാനരാൻ | വാനരന്മാരെ |
| രോഷാത് | കോപത്താൽ | അഭിപേതു:. | എറ്റേടുത്തു. |

ത്രയാണാം വാനരേന്ദ്രാണാം ത്രിഭീ രാക്ഷസപുംഗവൈഃ
സംസക്താനാം മഹദ്യുദ്ധമഭവദ്രോമഹർഷണം 17

| | | | |
|---|---|---|---|
| രാക്ഷസ— പുംഗവൈഃ | രാക്ഷസോത്തമന്മാർ | ത്രയാണാം | മൂവ്വരുടെ |
| | | മഹത് | വമ്പിച്ചതായ |
| ത്രിഭി: | മൂന്നുപേരുമായി | യുദ്ധം | സമരം |
| സംസക്താനാം | ഏററുമുട്ടിയ | രോമഹർഷണം അഭവത്. | കോൾമയിർകൊള്ളിക്കുന്നതായിരുന്നു. |
| വാനരേന്ദ്രാണാം | വാനരവീരന്മാർ | | |

തേ തു വൃക്ഷാൻ സമാദായ സംപ്രചിക്ഷിപുരാഹവേ. 18

| | | | |
|---|---|---|---|
| തേ തു | അവരും | ആഹവേ | പോരിൽ |
| വൃക്ഷാൻ | വൃക്ഷങ്ങളെ | സംപ്ര- ചിക്ഷിപു: | ഊക്കോടെ എറിഞ്ഞു |
| സമാദായ | കൈക്കൊണ്ട് | | |

ഖഡ്ഗേന പ്രതിചിച്ഛേദ താൻ പ്രജംഘോ മഹാബലഃ 19

| | | | |
|---|---|---|---|
| മഹാബല: | മഹാബലശാലിയായ | ഖഡ്ഗേന | ഖഡ്ഗത്താൽ |
| പ്രജംഘ: | പ്രജംഘൻ | | |
| താൻ | അവയെ | പ്രതിചിച്ഛേദ. | വെട്ടിവീഴ്ത്തി. |

രഥാനശ്വാൻ ദ്രുമൈഃ ശൈലൈസ്തേ പ്രചിക്ഷിപുരാഹവേ. 20

| | | | |
|---|---|---|---|
| തേ | അവർ | ദ്രുമൈ: | മരങ്ങൾകൊണ്ടും |
| ആഹവേ | പോരിൽ | ശൈലൈ: | കുന്നുകൾകൊണ്ടും |
| രഥാൻ | രഥങ്ങളേയും | | |
| അശ്വാൻ | കുതിരകളേയും | പ്രചിക്ഷിപു: | എറിഞ്ഞു. |

ശരൌഘൈഃ പ്രതിചിച്ഛേദ യൂപാക്ഷസ്താൻ നിശാചരഃ 21

| | | | |
|---|---|---|---|
| നിശാചര: | രാത്രിഞ്ചരനായ | ശരൌഘൈ: | ശരനിരകൾകൊണ്ട് |
| യൂപാക്ഷ: | യൂപാക്ഷൻ | | |
| താൻ | അവയെ | പ്രതിചിച്ഛേദ. | ഛേദിച്ചുകളഞ്ഞു. |

സൃഷ്ടാൻ ദ്വിവിദമൈന്ദാഭ്യാം ദ്രുമാനുത്പാട്യ വീര്യവാൻ
ബഭഞ്ജ ഗദയാ മദ്ധ്യേ ശോണിതാക്ഷഃ പ്രതാപവാൻ. 22

| | | | |
|---|---|---|---|
| വീര്യവാൻ | പൌരുഷശാലിയും | സൃഷ്ടാൻ | എറിയപ്പെട്ട |
| പ്രതാപവാൻ | പ്രതാപിയുമായ | ദ്രുമാൻ | വൃക്ഷങ്ങളെ |
| ശോണിതാക്ഷ: | ശോണിതാക്ഷൻ | ഗദയാ | ഗദകൊണ്ട് |
| | | മദ്ധ്യേ | ഇടയ്ക്ക് |
| ദ്വിവിദമൈന്ദാഭ്യാം | ദ്വിവിദനാലും മൈന്ദനാലും | ഉത്പാട്യ ബഭഞ്ജ. | അടിച്ചൊടിച്ചു. |

ഉദ്യമ്യ വിപുലം ഖഡ്ഗം പരമർമ്മവിദാരണം
പ്രജംഘോ വാലിപുത്രായ അഭിദുദ്രാവ വേഗിതഃ 23

| | | | |
|---|---|---|---|
| പ്രജംഘ: | പ്രജംഘൻ | ഉദ്യമ്യ | ഉയർത്തിക്കൊണ്ട് |
| വിപുലം | വമ്പിച്ചതും | വാലിപുത്രായ | ബാലിപുത്രന്റെനേരെ |
| പരമർമ്മവിദാരണം | ശത്രുമർമ്മഭേദകവുമായ | വേഗിത: | ഊക്കോടെ |
| ഖഡ്ഗം | ഖഡ്ഗത്തെ | അഭിദുദ്രാവ. | എതിർത്തുപാഞ്ഞു. |

തമഭ്യാശഗതം ദൃഷ്ട്വാ വാനരേന്ദ്രോ മഹാബലഃ
ആജഘാനാശ്വകർണ്ണേന ദ്രുമേണാതിബലസ്തദാ. 24

| | | | |
|---|---|---|---|
| തദാ | അപ്പോൾ | ദൃഷ്ട്വാ | കണ്ട് |
| മഹാബല: | മഹാ ബലശാലിയായ | അശ്വകർണ്ണേന ദ്രുമേണ | ഒരു മരുതുകൊണ്ട് |
| വാനരേന്ദ്ര: | ആ വാനരത്തലവൻ | | |
| തം | അവനെ | അതിബല: | അതിശക്തിയോടുകൂടി |
| അഭ്യാശഗതം | അടുത്തെത്തിയവനായി | ആജഘാന | അടിച്ചു. |

ബാഹും ചാസ്യ സനിസ്ത്രിംശമാജഘാന സ മുഷ്ടിനാ
വാലിപുത്രസ്യ ഘാതേന സ പപാത ക്ഷിതാവസിഃ 25

| | | | |
|---|---|---|---|
| സഃ | ആ അംഗദൻ | വാലിപുത്രസ്യ | ബാലിപുത്രന്റെ |
| അസ്യ | ഇവന്റെ | ഘാതേന | പ്രഹരത്താൽ |
| സനിസ്ത്രിംശം | വാളോടുകൂടിയ | സഃ | ആ |
| ബാഹും ച | ഹസ്തത്തേയും | അസിഃ | വാൾ |
| മുഷ്ടിനാ | മുഷ്ടിചുരുട്ടി | ക്ഷിതൌ | നിലത്തു് |
| ആജഘാന | ഇടിച്ചു; | പപാത. | വീണുപോയി. |

തം ദൃഷ്ട്വാ പതിതം ഭൂമൌ ഖഡ്ഗം മുസലസന്നിഭം
മുഷ്ടിം സംവർത്തയാമാസ വജ്രകല്പം മഹാബലഃ 26

| | | | |
|---|---|---|---|
| മഹാബലഃ | മഹാബലശാലിയായ | പതിതം | വീണുപോയതായി |
| തം | ആ [ആ പ്രജംഘൻ | ദൃഷ്ട്വാ | കണ്ടു് |
| മുസലസന്നിഭം | ഉലയ്ക്കതുല്യമായ | വജ്രകല്പം | വജ്രതുല്യമായ |
| ഖഡ്ഗം | ഖഡ്ഗത്തെ | മുഷ്ടിം | മുഷ്ടിയെ |
| ഭൂമൌ | നിലത്തു് | സംവർത്തയാമാസ. | ചുഴററി. |

ലലാടേ സ മഹാവീര്യമംഗദം വാനരർഷഭം
ആജഘാന മഹാതേജാഃ സമുഹൂർത്തം ചചാല ഹ. 27

| | | | |
|---|---|---|---|
| സഃ | അവൻ | ആജഘാന | ഇടിച്ചു |
| മഹാവീര്യം | വീര്യശാലിയും | മഹാതേജാഃ | മഹാ പ്രതാപശാലി [യായ |
| വാനരർഷഭം | വാനരോത്തമനുമായ | സഃ ഹ | അവനും |
| അംഗദം | അംഗദനെ | മുഹൂർത്തം | ഒട്ടു നേരം |
| ലലാടേ | നെററിയിൽ | ചചാല. | പിടഞ്ഞു. |

സ സംജ്ഞാം പ്രാപ്യ തേജസ്വീ വാലിപുത്രഃ പ്രതാപവാൻ
പ്രജംഘസ്യ ശിരഃ കായാത് പാതയാമാസ വീര്യവാൻ 28

| | | | |
|---|---|---|---|
| തേജസ്വീ | പൌരുഷശാലിയും | പ്രാപ്യ | തെളിഞ്ഞു് |
| പ്രതാപവാൻ | പ്രതാപയുക്തനും | പ്രജംഘസ്യ | പ്രജംഘന്റെ |
| വീര്യവാൻ | ബലശാലിയുമായ | ശിരഃ | ശിരസ്സിനെ |
| സഃ വാലിപുത്രഃ | ആ ബാലിസുതൻ | കായാത് | ഉടലിൽ നിന്നു് |
| സംജ്ഞാം | ബോധം | പാതയാമാസ. | വീഴ്ത്തി. |

സ യൂപാക്ഷാഽശ്രുപൂർണ്ണാക്ഷഃ പിതൃവ്യേ നിഹതേ രണേ
അവരുഹ്യ രഥാത് ക്ഷിപ്രം ക്ഷീണേഷുഃ ഖഡ്ഗമാദദേ. 29

| | | | |
|---|---|---|---|
| സഃ യൂപാക്ഷഃ | ആ യൂപാക്ഷൻ | ക്ഷീണേഷുഃ | ബാണങ്ങൾ ക്ഷയിച്ചവനായി |
| രണേ | പോരിൽ | | |
| പിതൃവ്യേ | ഇളയച്ഛൻ | രഥാത് | രഥത്തിൽ നിന്നു് |
| നിഹതേ | കൊല്ലപ്പെട്ടാറെ | ക്ഷിപ്രം അവരുഹ്യ | വേഗത്തിൽ കുതിച്ചു് |
| അശ്രുപൂർണ്ണാക്ഷഃ | കണ്ണുകളിൽ നീർ പെരുകി | ഖഡ്ഗം | ഖഡ്ഗത്തെ |
| | | ആദദേ. | കൈക്കൊണ്ടു. |

തമാപതന്തം സംപ്രേക്ഷ്യ യൂപാക്ഷം ദ്വിവിദസ്തരൻ
ആജഘാനോരസി ക്രുദ്ധോ ജഗ്രാഹ ച ബലാദ്ബലി. 30

| | | | |
|---|---|---|---|
| ബലീ | ബലശാലിയായ | ക്രുദ്ധഃ തരൻ | കോപാവേശമുൾക്കൊ |
| ദ്വിവിദഃ | ദ്വിവിദൻ | ഉരസി | മാറിൽ [ണ്ടവനായി |
| തം യൂപാക്ഷം | ആ യൂപാക്ഷനെ | ആജഘാന | അടിച്ചു |
| ആപതന്തം | ഏററടുക്കുന്നവനായി | ബലാത് | ഊക്കോടെ |
| സംപ്രേക്ഷ്യ | കണ്ടു് | ജഗ്രാഹ ച. | പിടികൂടി. |

ഗൃഹീതം ഭ്രാതരം ദൃഷ്ട്വാ ശോണിതാക്ഷോ മഹാബലഃ
ആജഘാന ഗദാഗ്രേണ വക്ഷസി ദ്വിവിദം തതഃ 31

| | | | |
|---|---|---|---|
| മഹാബലഃ | മഹാബലശാലിയായ | തതഃ | അപ്പോൾ |
| ശോണിതാക്ഷഃ | ശോണിതാക്ഷൻ | ദ്വിവിദം | ദ്വിവിദനെ |
| ഭ്രാതരം | സഹോദരനെ | വക്ഷസി | മാറത്തു് |
| ഗൃഹീതം | പിടിക്കപ്പെട്ടവനായി | ഗദാഗ്രേണ | ഗദാഗ്രംകൊണ്ടു് |
| ദൃഷ്ട്വാ | കണ്ടു് | ആജഘാന. | അടിച്ചു. |

സ ഗദാഭിഹതസ്തേന ചചാല ച മഹാബലഃ
ഉദ്യതാം ച പുനസ്തസ്യ ജഹാര ദ്വിവിദോ ഗദാം 32

| | | | |
|---|---|---|---|
| തേന | അവനാൽ | പുനഃ ച | വീണ്ടും |
| ഗദാഭിഹതഃ | ഗദയാലടിക്കപ്പെട്ട | ദ്വിവിദഃ ച | ആ ദ്വിവിദനും |
| മഹാബലഃ | മഹാബലശാലിയായ | ഉദ്യതാം | ഉയർത്തിപ്പിടിക്കപ്പെട്ട |
| സഃ | അവൻ | തസ്യ | അവന്റെ |
| ചചാല; | വിറച്ചു; | ഗദാം ജഹാര. | ഗദയെ തട്ടിപ്പറിച്ചു. |

ഏതസ്മിന്നന്തരേ വീരോ മൈന്ദോ വാനരയൂഥപഃ
യൂപാക്ഷം താഡയാമാസ തലേനോരസി വീര്യവാൻ. 33

| | | | |
|---|---|---|---|
| ഏതസ്മിൻ | ഈ | മൈന്ദഃ | മൈന്ദൻ |
| അന്തരേ, | ഇടയിൽ | തലേന | ഉള്ളംകൈകൊണ്ടു് |
| വീരഃ | ശൂരനും | യൂപാക്ഷം | യൂപാക്ഷനെ |
| വാനരയൂഥപഃ | വാനരസേനത്തലവനും | ഉരസി | വക്ഷസ്സിൽ |
| വീര്യവാൻ | പ്രതാപശാലിയുമായ | താഡയാമാസ. | അടിച്ചു. |

തൌ ശോണിതാക്ഷയൂപാക്ഷൌ പ്ലവംഗാഭ്യാം തരസ്വിനൌ
ചക്രതുഃ സമരേ തീവ്രമാകർഷോത്പാടനം ഭൃശം. 34

| | | | |
|---|---|---|---|
| സമരേ | പോരിൽ | പ്ലവംഗാഭ്യാം | രണ്ടു വാനരന്മാരോടും |
| തൌ | ആ | ഭൃശം തീവ്രം | അത്യുഗ്രമായി [കൂടി |
| തരസ്വിനൌ | ബലശാലികളായ | ആകർഷോത്— | തമ്മിൽ പിടിച്ചുവലി |
| ശോണിതാക്ഷ- | ശോണിതാക്ഷനും യൂ | പാടനം | ക്കയും തള്ളിവീഴ്ത്തുക |
| യൂപാക്ഷൌ | പാക്ഷനും | ചക്രതുഃ. | യും ചെയ്തു. |

ദ്വിവിദഃ ശോണിതാക്ഷം തു വിദദാര നഖൈർമ്മുഖേ
നിഷ്പിപേഷ ച വേഗേന ക്ഷിതാവാവിധ്യ വീര്യവാൻ 35

| | | | |
|---|---|---|---|
| വീര്യവാൻ | വീര്യശാലിയായ | നഖൈഃ | നഖങ്ങൾകൊണ്ട് |
| ദ്വിവിദഃ | ദ്വിവിദൻ | വിദദാര | മാന്തിപ്പൊളിച്ചു |
| വേഗേന | വേഗതയോടെ | ക്ഷിതൗ | നിലത്ത് |
| ശോണിതാക്ഷം | ശോണിതാക്ഷനെ | ആവിധ്യ തു | തള്ളിവീഴ്ത്തി |
| മുഖേ ച | മുഖത്തിൽതന്നെ | നിഷ്പിപേഷ. | ഇട്ട് തേച്ചു. |

യൂപാക്ഷമപി സംക്രുദ്ധോ മൈന്ദോ വാനരയൂഥപഃ
പീഡയാമാസ ബാഹുഭ്യാം സ പപാത ഹതഃ ക്ഷിതൗ 36

| | | | |
|---|---|---|---|
| വാനരയൂഥപഃ | വാനരസൈന്യത്തലവ [നായ | പീഡയാമാസ | പിടിച്ചുഞെക്കി; |
| മൈന്ദഃ | മൈന്ദൻ | സഃ | ആ യൂപാക്ഷൻ |
| സംക്രുദ്ധഃ | അതിക്രുദ്ധനായി | ഹതഃ | മരിച്ച് |
| യൂപാക്ഷം അപി | യൂപാക്ഷനേയും | ക്ഷിതൗ | നിലത്ത് |
| ബാഹുഭ്യാം | ഇരുകൈകൾകൊണ്ടും | പപാത. | മറിഞ്ഞുവീണു. |

ഹതപ്രവീരാ വ്യഥിതാ രാക്ഷസേന്ദ്രചമൂസ്തദാ
ജഗാമാഭിമുഖീ സാ തു കുംഭകർണ്ണസുതോ യതഃ. 37

| | | | |
|---|---|---|---|
| തദാ | അപ്പോൾ | വ്യഥിതാ | വ്യാകുലതപൂണ്ട് |
| സാ | ആ | കുംഭകർണ്ണ- | കുംഭകർണ്ണപുത്രനായ |
| രാക്ഷസേന്ദ്ര- | രാക്ഷസേശ്വരന്റെ | സുതഃ യതഃ | കുംഭനുണ്ടായിരുന്നേടം |
| ചമൂഃ തു | സൈന്യവും | അഭിമുഖീ | നോക്കി |
| ഹതപ്രവീരാ | വീരന്മാർവധിക്കപ്പെട്ട് | ജഗാമ. | ഓടിപ്പോയി. |

ആപതന്തീം ച വേഗേന കുംഭസ്താം സാന്ത്വയച്ചമൂം. 38

| | | | |
|---|---|---|---|
| കുംഭഃ ച | കുംഭനും | താം | ആ |
| വേഗേന | വേഗത്തിൽ | ചമൂം | സൈന്യത്തെ |
| ആപതന്തീം | ഓടിയെത്തുന്ന | സാന്ത്വയത് | സമാശ്വസിപ്പിച്ചു. |

അഥോത്കൃഷ്ടം മഹാവീര്യൈർല്ലബ്ധലക്ഷൈഃ പ്ലവംഗമൈഃ
നിപാതിതമഹാവീരാം ദൃഷ്ട്വാ രക്ഷശ്ചമൂം തതഃ
കുംഭഃ പ്രചക്രേ തേജസ്വീ രണേ കർമ്മ സുദുഷ്കരം. 39

| | | | |
|---|---|---|---|
| ഉത്കൃഷ്ടം | ശ്രേഷ്ഠനായ | പ്ലവംഗമൈഃ | വാനരന്മാരാൽ |
| രക്ഷഃ | രാക്ഷസനും | നിപാതിത- | വധിക്കപ്പെട്ട വമ്പന്മാ |
| തേജസ്വീ | പ്രതാപശാലിയുമായ | മഹാവീരാം | രോടുകൂടിയ |
| കുംഭഃ | കുംഭൻ | ചമൂം | സൈന്യത്തെ |
| അഥ | അപ്പോൾ | ദൃഷ്ട്വാ | കണ്ട് |
| മഹാവീര്യൈഃ | മഹാപരാക്രമശാലി | തതഃ | അതിനാൽ |
| | കളും | രണേ | പോരിൽ |
| ലബ്ധലക്ഷൈഃ | വിജയലക്ഷണങ്ങൾ | സുദുഷ്കരം കർമ്മ | ദുസ്സാധ്യകൃത്യത്തെ |
| | നേടിയവരുമായ | പ്രചക്രേ. | ചെയ്യാൻമുതിർന്നു. |

സ ധനുർധന്വിനാം ശ്രേഷ്ഠഃ പ്രഗൃഹ്യ സുസമാഹിതഃ
മുമോചാശീവിഷപ്രഖ്യാൻ ശരാൻ ദേഹവിദാരണാൻ. 40

| | | | |
|---|---|---|---|
| ധന്വിനാം | വില്ലാളികളിൽ | ആശീവിഷ-പ്രഖ്യാൻ | സർപ്പതുല്യവും |
| ശ്രേഷ്ഠഃ | വരിഷ്ഠനും | | |
| സുസമാഹിതഃ സഃ | സൂക്ഷ്മക്കുറവുവരുത്താത്തവനുമായ ആ കുംഭൻ | ദേഹ-വിദാരണാൻ | ശരീരഭേദകങ്ങളുമായ |
| ധനുഃ പ്രഗൃഹ്യ | വില്ലുകൈക്കൊണ്ടു് | ശരാൻ മുമോച. | ബാണങ്ങളെ തൂകി. |

തസ്യ തച്ഛുശുഭേ ഭൂയഃ സശരം ധനുരുത്തമം
വിദ്യുദൈരാവതാർച്ചിഷ്മദ്ദ്വിതീയേന്ദ്രധനുര്യഥാ. 41

| | | | |
|---|---|---|---|
| തസ്യ | അവന്റെ | വിദ്യുദൈരാവ-താർച്ചിഷ്മത് | മിന്നൽ, ആനപോലെയുള്ള മേഘം എന്നവയുടെ ശോഭയോടുകൂടിയ |
| തത് | ആ | | |
| സശരം | അമ്പോടുകൂടിയ | | |
| ഉത്തമം | ശ്രേഷ്ഠമായ | ദ്വിതീയേന്ദ്ര-ധനുഃ യഥാ | മറെറാരു മഴവില്ലെന്നപോലെ |
| ധനുഃ | വില്ല് | ഭൂയഃ ശുശുഭേ. | ഏററവും വിളങ്ങി. |

[ധനുസ്സ്, മഴവില്ലിന്നും, ശരം മിന്നലിന്നും, കുംഭൻ ഐരാവതത്തിന്നും സാമ്യം. "ഐരാവതോഽഭ്രമാതംഗഃ".]

ആകർണ്ണാകൃഷ്ടമുക്തേന ജഘാന ദ്വിവിദം തദാ
തേന ഹാടകപുംഖേന പത്രിണാ പത്രവാസസാ. 42

| | | | |
|---|---|---|---|
| തദാ | അപ്പോൾ | പത്രവാസസാ | തൂവലുകൾ കെട്ടപ്പെട്ടതുമായ |
| ആകർണ്ണാ-കൃഷ്ടമുക്തേന | കാതോളം നന്നായി വലിച്ചുവിടപ്പെട്ടതും | തേന | ആ |
| ഹാടകപുംഖേന | പൊൻകടയാർന്നതും | പത്രിണാ | ബാണത്താൽ |
| | | ദ്വിവിദം ജഘാന. | ദ്വിവിദനെ താഡിച്ചു |

സഹസാഽഭിഹതസ്തേന വിപ്രമുക്തപദഃ സ്ഫുരൻ
നിപപാതാദ്രികൂടാഭോ വിഹ്വലഃ പ്ലവഗോത്തമഃ.

| | | | |
|---|---|---|---|
| പ്ലവഗോത്തമഃ | വാനരോത്തമനായ അവൻ | വിഹ്വലഃ | തളർന്നു് |
| | | വിപ്രമുക്തപദഃ | കാലിടറി |
| തേന | ആ ബാണത്താൽ | സ്ഫുരൻ | പിടച്ചുകൊണ്ടു് |
| സഹസാ | ഊക്കോടെ | അദ്രികൂടാഭഃ | പർവ്വതശിഖരംപോലെ |
| അഭിഹതഃ | താഡിക്കപ്പെട്ടവനായി | നിപപാത. | നിപതിച്ചു. |

മൈന്ദസ്തു ഭ്രാതരം ദൃഷ്ട്വാ ഭഗ്നം തത്ര മഹാഹവേ
അഭിദുദ്രാവ വേഗേന പ്രഗൃഹ്യ മഹതീം ശിലാം. 44

| | | | |
|---|---|---|---|
| മൈന്ദഃ തു | മൈന്ദനും | ദൃഷ്ട്വാ | കണ്ടു് |
| തത്ര | അപ്പോൾ | വേഗേന | അതിവേഗത്തിൽ |
| മഹാഹവേ | ആ ഘോരയുദ്ധത്തിൽ | മഹതീം ശിലാം | ഒരു ഊക്കൻ പാറയെ |
| ഭ്രാതരം | അനുജനെ | പ്രഗൃഹ്യ | എടുത്തുകൊണ്ടു് |
| ഭഗ്നം | തോൽമ പിണഞ്ഞവനായി | അഭിദുദ്രാവ. | എതിർത്തു. |

താം ശിലാം തു പ്രചിക്ഷേപ രാക്ഷസായ മഹാബലഃ 45

| | | | |
|---|---|---|---|
| തു | അപ്പോഴം | ശിലാം | പാറയെ |
| മഹാബലഃ | മഹാബലശാലിയായ | രാക്ഷസായ | രാക്ഷസന്റെ മേൽ |
| താം | ആ [അവൻ | പ്രചിക്ഷേപ. | വീശിയെറിഞ്ഞു. |

ബിഭേദ താം ശിലാം കുംഭഃ പ്രസന്നൈഃ പഞ്ചഭിഃ ശരൈഃ 46

| | | | |
|---|---|---|---|
| കുംഭഃ | കുംഭൻ | പഞ്ചഭിഃ | അഞ്ചു |
| താം ശിലാം | ആ പാറയെ | ശരൈഃ | ബാണങ്ങളെക്കൊണ്ടു് |
| പ്രസന്നൈഃ | തിളങ്ങുന്ന | ബിഭേദ. | തകൎത്തു |

സന്ധായ ചാന്യം സുമുഖം ശരമാശീവിഷോപമം
ആജഘാന മഹാതേജാ വക്ഷസി ദ്വിവിദാഗ്രജം 47

| | | | |
|---|---|---|---|
| മഹാതേജാഃ | അതിശക്തനായ അ | ശരം ച | ശരത്തേയും |
| അന്യം | മറെറാരു [വൻ | സന്ധായ | തൊടുത്തു |
| സുമുഖം | കൂൎത്തമുനയുള്ള | ദ്വിവിദാഗ്രജം | ദ്വിവിദന്റെ ജ്യേഷ്ഠനാ |
| ആശീ-വിഷോപമം | സൎപ്പതുല്യമായ | വക്ഷസി | മാറിൽ [യ മൈന്ദനെ |
| | | ആജഘാന | പ്രഹരിച്ചു. |

സ തു തേന പ്രഹാരേണ മൈന്ദോ വാനരയൂഥപഃ
മൎമ്മണ്യഭിഹതസ്തേന പപാത ഭുവി മൂൎച്ഛിതഃ 48

| | | | |
|---|---|---|---|
| സഃ | ആ | മൎമ്മണി | മൎമ്മസ്ഥാനത്തിൽ |
| വാനരയൂഥപഃ | വാനരസേനാധിപനായ | അഭിഹതഃ | അടിക്കപ്പെട്ടു് |
| മൈന്ദഃ തു | മൈന്ദനും | തേന | അക്കാരണത്താൽ |
| തേന | ആ | മൂൎച്ഛിതഃ | മൂൎച്ഛിച്ചു് |
| പ്രഹാരേണ | പ്രഹരത്താൽ | ഭുവി പപാത. | നിലത്തു് വീണു. |

അംഗദോ മാതുലൌ ദൃഷ്ട്വാ പതിതൌ തു മഹാബലൌ
അഭിദുദ്രാവ വേഗേന കുംഭമുദ്യതകാൎമ്മുകം. 49

| | | | |
|---|---|---|---|
| അംഗദഃ | അംഗദൻ | വേഗേന | വേഗത്തിൽ |
| മഹാബലൌ | മഹാബലശാലികളായ | ഉദ്യതകാൎമ്മുകം | ധനുസ്സിനെ ഉയൎത്തിപ്പിടിച്ചിരുന്ന |
| മാതുലൌ തു | മാതുലന്മാരിരുവരും | | |
| പതിതൌ | വീണുകിടക്കുന്നതായി | കുംഭം | കുംഭനെ |
| ദൃഷ്ട്വാ | കണ്ടു് | അഭിദുദ്രാവ. | എതിരേററു. |

തമാപതന്തം വിവ്യാധ കുംഭഃ പഞ്ചഭിരായസൈഃ
ത്രിഭിശ്ചാന്യൈഃ ശിതൈൎബ്ബാണൈൎമ്മാതംഗമിവ തോമരൈഃ 50

| | | | |
|---|---|---|---|
| കുംഭഃ | കുംഭൻ | ശിതൈഃ | കൂൎത്ത |
| ആപതന്തം | എതിൎത്തുവരുന്ന | അന്യൈഃ | മററു |
| തം | അവനെ | ത്രിഭിഃ ച | മൂന്നെണ്ണംകൊണ്ടും |
| ആയസൈഃ | ഇരുമ്പിനാലുണ്ടാക്ക | മാതംഗം | ഒരു ആനയെ |
| പഞ്ചഭിഃ | അഞ്ചു [പ്പെട്ട | തോമരൈഃ ഇവ | കുൎക്കുന്തങ്ങളാൽ എന്ന |
| ബാണൈഃ | ബാണങ്ങളെക്കൊണ്ടും | വിവ്യാധ. | തുളച്ചു. [പോലെ |

സോഽംഗദം വിവിധൈർബാണൈഃ കുംഭോ വിവ്യാധ വീര്യവാൻ
അകുണ്ഠധാരൈർന്നിശിതൈസ്തീക്ഷ്ണൈഃ കനകഭൂഷണൈഃ 51

| | | | |
|---|---|---|---|
| വീര്യവാൻ | വീര്യശാലിയായ | കനക–ഭൂഷണൈഃ | പൊന്നണിഞ്ഞവയുമായ |
| സഃ | ആ | വിവിധൈഃ | പല |
| കുംഭഃ | കുംഭൻ | ബാണൈഃ | ബാണങ്ങൾകൊണ്ട് |
| അകുണ്ഠധാരൈഃ | മുന വളയാത്തവയും | അംഗദം | അംഗദനെ |
| നിശിതൈഃ | കൂർത്തവയും | വിവ്യാധ. | എയ്തു. |
| തീക്ഷ്ണൈഃ | ഉഗ്രങ്ങളും | | |

അംഗദഃ പ്രതിവിദ്ധാംഗോ വാലിപുത്രോ ന കമ്പതേ
ശിലാപാദപവർഷാണി തസ്യ മൂർദ്ധ്നി വവർഷ ഹ 52

| | | | |
|---|---|---|---|
| വാലിപുത്രഃ | ബാലിപുത്രനായ | തസ്യ | ആ രാക്ഷസന്റെ |
| അംഗദഃ | അംഗദൻ | മൂർദ്ധ്നി | ശിരസ്സിൽ |
| പ്രതി-വിദ്ധാംഗഃ | താഡിക്കപ്പെട്ട അവയവങ്ങളോടുകൂടിയവനായി | ശിലാപാദപ–വർഷാണി | പാറക്കൂട്ടങ്ങളേയും തരുനിരകളേയും |
| കമ്പതേ ന | ചലിച്ചതേയില്ല | വവർഷ ഹ. | ചൊരിഞ്ഞു. |

സ പ്രചിച്ഛേദ താൻ സർവ്വാൻ ബിഭേദ ച പുനഃ ശിലാഃ
കുംഭകർണ്ണാത്മജഃ ശ്രീമാൻ വാലിപുത്രസമീരിതാൻ. 53

| | | | |
|---|---|---|---|
| ശ്രീമാൻ | ശ്രീമാനായ | താൻ സർവ്വാൻ ച | അവയെല്ലാംതന്നെ |
| സഃ | ആ | പ്രചിച്ഛേദ | ഛേദിച്ചെറിഞ്ഞു |
| കുംഭകർണ്ണാത്മജഃ | കുംഭകർണ്ണസുതൻ | ശിലാഃ പുനഃ | പാറകളേയും |
| വാലിപുത്ര-സമീരിതാൻ | ബാലിസൂനുവാൽ പൊഴിക്കപ്പെട്ട | ബിഭേദ. | പൊടിപെടുത്തി. |

ആപതന്തം ച സംപ്രേക്ഷ്യ കുംഭോ വാനരയൂഥപം
ഭ്രുവോർവിവ്യാധ ബാണാഭ്യാമുല്ക്കാഭ്യാമിവ കുഞ്ജരം 54

| | | | |
|---|---|---|---|
| കുംഭഃ | കുംഭൻ | ഉല്ക്കാഭ്യാം | രണ്ടു കൊള്ളികൾകൊണ്ട് |
| വാനരയൂഥപം | വാനരസൈന്യത്തലവനെ | കുഞ്ജരം | ഒരു ആനയെ |
| ആപതന്തം ച | എതിർത്തുവരുന്നതായിത്തന്നെ | ഇവ | എന്നപോലെ |
| സംപ്രേക്ഷ്യ | കണ്ട് | ബാണാഭ്യാം | രണ്ടു ബാണങ്ങൾകൊണ്ട് |
| | | ഭ്രുവോഃ | പുരികങ്ങളിൽ |
| | | വിവ്യാധ. | എയ്തു. |

തസ്യ സുസ്രാവ രുധിരം പിഹിതേ ചാസ്യ ലോചനേ 55

| | | | |
|---|---|---|---|
| തസ്യ | അവന്ന് | അസ്യ | ഇവന്റെ |
| രുധിരം | രക്തം | ലോചനേ ച | കണ്ണുകളും |
| സുസ്രാവ | പൊഴുകി; | പിഹിതേ. | അടഞ്ഞു. |

അംഗദഃ പാണിനാ നേത്രേ പിധായ രുധിരോക്ഷിതേ
സാലമാസന്നമേകേന പരിജഗ്രാഹ പാണിനാ. 56

| | | | |
|---|---|---|---|
| അംഗദഃ | അംഗദൻ | ഏകേന പാണിനാ | മറെറ കൈകൊണ്ടു് |
| പാണിനാ | ഒരു കൈകൊണ്ടു് | ആസന്നം | അരുകിലുണ്ടായിരുന്ന |
| രുധിരോക്ഷിതേ | രക്തംപുരണ്ട | സാലം | ഒരു സാലവൃക്ഷത്തെ |
| നേത്രേ | രണ്ടുകണ്ണുകളേയും | പരിജഗ്രാഹ. | മുറുകെപ്പിടിച്ചു. |
| പിധായ, | പൊത്തിക്കൊണ്ടു് | | |

സംപീഡ്യ ചോരസി സ്കന്ധം കരേണാഭിനിവേശ്യ ച
കിഞ്ചിദഭ്യവനമ്യൈനമുന്മമാഥ യഥാ ഗജഃ 57

| | | | |
|---|---|---|---|
| സ്കന്ധം | (അതിന്റെ) തടി | കരേണ | കൈകൊണ്ടു് |
| ഉരസി | മാറോടു് | അഭിനിവേശ്യ ച | മുറുകെപ്പിടിച്ചു് |
| സംപീഡ്യ | ചേർത്തമർത്തു് | ഏനം | ഇതിനെ |
| കിംചിത് | അല്പം | ഗജഃ യഥാ ച | ഒരു ആന എന്നപോ[ലെ |
| അഭ്യവനമ്യ, | കുനിഞ്ഞു്, | ഉന്മമാഥ. | പുഴക്കിയെടുത്തു. |

തമിന്ദ്രകേതുപ്രതിമം വൃക്ഷം മന്ദരസന്നിഭം
സമുത്സൃജന്തം വേഗേന പശ്യതാം സർവ്വരക്ഷസാം
സ ബിഭേദ ശിതൈർബ്ബാണൈഃ സപ്തഭിഃ കായഭേദനൈഃ 58

| | | | |
|---|---|---|---|
| ഇന്ദ്രകേതു- പ്രതിമം | ഇന്ദ്രധ്വജതുല്യമായ | പശ്യതാം | നോക്കിക്കൊണ്ടിരി[ക്കെ |
| വൃക്ഷം | ആ വൃക്ഷത്തെ | സഃ | ആ കുംഭൻ |
| വേഗേന | വേഗത്തിൽ | ശിതൈഃ | കൂർത്തവയും |
| സമുത്സൃജന്തം | വീശിയെറിയുന്ന | കായഭേദനൈഃ | ദേഹം പിളക്കുന്നവയുമായ |
| മന്ദരസന്നിഭം | മന്ദരതുല്യനായ | സപ്തഭിഃ | ഏഴു് |
| തം | ആ അംഗദനെ | ബാണൈഃ | ബാണങ്ങളെക്കൊണ്ടു് |
| സർവ്വരക്ഷസാം | എല്ലാ രാക്ഷസന്മാരും | ബിഭേദ | പിളച്ചു. |

അംഗദോ വിവ്യഥേഽഭീക്ഷ്ണം സസാദ ച മുമോഹ ച 59

| | | | |
|---|---|---|---|
| അംഗദഃ | അംഗദൻ | സസാദ | തളർന്നു; |
| അഭീക്ഷ്ണം | അതിയായി | ച ച | ഉടനെ |
| വിവ്യഥേ | വ്യഥയുൾക്കൊണ്ടു; | മുമോഹ. | മൂർച്ഛ പ്രാപിച്ചു. |

അംഗദം വ്യഥിതം ദൃഷ്ട്വാ സീദന്തമിവ സാഗരേ
ദുരാസദം ഹരിശ്രേഷ്ഠം രാമായാന്യേ ന്യവേദയൻ. 60

| | | | |
|---|---|---|---|
| ദുരാസദം | തടുപ്പാൻ കഴിയാത്ത | വ്യഥിതം | ഉഴലുന്നവനായി |
| ഹരിശ്രേഷ്ഠം | വാനരോത്തമനായ | ദൃഷ്ട്വാ | കണ്ടു് |
| അംഗദം | അംഗദനെ | അന്യേ | മററുള്ളവർ |
| സാഗരേ സീദന്തം ഇവ | സമുദ്രത്തിൽ പിടയുന്നവനെന്നപോലെ | രാമായ | ശ്രീരാമനോടായി |
| | | ന്യവേദയൻ. | ചെന്നറിയിച്ചു. |

രാമസ്തു വ്യഥിതം ശ്രുത്വാ വാലിപുത്രം രണാജിരേ
വ്യാദിദേശ ഹരിശ്രേഷ്ഠാൻ ജാംബവത് പ്രമുഖാംസ്തതഃ 61

| | | | |
|---|---|---|---|
| രാമ: തു | ശ്രീരാമനും | തത: | അപ്പോൾ |
| രണാജിരേ | പോർക്കളത്തിൽ | ജാംബവത്-പ്രമുഖാൻ | ജാംബവാൻ മുതലായ |
| വാലിപുത്രം | അംഗദനെ | ഹരിശ്രേഷ്ഠാൻ | വാനരശ്രേഷ്ഠന്മാരെ |
| വ്യഥിതം | കഷ്ടത്തിലിരിക്കുന്നവ[നായി] | വ്യാദിദേശ | നിയോഗിച്ചു. |
| ശ്രുത്വാ | അറിഞ്ഞ് | | |

തേ തു വാനരശാർദ്ദൂലാഃ ശ്രുത്വാ രാമസ്യ ശാസനം
അഭിപേതുഃ സുസംക്രുദ്ധാഃ കുംഭമുദ്യതകാർമ്മുകം. 62

| | | | |
|---|---|---|---|
| തേ | ആ | ശ്രുത്വാ | കേട്ട് |
| വാനര-ശാർദ്ദൂലാ: തു | വാനരശ്രേഷ്ഠന്മാരും | ഉദ്യതകാർമ്മുകം | വില്ലുയർത്തിപ്പിടിച്ച |
| രാമസ്യ | ശ്രീരാമന്റെ | കുംഭം | കുംഭനെ |
| ശാസനം | ആജ്ഞയെ | സുസംക്രുദ്ധാ: | അതികോപത്തോടെ |
| | | അഭിപേതു: | എതിർത്തുചെന്നു. |

തതോ ദ്രുമശിലാഹസ്താഃ കോപസംരക്തലോചനാഃ
രിരക്ഷിഷന്തോഽഭ്യപതന്നംഗദം വാനരർഷഭാഃ 63

| | | | |
|---|---|---|---|
| തതഃ | അപ്പോൾ | ദ്രുമശിലാ-ഹസ്താ: | വൃക്ഷങ്ങളേയും പാറകളേയും കയ്യിൽക്കൊണ്ട് |
| അംഗദം | അംഗദനെ | കോപ-സംരക്ത-ലോചനാ: | കോപത്താൽ ചുവന്ന കണ്ണുകളോടുകൂടിയവരായി |
| രിരക്ഷിഷന്തഃ | രക്ഷിക്കുവാൻ ഔത്സുക്യം പൂണ്ടവരായ | അഭ്യപതൻ. | ഏറ്റെതിർത്തു. |
| വാനരർഷഭാ: | വാനരശ്രേഷ്ഠന്മാർ | | |

ജാംബവാംശ്ച സുഷേണശ്ച വേഗദർശീ ച വാനരഃ
കുംഭകർണ്ണാത്മജം വീരം ക്രുദ്ധാഃ സമഭിദുദ്രുവുഃ 64

| | | | |
|---|---|---|---|
| ജാംബവാൻ ച | ജാംബവാനും | ക്രുദ്ധാഃ | ചൊടിച്ച് |
| സുഷേണഃ ച | സുഷേണനും | വീരം | ശൂരനായ |
| വാനരഃ | വാനരനായ | കുംഭകർണ്ണാത്മജം | കുംഭകർണ്ണാത്മജനെ |
| വേഗദർശി ച | വേഗദർശിയും | സമഭിദുദ്രുവുഃ | എതിർത്തു. |

സമീക്ഷ്യാപതതസ്താംസ്തു വാനരേന്ദ്രാൻ മഹാബലാൻ
ആവവാര ശരൌഘേണ നഗേനേവ ജലാശയം. 65

| | | | |
|---|---|---|---|
| താൻ | ആ | തു | അപ്പോൾ |
| മഹാബലാൻ | മഹാബലശാലികളായ | ശരൌഘേണ | ബാണസമൂഹത്താൽ |
| വാനരേന്ദ്രാൻ | വാനരോത്തമന്മാരെ | നഗേന | വൃക്ഷൌഘത്താൽ |
| ആപതതഃ | എതിർത്തുവരുന്നവരായി | ജലാശയം ഇവ | വെള്ളത്തിന്റെ പ്രവാഹത്തെ എന്നപോലെ |
| സമീക്ഷ്യ | കണ്ട് | ആവവാര. | തടഞ്ഞു. |

തസ്യ ബാണരയം പ്രാപ്യ ന ശേകരതിവർത്തിതും
വാനരേന്ദ്രാ മഹാത്മാനോ വേലാമിവ മഹോദധിഃ 66

| | | | |
|---|---|---|---|
| മഹാത്മാനഃ | അതിശക്തന്മാരായ | മഹോദധിഃ | സമുദ്രം |
| വാനരേന്ദ്രാഃ | ആ വാനരോത്തമന്മാർ | വേലാം | തീരത്തെ |
| തസ്യ | അവന്റെ | ഇവ | എന്നപോലെ |
| ബാണരയം | ബാണവേഗത്തെ | അതിവർത്തിതും | കടന്നാക്രമിപ്പാൻ |
| പ്രാപ്യ | ഏററ് | ന ശേകുഃ | ശക്തരായില്ല. |

താംസ്തു ദൃഷ്ട്വാ ഹരിഗണാൻ ശരവൃഷ്ടിഭിരർദ്ദിതാൻ
അംഗദം പൃഷ്ഠതഃ കൃത്വാ ഭ്രാതൃജം പ്ലവഗേശ്വരഃ 67
അഭിദുദ്രാവ വേഗേന സുഗ്രീവഃ കുംഭമാഹവേ
ശൈലസാനുചരം നാഗം വേഗവാനിവ കേസരീ. 68

| | | | |
|---|---|---|---|
| പ്ലവഗേശ്വരഃ | വാനരേശ്വരനായ | അംഗദം | അംഗദനെ |
| സുഗ്രീവഃ | സുഗ്രീവൻ | പൃഷ്ഠതഃ കൃത്വാ | പിന്നിലാക്കിക്കൊണ്ട് |
| ആഹവേ | പോരിൽ | വേഗവാൻ | വേഗവാനായ |
| താൻ | ആ | കേസരീ | ഒരു സിംഹം |
| ഹരിഗണാൻ തു | വാനരഗണങ്ങളേയും | ശൈല—സാനുചരം | മലഞ്ചരുവിൽ സഞ്ചരിക്കുന്ന |
| ശരവൃഷ്ടിഭിഃ | ബാണവർഷങ്ങളംകൊണ്ട് | നാഗം ഇവ | ആനയെഎന്നപോലെ |
| അർദ്ദിതാൻ | പീഡിക്കപ്പെട്ടവരായി | വേഗേന | വേഗത്തിൽ |
| ദൃഷ്ട്വാ | കണ്ട് | കുംഭം | കുംഭനെ |
| ഭ്രാതൃജം | ഭ്രാതൃപുത്രനായ | അഭിദുദ്രാവ. | ഏററടുത്തു. |

ഉത്പാട്യ ച മഹാശൈലാനശ്വകർണ്ണാൻ ധവാൻ ബഹൂൻ
അന്യാംശ്ച വിവിധാൻ വൃക്ഷാൻ ചിക്ഷേപ ച മഹാബലഃ 69

| | | | |
|---|---|---|---|
| മഹാബലഃ | മഹാബലശാലിയായ അവൻ | ധവാൻ ച | ഞമകളേയും |
| മഹാ—ശൈലാൻ ച | വന്മലകളേയും | അന്യാൻ | മററുള്ള |
| | | വിവിധാൻ | പല |
| | | വൃക്ഷാൻ ച | വൃക്ഷങ്ങളേയും |
| ബഹൂൻ | പല | ഉത്പാട്യ | പറിച്ചെടുത്ത് |
| അശ്വകർണ്ണാൻ | മരുതുകളേയും | ചിക്ഷേപ. | വീശിയെറിഞ്ഞു. |

താം ഛാദയന്തീമാകാശം വൃക്ഷവൃഷ്ടിം ദുരാസദാം
കുംഭകർണ്ണാത്മജഃ ശീഘ്രം ചിച്ഛേദ നിശിതൈഃ ശരൈഃ 70

| | | | |
|---|---|---|---|
| കുംഭകർണ്ണാത്മജഃ | കുംഭകർണ്ണാത്മജനായ കുംഭൻ | താം വൃക്ഷവൃഷ്ടിം | ആ വൃക്ഷവർഷത്തെ |
| ആകാശം | ആകാശത്തെ | നിശിതൈഃ | തീക്ഷ്ണങ്ങളായ |
| ഛാദയന്തീം | മറയ്ക്കുന്നതും | ശരൈഃ | ബാണങ്ങളാൽ |
| ദുരാസദാം | തടുപ്പാൻ കഴിയാത്തതുമായ | ശീഘ്രം | ഝടുതിയിൽ |
| | | ചിച്ഛേദ. | മുറിച്ചു. |

അഭിലക്ഷേണ തീവ്രേണ കുംഭേന നിശിതൈഃ ശരൈഃ
ആചിതാസ്തേ ദ്രുമാ രേജുർയ്യഥാ ഘോരാഃ ശതഘ്നയഃ 71

| | | | |
|---|---|---|---|
| തീവ്രേണ | ക്രൂരനായ | ആചിതാഃ | എയ്തു കൊള്ളിക്കപ്പെട്ട |
| കുംഭേന | കുംഭനാൽ | തേ ദ്രുമാഃ | ആ മരങ്ങൾ |
| നിശിതൈഃ | കൂർത്ത | ഘോരാഃ | ഭയങ്കരങ്ങളായ |
| ശരൈഃ | ശരങ്ങളെക്കൊണ്ട് | ശതഘ്നയഃ യഥാ | ശതഘ്നികളെന്നപോലെ |
| അഭിലക്ഷേണ | ഉന്നം വെച്ച് | രേജുഃ | വിളങ്ങി. |

["ശതഘ്നീ ച ചതുസ്താലാ ലോഹകണ്ടകസഞ്ചിതാ."]

ദ്രുമവർഷം തു തച്ഛിന്നം ദൃഷ്ട്വാ കുംഭേന വീര്യവാൻ
വാനരാധിപതിഃ ശ്രീമാൻ മഹാസത്വോ ന വിവ്യഥേ. 72

| | | | |
|---|---|---|---|
| വീര്യവാൻ | പൌരുഷശാലിയും | ദ്രുമവർഷം | വൃക്ഷവർഷത്തെ |
| മഹാസത്വഃ | മഹാശക്തിമാനും | കുംഭേന | കുംഭനാൽ |
| ശ്രീമാൻ | കീർത്തിമാനുമായ | ഛിന്നം | ഛേദിക്കപ്പെട്ടതായി |
| വാനരാധിപതിഃ | വാനരാധിപൻ | ദൃഷ്ട്വാ | കണ്ടതിനാൽ |
| തത് | ആ | വിവ്യഥേ ന തു. | ഒട്ടും കലുങ്ങിയില്ല. |

നിർഭിദ്യമാനഃ സഹസാ സഹമാനശ്ച താൻ ശരാൻ
കുംഭസ്യ ധനുരാക്ഷിപ്യ ബഭഞ്ജേന്ദ്രധനുഷ്പ്രഭം 73

| | | | |
|---|---|---|---|
| സഹസാ | ഊക്കോടെ | ഇന്ദ്രധനുഷ്പ്രഭം | മഴവില്ലൊത്തതായ |
| നിർഭിദ്യമാനഃ | പിളക്കപ്പെട്ട അവൻ | കുംഭസ്യ | കുംഭന്റെ |
| താൻ ശരാൻ ച | ആ ബാണങ്ങളേയും | ധനുഃ ആക്ഷിപ്യ | വില്ലിനെതട്ടിപ്പറിച്ച് |
| സഹമാനഃ | സഹിച്ചുകൊണ്ട് | ബഭഞ്ജ | മുറിച്ചുകളഞ്ഞു. |

അവപ്ലുത്യ തതഃ ശീഘ്രം കൃത്വാ കർമ്മ സുദുഷ്കരം
അബ്രവീത് കുപിതഃ കുംഭം ഭഗ്നശൃംഗമിവ ദ്വിപം 74

| | | | |
|---|---|---|---|
| സുദുഷ്കരം | ദുഃസാദ്ധ്യമായ | കുപിതഃ | അരിശം പൂണ്ടവനായി |
| കർമ്മ | ആ കൃത്യത്തെ | ഭഗ്നശൃംഗം | കൊമ്പുമുറിഞ്ഞ |
| കൃത്വാ | ചെയ്തശേഷം | ദ്വിപം ഇവ | ആനപോലെയിരുന്നിരുന്ന |
| തതഃ | അവിടെനിന്നും | | |
| ശീഘ്രം | ഉടനെ | കുംഭം | കുംഭനോടായി |
| അവപ്ലുത്യ | താഴോട്ടുകുതിച്ച് | അബ്രവീത്. | ഇങ്ങിനെ പറഞ്ഞു. |

നികുംഭാഗ്രജ വീര്യം തേ ബാണവേഗവദത്ഭുതം
സന്നതിശ്ച പ്രഭാവശ്ച തവ വാ രാവണസ്യ വാ. 75

| | | | |
|---|---|---|---|
| "നികുംഭാഗ്രജ! | "നികുംഭസോദര! | സന്നതിഃ | സാമർത്ഥ്യവും |
| ബാണവേഗവത് | ബാണങ്ങളുടെ ശക്തിയോടുകൂടിയതായ | പ്രഭാവഃ ച | പ്രഭാവവും |
| തേ വീര്യം | നിന്റെ വീര്യം | രാവണസ്യ വാ | രാവണന്റേതെന്നപോലെ |
| അത്ഭുതം | ആശ്ചര്യകരമായിരിക്കുന്നു | ച. | ആശ്ചര്യകരമായിരിക്കുന്നു. |
| തവ വാ | നിന്റേയും | | |

പ്രഹ്ലാദബലിവൃത്രഘ്നകുബേരവരുണോപമ
ഏകസ്ത്വമനുജാതോഽസി പിതരം ബലവൃത്തതഃ 76

| | | | |
|---|---|---|---|
| "പ്രഹ്ലാദ-ബലിവൃത്രഘ്ന-കുബേരവരു-ണോപമ! | "പ്രഹ്ലാദൻ, ബലി, ഇന്ദ്രൻ, കുബേരൻ, വരുണൻ, ഇവക്കു തുല്യനായവനേ! | ഏകഃ | ഒരുവൻ തന്നെയാണ് |
| ത്വം | നീ | ബലവൃത്തതഃ | ബലംകൊണ്ടും നടവടി [കൊണ്ടും |
| | | പിതരം | അച്ഛനെ |
| | | അനുജാതഃ അസി. | ശരിയായി കൊണ്ടിരിക്കുന്നതു്. |

ത്വാമേവൈകം മഹാബാഹും ചാപഹസ്തമരിന്ദമം
ത്രിദശാ നാതിവർത്തന്തേ ജിതേന്ദ്രിയമിവാധയഃ 77

| | | | |
|---|---|---|---|
| "ത്രിദശാഃ | "ദേവന്മാർ | ആധയഃ | ദുഃഖങ്ങൾ |
| മഹാബാഹും | ശൂരനും | ജിതേന്ദ്രിയം | ഇന്ദ്രിയങ്ങളെ ജയിച്ചവനെ |
| അരിന്ദമം | ശത്രുമർദ്ദനനും | ഇവ | എന്നപോലെ |
| ചാപഹസ്തം | കയ്യിൽ ധനുസ്സേന്തിയ [വനുമായ | അതിവർത്തന്തേ ന. | അടുക്കാതിരിക്കുന്നതു്. |
| ത്വാം | നിന്നെ | | |
| ഏകം ഏവ | ഒരുവനെ മാത്രമാണ് | | |

വിക്രമസ്യ മഹായുദ്ധേ കർമ്മാണി മമ പശ്യ ച. 78

| | | | |
|---|---|---|---|
| "മഹായുദ്ധേ | "വൻപോരിൽ | കർമ്മാണി ച | പ്രവൃത്തികളേയും |
| മമ | എന്റെ | | |
| വിക്രമസ്യ | പരാക്രമംകൊണ്ടുള്ള | പശ്യ. | നീ കണ്ടുകൊൾക. |

വരദാനാത് പിതൃവ്യസ്തേ സഹതേ ദേവദാനവാൻ
കുംഭകർണ്ണസ്തു വീര്യേണ സഹതേ ച സുരാസുരാൻ. 79

| | | | |
|---|---|---|---|
| "തേ | "നിന്റെ | കുംഭകർണ്ണഃ തു | കുംഭകർണ്ണനാവട്ടെ |
| പിതൃവ്യഃ | വലിയച്ഛൻ | വീര്യേണ | വീര്യത്താൽ |
| വരദാനാത് | വരം ലഭിച്ചതുകൊണ്ട് | സുരാസുരാൻ ച | ദേവന്മാരേയും അസുരന്മാരേയും |
| ദേവദാനവാൻ | ദേവാസുരന്മാരെ | | |
| സഹതേ | എതിർക്കുവാൻ ശക്തനായിരിക്കുന്നു; | സഹതേ. | എതിരിടുവാൻ ശക്തനാകുന്നു. |

ധനുഷീന്ദ്രജിതസ്തുല്യഃ പ്രതാപേ രാവണസ്യ ച
ത്വമദ്യ രക്ഷസാം ലോകേ ശ്രേഷ്ഠോഽസി ബലവീര്യതഃ 80

| | | | |
|---|---|---|---|
| "അദ്യ | "ഇപ്പോൾ | തുല്യഃ | സമനായി |
| ത്വം ച | നീമാത്രംതന്നെയാണ് | രക്ഷസാം | രാക്ഷസന്മാരുടെ |
| ധനുഷി | ധനുർവ്വിദ്യയിൽ | ലോകേ | കൂട്ടത്തിൽ |
| ഇന്ദ്രജിതഃ | ഇന്ദ്രജിത്തിന്നും | ബലവീര്യതഃ | ഊക്കുകൊണ്ടും വിക്രമം [കൊണ്ടും |
| പ്രതാപേ | പ്രതാപത്തിൽ | ശ്രേഷ്ഠഃ | ശ്രേഷ്ഠനായി |
| രാവണസ്യ | രാവണന്നും | അസി | ഉള്ളതു്. |

മഹാവിമർദ്ദം സമരേ മയാ സഹ തവാദ്ഭുതം
അദ്യ ഭൂതാനി പശ്യന്തു ശക്രശംബരയോരിവ 81

| | | | |
|---|---|---|---|
| "ശക്ര-ശംബരയോ: | "ഇന്ദ്രന്നും ശംബരാസുരന്നും തമ്മിൽ | അദ്ഭുതം | ആശ്ചര്യകരമായ |
| ഇവ | എന്നപോലെ | മഹാവിമർദ്ദം | വമ്പിച്ച ദ്വന്ദ്വയുദ്ധത്തെ |
| സമരേ | പോരിൽ | അദ്യ | ഇപ്പോൾ |
| മയാ സഹ | എന്നോടുകൂടിയുള്ള | ഭൂതാനി | പ്രാണികൾ |
| തവ | നിന്റെ | പശ്യന്തു. | നേരിൽ കണ്ടുകൊള്ളട്ടെ. |

കൃതമപ്രതിമം കർമ്മ ദർശിതം ചാസ്ത്രകൌശലം
പാതിതാ ഹരിവീരാശ്ച ത്വയാ വൈ ഭീമവിക്രമാഃ 82

| | | | |
|---|---|---|---|
| "ത്വയാ വൈ | "നിന്നാലാകട്ടെ | ദർശിതം | കാണിക്കപ്പെട്ടു |
| അപ്രതിമം | നിസ്തുല്യമായ | ഭീമവിക്രമാഃ | ഭയങ്കര പരാക്രമികളായ |
| കർമ്മ കൃതം | കൃത്യംചെയ്യപ്പെട്ടു | ഹരിവീരാഃ ച | വാനരവീരന്മാരും |
| അസ്ത്ര-കൌശലം ച | അസ്ത്രപാടവവും | പാതിതാഃ. | വീഴ്ത്തപ്പെട്ടു. |

ഉപാലംഭഭയാച്ചാപി നാസി വീര മയാ ഹതഃ
കൃതകർമ്മാ പരിശ്രാന്തോ വിശ്രാന്തഃ പശ്യ മേ ബലം. 83

| | | | |
|---|---|---|---|
| "വീര! | "ശൂര! | പരിശ്രാന്തഃ | ക്ഷീണിച്ചിരിക്കുന്നവനായ നീ |
| ഉപാലംഭ-ഭയാത് അപി | അപകീർത്തിയുണ്ടാകുമെന്ന ഭയത്താൽ മാത്രമാണ് | വിശ്രാന്തഃ | തളർച്ച തീർത്ത് |
| മയാ | എന്നാൽ | ച | അതിൽപിന്നെ |
| ഹത: ന അസി | നീ വധിക്കപ്പെടാത്തത് | മേ | എന്റെ |
| | | ബലം | ബലത്തെ |
| കൃതകർമ്മാ | ഏറെ പരിശ്രമിച്ച് | പശ്യ." | കണ്ടുകൊൾക." |

തേന സുഗ്രീവവാക്യേന സാവമാനേന മാനിതഃ
അഗ്നേരാജ്യാഹുതസ്യേവ തേജസ്തസ്യാഭ്യവർദ്ധത. 84

| | | | |
|---|---|---|---|
| തേന | ആ | തസ്യ തേജഃ | അവന്റെ തേജസ്സ് |
| സാവമാനേന | അപമാനവ്യഞ്ജകമായ | ആജ്യാഹുതസ്യ | നെയ്യാൽ ആഹുതി ചെയ്യപ്പെട്ട |
| സുഗ്രീവ-വാക്യേന | സുഗ്രീവന്റെ ആ വാക്യത്താൽ | അഗ്നേ: ഇവ | അഗ്നിയുടേതെന്നപോലെ |
| മാനിതഃ | പുകഴ്ത്തപ്പെട്ടവനായ | അഭ്യവർദ്ധത. | വർദ്ധിച്ചു. |

തതഃ കുംഭസ്തു സുഗ്രീവം ബാഹുഭ്യാം ജഗൃഹേ തദാ 85

| | | | |
|---|---|---|---|
| തതഃ | അതിനാൽ | ബാഹുഭ്യാം | ഇരുകൈകളാലും |
| കുംഭഃ തു | കുംഭനും | സുഗ്രീവം | സുഗ്രീവനെ |
| തദാ | അപ്പോൾ | ജഗൃഹേ. | കെട്ടിപ്പിടിച്ചു. |

ഗജാവിവാഹിതമദൌ നിഃശ്വസന്തൌ മുഹുർമ്മുഹുഃ
അന്യോന്യഗാത്രഗ്രഥിതൌ കർഷന്താവിതരേതരം
സധൂമാം മുഖതോ ജ്വാലാം വിസൃജന്തൌ പരിശ്രമാത്. 86

| | | | |
|---|---|---|---|
| ആഹിതമദൌ | മദം പൂണ്ട | ഇതരേതരം | അങ്ങോട്ടും ഇങ്ങോട്ടും |
| ഗജൌ ഇവ | രണ്ടു ഗജങ്ങളെന്ന [പോലെ | കർഷന്തൌ | വലിച്ചുകൊണ്ടു് |
| മുഹുഃ മുഹുഃ | കൂടെക്കൂടെ | പരിശ്രമാത് | തളർച്ച കാരണം |
| നിഃശ്വസന്തൌ | നെടുവീർപ്പിടുന്ന അവരിരുവരും | മുഖതഃ | വായിൽനിന്നു് |
| | | സധൂമാം | പുകയോടുകൂടിയ |
| അന്യോന്യഗാത്രഗ്രഥിതൌ | ഉടലുകൾ തമ്മിൽ പിണച്ചുകൊണ്ടു് | ജ്വാലാം | ജ്വാലയെ |
| | | വിസൃജന്തൌ | വമിച്ചുകൊണ്ടിരുന്നു. |

തയോഃ പദാഭിഘാതാച്ച നിമഗ്നാ ചാഭവന്മഹീ
വ്യാഘൂർണ്ണിതതരംഗശ്ച ചുക്ഷുഭേ വരുണാലയഃ 87

| | | | |
|---|---|---|---|
| തയോഃ | അവരിരുവരുടേയും | നിമഗ്നാ അഭവത് | അമർന്നുപോയി |
| പാദാഭിഘാതാത് | കാൽച്ചവിട്ടുകളാൽ | വരുണാലയഃ ച | സമുദ്രവും |
| മഹീ | ഭൂമി | വ്യാഘൂർണ്ണിതതരംഗഃ | അലകളിളകി മറിയുമാറ് |
| ച ച | തൽക്ഷണംതന്നെ | ചുക്ഷുഭേ. | ക്ഷോഭിച്ചു. |

തതഃ കുംഭം സമുത്ക്ഷിപ്യ സുഗ്രീവോ ലവണാംഭസി
പാതയാമാസ വേഗേന ദർശയന്നുദധേസ്തലം. 88

| | | | |
|---|---|---|---|
| തതഃ സുഗ്രീവഃ | അപ്പോൾ സുഗ്രീവൻ | തലം ദർശയൻ | അടിത്തട്ടിനെകാട്ടികൊ |
| കുംഭം | കുംഭനെ | വേഗേന | ഉടനെ [ടുക്കുന്നവനായി |
| സമുത്ക്ഷിപ്യ | പൊന്തിച്ചെടുത്തു് | ലവണാംഭസി | കടലിൽ |
| ഉദധേഃ | ആഴിയുടെ | പാതയാമാസ. | വീഴ്ത്തി. |

തതഃ കുംഭനിപാതേന ജലരാശിഃ സമുത്ഥിതഃ
വിന്ധ്യമന്ദരസംകാശോ വിസസർപ്പ സമന്തതഃ 89

| | | | |
|---|---|---|---|
| തതഃ | അപ്പോൾ | ജലരാശിഃ | സമുദ്രം |
| കുംഭനിപാതേന | കുംഭന്റെ വീഴ്ചയാൽ | സമുത്ഥിതഃ | ഉയരെപ്പൊങ്ങിയതായി |
| വിന്ധ്യമന്ദരസങ്കാശഃ | വിന്ധ്യനും മന്ദരപർവ്വതത്തിന്നും തുല്യമായി | സമന്തതഃ | നാലുഭാഗവും |
| | | വിസസർപ്പ. | പരന്നു. |

തതഃ കുംഭഃ സമുത്പത്യ സുഗ്രീവമഭിപത്യ ച
ആജഘാനോരസി ക്രുദ്ധോ വജ്രവേഗേന മുഷ്ടിനാ 90

| | | | |
|---|---|---|---|
| തതഃ | അപ്പോൾ | ക്രുദ്ധഃ | ക്രുദ്ധനായി |
| കുംഭഃ | കുംഭൻ | വജ്രവേഗേന | വജ്രായുധംപോലെകഠി |
| സമുത്പത്യ | മേല്പോട്ടുയർന്നുവന്നു | മുഷ്ടിനാ | മുഷ്ടികൊണ്ടു് [നമായ |
| സുഗ്രീവം ച | സുഗ്രീവനെ വീണ്ടും | ഉരസി | മാറത്തു് |
| അഭിപത്യ | അണഞ്ഞു് | ആജഘാന. | ഇടിച്ചു. |

തസ്യ ചർമ്മ ച പുസ്ഫോട സംജജ്ഞേ ചാസ്യ ശോണിതം
സ ച മുഷ്ടിർമ്മഹാവേഗഃ പ്രതിജഘ്നേഽസ്ഥിമണ്ഡലേ. 91

| | | | |
|---|---|---|---|
| തസ്യ | ആ സുഗ്രീവന്റെ | സഃ | ആ |
| ചർമ്മ ച | ദേഹത്തിൽനിന്ന് തോ | മഹാവേഗഃ | ശക്തിയാൎന്ന |
| പുസ്ഫോട | ഉരിഞ്ഞുപോയി [ലും | മുഷ്ടിഃ | മുഷ്ടി |
| അസ്യ | ഇവന്റെ | അസ്ഥി- മണ്ഡലേ ച | അസ്ഥികൂടത്തിൽ |
| ശോണിതം ച | രക്തവും | | |
| സംജജ്ഞേ | സ്രവിച്ചു | പ്രതിജഘ്നേ. | തട്ടി ചിതറിപ്പോയി. |

തദാ വേഗേന തത്രാസീത് തേജഃ പ്രജ്വലിതം മുഹുഃ
വജ്രനിഷ്പേഷസഞ്ജാതാ ജ്വാലാ മേരൌ യഥാ ഗിരൌ. 92

| | | | |
|---|---|---|---|
| തദാ | അപ്പോൾ | വജ്രനിഷ്പേഷ- സംജാതാ | വജ്രാഘാതത്താലുണ്ടായ |
| വേഗേന | അതിന്റെ ഊക്കുകൊണ്ട് | ജ്വാലാ യഥാ | ജ്വാലപോലെ |
| തത്ര | ആ സുഗ്രീവന്റെ ദേഹത്തിൽ | തേജഃ | ഒരു ദീപ്തി |
| | | മുഹുഃ | അധികമായി |
| മേരൌ | മേരു | പ്രജ്വലിതം ആസീത്. | മിന്നിത്തിളങ്ങി. |
| ഗിരൌ | പർവ്വതത്തിൽ | | |

സ തത്രാഭിഹതസ്തേന സുഗ്രീവോ വാനരർഷഭഃ
മുഷ്ടിം സംവർത്തയാമാസ വജ്രകല്പം മഹാബലഃ 93

| | | | |
|---|---|---|---|
| തത്ര | അപ്പോൾ | സഃ സുഗ്രീവഃ | ആ സുഗ്രീവൻ |
| തേന | അവനാൽ | വജ്രകല്പം | വജ്രതുല്യമായ |
| അഭിഹതഃ | ഇടിക്കപ്പെട്ടു | മുഷ്ടിം | തന്റെ മുഷ്ടിയെ |
| മഹാബലഃ | അതിബലശാലിയും | സംവർത്തയാ- മാസ. | ചുരുട്ടി. |
| വാനരർഷഭഃ | വാനരശ്രേഷ്ഠനുമായ | | |

അർച്ചിഃസഹസ്രവികചം രവിമണ്ഡലസപ്രഭം
സ മുഷ്ടിം പാതയാമാസ കുംഭസ്യോരസി വീര്യവാൻ 94

| | | | |
|---|---|---|---|
| വീര്യവാൻ | വീര്യശാലിയായ | രവിമണ്ഡല- സപ്രഭം | സൂര്യമണ്ഡലസദൃശമായ |
| സഃ | അവൻ | മുഷ്ടിം | മുഷ്ടിയെ |
| അർച്ചിഃ- സഹസ്ര- വികചം | അനേകായിരം രശ്മികൾ വീശുന്ന | കുംഭസ്യ ഉരസി | കുംഭന്റെ മാറിടത്തിൽ |
| | | പാതയാമാസ. | പതിപ്പിച്ചു. |

സ തു തേന പ്രഹാരേണ വിഹ്വലോ ഭൃശതാഡിതഃ
നിപപാത തദാ കുംഭോ ഗതാർച്ചിരിവ പാവകഃ 95

| | | | |
|---|---|---|---|
| തദാ | അപ്പോൾ | വിഹ്വലഃ | വിവശനായി |
| സഃ കുംഭഃ തു | ആ കുംഭനും | ഗതാർച്ചിഃ | ജ്വാലയററ |
| തേന പ്രഹാരേണ | ആ ഇടികൊണ്ട് | പാവകഃ ഇവ | അഗ്നി എന്നപോലെ |
| ഭൃശതാഡിതഃ | ഏററവും ചതയ്ക്കപ്പെട്ടു | നിപപാത. | അമർന്നുപോയി. |

മുഷ്ടിനാഽഭിഹതസ്തേന നിപപാതാശു രാക്ഷസഃ
ലോഹിതാംഗ ഇവാകാശാദ്ദീപ്തരശ്മിൎയ്യദൃച്ഛയാ. 96

| | | | |
|---|---|---|---|
| തേന മുഷ്ടിനാ | ആ മുഷ്ടിയാൽ | ലോഹിതാംഗഃ | അംഗാരകൻ |
| അഭിഹതഃ | ഇടിക്കപ്പെട്ട | യദൃച്ഛയാ | അവിചാരിതമായി |
| രാക്ഷസഃ | രാക്ഷസൻ | ഇവ | വീണാൽ എന്ന |
| ആകാശാത് | ആകാശത്തിൽനിന്നു് | ആശു | പെട്ടെന്നു് [പോലെ |
| ദീപ്തരശ്മിഃ | ഒളിചിതറുന്ന | നിപപാത. | പതിച്ചു. |

കുംഭസ്യ പതതോ രൂപം ഭഗ്നസ്യോരസി മുഷ്ടിനാ
ബഭൌ രുദ്രാഭിപന്നസ്യ യഥാരൂപം ഗവാം പതേഃ. 97

| | | | |
|---|---|---|---|
| മുഷ്ടിനാ | മുഷ്ടികൊണ്ടു് | രുദ്രാഭിപന്നസ്യ | പ്രളയകാലരുദ്രനാൽ വീഴ്ത്തപ്പെട്ട |
| ഉരസി | മാറിൽ | | |
| ഭഗ്നസ്യ | താഡിക്കപ്പെട്ടു് | ഗവാം പതേഃ | ആദിത്യന്റെ |
| പതതഃ | താഴെ വീഴുന്നവനായ | രൂപം | സ്വരൂപം |
| കുംഭസ്യ | കുംഭന്റെ | യഥാ | എപ്രകാരമോ അപ്ര |
| രൂപം | സ്വരൂപം | ബഭൌ. | വിളങ്ങി. [കാരം |

[പണ്ടു് പരമശിവന്റെ വരബലത്താൽ ഒരു അസുരൻ ആദിത്യന്നെതിരായി ഒരു വിമാനത്തിൽ ചെല്ലുമ്പോൾ, അതിനെ സഹിക്കാത്തവനായ ആദിത്യദേവൻ അവനെ വീഴ്ത്തി. അപ്പോൾ ക്രുദ്ധിച്ചവനായ കൈലാസനാഥൻ ആദിത്യനെ വീഴ്ത്തി, എന്നു് പുരാണ കഥ ([illegible]ന്നു സ).]

തസ്മിൻ ഹതേ ഭീമപരാക്രമേണ
പ്ലവംഗമാനാമൃഷഭേണ യുദ്ധേ
മഹീ സശൈലാ സവനാ ചചാല
ഭയം ച രക്ഷാംസ്യധികം വിവേശ. 98

| | | | |
|---|---|---|---|
| തസ്മിൻ | ആ കുംഭൻ | സശൈലാ | മലകളോടുകൂടിയും |
| യുദ്ധേ | പോരിൽ | സവനാ | വനങ്ങളോടുകൂടിയും |
| ഭീമപരാക്രമേണ | ഭീമപരാക്രമിയായ | ചചാല | കുലുങ്ങി |
| പ്ലവംഗമാനാം ഋഷഭേണ | വാനരശ്രേഷ്ഠനാൽ | രക്ഷാംസി | രാക്ഷസന്മാരിൽ |
| ഹതേ | ഹനിക്കപ്പെട്ടാറെ | ഭയം ച | ഭയവും |
| മഹീ | ഭൂമണ്ഡലം | അധികം | അധികമായി |
| | | വിവേശ. | കടികൊണ്ടു. |

ഇത്യാൎഷേ ശ്രീമദ്രാമായണേ വാല്മീകീയേ ആദികാവ്യേ യുദ്ധകാണ്ഡേ
ഷട്സപ്തതിതമഃ സൎഗ്ഗഃ = എഴുപത്താറാം സൎഗ്ഗം സമാപ്തം

ആദ്യം മുതൽ ശ്ലോകസംഖ്യ 18376; യുദ്ധകാണ്ഡം ആദ്യം മുതൽ ശ്ലോകസംഖ്യ 3701

—oo—

## സപ്തസപ്തതിമഃ സർഗ്ഗഃ = എഴുപത്തേഴാംസർഗ്ഗം

[നികുംഭവധഃ = നികുംഭവധം.]

നികുംഭോ ഭ്രാതരം ദൃഷ്ട്വാ സുഗ്രീവേണ നിപാതിതം
പ്രദഹന്നിവ കോപേന വാനരേന്ദ്രമവൈക്ഷത. 1

| | | | |
|---|---|---|---|
| നികുംഭഃ | നികുംഭൻ | കോപേന | കോപത്താൽ |
| ഭ്രാതരം | സഹോദരനെ | പ്രദഹൻ ഇവ | ദഹിപ്പിക്കുന്നവനെന്ന പോലെ |
| സുഗ്രീവേണ | സുഗ്രീവനാൽ | | |
| നിപാതിതം | വീഴ്ത്തപ്പെട്ടവനായി | വാനരേന്ദ്രം | വാനരേശ്വരനെ |
| ദൃഷ്ട്വാ | കണ്ടു് | അവൈക്ഷത. | നോക്കി. |

തതഃ സ്രഗ്ദാമസന്നദ്ധം ദത്തപഞ്ചാംഗുലം ശുഭം
ആദദേ പരിഘം വീരോ നഗേന്ദ്രശിഖരോപമം 2
ഹേമപട്ടപരിക്ഷിപ്തം വജ്രവിദ്രുമഭൂഷിതം
യമദണ്ഡോപമം ഭീമം രക്ഷസാം ഭയനാശനം. 3

| | | | |
|---|---|---|---|
| തതഃ | അപ്പോൾ | വജ്രവിദ്രുമഭൂഷിതം | വൈരങ്ങളാലും പവിഴങ്ങളാലും അലങ്കരിക്കപ്പെട്ടതും |
| വീരഃ | വീരനായ അവൻ | | |
| സ്രഗ്ദാമസന്നദ്ധം | പൂമാലകൾ ചാർത്തിയതും | യമദണ്ഡോപമം | യമദണ്ഡത്തിനൊത്തതും |
| ദത്തപഞ്ചാംഗുലം | അഞ്ചുവിരലുകളും പതിഞ്ഞതും | ഭീമം | ഭയങ്കരവും |
| ശുഭം | ഭംഗിയാർന്നതും | രക്ഷസാം | രാക്ഷസന്മാരുടെ |
| നഗേന്ദ്രശിഖരോപമം | മാമലയുടെ മുടിയൊത്തതും | ഭയനാശനം | ഭയത്തെ നശിപ്പിക്കുന്നതുമായ |
| ഹേമപട്ടപരിക്ഷിപ്തം | പൊൻ പോള കെട്ടപ്പെട്ടതും | പരിഘം | ഒരു ഇരുമ്പുലക്കയെ |
| | | ആദദേ. | കൈക്കൊണ്ടു. |

തമാവിധ്യ മഹാതേജാഃ ശക്രധ്വജസമം തദാ
വിനനാദ വിവൃത്താസ്യോ നികുംഭോ ഭീമവിക്രമഃ 4

| | | | |
|---|---|---|---|
| തദാ | അപ്പോൾ | ശക്രധ്വജസമം | ഇന്ദ്രധ്വജത്തിനു തുല്യമായ |
| മഹാതേജാഃ | മഹാതേജസ്വിയും | തം | ആ പരിഘത്തെ |
| ഭീമവിക്രമഃ | ഭീമപരാക്രമിയുമായ | ആവിധ്യ | ചുഴററി |
| നികുംഭഃ | നികുംഭൻ | വിവൃത്താസ്യഃ | വായ പിളർന്നുകൊണ്ടു് |
| | | വിനനാദ. | അട്ടഹസിച്ചു. |

ഉരോഗതേന നിഷ്കേണ ഭുജസ്ഥൈരംഗദൈരപി
കുണ്ഡലാഭ്യാം ച ചിത്രാഭ്യാം മാലയാ ച വിചിത്രയാ 5
നികുംഭോ ഭൂഷണൈർഭാതി തേന സ്മ പരിഘേണ ച
യഥേന്ദ്രധനുഷാ മേഘഃ സവിദ്യുത്സ്തനയിത്നുമാൻ. 6

| | |
|---|---|
| നികുംഭഃ | നികുംഭൻ |
| ഉരോഗതേന | മാറിലിട്ടിരുന്ന |
| നിഷ്കേണ | പതക്കത്താലും |
| ഭുജസ്ഥൈഃ | കൈകളിലുള്ള |
| അംഗദൈഃ അപി | തോൾവളകളാലും |
| ചിത്രാഭ്യാം | ഭംഗിയാൎന്ന |
| കുണ്ഡലാഭ്യാം ച | കുണ്ഡലങ്ങളാലും |
| വിചിത്രയാ | അഴകാൎന്ന |
| മാലയാ ച | മാലയാലും |
| ഭൂഷണൈഃ | ആഭരണങ്ങളാലും |
| തേന | ആ |
| പരിഘേണ ച | ഉലയ്ക്കയാലും |
| ഇന്ദ്രധനുഷാ | മഴവില്ലാൎന്നതും |
| സവിദ്യുത്സ്തനയിത്നുമാൻ | മിന്നലുകളോടും ഇടിമുഴക്കങ്ങളോടും കൂടിയ |
| മേഘഃ | മേഘം [ത്തുമായ |
| യഥാ | എന്നപോലെ |
| ഭാതി സ്മ. | വിളങ്ങി. |

പരിഘാഗ്രേണ പുസ്ഫോട വാതഗ്രന്ഥിൎമ്മഹാത്മനഃ
പ്രജജ്വാല സഘോഷശ്ച വിധൂമ ഇവ പാവകഃ 7

| | |
|---|---|
| മഹാത്മനഃ | അതി വീൎയ്യവാനായ ഇവന്റെ |
| പരിഘാഗ്രേണ | ഉലയ്ക്കയുടെ അഗ്രത്താൽ |
| വാതഗ്രന്ഥിഃ ച | വായു മണ്ഡലവും |
| പുസ്ഫോട | ഭേദിക്കപ്പെട്ടുപോയി |
| സഘോഷഃ | ഘോഷത്തോടു കൂടിയ ആ പരിഘം |
| വിധൂമഃ | പുകയററ |
| പാവകഃ | അഗ്നി |
| ഇവ | എന്നപോലെ |
| പ്രജജ്വാല. | ഉജ്ജ്വലിച്ചു. |

നഗൎയ്യാ വിടപാവത്യാ ഗന്ധൎവ്വഭവനോത്തമൈഃ
സഹ ചൈവാമരാവത്യാ സൎവ്വൈശ്ച ഭവനൈഃ സഹ 8
സതാരാഗ്രഹനക്ഷത്രം സചന്ദ്രം സമഹാഗ്രഹം
നികുംഭപരിഘാഘൂൎണ്ണം ഭ്രമതീവ നഭഃസ്ഥലം. 9

| | |
|---|---|
| ഗന്ധൎവ്വഭവനോത്തമൈഃ | ഗന്ധൎവ്വന്മാരുടെ മണിമാളികകളോടു കൂടിയും |
| വിടപാവത്യാ നഗൎയ്യാ സഹ ച | അളകാപുരി നഗരത്തോടുകൂടിയും |
| സൎവ്വൈഃ ഭവനൈഃ | എല്ലാ ഭവനങ്ങളോടു കൂടിയും |
| അമരാവത്യാ | അമരാവതിയോടു |
| സഹ ഏവ | കൂടിയും |
| സതാരാഗ്രഹനക്ഷത്രം | അശ്വതി മുതലായ നക്ഷത്രങ്ങളോടും ഗ്രഹങ്ങളോടും സാധാരണ മററുള്ള നക്ഷത്രങ്ങളോടും കൂടിയും |
| സചന്ദ്രം | ചന്ദ്രനോടുകൂടിയും |
| സമഹാഗ്രഹം ച | മഹാഗ്രഹങ്ങളോടു കൂടിയും |
| നഭഃസ്ഥലം | അന്തരിക്ഷം |
| നികുംഭപരിഘാഘൂൎണ്ണം | നികുംഭന്റെ പരിഘത്താൽ ചുഴററപ്പെട്ടതായി |
| ഭ്രമതി ഇവ | വട്ടംചുററുന്ന പോലെയിരിക്കുന്നു. |

[രാത്രിയാകയാൽ ആദിത്യൻ പറയപ്പെട്ടിട്ടില്ലെന്നു കാൺക.]

ദുരാസദശ്ച സംജജ്ഞേ പരിഘാഭരണപ്രഭഃ
കപീനാം സ നികുംഭാഗ്നിർയുഗാന്താഗ്നിരിവോത്ഥിതഃ 10

| | | | |
|---|---|---|---|
| പരിഘാഭരണ-പ്രഭഃ | പരിഘത്താലും ആഭരണങ്ങളാലും വിളങ്ങുന്ന | യുഗാന്താഗ്നിഃ ഇവ | പ്രളയാഗ്നി എപ്രകാരമോ അപ്രകാരം |
| സഃ | ആ | കപീനാം | വാനരന്മാരാൽ |
| നികുംഭാഗ്നിഃ ച | നികുംഭനാകുന്ന അഗ്നി | ദുരാസദഃ സംജജ്ഞേ | അടുപ്പാൻ കഴിയാത്തതായി ഭവിച്ചു. |
| ഉത്ഥിതഃ | ആളിപ്പടന്ന് | | |

രാക്ഷസാ വാനരാശ്ചാപി ന ശേകുഃ സ്പന്ദിതും ഭയാത്
ഹനുമാംസ്തു വിവൃത്യോരസ്തസ്ഥൌ പ്രമുഖതോ ബലീ. 11

| | | | |
|---|---|---|---|
| രാക്ഷസാഃ | രാക്ഷസന്മാരും | ബലീ | ബലശാലിയായ |
| വാനരാഃ ച | വാനരന്മാരും | ഹനുമാൻ തു | ഹനുമാൻ മാത്രം |
| ഭയാത് | ഭയത്താൽ | ഉരഃ | വക്ഷസ്സിനെ |
| സ്പന്ദിതും അപി | ഇളകുന്നതിന്നുകൂടി | വിവൃത്യ | പരത്തിക്കൊണ്ട് |
| ന ശേകുഃ | ശക്തരാകാതിരുന്നു | പ്രമുഖതഃ | എതിരിലായി |
| | | തസ്ഥൌ | നിന്നു. |

പരിഘോപമബാഹുസ്തു പരിഘം ഭാസ്കരപ്രഭം
ബലീ ബലവതസ്തസ്യ പാതയാമാസ വക്ഷസി 12

| | | | |
|---|---|---|---|
| പരിഘോപമ-ബാഹുഃ | ഉലക്കപോലുള്ള കയ്കളാന്ന് | പരിഘം | പരിഘത്തെ |
| ബലീ തു | ബലശാലിയായ അവൻ | ബലവതഃ | ബലിഷ്ഠനായ |
| | | തസ്യ | അവന്റെ |
| | | വക്ഷസി | മാറിൽ |
| ഭാസ്കരപ്രഭം | സൂര്യപ്രഭയാന്ന് | പാതയാമാസ | പതിപ്പിച്ചു. |

സ്ഥിരേ തസ്യോരസി വ്യൂഢേ പരിഘഃ ശതധാകൃതഃ
വിശീര്യമാണഃ സഹസാ ഉല്കാശതമിവാംബരേ. 13

| | | | |
|---|---|---|---|
| തസ്യ | ആ ഹനുമാന്റെ | ശതധാകൃതഃ | പലവാറായി നുറുങ്ങിപ്പോയി |
| സ്ഥിരേ | ഉറപ്പേറിയ | | |
| വ്യൂഢേ | വിരിഞ്ഞ | അംബരേ | ആകാശത്തിൽ |
| ഉരസി | മാറിടത്തിൽ | ഉല്കാശതം | അനേകം വാൽനക്ഷത്രങ്ങൾ |
| പരിഘഃ | ആ പരിഘം | ഇവ | എന്നപോലായി |
| സഹസാ | തൽക്ഷണം | വിശീര്യമാണഃ | ചിതറി വീണു. |

സ തു തേന പ്രഹാരേണ വിചചാല മഹാകപിഃ
പരിഘേണ സമാധൂതോ യഥാ ഭൂമിചലേഽചലഃ 14

| | | | |
|---|---|---|---|
| സഃ | ആ | പ്രഹാരേണ | പ്രഹരത്താൽ |
| മഹാകപിഃ തു | വാനരോത്തമനും | ഭൂമിചലേ | ഭൂകമ്പത്തിൽ |
| പരിഘേണ | പരിഘായുധത്താൽ | അചലഃ | പർവ്വതം |
| സമാധൂതഃ | താഡിക്കപ്പെട്ട് | യഥാ | എന്നപോലെ |
| തേന | ആ | വിചചാല | വിറച്ചു. |

സ തദാഽഭിഹതസ്തേന ഹനുമാൻ പ്ലവഗോത്തമഃ
മുഷ്ടിം സംവർത്തയാമാസ ബലേനാതിമഹാബലഃ. 15

| | | | |
|---|---|---|---|
| തദാ | അപ്പോൾ | അഭിഹതഃ | താഡിക്കപ്പെട്ടവനായി |
| പ്ലവംഗോത്തമഃ | വാനരോത്തമനും | ബലേന | ഊക്കോടെ |
| അതിമഹാബലഃ | അതിബലശാലിയു | മുഷ്ടിം | മുഷ്ടിയെ |
| സഃ ഹനുമാൻ | ആ ഹനുമാൻ [മായ | സംവർത്തയാ- | ചുരുട്ടിപ്പിടിച്ചു. |
| തേന | അവനാൽ | മാസ. | |

തമുദ്യമ്യ മഹാതേജാ നികുംഭോരസി വീര്യവാൻ
അഭിചിക്ഷേപ വേഗേന വേഗവാൻ വായുവിക്രമഃ 16

| | | | |
|---|---|---|---|
| മഹാതേജാഃ | അതിതേജസ്വിയും | തം | ആ മുഷ്ടി |
| വീര്യവാൻ | വീര്യശാലിയും | ഉദ്യമ്യ | ഉയർത്തി |
| വേഗവാൻ | ശക്തിമാനും | വേഗേന | വേഗത്തിൽ |
| വായുവിക്രമഃ | വായുതുല്യപരാക്രമിയു | നികുംഭോരസി | നികുംഭൻെറ വക്ഷ |
| | മായ ആ ഹനുമാൻ | അഭിചിക്ഷേപ. | ഇടിച്ചു. [സ്സിൽ |

തതഃ പുസ്ഫോട ചർമ്മാസ്യ പ്രസുസ്രാവ ച ശോണിതം
മുഷ്ടിനാ തേന സഞ്ജജ്ഞേ ജ്വാലാ വിദ്യുദിവോത്ഥിതാ 17

| | | | |
|---|---|---|---|
| തതഃ | അതിനാൽ | തേന | ആ |
| അസ്യ | ഇവൻെറ | മുഷ്ടിനാ | ഇടികൊണ്ടു് |
| ചർമ്മ | കവചം | ഉത്ഥിതാ | മിന്നുന്ന |
| പുസ്ഫോട | പൊടിപൊടിയായി | വിദ്യുത് ഇവ | മിന്നലെന്നപോലെ |
| ശോണിതം ച | രക്തവും | ജ്വാലാ | ജ്വാലയും |
| പ്രസുസ്രാവ | പെരുകി | സഞ്ജജ്ഞേ. | കാണപ്പെട്ടു. |

സ തു തേന പ്രഹാരേണ നികുംഭോ വിചചാല ഹ
സ്വസ്ഥശ്ചാപി നിജഗ്രാഹ ഹനുമന്തം മഹാബലം. 18

| | | | |
|---|---|---|---|
| സഃ | ആ | അപി ച | അനന്തരം |
| നികുംഭഃ തു | നികുംഭനും | സ്വസ്ഥഃ | സ്വസ്ഥനായി |
| തേന | ആ | മഹാബലം | മഹാബലശാലിയായ |
| പ്രഹാരേണ | പ്രഹാരത്താൽ | ഹനുമന്തം | ഹനുമാനെ |
| വിചചാല ഹ | തുടിച്ചുപോയി; | നിജഗ്രാഹ. | പിടികൂടി. |

വിചുക്രുശുസ്തദാ സംഖ്യേ ഭീമം ലങ്കാനിവാസിനഃ
നികുംഭേനോദ്യതം ദൃഷ്ട്വാ ഹനുമന്തം മഹാബലം. 19

| | | | |
|---|---|---|---|
| തദാ | അപ്പോൾ | ഹനുമന്തം | ഹനുമാനെ |
| ലങ്കാനിവാസിനഃ | ലങ്കാനിവാസികൾ | ഉദ്യതം | പൊന്തിക്കപ്പെട്ടവനാ |
| സംഖ്യേ | പോരിൽ | ദൃഷ്ട്വാ | കണ്ടു് [യി |
| നികുംഭേന | നികുംഭനാൽ | ഭീമം | ഭയങ്കരമാംവണ്ണം |
| മഹാബലം | മഹാബലശാലിയായ | വിചുക്രുശുഃ. | ആർത്തു. |

സ തദാ ഹ്രിയമാണോഽപി കുംഭകർണ്ണാത്മജേന ഹ
ആജഘാനാനിലസുതോ വജ്രകല്പേന മുഷ്ടിനാ. 20

| | | | |
|---|---|---|---|
| സഃ | ആ | ഹ്രിയമാണഃ അപി | എടുക്കപ്പെട്ടവനായിട്ടും |
| അനിലസുതഃ | മാരുതി | | |
| തദാ | അപ്പോൾ | വജ്രകല്പേന | വജ്രതുല്യമായ |
| കുംഭകർണ്ണാത്മജേന | ആ കുംഭകർണ്ണസൂനുവാൽ | മുഷ്ടിനാ | മുഷ്ടികൊണ്ട് |
| | | ആജഘാന ഹ | ഇടിച്ചു. |

ആത്മാനം മോചയിത്വാഽഥ ക്ഷിതാവഭ്യവപദ്യത
ഹനൂമാനുന്മമാഥാശു നികുംഭം മാരുതാത്മജഃ 21

| | | | |
|---|---|---|---|
| മാരുതാത്മജഃ | വായുകുമാരനായ | ക്ഷിതൗ | നിലത്ത് |
| ഹനൂമാൻ | ഹനൂമാൻ | അഭ്യവപദ്യത | കുതിച്ചു |
| അഥ | അപ്പോൾ | ആശു | ഉടനെ |
| ആത്മാനം | തന്നെ | നികുംഭം | നികുംഭനെ |
| മോചയിത്വാ | വേർപെടുത്തിക്കൊണ്ട് | ഉന്മമാഥ | എടുത്തുയർത്തി. |

നിക്ഷിപ്യ പരമായത്തോ നികുംഭം നിഷ്പിപേഷ ഹ
ഉത്പത്യ ചാസ്യ വേഗേന പപാതോരസി വീര്യവാൻ 22

| | | | |
|---|---|---|---|
| വീര്യവാൻ | വീര്യവാനായ അവൻ | അസ്യ | ഇവന്റെ |
| പരമായത്തഃ | ഏറ്റവും ഊക്കോടെ | ഉരസി ച | മാറിടത്തിൽ |
| നികുംഭം | നികുംഭനെ | വേഗേന | വേഗത്തിൽ |
| നിക്ഷിപ്യ | താഴെത്തെറിഞ്ഞ് | ഉത്പത്യ പപാത | കുതിച്ചുചാടി. |
| നിഷ്പിപേഷ ഹ | ചതച്ചുകളഞ്ഞു. | | |

പരിഗൃഹ്യ ച ബാഹുഭ്യാം പരിവൃത്യ ശിരോധരാം
ഉത്പാടയാമാസ ശിരോ ഭൈരവം നദതോ മഹത്. 23

| | | | |
|---|---|---|---|
| ബാഹുഭ്യാം ച | ഇരുകൈകൾകൊണ്ടും | ഭൈരവം | ഭയങ്കരമായി |
| ശിരോധരാം | കഴുത്തിനെ | നദതഃ | നിലവിളിക്കുന്ന ഇവ- |
| പരിവൃത്യ | പിടിച്ച് | ശിരഃ | ശിരസ്സിനെ [ന്റെ |
| പരിഗൃഹ്യ | ഞെക്കിക്കൊണ്ട് | ഉത്പാടയാമാസ. | വേർപെടുത്തി. |
| മഹത് | ഉച്ചത്തിൽ | | |

അഥ വിനദതി സാദിതേ നികുംഭേ പവനസുതേന രണേ ബഭൂവ യുദ്ധം
ദശരഥസുതരാക്ഷസേന്ദ്രസൂന്വോർഭൃശതരമാഗതരോഷയോഃ സുഭീമം. 23

| | | | |
|---|---|---|---|
| രണേ | പോരിൽ | ആഗതരോഷയോഃ | കോപം പൂണ്ടിരുന്ന |
| വിനദതി | ഗർജ്ജിച്ചുകൊണ്ടിരുന്ന | ദശരഥസുത- രാക്ഷസേന്ദ്ര- സൂന്വോഃ | ദാശരഥിക്കും രാക്ഷസത്തലവന്റെ പുത്രനായ മകരാക്ഷനും തമ്മിൽ |
| നികുംഭേ | നികുംഭൻ | | |
| പവനസുതേന | പവനാത്മജനാൽ | | |
| സാദിതേ അഥ | വധിക്കപ്പെട്ട ശേഷം | സുഭീമം | അതിഭയങ്കരമായ |
| ഭൃശതരം | അത്യധികം | യുദ്ധം ബഭൂവ. | സമരം സംഭവിച്ചു. |

വ്യപേതേ തു ജീവേ നികുംഭസ്യ ഹൃഷ്ടാ
വിനേദുഃ പ്ലവംഗാ ദിശഃ സസ്വനുശ്ച
ചചാലേവ ചോർവ്വീ പഫാലേവ ച ദ്യൌർ-
ഭയം രാക്ഷസാനാം ബലം ചാവിവേശ. 25

| | | | |
|---|---|---|---|
| നികുംഭസ്യ | നികുംഭന്റെ | ഉർവ്വീ ച | ഭൂമിയും |
| ജീവേ | പ്രാണൻ | ചചാല ഇവ | ഏററവും കലുങ്ങി |
| വ്യപേതേ തു | വേറിട്ട സമയം | ദ്യൌഃ ച | ആകാശവും കൂടി |
| പ്ലവംഗാഃ | വാനരന്മാർ | പഫാല ഇവ | ചിതറി |
| ഹൃഷ്ടാഃ | ആനന്ദതുന്ദിലരായി | രാക്ഷസാനാം | രാക്ഷസന്മാരുടെ |
| വിനേദുഃ. | ഘോഷിച്ചു. | ബലം | സൈന്യത്തിന്നു് |
| ദിശഃ ച | ദിക്കുകളും | ഭയം ച | ഭീതിയും |
| സസ്വനുഃ | മുഴങ്ങി | ആവിവേശ | തിങ്ങി. |

ഇത്യാർഷേ ശ്രീമദ്രാമായണേ വാൽമീകീയേ ആദികാവ്യേ യുദ്ധകാണ്ഡേ
സപ്തസപ്തതിതമഃ സർഗ്ഗഃ=എഴുപത്തേഴാംസർഗ്ഗം സമാപ്തം.
ആദ്യം മുതൽ ശ്ലോകസംഖ്യ 18401; യുദ്ധകാണ്ഡം ആദ്യം മുതൽ ശ്ലോകസംഖ്യ 3726.

— — — —

## അഷ്ടസപ്തതിതമഃ സർഗ്ഗഃ = എഴുപത്തെട്ടാം സർഗ്ഗം.

[മകരാക്ഷനിർഗ്ഗമഃ=മകരാക്ഷൻ പോരിന്നു പുറപ്പെടുന്നതു്]

നികുംഭം ച ഹതം ശ്രുത്വാ കുംഭം ച വിനിപാതിതം
രാവണഃ പരമാമർഷീ പ്രജജ്വാലാനലോ യഥാ. 1

| | | | |
|---|---|---|---|
| രാവണഃ | രാവണൻ | വിനിപാതിതം | കൊല്ലപ്പെട്ടവനായും |
| നികുംഭം ച | നികുംഭനേയും | ശ്രുത്വാ | കേട്ടു് |
| ഹതം | മൃതിപ്പെട്ടവനായും | പരമാമർഷീ | അതികുപിതനായി |
| കുംഭം ച | കുംഭനേയും | അനലഃ യഥാ | ചെന്തീപോലെ |
| | | പ്രജജ്വാല. | ഉജ്ജ്വലിച്ചു. |

നൈരൃതഃ ക്രോധശോകാഭ്യാം ദ്വാഭ്യാം തു പരിമൂർച്ഛിതഃ
ഖരപുത്രം വിശാലാക്ഷം മകരാക്ഷമചോദയത്. 2

| | | | |
|---|---|---|---|
| നൈരൃതഃ | ആ രാക്ഷസനായ രാവണൻ | ഖരപുത്രം | ഖരന്റെ പുത്രനും |
| ക്രോധ-ശോകാഭ്യാം | ക്രോധം, വ്യസനം എന്ന | വിശാലാക്ഷം | വിടന്ന നേത്രങ്ങളോന്നു വന്നമായ |
| ദ്വാഭ്യാം | രണ്ടിനാലും | മകരാക്ഷം | മകരാക്ഷനോടായി |
| പരിമൂർച്ഛിതഃ | മതിമറന്നവനായി | അചോദയത് | ഇപ്രകാരം ആജ്ഞാപിച്ചു. |
| തു | അപ്പോൾ | | |

ഗച്ഛ പുത്ര മയാഽഽജ്ഞപ്തോ ബലേനാഭിസമന്വിതഃ
രാഘവം ലക്ഷ്മണം ചൈവ ജഹി താംശ്ച വനൌകസഃ 3

| | | | |
|---|---|---|---|
| "പുത്ര! | "വത്സ! | രാഘവം ച | രാമനേയും |
| മയാ ആജ്ഞപ്തഃ | എന്നാൽ നിയോഗിക്കപ്പെട്ടവനായ നീ | ലക്ഷ്മണം ഏവ | ലക്ഷ്മണനേയും |
| ബലേന അഭിസമന്വിതഃ | സൈന്യത്തോടുംകൂടി | താൻ | ആ |
| ഗച്ഛ | പോയ്യരിക; | വനൌകസഃ ച | വാനരന്മാരേയും |
| | | ജഹി." | ജയിക്കുക." |

രാവണസ്യ വചഃ ശ്രുത്വാ ശൂരമാനീ ഖരാത്മജഃ
ബാഢമിത്യബ്രവീദ്ധൃഷ്ടോ മകരാക്ഷോ നിശാചരഃ 4

| | | | |
|---|---|---|---|
| ശൂരമാനീ | ശൂരനെന്നു് അഭിമാനിക്കുന്നവനും | വചഃ | വാക്യത്തെ |
| ഖരാത്മജഃ | ഖരപുത്രനും | ശ്രുത്വാ | കേട്ടു് |
| നിശാചരഃ | രാത്രിഞ്ചരനുമായ | ഹൃഷ്ടഃ | സന്തുഷ്ടനായി |
| മകരാക്ഷഃ | മകരാക്ഷൻ | "ബാഢം" | "കല്പനപോലെ" |
| രാവണസ്യ | രാവണന്റെ | ഇതി | എന്നു് |
| | | അബ്രവീത്. | ഉണർത്തിച്ചു. |

സോഽഭിവാദ്യ ദശഗ്രീവം കൃത്വാ ചാപി പ്രദക്ഷിണം
നിർജ്ജഗാമ ഗൃഹാച്ഛുഭ്രാദ്രാവണസ്യാജ്ഞയാ ബലീ 5

| | | | |
|---|---|---|---|
| ബലീ സഃ | ബലശാലിയായ അവൻ | രാവണസ്യ | രാവണന്റെ |
| ദശഗ്രീവം | ദശാസ്യനെ | ആജ്ഞയാ | കല്പനപ്രകാരം |
| പ്രദക്ഷിണം കൃത്വാ ച | വലംവെച്ചു് | ശുഭ്രാത് | മനോഹരമായ |
| അഭിവാദ്യ അപി | നമസ്കരിച്ചു് | ഗൃഹാത് | അരമനയിൽനിന്നും |
| | | നിർജ്ജഗാമ | നിർഗ്ഗമിച്ചു. |

സമീപസ്ഥം ബലാദ്ധ്യക്ഷം ഖരപുത്രോഽബ്രവീദിദം
രഥശ്ചാനീയതാം ശീഘ്രം സൈന്യം ചാഹൂയതാം ത്വരാത്". 6

| | | | |
|---|---|---|---|
| ഖരപുത്രഃ | ഖരപുത്രൻ | "രഥഃ ച | "രഥവും |
| സമീപസ്ഥം | സമീപത്തിൽ കാത്തുനിന്നിരുന്ന | ശീഘ്രം | വേഗത്തിൽ |
| ബലാദ്ധ്യക്ഷം | സേനാനായകനെ നോക്കി | ആനീയതാം | കൊണ്ടുവരപ്പെടട്ടെ |
| ഇദം | ഇപ്രകാരം | സൈന്യം ച | സൈന്യവും |
| അബ്രവീത്. | ആജ്ഞാപിച്ചു. | ത്വരാത് | താമസിയാതെ |
| | | ആഹൂയതാം" | വിളിച്ചുചേർക്കപ്പെടട്ടെ". |

തസ്യ തദ്വചനം ശ്രുത്വാ ബലാദ്ധ്യക്ഷോ നിശാചരഃ
സ്യന്ദനം ച ബലം ചൈവ സമീപം പ്രത്യപാദയത് 7

| | | | |
|---|---|---|---|
| ബലാധ്യക്ഷഃ | സൈന്യാധിപനായ | ച ച | ഉടനെതന്നെ |
| നിശാചരഃ | രാത്രിഞ്ചരൻ | സ്യന്ദനം | രഥത്തേയും |
| തസ്യ | അവന്റെ | ബലം ഏവ | പടയേയും |
| തത് | ആ | സമീപം | തയ്യാറാക്കി അടുത്തു |
| വചനം | വാക്യത്തെ | പ്രത്യ- | കൊണ്ടുവന്നുനിർത്തി. |
| ശ്രുത്വാ, | കേട്ട്, | പാദയത്. | |

പ്രദക്ഷിണം രഥം കൃത്വാ ആരുരോഹ നിശാചരഃ
സൂതം സംചോദയാമാസ ശീഘ്രം മേ രഥമാവഹ 8

| | | | |
|---|---|---|---|
| നിശാചരഃ | രാക്ഷസനായ മകരാക്ഷൻ | "മേ | "എന്റെ |
| രഥം | രഥത്തെ | രഥം | രഥത്തെ |
| പ്രദക്ഷിണം | പ്രദക്ഷിണംചെയ്തു് | ശീഘ്രം | അതിവേഗത്തിൽ |
| കൃത്വാ | | ആവഹ" | തെളിയിക്കുക" എന്നു് |
| ആരുരോഹ | അതിൽ കയറി; | സംചോദയ- | ആജ്ഞാപിച്ചു. |
| സൂതം | സാരഥിയെനോക്കി | മാസ. | |

അഥ താൻ രാക്ഷസാൻ സർവാൻ മകരാക്ഷോഽബ്രവീദിദം
യൂയം സർവ്വേ പ്രയുദ്ധ്യധ്വം പുരസ്താന്മമ രാക്ഷസാഃ 9

| | | | |
|---|---|---|---|
| മകരാക്ഷഃ | മകരാക്ഷൻ | അബ്രവീത് | പറഞ്ഞു; |
| അഥ | അപ്പോൾ | "രാക്ഷസാഃ | "രാക്ഷസന്മാരെ ! |
| താൻ | ആ | യൂയം സർവ്വേ | നിങ്ങൾ എല്ലാവരും |
| രാക്ഷസാൻ | രാക്ഷസന്മാർ | മമ | എന്റെ |
| സർവ്വാൻ | എല്ലാവരേയും നോക്കി | പുരസ്താത് | മുമ്പിലായി |
| ഇദം | ഇപ്രകാരം | പ്രയുദ്ധ്യധ്വം. | പോർചെയ്യുവിൻ. |

അഹം രാക്ഷസരാജേന രാവണേന മഹാത്മനാ
ആജ്ഞപ്തഃ സമരേ ഹന്തും താവുഭൌ രാമലക്ഷ്മണൌ 10

| | | | |
|---|---|---|---|
| "അഹം | "ഞാൻ | തൌ | ആ |
| തേന | ആ | രാമലക്ഷ്മണൌ | രാമലക്ഷ്മണന്മാർ |
| മഹാത്മനാ | മഹാത്മാവായ | ഉഭൌ | ഇരുവരേയും |
| രാക്ഷസരാജേന | രാക്ഷസരാജാവായ | ഹന്തും | വധിപ്പാനായി |
| രാവണേന | രാവണനാൽ | ആജ്ഞപ്തഃ. | നിയോഗിക്കപ്പെട്ടിരിക്കുന്നു. |
| സമരേ | പോരിൽ | | |

അദ്യ രാമം വധിഷ്യാമി ലക്ഷ്മണം ച നിശാചരാഃ
ശാഖാമൃഗം ച സുഗ്രീവം വാനരാംശ്ച ശരോത്തമൈഃ 11

| | | | |
|---|---|---|---|
| "നിശാചരാഃ | "രാക്ഷസന്മാരെ | സുഗ്രീവം ച | സുഗ്രീവനേയും |
| അദ്യ | ഇപ്പോൾ | വാനരാൻ ച | വാനരന്മാരേയും |
| രാമം | രാമനേയും | ശരോത്തമൈഃ | ശ്രേഷ്ഠങ്ങളായ ബാണങ്ങൾകൊണ്ടു് |
| ലക്ഷ്മണം ച | ലക്ഷ്മണനേയും | | |
| ശാഖാമൃഗം | വാനരനായ | വധിഷ്യാമി. | ഞാൻ വധിക്കുന്നുണ്ടു്. |

അദ്യ ശൂലനിപാതൈശ്ച വാനരാണാം മഹാചമൂം
പ്രദഹിഷ്യാമി സംപ്രാപ്തഃ ശുഷ്കേന്ധനമിവാനലഃ 12

| | | | |
|---|---|---|---|
| "അദ്യ | "ഇപ്പോൾ | ശൂലനിപാതൈഃ ച | ശൂലപ്രയോഗത്താൽ തന്നെ, |
| വാനരാണാം | വാനരന്മാരുടെ | അനലഃ | അഗ്നി |
| മഹാചമൂം | വൻപടയെ | ശുഷ്കേന്ധനം | ഉണക്കവിറകിനെ |
| സംപ്രാപ്തഃ | ഏററടുത്ത് | ഇവ | എന്നപോലെ |
| | | പ്രദഹിഷ്യാമി." | ഞാൻ ചുട്ടെരിക്കാം." |

മകരാക്ഷസ്യ തച്ഛ്രുത്വാ വചനം തേ നിശാചരാഃ
സർവ്വേ നാനായുധോപേതാ ബലവന്തഃ സമാഗതാഃ 13

| | | | |
|---|---|---|---|
| തേ | ആ | തത് വചനം | ആ വാക്യത്തെ |
| ബലവന്തഃ | ബലശാലികളായ | ശ്രുത്വാ | കേട്ട് |
| നിശാചരാഃ | രാക്ഷസന്മാർ | നാനായുധോപേതാഃ | പല ആയുധങ്ങളും കൈക്കൊണ്ട് |
| സർവ്വേ | എല്ലാവരും | | |
| മകരാക്ഷസ്യ | മകരാക്ഷന്റെ | സമാഗതാഃ. | ഒരുമിച്ചുചേർന്നു. |

തേ കാമരൂപിണഃ സർവ്വേ ദംഷ്ട്രിണഃ പിംഗളേക്ഷണാഃ
മാതംഗാ ഇവ നർദ്ദന്തോ ധ്വസ്തകേശാ ഭയാനകാഃ 14

| | | | |
|---|---|---|---|
| തേ | അവർ | പിംഗളേക്ഷണാഃ | മഞ്ഞച്ച കണ്ണുകളുള്ളവരും |
| സർവ്വേ | എല്ലാവരും | ധ്വസ്തകേശാഃ | തലമുടി മുറിച്ചവരും |
| കാമരൂപിണഃ | ഇഷ്ടമുള്ള രൂപമെടുപ്പാൻ കഴിവുള്ളവരും | മാതംഗാഃ ഇവ | ആനകളെന്നപോലെ |
| | | നർദ്ദന്തഃ | ഗർജ്ജിക്കുന്നവരും |
| ദംഷ്ട്രിണഃ | തേററകളുള്ളവരും | ഭയാനകാഃ. | ഭയങ്കരന്മാരുമായിരുന്നു. |

പരിവാര്യ മഹാകായാ മഹാകായം ഖരാത്മജം
അഭിജഗ്മുസ്തതോ ഹൃഷ്ടാശ്ചാലയന്തോ വസുന്ധരാം 15

| | | | |
|---|---|---|---|
| തതഃ | അപ്പോൾ | പരിവാര്യ | ചുഴന്നുകൊണ്ട് |
| മഹാകായാഃ | കൂററന്മാരായ അവർ | വസുന്ധരാം | ഭൂമി |
| ഹൃഷ്ടാഃ | ഉത്സാഹത്തോടുകൂടി | ചാലയന്തഃ | കുലുക്കിക്കൊണ്ട് |
| മഹാകായം | പൃഥുശരീരനായ | | |
| ഖരാത്മജം | ഖരപുത്രനെ | അഭിജഗ്മുഃ | എതിർത്തുചെന്നു. |

ശംഖഭേരീസഹസ്രാണാമാഹതാനാം സമന്തതഃ
ക്ഷ്വേളിതാസ്ഫോടിതാനാം ച തതഃ ശബ്ദോ മഹാനഭൂത് 16

| | | | |
|---|---|---|---|
| തതഃ | അപ്പോൾ | ക്ഷ്വേളിതാസ്ഫോടിതാനാം ച | കുതിച്ചുചാടുക, കൈകൊട്ടുക, എന്നവയുടേയും |
| സമന്തതഃ | നാലുപുറത്തുനിന്നും | | |
| ആഹതാനാം | മുഴക്കപ്പെട്ട | | |
| ശംഖഭേരീസഹസ്രാണാം | അനേകം ശംഖുകളുടേയും പെരുമ്പറകളുടേയും | ശബ്ദഃ | ശബ്ദം |
| | | മഹാൻ അഭൂത്. | ഗംഭീരമായി പൊങ്ങ |

പ്രഭ്രഷ്ടോऽഥ കരാത്തസ്യ പ്രതോദഃ സാരഥേസ്തദാ
പപാത സഹസാ ചൈവ ധ്വജസ്തസ്യ ച രക്ഷസഃ 17

| | | | |
|---|---|---|---|
| തദാ | ആ സമയം | ച ച | തൽക്ഷണംതന്നെ |
| തസ്യ | അവന്റെ | തസ്യ | ആ |
| സാരഥേഃ | സാരഥിയുടെ | രക്ഷസഃ | രാക്ഷസന്റെ |
| കരാത് | കയ്യിൽനിന്നു്, | ധ്വജഃ ഏവ | കൊടിയും |
| പ്രതോദഃ അഥ | ചാട്ടയും | സഹസാ | പെട്ടന്നനവേ |
| പ്രഭ്രഷ്ടഃ | വഴുതിവീണു; | പപാത. | താഴത്തുവീണു. |

തസ്യ തേ രഥയുക്താശ്ച ഹയാ വിക്രമവർജ്ജിതാഃ
ചരണൈരാകുലൈർഗ്ഗത്വാ ദീനാഃ സാസ്രമുഖാ യയുഃ 18

| | | | |
|---|---|---|---|
| തസ്യ | അവന്റെ | ദീനാഃ | ദീനതപൂണ്ടവയായി |
| രഥയുക്താഃ | തേരിൽ പൂട്ടപ്പെട്ടവയായ | സാസ്രമുഖാഃ | കണ്ണീർ നിറഞ്ഞ മുഖത്തോടുകൂടിയവയായി |
| തേ | ആ | ആകുലൈഃ ചരണൈഃ | കാലുകളിടറിക്കൊണ്ടു് |
| ഹയാഃ ച | കുതിരകളും | | |
| വിക്രമവർജ്ജിതാഃ | ഉൗക്കടങ്ങിയവയായി, | ഗത്വാ യയുഃ. | നടന്നുചെന്നു. |

പ്രവാതി പവനസ്തസ്മിൻ സപാംസു ഖരദാരുണഃ
നിര്യാണേ തസ്യ രൌദ്രസ്യ മകരാക്ഷസ്യ ദുർമ്മതേഃ 19

| | | | |
|---|---|---|---|
| രൌദ്രസ്യ | ഭയങ്കരനും | നിര്യാണേ | യാത്രയിൽ |
| ദുർമ്മതേഃ | ദുർബ്ബുദ്ധിയുമായ | പവനഃ | കാററു് |
| തസ്യ | ആ | സപാംസുഃ | ധൂളിയോടുകൂടിയതായി |
| മകരാക്ഷസ്യ | മകരാക്ഷന്റെ | ഖരദാരുണഃ | അതിഭയങ്കരമായി |
| തസ്മിൻ | ആ | പ്രവാതി. | വീശി. |

താനി ദൃഷ്ട്വാ നിമിത്താനി രാക്ഷസാ വീര്യവത്തമാഃ
അചിന്ത്യ നിർഗ്ഗതാഃ സർവ്വേ യത്ര തൌ രാമലക്ഷ്മണൌ. 20

| | | | |
|---|---|---|---|
| വീര്യവത്തമാഃ | അതിവീര്യശാലികളായ | ദൃഷ്ട്വാ | കണ്ടു് |
| രാക്ഷസാഃ | രാക്ഷസന്മാർ | അചിന്ത്യ | കൂട്ടാക്കാതെ |
| സർവ്വേ | എല്ലാവരും | തൌ | ആ |
| താനി | ആ | രാമലക്ഷ്മണൌ യത്ര | ശ്രീരാമലക്ഷ്മണന്മാരിരുവരും ഉള്ളേടം |
| നിമിത്താനി | അപശകുനങ്ങളെ | നിർഗ്ഗതാഃ | പോയ്ചേർന്നു. |

ഘനഗജമഹിഷാംഗതുല്യവർണ്ണാഃ
സമരമുഖേഷ്വസകൃദ്ഗദാസിഭിന്നാഃ
അഹമഹമിതി യുദ്ധകൗശലാസ്തേ
രജനിചരാഃ പരിബഭ്രമുർന്നദന്തഃ 21

| | | | |
|---|---|---|---|
| ഘനഗജ-മഹിഷാംഗ-തുല്യവർണ്ണാഃ | മേഘം ആന പോത്ത് എന്നവയുടെ ശരീരങ്ങൾക്കു തുല്യമായ നിറമാർന്നവരും | യുദ്ധകൗശലാഃ | യുദ്ധനിപുണരുമായ |
| സമരമുഖേഷു | യുദ്ധത്തിന്റെ മുന്നണികളിൽ | തേ | ആ |
| അസകൃത്-ഗദാസിഭിന്നാഃ | പലകുറി ഗദകളാലും ഖഡ്ഗങ്ങളാലും മുറിവേല്പിക്കപ്പെട്ടവരും | രജനിചരാഃ | രാക്ഷസന്മാർ |
| | | അഹം അഹം | ഞാൻ ഞാൻ |
| | | ഇതി | മുമ്പിലെന്നു് |
| | | നദന്തഃ | ഗർജ്ജിച്ചുകൊണ്ടു് |
| | | പരിബഭ്രമുഃ. | എതിർത്തു. |

ഇത്യാർഷേ ശ്രീമദ്രാമായണേ വാൽമീകീയേ ആദികാവ്യേ യുദ്ധകാണ്ഡേ
അഷ്ടസപ്തതിതമഃ സർഗ്ഗഃ = എഴുപത്തെട്ടാം സർഗ്ഗം സമാപ്തം
ആദ്യം മുതൽ ശ്ലോകസംഖ്യ 18422; യുദ്ധകാണ്ഡം ആദ്യം മുതൽ ശ്ലോകസംഖ്യ 3747

—oo—

## ഏകോനാശീതിതമഃ സർഗ്ഗഃ = എഴുപത്തൊമ്പതാം സർഗ്ഗം

[മകരാക്ഷവധഃ=മകരാക്ഷന്റെ വധം]

നിർഗ്ഗതം മകരാക്ഷം തേ ദൃഷ്ട്വാ വാനരയൂഥപാഃ
ആപ്ലുത്യ സഹസാ സർവ്വേ യോദ്ധുകാമാ വ്യവസ്ഥിതാഃ 1

| | | | |
|---|---|---|---|
| തേ | ആ | ദൃഷ്ട്വാ | കണ്ടു് |
| വാനരയൂഥപാഃ | വാനരസൈന്യാധിപന്മാർ | യോദ്ധുകാമാ | പോർ കൊതിച്ചവരായി |
| സർവ്വേ | എല്ലാവരും | സഹസാ | പെട്ടെന്നു |
| നിർഗ്ഗതം | വന്നെത്തിയവനായ | ആപ്ലുത്യ | ചാടിവന്നു് |
| മകരാക്ഷം | മകരാക്ഷനെ | വ്യവസ്ഥിതാഃ | എതിർത്തുനിന്നു. |

തതഃ പ്രവൃത്തം സുമഹത് തദ്യുദ്ധം രോമഹർഷണം
നിശാചരൈഃ പ്ലവംഗാനാം ദേവാനാം ദാനവൈരിവ. 2

| | | | |
|---|---|---|---|
| തതഃ | അനന്തരം | സുമഹത് | അതിഘോരവും |
| ദാനവൈഃ | അസുരന്മാരുമായി | രോമഹർഷണം | രോമാഞ്ചമുളവാക്കുന്നതുമായ |
| ദേവാനാം | ദേവന്മാർക്കു് | | |
| ഇവ | എന്നപോലെ | യുദ്ധം | പോർ |
| നിശാചരൈഃ | രാക്ഷസന്മാരുമായി | തത് | ആ സമയം |
| പ്ലവംഗാനാം | വാനരന്മാർക്കു | പ്രവൃത്തം. | സംഭവിച്ചു. |

വൃക്ഷശൂലനിപാതൈശ്ച ശിലാപരിഘപാതനൈഃ
അന്യോന്യം മർദ്ദയന്തി സ്മ തദാ കപിനിശാചരാഃ 3

| | | | |
|---|---|---|---|
| തദാ | അപ്പോൾ | ശിലാപരിഘ- പാതനൈഃ ച | കല്ലുകൾകൊണ്ടും ഇരിമ്പുലക്കകൾകൊണ്ടുമുള്ള പ്രഹരങ്ങളാലും |
| കപി- നിശാചരാഃ | വാനരന്മാരും, രാക്ഷസന്മാരും | അന്യോന്യം | ഒരുവനെയൊരുവൻ |
| വൃക്ഷശൂല- നിപാതൈഃ | മരങ്ങൾകൊണ്ടും ശൂലങ്ങൾകൊണ്ടും | മർദ്ദയന്തി സ്മ. | മർദ്ദിച്ചു. |

ശക്തിഖഡ്ഗഗദാകുന്തൈസ്തോമരൈശ്ച നിശാചരാഃ
പട്ടിശൈർഭിന്ദിപാലൈശ്ച ബാണാപാതൈഃ സമന്തതഃ 4
പാശമുദ്ഗരദണ്ഡൈശ്ച നിഖാതൈശ്ചാപരേ തദാ
കദനം കപിവീരാണാം ചക്രുസ്തേ രജനീചരാഃ 5

| | | | |
|---|---|---|---|
| തദാ | അപ്പോൾ | രജനീചരാഃ | രാക്ഷസന്മാർ |
| തേ | ആ | പാശമുദ്ഗര- ദണ്ഡൈഃ ച | പാശങ്ങൾകൊണ്ടും മുൾത്തടികൾകൊണ്ടും, ദണ്ഡുകൾകൊണ്ടും |
| നിശാചരാഃ | രാക്ഷസന്മാർ | | |
| ശക്തിഖഡ്ഗ- ഗദാകുന്തൈഃ | വേൽ, ഖഡ്ഗം, ഗദ, കുന്തം എന്നവയാലും | | |
| തോമരൈഃ ച | ഏർകുന്തങ്ങളാലും | നിഖാതൈഃ | കഴികുത്തികൾ കൊണ്ടും |
| പട്ടിശൈഃ | കോടാലികളാലും | | |
| ഭിന്ദിപാലൈഃ ച | കവണകളാലും | കപിവീരാണാം | വാനരവീരന്മാർക്ക് |
| | | കദനം | നാശത്തെ |
| ബാണാപാതൈഃ | ശരമാരികളാലും | സമന്തതഃ | ചുററും |
| അപരേ | മററു ചില | ചക്രുഃ. | ഉളവാക്കി. |

ബാണൌഘൈരർദ്ദിതാശ്ചാപി ഖരപുത്രേണ വാനരാഃ
സംഭ്രാന്തമനസഃ സർവ്വേ ദുദ്രുവുർഭയപീഡിതാഃ 6

| | | | |
|---|---|---|---|
| വാനരാഃ | വാനരന്മാർ | അർദ്ദിതാഃ | പീഡിക്കപ്പെട്ട് |
| സർവ്വേ ച | എല്ലാവരും | ഭയപീഡിതാഃ | ഭയചകിതരായി |
| ഖരപുത്രേണ അപി | ഖരപുത്രനായ മകരാക്ഷനാൽ തന്നെ | സംഭ്രാന്തമനസഃ | ഉഴറിയവരായി |
| ബാണൌഘൈഃ | ശരജാലങ്ങൾകൊണ്ട് | ദുദ്രുവുഃ | പാഞ്ഞുതുടങ്ങി. |

താൻ ദൃഷ്ട്വാ രാക്ഷസാഃ സർവ്വേ ദ്രവമാണാൻ വലീമുഖാൻ
നേദുസ്തേ സിംഹവദ്ധൃഷ്ടാ രാക്ഷസാ ജിതകാശിനഃ. 7

| | | | |
|---|---|---|---|
| ജിതകാശിനഃ | വിജയത്താൽ പ്രശോഭിക്കുന്നവരായ | ദ്രവമാണാൻ | ഓടുന്നവരായി |
| | | ദൃഷ്ട്വാ | കണ്ട് |
| രാക്ഷസാഃ | രാക്ഷസന്മാർ | ഹൃഷ്ടാഃ | ആനന്ദപൂർണ്ണരായി |
| സർവ്വേ | എല്ലാവരും | തേ രാക്ഷസാഃ | ആ രാക്ഷസർ |
| താൻ | ആ | സിംഹവത് | സിംഹംപോലെ |
| വലീമുഖാൻ | വാനരന്മാരെ | നേദുഃ. | ഗർജ്ജിച്ചു. |

വിദ്രവത്സു തദാ തേഷു വാനരേഷു സമന്തതഃ
രാമസ്താൻ വാരയാമാസ ശരവർഷേണ രാക്ഷസാൻ. 8

| | | | |
|---|---|---|---|
| തേഷു | ആ | രാമഃ | ശ്രീരാമൻ |
| വാനരേഷു | വാനരന്മാർ | താൻ | ആ |
| തദാ | അപ്പോൾ | രാക്ഷസാൻ | രാക്ഷസന്മാരെ |
| സമന്തതഃ | നാലുപാടും | ശരവർഷേണ | ശരമാരിയാൽ |
| വിദ്രവത്സു | പാഞ്ഞുതുടങ്ങിയാറെ | വാരയാമാസ. | നിരോധിച്ചു. |

വാരിതാൻ രാക്ഷസാൻ ദൃഷ്ട്വാ മകരാക്ഷോ നിശാചരഃ
ക്രോധാനലസമാവിഷ്ടോ വചനം ചേദമബ്രവീത്. 9

| | | | |
|---|---|---|---|
| നിശാചരഃ | രാക്ഷസനായ | ദൃഷ്ട്വാ | കണ്ട് |
| മകരാക്ഷഃ ച | മകരാക്ഷനും | ക്രോധാനല-സമാവിഷ്ടഃ | കോപാഗ്നിചിതറി |
| രാക്ഷസാൻ | രാക്ഷസന്മാരെ | ഇദം | ഇപ്രകാരം |
| വാരിതാൻ | തടുക്കപ്പെട്ടവരായി | അബ്രവീത് | പറഞ്ഞു. |

തിഷ്ഠ രാമ മയാ സാർദ്ധം ദ്വന്ദ്വയുദ്ധം ദദാമി തേ
ത്യാജയിഷ്യാമി തേ പ്രാണാൻ ധനുർമ്മുക്തൈഃ ശിതൈഃ ശരൈഃ

| | | | |
|---|---|---|---|
| "രാമ | "രാമ | ധനുർമ്മുക്തൈഃ | വില്ലിൽനിന്നുവിടപ്പെട്ട |
| തിഷ്ഠ | നില്ല് | ശിതൈഃ | തീക്ഷ്ണങ്ങളായ |
| മയാ സാർദ്ധം | എന്നോടുകൂടി | ശരൈഃ | ബാണങ്ങൾകൊണ്ട് |
| തേ | നിനക്ക് | തേ പ്രാണാൻ | നിന്റെ പ്രാണങ്ങളെ |
| ദ്വന്ദ്വയുദ്ധം | ദ്വന്ദ്വയുദ്ധം | ത്യാജയിഷ്യാമി | ഞാൻ നശിപ്പിക്കുന്നുണ്ട്. |
| ദദാമി | തരുന്നുണ്ട്; | | |

യത്തദാ ദണ്ഡകാരണ്യേ പിതരം ഹതവാൻ മമ
മദഗ്രതഃ സ്വകർമ്മസ്ഥം ദൃഷ്ട്വാ രോഷോഽഭിവർദ്ധതേ 11

| | | | |
|---|---|---|---|
| "തദാ | "അന്ന് | സ്വകർമ്മസ്ഥം | എത്രയും അകൃത്യം ചെയ്യുന്നവനായ നിന്നെ |
| ദണ്ഡകാരണ്യേ | ദണ്ഡകാരണ്യത്തിൽ | | |
| മമ | എന്റെ | മദഗ്രതഃ | എന്റെ മുമ്പിൽവെച്ച് |
| പിതരം | പിതാവിനെ | ദൃഷ്ട്വാ | കണ്ടതിനാൽ |
| ഹതവാൻ | നീ വധിക്കയുണ്ടായി | രോഷഃ | കോപം |
| യത് | ആകയാൽ | അഭിവർദ്ധതേ. | പൊങ്ങിവരുന്നു. |

ദഹ്യന്തേ ഭൃശമംഗാനി ദുരാത്മൻ മമ രാഘവ
യന്മയാഽസി ന ദൃഷ്ടസ്ത്വം തസ്മിൻ കാലേ മഹാവനേ. 12

| | | | |
|---|---|---|---|
| "ദുരാത്മൻ! | "ദുഷ്ടാത്മാവേ! | ത്വം ദൃഷ്ടഃ ന അസി യത് | നീ കാണപ്പെട്ടില്ല, എന്നതുകൊണ്ട് |
| രാഘവ! | രാമ! | | |
| തസ്മിൻ കാലേ | ആ സമയം | മമ അംഗാനി | എന്റെ അവയവങ്ങൾ |
| മഹാവനേ | വൻ കാട്ടിൽ | ഭൃശം | അസഹ്യമായി |
| മയാ | എന്നാൽ | ദഹ്യന്തേ. | ചുട്ടു നീറുന്നു. |

ദിഷ്ട്യാഽസി ദൎശനം രാമ മമ ത്വം പ്രാപ്തവാനിഹ
കാംക്ഷിതോഽസി ക്ഷുധാൎത്തസ്യ സിംഹസ്യേവേതരോ മൃഗഃ. 13

| | | | |
|---|---|---|---|
| "രാമ | "രാമ | ദിഷ്ട്യാ | എന്റെ ഭാഗ്യംതന്നെ! |
| ഇഹ | ഇപ്പോൾ | ക്ഷുധാൎത്തസ്യ | വിശന്നുവലയുന്ന |
| ത്വം | നീ | സിംഹസ്യ | സിംഹത്തിന്നു് |
| മമ | എന്റെ | ഇതരഃ മൃഗഃ ഇവ | ഒരു സാധാരണ മാനെന്നപോലെ |
| ദൎശനം | കണ്ണിന്നുമുമ്പിൽ | | |
| പ്രാപ്തവാൻ അസി; | അകപ്പെട്ടിരിക്കുന്നു; | കാംക്ഷിതഃ അസി | നീ എന്നാൽ കൊതിക്കപ്പെട്ടവനാകുന്നു. |

അദ്യ മദ്ബാണവേഗേന പ്രേതരാഡ്വിഷയം ഗതഃ
യേ ത്വയാ നിഹതാ വീരാഃ സഹ തൈശ്ച സമേഷ്യസി. 14

| | | | |
|---|---|---|---|
| "അദ്യ | "ഇപ്പോൾ | യേ വീരാഃ | യാതൊരു വീരന്മാർ |
| മദ്ബാണവേഗേന | എന്റെ ശരവേഗത്താൽ | ത്വയാ | നിന്നാൽ |
| | | നിഹതാഃ | വധിക്കപ്പെട്ടുവോ |
| പ്രേതരാഡ്വിഷയം | യമലോകത്തെ | തൈഃ | അവരോടു് |
| | | സഹ ച | കൂടിത്തന്നെ |
| ഗതഃ | പ്രാപിച്ചവനായ നീ | സമേഷ്യസി | എത്തിച്ചേരുന്നതാണു്. |

ബഹ്വനാത്ര കിമുക്തേന ശൃണു രാമ വചോ മമ
പശ്യന്തു സകലാ ലോകാസ്ത്വാം മാം ചൈവ രണാജിരേ. 15

| | | | |
|---|---|---|---|
| "അത്ര | "ഇപ്പോൾ | സകലാഃ | എല്ലാ |
| ബഹ്വനാ ഉക്തേന കിം? | എന്തിനേറെപ്പറയുന്നു? | ലോകാഃ | ലോകങ്ങളും |
| | | രണാജിരേ | പോൎക്കളത്തിൽ |
| രാമ | രാമ | ത്വാം | നിന്നേയും |
| മമ | എന്റെ | മാം ച | എന്നേയും |
| വചഃ ഏവ | ഒരു വാക്യത്തെമാത്രം | | |
| ശൃണു | കേട്ടുകൊൾക; | പശ്യന്തു. | കണ്ടുകൊള്ളട്ടെ. |

അസ്ത്രൈൎവ്വാ ഗദയാ വാഽപി ബാഹുഭ്യാം വാ മഹാഹവേ
അഭ്യസ്തം യേന വാ രാമ തേനൈവ യുധി വൎത്തതാം. 16

| | | | |
|---|---|---|---|
| "രാമ | "രാമ | യേന വാ | ഏതൊന്നുകൊണ്ടെന്നാലും |
| മഹാഹവേ | വൻപോരിൽ | | |
| അസ്ത്രൈഃ വാ | അസ്ത്രങ്ങളാലോ | അഭ്യസ്തം | അഭ്യസിക്കപ്പെട്ടിട്ടുണ്ടോ |
| ഗദയാ വാ | ഗദയാലോ | തേന | അതിനെക്കൊണ്ടു |
| ബാഹുഭ്യാം അപി വാ | ഇരുകൈകൾകൊണ്ടോ | ഏവ | തന്നെ |
| | | യുധി വൎത്തതാം" | പോരാടിക്കൊൾക." |

മകരാക്ഷവചഃ ശ്രുത്വാ രാമോ ദശരഥാത്മജഃ
അബ്രവീത് പ്രഹസൻ വാക്യമുത്തരോത്തരവാദിനം 17

| | | | |
|---|---|---|---|
| ദശരഥാത്മജഃ | ദശരഥകുമാരനായ | ഉത്തരോത്തര- വാദിനം | മേല്ക്കുമേൽ സംസാരിച്ചുകൊണ്ടിരിക്കുന്ന അവനെ നോക്കി |
| രാമഃ | ശ്രീരാമൻ | വാക്യം | ഒരു വാക്യത്തെ |
| മകരാക്ഷവചഃ | മകരാക്ഷന്റെ വാക്യത്തെ | അബ്രവീത്. | അരുളിച്ചെയ്തു. |
| ശ്രുത്വാ | ശ്രവിച്ച് | | |
| പ്രഹസൻ | മന്ദഹസിച്ചുകൊണ്ട് | | |

കത്ഥസേ കിം വൃഥാ രക്ഷോ ബഹൂന്യസദൃശാനി തു
ന രണേ ശക്യതേ ജേതും വിനാ യുദ്ധേന വാഗ്ബലാത്. 18

| | | | |
|---|---|---|---|
| "രക്ഷഃ | "രാക്ഷസ | കത്ഥസേ | പുലമ്പുന്നതു്? |
| അസദൃശാനി | യുക്തമല്ലാത്ത | രണേ | പോരിൽ |
| ബഹൂനി | പലതും | യുദ്ധേന വിനാ | യുദ്ധംകൊണ്ടല്ലാതെ |
| കിം | എന്തിന്നായിട്ടാണ് | വാഗ്ബലാത് | വാക്സാമർത്ഥ്യംകൊണ്ട് |
| തു | ഇപ്പോൾ | ജേതും | ജയിക്കുന്നതിന്ന് |
| വൃഥാ | വെറുതെ | ശക്യതേ ന. | സാധിക്കുകയില്ല. |

ചതുർദ്ദശസഹസ്രാണി രക്ഷസാം ത്വത്പിതാ ച യഃ
ത്രിശിരാ ദൂഷണശ്ചൈവ ദണ്ഡകേ നിഹതാ മയാ. 19

| | | | |
|---|---|---|---|
| "ദണ്ഡകേ | "ദണ്ഡകാരണ്യത്തിൽ വെച്ച്, | യഃ | യാതൊരു |
| | | ത്വത്പിതാ ച | നിന്റെ ആ പിതാവും |
| രക്ഷസാം | രാക്ഷസന്മാരുടെ | ത്രിശിരാഃ ച | ത്രിശിരസ്സും |
| ചതുർദ്ദശ- സഹസ്രാണി | പതിന്നാലായിരം പേരും, | ദൂഷണഃ ഏവ | ദൂഷണനും |
| | | മയാ നിഹതാഃ | എന്നാൽ കൊല്ലപ്പെട്ടു. |

സ്വാശിതാസ്തവ മാംസേന ഗൃധ്രഗോമായുവായസാഃ
ഭവിഷ്യന്ത്യദ്യ വൈ പാപ തീക്ഷ്ണതുണ്ഡനഖാങ്കുരാഃ 20

| | | | |
|---|---|---|---|
| "പാപ | "പാപിഷ്ഠ | ഗൃധ്രഗോമായു- വായസാഃ | കഴുകുകളും, കുറുനരികളും, കാക്കകളും |
| അദ്യ വൈ | ഇപ്പോൾതന്നെ | തവ മാംസേന | നിന്റെ മാംസംകൊണ്ടു |
| തീക്ഷ്ണ- തുണ്ഡ- നഖാങ്കുരാഃ | കൂർത്തകൊക്കുകളും നഖാഗ്രങ്ങളുമുള്ള | സ്വാശിതാഃ ഭവിഷ്യന്തി. | വേണ്ടുവോളം തീററിക്കപ്പെടുന്നതാണ്. |

രുധിരാർദ്രമുഖാ ഹൃഷ്ടാ രക്തപക്ഷാണ്ഡജാശ്ച യേ
ഖേ ഗതാ വസുധായാം ച ഭ്രമിഷ്യന്തി സമന്തതഃ 21

| | | | |
|---|---|---|---|
| "രക്തപക്ഷാ- ണ്ഡജാഃ | "ചുവന്ന ചിറകുകളോടുകൂടിയ പറവകൾ | വസുധായാം ച | ഭൂമിയിലും |
| യേ ച | ഏവയോ അവ | ഗതാഃ | ചെന്നു് |
| രുധിരാർദ്രമുഖാഃ | രക്തംപുരണ്ട കൊക്കുകളോടുകൂടിയവയായി | ഹൃഷ്ടാഃ | സന്തുഷ്ടയാന്നവയായി |
| ഖേ | ആകാശത്തിലും | സമന്തതഃ | നാലുപാടും |
| | | ഭ്രമിഷ്യന്തി" | വട്ടം ചുറ്റുന്നതാണ്." |

രാഘവേണൈവമുക്തസ്തു ഖരപുത്രോ നിശാചരഃ
ബാണൗഘാനമുചത്തസ്മൈ രാഘവായ രണാജിരേ.

| | | | |
|---|---|---|---|
| തു | അപ്പോൾ | രണാജിരേ | പോർക്കളത്തിൽ |
| രാഘവേണ | ശ്രീരാമനാൽ | തസ്മൈ | ആ |
| ഏവം ഉക്തഃ | മേൽപ്രകാരം പുച്ഛിക്കപ്പെട്ട | രാഘവായ | ശ്രീരാമന്റെമേൽ |
| ഖരപുത്രഃ | ഖരപുത്രനായ | ബാണൗഘാൻ | ശരമാരികൾ |
| നിശാചരഃ | ആ രാക്ഷസൻ | അമുചത് | തൂകി. |

താൻ ശരാൻ ശരവർഷേണ രാമശ്ചിച്ഛേദ നൈകധാ
നിപേതുർഭുവി തേ ഛിന്നാ രുക്മപുംഖാഃ സഹസ്രശഃ 23

| | | | |
|---|---|---|---|
| രാമഃ | ശ്രീരാമൻ | ഛിന്നാഃ | മുറിക്കപ്പെട്ട |
| താൻ ശരാൻ | ആ ശരങ്ങളെ | രുക്മപുംഖാഃ | പൊൻമുനയാർന്ന |
| ശരവർഷേണ | ബാണവർഷത്താൽ | തേ | അവ |
| നൈകധാ | പലവാറായി | സഹസ്രശഃ | ആയിരക്കണക്കായി |
| ചിച്ഛേദ | ഛേദിച്ചു; | ഭുവി നിപേതുഃ. | നിലത്തുവീണു. |

തദ്യുദ്ധമഭവത്തത്ര സമേത്യാന്യോന്യമോജസാ
രക്ഷസഃ ഖരപുത്രസ്യ സൂനോർദ്ദശരഥസ്യ ച. 24

| | | | |
|---|---|---|---|
| തത് | അപ്പോൾ | അന്യോന്യം | തമ്മിൽ |
| തത്ര | അവിടെ | ഓജസാ | ഊക്കോടെ |
| ഖരപുത്രസ്യ | ഖരന്റെ പുത്രനായ | സമേത്യ | ഇടഞ്ഞ് |
| രക്ഷസഃ | രാക്ഷസനും | യുദ്ധം | യുദ്ധം |
| ദശരഥസ്യ സൂനോഃ ച | ദശരഥപുത്രനായ ശ്രീരാമനും | അഭവത്. | നടന്നു. |

ജീമൂതയോരിവാകാശേ ശബ്ദോ ജ്യാതലയോസ്തദാ
ധനുർമ്മുക്തഃ സ്വനോത്കൃഷ്ടഃ ശ്രൂയതേ ച രണാജിരേ. 25

| | | | |
|---|---|---|---|
| തദാ | അപ്പോൾ | സ്വനോത്കൃഷ്ടഃ ച | വമ്പിച്ച ഘോഷവും |
| രണാജിരേ | പോർക്കളത്തിൽ | ആകാശേ | ആകാശത്തിൽ |
| ജ്യാതലയോഃ | ഞാണിന്റേയും കൈത്തലത്തിന്റേയും | ജീമൂതയോഃ ഇവ | മേഘങ്ങളുടേതെന്നപോലെ |
| ശബ്ദഃ | ധ്വനിയും | | |
| ധനുർമ്മുക്തഃ | ധനുസ്സിനാലുണ്ടായ | ശ്രൂയതേ. | കേൾക്കപ്പെട്ടു. |

ദേവദാനവഗന്ധർവ്വാഃ കിന്നരാശ്ച മഹോരഗാഃ
അന്തരിക്ഷഗതാഃ സർവ്വേ ദ്രഷ്ടുകാമാസ്തദദ്ഭുതം 26

| | | | |
|---|---|---|---|
| ദേവദാനവഗന്ധർവ്വാഃ | ദേവന്മാരും അസുരന്മാരും ഗന്ധർവ്വന്മാരും | അദ്ഭുതം | ആശ്ചര്യകരമായ |
| കിന്നരാഃ | കിന്നരന്മാരും | തത് ദ്രഷ്ടുകാമാഃ | അതിനെ കാണ്മാനാകാംക്ഷപൂണ്ടവരായി |
| മഹോരഗാഃ ച | മഹോരഗങ്ങളും | അന്തരിക്ഷഗതാഃ | ആകാശത്തിൽ വന്നുകൂടി. |
| സർവ്വേ | എല്ലാം | | |

വിദ്ധമന്യോന്യഗാത്രേഷു ദ്വിഗുണം വദ്ധതേ പരം
കൃതപ്രതികൃതാന്യോന്യം കുർവതാം തൌ രണാജിരേ. 27

| | | | |
|---|---|---|---|
| അന്യോന്യ- ഗാത്രേഷു | പരസ്പരം ശരീരങ്ങളിൽ | തൌ | അവരിരുവരും |
| വിദ്ധം | എയ്യുന്നതു് | രണാജിരേ | പോർക്കളത്തിൽ |
| പരം | മേല്ക്കുമേൽ | കൃതപ്രതി- കൃതാന്യോന്യം | ഒന്നിനൊന്നു് മറുകൈ പ്രയോഗിച്ചുകൊണ്ടു് |
| ദ്വിഗുണം വദ്ധതേ | ഇരട്ടിക്കുകയായി; | കുർവതാം. | പോർചെയ്തു. |

രാമമുക്താംസ്തു ബാണൌഘാൻ രാക്ഷസസ്ത്വച്ഛിനദ്രണേ 28

| | | | |
|---|---|---|---|
| രാക്ഷസഃ തു | രാക്ഷസനും | ബാണൌഘാൻ തു | ശരജാലങ്ങളേയും |
| രണേ | പോരിൽ | | |
| രാമമുക്താൻ | ശ്രീരാമനാൽ വിടപ്പെട്ട | അച്ഛിനത് | മുറിച്ചുവീഴ്ത്തി. |

രക്ഷോമുക്താംസ്തു രാമോ വൈ നൈകധാ പ്രാച്ഛിനച്ഛരൈഃ 29

| | | | |
|---|---|---|---|
| രാമഃ വൈ | ശ്രീരാമനും | ശരൈഃ | ബാണങ്ങൾകൊണ്ടു് |
| രക്ഷോ- മുക്താൻ തു | രാക്ഷസനാൽ വിടപ്പെട്ടവയേയും | നൈകധാ ച | പലതരങ്ങളായി |
| | | പ്രാച്ഛിനത്. | മുറിച്ചെറിഞ്ഞു. |

ബാണൌഘൈർവ്വിതതാഃ സർവ്വാ ദിശശ്ച പ്രദിശസ്തഥാ
സംഛന്നാ വസുധാ ചൈവ സമന്താന്ന പ്രകാശതേ. 30

| | | | |
|---|---|---|---|
| ദിശഃ ച | ദിക്കുകളും | വസുധാ ച | ഭൂമിയും |
| പ്രദിശഃ തഥാ | വിദിക്കുകളും | സംഛന്നാ | മൂടപ്പെട്ടതായി |
| സർവ്വാഃ | എല്ലാം | സമന്താത് ഏവ | നാലുപാടും |
| ബാണൌഘൈഃ | ശരമാരികളാൽ | പ്രകാശതേ ന. | കാണാതായി. |
| വിതതാഃ | നിറയപ്പെട്ടു. | | |

തതഃ ക്രുദ്ധോ മഹാബാഹുർധനുശ്ചിച്ഛേദ രക്ഷസഃ
അഷ്ടാഭിരഥ നാരാചൈഃ സൂതം വിവ്യാധ രാഘവഃ 31

| | | | |
|---|---|---|---|
| തതഃ | അപ്പോൾ | ചിച്ഛേദ | ഖണ്ഡിച്ചു; |
| മഹാബാഹുഃ | മഹാവീരനായ | അഥ | അനന്തരം |
| രാഘവഃ | ശ്രീരാമൻ | അഷ്ടാഭിഃ | എട്ടു് |
| ക്രുദ്ധഃ | ചൊടിച്ചു് | നാരാചൈഃ | നാരാചബാണങ്ങൾ കൊണ്ടു് |
| രക്ഷസഃ | രാക്ഷസന്റെ | സൂതം | സാരഥിയേയും |
| ധനുഃ | ചാപത്തെ | വിവ്യാധ. | എയ്തു. |

ഭിത്വാ ശരൈ രഥം രാമോ രഥാശ്വാൻ സമപാതയത്
വിരഥോ വസുധാം തിഷ്ഠന്മകരാക്ഷോ നിശാചരഃ 32

| | | | |
|---|---|---|---|
| രാമഃ | ശ്രീരാമൻ | നിശാചരഃ | രാക്ഷസനായ |
| ശരൈഃ | ബാണങ്ങളാംകൊണ്ടു് | മകരാക്ഷഃ | മകരാക്ഷൻ |
| രഥം | രഥത്തേയും | വിരഥഃ | തേരിനെ വിട്ടു് |
| രഥാശ്വാൻ | തേർകുതിരകളേയും | വസുധാം | ഭൂമിയിൽ |
| ഭിത്വാ | പിളർന്നു | തിഷ്ഠത്. | നിലകൊണ്ടു. |
| സമപാതയത്; | താഴെ വീഴ്ത്തി; | | |

അതിഷ്ഠദ്വസുധാം രക്ഷഃ ശൂലം ജഗ്രാഹ പാണിനാ
ത്രാസനം സർവ്വഭൂതാനാം യുഗാന്താഗ്നിസമപ്രഭം. 33

| | | | |
|---|---|---|---|
| രക്ഷഃ | രാക്ഷസൻ | ത്രാസനം | ഭയത്തെ നൽകുന്നതും |
| വസുധാം | ഭൂമിയിൽ | യുഗാന്താഗ്നി-സമപ്രഭം | പ്രളയകാലാഗ്നിക്കൊത്തു ജ്വലിക്കുന്നതുമായ |
| അതിഷ്ഠത്; | സ്തംഭിച്ചുനിന്നുപോയി; | ശൂലം | ശൂലായുധത്തെ |
| പാണിനാ | ഒരു കൈകൊണ്ടു | ജഗ്രാഹ. | കയ്യേററുണ്ടു |
| സർവ്വഭൂതാനാം | സർവ്വപ്രാണികൾക്കും | | |

ദുരാവാപം മഹച്ഛൂലം രുദ്രദത്തം ഭയങ്കരം
ജാജ്വല്യമാനമാകാശേ സംഹാരാസ്ത്രമിവാപരം
യം ദൃഷ്ട്വാ ദേവതാഃ സർവ്വാ ഭയാർത്താ വിദ്രുതാ ദിശഃ 34

| | | | |
|---|---|---|---|
| യം | യാതൊന്നിനെ | രുദ്രദത്തം | ശിവനാൽ നൽകപ്പെ |
| ദൃഷ്ട്വാ | കണ്ടു് | ഭയങ്കരം | ഭയങ്കരവുമായ [ട്ടതും |
| ദേവതാഃ | ദേവന്മാർ | അപരം | മററൊരു |
| സർവ്വാഃ | എല്ലാവരും | സംഹാരാസ്ത്രം | സംഹാരാസ്ത്രം |
| ഭയാർത്താഃ | ഭയപരവശരായി | ഇവ | പോലിരിക്കുന്നതുമായ |
| ദിശഃ | നാനാദിക്കുകളിലേക്കും | ശൂലം | അപ്രകാരമുള്ള ആ ശൂ |
| വിദ്രുതാഃ | പാഞ്ഞുതുടങ്ങിയോ | ആകാശേ | ആകാശത്തിൽ [ലം |
| ദുരാവാപം | അടുപ്പാൻ കഴിയാത്ത | ജാജ്വല്യമാനം. | ഉജ്ജ്വലിച്ചുകൊണ്ടിരുന്നു. |
| മഹത് | വമ്പിച്ചതും [തും | | |

വിഭ്രാമ്യ തു മഹച്ഛൂലം പ്രജ്വലത്തന്നിശാചരഃ
സ ക്രോധാത് പ്രാഹിണോത് തസ്മൈ രാഘവായ മഹാഹവേ. 35

| | | | |
|---|---|---|---|
| സഃ | ആ | വിഭ്രാമ്യ | ചുഴററി |
| നിശാചരഃ | രാക്ഷസൻ | മഹാഹവേ | വൻപോരിൽ |
| തു | അപ്പോൾ | ക്രോധാത് | അരിശംപൂണ്ടു് |
| പ്രജ്വലത് | ഉജ്ജ്വലിക്കുന്ന | തസ്മൈ | ആ |
| തത് മഹത് | ആ വമ്പിച്ച | രാഘവായ | ശ്രീരാമന്റെ നേക്കു് |
| ശൂലം | ശൂലായുധത്തെ | പ്രാഹിണോത്. | ആഞ്ഞെറിഞ്ഞു. |

തമാപതന്തം ജ്വലിതം ഖരപുത്രകരാച്ച്യുതം
ബാണൈസ്ത്രിഭിരാകാശേ ശൂലം ചിച്ഛേദ രാഘവഃ. 36

| | | | |
|---|---|---|---|
| രാഘവഃ | ശ്രീരാഘവൻ | ആകാശേ | ആകാശത്തിൽ |
| തു | അപ്പോൾ | ജ്വലിതം | ഉജ്ജ്വലിക്കുന്നതുമായ |
| ഖരപുത്രകരാത് | ഖരപുത്രന്റെ കയ്യിൽ | തം ശൂലം | ആ ശൂലത്തെ |
| ച്യുതം | വിടപ്പെട്ടതും [നിന്നു് | ത്രിഭി: ബാണൈ: | മൂന്നു ബാണങ്ങൾകൊ |
| ആപതന്തം | നേരിട്ടുവരുന്നതും | ചിച്ഛേദ. | മുറിച്ചിട്ടു. [ണ്ടു് |

സ ച്ഛിന്നോ നൈകധാ ശൂലോ ദിവ്യഹാടകമണ്ഡിതഃ
വ്യശീര്യത മഹോല്ക്കേവ രാമബാണാർദ്ദിതോ ഭുവി. 37

| | | | |
|---|---|---|---|
| ദിവ്യഹാടക-മണ്ഡിതഃ | നല്ല തങ്കത്താലലങ്കരിക്കപ്പെട്ടതായ | നൈകധാ ഛിന്ന: | പല തുണ്ടുകളാക്കപ്പെട്ടതായി |
| സ: ശൂല: | ആ ശൂലം | മഹോല്ക്കാ ഇവ | വമ്പിച്ച കൊള്ളിമീ |
| രാമ-ബാണാർദ്ദിത: | രാമബാണത്താൽ താഡിക്കപ്പെട്ടു് | ഭുവി | ഭൂമിയിൽ [നെന്നപോലെ |
| | | വ്യശീര്യത. | ചിതറിവീണു. |

തച്ഛൂലം നിഹിതം ദൃഷ്ട്വാ രാമേണാക്ലിഷ്ടകർമ്മണാ
സാധു സാധ്വിതി ഭൂതാനി വ്യാഹരന്തി നഭോഗതാ. 38

| | | | |
|---|---|---|---|
| നഭോഗതാ | ആകാശചാരികളായ | രാമേണ | ശ്രീരാമനാൽ |
| ഭൂതാനി | പ്രാണികൾ | നിഹതം | തീരെ നശിപ്പിക്കപ്പെ |
| തത് | ആ | ദൃഷ്ട്വാ | കണ്ടു് [ട്ടതായി |
| ശൂലം | ശൂലത്തെ | 'സാധു, സാധു' | 'നല്ലതു് നല്ലതു്' |
| അക്ലിഷ്ട-കർമ്മണാ | ലഘുവായി എന്തും ചെയ്വാൻ കഴിവുള്ളവനായ | ഇതി | എന്നു് |
| | | വ്യാഹരന്തി. | കൊണ്ടാടി. |

തം ദൃഷ്ട്വാ നിഹതം ശൂലം മകരാക്ഷോ നിശാചരഃ
മുഷ്ടിമുദ്യമ്യ കാകുത്സ്ഥം തിഷ്ഠ തിഷ്ഠേതി ചാബ്രവീത് 39

| | | | |
|---|---|---|---|
| നിശാചര: | രാക്ഷസനായ | ഉദ്യമ്യ | ഉയർത്തിപ്പിടിച്ചുകൊണ്ടു് |
| മകരാക്ഷ: | മകരാക്ഷൻ | കാകുത്സ്ഥം | ശ്രീരാമനെ നോക്കി |
| തം ശൂലം | ആ ശൂലത്തെ | "തിഷ്ഠ തിഷ്ഠ" ഇതി ച | "നില്ല നില്ലെ"ന്നും |
| നിഹതം | നാമാവശേഷമാക്കപ്പെ | അബ്രവീത്. | ഗർജ്ജിച്ചു. |
| ദൃഷ്ട്വാ മുഷ്ടിം | കണ്ടു് മുഷ്ടിയെ [ട്ടതായി | | |

സ തം ദൃഷ്ട്വാ പതന്തം വൈ പ്രഹസ്യ രഘുനന്ദനഃ
പാവകാസ്ത്രം തതോ രാമഃ സന്ദധേ തു ശരാസനേ. 40

| | | | |
|---|---|---|---|
| രഘുനന്ദന: | രഘുകുലനന്ദനനായ | പ്രഹസ്യ | മന്ദഹാസംപൂണ്ടു് |
| സ: രാമ: തു | ആ ശ്രീരാമനും | തത: | അപ്പോൾ |
| തം | അവനെ | ശരാസനേ | വില്ലിൽ |
| പതന്തം വൈ | പാഞ്ഞുവരുന്നതു | പാവകാസ്ത്രം | ആഗ്നേയാസ്ത്രത്തെ |
| ദൃഷ്ട്വാ | കണ്ടു് | സന്ദധേ. | തൊടുത്തു. |

തേനാസ്ത്രേണ ഹതം രക്ഷഃ കാകുത്സ്ഥേന തദാ രണേ
സംഛിന്നഹൃദയം തത്ര പപാത ച മമാര ച. 41

| | | | |
|---|---|---|---|
| തദാ | അപ്പോൾ | ഹതം | താഡിക്കപ്പെട്ടവനായി |
| രണേ | പോരിൽ | സംഛിന്ന-ഹൃദയം | ഹൃദയം പിളന്ന് |
| രക്ഷഃ | രാക്ഷസൻ | | |
| തേന | ആ | തത്ര പപാത | അവിടെ പതിച്ചു. |
| കാകുത്സ്ഥേന | ശ്രീരാമനാൽ | ച ച | ഉടനെ |
| അസ്ത്രേണ | ആ അസ്ത്രത്താൽ | മമാര. | മരിക്കയുംചെയ്തു. |

ദൃഷ്ട്വാ തേ രാക്ഷസാഃ സർവ്വേ മകരാക്ഷസ്യ പാതനം
ലങ്കാമേവാഭ്യധാവന്ത രാമബാണാർദ്ദിതാസ്തദാ. 42

| | | | |
|---|---|---|---|
| തദാ | അപ്പോൾ | മകരാക്ഷസ്യ | മകരാക്ഷൻെറ |
| രാമ-ബാണാർദ്ദിതാഃ | ശ്രീരാമൻെറ ബാണങ്ങളാൽ പീഡിതരായ | പാതനം | വധത്തെ |
| | | ദൃഷ്ട്വാ | കണ്ട് |
| തേ രാക്ഷസാഃ | ആ രാക്ഷസന്മാർ | ലങ്കാം ഏവ | ലങ്കയ്ക്കുതന്നെ |
| സർവ്വേ | എല്ലാവരും | അഭ്യധാവന്ത. | ഓടിപ്പോയ്ക്കളഞ്ഞു. |

ദശരഥനൃപപുത്രബാണവേഗൈ-
രജനിചരം നിഹതം ഖരാത്മജം തം
ദദൃശുരഥ സുരാ ഭൃശം പ്രഹൃഷ്ടാ
ഗിരിമിവ വജ്രഹതം യഥാ വികീർണ്ണം. 43

| | | | |
|---|---|---|---|
| അഥ | അപ്പോൾ | രജനിചരം | നിശാചരനെ |
| സുരാഃ | ദേവന്മാർ | ദശരഥനൃപ-പുത്രബാണ-വേഗൈഃ | ദശരഥചക്രവർത്തിതനൂജൻെറ ശരവേഗത്താൽ |
| വജ്രഹതം | വജ്രായുധമേററ് | | |
| വികീർണ്ണം | ചിതറിയ | | |
| ഗിരിം ഇവ യഥാ | പർവ്വതമെന്നപോലെയിരിക്കുന്ന | നിഹതം | ഹനിക്കപ്പെട്ടവനായി |
| | | ഭൃശം | ഏററവും |
| ഖരാത്മജം | ഖരപുത്രനായ | പ്രഹൃഷ്ടാഃ | ഉത്സാഹത്തോടെ |
| തം | ആ | ദദൃശുഃ | വീക്ഷിച്ചു. |

**ഇത്യാർഷേ ശ്രീമദ്രാമായണേ വാല്മീകീയേ ആദികാവ്യേ യുദ്ധകാണ്ഡേ**
**ഏകോനാശീതിതമഃ സർഗ്ഗഃ=എഴുപത്തൊമ്പതാം സർഗ്ഗം സമാപ്തം.**

ആദ്യം മുതൽ ശ്ലോകസംഖ്യ 18465; യുദ്ധകാണ്ഡം ആദ്യം മുതൽ ശ്ലോകസംഖ്യ 3790.

# അശീതിതമഃ സൎഗ്ഗഃ = എൺപതാം സൎഗ്ഗം.

[ഇന്ദ്രജിന്മായായുദ്ധം = ഇന്ദ്രജിത്ത് മറഞ്ഞു യുദ്ധംചെയ്യുന്നതു്]

മകരാക്ഷം ഹതം ശ്രുത്വാ രാവണഃ സമിതിഞ്ജയഃ
ക്രോധേന മഹതാഽഽവിഷ്ടോ ദന്താൻ കടകടാപയൻ. 1

| | | | |
|---|---|---|---|
| സമിതിഞ്ജയഃ | സമരവിജയിയായ | ദന്താൻ | പല്ലുകളെ |
| രാവണഃ | രാവണൻ | കടകടാപയൻ | ഞെരിച്ചുകൊണ്ടു് |
| മകരാക്ഷം | മകരാക്ഷനെ | മഹതാ | വൎദ്ധിച്ച |
| ഹതം | ഹനിക്കപ്പെട്ടവനായി | ക്രോധേന | കോപാത്തിന്നധീനനാ- |
| ശ്രുത്വാ | കേട്ടു് | ആവിഷ്ടഃ | യിത്തീൎന്നു. |

കുപിതശ്ച തദാ തത്ര കിം കാൎയ്യമിതി ചിന്തയൻ
ആദിദേശാഥ സംക്രുദ്ധോ രണായേന്ദ്രജിതം സുതം. 2

| | | | |
|---|---|---|---|
| കുപിതഃ ച | കുപിതനായിരുന്ന | സംക്രുദ്ധഃ | അരിശമുറ്റംകൊണ്ടവ- |
| തദാ | അപ്പോഴും [അവനും | | നായി |
| തത്ര | ആ അവസ്ഥയിൽ | സുതം | പുത്രനായ |
| "കിം | "എന്താണു | ഇന്ദ്രജിതം | ഇന്ദ്രജിത്തിനെ |
| കാൎയ്യം" ഇതി | ചെയ്യേണ്ടതു്" എന്നു് | രണായ | യുദ്ധത്തിന്നായി |
| ചിന്തയൻ | ആലോചിക്കുന്നവ- | അഥ | ഇപ്രകാരം |
| | നായി | ആദിദേശ. | നിയോഗിച്ചു. |

ജഹി വീര മഹാവീൎയ്യൗ ഭ്രാതരൗ രാമലക്ഷ്മണൗ
അദൃശ്യോ ദൃശ്യമാനോ വാ സൎവ്വഥാ ത്വം ബലാധികഃ 3

| | | | |
|---|---|---|---|
| "വീര! | "വീര! | ഭ്രാതരൗ | ഭ്രാതാക്കന്മാരായ |
| ത്വം | നീ | രാമലക്ഷ്മണൗ | രാമലക്ഷ്മണന്മാരിരു- |
| അദൃശ്യഃ | മറഞ്ഞു നിന്നു കൊ- | | വരേയും |
| | ണ്ടോ | ജഹി. | ജയിച്ചു വരിക. |
| ദൃശ്യമാനഃ വാ | പ്രത്യക്ഷനായിത്തന്നെ- | സൎവ്വഥാ | എല്ലാംകൊണ്ടും |
| | യോ | ബലാധികഃ | നീ ഏറ്റവും ബലിഷ്ഠ- |
| മഹാവീൎയ്യൗ | അതിവീൎയ്യശാലികളായ | | നാണല്ലൊ. |

ത്വമപ്രതിമകൎമ്മാണമിന്ദ്രം ജയസി സംയുഗേ
കിം പുനൎമ്മാനുഷൗ ദൃഷ്ട്വാ ന വധിഷ്യസി സംയുഗേ. 4

| | | | |
|---|---|---|---|
| "ത്വം | "നീ | മാനുഷൗ | മാനുഷന്മാരായ ഈ |
| സംയുഗേ | പോരിൽ | | രണ്ടുപേരെ |
| അപ്രതിമ- | } നിസ്തുല്യകൎമ്മാവായ | ദൃഷ്ട്വാ പുനഃ | കണ്ട ക്ഷണത്തിൽ |
| കൎമ്മാണം | | സംയുഗേ | പോരിൽ [തന്നെ |
| ഇന്ദ്രം | ഇന്ദ്രനേയും | വധിഷ്യസി | } വധിക്കുകയില്ലേ?" |
| ജയസി | ജയിക്കുന്നു; | ന കിം?" | |

തഥോക്തോ രാക്ഷസേന്ദ്രേണ പ്രതിഗൃഹ്യ പിതുർവ്വചഃ
യജ്ഞഭൂമൌ സ വിധിവത് പാവകം ജുഹവേന്ദ്രജിത് . 5

| | | | |
|---|---|---|---|
| രാക്ഷസേന്ദ്രേണ | രാക്ഷസേശ്വരനാൽ | വചഃ | ആജ്ഞയെ |
| തഥാ | മേൽപ്രകാരം | പ്രതിഗൃഹ്യ | ശിരസാവഹിച്ച് |
| ഉക്തഃ | ആജ്ഞാപിക്കപ്പെട്ട | യജ്ഞഭൂമൌ | യാഗശാലയിൽ |
| സഃ | ആ | വിധിവത് | വിധിപോലെ |
| ഇന്ദ്രജിത് | ഇന്ദ്രജിത്ത് | പാവകം | അഗ്നിയിൽ |
| പിതുഃ | പിതാവിന്റെ | ജുഹാവ | ഹോമംചെയ്തു. |

ജുഹ്വതശ്ചാപി തത്രാഗ്നിം രക്തോഷ്ണീഷധരാഃ സ്ത്രിയഃ
ആജഗ്മുസ്തത്ര സംഭ്രാന്താ രാക്ഷസ്യോ യത്ര രാവണിഃ 6

| | | | |
|---|---|---|---|
| തത്ര | അപ്പോൾ | സ്ത്രിയഃ രാക്ഷസ്യഃ അപി | രാക്ഷസസ്ത്രീകളും |
| അഗ്നിം | അഗ്നിയിൽ | രാവണിഃ യത്ര തത്ര | ഇന്ദ്രജിത്തുണ്ടായിരുന്നേടത്ത് |
| ജുഹ്വതഃ ച | അവൻ ഹോമിക്കുമ്പോൾ | സംഭ്രാന്താഃ | പരിഭ്രമത്തോടെ |
| രക്തോഷ്ണീഷധരാഃ | ചുവപ്പുതൊപ്പികൾ ധരിച്ച | ആജഗ്മുഃ | വന്നെത്തി. |

ശസ്ത്രാണി ശരപത്രാണി സമിധോഽഥ വിഭീതകാഃ
ലോഹിതാനി ച വാസാംസി സ്രുവം കാർഷ്ണായസം തഥാ 7
സർവ്വതോഽഗ്നിം സമാസ്തീര്യ്യ ശരപത്രൈഃ സതോമരൈഃ
ഛാഗസ്യ കൃഷ്ണവർണ്ണസ്യ ഗളം ജഗ്രാഹ ജീവതഃ 8

| | | | |
|---|---|---|---|
| ശസ്ത്രാണി | ശസ്ത്രങ്ങളായ | അഗ്നിം സർവ്വതഃ | അഗ്നിക്കു ചുററും |
| ശരപത്രാണി | ഞാങ്ങണപ്പുല്ലുകളേയും | സമാസ്തീര്യ്യ | പരത്തി |
| വിഭീതകാഃ | താന്നിയുടെ | സതോമരൈഃ | തോമരങ്ങളോടുകൂടിയ |
| സമിധഃ അഥ | ചമതകളേയും | ശരപത്രൈഃ | ഞാങ്ങണപ്പുല്ലുകൾ |
| ലോഹിതാനി | ചുവന്ന | ജീവതഃ | ജീവനുള്ള [കൊണ്ട് |
| വാസാംസി ച | വസ്ത്രങ്ങളേയും | കൃഷ്ണവർണ്ണസ്യ | കറുപ്പുനിറമുള്ള |
| കാർഷ്ണായസം | കാരിരുമ്പിനാലുണ്ടാ | ഛാഗസ്യ | ഒരു ആട്ടിന്റെ |
| സ്രുവം തഥാ | കരണ്ടിയേയും [ക്കപ്പെട്ട | ഗളം ജഗ്രാഹ | കഴുത്തിൽ പിടികൂടി. |

ശരഹോമസമിദ്ധസ്യ വിധൂമസ്യ മഹാർച്ചിഷഃ
ബഭൂവുസ്താനി ലിംഗാനി വിജയം ദർശയന്തി ച 9

| | | | |
|---|---|---|---|
| വിധൂമസ്യ | പുകയില്ലാത്ത | ബഭൂവുഃ | ഉളവായോ |
| മഹാർച്ചിഷഃ | അഗ്നി | താനി | ആയവ |
| ശരഹോമസമിദ്ധസ്യ | ശരഹോമത്താൽ ഉജ്ജ്വലിച്ചാറെ | വിജയം ച | വിജയത്തെത്തന്നെ |
| ലിംഗാനി | യാതൊരു ചിഹ്നങ്ങൾ | ദർശയന്തി | സൂചിപ്പിക്കയായി. |

പ്രദക്ഷിണാവർത്തശിഖസ്തപ്തഹാടകസന്നിഭഃ
ഹവിസ്തത് പ്രതിജഗ്രാഹ പാവകഃ സ്വയമുത്ഥിതഃ 10

| | | | |
|---|---|---|---|
| പാവകഃ | അഗ്നി | തപ്തഹാടകസന്നിഭഃ | തങ്കനിറമാർന്നതായി |
| ഉത്ഥിതഃ | പൊങ്ങിയുയർന്നതായി | തത് ഹവിഃ | ആ ഹവിസ്സിനെ |
| പ്രദക്ഷിണാവർത്തശിഖഃ | പ്രദക്ഷിണമായി കത്തുന്ന ജ്വാലയോടുകൂടി | സ്വയം | സ്വയമായി |
| | | പ്രതിജഗ്രാഹ. | സ്വീകരിച്ചു. |

ഹുത്വാഗ്നിം തർപ്പയിത്വാ ച ദേവദാനവരാക്ഷസാൻ
ആരുരോഹ രഥശ്രേഷ്ഠമന്തർദ്ധാനഗതം ശുഭം 11

| | | | |
|---|---|---|---|
| അഗ്നിം | അഗ്നിയിൽ | തർപ്പയിത്വാ | തൃപ്പിച്ച് |
| ഹുത്വാ | ഹോമിച്ചശേഷം | അന്തർദ്ധാനഗതം | അദൃശ്യമായിരിക്കുന്ന |
| ദേവദാനവരാക്ഷസാൻ ച | ദേവന്മാരേയും അസുരന്മാരേയും രാക്ഷസന്മാരേയും | ശുഭം | മനോഹരവുമായ [ത്തും |
| | | രഥശ്രേഷ്ഠം | ഉത്തമരഥത്തിൽ |
| | | ആരുരോഹ. | കയറി. |

സ വാജിഭിശ്ചതുർഭിശ്ച ബാണൈശ്ച നിശിതൈര്യുതഃ
ആരോപിതമഹാചാപഃ ശുശുഭേ സ്യന്ദനോത്തമഃ 12

| | | | |
|---|---|---|---|
| സഃ | ആ | ബാണൈഃ ച | ബാണങ്ങളോടും |
| സ്യന്ദനോത്തമഃ | ശ്രേഷ്ഠരഥം | യുതഃ | കൂടിയതായി |
| ചതുർഭിഃ | നാലു | ആരോപിതമഹാചാപഃ | ഞാണേററപ്പെട്ട വമ്പിച്ച ചാപമാർന്നതായി |
| വാജിഭിഃ ച | കുതിരകളോടും | ശുശുഭേ | വിലസി. |
| നിശിതൈഃ | നിശിതങ്ങളായ | | |

ജാജ്വല്യമാനോ വപുഷാ തപനീയപരിച്ഛദഃ
മൃഗൈശ്ചന്ദ്രാർദ്ധചന്ദ്രൈശ്ച സ രഥഃ സമലംകൃതഃ 13

| | | | |
|---|---|---|---|
| വപുഷാ | കാന്തിയാൽ | മൃഗൈഃ | മൃഗപ്രതിമകളാലും |
| ജാജ്വല്യമാനഃ | ഉജ്ജ്വലിക്കുന്നതും | ചന്ദ്രാർദ്ധചന്ദ്രൈഃ ച | മുഴുമതിയുടേയും അർദ്ധചന്ദ്രൻേറയും ബിംബങ്ങളാലും |
| തപനീയപരിച്ഛദഃ | പൊൻമേലാപ്പാർന്നതുമായ | | |
| സഃ രഥഃ | ആ രഥം | സമലംകൃതഃ | അലങ്കരിക്കപ്പെട്ടിരുന്നു. |

ജാംബൂനദമഹാകംബുർദീപ്തപാവകസന്നിഭഃ
ബഭൂവേന്ദ്രജിതഃ കേതുർവൈഡൂര്യസമലംകൃതഃ 14

| | | | |
|---|---|---|---|
| ജാംബൂനദമഹാകംബുഃ | സ്വർണ്ണത്താലുണ്ടാക്കപ്പെട്ട ശ്രേഷ്ഠമായ അഗ്രഭാഗത്തോടു കൂടിയതും | ഇന്ദ്രജിതഃ | ഇന്ദ്രജിത്തിൻേറ |
| | | കേതുഃ | കൊടിക്കൂറ |
| വൈഡൂര്യസമലംകൃതഃ | വൈഡൂര്യരത്നങ്ങളാലങ്കരിക്കപ്പെട്ടതുമായ | ദീപ്തപാവകസന്നിഭഃ | കത്തിജ്വലിക്കുന്ന അഗ്നിക്കുതുല്യം |
| | | ബഭൂവ. | തിളങ്ങി. |

തേന ചാദിത്യകല്പേന ബ്രഹ്മാസ്ത്രേണ ച പാലിതഃ
സ ബഭൂവ ദുരാധർഷോ രാവണിഃ സുമഹാബലഃ 15

| | | | |
|---|---|---|---|
| സുമഹാബല: | അതിബലശാലിയായ | ബ്രഹ്മാസ്ത്രേണ ച | ബ്രഹ്മാസ്ത്രത്താലും |
| സ: രാവണി: | ആ ഇന്ദ്രജിത്ത് | പാലിത: | രക്ഷിക്കപ്പെട്ടവനായി |
| തേന ച | അതിനാലും | ദുരാധർഷ: | ദുർദ്ധർഷനായി |
| ആദിത്യകല്പേന | ആദിത്യതുല്യമായ | ബഭൂവ. | വിളങ്ങി. |

സോഽഭിനിര്യായ നഗരാദിന്ദ്രജിത് സമിതിഞ്ജയഃ
ഹുത്വാഗ്നിം രാക്ഷസൈർമ്മന്ത്രൈരന്തർധാനഗതോഽബ്രവീത് 16

| | | | |
|---|---|---|---|
| സമിതിഞ്ജയ: | സമരവിജയിയായ | ഹുത്വാ | ഹോമിച്ചതിൽപിന്നെ |
| സ: ഇന്ദ്രജിത് | ആ ഇന്ദ്രജിത്ത് | നഗരാത് | നഗരത്തിൽനിന്ന് |
| അഗ്നിം | അഗ്നിയിൽ | അഭിനിര്യായ | പുറത്തുവന്ന് |
| രാക്ഷസൈ: മന്ത്രൈ: | രാക്ഷസമന്ത്രങ്ങളാൽ | അന്തർധാനഗത: | അദൃശ്യനായി |
| | | അബ്രവീത്. | ഇപ്രകാരം പറഞ്ഞു. |

അദ്യ ഹത്വാ രണേ യൗ തൗ മിഥ്യാപ്രവ്രാജിതൗ വനേ
ജയം പിത്രേ പ്രദാസ്യാമി രാവണായ രണാർജ്ജിതം 17

| | | | |
|---|---|---|---|
| "വനേ | "കാട്ടിൽ | ഹത്വാ | വധിച്ച് |
| മിഥ്യാപ്രവ്രാജിതൗ | കപടസന്യാസിവേഷം ധരിച്ച | പിത്രേ | പിതാവായ |
| യൗ തൗ | യാതൊരു അവരിരുവരേയും | രാവണായ | രാവണന്ന് |
| അദ്യ | ഇപ്പോൾ | രണാർജ്ജിതം | പോരിൽ നേടപ്പെട്ടതായ |
| രണേ | പോരിൽ | ജയം | വിജയത്തെ |
| | | പ്രദാസ്യാമി. | ഞാൻ നൽകുന്നുണ്ട്. |

കൃത്വാ നിർവാനരാമുർവ്വീം ഹത്വാ രാമം സലക്ഷ്മണം
കരിഷ്യേ പരമപ്രീതിമിത്യുക്ത്വാഽന്തരധീയത. 18

| | | | |
|---|---|---|---|
| "ഉർവ്വീം | "ഭൂമിയെ | പരമപ്രീതിം | അതിയായ സന്തോഷത്തെ |
| നിർവാനരാം | വാനരന്മാരില്ലാത്തതാക്കി | | |
| കൃത്വാ | ചെയ്ത് | കരിഷ്യേ" | ഞാൻവളർത്തുന്നുണ്ട്" |
| രാമം | രാമനെ | ഇതി ഉക്ത്വാ | എന്നു പറഞ്ഞുകൊണ്ട് |
| സലക്ഷ്മണം | ലക്ഷ്മണനോടുകൂടി | അന്തരധീയത | അന്തർധാനഗതനായി വർത്തിച്ചു. |
| ഹത്വാ | വധിച്ച് | | |

ആപപാതാഥ സംക്രുദ്ധോ ദശഗ്രീവേണ ചോദിതഃ
തീക്ഷ്ണകാർമ്മുകനാരാചൈസ്തീക്ഷ്ണസ്ത്വിന്ദ്രരിപൂ രണേ. 19

| | | | |
|---|---|---|---|
| ദശഗ്രീവേണ | ദശകണ്ഠനാൽ | തീക്ഷ്ണകാർമ്മുകനാരാചൈ: | ഭയങ്കരമായ ചാപത്തിൽനിന്നുള്ള അമ്പുകളാൽ |
| ചോദിത: | ആജ്ഞാപിക്കപ്പെട്ടവനായ | | |
| ഇന്ദ്രരിപു: | ഇന്ദ്രജിത്ത് | തീക്ഷ്ണ: തു | ഘോരനായി |
| അഥ | അപ്പോൾ | രണേ | പോരിൽ |
| സംക്രുദ്ധ: | അതിക്രുദ്ധനായി | ആപപാത | ഏറ്റെതിർത്തു. |

സ ദദൎശ മഹാവീൎയ്യൗ നാഗൗ ത്രിശിരസാവിവ
സൃജന്താവിഷുജാലാനി വീരൗ വാനരമധ്യഗൗ 20

| | | | |
|---|---|---|---|
| സ: | ആ ഇന്ദ്രജിത്ത് | ഇവ | എന്നപോലുള്ളവരും |
| വാനരമധ്യഗൌ | വാനരന്മാൎക്കിടയിലിരിക്കുന്നവരും | ഇഷുജാലാനി | ശരജാലങ്ങളെ |
| മഹാവീൎയ്യൗ | അതിവീൎയ്യശാലികളും | സൃജന്തൌ | വൎഷിക്കുന്നവരുമായ |
| ത്രിശിരസൌ | മൂന്നുതലയുള്ള | വീരൌ | ആ രണ്ടു വീരന്മാരെ |
| നാഗൌ | സൎപ്പങ്ങൾ | ദദൎശ | കണ്ടു. |

[ശിരസ്സിന്നു് ഇരുപുറത്തും ചുമലിന്നു മുകളിലായി രണ്ടു ആവനാഴികൾ പൊന്തിനില്ക്കുന്നതിനാൽ മൂന്നു തലയുള്ള സൎപ്പത്തിന്നു സാമ്യം.]

ഇമൗ താവിതി സംചിന്ത്യ സജ്യം കൃത്വാ ച കാൎമ്മുകം
സംതതാനേഷുധാരാഭിഃ പൎജ്ജന്യ ഇവ വൃഷ്ടിമാൻ 22

| | | | |
|---|---|---|---|
| "ഇമൗ | "ഇതാ | ഇഷുധാരാഭി: | ശരമാരികളെക്കൊണ്ടു് |
| തൗ ച" | അവർ രണ്ടുപേരും" | വൃഷ്ടിമാൻ | വൎഷിക്കുന്ന |
| ഇതി സംചിന്ത്യ | എന്നോൎത്തു് | പൎജ്ജന്യ: | മേഘം |
| കാൎമ്മുകം | വില്ലിനേയും | ഇവ | എന്നപോലെ |
| സജ്യം കൃത്വാ | ഞാണേററി | സംതതാന | മൂടി. |

സ തു വൈഹായസം പ്രാപ്യ സരഥോ രാമലക്ഷ്മണൗ
അചക്ഷുൎവ്വിഷയേ തിഷ്ഠൻ വിവ്യാധ നിശിതൈഃ ശരൈഃ 22

| | | | |
|---|---|---|---|
| സഃ | അവൻ | തിഷ്ഠൻ | വൎത്തിച്ചുകൊണ്ടു് |
| തു | അപ്പോൾ | രാമലക്ഷ്മണൗ | ശ്രീരാമലക്ഷ്മണന്മാരെ |
| വൈഹായസം | ആകാശത്തിൽ | നിശിതൈ: | തീക്ഷ്ണങ്ങളായ |
| പ്രാപ്യ | പുക്കു് | ശരൈഃ | ബാണങ്ങളാൽ |
| സരഥ: | രഥസ്ഥനായി | വിവ്യാധ | എയ്തു. |
| അചക്ഷുൎവ്വിഷയേ | അപ്രത്യക്ഷത്തിൽ | | |

തൗ തസ്യ ശരവേഗേന പരീതൗ രാമലക്ഷ്മണൗ
ധനുഷീ സശരേ കൃത്വാ ദിവ്യമസ്ത്രം പ്രചക്രതുഃ 23

| | | | |
|---|---|---|---|
| തൗ | ആ | പരീതൗ | ചൂഴപ്പെട്ടവരായി |
| രാമലക്ഷ്മണൗ | ശ്രീരാമലക്ഷ്മണന്മാർ | ധനുഷീ സശരേ കൃത്വാ | രണ്ടു ധനുസ്സുകളിലും ബാണങ്ങൾ തൊടുത്തു |
| തസ്യ | അവന്റെ | ദിവ്യം അസ്ത്രം | ദിവ്യാസ്ത്രത്തെ |
| ശരവേഗേന | ശരങ്ങളുടെ ഊക്കിനാൽ | പ്രചക്രതുഃ. | പ്രയോഗിച്ചു. |

പ്രച്ഛാദയന്തൗ ഗഗനം ശരജാലൈൎമ്മഹാബലൗ
തമസ്ത്രൈഃ സൂൎയ്യസങ്കാശൈൎന്നൈവ പസ്പൃശതുഃ ശരൈഃ 24

| | | | |
|---|---|---|---|
| മഹാബലൌ | മഹാബലശാലികളായ അവർ | സൂൎയ്യ-സംകാശൈഃ | ആദിത്യ സദൃശങ്ങളായ |
| ശരജാലൈഃ | ബാണസമൂഹങ്ങളാൽ | അസ്ത്രൈഃ | അസ്ത്രങ്ങളാലും |
| ഗഗനം | ആകാശത്തെ | ശരൈഃ ഏവ | അമ്പുകളാലും |
| പ്രച്ഛാദയന്തൌ | മറയ്ക്കുന്നവരായി | തം | അവനെ |
| | | പസ്പൃശതുഃ ന | സ്പർശിച്ചതേയില്ല. |

സ ഹി ധൂമാന്ധകാരം ച ചക്രേ പ്രച്ഛാദയൻ നഭഃ
ദിശശ്ചാന്തർദ്ദധേ ശ്രീമാൻ നീഹാരതമസാ വൃതാഃ 25

| | | | |
|---|---|---|---|
| ശ്രീമാൻ | കീർത്തിമാനായ | നീഹാരതമസാ | മഞ്ഞിനാലും ഇരുളാലും |
| സഃ ഹി | അവനും | വൃതാഃ | മൂടപ്പെട്ട |
| പ്രച്ഛാദയൻ | മറഞ്ഞുകൊണ്ടുതന്നെ | ദിശഃ ച | ദിക്കുകളേയും |
| നഭഃ | ആകാശത്തെ | ച | വീണ്ടും |
| ധൂമാന്ധകാരം ചക്രേ | പുകയാൽ ഇരുളടഞ്ഞതാക്കി | അന്തർദധേ. | മറച്ചു. |

നൈവ ജ്യാതലനിർഘോഷോ ന ച നേമിഖുരസ്വനഃ
ശുശ്രുവേ ചരതസ്തസ്യ ന ച രൂപം പ്രകാശതേ. 36

| | | | |
|---|---|---|---|
| ചരതഃ | സഞ്ചരിച്ചുകൊണ്ടിരുന്ന | ശുശ്രുവേ ന | കേൾക്കപ്പെട്ടില്ല |
| തസ്യ | അവന്റെ | ജ്യാതല-നിർഘോഷഃ | ഞാണൊലിയും |
| രൂപം ച | രൂപവും | | |
| പ്രകാശതേ ന | പ്രകാശിക്കുന്നില്ല; | ച ന. | അപ്രകാരംതന്നെ |
| നേമിഖുര-സ്വനഃ ഏവ | ചക്രങ്ങൾ കുളമ്പുകൾ എന്നവയുടെ ഒച്ചയും | | കേൾക്കപ്പെട്ടില്ല; |

ഘനാന്ധകാരേ തിമിരേ ശിലാവൎഷമിവാദ്ഭുതം
സ വവർഷ മഹാബാഹുർനാരാചശരവൃഷ്ടിഭിഃ 27

| | | | |
|---|---|---|---|
| സഃ | ആ | ശിലാവൎഷം | ശിലാവൎഷം |
| മഹാബാഹുഃ | വീരനായ ഇന്ദ്രജിത്ത് | | |
| ഘനാന്ധകാരേ തിമിരേ | ക്രൂരിരുളിൽ | ഇവ | എന്നപോലെ |
| | | അദ്ഭുതം | അദ്ഭുതകരമാംവണ്ണം |
| നാരാചശര-വൃഷ്ടിഭിഃ | നാരാചബാണവൎഷങ്ങളാൽ | വവൎഷ. | വൎഷിച്ചു. |

സ രാമം സൂൎയ്യസങ്കാശൈഃ ശരൈർദ്ദത്തവരോ ഭൃശം
വിവ്യാധ സമരേ ക്രുദ്ധഃ സൎവ്വഗാത്രേഷു രാവണിഃ 28

| | | | |
|---|---|---|---|
| സമരേ | പോരിൽ | ശരൈഃ | ബാണങ്ങളാൽ |
| ദത്തവരഃ | വരംലഭിച്ച | രാമം | ശ്രീരാമനെ |
| സഃ രാവണിഃ | ആ ഇന്ദ്രജിത്തും | സൎവ്വഗാത്രേഷു | എല്ലാ അവയവങ്ങളിലും |
| ക്രുദ്ധഃ | കുപിതനായി | | |
| സൂൎയ്യ-സംകാശൈഃ | സൂൎയ്യതുല്യങ്ങളായ | ഭൃശം | ഉറക്കോടെ |
| | | വിവ്യാധ. | എയ്തു. |

തൌ ഹന്യമാനൌ നാരാചൈർധാരാഭിരിവ പർവ്വതൌ
ഹേമപുംഖാൻ നരവ്യാഘ്രൌ തിഗ്മാൻ മുമുചതുഃ ശരാൻ 29

| | | | |
|---|---|---|---|
| തൌ | ആ | നാരാചൈഃ | നാരാചബാണങ്ങളാൽ |
| നരവ്യാഘ്രൌ | പുരുഷോത്തമന്മാരിരു | ഹന്യമാനൌ | പ്രഹരിക്കപ്പെടുന്നവ |
| ധാരാഭിഃ | വർഷധാരകളാൽ [വരും | | രായി |
| പർവ്വതൌ | രണ്ടുപർവ്വതങ്ങൾ | ഹേമപുംഖാൻ | പൊൻപിടികളാന്ന |
| ഇവ | എപ്രകാരമോ അപ്ര | തിഗ്മാൻ ശരാൻ | ഉഗ്രബാണങ്ങളെ |
| | കാരം | മുമുചതുഃ. | പൊഴിച്ചു. |

അന്തരിക്ഷേ സമാസാദ്യ രാവണിം കങ്കപത്രിണഃ
നികൃത്യ പതഗാ ഭൂമൌ പേതുസ്തേ ശോണിതാപ്ലുതാഃ 30

| | | | |
|---|---|---|---|
| തേ | ആ | രാവണിം | ഇന്ദ്രജിത്തിനെ |
| കങ്കപത്രിണഃ | കഴുകിൻ തൂവൽ കെട്ട | നികൃത്യ | വ്രണപ്പെടുത്തി |
| പതഗാഃ | ബാണങ്ങൾ [പ്പെട്ട | ശോണിതാ-പ്ലുതാഃ | രക്തംപുരണ്ടവയായി |
| അന്തരിക്ഷേ | ആകാശത്തിൽ | | |
| സമാസാദ്യ | ചെന്നു് | ഭൂമൌ പേതുഃ. | നിലത്തുവീണു. |

അതിമാത്രം ശരൌഘേണ പീഡ്യമാനൌ നരോത്തമൌ
താനിഷൂൻ പതതോ ഭല്ലൈരനേകൈർന്നിചകൃന്തതുഃ 31

| | | | |
|---|---|---|---|
| നരോത്തമൌ | ആ നരശ്രേഷ്ഠന്മാരിരു | പതതഃ | മേൽ വന്നു വീഴുന്ന |
| ശരൌഘേണ | ശരജാലത്താൽ [വരും | താൻ ഇഷൂൻ, | ആ ബാണങ്ങളെ |
| അതിമാത്രം | അത്യധികം | അനേകൈഃ | പല |
| പീഡ്യമാനൌ | പീഡിക്കപ്പെടുന്നവ | ഭല്ലൈഃ | ഭല്ലങ്ങൾകൊണ്ടു് |
| | രായി | നിചകൃന്തതുഃ. | ഖണ്ഡിച്ചു. |

യതോ ഹി ദദൃശാതേ തൌ ശരാന്നിപതതഃ ശിതാൻ
തതസ്തു തൌ ദാശരഥീ സസൃജാതേഽസ്ത്രമുത്തമം. 32

| | | | |
|---|---|---|---|
| തൌ | ആ | നിപതതഃ | വീഴുന്നവയായി |
| ദാശരഥീ ഹി, | ശ്രീരാമലക്ഷ്മണന്മാരും | ദദൃശാതേ, | കണ്ടുവോ |
| യതഃ | ഏതൊരു ദിക്കിൽ നി | തതഃ തു | അദ്ദിക്കിലായ്ത്തന്നെ |
| ശിതാൻ | നിശിതങ്ങളായ [ന്നു് | ഉത്തമം അസ്ത്രം | ദിവ്യാസ്ത്രത്തെ |
| ശരാൻ | ബാണങ്ങളെ | സസൃജാതേ. | പ്രയോഗിച്ചു. |

രാവണിസ്തു ദിശഃ സർവ്വാ രഥേനാതിരഥഃ പതൻ
വിവ്യാധ തൌ ദാശരഥീ ലഘ്വസ്ത്രോ നിശിതൈഃ ശരൈഃ. 33

| | | | |
|---|---|---|---|
| അതിരഥഃ | അതിരഥനും | രഥേന | രഥത്തോടു കൂടി |
| ലഘ്വസ്ത്രഃ | ശീഘ്രാസ്ത്രങ്ങൾ പ്ര | പതൻ | ചെല്ലുന്നവനായി |
| | യോഗിക്കുന്നവനുമായ | നിശിതൈഃ | കൂർത്തുമൂർത്തുള്ള |
| രാവണിഃ | ഇന്ദ്രജിത്തു്, | ശരൈഃ | ബാണങ്ങളാൽ |
| തു | അപ്പോൾ | തൌ ദാശരഥീ | ആ ശ്രീരാമലക്ഷ്മണ |
| ദിശഃ സർവ്വാഃ | എല്ലാ ദിക്കുകളിലും | വിവ്യാധ. | എയ്തു. [രെ |

തേനാതിവിദ്ധൗ തൗ വീരൗ രുക്മപുംഖൈഃ സുസംഹിതൈഃ
ബഭ്രുവത്തുർദ്ദാശരഥീ പുഷ്പിതാവിവ കിംശുകൌ 34

| | | | |
|---|---|---|---|
| തൗ | ആ | രുക്മപുംഖൈഃ | പൊൻപിടികളാന്ന |
| വീരൗ | വീരന്മാരായ | | ബാണങ്ങളാൽ |
| ദാശരഥീ | ശ്രീരാമലക്ഷ്മണന്മാർ | അതിവിദ്ധൗ | ഏററവും താഡിക്കപ്പെ |
| തേന | അവനാൽ | പുഷ്പിതൗ | പുഷ്പിച്ച [ട്ടവരായി |
| സുസംഹിതൈ: | ഉന്നംതെററാത്ത | കിംശുകൗ ഇവ | പലാശമരങ്ങാം എന്ന |
| | | ബഭൂവതു: | ആയ്ത്തീന്നു. [പോലെ |

നാസ്യ വേദ ഗതിം കശ്ചിന്ന ച രൂപം ധനുഃ ശരാൻ
ന ചാന്യദ്വിദിതം കിഞ്ചിത് സൂര്യസ്യേവാഭ്രസംപ്ലവേ 35

| | | | |
|---|---|---|---|
| അസ്യ | ഇവന്റെ | ന | അറിഞ്ഞില്ല. |
| ഗതിം | സഞ്ചാരത്തെ | അഭ്രസംപ്ലവേ | മുകിൽച്ചാത്തിൽ |
| കശ്ചിത് | ഒരുവനും | സൂര്യസ്യ | സൂര്യന്റെ രൂപത്തെ |
| വേദ ന | അറിഞ്ഞില്ല; | ഇവ | എന്നപോലെ |
| രൂപം | സ്വരൂപത്തെയും | അന്യത് | മറെറാന്നുംതന്നെ |
| ധനുഃ | ധനുസ്സിനെയും | കിഞ്ചിത് ച | |
| ശരാൻ ച | ബാണങ്ങളെയും | വിദിതം ന. | അറിയപ്പെട്ടില്ല. |

തേന വിദ്ധാശ്ച ഹരയോ നിഹതാശ്ച ഗതാസവഃ
ബഭ്രുവുഃ ശതശസ്തത്ര പതിതാ ധരണീതലേ 36

| | | | |
|---|---|---|---|
| തത്ര | അവിടെ | നിഹതാഃ ച | താഡിക്കപ്പെട്ടും |
| ശതശഃ | നൂററുക്കണക്കായുള്ള | ഗതാസവഃ | പ്രാണൻവെടിഞ്ഞവ |
| ഹരയഃ | വാനരന്മാർ | ധരണീതലേ | ഭൂമിയിൽ [രായി |
| തേന | അവനാൽ | പതിതാഃ | വീണുകിടന്നു. |
| വിദ്ധാഃ ച | പിളക്കപ്പെട്ടും | ബഭ്രുവുഃ. | |

ലക്ഷ്മണസ്തു സുസംക്രുദ്ധോ ഭ്രാതരം വാക്യമബ്രവീത്
ബ്രാഹ്മമസ്ത്രം പ്രയോക്ഷ്യാമി വധാർത്ഥം സർവ്വരക്ഷസാം. 37

| | | | |
|---|---|---|---|
| ലക്ഷ്മണഃ തു | ലക്ഷ്മണനാവട്ടെ | "സവ്വരക്ഷസാം | "രാക്ഷസന്മാരെല്ലാ |
| സുസംക്രുദ്ധഃ | അതിക്രുദ്ധനായി | | വരുടേയും |
| ഭ്രാതരം | ജ്യേഷ്ഠനെനോക്കി | വധാത്ഥം | നിഗ്രഹത്തിന്നായി |
| വാക്യം | ഒരു വാക്യത്തെ | ബ്രാഹ്മം അസ്ത്രം | ബ്രഹ്മാസ്ത്രത്തെ |
| അബ്രവീത് | ഉണർത്തിച്ചു | പ്രയോക്ഷ്യാമി." | ഞാൻപ്രയോഗിക്കാം." |

തമുവാച തതോ രാമോ ലക്ഷ്മണം ശുഭലക്ഷണം. 38

| | | | |
|---|---|---|---|
| തതഃ | അപ്പോരം | തം ലക്ഷ്മണം | ആ ലക്ഷ്മണനോടായി |
| രാമഃ | ശ്രീരാമൻ | ഉവാച. | ഇപ്രകാരം അരുളി |
| ശുഭലക്ഷണം | സദ്ഗുണപ്രകൃതിയാന്ന | | ച്ചെയ്തു |

നൈകസ്യ ഹേതോ രക്ഷാംസി പൃഥിവ്യാം ഹന്തുമർഹസി. 39

| | | | |
|---|---|---|---|
| “ഏകസ്യ | “ഒരുത്തന്റെ | രക്ഷാംസി | രാക്ഷസന്മാരെ |
| ഹേതോഃ | കാരണമായി | ഹന്തും | ഉന്മൂലനംചെയ്യുന്നതു് |
| പൃഥിവ്യാം | ലോകത്തിൽ | അർഹസി ന. | നിനക്കു് ശരിയല്ല. |

അയുധ്യമാനം പ്രച്ഛന്നം പ്രാഞ്ജലിം ശരണാഗതം
പലായന്തം പ്രമത്തം വാ ന ത്വം ഹന്തുമിഹാർഹസി. 40

| | | | |
|---|---|---|---|
| “ഇഹ | “ഇവിടെ | ശരണാഗതം | ശരണംപ്രാപിച്ചവനേയും |
| അയുധ്യമാനം | യുദ്ധംചെയ്യാതിരിക്കുന്നവനേയും | പലായന്തം | ഓടുന്നവനേയും |
| പ്രച്ഛന്നം | മറഞ്ഞുനില്ക്കുന്നവനേയും | പ്രമത്തം വാ | അജാഗ്രതയോടിരിക്കുന്നവനേയും |
| | | ത്വം | നീ |
| പ്രാഞ്ജലിം | കൈകൂപ്പിക്കൊണ്ടു് | ഹന്തും അർഹസി ന. | കൊല്ലുവാൻ പാടുള്ളതല്ല. |

["അയുദ്ധ്യമാനം പ്രച്ഛന്നം" ഇത്യാദി യുദ്ധധർമ്മത്തെ ലക്ഷ്മണനുപദേശിക്കുന്നതിൽനിന്നു്, ബാലിയെ വധിച്ചതിന്നു്, ഈ സാധാരണ യുദ്ധധർമ്മത്തേക്കാൾ വിശേഷമായ തക്ക കാരണമുണ്ടെന്നു് ശ്രീരാമൻ നല്ലപോലെ ധരിച്ചിട്ടുണ്ടെന്നും ഗ്രാഹ്യമാകുന്നുണ്ടു്.]

അസ്യൈവ തു വധേ യത്നം കരിഷ്യാവോ മഹാബല
ആദേക്ഷ്യാവോ മഹാവേഗാനസ്ത്രാനാശീവിഷോപമാൻ. 41

| | | | |
|---|---|---|---|
| “മഹാബല! | “മഹാബലശാലിയായവനെ | കരിഷ്യാവഃ | നാം ചെയ്യുക |
| | | മഹാവേഗാൻ | ഏറ്റംശക്തിയാർന്നവയും |
| അസ്യ വധേ ഏവ | ഇവനെ വധിക്കുന്ന സംഗതിയിൽ മാത്രം | ആശീവിഷോപമാൻ | സർപ്പതുല്യങ്ങളുമായ |
| തു | ഇപ്പോൾ | അസ്ത്രാൻ | അസ്ത്രങ്ങളെ |
| യത്നം | പരിശ്രമത്തെ | ആദേക്ഷ്യാവഃ | നാം പ്രയോഗിക്കുക. |

തമേനം മായിനം ക്ഷുദ്രമന്തർഹിതരഥം ബലാത്
രാക്ഷസം നിഹനിഷ്യന്തി ദൃഷ്ട്വാ വാനരയൂഥപാഃ 42

| | | | |
|---|---|---|---|
| “വാനരയൂഥപാഃ | “വാനരസേനാനായകന്മാർ | ഏനം | ഈ |
| തം | അപ്രകാരമുള്ള | രാക്ഷസം | രാക്ഷസനെ |
| മായിനം | മായാവിയും | ദൃഷ്ട്വാ | കണ്ടാൽ |
| ക്ഷുദ്രം | നിസ്സാരനും | ബലാത് | കൈയൂക്കുകൊണ്ടു് |
| അന്തർഹിതരഥം | അദൃശ്യമായ തേരോടുകൂടിയവനുമായ | നിഹനിഷ്യന്തി. | വധിച്ചുകളയുന്നതാണു്. |

യദ്യേഷ ഭൂമിം വിശതേ ദിവം വാ
രസാതലം വാപി നഭഃസ്ഥലം വാ
ഏവം നിഗൂഢോഽപി മമാസ്ത്രദഗ്ധഃ
പതിഷ്യതേ ഭൂമിതലേ ഗതാസുഃ 43

| | | | |
|---|---|---|---|
| "ഏഷഃ | "ഇവൻ | നിഗൂഢഃ അപി | മറഞ്ഞിരിക്കുന്നഇവൻ |
| ഭൂമിം ദിവം വാ | ഭൂമിയിലോസ്വർഗ്ഗത്തി[ലോ | മമ അസ്ത്രഗോചരഃ | എന്റെ അസ്ത്രങ്ങളാൽ ചുട്ടെരിക്കപ്പെട്ട് |
| രസാതലം അപി വാ | പാതാളത്തിലോ | ഗതാസുഃ | ജീവൻ പോയവനായി |
| നഭഃസ്ഥലം വാ | ആകാശത്തിലോ | ഭൂമിതലേ | നിലത്ത് |
| വിശതേ യദി | പ്രവേശിച്ചാലും | പതിഷ്യതേ" | മറിഞ്ഞുവീഴുന്നതാണ്." |
| ഏവം | ഇപ്രകാരം | | |

ഇത്യേവമുക്ത്വാ വചനം മഹാത്മാ
രഘുപ്രവീരഃ പ്ലവഗർഷഭൈർവൃതഃ
വധായ രൗദ്രസ്യ നൃശംസകർമ്മണ-
സ്തദാ മഹാത്മാ ത്വരിതം നിരീക്ഷതേ. 44

| | | | |
|---|---|---|---|
| മഹാത്മാ | പരിശുദ്ധമനസ്സനും | വൃതഃ | ചൂഴപ്പെട്ടവനായി |
| മഹാത്മാ | അതിതേജസ്വിയുമായ | തദാ | അപ്പോൾ |
| രഘുപ്രവീരഃ | ശ്രീരാഘവൻ | നൃശംസകർമ്മണഃ | ക്രൂരകർമ്മാവും |
| ഇതി ഏവ | മേൽപ്രകാരം | രൗദ്രസ്യ | ഭയങ്കരനുമായ അവനെ |
| വചനം | വാക്യത്തെ | ത്വരിതം | വേഗത്തിൽ |
| ഉക്ത്വാ | അരുളിച്ചെയ്തു് | വധായ | വധിക്കുന്നതിന്നായി |
| പ്ലവഗർഷഭൈഃ | വാനരോത്തമന്മാരാൽ | നിരീക്ഷതേ. | ആലോചിക്കയായി. |

**ഇത്യാർഷേ ശ്രീമദ്രാമായണേ വാൽമീകിയേ ആദികാവ്യേ യുദ്ധകാണ്ഡേ**

**അശീതിതമഃ സർഗ്ഗഃ = എൺപതാം സർഗ്ഗം സമാപ്തം**

**ആദ്യം മുതൽ ശ്ലോകസംഖ്യ 18509; യുദ്ധകാണ്ഡം ആദ്യം മുതൽ ശ്ലോകസംഖ്യ 3843**

—oo—

## ഏകാശീതിതമഃ സർഗ്ഗഃ = എൺപത്തൊന്നാംസർഗ്ഗം

[മായാസീതാവധഃ=മായാസീതയെ വധിക്കുന്നതു്]

വിജ്ഞായ തു മനസ്തസ്യ രാഘവസ്യ മഹാത്മനഃ
സംനിവൃത്യാഹവാത് തസ്മാത് സംവിവേശ പുരം തതഃ 1

| | | | |
|---|---|---|---|
| തതഃ | അപ്പോൾ | തു തസ്മാത് | ഉടനെതന്നെ, ആ |
| മഹാത്മനഃ | മഹാത്മാവായ | ആഹവാത് | പോരിൽനിന്നു് |
| തസ്യ രാഘവസ്യ | ആ ശ്രീരാഘവന്റെ | സംനിവൃത്യ | മടങ്ങി |
| മനഃ | അഭിപ്രായത്തെ | പുരം | നഗരത്തിൽ |
| വിജ്ഞായ | (ഇന്ദ്രജിത്തു്)ഗ്രഹിച്ചു് | സംവിവേശ. | പ്രവേശിച്ചു. |

സോഽനുസ്മൃത്യ വധം തേഷാം രാക്ഷസാനാം തരസ്വിനാം
ക്രോധതാമ്രേക്ഷണഃ ശൂരോ നിർജ്ജഗാമ മഹാദ്യുതിഃ 2

| | | | |
|---|---|---|---|
| ശൂരഃ | ശൂരനും | രാക്ഷസാനാം വധം | രാക്ഷസന്മാർക്കുണ്ടായ വധത്തെക്കുറിച്ചു് |
| മഹാദ്യുതിഃ | അതിതേജസ്വിയുമായ | അനുസ്മൃത്യ | നിരൂപിച്ചു നിരൂപിച്ചു് |
| സഃ | അവൻ | ക്രോധ-താമ്രേക്ഷണഃ | ക്രോധത്താൽ കണ്ണു കടം ചുവന്നവനായി |
| തരസ്വിനാം | ബലശാലികളായ | നിർജ്ജഗാമ. | പുറത്തുകടന്നു. |
| തേഷാം | ആ | | |

സ പശ്ചിമേന ദ്വാരേണ നിര്യയൌ രാക്ഷസൈർവൃതഃ
ഇന്ദ്രജിത് തു മഹാവീര്യഃ പൌലസ്ത്യോ ദേവകണ്ടകഃ 3

| | | | |
|---|---|---|---|
| മഹാവീര്യഃ | അതിവീര്യവാനും | രാക്ഷസൈഃ | രാക്ഷസന്മാരാൽ |
| ദേവകണ്ടകഃ | ദേവാരിയും | വൃതഃ | ചൂഴപ്പെട്ടവനായി |
| പൌലസ്ത്യഃ | പുലസ്ത്യവംശജനുമായ | പശ്ചിമേന | പടിഞ്ഞാറെ |
| സഃ ഇന്ദ്രജിത്, | ആ ഇന്ദ്രജിത്ത് | ദ്വാരേണ | കോട്ടവാതിൽവഴിയാ |
| തു, | അപ്പോൾ, | നിര്യയൌ. | പുറപ്പെട്ടുചെന്നു. [യി |

[പടിഞ്ഞാറെ കോട്ടവാതിൽ കാത്തുനിന്നിരുന്നതു് ഹനുമാനാകയാൽ, മായാസീതയെ വധിക്കുന്നതു ഹനുമാന്റെ മുമ്പിൽ വെച്ചായാൽ, സീത മരിച്ചുപോയെന്നു് ഹനുമാൻ തീർച്ചയായും ധരിക്കുമെന്നും, വിവരം രാമലക്ഷ്മണന്മാരെ അറിയിക്കുമെന്നും, അപ്പോൾ രാമ ലക്ഷ്മണന്മാർ മതികെട്ടവരായി വർത്തിക്കുന്നതുകൊണ്ടു് തനിക്കു് നികുംഭിലയിൽ ചെന്നു് യാഗംചെയ്‌വാൻ ധാരാളം സമയം കിട്ടുമെന്നും മററും കരുതിയിട്ടാണു് ഇന്ദ്രജിത്ത് പശ്ചിമദ്വാരത്തിലൂടെ പുറപ്പെട്ടുചെന്നതു്.]

ഇന്ദ്രജിത്തു തതോ ദൃഷ്ട്വാ ഭ്രാതരൌ രാമലക്ഷ്മണൌ
രണായാഭ്യുദ്യതൌ വീരൌ മായാം പ്രാദുഷ്കരോത്തദാ. 4

| | | | |
|---|---|---|---|
| ഇന്ദ്രജിത്, | ഇന്ദ്രജിത്ത് | രണായ | പോരിന്നായി |
| തതഃ | അവിടെ | അഭ്യുദ്യതൌ | സന്നദ്ധരായിരിക്കുന്ന |
| വീരൌ | വീരന്മാരും | ദൃഷ്ട്വാ | ഓർത്ത് [തായി |
| ഭ്രാതരൌ | സഹോദരന്മാരുമായ | തദാ | ആ സമയം |
| രാമലക്ഷ്മണൌ | ശ്രീരാമലക്ഷ്മണന്മാരിരുവരേയും | മായാം | മായയെ |
| തു | | പ്രാദുഷ്കരോത്. | കൈക്കൊണ്ടു. |

ഇന്ദ്രജിത്തു രഥേ സ്ഥാപ്യ സീതാം മായാമയീം തതഃ
ബലേന മഹതാഽഽവൃത്യ തസ്യാ വധമരോചയത് 5

| | | | |
|---|---|---|---|
| തു | ആ സമയം | സ്ഥാപ്യ | വെച്ചുംകൊണ്ടു |
| ഇന്ദ്രജിത്, | ഇന്ദ്രജിത്ത് | മഹതാ | വമ്പിച്ച |
| തതഃ | അവിടെ | ബലേന | സൈന്യത്തെക്കൊണ്ടു് |
| മായാമയീം | മായയാൽ നിർമ്മിക്കപ്പെട്ട | ആവൃത്യ | വളയിച്ചു |
| | | തസ്യാഃ | അവളുടെ |
| സീതാം | സീതയെ | വധം | വധത്തെ |
| രഥേ | രഥത്തിൽ | അരോചയത്. | നിശ്ചയിച്ചു. |

മോഹനാർത്ഥം തു സർവ്വേഷാം ബുദ്ധിം കൃത്വാ സുദുർമ്മതിഃ
ഹന്തും സീതാം വ്യവസിതോ വാനരാഭിമുഖോ യയൌ 6

| | | | |
|---|---|---|---|
| സുദുർമ്മതിഃ | ദുർബുദ്ധിയായ അവൻ | ഹന്തും | കൊല്ലുവാൻ |
| സർവ്വേഷാം തു | എല്ലാവരേയും | വ്യവസിതഃ | ഉറച്ചു, |
| മോഹനാർത്ഥം | മോഹിപ്പിക്കുന്നതിനു് | വാനരാഭിമുഖഃ | വാനരന്മാരുടെ നേർക്കായി |
| ബുദ്ധിം കൃത്വാ | കരുതി, | | |
| സീതാം | മായാസീതയെ | യയൌ. | ചെന്നു. |

തം ദൃഷ്ട്വാ ത്വഭിനിര്യ്യാന്തം നഗര്യ്യാഃ കാനനൌകസഃ
ഉത്പേതുരഭിസംക്രുദ്ധാഃ ശിലാഹസ്താ യുയുത്സവഃ 7

| | | | |
|---|---|---|---|
| കാനനൌകസഃ | വാനരന്മാർ | അഭിസംക്രുദ്ധഃ | ഏറെച്ചൊടിച്ച് |
| തു | അപ്പോൾ | യുയുത്സവഃ | യുദ്ധം ചെയ്യുന്നതിന്നായി |
| തം | അവനെ | | |
| നഗര്യ്യാഃ | നഗരത്തിൽനിന്ന് | ശിലാഹസ്താഃ | ശിലകൾ കയ്യിലെടുത്തുകൊണ്ട് |
| അഭിനിര്യ്യാന്തം | എതിരിട്ടുവരുന്നവനായി | ഉത്പേതുഃ | കുതിച്ചെഴുന്നേററു. |
| ദൃഷ്ട്വാ | കണ്ട് | | |

ഹനുമാൻ പുരതസ്തേഷാം ജഗാമ കപികുഞ്ജരഃ
പ്രഗൃഹ്യ സുമഹച്ഛൃംഗം പർവ്വതസ്യ ദുരാസദം. 8

| | | | |
|---|---|---|---|
| കപികുഞ്ജരഃ | വാനരോത്തമനായ | ദുരാസദം | തടുപ്പാൻ കഴിയാത്തതുമായ |
| ഹനുമാൻ | ഹനുമാൻ | | |
| തേഷാം | അവർക്ക് | പർവ്വതസ്യ ശൃംഗം | ഒരു ഗിരിശിഖരത്തെ |
| പുരതഃ | മുമ്പിലായി | പ്രഗൃഹ്യ | കൈക്കൊണ്ട് |
| സുമഹത് | വമ്പിച്ചതും | ജഗാമ. | അടുത്തു. |

സ ദദർശ ഹതാനന്ദാം സീതാമിന്ദ്രജിതോ രഥേ
ഏകവേണീധരാം ദീനാമുപവാസകൃശാനനാം 9
പരിക്ലിഷ്ടൈകവസനാമമൃജാം രാഘവപ്രിയാം
രജോമലാഭ്യാമാലിപ്തൈഃ സർവ്വഗാത്രൈർവരസ്ത്രിയം. 10

| | | | |
|---|---|---|---|
| സഃ | ആ | ദീനാം | മനസ്സുമുട്ടിയവളും |
| ഹനുമാൻ | മാരുതി | ഏകവേണീധരാം | ഒററയായി മടഞ്ഞ തലമുടിയാന്നവളും |
| ഇന്ദ്രജിതഃ | ഇന്ദ്രജിത്തിൻെറ | | |
| രഥേ | രഥത്തിൽ | ഉപവാസകൃശാനനാം | ഉപവാസത്താൽ ഒട്ടിയവദനത്തോടുകൂടിയവളും |
| രാഘവപ്രിയാം | ശ്രീരാമൻെറ പ്രിയതമയും | | |
| രജോമലാഭ്യാം | മണ്ണും ചളിയും | പരിക്ലിഷ്ടൈകവസനാം | മുഷിഞ്ഞ വസ്ത്രമുടുത്തിരുന്നവളും |
| ആലിപ്തൈഃ | പുരണ്ട | | |
| സർവ്വഗാത്രൈഃ | സർവ്വാവയവങ്ങളോടും കൂടിയവളായിരുന്നിട്ടും | അമൃജാം | ഭൂഷണങ്ങളണിയാതിരുന്നവളും ആയ |
| വരസ്ത്രിയം | സർവ്വാംഗസൌന്ദര്യ്യവതിയും | സീതാം | സീതാദേവിയെ |
| ഹതാനന്ദാം | സന്തോഷമററവളും | ദദർശ. | വീക്ഷിച്ചു. |

താം നിരീക്ഷ്യ മുഹൂർത്തം തു മൈഥിലീത്യധ്യവസ്യ തു
ബഭൂവാചിരദൃഷ്ടാ ഹി തേന സാ ജനകാത്മജാ 11
താം ദീനാം മലദിഗ്ദ്ധാംഗീം രഥസ്ഥാം ദൃശ്യ മൈഥിലീം
ബാഷ്പപര്യ്യാകുലമുഖോ ഹനുമാൻ വ്യഥിതോഽഭവത് 12

| | | | |
|---|---|---|---|
| തേന | ആ ഹനുമാനാൽ | മൈഥിലീ ഇതി | മൈഥിലിതന്നെ |
| സാ | ആ | അധ്യവസ്യ | നിശ്ചയിച്ച് [യെന്നു് |
| ജനകാത്മജാ | ജാനകീദേവി | തു | വീണ്ടും |
| അചിരദൃഷ്ടാ ബഭൂവ | അല്പം ദിവസങ്ങൾക്കു മുമ്പിൽ തന്നെയാണ് കാണപ്പെട്ടതു് | ദീനാം | അത്തലാർന്നു് |
| | | മലദിഗ്ധാംഗീം | ദേഹമെല്ലാം ചളി പുരണ്ടവളായി |
| ഹി | അതിനാൽ | രഥസ്ഥാം | തേരിലിരുന്നിരുന്ന |
| ഹനുമാൻ | ഹനുമാൻ | താം മൈഥിലീം | ആ മൈഥിലിയെ |
| താം | അവളെ | ദൃശ്യ | വീക്ഷിച്ച് |
| തു | ആ സമയം | ബാഷ്പപര്യാകുലമുഖഃ | അശ്രുക്കൾ നിറഞ്ഞ നേത്രങ്ങളാർന്നവനായി |
| മുഹൂർത്തം | ഒട്ടുനേരം | വ്യഥിതഃ | ദുഃഖാകുലിതനായി |
| നിരീക്ഷ്യ | സൂക്ഷിച്ചുനോക്കിയ ശേഷം | അഭവത്. | ഭവിച്ചു. |

അബ്രവീത് താം തു ശോകാർത്താം നിരാനന്ദാം തപസ്വിനീം
സീതാം രഥസ്ഥിതാം ദൃഷ്ട്വാ രാക്ഷസേന്ദ്രസുതാശ്രിതാം
കിം സമർത്ഥിതമസ്യേതി ചിന്തയൻ സ മഹാകപിഃ 13
സഹ തൈർവാനരശ്രേഷ്ഠൈരഭ്യധാവത രാവണിം 14

| | | | |
|---|---|---|---|
| മഹാകപിഃ | ആ വാനരശ്രേഷ്ഠൻ | അബ്രവീത് | ഇങ്ങിനെ പറഞ്ഞു; |
| താം | ആ | "അസ്യ | "ഇവന്റെ |
| സീതാം | സീതാദേവിയെ | സമർത്ഥിതം തു കിം? | ഉദ്ദേശം എന്തുതന്നെയായിരിക്കും?" |
| രാക്ഷസേന്ദ്രസുതാശ്രിതാം | രാവണിയുടെ കയ്യിലകപ്പെട്ട് | ഇതി | ഇങ്ങിനെ |
| രഥസ്ഥിതാം | രഥത്തിലിരിക്കുന്നവളായി | ചിന്തയൻ | ആലോചിച്ചുകൊണ്ട് |
| | | സഃ | ആ ഹനുമാൻ |
| ശോകാർത്താം | ശോകത്താൽ തപിക്കുന്നവളായി | തൈഃ | ആ |
| നിരാനന്ദാം | സന്തോഷമററവളായി | വാനരശ്രേഷ്ഠൈഃ സഹ | വാനരോത്തമന്മാരോടൊന്നിച്ച് |
| തപസ്വിനീം തു | പരിതാപസ്ഥിതിയിലിരിക്കുന്നതു് | രാവണിം | ഇന്ദ്രജിത്തിനെ |
| ദൃഷ്ട്വാ | കണ്ട് | അഭ്യധാവത. | ഏററടുത്തു. |

തദ്വാനരബലം ദൃഷ്ട്വാ രാവണിഃ ക്രോധമൂർച്ഛിതഃ
കൃത്വാ വികോശം നിസ്ത്രിംശം മൂർധ്നി സീതാം പ്രകർഷയത് 15

| | | | |
|---|---|---|---|
| രാവണിഃ തത് | ഇന്ദ്രജിത്ത് ആ | വികോശം കൃത്വാ | ഉറയിൽനിന്നൂരിയെടുത്ത് |
| വാനരബലം | വാനരസൈന്യത്തെ | സീതാം | സീതാദേവിയെ |
| ദൃഷ്ട്വാ | കണ്ട് | മൂർധ്നി | മുടിയിൽ |
| ക്രോധമൂർച്ഛിതഃ | കോപാവിഷ്ടനായി | പ്രകർഷയത്. | പിടിച്ചുവലിച്ചു. |
| നിസ്ത്രിംശം | വാളിനെ | | |

തം സ്ത്രിയം പശ്യതാം തേഷാം താഡയാമാസ രാവണിഃ
ക്രോശന്തീം രാമ രാമേതി മായയാ യോജിതാം രഥേ. 16

| | | | |
|---|---|---|---|
| മായയാ | മായകൊണ്ട് | താം | ആ |
| രഥേ | രഥത്തിൽ | സ്ത്രിയം, | നാരീരത്നത്തെ, |
| യോജിതാം | വെക്കപ്പെട്ടവളും | തേഷാം | അവർ |
| "രാമ! രാമ!" | "രാമ! രാമ!" | പശ്യതാം | നോക്കിക്കൊണ്ടിരിക്കെ |
| ഇതി, | എന്ന് [യുന്നവളുമായ | രാവണിഃ | ഇന്ദ്രജിത്ത് |
| ക്രോശന്തീം | ഉറക്കെ വിളിച്ചു കര- | താഡയാമാസ. | വെട്ടുവാൻ മുതിന്നു. |

ഗൃഹീതമൂർദ്ധജാം ദൃഷ്ട്വാ ഹനുമാൻ ദൈന്യമാഗതഃ
ശോകജം വാരി നേത്രാഭ്യാമസൃജന്മാരുതാത്മജഃ 17

| | | | |
|---|---|---|---|
| മാരുതാത്മജഃ | വായുപുത്രനായ | ദൈന്യംആഗതഃ ; | ദുഃഖിതനായി; |
| ഹനുമാൻ | ഹനുമാൻ | നേത്രാഭ്യാം | ഇരുകണ്ണുകളിൽനിന്നും |
| ഗൃഹീതമൂർദ്ധജാം | തലമുടിയിൽ പിടിക്ക | ശോകജം വാരി | ദുഃഖത്താൽ കണ്ണീർ |
| ദൃഷ്ട്വാ | കണ്ട് [പ്പെട്ട അവളെ | അസൃജത്. | പൊഴിച്ചു. |

താം ദൃഷ്ട്വാ ചാരുസർവ്വാംഗീം രാമസ്യ മഹിഷീം പ്രിയാം.
അബ്രവീത് പരുഷം വാക്യം ക്രോധാദ്രക്ഷോധിപാത്മജം. 18

| | | | |
|---|---|---|---|
| രാമസ്യ | ശ്രീരാമന്റെ | ക്രോധാത് | കോപത്താൽ |
| പ്രിയാം | പ്രിയപ്പെട്ട | രക്ഷോധിപാത്മജം | രാക്ഷസേശ്വരസുത നോടായി |
| മഹിഷീം | പത്നിയും | പരുഷം | കഠോരമായ |
| ചാരുസർവ്വാംഗീം | സർവ്വാംഗസുന്ദരിയു [മായ | വാക്യം | ഒരു വാക്യത്തെ |
| താം | അവളെ | അബ്രവീത്. | ഇങ്ങിനെ പറഞ്ഞു. |
| ദൃഷ്ട്വാ | കണ്ട്, | | |

ദുരാത്മന്നാത്മനാശായ കേശായ കേശപക്ഷേ പരാമൃശഃ
ബ്രഹ്മർഷീണാം കുലേ ജാതോ രാക്ഷസീം യോനിമാശ്രിതഃ 19

| | | | |
|---|---|---|---|
| "ദുരാത്മൻ! | പാപിഷ്ഠ! | ആശ്രിതഃ | കയ്ക്കൊണ്ടവനായ നീ |
| ബ്രഹ്മർഷീണാം | ബ്രഹ്മർഷികളുടെ | ആത്മനാശായ | നിന്റെ നാശത്തിന്നായ്ക്കൊണ്ടുതന്നെയാണ് |
| കുലേ ജാതഃ | കുലത്തിൽ ജനിച്ച് | കേശപക്ഷേ | കുന്തൽപാശത്തിൽ |
| രാക്ഷസീം | രാക്ഷസ | പരാമൃശഃ | പിടിച്ചിരിക്കുന്നത്. |
| യോനീം | ജന്മത്തെ | | |

ധിക് ത്വാം പാപസമാചാരം യസ്യ തേ മതിരീദൃശീ
നൃശംസാനാര്യ ദുർവൃത്ത ക്ഷുദ്ര പാപപരാക്രമ
അനാര്യസ്യേദൃശം കർമ്മ ഘൃണാ തേ നാസ്തി നിർഘൃണ 20

| | | | |
|---|---|---|---|
| "യസ്യ | "യാതൊരു | ഈദൃശീ, | ഇപ്രകാരമുള്ളതോ, |
| തേ | നിന്റെ | പാപ- സമാചാരം | പാപകൃത്യം ചെയ്യുന്നവനായ |
| മതിഃ | ബുദ്ധി | | |

| | | | |
|---|---|---|---|
| ത്വാം | നിന്നെ | ഈദൃശം | ഇമ്മാതിരി |
| ധിക് ! | എന്തു ചെയ്താലും മതി[യാകുന്നതല്ല | കർമ്മ | പ്രവൃത്തി |
| നൃശംസ ! | ക്രൂര ! | അനാര്യസ്യ; | നീചനുള്ളതാണ്; |
| അനാര്യ ! | ദുഷ്ട ! | നിർഘൃണ ! | കഠിനഹൃദയ ! |
| ദുർവൃത്ത ! | പാപിഷ്ഠ | തേ | നിനക്ക് |
| ക്ഷുദ്ര ! | നീച | ഘൃണാ | കരുണയെന്നത് |
| പാപപരാക്രമ ! | സജ്ജനദ്രോഹി | അസ്തി ന | ഇല്ലതന്നെ. |

ച്യുതാ ഗൃഹാച്ച രാജ്യാച്ച രാമഹസ്താച്ച മൈഥിലീ
കിം തവൈഷാപരാദ്ധാ ഹി യദേനാം ഹന്തുമിച്ഛസി 21

| | | | |
|---|---|---|---|
| "ഗൃഹാത് ച | "രാജധാനിയിൽനി[ന്നും | ഏനാം | ഇവളെ |
| രാജ്യാത് ച | രാജ്യത്തിൽനിന്നും | ഹന്തും | കൊല്ലുവാൻ |
| രാമഹസ്താത് ച | ശ്രീരാമന്റെ അധീനത്തിൽനിന്നും കൂടി | ഇച്ഛസി ? | നീ തുനിയുന്നതു്? |
| മൈഥിലീ | ജാനകീദേവി | ഏഷാ | ഇവൾ |
| ച്യുതാ | പിരിഞ്ഞിരിക്കയാണ്; | തവ | നിനക്ക് |
| യത് | എന്തിന്നുവേണ്ടിയാണ് | കിം ഹി | എന്തുതന്നെയാണ് |
| | | അപരാദ്ധാ ? | തെററു ചെയ്തത് ? |

സീതാം ച ഹത്വാ ന ചിരം ജീവിഷ്യസി കഥഞ്ചന. 22

| | | | |
|---|---|---|---|
| "സീതാം | "സീതാദേവിയെ | ചിരം | വളരെക്കാലം |
| ഹത്വാ ച | കൊന്നതിൽപിന്നെ | ജീവിഷ്യസി ന. | നീ ജീവനോടിരിക്കുകയില്ല. |
| കഥഞ്ചന | എത്രപണിപ്പെട്ടാലും | | |

വധാർഹകർമ്മണാനേന മമ ഹസ്തഗതോ ഹ്യസി. 23

| | | | |
|---|---|---|---|
| "അനേന വധാർഹകർമ്മണാ | "വധിക്കപ്പെടേണ്ടുന്നതായ ഈ കൃത്യത്താൽ | മമ ഹസ്തഗതിഃ | എന്റെ കൈകളിലകപ്പെട്ടവനായി |
| | | അസി. | നീ തീർന്നിരിക്കുന്നു. |

യേ ച സ്ത്രീഘാതിനാം ലോകാ ലോകവധ്യേഷു കുത്സിതാഃ
ഇഹ ജീവിതമുത്സൃജ്യ പ്രേത്യ താൻ പ്രതിപത്സ്യസേ. 24

| | | | |
|---|---|---|---|
| ലോകവധ്യേഷു ച | "ലോകത്തിൽ വധത്തിന്നു പാത്രമായിരിക്കുന്നവർക്കും കൂടി, | താൻ | അവയെ, |
| കുത്സിതാഃ | നിന്ദ്യമായ | ഇഹ | ഇപ്പോൾ |
| യേ ലോകാഃ | യാതൊരു ലോകങ്ങൾ | ജീവിതം | ജീവനെ |
| സ്ത്രീഘാതിനാം, | സ്ത്രീവധം ചെയ്തവർക്ക് വിധിക്കപ്പെട്ടിട്ടുണ്ടോ, | ഉത്സൃജ്യ | കൈവിട്ട് |
| | | പ്രേത്യ | മരിച്ചശേഷം |
| | | പ്രതിപത്സ്യസേ." | നീ പ്രാപിക്കുന്നതാണ് |

ഇതി ബ്രുവാണോ ഹനൂമാൻ സായുധൈർഹരിഭിർവൃതഃ
അഭ്യധാവത സംക്രുദ്ധോ രാക്ഷസേന്ദ്രസുതം പ്രതി. 25

| | | | |
|---|---|---|---|
| ഹനൂമാൻ | ഹനൂമാൻ | ഹരിഭിഃ | വാനരന്മാരാൽ |
| ഇതി | മേൽ പ്രകാരം | വൃതഃ | ചൂഴപ്പെട്ടവനായി |
| ബ്രുവാണഃ | പറഞ്ഞുകൊണ്ടുതന്നെ | രാക്ഷസേന്ദ്ര- സുതം പ്രതി | ഇന്ദ്രജിത്തിന്നു നേരെ |
| സംക്രുദ്ധഃ | കോപാക്രാന്തനായി | | |
| സായുധൈഃ | ആയുധധാരികളായ | അഭ്യധാവത. | എതിൎത്തുചെന്നു. |

ആപതന്തം മഹാവീൎയ്യം തദനീകം വനൌകസാം
രക്ഷസാം ഭീമവേഗാനാമനീകം തു ന്യവാരയത്. 26

| | | | |
|---|---|---|---|
| ഭീമവേഗാനാം | ഭയങ്കര ശക്തിയാൎന്ന | മഹാവീൎയ്യം | മഹാവീൎയ്യമാൎന്നുമായ |
| രക്ഷസാം | രാക്ഷസന്മാരുടെ | തത് | ആ |
| അനീകം | സൈന്യം, | വനൌകസാം അനീകം | വാനര സൈന്യത്തെ |
| തു | അപ്പോഴാം, | | |
| ആപതന്തം | എതിൎത്തു വരുന്നതും | ന്യവാരയത് | തടുത്തുനിന്നു. |

സ താം ബാണസഹസ്രേണ വിക്ഷോഭ്യ ഹരിവാഹിനീം
ഹരിശ്രേഷ്ഠം ഹനൂമന്തമിന്ദ്രജിത് പ്രത്യുവാച ഹ. 27

| | | | |
|---|---|---|---|
| സഃ ഇന്ദ്രജിത് | ആ ഇന്ദ്രജിത്ത് | വിക്ഷോഭ്യ, | ഉലച്ച്, |
| ബാണ- സഹസ്രേണ | എത്രയോ ബാണങ്ങളാം കൊണ്ട് | ഹരിശ്രേഷ്ഠം | വാനരശ്രേഷ്ഠനായ |
| താം | ആ | ഹനൂമന്തം ഹ | ഹനൂമാനോടായി |
| ഹരിവാഹിനീം | വാനരസൈന്യത്തെ | പ്രത്യുവാച. | ഇങ്ങിനെ മറുപടി പറഞ്ഞു. |

സുഗ്രീവസ്ത്വം ച രാമശ്ച യന്നിമിത്തമിഹാഗതാഃ
താം ഹനിഷ്യാമി വൈദേഹീമദ്യൈവ തവ പശ്യതഃ 28

| | | | |
|---|---|---|---|
| "സുഗ്രീവഃ | "സുഗ്രീവനും | താം | ആ |
| ത്വം ച | നീയും | വൈദേഹീം | സീതയെ, |
| രാമഃ ച | രാമനും | അദ്യ ഏവ | ഇക്ഷണം തന്നെ |
| യന്നിമിത്തം | ആർ നിമിത്തം | തവ പശ്യതഃ | നീ കണ്ടുകൊണ്ടിരിക്കേത്തന്നെ |
| ഇഹ | ഇവിടെ | | |
| ആഗതാഃ | വന്നിരിക്കുന്നുവോ, | ഹനിഷ്യാമി. | ഞാൻ കൊല്ലുന്നുണ്ട്. |

ഇമാം ഹത്വാ തതോ രാമം ലക്ഷ്മണം ത്വാം ച വാനര
സുഗ്രീവം ച വധിഷ്യാമി തം ചാനാൎയ്യം വിഭീഷണം 29

| | | | |
|---|---|---|---|
| "ഇമാം | "ഇവളെ | തം | ആ |
| ഹത്വാ | കൊന്ന് | അനാൎയ്യം | നീചനായ |
| തതഃ | അതിൽ പിന്നെ | വിഭീഷണം ച, | വിഭീഷണനേയും, |
| രാമം | രാമനേയും | വാനര! | എടാ കുരങ്ങ! |
| ലക്ഷ്മണം | ലക്ഷ്മണനേയും | ത്വാം ച | നിന്നെത്തന്നേയും |
| സുഗ്രീവം ച | സുഗ്രീവനേയും | വധിഷ്യാമി. | ഞാൻ കൊല്ലുന്നുണ്ട്, |

ന ഹന്തവ്യാഃ സ്ത്രിയശ്ചേതി യദ്ബ്രവീഷി പ്ലവംഗമ
പീഡാകരമമിത്രാണാം യത് സ്യാത് കർത്തവ്യമേവ തത്. 30

| | | | |
|---|---|---|---|
| "പ്ലവംഗമ! | "വാനര | അമിത്രാണാം | ശത്രുക്കൾക്ക് |
| സ്ത്രിയഃ | സ്ത്രീകൾ | യത് പീഡാ- | യാതൊന്ന് ഉപദ്രവ |
| ഹന്തവ്യാഃ ന | വധിക്കപ്പെടുവാൻ പാ | കരം സ്യാത് | ത്തെ വിളയിക്കുമോ |
| ഇതി | എന്നുള്ള [ടില്ലാത്തവർ | തത് | അപ്രകാരമുള്ളത് |
| യത് ച | യാതൊന്നിനെ | കർത്തവ്യം | അവശ്യം ചെയ്യത്തക്ക |
| ബ്രവീഷി | നീ പറയുന്നു; | ഏവ." | താണ്." |

തമേവമുക്ത്വാ രുദതീം സീതാം മായാമയീം തദാ
ശിതധാരേണ ഖഡ്ഗേന നിജഘാനേന്ദ്രജിത് സ്വയം. 31

| | | | |
|---|---|---|---|
| ഇന്ദ്രജിത് | ഇന്ദ്രജിത്ത് | മായാമയീം | മായാനിർമ്മിതയായ |
| തം | അവനോടായി | സീതാം | സീതയെ |
| ഏവം | മേൽപ്രകാരം | ശിതധാരേണ | മൂർച്ചയേറിയ |
| ഉക്ത്വാ | പറഞ്ഞശേഷം | ഖഡ്ഗേന | വാൾകൊണ്ട് |
| തദാ | അപ്പോൾ | സ്വയം | താൻതന്നെ |
| രുദതീം | കരഞ്ഞുകൊണ്ടിരുന്ന | നിജഘാന. | വെട്ടി. |

യജ്ഞോപവീതമാർഗ്ഗേണ ഭിന്നാ തേന തപസ്വിനീ
സാ പൃഥിവ്യാം പൃഥുശ്രോണീ പപാത പ്രിയദർശനാ 32

| | | | |
|---|---|---|---|
| പ്രിയദർശനാ | കോമളഗാത്രിയും | തേന | അവനാൽ |
| പൃഥുശ്രോണീ | സദ്വൃത്തയും | യജ്ഞോപ- വീതമാർഗ്ഗേണ | പൂണൂൽപാട്ടിൽ |
| തപസ്വിനീ | പരിതാപസ്ഥിതിയി ലിരിക്കുന്നവളുമായ | ഭിന്നാ | പിളർക്കപ്പെട്ടവളായി |
| | | പൃഥിവ്യാം | നിലത്ത് |
| സാ | അവൾ | പപാത. | പതിച്ചു. |

താമിന്ദ്രജിത് സ്വയം ഹത്വാ ഹനുമന്തമുവാച ഹ 33

| | | | |
|---|---|---|---|
| ഇന്ദ്രജിത് | ഇന്ദ്രജിത്ത് | ഹത്വാ | കൊന്നശേഷം |
| താം | അവളെ | ഹനുമന്തം | ഹനുമാനെ നോക്കി |
| സ്വയം | താൻതന്നെ | ഉവാച ഹ. | ഇങ്ങിനെ പറഞ്ഞു. |

മയാ രാമസ്യ പശ്യേമാം പ്രിയാം കോപേന സൂദിതാം 34

| | | | |
|---|---|---|---|
| "മയാ | "എന്നാൽ | ഇമാം | ഈ |
| കോപേന | കോപംകൊണ്ട് | രാമസ്യ പ്രിയാം | രാമപത്നിയെ |
| സൂദിതാം | കൊല്ലപ്പെട്ടവളായ | പശ്യ. | നോക്കുക. |

ഏഷാ വിശസ്താ വൈദേഹീ വിഫലോ വഃ പരിശ്രമഃ 25

| | | | |
|---|---|---|---|
| "ഏഷാ | "ഈ | വഃ | നിങ്ങളുടെ |
| വൈദേഹീ | സീത | പരിശ്രമഃ | ഉദ്യമം |
| വിശസ്താ | കൊല്ലപ്പെട്ടുകഴിഞ്ഞു; | വിഫലഃ." | വ്യർത്ഥംതന്നെ." |

തതഃ ഖഡ്ഗേന മഹതാ ഹത്വാ താമിന്ദ്രജിത് സ്വയം
ഹൃഷ്ടഃ സ രഥമാസ്ഥായ വിനനാദ മഹാസ്വനം 36

| | | | |
|---|---|---|---|
| സഃ ഇന്ദ്രജിത് | ആ ഇന്ദ്രജിത്ത് | തതഃ | അതിനാൽ |
| സ്വയം | താൻതന്നെ | ഹൃഷ്ടഃ | സന്തുഷ്ടനായി |
| താം | അവളെ | രഥം | രഥത്തിൽ |
| മഹതാ | വമ്പിച്ച | ആസ്ഥായ | ഇരുന്നുകൊണ്ടുതന്നെ |
| ഖഡ്ഗേന | വാളുകൊണ്ടു് | മഹാസ്വനം | ഉച്ചസ്വരത്തിൽ |
| ഹത്വാ | വെട്ടിക്കൊന്നു് | വിനനാദ. | അട്ടഹസിച്ചു. |

വാനരാഃ ശുശ്രുവുഃ ശബ്ദമദൂരേ പ്രത്യവസ്ഥിതാഃ
വ്യാദിതാസ്യസ്യ നദതസ്തദ്ദുർഗ്ഗം സംശ്രിതസ്യ ച. 37

| | | | |
|---|---|---|---|
| തത് | ആ | ശബ്ദം | ശബ്ദത്തെ |
| ദുർഗ്ഗം | കോട്ടയെ | അദൂരേ | സമീപത്തിൽ |
| സംശ്രിതസ്യ | പ്രാപിച്ചു് | പ്രത്യവസ്ഥിതാഃ | ഇരുന്നിരുന്ന |
| വ്യാദിതാസ്യസ്യ | വായവിടത്തിക്കൊണ്ട് | വാനരാഃ | വാനരന്മാർ |
| നദതഃ ച | ഗർജ്ജിക്കുന്ന അവന്റെ | ശുശ്രുവുഃ | കേട്ടു. |

തഥാ തു സീതാം വിനിഹത്യ ദുർമ്മതിഃ
പ്രഹൃഷ്ടചേതാഃ സ ബഭൂവ രാവണിഃ
തം ഹൃഷ്ടരൂപം സമുദീക്ഷ്യ വാനരാ
വിഷണ്ണരൂപാഃ സമഭിപ്രദുദ്രുവുഃ 38

| | | | |
|---|---|---|---|
| ദുർമ്മതിഃ | ദുർബുദ്ധിയായ | ബഭൂവ | ഭവിച്ചു; |
| സഃ | ആ | ഹൃഷ്ടരൂപം | അതിസന്തുഷ്ടനായിരു |
| രാവണിഃ | ഇന്ദ്രജിത്ത് | തം | അവനെ [ന്നു; |
| തഥാ തു | അപ്രകാരംതന്നെ | സമുദീക്ഷ്യ | കണ്ട് |
| സീതാം | സീതയെ | വാനരാഃ | വാനരന്മാർ |
| വിനിഹത്യ | വധിച്ചു് | വിഷണ്ണരൂപാഃ | ശോകാത്തരായി |
| പ്രഹൃഷ്ടചേതാഃ | മനഃസംതൃപ്തിയോന്നവനായി | സമഭിപ്രദുദ്രുവുഃ. | ഓടുവാൻ തുടങ്ങി. |

ഇത്യാർഷേ ശ്രീമദ്രാമായണേ വാൽമീകീയേ ആദികാവ്യേ യുദ്ധകാണ്ഡേ
ഏകാശീതിതമഃ സർഗ്ഗഃ=എൺപത്തൊന്നാംസർഗ്ഗം സമാപ്തം.

ആദ്യംമുതൽ ശ്ലോകസംഖ്യ 18547; യുദ്ധകാണ്ഡം ആദ്യംമുതൽ ശ്ലോകസംഖ്യ 3872

— — — —

## ദ്വ്യശീതിതമഃ സർഗ്ഗഃ = എൺപത്തിരണ്ടാം സർഗ്ഗം.

[നികുംഭിലായാം ഹോമാരംഭഃ = നികുംഭിലയിൽ ഹോമം തുടങ്ങുന്നതു്.]

ശ്രുത്വാ തു ഭീമനിർഹ്രാദം ശക്രാശനിസമസ്വനം
വീക്ഷമാണാ ദിശഃ സർവ്വാ ദുദ്രുവുർവ്വാനരർഷഭാഃ 1

| | | | |
|---|---|---|---|
| വാനരർഷഭാഃ | വാനരോത്തമന്മാർ | ശ്രുത്വാ തു | കേട്ട ഉടനെ |
| ശക്രാശനിസമസ്വനം | ഇടിമുഴക്കത്തിന്നു തുല്യമായശബ്ദത്തോടുകൂടിയ | ദിശഃ സർവ്വാഃ | നാലുപാടും |
| ഭീമനിർഹ്രാദം | ഭയങ്കരമായ ഗർജ്ജനത്തെ | വീക്ഷമാണാഃ | നോക്കുന്നവരായി |
| | | ദുദ്രുവുഃ. | ഓടിത്തുടങ്ങി. |

താനുവാച തതഃ സർവ്വാൻ ഹനുമാൻ മാരുതാത്മജഃ
വിഷണ്ണവദനാൻ ദീനാൻ ത്രസ്താൻ വിദ്രവതഃ പൃഥക്. 2

| | | | |
|---|---|---|---|
| മാരുതാത്മജഃ | വായുപുത്രനായ | പൃഥക് | ഒററയ്ക്കു് |
| ഹനുമാൻ | ഹനുമാൻ | വിദ്രവതഃ താൻ | ഓടുന്നവരായ അവരെ |
| വിഷണ്ണവദനാൻ | മുഖംവാടി | സർവ്വാൻ | എല്ലാവരേയുംനോക്കി |
| ദീനാൻ | ഉഴന്നു് | തതഃ | അപ്പോൾ |
| ത്രസ്താൻ | ഭയപ്പെട്ടുവിറച്ചു് | ഉവാച. | ഇപ്രകാരം പറഞ്ഞു. |

കസ്മാദ്വിഷണ്ണവദനാ വിദ്രവധ്വേ പ്ലവംഗമാഃ
ത്യക്തയുദ്ധസമുത്സാഹാഃ ശൂരത്വം ക്വ നു വോ ഗതം. 3

| | | | |
|---|---|---|---|
| "പ്ലവംഗമാഃ | "വാനരന്മാരേ | വിദ്രവധ്വേ | ഓടിപ്പോകുന്നതു്? |
| ത്യക്തയുദ്ധസമുത്സാഹാഃ | യുദ്ധത്തിന്നുള്ള ഉത്സാഹത്തെ വിട്ടൊഴിച്ചു് | വഃ | നിങ്ങളുടെ |
| | | ശൂരത്വം | ശൌര്യം |
| വിഷണ്ണവദനാഃ | മുഖം വാടിയവരായി | ക്വ നു | എങ്ങാണു് |
| കസ്മാത് | എന്താണു് | ഗതം? | പോയ്പോയതു്? |

പൃഷ്ഠതോഽനുവ്രജധ്വം മാമഗ്രതോ യാന്തമാഹവേ
ശൂരൈരഭിജനോപേതൈരയുക്തം ഹി നിവർത്തിതും. 4

| | | | |
|---|---|---|---|
| "ആഹവേ | "പോരിൽ | അഭിജനോപേതൈഃ | സത്കുലത്തിൽ പിറന്ന |
| അഗ്രതഃ | മുമ്പിലായി | | |
| യാന്തം | ഗമിക്കുന്ന | ശൂരൈഃ | ശൂരന്മാരാൽ |
| മാം | എന്നെ | നിവർത്തിതും | പിൻതിരിഞ്ഞോടുക എന്നതു് |
| പൃഷ്ഠതഃ അനുവ്രജധ്വം | പിന്തുടർന്നുവരുവിൻ; | അയുക്തം ഹി." | യുക്തമല്ല." |

ഏവമുക്താഃ സുസംഹൃഷ്ടാ വായുപുത്രേണ വാനരാഃ
ശൈലശൃംഗാണ്യഗാംശ്ചൈവ ജഗൃഹുർഹൃഷ്ടമാനസാഃ. 5

വായുപുത്രേണ മാരുതിയാൽ
ഏവം മേൽപ്രകാരം
ഉക്താഃ പറയപ്പെട്ട
വാനരാഃ വാനരന്മാർ
സുസംഹൃഷ്ടാഃ അതിസന്തുഷ്ടരായി
ഹൃഷ്ടമാനസാഃ ഉത്സാഹമാന്ന ചിത്തത്തോടുകൂടിയവരായി
ശൈല- ശൃംഗാണി ച } പർവ്വതശിഖരങ്ങളേയും
അഗാൻ ഏവ വൃക്ഷങ്ങളേയും
ജഗൃഹുഃ. കൈക്കൊണ്ടു.

അഭിപേതുശ്ച ഗർജ്ജന്തോ രാക്ഷസാൻ വാനരർഷഭാഃ
പരിവാര്യ ഹനുമന്തമന്വയുശ്ച മഹാഹവേ. 6

മഹാഹവേ വൻപോരിൽ
വാനരർഷഭാഃ ച ആ വാനരോത്തമന്മാ[രും
ഹനുമന്തം ഹനുമാനെ
പരിവാര്യ ചുഴന്നുകൊണ്ട്
അന്വയുഃ പിൻതുടന്നു
രാക്ഷസാൻ ച രാക്ഷസന്മാരേയും
ഗർജ്ജന്തഃ ഗർജ്ജിച്ചുകൊണ്ട്
അഭിപേതുഃ. ഏററെതിർത്തു.

സ തൈർവ്വാനരമുഖ്യൈശ്ച ഹനുമാൻ സർവ്വതോ വൃതഃ
ഹുതാശന ഇവാർച്ചിഷ്മാനദഹച്ഛത്രുവാഹിനീം. 7

സഃ ഹനുമാൻ ആ ഹനുമാൻ
തൈഃ ആ
വാനരമുഖ്യൈഃ വാനരോത്തമന്മാരാൽ
സർവ്വതഃ ച നാലുഭാഗവും
വൃതഃ ചുഴപ്പെട്ടവനായി
അർച്ചിഷ്മാൻ കത്തിയാളുന്ന
ഹുതാശനഃ അഗ്നി
ഇവ എന്നപോലെ
ശത്രുവാഹിനീം ശത്രുസൈന്യത്തെ
അദഹത്. ചുട്ടെരിച്ചു.

സ രാക്ഷസാനാം കദനം ചകാര സുമഹാകപിഃ
വൃതോ വാനരസൈന്യേന കാലാന്തകയമോപമഃ 8

സഃ സുമഹാകപിഃ } ആ വമ്പിച്ച വാനരോത്തമൻ
വാനര- സൈന്യേന } വാനര സേനയാൽ
വൃതഃ ചുഴപ്പെട്ടവനായി
കാലാന്തക- യമോപമഃ } കല്പാന്തമൃത്യുസദൃശനായി
രാക്ഷസാനാം രാക്ഷസന്മാക്കും
കദനം നാശത്തെ
ചകാര. വിളയിച്ചു.

സ തു കോപേന ചാവിഷ്ടഃ ശോകേന ച മഹാകപിഃ
ഹനുമാൻ രാവണിരഥേഽപാതയന്മഹതീം ശിലാം. 9

സഃ ആ
മഹാകപിഃ വാനരശ്രേഷ്ഠനായ
ഹനുമാൻ തു ഹനുമാനാകട്ടെ
കോപേന ച കോപത്താലും
ശോകേന ച വ്യസനത്താലും
ആവിഷ്ടഃ ബാധിക്കപ്പെട്ടവനായി
രാവണിരഥേ ഇന്ദ്രജിത്തിൻെറ രഥ[ത്തിൽ
മഹതീം വമ്പിച്ച
ശിലാം ഒരു പാറയെ
അപാതയത്. എടുത്തെറിഞ്ഞു.

താമാപതന്തീം ദൃഷ്ട്വൈവ രഥഃ സാരഥിനാ തദാ
വിധേയാശ്വസമായുക്തഃ സുദൂരമപവാഹിതഃ. 10

| | | | |
|---|---|---|---|
| തദാ | അപ്പോൾ | രഥഃ | രഥം |
| താം | അതിനെ | സാരഥിനാ | സാരഥിയാൽ |
| ആപതന്തീം | നേർക്കുവരുന്നതായി | സുദൂരം | വളരെ അകലത്തായി |
| ദൃഷ്ട്വാ ഏവ | കണ്ട ഉടനെ | അപവാഹിതഃ. | മാററിക്കൊണ്ടുപോകപ്പെട്ടു. |
| വിധേയാശ്വസമായുക്തഃ | ഇഷ്ടംപോലെ ഗമിക്കുന്ന കുതിരകളാൽ പൂട്ടിക്കെട്ടപ്പെട്ട | | |

തമിന്ദ്രജിതമപ്രാപ്യ രഥസ്ഥം സഹസാരഥിം
വിവേശ ധരണീം ഭിത്വാ സാ ശിലാ വ്യർത്ഥമുദ്യതാ. 11

| | | | |
|---|---|---|---|
| സാ ശിലാ | ആ പാറ | അപ്രാപ്യ | അടുക്കാതെ |
| സഹസാരഥിം | സാരഥിയോടുകൂടി | വ്യർത്ഥം ഉദ്യതാ | ഏറുനിഷ്ഫലമായുള്ളതായി |
| രഥസ്ഥം | രഥത്തിലിരുന്നിരുന്ന | ധരണീം | നിലത്തു് |
| തം | ആ | ഭിത്വാ | തുളച്ചുകൊണ്ടു് |
| ഇന്ദ്രജിതം | ഇന്ദ്രജിത്തിനെ | വിവേശ. | അമന്നു. |

പാതിതായാം ശിലായാം തു രക്ഷസാം വ്യഥിതാ ചമൂഃ
നിപതന്ത്യാ ച ശിലയാ രാക്ഷസാ മഥിതാ ഭൃശം. 12

| | | | |
|---|---|---|---|
| ശിലായാം | പാറ | നിപതന്ത്യാ | വന്നുവീഴുന്ന |
| പാതിതായാം തു | എറിയപ്പെട്ടപ്പോൾതന്നെ | ശിലയാ ച | ആ ശിലയാൽ |
| രക്ഷസാം | രാക്ഷസന്മാരുടെ | രാക്ഷസാഃ | രാക്ഷസന്മാർ |
| ചമൂഃ | സൈന്യം | ഭൃശം | തീരെ |
| വ്യഥിതാ | നടുങ്ങി; | മഥിതാഃ. | ചതഞ്ഞുപോയി. |

തമഭ്യധാവൻ ശതശോ നദന്തഃ കാനനൌകസഃ 13

| | | | |
|---|---|---|---|
| ശതശഃ | നൂററുകണക്കായ | തം | ആ ഇന്ദ്രജിത്തിനെ |
| കാനനൌകസഃ | വാനരന്മാർ | | |
| നദന്തഃ | ഗർജ്ജിച്ചുകൊണ്ടു് | അഭ്യധാവൻ. | ഏറ്റെതിർത്തു. |

തേ ദ്രുമാംശ്ച മഹാവീര്യാ ഗിരിശൃംഗാണി ചോദ്യതാഃ
ക്ഷിപന്തീന്ദ്രജിതഃ സംഖ്യേ വാനരാ ഭീമവിക്രമാഃ 14

| | | | |
|---|---|---|---|
| തേ | ആ | ദ്രുമാൻ ച | വൃക്ഷങ്ങളേയും |
| മഹാവീര്യാഃ | വീര്യശാലികളും | ഗിരിശൃംഗാണി ച | പർവ്വതശിഖരങ്ങളേയും |
| ഭീമവിക്രമാഃ | ഭീമപരാക്രമികളുമായ | ഉദ്യതാഃ | ഓങ്ങിക്കൊണ്ടു് |
| വാനരാഃ | വാനരന്മാർ | ഇന്ദ്രജിതഃ | ഇന്ദ്രജിത്തിൻെറമേൽ |
| സംഖ്യേ | പോരിൽ | ക്ഷിപന്തി. | എറികയായി. |

വൃക്ഷശൈലമഹാവർഷം വിസൃജന്തഃ പ്ലവംഗമാഃ
ശത്രൂണാം കദനം ചക്രുർന്നേദുശ്ച വിവിധൈഃ സ്വരൈഃ 15

| | | | |
|---|---|---|---|
| പ്ലവംഗമാഃ | വാനരന്മാർ | ശത്രൂണാം | ശത്രുക്കൾക്ക് |
| വൃക്ഷശൈല-മഹാവർഷം | വൃക്ഷങ്ങളുടേയും പർവ്വതങ്ങളുടേയും വൻമാരിയെ | കദനം ചക്രുഃ | നാശത്തെ വിളയിച്ചു; |
| | | വിവിധൈഃ | പല |
| | | സ്വരൈഃ ച | സ്വരങ്ങളിലും |
| വിസൃജന്തഃ | പൊഴിക്കുന്നവരായി | നേദുഃ | ആർത്തു. |

വാനരൈസ്തൈർമ്മഹാവീര്യൈർഘോരരൂപാ നിശാചരാഃ
വീര്യാദഭിഹതാ വൃക്ഷൈർവ്യവേഷ്ടന്ത രണാജിരേ. 16

| | | | |
|---|---|---|---|
| ഘോരരൂപാഃ | ഭയങ്കര സ്വരൂപികളായ | വീര്യാത് | ഊക്കോടെ |
| നിശാചരാഃ | രാക്ഷസന്മാർ | വൃക്ഷൈഃ | വൃക്ഷങ്ങൾകൊണ്ട് |
| തൈഃ | ആ | അഭിഹതാഃ | അടിക്കപ്പെട്ടവരായി |
| മഹാവീര്യൈഃ | മഹാവീര്യശാലികളായ | രണാജിരേ | പോർക്കളത്തിൽ |
| വാനരൈഃ | വാനരന്മാരാൽ | വ്യവേഷ്ടന്ത. | പിടഞ്ഞു. |

സ്വസൈന്യമഭിവീക്ഷ്യാഥ വാനരാർദ്ദിതമിന്ദ്രജിത്
പ്രഗൃഹീതായുധഃ ക്രുദ്ധഃ പരാനഭിമുഖോ യയൌ. 17

| | | | |
|---|---|---|---|
| അഥ | അപ്പോൾ | ക്രുദ്ധഃ | കോപാവിഷ്ടനായി |
| ഇന്ദ്രജിത് | ഇന്ദ്രജിത്ത് | പ്രഗൃഹീതായുധഃ | ആയുധങ്ങളെടുത്തു |
| സ്വസൈന്യം | തന്റെ സൈന്യത്തെ | പരാൻ | ശത്രുക്കളെ [കൊണ്ടു് |
| വാനരാർദ്ദിതം | വാനരന്മാരാൽ മർദ്ദിക്കപ്പെട്ടതായി | അഭിമുഖഃ യയൌ | എതിർത്തുചെന്നു. |
| അഭിവീക്ഷ്യ | കണ്ടു് | | |

സ ശരൌഘാനവസൃജൻ സ്വസൈന്യേനാഭിസംവൃതഃ
ജഘാന കപിശാർദ്ദൂലാൻ സ ബഹൂൻ ദൃഷ്ടവിക്രമഃ 18

| | | | |
|---|---|---|---|
| ദൃഷ്ടവിക്രമഃ | കൈകണ്ട വീര്യശാലിയായ | അവസൃജൻ | പൊഴിച്ചുകൊണ്ടു് |
| സഃ | അവൻ | സഃ | അവൻ |
| സ്വസൈന്യേന | തന്റെ സൈന്യത്താൽ | ബഹൂൻ | പല |
| അഭിസംവൃതഃ | ചൂഴപ്പെട്ടവനായി | കപിശാർദ്ദൂലാൻ | വാനരശ്രേഷ്ഠന്മാരേയും |
| ശരൌഘാൻ | ശരജാലങ്ങളെ | ജഘാന. | മർദ്ദിച്ചു. |

ശൂലൈരശനിഭിഃ ഖഡ്ഗൈഃ പട്ടിശൈഃ കൂടമുദ്ഗരൈഃ
തേ ചാപ്യനുചരാസ്തസ്യ വാനരാൻ ജഘ്നുരോജസാ. 19

| | | | |
|---|---|---|---|
| തസ്യ | അവന്റെ | പട്ടിശൈഃ | ചെറുകുന്തങ്ങൾകൊണ്ടും |
| തേ | ആ | | |
| അനുചരാഃ അപി | ഭടന്മാരും | കൂടമുദ്ഗരൈഃ | കൂടം, മുട്ടിത്തടി എന്ന ആയുധങ്ങൾകൊണ്ടും |
| ശൂലൈഃ | ശൂലങ്ങൾകൊണ്ടും | ച | |
| ഖഡ്ഗൈഃ | ഖഡ്ഗങ്ങൾകൊണ്ടും | വാനരാൻ | വാനരന്മാരെ |
| അശനിഭിഃ | വജ്രായുധങ്ങൾകൊണ്ടും | ഓജസാ | ഊക്കോടെ |
| | | ജഘ്നുഃ. | പ്രഹരിച്ചു. |

സസ്കന്ധവിടപൈഃ സാലൈഃ ശിലാഭിശ്ച മഹാബലഃ
ഹനുമാൻ കദനം ചക്രേ രക്ഷസാം ഭീമകർമ്മണാം 20

| | | | |
|---|---|---|---|
| മഹാബലഃ | ബലശാലിയായ | ശിലാഭിഃ ച | ശിലകളെക്കൊണ്ടും |
| ഹനുമാൻ | ഹനുമാൻ | ഭീമകർമ്മണാം | ഭയങ്കരകൃത്യങ്ങൾ ചെയ്യുന്ന |
| സസ്കന്ധ-വിടപൈഃ | ചില്ലകളും ശാഖകളുമുള്ള | രക്ഷസാം | രാക്ഷസന്മാർക്ക് |
| സാലൈഃ | സാലവൃക്ഷങ്ങൾ കൊണ്ടും | കദനം | നാശത്തെ |
| | | ചക്രേ. | വരുത്തി. |

സ നിവാര്യ പരാനീകമബ്രവീത് താൻ വനൌകസഃ
ഹനുമാൻ സന്നിവർത്തധ്വം ന നഃ സാദ്ധ്യമിദം ബലം. 21

| | | | |
|---|---|---|---|
| സഃ | ആ | അബ്രവീത്. | ഇപ്രകാരം പറഞ്ഞു. |
| ഹനുമാൻ | ഹനുമാൻ | "സന്നി-വർത്തധ്വം | "തിരിച്ചു ചെല്ലുവിൻ; |
| പരാനീകം | ശത്രുസൈന്യത്തെ | നഃ | നമ്മുടെ |
| നിവാര്യ | തടുത്തുനിർത്തിക്കൊണ്ടു | ഇദം ബലം | ഈ ബലം |
| താൻ | ആ | സാദ്ധ്യം ന | നിഷ്പ്രയോജനംതന്നെ. |
| വനൌകസഃ | വാനരന്മാരെ നോക്കി | | |

ത്യക്ത്വാ പ്രാണാൻ വിചേഷ്ടന്തോ രാമപ്രിയചികീർഷവഃ
യന്നിമിത്തം ഹി യുദ്ധ്യാമോ ഹതാ സാ ജനകാത്മജാ. 22

| | | | |
|---|---|---|---|
| "യന്നിമിത്തം | "യാതൊരുവൾക്കവേണ്ടി | ത്യക്ത്വാ | വിലവെക്കാതെ |
| | | വിചേഷ്ടന്തഃ | പിടഞ്ഞുംകൊണ്ട് |
| രാമപ്രിയ-ചികീർഷവഃ | ശ്രീരാമനു ഹിതത്തെ ചെയ്വാൻ ഉദ്ദേശിച്ചവരായി | യുദ്ധ്യാമഃ | നാം യുദ്ധം ചെയ്യുന്നുവോ |
| | | സാ | ആ |
| | | ജനകാത്മജാ ഹി | ജാനകീദേവിതന്നെ |
| പ്രാണാൻ | ജീവനേയും | ഹതാ. | വധിക്കപ്പെട്ടിരിക്കുന്നു |

ഇമമർത്ഥം ഹി വിജ്ഞാപ്യ രാമം സുഗ്രീവമേവ ച
തൌ യത് പ്രതിവിധാസ്യേതേ തത് കരിഷ്യാമഹേ വയം. 23

| | | | |
|---|---|---|---|
| "ഹി | "അതിനാൽ | തൌ | അവരിരുവരും |
| വയം | നാം | യത് | യാതൊന്നിനെ |
| ഇമം അർത്ഥം | ഈ സംഗതിയെക്കുറിച്ച് | പ്രതിവിധാ-സ്യേതേ | പ്രതിവിധിയായി നിശ്ചയിക്കുന്നുവോ |
| രാമം ച | ശ്രീരാമനേയും | തത് | അതിനെ |
| സുഗ്രീവം ഏവ | സുഗ്രീവനേയും | കരിഷ്യാമഹേ." | ചെയ്യുക." |
| വിജ്ഞാപ്യ | അറിയിച്ച് | | |

ഇത്യുക്ത്വാ വാനരശ്രേഷ്ഠോ വാരയൻ സർവ്വവാനരാൻ
ശനൈഃ ശനൈരസംത്രസ്തഃ സബലഃ സന്ന്യവർത്തത. 24

| | | | |
|---|---|---|---|
| അസംത്രസ്തഃ | ഭയരഹിതനായ | വാരയൻ | പിൻതിരിച്ചുകൊണ്ടു് |
| വാനരശ്രേഷ്ഠഃ | ആ വാനരവീരൻ | സബലഃ | സൈന്യത്തോടുകൂടിയവനായി |
| ഇതി | മേൽപ്രകാരം | | |
| ഉക്ത്വാ | ഉരചെയ്തു് | ശനൈഃ ശനൈഃ | മെല്ലെ മെല്ലെ |
| സർവ്വവാനരാൻ | വാനരന്മാരെല്ലാവരെയും | സന്ന്യവർത്തത. | തിരിച്ചുചെന്നു. |

തതഃ പ്രേക്ഷ്യ ഹനൂമന്തം വ്രജന്തം യത്ര രാഘവഃ
സ ഹോതുകാമോ ദുഷ്ടാത്മാ ഗതശ്ചൈത്യനികുംഭിലാം. 25

| | | | |
|---|---|---|---|
| ദുഷ്ടാത്മാ | ദുഷ്കർമ്മം ചെയ്യുന്നവനായ | തതഃ | അപ്പോൾ |
| സഃ | അവൻ | ഹോതുകാമഃ | ഹോമം ചെയ്യുവാൻ ഉൽക്കണ്ഠപൂണ്ടവനായി |
| ഹനൂമന്തം | ഹനുമാനെ | | |
| രാഘവഃ | ശ്രീരാമൻ | ചൈത്യ- നികുംഭിലാം | നികുംഭിലയെന്ന യാഗശാലയിലേക്കു |
| യത്ര | ഉള്ളേടത്തേക്കു് | | |
| വ്രജന്തംപ്രേക്ഷ്യ | പോകുന്നവനായികണ്ടു് | ഗതഃ. | ചെന്നു. |

നികുംഭിലാമധിഷ്ഠായ പാവകം ജുഹുവേന്ദ്രജിത്. 26

| | | | |
|---|---|---|---|
| ഇന്ദ്രജിത് | ഇന്ദ്രജിത്തു് | അധിഷ്ഠായ | ചെന്നെത്തി |
| | | പാവകം | അഗ്നിയിൽ |
| നികുംഭിലാം | നികുംഭിലയിൽ | ജുഹുവേ. | ഹോമിച്ചു. |

യജ്ഞഭൂമ്യാം തു വിധിവത് പാവകസ്തേന രക്ഷസാ
ഹൂയമാനഃ പ്രജജ്വാല മാംസശോണിതഭുക് തദാ. 27

| | | | |
|---|---|---|---|
| തദാ | അപ്പോൾ | മാംസ- ശോണിതഭുക് | മാംസത്തേയും രക്തത്തേയും ഗ്രസിച്ച |
| യജ്ഞഭൂമ്യാം | യാഗഭൂമിയിൽ | | |
| തേന രക്ഷസാ | ആ രാക്ഷസനാൽ | പാവകഃ | അഗ്നിയും |
| വിധിവത് | മുറപ്രകാരം | തു | ആ സമയം |
| ഹൂയമാനഃ | ഹോമംചെയ്യപ്പെട്ടു് | പ്രജജ്വാല. | ഉജ്ജ്വലിച്ചു. |

സോർച്ചിഃപിനദ്ധോ ദദൃശേ ഹോമശോണിതതർപ്പിതഃ
സന്ധ്യാഗത ഇവാദിത്യഃ സുതീവ്രോഽഗ്നിഃ സമുത്ഥിതഃ 28

| | | | |
|---|---|---|---|
| സഃ അഗ്നിഃ | ആ അഗ്നി | സുതീവ്രഃ ഉത്ഥിതഃ | അതിതീവ്രമായി കത്തിയുയർന്നതായി |
| ഹോമശോണി- തതർപ്പിതഃ | ഹവിസ്സിനാലും രക്തത്താലും ആഹുതിചെയ്യപ്പെട്ടു് | സന്ധ്യാഗതഃ | സന്ധ്യാസമയത്തിലെ |
| | | ആദിത്യഃ ഇവ | ആദിത്യൻഎന്നപോലെ |
| അർച്ചിഃപിനദ്ധഃ | ജ്വാലകൾ തിങ്ങി | ദദൃശേ. | കാണപ്പെട്ടു. |

അഥേന്ദ്രജിദ്രാക്ഷസഭൂതയേ തു
ജുഹാവ ഹവ്യം വിധിനാ വിധാനവിത്
ദൃഷ്ട്വാ വ്യതിഷ്ഠന്ത ച രാക്ഷസാസ്തേ
മഹാസമൂഹേഷു നയാനയജ്ഞാഃ 29

| | | | |
|---|---|---|---|
| വിധാനവിത് | അനുഷ്ഠാനവിധികളെ നല്ലപോലെ അറിഞ്ഞ | മഹാസമൂഹേഷു | യുദ്ധങ്ങളിൽ |
| ഇന്ദ്രജിത് | ഇന്ദ്രജിത്ത് | നയാനയജ്ഞാഃ | ചെയ്യാവുന്നവയേയും ചെയ്‌വാൻ പാടില്ലാത്തവയേയുമറിയുന്ന |
| അഥ | അനന്തരം | | |
| രാക്ഷസഭൂതയേ | രാക്ഷസേശ്വരന്റെ നന്മക്കായി | തേ | ആ |
| വിധിനാ | മുറപ്രകാരം | രാക്ഷസാഃ ച | രാക്ഷസന്മാരും |
| ഹവ്യം | ഹവിസ്സിനെ | ദൃഷ്ട്വാ തു | അതു നോക്കിക്കൊണ്ടു തന്നെ |
| ജുഹാവ | ഹോമം ചെയ്തു; | വ്യതിഷ്ഠന്ത | നിന്നു. |

ഇത്യാർഷേ ശ്രീമദ്രാമായണേ വാല്മീകീയേ ആദികാവ്യേ യുദ്ധകാണ്ഡേ
ദ്വ്യശീതിതമഃ സർഗ്ഗഃ = എൺപത്തിരണ്ടാം സർഗ്ഗം സമാപ്തം
ആദ്യം മുതൽ ശ്ലോകസംഖ്യ 18576; യുദ്ധകാണ്ഡം ആദ്യം മുതൽ ശ്ലോകസംഖ്യ 3901

—oo—

## ത്ര്യശീതിതമഃ സർഗ്ഗഃ = എൺപത്തിമൂന്നാംസർഗ്ഗം
[ശ്രീരാമസാന്ത്വനം=ശ്രീരാമനെ സമാധാനിപ്പിക്കുന്നത്]

രാഘവശ്ചാപി വിപുലം തം രാക്ഷസവനൌകസാം
ശ്രുത്വാ സംഗ്രാമനിർഘോഷം ജാംബവന്തമുവാച ഹ 1

| | | | |
|---|---|---|---|
| രാഘവഃ അപി | ശ്രീരാഘവനും | സംഗ്രാമനിർഘോഷം | യുദ്ധഘോഷത്തെ |
| രാക്ഷസവനൌകസാം ച | രാക്ഷസന്മാരുടേയും വാനരന്മാരുടേയും | ശ്രുത്വാ | കേട്ട് |
| തം | ആ | ജാംബവന്തം | ജാംബവാനെ നോക്കി |
| വിപുലം | വമ്പിച്ച | ഉവാച ഹ. | ഇപ്രകാരം അരുളിച്ചെയ്തു |

സൌമ്യ നൂനം ഹനുമതാ ക്രിയതേ കർമ്മ ദുഷ്കരം
ശ്രൂയതേ ഹി യഥാ ഭീമഃ സുമഹാനായുധസ്വനഃ 2

| | | | |
|---|---|---|---|
| "സൌമ്യ! | "പുണ്യാത്മാവെ | ഹി | എന്തെന്നാൽ |
| നൂനം | ഇപ്പോൾ | യഥാ | അപ്രകാരംതന്നെ |
| ഹനുമതാ | ഹനുമാനാൽ | സുമഹാൻ | അതികഠിനവും |
| ദുഷ്കരം | മറ്റാരാലും ചെയ്യാൻ കഴിയാത്ത | ഭീമഃ | ഭയങ്കരവുമായ |
| കർമ്മ | കൃത്യം | ആയുധസ്വനഃ | ആയുധധ്വനി |
| ക്രിയതേ; | ചെയ്യപ്പെടുന്നുണ്ട്; | ശ്രൂയതേ. | കേൾക്കപ്പെടുന്നു. |

തദ്ഗച്ഛ കുരു സാഹായ്യം സ്വബലേനാഭിസംവൃതഃ
ക്ഷിപ്രമൃക്ഷപതേ തസ്യ കപിശ്രേഷ്ഠസ്യ യുധ്യതഃ 3

| | | | |
|---|---|---|---|
| "ഋക്ഷപതേ ! | "കരടികൾക്കധിപ! | യുധ്യതഃ തസ്യ | യുദ്ധംചെയ്യുന്ന ആ |
| തത് | ആകയാൽ | കപിശ്രേഷ്ഠസ്യ | കപിവര്യന്നു |
| സ്വബലേന | സ്വസൈന്യത്താൽ | ക്ഷിപ്രം | വേഗത്തിൽ |
| അഭിസംവൃതഃ | ചൂഴപ്പെട്ടവനായി | സാഹായ്യം | സഹായം |
| ഗച്ഛ | ചെന്നാലും; | കുരു | നൽകിയാലും. |

ഋക്ഷരാജസ്തഥോക്തസ്തു സേനാനീകേന സംവൃതഃ
ആഗച്ഛത് പശ്ചിമം ദ്വാരം ഹനുമാൻ യത്ര വാനരഃ 4

| | | | |
|---|---|---|---|
| തഥാ | മേൽപ്രകാരം | വാനരഃ | വാനരനായ |
| ഉക്തഃ | ആജ്ഞാപിക്കപ്പെട്ട | ഹനുമാൻ | ഹനുമാൻ |
| ഋക്ഷരാജഃ തു | ജാംബവാനും | യത്ര | ഉണ്ടായിരുന്നതായ |
| സേന | തന്റെ | പശ്ചിമം | ആ പടിഞ്ഞാറെ |
| അനീകേന | സൈന്യത്താൽ | ദ്വാരം | വാതിൽക്കൽ |
| സംവൃതഃ | ചൂഴപ്പെട്ടവനായി | ആഗച്ഛത്. | വന്നുചേന്നു. |

അഥായാന്തം ഹനുമന്തം ദദർശർക്ഷപതിഃ പഥി
വാനരൈഃ കൃതസംഗ്രാമൈഃ ശ്വസദ്ഭിരഭിസംവൃതം. 5

| | | | |
|---|---|---|---|
| ഋക്ഷപതിഃ | ജാംബവാൻ | വാനരൈഃ | വാനരന്മാരാൽ |
| അഥ | അപ്പോൾ, | അഭിസംവൃതം | ചൂഴപ്പെട്ടവനായി |
| കൃതസംഗ്രാമൈഃ | യുദ്ധം മതിയാക്കിയവരും | ആയാന്തം | വന്നുകൊണ്ടിരിക്കുന്ന |
| ശ്വസദ്ഭിഃ | കിതച്ചുകൊണ്ടിരുന്നവരുമായ | ഹനുമന്തം | ഹനുമാനെ |
| | | പഥി | വഴിയ്ക്കൽവെച്ച് |
| | | ദദർശ. | കണ്ടു. |

ദൃഷ്ട്വാ പഥി ഹനുമാംശ്ച തദൃക്ഷബലമുദ്യതം
നീലമേഘനിഭം ഭീമം സന്നിവാര്യ ന്യവർത്തത 6

| | | | |
|---|---|---|---|
| ഹനുമാൻ ച | ഹനുമാനും | ഉദ്യതം | ഒരുങ്ങിവരുന്നതായി |
| പഥി | മാർഗ്ഗമദ്ധ്യത്തിൽ | ദൃഷ്ട്വാ | കണ്ട് |
| നീലമേഘനിഭം | കാർമ്മേഘമൊത്ത | തത് | അതിനെ |
| ഭീമം | ഭയങ്കരമായ | സന്നിവാര്യ ന്യവർത്തത | തിരിച്ചയച്ചു. |
| ഋക്ഷബലം | കരടിപ്പടയെ | | |

സ തേന ഹരിസൈന്യേന സന്നികർഷം മഹായശാഃ
ശീഘ്രമാഗമ്യ രാമായ ദുഃഖിതോ വാക്യമബ്രവീത്. 7

| | | | |
|---|---|---|---|
| മഹായശാഃ | അതിയശസ്വിയായ | ആഗമ്യ | ചെന്നു |
| സഃ | ആ ഹനുമാൻ | ദുഃഖിതഃ | ആകുലനായി |
| തേന ഹരിസൈന്യേന | ആ വാനര സൈന്യത്തോടുകൂടി | രാമായ | ശ്രീരാമനോടായി |
| ശീഘ്രം | വേഗത്തിൽ | വാക്യം അബ്രവീത് | ഇങ്ങിനെ ഉണർത്തിച്ചു. |
| സന്നികർഷം | അടുത്തു | | |

സമരേ യുധ്യമാനാനാമസ്മാകം പ്രേക്ഷതാം പുരഃ
ജഘാന രുദതീം സീതാമിന്ദ്രജിദ്രാവണാത്മജഃ 8

| | | | |
|---|---|---|---|
| "രാവണാത്മജഃ | "രാവണന്റെ പുത്ര | അസ്മാകം | ഞങ്ങളുടെ |
| ഇന്ദ്രജിത് | ഇന്ദ്രജിത്ത് [നായ | പുരഃ | മുമ്പിൽവെച്ചു |
| സമരേ | പോരിൽ | രുദതീം | കരഞ്ഞുകൊണ്ടിരുന്ന |
| യുധ്യമാനാനാം | യുദ്ധം ചെയ്യുന്നവരായി | സീതാം | സീതാദേവിയെ |
| പ്രേക്ഷതാം | നോക്കിക്കൊണ്ടിരുന്ന | ജഘാന. | കൊന്നുകളഞ്ഞു. |

ഉദ്ഭ്രാന്തചിത്തസ്താം ദൃഷ്ട്വാ വിഷണ്ണോഽഹമരിന്ദമ
തദഹം ഭവതോ വൃത്തം വിജ്ഞാപയിതുമാഗതഃ 9

| | | | |
|---|---|---|---|
| "അരിന്ദമ | "ശത്രുസംഹാരക | തത് | ആ |
| താം ദൃഷ്ട്വാ | ആ ദേവിയെക്കണ്ട് | വൃത്തം | വർത്തമാനത്തെ |
| അഹം | ഞാൻ | ഭവതഃ | നിന്തിരുവടിയോടു |
| വിഷണ്ണഃ | ശോകനിമഗ്നനായി | വിജ്ഞാപയിതും | ഉണർത്തിപ്പാനായാണ് |
| ഉദ്ഭ്രാന്ത-ചിത്തഃ | ഭ്രാന്തചിത്തനായി തീർന്നുപോയി; | അഹം | ഞാൻ |
| | | ആഗതഃ | വന്നത്." |

തസ്യ തദ്വചനം ശ്രുത്വാ രാഘവഃ ശോകമൂർച്ഛിതഃ
നിപപാത തദാ ഭൂമൗ ഛിന്നമൂല ഇവ ദ്രുമഃ 10

| | | | |
|---|---|---|---|
| രാഘവഃ | ശ്രീരാഘവൻ | ഛിന്നമൂലഃ | വേരറുക്കപ്പെട്ട |
| തസ്യ | ഹനുമാന്റെ | ദ്രുമഃ ഇവ | മരം എന്നപോലെ |
| തത് വചനം | ആ വാക്യത്തെ | തദാ | അപ്പോൾ |
| ശ്രുത്വാ | കേട്ട് | ഭൂമൗ | നിലത്തു |
| ശോകമൂർച്ഛിതഃ | ശോകത്താൽ മതിമറന്നവനായി | നിപപാത. | പതിച്ചു. |

തം ഭൂമൗ ദേവസങ്കാശം പതിതം പ്രേക്ഷ്യ രാഘവം
അഭിപേതുഃ സമുത്പത്യ സർവ്വതഃ കപിസത്തമാഃ 11

| | | | |
|---|---|---|---|
| കപിസത്തമാഃ | വാനരശ്രേഷ്ഠന്മാർ | പതിതം | വീണുകിടക്കുന്നതു |
| ദേവസങ്കാശം | ദേവതുല്യനായ | പ്രേക്ഷ്യ | കണ്ട് |
| തം | ആ | സർവ്വതഃ | നാലുഭാഗങ്ങളിൽനിന്നും |
| രാഘവം | ശ്രീരാമനെ | സമുത്പത്യ | പാഞ്ഞു |
| ഭൂമൗ | നിലത്ത് | അഭ്യപേതുഃ | വന്നു. |

അസിഞ്ചൻ സലിലൈശ്ചൈനം പദ്മോത്പലസുഗന്ധിഭിഃ
പ്രദഹന്തമനാസാദ്യം സഹസാഽഗ്നിമിവോച്ഛ്രിതം. 12

| | | | |
|---|---|---|---|
| ഉച്ഛ്രിതം | ജ്വാലകൾ പൊങ്ങി | പദ്മോത്പലസുഗന്ധിഭിഃ | താമര, നീലോല്പലം എന്നവയുടെ സുഗന്ധ |
| അനാസാദ്യം | അടുപ്പാൻ കഴിയാത്ത | സലിലൈഃ | ജലങ്ങൾകൊണ്ട് [മുള്ള |
| പ്രദഹന്തം ച | ആളിക്കത്തുന്ന [തായി | സഹസാ | ഉടനെ |
| അഗ്നിം ഇവ | അഗ്നിയെന്നപോലെ | അസിഞ്ചൻ | തളിച്ചു. |
| ഏനം | ഇദ്ദേഹത്തെ [ജ്വലിക്കുന്ന | | |

തം ലക്ഷ്മണോഽഥ ബാഹുഭ്യാം പരിഷ്വജ്യ സുദുഃഖിതഃ
ഉവാച രാമമസ്വസ്ഥം വാക്യം ഹേത്വൎത്ഥസംയുതം. 13

| | |
|---|---|
| അഥ | അപ്പോൾ |
| ലക്ഷ്മണഃ | ലക്ഷ്മണൻ |
| സുദുഃഖിതഃ | വ്യസനാക്രാന്തനായി |
| അസ്വസ്ഥം | ബോധംകെട്ടിരുന്ന |
| തം | ആ |
| രാമം | ശ്രീരാമനെ |
| ബാഹുഭ്യാം | ഇരു കൈകൾകൊണ്ടും |
| പരിഷ്വജ്യ | പുൽകിക്കൊണ്ടു് |
| ഹേത്വൎത്ഥസംയുതം | കാൎയ്യകാരണസഹിതമായ |
| വാക്യം | വാക്യത്തെ |
| ഉവാച. | ഇപ്രകാരം ഉണൎത്തിച്ചു. |

ശുഭേ വൎത്മനി തിഷ്ഠന്തം ത്വാമാൎയ്യ വിജിതേന്ദ്രിയം
അനൎത്ഥേഭ്യോ ന ശക്നോതി ത്രാതും ധൎമ്മോ നിരൎത്ഥകഃ 14

| | |
|---|---|
| "ആൎയ്യ | "ജ്യേഷ്ഠ |
| ശുഭേ വൎത്മനി | ധൎമ്മനിഷ്ഠയിൽ |
| തിഷ്ഠന്തം | ഇളകാതെ വൎത്തിക്കുന്നവനും |
| വിജിതേന്ദ്രിയം | ഇന്ദ്രിയങ്ങളെ ജയിച്ചവനുമായ |
| ത്വാം | നിന്തിരുവടിയെ |
| നിരൎത്ഥകഃ | യാതൊരു ഉദ്ദേശവുമില്ലാതെ ചെയ്യപ്പെട്ട |
| ധൎമ്മഃ | ധൎമ്മം |
| അനൎത്ഥേഭ്യഃ | ആപത്തുകളിൽ നിന്നു് |
| ത്രാതും | രക്ഷിക്കുന്നതിന്നു് |
| ശക്നോതി ന. | പൎയ്യാപ്തമല്ലാതിരിക്കുന്നു. |

[ധൎമ്മം പൌരുഷയുക്തമായാൽ മാത്രമേ ഫലപ്രദമാകയുള്ളു എന്ന തന്റെ സിദ്ധാന്തത്തെ ലക്ഷ്മണൻ താഴെ വാക്യങ്ങൾകൊണ്ടു് സമൎത്ഥിക്കുന്നു. ഈ ശ്ലോകത്തിൽ ആ സിദ്ധാന്തത്തെ ഉപക്രമിക്കുന്നു.

ഗോവിന്ദരാജീയം:— സീതാഹനനശ്രവണത്താൽ നിരവധികമായ അധൈൎയ്യത്തെ അവലംബിച്ചവനായ ജ്യേഷ്ഠനെ ആശ്വസിപ്പിപ്പാനായി ലക്ഷ്മണൻ ആക്ഷേപസമാധാനങ്ങളെ കൈക്കൊണ്ടു് ധൎമ്മാധൎമ്മങ്ങളുടെ സ്വരൂപത്തെ ഖണ്ഡനം ചെയ്യുന്നവനായി, നീതിശാസ്ത്രത്തെ അനുസരിച്ചു് പൌരുഷംതന്നെയാണു് പ്രാധാന്യേന അവലംബിക്കപ്പെടേണ്ടതു് എന്നു് പറയുന്നു—പിതൃവാക്യപാലനാദിരൂപമായ ശുഭമാൎഗ്ഗത്തിൽസ്ഥിരമായ അനുഷ്ഠാനത്തോടുകൂടിയവനായി, ഹസ്തപ്രാപ്തമായ രാജ്യത്തെവെടിയുവാൻ കാരണഭൂതരായ കൈകേയീദശരഥന്മാരുടെപേരിലുംകൂടി കാലുഷ്യം കൈക്കൊള്ളാത്തവനാകയാൽ വിജിതേന്ദ്രിയനായ നിന്തിരുവടിയെ, വ്യവഹരിപ്പാൻ മാത്രംഉപയോഗമുള്ള മുയൽക്കൊമ്പു മുതലായവപോലെ നിരൎത്ഥകമായ, അതായതു് അപ്രമാണികമായ, ധൎമ്മപരിപാലനമെന്ന ധൎമ്മം കൈക്കൊള്ളപ്പെട്ടതു് നിരൎത്ഥകമാണെന്നു് ആദ്യംതന്നെ എന്നാൽ പറയപ്പെട്ടതാണു്. അപ്രകാരംതന്നെ അധൎമ്മവും നിരൎത്ഥകമാകയാൽ രാവണനെ അൎത്ഥങ്ങളിൽനിന്നു് നിവാരണംചെയ്യാൻ ശക്തിയില്ലാത്തതാകുന്നു എന്നും ഗ്രാഹ്യം.

തിലകം:— "തദദ്യ വിപുലം വീര ദുഃഖമിന്ദ്രജിതാ കൃതം കൎമ്മണാ വ്യപനേഷ്യാമി തസ്മാദുത്തിഷ്ഠ രാഘവ," എന്നിങ്ങിനെ താഴെ 42-ാം ശ്ലോകത്തിൽ പറയുന്നപ്രകാരം

യുദ്ധത്തിന്നായി പൌരുഷത്തെ അവലംബിക്കേണ്ടതാണെന്നു് പ്രോത്സാഹിപ്പിക്കുവാൻ ഇച്ഛിക്കുന്നവനായി, കേവലധർമ്മാവലംബനം അപ്രയോജകമാണെന്നു് താഴെ ശ്ലോകങ്ങൾകൊണ്ടു് ലക്ഷ്മണൻ പ്രതിപാദനം ചെയ്യുന്നു. ''നിരർത്ഥക:" (പുരുഷാർത്ഥമല്ല).]

ഭൂതാനാം സ്ഥാവരാണാം ച ജംഗമാനാം ച ദർശനം
യഥാഽസ്തി ന തഥാ ധർമ്മസ്തേ ന നാസ്തീതി മേ മതിഃ 15

| | | | |
|---|---|---|---|
| "സ്ഥാവരാണാം | "സ്ഥാവരങ്ങളും | തഥാ ന | ആയതു് ശരിയായ തല്ല എന്നും |
| ജംഗമാനാം ച | ജംഗമങ്ങളുമായ ജീവികൾക്കു് | തേ | നിന്തിരുവടിക്കു് |
| ഭൂതാനാം | ഓരോ സംഭവങ്ങളെ കുറിച്ചുള്ളതായ | ധർമ്മഃ | ധർമ്മഫലത്തെക്കുറിച്ചുള്ളതായ സ്ഥിരനിശ്ച |
| ദർശനം | മനോഭാവം | ന അസ്തി ന | ഇല്ലാതിരിക്കുന്നില്ല[യം |
| യഥാ | എപ്രകാരം | ഇതി ച | എന്നുംതന്നെയാണ് |
| അസ്തി | ഉണ്ടാകുന്നുവോ | മേ മതിഃ | എന്റെ വിശ്വാസം. |

[ധർമ്മത്തെപ്പററിയും ധർമ്മഫലത്തെപ്പററിയും ശ്രീരാമനുള്ളതായ ദൃഢനിശ്ചയം മററുള്ളവർക്കാർക്കുമില്ലെന്നു് സാരം.

ഗോ. രാ:— ധർമ്മാധർമ്മങ്ങൾ അപ്രകാരം അപ്രമാണികളാണെന്നുള്ളതിന്നു് പ്രത്യക്ഷമോ, അനുമാനമോ. ശബ്ദമോ ഏതാകുന്നു പ്രമാണം എന്നുള്ളതിന്നു്, ധർമ്മം പ്രത്യക്ഷമല്ലെന്നുള്ളതിനാൽ അപ്രമാണികമാണെന്നു് പറയുന്നു. "സ്ഥാവരജംഗമപദാർത്ഥങ്ങൾക്കു് എപ്രകാരം പ്രത്യക്ഷതയുണ്ടോ അപ്രകാരം ധർമ്മത്തിന്നു് ഇല്ലാത്തതിനാൽ ധർമ്മമെന്ന ഒന്നില്ല എന്നാണു് എന്റെ അഭിപ്രായം."

തിലകം:— ധർമ്മം പുരുഷാർത്ഥമല്ലെന്നുമാത്രമല്ല, അങ്ങിനെ ഒരു പദാർത്ഥംതന്നെ ഇല്ല എന്നു് സ്ഥാപിക്കുന്നു. ഈ അഭിപ്രായം ബൌദ്ധമതത്തെ അനുസരിച്ചാണു് ലക്ഷ്മണൻ പറയുന്നതു്.]

യഥൈവ സ്ഥാവരം വ്യക്തം ജംഗമം ച തഥാവിധം
നായമർത്ഥസ്തഥാ യുക്തസ്ത്വദ്വിധോ ന വിപദ്യതേ. 16

| | | | |
|---|---|---|---|
| "യഥാ | ''എപ്രകാരം | യുക്തഃ | സർവ്വ വിഷയങ്ങളെക്കുറിച്ചും ദൃഢനിശ്ചയമാന്ന ബുദ്ധിയോടുകൂടിയവനായ |
| സ്ഥാവരം ഏവ | "ഒരു സ്ഥാവരവസ്തുവും | | |
| തഥാവിധം | അപ്രകാരംതന്നെയുള്ള | | |
| ജംഗമം ച | ജംഗമവസ്തുവും | | |
| വ്യക്തം | പ്രത്യക്ഷമായിട്ടുള്ളതൊ | | |
| തഥാ ന | അപ്രകാരമുള്ളതല്ല | ത്വദ്വിധഃ | നിന്തിരുവടിയെപ്പോലെയുള്ളവൻ |
| അയം അർത്ഥഃ | ഇപ്പോൾ നടന്നിട്ടുള്ളതായ ഈ കൃത്യത്തിന്റെ ഫലവും; | ന വിപദ്യതേ. | ഇക്കാര്യത്തിൽ ദുഃഖിക്കുകയില്ല. |

[ഗോ. രാ:— മുമ്പിലത്തെ ശ്ലോകത്തിൽ പ്രത്യക്ഷത്തെ അവലംബിച്ച് ധർമ്മം അപ്രാമാണികമാണെന്നുപറഞ്ഞതിനെത്തന്നെ ഇതിൽ അനുമാനംകൊണ്ട് പറയുന്നു. വല്ലതും ഒരു വസ്തു പ്രത്യക്ഷസിദ്ധമാണെന്നാൽ അതു് സ്ഥാവരരൂപത്തിലൊ ജംഗമരൂപത്തിലോ കാണപ്പെടുന്നതാണ്. ധർമ്മാധർമ്മങ്ങൾ അങ്ങിനെ കാണപ്പെടുന്നില്ല. ആകയാൽ ഇവ വാസ്തവത്തിലുള്ളവയല്ല. എന്നു മാത്രമല്ല "ത്വദ്വിധോ ന വിപദ്യതേ" ധർമ്മം വാസ്തവത്തിലുള്ളതാണെന്നാൽ നിന്തിരുവടിയെപ്പോലെയുള്ള ധാർമ്മികന്മാർ ആപത്തിൽ പെടുകയില്ല. അപ്രകാരം അകപ്പെട്ടിരിക്കുന്നതുകൊണ്ട്, അനുമാനംകൊണ്ട് ധർമ്മാധർമ്മങ്ങൾ ഇല്ലെന്ന് ഊഹിക്കേണ്ടിയിരിക്കുന്നു എന്നു സാരം.

തിലകം:— എപ്രകാരം ധർമ്മത്തിൻെറ പ്രസക്തിതന്നെയില്ലാത്തതായ സ്ഥാവരവസ്തു സുഖത്തോടുകൂടിയതാണെന്ന് വ്യക്തമോ, അതേപ്രകാരംതന്നെ ധർമ്മാനധികൃതമായ പശ്വാദിയായ ജംഗമവും സുഖത്തോടുകൂടിയതാവാമെന്ന് വ്യക്തമാകുന്നു എന്നുമാത്രമല്ല ഭവാനെപ്പോലെ ധർമ്മയുക്തനായവൻ സുഖത്തെ അനുഭവിക്കുന്നതുമില്ല. ഇപ്രകാരം ധർമ്മമില്ലാത്തതിന്ന് സുഖമുണ്ടാവാമെന്നും, ധർമ്മമുള്ളവന്നു സുഖം ഉണ്ടായ്ക്കൊള്ളേണമെന്നില്ല എന്നും, വ്യതിരേകരൂപമായും അന്വയരൂപമായും, ധർമ്മം പുരുഷാർത്ഥമല്ലെന്നുള്ളതിനെത്തന്നെ സാധിക്കുന്നു.]

യദ്യധർമ്മോ ഭവേദ്ഭൂതോ രാവണോ നരകം വ്രജേത്
ഭവാംശ്ച ധർമ്മയുക്തോ വൈ നൈവം വ്യസനമാപ്നുയാത് 17

| | | | |
|---|---|---|---|
| "അധർമ്മഃ ഭൂതഃ ഭവേത് യദി | "പാപകർമ്മം ഫലത്തെ നൽകുന്നതാകുകൊണ്ടു് | ധർമ്മയുക്തഃ | ധർമ്മനിഷ്ഠനായ |
| രാവണഃ | രാവണൻ | ഭവാൻ വൈ | നിന്തിരുവടിയാകട്ടെ |
| നരകം വ്രജേത് | നരകത്തെ പ്രാപിക്കതന്നെചെയ്യും; | ഏവം | ഇപ്രകാരമുള്ളതായ |
| | | വ്യസനം | ആപത്തിനെ |
| | | ച | ഒരിക്കലും |
| | | ആപ്നുയാത് ന. | പ്രാപിക്കയുമില്ല. |

[ഇപ്പോൾ ആപത്താണ് നേരിട്ടിരിക്കുന്നതു് എന്നു തോന്നുന്നതു് വാസ്തവത്തിൽ ആപത്തായി വരികയില്ല, എന്ന് സാരം.

ഗോ. രാ. തി:— അനുമാനംകൊണ്ട് ധർമ്മാധർമ്മങ്ങൾ പ്രമാണങ്ങളല്ലെന്ന് പറയുന്നു. അധർമ്മം വാസ്തവത്തിലുള്ളതാണെന്നുള്ളപക്ഷം രാവണൻ നരകത്തെ പ്രാപിക്കേണ്ടതാണ്. ധർമ്മഫലവും വാസ്തവമാണെന്നാൽ ഭവാൻ വ്യസനത്തേയും പ്രാപിപ്പാൻ പാടുള്ളതല്ലായിരുന്നു. അങ്ങിനെ അല്ലാത്തതുകൊണ്ട് ധർമ്മാധർമ്മങ്ങൾ ഇല്ലെന്ന് ഊഹിക്കേണ്ടിയിരിക്കുന്നു.]

തസ്യ ച വ്യസനാഭാവാദ്വ്യസനം ച ഗതേ ത്വയി
ധർമ്മോ ഭവത്യധർമ്മശ്ച പരസ്പരവിരോധിനൌ 18

| | | | |
|---|---|---|---|
| "തസ്യ | "ധർമ്മത്തിന്ന് | ത്വയി | നിന്തിരുവടി |
| വ്യസനാ—ഭാവാത് ച | ആപത്തിനെ വിളയിക്കുന്നതായ ഫലമില്ലാത്തതിനാൽ | വ്യസനം ഗതേ ച | ആപത്തിനെ പ്രാപിച്ചിരിക്കുന്നുവെന്നും വരികിൽ |

| | | | |
|---|---|---|---|
| ധർമ്മഃ | ധർമ്മം | പരസ്പര- വിരോധിനൌ | ആ ധർമ്മാധർമ്മങ്ങൾ അന്യോന്യവിപരീതഫലങ്ങളായി ഭവിക്കുന്നു. |
| അധർമ്മഃ ഭവതി | അധർമ്മഫലത്തെ നൽകുന്നതായിത്തീരുന്നു; | | |
| ച | ആകയാൽ | | |

[ഗോ. രാ:— അധർമ്മിഷ്ഠനായ രാവണന്നു് വ്യസനമില്ലാത്തതുകൊണ്ടും, അതായതു് സുഖമുള്ളതുകൊണ്ടും, പരമധാർമ്മികനായ നിന്തിരുവടി വ്യസനിക്കുന്നതുകൊണ്ടും, ധർമ്മം, അധർമ്മഫലപ്രദമായും ആയ്ത്തീൎന്നു്, പരസ്പരവിരോധികളായി, സ്വാഭാവികമായ്ത്തന്നേ നിശ്ചിതഫലങ്ങളെ പ്രദാനംചെയ്യുന്നവയല്ലാത്തവയായി ഭവിക്കുന്നു. ആകയാൽ ഫലങ്ങളാകുന്ന സുഖദുഃഖങ്ങളുടെ വിരുദ്ധതയിൽനിന്നു് ധർമ്മാധർമ്മങ്ങൾ അനുമാനിക്കപ്പെടാവുന്നവയല്ല, എന്നു സാരം.]

ധർമ്മേണോപലഭേദ്ധർമ്മമധർമ്മം ചാപ്യധർമ്മതഃ
യദ്യധർമ്മേണ യുജ്യേയുർയേഷ്വധർമ്മഃ പ്രതിഷ്ഠിതഃ 19

| | | | |
|---|---|---|---|
| ''ധർമ്മേണ | ''ധർമ്മത്താൽ | യേഷു | യാതൊരുവരിൽ |
| ധർമ്മം ച | നന്മയെ മാത്രവും | അധർമ്മഃ | അധർമ്മം |
| അധർമ്മതഃ | അധർമ്മംകൊണ്ടു് | പ്രതിഷ്ഠിതഃ | കുടികൊള്ളുന്നുവോ അവർമാത്രമാണു് |
| അധർമ്മം അപി | തിന്മയെമാത്രവും | | |
| ഉപലഭേത് | പ്രാപിക്കാവുന്നതാണു്; | അധർമ്മേണ യുജ്യേയുഃ. | വിപത്തു് അനുഭവിക്കുന്നതു്. |
| യദി | ആകയാൽ | | |

യദി ധർമ്മേണ യുജ്യേരൻ നാധർമ്മരുചയോ ജനാഃ
ധർമ്മേണ ചരതാം ധർമ്മസ്തഥാ ചൈഷാം ഫലം ഭവേത്. 20

| | | | |
|---|---|---|---|
| "ജനാഃ | ''ജനങ്ങൾ | ധർമ്മേണ ചരതാം | ധർമ്മമാർഗ്ഗത്തിൽ ചരിക്കുന്നവരായ |
| ധർമ്മേണ യുജ്യേരൻ യദി | ധർമ്മത്തോടുകൂടിയവരായിരിക്കുന്നുവെങ്കിൽ | ഏഷാം | ഇവൎക്കു് |
| അധർമ്മരുചയഃ ന | അധർമ്മത്തിലഭിരുചിയുള്ളവരായിത്തീരുകയില്ല; | തഥാ | അപ്രകാരം |
| | | ധർമ്മഃ ഫലം ച ഭവേത്. | സത്ഫലം മാത്രമേ ഉണ്ടാകയുള്ളു. |

യസ്മാദർത്ഥാ വിവർദ്ധന്തേ യേഷ്വധർമ്മഃ പ്രതിഷ്ഠിതഃ
ക്ലിശ്യന്തേഽധർമ്മശീലാശ്ച തസ്മാദേതൌ നിരർത്ഥകൌ 21

| | | | |
|---|---|---|---|
| ''യസ്മാത് | "യാതൊരു ധർമ്മത്തിൽനിന്നു് | ക്ലിശ്യന്തേ | ദുഃഖത്തിന്നു് പാത്രീഭവിക്കുന്നു; |
| അർത്ഥാഃ | സർവ്വപുരുഷാർത്ഥങ്ങളും | തസ്മാത് | അതിനാൽ |
| വിവർദ്ധന്തേ | അഭിവൃദ്ധിയാകുന്നു; | ഏതൌ ച | ഈ ധർമ്മാധർമ്മങ്ങൾ രണ്ടും |
| അധർമ്മഃ | അധർമ്മം | നിരർത്ഥകൌ | അന്യോന്യനിരപേക്ഷമായിട്ടന്നെ അതാതിന്റെ ഫലങ്ങളെ നൽകുന്നവയാകുന്നു |
| യേഷു | യാതൊരുവരിൽ | | |
| പ്രതിഷ്ഠിതഃ | കുടികൊള്ളുന്നുവോ | | |
| അധർമ്മശീലാഃ | ആ അധർമ്മിഷ്ഠന്മാർ | | |

[ഗോ. രാ:—മേല്പറഞ്ഞ മൂന്നു ശ്ലോകങ്ങൾകൊണ്ട്, സാദ്ധ്യമില്ലാതെ (predicate of a preposition) ഹേതുവുണ്ടാവുക എന്ന വ്യഭിചാരം (fallacious reason) ഉള്ളതുകൊണ്ടും വ്യാപ്തിയുടെ (invariable concommittance) അസിദ്ധി ഉള്ളതുകൊണ്ടും, ആ ധൎമ്മാധൎമ്മങ്ങൾ ഉണ്ടെന്നുള്ള അനുമാനം ശരിയല്ലെന്നു പറയുന്നു.

"ധൎമ്മേണോപലഭേദ്ധൎമ്മം" എന്നുള്ളതിന്നു് ധൎമ്മംകൊണ്ട് ധൎമ്മഫലത്തെ പ്രാപിക്കാവുന്നതാണോ, എന്നു ചോദ്യമായെടുത്ത്, പ്രാപിക്കാവുന്നതല്ല എന്നൎത്ഥമാകുന്നു. അപ്രകാരംതന്നെ അധൎമ്മാനുഷ്ഠാനത്താൽ അധൎമ്മഫലവും സിദ്ധിക്കാവുന്നതല്ല; യേഷു ധൎമ്മഃ പ്രതിഷ്ഠിതഃ" (യാതൊരു അധൎമ്മനിരതന്മാരും), "അധൎമ്മേണ യദി യുജ്യേയുഃ" (അധൎമ്മഫലത്തോടുകൂടിയവരായ്ത്തീരുന്നപക്ഷം),"നാധൎമ്മരുചയോജനാഃ"(ധൎമ്മനിരതന്മാരും)"ധൎമ്മേണയദി യുജ്യേരൻ" (ധൎമ്മഫലത്തോടുകൂടിയവരായും തീരുന്നപക്ഷം) "ധർമ്മേണ ചരതാം ഏഷാം ധർമ്മഃ ഫലം ഭവേത്" (ധർമ്മത്തിൽ വൎത്തിക്കുന്ന ഇവൎക്ക് സുഖം ഫലമായിരിക്കേണ്ടതാണ്); 'ച'കാരംകൊണ്ട് അധർമ്മനിരതന്മാൎക്ക് സുഖവും ഫലമായിരിക്കേണ്ടതാണ്, ഇപ്രകാരമല്ലെന്നു പറയുന്നു.

ഇതുകൊണ്ടു് ഹിതാഹിതപ്രാപ്തിഫലങ്ങൾക്കും അവയുടെ ഹേതുക്കൾക്കും അനിയതത്വമുള്ളതുകൊണ്ട് ആ ഹിതാഹിതഫലങ്ങളെക്കൊണ്ടു് ധർമ്മാധർമ്മങ്ങളെ അനുമാനിപ്പാൻ ശക്യമല്ലെന്നുള്ള വ്യാപ്യത്വാസിദ്ധി പറയപ്പെട്ടു.]

വധ്യന്തേ പാപകൎമ്മാണോ യദ്യധൎമ്മേണ രാഘവ
വധകൎമ്മഹതോ ധൎമ്മഃ സ ഹതഃ കം വധിഷ്യതി. 22

| | | | |
|---|---|---|---|
| "രാഘവ | "ശ്രീരാഘവ | ഹതഃ | ശാശ്വതമായ നിയമത്തിന്റെ അതിൎത്തിയിൽനിന്നു് ഭ്രംശിക്കപ്പെട്ടതുമായ |
| പാപകൎമ്മാണഃ | ദുഷ്കൎമ്മംചെയ്യുന്നവർ | | |
| അധർമ്മേണ | അധൎമ്മഫലത്താൽ | | |
| വധ്യന്തേ | പീഡിക്കപ്പെടുന്നു | സഃ ധൎമ്മഃ | ആ ധർമ്മം |
| യദി | അങ്ങിനെയിരിക്കെ | കം | ആൎക്കാണു് |
| വധകൎമ്മഹതഃ | നാശമാകുന്ന ഫലത്തിന്നു് അതീതമായതും | വധിഷ്യതി | വധാപത്തിളയിക്കുക? |

[തിലകം:— ധൎമ്മാദിസ്വരൂപംതന്നെ നിൎവ്വചിപ്പാൻ പ്രയാസമായതാണെന്നു കാണിപ്പാനായി ആ ധൎമ്മാധൎമ്മങ്ങൾ പ്രവൃത്തിരൂപങ്ങളോ, അല്ല തജ്ജന്യമായ അദൃഷ്ടമോ എന്നു വികല്പിച്ചു ആദ്യത്തേതല്ല എന്നു പറയുന്നു: പാപികൾ പ്രവൃത്തിരൂപമായ പാപംകൊണ്ട് വധിക്കപ്പെടുന്നപക്ഷം, ക്രിയാരൂപങ്ങളായ ധൎമ്മാധൎമ്മങ്ങൾക്ക് ത്രിക്ഷണാവസ്ഥായിത്വം [ക്ഷണികത്വം] ഉള്ളതുകൊണ്ടു, പാപിയെ വധിക്കുക എന്ന കാലാന്തരഭാവിഫലത്തെ ജനിപ്പിക്കുക എന്നതു സംഭവിക്കത്തക്കതല്ല.

എന്നാൽ വേദത്തിൽ "ജ്യോതിഷ്ടോമാദികൎമ്മം സ്വർഗ്ഗാദിഫലപ്രദങ്ങളാണ്" എന്നിത്യാദിയായി കൎമ്മഫലപ്രദങ്ങളാണെന്നു പറയുന്നതു, "ഗ്രാവാഃ പ്ലവന്തേ" എന്നിത്യാദി വേദവാക്യങ്ങളെപ്പോലെ ഔപചാരികങ്ങളാണ്. വാസ്തവത്തിൽ അദൃഷ്ടമൂലമായിട്ടാണ് കൎമ്മങ്ങൾക്കു ഫലദാതൃത്വം]

അഥവാ വിഹിതേനായം ഹന്യതേ ഹന്തി വാ പരം
വിധിരാലിപ്യതേ തേന ന സ പാപേന കർമ്മണാ. 23

| | | | |
|---|---|---|---|
| "അയം | "ഈ ധർമ്മഫലം | ഹന്തി വാ | നിശ്ചയമായും ഇല്ലാതാ |
| വിഹിതേന | പൂർവ്വകർമ്മഫലയോഗത്താൽ | സ: | ആ [ക്കുന്നു; |
| | | വിധി: | പൂർവ്വവർമ്മഫലം |
| ഹന്യതേ അഥവാ | പ്രത്യക്ഷത്തിൽ അനുഭവപ്പെടാതെ പോയാലും | തേന | ആ ധർമ്മഫലത്താൽ |
| | | ആലിപ്യതേ | ബാധിക്കപ്പെടുന്നു; |
| | | പാപേന കർമ്മണാ ന | പാപകർമ്മത്താൽ ബാധിക്കപ്പെടുന്നതുമില്ല. |
| പരം | വിപത്തിനെ | | |

[തിലകം:— രണ്ടാമത്തേതായ ക്രിയാജന്യമായ അദൃഷ്ടവുമല്ല ധർമ്മാധർമ്മങ്ങൾ എന്നു പറയുന്നു. ''വിഹിതേന" (മറ്റൊരുത്തനാൽ ചെയ്യപ്പെട്ട ശ്യേനാദികളായ ആഭിചാരാദികൾകൊണ്ടു) "അയം ഹന്യതേ" (ഒരുവൻ ഹനിക്കപ്പെടുകയോ)'പരം ഹന്തി വാ" (സ്വീയമായ കർമ്മഫലത്താൽ മറ്റൊരുത്തനെ ഹനിക്കുകയോ ചെയ്യുന്ന പക്ഷം)"വിധി:'' (വിഹിതാനുഷ്ഠാനജന്യമായ അദൃഷ്ടംതന്നെ) ''തേനപാപേന കർമ്മണാ ഹത്യാരൂപേണ ലിപ്യതേ, ന സ കർമ്മാനുഷ്ഠാതാ പുരുഷഃ" (ആ ഹത്യാരൂപമായ പാപകർമ്മത്താൽ ബാധിക്കപ്പെടുന്നു, അല്ലാതെ ആ കർമ്മാനുഷ്ഠാനം ചെയ്യുന്നവനല്ല.] തന്നാൽ ഉത്പാദിക്കപ്പെട്ട പുത്രൻ ചെയ്ത ഹത്യ പിതാവിനെ ബാധിക്കയില്ല എന്നതുപോലെ, ഹനിക്കുന്നതു് കർമ്മജന്യമായ അദൃഷ്ടമാകുന്നു. പുരുഷനല്ല എന്നുസാരം.

ഗോ. രാ:— കർമ്മം ക്ഷണികമാണെന്നാലും, ആ കർമ്മത്താൽ ആരാധിക്കപ്പെട്ട ദേവത തന്നെയാകുന്നു ഫലത്തെ നൽകുന്നതു് എന്നു പൂർവ്വപക്ഷം ചെയ്തു അല്ലെന്നു പറയുന്നു:— "വിഹിതേന" (വിധിയാൽ ദൈവത്താൽ) "അയം ജനഃ ഹന്യതേ" (ഈ ജനം ബാധിക്കപ്പെടുന്നു); "പരം ഹന്തി വാ'' (അന്യനെ ബാധിക്കയും ചെയ്യുന്നു.) ആകയാൽ, "തേന പാപേന കർമ്മണാ" (ആ പാപഫലഭൂതമായ ദുഃഖത്താൽ) "വിധിഃ ഏവ ആലിപ്യതേ"(വിധിതന്നെയാണ് ബാധിക്കപ്പെടുന്നതു.). അല്ലാതെ കർമ്മം ചെയ്യുന്ന പുരുഷനല്ല സത്കർമ്മാരാധിതനും അസത്കർമ്മത്താൽ അപ്രീതികയ്ക്കൊണ്ടവനുമായ ഈശ്വരനാണ് ധർമ്മാധർമ്മശബ്ദംകൊണ്ടു് വാച്യനായതു് എന്നു പറയുന്നപക്ഷം ആ ഈശ്വരൻ തന്നെയാണ് സുഖദു:ഖങ്ങൾക്കു് പാത്രീഭൂതനായ പ്രേരകൻ അല്ലാതെ പ്രയോജ്യനായ പുരുഷനല്ല, എന്നു വന്നുചേരുന്നതാണ് എന്നു സാരം.]

അദൃഷ്ടപ്രതികാരേണ ത്വവ്യക്തേനാസതാ സതാ
കഥം ശക്യം പരം പ്രാപ്തും ധർമ്മേണാऽരിവികർശന. 24

| | | | |
|---|---|---|---|
| "അരിവികർശന | "അരിഷഡ്വർഗ്ഗത്തെ ജയിച്ചുള്ളോവെ | അസതാ | മായാരൂപം കയ്ക്കൊണ്ടവനുമായ നിന്തിരുവടിയാൽ |
| ധർമ്മേണ | ധർമ്മസ്വരൂപിയും | | |
| സതാ | സത്സ്വരൂപനും | പരം | വിപത്ത് |
| അദൃഷ്ടപ്രതികാരേണ | ഫലാപേക്ഷയില്ലാത്തവനും | പ്രാപ്തും | പ്രാപിക്കുകയെന്നതു് |
| | | കഥം | എങ്ങിനെയാണ് |
| അവ്യക്തേന തു | മഹാവിഷ്ണുവും | ശക്യം? | ഉണ്ടാവുക ? |

[തിലകം:— മുൻ ശ്ലോകത്തിൽ അദൃഷ്ടത്തിന്നു് ഘാതകത്വം അംഗീകരിക്കപ്പെട്ടു. ഇതിൽ ആ അദൃഷ്ടത്തിന്നും ഘാതകത്വമില്ലെന്നു പറയുന്നു. അദൃഷ്ടം എന്നതു് ജഡമാകയാൽ പ്രതികാരബോധമില്ലാത്തതും, അപ്രത്യക്ഷമായതും, ശശശൃംഗാദിപോലെ വാസ്തവത്തിലില്ലാത്തതും, ഉണ്ടെന്നു് തോന്നുന്നതും ആകുന്നു. ഇപ്രകാരമുള്ള അദൃഷ്ടം മററൊന്നിനെ വധിക്കുന്നതു് എങ്ങിനെ ? നിന്നെടിക്കിൽ നിന്നുതന്നെ വധിക്കുന്നു എന്നു പറയുന്നതായാൽ സ്വഹനനം സംഭവിക്കുന്നതാണു്. ആരെ ഉദ്ദേശിച്ചു് ആഭിചാരം ചെയ്യപ്പെടുന്നുവോ, അവങ്കൽ സ്ഥിതിചെയ്തുകൊണ്ടു്, അവനെ വധിക്കുന്നു എന്നു പറകയാണെങ്കിൽ, ഒരുവൻ ധർമ്മം ചെയ്യുക, മററൊരുവൻ ധാർമ്മികനാവുക എന്ന അവസ്ഥയും നേരുന്നതാണു്. ആകയാൽ അദൃഷ്ടത്തിന്നു് ഘാതകത്വം ഇല്ലെന്നു സിദ്ധിക്കുന്നു.

ഗോ. രാ. :— മുൻശ്ലോകത്തിലെ കർമ്മത്താൽ ആരാധിക്കപ്പെട്ട ദേവതയാകുന്നു ഫലപ്രദാനം ചെയ്യുന്ന ധർമ്മാധർമ്മങ്ങൾ എന്നതിനെ നിരാകരിച്ചു. എന്നാൽ ഒരു നിയമത്തെകല്പിച്ചു് അതുപ്രകാരം നടക്കുന്നവനേയും ലംഘിക്കുകയോ അതുപ്രകാരം ആചരിക്കാതിരിക്കുകയൊ ചെയ്യുന്നവനേയും രാജാവു് എപ്രകാരമോ, അപ്രകാരം ഈശ്വരനും തന്റെ ആജ്ഞാരൂപമായ കർമ്മത്തെ അനുഷ്ഠാനം ചെയ്യുന്നവനെ അനുഗ്രഹിക്കുകയും ലംഘിക്കുന്നവനെ നിഗ്രഹിക്കുകയും ചെയ്യുന്നുതോ, എന്നു പറകയാണെങ്കിൽ അങ്ങിനെ ചെയ്യുന്ന ഈശ്വരൻ സ്വാത്മത്തെയാണോ അല്ല പരാത്മത്തേയോ, അനുഗ്രഹിക്കുന്നതു് ? അവാപ്ത സമസ്തകാമനാകയാൽ സ്വാത്മമല്ലെന്നു് സിദ്ധിക്കുന്നു ; ഒരുവനെ ബ്രഹ്മാവായും മററൊരുവനെ ദരിദ്രനായും സൃഷ്ടിക്കുന്ന ഈശ്വരന്നു് പക്ഷപാതനൈർഘൃണ്യാദികൾ വന്നുചേരുന്നതുകൊണ്ടു് പരമാത്മവുമല്ലെന്നും സിദ്ധിക്കുന്നു. അതാതു് കർമ്മത്തിന്നു് അനുഗുണമായാകുന്നു സൃഷ്ടി, എന്നതുകൊണ്ടു് പക്ഷപാതത്തിന്റെ പ്രസക്തിയില്ലെന്നു് പറകയാണെങ്കിൽ, സത്കർമ്മം ചെയ്യുന്നതിന്നു പ്രേരിപ്പിക്കാത്തവനായ ഈശ്വരന്നു് നിർദ്ദയത്വം (നൈർഘൃണ്യം) വന്നുചേരുന്നതാണു്. അനാദിയായ കർമ്മപ്രവാഹത്തിൽ, മുമ്പുമുമ്പുചെയ്ത കർമ്മത്തിന്നനുസരിച്ചു് വീണ്ടും സത്കർമ്മത്തിലും ദുഷ്കർമ്മത്തിലും പുരുഷനെ പ്രേരിപ്പിക്കുക മാത്രമാണു് ചെയ്യുന്നതു് എന്നുപറകയാണെങ്കിൽ, ഒരുവന്നു് ദുഷ്കർമ്മം ചെയ്യുന്നതിൽനിന്നു് വീണ്ടും ദുഷ്കർമ്മംതന്നെ ചെയ്യാനിടവരുന്നതിൽ നിരന്തരദുഃഖവും സത്കർമ്മംചെയ്യുന്നവന്നു് നിരന്തരസുഖവും നേരിടുന്നതാണെന്നു വരുന്നു. അപ്രകാരം ലോകത്തിൽ കാണപ്പെടുന്നതുമില്ല. എന്നാൽ കർമ്മജന്യമായ അപൂർവ്വം (അതായതു് അദൃഷ്ടം) ആകുന്നു ഫലപ്രദമായ ധർമ്മം എന്നു ശങ്കിക്കയാണെങ്കിൽ, അതിനെ നിരാകരിക്കുന്നു :— "അദൃഷ്ട പ്രതികാരേണ, അദൃഷ്ടലിംഗേന" (അനുമാനത്താൽ അഗമ്യമായതും), അപ്രത്യക്ഷമായതും, "അസതാ സതാ" (അസത്തായുള്ളതും ആയ), "ധർമ്മേണ" (അദൃഷ്ടത്താൽ), "പരം ശ്രേയ: കഥം പ്രാപ്തും ശക്യം" (ശ്രേയസ്സിനെ പ്രാപിക്കുക എന്നതു് ശക്യമല്ല).]

യദി സത് സ്യാത് സതാം മുഖ്യ
നാസത് സ്യാത്തവ കിഞ്ചന
ത്വയാ യദീദൃശം പ്രാപ്തം
തസ്മാത് സന്നോപപദ്യതേ.

| | | | |
|---|---|---|---|
| “സതാം | പുണ്യാത്മാക്കളിൽ | ത്വയാ | ഭവാനാൽ |
| മുഖ്യ | ഉത്തമനായുള്ളോവേ | ഈദൃശം | ഇപ്രകാരം |
| സത് | നന്മ | പ്രാപ്തം | പ്രാപിക്കപ്പെട്ട |
| ഉപപദ്യതേ ന | ഒരിക്കലും വിപരീത ഫലത്തെനൽകുകയില്ല; | യത് | യാതൊന്നോ അത് |
| | | തവ | നിന്തിരുവടിക്ക് |
| തസ്മാത് | അതുകൊണ്ട് | കിഞ്ചന | ഒട്ടെങ്കിലും |
| സത് | ധർമ്മഫലം എന്നത് | അസത് | ആപത്തായി |
| യദി സ്യാത് | ഉള്ളപക്ഷം | സ്യാത് ന | ഭവിക്കയുമില്ല. |

[തിലകം:— അതേ ന്യായത്താൽ ശുഭകർമ്മജന്യമായ അദൃഷ്ടവും സത്തല്ലെന്നു് പറയുന്നു. “സത്കർമ്മഫലം സത്തായിരിക്കുമെങ്കിൽ ഭവാനു് യാതൊരു അശുഭവും ഉണ്ടാകുവാൻ പാടുള്ളതല്ല. ഭവാനാകട്ടെ ദുഃഖിക്കുന്നു. ആകയാൽ അദൃഷ്ടവും സത്തല്ല.”

ഗോ. രാ:— മുൻ പറഞ്ഞതിനെത്തന്നെ ന്യായംകൊണ്ടു് ദൃഢീകരിക്കുന്നു. “യദി സത് സ്യാത്” ധർമ്മമെന്നതു് ഉണ്ടെന്നുവെന്നാൽ, ധാർമ്മികനായ ഭവാനു് അസത്ത്, അതായതു് അനിഷ്ടം, ഉണ്ടാകുവാൻ പാടുള്ളതല്ല. എന്നാൽ ഭവാനാൽ ഇമ്മാതിരി വ്യസനം പ്രാപ്തമായിരിക്കുന്നതുകൊണ്ടു ധർമ്മം എന്നതു് ഇല്ലാത്തതുതന്നെ. ഫലോപലബ്ധി ഇല്ലാത്തതുകൊണ്ടു്, അദൃഷ്ടം എന്ന ധർമ്മം കല്പിക്കപ്പെടാവുന്നതല്ല എന്നു സാരം.]

അഥവാ ദുർബലഃ ക്ലീബോ ബലം ധർമ്മോഽനുവർത്തതേ
ദുർബലോ ഹൃതമര്യാദോ ന സേവ്യ ഇതി മേ മതിഃ 26

| | | | |
|---|---|---|---|
| “അഥവാ | “പക്ഷെ ഒന്നാലോചിപ്പാനുണ്ട് | അനുവർത്തതേ | അവലംബിച്ചതാകുന്നു; |
| ധർമ്മഃ | കേവലധർമ്മം എന്നത് | ദുർബ്ബലഃ | ഇപ്രകാരം സ്വയമായി കാര്യത്തെ സാധിപ്പാൻ ശക്തമല്ലാത്തതും |
| ദുർബ്ബലഃ | മറ്റൊന്നിനെ അപേക്ഷിക്കാതെ തന്നെ കാര്യസാധകക്ഷമമല്ലാത്തതും | ഹൃതമര്യാദഃ | സ്വാതന്ത്ര്യമായി ഫലം നൽകുക എന്ന നിയമമില്ലാത്തതുമായ കേവലധർമ്മം |
| ക്ലീബഃ | സ്വയമായിതന്നെ കാര്യകാരണത്തിന്നു് അസമർത്ഥവുംആകുന്നു; | സേവ്യഃ ന | ആശ്രയിക്കത്തക്കതല്ല |
| ബലം | അതു് കാര്യോത്പാദനക്ഷമമായ പൌരുഷത്തെ | ഇതി | എന്നാകുന്നു |
| | | മേ മതിഃ | എന്റെ അഭിപ്രായം |

[തിലകം:— ധർമ്മഫലത്തെപ്പററി മേല്പറഞ്ഞതായ ദോഷങ്ങളെല്ലാം മുഖ്യമായി കർമ്മത്തിന്നു് പുരുഷാർത്ഥങ്ങളെ സാധിപ്പാനുള്ളപക്ഷത്തിൽ പറയപ്പെട്ടവയാകുന്നു. അല്ലാതെ പൌരുഷയുക്തമായ ധർമ്മത്തിന്റെ അർത്ഥസാധകത്വത്തെക്കുറിച്ചല്ല. ആകയാൽ മുഖ്യമായി അർത്ഥസാധനമായ പൌരുഷത്തെത്തന്നെ അവലംബിക്കേണ്ടതാണെ

ന്നു് പറയുന്നു. “സ്വയമായിട്ടന്നെ അർത്ഥം സാധിപ്പാൻ അസമർത്ഥമായ ദുർബ്ബലമായ ധർമ്മം പൌരുഷത്തെ ആശ്രയിക്കുന്നതുകൊണ്ടു്, പൌരുഷയുക്തമല്ലാത്തതായ ധർമ്മം സേവിക്കത്തക്കതല്ല എന്നാകുന്നു എന്റെ അഭിപ്രായം.”

ഗോ. രാ.:– എന്നാൽ ഫലോപലബ്ധി ഇല്ലാത്തതുകൊണ്ടുമാത്രം കാരണമായ വസ്തു ഇല്ലെന്നു നിശ്ചയിക്കുന്നത് സാധുവല്ല. അതീന്ദ്രിയങ്ങളായ കാരണങ്ങളും ഉണ്ടായേക്കാവുന്നതാണല്ലോ. എന്നാൽ ധർമ്മത്തിന്ന് സഹകാരിയായ പൌരുഷം ഇല്ലായ്കയാലാണ് ഫലോപലബ്ധി ഇല്ലാത്തത് എന്നു പറയുന്നു.]

ബലസ്യ യദി ചേദ്ധർമ്മാ ഗുണഭൂതഃ പരാക്രമ
ധർമ്മമുത്സൃജ്യ വർത്തസ്വ യഥാ ധർമ്മേ തഥാ ബലേ. 27

| | | | |
|---|---|---|---|
| “പരാക്രമേ | “കൈക്കൊണ്ട കാര്യത്തെ സാധിപ്പിക്കുന്ന വിഷയത്തിൽ | ധർമ്മം | കേവലധർമ്മത്തെമാത്രം കൈക്കൊള്ളുകഎന്നതി |
| ധർമ്മഃ | ധർമ്മം | ഉത്സൃജ്യ | ഉപേക്ഷിച്ച് [നെ |
| ബലസ്യ | പുരുഷപ്രയത്നത്തിന്ന് | ധർമ്മേ യഥാ | ധർമ്മത്തിന്റെ സംഗതിയിൽ എപ്രകാരമോ |
| ഗുണഭൂതഃ യദി ചേത് | ആശ്രയഭൂതമാണെന്ന് നിന്തിരുവടിക്ക് അഭിപ്രായമുള്ളപക്ഷം | തഥാ | അപ്രകാരം |
| | | ബലേ വർത്തസ്വ | പൌരുഷത്തേയും അവലംബിച്ചാലും. |

[തിലകം:– എന്നാൽ പൌരുഷത്തെ സഹകാരിയാക്കിക്കൊണ്ടു് ധർമ്മം അർത്ഥസാധകമായിത്തീരുന്നു എന്നല്ലപറയപ്പെടുന്നത്; പൌരുഷംതന്നെയാണ് പ്രധാനം, കർമ്മം അതിന്ന് ഉപകാരം മാത്രമാണ്. അപ്രകാരം അനുഷ്ഠിക്കുക എന്നു പറയുന്നു. “ബലസ്യ ധർമ്മോ ഗുണഭൂതഃ ഇത്യംഗീക്രിയതേ തദാ പരാക്രമൈഃ പ്രയത്നൈഃ ധർമ്മം ഉത്സൃജ്യ (ധർമ്മപ്രാധാന്യം ത്യക്ത്വാ) യഥാ ഇദാനീം ധർമ്മേ വർത്തസേ പ്രാധാന്യേന തഥാ ബലേ പൌരുഷേ, ഏവ വർത്തസ്വ.” (പൌരുഷത്തിന്നു ധർമ്മംആശ്രയഭൂതമാണെന്നും അംഗീകരിക്കപ്പെടുന്നപക്ഷം, പ്രയത്നത്താൽ ധർമ്മ പ്രാധാന്യത്തെ വെടിഞ്ഞു ഇപ്പോൾ ഭവാൻ എപ്രകാരം ധർമ്മത്തെ പ്രധാനമായി കൈക്കൊള്ളുന്നുവോ അപ്രകാരം പൌരുഷത്തെ പ്രധാനമായി കൈക്കൊണ്ടാലും.”

ഗോ. രാ.:– “പ്രധാനഭൂതമായ ബലം, അതായത് പൌരുഷം, തന്നെയാണ് ആശ്രയിക്കത്തക്കത് എന്നു പറയുന്നു.]

അഥ ചേത് സത്യവചനം ധർമ്മഃ കില പരന്തപ
അനൃതസ്ത്വയ്യകരുണഃ കിം ന ബദ്ധസ്ത്വയാ പിതാ. 28

| | | | |
|---|---|---|---|
| “പരന്തപ | “ധർമ്മത്തിന്നു വേണ്ടി ഏതുകഷ്ടത്തേയും സഹിക്കുന്നവനേ | ത്വയി | നിന്തിരുവടിയുടെ സംഗതിയിൽ |
| അഥ | ഞാൻ ഒന്നു ചോദിച്ചുകൊള്ളട്ടെ | അകരുണഃ | കരുണ കാണിക്കാത്തവനും |
| സത്യവചനം | പറഞ്ഞ വാക്കിളക്കാതിരിക്കുക എന്നത് | അനൃതഃ | വാക്കുമാറിയവനുമായിരുന്നിട്ടും |
| ധർമ്മഃ കില ചേത് | ധർമ്മമാണെന്നുള്ളതിനാൽ | ത്വയാ | നിന്തിരുവടിയാൽ |
| പിതാ | പിതാവ് | ബദ്ധഃ ന കിം | സത്യത്തിൽ ബന്ധിക്കപ്പെട്ടവനാക്കിച്ചെയ്യപ്പെട്ടില്ലേ? |

[പിതാവ് ശ്രീരാമനെ അഭിഷേകം ചെയ്യിക്കാമെന്നു് ജനങ്ങളുടെ മുമ്പിൽവെച്ച് ആദ്യം പറഞ്ഞു, പിന്നെ കൈകേയിയുടെ നിർബ്ബന്ധത്താൽ ആ വാക്കിനെ ഇളക്കേണ്ടിവരുമെന്ന ഘട്ടത്തിലായപ്പോൾ, താൻ രാജ്യം സ്വീകരിക്കയില്ല എന്നു ശപഥംചെയ്തു്, പിതാവിനെ സത്യസന്ധനാക്കി ചെയ്യ്കയുണ്ടായി. ഇങ്ങിനെ സത്യവചനമാകുന്ന ധർമ്മത്തിൽ നിലനിർത്തിയത് തന്റെ പൌരുഷത്തെ അവലംബിച്ചിട്ടാണ് എന്നു താല്പര്യം.

തിലകം:— എന്നുതന്നെയല്ല, സത്യവും ധർമ്മവുമാണെന്നുള്ളതിനാൽ, ആ സത്യത്തെത്തന്നെ ഭവാൻ ആദ്യം വഴിപോലെ അനുഷ്ഠിക്കുകയുണ്ടായില്ല, അതിനാലാണ് ഇപ്പോഴുള്ളതായ ആപത്തു നേരിട്ടതു് എന്നു സാധിക്കുന്നു. "ഹേ പരന്തപ! സത്യവചനാംഗീകാരരൂപമായ സത്യപരിപാലനധർമ്മത്തെ ഭവാൻ അനുഷ്ഠിക്കുകയുണ്ടായില്ല. അങ്ങിനെഭവാൻ ആചരിച്ചിരുന്നാൽ,(ത്വയിരേകരണേ യദനൃതം രാജ്ഞഃപ്രാപ്തംതേന അനൃതേന രാജാ ത്വയാ വിനാഭൂതഃ), ജ്യേഷ്ഠനായ ഭവാന്റെ സംഗതിയിൽ പറയപ്പെട്ടതായ അഭിഷേകവചനത്തെ ചെയ്യാതിരുന്നതിനാൽ രാജാവിന്നു, യാതൊരു അനൃതപ്രാപ്തമായോ ആ അനൃതത്താലാണ് രാജാവ് നിന്തിരുവടിയുമായി വേർപിരിയേണ്ടിവന്നതു്, അതായത് മരിപ്പാനിടയായതു്." ശ്രീരാമനു അഭിഷേകം ചെയ്യിക്കാമെന്ന ദശരഥമഹാരാജാവിന്റെ സത്യവചനത്തെ നിറവേററേണ്ടതായ ചുമതല ഭവാനുണ്ടായിരുന്നതിനെ, നിറവേററുകയുണ്ടായില്ല. അതിനാലാണ് പിതൃമരണം, വനവാസം, ഭാര്യാമരണം മുതലായ അനർത്ഥങ്ങൾ വന്നുകൂടിയതു എന്നു സാരം.

ഗോ. രാ:— ഇപ്രകാരം സാമാന്യമായ ധർമ്മം ദൂഷിക്കപ്പെട്ടു എങ്കിലും സത്യവചനമാകുന്ന ധർമ്മത്തിൽ ശ്രീരാമനു വിശേഷപ്രതിപത്തി ഉള്ളതുകൊണ്ട് അതിനെ പ്രത്യേകിച്ച് ദൂഷിക്കുന്നു:— രാജ്യാഭിഷേകംചെയ്യാമെന്നു അരുളിച്ചെയ്തവനായ പിതാവ് അങ്ങിനെ പറഞ്ഞതായ ആ സത്യവചനത്തിൽ എന്തുകൊണ്ടാണ് ഭവാനാൽ നിർബ്ബന്ധിക്കപ്പെടാത്തതു്?]

യദി ധർമ്മോ ഭവേദ്ഭൂതോ അധർമ്മോ വാ പരന്തപ
ന സ്മ ഹത്വാ വജ്രീ കുര്യാദിജ്യാം ശതക്രതുഃ 29

| | | | |
|---|---|---|---|
| "പരന്തപ | "ശത്രുമർദ്ദന | ശതക്രതുഃ | നൂറു യാഗങ്ങളെചെയ്തു് ധർമ്മം സമ്പാദിച്ച |
| ധർമ്മഃ | സഹകാരിയായ പുരുഷപ്രയത്നം കൂടാതെയുള്ള കേവലധർമ്മമാകട്ടെ | വജ്രീ | ഇന്ദ്രൻ |
| | | മുനിം | മുനിവൃത്തിയോടുകൂടിയ വിശ്വരൂപനെ |
| അധർമ്മഃ വാ | അധർമ്മം തന്നെയാകട്ടെ | ഹത്വാ | വധിച്ച് |
| ഭൂതഃ ഭവേത് യദി | ഫലത്തെ നൽകുവാൻ സമർത്ഥമാണെന്നുള്ള പക്ഷം | ഇജ്യാം | യാഗത്തെ |
| | | കുര്യാത് സ്മ ന. | ചെയ്കയില്ലായിരുന്നു. |

[നൂറു യാഗങ്ങൾ ചെയ്തതിനാൽ ഇന്ദ്രപദം തനിക്ക് സിദ്ധിച്ചുവെന്നാലും, ആ ധർമ്മഫലാനുഭവത്തിന്നു് ശത്രുവായി വർത്തിച്ച ബ്രാഹ്മണനും മുനിയുമായ വിശ്വരൂപനെ, സ്വപൌരുഷത്തെ അവലംബിച്ച വധിച്ചശേഷം ബ്രഹ്മഹത്യാനിവാരണാർത്ഥം ഇന്ദ്രൻ യാഗത്തെ ചെയ്തു; എന്നിപ്രകാരം ധർമ്മഫലസിദ്ധിക്കായി പൌരുഷം അവലംബിക്കേണ്ടതാണെന്നു് ശിഷ്ടാചാരത്തെയും പറയുന്നു.

തിലകം:— അല്പം കോപത്തെ കൈക്കൊണ്ടവനായ ലക്ഷ്മണൻ, പൌരുഷം ധർമ്മം എന്നവയുടെ അനുഷ്ഠാനത്തിൽ സിദ്ധാന്തത്തെ ശിഷ്ടാചാരപ്രദർശനപൂർവ്വകം പറയുന്നു:— "പരന്തപ! ധർമ്മം തന്നെ പ്രധാനമായി അനുഷ്ഠിക്കപ്പെടേണ്ടതാണെന്നോ "അധർമ്മഃ, ധർമ്മാദന്യഃ പൌരുഷം"), ധർമ്മമല്ലാത്തതു്, അതായതു് പൌരുഷം പ്രധാനമായി അനുഷ്ഠിക്കപ്പെടേണ്ടതാണെന്നോ ഉള്ള സംശയമുണ്ടായിരുന്നാൽ, ഇന്ദ്രൻ മുനിയായ വിശ്വരൂപനെ കൊന്നു് പിന്നീടു യാഗം ചെയ്യുകയില്ലായിരുന്നു."

ഗോ. രാ:— ധർമ്മാധർമ്മങ്ങൾ ഉണ്ടെന്നുതന്നെയിരുന്നാൽകൂടിയും, രാജാവു് ധർമ്മത്തേയോ അധർമ്മത്തേയോ നിയമമായി കൈക്കൊള്ളാതെ, അതാതു ദേശകാലങ്ങൾക്കു് അനുഗുണമായതിനെ അനുഷ്ഠിക്കേണ്ടതാണെന്നുള്ളതിന്നു ശിഷ്ടാചാരത്തെ പ്രമാണീകരിക്കുന്നു.]

അധർമ്മസംശ്രിതോ ധർമ്മോ വിനാശയതി രാഘവ
സർവ്വമേതദ്യഥാകാമം കാകുത്സ്ഥ കുരുതേ നരഃ 30

| | | | |
|---|---|---|---|
| "രാഘവ | "ശ്രീരാഘവ | കാകുത്സ്ഥ | ശ്രീരാഘവ |
| നരഃ | ഒരു മനുഷ്യൻ | അധർമ്മ- സംശ്രിതഃ | സഹകാരിയായ പൌരുഷത്തോടുകൂടാത്ത |
| യഥാകാമം | ഉദ്ദേശത്തിന്നനുസരിച്ചാണു് | ധർമ്മഃ | ധർമ്മം |
| ഏതതു് സർവ്വം | എല്ലാററിനേയും | വിനാശയതി. | ഫലപ്രദമാകുന്നതായില്ല. |
| കുരുതേ | ചെയ്യുന്നതു് | | |

[തിലകം:— "അതിനാൽ, അധർമ്മസംശ്രിതമായ ധർമ്മം അതായതു് പൌരുഷയുക്തമായ ധർമ്മംതന്നെയാണു് ശത്രുവിനെ നശിപ്പിക്കുവാൻ പര്യാപ്തമാവുക. ആകയാൽ പൌരുഷം ധർമ്മം എന്നവയെ മനുഷ്യൻ സൌകര്യംപോലെ അനുഷ്ഠിക്കുന്നു."

ഗോ. രാ:— ധർമ്മത്തേയോ അധർമ്മത്തേയോ, ഒന്നിനെമാത്രം കാലാനുഗുണ്യത്തെ നോക്കാതെ കൈക്കൊള്ളുന്നതു് അനർത്ഥപര്യവസായിയാണെന്നു പറയുന്നു.]

മമ ചേദം മതം താത ധർമ്മോഽയമിതി രാഘവ
ധർമ്മമൂലം ത്വയാ ഛിന്നം രാജ്യമുത്സൃജതാ തദാ. 31

| | | | |
|---|---|---|---|
| "താത | "ജ്യേഷ്ഠ | രാജ്യം ഉത്സൃജതാ | രാജ്യത്തെ കൈവെടിഞ്ഞു് കേവലധർമ്മത്തെമാത്രം കൈക്കൊണ്ടിരിക്കുന്ന |
| രാഘവ | ശ്രീരാമ | | |
| അയം | ഈ പൌരുഷയുക്തമായ | | |
| ധർമ്മഃ | ധർമ്മം | ത്വയാ | നിന്തിരുവടിയാൽ |
| ഇതി ഇദം ച | എന്നുള്ളതുതന്നെയാണു് | ധർമ്മമൂലം | ധർമ്മഫലത്തെ നൽകുന്നതിന്നു് പര്യാപ്തമായ പൌരുഷമാകുന്ന അർത്ഥം |
| മമ | എനിക്കു് | | |
| മതം | അഭിമതമായുള്ളതു് | | |
| തദാ | ആകയാൽ | ഛിന്നം | കൈവെടിയപ്പെട്ടു. |

[തിലകം:– ധൎമ്മത്തെക്കുറിച്ച് ലക്ഷ്മണന്നും സമ്മതമുള്ളപക്ഷം, ഇപ്രകാരം തനിക്ക് ദുഃഖത്തിന്നു കാരണമെന്തെന്നു ചോദിക്കയാണെങ്കിൽ പറയുന്നു:-"അൎത്ഥമൂലമായ രാജ്യത്തെ ത്യജിച്ച് ശ്രീരാമനാൽ, ധർമ്മമൂലമായ അർത്ഥം നശിപ്പിക്കപ്പെട്ടു; അതിനാലാണ് ദുഃഖിക്കുന്നത്."

ഗോ. രാ:– ആദ്യം ധൎമ്മം അപ്രാമാണികമാണെന്ന് പറയപ്പെട്ടു. പിന്നെ വല്ല പ്രാമാണികത്വവും ഉണ്ടെന്നുവെച്ചാൽക്കൂടിയും ധർമ്മത്തിന്ന് പ്രാധാന്യമില്ലെന്നു പറയപ്പെട്ടു; ഇപ്പോൾ ധർമ്മത്തിന്ന് മൂലമായ അർത്ഥത്തെ അതായത് രാജ്യത്തെ കയ്യിൽ കിട്ടിയ സമയം ഉപേക്ഷിച്ച കാരണം അപ്രാധാന്യമായുംക്കൂടി ശ്രീരാമന്ന് ധൎമ്മം സംഭവിക്കയില്ലെന്ന് പറയുന്നു.]

അൎത്ഥേഭ്യോ ഹി വിവൃദ്ധേഭ്യഃ സംവൃത്തേഭ്യസ്തതസ്തതഃ
ക്രിയാഃ സൎവ്വാഃ പ്രവൎത്തന്തേ പൎവ്വതേഭ്യ ഇവാപഗാഃ 32

| | | | |
|---|---|---|---|
| "തതസ്തത: | "അപ്പോഴപ്പോഴായി | പൎവ്വതേഭ്യ: | പൎവ്വതങ്ങളിൽനിന്ന് |
| സംവൃത്തേഭ്യ: | ഉത്പന്നങ്ങളായി | ആപഗാ: | അരുവികൾ |
| വിവൃദ്ധേഭ്യ: | അഭിവൃദ്ധിപ്രാപിച്ചവയായ | ഇവ | എന്നപോലെ |
| അൎത്ഥേഭ്യ: ഹി | പുരുഷന്റെ ഉദ്ദേശങ്ങളിൽനിന്നുതന്നേയാണ് | സൎവ്വാ: ക്രിയാ: | സൎവ്വകർമ്മങ്ങളും |
| | | പ്രവൎത്തന്തേ. | ഉത്ഭവിക്കുന്നത്. |

[തിലകം:- അർത്ഥം (ധനം) തന്നെയാണ് ധർമ്മത്തിന്നു മൂലമെന്ന് പ്രതിപാദിക്കുന്നു. "പല പ്രകാരത്തിൽ സമ്പാദിക്കപ്പെട്ടതായ അർത്ഥംകൊണ്ടാകുന്നു നിഷ്കാമമായി ചെയ്യപ്പെടുന്ന യോഗപ്രധാനങ്ങളായ കർമ്മങ്ങളും, സകാമമായി ചെയ്യപ്പെടുന്ന ഭോഗപ്രധാനങ്ങളായ കർമ്മങ്ങളും, സാധിക്കപ്പെടുന്നതു്."]

അൎത്ഥേന ഹി വിയുക്തസ്യ പുരുഷസ്യാല്പതേജസഃ
വ്യുച്ഛിദ്യന്തേ ക്രിയാഃ സൎവ്വാ ഗ്രീഷ്മേ കുസരിതോ യഥാ. 33

| | | | |
|---|---|---|---|
| "അല്പതേജസഃ | "പൌരുഷമില്ലാത്തവനും | ക്രിയാഃ സൎവ്വാഃ | പ്രവൃത്തികൾ എല്ലാം |
| അൎത്ഥേന ഹി വിയുക്തസ്യ | ഉദ്ദേശംതന്നെ കയ്യില്ലാത്തവനുമായ | ഗ്രീഷ്മേ | വേനലിൽ |
| പുരുഷസ്യ | ഒരുവന്റെ | കുസരിതഃയഥാ | ചെറുപുഴകളെന്നപോലെ |
| | | വ്യുച്ഛിദ്യന്തേ. | നിഷ്പ്രയോജകങ്ങളായ്ത്തീരുന്നു. |

[തിലകം:– ധനത്തിന്റെ അഭാവത്തിൽ ക്രിയയുടെ അഭാവം സംഭവിക്കുന്നുവെന്നു വ്യതിരേകമായി പറയുന്നു.]

സോऽയമൎത്ഥം പരിത്യജ്യ സുഖകാമഃ സുഖൈധിതഃ
പാപമാരഭതേ കൎത്തും തതോ ദോഷഃ പ്രവൎത്തതേ. 34

| | | | |
|---|---|---|---|
| "സഃ അയം | "അപ്രകാരമുള്ള ഇവൻ | പാപം കർത്തും | പാപം ചെയ്വാൻ |
| അർത്ഥം | ശരിയായ ഉദ്ദേശത്തെ | ആരഭതേ | മുതിരുന്നു |
| പരിത്യജ്യ | കയ്യൊഴിക്കാതെ | തതഃ | അതിനാൽ |
| സുഖകാമഃ | സുഖേച്ഛുവായി | ദോഷഃ | വിപത്ത് |
| സുഖൈധിത: | സുഖസംവർദ്ധിതനായി | പ്രവർത്തതേ | സംഭവിക്കുന്നു. |

[പൌരുഷം മാത്രം അവലംബിച്ച് ധർമ്മത്തെ പരിത്യജിക്കുക എന്നതും വിപത്തിനു കാരണമായിത്തീരുന്നു എന്നു സാരം.

തിലകം:— ദരിദ്രനു ധർമ്മലാഭം ഉണ്ടാകില്ലെന്നുമാത്രമല്ല ദോഷപ്രാപ്തിയുംകൂടി ഉണ്ടാകുന്നു എന്നു സാധിക്കുന്നു. "യാതൊരുവൻ ഹസ്തപ്രാപ്തമായതിനെ ഉപേക്ഷിച്ചു സുഖേച്ഛുവായി ഭവിക്കുന്നുവോ അവൻ ഭ്രഷ്ടാർത്ഥനായിത്തീർന്നു സുഖാനുഭവത്തിൽ ഭ്രമിച്ച് അന്യായമായി പണം സമ്പാദിക്കുന്നതിൽ പ്രയതിക്കുകനിമിത്തം താഡനബന്ധനാദിരൂപമായ ദോഷത്തിന്നും പാത്രീഭവിക്കുന്നു".]

യസ്യാർത്ഥാസ്തസ്യ മിത്രാണി യസ്യാർത്ഥാസ്തസ്യ ബാന്ധവാഃ
യസ്യാർത്ഥാഃ സ പുമാൻ ലോകേ യസ്യാർത്ഥാഃ സ ച പണ്ഡിതഃ 35

| | | | |
|---|---|---|---|
| "യസ്യ | "യാതൊരുവന്ന് | അർത്ഥാഃ | ശരിയായ പ്രയത്നങ്ങളുണ്ടോ |
| അർത്ഥാഃ | സ്ഥിരോദ്ദേശങ്ങളാകുന്ന പൌരുഷമുണ്ടോ | സഃ | അവൻതന്നെയാണ് |
| തസ്യ മിത്രാണി | അവന്നു മിത്രന്മാരുണ്ട്; | ലോകേ | ലോകത്തിൽ |
| | | പുമാൻ | പുരുഷനായവൻ; |
| യസ്യ | യാതൊരുവന്ന് | യസ്യ | യാതൊരുവന്ന് |
| അർത്ഥാഃ | ശരിയായ ഉദ്ദേശങ്ങളുണ്ടോ | അർത്ഥാഃ | ശരിയായ നിശ്ചയങ്ങളുണ്ടോ |
| തസ്യ | അവന്ന് | | |
| ബാന്ധവാഃ | ബന്ധുക്കളുണ്ട്; | സഃ ച | അവൻതന്നെയാണ് |
| യസ്യ | യാതൊരുവന്ന് | പണ്ഡിതഃ | അറിവുള്ളവൻ. |

["യസ്യാർത്ഥാ:" (ധനം ഉള്ളവന്ന്) ഇത്യാദി. ഗോ. രാ. തി.]

യസ്യാർത്ഥാഃ സ ച വിക്രാന്തോ യസ്യാർത്ഥാഃ സ ച ബുദ്ധിമാൻ
യസ്യാർത്ഥാഃ സ മഹാഭാഗോ യസ്യാർത്ഥാഃ സ മഹാഗുണഃ 36

| | | | |
|---|---|---|---|
| യസ്യ | "എവന്നു | യസ്യ | യാതൊരുവന്ന് |
| അർത്ഥാഃ | പുരുഷപ്രയത്നങ്ങളുണ്ടോ | അർത്ഥാ: | ഉദ്യമങ്ങളുണ്ടോ |
| | | സ: | അവൻതന്നെയാകുന്നു |
| സഃ ച | അവൻതന്നെയാണ് | മഹാഭാഗഃ | ഭാഗ്യശാലി; |
| വിക്രാന്തഃ | ജയശാലി; | യസ്യ | എവന്നു |
| യസ്യ | യാതൊരുവന്നു | അർത്ഥാ: | പുരുഷപ്രയത്നങ്ങളുണ്ടോ |
| അർത്ഥാഃ | സ്ഥിരമായ ഉദ്ദേശങ്ങളുണ്ടോ | സ: | അവൻതന്നെയാണ് |
| സഃ ച | അവൻതന്നെയാണ് | മഹാഗുണ: | ഗുണസമ്പന്നനായിത്തീരുന്നത്. |
| ബുദ്ധിമാൻ | ബുദ്ധിശാലി; | | |

അർത്ഥസ്യൈതേ പരിത്യാഗേ ദോഷാഃ പ്രവ്യാഹൃതാ മയാ
രാജ്യമുത്സൃജതാ വീര യേന ബുദ്ധിസ്ത്വയാ കൃതാ. 37

| | | | |
|---|---|---|---|
| "വീര | "വീര്യശാലിയായയോ | അർത്ഥസ്യ | പൌരുഷത്തിന്റെ |
| രാജ്യം | രാജ്യത്തെ [നേ | പരിത്യാഗേ | പരിത്യാഗവിഷയത്തിൽ |
| ഉത്സൃജതാ | ഉപേക്ഷിച്ച | ഏതേ | മേൽപ്രകാരമുള്ള |
| ത്വയാ | നിന്തിരുവടിയാൽ | ദോഷാഃ | ദോഷങ്ങൾ |
| ബുദ്ധിഃ | ധർമ്മബുദ്ധി | മയാ | എന്നാൽ |
| കൃതാ | കയ്ക്കൊള്ളപ്പെട്ടു; | പ്രവ്യാഹൃതാഃ | ഉണർത്തിക്കപ്പെട്ടത്. |
| യേന | അതുകൊണ്ടുതന്നെയാണ് | | |

[രാജ്യത്തെ പരിത്യജിച്ചതു് ധർമ്മമായതുതന്നെ എന്നു സമ്മതിക്കാം. എന്നാൽ അതോടുകൂടി പൌരുഷവും അവലംബിക്കാത്തതുകൊണ്ടാണ് വ്യസനങ്ങൾനേരിട്ടതു്. അതിനാലാണ് പൌരുഷത്തെ ത്യജിജ്യക്കുന്നതിനാലുള്ള മേൽപറയപ്പെട്ട ദോഷങ്ങൾ എന്നാൽ ഉണർത്തിക്കപ്പെട്ടതു് എന്നു സാരം.

തിലകം:—"രാജ്യത്തെ ഉപേക്ഷിച്ചവനായ നിന്തിരുവടിയാൽ (യേന ഗുണേന) എന്തൊരു ഗുണത്താലാണ് അർത്ഥപരിത്യാഗവിഷയമായ ബുദ്ധി കയ്ക്കൊള്ളപ്പെട്ടതു? (ഞാൻ അതിനെ അറിയുന്നില്ല എന്നു ഭാവം)"

ഗോ. രാ:— രാജ്യത്തെ ഉപേക്ഷിച്ച നിന്തിരുവടിയാൽ (യേന ഗുണേന) യാതൊരു കാരണത്താൽ അർത്ഥപരിത്യാഗവിഷയത്തിൽ ബുദ്ധി കയ്ക്കൊള്ളപ്പെട്ടുവോ ആ കാരണത്താൽ ഈ ദോഷങ്ങൾ എന്നാൽ ഉണർത്തിക്കപ്പെട്ടു.]

യസ്യാർത്ഥാ ധർമ്മകാമാർത്ഥാസ്തസ്യ സർവ്വം പ്രദക്ഷിണം
അധനേനാർത്ഥകാമേന നാർത്ഥഃ ശക്യോ വിചിന്വതാ. 38

| | | | |
|---|---|---|---|
| "യസ്യ | "യാതൊരുവന്നു് | പ്രദക്ഷിണം | അനുകൂലമായിത്തീരുന്നു |
| അർത്ഥാഃ | പുരുഷപ്രയത്നങ്ങൾ ഉണ്ടോ | അധനേന | മൂലധനമില്ലാതെ |
| തസ്യ | അവന്നു് | അർത്ഥകാമേന | ധനത്തെ ആഗ്രഹിച്ചു |
| ധർമ്മകാമാർത്ഥാഃ | ധർമ്മാർത്ഥകാമങ്ങൾ സിദ്ധിക്കുന്നു | വിചിന്വതാ | സമ്പാദിപ്പാനുള്ള വഴി തേടുന്നവനാൽ |
| സർവ്വം | എല്ലാം | അർത്ഥഃ ശക്യഃ ന | ധനസമ്പാദനമെന്നതു് സാദ്ധ്യമല്ല |

[ധർമ്മാർത്ഥകാമങ്ങളാകുന്ന പുരുഷാർത്ഥങ്ങളുടെ സിദ്ധിക്കു് മൂലധനമായുള്ളതു് പുരുഷപ്രയത്നമാണെന്നു സാരം.

തിലകം:—വീണ്ടും അർത്ഥത്തെത്തന്നെ പുകഴ്ത്തുന്നു. "യാതൊരുവന്നു് അർത്ഥങ്ങളുണ്ടോ അവന്നു ധർമ്മകാമരൂപങ്ങളായ അർത്ഥങ്ങൾ പ്രയോജനത്തിൽ വരുന്നു." ഇത്യാദി]

ഹർഷഃ കാമശ്ച ദർപ്പശ്ച ധർമ്മഃ ക്രോധഃ ശമോ ദമഃ
അർത്ഥാദേതാനി സർവ്വാണി പ്രവർത്തന്തേ നരാധിപ 39

| | | | |
|---|---|---|---|
| "നരാധിപ | "നരേശ്വര | ശമഃ | മനഃശാന്തിയും |
| ഹർഷഃ | ഉത്സാഹവും | ദമഃ ച | ഇന്ദ്രിയനിഗ്രഹവും |
| കാമഃ ച | അഭീഷ്ടവും | ഏതാനിസർവ്വാണി | ഇവയെല്ലാം |
| ദർപ്പഃ | അഹങ്കാരവും | അർത്ഥാത് | പുരുഷപ്രയത്നംകൊണ്ടുതന്നെയാണു |
| ധർമ്മഃ | ധർമ്മവും | | |
| ക്രോധഃ | ക്രോധവും | പ്രവർത്തന്തേ | ഉളവാകുന്നതു്. |

[തിലകം:—അർത്ഥമുണ്ടായാൽ മാത്രമാണു് രാജാവിന്നു് സർവ്വഗുണങ്ങളുമുണ്ടാകുന്നതെന്നു പറയുന്നു.]

യേഷാം നശ്യത്യയം ലോകശ്ചരതാം ധർമ്മചാരിണാം
തേഽർത്ഥാസ്ത്വയി ന ദൃശ്യന്തേ ദുർദ്ദിനേഷു യഥാ ഗ്രഹാഃ 40

| | | | |
|---|---|---|---|
| "ധർമ്മചാരിണാം | "ധർമ്മത്തെ അനുഷ്ഠിക്കുന്നവർക്കു് | തേ | അപ്രകാരമുള്ള |
| | | അർത്ഥാഃ | പൌരുഷഗുണങ്ങൾ |
| യേഷാം | ഏവയുടെ | ദുർദ്ദിനേഷു | ദുർദ്ദിനങ്ങളിൽ |
| ചരതാം | അനുഷ്ഠാനംകൊണ്ടു് | ഗ്രഹാഃ യഥാ | സൂര്യാദി ഗ്രഹങ്ങളെന്നപോലെ |
| അയം | ഈ | | |
| ലോകഃ | ധർമ്മാർത്ഥകാമങ്ങളായ ഐഹികപുരുഷാർത്ഥം | ത്വയി | നിന്തിരുവടിയിൽ |
| | | ദൃശ്യന്തേ ന. | പ്രത്യക്ഷങ്ങളാകാതിരിക്കുന്നു |
| നശ്യതി | ഇല്ലാതാകുന്നുവോ | | |

[തിലകം:—സർവ്വത്തിന്നും മൂലമായ അർത്ഥം ഭവാനില്ലെന്നു പറയുന്നു. യാതൊരു ധർമ്മനിരതന്മാരായ താപസന്മാർക്കു അർത്ഥത്തിന്റെ അഭാവംകാരണം (അയം ലോകഃ) ഐഹികപുരുഷാർത്ഥങ്ങൾ ഇല്ലാതായിത്തീരുന്നു എന്നുള്ളതു സ്പഷ്ടമോ അപ്രകാരമുള്ള ഐഹികസുഖസാധനഭൂതമായ ധനം ഭവാന്റെ അധീനത്തിലല്ല."
ഗോ. രാ:—അർത്ഥമെന്നതു ആമുഷ്മികമായ ശ്രേയസ്സിന്നു് സാധനഭൂതം മാത്രമല്ല, ഐഹികശ്രേയസ്സിന്നും സാധനമാകുന്നു. അപ്രകാരമുള്ള അർത്ഥം ശ്രീരാമങ്കലില്ലെന്നു പറയുന്നു.]

ത്വയി പ്രവ്രാജിതേ വീര ഗുരോശ്ച വചനേ സ്ഥിതേ
രക്ഷസാഽപഹൃതാ ഭാര്യ്യാ പ്രാണൈഃ പ്രിയതരാ തവ. 41

| | | | |
|---|---|---|---|
| "വീര | "വീര | തവ | നിന്തിരുവടിയുടെ |
| ഗുരോഃ | പിതാവിന്റെ | പ്രാണൈഃ | പ്രാണങ്ങളേക്കാൾ |
| വചനേ | ആജ്ഞയാകുന്ന ധർമ്മ(ത്തിൽ | പ്രിയതരാ | പ്രിയപ്പെട്ടവളായ |
| സ്ഥിതേ | വർത്തിച്ച | ഭാര്യ്യാ | പ്രേയസി |
| ത്വയി | നിന്തിരുവടി | രക്ഷസാ | രാക്ഷസനാൽ |
| പ്രവ്രാജിതേ ച | വനവാസത്തെ കയ്ക്കൊണ്ടിരിക്കുമ്പോൾ | അപഹൃതാ | അപഹരിക്കപ്പെട്ടു. |

തദദ്യ വിപുലം വീര ദുഃഖമിന്ദ്രജിതാ കൃതം
കർമ്മണാ വ്യപനേഷ്യാമി തസ്മാദുത്തിഷ്ഠ രാഘവ. 42

| | | | |
|---|---|---|---|
| ''വീര | "ധർമ്മവീരനായ | വിപുലം | അസഹ്യമായ |
| രാഘവ | ശ്രീരാമ | ദുഃഖം | വ്യസനത്തെ |
| തത് | ആകയാൽ | കർമ്മണാ | എന്റെ പൌരുഷകൃത്യത്താൽ |
| അദ്യ | ഇപ്പോൾ. | വ്യപനേഷ്യാമി | ഞാൻ ദൂരീകരിക്കാം; |
| ഇന്ദ്രജിതാ | ഇന്ദ്രജിത്തിനാൽ | തസ്മാത് | അതിനാൽ |
| കൃതം | ചെയ്യപ്പെട്ടതായ | ഉത്തിഷ്ഠ | എഴുന്നേററാലും. |

[ഭവാന്റെ കേവലധർമ്മാവലംബനത്താൽ നേരിട്ട ദുഃഖത്തെ എന്റെ പൌരുഷത്തെ അവലംബിച്ച് ഞാൻ നിവൃത്തിയാക്കുന്നുണ്ട്. എന്നു സാരം]

ഉത്തിഷ്ഠ നരശാർദ്ദൂല ദീർഘബാഹോ ദൃഢവ്രത
കിമാത്മാനം മഹാത്മാനമാത്മാനം നാവബുദ്ധ്യസേ. 43

| | | | |
|---|---|---|---|
| "ദീർഘബാഹോ | മഹാബാഹുവായുള്ളോവെ | ആത്മാനം | നിന്തിരുവടിയെ |
| ദൃഢവ്രത | വ്രതനിഷ്ഠയോടുകൂടിയ | മഹാത്മാനം | സർവ്വശക്തനായ |
| നരശാർദ്ദൂല | പുരുഷോത്തമ | ആത്മാനം | പരമാത്മാവാണെന്നു |
| ഉത്തിഷ്ഠ | പൌരുഷത്തെ അവലംബിച്ചാലും | കിം | എന്താണ് |
| | | അവബുദ്ധ്യസേ ന | സ്മരിക്കാതിരിക്കുന്നു? |

അയമനഘ തവോദിതഃ പ്രിയാർത്ഥം
ജനകസുതാനിധനം നിരീക്ഷ്യ രുഷ്ടഃ
സഹയഗജരഥാം സരാക്ഷസേന്ദ്രാം
ഭൃശമിഷുഭിർവ്വിനിപാതയാമി ലങ്കാം. 44

| | | | |
|---|---|---|---|
| "അനഘ | പരിശുദ്ധമൂർത്തിയായുള്ളോവെ | രുഷ്ടഃ | കുപിതനായി |
| തവ | നിന്തിരുവടിക്ക് | ഇഷുഭിഃ | ബാണങ്ങൾകൊണ്ട് |
| പ്രിയാർത്ഥം | കൈങ്കര്യം ചെയ്യുന്നതിന്നായി | ലങ്കാം | ലങ്കയെ |
| ഉദിതഃ | ജന്മമെടുത്തവനായ | സഹയഗജരഥാം | കുതിരകൾ, ആനകൾ രഥങ്ങൾ എന്നിവയടക്കം |
| അയം | ഈ ഞാൻ | സരാക്ഷസേന്ദ്രാം | രാക്ഷസശ്രേഷ്ഠന്മാരടക്കം |
| ജനകസുതാനിധനം | ജാനകീദേവിയുടെ വധത്തെ | ഭൃശം | ഇക്ഷണംതന്നെ |
| നിരീക്ഷ്യ | ഓർത്ത് | വിനിപാതയാമി | ഉന്മൂലനംചെയ്യുന്നുണ്ട്. |

ഇത്യാർഷേ ശ്രീമദ്രാമായണേ വാൽമീകീയേ ആദികാവ്യേ യുദ്ധകാണ്ഡേ
ത്ര്യശീതിതമഃ സർഗ്ഗഃ=എൺപത്തിമൂന്നാംസർഗ്ഗം സമാപ്തം.

ആദ്യംമുതൽ ശ്ലോകസംഖ്യ 18620; യുദ്ധകാണ്ഡം ആദ്യംമുതൽ ശ്ലോകസംഖ്യ 3945

## ചതുരശീതിതമഃ സർഗ്ഗഃ = എൺപത്തിനാലാം സർഗ്ഗം.

[ഇന്ദ്രജിദ്വധോപായദർശനം=ഇന്ദ്രജിത്തിനെ വധിപ്പാനുള്ള ഉപായത്തെപ്പററി വിഭീഷണൻ പറയുന്നത്]

രാമമാശ്വാസയാനേ തു ലക്ഷ്മണേ ഭ്രാതൃവത്സലേ
നിക്ഷിപ്യ ഗുല്മാൻ സ്വസ്ഥാനേ തത്രാഗച്ഛദ്വിഭീഷണഃ 1
നാനാപ്രഹരണൈർവ്വീരൈശ്ചതുർഭിഃ സചിവൈർവൃതഃ
നീലാഞ്ജനചയാകാരൈർമ്മാതംഗൈരിവ യൂഥപഃ 2

| | |
|---|---|
| തു | അപ്പോൾ |
| ഭ്രാതൃവത്സലേ | ഭ്രാതൃവത്സലനായ |
| ലക്ഷ്മണേ | ലക്ഷ്മണൻ |
| രാമം | ശ്രീരാമനെ |
| ആശ്വാസയാനേ | സമാശ്വസിപ്പിച്ചു കൊണ്ടിരിക്കെ |
| വിഭീഷണഃ | വിഭീഷണൻ |
| ഗുല്മാൻ | സൈന്യവകുപ്പുകളെ |
| സ്വസ്ഥാനേ | അതാതു സ്ഥാനങ്ങളിൽ |
| നിക്ഷിപ്യ | ഉറപ്പിച്ചശേഷം |
| നാനാ-പ്രഹരണൈഃ | പല ആയുധങ്ങൾ ധരിച്ച |
| വീരൈഃ | ശൂരന്മാരും |
| നീലാഞ്ജന-ചയാകാരൈഃ | കറുത്ത അഞ്ജനമല പോന്നവരുമായ |
| ചതുർഭിഃ | നാലു |
| സചിവൈഃ | മന്ത്രിമാരാൽ |
| മാതംഗൈഃ | മദഗജങ്ങളാൽ |
| യൂഥപഃ | ആനത്തലവൻ |
| ഇവ | എന്നപോലെ |
| വൃതഃ | ചുഴപ്പെട്ടവനായി |
| തത്ര | അവിടെ |
| ആഗച്ഛത് | വന്നു ചേൎന്നു |

സോഽഭിഗമ്യ മഹാത്മാനം രാഘവം ശോകലാലസം
വാനരാംശ്ചൈവ ദദൃശേ ബാഷ്പപര്യാകുലേക്ഷണാൻ 3

| | |
|---|---|
| സഃ | അദ്ദേഹം |
| അഭിഗമ്യ | സമീപത്തിൽ വന്നു |
| മഹാത്മാനം | മഹാത്മാവായ |
| രാഘവം | ശ്രീരാമനെ |
| ശോക-ലാലസം ച | ശോകാൎത്തനായും |
| വാനരാൻ | വാനരന്മാരെ |
| ബാഷ്പപര്യാകു-ലേക്ഷണാൻ ഏവ | കണ്ണുനീരാൽ കലുഷിതമായ നേത്രങ്ങളോടുകൂടിയവരായും ഇരിക്കുന്നത് |
| ദദൃശേ. | കണ്ടു. |

രാഘവം ച മഹാത്മാനമിക്ഷ്വാകുകുലനന്ദനം
ദദർശ മോഹമാപന്നം ലക്ഷ്മണസ്യാങ്കമാസിതം. 4

| | |
|---|---|
| മഹാത്മാനം | മഹാത്മാവും |
| ഇക്ഷ്വാകു-കുലനന്ദനം | ഇക്ഷ്വാകുവംശത്തിലുദിച്ചവനുമായ |
| രാഘവം | ശ്രീരാഘവനെ |
| ച | വീണ്ടും |
| മോഹം | മൂൎച്ഛ |
| ആപന്നം | പ്രാപിച്ചവനായി |
| ലക്ഷ്മണസ്യ | ലക്ഷ്മണന്റെ |
| അങ്കം | മടിയിൽ |
| ആസിതം | ചാഞ്ഞുകൊണ്ടിരിക്കുവനായി |
| ദദൎശ. | കണ്ടു. |

വ്രീഡിതം ശോകസന്തപ്തം ദൃഷ്ട്വാ രാമം വിഭീഷണഃ
അന്തർദ്ദുഃഖേന ദീനാത്മാ കിമേതദിതി സോഽബ്രവീത് 5

| | | | |
|---|---|---|---|
| സഃ | ആ | ദൃഷ്ട്വാ | കണ്ട് |
| വിഭീഷണഃ | വിഭീഷണൻ | അന്തർദ്ദുഃഖേന | അന്തസ്താപത്താൽ |
| വ്രീഡിതം | ഒന്നുമുരചെയ്യാതെ ഒതുങ്ങി | ദീനാത്മാ | മനസ്സുഴറിയവനായി |
| | | "ഏതത് | "ഇത് |
| ശോകസന്തപ്തം | ശോകത്താൽ തപിച്ചു കൊണ്ടിരുന്നവനായ | കിം | എന്താണ്" |
| | | ഇതി | എന്നു |
| രാമം | ശ്രീരാമനെ | അബ്രവീത്. | ചോദിച്ചു. |

വിഭീഷണമുഖം ദൃഷ്ട്വാ സുഗ്രീവം താംശ്ച വാനരാൻ
ലക്ഷ്മണോവാച മന്ദാർത്ഥമിദം ബാഷ്പപരിപ്ലുതഃ 6

| | | | |
|---|---|---|---|
| ലക്ഷ്മണഃ | ലക്ഷ്മണൻ | ദൃഷ്ട്വാ | നോക്കി |
| വിഭീഷണമുഖം | വിഭീഷണന്റെ മുഖ | ബാഷ്പപരിപ്ലുതഃ | കണ്ണുനീർ പെരുകി |
| സുഗ്രീവം | സുഗ്രീവനേയും [ത്തേയും | മന്ദാർത്ഥം | ഉത്സാഹമില്ലാതെ |
| താൻ | ആ | ഇദം | ഇപ്രകാരം |
| വാനരാൻ ച | വാനരന്മാരേയും | ഉവാച. | ഉരചെയ്തു. |

ഹതാമിന്ദ്രജിതാ സീതാമിഹ ശ്രുത്വൈവ രാഘവഃ
ഹനുമദ്വചനാത് സൗമ്യ തതോ മോഹമുപാഗതഃ 7

| | | | |
|---|---|---|---|
| "സൗമ്യ | "പുണ്യാത്മാവേ | ഇന്ദ്രജിതാ | ഇന്ദ്രജിത്തിനാൽ |
| രാഘവഃ | ശ്രീരാഘവൻ | ഹതാം | വധിക്കപ്പെട്ടവളായി |
| ഹനു- | ഹനുമാന്റെ വാക്ക | ശ്രുത്വാ | കേട്ടറിഞ്ഞ് |
| മദ്വചനാത് | കൊണ്ട് | തതഃ ഏവ | അക്ഷണംതന്നെ |
| ഇഹ | ഇപ്പോൾ | മോഹം | മൂർച്ഛിച്ചു." |
| സീതാം | സീതാദേവിയെ | ഉപാഗതഃ." | |

കഥയന്തം തു സൗമിത്രിം സംനിവാര്യ വിഭീഷണഃ
പുഷ്കലാർത്ഥമിദം വാക്യം വിസംജ്ഞം രാമമബ്രവീത്. 8

| | | | |
|---|---|---|---|
| വിഭീഷണഃ | വിഭീഷണൻ | വിസംജ്ഞം | പ്രജ്ഞയററിരുന്ന |
| കഥയന്തം | മേൽപ്രകാരം പറഞ്ഞു കൊണ്ടിരുന്ന | രാമം | ശ്രീരാമനെ നോക്കി |
| | | പുഷ്കലാർത്ഥം | സാരഗർഭമായ |
| സൗമിത്രിം | ലക്ഷ്മണനെ | വാക്യം | ഒരു വാക്കിനെ |
| തു | ആ സമയം | ഇദം | ഇപ്രകാരം |
| സംനിവാര്യ | തടുത്തുകൊണ്ട് | അബ്രവീത്. | ഉണർത്തിച്ചു. |

മനുജേന്ദ്രാർത്തരൂപേണ യദുക്തം ച ഹനൂമതാ
തദയുക്തമഹം മന്യേ സാഗരസ്യേവ ശോഷണം. 9

| | | | |
|---|---|---|---|
| "മനുജേന്ദ്ര | "പുരുഷോത്തമ | സാഗരസ്യ | സമുദ്രത്തെ |
| ആർത്തരൂപേണ | ദുഃഖാർത്തനായ | ശോഷണം | } വററിക്കുക എന്നതു |
| ഹനൂമതാ | ഹനൂമാനാൽ | ഇവ | } പോലെ |
| യത് | യാതൊന്നു് | അയുക്തം ച | അസാദ്ധ്യംതന്നെ |
| ഉക്തം | ഉണർത്തിക്കപ്പെട്ടുവോ | അഹം | ഞാൻ [യെന്നാണ് |
| തത് | ആയതു് | മന്യേ. | വിചാരിക്കുന്നതു്. |

അഭിപ്രായം തു ജാനാമി രാവണസ്യ ദുരാത്മനഃ
സീതാം പ്രതി മഹാബാഹോ ന ച ഘാതം കരിഷ്യതി. 10

| | | | |
|---|---|---|---|
| "മഹാബാഹോ | "വീര | അഭിപ്രായം തു | മനോഭാവത്തേയും |
| ദുരാത്മനഃ | ദുരാത്മാവായ | ജാനാമി | ഞാൻ അറിയുന്നുണ്ടു്; |
| രാവണസ്യ | രാവണന്നു് | ഘാതം | വധമെന്നതു് |
| സീതാം പ്രതി | സീതയെക്കുറിച്ചുള്ള | കരിഷ്യതി | } ഒരിക്കലും ചെയ്യുക |
| | തായ | ന ച. | } യില്ല. |

യാച്യമാനസ്തു ബഹുശോ മയാ ഹിതചികീർഷുണാ
വൈദേഹീമുത്സൃജസ്വേതി ന ച തത് കൃതവാൻ വചഃ 11

| | | | |
|---|---|---|---|
| "ഹിത- | } "നന്മ ചെയ്യേണമെ | ഇതി | എന്നു് |
| ചികീർഷുണാ | } ന്നു് ആഗ്രഹിച്ച | യാച്യമാനഃ തു | അപേക്ഷിക്കപ്പെടുന്ന |
| മയാ | എന്നാൽ | തത് | ആ [വനായിരുന്നിട്ടും |
| ബഹുശഃ | പലപ്രാവശ്യവും | വചഃ ച | വാക്യത്തെ ഒട്ടും |
| 'വൈദേഹീം | 'സീതാദേവിയെ | കൃതവാൻ ന. | സ്വീകരിക്കയുണ്ടാ |
| ഉത്സൃജസ്വ | വിട്ടേയ്ക്കുക' | | യില്ല. |

നൈവ സാമ്നാ ന ദാനേന ന ഭേദേന കുതോ യുധാ
സാ ദ്രഷ്ടുമപി ശക്യേത നൈവ ചാന്യേന കേനചിത്. 12

| | | | |
|---|---|---|---|
| "സാ | "ആ ദേവി | ന | അല്ല; |
| സാമ്നാ അപി | സാമോപായത്താലും | യുധാ | ദണ്ഡംകൊണ്ടു് |
| ദ്രഷ്ടും | കാണുന്നതിന്നു | കുതഃ ഏവ | പിന്നെ സംശയിപ്പാ |
| ശക്യേത ന | കഴിയപ്പെടാവുന്നവളല്ല | | നുണ്ടോ |
| ദാനേന | ദാനത്താലും [ല്ല; | അന്യേന | } മററു് യാതൊന്നിനാ |
| ന | അല്ല; | കേനചിത് ച | } ലുംതന്നെ |
| ഭേദേന | ഭേദോപായംകൊണ്ടും | ന ഏവ. | സാധിക്കാവുന്നതല്ല. |

വാനരാൻ മോഹയിത്വാ തു പ്രതിയാതഃ സ രാക്ഷസഃ
ചൈത്യം നികുംഭിലാം നാമ യത്ര ഹോമം കരിഷ്യതി. 13

| | | | |
|---|---|---|---|
| "സഃ | "ആ | ചൈത്യം | യാഗശാലയിലേക്കു് |
| രാക്ഷസഃ | ഇന്ദ്രജിത്തു് | പ്രതിയാതഃ | പോയിട്ടുണ്ടു്; |
| വാനരാൻ | വാനരന്മാരെ | യത്ര | യാതൊരു ആ സ്ഥല |
| മോഹയിത്വാ | വഞ്ചിച്ചു് | ഹോമം | ഹോമത്തെ [ത്തു് |
| തു | ഇപ്പോൾ | കരിഷ്യതി. | അവൻ ചെയ്യുന്നതാ |
| നികുംഭിലാം നാമ | നികുംഭിലയെന്ന | | ണു്. |

ഹുതവാനുപയാതോ ഹി ദേവൈരപി സവാസവൈഃ
ദുരാധർഷോ ഭവത്യേവ സംഗ്രാമേ രാവണാത്മജഃ 14

| | | | |
|---|---|---|---|
| "രാവണാത്മജഃ | "ഇന്ദ്രജിത്ത് | സവാസവൈഃ | ഇന്ദ്രനടങ്ങിയ |
| ഹുതവാൻ | ഹോമം പൂർത്തിയാക്കിയവനായി | ദേവൈഃ അപി | ദേവന്മാരാലും |
| ഉപയാതഃ ഹി | വരുന്നതാണെങ്കിൽ | ദുരാധർഷഃ | ദുഷ്പ്രധൃഷ്യനായി |
| സംഗ്രാമേ | പോരിൽ | ഭവതി ഏവ· | തീരുന്നതാണ് നിശ്ചയം |

തേന മോഹയതാ നൂനമേഷാ മായാ പ്രയോജിതാ
വിഘ്നമന്വിച്ഛതാ തത്ര വാനരാണാം പരാക്രമേ. 15

| | | | |
|---|---|---|---|
| "തത്ര | "അവിടെ നികുംഭിലയിൽ | മോഹയതാ | വഞ്ചിക്കുന്ന |
| വാനരാണാം | വാനരന്മാരുടെ | തേന | അവനാൽ |
| പരാക്രമേ | പരാക്രമംകാരണം | ഏഷാ മായാ | ഈ മായ |
| വിഘ്നം | മുടക്കം നേരിടുമെന്ന് | പ്രയോജിതാ | പ്രയോഗിക്കപ്പെട്ടതാണ് |
| അന്വിച്ഛതാ | ശങ്കിക്കുന്നവനായി | നൂനം. | തീർച്ച തന്നെ. |

സസൈന്യാസ്തത്ര ഗച്ഛാമോ യാവത് തന്ന സമാപ്യതേ
ത്യജേമം നരശാർദ്ദൂല മിഥ്യാ സന്താപമാഗതം. 16

| | | | |
|---|---|---|---|
| "നരശാർദ്ദൂല | "പുരുഷോത്തമ | തത് | ആ ഹോമം |
| ഇമം | ഈ | സമാപ്യതേ ന യാവത് | അവസാനിക്കുന്നതിനു മുമ്പ് |
| മിഥ്യാ | ചതിയാൽ | തത്ര | ആ നികുംഭിലയിലേക്കു |
| ആഗതം | സംഭവിച്ചിട്ടുള്ള | സസൈന്യാഃ | സൈന്യത്തോടുകൂടി |
| സന്താപം | മനഃക്ലേശത്തെ | ഗച്ഛാമഃ | നാം പോവുക. |
| ത്യജ | വിട്ടൊഴിച്ചാലും; | | |

സീദതേ ഹി ബലം സർവ്വം ദൃഷ്ട്വാ ത്വാം ശോകകർശിതം. 17

| | | | |
|---|---|---|---|
| "ബലം | "സൈന്യം | ശോകകർശിതം | വ്യസനാക്രാന്തനായി |
| സർവ്വം ഹി | ആസകലം | ദൃഷ്ട്വാ | കണ്ട് |
| ത്വാം | നിന്തിരുവടിയെ | സീദതേ. | ഉഴറുന്നു. |

ഇഹ ത്വം സ്വസ്ഥഹൃദയസ്തിഷ്ഠ സത്വസമുച്ഛ്രിതഃ
ലക്ഷ്മണം പ്രേഷയാസ്മാഭിഃ സഹ സൈന്യാനുകർഷിഭിഃ 18

| | | | |
|---|---|---|---|
| "ത്വം | "നിന്തിരുവടി | സൈന്യാനുകർഷിഭിഃ | സൈന്യങ്ങളെ നയിച്ചുകൊണ്ടുപോകുന്ന |
| സ്വസ്ഥഹൃദയഃ | മനഃസമാധാനത്തോടെ | അസ്മാഭിഃ | ഞങ്ങളോടു |
| സത്വസമുച്ഛ്രിതഃ | പൌരുഷം കൈക്കൊണ്ടു | സഹ | കൂടി |
| ഇഹ | ഇവിടെ | ലക്ഷ്മണം | സൌമിത്രിയെ |
| തിഷ്ഠ | ഇരുന്നരുളിയാലും; | പ്രേഷയ. | പറഞ്ഞയച്ചാലും. |

ഏഷ തം നരശാർദ്ദൂലോ രാവണിം നിശിതൈഃ ശരൈഃ
ത്യാജയിഷ്യതി തത് കൎമ്മ തതോ വധ്യോ ഭവിഷ്യതി. 19

| | | | |
|---|---|---|---|
| "ഏഷഃ | "ഈ | തത് | ആ |
| നരശാർദ്ദൂലഃ | പുരുഷോത്തമൻ | കൎമ്മ | ഹോമകൃത്യത്തെ |
| നിശിതൈഃ | തീക്ഷ്ണങ്ങളായ | ത്യാജയിഷ്യതി | ഉപേക്ഷിപ്പിക്കുന്നതാ[ണ്; |
| ശരൈഃ | ബാണങ്ങളാംകൊണ്ടു | തതഃ | അപ്പോഠം |
| തം | ആ | വധ്യഃ | അവൻ വധ്യനായും |
| രാവണിം | ഇന്ദ്രജിത്തിനെക്കൊണ്ട് | ഭവിഷ്യതി. | ഭവിക്കും. |

തസ്യൈതേ നിശിതാസ്തീക്ഷ്ണാഃ പത്രിപത്രാംഗവാജിനഃ
പതത്രിണ ഇവാസൌമ്യാഃ ശരാഃ പാസ്യന്തി ശോണിതം. 20

| | | | |
|---|---|---|---|
| "നിശിതാഃ | "കൂൎത്തമൂൎത്തുള്ളവയും | അസൌമ്യാ | ഭയങ്കരങ്ങളുമായ |
| തീക്ഷ്ണാഃ | തീക്ഷ്ണങ്ങളും | തസ്യ | അദ്ദേഹത്തിന്റെ |
| പതത്രിണഃ ഇവ | പക്ഷികളെന്നപോലെ | ഏതേ ശരാഃ | ഈ ബാണങ്ങളാം |
| പത്രിപത്രാംഗ വാജിനഃ | തൂവൽ കെട്ടപ്പെട്ട് അതിവേഗത്തിൽ ചെല്ലുന്നവയും | ശോണിതം | രക്തത്തെ |
| | | പാസ്യന്തി | പാനംചെയ്യുന്നതാണ്. |

തം സന്ദിശ മഹാബാഹോ ലക്ഷ്മണം ശുഭലക്ഷണം
രാക്ഷസസ്യ വിനാശായ വജ്രം വജ്രധരോ യഥാ. 21

| | | | |
|---|---|---|---|
| "മഹാബാഹോ | "മഹാബാഹോ | തം | ആ |
| രാക്ഷസസ്യ | രാക്ഷസനായ ഇന്ദ്രജിത്തിന്റെ | ലക്ഷ്മണം | സൌമിത്രിയെ |
| വിനാശായ | നിഗ്രഹത്തിന്നായി | വജ്രധരഃ | ഇന്ദ്രൻ |
| ശുഭലക്ഷണം | ശുഭലക്ഷണങ്ങളോടു കൂടിയവനായ | വജ്രം | വജ്രായുധത്തെ |
| | | യഥാ | എന്ന പോലെ |
| | | സന്ദിശ. | നിയോഗിച്ചയച്ചാലും. |

മനുജവര ന കാലവിപ്രകൎഷോ
രിപുനിധനം പ്രതിയത് ക്ഷമോऽദ്യ കൎത്തും
ത്വമതിസൃജ രിപോൎവ്വധായ വാണീ-
മമരരിപോൎമ്മഥനേ യഥാ മഹേന്ദ്രഃ 22

| | | | |
|---|---|---|---|
| "മനുജവര | "പുരുഷോത്തമ | മഹേന്ദ്രഃ | ദേവേന്ദ്രൻ |
| രിപുനിധനം പ്രതി | ശത്രുവിനെ നിഗ്രഹിക്കുന്ന വിഷയത്തിൽ | അമരരിപോഃ | ദേവാരിയുടെ |
| കാലവിപ്രകൎഷഃ | കാലതാമസം | മഥനേ | നിഗ്രഹത്തിൽ |
| കൎത്തും | വരുത്തുന്നത് | യഥാ | എപ്രകാരമോ അപ്രകാരം |
| ക്ഷമഃ ന | ശരിയല്ല; | രിപോഃ | വൈരിയുടെ |
| യത് | അതിനാൽ | വധായ | വധത്തിന്നായി |
| ത്വം | നിന്തിരുവടി | അദ്യ | ഇപ്പോഠം |
| | | വാണീം അതിസൃജ. | ആജ്ഞാപിച്ചരുളിയാലും. |

സമാപ്തകർമ്മാ ഹി സ രാക്ഷസാധിപോ
ഭവത്യദൃശ്യഃ സമരേ സുരാസുരൈഃ
യുയുത്സതാ തേന സമാപ്തകർമ്മണാ
ഭവേത് സുരാണാമപി സംശയോ മഹാൻ 23

| | | | |
|---|---|---|---|
| "സഃ | ''ആ | ഭവതി | ഭവിക്കുന്നതാണ്; |
| രാക്ഷസാധിപഃ | രാക്ഷസേശ്വരൻ | സമാപ്തകർമ്മണാ | ക്രിയപൂർത്തിയാക്കി |
| സമാപ്തകർമ്മാ ഹി | ഹോമത്തെ പൂർത്തിയാക്കുന്നുവെങ്കിൽ | യുയുത്സതാ | യുദ്ധോത്സുകനായ്വരുന്ന |
| സമരേ | പോരിൽ | തേന | അവനാൽ |
| സുരാസുരൈഃ | ദേവന്മാരാലും അസുരന്മാരാലും | സുരാണാം അപി | ദേവന്മാർക്കുംകൂടി |
| അദൃശ്യഃ | കാണ്മാൻ കഴിയാത്തവനായി | മഹാൻ | അതിയായ |
| | | സംശയഃ | ആപത്ത് |
| | | ഭവേത്." | സംഭവിച്ചേക്കുന്നതാണ്. |

ഇത്യാർഷേ ശ്രീമദ്രാമായണേ വാല്മീകീയേ ആദികാവ്യേ യുദ്ധകാണ്ഡേ
ചതുരശീതിതമഃ സർഗ്ഗഃ = എൺപത്തിനാലാം സർഗ്ഗം സമാപ്തം
ആദ്യം മുതൽ ശ്ലോകസംഖ്യ 18643; യുദ്ധകാണ്ഡം ആദ്യം മുതൽ ശ്ലോകസംഖ്യ 3968

—oo—

## പഞ്ചാശീതിതമഃ സർഗ്ഗഃ = എൺപത്തഞ്ചാംസർഗ്ഗം

ഇന്ദ്രജിദ്വധായ ലക്ഷ്മണനിർഗ്ഗമനം=ഇന്ദ്രജിത്തിനെ വധിപ്പാനായി ലക്ഷ്മണൻ പുറപ്പെടുന്നത്]

തസ്യ തദ്വചനം ശ്രുത്വാ രാഘവഃ ശോകകർശിതഃ
നോപധാരയതേ വ്യക്തം യദുക്തം തേന രക്ഷസാ 1

| | | | |
|---|---|---|---|
| ശോകകർശിതഃ | ശോകത്താൽ വാടിയിരുന്ന | തേന | ആ |
| രാഘവഃ | ശ്രീരാഘവൻ | രക്ഷസാ | രാക്ഷസനാൽ |
| തസ്യ | വിഭീഷണന്റെ | യത് | യാതൊന്ന് |
| തത് | ആ | ഉക്തം | ഉരചെയ്യപ്പെട്ടു എന്നുള്ളതിനെ |
| വചനം | വാക്യത്തെ | വ്യക്തം | വ്യക്തമായി |
| ശ്രുത്വാ | കേട്ട് | ഉപധാരയതേ ന. | ഉണർന്നില്ല. |

തതോ ധൈര്യമവഷ്ടഭ്യ രാമഃ പരപുരഞ്ജയഃ
വിഭീഷണമുപാസീനമുവാച കപിസന്നിധൌ 2

| | | | |
|---|---|---|---|
| പരപുരഞ്ജയഃ | ശത്രുപുരവിധ്വംസകനായ | ഉപാസീനം | അടുത്തിരുന്നിരുന്ന |
| രാമഃ | ശ്രീരാമൻ | വിഭീഷണം | വിഭീഷണനോടായി |
| തതഃ | അപ്പോൾ | കപിസന്നിധൌ | വാനരസന്നിധിയിൽ വെച്ച് |
| ധൈര്യം അവഷ്ടഭ്യ | ധൈര്യമവലംബിച്ച് | ഉവാച. | ഇങ്ങിനെ അരുളിച്ചെയ്തു. |

നൈരൃതാധിപതേ വാക്യം യദുക്തം തേ വിഭീഷണ
ഭൂയസ്തച്ഛ്രോതുമിച്ഛാമി ബ്രൂഹി യത് തേ വിവക്ഷിതം. 3

| | | | |
|---|---|---|---|
| "നൈരൃതാധിപതേ | "രാക്ഷസാധിപ | ഭൂയഃ | വീണ്ടും |
| വിഭീഷണ! | വിഭീഷണ! | ശ്രോതും | കേൾപ്പാൻ |
| തേ | ഭവാനാൽ | ഇച്ഛാമി | ഞാൻ ഇച്ഛിക്കുന്നു; |
| യത് വാക്യം | യാതൊരു സംഗതി | തേ | ഭവാന്റെ |
| ഉക്തം | പറയപ്പെട്ടുവോ | വിവക്ഷിതം | അഭിപ്രായം |
| തത് | അതിനെക്കുറിച്ച് | യത് | യാതൊന്നോ അതിനെ |
| | | ബ്രൂഹി. | ഉരചെയ്താലും. |

രാഘവസ്യ വചഃ ശ്രുത്വാ വാക്യം വാക്യവിശാരദഃ
യത്തത് പുനരിദം വാക്യം ബഭാഷേ സ വിഭീഷണഃ 4

| | | | |
|---|---|---|---|
| വാക്യവിശാരദഃ | പറവാൻ മിടുക്കുള്ളവനായ | യത് | മുൻപറഞ്ഞ യാതൊരു |
| സഃ | ആ | തത് വാക്യം | ആ വാക്യത്തേയും |
| വിഭീഷണഃ | വിഭീഷണൻ | പുനഃ | കൂടാതെ |
| രാഘവസ്യ | ശ്രീരാമന്റെ | വാക്യം | ഒരു സംഗതിയേയും |
| വചഃ | അരുളപ്പാട് | ഇദം | ഇപ്രകാരം |
| ശ്രുത്വാ | കേട്ട് | ബഭാഷ. | ഉണർത്തിച്ചു. |

യഥാഽഽജ്ഞപ്തം മഹാബാഹോ ത്വയാ ഗുൽമനിവേശനം
തത് തഥാഽനുഷ്ഠിതം വീര ത്വദ്വാക്യസമനന്തരം. 5

| | | | |
|---|---|---|---|
| "വീര! | "വീരനായുള്ളോവേ! | ആജ്ഞപ്തം | കല്പിക്കപ്പെട്ടുവോ |
| മഹാബാഹോ! | മഹാബാഹോ! | തത് | അത് |
| ത്വയാ | നിന്തിരുവടിയാൽ | ത്വദ്വാക്യ-സമനന്തരം | നിന്തിരുവടി കല്പിച്ച ഉടനെത്തന്നെ |
| ഗുല്മനിവേശനം | സൈന്യത്തെ അണി നിരത്തുന്നതിനെക്കുറിച്ച് | തഥാ | അപ്രകാരം |
| യഥാ | എപ്രകാരം | അനുഷ്ഠിതം | ചെയ്യപ്പെട്ടു. |

താന്യനീകാനി സർവ്വാണി വിഭക്താനി സമന്തതഃ
വിന്യസ്താ യൂഥപാശ്ചൈവ യഥാന്യായം വിഭാഗശഃ 6

| | | | |
|---|---|---|---|
| "താനി | "ആ | യൂഥപാഃ ഏവ | പടത്തലവന്മാരും |
| അനീകാനി | സൈന്യങ്ങളും | വിഭാഗശഃ | അണിതോറും |
| സർവ്വാണി ച | എല്ലാം തന്നെ | യഥാന്യായം | ഉചിതം പോലെ |
| സമന്തതഃ | നാലുദിക്കിലുമായി | വിന്യസ്താഃ. | നിയമിക്കപ്പെട്ടു കഴിഞ്ഞു. |
| വിഭക്താനി | വകുക്കപ്പെട്ടു; | | |

ഭൂയസ്തു മമ വിജ്ഞാപ്യം തച്ഛൃണുഷ്വ മഹായശഃ 7

| | | | |
|---|---|---|---|
| "മഹായശഃ | "പുകഴേറിയവനേ | വിജ്ഞാപ്യം തു | ഉണർത്തിക്കേണ്ടതായൊന്നുണ്ട് |
| ഭൂയഃ | ഇനിയും | തത് | ആയതിനെ |
| മമ | എനിക്ക് | ശൃണുഷ്വ. | ചെവിക്കൊണ്ടാലും. |

ത്വദകാരണസംതപ്തേ സന്തപ്തഹൃദയാ വയം
ത്യജ രാജന്നിമം ശോകം മിഥ്യാസന്താപമാഗതം. 8

| | | | |
|---|---|---|---|
| "ത്വയി | "നിന്തിരുവടി | രാജൻ! | സാർവ്വഭൌമനായുള്ളോ[വേ |
| അകാരണസംതപ്തേ | അകാരണമായി ദുഃഖിക്കുമ്പോൾ | ഇമം ശോകം | ഈ ശോകത്തേയും |
| വയം | ഞങ്ങൾ | മിഥ്യാ | അകാരണമായി |
| സന്തപ്തഹൃദയാഃ | ഉള്ളം കലങ്ങിയവരായിത്തീരുന്നു. | ആഗതം | ഏർപ്പെട്ടിട്ടുള്ള |
| | | സന്താപം | പരിതാപത്തേയും |
| | | ത്യജ. | ത്യജിച്ചരുളിയാലും. |

തദീയം ത്യജ്യതാം ചിന്താ ശത്രുഹർഷവിവർദ്ധനീ
ഉദ്യമഃ ക്രിയതാം വീര ഹർഷഃ സമുപസേവ്യതാം. 9

| | | | |
|---|---|---|---|
| "വീര | "വീര! | ത്യജ്യതാം | ഉപേക്ഷിക്കപ്പെടട്ടെ; |
| തത് | ആകയാൽ | ഹർഷഃ സമുപസേവ്യതാം | ഉത്സാഹം കൈക്കൊള്ളപ്പെടട്ടെ; |
| ശത്രുഹർഷവിവർദ്ധനീ | ശത്രുക്കൾക്ക് ഉത്സാഹത്തെ വർദ്ധിപ്പിക്കുന്നതാ | ഉദ്യമഃ | വേണ്ടുന്ന പരിശ്രമവും |
| ഇയം ചിന്താ | ഈ മനോവിചാരം[യ | ക്രിയതാം | ചെയ്യപ്പെടട്ടെ. |

പ്രാപ്തവ്യാ യദി തേ സീതാ ഹന്തവ്യാശ്ച നിശാചരാഃ
രഘുനന്ദന വക്ഷ്യാമി ശ്രൂയതാം മേ ഹിതം വചഃ 10

| | | | |
|---|---|---|---|
| "സീതാ | "സീതാദേവി | രഘുനന്ദന | ശ്രീരാഘവ |
| പ്രാപ്തവ്യാ യദി | വീണ്ടുകൊണ്ടുവരപ്പെടേണ്ടവളാകയാലും | ഹിതം | നന്മയുളവാക്കുന്നതായ |
| | | വചഃ | ഒരു വാക്ക് |
| തേ | നിന്തിരുവടിയാൽ | വക്ഷ്യാമി | ഞാൻ ഉണർത്തിച്ചുകൊള്ളട്ടെ |
| നിശാചരാഃ | ആ രാക്ഷസന്മാർ | | |
| ഹന്തവ്യാഃ ച | വധിക്കപ്പെടേണ്ടവർ തന്നെയാണ്; | മേ | എനിക്ക് |
| | | ശ്രൂയതാം | ചെവിയരുളിയാലും. |

സാധ്വയം യാതു സൌമിത്രിർബ്ബലേന മഹതാ വൃതഃ
നികുംഭിലായാം സംപ്രാപ്യ ഹന്തും രാവണിമാഹവേ 11
ധനുർമ്മണ്ഡലനിർമ്മുക്തൈരാശീവിഷവിഷോപമൈഃ
ശരൈർഹന്തും മഹേഷ്വാസോ രാവണിം സമിതിഞ്ജയഃ 12

| | | | |
|---|---|---|---|
| "മഹേഷ്വാസഃ | "വൻ വില്ലാളിയും | നികുംഭിലായാം | നികുംഭിലയിൽ |
| സമിതിഞ്ജയഃ | പോരിൽ ജയം നേടുന്ന[വനുമായ | സംപ്രാപ്യ | ചെന്ന് |
| അയം | ഈ | ധനുർമ്മണ്ഡലനിർമ്മുക്തൈഃ | വിൽ വളച്ച് എയ്യപ്പെട്ടവയും |
| സൌമിത്രിഃ | ലക്ഷ്മണൻ | | |
| ആഹവേ | പടയിൽ | ആശീവിഷവിഷോപമൈഃ | സർപ്പങ്ങളുടെ വിഷത്തിനു തുല്യങ്ങളായ |
| രാവണിം | ഇന്ദ്രജിത്തിനെ | | |
| ഹന്തും | വധിപ്പാനായി | ശരൈഃ | ബാണങ്ങൾ കൊണ്ട് |
| മഹതാ ബലേന | വമ്പിച്ച സേനയാൽ | രാവണിം | ഇന്ദ്രജിത്തിനെ |
| വൃതഃ | ചൂഴപ്പെട്ടവനായി | ഹന്തും | വധിക്കുന്നതാണ് |
| യാതു | എഴുന്നെള്ളട്ടെ; | സാധു. | ഉചിതമായിരിക്കുക. |

തേന വീര്യേണ തപസാ വരദാനാത് സ്വയംഭുവഃ
അസ്ത്രം ബ്രഹ്മശിരഃ പ്രാപ്തം കാമഗാശ്ച തുരംഗമാഃ 13

| | | | |
|---|---|---|---|
| "തേന | "അവനാൽ | അസ്ത്രം | അസ്ത്രം |
| വീര്യേണ | കഠോരമായ | പ്രാപ്തം | പ്രാപിക്കപ്പെട്ടു; |
| തപസാ | തപസ്സു കൊണ്ടു | കാമഗാഃ | വിചാരിച്ചപോലെ ചെല്ലുന്നവയായ |
| സ്വയംഭുവഃ | ബ്രഹ്മദേവന്റെ അടുക്കൽ നിന്നു | തുരംഗമാഃ | കുതിരകളും |
| വരദാനാത് | വരം ലഭിച്ചതിനാൽ | ച. | ലഭിക്കപ്പെട്ടു. |
| ബ്രഹ്മശിരഃ | ബ്രഹ്മശിരസ്സ് എന്ന | | |

സ ഏഷ സഹ സൈന്യേന പ്രാപ്തഃ കില നികുംഭിലാം
യദ്യുത്തിഷ്ഠേത് കൃതം കർമ്മ ഹതാൻ സർവ്വാംശ്ച വിദ്ധി നഃ 14

| | | | |
|---|---|---|---|
| "സഃ | "അപ്രകാരമുള്ള | കൃതം | പൂർത്തിയാക്കി |
| ഏഷഃ | ഇവൻ | ഉത്തിഷ്ഠേത് യദി | എഴുന്നേററുപോയാൽ |
| സൈന്യേന സഹ | സൈന്യത്തോടുംകൂടി | നഃ സർവ്വാൻ ച | നാമെല്ലാവരേയും തന്നെ |
| നികുംഭിലാം പ്രാപ്തഃ | നികുംഭിലപൂക്കു | ഹതാൻ | കൊല്ലപ്പെട്ടവരെന്നു |
| കർമ്മ കില | ഹോമകൃത്യവും | വിദ്ധി | ധരിച്ചാലും. |

നികുംഭിലാമസംപ്രാപ്തമഹുതാഗ്നിം ച യോ രിപുഃ
ത്വാമാതതായിനം ഹന്യാദിന്ദ്രശത്രോഃ സ തേ വധഃ 15
വരോ ദത്തോ മഹാബാഹോ സർവ്വലോകേശ്വരേണ വൈ. 16

| | | | |
|---|---|---|---|
| "മഹാബാഹോ | "വീരാഗ്രേസര | സഃ വൈ | അവൻ മാത്രമാണ് |
| നികുംഭിലാം | നികുംഭിലയിൽ | ഇന്ദ്രശത്രോഃ | ഇന്ദ്രശത്രുവായ |
| അസംപ്രാപ്തം | എത്തുന്നതിന്നു മുമ്പും | തേ | നിന്നെ |
| അഹുതാഗ്നിം ച | ഹോമം പൂർത്തിയാക്കുന്നതിന്നു മുമ്പും | വധഃ | വധിക്കുന്നവൻ എന്നിങ്ങിനെ |
| ആതതായിനം | പോർചെയ്യുന്ന | സർവ്വലോകേശ്വരേണ | സർവ്വലോകേശ്വരനായ ബ്രഹ്മദേവനാൽ |
| ത്വാം | നിന്നെ | | |
| യഃ രിപുഃ | യാതൊരു ശത്രു | വരഃ | വരം |
| ഹന്യാത് | എതിർക്കുമോ | ദത്തഃ | നൽകപ്പെട്ടിട്ടുണ്ട്. |

ഇത്യേവം വിഹിതോ രാജൻ വധസ്തസ്യൈഷ ധീമതഃ
വധായേന്ദ്രജിതോ രാമ സംദിശസ്വ മഹാബല. 17

| | | | |
|---|---|---|---|
| "രാജൻ! | "മഹാരാജാവേ! | വിഹിതഃ | വിധിക്കപ്പെട്ടിരിക്കുന്നത് |
| ഇതി ഏവം | ഇച്ചൊന്നവിധം തന്നെയാണ് | മഹാബല | മഹാബലശാലിയായ |
| | | രാമ | ശ്രീരാമ |
| ധീമതഃ | ധീരനായ | ഇന്ദ്രജിതഃ | ഇന്ദ്രജിത്തിന്റെ |
| തസ്യ | അവന്നു | വധായ | വധത്തിന്നായി |
| ഏഷഃ വധഃ | ഇപ്രകാരമുള്ള മരണം | സംദിശസ്വ | ആജ്ഞയരുളിയാലും. |

ഹതേ തസ്മിൻ ഹതം വിദ്ധി രാവണം സസുഹൃജ്ജനം. 18

| | | | |
|---|---|---|---|
| "തസ്മിൻ | "അവൻ | സസുഹൃജ്ജനം | ബന്ധുക്കളക്കം |
| ഹതേ | വധിക്കപ്പെട്ടാൽ | ഹതം | നശിച്ചവനെന്നു് |
| രാവണം | രാവണനെ | വിദ്ധി." | ധരിച്ചാലും." |

വിഭീഷണവചഃ ശ്രുത്വാ രാഘവോ വാക്യമബ്രവീത് 19

| | | | |
|---|---|---|---|
| രാഘവഃ | ശ്രീരാമൻ | ശ്രുത്വാ | കേട്ടു് |
| വിഭീഷണവചഃ | വിഭീഷണന്റെ മൊഴി | വാക്യം അബ്രവീത്. | ഇപ്രകാരം അരുളിച്ചെയ്തു. |

ജാനാമി തസ്യ രൌദ്രസ്യ മായാം സത്യപരാക്രമ. 20

| | | | |
|---|---|---|---|
| "സത്യപരാക്രമ | "സത്യസന്ധ | മായാം | മായയെക്കുറിച്ചു് |
| തസ്യ രൌദ്രസ്യ | ആ ക്രൂരന്റെ | ജാനാമി | എനിക്കറിവുണ്ടു്. |

സ ഹി ബ്രഹ്മാസ്ത്രവിത് പ്രാജ്ഞോ മഹാമായോ മഹാബലഃ
കരോത്യസംജ്ഞാൻ സംഗ്രാമേ ദേവാൻ സവരുണാനപി. 21

| | | | |
|---|---|---|---|
| "സഃ ഹി | "അവനാകട്ടെ | മഹാബലഃ | മഹാശക്തിമാനുംതന്നെ; |
| ബ്രഹ്മാസ്ത്രവിത് | ബ്രഹ്മാസ്ത്രമന്ത്രമറിഞ്ഞവനും | സംഗ്രമേ | പോരിൽ |
| | | സവരുണാൻ | വരുണനടക്കമുള്ള |
| | | ദേവാൻ അപി | ദേവന്മാരേയും |
| പ്രാജ്ഞഃ | അറിവേറിയവനും | അസംജ്ഞാൻ കരോതി. | ബോധംകെടുത്തിക്കളയുന്നു. |
| മഹാമായഃ | മഹാമായാവിയും | | |

തസ്യാന്തരിക്ഷേ ചരതോ രഥസ്ഥസ്യ മഹായശഃ
ന ഗതിർജ്ഞായതേ തസ്യ സൂര്യസ്യേവാഭ്രസംപ്ലവേ. 22

| | | | |
|---|---|---|---|
| "മഹായശഃ | "മഹാകീർത്തിശാലിയായവനേ | ഗതിഃ | ഗതി |
| തസ്യ | അവൻ | അഭ്രസംപ്ലവേ | മേഘപടലത്തിനുള്ളിൽ |
| അന്തരിക്ഷേ | ആകാശത്തിൽ | | |
| രഥസ്ഥസ്യ | തേരിൽകയറിക്കൊണ്ടു് | സൂര്യസ്യ ഇവ | ആദിത്യന്റെ ഗതിയെന്ന പോലെ |
| ചരതഃ | സഞ്ചരിക്കുമ്പോൾ | | |
| തസ്യ | അവന്റെ | ജ്ഞായതേ ന." | അറിയപ്പെടുന്നില്ല." |

രാഘവസ്തു രിപോർജ്ഞാത്വാ മായാവീര്യം ദുരാത്മനഃ
ലക്ഷ്മണം കീർത്തിസംപന്നമിദം വചനമബ്രവീത്. 33

| | | | |
|---|---|---|---|
| രാഘവഃ | ശ്രീരാഘവൻ | തു | ആ സമയം |
| ദുരാത്മനഃ | ദുഷ്ടനായ | കീർത്തിസംപന്നം | പുകഴേറിയവനായ |
| രിപോഃ | ശത്രുവിന്റെ | ലക്ഷ്മണം | ലക്ഷ്മണനോടായി |
| മായാവീര്യം | മഹാബലത്തെ | ഇദം വചനം അബ്രവീത്. | ഇപ്രകാരം ആജ്ഞാപിച്ചു. |
| ജ്ഞാത്വാ | ഓർത്തു് | | |

യദ്വാനരേന്ദ്രസ്യ ബലം തേന സർവ്വേണ സംവൃതഃ
ഹനുമത്പ്രമുഖൈശ്ചൈവ യൂഥപൈഃ സഹ ലക്ഷ്മണ 24
ജാംബവേനർക്ഷപതിനാ സഹ സൈന്യേന സംവൃതഃ
ജഹി തം രാക്ഷസസുതം മായാബലവിശാരദം. 25

| | | | |
|---|---|---|---|
| “ലക്ഷ്മണ | ലക്ഷ്മണ | സഹ— സൈന്യേന | സൈന്യസമേതനായ |
| ഹനുമത്- പ്രമുഖൈഃ | ഹനുമാൻ മുതലായ | ഋക്ഷപതിനാ | കരടികൾക്കധിപതി |
| യൂഥപൈഃ ഏവ സഹ | പടത്തലവന്മാരെല്ലാം വരോടുംകൂടി | ജാംബവേന | ജാംബവാനാൽ [യായ |
| വാനരേന്ദ്രസ്യ | വാനരാധിപന്റെ | സംവൃതഃ | അനുഗമിക്കപ്പെട്ടവനായി |
| ബലം | സൈന്യം | മായാബല— വിശാരദം | മായാവിദ്യയിൽ നിപുണനായ |
| യത് | യാതൊന്നോ | തം | ആ |
| തേന | അതു് | രാക്ഷസസുതം | രാക്ഷസാധിപസുതനെ |
| സർവ്വേണ ച | എല്ലാററിനാലും | ജഹി. | വെന്നുവരിക. |
| സംവൃതഃ | ചൂഴപ്പെട്ടവനായി | | |

അയം ത്വാം സചിവൈഃ സാർദ്ധം മഹാത്മാ രജനീചരഃ
അഭിജ്ഞസ്തസ്യ ദേശസ്യ പൃഷ്ഠതോऽനുഗമിഷ്യതി. 26

| | | | |
|---|---|---|---|
| “തസ്യ | “ആ | രജനീചരഃ | വിഭീഷണൻ |
| ദേശസ്യ | നികുംഭിലയെന്ന പ്രദേശത്തെ | സചിവൈഃ സാർദ്ധം | മന്ത്രിമാരോടുംകൂടി |
| അഭിജ്ഞഃ | നല്ലപോലെ അറിയുന്ന | ത്വാം | നിന്നെ |
| അയം | ഈ | പൃഷ്ഠതഃ അനു- ഗമിഷ്യതി | പിന്നിൽ അനുഗമിക്കുന്നതാണ്. |
| മഹാത്മാ | മഹാത്മാവായ | | |

രാഘവസ്യ വചഃ ശ്രുത്വാ ലക്ഷ്മണഃ സവിഭീഷണഃ
ജഗ്രാഹ കാർമ്മുകശ്രേഷ്ഠമത്യദ്ഭുതപരാക്രമഃ 27

| | | | |
|---|---|---|---|
| അത്യദ്ഭുത- പരാക്രമഃ | ആശ്ചര്യകരമായ പരാക്രമമാർന്ന | വചഃ | ആജ്ഞയെ |
| ലക്ഷ്മണഃ | ലക്ഷ്മണൻ | ശ്രുത്വാ | ശിരസാവഹിച്ചു് |
| സവിഭീഷണഃ | വിഭീഷണനോടുംകൂടി | കാർമ്മുകശ്രേഷ്ഠം | ഉത്തമമായ കോദണ്ഡത്തെ |
| രാഘവസ്യ | ശ്രീരാഘവന്റെ | ജഗ്രാഹ | കയ്യിലെടുത്തു. |

സന്നദ്ധഃ കവചീ ഖഡ്ഗീ സശരോ ഹേമചാപധൃത്
രാമപാദാവുപസ്പൃശ്യ ഹൃഷ്ടഃ സൌമിത്രിരബ്രവീത്. 28

| | | | |
|---|---|---|---|
| സൌമിത്രിഃ | ലക്ഷ്മണൻ | സശരഃ | ബാണപാണിയായി |
| ഹൃഷ്ടഃ | ഉത്സാഹമുൾക്കൊണ്ടു് | ഹേമചാപധൃത് | സ്വർണ്ണമയവില്ലുമേന്തി |
| സന്നദ്ധഃ | സന്നദ്ധനായി | രാമപാദൌ | ശ്രീരാമപാദങ്ങളെ |
| കവചീ | ചട്ടപൂണ്ടു് | ഉപസ്പൃശ്യ | തൊട്ടുവണങ്ങിയശേഷം |
| ഖഡ്ഗീ | വാളും ധരിച്ചവനായി | അബ്രവീത് | ഇങ്ങിനെ ഉണർത്തിച്ചു. |

അദ്യ മത്കാർമ്മുകോന്മുക്താഃ ശരാ നിർഭിദ്യ രാവണിം
ലങ്കാമഭിപതിഷ്യന്തി ഹംസാഃ പുഷ്കരിണീമിവ. 29

| | | | |
|---|---|---|---|
| "അദ്യ | "ഇപ്പോൾ | നിർഭിദ്യ | പിളന്ന് |
| മത്കാർമ്മുകോന്മുക്താഃ | എൻെറ കോദണ്ഡത്തിൽനിന്നു എയ്യപ്പെട്ട | ഹംസാഃ | ഹംസങ്ങൾ |
| ശരാഃ | ബാണങ്ങൾ | പുഷ്കരിണീം ഇവ | താമരപ്പൊയ്കയിലേക്കെന്നപോലെ |
| രാവണിം | രാവണാത്മജനെ | ലങ്കാം അഭിപതിഷ്യന്തി | ലങ്കയിലേക്ക പറന്ന് ചെല്ലുന്നതാണ്. |

അദ്യൈവ തസ്യ രൗദ്രസ്യ ശരീരം മാമകാഃ ശരാഃ
വിധമിഷ്യന്തി ഭിത്വാ തം മഹാചാപഗുണച്യുതാഃ 30

| | | | |
|---|---|---|---|
| "മഹാചാപഗുണച്യുതാഃ | "വമ്പിച്ച വില്ലിൻെറ ഞാണിൽനിന്നു പുറപ്പെടുന്നവയായ | തസ്യ | അവൻെറ |
| മാമകാഃ ശരാഃ | എൻെറ ബാണങ്ങൾ | തം ശരീരം | ആ ശരീരത്തെ |
| രൗദ്രസ്യ | ക്രൂരനായ | അദ്യ ഏവ | ഇക്ഷണംതന്നെ |
| | | ഭിത്വാ വിധമിഷ്യന്തി" | പിളന്ന് നശിപ്പിച്ചുകളയുന്നതാണ്." |

സ ഏവമുക്ത്വാ ദ്യുതിമാൻ വചനം ഭ്രാതുരഗ്രതഃ
സ രാവണിവധാകാംക്ഷീ ലക്ഷ്മണസ്ത്വരിതോ യയൗ. 31

| | | | |
|---|---|---|---|
| ദ്യുതിമാൻ | തേജസ്വിയായ | രാവണിവധാകാംക്ഷീ | ഇന്ദ്രജിത്തിനെ വധിപ്പാൻ കൊതിപൂണ്ടവനായ |
| സ: ലക്ഷ്മണ: | ആ ലക്ഷ്മണൻ | സ: | അദ്ദേഹം |
| ഭ്രാതു: അഗ്രത: | ജ്യേഷ്ഠൻെറ മുമ്പിൽ വെച്ചു | ത്വരിത: | വേഗത്തിൽ |
| ഏവം | ഇങ്ങിനെ | യയൗ | പോകുവാനൊരുങ്ങി. |
| വചനം ഉക്ത്വാ | ഉരച്ചശേഷം | | |

സോഽഭിവാദ്യ ഗുരോഃ പാദൗ കൃത്വാ ചാപി പ്രദക്ഷിണം
നികുംഭിലാമഭിയയൗ ചൈത്യം രാവണപാലിതം. 32

| | | | |
|---|---|---|---|
| സ: | ആ ലക്ഷ്മണൻ | രാവണപാലിതം | രാക്ഷസനാൽരക്ഷിക്കപ്പെട്ട |
| ഗുരോ: പാദൗ | ജ്യേഷ്ഠൻെറപാദങ്ങളെ | നികുംഭിലാം | നികുംഭിലയെന്ന |
| അഭിവാദ്യ | വന്ദിച്ചു | ചൈത്യം | യാഗശാലയിലേക്കായി |
| പ്രദക്ഷിണം കൃത്വാ അപി ച, | വലംവെച്ചശേഷം | അഭിയയൗ | പുറപ്പെട്ടു. |

വിഭീഷണേന സഹിതോ രാജപുത്രഃ പ്രതാപവാൻ
കൃതസ്വസ്ത്യയനോ ഭ്രാത്രാ ലക്ഷ്മണസ്ത്വരിതോ യയൗ. 33

| | | | |
|---|---|---|---|
| പ്രതാപവാൻ | പ്രതാപശാലിയും | വിഭീഷണേന സഹിത: | വിഭീഷണനോടുംകൂടി |
| രാജപുത്ര: | രാജകുമാരനുമായ | ത്വരിത: | വേഗത്തിൽ |
| ലക്ഷ്മണ: | ലക്ഷ്മണൻ | യയൗ | എഴുന്നള്ളി. |
| ഭ്രാത്രാ കൃതസ്വസ്ത്യയന: | ജ്യേഷ്ഠനാൽആശീർവ്വദിക്കപ്പെട്ടവനായി | | |

വാനരാണാം സഹസ്രൈസ്തു ഹനുമാൻ ബഹുഭിർവൃതഃ
വിഭീഷണശ്ച സാമാത്യസ്തദാ ലക്ഷ്മണമന്വഗാത്. 34

| | | | |
|---|---|---|---|
| വാനരാണാം ബഹുഭിഃ സഹസ്രൈഃ | അനേകായിരം വാനരന്മാരാൽ | ലക്ഷ്മണം | ലക്ഷ്മണനെ |
| | | അന്വഗാത് | അനുഗമിച്ചു; |
| | | സാമാത്യഃ | മന്ത്രിമാരോടുകൂടിയ |
| വൃതഃ | ചൂഴപ്പെട്ടവനായി | വിഭീഷണഃ | വിഭീഷണനും |
| ഹനുമാൻ തു | ഹനുമാനും | ച | അപ്രകാരംതന്നെ അനുഗമിച്ചു. |
| തദാ | ആ സമയം | | |

മഹതാ ഹരിസൈന്യേന സവേഗമഭിസംവൃതഃ
ഋക്ഷരാജബലം ചൈവ ദദർശ പഥി വിഷ്ഠിതം. 35

| | | | |
|---|---|---|---|
| മഹതാ | വമ്പിച്ച | പഥി | വഴിയിൽ |
| ഹരിസൈന്യേന | വാനരസൈന്യത്താൽ | വിഷ്ഠിതം | നിന്നിരുന്ന |
| സവേഗം | അതിവേഗതയോടെ | ഋക്ഷരാജബലം ച ഏവ | ഋക്ഷരാജാവായ ജാംബവാന്റെ സേനയെ |
| അഭിസംവൃതഃ | തുടരപ്പെട്ടവനായ ലക്ഷ്മണൻ | ദദർശ. | കണ്ടു. |

സ ഗത്വാ ദൂരമധ്വാനം സൌമിത്രിർമ്മിത്രനന്ദനഃ
രാക്ഷസേന്ദ്രബലം ദൂരാദപശ്യദ്വ്യൂഹമാസ്ഥിതം. 36

| | | | |
|---|---|---|---|
| മിത്രനന്ദനഃ | സുഹൃദാനന്ദകരനായ | വ്യൂഹം | അണിനിരന്നു |
| സഃ സൌമിത്രിഃ | ആ ലക്ഷ്മണൻ | ആസ്ഥിതം | നിന്നിരുന്ന |
| ദൂരം അധ്വാനം ഗത്വാ | ഏറെ വഴി ചെന്നു | രാക്ഷസേന്ദ്ര-ബലം | രാക്ഷസേന്ദ്രന്റെ സൈന്യത്തെ |
| ദൂരാത് | ദൂരത്തിലായി | അപശ്യത്. | കണ്ടു. |

സ തം പ്രാപ്യ ധനുഷ്പാണിർമ്മായായോഗമരിന്ദമഃ
തസ്ഥൌ ബ്രഹ്മവിധാനേന വിജേതും രഘുനന്ദനഃ 37
വിഭീഷണേന സഹിതോ രാജപുത്രഃ പ്രതാപവാൻ
അംഗദേന ച വീരേണ തഥാഽനിലസുതേന ച. 38

| | | | |
|---|---|---|---|
| പ്രതാപവാൻ | പ്രതാപശാലിയും | ധനുഷ്പാണിഃ | ധനുഷ്പാണിയായി |
| അരിന്ദമഃ | ശത്രുസംഹാരകനും | വിഭീഷണേന | വിഭീഷണനോടും |
| രഘുനന്ദനഃ | രഘുകുലജാതനും | വീരേണ | വീരനായ |
| രാജപുത്രഃ | ചക്രവർത്തിതനുജനും | അംഗദേന ച | അംഗദനോടും |
| സഃ | ആ ലക്ഷ്മണൻ | തഥാ | അപ്രകാരംതന്നെ |
| മായായോഗം | മായകയ്യൊണ്ടവനായ | അനില-സുതേന ച | ഹനുമാനോടും |
| തം | ആ ഇന്ദ്രജിത്തിനെ | | |
| പ്രാപ്യ | അടുത്തു് | സഹിതഃ | കൂടി |
| വിജേതും | വിജയം പ്രാപിപ്പാനിച്ഛിക്കുന്നവനായി | ബ്രഹ്മവിധാനേന | ബ്രഹ്മവിധിപ്രകാരം |
| | | തസ്ഥൌ. | തയ്യാറായിനിന്നു. |

[“ബ്രഹ്മവിധാനേന” (ബ്രഹ്മാവു് ഇന്ദ്രജിത്തിന്നു് കൊടുത്ത വരത്തിൽ പറയപ്പെട്ട പ്രകാരം; ബ്രഹ്മാസ്ത്രത്തെ പ്രയോഗിപ്പാനായി ബ്രഹ്മധ്യാനനിരതനായി, ഇത്യാദി.)]

വിവിധമമലശസ്ത്രഭാസുരം തത്-
ധ്വജഗഹനം വിപുലം മഹാരഥൈശ്ച
പ്രതിഭയതമമപ്രമേയവേഗം
തിമിരമിവ ദ്വിഷതാം ബലം വിവേശ. 39

| | | | |
|---|---|---|---|
| അമലശസ്ത്ര-ഭാസുരം | തിളങ്ങുന്ന ആയുധങ്ങളാൽ പ്രകാശിക്കുന്നതും | അപ്രമേയവേഗം | അളവററ ഊക്കൊന്നും |
| ധ്വജഗഹനം | കൊടികളാനിറഞ്ഞതും | തിമിരം ഇവ ച | അന്ധകാരം പോലെ |
| മഹാരഥൈഃ | മഹാരഥന്മാരാൽ | തത് | ആ [യുള്ളതുമായ |
| പ്രതിഭയതമം | ശത്രുക്കൾക്ക് ഏററം ഭയങ്കരമായിരിക്കുന്നതും | വിവിധം | പലമാതിരിയായ |
| | | വിപുലം | വമ്പിച്ച |
| | | ദ്വിഷതാംബലം | ശത്രുസൈന്യത്തെ |
| | | വിവേശ. | അടുത്തു. |

ഇത്യാർഷേ ശ്രീമദ്രാമായണേ വാൽമീകീയേ ആദികാവ്യേ യുദ്ധകാണ്ഡേ പഞ്ചാശീതിതമഃ സർഗ്ഗഃ=എൺപത്തഞ്ചാംസർഗ്ഗം സമാപ്തം.

ആദ്യംമുതൽ ശ്ലോകസംഖ്യ 18682; യുദ്ധകാണ്ഡം ആദ്യംമുതൽ ശ്ലോകസംഖ്യ 3907

---

## ഷഡശീതിതമഃ സർഗ്ഗഃ = എൺപത്താറാം സർഗ്ഗം.

[ഇന്ദ്രജിദ്യുദ്ധാരംഭഃ=ഇന്ദ്രജിത്തുമായി യുദ്ധം തുടങ്ങുന്നത്]

അഥ തസ്യാമവസ്ഥായാം ലക്ഷ്മണം രാവണാനുജഃ
പരേഷാമഹിതം വാക്യമർത്ഥസാധകമബ്രവീത്. 1

| | | | |
|---|---|---|---|
| അഥ | ആ സമയം | പരേഷാം | ശത്രുക്കൾക്ക് |
| തസ്യാം | ആ | അഹിതം | നാശത്തെ വിളയിക്കുന്നതും |
| അവസ്ഥായാം | സ്ഥിതിയിൽ | അർത്ഥസാധകം | കാര്യസിദ്ധികരവുമായ |
| രാവണാനുജഃ | വിഭീഷണൻ | വാക്യം | വാക്യത്തെ |
| ലക്ഷ്മണം | ലക്ഷ്മണനോടായി | അബ്രവീത്. | ഉരചെയ്തു. |

യദേതദ്രാക്ഷസാനീകം മേഘശ്യാമം വിലോക്യതേ
ഏതദായോധ്യതാം ശീഘ്രം കപിഭിഃ പാദപായുധൈഃ. 2

| | | | |
|---|---|---|---|
| "മേഘശ്യാമം | "മേഘംപോലെ കറുത്ത | ഏതത് | ഇത് |
| യത് | യാതൊരു | പാദപായുധൈഃ | വൃക്ഷങ്ങൾ ആയുധങ്ങളായുള്ള |
| ഏതത് | ഈ | കപിഭിഃ | വാനരന്മാരോടുകൂടി |
| രാക്ഷസാനീകം | രാക്ഷസാനീകം | ശീഘ്രം | ഉടനെ |
| വിലോക്യതേ | കാണപ്പെടുന്നുവോ | ആയോധ്യതാം | ആക്രമിക്കപ്പെടട്ടെ. |

അസ്യാനീകസ്യ മഹതോ ഭേദനേ യത ലക്ഷ്മണ
രാക്ഷസേന്ദ്രസുതോऽപ്യത്ര ഭിന്നോ ദൃശ്യോ ഭവിഷ്യതി. 3

| | | | |
|---|---|---|---|
| "ലക്ഷ്മണ | ലക്ഷ്മണ | രാക്ഷസേന്ദ്ര-സുതഃ അപി | രാവണസുതനായ ഇന്ദ്രജിത്തും |
| മഹതഃ | വമ്പിച്ച | ഭിന്നഃ | തന്റെ പ്രവൃത്തിക്കു ഭംഗംനേരിട്ടവനായി |
| അസ്യ | ഈ | അത്ര ദൃശ്യഃ ഭവിഷ്യതി | ഇവിടെ പ്രത്യത്തിൽ വരുന്നതാണ്. |
| അനീകസ്യ | സൈന്യത്തെ | | |
| ഭേദനേ | ചിതറിക്കുന്നതിൽ | | |
| യത | യത്നിച്ചാലും; | | |

സത്വമിന്ദ്രാശനിപ്രഖ്യൈഃ ശരൈരവകിരൻ പരാൻ
അഭിദ്രവാശു യാവദ്വൈ നൈതത് കർമ്മ സമാപ്യതേ. 4

| | | | |
|---|---|---|---|
| "സഃ | അപ്രകാരമുള്ള | ഇന്ദ്രാശനി-പ്രഖ്യൈഃ | ഇന്ദ്രന്റെ വജ്രായുധസദൃശ്യങ്ങളായ |
| ത്വം | ഭവാൻ | ശരൈഃ | ബാണങ്ങൾകൊണ്ട് |
| ഏതത് കർമ്മ | ഈ ഹോമകൃത്യം | അവകിരൻ | തൂകുന്നവനായി |
| സമാപ്യതേ ന യാവത് വൈ | പൂർത്തിയാക്കപ്പെടുന്നതിനുമുമ്പുതന്നെ | പരാൻ | ശത്രുക്കളെ |
| ആശു | വേഗത്തിൽ | അഭിദ്രവ | എറെറതിർത്താലും. |

ജഹി വീര ദുരാത്മാനം മായാപരമധാർമ്മികം
രാവണിം ക്രൂരകർമ്മാണം സർവ്വലോകഭയാവഹം 5

| | | | |
|---|---|---|---|
| "വീര | "വീര | ക്രൂരകർമ്മാണം | ഘോരകൃത്യംചെയ്യുന്നവനും |
| ദുരാത്മാനം | ദുഷ്ടനും | സർവ്വലോക-ഭയാവഹം | സർവ്വലോകഭയങ്കരനായ |
| മായാപരം | മായയിൽ നിപുണനും | രാവണിം | ഇന്ദ്രജിത്തിനെ |
| അധാർമ്മികം | അധർമ്മിഷ്ഠനും | ജഹി | ജയിച്ചാലും |

വിഭീഷണവചഃ ശ്രുത്വാ ലക്ഷ്മണഃ ശുഭലക്ഷണഃ
വവർഷ ശരവർഷാണി രാക്ഷസേന്ദ്രസുതം പ്രതി. 6

| | | | |
|---|---|---|---|
| ശുഭലക്ഷണഃ ലക്ഷ്മണഃ | പ്രകൃത്യാ ശുഭഗുണങ്ങളുള്ള ലക്ഷ്മണൻ | രാക്ഷസേന്ദ്ര-സുതംപ്രതി | ഇന്ദ്രജിത്ത് പുറത്തു വരുമെന്നുദ്ദേശിച്ച് |
| വിഭീഷണവചഃ | വിഭീഷണന്റെമൊഴി | ശരവർഷാണി | ശരവർഷങ്ങൾ |
| ശ്രുത്വാ | കേട്ട് | വവർഷ | പൊഴിച്ചു. |

ഋക്ഷാഃ ശാഖാമൃഗാശ്ചാപി ദ്രുമാദ്രിനഖയോധിനഃ
അഭ്യധാവന്ത സഹിതാസ്തദനീകമവസ്ഥിതം. 7

| | | | |
|---|---|---|---|
| ദ്രുമാദ്രി-നഖയോധിനഃ | വൃക്ഷങ്ങൾ, മലകൾ, നഖങ്ങൾ എന്നിവകൊണ്ട് പൊരുതുന്ന | സഹിതാഃ | ഒത്തൊരുമിച്ച് |
| | | അവസ്ഥിതം | എതിർത്തുനിന്നിരുന്ന |
| | | തത് | ആ |
| ഋക്ഷാഃ ച | കരടികളും | അനീകം | സേനയെ |
| ശാഖാമൃഗാഃ അപി | വാനരന്മാരും | അഭ്യധാവന്ത | ഏററടുത്തു. |

രാക്ഷസാശ്ച ശിതൈർബാണൈരസിഭിഃ ശക്തിതോമരൈഃ
ഉദ്യതൈഃ സമവർത്തന്ത കപിസൈന്യജിഘാംസവഃ 8

| | | | |
|---|---|---|---|
| രാക്ഷസാഃ ച | രാക്ഷസരും | ശക്തി-തോമരൈഃ | വേലുകളോടും ഏർക്കുന്തങ്ങളോടും |
| കപിസൈന്യ-ജിഘാംസവഃ | വാനരസൈന്യത്തെ നശിപ്പിപ്പാൻ കൊതിച്ചു | ശിതൈഃ | കൂർത്ത |
| ഉദ്യതൈഃ | ഉയർത്തിപ്പിടിച്ച | ബാണൈഃ | ബാണങ്ങളോടുംകൂടി |
| അസിഭിഃ | വാളുകളോടും | സമവർത്തന്ത | എതിർത്തു. |

സ സംപ്രഹാരസ്തുമുലഃ സംജജ്ഞേ കപിരക്ഷസാം
ശബ്ദേന മഹതാ ലങ്കാം നാദയൻ വൈ സമന്തതഃ 9

| | | | |
|---|---|---|---|
| കപിരക്ഷസാം | കപികൾക്കും രാക്ഷസന്മാർക്കും തമ്മിലുണ്ടായ | ലങ്കാം | ലങ്കയെ |
| സഃ | ആ | സമന്തതഃ വൈ | ആകമാനം |
| സംപ്രഹാരഃ | യുദ്ധം | നാദയൻ | മാറ്റൊലിക്കൊള്ളിക്കുന്നതായി |
| മഹതാ | വമ്പിച്ച | തുമുലഃ | കോലാഹലമായി |
| ശബ്ദേന | ശബ്ദത്താൽ | സംജജ്ഞേ | നടന്നു. |

ശസ്ത്രൈശ്ച ബഹുധാകാരൈഃ ശിതൈർബാണൈശ്ച പാദപൈഃ
ഉദ്യതൈർഗിരിശൃംഗൈശ്ച ഘോരൈരാകാശമാവൃതം 10

| | | | |
|---|---|---|---|
| ബഹുധാകാരൈഃ | പലസ്വരൂപത്തിലുള്ള | പാദപൈഃ | വൃക്ഷങ്ങളാലും |
| ശസ്ത്രൈഃ ച | ആയുധങ്ങളാലും | ഘോരൈഃ | ഭയങ്കരങ്ങളായ |
| ശിതൈഃ | കൂർത്ത | ഗിരിശൃംഗൈഃ ച | കുന്നിൻമുടികളാലും |
| ബാണൈഃ ച | ബാണങ്ങളാലും | ആകാശം | ആകാശം |
| ഉദ്യതൈഃ | എറിയപ്പെട്ട | ആവൃതം | മറയ്ക്കപ്പെട്ടു. |

തേ രാക്ഷസാ വാനരേഷു വികൃതാനനബാഹവഃ
നിവേശയന്തഃ ശസ്ത്രാണി ചക്രുസ്തേ സുമഹദ്ഭയം. 11

| | | | |
|---|---|---|---|
| വികൃതാനന-ബാഹവഃ | ഭയങ്കരമായ മുഖങ്ങളും കയ്യുകളുമാർന്ന | നിവേശയന്തഃ | എറിഞ്ഞേൽപ്പിക്കുന്നവരായി |
| | | തേ | അവർ |
| തേ രാക്ഷസാഃ | ആ രാക്ഷസർ | സുമഹത് | അത്യധികം |
| വാനരേഷു | വാനരന്മാരിൽ | ഭയം | ആപത്ത് |
| ശസ്ത്രാണി | ആയുധങ്ങളെ | ചക്രുഃ | വിളയിച്ചു. |

തഥൈവ സകലൈർവൃക്ഷൈർഗിരിശൃംഗൈശ്ച വാനരാഃ
അഭിജഘ്നുർനിജഘ്നുശ്ച സമരേ രാക്ഷസർഷഭാൻ. 12

| | | | |
|---|---|---|---|
| തഥാ | ഒരുവണ്ണംതന്നെ | വൃക്ഷൈഃ | വൃക്ഷങ്ങൾകൊണ്ടും |
| വാനരാഃ ഏവ | വാനരന്മാരും | ഗിരിശൃംഗൈഃ ച | പർവ്വതശിഖരങ്ങൾ കൊണ്ടും |
| സമരേ | പോരിൽ | അഭിജഘ്നുഃ | പ്രഹരിക്കയും |
| രാക്ഷസർഷഭാൻ | രാക്ഷസവീരന്മാരെ | നിജഘ്നുഃ ച | കൊന്നുവീഴ്ത്തുകയും ചെയ്തു. |
| സകലൈഃ | പല | | |

ഋക്ഷവാനരമുഖ്യൈശ്ച മഹാകായൈർമ്മഹാബലൈഃ
രക്ഷസാം വധ്യമാനാനാം മഹദ്ഭയമജായത. 13

| | | | |
|---|---|---|---|
| മഹാകായൈഃ | കൂറ്റന്മാരും | വധ്യമാനാനാം | വധിക്കപ്പെടുന്നവരായ |
| മഹാബലൈഃ | അതിബലവാന്മാരുമായ | രക്ഷസാം ച | രാക്ഷസന്മാർക്കും |
| | | മഹത് | അതിയായ |
| ഋക്ഷവാനരമുഖ്യൈഃ | ഋക്ഷശ്രേഷ്ഠന്മാരാലും വാനരവീരന്മാരാലും | ഭയം | ആപത്ത് |
| | | അജായത. | നേന്റു. |

സ്വമനീകം വിഷണ്ണം തു ശ്രുത്വാ ശത്രുഭിരർദ്ദിതം
ഉദതിഷ്ഠത ദുർദ്ധർഷസ്തത്കർമ്മണ്യനനുഷ്ഠിതേ. 14

| | | | |
|---|---|---|---|
| ദുർദ്ധർഷഃ | എതിർക്കപ്പെടുവാൻ കഴിയാത്തവനായ | വിഷണ്ണം | ഉഴന്നുപോയതായി |
| | | ശ്രുത്വാ | കേട്ട് |
| സ്വം | തന്റെ [ഇന്ദ്രജിത്ത് | തത്കർമ്മണി | ആ ഹോമകൃത്യം |
| അനീകം | സൈന്യത്തെ | അനനുഷ്ഠിതേ | പൂർത്തിയാകുന്നതിന്നു |
| ശത്രുഭിഃ | ശത്രുക്കളാൽ | തു | മുമ്പായിത്തന്നെ |
| അർദ്ദിതം | മർദ്ദിക്കപ്പെട്ട് | ഉദതിഷ്ഠത | എഴുന്നേററു. |

വൃക്ഷാന്ധകാരാന്നിർഗ്ഗത്യ ജാതക്രോധഃ സ രാവണിഃ
ആരുരോഹ രഥം സജ്ജം പൂർവ്വയുക്തം സ രാക്ഷസഃ 15

| | | | |
|---|---|---|---|
| സഃ | ആ | നിർഗ്ഗത്യ | പുറത്തുവന്നു |
| രാക്ഷസഃ | രക്ഷസനായ | സഃ | അവൻ |
| രാവണിഃ | ഇന്ദ്രജിത്ത് | പൂർവ്വയുക്തം | മുമ്പുതന്നെ പൂട്ടിക്കെട്ടി |
| ജാതക്രോധഃ | കോപമുൾക്കൊണ്ട് | സജ്ജം | തയ്യാറാക്കിനിർത്തിയി |
| വൃക്ഷാന്ധകാരാത് | വൃക്ഷങ്ങളുടെ മറവിൽ നിന്ന് | രഥം | രഥത്തിൽ [രുന്ന |
| | | ആരുരോഹ | കയറി. |

[ഈ നിഷ്ക്രമണം ദശമിദിവസം വൈകുന്നേരത്തിലാണെന്നു തിലകം]

സ ഭീമകാർമ്മുകധരഃ കൃഷ്ണാഞ്ജനചയോപമഃ
രക്താസ്യനയനഃ ക്രുദ്ധോ ബഭൗ മൃത്യുരിവാന്തകഃ 16

| | | | |
|---|---|---|---|
| കൃഷ്ണാഞ്ജനചയോപമഃ | കറുത്ത അഞ്ജനമല പോലെയുള്ളവനും | ഭീമകാർമ്മുകധരഃ | ഘോരമായ വില്ലിനെ എടുത്തുകൊണ്ട് |
| രക്താസ്യനയനഃ | ചുട്ടത്തവായും നേത്രങ്ങളുമാർന്നവനുമായ | അന്തകഃ | സർവ്വനാശകരനായ |
| സഃ | അവൻ | മൃത്യുഃ ഇവ | യമനെന്നപോലെ |
| ക്രുദ്ധഃ | ചൊടിച്ചു | ബഭൗ | വിളങ്ങി. |

ദൃഷ്ട്വൈവ തു രഥസ്ഥം തം പര്യവർത്തത തദ്ബലം
രക്ഷസാം ഭീമവേഗാനാം ലക്ഷ്മണേന യുയുത്സതാം 17

| | | | |
|---|---|---|---|
| തു | ആ സമയം | രക്ഷസാം | രാക്ഷസരുടെ |
| ലക്ഷ്മണേന | ലക്ഷ്മണനുമായി | തത് ബലം | ആ സൈന്യം |
| യുയുത്സതാം | പൊരുതുവാൻ കൊതിച്ചവരും | രഥസ്ഥം | തേരിലിരുന്നിരുന്ന |
| | | തം | ഇന്ദ്രജിത്തിനെ |
| ഭീമവേഗാനാം | ഭയങ്കരമായ ശക്തിയാർന്നവരുമായ | ദൃഷ്ട്വാ ഏവ | കണ്ട ഉടനെ |
| | | പര്യവർത്തത. | ചുഴന്നുനിന്നു. |

തസ്മിൻ കാലേ തു ഹനുമാനുദ്യമ്യ സുദുരാസദം
ധരണീധരസംകാശോ മഹാവൃക്ഷമരിന്ദമഃ 18
സ രാക്ഷസാനാം തത് സൈന്യം കാലാഗ്നിരിവ നിർദ്ദഹൻ
ചകാര ബഹുഭിർവൃക്ഷൈർനിസ്സംജ്ഞം യുധി വാനരഃ 19

| | | | |
|---|---|---|---|
| ധരണീധര-സംകാശഃ | ഗിരിസദൃശനും | രാക്ഷസാനാം | രാക്ഷസരുടെ |
| അരിന്ദമഃ | ശത്രുവിധ്വംസകനും | തത് സൈന്യം | ആ സൈന്യത്തെ |
| വാനരഃ | വാനരനുമായ | കാലാഗ്നിഃ | പ്രളയകാലാഗ്നി |
| സഃ | ആ | ഇവ | എന്നപോലെ |
| ഹനുമാൻ തു | ഹനുമാനും | നിർദ്ദഹൻ | ചുട്ടെരിക്കുന്നവനായി |
| തസ്മിൻ കാലേ | ആ സമയം | യുധി | പോരിൽ |
| സുദുരാസദം | അടുപ്പാൻ കഴിയാത്ത | ബഹുഭിഃ | പല |
| മഹാവൃക്ഷം | ഒരു വൻവൃക്ഷത്തെ | വൃക്ഷൈഃ | വൃക്ഷങ്ങൾകൊണ്ടു് |
| ഉദ്യമ്യ | ഉയർത്തിപ്പിടിച്ചുകൊണ്ടു് | നിഃസംജ്ഞം ചകാര. | ബോധംകെടുത്തി. |

വിധ്വംസയന്തം തരസാ ദൃഷ്ട്വൈവ പവനാത്മജം
രാക്ഷസാനാം സഹസ്രാണി ഹനുമന്തമവാകിരൻ. 20

| | | | |
|---|---|---|---|
| രാക്ഷസാനാം | രാക്ഷസരുടെ | വിധ്വംസയന്തം | നാശംവിളയിക്കുന്നവനായി |
| സഹസ്രാണി | അനേകായിരങ്ങൾ | | |
| പവനാത്മജം | വായുപുത്രനായ | ദൃഷ്ട്വാ ഏവ | കണ്ട ഉടനെ |
| ഹനുമന്തം | ഹനുമാനെ | അവാകിരൻ. | (ആയുധങ്ങൾ) പൊഴിച്ചു. |
| തരസാ | കൈയൂക്കുകൊണ്ടു് | | |

ശിതശൂലധരാഃ ശൂലൈരസിഭിശ്ചാസിപാണയഃ
ശക്തിഭിഃ ശക്തിഹസ്താശ്ച പട്ടിശൈഃ പട്ടിശായുധാഃ 21
പരിഘൈശ്ച ഗദാഭിശ്ച ചക്രൈശ്ച ശുഭദർശനൈഃ
ശതശശ്ച ശതഘ്നീഭിരായസൈരപി മുദ്ഗരൈഃ 22
ഘോരൈഃ പരശ്വധൈശ്ചൈവ ഭിണ്ഡിപാലൈശ്ച രാക്ഷസാഃ
മുഷ്ടിഭിർവജ്രകല്പൈശ്ച തലൈരശനിസന്നിഭൈഃ
അഭിജഘ്നുഃ സമാസാദ്യ സമന്താത് പർവ്വതോപമം. 23

| | | | |
|---|---|---|---|
| ശിതശൂലധരാഃ | കൂർത്ത ശൂലങ്ങളാന്ന് | മുദ്ഗരൈഃ അപി | മുട്ടത്തടികൾ കൊണ്ടും |
| രാക്ഷസാഃ | രാക്ഷസർ | ഘോരൈഃ | ഭയങ്കരങ്ങളായ |
| ശൂലൈഃ | ശൂലങ്ങൾകൊണ്ടും | പരശ്വധൈഃ ഏവ | വെണ്മഴുക്കൾ കൊണ്ടും |
| അസിപാണയഃ | വാൾക്കാർ | ഭിന്ദിപാലൈഃ ച | കവണകൾകൊണ്ടും |
| അസിഭി: ച | വാളുകൾ കൊണ്ടും | വജ്രകല്പൈഃ | വജ്രതുല്യങ്ങളായ |
| ശക്തിഹസ്താ: | വേൽക്കാർ | മുഷ്ടിഭി: ച | മുഷ്ടികൾകൊണ്ടും |
| ശക്തിഭി: ച | വേലുകൾകൊണ്ടും | അശനി-സംനിഭൈഃ | ഇടിത്തീയൊത്ത |
| പട്ടിശായുധാ: | കുന്തക്കാർ | തലൈഃ ച | കയ്ത്തലങ്ങൾ കൊണ്ടും |
| പട്ടിശൈഃ | കുന്തങ്ങൾ കൊണ്ടും | പർവ്വതോപമം | പർവ്വതാകാരനായ |
| പരിഘൈ: ച | ഇരിമ്പുലക്കകൾ കൊണ്ടും | സമസാദ്യ | അടുത്ത് [അവനെ |
| ഗദാഭി: ച | ഗദകളാലും | സമന്താത് | ചുററും നിന്നുകൊണ്ട് |
| ശുഭ്രദർശനൈഃ | ഭംഗി പൂണ്ട | അഭിജഘ്നുഃ | പ്രഹരിച്ചു. |
| ചക്രൈഃ ച | ചക്രങ്ങൾകൊണ്ടും | | |
| ശതശഃ | അനേകം | | |
| ശതഘ്നീഭി: ച | പീരങ്കികൾകൊണ്ടും | | |
| ആയസൈഃ | ഇരിമ്പുകൊണ്ടുള്ള | | |

**തേഷാമപി ച സംക്രുദ്ധശ്ചകാര കദനം മഹത്.** 24

| | | | |
|---|---|---|---|
| സംക്രുദ്ധ: ച | ഏററെ ചൊടിച്ച അവനും | മഹത് | പെരുതായ |
| തേഷാം അപി | അവക്കും | കദനം | നാശത്തെ |
| | | ചകാര | വിളയിച്ചു. |

സ ദദർശ കപിശ്രേഷ്ഠമചലോപമമിന്ദ്രജിത്
സൂദയന്തമമിത്രഘ്നമമിത്രാൻ പവനാത്മജം. 25

| | | | |
|---|---|---|---|
| സഃ | ആ | പവനാത്മജം | വായുപുത്രനെ |
| ഇന്ദ്രജിത് | ഇന്ദ്രജിത്ത് | അമിത്രാൻ | ശത്രുക്കളെ |
| കപിശ്രേഷ്ഠം | വാനരോത്തമനും | സൂദയന്തം | നാശംചെയ്യുന്നവനായി |
| അചലോപമം | പർവ്വതാകാരനും | | |
| അമിത്രഘ്നം | ശത്രുസംഹാരകനുമായ | ദദർശ. | കണ്ടു. |

സ സാരഥിമുവാചേദം യാഹി യത്രൈഷ വാനരഃ
ക്ഷയമേഷ ഹി നഃ കുര്യാദ്രാക്ഷസാനാമുപേക്ഷിതഃ 26

| | | | |
|---|---|---|---|
| സ: | അവൻ | യാഹി | ചെല്ലുക |
| സാരഥിം | സാരഥിയോടായി | ഏഷ: | ഇവൻ |
| ഇദം | ഇപ്രകാരം | ഉപേക്ഷിത: ഹി | ഗണിക്കപ്പെടാതിരു[ന്നാൽ |
| ഉവാച | ഉരചെയ്തു; | ന: | നമ്മുടെ |
| "ഏഷ: | "ഈ | രാക്ഷസാനാം | രാക്ഷസന്മാർക്ക് |
| വാനര: | വാനരൻ | ക്ഷയം | നാശത്തെ |
| യത്ര | ഉള്ളദിക്കിലേക്കായി | കുര്യാത്." | വിളയിക്കുന്നതാണ്." |

ഇത്യുക്തഃ സാരഥിസ്തേന യയൌ യത്ര സ മാരുതിഃ
വഹൻ പരമദുർദ്ധർഷം സ്ഥിതമിന്ദ്രജിതം രഥേ. 27

| | | | |
|---|---|---|---|
| തേന | അവനാൽ | സ്ഥിതം | ഇരിക്കുന്ന |
| ഇതി ഉക്തഃ | മേൽപ്രകാരം ആജ്ഞാപിക്കപ്പെട്ടവനായ | ഇന്ദ്രജിതം | ഇന്ദ്രജിത്തിനെ |
| | | വഹൻ | വഹിച്ചുംകൊണ്ട് |
| സാരഥിഃ | സാരഥി | സഃ മാരുതിഃ | ആ ഹനുമാൻ |
| പരമദുർദ്ധർഷം | ഏററവും അജയ്യനായി | യത്ര | ഉണ്ടായിരുന്ന ദിക്കി |
| രഥേ | തേരിൽ | യയൌ. | ചെന്നു. [ലേക്കു |

അഭ്യുപേത്യ ശരാൻ ഖഡ്ഗാൻ പട്ടിശാസിപരശ്വധാൻ
അഭ്യവർഷത ദുർദ്ധർഷഃ കപിമൂർദ്ധ്നി സ രാക്ഷസഃ 28

| | | | |
|---|---|---|---|
| ദുർദ്ധർഷഃ | എതിർക്കപ്പെടുവാൻ കഴിയാത്തവനായ | ശരാൻ | ശരങ്ങളേയും |
| | | ഖഡ്ഗാൻ | വാളുകളേയും |
| സഃ രാക്ഷസഃ | ആ രാക്ഷസൻ | പട്ടിശാസി- പരശ്വധാൻ | കുന്തം, വാൾ, കോടാലി എന്നിവയേയും |
| അഭ്യുപേത്യ | അടുത്തെത്തി | | |
| കപിമൂർദ്ധ്നി | കപിയുടെ ശിരസ്സിൽ | അഭ്യവർഷത. | ചൊരിഞ്ഞു. |

താനി ശസ്ത്രാണി ഘോരാണി പ്രതിഗൃഹ്യ സ മാരുതിഃ
രോഷേണ മഹതാവിഷ്ടോ വാക്യം ചേദമുവാച ഹ. 29

| | | | |
|---|---|---|---|
| സഃ മാരുതിഃ | ആ ഹനുമാൻ | മഹതാ | അതിയായ |
| താനി | ആ | രോഷേണ ആവിഷ്ടഃ | കോപമുൾക്കൊണ്ടവനായി |
| ഘോരാണി | ഘോരങ്ങളായ | | |
| ശസ്ത്രാണി ച | ആയുധങ്ങളെ | ഇദം വാക്യം ഉവാച ഹ. | ഇപ്രകാരം ഉരചെയ്തു. |
| പ്രതിഗൃഹ്യ | ഏററുകൊണ്ട് | | |

യുധ്യസ്വ യദി ശൂരോഽസി രാവണാത്മജ ദുർമ്മതേ. 30

| | | | |
|---|---|---|---|
| "ദുർമ്മതേ | "ദുർബ്ബുദ്ധിയായ | ശൂരഃ അസി യദി | നീ ശൂരനാണെന്നാൽ |
| രാവണാത്മജ! | രാവണാത്മജ! | യുധ്യസ്വ. | പൊരുതിയാലും. |

വായുപുത്രം സമാസാദ്യ ജീവൻ ന പ്രതിയാസ്യസി. 31

| | | | |
|---|---|---|---|
| "വായുപുത്രം | "വായുപുത്രനെ | ജീവൻ | ജീവനോടുംകൂടി |
| | | പ്രതിയാസ്യസി ന. | നീ തിരിക്കയുകണ്ടായില്ല. |
| സമാസാദ്യ | അടുത്തശേഷം | | |

ബാഹുഭ്യാം പ്രതിയുധ്യസ്വ യദി മേ ദ്വന്ദ്വമാഹവേ
വേഗം സഹസ്വ ദുർബ്ബുദ്ധേ തതസ്ത്വം രക്ഷസാം വരഃ 32

| | | | |
|---|---|---|---|
| "ആഹവേ | "പോരിൽ | മേ വേഗം | എന്റെ ഊക്കിനെ |
| ദ്വന്ദ്വം | ദ്വന്ദ്വയുദ്ധം | സഹസ്വ | താങ്ങുന്നതുകാണട്ടെ; |
| യദി | വേണമെന്നാൽ | തതഃ | എന്നാൽ |
| ബാഹുഭ്യാം | ഇരുകൈകൾകൊണ്ടും | ത്വം | നീ |
| പ്രതിയുധ്യസ്വ | പൊരുതിക്കൊൾക; | രക്ഷസാം വരഃ." | രാക്ഷസന്മാരിൽ വമ്പൻതന്നെ." |
| ദുർബ്ബുദ്ധേ! | ദുഷ്ട! | | |

ഹനൂമന്തം ജിഘാംസന്തം സമുദ്യതശരാസനം
രാവണാത്മജമാചഷ്ടേ ലക്ഷ്മണായ വിഭീഷണഃ 33

| | | | |
|---|---|---|---|
| ഹനൂമന്തം | ഹനുമാനെ | രാവണാത്മജം | ഇന്ദ്രജിത്തിനെക്കുറിച്ച് |
| ജിഘാംസന്തം | വധിപ്പാനിച്ഛിച്ച് | വിഭീഷണഃ | വിഭീഷണൻ |
| സമുദ്യത–ശരാസനം | വില്ലുകലച്ചവനായ | ലക്ഷ്മണായ | ലക്ഷ്മണനോടായി |
| | | ആചഷ്ടേ. | ഇപ്രകാരം ഉരചെയ്തു. |

യഃ സ വാസവനിൎജ്ജേതാ രാവണസ്യാത്മസംഭവഃ
സ ഏഷ രഥമാസ്ഥായ ഹനൂമന്തം ജിഘാംസതി. 34

| | | | |
|---|---|---|---|
| "യഃ | "യാതൊരു | സഃ | അപ്രകാരമുള്ള |
| സഃ | ആ | ഏഷഃ | ഇവൻ |
| രാവണസ്യ ആത്മസംഭവഃ | രാവണാത്മജൻ | രഥം | രഥത്തിൽ |
| | | ആസ്ഥായ | ഇരുന്നുകൊണ്ടു് |
| വാസവനിൎജ്ജേതാ | ഇന്ദ്രനെ ജയിച്ചവനേ | ഹനൂമന്തം | ഹനുമാനെ |
| | | ജിഘാംസതി. | കൊല്ലുവാൻ കരുതുന്നു. |

തമപ്രതിമസംസ്ഥാനൈഃ ശരൈഃ ശത്രുവിദാരണൈഃ
ജീവിതാന്തകരൈൎഘോരൈഃ സൌമിത്രേ രാവണിം ജഹി 35

| | | | |
|---|---|---|---|
| "സൌമിത്രേ | "ലക്ഷ്മണ | ശത്രു–വിദാരണൈഃ | ശത്രുക്കളെ പിളൎക്കുന്നവയും |
| തം | അപ്രകാരമുള്ള | ജീവിതാന്തകരൈഃ | ജീവനാശം വരുത്തുന്നവയും |
| രാവണിം | രാവണപുത്രനെ | ഘോരൈഃ ശരൈഃ | ഉഗ്രശരങ്ങൾകൊണ്ടു് |
| അപ്രതിമ–സംസ്ഥാനൈഃ | അനുപമാകൃതിപൂണ്ടവയും | ജഹി." | കൊന്നാലും." |

ഇത്യേവമുക്തസ്തു തദാ മഹാത്മാ വിഭീഷണേനാരിവിഭീഷണേന
ദദൎശ തം പൎവ്വതസന്നികാശം രണേ സ്ഥിതം ഭീമബലം നദന്തം 36

| | | | |
|---|---|---|---|
| തദാ | ആ സമയം | രണേ | പോരിൽ |
| അരി–വിഭീഷണേന | ശത്രുക്കൾക്കു് ഭീതിയുളവാക്കുന്നവനായ | സ്ഥിതം | ഏറ്റുനില്ക്കുന്നവനും |
| വിഭീഷണേന | വിഭീഷണനാൽ | പൎവ്വത–സന്നികാശം | പൎവ്വതാകാരനും |
| ഇതി ഏവം | ഇപ്രകാരം | ഭീമബലം | ഭയങ്കരശക്തിപൂണ്ടവനും |
| ഉക്തഃ | ഉരചെയ്യപ്പെട്ട | | |
| മഹാത്മാ | മഹാത്മാവായ ലക്ഷ്മണൻ | നദന്തം | ഗൎജ്ജിക്കുന്നവനുമായ |
| തു | അപ്പോൾ | തം ദദൎശ. | അവനെ വീക്ഷിച്ചു. |

ഇത്യാൎഷേ ശ്രീമദ്രാമായണേ വാല്മീകീയേ ആദികാവ്യേ യുദ്ധകാണ്ഡേ
ഷഡശീതിതമഃ സൎഗ്ഗഃ = എൺപത്താറാം സൎഗ്ഗം സമാപ്തം

ആദ്യം മുതൽ ശ്ലോകസംഖ്യ 18718; യുദ്ധകാണ്ഡം ആദ്യം മുതൽ ശ്ലോകസംഖ്യ 4043

—oo—

## സപ്താശീതിതമഃ സർഗ്ഗഃ = എൺപത്തേഴാംസർഗ്ഗം

[ഇന്ദ്രജിദ്വിഭീഷണസംവാദഃ = ഇന്ദ്രജിത്തും വിഭീഷണനും തമ്മിലുള്ള സംവാദം]

ഏവമുക്ത്വാ തു സൌമിത്രിം ജാതഹർഷോ വിഭീഷണഃ
ധനുഷ്പാണിനമാദായ ത്വരമാണോ ജഗാമ ഹ. 1

| | | | |
|---|---|---|---|
| വിഭീഷണഃ | വിഭീഷണൻ | ത്വരമാണഃ | ദ്രുതഗതിയായി |
| ജാതഹർഷഃ | ഉത്സാഹംപൂണ്ടവനായി | ധനുഷ്പാണിനം | കോദണ്ഡധാരിയായ ലക്ഷ്മണനെ |
| സൌമിത്രിം | ലക്ഷ്മണനോടായി | | |
| ഏവം | മേൽപ്രകാരം | ആദായ | കൂട്ടിക്കൊണ്ടു് |
| ഉക്ത്വാ തു | ഉണർത്തിച്ചശേഷം | ജഗാമ ഹ. | ചെന്നു. |

അവിദൂരം തതോ ഗത്വാ പ്രവിശ്യ ച മഹദ്വനം
ദർശയാമാസ തത് കർമ്മ ലക്ഷ്മണായ വിഭീഷണഃ 2

| | | | |
|---|---|---|---|
| തതഃ | അവിടെനിന്നും [ഷം | തത് കർമ്മ ച | അവന്റെ പ്രവൃത്തിയെ |
| അവിദൂരം ഗത്വാ | ചെറുദൂരം ചെന്നശേ | വിഭീഷണഃ | വിഭീഷണൻ [യെല്ലാം |
| മഹത് വനം | വമ്പിച്ച ഒരു കാട്ടിൽ | ലക്ഷ്മണായ | ലക്ഷ്മണനു് |
| പ്രവിശ്യ | പുക്കു് | ദർശയാമാസ. | കാട്ടിക്കൊടുത്തു. |

നീലജീമൂതസങ്കാശം ന്യഗ്രോധം ഭീമദർശനം
തേജസ്വീ രാവണഭ്രാതാ ലക്ഷ്മണായ ന്യവേദയത്. 3

| | | | |
|---|---|---|---|
| തേജസ്വി | തേജസ്വിയായ | ഭീമദർശനം | ഭയങ്കരവടിവാന്ന |
| രാവണഭ്രാതാ | ആ രാവണാനുജൻ | ന്യഗ്രോധം | ഒരു വടവൃക്ഷത്തെ |
| ലക്ഷ്മണായ | ലക്ഷ്മണനു് | ന്യവേദയത്. | കാണിച്ചുകൊടുത്തു് ഇങ്ങിനെബോധിപ്പിച്ചു. |
| നീലജീമൂത-സങ്കാശം | കാർമേഘമൊത്ത | | |

ഇഹോപഹാരം ഭൂതാനാം ബലവാൻ രാവണാത്മജഃ
ഉപഹൃത്യ തതഃ പശ്ചാത് സംഗ്രാമമഭിവർത്തതേ. 4

| | | | |
|---|---|---|---|
| "ബലവാൻ | "ബലശാലിയായ | ഉപഹാരം | ബലി |
| രാവണാത്മജഃ | ഇന്ദ്രജിത്തു് | ഉപഹൃത്യ | കൊടുത്തു. |
| ഇഹ | ഇദ്ദിക്കിൽതന്നെയാണു് | തതഃ പശ്ചാത് | അതിൽപിന്നെ |
| | | സംഗ്രാമം | പോർ |
| ഭൂതാനാം | പ്രാണികൾക്കു് | അഭിവർത്തതേ. | തുടങ്ങുന്നതു്. |

അദൃശ്യഃ സർവ്വഭൂതാനാം തതോ ഭവതി രാക്ഷസഃ
നിഹന്തി സമരേ ശത്രൂൻ ബധ്നാതി ച ശരോത്തമൈഃ 5

| | | | |
|---|---|---|---|
| "തതഃ | "അതിനാൽ | ഭവതി | ഭവിക്കുന്നു; |
| രാക്ഷസഃ | രാക്ഷസനായ ഇന്ദ്രജിത്തു് | സമരേ ശത്രൂൻ | പോരിൽ ശത്രുക്കളെ |
| | | ശരോത്തമൈഃ | ഉത്തമബാണങ്ങളാൽ |
| സർവ്വഭൂതാനാം | സർവ്വപ്രാണികൾക്കും | ബധ്നാതി | ബന്ധിക്കുന്നു. |
| അദൃശ്യഃ | അപ്രത്യക്ഷനായി | നിഹന്തി ച | വധിക്കുകയും ചെയ്യുന്നു. |

തമപ്രവിഷ്ടന്യഗ്രോധം ബലിനം രാവണാത്മജം
വിധ്വംസയ ശരൈസ്തീക്ഷ്ണൈഃ സരഥം സാശ്വസാരഥിം. 6

| | | | |
|---|---|---|---|
| തം ബലിനം | "ആ ബലവാനായ | തീക്ഷ്ണൈഃ | കൂർത്ത |
| രാവണാത്മജം | രാമണാത്മജനെ | ശരൈഃ | ബാണങ്ങളാൽ |
| അപ്രവിഷ്ട-ന്യഗ്രോധം | ആൽചുവട്ടിൽ ചെല്ലുന്നതിനുമുമ്പായിത്തന്നെ | സരഥം | തേരടക്കം |
| | | സാശ്വസാരഥിം | സാരഥിയടക്കം |
| | | വിധ്വംസയ | വധിച്ചാലും. |

തഥേത്യുക്ത്വാ മഹാതേജാഃ സൌമിത്രിർമിത്രനന്ദനഃ
ബഭ്രുവാസ്ഥിതസ്തത്ര ചിത്രം വിസ്ഫാരയൻ ധനുഃ 7

| | | | |
|---|---|---|---|
| മഹാതേജാഃ | മഹാതേജസ്വിയും | തത്ര | അവിടെ |
| മിത്രനന്ദനഃ | സുഹൃദാനന്ദകരനുമായ | ചിത്രം ധനുഃ | അഴകാന്ന വില്ലിനെ |
| സൌമിത്രിഃ | ലക്ഷ്മണൻ | വിസ്ഫാരയൻ | ഞാണൊലിയിട്ടുകൊണ്ടു് |
| "തഥാ," ഇതി | "ആവട്ടെ" എന്നു് | അവസ്ഥിതഃ | സന്നദ്ധനായി |
| ഉക്ത്വാ | ഉരചെയ്തു് | ബഭ്രുവ | വർത്തിച്ചു. |

സ രഥേനാഗ്നിവർണ്ണേന ബലവാൻ രാവണാത്മജഃ
ഇന്ദ്രജിത് കവചീ ധന്വീ സധ്വജഃ പ്രത്യദൃശ്യത. 8

| | | | |
|---|---|---|---|
| ബലവാൻ | ബലവാനും | സധ്വജഃ | കൊടിയോടുകൂടിയവനായി |
| രാവണാത്മജഃ | രാവണസുതനുമായ | അഗ്നിവർണ്ണേന | അഗ്നിപ്രഭയാന്ന |
| സഃ ഇന്ദ്രജിത് | ആ ഇന്ദ്രജിത്തു് | രഥേന | രഥത്തോടുംകൂടി |
| കവചീ | ചട്ടയിട്ടു് | പ്രത്യദൃശ്യത | എതിരിൽ കാണപ്പെട്ടു. |
| ധന്വീ | വില്ലേന്തി | | |

തമുവാച മഹാതേജാഃ പൌലസ്ത്യമപരാജിതം
സമാഹ്വയേ ത്വാം സമരേ സമ്യഗ്യുദ്ധം പ്രയച്ഛ മേ. 9

| | | | |
|---|---|---|---|
| മഹാതേജാഃ | മഹാ തേജസ്വിയായ ലക്ഷ്മണൻ | "സമരേ | "പോരിൽ |
| അപരാജിതം | അതേവരെ തോൽമയെന്നതറിയാത്തവനായ | ത്വാം | നിന്നെ |
| പൌലസ്ത്യം | പുലസ്ത്യവംശനായ | സമാഹ്വയേ | ഞാൻ ഇതാ വിളിക്കുന്നു; |
| തം | ഇവനോടായി | മേ | എനിക്കു് |
| ഉവാച | ഇപ്രകാരം ഉരചെയ്തു | സമ്യക് | ഉത്തമമായ |
| | | യുദ്ധം | പോർ |
| | | പ്രയച്ഛ" | നൽകിയാലും." |

ഏവമുക്തോ മഹാതേജാ മനസ്വീ രാവണാത്മജഃ
അബ്രവീത് പരുഷം വാക്യം തത്ര ദൃഷ്ട്വാ വിഭീഷണം. 10

| | | | |
|---|---|---|---|
| ഏവം | ഇപ്രകാരം | തത്ര | അവിടെ |
| ഉക്തഃ | പറയപ്പെട്ട | വിഭീഷണം | വിഭീഷണനെ |
| മഹാതേജാഃ | മഹാപരാക്രമശാലിയും | ദൃഷ്ട്വാ | കണ്ടു് |
| മനസ്വീ | ധൈര്യശാലിയുമായ | പരുഷം വാക്യം | കടുതായ വാക്യത്തെ |
| രാവണാത്മജഃ | രാവണാത്മജൻ | അബ്രവീത് | ഇപ്രകാരം ഉരചെയ്തു്. |

ഇഹ ത്വം ജാതസംവൃദ്ധഃ സാക്ഷാദ്ഭ്രാതാ പിതുർമ്മമ
കഥം ദ്രുഹ്യസി പുത്രസ്യ പിതൃവ്യോ മമ രാക്ഷസ. 11

| | | | |
|---|---|---|---|
| "ത്വം | "അങ്ങ് | ഭ്രാതാ | അനുജൻ |
| ഇഹ | ഈ ലങ്കയിൽ | രാക്ഷസ | രാക്ഷസ |
| ജാതസംവൃദ്ധഃ | ജനിച്ചുവളൎന്നവനാണ്. | പിതൃവ്യഃ | എളയച്ഛനായ അങ്ങ് |
| മമ | എന്റെ | പുത്രസ്യ | പുത്രനായ |
| പിതുഃ | പിതാവിന്ന് | മമ | എനിക്ക് |
| സാക്ഷാത് | നേരെ | കഥം ദ്രുഹ്യസി | ദ്രോഹം വിളയിക്കുമോ? |

ന ജ്ഞാതിത്വം ന സൌഹാർദ്ദം ന ജാതിസ്തവ ദുർമ്മതേ
പ്രമാണം ന ച സൌദര്യം ന ധർമ്മോ ധർമ്മദൂഷണ. 12

| | | | |
|---|---|---|---|
| "ധർമ്മദൂഷണ | ധർമ്മത്തെ ദൂഷിപ്പിച്ചവനേ | സൌഹാർദ്ദം ന | നല്ല വിചാരവുമില്ല; |
| ദുർമ്മതേ | ദുഷ്ടബുദ്ധിയാന്നവനേ | ജാതിഃ ന | ജാതിമുറയുമില്ല; |
| തവ | അങ്ങയ്ക്കു് | ധർമ്മഃ ന | ധർമ്മമെന്നതുമില്ല; |
| ജ്ഞാതിത്വം | ഉററബന്ധുവെന്നതു് | സൌദര്യം ച | ഭ്രാതൃഭാവമെന്നതും |
| ന | ഇല്ല; | പ്രമാണം ന | വിലയില്ല |

ശോച്യസ്ത്വമസി ദുർബ്ബുദ്ധേ നിന്ദനീയശ്ച സാധുഭിഃ
യസ്ത്വം സ്വജനമുത്സൃജ്യ പരഭൃത്യത്വമാഗതഃ 13

| | | | |
|---|---|---|---|
| "ദുർബ്ബുദ്ധേ | ബുദ്ധികെട്ടവനേ | ത്വം | അപ്രകാരമുള്ള അങ്ങ് |
| യഃ | യാതൊരു | ശോച്യഃ | അനുതപിക്കപ്പെടത്തക്കവനും |
| ത്വം | അങ്ങ് | സാധുഭിഃ നിന്ദനീയഃ ച | സജ്ജനനിന്ദ്യനും |
| സ്വജനം | വേഴ്ചക്കാരെ | അസി | ആയ്ത്തീൎന്നിരിക്കുന്നു. |
| ഉത്സൃജ്യ | വിട്ട് | | |
| പരഭൃത്യത്വം ആഗതഃ | ശത്രുവിന്നു ഭൃത്യവേല ചെയ്യുകയെന്ന അവസ്ഥയെ കൈക്കൊണ്ടിരിക്കുന്നു | | |

നൈതച്ഛിഥിലയാ ബുദ്ധ്യാ ത്വം വേത്സി മഹദന്തരം
ക്വ ച സ്വജനസംവാസഃ ക്വ ച നീചപരാശ്രയഃ 14

| | | | |
|---|---|---|---|
| "സ്വജനസംവാസഃ ക്വ ച | "സ്വജനങ്ങളോടു ചേൎന്നിരിക്കുക എന്നതെവിടെ? | മഹത് | മഹത്തായ |
| നീചപരാശ്രയഃ ക്വ ച | അല്പനായ ശത്രുവിനെ ആശ്രയിക്കുക എന്നതെവിടെ? | അന്തരം | വ്യത്യാസത്തെ |
| ഏതത് | ഈ | ത്വം | അങ്ങ് |
| | | ശിഥിലയാ ബുദ്ധ്യാ | ബുദ്ധിഹീനതകൊണ്ട് |
| | | വേത്സി ന | അറിയാതിരിക്കുന്നു. |

ഗുണവാൻ വാ പരജനഃ സ്വജനോ നിർഗ്ഗുണോഽപി വാ
നിർഗ്ഗുണഃ സ്വജനഃ ശ്രേയാൻ യഃ പരഃ പര ഏവ സഃ 15

| | |
|---|---|
| "പരജനഃ | ശത്രുവർഗ്ഗം |
| ഗുണവാൻ വാ | ഗുണയുക്തമാണെന്നാലും |
| സ്വജനഃ | സ്വജനം |
| നിർഗ്ഗുണഃ വാ | ഗുണഹീനമാണെന്നാലും |
| നിർഗ്ഗുണഃ | ഗുണമററ |
| സ്വജനഃ അപി | സ്വജനം തന്നെയാണ് |
| ശ്രേയാൻ | നല്ലത്; |
| യഃ | ഏതൊന്ന് |
| പരഃ | വേറിട്ടുള്ളതോ |
| സഃ | ആയത് |
| പരഃ ഏവ | വേറിട്ടതുതന്നെ |

യഃ സ്വപക്ഷം പരിത്യജ്യ പരപക്ഷം നിഷേവതേ
സ സ്വപക്ഷേ ക്ഷയം പ്രാപ്തേ പശ്ചാത് തൈരേവ ഹന്യതേ. 16

| | |
|---|---|
| "യഃ | യാതൊരുവൻ |
| സ്വപക്ഷം | സ്വന്തംകക്ഷിയെ |
| പരിത്യജ്യ | വിട്ട് |
| പരപക്ഷം | എതിർകക്ഷിയെ |
| നിഷേവതേ | ആശ്രയിക്കുന്നുവോ |
| സഃ | അവൻ |
| സ്വപക്ഷേ | സ്വപക്ഷം |
| ക്ഷയം പ്രാപ്തേ | നശിച്ചാൽ |
| പശ്ചാത് | പിന്നെ |
| തൈഃ ഏവ | ആ എതിർഭാഗക്കാരാൽതന്നെ |
| ഹന്യതേ | നശിപ്പിക്കപ്പെടുന്നു. |

തസ്മാച്ഛൃണുഷ്വ ദുർബുദ്ധേ രാക്ഷസാനാം കുലാധമ
ത്വാം ഗൃഹ്യ ബന്ധുരൂപേണ രാമോ ബുദ്ധിമതാം വരഃ
ജ്ഞാത്വോപായം ത്വയാ പൂർവ്വം ജേതുമസ്മാൻ സ രാഘവഃ 17
ജിത്വാഽസ്മാൻ യുധി ശക്തശ്ചേത് പശ്ചാത് ത്വാം ച വധിഷ്യതി.

| | |
|---|---|
| "ദുർബുദ്ധേ | മതികെട്ടവനേ |
| രാക്ഷസാനാം കുലാധമ | രാക്ഷസകുലഹതക |
| തസ്മാത് | അതിനാൽ |
| ശൃണുഷ്വ | ഓർമ്മവെച്ചുകൊള്ളുക; |
| ബുദ്ധിമതാം വരഃ | കൌശലക്കാരിൽ മുമ്പനായ |
| രാഘവഃ | രഘുവംശജനായ |
| സഃ രാമഃ | ആ രാമൻ |
| അസ്മാൻ | നമ്മെയെല്ലാം |
| ജേതും | ജയിപ്പാൻവേണ്ടി |
| ത്വാം | അങ്ങയേ |
| ബന്ധുരൂപേണ | സുഹൃത്തെന്നപോലെ |
| പൂർവ്വം ഗൃഹ്യ | ആദ്യം കയ്ക്കൊണ്ട് |
| ത്വയാ | ഭവാൻമൂലം |
| ഉപായം | ഉപായത്തെ |
| ജ്ഞാത്വാ | ഗ്രഹിച്ചു |
| ശക്തഃ ചേത് | കഴിവുള്ളപക്ഷം |
| യുധി | പോരിൽ |
| അസ്മാൻ | ഞങ്ങളെ |
| ജിത്വാ | വെന്നശേഷം |
| പശ്ചാത് | പിന്നെ |
| ത്വാം ച | അങ്ങയേയും |
| വധിഷ്യതി | നശിപ്പിക്കുന്നതാണ്. |

ശത്രുസ്ത്വമസി രാമസ്യ രാവണസ്യാനുജോഽസി യത്. 19

| | |
|---|---|
| "ത്വം | "അങ്ങ് |
| രാവണസ്യ | രാവണന്ന് |
| അനുജഃ അസി | അനുജനാണ് |
| യത് | എന്ന കാരണത്താൽ |
| രാമസ്യ | രാമന്ന് |
| ശത്രുഃ അസി | ശത്രുതന്നെ. |

നിരനുക്രോശതാ ചേയം യാദൃശീ തേ നിശാചര
സ്വജനേന ത്വയാ ശക്യം പരുഷം രാവണാനുജ. 20

| | | | |
|---|---|---|---|
| "നിശാചര | "രാത്രിഞ്ചര | യാദൃശീ | എപ്രകാരമുള്ളതോ അ |
| രാവണാനുജ | രാവണസോദര | പരുഷം | കടുതകൈ [പ്രകാരമുള്ള |
| തേ | അങ്ങയുടെ | സ്വജനേന | സ്വജനമായ |
| ഇയം | ഈ | ത്വയാ ച | ഭവാനാൽ മാത്രമാണ് |
| നിരനുക്രോശതാ | നിർദ്ദയത്വം | ശക്യം" | ചെയ്യുവാൻ സാദ്ധ്യമായുള്ളത്." |

ഇത്യുക്തോ ഭ്രാതൃപുത്രേണ പ്രത്യുവാച വിഭീഷണഃ 21

| | | | |
|---|---|---|---|
| ഭ്രാതൃപുത്രേണ | സോദരപുത്രനായ ഇന്ദ്ര | വിഭീഷണഃ | വിഭീഷണൻ |
| ഇതി | ഇപ്രകാരം [ജിത്തിനാൽ | പ്രത്യുവാച | ഇപ്രകാരം മറുപടി ഉരചെയ്തു |
| ഉക്തഃ | ദുഷിക്കപ്പെട്ടവനായ | | |

അജാനന്നിവ മച്ഛീലം കിം രാക്ഷസ വികത്ഥസേ
രാക്ഷസേന്ദ്രസുതാസാധോ പാരുഷ്യം ത്യജ ഗൌരവാത്. 22

| | | | |
|---|---|---|---|
| "അസാധോ | ദുർവൃത്ത | ഗൌരവാത് | തന്നേക്കാൾ ആരും യോഗ്യനില്ലെന്നുള്ള അഹന്തയാൽ |
| രാക്ഷസേന്ദ്ര-സുത | രാക്ഷസേന്ദ്രപുത്ര | | |
| രാക്ഷസ | രാക്ഷസ | കിം | എന്തിനാണ് |
| മച്ഛീലം | എന്റെ നടവടിയെ | വികത്ഥസേ? | നീ പുലമ്പുന്നതു് |
| ഇവ | ഒട്ടെങ്കിലും | പാരുഷ്യം | മൂർഖതയെ |
| അജാനൻ | ഗ്രഹിക്കാത്തവനായി | ത്യജ | വെടിഞ്ഞേക്കുക. |

കുലേ യദ്യപ്യഹം ജാതോ രക്ഷസാം ക്രൂരകർമ്മണാം
ഗുണോഽയം പ്രഥമോ നൃണാം തന്മേ ശീലമരാക്ഷസം. 23

| | | | |
|---|---|---|---|
| "അഹം | "ഞാൻ | നൃണാം | ആളുകൾക്കുള്ള (ത്രിഗുണങ്ങളിൽ) |
| ക്രൂരകർമ്മണാം | ദുഷ്കൃത്യം ചെയ്യുന്നവരായ | പ്രഥമഃ | ഒന്നാമതായ സാത്വികഗുണംതന്നെയാകുന്നു. |
| രക്ഷസാം | രാക്ഷസരുടെ | | |
| കുലേ | കുലത്തിൽ | തത് | ആകയാൽ |
| ജാതഃ അപി യദി | ജനിച്ചവനാണെന്നാലും | മേ ശീലം | എന്റെ ശീലം |
| അയം ഗുണഃ | എനിക്കുള്ള ഈ ഗുണം | അരാക്ഷസം | രാക്ഷസന്മാൎക്ക് സാധാരണ ദുർല്ലഭമായതാകുന്നു. |

[ഞാൻ രാക്ഷസകുലത്തിൽ ജനിച്ചവനെന്നാലും, ഒരുവന്നു് കുലത്തേക്കാൾ ഗുണമാണ് മുഖ്യമായതു്. അപ്രകാരമുള്ള എന്റെ ഗുണം രാക്ഷസന്മാരിൽ സാധാരണ കാണുന്ന ഗുണമല്ല (എന്നും പറയാം)]

ന രമേ ദാരുണേനാഹം ന ചാധർമ്മേണ വൈ രമേ
ഭ്രാത്രാ വിഷമശീലേന കഥം ഭ്രാതാ നിരസ്യതേ. 24

അഹം "ഞാൻ
ദാരുണേന ക്രൌര്യംകൊണ്ട്
രമേ ന സന്തോഷിക്കുന്നില്ല;
അധർമ്മേണ വൈ } അധർമ്മകൃത്യംകൊണ്ടും
രമേ ന സന്തോഷിക്കുന്നില്ല;

ച എന്നുതന്നെയല്ല
വിഷമശീലേന നടവടിതെറ്റിനടന്ന
ഭ്രാത്രാ ജ്യേഷ്ഠനാൽ
ഭ്രാതാ അനുജൻ
കഥം നിരസ്യതേ? } നിരസിക്കപ്പെടുവാൻ പാടുണ്ടോ?

ധർമ്മാത് പ്രച്യുതശീലം ഹി പുരുഷം പാപനിശ്ചയം
ത്യക്ത്വാ സുഖമവാപ്നോതി ഹസ്താദാശീവിഷം യഥാ 25

"ധർമ്മാത് "ധർമ്മമാർഗ്ഗത്തിൽ നിന്ന്
പ്രച്യുതശീലം വ്യതിചലിച്ച നടവടിയോടുകൂടിയവനും
പാപനിശ്ചയം പാപം ചെയ്‌വാനുറച്ച ബുദ്ധിയോടു കൂടിയവനുമായ
പുരുഷം ഒരുവനെ

ഹസ്താത് കയ്യിൽനിന്ന്
ആശീവിഷം ഒരു സർപ്പത്തെ
യഥാ എന്നപോലെ
ത്യക്ത്വാ ഹി ഉപേക്ഷിച്ചാൽ മാത്രമേ
സുഖം അവാപ്നോതി. } ഒരുവന്ന് നന്മയുണ്ടാകയുള്ളൂ.

ഹിംസാപരസ്വഹരണേ പരദാരാഭിമർശനം
ത്യാജ്യമാഹുർദുരാചാരം വേശ്മ പ്രജ്വലിതം യഥാ. 26

"ഹിംസാ-പരസ്വ-ഹരണേ } "ഹിംസിക്കുക, അന്യന്റെ സ്വത്തിനെ അപഹരിക്കുക, എന്നവയേയും
പരദാരാഭി-മർശനം } പരഭാര്യയെ കാമിക്കുക എന്ന
ദുരാചാരം ദുരാചാരത്തേയും

പ്രജ്വലിതം തീപ്പിടിപ്പെട്ട് കത്തുന്ന
വേശ്മ വീട്ടിനെ
യഥാ എന്ന പോലെ
ത്യാജ്യം ഒഴിക്കേണ്ടതാണെന്ന്
ആഹുഃ മഹാന്മാർ പറഞ്ഞിരിക്കുന്നു.

[തീപ്പിടിച്ചു കത്തുന്ന വീട്ടിന്നകത്ത് ഇരുന്നാൽ എപ്രകാരം ഒരുവന്ന് നാശം ഉണ്ടാകുമോ, അപ്രകാരമാണ് പരദാരാഭിമർശനാദിപാതകം ചെയ്യുന്നവന്റെ ഒന്നിച്ചു വസിക്കുന്നതു്, എന്നു സാരം.]

പരസ്വാനാം ച ഹരണം പരദാരാഭിമർശനം
സുഹൃദാമതിശങ്കാ ച ത്രയോ ദോഷാഃ ക്ഷയാവഹാഃ 27

"പരസ്വാനാം ഹരണം } "അന്യന്റെ സ്വത്ത് തട്ടിപ്പറിക്കുക
പരദാരാഭി-മർശനം } പരസ്ത്രീയെ കൈവെക്കുക
സുഹൃദാം സുഹൃത്തുക്കളിൽ

അതിശങ്കാ ച അവിശ്വാസം കാണിക്കുക, എന്ന
ത്രയഃ മൂന്നു
ദോഷാഃ ച ദോഷങ്ങളും
ക്ഷയാവഹാഃ നാശത്തെ വിളയിക്കുന്നവയാകുന്നു.

മഹർഷീണാം വധോ ഘോരഃ സർവ്വദേവൈശ്ച വിഗ്രഹഃ
അഭിമാനശ്ച കോപശ്ച വൈരിത്വം പ്രതികൂലതാ 28
ഏതേ ദോഷാ മമ ഭ്രാതുർജീവിതൈശ്വര്യനാശനാഃ
ഗുണാൻ പ്രച്ഛാദയാമാസുഃ പർവ്വതാനിവ തോയദാഃ 29

| | | | |
|---|---|---|---|
| "മഹർഷീണാം | "മഹർഷിമാരുടെ | മമ ഭ്രാതുഃ | എന്റെ ജ്യേഷ്ഠന്റെ |
| ഘോരഃ വധഃ | ഘോരമായ വധവും | ജീവി- | ജീവനേയും സമ്പത്തി |
| സർവ്വദേവൈഃ | എല്ലാദേവന്മാരുമായി | തൈശ്വര്യ- | നേയും, നശിപ്പിക്കുന്ന |
| വിഗ്രഹഃ ച | കലഹവും | നാശനാഃ | വയായി |
| അഭിമാനഃ ച | അഹങ്കാരവും | തോയദാഃ | കാർമേഘങ്ങൾ |
| കോപഃ ച | കോപവും | പർവ്വതാൻ | പർവ്വതങ്ങളെ |
| വൈരിത്വം | വൈരവും | ഇവ | എന്നപോലെ |
| പ്രതികൂലതാ | വഴിതെറ്റിനടക്കലും | ഗുണാൻ | ഗുണങ്ങളെ |
| ഏതേ ദോഷാഃ | ഈ ദോഷങ്ങളെല്ലാം | പ്രച്ഛാദയാമാസുഃ. | മറച്ചുകളഞ്ഞു. |

ദോഷൈരേതൈഃ പരിത്യക്തോ മയാ ഭ്രാതാ പിതാ തവ
നേയമസ്തി പുരീ ലങ്കാ ന ച ത്വം ന ച തേ പിതാ. 30

| | | | |
|---|---|---|---|
| "ഭ്രാതാ | "ജ്യേഷ്ഠനും | ഇയം | ഈ |
| തവ | നിന്റെ | ലങ്കാപുരീ | ലങ്കാനഗരം |
| പിതാ | പിതാവുമായ അവൻ | ന അസ്തി | ഇല്ലതന്നെ; |
| ഏതൈഃ | ഈ | ത്വം ച | നീയും |
| ദോഷൈഃ | ദോഷങ്ങൾ കാരണം | ന | ഉണ്ടാകയില്ല. |
| മയാ | എന്നാൽ | തേ പിതാ ച | നിന്റെ പിതാവും |
| പരിത്യക്തഃ | ത്യജിക്കപ്പെട്ടു; | ന. | ഉണ്ടാകയില്ല. |

അതിമാനീ ച ബാലശ്ച ദുർവ്വിനീതശ്ച രാക്ഷസ
ബദ്ധസ്ത്വം കാലപാശേന ബ്രൂഹി മാം യദ്യദിച്ഛസി. 31

| | | | |
|---|---|---|---|
| "രാക്ഷസ! | "രാക്ഷസ! | ബദ്ധഃ | ബന്ധിക്കപ്പെട്ടവനു [മായ |
| അതിമാനീ ച | വല്ലാത്ത അഹങ്കാരി യും | ത്വം | നീ |
| | | മാം | എന്നെ |
| ബാലഃ ച | യുവാവും | യത് യത് | വായിൽ തോന്നിയത് |
| ദുർവ്വിനീതഃ ച | ദുർവ്വൃത്തനും | ഇച്ഛസി. | |
| കാലപാശേന | യമപാശത്താൽ | ബ്രൂഹി. | പറഞ്ഞുകൊൾക. |

അദ്യ തേ വ്യസനം പ്രാപ്തം കിം മാം ത്വമിഹ വക്ഷ്യസി
പ്രവേഷ്ടും ന ത്വയാ ശക്യോ ന്യഗ്രോധോ രാക്ഷസാധമ. 32

| | | | |
|---|---|---|---|
| "രാക്ഷസാധമ | "രാക്ഷസകീടമേ | ഇഹ | ഇപ്പോൾ |
| തേ | നിനക്ക് | കിം വക്ഷ്യസി? | എന്തുതന്നെ പറയും? |
| അദ്യ | ഇപ്പോൾ | ത്വയാ | നിന്നാൽ |
| വ്യസനം | ആപത്ത് | ന്യഗ്രോധഃ | പേരാൽമരം |
| പ്രാപ്തം | അടുത്തുകഴിഞ്ഞു; | പ്രവേഷ്ടും | ഇനിയൊരിക്കൽ പ്രാ |
| ത്വം | നീ | ശക്യഃ ന. | പിപ്പാൻ സാദ്ധ്യപ്പെ |
| മാം | എന്നെ | | ടുന്നതല്ല. |

ധർഷയിത്വാ ച കാകുത്സ്ഥൌ ന ശക്യം ജീവിതും ത്വയാ
യുധ്യസ്വ നരദേവേന ലക്ഷ്മണേന രണേ സഹ. 33

| | | | |
|---|---|---|---|
| "കാകുത്സ്ഥൌ ച | "കാകുത്സ്ഥന്മാരിരുവരേയും | ശക്യം ന | സാദ്ധ്യമല്ല; |
| | | രണേ | പോരിൽ |
| ധർഷയിത്വാ | എതിർത്തശേഷം | നരദേവേന | പുരുഷോത്തമനായ |
| ജീവിതും | ജീവനെ രക്ഷിപ്പാൻ | ലക്ഷ്മണേന സഹ | ലക്ഷ്മണനോടുകൂടി |
| ത്വയാ | നിന്നാൽ | യുധ്യസ്വ. | എതിർത്തുകൊൾക. |

ഹതസ്ത്വം ദേവതാകാര്യം കരിഷ്യസി യമക്ഷയേ. 34

| | | | |
|---|---|---|---|
| "ത്വം | "നീ | ദേവതാകാര്യം | ദേവന്മാർക്കുള്ള കൃത്യത്തെ |
| ഹത: | വധിക്കപ്പെട്ടവനായി | | |
| യമക്ഷയേ | യമലോകത്തിലെത്തി | കരിഷ്യസി. | ചെയ്യുന്നതാണ്. |

നിദർശയ സ്വാത്മബലം സമുദ്യതം
കുരുഷ്വ സർവ്വായുധസായകവ്യയം
ന ലക്ഷ്മണസ്യൈത്യ ഹി ബാണഗോചരം
ത്വമദ്യ ജീവൻ സബലോ ഗമിഷ്യസി. 35

| | | | |
|---|---|---|---|
| "സമുദ്യതം | "വലുതായി കരുതിയ | ലക്ഷ്മണസ്യ | ലക്ഷ്മണന്റെ |
| സ്വാത്മബലം | നിന്റെ കൈയൂക്കിനെ | ബാണഗോചരം | ശരത്തിനു ലാക്കായി |
| നിദർശയ | കാണിച്ചാലും; | ഏത്യ ഹി | തീർന്നു ഉടനെ തന്നെ |
| സർവ്വായുധസായകവ്യയം | എല്ലാ ആയുധങ്ങളേയും ബാണങ്ങളേയും | സബല: | സേനകളടക്കം |
| കുരുഷ്വ | ചിലവാക്കി നോക്കുക; | ജീവൻ | ജീവനോടുകൂടി |
| | | ത്വം | നീ |
| അദ്യ | ഇപ്പോൾ | ഗമിഷ്യസി ന." | മടങ്ങുകയില്ല." |

ഇത്യാർഷേ ശ്രീമദ്രാമായണേ വാല്മീകീയേ ആദികാവ്യേ യുദ്ധകാണ്ഡേ സപ്താശീതിതമഃ സർഗ്ഗഃ=എൺപത്തേഴാംസർഗ്ഗം സമാപ്തം.

ആദ്യംമുതൽ ശ്ലോകസംഖ്യ 18753; യുദ്ധകാണ്ഡം ആദ്യംമുതൽ ശ്ലോകസംഖ്യ 4078

---

## അഷ്ടാശീതിതമഃ സർഗ്ഗഃ = എൺപത്തെട്ടാം സർഗ്ഗം.

[ഇന്ദ്രജില്ലക്ഷ്മണയുദ്ധം=ഇന്ദ്രജിത്തും ലക്ഷ്മണനുമായുള്ള യുദ്ധം]

വിഭീഷണവചഃ ശ്രുത്വാ രാവണിഃ ക്രോധമൂർച്ഛിതഃ
അബ്രവീത് പരുഷം വാക്യം വേഗേനാഭ്യുത്പപാത ഹ. 1

| | | | |
|---|---|---|---|
| രാവണി: | ഇന്ദ്രജിത്ത് | പരുഷംവാക്യം അബ്രവീത്. | കടുത്ത ഇപ്രകാരം ഉരചെയ്തു. |
| വിഭീഷണവച: | വിഭീഷണന്റെ വാക്ക | | |
| ശ്രുത്വാ | കേട്ട് | വേഗേന ഹ | പിടഞ്ഞ് |
| ക്രോധമൂർച്ഛിതഃ | കോപാക്രാന്തനായി | അഭ്യുത്പപാത. | കുതിച്ചെഴുന്നേറ്റു. |

ഉദ്യതായുധനിസ്ത്രിംശോ രഥേ സുസമലംകൃതേ
കാലാശ്വയുക്തേ മഹതി സ്ഥിതഃ കാലാന്തകോപമഃ 2
മഹാപ്രമാണമുദ്യമ്യ വിപുലം വേഗവദ്ദൃഢം
ധനുർഭീമം പരാമൃശ്യ ശരാംശ്ചാമിത്രശാതനാൻ 3

| | |
|---|---|
| ഉദ്യതായുധ-നിസ്ത്രിംശഃ | ആയുധങ്ങളും വാളും തയ്യാറായി കയ്യിൽക്കൊണ്ടവനായി |
| മഹാപ്രമാണം | ഏറെ നീണ്ടതും |
| വിപുലം | കട്ടിയുള്ളതും |
| വേഗവത് | ഊക്കേറിയതും |
| ദൃഢം | ഉറപ്പുള്ളതും |
| ഭീമം | ഭയങ്കരവും ആയ |
| ധനുഃ | വില്ലിനെ |
| ഉദ്യമ്യ | ഉയർത്തിപ്പിടിച്ച് |
| അമിത്ര-ശാതനാൻ | ശത്രുക്കളെ പിളക്കുന്നവയായ |
| ശരാൻ ച | ബാണങ്ങളേയും |
| പരാമൃശ്യ | കയ്യിൽക്കൊണ്ട് |
| സുസമലങ്കൃതേ | നിറയെക്കോപ്പുകളണിഞ്ഞ |
| കാലാശ്വയുക്തേ | കറുത്ത കുതിരകൾ പൂട്ടപ്പെട്ട |
| മഹതി | വമ്പിച്ച |
| രഥേ | രഥത്തിൽ |
| കാലാന്ത-കോപമഃ | പ്രളയകാലമൃത്യുവെന്നപോലെ |
| സ്ഥിതഃ | വർത്തിച്ചു. |

തം ദദർശ മഹേഷ്വാസോ രഥേ സുസമലംകൃതഃ
അലംകൃതമമിത്രഘ്നം രാഘവസ്യാനുജം ബലീ
ഹനുമത്പൃഷ്ഠമാസീനമുദയസ്ഥരവിപ്രഭം. 4

| | |
|---|---|
| മഹേഷ്വാസഃ | വൻവില്ലാളിയും |
| സുസമലങ്കൃതഃ | നന്നായലങ്കരിക്കപ്പെട്ടവനും |
| ബലീ | ബലവാനുമായ ആ ഇന്ദ്രജിത്ത് |
| അലങ്കൃതം | (സ്വതേജസ്സിനാൽ) ഭൂഷിതനായ |
| അമിത്രഘ്നം | ശത്രുഹന്താവായ |
| തം | ആ |
| രാഘവസ്യ അനുജം | രാഘവാനുജനെ |
| ഹനുമത്പൃഷ്ഠം | ഹനുമാന്റെ പുറത്ത് |
| ആസീനം | ഇരിക്കുന്നവനായി |
| ഉദയസ്ഥ-രവിപ്രഭം | ഉദയഗിരിയിലുള്ള ആദിത്യനെപ്പോലെ വിലസുന്നവനായി |
| രഥേ | തേരിൽ ഇരുന്നുകൊണ്ട് |
| ദദർശ. | നോക്കി. |

ഉവാചൈനം സമാരബ്ധഃ സൗമിത്രിം സവിഭീഷണം
താംശ്ച വാനരശാർദ്ദൂലാൻ പശ്യധ്വം മേ പരാക്രമം. 5

| | |
|---|---|
| സമാരബ്ധഃ | മുഷ്ക്കാന്ന അവൻ |
| സവിഭീഷണം | വിഭീഷണസഹിതനായ |
| ഏനം | ഈ |
| സൗമിത്രിം | ലക്ഷ്മണനേയും |
| താൻ | ആ |
| വാനര-ശാർദ്ദൂലാൻ ച | വാനരവീരന്മാരെയും നോക്കി |
| ഉവാച | ഉരചെയ്തു; |
| "മേ | "എന്റെ |
| പരാക്രമം | പരാക്രമത്തെ |
| പശ്യധ്വം | നിങ്ങൾ കണ്ടുകൊൾവിൻ. |

അദ്യ മത്കാർമ്മുകോത്സൃഷ്ടം ശരവർഷം ദുരാസദം
മുക്തം വർഷമിവാകാശേ വാരയിഷ്യഥ സംയുഗേ. 6

| | | | |
|---|---|---|---|
| "അദ്യ | "ഇപ്പോൾ | മുക്തം | പൊഴിക്കുന്ന |
| മത്— കാർമ്മുകോത് സൃഷ്ടം | എന്റെ വില്ലിൽനിന്നു എയ്യപ്പെട്ടതും | വർഷം ഇവ | പെരുമഴപോലെയുള്ള |
| ദുരാസദം | അടുപ്പാൻ കഴിയാത്ത | ശരവർഷം | ശരമാരിയെ [തുമായ |
| ആകാശേ | ആകാശത്തിൽ [തും | സംയുഗേ | പോരിൽ |
| | | വാരയിഷ്യഥ. | നിങ്ങൾ തടുക്കുന്നതു കാണട്ടെ. |

അദ്യ വോ മാമകാ ബാണാ മഹാകാർമ്മുകനിസ്സൃതാഃ
വിധമിഷ്യന്തി ഗാത്രാണി തൂലരാശിമിവാനലഃ. 7

| | | | |
|---|---|---|---|
| "അദ്യ | ഇപ്പോൾ | വഃ | നിങ്ങളുടെ |
| മഹാകാർമ്മുക— നിഃസൃതാഃ | വമ്പിച്ച വില്ലിൽനിന്നു പുറപ്പെട്ട | ഗാത്രാണി, | ദേഹങ്ങളെ |
| മാമകാഃ | എന്റെ | തൂലരാശിം | പഞ്ഞിക്കൂട്ടത്തെ |
| ബാണാഃ | ബാണങ്ങൾ | അനലഃ ഇവ | ചെന്തീ എന്നപോലെ |
| | | വിധമിഷ്യന്തി | നശിപ്പിക്കുന്നതാണ്. |

തീക്ഷ്ണസായകനിർഭിന്നാൻ ശൂലശക്ത്യൃഷ്ടിതോമരൈഃ
അദ്യ വോ ഗമയിഷ്യാമി സർവ്വാനേവ യമക്ഷയം. 8

| | | | |
|---|---|---|---|
| "തീക്ഷ്ണ- സായക- നിർഭിന്നാൻ | "കൂർത്ത ബാണങ്ങളാൽ കീറപ്പെട്ട | ശൂല- ശക്ത്യൃഷ്ടി- തോമരൈഃ | ശൂലം, വേൽ, വാൾ, മുൾത്തടി എന്നവ കൊണ്ട് |
| വഃ | നിങ്ങൾ | യമക്ഷയം | യമപുരത്തിലേക്ക് |
| സർവ്വാൻ ഏവ, | എല്ലാവരേയുംതന്നെ | അദ്യ- ഗമയിഷ്യാമി | ഇതാ ഞാൻ പറഞ്ഞയക്കുന്നുണ്ട്. |

ക്ഷിപതഃ ശരവർഷാണി ക്ഷിപ്രഹസ്തസ്യ മേ യുധി
ജീമൂതസ്യേവ നദതഃ കഃ സ്ഥാസ്യതി മമാഗ്രതഃ 9

| | | | |
|---|---|---|---|
| "യുധി | പോരിൽ | ജീമൂതസ്യ ഇവ | മേഘമെന്നപോലെ |
| ക്ഷിപ്രഹസ്തസ്യ | കൈമിടുക്കുള്ളവനായ | നദതഃ | ഗർജ്ജിക്കുമ്പോഴും |
| മേ | ഞാൻ | മമ അഗ്രതഃ | എന്റെ മുന്നിൽ |
| ശരവർഷാണി | ബാണവർഷങ്ങളെ | കഃ | ആരാണ് |
| ക്ഷിപതഃ | പൊഴിക്കുമ്പോഴും | സ്ഥാസ്യതി? | നില്പാനുള്ളതു്? |

രാത്രിയുദ്ധേ മയാ പൂർവ്വം വജ്രാശനിസമൈഃ ശരൈഃ
ശായിതൌ സ്ഥോ മയാ ഭൂമൌ വിസംജ്ഞൌ സപുരസ്സരൌ 10

| | | | |
|---|---|---|---|
| "പൂർവ്വം | "ഇതിന്നുമുമ്പ് | സപുരസ്സരൌ | പരിവാരങ്ങളടക്കം |
| മയാ രാത്രിയുദ്ധേ | എന്നാൽ രാപ്പോരിൽ | വിസംജ്ഞൌ | പ്രജ്ഞയററവരായി |
| വജ്രാശനി- സമൈഃ | വജ്രായുധവും ഇടിത്തീയും ഒത്ത | ഭൂമൌ മയാ | നിലത്ത് എന്നാൽ |
| ശരൈഃ | ബാണങ്ങൾകൊണ്ട് | ശായിതൌ സ്ഥഃ | നിങ്ങളിരുവരും വീഴ്ത്തപ്പെട്ടു. |

സ്മൃതിർന്ന തേഽസ്തി വാ മന്യേ വ്യക്തം വാ യമസാദനം
ആശീവിഷമിവ ക്രുദ്ധം യന്മാം യോദ്ധും വ്യവസ്ഥിതഃ 11

| | | | |
|---|---|---|---|
| "തേ | "ഭവാന്നു് | യോദ്ധും | പൊരുതുവാൻ |
| സ്മൃതി, അസ്തി ന വാ? | ഓർമ്മയില്ലെന്നോ? | വ്യവസ്ഥിതഃ | സന്നദ്ധനായ്‌വന്നിരി |
| | | യത് | എന്നതുകൊണ്ട് [ക്കുന്നു |
| ആശീവിഷം ഇവ | സർപ്പംപോലെ | യമസാദനം | യമലോകം |
| | | വ്യക്തം വാ | നിശ്ചയംതന്നെ |
| ക്രുദ്ധം | ക്രുദ്ധിച്ചിരിക്കുന്ന | മന്യേ." | എന്നു ഞാൻ വിചാരിക്കുന്നു." |
| മാം | ഞാനുമായി | | |

തച്ഛ്രുത്വാ രാക്ഷസേന്ദ്രസ്യ ഗർജ്ജിതം ലക്ഷ്മണസ്തദാ
അഭീതവദനഃ ക്രുദ്ധോ രാവണിം വാക്യമബ്രവീത്. 12

| | | | |
|---|---|---|---|
| തദാ | ആ സമയം | അഭീതവദനഃ | മുഖത്തിൽ തെല്ലും ചാഞ്ചല്യമില്ലാത്തവനായി |
| ലക്ഷ്മണഃ | ലക്ഷ്മണൻ | | |
| രാക്ഷസേന്ദ്രസ്യ | ആ രാക്ഷസേന്ദ്രന്റെ | ക്രുദ്ധഃ | ചൊടിച്ചുംകൊണ്ടു് |
| തത് | ആ | രാവണിം | രാവണാത്മജനോടായി |
| ഗർജ്ജിതം | വീരവാദത്തെ | വാക്യം അബ്രവീത് | ഇങ്ങിനെ ഉരചെയ്തു. |
| ശ്രുത്വാ | കേട്ട് | | |

ഉക്തശ്ച ദുർഗ്ഗമഃ പാരഃ കാര്യാണാം രാക്ഷസ ത്വയാ
കാര്യാണാം കർമ്മണാ പാരം യോ ഗച്ഛതി സ ബുദ്ധിമാൻ. 13

| | | | |
|---|---|---|---|
| "രാക്ഷസ | "രാക്ഷസ | കാര്യാണാം | കാര്യങ്ങളുടെ |
| ത്വയാ ഉക്തഃ | നിന്നാൽ ഘോഷിക്കപ്പെട്ടതായ | പാരം | അററത്തെ |
| | | കർമ്മണാ | പ്രവൃത്തികൊണ്ടു് |
| കാര്യാണാം പാരഃ | കാര്യപൂർത്തി | ഗച്ഛതി | സാധിക്കുന്നുവോ |
| ദുർഗ്ഗമഃ | ഒരിക്കലും സാദ്ധ്യപ്പെടുന്നതല്ല | സഃ ച | അവൻമാത്രമാണ് |
| യഃ | ഏതൊരുവൻ | ബുദ്ധിമാൻ | ബുദ്ധിശാലി. |

സ ത്വമർത്ഥസ്യ ഹീനാർത്ഥോ ദുരവാപസ്യ കേനചിത്
വചോ വ്യാഹൃത്യ ജാനീഷേ കൃതാർത്ഥോഽസ്മീതി ദുർമ്മതേ. 14

| | | | |
|---|---|---|---|
| "ദുർമ്മതേ | "ദുർബ്ബുദ്ധിയായവനേ | ദുരവാപസ്യ | സാദ്ധ്യമല്ലാത്ത |
| ഹീനാർത്ഥഃ | ഒന്നും ഫലത്തിൽ വരുത്തുവാൻസാധിക്കാത്ത | അർത്ഥസ്യ | കാര്യത്തെക്കുറിച്ചു |
| | | വചഃ | വീമ്പും |
| | | വ്യാഹൃത്യ | പറഞ്ഞു |
| സഃ | അപ്രകാരമുള്ള | കൃതാർത്ഥഃ അസ്മി ഇതി | കൃതാർത്ഥനാണെന്നു |
| ത്വം | നീ | | |
| കേനചിത് | ആരാലും | ജാനീഷേ | നടിക്കുകയാണ്. |

അന്തർധാനഗതേനാജൌ യസ്ത്വയാഽഽചരിതസ്തദാ
തസ്കരാചരിതോ മാർഗ്ഗോ നൈഷ വീരനിഷേവിതഃ 15

| | | | |
|---|---|---|---|
| "ആജൌ | "യുദ്ധത്തിൽ | യഃ മാർഗ്ഗഃ | യാതൊരുവഴി |
| തദാ | അപ്പോൾ | ആചരിതഃ | ആചരിക്കപ്പെട്ടുവോ |
| അന്തർധാന-ഗതേന | മറഞ്ഞുനിന്ന | ഏഷഃ | ഇത് |
| ത്വയാ | നിന്നാൽ [ക്കുന്നതായ | വീരനിഷേ-വിതഃ ന. | വീരന്മാർ ചെയ്യുന്ന കൃത്യമല്ല. |
| തസ്കരചരിതഃ | ചോരന്മാർഅനുവർത്തി- | | |

യഥാ ബാണപഥം പ്രാപ്യ സ്ഥിതോഽഹം തവ രാക്ഷസ
ദർശയസ്വാദ്യ തത് തേജോ വാചാ ത്വം കിം വികത്ഥസേ. 16

| | | | |
|---|---|---|---|
| "രാക്ഷസ! | "രാത്രിഞ്ചര! | തത് | അപ്രകാരമുള്ള |
| തവ | നിന്റെ | തേജഃ | ധൈര്യത്തെ |
| ബാണപഥം | ബാണമാർഗ്ഗത്തെ | അദ്യ ദർശയസ്വ | ഇപ്പോൾ നീ കാണിക്ക |
| പ്രാപ്യ | പ്രാപിച്ച് | ത്വം വാചാ | നീ വാക്കുകൊണ്ട് [ക |
| അഹം | ഞാൻ [ചെയ്യുന്നുവോ | കിം വിക-ത്ഥസേ?" | എന്തിനാണ് വെറുതെ മേനിപറയുന്നത്?" |
| യഥാ സ്ഥിതഃ | എപ്രകാരം സ്ഥിതി- | | |

ഏവമുക്തോ ധനുർഭീമം പരാമൃശ്യ മഹാബലഃ
സസർജ്ജ നിശിതാൻ ബാണാനിന്ദ്രജിത് സമിതിഞ്ജയഃ 17

| | | | |
|---|---|---|---|
| സമിതിഞ്ജയഃ | പോരിൽ വെല്ലുന്നവനും | ഭീമം | ഉഗ്രമായ |
| മഹാബലഃ | മഹാബലശാലിയുമായ | ധനുഃ പരാമൃശ്യ | വില്ലിനെ കയ്ക്കൊണ്ട് |
| ഇന്ദ്രജിത് | ഇന്ദ്രജിത്ത് | നിശിതാൻ | കൂർത്ത |
| ഏവം | ഇപ്രകാരം | ബാണാൻ | ശരങ്ങളെ |
| ഉക്തഃ | ഉരചെയ്യപ്പെട്ടവനായി | സസർജ്ജ. | തൂകി. |

തേന നിസൃഷ്ടാ മഹാവേഗാഃ ശരാഃ സർപ്പവിഷോപമാഃ
സംപ്രാപ്യ ലക്ഷ്മണം പേതുഃ ശ്വസന്ത ഇവ പന്നഗാഃ 18

| | | | |
|---|---|---|---|
| നിസൃഷ്ടാഃ | എയ്യപ്പെട്ടവയും | ശ്വസന്തഃ | ചീറുന്ന |
| മഹാവേഗാഃ | അതിവേഗതയാർന്നവയും | പന്നഗാഃ ഇവ | സർപ്പങ്ങളെന്നപോലെ |
| സർപ്പ-വിഷോപമാഃ | സർപ്പവിഷമൊത്തവയുമായ | ലക്ഷ്മണം | ലക്ഷ്മണനെ |
| | | സംപ്രാപ്യ | അടുത്ത് |
| തേ ശരാഃ | ആ ശരങ്ങൾ | പേതുഃ | പാഞ്ഞെത്തി. |

ശരൈരതിമഹാവേഗൈർവേഗവാൻ രാവണാത്മജഃ
സൌമിത്രിമിന്ദ്രജിദ്യുദ്ധേ വിവ്യാധ ശുഭലക്ഷണം. 19

| | | | |
|---|---|---|---|
| വേഗവാൻ | വാശിപൂണ്ട | ശരൈഃ | ബാണങ്ങൾകൊണ്ട് |
| രാവണാത്മജഃ | രാവണസുതനായ | യുദ്ധേ | പോരിൽ |
| ഇന്ദ്രജിത് | ഇന്ദ്രജിത്ത് | ശുഭലക്ഷണം | സ്വഭാവഗുണയുക്ത [നായ |
| അതിമഹാ-വേഗൈഃ | ഏററവും ഊക്കാർന്ന | സൌമിത്രിം | ലക്ഷ്മണനെ |
| | | വിവ്യാധ. | എയ്തു. |

സ ശരൈരതിവിദ്ധാംഗോ രുധിരേണ സമുക്ഷിതഃ
ശുശുഭേ ലക്ഷ്മണഃ ശ്രീമാൻ വിധൂമ ഇവ പാവകഃ 20

| | | | |
|---|---|---|---|
| ശ്രീമാൻ | ശ്രീമാനായ | രുധിരേണ | ചോരകൊണ്ടു് |
| സഃ | ആ | സമുക്ഷിതഃ | നനയ്ക്കപ്പെട്ടവനായി |
| ലക്ഷ്മണഃ | ലക്ഷ്മണൻ | വിധൂമഃ | പുകയററ |
| ശരൈഃ | ബാണങ്ങളാൽ | പാവകഃ | ചെന്തീ |
| അതിവിദ്ധാംഗഃ | ശരീരം ഏററം തുളയ്ക്കപ്പെട്ടവനായി | ഇവ | എന്നപോലെ |
| | | ശുശുഭേ. | വിളങ്ങി. |

ഇന്ദ്രജിത്ത്വാത്മനഃ കർമ്മ പ്രസമീക്ഷ്യാധിഗമ്യ ച
വിനദ്യ സുമഹാനാദമിദം വചനമബ്രവീത്. 21

| | | | |
|---|---|---|---|
| ഇന്ദ്രജിത് തു | ഇന്ദ്രജിത്തും | വിനദ്യ | ഗർജ്ജിച്ച് |
| ആത്മനഃ | തന്റെ | സുമഹാനാദം | അത്യുച്ചത്തിൽ |
| കർമ്മ | ഉദ്യമത്തിന്റെ ഫലത്തെ | ഇദം | ഈപ്രകാരം |
| പ്രസമീക്ഷ്യ | ഉററുനോക്കി | വചനം | ഉരചെയ്തു. |
| അധിഗമ്യ ച | കണ്ടറിഞ്ഞ് | അബ്രവീത്. | |

പത്രിണഃ ശിതധാരാസ്തേ ശരാ മത്കാർമ്മുകച്യുതാഃ
ആദാസ്യന്തേऽദ്യ സൌമിത്രേ ജീവിതം ജീവിതാന്തഗാഃ 22

| | | | |
|---|---|---|---|
| "സൌമിത്രേ! | "ലക്ഷ്മണ! | ജീവിതാന്തഗാഃ | ജീവാവസാനംവരുത്തുന്നവയുമായ |
| മത്കാർമ്മുകച്യുതാഃ | എന്റെ വില്ലിൽനിന്നു പുറപ്പെട്ടവയും | ശരാഃ | ശരങ്ങൾ |
| | | അദ്യ | ഇതാ |
| ശിതധാരാഃ | കൂർത്തമുനയാർന്നവയും | തേ ജീവിതം | നിന്റെ ജീവനെ |
| പത്രിണഃ | തൂവൽ കെട്ടപ്പെട്ടവയും | ആദാസ്യന്തേ. | കയ്ക്കലാവാൻ പോകുന്നു |

അദ്യ ഗോമായുസംഘാശ്ച ശ്യേനസംഘാശ്ച ലക്ഷ്മണ
ഗൃധ്രാശ്ച നിപതന്തു ത്വാം ഗതാസും നിഹതം മയാ. 23

| | | | |
|---|---|---|---|
| "ലക്ഷ്മണ! | "ലക്ഷ്മണ! | ഗോമായുസംഘാഃ ച | കുറുനരിക്കൂട്ടങ്ങളും |
| അദ്യ | ഇപ്പോൾ | | |
| മയാ | എന്നാൽ | ശ്യേനസംഘാഃ ച | കഴുകിൻ കൂട്ടങ്ങളും |
| നിഹതം | കൊല്ലപ്പെട്ട് | | |
| ഗതാസും | പ്രാണൻ പോയ | ഗൃധ്രാഃ ച | പരുന്തുകളും |
| ത്വാം | നിന്റെ മേൽ | നിപതന്തു. | വന്ന വീഴട്ടെ. |

ക്ഷത്രബന്ധും സദാऽനാര്യം രാമഃ പരമദുർമ്മതിഃ
ഭക്തം ഭ്രാതരമദ്യൈവ ത്വാം ദ്രക്ഷ്യതി മയാ ഹതം 24
വിശസ്തകവചം ഭൂമൌ വ്യപവിദ്ധശരാസനം
ഹൃതോത്തമാംഗം സൌമിത്രേ ത്വാമദ്യ നിഹതം മയാ. 25

| | | | |
|---|---|---|---|
| "സൌമിത്രേ | ലക്ഷ്മണ | വിശസ്തകവചം | കവചം തകൎന്നു് |
| പരമദുർമ്മതിഃ | മഹാദുർബുദ്ധിയായ | ന്യപവിദ്ധശരാസനം | വില്ലുമുറിഞ്ഞു് |
| രാമഃ | രാമൻ | ഏതോത്തമാംഗം | തലയററവനായി |
| ക്ഷത്രബന്ധുഃ | ക്ഷത്രിയഹതകനും | മയാ | എന്നാൽ |
| സദാ | എപ്പോഴും | ഭൂമൌ | നിലത്തു് |
| അനാര്യ്യം | ദുർവൃത്തിയാന്നവനും | നിഹതം | കൊന്നുവീഴ്ത്തപ്പെട്ടവനായ |
| ഭക്തം | പ്രിയപ്പെട്ട | ത്വാം | നിന്നെ |
| ഭ്രാതരം ത്വാം | അനുജനുമായ നിന്നെ | അദ്യ | ഇപ്പോൾ |
| അദ്യ ഏവ | ഇക്ഷണം തന്നെ | ദ്രക്ഷ്യതി" | കാണാറാകും." |
| മയാ | എന്നാൽ | | |
| ഹതം | പ്രഹരിക്കപ്പെട്ടു് | | |

ഇതി ബ്രുവാണം സംരബ്ധം പരുഷം രാവണാത്മജം
ഹേതുമദ്വാക്യമത്യർത്ഥം ലക്ഷ്മണഃ പ്രത്യുവാച ഹ. 26

| | | | |
|---|---|---|---|
| സംരബ്ധം | കോപാവേശമുൾക്കൊണ്ടു് | ലക്ഷ്മണഃ | ലക്ഷ്മണൻ |
| ഇതി | മേൽപ്രകാരം | അത്യർത്ഥം | ഏത്രയും |
| ബ്രുവാണം | പറയുന്ന | ഹേതുമത് | തക്കതായ |
| പരുഷം | ക്രൂരനായ | വാക്യം | വാക്യത്തെ |
| രാവണാത്മജം | രാവണാത്മജനോടായി | പ്രത്യുവാച ഹ | ഇപ്രകാരം മറുപടിയരുളി. |

വാഗ്ബലം ത്യജ ദുർബുദ്ധേ ക്രൂരകർമ്മാസി രാക്ഷസ
അഥ കസ്മാദ്വദസ്യേതത് സംപാദയ സുകർമ്മണാ. 27

| | | | |
|---|---|---|---|
| "ദുർബുദ്ധേ | "കുമതിയായവനേ | അഥ | അപ്രകാരമിരിക്കെ |
| വാഗ്ബലം | വാക്കുകൊണ്ടുള്ള വമ്പു് | കസ്മാത് | എന്തിനുവേണ്ടിയാണു് |
| ത്യജ | വിട്ടേക്കുക; | വദസി | വെറും വാക്കുരചെയ്യുന്നതു്? |
| രാക്ഷസ | രാക്ഷസ | ഏതത് | ഇതിനെ |
| ക്രൂരകർമ്മാ അസി | നീ ഘോരകൃത്യം ചെയ്യുന്നവനാണു് | സുകർമ്മണാ സംപാദയ | നന്നായി പ്രവൃത്തിച്ചുകൊണ്ടു സമർത്ഥിച്ചാലും. |

അകൃത്വാ കത്ഥസേ കർമ്മ കിമർത്ഥമിഹ രാക്ഷസ. 28

| | | | |
|---|---|---|---|
| "രാക്ഷസ | രാക്ഷസ | ഇഹ | ഇപ്പോൾ |
| കർമ്മ | കാര്യ്യം | കിമർത്ഥം | എന്തിനാണു് |
| അകൃത്വാ | സാധിക്കാതെ | കത്ഥസേ | വീമ്പു പറയുന്നതു്? |

കുരു തത് കർമ്മ യേനാഹം ശ്രദ്ദധ്യാം തവ കത്ഥനം. 29

| | | | |
|---|---|---|---|
| "യേന | "യാതൊന്നുകൊണ്ടു് | ശ്രദ്ദധ്യാം | വിശ്വസിക്കുമോ |
| അഹം | ഞാൻ | തത് | അപ്രകാരമുള്ള |
| തവ | നിന്റെ | കർമ്മ | കൃത്യത്തെ |
| കത്ഥനം | മേനിവാക്കിനെ | കുരു | ചെയ്തുകാണിക്കുക. |

അനുക്ത്വാ പരുഷം വാക്യം കിംചിദപ്യനവക്ഷിപൻ
അവികത്ഥൻ വധിഷ്യാമി ത്വാം പശ്യ പുരുഷാധമ. 30

| | | | |
|---|---|---|---|
| "പുരുഷാധമ! | "പുരുഷകീടമേ! | അനവക്ഷിപൻ | ഒട്ടും നിന്ദിക്കാതേയും |
| പരുഷം | അനാവശ്യമായ | അവികത്ഥൻ | മേനിപറയാതേയും |
| വാക്യം | വാക്ക് | ത്വാം | നിന്നെ |
| കിംചിത് അപി | ഒന്നും തന്നെ | വധിഷ്യാമി | ഞാൻ വധിക്കുന്നുണ്ട്; |
| അനുക്ത്വാ | പറയാതേയും | പശ്യ." | കണ്ടുകൊൾക." |

ഇത്യുക്ത്വാ പഞ്ച നാരാചാനാകർണ്ണാപൂരിതാഞ്ശിതാൻ
നിജഘാന മഹാവേഗാൻ ലക്ഷ്മണോ രാക്ഷസോപരി. 31

| | | | |
|---|---|---|---|
| ലക്ഷ്മണഃ | ലക്ഷ്മണൻ | മഹാവേഗാൻ | അതിശക്തിയാർന്ന |
| ഇതി ഉക്ത്വാ | ഇപ്രകാരം പറഞ്ഞു | പഞ്ച | അഞ്ചു |
| ആകർണ്ണാപൂരിതാൻ | കാതോളം വലിച്ചെയ്യപ്പെട്ട | നാരാചാൻ | നാരാചബാണങ്ങളെ |
| | | രാക്ഷസോപരി | രാക്ഷസന്റെ മേൽ |
| ശിതാൻ | കൂർത്തുമൂത്ത | നിജഘാന. | എയ്തു. |

സുപത്രവാജിതാ ബാണാ ജ്വലിതാ ഇവ പന്നഗാഃ
നൈർഋതോരസ്യഭാസന്ത സവിതു രശ്മയോ യഥാ. 32

| | | | |
|---|---|---|---|
| സുപത്രവാജിതാഃ | നല്ല തൂവലുകൾ കെട്ടപ്പെട്ട് വേഗതയാർന്നവയും | ബാണാഃ | ആ ബാണങ്ങൾ |
| | | നൈർഋതോരസി | ആ രാക്ഷസന്റെ ഉരസ്സിൽ |
| ജ്വലിതാഃ | ദീപ്തിപൂണ്ടവയും | സവിതുഃ രശ്മയഃ യഥാ | സൂര്യകിരണങ്ങളെന്നപോലെ |
| പന്നഗാഃ ഇവ | സർപ്പങ്ങളെന്നപോലെ ഉള്ളവയും ആയ | അഭാസന്ത. | വിലസി. |

സ ശരൈരാഹതസ്തേന സരോഷോ രാവണാത്മജഃ
സുപ്രയുക്തൈസ്ത്രിഭിർബാണൈഃ പ്രതിവിവ്യാധ ലക്ഷ്മണം. 33

| | | | |
|---|---|---|---|
| തേന | ലക്ഷ്മണനാൽ | സരോഷഃ | കോപാവിഷ്ടനായി |
| ശരൈഃ | ബാണങ്ങൾകൊണ്ട് | സുപ്രയുക്തൈഃ | നന്നായി എയ്യപ്പെട്ട |
| ആഹതഃ | തുളയ്ക്കപ്പെട്ട | ത്രിഭിഃ ബാണൈഃ | മൂന്നുശരങ്ങൾകൊണ്ട് |
| സഃ | ആ | ലക്ഷ്മണം | ലക്ഷ്മണനേയും |
| രാവണാത്മജഃ | രാവണസൂനു | പ്രതിവിവ്യാധ. | തിരിച്ചെയ്തു. |

സ ബഭൂവ തദാ ഭീമോ നരരാക്ഷസസിംഹയോഃ
വിമർദ്ദസ്തുമുലോ യുദ്ധേ പരസ്പരജയൈഷിണോഃ 34

| | | | |
|---|---|---|---|
| തദാ | ആ സമയം | നരരാക്ഷസസിംഹയോഃ | പുരുഷോത്തമനും രാക്ഷസശ്രേഷ്ഠനും |
| യുദ്ധേ | യുദ്ധത്തിൽ | സഃ വിമർദ്ദഃ | ആ യുദ്ധം [തമ്മിൽ |
| | | ഭീമഃ | ഭയങ്കരമായും |
| പരസ്പരജയൈഷിണോഃ | അന്യോന്യം ജയത്തെ കാമിച്ചവരായ | തുമുലഃ | കോലാഹലമായും |
| | | ബഭൂവ. | നടന്നു. |

ഉഭൗ ഹി ബലസമ്പന്നൗ ഉഭൗ വിക്രമശാലിനൗ
ഉഭാവപി സുവിക്രാന്തൗ സർവ്വശസ്ത്രാസ്ത്രകോവിദൗ 35

ഉഭൗ ഹി — രണ്ടുപേരും തന്നെ
ബലസംപന്നൗ — ബലംവാച്ചവർ;
ഉഭൗ അപി — രണ്ടുപേരും
വിക്രമശാലിനൗ — പരാക്രമശാലികൾ;
ഉഭൗ — ഇരുവരും
സുവിക്രാന്തൗ — യുദ്ധവീരന്മാർ;
സർവ്വശസ്ത്രാസ്ത്രകോവിദൗ — എല്ലാആയുധങ്ങളിലും അസ്ത്രങ്ങളിലും കുശലന്മാർ.

ഉഭൗ പരമദുർജ്ജയാവതുല്യബലതേജസൗ. 36

ഉഭൗ — ഇരുവരും
പരമദുർജ്ജയൗ — എപ്രകാരവും ജയിക്കപ്പെടുവാൻ കഴിയാത്തവർ
അതുല്യബലതേജസൗ. — നിസ്സീമബല പൌരുഷയുക്തന്മാർ.

യുയുധാതേ തദാ വീരൗ ഗ്രഹാവിവ നഭോഗതൌ. 37

തദാ — ആ സമയം
വീരൗ — ആ രണ്ടു വീരന്മാരും
നഭോഗതൌ — ആകാശത്തിലുള്ള
ഗ്രഹൗ ഇവ — രണ്ടു ഗ്രഹങ്ങളെന്നപോലെ
യുയുധാതേ. — പൊരുതു.

ബലവൃത്രാവിവാഭീതൌ യുധി തൌ ദുഷ്പ്രധർഷണൌ
യുയുധാതേ മഹാത്മാനൌ തദാ കേസരിണാവിവ. 38

യുധി — അടരിൽ
ദുഷ്പ്രധർഷണൌ — എതിർക്കപ്പെടുവാൻ കഴിയാത്തവരും
ബലവൃത്രൌ — ഇന്ദ്രനും വൃത്രാസുരനും
ഇവ — പോലെ
അഭീതൌ — ഭയലേശമില്ലാത്തവരും
മഹാത്മാനൌ — മഹാധൈര്യശാലികളും
തൌ — അവരിരുവരും [ആയ
തദാ — ആ സമയം
കേസരിണൌ ഇവ — രണ്ടു സിംഹങ്ങളെന്നപോലെ
യുയുധാതേ. — യുദ്ധംചെയ്തു.

[നാമൈകദേശേ നാമഗ്രഹണം എന്ന വാക്യപ്രകാരം, വലാരി എന്നതിന്നു പകരം ബലൻ എന്നു് പ്രയോഗിച്ചതിനാൽ ഇന്ദ്രൻ, എന്നു് വിവക്ഷ. (ഗോ. രാ. തീ. തി.)]

ബഹൂനവസൃജന്തൌ ഹി മാർഗ്ഗണൌഘാനവസ്ഥിതൌ
നരരാക്ഷസസിംഹൌ തൌ പ്രഹൃഷ്ടാവഭ്യയുധ്യതാം. 39

നരരാക്ഷസസിംഹൌ തൌ ഹി — നരോത്തമനും രാക്ഷസവീരനുമായ അവരിരുവരും
അവസ്ഥിതൌ — എതിർത്തുനിന്നുകൊണ്ടു
ബഹൂൻ — അനേകം
മാർഗ്ഗണൌഘാൻ — ശരനിരകളെ
അവസൃജന്തൌ — പൊഴിക്കുന്നവരായി
പ്രഹൃഷ്ടൌ — ഉത്സാഹത്തോടുകൂടി
അഭ്യയുധ്യതാം — പോരാടി.

സുസംപ്രഹൃഷ്ടൌ നരരാക്ഷസോത്തമൌ
ജയൈഷിണൌ മാർഗ്ഗണചാപധാരിണൌ
പരസ്പരം തൌ പ്രവവർഷതുർഭൃശം
ശരൌഘവർഷേണ ബലാഹകാവിവ. 40

| | | | |
|---|---|---|---|
| മാർഗ്ഗണചാപധാരിണൌ | അമ്പും വില്ലും ധരിച്ചവരും | ബലാഹകൌ | രണ്ടു മേഘങ്ങൾ |
| സുസംപ്രഹൃഷ്ടൌ | അത്യുത്സാഹംപൂണ്ടവരും | ഇവ | എപ്രകാരമോ അപ്രകാരം |
| ജയൈഷിണൌ | വിജയേച്ഛുക്കളുമായ | ശരൌഘവർഷേണ | ശരനിരകളുടെ മാരിയാൽ |
| തൌ | ആ | പരസ്പരം | ഒരുവനെയൊരുവൻ |
| നരരാക്ഷസോത്തമൌ | പുരുഷോത്തമനും രാക്ഷസശ്രേഷ്ഠനും | ഭൃശം | ഏററവും |
| | | പ്രവവർഷതുഃ. | തൂകി. |

അഭിപ്രവൃദ്ധൌ യുധി യുദ്ധകോവിദൌ
ശരാസിചണ്ഡൌ ശിതശസ്ത്രധാരിണൌ
അഭീക്ഷ്ണമാവിവ്യധതുർമ്മഹാബലൌ
മഹാഹവേ ശംബരവാസവാവിവ. 41

| | | | |
|---|---|---|---|
| യുധി | യുദ്ധത്തിൽ | മഹാബലൌ | ആ മഹാശക്തന്മാരിരുവരും |
| അഭിപ്രവൃദ്ധൌ | ആവേശമുററുകൊണ്ടവരും | മഹാഹവേ | വൻപോരിൽ |
| യുദ്ധകോവിദൌ | യുദ്ധകുശലന്മാരും | ശംബരവാസവൌ ഇവ | ശംബരാസുരനും ഇന്ദ്രനുമെന്നപോലെ |
| ശരാസിചണ്ഡൌ | ബാണങ്ങൾ, ഖഡ്ഗങ്ങൾ എന്നവകൊണ്ടു് ഭയങ്കരന്മാരും | അഭീക്ഷ്ണം | തുടരെത്തുടരെ |
| ശിരശസ്ത്രധാരിണൌ | തീക്ഷ്ണങ്ങളായ ആയുധങ്ങളാർന്നവരുമായ | ആവിവ്യധതുഃ | പ്രഹരിച്ചു. |

ഇത്യാർഷേ ശ്രീമദ്രാമായണേ വാൽമീകീയേ ആദികാവ്യേ യുദ്ധകാണ്ഡേ
അഷ്ടാശീതിതമഃ സർഗ്ഗഃ = എൺപത്തെട്ടാം സർഗ്ഗം സമാപ്തം
ആദ്യം മുതൽ ശ്ലോകസംഖ്യ 18794; യുദ്ധകാണ്ഡം ആദ്യം മുതൽ ശ്ലോകസംഖ്യ 4119

—oo—

## ഏകോനനവതിതമഃ സർഗ്ഗഃ = എൺപത്തൊമ്പതാംസർഗ്ഗം

[ഇന്ദ്രജില്ലക്ഷ്മണമഹായുദ്ധം = ഇന്ദ്രജിത്തും ലക്ഷ്മണനുമായുള്ള മഹായുദ്ധം]

തതഃ ശരം ദാശരഥിഃ സന്ധായാമിത്രകർശനഃ
സസർജ്ജ രാക്ഷസേന്ദ്രായ ക്രുദ്ധഃ സർപ്പ ഇവ ശ്വസൻ. 1

| | | | |
|---|---|---|---|
| അമിത്രകർശനഃ | ശത്രുസംഹാരകനായ | തതഃ | ആ സമയം |
| ദാശരഥിഃ | ലക്ഷ്മണൻ | ശരം | ഒരു ബാണത്തെ |
| ക്രുദ്ധഃ | ക്രുദ്ധിച്ചു | സന്ധായ | തൊടുത്തു് |
| സർപ്പഃ ഇവ | സർപ്പം പോലെ | രാക്ഷസേന്ദ്രായ | രാക്ഷസൻെറ മേൽ |
| ശ്വസൻ | ചീററിക്കൊണ്ടു് | സസർജ്ജ. | എയ്തു. |

തസ്യ ജ്യാതലനിർഘോഷം സ ശ്രുത്വാ രാവണാത്മജഃ
വിവർണ്ണവദനോ ഭൂത്വാ ലക്ഷ്മണം സമുദൈക്ഷത. 2

| | | | |
|---|---|---|---|
| സഃ | ആ | ശ്രുത്വാ | കേട്ട് |
| രാവണാത്മജഃ | രാവണാത്മജൻ | വിവർണ്ണവദനഃ | } മുഖം വിളർത്തവനായി |
| തസ്യ | ലക്ഷ്മണന്റെ | ഭൂത്വാ | |
| ജ്യാതല- | } ഞാണടിയുടെ മുഴക്ക | ലക്ഷ്മണം | ലക്ഷ്മണനെ |
| നിർഘോഷം | ത്തെ | സമുദൈക്ഷത. | ഉററുനോക്കി. |

തം വിവർണ്ണമുഖം ദൃഷ്ട്വാ രാക്ഷസം രാവണാത്മജം
സൌമിത്രിം യുദ്ധസംയുക്തം പ്രത്യുവാച വിഭീഷണഃ 3

| | | | |
|---|---|---|---|
| വിഭീഷണഃ | വിഭീഷണൻ | ദൃഷ്ട്വാ | കണ്ട് |
| രാവണാത്മജം | രാവണസുതനായ | യുദ്ധസംയുക്തം | യുദ്ധം ചെയ്യുന്നവനായ |
| തം രാക്ഷസം | ആ രാക്ഷസനെ | സൌമിത്രിം | ലക്ഷ്മണനോടായി |
| വിവർണ്ണമുഖം | മുഖം വിളറിയവനായി | പ്രത്യുവാച. | ഇങ്ങിനെ ഉരചെയ്തു. |

നിമിത്താന്യനുപശ്യാമി യാന്യസ്മിൻ രാവണാത്മജേ
ത്വര തേന മഹാബാഹോ ഭഗ്ന ഏഷ ന സംശയഃ 4

| | | | |
|---|---|---|---|
| “അസ്മിൻ | ”ഈ | ഏഷഃ | ഇവൻ |
| രാവണാത്മജേ | രാവണപുത്രങ്കൽ | ഭഗ്നഃ | നശിച്ചു; |
| യാനി | യാതൊരു | സംശയഃ ന | തീർച്ചതന്നെ |
| നിമിത്താനി | ദുർലക്ഷണങ്ങളെ | മഹാബാഹോ! | വീരശ്രേഷ്ഠ! |
| അനുപശ്യാമി | ഞാൻ കാണുന്നുണ്ടൊ | ത്വര.” | ഉത്സാഹത്തോടെയതി |
| തേന | അതിനാൽ | | ച്ചാലും.” |

തതഃ സന്ധായ സൌമിത്രിർബാണാനഗ്നിശിഖോപമാൻ
മുമോച നിശിതാംസ്തസ്മിൻ സർപ്പാനിവ മഹാവിഷാൻ. 5

| | | | |
|---|---|---|---|
| തതഃ | അപ്പോൾ | സർപ്പാൻ ഇവ | സർപ്പങ്ങൾ പോന്നവയു |
| സൌമിത്രിഃ | ലക്ഷ്മണൻ | | മായ |
| അഗ്നി- | } അഗ്നിജ്വാലകളൊത്ത | ബാണാൻ | ബാണങ്ങളെ |
| ശിഖോപമാൻ | വയും | സന്ധായ | തൊടുത്ത് |
| നിശിതാൻ | കൂർത്തുമൂർത്തവയും | തസ്മിൻ | അവന്റെ മേൽ |
| മഹാവിഷാൻ | കടുംവിഷമാർന്ന | മുമോച. | പൊഴിച്ചു. |

ശക്രാശനിസമസ്പർശൈർലക്ഷ്മണേനാഹതഃ ശരൈഃ
മുഹൂർത്തമഭവന്മൂഢഃ സർവ്വസംക്ഷുഭിതേന്ദ്രിയഃ 6

| | | | |
|---|---|---|---|
| ലക്ഷ്മണേന | ലക്ഷ്മണനാൽ | സർവ്വസംക്ഷു- | } സർവ്വേന്ദ്രിയങ്ങളും കല |
| ശക്രാശനി- | } ഇന്ദ്രന്റെ വജ്രായുധം | ഭിതേന്ദ്രിയഃ | ങ്ങിയവനായി |
| സമസ്പർശൈഃ | പോലെ കഠിനങ്ങളായ | മുഹൂർത്തം | ഒട്ടുനേരം |
| ശരൈഃ | ബാണങ്ങളാൽ | മൂഢഃ | പ്രജ്ഞയററവനായി |
| ആഹതഃ | തുളയ്ക്കപ്പെട്ട് | അഭവത്. | ഭവിച്ചു. |

ഉപലഭ്യ മുഹൂർത്തേന സംജ്ഞാം പ്രത്യാഗതേന്ദ്രിയഃ
ദദർശാവസ്ഥിതം വീരം വീരോ ദശരഥാത്മജം. 7

| | | | |
|---|---|---|---|
| വീരഃ | വീരനായ ഇന്ദ്രജിത്ത് | അവസ്ഥിതം | എതിർത്തുനിന്നിരുന്ന |
| മുഹൂർത്തേന | അല്പനേരംകൊണ്ട് | വീരം | വീരനായ |
| സംജ്ഞാം | ബോധം | ദശരഥാത്മജം | ദശരഥപുത്രനെ |
| ഉപലഭ്യ | തെളിഞ്ഞ് | ദദർശ. | കണ്ടു. |
| പ്രത്യാഗതേന്ദ്രിയഃ | ഇന്ദ്രിയങ്ങൾ സ്വസ്ഥതയിലെത്തിയവനായി | | |

സോഽഭിചക്രാമ സൗമിത്രിം രോഷാത് സംരക്തലോചനഃ 8

| | | | |
|---|---|---|---|
| സഃ രോഷാത് | അവൻ ക്രോധത്താൽ | സൗമിത്രിം | ലക്ഷ്മണനെ |
| സംരക്തലോചനഃ | കണ്ണുകൾ ചുടുത്തവനായി | അഭിചക്രാമ. | ഏററടുത്തു. |

അബ്രവീച്ചൈനമാസാദ്യ പുനഃ സ പരുഷം വചഃ 9

| | | | |
|---|---|---|---|
| സഃ | അവൻ | പുനഃ | വീണ്ടും |
| ഏനം | ലക്ഷ്മണനെ | പരുഷം വചഃ | കടുതായ മൊഴി |
| ആസാദ്യ ച | അടുത്ത ഉടനെ | അബ്രവീത്. | ഇപ്രകാരം ഉരച്ചു. |

കിം ന സ്മരസി തദ്യുദ്ധേ പ്രഥമേ മത്പരാക്രമം
നിബദ്ധസ്ത്വം സഹ ഭ്രാത്രാ യദാ ഭുവി വിവേഷ്ടസേ 10

| | | | |
|---|---|---|---|
| "ത്വം | "നീ | വിവേഷ്ടസേ | വീണുരുളുകയുണ്ടായോ അപ്രകാരമുള്ള |
| ഭ്രാത്രാ സഹ | നിന്റെ ജ്യേഷ്ഠനോടുകൂടി | പ്രഥമേ | ഒന്നാമത്തെ |
| നിബദ്ധഃ | ബന്ധിക്കപ്പെട്ടവനായി | തദ്യുദ്ധേ | ആ യുദ്ധത്തിൽ |
| ഭുവി | നിലത്ത് | മത്പരാക്രമം | എന്റെ പരാക്രമത്തെ |
| യദാ | എപ്പോൾ | കിം ന സ്മരസി? | നീ ഓർക്കുന്നില്ലേ? |

യുവാം ഖലു മഹായുദ്ധേ ശക്രാശനിസമൈഃ ശരൈഃ
ശായിതൗ പ്രഥമം ഭൂമൗ വിസംജ്ഞൗ സപുരസ്സരൗ. 11

| | | | |
|---|---|---|---|
| "മഹായുദ്ധേ | "വൻപോരിൽ | സപുരസ്സരൗ | പരിവാരങ്ങളടക്കം |
| യുവാം | നിങ്ങൾ രണ്ടുപേരും | വിസംജ്ഞൗ | മൂർച്ഛിച്ച് |
| ശക്രാശനിസമൈഃ | ഇന്ദ്രന്റെ വജ്രായുധമൊത്ത | ഭൂമൗ | നിലത്ത് |
| ശരൈഃ | ബാണങ്ങളാൽ | പ്രഥമം | മുമ്പു |
| | | ശായിതൗ ഖലു. | വീഴ്ത്തപ്പെട്ടവല്ലോ. |

സ്മൃതിർവ്വാ നാസ്തി തേ മന്യേ വ്യക്തം വാ യമസാദനം
ഗന്തുമിച്ഛസി യസ്മാത് ത്വം മാം ധർഷയിതുമിച്ഛസി. 12

| | | | |
|---|---|---|---|
| "തേ | "നിനക്ക് | ത്വം | നീ |
| സ്മൃതിഃ | ഓർമ്മ | മാം | എന്നെ |
| അസ്തി ന വാ! | ഇല്ലെന്നോ! | ധർഷയിതും | എതിർപ്പാൻ |

| | | | |
|---|---|---|---|
| ഇച്ഛസി | മതിന്നിരിക്കുന്നു | ഇച്ഛസി വാ | നീ കരുതുന്നു എന്നുള്ളതു് |
| യസ്മാത് | എന്നതുകൊണ്ടു് | | |
| യമസാദനം | യമപുരത്തിൽ | വ്യക്തം | നിശ്ചയംതന്നെ എന്നു് |
| ഗന്തും | ചെല്ലുവാൻ | മന്യേ | ഞാൻ വിചാരിക്കുന്നു. |

യദി തേ പ്രഥമേ യുദ്ധേ ന ദൃഷ്ടോ മത്പരാക്രമഃ
അദ്യ തേ ദർശയിഷ്യാമി തിഷ്ഠേദാനീം വ്യവസ്ഥിതഃ 13

| | | | |
|---|---|---|---|
| "പ്രഥമേ | ആദ്യത്തെ | അദ്യ തേ | ഇതാ നിനക്കു് |
| യുദ്ധേ | പോരിൽ | ദർശയിഷ്യാമി | കാട്ടിത്തരുന്നുണ്ടു് |
| മത്പരാക്രമഃ | എന്റെ വിക്രമം | ഇദാനീം | ഇപ്പോൾ |
| തേ | നിന്നാൽ | വ്യവസ്ഥിതഃ | ഉറച്ചു് |
| ന ദൃഷ്ടഃ യദി | കാണപ്പെട്ടിട്ടില്ലെന്നാൽ | തിഷ്ഠ" | നിന്നുകൊൾക." |

ഇത്യുക്ത്വാ സപ്തഭിർബ്ബാണൈരഭിവിവ്യാധ ലക്ഷ്മണം
ദശഭിസ്തു ഹനൂമന്തം തീക്ഷ്ണധാരൈഃ ശരോത്തമൈഃ. 14

| | | | |
|---|---|---|---|
| ഇതി | ഇപ്രകാരം | തീക്ഷ്ണ-ധാരൈഃ | കൂൎത്ത മുനകളുള്ള |
| ഉക്ത്വാ | ഉരചെയ്തു് | ദശഭിഃ | പത്തു് |
| സപ്തഭിഃ | ഏഴു് | ശരോത്തമൈഃ | ഉത്തമബാണങ്ങളാൽ |
| ബാണൈഃ | ബാണങ്ങൾകൊണ്ടു് | ഹനൂമന്തം തു | ഹനുമാനേയും |
| ലക്ഷ്മണം | ലക്ഷ്മണനേയും | അഭിവിവ്യാധ | എയ്തു. |

തതഃ ശരശതേനൈവ സുപ്രയുക്തേന വീൎയ്യവാൻ
ക്രോധാദ്ദ്വിഗുണസംരബ്ധോ നിർബ്ബിഭേദ വിഭീഷണം. 15

| | | | |
|---|---|---|---|
| വീൎയ്യവാൻ | വീരനായ അവൻ | തതഃ | അപ്പോൾ |
| ക്രോധാത് | കോപത്താൽ | സുപ്രയുക്തേന | നന്നായി എയ്യപ്പെട്ട |
| ദ്വിഗുണ-സംരബ്ധഃ | ഇരട്ടി വാശിപൂണ്ടു് | ശരശതേന | അനേകം ബാണങ്ങളാൽ |
| വിഭീഷണം ഏവ | വിഭീഷണനേയും | നിർബ്ബിഭേദ. | പിളൎന്നു. |

തദ്ദൃഷ്ട്വേന്ദ്രജിതാ കൎമ്മ കൃതം രാമാനുജസ്തദാ
അചിന്തയിത്വാ പ്രഹസൻ നൈതത് കിഞ്ചിദിതി ബ്രുവൻ
മുമോച സ ശരാൻ ഘോരാൻ സംഗൃഹ്യ നരപുംഗവഃ 16

| | | | |
|---|---|---|---|
| തദാ | ആ സമയം | പ്രഹസൻ | ഹസിച്ചുംകൊണ്ടു് |
| സഃ നരപുംഗവഃ | ആ നരോത്തമനായ | "ഏതത് | "ഇതു് |
| രാമാനുജഃ | ശ്രീരാമാനുജൻ | കിഞ്ചിത് ന" | പുല്ലാണു്." |
| ഇന്ദ്രജിതാ | ഇന്ദ്രജിത്തിനാൽ | ഇതി ബ്രുവൻ | എന്നുപറഞ്ഞുംകൊണ്ടു് |
| കൃതം | ചെയ്യപ്പെട്ട | ഘോരാൻ ശരാൻ | ഉഗ്രശരങ്ങളെ |
| തത് കൎമ്മ | ആ കൃത്യത്തെ | | |
| ദൃഷ്ട്വാ | കണ്ടു് | സംഗൃഹ്യ | കയ്യിലെടുത്തു് |
| അചിന്തയിത്വാ | അലക്ഷ്യമായി | മുമോച | തൂകി. |

അഭീതവദനഃ ക്രുദ്ധോ രാവണിം ലക്ഷ്മണോ യുധി
നൈവം രണഗതാഃ ശൂരാഃ പ്രഹരന്തേ നിശാചര 17
ലഘവശ്ചാല്പവീര്യാശ്ച സുഖാ ഹീമേ ശരാസ്തവ
നൈവം ശൂരാസ്തു യുധ്യന്തേ സമരേ ജയകാംക്ഷിണഃ 18
ഇത്യേവം തം ബ്രുവാണസ്തു ശരവർഷൈരവാകിരത്. 19

| | | | |
|---|---|---|---|
| യുധി | പോരിൽ | ലഘവഃ ച | നിസ്സാരങ്ങളും |
| അഭീതവദന: | ഭയലേശമില്ലാത്ത മുഖത്തോടുകൂടിയ | അല്പവീര്യഃ | ബലം കുറഞ്ഞവയും |
| ലക്ഷ്മണഃ | ലക്ഷ്മണൻ | സുഖാഃ ച | തലോടുന്ന പോലുള്ളവമാത്രവും ആണ്; |
| ക്രുദ്ധഃ | ചൊടിച്ചു് | സമരേ | പോരിൽ |
| തം | ആ | ജയകാംക്ഷിണഃ | ജയം കൊതിച്ച |
| രാവണിം | ഇന്ദ്രജിത്തിനെനോക്കി | ശൂരാ: തു | ശൂരന്മാരാണെങ്കിൽ |
| "നിശാചര | "രാക്ഷസ | ഏവം യുധ്യന്തേ ന" | ഇപ്രകാരമല്ല യുദ്ധം ചെയ്യുക" |
| രണഗതാഃ | പൊരുതുവാൻ വന്ന | ഇതി ഏവം | എന്നിപ്രകാരം |
| ശൂരാഃ | ശൂരന്മാർ | ബ്രുവാണഃ | ഉരചെയ്യുന്നവനായി |
| ഏവം പ്രഹരന്തേ ന | ഇങ്ങിനെയല്ല എയ്യുക; | തു | ആ സമയം |
| തവ | നിന്റെ | ശരവർഷൈഃ | ബാണങ്ങൾകൊണ്ടു് |
| ഇമേ ശരാഃ ഹി | ഈ ശരങ്ങളാകട്ടെ | അവാകിരത് | മൂടി. |

തസ്യ ബാണൈഃ സുവിധ്വസ്തം കവചം ഹേമഭൂഷിതം
വ്യശീര്യത രഥോപസ്ഥേ താരാജാലമിവാംബരാത്. 20

| | | | |
|---|---|---|---|
| തസ്യ | ആ ലക്ഷ്മണന്റെ | രഥോപസ്ഥേ | തേർത്തട്ടിൽ |
| ബാണൈഃ | ബാണങ്ങളാൽ | അംബരാത് | ആകാശത്തിൽനിന്നു് |
| സുവിധ്വസ്തം | പൊടിപെടുത്തപ്പെട്ട | താരാജാലം | നക്ഷത്രഗണം |
| ഹേമഭൂഷിതം | സ്വർണ്ണാലംകൃതമായ | ഇവ | എപ്രകാരമോ അപ്രകാരം |
| കവചം | അവന്റെ കവചം | വ്യശീര്യത | ചിതറിവീണു. |

വിധൂതവർമ്മാ നാരാചൈർബഭൂവ സ കൃതവ്രണഃ
ഇന്ദ്രജിത് സമരേ വീരഃ പ്രരൂഢ ഇവ സാനുമാൻ. 21

| | | | |
|---|---|---|---|
| വീരഃ | വീരനും | നാരാചൈ: | നാരാചബാണങ്ങൾകൊണ്ടു് |
| പ്രരൂഢഃ | വമ്പിച്ച | വിധൂതവർമ്മാ | തകന്ന ചട്ടയോടുകൂടിയവനായി |
| സാനുമാൻ ഇവ | മലയൊത്തവനുമായ | കൃതവ്രണ: | മുറിയേററവനായി |
| സഃ ഇന്ദ്രജിത്ത് | ആ ഇന്ദ്രജിത്ത് | ബഭൂവ | ഭവിച്ചു. |
| സമരേ | പോരിൽ | | |

തതഃ ശരസഹസ്രേണ സംക്രുദ്ധോ രാവണാത്മജഃ
ബിഭേദ സമരേ വീരം ലക്ഷ്മണം ഭീമവിക്രമഃ 22

| | | | |
|---|---|---|---|
| തത: | അപ്പോഠം | സമരേ | പോരിൽ [ളാൽ |
| ഭീമവിക്രമ: | ഉഗ്രപരാക്രമശാലി | ശരസഹസ്രേണ | എണ്ണമററ ബാണങ്ങ- |
| രാവണാത്മജ: | രാവണസുതൻ [യായ | വീരം ലക്ഷ്മണം | വീരനായ ലക്ഷ്മണനെ |
| സംക്രുദ്ധ: | കോപാക്രാന്തനായി | ബിഭേദ | പിളർന്നു. |

വ്യശീര്യ്യത മഹാദിവ്യം കവചം ലക്ഷ്മണസ്യ ച. 23

| | | | |
|---|---|---|---|
| ലക്ഷ്മണസ്യ | ലക്ഷ്മണൻെറ | കവചം ച | കവചവും |
| മഹാദിവ്യം | ശ്രേഷ്ഠവും ദിവ്യവുമായ | വ്യശീര്യ്യത | തകർന്നുപോയി. |

കൃതപ്രതികൃതാന്യോന്യം ബഭൂവതുരഭിദ്രുതൌ 24

| | | | |
|---|---|---|---|
| കൃത—പ്രതികൃതാ—ന്യോന്യം | ഓരോരുത്തൻ ചെയ്യതിന്നു മറുകൈ ചെയ്യുന്നവരായി തമ്മിൽതമ്മിൽ | അഭിദ്രുതൌ ബഭൂവതു: | ഊക്കോടെ ഏററു പൊരുതു. |

അഭീക്ഷ്ണം നിശ്വസന്തൌ തൌ യുദ്ധ്യേതാം തുമുലം യുധി
ശരസംകൃത്തസർവ്വാംഗൌ സർവ്വതോ രുധിരോക്ഷിതൌ. 25

| | | | |
|---|---|---|---|
| തൌ | അവരിരുവരും | അഭീക്ഷ്ണം | കൂടെക്കൂടെ |
| ശരസംകൃത്ത-സർവ്വാംഗൌ | സർവ്വാംഗങ്ങളും ശരങ്ങളാൽ തുളക്കപ്പെട്ടവ | നിശ്വസന്തൌ | നെടുവീർപ്പിട്ടുകൊണ്ടു |
| സർവ്വതഃ | എങ്ങും [രായി | യുധി | പോരിൽ |
| രുധിരോ-ക്ഷിതൌ | ചോരയിൽ മുങ്ങിയവരായി | തുമുലം | അതിയായി |
| | | യുദ്ധ്യേതാം | പോരാടി. |

സുദീർഘകാലം തൌ വീരാവന്യോന്യം നിശിതൈഃ ശരൈഃ
തതക്ഷതുർമ്മഹാത്മാനൌ രണകർമ്മവിശാരദൌ. 26

| | | | |
|---|---|---|---|
| വീരൌ | വീരന്മാരും | അന്യോന്യം | ഒരുവനെയൊരുവൻ |
| മഹാത്മാനൌ | മഹാശക്തിമാന്മാരും | നിശിതൈ: ശരൈ: | കൂരമ്പുകളാകൊണ്ട് |
| രണകർമ്മ-വിശാരദൌ | യുദ്ധവിദഗ്ദ്ധന്മാരുമായ | സുദീർഘകാലം | ഒട്ടേറെനേരം |
| തൌ | അവരിരുവരും | തതക്ഷതുഃ | ചെത്തിമുറിച്ചു. |

ബഭൂവതുശ്ചാത്മജയേ യത്തൌ ഭീമപരാക്രമൌ
തൌ ശരൌഘൈസ്തദാ കീർണ്ണൌ നിവൃത്തകവചധ്വജൌ
സ്രവന്തൌ രുധിരം ചോഷ്ണം ജലം പ്രസ്രവണാവിവ. 27

| | | | |
|---|---|---|---|
| ആത്മജയേ | സ്വന്തംവിജയത്തിൽ | പ്രസ്രവണൌ | രണ്ട് അരുവികൾ |
| യത്തൌ | ഉദ്യമം പൂണ്ടവരും | ജലം ഇവ | വെള്ളത്തെ എന്ന |
| ഭീമപരാക്രമൌ ച തൌ | ഘോരപരാക്രമികളും ആയ അവരിരുവരും | ഉഷ്ണം രുധിരം | ചുടുചോര [പോലെ |
| | | സ്രവന്തൌ | ഒലിപ്പിക്കുന്നവരായി |
| തദാ | ആ സമയം | നിവൃത്തകവച ധ്വജൌ ച | കവചങ്ങളും കൊടികളും പോയവരായി |
| ശരൌഘൈ: | ശരനിരകളാകൊണ്ടു | | |
| കീർണ്ണൌ | ചിതറപ്പെട്ടവരായി | ബഭൂവതു: | ഭവിച്ചു. |

ശരവർഷം തതോ ഘോരം മുഞ്ചതോ ഭീമനിസ്സ്വനം
സസാരയോരിവാകാശേ നീലയോഃ കാളമേഘയോഃ 28

തയോരഥ മഹാൻ കാലോ വ്യത്യയാദ്യുദ്ധ്യമാനയോഃ
ന ച തൌ യുദ്ധവൈമുഖ്യം ശ്രമം വാപ്യുപജഗ്മതുഃ 29

| | | | |
|---|---|---|---|
| തതഃ | അപ്പോൾ | വ്യത്യയാത് | തമ്മിൽതട്ടുത്തുംകൊണ്ട് |
| തയോഃ | അവർ രണ്ടുപേരും | യുദ്ധ്യമാനയോഃ | പൊരുതുമ്പോൾ |
| ആകാശേ | ആകാശത്തിൽ | മഹാൻ കാലഃ | ഏറെ നേരം ചെന്നു; |
| സസാരയോഃ | വർഷധാരകളാന്ന | അഥ | എന്നിട്ടും |
| നീലയോഃ | കറുകറുത്ത | തൌ ച | അവരിരുവരും |
| കാളമേഘയോഃ | നീരുണ്ട മേഘങ്ങൾ | യുദ്ധ-വൈമുഖ്യം വാ | യുദ്ധത്തിൽ അലംഭാവമോ |
| ഇവ | എന്നപോലെ | | |
| ഭീമനിസ്സ്വനം | പെരുത്ത ശബ്ദത്തോടു | ശ്രമം അപി | ക്ഷീണമോ |
| ഘോരം | ഭയങ്കരമായ [കൂടി | ഉപജഗ്മതുഃ ന | കൈക്കൊൾകയുണ്ടായില്ല. |
| ശരവർഷം | ശരമാരി | | |
| മുഞ്ചതോഃ | പൊഴിച്ചുംകൊണ്ടു് | | |

അസ്ത്രാണ്യസ്ത്രവിദാം ശ്രേഷ്ഠൌ ദർശയന്തൌ പുനഃ പുനഃ
ശരാനുച്ചാവചാകാരാനന്തരിക്ഷേ ബബന്ധതുഃ 30

| | | | |
|---|---|---|---|
| അസ്ത്രവിദാം | അസ്ത്രജ്ഞന്മാരിൽ | ഉച്ചാവചാ-കാരാൻ | പലമാതിരി വടിവാന്ന |
| ശ്രേഷ്ഠൌ | മുമ്പന്മാരായ അവരിരു | | |
| പുനഃ പുനഃ | മേൽക്കുമേൽ [വരും | ശരാൻ ച | ശരങ്ങളെ |
| അസ്ത്രാണി | അസ്ത്രങ്ങളെ | അന്തരിക്ഷേ | വാനിൽ |
| ദർശയന്തൌ | പ്രകടിപ്പിക്കുന്നവരായി | ബബന്ധതുഃ | തടഞ്ഞുനിത്തി. |

വ്യപേതദോഷാവസ്യന്തൌ ലഘു ചിത്രം ച സുഷ്ഠു ച
ഉഭൌ തൌ തുമുലം ഘോരം ചക്രതുർന്നരരാക്ഷസൌ 31

| | | | |
|---|---|---|---|
| നരരാക്ഷസൌ | നരനും അരക്കനുമായ | സുഷ്ഠു ച | സാമർത്ഥ്യത്തോടും |
| തൌ ഉഭൌ | അവരിരുവരും | അസ്യന്തൌ | എയ്യുന്നവരായി |
| വ്യപേതദോഷൌ | കോട്ടമെന്നിയേ | ഘോരം | ഭയങ്കരമായ |
| ലഘു | കൈവേഗത്തോടും | തുമുലം | വാശിപ്പോർ |
| ചിത്രം ച | ആശ്ചര്യകരമായും | ചക്രതുഃ | നടത്തി. |

തയോഃ പൃഥക് പൃഥഗ്ഭീമഃ ശുശ്രുവേ തലനിസ്വനഃ
സകമ്പം ജനയാമാസ നിർഘാത ഇവ ദാരുണഃ 32

| | | | |
|---|---|---|---|
| തയോഃ | അവരിരുവരുടേയും | സഃ | അത് |
| ഭീമഃ | ഭയങ്കരമായ | ദാരുണഃ | കടുതായ |
| തലനിസ്വനഃ | (ഞാണിൽ) കയ്യടിക്ക | നിർഘാതഃ ഇവ | ഇടിമുഴക്കംപോലെ |
| പൃഥക് പൃഥക് | വെവ്വേറെ [ന്ന ശബ്ദം | കമ്പം ജനയാമാസ | കലുക്കമുണ്ടാക്കി. |
| ശുശ്രുവേ | കേൾക്കപ്പെട്ടു. | | |

സ തയോർഭ്രാജതേ ശബ്ദസ്തദാ സമരസക്തയോഃ
സുഘോരയോർന്നിസ്സ്വനതോർഗഗനേ മേഘയോര്യഥാ. 33

| | | | |
|---|---|---|---|
| സമര- സക്തയോ: | പോരിൽ ഉത്സാഹം പൂണ്ട് | സ: ശബ്ദ: | ആ ശബ്ദം |
| | | തദാ | ആ സമയം |
| സുഘോരയോ: | അത്യുഗ്രമായി | ഗഗനേ | ആകാശത്തിൽ |
| നിസ്സ്വനതോ: | അട്ടഹസിക്കുന്ന | മേഘയോ: യഥാ | മേഘങ്ങളുടെ ശബ്ദമെന്നപോലെ |
| തയോ: | അവരിരുവരുടേയും | ഭ്രാജതേ. | വിലസുന്നു. |

സുവർണ്ണപുംഖൈർന്നാരാചൈർബലവന്തൌ കൃതവ്രണൌ
പ്രസസ്രുവാതേ രുധിരം കീർത്തിമന്തൌ ജയേ ധൃതൌ 34

| | | | |
|---|---|---|---|
| ബലവന്തൌ | ബലശാലികളും | സുവർണ്ണപുംഖൈ: | പൊൻകടകളാർന്ന |
| കീർത്തിമന്തൌ | കീർത്തിമാന്മാരും | നാരാചൈഃ | നാരാചബാണങ്ങളാൽ |
| ജയേ | വിജയത്തിൽ | കൃതവ്രണൌ | മുറിവേററവരായി |
| ധൃതൌ | ദൃഢനിശ്ചയമാർന്നവരുമായ അവർ | രുധിരം പ്രസുസ്രുവാതെ. | ഏറെ നിണമൊലിപ്പിച്ചു. |

തേ ഗാത്രയോർന്നിപതിതാ രുക്മപുംഖാഃ ശരാ യുധി
അസൃഗ്ദിഗ്ധാ വിനിഷ്പേതുർവ്വിവിശുർദ്ധരണീതലം. 35

| | | | |
|---|---|---|---|
| യുധി | പോരിൽ | അസൃഗ്- ദിഗ്ധാഃ | ചോരപുരണ്ട് |
| ഗാത്രയോ: | ഇരുവരുടെ ശരീരങ്ങളിലും | | |
| നിപതിതാഃ | തറച്ച | വിനിഷ്പേതുഃ | പുറത്തുവന്നു |
| രുക്മപുംഖാഃ | പൊൻകടയാർന്ന | ധരണീതലം | നിലത്തിൽ |
| തേ ശരാഃ | ആ ബാണങ്ങൾ | വിവിശുഃ. | പൂന്തി. |

അന്യേ സുനിശിതൈഃ ശസ്ത്രൈരാകാശേ സംജഘട്ടിരേ
ബഭഞ്ജുശ്ചിച്ഛിദുശ്ചാന്യേ തയോർബാണാഃ സഹസ്രശഃ 36

| | | | |
|---|---|---|---|
| തയോഃ | അവർ ഇരുവരുടേയും | ശസ്ത്രൈഃ | ആയുധങ്ങളോടുകൂടി |
| | | സംജഘട്ടിരേ | കൂട്ടിമുട്ടി; |
| സഹസ്രശഃ | ആയിരക്കണക്കായുള്ള | അന്യേ ച | ചിലവ |
| ബാണാഃ | ബാണങ്ങൾ | ബഭഞ്ജുഃ | തകർന്നു; |
| ആകാശേ | ആകാശത്തിൽ | അന്യേ | മററു ചിലവ |
| സുനിശിതൈഃ | കൂർത്തുമൂർത്ത | ചിച്ഛിദുഃ. | മുറിഞ്ഞുവീണു. |

സ ബഭൂവ രണോ ഘോരസ്തയോർബാണമയശ്ചയഃ
അഗ്നിഭ്യാമിവ ദീപ്താഭ്യാം സത്രേ കുശമയശ്ചയഃ 37

| | | | |
|---|---|---|---|
| സഃ രണഃ | ആ സമരം | സത്രേ | യാഗത്തിൽ |
| ഘോരഃ | അതിഘോരമായി | ദീപ്താഭ്യാം | ജ്വലിക്കുന്ന |
| ബഭൂവ | ഭവിച്ചു; | അഗ്നിഭ്യാം | രണ്ടു അഗ്നികളോടുകൂടി |
| തയോഃ | അവരിരുവരുടേയും | കുശമയഃ | ദർഭമയമായ |
| ബാണമയഃ | ശരമയമായ | | |
| ചയഃ | കൂട്ടം | ചയ: ഇവ. | കൂമ്പാരംപോലിരുന്നു. |

തയോഃ കൃതവ്രണൌ ദേഹൌ ശുശുഭാതേ മഹാത്മനോഃ
സപുഷ്പാവിവ നിഷ്പത്രൌ വനേ ശാല്മലികിംശുകൌ 38

| | | | |
|---|---|---|---|
| മഹാത്മനോഃ | മഹാപരാക്രമശാലികളായ | നിഷ്പത്രൌ | ഇലകൊഴിഞ്ഞ് |
| തയോഃ | അവരിരുവരുടേയും | സപുഷ്പൌ | പൂക്കൾമാത്രമുള്ള |
| ദേഹൌ | ശരീരങ്ങൾ | ശാല്മലി-കിംശുകൌ | പൂളയും പലാശും |
| കൃതവ്രണൌ | മുറിപ്പെട്ടവയായി | ഇവ | പോലെ |
| വനേ | കാട്ടിൽ | ശുശുഭാതേ. | വിളങ്ങി. |

ചക്രതുസ്തുമുലം ഘോരം സംനിപാതം മുഹുർമ്മുഹുഃ
ഇന്ദ്രജില്ലക്ഷ്മണൌ വീരൌ പരസ്പരജയൈഷിണൌ. 39

| | | | |
|---|---|---|---|
| പരസ്പരജയൈ-ഷിണൌ | അന്യോന്യം ജയിപ്പാനിച്ഛിച്ച | സംനിപാതം | കൊന്നു വീഴ്ത്തുവാൻ തക്കതുമായ |
| വീരൌ | വീരന്മാരായ | തുമുലം | കോലാഹല യുദ്ധത്തെ |
| ഇന്ദ്രജി-ല്ലക്ഷ്മണൌ | ഇന്ദ്രജിത്തും ലക്ഷ്മണനും | മുഹുർമ്മുഹുഃ | ഇടവിടാതെ |
| ഘോരം | അത്യുഗ്രവും | ചക്രതുഃ | ചെയ്തുകൊണ്ടിരുന്നു. |

ലക്ഷ്മണോ രാവണിം യുദ്ധേ രാവണിശ്ചാപി ലക്ഷ്മണം
അന്യോഽന്യം താവഭിഘ്നന്തൌ ന ശ്രമം പ്രത്യപദ്യതാം. 40

| | | | |
|---|---|---|---|
| യുദ്ധേ | പോരിൽ | അന്യോഽന്യം | ഒരുവനെയൊരുവൻ |
| ലക്ഷ്മണഃ | ലക്ഷ്മണൻ | അഭിഘ്നന്തൌ | എയ്യുന്നവരായി |
| രാവണിം ച | ഇന്ദ്രജിത്തിനേയും | തൌ | അവരിരുവരും |
| രാവണിഃ | ഇന്ദ്രജിത്ത് | ശ്രമം പ്രത്യ-പദ്യതാം ന. | തളർന്നതേയില്ല. |
| ലക്ഷ്മണം അപി | ലക്ഷ്മണനേയും | | |

ബാണജാലൈഃ ശരീരസ്ഥൈരവഗാഢൈസ്തരസ്വിനൌ
ശുശുഭാതേ മഹാവീര്യൌ പ്രരൂഢാവിവ പർവ്വതൌ 41

| | | | |
|---|---|---|---|
| തരസ്വിനൌ | ബലശാലികളും | ബാണജാലൈഃ | ശരനിരകളാൽ |
| മഹാവീര്യൌ | അതിവീര്യശാലികളുമായ അവർ | പ്രരൂഢൌ | മരങ്ങൾ തിങ്ങിവളർന്ന |
| അവഗാഢൈഃ | തറച്ച് | പർവ്വതൌ ഇവ | രണ്ടു പർവ്വതങ്ങളെന്നപോലെ |
| ശരീരസ്ഥൈഃ | ശരീരത്തിൽനിന്നിരുന്ന | ശുശുഭാതേ. | വിലസി. |

തയോ രുധിരസിക്താനി സംവൃതാനി ശരൈർഭൃശം
ബഭ്രാജുഃ സർവ്വഗാത്രാണി ജ്വലന്ത ഇവ പാവകാഃ 42

| | | | |
|---|---|---|---|
| ശരൈഃ | ബാണങ്ങൾകൊണ്ട് | തയോഃ | അവരിരുവരുടേയും |
| ഭൃശം | മുഴുവനും | സർവ്വഗാത്രാണി | സർവ്വാവയവങ്ങളും |
| സംവൃതാനി | മൂടപ്പെട്ട് | ജ്വലന്തഃ | ആളുന്ന |
| രുധിര-സിക്താനി | ചോരയിൽ മുങ്ങിയ | പാവകാഃ ഇവ | ചെന്തീയെന്നപോലെ |
| | | ബഭ്രാജുഃ | തിളങ്ങി. |

തയോരഥ മഹാൻ കാലോ വ്യത്യയാദ്യുധ്യമാനയോഃ
ന ച തൌ യുദ്ധവൈമുഖ്യം ശ്രമം വാപ്യുപജഗ്മതുഃ 43

| | |
|---|---|
| അഥ | ആ സമയം |
| യുധ്യമാനയോഃ | യുദ്ധം ചെയ്യുന്നവരായ |
| തയോഃ | അവരിരുവൎക്കും |
| മഹാൻ കാലഃ | എത്രയോ സമയം |
| വ്യത്യയാത് | കഴിഞ്ഞുപോയി; |
| ച തൌ | എന്നിട്ടും അവരിരുവരും |
| യുദ്ധ—വൈമുഖ്യം വാ | പോരിൽ അലംഭാവത്തെയാകട്ടെ |
| ശ്രമം അപി | തളർച്ചയെയാകട്ടെ |
| ഉപജഗ്മതുഃ ന | പ്രാപിക്കയുണ്ടായില്ല. |

അഥ സമരപരിശ്രമം നിഹന്തും സമരമുഖേഷ്വജിതസ്യ ലക്ഷ്മണസ്യ
പ്രിയഹിതമുപപാദയന്മഹൌജാഃ സമരമുപേത്യ വിഭീഷണോഽവതസ്ഥേ.

| | |
|---|---|
| അഥ | അപ്പോഴാ |
| മഹൌജാഃ | മഹാവീര്യശാലിയായ |
| വിഭീഷണഃ | വിഭീഷണൻ |
| സമരമുഖേഷു | പോർത്തലക്കൽ |
| അജിതസ്യ | ജയിക്കപ്പെടാത്തവ[നായ |
| ലക്ഷ്മണസ്യ | ലക്ഷ്മണന്നു് |
| സമരപരിശ്രമം | യുദ്ധപരിശ്രമത്തെ |
| നിഹന്തും | നീക്കുവാനായി |
| സമരം ഉപേത്യ | പോർക്കളത്തിലെത്തി |
| പ്രിയഹിതം | മിത്രന്നു് ഹിതത്തെ |
| ഉപപാദയൻ | ചെയ്യുന്നവനായി |
| അവതസ്ഥേ | എതിർത്തുനിന്നു. |

ഇത്യാർഷേ ശ്രീമദ്രാമായണേ വാൽമീകീയേ ആദികാവ്യേ യുദ്ധകാണ്ഡേ
ഏകോനനവതിതമഃ സർഗ്ഗഃ=എൺപത്തൊമ്പതാംസർഗ്ഗം സമാപ്തം.
ആദ്യംമുതൽ ശ്ലോകസംഖ്യ 18838; യുദ്ധകാണ്ഡം ആദ്യംമുതൽ ശ്ലോകസംഖ്യ 4163

---

## നവതിതമഃ സർഗ്ഗഃ = തൊണ്ണൂറാം സർഗ്ഗം.

[ഇന്ദ്രജിദ്രഥഭംഗഃ—ഇന്ദ്രജിത്തിന്റെ തേരുടയ്ക്കുന്നതു്]

യുധ്യമാനൌ തു തൌ ദൃഷ്ട്വാ പ്രസക്തൌ നരരാക്ഷസൌ
പ്രഭിന്നാവിവ മാതംഗൌ പരസ്പരജയൈഷിണൌ 1
തൌ ദ്രഷ്ടുകാമഃ സംഗ്രാമേ പരസ്പരഗതൌ ബലീ
ശൂരഃ സ രാവണഭ്രാതാ തസ്ഥൌ സംഗ്രാമമൂർദ്ധനി. 2

| | |
|---|---|
| തൌ | അവരിരുവരേയും |
| സംഗ്രാമേ | പോരിൽ |
| ദ്രഷ്ടുകാമഃ | കാണ്മാൻ കൊതിച്ചു് നിന്നിരുന്നവനും |
| ശൂരഃ | ശൂരനുമായ |
| സഃ രാവണഭ്രാതാ | ആ രാവണാനുജനായ വിഭീഷണൻ |
| പ്രഭിന്നൌ | മദംപൊട്ടിയ |
| മാതംഗൌ ഇവ | രണ്ടു ആനക്കൊമ്പന്മാരെന്നപോലെ |
| പ്രസക്തൌ | വാശി പൂണ്ടു് |
| യുധ്യമാനൌ | പൊരുതുന്നവരും |
| പരസ്പരജയൈഷിണൌ | അന്യോന്യ ജയകാംക്ഷികളും |
| പരസ്പരഗതൌ | തമ്മിലേററവരുമായ |
| തൌ | ആ |
| നരരാക്ഷസൌ തു | നരനുംരാക്ഷസനുമായ രണ്ടുപേരേയും |
| ദൃഷ്ട്വാ | നോക്കി |
| സംഗ്രാമമൂർദ്ധനി | പോർമുമ്പിലായി |
| ബലീ തസ്ഥൌ | ഉറച്ചുനിന്നു; |

തതോ വിസ്ഫാരയാമാസ മഹദ്ധനുരവസ്ഥിതഃ
ഉത്സസർജ്ജ ച തീക്ഷ്ണാഗ്രാൻ രാക്ഷസേഷു മഹാശരാൻ 3

| | | | |
|---|---|---|---|
| തതഃ | അപ്പോൾ | വിസ്ഫാരയാമാസ | ഞാണൊലിയിട്ടു; |
| അവസ്ഥിതഃ | സന്നദ്ധനായിനിന്ന ആ വിഭീഷണൻ | തീക്ഷ്ണാഗ്രാൻ | മുനകൂർത്ത |
| | | മഹാശരാൻ | വൻശരങ്ങളെ |
| മഹത് | മഹത്തായ | രാക്ഷസേഷു ച | രാക്ഷസന്മാരിലും |
| ധനുഃ | വില്ലിനെ | ഉത്സസർജ്ജ | പൊഴിച്ചു. |

തേ ശരാഃ ശിഖിസംകാശാ നിപതന്തഃ സമാഹിതാഃ
രാക്ഷസാൻ ദാരയാമാസുർവജ്രാണീവ മഹാഗിരീൻ. 4

| | | | |
|---|---|---|---|
| ശിഖിസംകാശാഃ | ചെന്തീയൊത്തവയും | രാക്ഷസാൻ | രാക്ഷസന്മാരെ |
| സമാഹിതാഃ | ഉന്നം തെറ്റാതെ | വജ്രാണി | വജ്രായുധങ്ങൾ |
| നിപതന്തഃ | വീഴുന്നവയുമായ | മഹാഗിരീൻ | വൻമലകളെ |
| തേ | ആ | ഇവ | എന്നപോലെ |
| ശരാഃ | ബാണങ്ങൾ | ദാരയാമാസുഃ | പിളർന്നു. |

വിഭീഷണസ്യാനുചരാസ്തേഽപി ശൂലാസിപട്ടിശൈഃ
ചിച്ഛിദുഃ സമരേ വീരാൻ രാക്ഷസാൻ രാക്ഷസോത്തമാഃ 5

| | | | |
|---|---|---|---|
| വിഭീഷണസ്യ | വിഭീഷണന്റെ | ശൂലാസി- പട്ടിശൈഃ | ശൂലം, വാൾ, വെണ്മഴു എന്നിവകൊണ്ടു് |
| അനുചരാഃ | അനുചരന്മാരായ | രാക്ഷസാൻ വീരാൻ | രാക്ഷസവീരന്മാരെ |
| തേ രാക്ഷസോ- ത്തമാഃ അപി | ആ രാക്ഷസശ്രേഷ്ഠന്മാരും | | |
| സമരേ | പോരിൽ | ചിച്ഛിദുഃ | വെട്ടിത്തള്ളി |

രാക്ഷസൈസ്തൈഃ പരിവൃതഃ സ തദാ തു വിഭീഷണഃ
ബഭൌ മധ്യേ പ്രഹൃഷ്ടാനാം കളഭാനാമിവ ദ്വിപഃ 6

| | | | |
|---|---|---|---|
| സഃ | ആ | പ്രഹൃഷ്ടാനാം | പുളച്ച |
| വിഭീഷണഃ തു | വിഭീഷണനും | കളഭാനാം | ആനക്കുട്ടികളുടെ |
| തദാ | ആ സമയം | മധ്യേ | നടുവിൽ |
| തൈഃ | ആ | ദ്വിപഃ ഇവ | ആനക്കൊമ്പനെന്നപോലെ |
| രാക്ഷസൈഃ | രാക്ഷസന്മാരാൽ | | |
| പരിവൃതഃ | ചുഴപ്പെട്ടവനായി | ബഭൌ | വിലസി |

തതഃ സംചോദയാനോ വൈ ഹരീൻ രക്ഷോവധപ്രിയാൻ
ഉവാച വചനം കാലേ കാലജ്ഞോ രക്ഷസാം വരഃ 7

| | | | |
|---|---|---|---|
| രക്ഷസാം വരഃ | രാക്ഷസോത്തമനായ വിഭീഷണൻ | സംചോദയാനഃ വൈ | പ്രേരണചെയ്യുന്നവനായി |
| തതഃ | അപ്പോൾ | കാലേ | തക്കകാലത്തിൽ |
| രക്ഷോവധ- പ്രിയാൻ | രാക്ഷസവധകാംക്ഷികളായ | കാലജ്ഞഃ | അവസരത്തെ അറിഞ്ഞുംകൊണ്ടു് |
| ഹരീൻ | വാനരന്മാരെ | വചനം ഉവാച. | ഇങ്ങിനെ ഉരചെയ്തു. |

ഏകോഽയം രാക്ഷസേന്ദ്രസ്യ പരായണമിവ സ്ഥിതഃ
ഏതച്ഛേഷം ബലം തസ്യ കിം തിഷ്ഠത ഹരീശ്വരാഃ 8

| | | | |
|---|---|---|---|
| "അയം | "ഇവൻ | ഏതത് ബലം | ഈ സൈന്യം മാത്രമാണ് |
| ഏകഃ ഇവ | ഒരുത്തൻ മാത്രമാണ് | | |
| രാക്ഷസേന്ദ്രസ്യ | രക്ഷോനാഥനു് | ശേഷം | ബാക്കിയുള്ളതു്; |
| പരായണം | ആശ്രയമായി | ഹരീശ്വരാഃ | വാനരോത്തമന്മാരെ |
| സ്ഥിതഃ | നില്ക്കുന്നതു്; | കിം തിഷ്ഠത? | എന്താണ് വെറുതെ നില്ക്കുന്നത്? |
| തസ്യ | അവനു് | | |

തസ്മിൻ വിനിഹതേ പാപേ രാക്ഷസേ രണമൂർദ്ധനി
രാവണം വർജ്ജയിത്വാ തു ശേഷമസ്യ ഹതം ബലം 9

| | | | |
|---|---|---|---|
| "തു | "ഇപ്പോഠം | രാവണം | രാവണനെ |
| രണമൂർദ്ധനി | അടർമുമ്പിൽ | വർജ്ജയിത്വാ | ഒഴിച്ചു് |
| തസ്മിൻ | ഈ | അസ്യ | ഇവൻെറ |
| പാപേ | പാപിയായ | ശേഷം | ബാക്കി |
| രാക്ഷസേ | രാക്ഷസൻ | ബലം | സൈന്യം |
| വിനിഹതേ | കൊല്ലപ്പെട്ടാൽ | ഹതം | നശിച്ചതായിത്തീരും. |

പ്രഹസ്തോ നിഹതോ വീരോ നികുംഭശ്ച മഹാബലഃ
കുംഭകർണ്ണശ്ച കുംഭശ്ച ധൂമ്രാക്ഷശ്ച നിശാചരഃ 10
ജംബുമാലീ മഹാമാലീ തീക്ഷ്ണവേഗോഽശനിപ്രഭഃ
സുപ്തഘ്നോ യജ്ഞകോപശ്ച വജ്രദംഷ്ട്രശ്ച രാക്ഷസഃ 11
സംഹ്രാദീ വികടോ നിഘ്നസ്തപനോ മന്ദ ഏവ ച
പ്രഘാസഃ പ്രഘസശ്ചൈവ പ്രജംഘോ ജംഘ ഏവ ച 12
അഗ്നികേതുശ്ച ദുർദ്ധർഷോ രശ്മികേതുശ്ച വീര്യവാൻ
വിദ്യുജ്ജിഹ്വോ ദ്വിജിഹ്വശ്ച സൂര്യശത്രുശ്ച രാക്ഷസഃ 13
അകമ്പനഃ സുപാർശ്വശ്ച ചക്രമാലീ ച രാക്ഷസഃ
കമ്പനഃ സത്ത്വവന്തൌ തൌ ദേവാന്തകനരാന്തകൌ. 14

| | | | |
|---|---|---|---|
| "വീരഃ | "വീരനായ | മഹാമാലീ | മഹാമാലിയും |
| പ്രഹസ്തഃ | പ്രഹസ്തൻ | തീക്ഷ്ണവേഗഃ | തീക്ഷ്ണവേഗനും |
| നിഹതഃ | കൊല്ലപ്പെട്ടു | അശനിപ്രഭഃ | അശനിപ്രഭനും |
| മഹാബലഃ | മഹാബലവാനായ | സുപ്തഘ്നഃ | സുപ്തഘ്നനും |
| നികുംഭഃ ച | നികുംഭനും | യജ്ഞകോപഃ ച | യജ്ഞകോപനും |
| കുംഭകർണ്ണഃ ച | കുംഭകർണ്ണനും | | |
| കുംഭഃ ച | കുംഭനും | വജ്രദംഷ്ട്രഃ | വജ്രദംഷ്ട്രനെന്ന |
| ധൂമ്രാക്ഷഃ ച | ധൂമ്രാക്ഷനും | രാക്ഷസഃ ച | രാക്ഷസനും |
| നിശാചരഃ | നക്തഞ്ചരനായ | സംഹ്രാദീ | സംഹ്രാദിയും |
| ജംബുമാലീ | ജംബുമാലിയും | വികടഃ | വികടനും |

| | | | |
|---|---|---|---|
| നിഘ്നഃ | നിഘ്നനും | രാക്ഷസഃ | രാക്ഷസനായ |
| തപനഃ ഏവ | തപനനും | സൂൎയ്യശത്രുഃ ച | സൂൎയ്യശത്രുവും |
| മന്ദഃ ച | മന്ദനും | അകമ്പനഃ | അകമ്പനനും |
| പ്രഘസഃ | പ്രഘസനും | സുപാൎശ്വഃ ച | സുപാൎശ്വനും |
| പ്രഘസഃ ച | പ്രഘസനും | ചക്രമാലീ | ചക്രമാലീയും |
| പ്രജംഘഃ ഏവ | പ്രജംഘനും | രാക്ഷസഃ | രാക്ഷസനായ |
| ജംഘഃ ച | ജംഘനും | കമ്പനഃ | കമ്പനനും |
| ദുൎദ്ധൎഷഃ | അജയ്യനായ | സത്വവന്തൌ | ബലവാന്മാരായ |
| അഗ്നികേതുഃ ച | അഗ്നികേതുവും | തൌ | } ആ ദേവാന്തകനരാന്ത |
| വീൎയ്യവാൻ | വീൎയ്യശാലിയായ | ദേവാന്തക- | കന്മാരിരുവരും |
| രശ്മികേതുഃ ച | രശ്മികേതുവും | നരാന്തകൌ | |
| വിദ്യുജ്ജിഹ്വഃ | വിദ്യുജ്ജിഹ്വനും | ച. | അപ്രകാരംതന്നെ വധി |
| ദ്വിജിഹ്വഃ ച | ദ്വിജിഹ്വനും | | ക്കപ്പെട്ടുകഴിഞ്ഞു. |

ഏതാന്നിഹത്യാതിബലാൻ ബഹൂൻ രാക്ഷസസത്തമാൻ
ബാഹുഭ്യാം സാഗരം തീൎത്ത്വാ ലംഘ്യ്യതാം ഗോഷ്പദം ലഘു 15

| | | | |
|---|---|---|---|
| "ഏതാൻ | "ഈ | ബാഹുഭ്യാം | കൈകൾകൊണ്ടു (നീ |
| അതിബലാൻ | അതിബലശാലികളായ | സാഗരം | സമുദ്രത്തെ [ന്തി) |
| ബഹൂൻ | അനേകം | തീൎത്ത്വാ | കടന്നശേഷം |
| രാക്ഷസ- | } രാക്ഷസവീരന്മാരെ | ലഘു | നിസ്സാരമായ |
| സത്തമാൻ | | ഗോഷ്പദം | പൈക്കളമ്പടി |
| നിഹത്യ | കൊന്നു | ലംഘ്യതാം | ചാടിക്കടക്കപ്പെടട്ടെ. |

ഏതാവദേവ ശേഷം വോ ജേതവ്യമിഹ വാനരാഃ
ഹതാഃ സൎവ്വേ സമാഗമ്യ രാക്ഷസാ ബലദൎപ്പിതാഃ 16

| | | | |
|---|---|---|---|
| "വാനരാഃ | "വാനരന്മാരെ | ബലദൎപ്പിതാഃ | കൈയ്യൂക്കിനാൽ മദം |
| ഇഹ വഃ | ഇപ്പോഴം നിങ്ങളാൽ | | പൂണ്ട |
| ജേതവ്യം | ജയിക്കപ്പെടേണ്ടതായ് | രാക്ഷസാഃ | } രാക്ഷസന്മാരെല്ലാം |
| ശേഷം | ബാക്കിയുള്ളതു് | സൎവ്വേ | |
| ഏതാവത് | } ഇത്രയുള്ളതു് | സമാഗമ്യ | എതിരേറ്റു് |
| ഏവ | മാത്രമാണു് | ഹതാഃ | കൊല്ലപ്പെട്ടുപോയി. |

അയുക്തം നിധനം കൎത്തും പുത്രസ്യ ജനിതുൎമ്മമ
ഘൃണാമപാസ്യ രാമാൎത്ഥേ നിഹന്യാം ഭ്രാതുരാത്മജം. 17

| | | | |
|---|---|---|---|
| "ജനിതുഃ | "പിതാവായ | രാമാൎത്ഥേ | എങ്കിലും ശ്രീരാമനു |
| മമ | എനിക്കു് | ഘൃണാം | കരുണയെ [വേണ്ടി |
| പുത്രസ്യ | } പുത്രനെ വധിക്കുക | അപാസ്യ | വിട്ടൊഴിച്ചു് |
| നിധനം കൎത്തും | എന്നതു് | ഭ്രാതുഃ | ജ്യേഷ്ഠന്റെ |
| | | ആത്മജം | പുത്രനായ ഇവനെ |
| അയുക്തം | യുക്തമല്ല. | നിഹന്യാം | ഞാൻ ഹനിക്കുന്നുണ്ടു്. |

ഹന്തുകാമസ്യ മേ ബാഷ്പം ചക്ഷുശ്ചൈവ നിരുധ്യതി
തമേവൈഷ മഹാബാഹുർലക്ഷ്മണഃ ശമയിഷ്യതി. 18

| | | | |
|---|---|---|---|
| "ഹന്തുകാമസ്യ | "വധിപ്പാനിച്ഛിക്കുന്ന | തം | അവനെ |
| മേ | എന്റെ | ഏഷഃ | ഈ |
| ചക്ഷുഃ ച | നേത്രത്തേയും | മഹാബാഹുഃ | മഹാബാഹുവായ |
| ബാഷ്പം | കണ്ണീർ | ലക്ഷ്മണഃ ഏവ | ലക്ഷ്മണൻ തന്നെ |
| നിരുധ്യതി ഏവ | തീരെ തടയുന്നു. | ശമയിഷ്യതി | ഒടുക്കുന്നതാണ്. |

വാനരാ ഘ്നത സംഭൂയ ഭൃത്യാനസ്യ സമീപഗാൻ. 19

| | | | |
|---|---|---|---|
| "വാനരാഃ | "വാനരന്മാരെ! | ഭൃത്യാൻ | ഭടന്മാരെ |
| അസ്യ | ഇവന്റെ | സംഭൂയ | ഒന്നായി |
| സമീപഗാൻ | അടുത്തുള്ള | ഘ്നത" | വധിക്കുവിൻ." |

ഇതി തേനാതിയശസാ രാക്ഷസേനാഭിചോദിതാഃ
വാനരേന്ദ്രാ ജഹൃഷിരേ ലാംഗൂലാനി ച വിവ്യധുഃ 20

| | | | |
|---|---|---|---|
| വാനരേന്ദ്രാഃ | വാനരോത്തമന്മാർ | അഭിചോദിതാഃ | പ്രേരണ ചെയ്യപ്പെട്ടവരായി |
| അതിയശസാ | അതിയശസ്വിയായ | | |
| തേന | ആ | ജഹൃഷിരേ | ഉത്സാഹമുൾക്കൊണ്ടു |
| രാക്ഷസേന | വിഭീഷണനാൽ | ലാംഗൂലാനി ച | വാലുകളേയും |
| ഇതി | മേൽപ്രകാരം | വിവ്യധുഃ | ചുഴററിയടിച്ചു. |

തതസ്തേ കപിശാർദ്ദൂലാഃ ക്ഷ്വേളന്തശ്ച മുഹുർമ്മുഹുഃ
മുമുചുർവ്വിവിധാന്നാദാൻ മേഘാൻ ദൃഷ്ട്വേവ ബർഹിണഃ 21

| | | | |
|---|---|---|---|
| തതഃ | അപ്പോൾ | ബർഹിണഃ ഇവ | മയിലുകളെന്നപോലെ |
| തേ | ആ | മുഹുർമ്മുഹുഃ | മേൽക്കുമേൽ |
| കപിശാർദ്ദൂലാഃ ച | വാനരോത്തമന്മാരും | ക്ഷ്വേളന്തഃ | തുള്ളുന്നവരായി |
| | | വിവിധാൻ | പലപല |
| മേഘാൻ | മേഘങ്ങളെ | നാദാൻ | ശബ്ദങ്ങളും |
| ദൃഷ്ട്വാ | കണ്ടതിനാൽ | മുമുചുഃ | പുറപ്പെടീച്ചു. |

ജാംബവാനപി തൈഃ സർവ്വൈഃ സ്വയൂഥൈരപി സംവൃതഃ
അശ്മഭിസ്താഡയാമാസ നഖൈർദ്ദന്തൈശ്ച രാക്ഷസാൻ. 22

| | | | |
|---|---|---|---|
| ജാംബവാൻ അപി | ജാംബവാനും | അശ്മഭിഃ | പാറകൾകൊണ്ടും |
| | | നഖൈഃ | നഖങ്ങൾകൊണ്ടും |
| തൈഃ | ആ | ദന്തൈഃ ച | പല്ലുകൾകൊണ്ടും |
| സ്വയൂഥൈഃ | തന്റെ സൈന്യങ്ങൾ | രാക്ഷസാൻ | രാക്ഷസന്മാരെ |
| സർവ്വൈഃ അപി | എല്ലാററിനാലും | താഡയാമാസ | മട്ടിച്ചു. |
| സംവൃതഃ | ചുഴപ്പെട്ടവനായി | | |

നിഘ്നന്തമൃക്ഷാധിപതിം രാക്ഷസാസ്തേ മഹാബലാഃ
പരിവവ്രുർഭയം ത്യക്ത്വാ തമനേകവിധായുധാഃ 23

| | | | |
|---|---|---|---|
| തേ മഹാബലാഃ: | ആ മഹാശക്തിമാന്മാർ | നിഘ്നന്തം | മർദ്ദിക്കുന്നവനായ |
| രാക്ഷസാഃ | രാക്ഷസർ [രായ | തം | ആ |
| ഭയം ത്യക്ത്വാ | ഭയത്തെ വെടിഞ്ഞ് | ഋക്ഷാധിപതിം | കരടികൾക്കധിപനായ ജാംബവാനെ |
| അനേക-വിധായുധാഃ: | പല ശസ്ത്രങ്ങളുമേന്തിയവരായി | പരിവവ്രുഃ | വളഞ്ഞുനിന്നു. |

ശരൈഃ പരശ്വധൈസ്തീക്ഷ്ണൈഃ പട്ടിശൈര്യഷ്ടിതോമരൈഃ
ജാംബവന്തം മൃധേ ജഘ്നുർന്നിഘ്നന്തം രാക്ഷസീം ചമൂം 24

| | | | |
|---|---|---|---|
| ശരൈഃ | ബാണങ്ങൾകൊണ്ടും | മൃധേ | പോരിൽ |
| പരശ്വധൈഃ | വെണ്മഴുക്കൾകൊണ്ടും | രാക്ഷസീം ചമൂം | രാക്ഷസപ്പടയെ |
| തീക്ഷ്ണൈഃ | മൂർച്ചയുള്ള | നിഘ്നന്തം | ഹനിക്കുന്നവനായ |
| പട്ടിശൈഃ | കോടാലികൾകൊണ്ടും | ജാംബവന്തം | ജാംബവാനെ |
| യഷ്ടി- | ദണ്ഡുകൾകൊണ്ടും | ജഘ്നുഃ | പ്രഹരിച്ചു. |
| തോമരൈഃ | ഏർകുന്തങ്ങൾകൊണ്ടും | | |

സ സംപ്രഹാരസ്തുമുലഃ സംജജ്ഞേ കപിരക്ഷസാം
ദേവാസുരാണാം ക്രുദ്ധാനാം യഥാ ഭീമോ മഹാസ്വനഃ 25

| | | | |
|---|---|---|---|
| കപിരക്ഷസാം | കപികളുടേയും രാക്ഷസരുടേയും | യഥാ | പോരെന്നപോലെ |
| സഃ സംപ്രഹാരഃ | ആ വൻപോർ | തുമുലഃ | കോലാഹലമായി |
| ക്രുദ്ധാനാം | ക്രുദ്ധിച്ച | ഭീമഃ | ഭയങ്കരമായി |
| ദേവാസുരാണാം | ദേവാസുരന്മാരുടെ | മഹാസ്വനഃ | വൻമുഴക്കംപൂണ്ടതായി |
| | | സംജജ്ഞേ | ഉണ്ടായി. |

ഹനുമാനപി സംക്രുദ്ധഃ സാനുമുത്പാട്യ വീര്യവാൻ
രക്ഷസാം കദനം ചക്രേ സമാസാദ്യ സഹസ്രശഃ 26

| | | | |
|---|---|---|---|
| വീര്യവാൻ | വീര്യശാലിയായ | സമാസാദ്യ | എതിർത്തുകൊണ്ട് |
| ഹനുമാൻ അപി | ഹനുമാനും | സഹസ്രശഃ | എണ്ണമററ |
| സംക്രുദ്ധഃ | ഏറെച്ചൊടിച്ച് | രക്ഷസാം | രാക്ഷസന്മാർക്ക് |
| സാനും | ഒരു കുന്നിൻമുടി | കദനം | നാശം |
| ഉത്പാട്യ | പുഴക്കിയെടുത്തു | ചക്രേ | വരുത്തി. |

സ ദത്വാ തുമുലം യുദ്ധം പിതൃവ്യസ്യേന്ദ്രജിദ്യുധി
ലക്ഷ്മണം പരവീരഘ്നം പുനരേവാഭ്യധാവത. 27

| | | | |
|---|---|---|---|
| സഃ | ആ | യുദ്ധം ദത്വാ | പൊരുതിയശേഷം |
| ഇന്ദ്രജിത് | ഇന്ദ്രജിത്ത് | പരവീരഘ്നം | ശത്രുവീരഹന്താവായ |
| യുധി | പോരിൽ | ലക്ഷ്മണം ഏവ | ലക്ഷ്മണനെത്തന്നെ |
| പിതൃവ്യസ്യ | എളയച്ഛനുമായി | പുനഃ | വീണ്ടും |
| തുമുലം | തെരുതെരെ | അഭ്യധാവത | ഏററടുത്തു. |

തൌ പ്രയുദ്ധൌ തദാ വീരൌ മൃധേ ലക്ഷ്മണരാക്ഷസൌ
ശരൌഘാനഭിവർഷന്തൌ ജഘ്നതുസ്തൌ പരസ്പരം. 28

| | | | |
|---|---|---|---|
| തൌ വീരൌ | ആ വീരന്മാരായ | പ്രയുദ്ധൌ | പൊരുതുന്നവരായി |
| ലക്ഷ്മണ–രാക്ഷസൌ | ലക്ഷ്മണനും ഇന്ദ്രജിത്തും | ശരൌഘാൻ | ശരനിരകളെ |
| | | അഭിവർഷന്തൌ | തൂകുന്നവരായി |
| തദാ | ആസമയം | തൌ | അവരിരുവരും |
| മൃധേ | അടരിൽ | പരസ്പരംജഘ്നതു: | അന്യോന്യം പ്രഹരിച്ചു. |

അഭീക്ഷ്ണമന്തർദ്ദധതുഃ ശരജാലൈർമ്മഹാബലൌ
ചന്ദ്രാദിത്യാവിവോഷ്ണാന്തേ യഥാ മേഘൈസ്തരസ്വിനൌ. 29

| | | | |
|---|---|---|---|
| തരസ്വിനൌ | വേഗവാന്മാരും | ചന്ദ്രാദിത്യൌ | ചന്ദ്രസൂർയ്യന്മാർ |
| മഹാബലൌ | മഹാബലശാലികളുമായ അവരിരുവരും | യഥാ ഇവ | എപ്രകാരമോ അപ്രകാരം |
| | | ശരജാലൈഃ | ശരതതികളാൽ |
| ഉഷ്ണാന്തേ | വേനലിന്നൊടുവിൽ | അഭീക്ഷ്ണം | കൂടെക്കൂടെ |
| മേഘൈ: | മേഘങ്ങളാൽ | അന്തർദ്ദധു: | മറയ്ക്കപ്പെട്ടു. |

ന ഹ്യാദാനം ന സന്ധാനം ധനുഷോ വാ പരിഗ്രഹഃ
ന വിപ്രമോക്ഷോ ബാണാനാം ന വികർഷോ ന വിഗ്രഹഃ 30
ന മുഷ്ടിപ്രതിസന്ധാനം ന ലക്ഷ്യപ്രതിപാദനം
അദൃശ്യത തയോസ്തത്ര യുധ്യതോഃ പാണിലാഘവാത്. 31

| | | | |
|---|---|---|---|
| തത്ര | ആ സമയം | വിപ്രമോക്ഷ: | എയ്യുന്നതും |
| യുദ്ധ്യതോ: | പൊരുതുന്ന | ന | കാണപ്പെട്ടില്ല; |
| തയോ: | അവരിരുവരുടേയും | വികർഷ: ന | ഞാണിനെ വലിക്കുന്നതുംകാണപ്പെട്ടില്ല; |
| പാണി–ലാഘവാത് | കൈമിടുക്കിനാൽ | വിഗ്രഹ: | (ബാണങ്ങളെ) വേർപിരിക്കുന്നതും |
| ധനുഷ: | വില്ലിനെ | | |
| പരിഗ്രഹ: | എടുക്കുന്നതും | ന | കാണപ്പെട്ടില്ല; |
| അദൃശ്യത ന | കാണപ്പെട്ടില്ല; | മുഷ്ടിപ്രതി-സന്ധാനം ന | മുഷ്ടി മാറിപ്പിടിക്കുന്നതും കാണപ്പെട്ടില്ല; |
| ബാണാനാം | ശരങ്ങളെ | | |
| ആദാനം വാ | കയ്ക്കൊള്ളുന്നതും | ലക്ഷ്യ-പ്രതിപാദനം | ഉന്നംനോക്കുന്നതും |
| സന്ധാനം ഹി | തൊടുക്കുന്നതുംതന്നെ | | |
| ന | കാണപ്പെട്ടില്ല; | ന. | കാണപ്പെട്ടില്ല. |

ചാപവേഗവിനിർമ്മുക്തബാണജാലൈഃ സമന്തതഃ
അന്തരിക്ഷേ ഹി സംഛന്നേ ന രൂപാണി ചകാശിരേ. 32

| | | | |
|---|---|---|---|
| ചാപവേഗ-വിനിർമ്മുക്ത-ബാണ-ജാലൈ: | വില്ലുകളിൽനിന്നു് തെരുതെരെ എയ്യപ്പെട്ടന്ന ശരനിരകളാൽ | സമന്തത: | എങ്ങും |
| | | സംഛന്നേ | മൂടപ്പെട്ടാറെ |
| | | രൂപാണി ഹി | ഒരു സ്വരൂപവും |
| അന്തരിക്ഷേ | ആകാശം | ചകാശിരേ ന. | കാണപ്പെടാതായി. |

ലക്ഷ്മണോ രാവണിം പ്രാപ്യ രാവണിശ്ചാപി ലക്ഷ്മണം
അവ്യവസ്ഥാ ഭവത്യുഗ്രാ താഭ്യാമന്യോന്യവിഗ്രഹേ. 33

| | | | |
|---|---|---|---|
| ലക്ഷ്മണ: | ലക്ഷ്മണൻ | താഭ്യാം അന്യോന്യ-വിഗ്രഹേ | അവർ ഇരുവരും തമ്മിലുള്ള പോരിൽ |
| രാവണിം ച | ഇന്ദ്രജിത്തിനേയും | അവ്യവസ്ഥാ | ഒരു അവസാനമുണ്ടാകയില്ലെന്ന അവസ്ഥ |
| രാവണി: | ഇന്ദ്രജിത്ത് | ഉഗ്രാ | ഭയങ്കരമാംവണ്ണം |
| ലക്ഷ്മണം അപി | ലക്ഷ്മണനേയും | ഭവതി. | ഉളവായി. |
| പ്രാപ്യ | ഏററ് | | |

താഭ്യാമുഭാഭ്യാം തരസാ വിസൃഷ്ടൈർവ്വിശിഖൈഃ ശിതൈഃ
നിരന്തരമിവാകാശം ബഭൂവ തമസാവൃതം. 34

| | | | |
|---|---|---|---|
| താഭ്യാംഉഭാഭ്യാം | അവർ ഇരുവരാലും | ആകാശം ഇവ | വാനം മുഴുവനും |
| തരസാ | ഊക്കോടെ | നിരന്തരം | പഴുതില്ലാതവണ്ണം |
| വിസൃഷ്ടൈ: | പൊഴിക്കപ്പെട്ട | തമസാ | ഇരുളിനാൽ |
| ശിതൈ: വിശിഖൈ: | കൂരമ്പുകളാൽ | ആവൃതം | മറയ്ക്കപ്പെട്ടതായി |
| | | ബഭൂവ. | ഭവിച്ചു. |

തൈഃ പതദ്ഭിശ്ച ബഹുഭിസ്തയോഃ ശരശതൈഃ ശിതൈഃ
ദിശശ്ച പ്രദിശശ്ചൈവ ബഭൂവുഃ ശരസങ്കുലാഃ 35

| | | | |
|---|---|---|---|
| തയോ: | അവരിരുവരുടേയും | ദിശ: ച | ദിക്കുകളും |
| ശിതൈ: | കൂർത്തുമൂത്തവയും | പ്രദിശ: ഏവ ച | വിദിക്കുകളും |
| പതദ്ഭി: ച | പായുന്നവയുമായ | ശരസങ്കുലാഃ | ശരങ്ങൾകൊണ്ട് |
| തൈ: ബഹുഭി: ശരശതൈ: | ആ പല എണ്ണമററ ശരങ്ങൾകൊണ്ട് | ബഭൂവു: | കുന്നിച്ചതായി ഭവിച്ചു. |

തമസാ സംവൃതം സർവ്വമാസീദ്ഭീമതരം മഹത്
അസ്തം ഗതേ സഹസ്രാംശൗ സംവൃതം തമസേവ ഹി. 36

| | | | |
|---|---|---|---|
| സർവ്വം ഹി | എല്ലാം തന്നെ | അസ്തം ഗതേ | അസ്തമിച്ച സമയം |
| തമസാ | ഇരുട്ടിനാൽ | തമസാ | ഇരുളിനാൽ |
| മഹത് | തീരെ | സംവൃതം ഇവ | മൂടപ്പെട്ടതുപോലെ |
| സംവൃതം | മറയ്ക്കപ്പെട്ടതായി | ഭീമതരം | അതിഭയങ്കരമായി |
| സഹസ്രാംശൗ | ആദിത്യൻ | ആസീത്. | ഭവിച്ചു. |

രുധിരൗഘമഹാനദ്യഃ പ്രാവർത്തന്ത സഹസ്രശഃ
ക്രവ്യാദാ ദാരുണാ വാഗ്ഭിശ്ചിക്ഷിപുർഭീമനിസ്വനം. 37

| | | | |
|---|---|---|---|
| സഹസ്രശ: | ആയിരക്കണക്കായ | ക്രവ്യാദാ: | ഇരതേണ്ടുന്നജന്തുക്കൾ |
| രുധിരൗഘ-മഹാനദ്യ: | രക്തപ്രവാഹമാകുന്ന വൻ പുഴകൾ | ഭീമനിസ്വനം | അതിഭയങ്കര ശബ്ദത്തോടെ |
| പ്രാവർത്തന്ത | ഒഴുകിത്തുടങ്ങി | വാഗ്ഭി: ചിക്ഷിപു: | ഒച്ച കൂട്ടി. |
| ദാരുണാ: | ഭയങ്കരങ്ങളായ | | |

ന തദാനീം വവൌ വായുർന്ന ച ജജ്വാല പാവകഃ 38

| | | | |
|---|---|---|---|
| തദാനീം വായുഃ | ആ സമയം കാററു | പാവകഃ ച | തീയും |
| വവൌ ന; | വീശാതിരുന്നു; | ജജ്വാല ന. | ജ്വലിക്കാതിരുന്നു. |

സ്വസ്ത്യസ്തു ലോകേഭ്യ ഇതി ജജല്പുശ്ച മഹർഷയഃ 39

| | | | |
|---|---|---|---|
| മഹർഷയഃ ച | മഹർഷിമാരും | സ്വസ്തി അസ്തു" | ക്ഷേമമുണ്ടാകട്ടെ" |
| "ലോകേഭ്യഃ | ലോകങ്ങൾക്കെല്ലാം | ഇതി ജജല്പുഃ | എന്നു പ്രാർത്ഥിച്ചു. |

സംപേതുശ്ചാത്ര സംപ്രാപ്താ ഗന്ധർവ്വാഃ സഹ ചാരണൈഃ 40

| | | | |
|---|---|---|---|
| അത്ര | അദ്ദിക്കിൽ | ചാരണൈഃ സഹ | ചാരണരോടുംകൂടി |
| | | സംപ്രാപ്താഃ | ഒന്നിച്ചു |
| ഗന്ധർവ്വാഃ ച | ഗന്ധർവ്വന്മാരും | സംപേതുഃ | വന്നെത്തി. |

അഥ രാക്ഷസസിംഹസ്യ കൃഷ്ണാൻ കനകഭൂഷണാൻ
ശരൈശ്ചതുർഭിഃ സൌമിത്രിർവിവ്യാധ ചതുരോ ഹയാൻ 41

| | | | |
|---|---|---|---|
| അഥ | അപ്പോൾ | കനകഭൂഷണാൻ | പൊൻകോപ്പണിഞ്ഞവയുമായ |
| സൌമിത്രിഃ | ലക്ഷ്മണൻ | രാക്ഷസസിംഹസ്യ | ആ രാക്ഷസശ്രേഷ്ഠന്റെ |
| ചതുർഭിഃ | നാലു | ചതുരഃ ഹയാൻ | നാലു കുതിരകളേയും |
| ശരൈഃ | ബാണങ്ങൾകൊണ്ടു് | വിവ്യാധ. | എയ്തു. |
| കൃഷ്ണാൻ | കറുത്തവയും | | |

തതോഽപരേണ ഭല്ലേന പീതേന നിശിതേന ച
സംപൂർണ്ണായതമുക്തേന സുപത്രേണ സുവർച്ചസാ 42
മഹേന്ദ്രാശനികല്പേന സൂതസ്യ വിചരിഷ്യതഃ
സ തേന ബാണാശനിനാ തലശബ്ദാനുനാദിനാ
ലാഘവാദ്രാഘവഃ ശ്രീമാൻ ശിരഃ കായാദപാഹരത്. 43

| | | | |
|---|---|---|---|
| ശ്രീമാൻ | ശ്രീമാനായ | തലശബ്ദാനുനാദിനാ | കരതലം തട്ടിയുണ്ടാകുന്ന ശബ്ദത്തോടൊന്നിച്ചു മുഴങ്ങുന്നതും |
| സഃ | ആ | ബാണാശനിനാ ച | ബാണങ്ങളിൽവെച്ചു് ഇടിത്തീയൊത്തതുമായ |
| രാഘവഃ | ലക്ഷ്മണൻ | തേന | വിശിഷ്ടമായ |
| തതഃ | അതിൽപിന്നെ | അപരേണ | മറെറാരു |
| നിശിതേന | കൂർത്തതും | ഭല്ലേന | മൊട്ടമ്പുകൊണ്ടു് |
| പീതേന | പൊൻനിറമാർന്നതും | വിചരിഷ്യതഃ | തേർതെളിക്കുന്ന |
| സംപൂർണ്ണായതമുക്തേന | ആഞ്ഞെയ്യപ്പെട്ടതും | സൂതസ്യ ശിരഃ | സൂതന്റെ ശിരസ്സിനെ |
| സുപത്രേണ | നന്നായി തൂവലുകൾ കെട്ടപ്പെട്ടതും | കായാത് | ശരീരത്തിൽനിന്നു് |
| സുവർച്ചസാ | കാന്തി ചിന്നുന്നതും | ലാഘവാത് | നിഷ്പ്രയാസം |
| മഹേന്ദ്രാശനികല്പേന | ഇന്ദ്രന്റെ വജ്രായുധമൊത്തതും | അപാഹരത്" | മുറിച്ചിട്ടു. |

സ യന്തരി മഹാതേജാ ഹതേ മന്ദോദരീസുതഃ
സ്വയം സാരഥ്യമകരോത് പുനശ്ച ധനുരസ്പൃശത്. 44

| | | | |
|---|---|---|---|
| യന്തരി | തേർ നടത്തുന്നവൻ | സ്വയം | താൻതന്നെ |
| ഹതേ | കൊല്ലപ്പെട്ടാറെ | സാരഥ്യം | } സാരഥ്യം നടത്തി; |
| മഹാതേജാ: | മഹാതേജസ്വിയായ | അകരോത് | |
| സ: | ആ | ധനുഃ ച പുനഃ | വില്ലിനേയും |
| മന്ദോദരിസുതഃ | മന്ദോദരീപുത്രൻ | അസ്പൃശത് | ഞാണൊലിയിട്ടു. |

തദദ്ഭുതമഭൂത് തത്ര സാമർത്ഥ്യം പശ്യതാം യുധി. 45

| | | | |
|---|---|---|---|
| തത്ര യുധി | ആ സമയം പോരിൽ | സാമർത്ഥ്യം | സാമർത്ഥ്യം |
| പശ്യതാം | കാണികൾക്ക് | അദ്ഭുതം | } അത്ഭുതകരമായിരുന്നു. |
| തത് | അപ്രകാരമുള്ള | അഭൂത് | |

ഹയേഷു വ്യഗ്രഹസ്തം തം വിവ്യാധ നിശിതൈഃ ശരൈഃ
ധനുഷ്യഥ പുനർവ്യഗ്രേ ഹയേഷു മുമുചേ ശരാൻ. 46

| | | | |
|---|---|---|---|
| ഹയേഷു | കുതിരകളുടെ സംഗതിയിൽ | പുനഃ വിവ്യാധ; പിന്നെ എയ്തു; | |
| | | ധനുഷി | വില്ലിൽ |
| വ്യഗ്രഹസ്തം | കൈ ഉപയോഗപ്പെടു | വ്യഗ്രേ അഥ | കൈവെയ്ക്കുന്നസമയം |
| തം | ഇന്ദ്രജിത്തിനെ [ത്തുന്ന | ഹയേഷു | കുതിരകളിൽ |
| നിശിതൈഃ | കൂർത്ത | ശരാൻ | ശരങ്ങളെ |
| ശരൈഃ | ബാണങ്ങൾകൊണ്ട് | മുമുചേ. | പൊഴിച്ചു. |

ഛിദ്രേഷു തേഷു ബാണേഷു സൌമിത്രിഃ ശീഘ്രകൃത്തമഃ
അർദ്ദയാമാസ സമരേ വിചരന്തമഭീതവത്. 47

| | | | |
|---|---|---|---|
| ബാണേഷു | ബാണങ്ങളുടെ വിഷയത്തിൽ | അഭീതവത് | കലുക്കമില്ലാതെ |
| | | വിചരന്തം | സഞ്ചരിക്കുന്ന അവനെ |
| ശീഘ്രകൃത്തമഃ | ഏററംകൈമിടുക്കുള്ള | തേഷു | ആ |
| സൌമിത്രിഃ | ലക്ഷ്മണൻ [വനായ | ഛിദ്രേഷു | തവ്വുകളിൽ |
| സമരേ | പോരിൽ | അർദ്ദയാമസ. | പ്രഹരിച്ചു. |

നിഹതം സാരഥിം ദൃഷ്ട്വാ സമരേ രാവണാത്മജഃ
പ്രജഹൌ സമരോദ്ധർഷം വിഷണ്ണഃ സ ബഭൂവ ഹ. 48

| | | | |
|---|---|---|---|
| സഃ | ആ | ദൃഷ്ട്വാ | കണ്ട് |
| രാവണാത്മജഃ | രാവണസുതൻ | സമരോദ്ധർഷം | പോരിലുള്ള ഉത്സാഹ |
| സമരേ | പോരിൽ | പ്രജഹൌ | വെടിഞ്ഞു; [ത്തെ |
| സാരഥിം | സാരഥിയെ | വിഷണ്ണഃ | നിരാശപ്പെട്ടവനായും |
| നിഹതം | ഹനിക്കപ്പെട്ടവനായി | ബഭൂവ ഹ | ഭവിച്ചു, കണ്ടാലും. |

വിഷണ്ണവദനം ദൃഷ്ട്വാ രാക്ഷസം ഹരിയൂഥപാഃ
തതഃ പരമസംഹൃഷ്ടാ ലക്ഷ്മണം ചാഭ്യപൂജയൻ. 49

| | | | |
|---|---|---|---|
| ഹരിയൂഥപാഃ | വാനരപ്പടത്തലവന്മാർ | ദൃഷ്ട്വാ | കണ്ട് |
| തതഃ | ആ സമയം | പരമസംഹൃഷ്ടാഃ | അത്യാനന്ദമുൾക്കൊണ്ടവരായി |
| രാക്ഷസം | രാക്ഷസനെ | ലക്ഷ്മണം ച | ലക്ഷ്മണനേയും |
| വിഷണ്ണവദനം | മുഖം വാടിയവനായി | അഭ്യപൂജയൻ. | കൊണ്ടാടി. |

തതഃ പ്രമാഥി ശരഭോ രഭസോ ഗന്ധമാദനഃ
അമൃഷ്യമാണാശ്ചത്വാരശ്ചക്രുർവ്വേഗം ഹരീശ്വരാഃ 50

| | | | |
|---|---|---|---|
| തതഃ | അപ്പോൾ | ഗന്ധമാദനഃ | ഗന്ധമാദനൻ എന്ന |
| പ്രമാഥി | പ്രമാഥി | ചത്വാരഃ<br>ഹരീശ്വരാഃ | നാലു വാനരാധിപന്മാർ |
| ശരഭഃ | ശരഭൻ | അമൃഷ്യമാണാഃ | വാശി പൂണ്ട് |
| രഭസഃ | രഭസൻ | വേഗം ചക്രുഃ. | പാഞ്ഞെടുത്തു. |

തേ ചാസ്യ ഹയമുഖ്യേഷു തൂർണ്ണമുത്പ്ലുത്യ വാനരാഃ
ചതുർഷു സുമഹാവീര്യാ നിപേതുർഭീമവിക്രമാഃ 51

| | | | |
|---|---|---|---|
| സുമഹാവീര്യാഃ | അതിയായ വീര്യമുൾക്കൊണ്ടവരും | ചതുർഷു<br>ഹയമുഖ്യേഷു<br>ച | നാലു വൻകുതിരകളിന്മേലും |
| ഭീമവിക്രമാഃ | ഘോര പരാക്രമശാലികളുമായ | തൂർണ്ണം | പെട്ടെന്ന് |
| തേ വാനരാഃ | ആ വാനരന്മാർ | ഉത്പ്ലുത്യ<br>നിപേതുഃ | കുതിച്ചുചാടി. |
| അസ്യ | ഇവന്റെ | | |

തേഷാമധിഷ്ഠിതാനാം തൈർവ്വാനരൈഃ പർവ്വതോപമൈഃ
മുഖേഭ്യോ രുധിരം വ്യക്തം ഹയാനാം സമവർത്തത. 52

| | | | |
|---|---|---|---|
| പർവ്വതോപമൈഃ | പർവ്വതതുല്യരായ | ഹയാനാം | കുതിരകളുടെ |
| തൈഃ | ആ | മുഖേഭ്യഃ | വായിൽ നിന്നു് |
| വാനരൈഃ | വാനരന്മാരാൽ | രുധിരം | ചോര |
| അധിഷ്ഠിതാനാം | കയറിയിരിക്കപ്പെട്ട | വ്യക്തം<br>സമവർത്തത. | പുറത്തൊഴുകി. |
| തേഷാം | ആ | | |

തേ ഹയാ മഥിതാ ഭഗ്നാ വ്യസവോ ധരണീം ഗതാഃ. 53

| | | | |
|---|---|---|---|
| തേ | ആ | ഭഗ്നാഃ | ചതഞ്ഞ് |
| ഹയാഃ | കുതിരകൾ | വ്യസവഃ | ജീവനററവയായി |
| മഥിതാഃ | മർദ്ദിക്കപ്പെട്ടവയായി | ധരണീം ഗതാഃ | നിലത്തുവീണു. |

തേന നിഹത്യ ഹയാംസ്തസ്യ പ്രമഥ്യ ച മഹാരഥം
പുനരുത്പത്യ വേഗേന തസ്ഥൗർല്ലക്ഷ്മണപാർശ്വതഃ 54

| | | | |
|---|---|---|---|
| തേ | ആ വാനരോത്തമന്മാർ | പുനഃ | വീണ്ടും |
| തസ്യ | അവന്റെ | വേഗേന | വേഗത്തിൽ |
| ഹയാൻ | കുതിരകളെ | ഉത്പത്യ | കുതിച്ച് |
| നിഹത്യ | കൊന്നു് | ലക്ഷ്മണ-പാർശ്വതഃ | ലക്ഷ്മണന്റെ അരികിലായി |
| മഹാരഥം ച | വൻതേരിനേയും | | |
| പ്രമഥ്യ | പൊടിപെടുത്തി | തസ്ഥൗ: | വന്നുനിന്നു. |

സ ഹതാശ്വാദവപ്ലുത്യ രഥാന്മഥിതസാരഥേഃ
ശരവർഷേണ സൌമിത്രിമഭ്യധാവത രാവണിഃ 55

| | | | |
|---|---|---|---|
| സഃ രാവണിഃ | ആ ഇന്ദ്രജിത്ത് | അവപ്ലുത്യ | താഴോട്ടുകുതിച്ച് |
| ഹതാശ്വാത് | കുതിരകൾ ചത്ത് | സൌമിത്രിം | ലക്ഷ്മണനെ |
| മഥിതസാരഥേഃ | സാരഥിവധിക്കപ്പെട്ട | ശരവർഷേണ | ശരമാരികൊണ്ട് |
| രഥാത് | രഥത്തിൽനിന്നു് | അഭ്യധാവത. | എതിർത്തു. |

തതോ മഹേന്ദ്രപ്രതിമഃ സ ലക്ഷ്മണഃ
പദാതിനം തം നിഹതൈർഹയോത്തമൈഃ
സൃജന്തമാജൌ നിശിതാൻ ശരോത്തമാൻ
ഭൃശം തദാ ബാണഗണൈർന്യവാരയത്. 56

| | | | |
|---|---|---|---|
| തതഃ | ആ സമയം | നിശിതാൻ | കൂർത്ത |
| മഹേന്ദ്രപ്രതിമ: | ദേവേന്ദ്രസന്നിഭനായ | ശരോത്തമാൻ | ഉത്തമബാണങ്ങളെ |
| സ: | ആ | സൃജന്തം | പൊഴിക്കുന്നവനുമായ |
| ലക്ഷ്മണ: | ലക്ഷ്മണൻ | തം | അവനെ |
| ഹയോത്തമൈ: | വൻകുതിരകൾ | തദാ | അപ്പോൾ |
| നിഹതൈ: | കൊല്ലപ്പെട്ടതിനാൽ | ബാണഗണൈഃ | ശരനിരകൾകൊണ്ട് |
| പദാതിനം | കാലാളായിരിക്കുന്നവ | ഭൃശം | ഊക്കോടെ |
| ആജൌ | പോരിൽ [നും | ന്യവാരയത് | തടുത്തു. |

ഇത്യാർഷേ ശ്രീമദ്രാമായണേ വാൽമീകിയേ ആദികാവ്യേ യുദ്ധകാണ്ഡേ
നവതിതമഃ സർഗ്ഗഃ = തൊണ്ണൂറാം സർഗ്ഗം സമാപ്തം
ആദ്യം മുതൽ ശ്ലോകസംഖ്യ 18894; യുദ്ധകാണ്ഡം ആദ്യം മുതൽ ശ്ലോകസംഖ്യ 4219

ഇതി പുരാ കുശലവാഭ്യാം ശ്രീരാമസന്നിധാവശ്വമേധയജ്ഞവാടേ
ത്രയോവിംശതിതമേഽഹനി ഗീതാഃ ശ്ലോകാഃ സമാപ്താഃ
ഇപ്രകാരം കുശലവന്മാരാൽ അശ്വമേധയാഗശാലയിൽ ശ്രീരാമസന്നിധിയിൽവെച്ചു
23-ാം ദിവസം ഗാനം ചെയ്യപ്പെട്ട ശ്ലോകങ്ങൾ അവസാനിച്ചു.

—oo—

പുരാ കുശലവാഭ്യാം ശ്രീരാമസന്നിധാവശ്വമേധയജ്ഞവാടേ ചതുർവിംശേഽഹനി യുദ്ധകാണ്ഡേ ഏകനവതിതമസർഗ്ഗമാരഭ്യ ഏകാദശോത്തരശതതമസർഗ്ഗപര്യന്തം [18895—19819 ശ്ലോകാഃ] ഗീതം. തസ്മിൻ ദിനേ ഗീതാഃ ശ്ലോകാശ്ച 925.

പണ്ടു് കുശലവന്മാരാൽ അശ്വമേധയാഗമണ്ഡപത്തിൽ ശ്രീരാമസന്നിധിയിൽവെച്ചു ഇരുപത്തിനാലാം ദിവസം യുദ്ധകാണ്ഡത്തിൽ 91-ാം സർഗ്ഗം തുടങ്ങി 111-ാം സർഗ്ഗം വരെ (18895 മുതൽ 19819 കൂടി ശ്ലോകങ്ങൾ) ഗാനം ചെയ്യപ്പെട്ടു. അന്നെ ദിവസം ഗാനം ചെയ്യപ്പെട്ട ശ്ലോകസംഖ്യ 925.

## ഏകനവതിതമഃ സർഗ്ഗഃ = തൊണ്ണൂറ്റൊന്നാംസർഗ്ഗം

[ഇന്ദ്രജിദ്വധഃ=ഇന്ദ്രജിത്തിന്റെ വധം]

സ ഹതാശ്വോ മഹാതേജാ ഭൂമൗ തിഷ്ഠന്നിശാചരഃ
ഇന്ദ്രജിത് പരമക്രുദ്ധഃ സംപ്രജജ്വാല തേജസാ. 1

| | | | |
|---|---|---|---|
| മഹാതേജാഃ | അതിബലവാനായ | ഭൂമൗ | നിലത്തു് |
| സഃ | ആ | തിഷ്ഠൻ | നിൽക്കുന്നവനായി |
| നിശാചരഃ | രാക്ഷസനായ | തേജസാ | അഭിമാനത്താൽ |
| ഇന്ദ്രജിത് | ഇന്ദ്രജിത്ത് | പരമക്രുദ്ധഃ | അതികുപിതനായി |
| ഹതാശ്വഃ | കുതിരകൊല്ലപ്പെട്ടു് | സംപ്രജജ്വാല | ഉജ്ജ്വലിച്ചു. |

തൌ ധന്വിനൌ ജിഘാംസന്താവന്യോന്യമിഷുഭിർഭൃശം
വിജയേനാഭിനിഷ്ക്രാന്തൌ വനേ ഗജവൃഷാവിവ. 2

| | | | |
|---|---|---|---|
| ധന്വിനൌ | വില്ലാളികളായ | ഗജവൃഷൌ | } രണ്ടു ശ്രേഷ്ഠഗജങ്ങളെ |
| തൌ | അവരിരുവരും | ഇവ | } ന്നപോലെ |
| വിജയേന | ജയംകൊണ്ടു് | ഇഷുഭിഃ | ബാണങ്ങളാൽ |
| അന്യോന്യം | ഒരുവനെയൊരുവൻ | ഭൃശം | ഊക്കോടെ |
| ജിഘാംസന്തൌ | വധിപ്പാനിച്ഛിക്കുന്നവ | അഭി- | |
| വനേ | കാട്ടിൽ [രായി | നിഷ്ക്രാന്തൌ | } പാഞ്ഞെതിർത്തു. |

നിബർഹയന്തശ്ചാന്യോന്യം തേ രാക്ഷസവനൌകസഃ
ഭർത്താരം ന ജഹുർയുദ്ധേ സംപതന്തസ്തതസ്തതഃ 3

| | | | |
|---|---|---|---|
| തേ | ആ | തതഃ തതഃ | അവിടവിടെ |
| രാക്ഷസവ- | } രാക്ഷസന്മാരും | സംപതന്തഃ | പാഞ്ഞുചെല്ലുന്നവരാ |
| നൌകസഃ ച | } വാനരന്മാരും | യുദ്ധേ | യുദ്ധത്തിൽ [യി |
| അന്യോന്യം | തമ്മിൽതമ്മിൽ | ഭർത്താരം | അവരവരുടെ അധിപ |
| നിബർഹയന്തഃ | പ്രഹരിക്കുന്നവരായി | ജഹുഃ ന | വിട്ടുകളാതിരുന്നു. [നെ |

തതസ്താൻ രാക്ഷസാൻ സർവ്വാൻ ഹർഷയൻ രാവണാത്മജഃ
സ്തുവാനോ ഹർഷമാണശ്ച ഇദം വചനമബ്രവീത് 4

| | | | |
|---|---|---|---|
| രാവണാത്മജഃ | രാവണപുത്രനായ ഇന്ദ്ര | സ്തുവാനഃ | പുകഴ്ത്തുന്നവനായി |
| തതഃ | അപ്പോൾ [ജിത്ത് | ഹർഷമാണഃ ച | സന്തോഷിപ്പിച്ചുകൊ |
| താൻ രാക്ഷസാൻ | ആ രാക്ഷസന്മാർ | വചനം | ഒരു വാക്യത്തെ [ണ്ടു് |
| സർവ്വാൻ | എല്ലാവരേയും | ഇദം | ഇങ്ങിനെ |
| ഹർഷയൻ | ഉത്സാഹപ്പെടുത്തി | അബ്രവീത്. | പറഞ്ഞു. |

തമസാ ബഹുളേനേമാഃ സംസക്താഃ സർവ്വതോ ദിശഃ
നേഹ വിജ്ഞായതേ സ്വോ വാ പരോ വാ രാക്ഷസോത്തമാഃ 6

| | |
|---|---|
| "രാക്ഷസോ-ത്തമാഃ | രാക്ഷസശ്രേഷ്ഠന്മാരെ |
| ഇമാഃ | ഈ |
| ദിശഃ | ദിക്കുകൾ |
| സർവ്വതഃ | എല്ലാം |
| ബഹുളേന | തിങ്ങിയ |
| തമസാ | ഇരുളാൽ |
| സംസക്താഃ | ചൂഴപ്പെട്ടിരിക്കുന്നു; |
| ഇഹ | ഇപ്പോൾ |
| സ്വഃ വാ | സ്വന്തം ആളാകട്ടെ |
| പരഃ വാ | അന്യനാകട്ടെ |
| വിജ്ഞായതേ ന. | അറിയപ്പെടുന്നില്ല. |

ഹൃഷ്ടാ ഭവന്തോ യുദ്ധ്യന്തു ഹരീണാം മോഹനായ വൈ. 6

| | |
|---|---|
| ''ഹരീണാം മോഹനായ | "(ഞാൻ ഇവിടെനിന്നു പോയിട്ടുണ്ടെന്നറിയാതെ)വാനരന്മാരെ വഞ്ചിക്കുന്നതിന്നായി |
| ഭവന്തഃ | നിങ്ങൾ |
| ഹൃഷ്ടാഃ വൈ | ഉത്സാഹത്തോടുകൂടിയവരായ്ത്തന്നെ |
| യുദ്ധ്യന്തു. | പോർചെയ്യുവിൻ. |

അഹം തു രഥമാസ്ഥായ ആഗമിഷ്യാമി സംയുഗേ 7

| | |
|---|---|
| "അഹം തു | "ഞാനുംഇപ്പോൾതന്നെ |
| രഥം ആസ്ഥായ | ഒരു തേരുംകൊണ്ടു് |
| സംയുഗേ | സമരത്തിൽ |
| ആഗമിഷ്യാമി | വന്നുചേർന്നുകൊള്ളാം. |

തഥാ ഭവന്തഃ കുർവ്വന്തു യഥേമേ കാനനൌകസഃ
ന ബുദ്ധ്യേയുർദുരാത്മാനഃ പ്രവിഷ്ടേ നഗരം മയി. 8

| | |
|---|---|
| "ഇമേ ദുരാത്മാനഃ | "ഈ ദുഷ്ടന്മാരായ |
| കാനനൌകസഃ | വാനരന്മാർ |
| മയി | ഞാൻ |
| നഗരം | നഗരത്തിലേക്കു |
| പ്രവിഷ്ടേ | ചെന്നാൽ |
| യഥാ | എപ്രകാരമായാൽ |
| ബുദ്ധ്യേയുഃ ന | അറിയാതിരിക്കുമോ |
| തഥാ | അപ്രകാരം |
| ഭവന്തഃ | നിങ്ങൾ |
| കുർവ്വന്തു" | പ്രവർത്തിക്കുവിൻ." |

ഇത്യുക്ത്വാ രാവണസുതോ വഞ്ചയിത്വാ വനൌകസഃ
പ്രവിവേശ പുരീം ലങ്കാം രഥഹേതോരമിത്രഹാ. 9

| | |
|---|---|
| അമിത്രഹാ | ശത്രുഹന്താവായ |
| രാവണസുതഃ | രാവണാത്മജൻ |
| ഇതി | മേൽപ്രകാരം |
| ഉക്ത്വാ | പറഞ്ഞശേഷം |
| വനൌകസഃ | വാനരന്മാരെ |
| വഞ്ചയിത്വാ | വഞ്ചിച്ച് |
| രഥഹേതോഃ | തേരിന്നുവേണ്ടി |
| ലങ്കാം പുരീം | ലങ്കാപുരത്തിൽ |
| പ്രവിവേശ. | പ്രവേശിച്ചു. |

സ രഥം ഭൂഷയിത്വാ തു രുചിരം ഹേമഭൂഷിതം
പ്രാസാസിശതസമ്പൂർണ്ണം യുക്തം പരമവാജിഭിഃ 10
അധിഷ്ഠിതം ഹയജ്ഞേന സൂതേനാപ്തോപദേശിനാ
ആരുരോഹ മഹാതേജാ രാവണിഃ സമിതിംജയഃ 11

| | | | |
|---|---|---|---|
| മഹാതേജാഃ | അതിബലവാനും | പരമവാജിഭിഃ | ശ്രേഷ്ഠഹയങ്ങളാൽ |
| സമിതിഞ്ജയ: | പോർവീരനുമായ | യുക്തം | പൂട്ടപ്പെട്ടതും |
| സഃ രാവണി: | ആ ഇന്ദ്രജിത്ത് | ഹയജ്ഞേന | കുതിരകളെ പരിചയിച്ചവനും |
| തു | അപ്പോൾ | ആപ്തോപദേശിനാ | വേണ്ടതക്കതിനെ ഉപദേശിക്കുന്നവനുമായ |
| ഭൂഷയിത്വാ | അലങ്കരിച്ച് | സൂതേന | സാരഥിയാൽ |
| ഹേമഭൂഷിതം | പൊന്നാലലങ്കരിക്കപ്പെട്ട് | ആധിഷ്ഠിതം | നയിക്കപ്പെട്ടതുമായ |
| രുചിരം | അഴകാന്നതും | രഥം | ഒരു തേരിൽ |
| പ്രാസാസിശതസംപൂർണ്ണം | ആററുക്കണക്കായ ഈട്ടികളാലും വേൽകളാലും നിറയപ്പെട്ടതും | ആരുരോഹ. | കയറി. |

സ രാക്ഷസഗണൈർമ്മുഖ്യൈർവൃതോ മന്ദോദരീസുതഃ
നിര്യ്യയൌ നഗരാത്തൂർണ്ണം കൃതാന്തബലചോദിതഃ 12

| | | | |
|---|---|---|---|
| മന്ദോദരീസുത: | മന്ദോദരീപുത്രനായ | കൃതാന്തബലചോദിത: | വിധിബലത്താൽ പ്രേരിതനായി |
| സ: മുഖ്യൈ: | അവൻ ശ്രേഷ്ഠന്മാരായ | നഗരാത് | നഗരത്തിൽനിന്നും |
| രാക്ഷസഗണൈഃ | രക്ഷോഗണങ്ങളാൽ | തൂർണ്ണം | വേഗത്തിൽ |
| വൃത: | ചൂഴപ്പെട്ടവനായി | നിര്യ്യയൌ | പുറത്തുവന്നു. |

സോऽഭിനിഷ്ക്രമ്യ നഗരാദിന്ദ്രജിത് പരവീരഹാ
അഭ്യായാജ്ജവനൈരശ്വൈർലക്ഷ്മണം സവിഭീഷണം. 13

| | | | |
|---|---|---|---|
| പരവീരഹാ | ശത്രുവീരധ്വംസകനായ | ജവനൈ: | വേഗതയുള്ള |
| സ: | ആ | അശ്വൈ: | കുതിരകളോടുകൂടി |
| ഇന്ദ്രജിത് | ഇന്ദ്രജിത്ത് | സവിഭീഷണം | വിഭീഷണസമേതനായ |
| നഗരാത് | നഗരത്തിൽനിന്ന് | ലക്ഷ്മണം | ലക്ഷ്മണനെ |
| അഭിനിഷ്ക്രമ്യ | പുറത്തിറങ്ങി | അഭ്യയാത് | നേർത്തടുത്തു. |

തതോ രഥസ്ഥമാലോക്യ സൌമിത്രീ രാവണാത്മജം
വാനരാശ്ച മഹാവീര്യ്യാ രാക്ഷസശ്ച വിഭീഷണഃ
വിസ്മയം പരമം ജഗ്മുർലാഘവാത്തസ്യ ധീമതഃ 14

| | | | |
|---|---|---|---|
| തത: | അപ്പോൾ | രാക്ഷസ: | രക്ഷസ്സായ |
| രാവണാത്മജം | രാവണാത്മജനെ | വിഭീഷണ: ച | വിഭീഷണനും |
| രഥസ്ഥം | തേരിലിരിക്കുന്നവനായി | ധീമത: | ബുദ്ധിശാലിയായ |
| ആലോക്യ | കണ്ട് | തസ്യ | അവന്റെ |
| സൌമിത്രി: | സൌമിത്രിയും | ലാഘവാത് | മിടുക്കുകണ്ട് |
| മഹാവീര്യ്യാ: | അതിവീര്യ്യശാലികളായ | പരമം | അതിയായ |
| | | വിസ്മയം | ആശ്ചര്യ്യം |
| വാനരാ: ച | വാനരന്മാരും | ജഗ്മു: | ഉൾക്കൊണ്ടു. |

രാവണിശ്ചാപി സംക്രുദ്ധോ രണേ വാനരയൂഥപാൻ
പാതയാമാസ ബാണൌഘൈഃ ശതശോഽഥ സഹസ്രശഃ 15

| | |
|---|---|
| അഥ | അപ്പോൾ |
| രാവണിഃ അപി | ഇന്ദ്രജിത്തും |
| സംക്രുദ്ധഃ | ക്രുദ്ധനായി |
| രണേ | പോരിൽ |
| വാനരയൂഥപാൻ | വാനരസേനാനായകന്മാരെ |
| ബാണൌഘൈഃ | ശരനികരംകൊണ്ടു് |
| ശതശഃ | നൂററുക്കണക്കായും |
| സഹസ്രശഃ ച | ആയിരക്കണക്കായും |
| പാതയാമാസ | വീഴ്ത്തി. |

സ മണ്ഡലീകൃതധനൂ രാവണിഃ സമിതിഞ്ജയഃ
ഹരീനഭ്യഹനത് ക്രുദ്ധഃ പരം ലാഘവമാസ്ഥിതഃ 16

| | |
|---|---|
| സമിതിഞ്ജയഃ | പോരിൽ വെല്ലുന്നവനായ |
| സഃ രാവണിഃ | ആ ഇന്ദ്രജിത്തു് |
| ക്രുദ്ധഃ | കുപിതനായി |
| മണ്ഡലീകൃതധനുഃ | വില്ലിനെ വളച്ചുകൊണ്ടു് |
| പരം | അതിശയമായ |
| ലാഘവം ആസ്ഥിതഃ | മിടുക്കുകാണിക്കുന്നവനായി |
| ഹരീൻ | വാനരന്മാരെ |
| അഭ്യഹനത് | പ്രഹരിച്ചു. |

തേ വധ്യമാനാ ഹരയോ നാരാചൈർഭീമവിക്രമാഃ
സൌമിത്രിം ശരണം പ്രാപ്താഃ പ്രജാപതിമിവ പ്രജാഃ 17

| | |
|---|---|
| ഭീമവിക്രമാഃ | ഘോരപരാക്രമശാലികളായ |
| തേ ഹരയഃ | ആ വാനരന്മാർ |
| നാരാചൈഃ | നാരാചബാണങ്ങളാൽ |
| വധ്യമാനാഃ | താഡിക്കപ്പെടുന്നവരായി |
| പ്രജാഃ | പ്രജകൾ |
| പ്രജാപതിം | ബ്രഹ്മാവിനെ |
| ഇവ | എന്നപോലെ |
| സൌമിത്രിം | ലക്ഷ്മണനെ |
| ശരണം | ശരണം |
| പ്രാപ്താഃ | പ്രാപിച്ചു. |

തതഃ സമരകോപേന ജ്വലിതോ രഘുനന്ദനഃ
ചിച്ഛേദ കാർമ്മുകം തസ്യ ദർശയൻ പാണിലാഘവം. 18

| | |
|---|---|
| തതഃ | അപ്പോൾ |
| രഘുനന്ദനഃ | ലക്ഷ്മണൻ |
| സമരകോപേന | യുദ്ധത്തിലുള്ള വാശിയാൽ |
| ജ്വലിതഃ | ഉജ്ജ്വലിക്കുന്നവനായി |
| പാണിലാഘവം | കരലാഘവത്തെ |
| ദർശയൻ | പ്രദർശിപ്പിക്കുന്നവനായി |
| തസ്യ | ആ ഇന്ദ്രജിത്തിന്റെ |
| കാർമ്മുകം | വില്ലിനെ |
| ചിച്ഛേദ. | ഖണ്ഡിച്ചു. |

സോഽന്യത് കാർമ്മുകമാദായ സജ്യം ചക്രേ ത്വരന്നിവ
തദപ്യസ്യ ത്രിഭിർബാണൈർല്ലക്ഷ്മണോ നിരകൃന്തത. 19

| | |
|---|---|
| സഃ | അവൻ |
| അന്യത് | മറെറാരു |
| കാർമ്മുകം | വില്ലിനെ |
| ആദായ | കയ്ക്കൊണ്ടു് |
| ഇവ ത്വരൻ | അതിവേഗതയോടെ |
| സജ്യം ചക്രേ | ഞാണേററി |
| അസ്യ | ഇവന്റെ |
| തത് അപി | ആ വില്ലിനേയും |
| ലക്ഷ്മണഃ | ലക്ഷ്മണൻ |
| ത്രിഭിഃ | മൂന്നു |
| ബാണൈഃ | ബാണങ്ങൾകൊണ്ടു് |
| നിരകൃന്തത. | ഖണ്ഡിച്ചു. |

അഥൈനം ഛിന്നധന്വാനമാശീവിഷവിഷോപമൈഃ
വിവ്യാധോരസി സൌമിത്രീ രാവണിം പഞ്ചഭിഃ ശരൈഃ 20

| | | | |
|---|---|---|---|
| സൌമിത്രിഃ | ലക്ഷ്മണൻ | ഉരസി | മാറിടത്തിൽ |
| അഥ | അനന്തരം | ആശീവിഷ- | സപ്പവിഷത്തിന്നു തുല്യ |
| ഛിന്നധന്വാനം | വില്ലുമുറിഞ്ഞവനായ | വിഷോപമൈഃ | മായ |
| ഏനം | ഈ | പഞ്ചഭിഃ ശരൈഃ | അഞ്ചു് ബാണങ്ങളാൽ |
| രാവണിം | ഇന്ദ്രജിത്തിനെ, | വിവ്യാധ. | എയ്തു. |

തേ തസ്യ കായം നിർഭിദ്യ മഹാകാർമ്മുകനിഃസൃതാഃ
നിപേതുർധരണീം ബാണാ രക്താ ഇവ മഹോരഗാഃ 21

| | | | |
|---|---|---|---|
| മഹാകാർമ്മുക- | ഉത്തമമായ കോദണ്ഡ | നിർഭിദ്യ | തുളച്ചു് |
| നിഃസൃതാഃ | ത്തിൽനിന്നു് പുറപ്പെട്ട | രക്താഃ | ചുട്ടുത്ത |
| തേ ബാണാഃ | ആ ബാണങ്ങൾ | മഹോരഗാഃ ഇവ | വൻസപ്പങ്ങൾപോലെ |
| തസ്യ | അവന്റെ | ധരണീം | നിലത്തു് |
| കായം | ശരീരത്തെ | നിപേതുഃ. | പതിച്ചു. |

സ ഭിന്നവർമ്മാ രുധിരം വമൻ വക്ത്രേണ രാവണിഃ
ജഗ്രാഹ കാർമ്മുകശ്രേഷ്ഠം ദൃഢജ്യം ബലവത്തരം. 22

| | | | |
|---|---|---|---|
| സഃ രാവണിഃ | ആ ഇന്ദ്രജിത്തു്, | ബലവത്തരം | ഉറപ്പേറിയതും |
| ഭിന്നവർമ്മാ | കവചം പിളന്നവനാ | ദൃഢജ്യം | ദൃഢമായി ഞാണേററി |
| വക്ത്രേണ | വായാൽ [യി | | യതുമായ |
| രുധിരം | രക്തം | കാർമ്മുകശ്രേഷ്ഠം | ഒരു വൻചാപത്തെ |
| വമൻ, | ഛർദ്ദിക്കുന്നവനായി, | ജഗ്രാഹ. | കൈക്കൊണ്ടു. |

സ ലക്ഷ്മണം സമുദ്ദിശ്യ പരം ലാഘവമാസ്ഥിതഃ
വവർഷ ശരവർഷാണി വർഷാണീവ പുരന്ദരഃ 23

| | | | |
|---|---|---|---|
| സഃ പരം | അവൻ വളിച്ച | ശരവർഷാണി | ബാണവർഷങ്ങളെ |
| ലാഘവം | വേഗത | പുരന്ദരഃ | ഇന്ദ്രൻ |
| ആസ്ഥിതഃ | കൈക്കൊണ്ടു് | വർഷാണി | ജലമാരികളെ |
| ലക്ഷ്മണം | ലക്ഷ്മണനെ | ഇവ | എന്നപോലെ |
| സമുദ്ദിശ്യ, | ഉദ്ദേശിച്ചു്, | വവർഷ. | വർഷിച്ചു. |

മുക്തമിന്ദ്രജിതാ തത്തു ശരവർഷമരിന്ദമഃ
ആവാരയദസംഭ്രാന്തോ ലക്ഷ്മണഃ സുദുരാസദം. 24

| | | | |
|---|---|---|---|
| അരിന്ദമഃ | ശത്രുസംഹാരകനായ | മുക്തം | വിടപ്പെട്ടതും |
| ലക്ഷ്മണഃ | ലക്ഷ്മണൻ | സുദുരാസദം | തടുപ്പാൻ കഴിയാത്തതു |
| അസംഭ്രാന്തഃ | ഒട്ടും പരിഭ്രമിക്കാത്തവ | തത് | ആ [മായ |
| | നായി | ശരവർഷം തു | ബാണവർഷത്തേയും |
| ഇന്ദ്രജിതാ | ഇന്ദ്രജിത്തിനാൽ | ആവാരയത് | തടഞ്ഞു. |

ദശ്യാമാസ ച തദാ രാവണിം രഘുനന്ദനഃ
അസംഭ്രാന്തോ മഹാതേജാസ്തദദ്ഭുതമിവാഭവത്.

| | |
|---|---|
| മഹാതേജാഃ | അതിതേജസ്വിയും |
| അസംഭ്രാന്തഃ | ഒട്ടും കൂസാത്തവനുമായ |
| രഘുനന്ദനഃ | സൌമിത്രി |
| പരമക്രുദ്ധഃ | അതികുപിതനായി |
| തദാ | അപ്പോഴ്, |
| രാവണിം ച | ഇന്ദ്രജിത്തിനും |
| ദശ്യാമാസ | യാതൊന്നിനെ കാണിച്ചുകൊടുത്തുവോ |
| തത് | ആയത് |
| അദ്ഭുതം ഇവ അഭവത്. | അത്യൽഭുതകരമായതായിരുന്നു. |

തതസ്താൻ രാക്ഷസാൻ സവ്വാംസ്ത്രിഭിരേകൈകമാഹവേ
അവിധ്യത് പരമക്രുദ്ധഃ ശീഘ്രാസ്ത്രം സംപ്രദശ്യൻ. 26

| | |
|---|---|
| പരമക്രുദ്ധഃ | അതിക്രുദ്ധനായ ആ ലക്ഷ്മണൻ |
| ശീഘ്രാസ്ത്രം | അസ്ത്രവേഗത്തെ |
| സംപ്രദശ്യൻ | കാണിക്കുന്നവനായി |
| തതഃ | അപ്പോഴ് |
| ആഹവേ | പോരിൽ |
| താൻ രാക്ഷസാൻ | ആ രാക്ഷസന്മാരെ |
| സവ്വാൻ | എല്ലാവരേയും |
| ഏകൈകം | ഓരോരുത്തനേയും |
| ത്രിഭിഃ | മുമ്മൂന്നു ബാണങ്ങൾ [കൊണ്ട് |
| അവിധ്യത്. | എയ്തു. |

രാക്ഷസേന്ദ്രസുതം ചാപി ബാണൌഘൈഃ സമതാഡയത് 27

| | |
|---|---|
| രാക്ഷസേന്ദ്രസുതം അപി ച | ഇന്ദ്രജിത്തിനേയും |
| ബാണൌഘൈഃ | ശരനിരകളാൽ |
| സമതാഡയത്. | പ്രഹരിച്ചു. |

സോതിവിദ്ധോ ബലവതാ ശത്രുണാ ശത്രുഘാതിനാ
അസക്തം പ്രേഷയാമാസ ലക്ഷ്മണായ ബഹൂൻ ശരാൻ. 28

| | |
|---|---|
| ശത്രുഘാതിനാ | ശത്രുനിഷൂദനനും |
| ബലവതാ | ബലശാലിയുമായ |
| ശത്രുണാ | ശത്രുവിനാൽ |
| അതിവിദ്ധഃ | ഊക്കോടെ എയ്യപ്പെട്ടവനായ |
| സഃ | ആ ഇന്ദ്രജിത്ത് |
| ലക്ഷ്മണായ | ലക്ഷ്മണന്റെ മേൽ |
| ബഹൂൻ ശരാൻ | പല ബാണങ്ങളെ |
| അസക്തം | ഇടവിടാതെ |
| പ്രേഷയാമാസ. | പ്രയോഗിച്ചു. |

താനപ്രാപ്താൻ ശിതൈർബാണൈശ്ചിച്ഛേദ രഘുനന്ദനഃ. 29

| | |
|---|---|
| രഘുനന്ദനഃ | സൌമിത്രി |
| ശിതൈഃ | നിശിതങ്ങളായ |
| ബാണൈഃ | ബാണങ്ങളെകൊണ്ട് |
| താൻ | അവയെ |
| അപ്രാപ്താൻ | അടുത്തെത്തും മുമ്പായ്ത്തന്നെ |
| ചിച്ഛേദ. | മുറിച്ചെറിഞ്ഞു. |

സാരഥേരസ്യ ച രണേ രഥിനോ രഥസത്തമഃ
ശിരോ ജഹാര ധമ്മാത്മാ ഭല്ലേനാനതപവ്വണാ. 30

| | | | |
|---|---|---|---|
| ധർമ്മാത്മാ | ധർമ്മാത്മാവും | രഥിനഃ | രഥത്തിലിരിക്കുന്നവ |
| രഥസത്തമഃ ച | വൻതേരാളിയുമായ | അസ്യ | ഇവൻെറ [നായ |
| രണേ | പോരിൽ [ലക്ഷ്മണൻ | സാരഥേഃ | സാരഥിയുടെ |
| ആനതപർവ്വണാ | മൊട്ടുഴിഞ്ഞ | ശിരഃ | ശിരസ്സിനെ |
| ഭല്ലേന | ഒരു മൊട്ടമ്പുകൊണ്ടു് | ജഹാര. | ഛേദിച്ചു. |

അസൂതാസ്തേ ഹയാസ്തത്ര രഥമൂഹുരവിക്ലബാഃ
മണ്ഡലാന്യഭിധാവന്തസ്തദദ്ഭുതമിവാഭവത് 31

| | | | |
|---|---|---|---|
| തത്ര | അപ്പോൾ | അഭിധാവന്തഃ | ഏററം പായുന്നവയായി |
| തേ ഹയാഃ | ആ തുരഗങ്ങൾ | രഥം | രഥത്തെ |
| അസൂതാഃ | സാരഥിയില്ലാത്തവയായിരുന്നിട്ടും | ഊഹുഃ | വലിച്ചുകൊണ്ടുചെന്നു; |
| | | തത് ഇവ | അതു് ഏററവും |
| അവിക്ലബാഃ | സംഭ്രമിക്കാതെ | അദ്ഭുതം | ആശ്ചര്യകരമായി |
| മണ്ഡലാനി | സൈന്യങ്ങൾക്കുനേരെ | അഭവത് | ഇരുന്നിരുന്നു. |

[“മണ്ഡലാനി അഭിധാവന്തഃ” (വട്ടംചുററി ഓടുന്നവയായി) എന്നു് ചിലർ.]

അമർഷവശമാപന്നഃ സൌമിത്രിർദൃഢവിക്രമഃ
പ്രത്യവിധ്യദ്ധയാംസ്തസ്യ ശരൈർവിത്രാസയൻ രണേ. 32

| | | | |
|---|---|---|---|
| ദൃഢവിക്രമഃ | ദൃഢപരാക്രമിയായ | തസ്യ | അവൻെറ |
| സൌമിത്രിഃ | സൌമിത്രി | ഹയാൻ | കുതിരകളെ |
| അമർഷവശം ആപന്നഃ | ക്രോധാവിഷ്ടനായി | ശരൈഃ | ബാണങ്ങൾകൊണ്ടു് |
| | | വിത്രാസയൻ | ഭയപ്പെടുത്തുന്നവനായി |
| രണേ | പോരിൽ | പ്രത്യവിധ്യത് | അവയ്ക്കുനേരെ എയ്തു. |

അമൃഷ്യമാണസ്തത്കർമ്മ രാവണസ്യ സുതോ ബലീ
വിവ്യാധ ദശഭിർബ്ബാണൈഃ സൌമിത്രിം തമമർഷണം. 33

| | | | |
|---|---|---|---|
| ബലീ | ബലശാലിയായ | അമർഷണം | വാശിപൂണ്ടവനായ |
| രാവണസ്യ സുതഃ | രാവണാത്മജൻ | തം സൌമിത്രിം | ആ ലക്ഷ്മണനെ |
| | | ദശഭിഃ | പത്തു് |
| തത് കർമ്മ | ആ പ്രവൃത്തിയെ | ബാണൈഃ | ബാണങ്ങൾകൊണ്ടു് |
| അമൃഷ്യമാണഃ | പൊറുക്കാത്തവനായി | വിവ്യാധ | എയ്തു. |

തേ തസ്യ വജ്രപ്രതിമാഃ ശരാഃ സർപ്പവിഷോപമാഃ
വിലയം ജഗ്മുരാഹത്യ കവചം കാഞ്ചനപ്രഭം. 34

| | | | |
|---|---|---|---|
| വജ്രപ്രതിമാഃ | വജ്രതുല്യങ്ങളും | തസ്യ | ആ ലക്ഷ്മണൻെറ |
| സർപ്പവിഷോപമാഃ | സർപ്പത്തിൻെറവിഷം പോലെയുള്ളവയുമായ | കാഞ്ചനപ്രഭം | പൊൻനിറമാന്ന |
| | | കവചം ആഹത്യ | കവചത്തിൽ തട്ടി |
| തേ ശരാഃ | ആ ബാണങ്ങൾ | വിലയം ജഗ്മുഃ | തകൎന്നുപോയി. |

അഭേദ്യകവചം മത്വാ ലക്ഷ്മണം രാവണാത്മജഃ
ലലാടേ രാഘവം ബാണൈഃ സുപുംഖൈസ്ത്രിഭിരിന്ദ്രജിത്
അവിധ്യത് പരമക്രുദ്ധഃ ശീഘ്രാസ്ത്രം ച പ്രദർശയൻ. 35

| | |
|---|---|
| രാവണാത്മജഃ | രാവണസൂനുവായ |
| ഇന്ദ്രജിത് ച | ഇന്ദ്രജിത്തും |
| ലക്ഷ്മണം | ലക്ഷ്മണനെ |
| അഭേദ്യകവചം | ഭേദിക്കുവാൻ കഴിയാത്ത കവചമണിഞ്ഞവനാണെന്നു |
| മത്വാ | അറിഞ്ഞു |
| പരമക്രുദ്ധഃ | അതിക്രുദ്ധനായി |
| ശീഘ്രാസ്ത്രം | ശീഘ്രാസ്ത്രമന്ത്രപ്രയോഗത്തെ |
| പ്രദർശയൻ | വെളിവാക്കിക്കൊണ്ടു |
| രാഘവം | ലക്ഷ്മണനെ |
| ലലാടേ | നെററിത്തടത്തിൽ |
| സുപുംഖൈഃ | നല്ല കടയുള്ള |
| ത്രിഭിഃ | മൂന്നു |
| ബാണൈഃ | ബാണങ്ങളാൽ |
| അവിധ്യത്. | എയ്തു. |

തൈഃ പൃഷത്കൈർലലാടസ്ഥൈഃ ശുശുഭേ രഘുനന്ദനഃ
രണാഗ്രേ സമരശ്ലാഘീ ത്രിശൃംഗ ഇവ പർവ്വതഃ 36

| | |
|---|---|
| സമരശ്ലാഘീ | യുദ്ധത്തിൽ യശസ്സാന്നവനായ |
| രഘുനന്ദനഃ | ലക്ഷ്മണൻ |
| ലലാടസ്ഥൈഃ | നെററിയിലുള്ള |
| തൈഃ | ആ |
| പൃഷത്കൈഃ | ബാണങ്ങളോടുകൂടി |
| രണാഗ്രേ | രണമുഖത്തിൽ |
| ത്രിശൃംഗഃ | മൂന്നു കൊടുമുടികളുള്ള |
| പർവ്വതം ഇവ | പർവ്വതമെന്നപോലെ |
| ശുശുഭേ. | വിളങ്ങി. |

സ തഥാ ഹ്യർദ്ദിതോ ബാണൈ രാക്ഷസേന മഹാമൃധേ
തമാശു പ്രതിവിവ്യാധ ലക്ഷ്മണഃ പഞ്ചഭിഃ ശരൈഃ
വികൃഷ്യേന്ദ്രജിതോ യുദ്ധേ വദനേ ശുഭകുണ്ഡലേ. 37

| | |
|---|---|
| സഃ | ആ |
| ലക്ഷ്മണഃ ഹി | ലക്ഷ്മണനും |
| മഹാമൃധേ | വൻപോരിൽ |
| രാക്ഷസേന | രാക്ഷസനാൽ |
| ബാണൈഃ | ബാണങ്ങൾകൊണ്ടു |
| തഥാ | അപ്രകാരം |
| അർദ്ദിതഃ | താഡിക്കപ്പെട്ടവനായി |
| യുദ്ധേ | യുദ്ധത്തിൽ |
| ഇന്ദ്രജിതഃ | ഇന്ദ്രജിത്തിന്റെ |
| ശുഭകുണ്ഡലേ | ഭംഗിയാന്ന കുണ്ഡലങ്ങൾ ധരിച്ചിരുന്ന |
| വദനേ | മുഖത്തിൽ |
| പഞ്ചഭിഃ | അഞ്ചു |
| ശരൈഃ | ബാണങ്ങൾകൊണ്ടു |
| തം | അവനേയും |
| ആശു | ഉടനെ |
| വികൃഷ്യ പ്രതിവിവ്യാധ. | ആഞ്ഞു തിരിച്ചെയ്തു. |

ലക്ഷ്മണേന്ദ്രജിതൌ വീരൌ മഹാബലശരാസനൌ
അന്യോന്യം ജഘ്നതുർബ്ബാണൈർവിശിഖൈർഭീമവിക്രമൌ 38

| | |
|---|---|
| മഹാബലശരാസനൌ | ഉറപ്പേറിയ വില്ലേന്തിയവരും |
| ഭീമവിക്രമൌ | ഭയങ്കരപരാക്രമികളും |
| വീരൌ | വീരന്മാരുമായ |
| ലക്ഷ്മണേന്ദ്രജിതൌ | ലക്ഷ്മണനുമിന്ദ്രജിത്തും |
| വിശിഖൈഃ | പലമാതിരിമുനകളാന്ന |
| ബാണൈഃ | അസ്ത്രങ്ങൾകൊണ്ടു |
| അന്യോന്യം | പരസ്പരം |
| ജഘ്നതുഃ | എയ്തു. |

തതഃ ശോണിതദിഗ്ദ്ധാംഗൌ ലക്ഷ്മണേന്ദ്രജിതാവുഭൌ
രണേ തൌ രേജതുർവീരൌ പുഷ്പിതാവിവ കിംശുകൌ. 39

| | | | |
|---|---|---|---|
| തതഃ | അനന്തരം | ശോണിത-ദിഗ്ദ്ധാംഗൌ | നിണം പുരണ്ട ദേഹങ്ങളോടു കൂടിയവരായി |
| ലക്ഷ്മണേന്ദ്ര-ജിതൌ | ലക്ഷ്മണനുമിന്ദ്രജിത്തുമായ | പുഷ്പിതൌ | പൂത്ത |
| തൌ | ആ | കിംശുകൌ | രണ്ടുപലാശവൃക്ഷങ്ങൾ |
| ഉഭൌ വീരൌ | രണ്ടു വീരന്മാരും | ഇവ | എന്നപോലെ |
| | | രണേ രേജതുഃ | പോരിൽ വിളങ്ങി. |

തൌ പരസ്പരമഭ്യേത്യ സർവ്വഗാത്രേഷു ധന്വിനൌ
ഘോരൈർവിവ്യധതുർബ്ബാണൈഃ കൃതഭാവാവുഭൌ ജയേ. 40

| | | | |
|---|---|---|---|
| ധന്വിനൌ | വില്ലാളികളായ | അഭ്യേത്യ | എതിർത്ത് |
| തൌ | ആ | സർവ്വഗാത്രേഷു | എല്ലാ അവയവങ്ങളിലും |
| ഉഭൌ | ഇരുവരും | | |
| ജയേ | വിജയത്തിൽ | ഘോരൈഃ | തീക്ഷ്ണങ്ങളായ |
| കൃതഭാവൌ | ഔത്സുക്യം പൂണ്ടവരായി | ബാണൈഃ | ബാണങ്ങളാൽ |
| പരസ്പരം | അന്യോന്യം | വിവ്യധതുഃ | പ്രഹരിച്ചു. |

തതഃ സമരകോപേന സംയുക്തോ രാവണാത്മജഃ
വിഭീഷണം ത്രിഭിർബ്ബാണൈർവിവ്യാധ വദനേ ശുഭേ. 41

| | | | |
|---|---|---|---|
| തതഃ | അപ്പോൾ | ശുഭേ | ഭംഗിയാന്ന |
| രാവണാത്മജഃ | ഇന്ദ്രജിത്ത് | വദനേ | മുഖത്തിലായി |
| സമരകോപേന സംയുക്തഃ | യുദ്ധത്തിൽ അരിശംകൊണ്ടവനായി | ത്രിഭിഃ | മൂന്നു |
| | | ബാണൈഃ | ബാണങ്ങളാൽ |
| വിഭീഷണം | വിഭീഷണനെ | വിവ്യാധ. | എയ്തു. |

അയോമുഖൈസ്ത്രിഭിർവ്വിദ്ധ്വാ രാക്ഷസേന്ദ്രം വിഭീഷണം
ഏകൈകേനാഭിവിവ്യാധ താൻ സർവ്വാൻ ഹരിയൂഥപാൻ 42

| | | | |
|---|---|---|---|
| അയോമുഖൈഃ | ഉരുക്കു മുനയാന്ന | ഏകൈകേന | ഓരോന്നിനാൽ |
| ത്രിഭിഃ | മൂന്നു കൂട്ടങ്ങളാൽ | താൻ | ആ |
| രാക്ഷസേന്ദ്രം | രാക്ഷസശ്രേഷ്ഠനായ | ഹരിയൂഥപാൻ | വാനര സേനാധിപന്മാരെ |
| വിഭീഷണം | വിഭീഷണനെ | സർവ്വാൻ | എല്ലാവരേയും |
| വിദ്ധ്വാ | പ്രഹരിച്ചതിൽപിന്നെ | അഭിവിവ്യാധ. | ആഞ്ഞെയ്തു. |

തസ്മൈ ദൃഢതരം ക്രുദ്ധോ ജഘാന ഗദയാ ഹയാൻ
വിഭീഷണോ മഹാതേജാഃ രാവണേഃ സ ദുരാത്മനഃ 43

| | | | |
|---|---|---|---|
| മഹാതേജാഃ | ബലമേറിയവനായ | ദുരാത്മനഃ | ദുഷ്ടാത്മാവായ |
| സഃ വിഭീഷണഃ | ആ വിഭീഷണൻ | രാവണേഃ | ഇന്ദ്രജിത്തിന്റെ |
| തസ്മൈ | അവന്നുനേരെ | ഹയാൻ | കുതിരകളെ |
| ദൃഢതരം ക്രുദ്ധഃ | ഏറ്റവും കോപമുള്ളവനായി | ഗദയാ | ഗദകൊണ്ട് |
| | | ജഘാന. | അടിച്ചുകൊന്നു. |

സ ഹതാശ്വാദവപ്ലുത്യ രഥാന്നിഹതസാരഥേഃ
അഥ ശക്തിം മഹാതേജാഃ പിതൃവ്യായ മുമോച ഹ 44

| | | | |
|---|---|---|---|
| മഹാതേജാ: | ബലിഷ്ഠനായ | നിഹതസാരഥേ: | സാരഥി കൊല്ലപ്പെട്ട [തായ |
| സ: | ഇന്ദ്രജിത്ത് | രഥാത് | തേരിൽനിന്നും |
| അഥ | അപ്പോൾ | അവപ്ലുത്യ | താഴോട്ട് കുതിച്ച് |
| ഹതാശ്വാത് | കുതിരകളില്ലാതാക്കപ്പെട്ട് | പിതൃവ്യായ | ഇളയച്ഛനുനേരെ |
| | | ശക്തിം | ഒരു വേലിനെ |
| | | മുമോച ഹ. | പ്രയോഗിച്ചു. |

താമാപതന്തീം സംപ്രേക്ഷ്യ സുമിത്രാനന്ദവർദ്ധനഃ
ചിച്ഛേദ നിശിതൈർബാണൈർദശധാ സാഽപതദ്ഭുവി 45

| | | | |
|---|---|---|---|
| സുമിത്രാനന്ദ-വർദ്ധന: | ലക്ഷ്മണൻ | ബാണൈ: | ബാണങ്ങളാൽ |
| | | ചിച്ഛേദ | മുറിച്ചെറിഞ്ഞു. |
| താം | അതിനെ | സ: | അതു |
| ആപതന്തീം | എതിരിൽവരുന്നതായി | ഭുവി | ഭൂമിയിൽ |
| സംപ്രേക്ഷ്യ | കണ്ട്, | ദശധാ | പത്തു തുണ്ടുകളായി |
| നിശിതൈ: | തീക്ഷ്ണങ്ങളായ | അപതത്. | ചിതറിവീണു. |

തസ്മൈ ദൃഢധനുഃ ക്രുദ്ധോ ഹതാശ്വായ വിഭീഷണഃ
വജ്രസ്പർശസമാൻ പഞ്ച സസർജ്ജോരസി മാർഗ്ഗണാൻ. 46

| | | | |
|---|---|---|---|
| ദൃഢധനുഃ | ഉറപ്പേറിയ വില്ലാർന്നവ | ഉരസി | മാറത്ത് |
| വിഭീഷണ: | വിഭീഷണൻ [നായ | വജ്രസ്പർശ-സമാൻ | വജ്രാഘാത സദൃശ്യങ്ങളായ |
| ഹതാശ്വായ | കുതിരകൾ നശിച്ച | | |
| തസ്മൈ | അവന്റെ നേക്ക് | പഞ്ച | അഞ്ചു |
| ക്രുദ്ധ: | അരിശം കൊണ്ടവനായി | മാർഗ്ഗണാൻ | ബാണങ്ങളെ |
| | | സസർജ്ജ. | പ്രയോഗിച്ചു. |

തേ തസ്യ കായം നിർഭിദ്യ രുക്മപുംഖാ നിമിത്തഗാഃ
ബഭ്രുവുർലോഹിതാദിഗ്ദ്ധാ രക്താ ഇവ മഹോരഗാഃ 47

| | | | |
|---|---|---|---|
| നിമിത്തഗാ: | കുറിക്കുനേരെ പായുന്ന | ലോഹിതാ-ദിഗ്ദ്ധാ: | രക്തം പുരണ്ടവയായി |
| രുക്മപുംഖാ: | പൊൻമുനയാർന്ന | | |
| തേ | അവ | രക്താ: | ചുടുത്ത |
| തസ്യ | അവന്റെ | മഹോരഗാ: | ഊക്കൻ പാമ്പുകളെന്നപോലെ |
| കായം | ശരീരത്തെ | ഇവ | |
| നിർഭിദ്യ | ഭേദിച്ച് | ബഭ്രുവു: | വിളങ്ങി. |

സ പിതൃവ്യായ സംക്രുദ്ധ ഇന്ദ്രജിച്ഛരമാദദേ
ഉത്തമം രക്ഷസാം മദ്ധ്യേ യമദത്തം മഹാബലഃ 48

| | | | |
|---|---|---|---|
| മഹാബല: | അതിബലശാലിയായ | യമദത്തം | യമനാൽ നൽകപ്പെട്ട |
| സ: | ആ | ഉത്തമം | ശ്രേഷ്ഠമായ |
| ഇന്ദ്രജിത് | ഇന്ദ്രജിത്ത് | ശരം | ബാണത്തെ |
| പിതൃവ്യായ | ഇളയച്ഛന്റെ നേരെ | രാക്ഷസാംമദ്ധ്യേ | രാക്ഷസരുടെ നടുവിൽ |
| സംക്രുദ്ധ: | ചൊടിച്ച് | ആദദേ. | കൈക്കൊണ്ടു.[വെച്ച് |

തം സമീക്ഷ്യ മഹാതേജാ മഹേഷും തേന സംഹിതം
ലക്ഷ്മണോപ്യാദദേ ബാണമന്യം ഭീമപരാക്രമഃ 49
കുബേരേണ സ്വയം സ്വപ്നേ യദ്ദത്തമമിതാത്മനാ
ദുർജയം ദുർവിഷഹ്യം ച സേന്ദ്രൈരപി സുരാസുരൈഃ 50

| | | | |
|---|---|---|---|
| മഹാതേജാ | മഹാതേജസ്വിയും | ദത്തം | നൽകപ്പെട്ടതും |
| ഭീമവിക്രമ: | അതിപരാക്രമശാലിയു[മായ | ദുർജ്ജയം | തടുപ്പാൻ കഴിയാത്തതും |
| ലക്ഷ്മണ: അപി | ലക്ഷ്മണനും | സേന്ദ്രൈ: | ഇന്ദ്രനടങ്ങിയ |
| തേന | അവനാൽ | സുരാസുരൈ: അപി | ദേവാസുരന്മാരാലും |
| സംഹിതം | തൊടുക്കപ്പെട്ട | | |
| തം മഹേഷും | ആ ദിവ്യാസ്ത്രത്തെ | ദുർവ്വിഷഹ്യം ച | സഹിക്കപ്പെടുവാൻ കഴിയാത്തതും ആയ |
| സമീക്ഷ്യ | കണ്ടു് | | |
| അമിതാത്മനാ | അതിമഹിമയാന്ന | യത് | യാതൊരു |
| കുബേരേണ | കുബേരനാൽ | അന്യം | വിശിഷ്ടമായ |
| സ്വപ്നേ | സ്വപ്നത്തിൽ | ബാണം | ബാണത്തെ |
| സ്വയം | നേരിട്ട് | ആദദേ. | കൈക്കൊണ്ടു. |

തയോസ്തേ ധനുഷീ ശ്രേഷ്ഠേ ബാഹുഭിഃ പരിഘോപമൈഃ
വികൃഷ്യമാണേ ബലവത് ക്രൌഞ്ചാവിവ ചുക്രുജതുഃ 51

| | | | |
|---|---|---|---|
| പരിഘോപമൈ: | പരിഘതുല്യങ്ങളായ | തേ ശ്രേഷ്ഠേ | ആ ശ്രേഷ്ഠങ്ങളായ |
| ബാഹുഭി: | കൈകളാൽ | ധനുഷീ | ധനുസ്സുകൾ രണ്ടും |
| ബലവത് | ഊക്കോടെ | ക്രൌഞ്ചൌ | രണ്ടു ക്രൌഞ്ചങ്ങൾ |
| വികൃഷ്യമാണേ | വലിക്കപ്പെട്ടവയായ | ഇവ | എന്നപോലെ |
| തയോ: | അവരിരുവരുടേയും | ചുക്രുജതു: | ക്രീങ്കാരംചെയ്തു. |

താഭ്യാം തൌ ധനുഷീ ശ്രേഷ്ഠേ സംഹിതൌ സായകോത്തമൌ
വികൃഷ്യമാണൌ വീരാഭ്യാം ഭൃശം ജജ്വലതുഃ ശ്രിയാ 52

| | | | |
|---|---|---|---|
| താഭ്യാം | ആ | സംഹിതൌ | തൊടുക്കപ്പെട്ടു് |
| വീരാഭ്യാം | രണ്ടു വീരന്മാരാലും | വികൃഷ്യമാണൌ | ആഞ്ഞു വലിക്കപ്പെട്ടവരായി |
| ശ്രേഷ്ഠേ | ശ്രേഷ്ഠങ്ങളായ | | |
| ധനുഷീ | രണ്ടു ചാപങ്ങളിന്മേലും | ശ്രിയാ | ദീപ്തിയാൽ |
| തൌ സായകോത്തമൌ | ആ രണ്ടു ഉത്തമബാണങ്ങളും | ഭൃശം | ഏററവും |
| | | ജജ്വലതു: | ജ്വലിച്ചു. |

തൌ ഭാസയന്താവാകാശം ധനുർഭ്യാം വിശിഖൌ ച്യുതൌ
മുഖേന മുഖമാഹത്യ സംനിപേതതുരോജസാ. 53

| | | | |
|---|---|---|---|
| ധനുർഭ്യാം | രണ്ടു വില്ലുകളിൽനിന്നും | വിശിഖൌ | ബാണങ്ങളും |
| ആകാശം | അന്തരീക്ഷത്തെ | ഓജസാ | ഊക്കോടെ |
| ഭാസയന്തൌ | പ്രകാശിപ്പിച്ചുകൊണ്ടു് | ആഹത്യ | ഏററ് |
| ച്യുതൌ | പുറപ്പെട്ട | മുഖേന മുഖം | മുനയോടുമുന |
| തൌ | ആ രണ്ടു | സംനിപേതതു: | കൂട്ടിമുട്ടി. |

സന്നിപാതസ്തയോരാസീത് ശരയോർഘോരരൂപയോഃ 54

| | | | |
|---|---|---|---|
| ഘോരരൂപയോ: | ഭയങ്കരരൂപംകയ്യൊണ്ട | സംനിപാത: | വമ്പിച്ച സംഘട്ടം |
| തയോ: ശരയോ: | ആ രണ്ടു ബാണങ്ങൾക്കും തമ്മിൽ | ആസീത്. | ഉണ്ടായി. |

സധൂമവിസ്ഫുലിംഗശ്ച തജ്ജോഗ്നിർദ്ദാരുണോഽഭവത് 55

| | | | |
|---|---|---|---|
| സധൂമ–വിസ്ഫുലിംഗ: | പുകയോടും തീപ്പൊരികളോടുംകൂടി | അഗ്നി: ച | അഗ്നിയും |
| | | ദാരുണ: | ഭയങ്കരമായി |
| തജ്ജ: | അതിൽനിന്നുണ്ടായ | അഭവത് | ഭവിച്ചു. |

തൌ മഹാഗ്രഹസംകാശാവന്യോന്യം സന്നിപത്യ ച
സംഗ്രാമേ ശതധാ യാന്തൌ മേദിന്യാം വിനിപേതതുഃ 56

| | | | |
|---|---|---|---|
| മഹാഗ്രഹ-സംകാശൌ | പെരുത്ത ഗ്രഹങ്ങൾ പോലെയുള്ള | സംനിപത്യ ച | കൂട്ടിമുട്ടിയതിനാൽ |
| തൌ | അവരണ്ടും | ശതധാ യാന്തൌ | പലനുറുങ്ങുകളായി |
| സംഗ്രാമേ | പോരിൽ | മേദിന്യാം | നിലത്ത് |
| അന്യോന്യം | തമ്മിൽ | വിനിപേതതു: | വീണുകളഞ്ഞു. |

ശരൌ പ്രതിഹതൌ ദൃഷ്ട്വാ താവുഭൌ രണമൂർദ്ധനി
വ്രീഡിതൌ ജാതരോഷൌ ച ലക്ഷ്മണേന്ദ്രജിതൌ തദാ 57

| | | | |
|---|---|---|---|
| തദാ | അപ്പോൾ | ശരൌ | ബാണങ്ങൾ രണ്ടും |
| രണമൂർദ്ധനി | പോർമുമ്പിൽ | പ്രതിഹതൌ | നശിക്കപ്പെട്ടവയായി |
| ലക്ഷ്മണേന്ദ്രജിതൌ | ലക്ഷ്മണനുമിന്ദ്രജിത്തുമായ | ദൃഷ്ട്വാ | കണ്ടു് |
| | | വ്രീഡിതൌ | ലജ്ജിച്ച് |
| തൌ ഉഭൌ | അവർ രണ്ടുപേരും | ജാതരോഷൌ ച | അരിശമുൾക്കൊണ്ടു. |

സുസംരബ്ധസ്തു സൌമിത്രിരസ്ത്രം വാരുണമാദദേ. 58

| | | | |
|---|---|---|---|
| സൌമിത്രി: | ലക്ഷ്മണൻ | സുസംരബ്ധ: | വാശിയോടുകൂടെ |
| | | വാരുണം അസ്ത്രം | വരുണാസ്ത്രത്തെ |
| തു | അപ്പോൾ | ആദദേ | തൊടുത്തു |

രൌദ്രം മഹേന്ദ്രജിദ്യുദ്ധേ വ്യസൃജദ്യുധി നിഷ്ഠിതഃ
തേന തദ്വിഹതം ത്വസ്ത്രം വാരുണം പരമാദ്ഭുതം. 59

| | | | |
|---|---|---|---|
| മഹേന്ദ്രജിത് | ഇന്ദ്രജിത്ത് | തേന | അതിനാൽ |
| യുധി | പോരിൽ | യുദ്ധേ തത് | ആ പോരിൽ |
| നിഷ്ഠിതഃ | വാശിപൂണ്ടവനായി | വാരുണം അസ്ത്രം | വരുണാസ്ത്രം |
| രൌദ്രം | രുദ്രാസ്ത്രത്തെ | പരമാദ്ഭുതം തു | അത്യാശ്ചൎയ്യകരമാംവണ്ണം |
| വ്യസൃജത്; | പ്രയോഗിച്ചു; | വിഹതം. | നാശിപ്പിക്കപ്പെട്ടു. |

തതഃ ക്രുദ്ധോ മഹാതേജാ ഇന്ദ്രജിത്സമിതിംജയഃ
ആഗ്നേയം സംദധേ ദീപ്തം സ ലോകം സംക്ഷിപന്നിവ. 60

| | | | |
|---|---|---|---|
| തതഃ | അനന്തരം | ലോകം | ലോകത്തെത്തന്നെ |
| സമിതിംജയഃ | സമരവിജയിയും | സംക്ഷിപൻ ഇവ | സംഹരിക്കുന്നവനെന്നപോലെ, |
| മഹാതേജാഃ | അതിബലിഷ്ഠനുമായ | | |
| സഃ | ആ | ദീപ്തം | തേജസ്സാൎന്ന |
| ഇന്ദ്രജിത് | ഇന്ദ്രജിത്ത് | ആഗ്നേയം | ആഗ്നേയാസ്ത്രത്തെ |
| ക്രുദ്ധഃ, | ക്രുദ്ധിച്ച്, | സംദധേ. | തൊടുത്തു. |

സൌരേണാസ്ത്രേണ തദ്വീരോ ലക്ഷ്മണഃ പ്രത്യവാരയത്. 61

| | | | |
|---|---|---|---|
| തത് | അതിനെ | സൌരേണ അസ്ത്രേണ | സൂൎയ്യാസ്ത്രത്താൽ |
| വീരഃ | ശൂരനായ | | |
| ലക്ഷ്മണഃ, | ലക്ഷ്മണൻ | പ്രത്യവാരയത്. | തടുത്തു. |

അസ്ത്രം നിവാരിതം ദൃഷ്ട്വാ രാവണിഃ ക്രോധമൂൎച്ഛിതഃ
ആസുരം ശത്രുനാശായ ഘോരമസ്ത്രം സമാദദേ. 62

| | | | |
|---|---|---|---|
| രാവണിഃ | ഇന്ദ്രജിത്ത് | ശത്രുനാശായ | ശത്രുവിനെ ഒഴിക്കുന്നതിന്നായി |
| അസ്ത്രം | അസ്ത്രത്തെ | | |
| നിവാരിതം | തടുക്കപ്പെട്ടതായി | ഘോരം | ഭയങ്കരമായ |
| ദൃഷ്ട്വാ | കണ്ട്, | ആസുരം അസ്ത്രം | അസുരാസ്ത്രത്തെ |
| ക്രോധമൂൎച്ഛിതഃ | ശുണ്ഠി മുഴുത്തവനായി | സമാദദേ. | തൊടുത്തു. |

തസ്മാച്ചാപാദ്വിനിഷ്പേതുൎഭാസ്വരാഃ കൂടമുദ്ഗരാഃ
ശൂലാനി ച ഭുശുണ്ഡ്യശ്ച ഗദാഃ ഖഡ്ഗാഃ പരശ്വധാഃ. 63

| | | | |
|---|---|---|---|
| തസ്മാത് | ആ | ഭുശുണ്ഡ്യഃ | ഭുശുണ്ഡികളും |
| ചാപാത് | വില്ലിൽനിന്ന് | ഗദാഃ | ഗദകളും |
| ഭാസ്വരാഃ | ഒളിചിതറുന്നവയായ | ഖഡ്ഗാഃ | ഖഡ്ഗങ്ങളും |
| കൂടമുദ്ഗരാഃ ച | കൂടങ്ങളും മുട്ടത്തടികളും | പരശ്വധാഃ ച | വെൺമഴുക്കളും |
| ശൂലാനി | ശൂലങ്ങളും | വിനിഷ്പേതുഃ. | പുറപ്പെട്ടു. |

തദ്ദൃഷ്ട്വാ ലക്ഷ്മണഃ സംഖ്യേ ഘോരമസ്ത്രമഥാസുരം
അവാര്യ്യം സർവ്വഭൂതാനാം സർവ്വശത്രുവിനാശനം
മാഹേശ്വരേണ ദ്യുതിമാംസ്തദസ്ത്രം പ്രത്യവാരയത്. 64

| | | | |
|---|---|---|---|
| അഥ | അപ്പോൾ | സർവ്വശത്രു-വിനാശനം | സർവ്വശത്രു നാശകവുമായ |
| ദ്യുതിമാൻ | തേജസ്വിയായ | | |
| ലക്ഷ്മണഃ | ലക്ഷ്മണൻ | ആസുരം അസ്ത്രം | ആ അസുരാസ്ത്രത്തെ |
| സംഖ്യേ | പോരിൽ | ദൃഷ്ട്വാ | കണ്ട് |
| തത് ഘോരം | ആ ഭയങ്കരവും | മാഹേശ്വരേണ | മാഹേശ്വരാസ്ത്രം കൊണ്ട് |
| സർവ്വഭൂതാനാം | സർവ്വപ്രാണികൾക്കും | തത് | ആ |
| അവാര്യ്യം | തടുപ്പാൻ കഴിയാത്തതും | അസ്ത്രം | അസ്ത്രത്തെ |
| | | പ്രത്യവാരയത്. | നിരോധിച്ചു. |

തയോഃ സുതുമുലം യുദ്ധം സംബഭൂവാദ്ഭുതോപമം. 65

| | | | |
|---|---|---|---|
| തയോഃ | അവരിരുവർക്കും തമ്മിൽ | അദ്ഭുതോപമം | അദ്ഭുതപൂർവ്വമായും |
| യുദ്ധം | പോർ | | |
| സുതുമുലം | അതിബഹളമായും | സംബഭൂവ. | നടന്നു. |

ഗഗനസ്ഥാനി ഭൂതാനി ലക്ഷ്മണം പര്യ്യവാരയൻ. 66

| | | | |
|---|---|---|---|
| ഭൂതാനി | ജീവകോടികൾ | ഗഗനസ്ഥാനി | ആകാശചാരികളായി |
| ലക്ഷ്മണം | ലക്ഷ്മണനെ | പര്യ്യവാരയൻ. | ചൂഴ്ന്നുനിന്നു. |

ഭൈരവാഭിരുതേ ഭീമേ യുദ്ധേ വാനരരക്ഷസാം
ഭൂതൈർബ്ബഹുഭിരാകാശം വിസ്മിതൈരാവൃതം ബഭൗ 67

| | | | |
|---|---|---|---|
| വാനരരക്ഷസാം | കപികളുടേയും അരക്കന്മാരുടേയും | വിസ്മിതൈഃ | ആശ്ചര്യ്യഭരിതരായ |
| ഭീമേ | ഭയങ്കരവും | ബഹുഭിഃ | പല |
| ഭൈരവാ-ഭിരുതേ | ഘോരാട്ടഹാസങ്ങളോടുകൂടിയതുമായ | ഭൂതൈഃ | ഭൂതങ്ങളാൽ |
| യുദ്ധേ | ആ സമരത്തിൽ | ആവൃതം | ചൂഴപ്പെട്ടതായി |
| ആകാശം | ആകാശം | ബഭൗ. | വിലസി. |

ഋഷയഃ പിതരോ ദേവാ ഗന്ധർവ്വാ ഗരുഡോരഗാഃ
ശതക്രതും പുരസ്കൃത്യ രരക്ഷുർലക്ഷ്മണം രണേ. 68

| | | | |
|---|---|---|---|
| ഋഷയഃ | ഋഷികളും | ശതക്രതും | ഇന്ദ്രനെ |
| പിതരഃ | പിതൃക്കളും | പുരസ്കൃത്യ, | മുൻനിർത്തിക്കൊണ്ട് |
| ദേവാഃ | ദേവന്മാരും | രണേ | പോരിൽ |
| ഗന്ധർവ്വാഃ | ഗന്ധർവ്വന്മാരും | ലക്ഷ്മണം | ലക്ഷ്മണനെ |
| ഗരുഡോരഗാഃ | ഗരുഡന്മാരും ഉരഗങ്ങളും | രരക്ഷുഃ | ജയജയശബ്ദത്താൽ ആശീർവ്വദിച്ചു. |

അഥാന്യം മാർഗ്ഗണശ്രേഷ്ഠം സംദധേ രാഘവാനുജഃ
ഹുതാശനസമസ്പർശം രാവണാത്മജദാരണം. 69

| | | | |
|---|---|---|---|
| അഥ | അപ്പോൾ | രാവണാത്മജ-ദാരണം | ഇന്ദ്രജിത്തിനെ പിളക്കുവാൻ കഴിവുള്ളതുമായ |
| രാഘവാനുജ: | ലക്ഷ്മണൻ | അന്യം | മറെറാരു |
| ഹുതാശന-സമസ്പർശം | തൊട്ടാൽ ചെന്തീപോലെയുള്ളതും | മാർഗ്ഗണശ്രേഷ്ഠം | ഉത്തമബാണത്തെ |
| | | സംദധേ. | കയ്യേറ്റു. |

സുപത്രമനുവൃത്താംഗം സുപർവ്വാണാം സുസംസ്ഥിതം
സുവർണ്ണവികൃതം വീരഃ ശരീരാന്തകരം ശരം. 70
ദുരാവാരം ദുർവിഷഹ്യം രാക്ഷസാനാം ഭയാവഹം
ആശീവിഷവിഷപ്രഖ്യം ദേവസംഘൈഃ സമർച്ചിതം 71
യേന ശക്രോ മഹാതേജോ ദാനവാനജയത് പ്രഭുഃ
പുരാ ദൈവാസുരേ യുദ്ധേ വീര്യവാൻ ഹരിവാഹനഃ 72
തദൈന്ദ്രമസ്ത്രം സൌമിത്രിഃ സംയുഗേഷ്വപരാജിതം
ശരശ്രേഷ്ഠം ധനുശ്രേഷ്ഠേ നരശ്രേഷ്ഠോऽഭിസംദധേ. 73

| | | | |
|---|---|---|---|
| വീരഃ | വീരനും | സുസംസ്ഥിതം | ഉറപ്പേറിയതും |
| നരശ്രേഷ്ഠഃ | പുരുഷോത്തമനുമായ | സുവർണ്ണവികൃതം | സ്വർണ്ണാലംകൃതവും |
| സൌമിത്രിഃ | ലക്ഷ്മണൻ | ശരീരാന്തകരം | ശരീരത്തെ നശിപ്പിക്കുമാറ് പിളക്കുന്നതും |
| മഹാതേജാ: | മഹാതേജസ്വിയും | ശരം | |
| പ്രഭു: | സർവ്വശക്തനും | ദുരാവാരം | തടവില്ലാത്തതും |
| ഹരിവാഹന: | ഹരിയെന്ന കുതിരയെ വാഹനമായുള്ളവനും | ദുർവ്വിഷഹ്യം | അസഹ്യവും |
| | | രാക്ഷസാനാം | രാക്ഷസന്മാർക്ക |
| വീര്യവാൻ | വീര്യശാലിയുമായ | ഭയാവഹം | ആപത്തു വിളയിക്കുന്നതും |
| ശക്ര: | ഇന്ദ്രൻ | | |
| പുരാ | പണ്ട് | ആശീവിഷ-വിഷപ്രഖ്യം | സർപ്പവിഷംപോലുള്ളതും |
| ദൈവാസുരേ | ദേവാസുര | | |
| യുദ്ധേ | യുദ്ധത്തിൽ | ദേവസംഘൈഃ | ദേവഗണങ്ങളാൽ |
| യേന | യാതൊന്നുകൊണ്ട് | സമർച്ചിതം | പൂജിക്കപ്പെട്ടതും |
| ദാനവാൻ | അസുരന്മാരെ | സംയുഗേഷു | യുദ്ധങ്ങളിൽ |
| അജയത് | ജയിച്ചുവോ | അപരാജിതം | തോല്മയുണ്ടാകാത്തതും ആയ |
| തത് | അപ്രകാരമുള്ളതും | | |
| സുപത്രം | ഭംഗിയാന്ന ചിറകുകളുള്ളതും | ഐന്ദ്രം അസ്ത്രം | ഐന്ദ്രാസ്ത്രമാകുന്ന |
| അനുവൃത്താംഗം | ഒഴുക്കമുള്ളതും | ധനുഃശ്രേഷ്ഠേ | ഉത്തമമായ കാർമ്മുകത്തിൽ |
| സുപർവ്വാണം | നന്നായി ഉഴിഞ്ഞ കണുക്കളോടുകൂടിയതും | അഭിസംദധേ | സന്ധാനംചെയ്തു. |

സംധായാമിത്രദളനം വിചകർഷ ശരാസനം
സജ്യമായമ്യ ദുർധർഷം കാലോ ലോകക്ഷയേ യഥാ. 74

| | | | |
|---|---|---|---|
| ലോകക്ഷയേ | പ്രളയകാലത്തിൽ | സജ്യം | ഞാണേററപ്പെട്ടതും |
| കാലഃ | മൃത്യു | ദുർധർഷം | തടുപ്പാൻ കഴിയാത്ത |
| യഥാ | എന്നപോലിരിക്കുന്ന | ശരാസനം | ധനുസ്സിനെ [ത്രമായ |
| | വനായി | ആയമ്യ | വളച്ച് |
| അമിത്രദളനം | ശത്രുക്കളെ നശിപ്പിക്കു | സംധായ | തൊടുത്ത് |
| | വാൻ ശക്തവും | വിചകർഷ | ആഞ്ഞുവലിച്ചു. |

സംധായ ധനുഷി ശ്രേഷ്ഠേ വികർഷന്നിദമബ്രവീത്
ലക്ഷ്മീവാൻ ലക്ഷ്മണോ വാക്യമർത്ഥസാധകമാത്മനഃ 75

| | | | |
|---|---|---|---|
| ലക്ഷ്മീവാൻ | ശ്രീമാനായ | വികർഷൻ | വലിച്ചുവിടുന്നവനായി |
| ലക്ഷ്മണഃ | ലക്ഷ്മണൻ | ആത്മനഃ | ആത്മാവിന്നു് |
| ശ്രേഷ്ഠേ | ശ്രേഷ്ഠമായ | അർത്ഥസാധകം | സർവ്വാർത്ഥസിദ്ധി നൽകു |
| ധനുഷി | ധനുസ്സിൽ | ഇദം വാക്യം | ഈ മന്ത്രത്തെ [ന്നതായ |
| സംധായ | തൊടുത്തശേഷം | അബ്രവീത് | ഉച്ചരിച്ചു. |

ധർമ്മാത്മാ സത്യസന്ധശ്ച രാമോ ദാശരഥിർയ്യദി
പൌരുഷേ ചാപ്രതിദ്വന്ദ്വഃ ശരൈനം ജഹി രാവണിം. 76

| | | | |
|---|---|---|---|
| "പൌരുഷേ | "പൌരുഷത്തിൽ | യദി | ആകയാൽ |
| അപ്രതിദ്വന്ദ്വഃ | ഇണയില്ലാത്തവനായ | ശര! | ഈ ശരത്തിന്നു അധി |
| ദാശരഥിഃ | ദശരഥപുത്രനായ | | ദേവതയായുള്ളോവേ! |
| രാമഃ | ശ്രീരാമൻ | ഏനം | ഈ |
| ധർമ്മാത്മാ ച | ധർമ്മാത്മാവും | രാവണിം | രാവണിയെ |
| സത്യസന്ധഃ ച | സത്യസന്ധനും | ജഹി." | നിഗ്രഹിച്ചാലും." |

[ഈ ശ്ലോകം രാമായണത്തിലെ മൂലമന്ത്രമാകുന്നു എന്നാകുന്നു ഋഷികളുടെ അഭിപ്രായം. ഇതിലെ പൂർവ്വാർദ്ധം ശക്തിയും, ഉത്തരാർദ്ധം കീലകവുമാകുന്നു. ധർമ്മസംസ്ഥാപനാർത്ഥം പരിഗൃഹീതമാനുഷശരീരനായ ശ്രീനാരായണമൂർത്തിതന്നെ "ധിയോ യോ നഃ പ്രചോദയാത്" എന്ന പ്രകാരം സർവ്വപ്രേരകനായ രാവണിവധഹേതുഭൂതമായ നിഷ്പൌരുഷമായ ശരത്തിന്നും ശക്തിയെ പ്രദാനം ചെയ്യുന്നവനായസർവ്വശക്തൻ എന്നു പ്രത്യക്ഷീകരിപ്പാനായി, ആദ്യത്തെ മൂന്നു പാദങ്ങളിൽ ഭഗവന്മഹിമയെ വർണ്ണിച്ച്, തുരീയ പാദത്തിൽ ഭഗവത് കൈങ്കര്യരൂപമായ ധർമ്മസംസ്ഥാപനകൃത്യത്തെ ആജ്ഞാപിക്കുന്നു.

"ധർമ്മാത്മാ".—'രാമോ വിഗ്രഹവാൻ ധർമ്മഃ' എന്ന വാക്യപ്രകാരം 'ധർമ്മംതന്നെ മൂർത്തിമത്തായവൻ'; "ധർമ്മ: ആത്മാ സ്വഭാവോ യസ്യ സഃ" (ധർമ്മംതന്നെ സ്വഭാവമായുള്ളവൻ), അതായത് ശത്രുക്കളുടെ സംഗതിയിലുംകൂടി ധർമ്മത്തെ ത്യജിക്കാത്തവൻ; "ധർമ്മേ ആത്മാ ബുദ്ധിഃ യസ്യ സഃ", (ധർമ്മത്തിന്റെ സൂക്ഷ്മതത്വത്തെ അറിഞ്ഞവൻ); "ധർമ്മേ ധർമ്മാചരണേ ആത്മാ, ധൈര്യം യസ്യ സഃ" (ഇഷ്ടാനവാപ്തിയിലും അനിഷ്ടപ്രാപ്തിയിലും സ്ഥിരബുദ്ധിയോടുകൂടിയവനായി ധർമ്മത്തെ അനുഷ്ഠാനം ചെയ്യുന്നവൻ).

"സത്യസന്ധ:":— "സത്യേ സന്ധാ യസ്യ സ: (പ്രതിജ്ഞയിൽ സ്ഥിരമായ നിഷ്ഠയോടുകൂടിയവൻ). അതായത് 'രാമോ ദ്വിർനാഭിഭാഷതെ', 'അപ്യഹം ജീവിതം ജഹ്യാം ത്വാം വാ സീതേ സലക്ഷ്മണാം ന തു പ്രതിജ്ഞാം സംശ്രുത്യ ബ്രാഹ്മണേഭ്യോ വിശേഷത:' 'നൈവലോഭാന്ന മോഹാദ്വാ ന ഹ്യജ്ഞാനാത്തമോന്വിത: സേതും സത്യസ്യ ഭേത്സ്യാമി ഗുരോ: സത്യപ്രതിശ്രവ:' എന്നിത്യാദിവാക്യങ്ങൾക്കനുസരിച്ച് സത്യപ്രതിജ്ഞനായുള്ളവൻ;

"ദാശരഥി:":— ഐന്ദ്രാസ്ത്രത്തെ ലക്ഷ്മണൻ അനുസന്ധാനം ചെയ്തിരിക്കയാൽ, ഇന്ദ്രന്ന് ശംബരാദികളിൽ നിന്നുള്ള പീഡയെ പരിഹരിച്ചവനായ ദശരഥന്റെ പുത്രനായ ശ്രീരാമന്ന് പ്രത്യുപകാരം ചെയ്യേണ്ടതാണെന്നും വ്യംഗ്യം.

"പൌരുഷേ അപ്രതിദ്വന്ദ്വ:" (പന്ത്രണ്ടുവയസ്സിൽതന്നെ സുബാഹു താടകാദിവധത്താലും, ഖരാദി ചതുർദ്ദശസാഹസ്രം രാക്ഷസന്മാരെ വധിക്കയാലും, മാരീചകബന്ധവിരാധകുംഭകർണ്ണാദിവധത്താലും, സേതുബന്ധനാദികൃത്യത്താലും പരാക്രമത്തിൽ നിസ്തുല്യനായവൻ).

കൂടാതെ ഈ ശ്ലോകത്തിലെ പദങ്ങൾകൊണ്ട് പരത്വവും വിവക്ഷിക്കപ്പെടുന്നു. 'ധർമ്മാത്മാ' എന്നതിൽനിന്ന് ആത്മാവ്, (ബുദ്ധി) ധർമ്മമായിട്ടുള്ളവൻ, അതായത് 'ചിത്സ്വരൂപൻ' എന്നും 'സത്യസന്ധഃ' എന്നതിൽനിന്ന് 'സത്യ സന്ധാ യസ്യ സ:' (ശാശ്വതമായ അനുസന്ധാനയോടുകൂടിയവൻ) എന്ന അർത്ഥത്തിൽ 'സത്സ്വരൂപൻ' എന്നും, "രാമഃ" എന്നതിൽനിന്ന് 'ആനന്ദസ്വരൂപൻ' എന്നും, 'ദാശരഥി:' എന്നതിൽനിന്ന് ഇന്ദ്രിയാദ്യധിഷ്ഠാതാവെന്നും, "പൌരുഷേ അപ്രതിദ്വന്ദ്വ:" എന്നതിൽനിന്ന് 'ഏകനെന്നും' "ശര" എന്ന പദംകൊണ്ട് "ദൃശ്യതേത്വഗ്ര്യയാ ബുദ്ധ്യാ സൂക്ഷ്മയാ സൂക്ഷ്മദർശിഭി:" എന്ന ശ്രുതിവാക്യപ്രകാരമുള്ള സൂക്ഷ്മതത്വഗ്രാഹകശക്തിയും, 'ജഹി' എന്നതുകൊണ്ട് 'പ്രേരകത്വവും' 'രാവണിം' എന്ന പദംകൊണ്ട് സൂചിക്കപ്പെട്ടതായ അഹങ്കാരജന്യമായ താപത്രയങ്ങളുടെ ശാന്തിയും, വിവക്ഷിക്കപ്പെടുന്നു.

ഇതിന്നും പുറമെ ഈ ശ്ലോകത്തിൽ ദശേന്ദ്രിയയുക്തശരീരരഥത്തെ കയ്യേറ്റുകൊണ്ടു ചരിക്കുന്നവനായ ഒരു പൂമാൻ, സത്യധർമ്മനിഷ്ഠയോടുകൂടിയവനായി, സർവ്വപ്രാണികളേയും തങ്കൽനിന്ന് വ്യതിരിക്തങ്ങളല്ലാത്തവയായി കരുതിക്കൊണ്ട് ജീവിതത്തെ നയിക്കുന്നതാണെന്നാൽ സർവ്വവിധങ്ങളായ ദു:ഖങ്ങളേയും ജയിച്ച് ആനന്ദാവാപ്തി നേടുന്നതാണെന്നുള്ള കർമ്മയോഗതത്വവും ഇതിൽ വിവക്ഷിക്കപ്പെടുന്നു. ഇപ്രകാരം ഗായത്രീമന്ത്രത്തിന്നെന്നപോലെതന്നെ ഈ മന്ത്രത്തിന്നും സഗുണമായും നിർഗ്ഗുണമായും അർത്ഥം കല്പിക്കപ്പെട്ടിരിക്കുന്നു.]

ഇത്യുക്ത്വാ ബാണമാകർണ്ണം വികൃഷ്യ തമജിഹ്മഗം
സൌമിത്രിഃ സമരേ വീരഃ സസർജ്ജേന്ദ്രജിതം പ്രതി
ഐന്ദ്രാസ്ത്രേണ സമായോജ്യ ലക്ഷ്മണഃ പരവീരഹാ. 77

| | | | |
|---|---|---|---|
| പരവീരഹാ | ശത്രുസൂദനനായ | സമരേ | പോരിൽ |
| വീര:സൌമിത്രി: | വീരനും സുമിത്രാത്മ | ഇതി | മേൽപ്രകാരം |
| ലക്ഷ്മണ: | ലക്ഷ്മണൻ [ജനമായ | ഉക്ത്വാ | ഉച്ചരിച്ചശേഷം |

| | | | |
|---|---|---|---|
| അജിഹ്മഗം | ലക്ഷ്യംപിഴയ്ക്കാത്ത | ആകർണ്ണം | കാതോളം |
| തം ബാണം | ആ ബാണത്തെ | വികൃഷ്യ | വലിച്ചിഴത്തു് |
| ഐന്ദ്രാസ്ത്രേണ | ഇന്ദ്രാസ്ത്രംകൊണ്ടു് | ഇന്ദ്രജിതംപ്രതി | ഇന്ദ്രജിത്തിൻെറ നേരെ |
| സമായോജ്യ | അഭിമന്ത്രിച്ചു് | സസർജ്ജ. | പ്രയോഗിച്ചു. |

സ ശിരഃ സശിരസ്ത്രാണം ശ്രീമജ്ജ്വലിതകുണ്ഡലം
പ്രമഥ്യേന്ദ്രജിതഃ കായാത് പാതയാമാസ ഭൂതലേ. 78

| | | | |
|---|---|---|---|
| സഃ | അതു് | ശ്രീമജ്ജ്വലിതകുണ്ഡലം | ഭംഗിയായിജ്ജ്വലിക്കുന്ന കുണ്ഡലങ്ങളോടുകൂടിയും |
| ഇന്ദ്രജിതഃ | ഇന്ദ്രജിത്തിൻെറ | പ്രമഥ്യ | ഛേദിച്ചു്, |
| ശിരഃ | ശിരസ്സിനെ | കായാത് | ദേഹത്തിൽനിന്നു് |
| സശിരസ്ത്രാണം | അതിൻെറ കവചത്തോടുകൂടിയും | ഭൂതലേ | ഭൂമിയിൽ |
| | | പാതയാമാസ. | വീഴ്ത്തി. |

തദ്രാക്ഷസതനൂജസ്യ ഛിന്നസ്കന്ധം ശിരോ മഹത്
തപനീയനിഭം ഭൂമൌ ദദൃശേ രുധിരോക്ഷിതം. 79

| | | | |
|---|---|---|---|
| ഛിന്നസ്കന്ധം | കഴുത്തുവേറിട്ടതായ | ശിരഃ ഭൂമൌ | ശിരസ്സു് ഭൂമിയിൽ |
| രാക്ഷസതനൂജസ്യ | രാക്ഷസേശ്വരസൂനുവിൻെറ | രുധിരോക്ഷിതം | രക്തത്താൽ നനഞ്ഞു് |
| | | തപനീയനിഭം | സ്വർണ്ണപ്രഭയാർന്നതായി |
| തത് മഹത് | ആ വമ്പിച്ച | ദദൃശേ. | കാണപ്പെട്ടു. |

ഹതസ്തു നിപപാതാശു ധരണ്യാം രാവണാത്മജഃ
കവചീ സശിരസ്ത്രാണോ വിധ്വസ്തഃ സശരാസനഃ 80

| | | | |
|---|---|---|---|
| കവചീ | കവചം ധരിച്ചിരുന്നവനായ | വിധ്വസ്തഃ | തെറിച്ചു് |
| | | ഹതഃ | ജീവനററവനായി |
| രാവണാത്മജഃ | ഇന്ദ്രജിത്തു് | ധരണ്യാം | ഭൂമിയിൽ |
| സശിരസ്ത്രാണഃ | തലക്കെട്ടോടുകൂടിയും | ആശു | പെട്ടെന്നു് |
| സശരാസനഃ തു | വില്ലോടുകൂടിയും | നിപപാത. | വീണു. |

ചുക്രുശുസ്തേ തതഃ സർവ്വേ വാനരാഃ സവിഭീഷണാഃ
ഹൃഷ്യന്തോ നിഹതേ തസ്മിൻ ദേവാ വൃത്രവധേ യഥാ. 81

| | | | |
|---|---|---|---|
| തതഃ | അപ്പോൾ | വൃത്രവധേ | വൃത്രാസുരവധത്താൽ |
| തേ | ആ | ദേവാഃ | ദേവന്മാർ |
| സവിഭീഷണാഃ | വിഭീഷണനോടുകൂടിയുള്ള | യഥാ | എപ്രകാരമോ അപ്രകാരം |
| വാനരാഃ | വാനരന്മാർ | | |
| സർവ്വേ | എല്ലാവരും | ഹൃഷ്യന്തഃ | ഉത്സാഹം കൈക്കൊണ്ടവരായി |
| തസ്മിൻ | ആ ഇന്ദ്രജിത്തു് | | |
| നിഹതേ | മൃതിപ്പെട്ടാറെ | ചുക്രുശുഃ. | ആർഭാടം ചെയ്തു. |

അഥാന്തരിക്ഷേ ദേവാനാം ഋഷീണാം ച മഹാത്മനാം
അഭിജജ്ഞേ ച സന്നാദോ ഗന്ധർവ്വാപ്സരസാമപി. 82

| | | | |
|---|---|---|---|
| അഥ | അപ്പോൾ | ഋഷീണാം ച | ഋഷിമാരുടേയും |
| അന്തരിക്ഷേ | ആകാശത്തിൽ | ഗന്ധർവ്വാപ്സരസാം അപി | ഗന്ധർവ്വന്മാരുടേയും അപ്സരസ്സുകളുടേയും |
| ദേവാനാം ച | ദേവന്മാരുടേയും | സംനാദഃ | ആരവാരവും |
| മഹാത്മനാം | മഹാത്മാക്കളായ | അഭിജജ്ഞേ. | മുഴങ്ങി. |

പതിതം തമഭിജ്ഞായ രാക്ഷസീ സാ മഹാചമൂഃ
വധ്യമാനോ ദിശോ ഭേജേ ഹരിഭിർജിതകാശിഭിഃ 83

| | | | |
|---|---|---|---|
| സാ രാക്ഷസീ മഹാചമൂഃ | ആ രാക്ഷസപ്പെരും പട | ജിതകാശിഭിഃ | വിജയത്താൽ ശോഭി [ക്കുന്ന |
| തം | ആ ഇന്ദ്രജിത്തിനെ | ഹരിഭിഃ | വാനരന്മാരാൽ |
| പതിതം | വീണതായി | വധ്യമാനാഃ | ഹിംസിക്കപ്പെട്ടവരായി |
| അഭിജ്ഞായ, | കണ്ട് | ദിശഃ ഭേജേ. | എല്ലാദിക്കുകളിലേക്കും പാഞ്ഞു. |

വാനരൈർവധ്യമാനസ്തേ ശസ്ത്രാണ്യുത്സൃജ്യ രാക്ഷസാഃ
ലങ്കാമഭിമുഖാഃ സസ്രുർനഷ്ടസംജ്ഞാഃ പ്രധാവിതാഃ 84

| | | | |
|---|---|---|---|
| തേ രാക്ഷസാഃ | ആ രാക്ഷസന്മാർ | നഷ്ടസംജ്ഞാഃ | ഒന്നും തോന്നാതെ |
| വാനരൈഃ | വാനരന്മാരാൽ | പ്രധാവിതാഃ | ഓട്ടംപിടിച്ചുകൊണ്ട് |
| വധ്യമാനാഃ | ഹനിക്കപ്പെട്ടവരായി | ലങ്കാം | ലങ്കയെ |
| ശസ്ത്രാണി | ആയുധങ്ങളെ | അഭിമുഖാഃ | നോക്കി |
| ഉത്സൃജ്യ | വലിച്ചെറിഞ്ഞ് | സസ്രുഃ. | ചെന്നു. |

ദുദ്രുവുർബഹുധാ ഭീതാ രാക്ഷസാഃ ശതശോ ദിശഃ
ത്യക്ത്വാ പ്രഹരണാൻ സർവ്വേ പട്ടിശാസിപരശ്വധാൻ 85

| | | | |
|---|---|---|---|
| ഭീതാഃ | ഭയന്നുനടുങ്ങിയ | പ്രഹരണാൻ | ആയുധങ്ങളെ |
| രാക്ഷസാഃ | രാക്ഷസന്മാർ | ത്യക്ത്വാ | ഉപേക്ഷിച്ച് |
| സർവ്വേ | എല്ലാവരും | ശതശഃ | നൂററുകണക്കായി |
| പട്ടിശാസിപരശ്വധാൻ | ചെറുകുന്തം, വാൾ, വെണ്മഴു എന്നീ | ബഹുധാ | പലവാററായി |
| | | ദിശഃ ദുദ്രുവുഃ | എങ്ങും പാഞ്ഞുചെന്നു. |

കേചില്ലങ്കാം പരിത്രസ്താഃ പ്രവിഷ്ടാ വാനരാർദ്ദിതാഃ 86

| | | | |
|---|---|---|---|
| വാനരാർദ്ദിതാഃ | വാനരന്മാരാൽ പീഡിക്കപ്പെട്ട് | കേചിത് | ചിലർ |
| പരിത്രസ്താഃ | പരിഭ്രമിച്ച് ഓടിയവരായി | ലങ്കാം | ലങ്കയിൽ |
| | | പ്രവിഷ്ടാഃ. | ചെന്നുകൂടി. |

സമുദ്രേ പതിതാഃ കേചിത് കേചിത്പർവ്വതമാശ്രിതാഃ 87

| | | | |
|---|---|---|---|
| കേചിത് | ചിലർ | കേചിത് | ചിലർ |
| സമുദ്രേ | സമുദ്രത്തിൽ | പർവ്വതം | മലമുകളിൽ പററി |
| പതിതാഃ | ചാടി; | ആശ്രിതാഃ | കൂടി. |

ഹതമിന്ദ്രജിതം ദൃഷ്ട്വാ ശയാനം സമരക്ഷിതൌ
രാക്ഷസാനാം സഹസ്രേഷു ന കശ്ചിത്പ്രത്യദൃശ്യത. 88

| | | | |
|---|---|---|---|
| ഇന്ദ്രജിതം | ഇന്ദ്രജിത്തിനെ | രാക്ഷസാനാം | എണ്ണമററ രാക്ഷസന്മാ |
| ഹതം | കൊല്ലപ്പെട്ട് | സഹസ്രേഷു | രിൽ |
| സമരക്ഷിതൌ | പോർക്കളത്തിൽ | കശ്ചിത് | ഒരുത്തനെങ്കിലും |
| ശയാനം | വീണുകിടക്കുന്നവനാ | പ്രത്യദൃശ്യത ന. | അവിടെ കാണപ്പെടുക |
| ദൃഷ്ട്വാ | കണ്ട് [യി | | യുണ്ടായില്ല. |

യഥാസ്തംഗത ആദിത്യേ നാവതിഷ്ഠന്തി രശ്മയഃ
തഥാ തസ്മിന്നിപതിതേ രാക്ഷസാസ്തേ ഗതാ ദിശഃ 89

| | | | |
|---|---|---|---|
| ആദിത്യേ | ആദിത്യൻ | തസ്മിൻ | അവൻ |
| അസ്തംഗതേ യഥാ | അസ്തമിക്കുമ്പോളെപ്ര | നിപതിതേ | വീണുപോയാറെ |
| രശ്മയഃ | കിരണങ്ങൾ [കാരം | തേ രാക്ഷസാഃ | ആ രാക്ഷസന്മാർ |
| അവതിഷ്ഠന്തി ന | ഇല്ലാതാകുന്നുവോ | ദിശഃ | പലദിക്കുകളിലേക്കും |
| തഥാ | അപ്രകാരം | ഗതാഃ. | ഓടിപ്പോയ്ക്കളഞ്ഞു. |

ശാന്തരശ്മിരിവാദിത്യോ നിർവ്വാണ ഇവ പാവകഃ
സ ബഭൂവ മഹാതേജാ വ്യപാസ്തഗതജീവിതഃ 90

| | | | |
|---|---|---|---|
| വ്യപാസ്തഗത-ജീവിതഃ | ജീവനററ് മറിഞ്ഞു കിടക്കുന്ന | ആദിത്യഃ ഇവ | സൂര്യനെപ്പോലെയും |
| മഹാതേജാഃ | അതിബലവാനായ | നിർവ്വാണഃ | കെട്ടുപോയ |
| സഃ | ആ ഇന്ദ്രജിത്ത് | പാവകഃ ഇവ | അഗ്നിപോലെയും |
| ശാന്തരശ്മിഃ | കിരണങ്ങളൊഴിഞ്ഞ | ബഭൂവ. | ആയ്തീന്നു. |

പ്രശാന്തപീഡാബഹുലോ നഷ്ടാരിഷ്ടഃ പ്രതാപവാൻ
ബഭൂവ ലോകഃ പതിതേ രാക്ഷസേന്ദ്രസുതേ തദാ 91

| | | | |
|---|---|---|---|
| പ്രതാപവാൻ | ഏററവും തപിച്ചുകൊ | പതിതേ | മറിഞ്ഞുവീണപ്പോൾ |
| ലോകഃ | ലോകം [ണ്ടിരുന്ന | പ്രശാന്ത-പീഡാബഹുലഃ | പല ഉപദ്രവങ്ങളും നീങ്ങിയതായി |
| തദാ | അപ്പോൾ | നഷ്ടാരിഷ്ടഃ | കഷ്ടങ്ങൾ അവസാനി |
| രാക്ഷസേന്ദ്ര-സുതേ | രാക്ഷസേശ്വരൻെറ പുത്രൻ | ബഭൂവ. | ഭവിച്ചു. [ച്ചതായി |

ഹർഷം ച ശക്രോ ഭഗവാൻ സഹ സർവ്വൈഃ സുരർഷിഭിഃ
ജഗാമ നിഹതേ തസ്മിൻ രാക്ഷസേ പാപകർമ്മണി. 92

| | | | |
|---|---|---|---|
| തസ്മിൻ | ആ | ശക്രഃ ഭഗവാൻ ച | ഭഗവാനായ ഇന്ദ്രനും |
| പാപകർമ്മണി | പാപാത്മാവായ | സുരശ്രേഷ്ഠൈഃ സർവ്വൈഃ സഹ | എല്ലാദേവന്മാരടക്കം |
| രാക്ഷസേ | രാക്ഷസൻ | ഹർഷം ജഗാമ. | ആനന്ദമുറംകൊണ്ടു. |
| നിഹതേ | വധിക്കപ്പെട്ടാറെ | | |

ആകാശേ ചാപി ദേവാനാം ശുശ്രുവേ ദുന്ദുഭിസ്വനഃ
നൃത്യദ്ഭിരപ്സരോഭിശ്ച ഗന്ധർവ്വൈശ്ച മഹാത്മഭിഃ 93

| | | | |
|---|---|---|---|
| ച | എന്നുതന്നെയല്ല | ഗന്ധർവ്വൈഃ ച | ഗന്ധർവ്വന്മാരോടുംകൂടി |
| ആകാശേ | ആകാശത്തിൽ | ദേവാനാം | ദേവകളുടെ |
| നൃത്യദ്ഭിഃ | നൃത്തംചെയ്യുന്ന | ദുന്ദുഭിസ്വനഃ അപി | ദുന്ദുഭിഘോഷം |
| അപ്സരോഭിഃ ച | അപ്സരസ്ത്രീകളോടും | | |
| മഹാത്മഭിഃ | മഹാത്മാക്കളായ | ശുശ്രുവേ. | കേൾക്കയായി. |

വവൃഷുഃ പുഷ്പവർഷാണി തദദ്ഭുതമഭൂത്തദാ
പ്രശശംസുർഹതേ തസ്മിൻ രാക്ഷസേ ക്രൂരകർമ്മണി
ശുദ്ധാ ആപോ ദിശശ്ചൈവ ജഹൃഷുർദൈത്യദാനവാഃ 94

| | | | |
|---|---|---|---|
| തസ്മിൻ | ആ | വവൃഷുഃ | വർഷിച്ചു; |
| ക്രൂരകർമ്മണി | ക്രൂരകർമ്മാവായ | പ്രശശംസുഃ | വാഴ്ത്തിസ്തുതിച്ചു; |
| രാക്ഷസേ | രാക്ഷസൻ | തദാ | അപ്പോൾ |
| ഹതേ | വധിക്കപ്പെട്ടപ്പോൾ | തത് അദ്ഭുതം | അതു ആശ്ചര്യകരമായി |
| ദൈത്യദാനവാഃ | ദേവന്മാരും അസുരന്മാരും | അഭൂത് | ഇരുന്നിരുന്നു |
| | | ആപഃ ച | ജലങ്ങളും |
| ജഹൃഷുഃ | സന്തുഷ്ടരായി ഭവിച്ചു; | ദിശഃ ഏവ | ദിക്കുകളും |
| പുഷ്പവർഷാണി | പൂമാരികളെ | ശുദ്ധാഃ | തെളിഞ്ഞു. |

ആജഗ്മുഃ പതിതേ തസ്മിൻ സർവ്വലോകഭയാവഹേ
ഊചുശ്ച സഹിതാഃ സർവ്വേ ദേവഗന്ധർവ്വദാനവാഃ
വിജ്വരാഃ ശാന്തകലുഷാ ബ്രാഹ്മണാ വിചരന്ത്വിതി. 95

| | | | |
|---|---|---|---|
| സർവ്വലോകഭയാവഹേ | സകലലോക ഭയങ്കരനായ | സഹിതാഃ | ഒത്തൊരുമിച്ച് |
| | | ആജഗ്മുഃ | വന്നുചേർന്നു; |
| തസ്മിൻ | അവൻ | "ബ്രാഹ്മണാഃ | "ബ്രാഹ്മണന്മാർ |
| പതിതേ | ചത്തുമലച്ചപ്പോൾ | ശാന്തകലുഷാഃ | ഉപദ്രവമൊഴിഞ്ഞ് |
| ദേവഗന്ധർവ്വദാനവാഃ | ദേവന്മാരും ഗന്ധർവ്വന്മാരും അസുരന്മാരും | വിജ്വരാഃ | അത്തൽ നീങ്ങിയവരായി |
| | | വിചരന്തു" | കാലം കഴിക്കട്ടെ" |
| സർവ്വേ | എല്ലാവരും | ഇതി ച ഊചുഃ | എന്നും പറഞ്ഞു. |

തതോഽഭ്യനന്ദൻ സംഹൃഷ്ടാഃ സമരേ ഹരിയൂഥപാഃ
തമപ്രതിബലം ദൃഷ്ട്വാ ഹതം നൈരൃതപുംഗവം 96

| | |
|---|---|
| ഹരിയൂഥപാ: | വാനരസേനാധിപന്മാർ |
| തത: | അപ്പോൾ |
| അപ്രതിബലം | നിസ്തുല്യപരാക്രമശാലിയായ |
| തം | ആ |
| നൈർഋത-പുംഗവം | രാക്ഷസോത്തമനെ |
| സമരേ | പോരിൽ |
| ഹതം | വധിക്കപ്പെട്ടവനായി |
| ദൃഷ്ട്വാ | കണ്ടു് |
| സംഹൃഷ്ടാ: | ഉള്ളംകുളുത്തവരായി |
| അഭിനന്ദൻ | പുകഴ്ന്നു കൊണ്ടാടി. |

വിഭീഷണോ ഹനൂമാംശ്ച ജാംബവാംശ്ചർക്ഷയൂഥപഃ
വിജയേനാഭിനന്ദന്തസ്തുഷ്ടുവുശ്ചാപി ലക്ഷ്മണം 97

| | |
|---|---|
| വിഭീഷണ: ച | വിഭീഷണനും |
| ഹനൂമാൻ ച | ഹനുമാനും |
| ഋക്ഷയൂഥപ: | കരടിപ്പടത്തലവനായ |
| ജാംബവാൻ ച | ജാംബവാനും |
| വിജയേന | വിജയത്താൽ |
| ലക്ഷ്മണം | ലക്ഷ്മണനെ |
| അഭിനന്ദന്ത: | കൊണ്ടാടുന്നവരായി |
| അപിതുഷ്ടുവു: | ഏററം വാഴ്ത്തി സ്തുതിച്ചു. |

ക്ഷ്വേളന്തശ്ച നദന്തശ്ച ഗർജ്ജന്തശ്ച പ്ലവംഗമാഃ
ലബ്ധലക്ഷാ രഘുസുതം പരിവാര്യോപതസ്ഥിരേ. 98

| | |
|---|---|
| പ്ലവംഗമാ: | വാനരന്മാർ |
| ലബ്ധലക്ഷാ: | ഉദ്ദേശം നിറവേറിയവരായി |
| ക്ഷ്വേളന്തഃ ച | കതിച്ചുചാടിക്കൊണ്ടു് |
| നദന്തഃ ച | ആർക്കുന്നവരായി |
| ഗർജ്ജന്തഃ ച | ഗർജ്ജിക്കുന്നവരായി |
| രഘുസുതം | ലക്ഷ്മണനെ |
| പരിവാര്യ | ചുഴന്നുകൊണ്ടു് |
| ഉപതസ്ഥിരേ. | സമീപത്തിൽനിന്നു. |

ലാംഗൂലാനി പ്രവിധ്യന്തഃ സ്ഫോടയന്തശ്ച വാനരാഃ
ലക്ഷ്മണോ ജയതീത്യേവം വാക്യം വിശ്രാവയംസ്തദാ. 99

| | |
|---|---|
| വാനരാഃ | വാനരന്മാർ |
| തദാ | അപ്പോൾ |
| ലാംഗൂലാനി | വാലുകളെ |
| പ്രവിധ്യന്തഃ | ചുഴററി അടിക്കുന്നവരായി |
| സ്ഫോടയന്തഃ ച | തപ്പുകൊട്ടുന്നവരായി |
| "ലക്ഷ്മണഃ ജയതി" | "ലക്ഷ്മണൻ സർവ്വോത്കർഷേണ വിജയിക്കുന്നു" |
| ഇതി ഏവം | എന്നിപ്രകാരം |
| വാക്യം വിശ്രാവയൻ | ഉൽഘോഷിച്ചു. |

അന്യോന്യം ച സമാശ്ലിഷ്യ കപയോ ഹൃഷ്ടമാനസാഃ
ചക്രുരുച്ചാവചഗുണാ രാഘവാശ്രയജാഃ കഥാഃ 100

| | |
|---|---|
| കപയഃ | വാനരന്മാർ |
| ഹൃഷ്ടമാനസാഃ | ഉത്സാഹത്തോടെ |
| അന്യോന്യം | പരസ്പരം |
| സമാശ്ലിഷ്യ | ആശ്ലേഷംചെയ്തു് |
| രാഘവാശ്രയജാഃ | ശ്രീരാമകൈങ്കര്യം കൊണ്ടുണ്ടായ |
| ഉച്ചാവചഗുണാഃ | ഉത്തമഗുണങ്ങളാർന്ന |
| കഥാഃ ച ചക്രുഃ | വൃത്താന്തങ്ങളെപ്പററി കഥനംചെയ്തു. |

തദസുകരമഥാഭിവീക്ഷ്യ ഹൃഷ്ടാഃ പ്രിയസുഹൃദോ യുധി ലക്ഷ്മണസ്യ കർമ്മ
പരമമുപലഭൻ മനഃപ്രഹർഷം വിനിഹതമിന്ദ്രരിപും നിശമ്യ ദേവാഃ. 101

| | | | |
|---|---|---|---|
| ദേവാഃ | ദേവന്മാർ | തത് അസുകരം | ആ ദുഃസാദ്ധ്യമായ |
| അഥ, യുധി | അപ്പോൾ, പോരിൽ | കർമ്മ | പ്രവൃത്തിയെ |
| ഇന്ദ്രരിപും | ഇന്ദ്രജിത്തിനെ | ഹൃഷ്ടാഃ | സന്തോഷത്തോടെ |
| വിനിഹതം | ഹനിക്കപ്പെട്ടവനായി | അഭിവീക്ഷ്യ | നേരിൽകണ്ട് |
| നിശമ്യ | അറിഞ്ഞത് | പരമം | അതിയായ |
| പ്രിയസുഹൃദഃ | ഉററസഹായിയായ | മനഃപ്രഹർഷം | മനഃസന്തുഷ്ടിയെ |
| ലക്ഷ്മണസ്യ | സൌമിത്രിയുടെ | ഉപലഭൻ | കൈക്കൊണ്ടു. |

ഇത്യാർഷേ ശ്രീമദ്രാമായണേ വാൽമീകീയേ ആദികാവ്യേ യുദ്ധകാണ്ഡേ

ഏകനവതിതമഃ സർഗ്ഗഃ = തൊണ്ണൂറെറാന്നാം സർഗ്ഗം സമാപ്തം

ആദ്യം മുതൽ ശ്ലോകസംഖ്യ 18995; യുദ്ധകാണ്ഡം ആദ്യം മുതൽ ശ്ലോകസംഖ്യ 4320

—oo—

## ദ്വിനവതിതമഃ സർഗ്ഗഃ = തൊണ്ണൂററിരണ്ടാം സർഗ്ഗം.

[രാവണിശസ്ത്രഹതനാം ചികിത്സാ=ഇന്ദ്രജിത്ത് മുറിയേല്പിച്ചവരെ ചികിത്സിക്കുന്നതു്.]

രുധിരക്ലിന്നഗാത്രസ്തു ലക്ഷ്മണഃ ശുഭലക്ഷണഃ
ബഭൂവ ഹൃഷ്ടസ്തം ഹത്വാ ശക്രജേതാരമാഹവേ. 1

| | | | |
|---|---|---|---|
| ശുഭലക്ഷണ: | പ്രകൃതിസിദ്ധമായ സൽഗുണങ്ങളോടുകൂടിയവനായ | തു | ആ സമയം |
| | | തം | ആ |
| ലക്ഷ്മണ: | ലക്ഷ്മണൻ | ശക്രജേതാരം | ഇന്ദ്രജിത്തിനെ |
| ആഹവേ | പോരിൽ | ഹത്വാ | വധിച്ച് |
| രുധിരക്ലിന്നഗാത്ര: | രക്തംനനഞ്ഞ ശരീരമാന്നവനായി | ഹൃഷ്ട: | സന്തുഷ്ടചിത്തനായി |
| | | ബഭൂവ | ഭവിച്ചു. |

തതഃ സ ജാംബവന്തം ച ഹനുമന്തം ച വീര്യവാൻ
സന്നിഹത്യ മഹാതേജാസ്താംശ്ച സർവ്വാൻ വനൌകസഃ 2
ആജഗാമ തതസ്തീവ്രം യത്ര സുഗ്രീവരാഘവൌ
വിഭീഷണമവഷ്ടഭ്യ ഹനുമന്തം ച ലക്ഷ്മണഃ 3

| | | | |
|---|---|---|---|
| തത: | അനന്തരം | ജാംബവന്തം ച | ജാംബവാനേയും |
| വീര്യവാൻ | വീര്യശാലിയും | ഹനുമന്തം ച | ഹനുമാനേയും |
| മഹാതേജാ: | അതിതേജസ്വിയുമായ | താൻ | ആ |
| സ: | ആ | വനൌകസ: | വാനരന്മാർ |
| ലക്ഷ്മണ: | ലക്ഷ്മണൻ | സർവ്വാൻ ച | എല്ലാവരേയും |

| | | | |
|---|---|---|---|
| സന്നിഹത്യ, | കൂട്ടിക്കൊണ്ട്, | സുഗ്രീവ-രാഘവൌ | സുഗ്രീവനും ശ്രീരാഘവനും |
| വിഭീഷണം | വിഭീഷണനേയും | യത്ര തത: | എഴുന്നെള്ളിയിരുന്ന ദിക്കിലേക്കായി |
| ഹനൂമന്തം ച | ഹനുമാനേയും | തീവ്രം | വേഗത്തിൽ |
| അവഷ്ടഭ്യ | (യുദ്ധപരിശ്രമം കാരണം) അവലംബിച്ചു കൊണ്ട് | ആജഗാമ. | വന്നെത്തി. |

തതോ രാമമഭിക്രമ്യ സൌമിത്രിരഭിവാദ്യ ച
തസ്ഥൌ ഭ്രാതൃസമീപസ്ഥ ഇന്ദ്രസ്യേവ ബൃഹസ്പതിഃ 4

| | | | |
|---|---|---|---|
| തത: | അപ്പോൾ | ഇന്ദ്രസ്യ | ദേവേന്ദ്രന്റെ സമീപത്തിൽ |
| സൌമിത്രി: | ലക്ഷ്മണൻ | ഇവ | എപ്രകാരമോ,അപ്രകാരം |
| രാമം അഭിക്രമ്യ | ശ്രീരാമനെ അടുത്ത് | ഭ്രാതൃ-സമീപസ്ഥ: | ഭ്രാതാവിന്റെ അരികിലായി |
| അഭിവാദ്യ ച | കമ്പിട്ടശേഷം | തസ്ഥൌ. | വർത്തിച്ചു. |
| ബൃഹസ്പതി: | ദേവഗുരു | | |

നിഷ്ടനന്നിവ ചാഗമ്യ രാഘവായ മഹാത്മനേ
ആചചക്ഷേ തദാ വീരോ ഘോരമിന്ദ്രജിതോ വധം. 5

| | | | |
|---|---|---|---|
| തദാ | അപ്പോൾ | ഇന്ദ്രജിത: | ഇന്ദ്രജിത്തിന്റെ |
| വീര: ച | വീരനായ ലക്ഷ്മണൻ | ഘോരം | ഭയങ്കരമായ |
| ആഗമ്യ | അരികത്തണഞ്ഞ് | വധം | വധത്തെപ്പററി |
| മഹാത്മനേ | മഹാത്മാവായ | നിഷ്ടനൻ ഇവ | ക്ഷീണത്താൽ അവ്യക്തമായ സ്വരത്തിൽ |
| രാഘവായ | ശ്രീരാഘവനോടായി | ആചചക്ഷേ. | ഉണർത്തിച്ചു. |

രാവണേസ്തു ശിരശ്ഛിന്നം ലക്ഷ്മണേന മഹാത്മനാ
ന്യവേദയത രാമായ തദാ ഹൃഷ്ടോ വിഭീഷണഃ 6

| | | | |
|---|---|---|---|
| തദാ | അപ്പോൾ | ലക്ഷ്മണേന | ലക്ഷ്മണനാൽ |
| ഹൃഷ്ട: | സന്തുഷ്ടികൈക്കൊണ്ടി | രാവണേ: | രാവണിയുടെ |
| വിഭീഷണ: തു | വിഭീഷണനും [രുന്ന | ശിര: | ശിരസ്സ് |
| രാമായ | ശ്രീരാമനോടായി | ഛിന്നം | ഛേദിക്കപ്പെട്ടതായി |
| മഹാത്മനാ | മഹാത്മാവായ | ന്യവേദയത. | അറിയിച്ചു. |

ശ്രുത്വൈതത്തു മഹാവീര്യോ ലക്ഷ്മണേനേന്ദ്രജിദ്വധം
പ്രഹർഷമതുലം ലേഭേ രാമോ വാക്യമുവാച ഹ. 7

| | | | |
|---|---|---|---|
| മഹാവീര്യ: | അതിപരാക്രമശാലി | അതുലം | അളവററ |
| രാമ: | ശ്രീരാമൻ [യായ | പ്രഹർഷം | സന്തുഷ്ടി |
| ലക്ഷ്മണേന | ലക്ഷ്മണനാൽ ചെയ്യ | ലേഭേ | പൂണ്ട് |
| ഏതത് | ഈ [പ്പെട്ട | വാക്യം | ഇപ്രകാരം വാക്യത്തേ |
| ഇന്ദ്രജിദ്വധം | ഇന്ദ്രജിത്തിന്റെ വധ | ഉ | അപ്പോൾ [യും |
| ശ്രുത്വാ, | ശ്രവിച്ച്, [ത്തെ | ഉവാച ഹ. | അരുളിച്ചെയ്തു. |

സാധു ലക്ഷ്മണ തുഷ്ടോഽസ്മി കർമ്മണാ സുകൃതം കൃതം
രാവണേർഹി വിനാശേന ജിതമിത്യുപധാരയ. 8

| | | | |
|---|---|---|---|
| "ലക്ഷ്മണ | "ലക്ഷ്മണ | രാവണേഃ | ഇന്ദ്രജിത്തിന്റെ |
| സാധു | നന്നായി | വിനാശേന ഹി | നാശംകൊണ്ടുതന്നെ എല്ലാം |
| സുകൃതം | നല്ലകാര്യം | | |
| കൃതം | ചെയ്യപ്പെട്ടു; | ജിതം | ജയിക്കപ്പെട്ടുകഴിഞ്ഞു |
| കർമ്മണാ | ആ പ്രവൃത്തികൊണ്ടു് | ഇതി | എന്നു് |
| തുഷ്ടഃ അസ്മി; | ഞാൻ സന്തുഷ്ടനായി; | ഉപധാരയ. | നിശ്ചയിച്ചുകൊൾക. |

സ തം ശിരസ്യുപാഘ്രായ ലക്ഷ്മണം ലക്ഷ്മിവർധനം
ലജ്ജമാനം ബലാത് സ്നേഹാദംഗമാരോപ്യ വീര്യവാൻ 9
ഉപവേശ്യ തമുത്സംഗേ പരിഷ്വജ്യാവപീഡിതം
ഭ്രാതരം ലക്ഷ്മണം സ്നിഗ്ദ്ധം പുനഃപുനരുദൈക്ഷത. 10

| | | | |
|---|---|---|---|
| വീര്യവാൻ | വീര്യശാലിയായ | സ്നേഹാത് | വാത്സല്യത്തോടെ |
| സഃ | ശ്രീരാമൻ | ഉത്സംഗേ | ഉത്സംഗത്തിൽ |
| ലക്ഷ്മിവർദ്ധനം | ഭാഗ്യശാലിയായ | ഉപവേശ്യ | ചേർത്തു് |
| ഭ്രാതരം | ഭ്രാതാവായ | ബലാത് | ഗാഢമായി |
| തം ലക്ഷ്മണം | ആ ലക്ഷ്മണനെ | പരിഷ്വജ്യ | പുൽകിക്കൊണ്ടു് |
| അംഗം | മടിയിൽ | ശിരസി | ശിരസ്സിൽ |
| ആരോപ്യ | ഇരുത്തി | ഉപാഘ്രായ | മുകന്നു് |
| ലജ്ജമാനം | ലജ്ജിക്കുന്നവനും | സ്നിഗ്ദ്ധം | സ്നേഹപുരസ്സരം |
| അവപീഡിതം | വേദനപൂണ്ടിരുന്നവനു | പുനഃ പുനഃ | വീണ്ടും വീണ്ടും |
| തം ലക്ഷ്മണം | ആ ലക്ഷ്മണനെ [മായ | ഉദൈക്ഷത. | കടാക്ഷിച്ചു. |

ശല്യസംപീഡിതം ശസ്തം നിശ്ശ്വസന്തം തു ലക്ഷ്മണം
രാമസ്തു ദുഃഖസന്തപ്തസ്തദാ നിശ്ശ്വസിതോ ഭൃശം. 11

| | | | |
|---|---|---|---|
| തദാ | അപ്പോൾ | നിശ്ശ്വസന്തം | ദീർഘമായി നിശ്വസിച്ചുകൊണ്ടിരുന്ന |
| രാമഃ തു | ശ്രീരാമനും | ലക്ഷ്മണം തു | ലക്ഷ്മണനെ നോക്കി |
| ശസ്തം | പ്രഹരമേററു് | ദുഃഖസന്തപ്തഃ | ദുഃഖാകുലിതനായി |
| ശല്യസംപീഡിതം | ബാണപീഡിതനായി | ഭൃശം നിശ്ശ്വസിതഃ | നെടുവീർപ്പിട്ടു. |

മൂർദ്ധ്നി ചൈനമുപാഘ്രായ ഭൂയഃ സംസ്പൃശ്യ ച ത്വരൻ
ഉവാച ലക്ഷ്മണം വാക്യമാശ്വാസ്യ പുരുഷർഷഭഃ 12

| | | | |
|---|---|---|---|
| പുരുഷർഷഭഃ | പുരുഷോത്തമനായ ശ്രീരാമൻ | ത്വരൻ | ഔത്സുക്യത്തോടെ |
| | | ഭൂയഃ | വീണ്ടും വീണ്ടും |
| ഏനം | ഈ | സംസ്പൃശ്യ ച | പുൽകിക്കൊണ്ടു് |
| ലക്ഷ്മണം | ലക്ഷ്മണനെ | ആശ്വാസ്യ | ഉത്സാഹപ്പെടുത്തി |
| മൂർദ്ധ്നി | ശിരസ്സിൽ | വാക്യം ഉവാച. | ഇപ്രകാരം അരുളിച്ചെയ്തു. |
| ഉപാഘ്രായ ച, | മുകന്നു്, | | |

കൃതം പരമകല്യാണം കൎമ്മ ദുഷ്കരകൎമ്മണാ 13

| | | | |
|---|---|---|---|
| "ദുഷ്കര-കൎമ്മണാ | "ദുഃസാദ്ധ്യമായ കൎമ്മത്താൽ | കൎമ്മ | സത്കൎമ്മമാണ് |
| പരമകല്യാണം | അത്യന്തം ശുഭപ്രദമായ | കൃതം. | ചെയ്യപ്പെട്ടതു്. |

അദ്യ മന്യേ ഹതേ പുത്രേ രാവണം നിഹതം യുധി. 14

| | | | |
|---|---|---|---|
| "അദ്യ യുധി | "ഇപ്പോൾ യുദ്ധത്തിൽ | രാവണം | രാവണനേയും |
| പുത്രേ | തനയൻ | നിഹതം | മൃതപ്രായനായി |
| ഹതേ | വധിക്കപ്പെടുകയാൽ, | മന്യേ. | ഞാൻ വിചാരിക്കുന്നു. |

അദ്യാഹം വിജയീ ശത്രൌ ഹതേ തസ്മിൻ ദുരാത്മനി. 15

| | | | |
|---|---|---|---|
| "തസ്മിൻ | "ആ | അഹം | ഞാൻ |
| ദുരാത്മനി | ദുഷ്ടാത്മാവായ | അദ്യ | ഇപ്പോൾ |
| ശത്രൌ | ശത്രു | വിജയീ. | വിജയംപ്രാപിച്ചവനായിത്തീൎന്നു. |
| ഹതേ | വധിക്കപ്പെടുകയാൽ | | |

രാവണസ്യ നൃശംസസ്യ ദിഷ്ട്യാ വീര ത്വയാ രണേ
ഛിന്നോ ഹി ദക്ഷിണോ ബാഹുഃ സ ഹി തസ്യ വ്യപാശ്രയഃ 16

| | | | |
|---|---|---|---|
| "വീര | "വീര | ബാഹുഃ ഹി | കൈതന്നെയാണ് |
| രണേ | പോരിൽ | ഛിന്നഃ | ഛേദിക്കപ്പെട്ടതു് |
| ത്വയാ | നിന്നാൽ | ദിഷ്ട്യാ | ഭാഗ്യംതന്നെ; |
| നൃശംസസ്യ | ക്രൂരനായ | സഃ തസ്യ | ആ ഇന്ദ്രജിത്ത് അവന്നു് |
| രാവണസ്യ | രാവണന്റെ | വ്യപാശ്രയഃ ഹി. | ഉററ സഹായിയായിരുന്നവല്ലോ. |
| ദക്ഷിണഃ | വലത്തെ | | |

വിഭീഷണഹനൂമദ്ഭ്യാം കൃതം കൎമ്മ മഹദ്രണേ. 17

| | | | |
|---|---|---|---|
| "രണേ | "പോരിൽ | മഹത് | ശ്രേഷ്ഠമായ |
| വിഭീഷണ-ഹനൂമദ്ഭ്യാം | വിഭീഷണനാലും ഹനൂമാനാലും | കൎമ്മ | കൃത്യം |
| | | കൃതം. | നിറവേററപ്പെട്ടു. |

അഹോരാത്രൈസ്ത്രിഭിൎവീരഃ കഥംചിദ്വിനിപാതിതഃ 18

| | | | |
|---|---|---|---|
| "വീരഃ | "വീരനായഇന്ദ്രജിത്ത് | കഥംചിത് | വളരെപണിപ്പെട്ട് |
| ത്രിഭി: | മൂന്നു് | | |
| അഹോരാത്രൈഃ | രാപ്പകലുകൾ കൊണ്ടു് | വിനിപാതിത: | കൊന്നുവീഴ്ത്തപ്പെട്ടു. |

നിരമിത്രഃ കൃതോഽസ്മ്യദ്യ നിൎയ്യാസ്യതി ഹി രാവണഃ
ബലവ്യൂഹേന മഹതാ ശ്രുത്വാ പുത്രം നിപാതിതം. 19

| | | | |
|---|---|---|---|
| "അദ്യ ഹി | "ഇപ്പോൾ മാത്രമാണ് | ശ്രുത്വാ | അറിഞ്ഞു്, |
| നിരമിത്ര: | ശത്രുക്കളൊഴിഞ്ഞതായി | മഹതാ | വമ്പിച്ച |
| കൃത: അസ്മി | ഞാൻ ആക്കപ്പെട്ടത്; | ബലവ്യൂഹേന | സൈന്യനിവഹത്തോടുകൂടി |
| രാവണ: | രാവണൻ | | |
| പുത്രം | പുത്രനെ | നിൎയ്യാസ്യതി. | പുറപ്പെട്ടു വരുന്നതാണ്. |
| നിപാതിതം | ഹനിക്കപ്പെട്ടവനായി | | |

തം പുത്രവധസന്തപ്തം നിര്യാന്തം രാക്ഷസാധിപം
ബലേനാവൃത്യ മഹതാ നിഹനിഷ്യാമി ദുർജ്ജയം. 20

| | | | |
|---|---|---|---|
| "ദുർജ്ജയം | "ജയിക്കപ്പെടാത്തവനും | രാക്ഷസാധിപം | രക്ഷോനാഥനെ |
| പുത്രവധ- സന്തപ്തം | പുത്രന്റെ നിര്യാണത്തിൽ തപിച്ചുകൊണ്ടിരിക്കുന്നവനും | മഹതാ | വമ്പിച്ച |
| | | ബലേന | സൈന്യത്തോടുകൂടി |
| | | ആവൃത്യ | ചുഴന്നു് |
| നിര്യാന്തം | എതിരിട്ടുവരുന്നവനുമായ | നിഹനിഷ്യാമി. | ഞാൻ നിഗ്രഹിക്കുന്നുണ്ടു്. |
| തം | ആ | | |

ത്വയാ ലക്ഷ്മണ നാഥേന സീതാ ച പൃഥിവീ ച മേ.
ന ദുഷ്പ്രാപാ ഹതേ ത്വദ്യ ശക്രജേതരി ചാഹവേ. 21

| | | | |
|---|---|---|---|
| "ലക്ഷ്മണ | "ലക്ഷ്മണ | സീതാ | സീത |
| നാഥേന | സഹായിയായ | മേ ദുഷ്പ്രാപാ | എനിക്കു് എളുപ്പത്തിൽ ലഭിക്കപ്പെടുന്നവളായിത്തീർന്നിരിക്കുന്നു |
| ത്വയാ | നിന്നാൽ | | |
| അദ്യ | ഇപ്പോൾ | | |
| ആഹവേ | പോരിൽ | പൃഥിവീ ച | ഭൂമിയും |
| ശക്രജേതരി ച | ഇന്ദ്രജിത്തും | ച." | അതുപോലെതന്നെ സുലഭയായിത്തീർന്നിരിക്കുന്നു" |
| ഹതേ തു | വധിക്കപ്പെട്ടതിനാൽ, | | |

സ തം ഭ്രാതരമാശ്വാസ്യ പരിഷ്വജ്യ ച രാഘവഃ
രാമഃ സുഷേണം മുദിതഃ സമാഭാഷ്യേദമബ്രവീത്. 22

| | | | |
|---|---|---|---|
| സ: | ആ | പരിഷ്വജ്യ ച | ആലിംഗനംചെയ്തശേഷം |
| രാഘവ: | രഘുകുലതിലകനായ | | |
| രാമ: | ശ്രീരാമൻ | സുഷേണം | സുഷേണനെ |
| മുദിത: | സന്തുഷ്ടിപൂണ്ടവനായി | സമാഭാഷ്യ | വിളിച്ചു് |
| തം ഭ്രാതരം | ആ അനുജനെ | ഇദം | ഇപ്രകാരം |
| ആശ്വാസ്യ, | ആശ്വസിപ്പിച്ചു്, | അബ്രവീത്. | അരുളിച്ചെയ്തു. |

സശല്യോഽയം മഹാപ്രാജ്ഞ സൌമിത്രിർമിത്രവത്സലഃ
യഥാ ഭവതി സുസ്വസ്ഥസ്തഥാ ത്വം സമുപാചര. 23

| | | | |
|---|---|---|---|
| "മഹാപ്രാജ്ഞ! | "മഹാബുദ്ധിമാനായവനേ! | യഥാ | എപ്രകാരമായാൽ |
| | | സുസ്വസ്ഥ: | നല്ലപോലെ സ്വസ്ഥനായി |
| സശല്യ: | വേദനപൂണ്ടിരിക്കുന്നവനും | ഭവതി | ഭവിക്കുമോ |
| മിത്രവത്സല: | ബന്ധുസ്നേഹമാർന്നവനുമായ | തഥാ | അപ്രകാരം |
| അയം | ഈ | ത്വം | ഭവാൻ |
| സൌമിത്രി: | ലക്ഷ്മണൻ | സമുപാചര. | ചികിത്സിച്ചാലും. |

വിശല്യഃ ക്രിയതാം ക്ഷിപ്രം സൌമിത്രിഃ സവിഭീഷണഃ
ഋക്ഷവാനരസൈന്യാനാം ശൂരാണാം ദ്രുമയോധിനാം. 24

യേ ച ചാന്യേऽത്ര യുദ്ധ്യന്തി സശല്യാ വ്രണിനസ്തഥാ
തേऽപി സർവ്വേ പ്രയത്നേന ക്രിയന്താം സുഖിനസ്ത്വയാ. 25

| | | | |
|---|---|---|---|
| "സവിഭീഷണ: | "വിഭീഷണനോടുംകൂടി | യേ അന്യേ | മററു യാതൊരുവർ |
| സൌമിത്രി: | ലക്ഷ്മണൻ | അത്ര | ഇപ്പോൾ |
| ക്ഷിപ്രം | ഉടനെ | യുദ്ധ്യന്തി | പൊരുതുകയുണ്ടായോ |
| വിശല്യ: | വേദനയററവനാക്കി | വ്രണിന: | പരുക്കേററ് |
| ക്രിയതാം | ചെയ്യപ്പെടട്ടെ; | സശല്യാ: | വേദനപൂണ്ടവരായ |
| തഥാ | അപ്രകാരംതന്നെ | തേ സർവ്വേ അപി | അവരെല്ലാവരും തന്നെ |
| ദ്രുമയോധിനാം | വൃക്ഷങ്ങൾകൊണ്ടു പൊരുതുന്ന | പ്രയത്നേന | ക്ലേശംപൂണ്ടും |
| ശൂരാണാം | ശൂരന്മാരായ | ത്വയാ | ഭവാനാൽ |
| ഋക്ഷവാനര- സൈന്യാനാം | കരടികളുടേയും വാനരന്മാരുടേയും സൈന്യത്തിൽ | സുഖിന: | സുഖപ്പെട്ടവരാക്കി |
| അപി ച | ഇനിയും | ക്രിയന്താം." | ചെയ്യപ്പെടേണ്ടതാണ്." |

ഏവമുക്തസ്തു രാമേണ മഹാത്മാ ഹരിയൂഥപഃ
ലക്ഷ്മണായ ദദൌ നസ്തഃ സുഷേണഃ പരമൌഷധിം. 26

| | | | |
|---|---|---|---|
| തു രാമേണ | അപ്പോൾ ശ്രീരാമനാൽ | സുഷേണ: | സുഷേണൻ |
| ഏവം | മേൽപ്രകാരം | ലക്ഷ്മണായ | ലക്ഷ്മണന്ന് |
| ഉക്ത: | ആജ്ഞാപിക്കപ്പെട്ട | പരമൌഷധിം | ശ്രേഷ്ഠമായ ഒരു പച്ചിലമരുന്നിനെ |
| മഹാത്മാ | തേജസ്വിയും | | |
| ഹരിയൂഥപ: | വാനരസേനാനായകനുമായ | നസ്ത: ദദൌ. | മൂക്കിൽ വെച്ചു. |

സ തസ്യാ ഗന്ധമാഘ്രായ വിശല്യഃ സമപദ്യത
തഥാ നിർവേദനശ്ചൈവ സംരൂഢവ്രണ ഏവ ച 27

| | | | |
|---|---|---|---|
| സ: | ആ ലക്ഷ്മണൻ | തഥാ നിർവ്വേദന: ഏവ ച | അപ്രകാരംതന്നെ നോവററവനായും |
| തസ്യാ: | ആ മരുന്നിന്റെ | | |
| ഗന്ധം | ഗന്ധത്തെ | സംരൂഢവ്രണ: ഏവ ച | വടുക്കൾ മാഞ്ഞുപോയവനായും |
| ആഘ്രായ | മുകന്ന് | | |
| വിശല്യ: | പരുക്കററവനായി | സമപദ്യത. | ഭവിച്ചു. |

വിഭീഷണമുഖാനാം ച സുഹൃദാം രാഘവാജ്ഞയാ
സർവ്വവാനരമുഖ്യാനാം ചികിത്സാം സ തദാऽകരോത് 28

| | | | |
|---|---|---|---|
| സഃ | ആ സുഷേണൻ | സുഹൃദാം | സുഹൃത്തുക്കൾക്കും |
| രാഘവാജ്ഞയാ | ശ്രീരാമന്റെ നിയോഗത്താൽ | സർവ്വവാനര- മുഖ്യാനാം ച | എല്ലാ വാനരശ്രേഷ്ഠന്മാർക്കും |
| തദാ | ആ സമയം | | |
| വിഭീഷണ- മുഖാനാം | വിഭീഷണൻ മുതലായ | ചികിത്സാം | ചികിത്സ |
| | | അകരോത്. | ചെയ്തു. |

തതഃ പ്രകൃതിമാപന്നോ ഹൃതശല്യോ ഗതവ്യഥഃ
സൌമിത്രിർമുദിതസ്തത്ര ക്ഷണേന വിഗതജ്വരഃ 29

| | |
|---|---|
| തതഃ | അപ്പോൾ |
| തത്ര | അവിടെ |
| സൌമിത്രിഃ | ലക്ഷ്മണൻ |
| ക്ഷണേന | അല്പസമയംകൊണ്ടു് |
| ഹൃതശല്യഃ | പരുക്കററവനായി |
| ഗതവ്യഥഃ | വേദനയൊഴിഞ്ഞവനായി |
| വിഗതജ്വരഃ | മനഃക്ലേശം നീങ്ങിയവനായി |
| പ്രകൃതിം | സ്വാസ്ഥ്യതയെ |
| ആപന്നഃ | പ്രാപിച്ചവനായി |
| മുദിതഃ. | ഉത്സാഹം കയ്ക്കൊണ്ടു. |

തഥൈവ രാമഃ പ്ലവഗാധിപസ്തദാ
വിഭീഷണശ്ചർക്ഷപതിശ്ച ജാംബവാൻ
അവേക്ഷ്യ സൌമിത്രിമരോഗമുത്ഥിതം
മുദാ സസൈന്യാഃ സുചിരം ജഹർഷിരേ. 30

| | |
|---|---|
| തദാ | അപ്പോൾ |
| രാമഃ ഏവ | ശ്രീരാഘവനും |
| പ്ലവഗാധിപഃ തഥാ | വാനരേശ്വരനായ സുഗ്രീവനും |
| വിഭീഷണഃ ച | വിഭീഷണനും |
| ഋക്ഷപതിഃ | കരടികൾക്കധിപനായ |
| ജാംബവാൻ ച | ജാംബവാനും |
| സസൈന്യാഃ | സൈന്യങ്ങളോടുംകൂടി |
| സൌമിത്രിം | സൌമിത്രിയെ |
| അരോഗം | രുജയററു് |
| ഉത്ഥിതം | എഴുന്നേററവനായി |
| അവേക്ഷ്യ | കണ്ടു് |
| മുദാ | സന്തോഷത്താൽ |
| സുചിരം | അത്യന്തം |
| ജഹർഷിരേ. | പുളകിതരായിഭവിച്ചു. |

അപൂജയത് കർമ്മ സ ലക്ഷ്മണസ്യ
സുദുഷ്കരം ദാശരഥിർമ്മഹാത്മാ. 31

| | |
|---|---|
| സഃ മഹാത്മാ | ആ മഹാത്മാവായ |
| ദാശരഥിഃ | ശ്രീരാമൻ |
| സുദുഷ്കരം | ദുഃസാദ്ധ്യമായ |
| ലക്ഷ്മണസ്യ | ലക്ഷ്മണന്റെ |
| കർമ്മ | പ്രവൃത്തിയെ |
| അപൂജയത്. | കൊണ്ടാടി. |

ഹൃഷ്ടാ ബഭൂവുർയുധി യൂഥപേന്ദ്രാ
നിപാതിതം ശക്രജിതം നിശമ്യ. 32

| | |
|---|---|
| യൂഥപേന്ദ്രാഃ | വാനരപ്പടത്തലവന്മാർ |
| ശക്രജിതം | ഇന്ദ്രജിത്തിനെ |
| യുധി | യുദ്ധത്തിൽ |
| നിപാതിതം | കൊല്ലപ്പെട്ടവനായി |
| നിശമ്യ | കേട്ടു് |
| ഹൃഷ്ടാഃ ബഭൂവുഃ. | ഏററവും ആനന്ദിച്ചു. |

ഇത്യാർഷേ ശ്രീമദ്രാമായണേ വാൽമീകീയേ ആദികാവ്യേ യുദ്ധകാണ്ഡേ
ദ്വിനവതിതമഃ സർഗ്ഗഃ=തൊണ്ണൂററിരണ്ടാംസർഗ്ഗം സമാപ്തം.

ആദ്യംമുതൽ ശ്ലോകസംഖ്യ 19027; യുദ്ധകാണ്ഡം ആദ്യംമുതൽ ശ്ലോകസംഖ്യ 4352

## ത്രിനവതിതമഃ സർഗ്ഗഃ = തൊണ്ണൂററിമൂന്നാംസർഗ്ഗം

[സീതാഹനനോദ്യമനിവാരണം=സീതയെ രാവണൻ ഹനിപ്പാൻ ഉദ്യമിക്കുന്നതിനെ തടുക്കുന്നതു്.]

**തതഃ പൌലസ്ത്യസചിവാഃ ശ്രുത്വാ ചേന്ദ്രജിതം ഹതം**
**ആചചക്ഷുരഭിജ്ഞായ ദശഗ്രീവായ സവ്യഥാഃ** 1

| | | | |
|---|---|---|---|
| തതഃ | അപ്പോൾ | സവ്യഥാഃ | ദുഃഖിക്കുന്നവരായി |
| പൌലസ്ത്യ-സചിവാഃ | രാവണന്റെ മന്ത്രിമാർ | അഭിജ്ഞായ | എല്ലാമന്വേഷിച്ചറിഞ്ഞു് |
| ഇന്ദ്രജിതം ച | ഇന്ദ്രജിത്തിനേയും | ദശഗ്രീവായ | രാവണനോടായി |
| ഹതം | വധിക്കപ്പെട്ടവനായി | ആചചക്ഷുഃ. | ഇപ്രകാരം വിവരങ്ങൾ ഉണർത്തിച്ചു. |
| ശ്രുത്വാ | കേട്ടു് | | |

**യുദ്ധേ ഹതോ മഹാരാജ ലക്ഷ്മണേന തവാത്മജഃ**
**വിഭീഷണസഹായേന മിഷതാം നോ മഹാദ്യുതിഃ** 2

| | | | |
|---|---|---|---|
| "മഹാരാജ! | "മഹാരാജാവേ! | ആത്മജഃ യുദ്ധേ | പുത്രൻ പോരിൽ |
| നഃ മിഷതാം | നാം മിഴിച്ചുകൊണ്ടിരിക്കവെതന്നെ | വിഭീഷണ-സഹായേന | വിഭീഷണൻ തുണയായുള്ള |
| തവ | അവിടത്തെ | ലക്ഷ്മണേന | ലക്ഷ്മണനാൽ |
| മഹാദ്യുതിഃ | മഹാപ്രഭാവശാലിയായ | ഹതഃ | കൊല്ലപ്പെട്ടു |

**ശൂരഃ ശൂരേണ സംഗമ്യ സംയുഗേഷ്വപരാജിതഃ**
**ലക്ഷ്മണേന ഹതഃ ശൂരഃ പുത്രസ്തേ വിബുധേന്ദ്രജിത്**
**ഗതഃ സ പരമാൻ ലോകാൻ ശരൈഃ സന്താപ്യ ലക്ഷ്മണം.** 3

| | | | |
|---|---|---|---|
| "വിബുധേന്ദ്രജിത് | "ഇന്ദ്രനെ ജയിച്ചവ | ഹതഃ | വധിക്കപ്പെട്ടു; |
| സംയുഗേഷു | യുദ്ധങ്ങളിൽ [നും | ശൂരഃ | ശൂരനായ ആ കുമാരൻ |
| അപരാജിതഃ | തോല്മപിണയാത്ത | ലക്ഷ്മണം | ലക്ഷ്മണനെ |
| ശൂരഃ തു | ശൂരനുമായ | ശരൈഃ | ബാണങ്ങൾ കൊണ്ടു് |
| സഃ പുത്രഃ | ആ പുത്രൻ | സന്താപ്യ | അത്തൽപ്പെടുത്തി |
| ശൂരേണ | വീരനായ | പരമാൻ | ഉത്തമങ്ങളായ |
| ലക്ഷ്മണേന | ലക്ഷ്മണനോടു് | ലോകാൻ | ലോകങ്ങളെ |
| സംഗമ്യ | ഏററു് | ഗതഃ." | പ്രാപിച്ചു." |

**സ തം പ്രതിഭയം ശ്രുത്വാ വധം പുത്രസ്യ ദാരുണം**
**ഘോരമിന്ദ്രജിതഃ സംഖ്യേ കശ്മലം ചാവിശന്മഹത്.** 4

| | | | |
|---|---|---|---|
| സഃ | ആ രാവണൻ | ഘോരം | കഠിനവുമായ |
| സംഖ്യേ | അടരിൽ | തം വധം | ആ വധത്തെ |
| പുത്രസ്യ | പുത്രനായ | ശ്രുത്വാ ച | കേട്ടു് അതിനാൽ |
| ഇന്ദ്രജിതഃ | ഇന്ദ്രജിത്തിന്റെ | മഹത് | ദീർഘമായ |
| പ്രതിഭയം | ഭയമുളവാക്കുന്ന | കശ്മലം | മൂർച്ഛയെ |
| ദാരുണം | നിഷ്ഠുരവും | ആവിശത്. | പ്രാപിച്ചു. |

ഉപലഭ്യ ചിരാത് സംജ്ഞാം രാജാ രാക്ഷസപുംഗവഃ
പുത്രശോകാർദ്ദിതോ ദീനോ വിലലാപാകുലേന്ദ്രിയഃ 5

| | | | |
|---|---|---|---|
| രാജാ | രാജാവായ | പുത്രശോകാർദ്ദിതഃ | പുത്രശോകത്താൽ പീഡിക്കപ്പെട്ട് |
| രാക്ഷസപുംഗവഃ | രാക്ഷസോത്തമൻ | ദീനഃ | നോവുന്നവനായി |
| ചിരാത് | വളരെനേരത്തിന്നുശേഷം | ആകുലേന്ദ്രിയഃ | ഇന്ദ്രിയങ്ങൾ കലങ്ങിയവനായി |
| സംജ്ഞാം ഉപലഭ്യ | ബോധംതെളിഞ്ഞ് | വിലലാപ. | ഇപ്രകാരം പ്രലപിച്ചുതുടങ്ങി. |

ഹാ രാക്ഷസചമൂമുഖ്യ മമ വത്സ മഹാരഥ
ജിത്വേന്ദ്രം കഥമദ്യ ത്വം ലക്ഷ്മണസ്യ വശം ഗതഃ 6

| | | | |
|---|---|---|---|
| "ഹാ! | "ഹാ! | ഇന്ദ്രം | ഇന്ദ്രനെയും |
| രാക്ഷസചമൂമുഖ്യ! | രാക്ഷസസേനാനായക! | ജിത്വാ അദ്യ | ജയിച്ച് ഇപ്പോൾ |
| മമ | എന്റെ | കഥം | എങ്ങിനെയാണ് |
| വത്സ! | ഓമനക്കുമാര! | ലക്ഷ്മണസ്യ | ലക്ഷ്മണന്റെ |
| മഹാരഥ ത്വം | തേരാളിവീര നീ | വശം | വശത്തിൽ |
| | | ഗതഃ | കുടുങ്ങിപ്പോയത്! |

നനു ത്വമിഷുഭിഃ ക്രുദ്ധോ ഭിന്ദ്യാഃ കാലാന്തകാവപി
മന്ദരസ്യാപി ശൃംഗാണി കിം പുനർലക്ഷ്മണം യുധി. 7

| | | | |
|---|---|---|---|
| "ത്വം | "നീ | ശൃംഗാണി അപി | ശിഖരങ്ങളെത്തന്നെയും |
| ക്രുദ്ധഃ നനു | ക്രുദ്ധിച്ചുവെന്നാൽ | ഭിന്ദ്യാഃ | പിളർന്നുകളയുമല്ലോ |
| ഇഷുഭിഃ | ബാണങ്ങൾകൊണ്ട് | യുധി | പോരിൽ |
| കാലാന്തകൌ | രുദ്രനേയും യമനേയും | ലക്ഷ്മണം | ലക്ഷ്മണനെ |
| അപി | എന്നല്ല | കിം പുനഃ? | എന്തുകൊണ്ടാണോ ഭേദിക്കാതിരുന്നതു്? |
| മന്ദരസ്യ | മന്ദരപർവ്വതത്തിന്റെ | | |

അദ്യ വൈവസ്വതോ രാജാ ഭൂയോ ബഹുമതോ മമ
യേനാദ്യ ത്വം മഹാബാഹോ സംയുക്തഃ കാലധർമ്മണാ 8

| | | | |
|---|---|---|---|
| "മഹാബാഹോ | മഹാബാഹുവായവനേ | വൈവസ്വതഃ രാജാ | ആ യമധർമ്മരാജാവ് |
| അദ്യ ത്വം | ഇപ്പോൾ നീ | അദ്യ | ഇപ്പോൾ |
| യേന | യാതൊരുവനാൽ | മമ ഭൂയഃ | എനിക്ക് ഏറെ |
| കാലധർമ്മണാ സംയുക്തഃ, | കാലധർമ്മം പ്രാപിക്കപ്പെട്ടുവോ | ബഹുമതഃ. | മാനിക്കപ്പെടേണ്ടവനായിത്തീർന്നുവല്ലോ |

ഏഷ പന്ഥാഃ സുയോധാനാം സർവ്വാമരഗണേഷ്വപി
യഃ കൃതേ ഹന്യതേ ഭർത്തുഃ സ പുമാൻ സ്വർഗ്ഗമൃച്ഛതി. 9

| | | | |
|---|---|---|---|
| "സർവ്വാമര-ഗണേഷ്വപി | "എല്ലാദേവഗണങ്ങളുടെ ഇടയിലും | ഭർത്തൃ: കൃതേ | യജമാനനുവേണ്ടി |
| ഏഷ: | ഇതുതന്നെയാണ് | ഹന്യതേ | മരണത്തെ വരിക്കുന്നു |
| സുയോധാനാം | വീരന്മാരുടെ | സ: പുമാൻ, | ആ പുരുഷൻ [വോ |
| പന്ഥാ: യ: | നടവടി;യാതൊരുവൻ | സ്വർഗ്ഗം | സ്വർഗ്ഗത്തെ |
| | | ഋച്ഛതി | പ്രാപിക്കുന്നു. |

[വീരന്മാരുടെ നടവടി എന്നു പറഞ്ഞതുകൊണ്ടു് കീൎത്തി വിവക്ഷിക്കപ്പെടുന്നു. കീർത്തിയും സ്വർഗ്ഗവും നിനക്കു് പ്രാപിക്കുന്നതിനാൽ നിന്നെപ്പററി ഞാൻ ശോചിക്കുന്നില്ല, എന്നു സാരം.]

അദ്യ ദേവഗണാഃ സർവ്വേ ലോകപാലാസ്തഥർഷയഃ
ഹതമിന്ദ്രജിതം ശ്രുത്വാ സുഖം സ്വപ്സ്യന്തി നിർഭയാഃ 10

| | | | |
|---|---|---|---|
| "അദ്യ സർവ്വേ | "ഇന്നു് എല്ലാ | ഹതം | വധിക്കപ്പെട്ടവനായി |
| ദേവഗണാ: | ദേവഗണങ്ങളും | ശ്രുത്വാ | അറിഞ്ഞു് |
| ലോകപാലാ: | ലോകപാലന്മാരും | നിർഭയാ: | ഭയരഹിതരായി |
| ഋഷയ: തഥാ | മഹർഷിമാരും | സുഖം | സുഖമായി |
| ഇന്ദ്രജിതം | ഇന്ദ്രജിത്തിനെ | സ്വപ്സ്യന്തി. | നിദ്രചെയ്യുന്നതാണ്. |

അദ്യ ലോകാസ്ത്രയഃ കൃത്സ്നാ പൃഥിവീ ച സകാനനാ
ഏകേനേന്ദ്രജിതാ ഹീനാ ശൂന്യേവ പ്രതിഭാതി മേ. 11

| | | | |
|---|---|---|---|
| "അദ്യ | "ഇപ്പോൾ | ഏകേന ഹീനാ | ഒരുവനില്ലായ്കയാൽ |
| മേ | എനിക്കു | ശൂന്യാ ഇവ | ശൂന്യമായിത്തന്നെ |
| സകാനനാ | വനങ്ങളടക്കം | പ്രതിഭാതി | തോന്നുന്നു; |
| പൃഥിവീ | ഭൂമി | ത്രയ: ലോകാ: ച. | മൂന്നുലോകങ്ങളും അപ്രകാരം ശൂന്യമായിരിക്കുന്നു. |
| കൃത്സ്നാ | മുഴുവനും | | |
| ഇന്ദ്രജിതാ | ഇന്ദ്രജിത്തു് | | |

അദ്യ നൈരൃതകന്യാനാം ശ്രോഷ്യാമ്യന്തഃപുരേ രവം
കരേണുസംഘസ്യ യഥാ നിനാദം ഗിരിഗഹ്വരേ. 12

| | | | |
|---|---|---|---|
| "അദ്യ | "ഇപ്പോൾ | യഥാ | എന്ന പോലെ |
| അന്ത:പുരേ | അന്ത:പുരത്തിൽ | നൈരൃത-കന്യാനാം | രാക്ഷസ കന്യകമാരുടെ |
| ഗിരിഗഹ്വരേ | പർവ്വതഗുഹയിൽ | രവം | മുറവിളി ഞാൻ |
| കരേണുസംഘസ്യ നിനാദം | പിടിയാനക്കൂട്ടത്തിന്റെ ശബ്ദത്തെ | ശ്രോഷ്യാമി. | ശ്രവിക്കുമാറായി. |

യൌവരാജ്യം ച ലങ്കാം ച രക്ഷാംസി ച പരന്തപ
മാതരം മാം ച ഭാര്യാം ച ക്വ ഗതോഽസി വിഹായ നഃ 13

| | | | |
|---|---|---|---|
| "പരംതപ | "ശത്രുമർദ്ദന | മാം ച ഭാര്യാം ച | എന്നേയും പത്നിയേയും |
| യൌവരാജ്യം | യുവരാജ്യാധികാരത്തേ | ന: ച | ഞങ്ങളെല്ലാവരേയും |
| ലങ്കാം ച | ലങ്കയേയും [യും | വിഹായ | ഉപേക്ഷിച്ചു് |
| രക്ഷാംസി ച | രാക്ഷസന്മാരേയും | ക്വ ഗത: അസി | നീ എവിടേക്കാണു് പൊയ്ക്കളഞ്ഞതു്! |
| മാതരം | മാതാവിനേയും | | |

മമ നാമ ത്വയാ വീര ഗതസ്യ യമസാദനം
പ്രേതകാൎയ്യാണി കാൎയ്യാണി വിപരീതേ ഹി വൎത്തസേ. 14

| | | | |
|---|---|---|---|
| "വീര | "വീര | കാൎയ്യാണി | ചെയ്യപ്പെടേണ്ടത്; |
| മമ യമസാദനം | ഞാൻ യമലോകത്തെ | നാമ | അങ്ങിനെയിരിക്കെ |
| ഗതസ്യ | പ്രാപിച്ചാൽ | വിപരീതേ ഹി | നേരെ മറിച്ചായിട്ടാണല്ലോ |
| ത്വയാ | നിന്നാലാണല്ലൊ | | |
| പ്രേതകാൎയ്യാണി | ശേഷക്രിയകൾ | വൎത്തസേ. | നീ സ്ഥിതിചെയ്യുന്നത്. |

സ ത്വം ജീവതി സുഗ്രീവേ ലക്ഷ്മണേ ച സ രാഘവേ
മമ ശല്യമനുദ്ധൃത്യ ക്വ ഗതോऽസി വിഹായ നഃ 15

| | | | |
|---|---|---|---|
| "സഃ ത്വം | "അപ്രകാരമുള്ള നീ | മമ | എന്റെ |
| സുഗ്രീവേ | സുഗ്രീവൻ | ശല്യം | വ്യാകുലതയെ |
| ജീവതി | ജീവനോടിരിക്കെ | അനുദ്ധൃത്യ | അകററാതെ |
| സരാഘവേ | രാമനോടു കൂടി | നഃ വിഹായ | ഞങ്ങളെ വെടിഞ്ഞ് |
| ലക്ഷ്മണേ ച | ലക്ഷ്മണനും അങ്ങിനെ | ക്വ | എവിടേക്കാണ് |
| | തന്നെ ജീവിച്ചിരിക്കെ | ഗതഃ അസി" | പോയിട്ടുള്ളത്." |

ഏവമാദി വിലാപാൎത്തം രാവണം രാക്ഷസാധിപം
ആവിവേശ മഹാൻ കോപഃ പുത്രവ്യസനസംഭവഃ 16

| | | | |
|---|---|---|---|
| ഏവമാദി-വിലാപാൎത്തം | മേൽപ്രകാരമുള്ള പ്രലാപങ്ങളാൽ ദീനനായിത്തീൎന്ന | പുത്രവ്യസന-സംഭവഃ | പുത്രശോകത്താലുണ്ടായ |
| | | മഹാൻ | അതിയായ |
| രാക്ഷസാധിപം | രാക്ഷസേശ്വരനായ | കോപഃ | കോപം |
| രാവണം | രാവണനെ | ആവിവേശ. | ബാധിച്ചു. |

പ്രകൃത്യാ കോപനം ഹ്യേനം പുത്രസ്യ പുനരാധയഃ
ദീപ്തം സന്ദീപയാമാസുൎഘൎമ്മേऽൎക്കമിവ രശ്മയഃ 17

| | | | |
|---|---|---|---|
| പ്രകൃത്യാ ഹി | സ്വാഭാവികമായ്ത്തന്നെ | ദീപ്തം | കത്തിജ്വലിക്കുന്ന |
| കോപനം | കോപിഷ്ഠനായ | അൎക്കം | സൂൎയ്യനെ |
| ഏനം | ഇവനെ | രശ്മയഃ | കിരണങ്ങൾ |
| പുത്രസ്യ | പുത്രനെക്കുറിച്ചുള്ള | ഇവ | എപ്രകാരമോ അപ്രകാരം |
| ആധയഃ പുനഃ | ശോകങ്ങളും | | |
| ഘൎമ്മേ | വേനലിൽ | സംദീപയാമാസുഃ | തപിപ്പിച്ചു. |

ലലാടേ ഭ്രുകുടീഭിശ്ച സംഗതാഭിൎവ്യരോചത
യുഗാന്തേ സഹ നക്രൈസ്തു മഹോൎമ്മിഭിരിവോദധിഃ 18

| | | | |
|---|---|---|---|
| ലലാടേ | നെററിയിൽ | നക്രൈഃ | മുതലകളോടും |
| സംഗതാഭിഃ | ഇടചേൎന്ന | മഹോൎമ്മിഭിഃ തു സഹ | വൻതിരകളോടും കൂടിയ |
| ഭ്രുകുടീഭിഃ ച | പുരികങ്ങളുടെ ചലനങ്ങളാൽ | ഉദധിഃ ഇവ | സമുദ്രം എന്നപോലെ |
| യുഗാന്തേ | പ്രളയകാലത്തിൽ | വ്യരോചത. | അവൻ വിലസി. |

കോപാദ്വിജൃംഭമാണസ്യ വക്ത്രാദ്വ്യക്തമഭിജ്വലൻ
ഉത്പപാത സ ഭൃശോഽഗ്നിർവൃത്രസ്യ വദനാദിവ. 19

| | | | |
|---|---|---|---|
| കോപാത് | കോപത്താൽ | വ്യക്തം | പ്രകാശത്തോടെ |
| വിജൃംഭമാണസ്യ | വിജൃംഭണംചെയ്യുന്ന അവൻെറ | അഭിജ്വലൻ | ഉജ്ജ്വലിക്കുന്നതായി |
| | | വൃത്രസ്യ | വൃത്രാസുരൻെറ |
| വക്ത്രാത് | വക്ത്രത്തിൽനിന്നു് | വദനാത് | വായിൽനിന്നു് |
| സഃ അഗ്നിഃ | എതിരററതായ അഗ്നി | ഇവ | എപ്രകാരമോ അപ്ര |
| ഭൃശഃ | അത്യന്തം | ഉത്പപാത. | പൊങ്ങി. [കാരം |

സ പുത്രവധസംതപ്തഃ ശൂരഃ ക്രോധവശം ഗതഃ
സമീക്ഷ്യ രാവണോ ബുദ്ധ്യാ വൈദേഹ്യാഽരോചയദ്വധം 20

| | | | |
|---|---|---|---|
| ശൂരഃ | ശൂരനായ | ബുദ്ധ്യാ സമീക്ഷ്യ | ഉള്ളത്തിലോർത്തു് |
| സഃ രാവണഃ | ആ രാവണൻ | | |
| പുത്രവധസംതപ്തഃ | പുത്രൻെറ മരണത്താൽ ഉള്ളമുരുകി | വൈദേഹ്യാഃ | വൈദേഹിയുടെ |
| ക്രോധവശം ഗതഃ | ക്രോധത്തിന്നധീനനായി | വധം | വധത്തെ |
| | | അരോചയത് | നിശ്ചയിച്ചു. |

തസ്യ പ്രകൃത്യാ രക്തേ ച രക്തേ ക്രോധാഗ്നിനാഽപി ച
രാവണസ്യ മഹാഘോരേ ദീപ്തേ നേത്രേ ബഭൂവതുഃ 21

| | | | |
|---|---|---|---|
| മഹാഘോരേ | അതിഭയങ്കരങ്ങളും | രക്തേ | ചുകന്നവയുമായ |
| പ്രകൃത്യാ | സ്വയമായിത്തന്നെ | തസ്യ | ആ |
| രക്തേ | തുടുത്തവയും | രാവണസ്യ | രാവണൻെറ |
| അപി ച | അതിന്നും പുറമെ | നേത്രേ | രണ്ടുകണ്ണുകളും |
| ക്രോധാഗ്നിനാ ച | കോപാഗ്നിയാലും | ദീപ്തേ ബഭൂവതുഃ | ഉജ്ജ്വലിച്ചു. |

ഘോരം പ്രകൃത്യാ രൂപം തത് തസ്യ ക്രോധാഗ്നിമൂർച്ഛിതം
ബഭൂവ രൂപം ക്രുദ്ധസ്യ രുദ്രസ്യേവ ദുരാസദം. 22

| | | | |
|---|---|---|---|
| പ്രകൃത്യാ | ജനനാൽതന്നെ | ക്രുദ്ധസ്യ | ക്രുദ്ധിച്ച |
| തത് ഘോരം | ആ ഭയങ്കരവും | രുദ്രസ്യ | രുദ്രഭഗവാൻെറ |
| ക്രോധാഗ്നിമൂർച്ഛിതം | കോപാഗ്നി ആളിപ്പടന്നതുമായ | ദുരാസദം | അടുപ്പാൻ കഴിയാത്ത |
| | | രൂപം | സ്വരൂപം |
| തസ്യ രൂപം | അവൻെറ സ്വരൂപം | ഇവ ബഭൂവ. | എന്നപോലെആയ്തീൎന്നു. |

തസ്യ ക്രുദ്ധസ്യ നേത്രാഭ്യാം പ്രാപതന്നാസ്രബിന്ദവഃ
ദീപ്താഭ്യാമിവ ദീപാഭ്യാം സാർച്ചിഷഃ സ്നേഹബിന്ദവഃ 23

| | | | |
|---|---|---|---|
| ക്രുദ്ധസ്യ | ക്രോധാവിഷ്ടനായ | ദീപാഭ്യാം | രണ്ടുദീപങ്ങളിൽനിന്നു് |
| തസ്യ | അവൻെറ | സാർച്ചിഷഃ | ജ്വാലകളോടുകൂടിയ |
| ദീപ്താഭ്യാം നേത്രാഭ്യാം | ഉജ്ജ്വലിക്കുന്ന രണ്ടു നേത്രങ്ങളിൽനിന്നും | സ്നേഹബിന്ദവഃ | എണ്ണത്തുള്ളികൾ |
| | | ഇവ | എന്നപോലെ [വീണു. |
| അസ്രബിന്ദവഃ | കണ്ണുനീർത്തുള്ളികൾ | പ്രാപതൻ. | ഇടരെത്തുടരെ ഝറ- |

ദന്താൻ വിദശതസ്തസ്യ ശ്രൂയതേ ദശനസ്വനഃ
യന്ത്രസ്യാവേഷ്ട്യമാനസ്യ മഹതോ ദാനവൈരിവ. 24

| | | | |
|---|---|---|---|
| ദന്താൻ | പല്ലുകളെ | ആവേഷ്ട്യമാനസ്യ | ചുററപ്പെടുന്ന |
| വിദശതഃ | ഞെരിക്കുന്ന | മഹതഃ | വമ്പിച്ച |
| തസ്യ | അവൻെറ | യന്ത്രസ്യ | യന്ത്രത്തിൻെറ ശബ്ദം |
| ദശനസ്വനഃ | ദന്തങ്ങളുടെ ശബ്ദം | ഇവ | എന്നപോലെ |
| ദാനവൈഃ | അസുരന്മാരാൽ | ശ്രൂയതേ. | കേൾക്കപ്പെടുകയായി. |

["ദാനവൈഃ ആവേഷ്ട്യമാനസ്യ മഹത: യന്ത്രസ്യ ഇവ" (ഊക്കുള്ളവരാൽ തിരിക്കപ്പെട്ട വമ്പിച്ച ചക്കിൻെറ ശബ്ദം എന്നപോലെ). ഗോ. രാ. (അസുരന്മാരാൽ അമൃതമഥനസമയത്തിൽ വാസുകിയെ കയറായി കെട്ടി, തിരിക്കപ്പെട്ട മന്ദരപവ്വതമാകുന്ന യന്ത്രത്തിൻെറ ശബ്ദമെന്നപോലെ), എന്നു തിലകം.]

കാലാഗ്നിരിവ സംക്രുദ്ധോ യാം യാം ദിശമവൈക്ഷത
തസ്യാം തസ്യാം ഭയത്രസ്താ രാക്ഷസാഃ സംവിലില്യിരേ. 25

| | | | |
|---|---|---|---|
| സംക്രുദ്ധഃ | അരിശം മുഴുത്ത് | അവൈക്ഷത | നോക്കിയോ |
| കാലാഗ്നിഃ ഇവ | കാലാഗ്നിക്കുതുല്യനായ അവൻ | തസ്യാം തസ്യാം | അവിടവിടെ |
| | | രാക്ഷസാഃ | രാക്ഷസന്മാർ |
| യാം യാം | ഏതേതു | ഭയത്രസ്താഃ | പേടിച്ചു വിറച്ച് |
| ദിശം | ഭാഗത്തേക്ക് | സംവിലില്യിരേ | പതുങ്ങിപ്പോയി. |

തമന്തകമിവ ക്രുദ്ധം ചരാചരചിഖാദിഷും
വീക്ഷമാണം ദിശഃ സവ്വാ രാക്ഷസാ നോപചക്രമുഃ 26

| | | | |
|---|---|---|---|
| അന്തകം ഇവ | യമനെപ്പോലെ | സവ്വാ: | എല്ലാററിനേയും |
| ക്രുദ്ധം | ക്രുദ്ധിച്ചവനായി | വീക്ഷമാണം | മിഴിച്ചുനോക്കുന്ന |
| ചരാചര— ചിഖാദിഷും | ചരാചരങ്ങളേയും കടിച്ചു തിന്നുവാനുറച്ച് | തം | അവനെ |
| | | രാക്ഷസാ: | രാക്ഷസന്മാർ |
| ദിശ: | ദിക്കുകൾ | ഉപചക്രമു: ന. | അണഞ്ഞതേയില്ല. |

തതഃ പരമസംക്രുദ്ധോ രാവണോ രാക്ഷസാധിപഃ
അബ്രവീത് രക്ഷസാം മദ്ധ്യേ സംസ്തംഭയിഷുരാഹവേ. 27

| | | | |
|---|---|---|---|
| തത: | അപ്പോൾ | രാക്ഷസാധിപഃ | രാക്ഷസേശ്വരനായ |
| പരമസംക്രുദ്ധ: | ഏററം കുപിതനായി | രാവണഃ | രാവണൻ |
| ആഹവേ | പോരിൽ | രക്ഷസാം | രാക്ഷസന്മാരുടെ |
| സംസ്തംഭയിഷു: | ശത്രുക്കളുടെ അഹമ്മതി ഒതുക്കുവാൻ ഉറച്ച് | മദ്ധ്യേ | നടുവിൽ |
| | | അബ്രവീത്. | ഇപ്രകാരം പറഞ്ഞു. |

["ആഹവേ സംസ്തംഭയിഷു:'' (പോരിൽ ഭീതിപൂണ്ട രാക്ഷസന്മാരെ നിലയുറപ്പിക്കുവാനുദ്ദേശിച്ച്). എന്നു ഗോ രാ.]

മയാ വഷസഹസ്രാണി ചരിത്വാ ദുശ്ചരം തപഃ
തേഷു തേഷ്വവകാശേഷു സ്വയംഭൂഃ പരിതോഷിതഃ 28

| | | | |
|---|---|---|---|
| "വർഷസഹസ്രാണി | "പല വർഷങ്ങൾ | തേഷു തേഷു | അതാത് |
| ദുശ്ചരം | ദുഷ്കരങ്ങളായ | അവകാശേഷു | സന്ദർഭങ്ങളിൽ |
| തപഃ | തപസ്സിനെ | മയാ | എന്നാൽ |
| ചരിത്വാ, | അനുഷ്ഠിച്ച്, | സ്വയംഭൂഃ | ബ്രഹ്മദേവൻ |
| | | പരിതോഷിതഃ. | സന്തുഷ്ടനാക്കപ്പെട്ടു. |

തസ്യൈവ തപസോ വ്യുഷ്ട്യാ പ്രസാദാച്ച സ്വയംഭുവഃ
നാസുരേഭ്യോ ന ദേവേഭ്യോ ഭയം മമ കദാചന. 29

| | | | |
|---|---|---|---|
| "തസ്യ തപസഃ | "ആ തപസ്സിന്റെ | കദാചന | ഒരിക്കലും |
| വ്യുഷ്ട്യാ ഏവ | മഹിമയാലും | അസുരേഭ്യഃ | അസുരന്മാരിൽനിന്ന് |
| സ്വയംഭുവഃ | ബ്രഹ്മാവിന്റെ | ഭയം ന | ഭയമെന്നത് ഇല്ല |
| പ്രസാദാത് ച, | അനുഗ്രഹംകൊണ്ടും | ദേവേഭ്യഃ | ദേവന്മാരിൽനിന്നും |
| മമ | എനിക്ക് | ന. | ഇല്ല. |

കവചം ബ്രഹ്മദത്തം മേ യദാദിത്യസമപ്രഭം
ദേവാസുരവിമർദ്ദേഷു ന ഭിന്നം വജ്രശക്തിഭിഃ 30
തേന മാമദ്യ സംയുക്തം രഥസ്ഥമിഹ സംയുഗേ
പ്രതീയാത് കോऽദ്യ മാമാജൗ സാക്ഷാദപി പുരന്ദരഃ 31

| | | | |
|---|---|---|---|
| "മേ | "എനിക്ക് | യത് | യാതൊന്ന് |
| ബ്രഹ്മദത്തം | ബ്രഹ്മദേവനാൽ നൽകപ്പെട്ട | തേന സംയുക്തം മാം | അതോടുകൂടിയവനായ എന്നെ |
| ആദിത്യസമപ്രഭം | അർക്കതുല്യതേജസ്സാർന്നതും | അദ്യ സംയുഗേ | ഇന്ന് പോരിൽ |
| ദേവാസുരവിമർദ്ദേഷു | ദേവാസുരയുദ്ധങ്ങളിൽ | രഥസ്ഥം | രഥത്തിലിരിക്കുന്ന |
| വജ്രശക്തിഭിഃ | വജ്രായുധത്താലും ശക്തികളാലും | മാം, അദ്യ | എന്നെ ഇപ്പോൾ |
| ന ഭിന്നം | ഭേദിക്കപ്പെടാത്തതുമായ | ഇഹ ആജൗ | ഈ സമരത്തിൽ |
| കവചം | കവചം | സാക്ഷാത് | സാക്ഷാൽ |
| | | പുരന്ദരഃ അപി | ദേവേന്ദ്രനായാലും |
| | | കഃ | ഏതൊരുവനാണ് |
| | | പ്രതീയാത്? | എതിർത്തുനില്ക്കുക? |

യത്തദാഭിപ്രസന്നേന സശരം കാർമ്മുകം മഹത്
ദേവാസുരവിമർദ്ദേഷു മമ ദത്തം സ്വയംഭുവാ 32
അദ്യ തൂര്യശതൈർഭീമം ധനുരുത്ഥാപ്യതാം മമ
രാമലക്ഷ്മണയോരേവ വധായ പരമാഹവേ. 33

| | | | |
|---|---|---|---|
| "അഭിപ്രസന്നേന സ്വയംഭുവാ | "സന്തുഷ്ടനായ ബ്രഹ്മദേവനാൽ | മമ ഭീമം ധനുഃ | എന്റെ ഭയങ്കരമായ |
| മമ യത് | എനിക്ക് യാതൊരു | അദ്യ ഏവ | ഇപ്പോൾതന്നെ [വില്ല് |
| സശരം | ശരത്തോടുകൂടിയ | പരമാഹവേ | വൻയുദ്ധത്തിൽ |
| മഹത് കാർമ്മുകം | ശ്രേഷ്ഠമായ ധനുസ്സ് | രാമലക്ഷ്മണയോഃ | ശ്രീരാമലക്ഷ്മണന്മാരുടെ |
| തദാ ദേവാസുരവിമർദ്ദേഷു | പണ്ട് ദേവാസുരയുദ്ധങ്ങളിൽ | വധായ | വധത്തിനായി |
| ദത്തം | നൽകപ്പെട്ടുവോ, അപ്രകാരമുള്ള | തൂര്യശതൈഃ | വാദ്യഘോഷങ്ങളോടുകൂടി |
| | | ഉത്ഥാപ്യതാം." | എടുത്തുകൊണ്ടുവരപ്പെടട്ടെ." |

സ പുത്രവധസംതപ്തഃ ശൂരഃ ക്രോധവശം ഗതഃ
സമീക്ഷ്യ രാവണോ ബുദ്ധ്യാ സീതാം ഹന്തും വ്യവസ്യത. 34

| | | | |
|---|---|---|---|
| ശൂരഃ | ശൂരനായ | സീതാം | സീതാദേവിയെ |
| സഃ രാവണഃ | ആ രാവണൻ | ഹന്തും | വധിക്കുന്നതിന്നായി |
| പുത്രവധ—സംതപ്തഃ | പുത്രവധത്താൽ ഉരുകി | ബുദ്ധ്യാ സമീക്ഷ്യ വ്യവസ്യത. | ആലോചിച്ചുറച്ചു. |
| ക്രോധവശം ഗതഃ | കോപാവിഷ്ടനായി | | |

പ്രത്യവേക്ഷ്യ തു താമ്രാക്ഷഃ സുഘോരോ ഘോരദർശനഃ
ദീനോ ദീനസ്വരാൻ സർവ്വാൻ താനുവാച നിശാചരാൻ. 35

| | | | |
|---|---|---|---|
| തു | അപ്പോൾ | ദീനസ്വരാൻ | പരിതാപസ്വരത്തോടു കൂടിയ |
| താമ്രാക്ഷഃ | തുടുത്ത കണ്ണുകളാർന്ന | | |
| സുഘോരഃ | അതിദുഷ്ടനും [വനും | നിശാചരാൻ | രാക്ഷസന്മാർ |
| ഘോരദർശനഃ | ഭയങ്കരസ്വരൂപിയും | സർവ്വാൻ | എല്ലാവരേയും |
| ദീനഃ | ആർത്തനുമായ അവൻ | പ്രത്യവേക്ഷ്യ | നോക്കി |
| താൻ | ആ | ഉവാച. | ഇപ്രകാരം പറഞ്ഞു. |

മായയാ മമ വത്സേന വഞ്ചനാർത്ഥം വനൌകസാം
കിംചിദേവ ഹതം തത്ര സീതേയമിതി ദർശിതം. 36

| | | | |
|---|---|---|---|
| "മമ | "നമ്മുടെ | 'ഇയം | 'ഇതാ |
| വത്സേന | ഉണ്ണിയാൽ | സീതാ' | സീതാ' |
| വനൌകസാം | വാനരന്മാരെ | ഇതി | എന്നു പറഞ്ഞ് |
| വഞ്ചനാർത്ഥം | വഞ്ചിപ്പാനായി | ഹതം | കൊന്നു |
| മായയാ | മായകൊണ്ട് | ദർശിതം | കാണിക്കപ്പെട്ടത് |
| തത്ര | ആ സമയം | കിഞ്ചിത് ഏവ | സാരമില്ലാതായ്പ്പോയി. |

തദിദം തഥ്യമേവാഹം കരിഷ്യേ പ്രിയമാത്മനഃ 37

| | | | |
|---|---|---|---|
| "ആത്മനഃ | "എനിക്ക | അഹം | ഞാൻ |
| പ്രിയം | ഹിതകരമായ | തഥ്യം ഏവ | വാസ്തവമായിത്തന്നെ |
| തത് ഇദം | അപ്രകാരമുള്ള ഈ പ്രവൃത്തിയെ | കരിഷ്യേ. | ചെയ്തുകളയാം. |

വൈദേഹീം നാശയിഷ്യാമി ക്ഷത്രബന്ധുമനുവ്രതാം. 38

| | | | |
|---|---|---|---|
| "ക്ഷത്രബന്ധും | "ആ ക്ഷത്രിയാധമനെ | വൈദേഹീം | സീതയെ |
| അനുവ്രതാം | സർവ്വവുമായിക്കരുതിയ | നാശയിഷ്യാമി" | ഞാൻ തീർത്തുകളയുന്നുണ്ട്." |

ഇത്യേവമുക്ത്വാ സചിവാൻ ഖഡ്ഗമാശു പരാമൃശത്. 39

| | | | |
|---|---|---|---|
| ഇതി ഏവം | എന്നിപ്രകാരം | ആശു | തത്ക്ഷണം |
| സചിവാൻ | മന്ത്രിമാരെ നോക്കി | ഖഡ്ഗം | ഖഡ്ഗത്തെ |
| ഉക്ത്വാ | പറഞ്ഞ ശേഷം | പരാമൃശത് | കൈക്കൊണ്ടു. |

ഉദ്ധൃത്യ ഗുണസംപന്നം വിമലാംബരവർച്ചസം
നിഷ്പപാത സ വേഗേന സഭാര്യഃ സചിവൈർവൃതഃ 40
രാവണഃ പുത്രശോകേന ഭൃശമാകുലചേതനഃ
സംക്രുദ്ധഃ ഖഡ്ഗമാദായ സഹസാ യത്ര മൈഥിലീ. 41

| | | | |
|---|---|---|---|
| സഃ | ആ | ഖഡ്ഗം | ഖഡ്ഗത്തെ |
| രാവണഃ | രാവണൻ | ആദായ ഉദ്ധൃത്യ | ഊരിപ്പിടിച്ചുകൊണ്ട് |
| പുത്രശോകേന | പുത്രശോകത്താൽ | സഭാര്യഃ | പത്നിമാരോടുകൂടിയവ[നായി] |
| ഭൃശം | ഏററവും | സചിവൈഃ | മന്ത്രിമാരാൽ |
| ആകുലലോചനഃ | കലങ്ങിയ കണ്ണുകളോടുകൂടിയവനായി | വൃതഃ | ചൂഴപ്പെട്ടവനായി |
| സംക്രുദ്ധഃ | ക്രുദ്ധിച്ച് | വേഗേന | ആവേശംപൂണ്ട് |
| ഗുണസംപന്നം | മെച്ചപ്പെട്ടതും | സഹസാ | അതിവേഗത്തിൽ |
| വിമലാംബര-വർച്ചസം | നിർമ്മലമായ ആകാശത്തിൻെറ ഒളിചിതറുന്നതുമായ | മൈഥിലീ | സീതാദേവി |
| | | യത്ര | ഉണ്ടായിരുന്ന ദിക്കിലേക്കായി |
| | | നിഷ്പപാത. | നിർഗ്ഗമിച്ചു. |

വ്രജന്തം രാക്ഷസം പ്രേക്ഷ്യ സിംഹനാദം പ്രചുക്രുശുഃ
ഊചുശ്ചാന്യോന്യമാശ്ലിഷ്യ സംക്രുദ്ധം പ്രേക്ഷ്യ രാക്ഷസാഃ 42

| | | | |
|---|---|---|---|
| രാക്ഷസാഃ | രാക്ഷസന്മാർ | സംക്രുദ്ധം ച | കുപിതനായിരിക്കുന്ന[തായി] |
| വ്രജന്തം | ബദ്ധപ്പെട്ടുചെല്ലുന്ന | പ്രേക്ഷ്യ | കണ്ട് |
| രാക്ഷസം | രാക്ഷസനെ | അന്യോന്യം | ഒരുവനെ ഒരുവൻ |
| പ്രേക്ഷ്യ | കണ്ട് | ആശ്ലിഷ്യ | കെട്ടിപ്പിടിച്ചുകൊണ്ട് |
| സിംഹനാദം | സിംഹനാദം | ഊചുഃ. | ഇപ്രകാരം സംഭാഷണം ചെയ്തു. |
| പ്രചുക്രുശുഃ | മുഴക്കി; | | |

അദ്യൈനം താവുഭൌ ദൃഷ്ട്വാ ഭ്രാതരൌ പ്രവ്യഥിഷ്യതഃ 43

| | | | |
|---|---|---|---|
| "തൌ | "ആ | ഏനം | ഈ നമ്മുടെ സ്വാമിയെ |
| ഉഭൌ | രണ്ടു | ദൃഷ്ട്വാ | കണ്ടാൽ |
| ഭ്രാതരൌ | സഹോദരന്മാരും | പ്രവ്യഥിഷ്യതഃ. | തീരെ അത്തൽപ്പെട്ടുപോകുന്നതാണ്. |
| അദ്യ | ഇപ്പോഠം | | |

ലോകപാലാ ഹി ചത്വാരഃ ക്രുദ്ധേനാനേന നിർജ്ജിതാഃ
ബഹവഃ ശത്രവശ്ചാപി സംയുഗേഷു നിപാതിതാഃ 44

| | | | |
|---|---|---|---|
| "ലോകപാലാഃ | ലോകപാലകന്മാർ | സംയുഗേഷു | യുദ്ധങ്ങളിൽ |
| ചത്വാരഃ ഹി | നാലുപേരും | ബഹവഃ | എത്രയോ |
| ക്രുദ്ധേന | കോപംകൈക്കൊണ്ടവനായ | ശത്രവഃ അപി ച | എതിരാളികളും |
| അനേന | ഇദ്ദേഹത്താൽ | നിപാതിതാഃ. | കൊന്നു വീഴ്ത്തപ്പെട്ടിട്ടുണ്ട്". |
| നിർജ്ജിതാഃ | തോല്പിക്കപ്പെട്ടുപോയി | | |

ത്രിഷു ലോകേഷു രത്നാനി ഭുംക്തേ ചാഹൃത്യ രാവണഃ 45

| | | | |
|---|---|---|---|
| "രാവണഃ | "രാവണൻ | രത്നാനി ച | ശ്രേഷ്ഠവസ്തുക്കളെ എല്ലാം |
| ത്രിഷു | മൂന്നു | ആഹൃത്യ | കൊണ്ടുവന്നു് |
| ലോകേഷു | ലോകങ്ങളിലും ഉള്ള | ഭുങ്ക്തേ. | അനുഭവിക്കുന്നുണ്ടു്. |

വിക്രമേ ച ബലേ ചൈവ നാസ്ത്യസ്യ സദൃശോ ഭുവി. 46

| | | | |
|---|---|---|---|
| "വിക്രമേ ച | "പൌരുഷത്തിലും | സദൃശഃ | സമാനായുള്ള ഒരുവൻ |
| ബലേ ച | ബലത്തിലും | ഭുവി | ലോകത്തിൽ |
| അസ്യ | ഇദ്ദേഹത്തിന്നു | അസ്തി ന ഏവ." | ഇല്ലതന്നെ.'' |

തേഷാം സംജല്പമാനാനാമശോകവനികാം ഗതാം
അഭിദുദ്രാവ വൈദേഹീം രാവണഃ ക്രോധമൂർച്ഛിതഃ 47

| | | | |
|---|---|---|---|
| ക്രോധമൂർച്ഛിതഃ | ക്രോധത്താൽ മതിമറന്നവനായ | അശോകവനികാം ഗതാം | അശോകവനികയിലിരുന്നിരുന്ന |
| രാവണഃ | രാവണൻ | വൈദേഹീം | വിദേഹാത്മജയുടെ നേക്കായി |
| തേഷാം | അവർ | | |
| സംജല്പമാനാനാം | മേൽപ്രകാരം സംസാരിച്ചുകൊണ്ടിരിക്കെ | അഭിദുദ്രാവ. | പാഞ്ഞുചെന്നു. |

വാര്യ്യമാണഃ സുസംക്രുദ്ധഃ സുഹൃദ്ഭിർഹിതബുദ്ധിഭിഃ
അഭ്യധാവത സംക്രുദ്ധഃ ഖേ ഗ്രഹോ രോഹിണീമിവ. 48

| | | | |
|---|---|---|---|
| സുസംക്രുദ്ധഃ | ഏററവും ക്രുദ്ധിച്ചിരുന്ന അവൻ | ഖേ | ആകാശത്തിൽ |
| ഹിതബുദ്ധിഭിഃ | ഹിതാഭിലാഷികളായ, | ഗ്രഹഃ | ക്രൂരഗ്രഹം |
| സുഹൃദ്ഭിഃ | സുഹൃത്തുക്കളാൽ | രോഹിണീം | രോഹിണിയെ |
| വാര്യ്യമാണഃ | തടുക്കപ്പെട്ടിട്ടും | ഇവ | എന്നപോലെ |
| സംക്രുദ്ധഃ | കുപിതനായി, | അഭ്യധാവത. | ആക്രമിച്ചു. |

മൈഥിലീ രക്ഷ്യമാണാ തു രാക്ഷസീഭിരനിന്ദിതാ
ദദർശ രാക്ഷസം ക്രുദ്ധം നിസ്ത്രിംശവരധാരിണം. 49

| | | | |
|---|---|---|---|
| രാക്ഷസീഭിഃ | രാക്ഷസികളാൽ | ക്രുദ്ധം | അരിശംപൂണ്ടു് |
| രക്ഷ്യമാണാ | രക്ഷിക്കപ്പെടുന്നവളും | നിസ്ത്രിംശവരധാരിണം | പള്ളിവാൾ ഊരിപ്പിടിച്ചിരിക്കുന്നവനായ |
| അനിന്ദിതാ | അഘരഹിതയുമായ | രാക്ഷസം | രാക്ഷസനെ |
| മൈഥിലീ | ജാനകീദേവി | ദദർശ. | കണ്ടു. |
| തു | അപ്പോൾ | | |

തം നിശാമ്യ സനിസ്ത്രിംശം വ്യഥിതാ ജനകാത്മജാ
നിവാര്യ്യമാണം ബഹുശഃ സുഹൃദ്ഭിരനുവർത്തിനം
സീതാ ദുഃഖസമാവിഷ്ടാ വിലപന്തീദമബ്രവീത്. 50

| | | | |
|---|---|---|---|
| ജനകാത്മജാ | ജനകകുമാരിയായ | അനുവർത്തിനം | അടുത്തുവരുന്നവനായും |
| സീതാ | സീതാദേവി | ബഹുശഃ | പലപ്രാവശ്യവും |
| തം | അവനെ | സുഹൃദ്ഭിഃ | സുഹൃത്തുക്കളാൽ |
| സനിസ്ത്രിംശം | വാളും കൈക്കൊണ്ടു് | നിവാര്യ്യമാണം | തടുക്കപ്പെടുന്നവനായും |

| | | | |
|---|---|---|---|
| നിശാമ്യ | കണ്ട് | ഇദം | ഇപ്രകാരം |
| വ്യഥിതാ | വ്യഥപൂണ്ട് | വിലപന്തീ | } പ്രലപിച്ചു. |
| ദുഃഖസമാവിഷ്ടാ | ദുഃഖാർത്തയായി | അബ്രവീത് | |

യഥാഽയം മാമഭിക്രുദ്ധഃ സമഭിദ്രവതി സ്വയം
വധിഷ്യതി സനാഥാം മാമനാഥാമിവ ദുർമ്മതിഃ 51

| | | | |
|---|---|---|---|
| "അഭിക്രുദ്ധഃ | "അരിശംപൂണ്ട | ദുർമ്മതിഃ | ദുർബ്ബുദ്ധിയായ ഇവൻ |
| അയം | ഇവൻ | സനാഥാം | നാഥനെ പ്രാപിച്ചിരി |
| മാം | എനിക്കനേരെ | മാം | എന്നെ [ക്കുന്നവളായ |
| സ്വയം | താനായിത്തന്നെ | അനാഥാം | ഒരു അനാഥയെ |
| സമഭിദ്രവതി | പാഞ്ഞുവരുന്നു; | ഇവ | എന്നപോലെ |
| യഥാ | അതിനാൽ | വധിഷ്യതി. | വധിക്കും. |

ബഹുശശ്ചോദയാമാസ ഭർത്താരം മാമനുവ്രതാം
ഭാര്യ്യാ ഭവ രമസ്വേതി പ്രത്യാഖ്യാതോ ധ്രുവം മയാ 52
സോഽയം മമാനുപസ്ഥാനേ വ്യക്തം നൈരാശ്യമാഗതഃ
ക്രോധമോഹസമാവിഷ്ടോ നിഹന്തും മാം സമുദ്യതഃ 53

| | | | |
|---|---|---|---|
| "ഭർത്താരം | "ഭർത്താവിനെത്തന്നെ | സഃ | അപ്രകാരമുള്ള |
| അനുവ്രതാം | സർവ്വവുമായിക്കരുതിയ | അയം മമ | ഇവൻ എന്നെ |
| മാം | എന്നെ | അനുപസ്ഥാനെ | ലഭിയ്ക്കായ്കനിമിത്തം |
| 'ഭാര്യ്യാ ഭവ | 'ഭാര്യ്യയായിരുന്നാലും, | നൈരാശ്യം | } നിരാശനായി |
| രമസ്വ | സുഖിച്ചാലും,' | ആഗതഃ | |
| ഇതി | എന്നിങ്ങനെ | ക്രോധമോഹ- | } കോപവും ബുദ്ധിഭ്രമവും |
| ബഹുശഃ | പലപ്രാവശ്യവും | സമാവിഷ്ടഃ | കൈക്കൊണ്ടവനായി |
| ചോദയാമാസ | ആവശ്യപ്പെടുകയുണ്ടാ | മാം | എന്നെ |
| മയാ | എന്നാൽ [യി; | നിഹന്തും | നിഗ്രഹിപ്പാൻ |
| ധ്രുവം | നിസ്സംശയമാംവണ്ണം | സമുദ്യതഃ | മുതിർന്നിരിക്കുന്നു എ |
| പ്രത്യാഖ്യാതഃ | നിരാകരിക്കപ്പെട്ട | വ്യക്തം. | തീർച്ചതന്നെ [ന്നതു് |

അഥവാ തൌ നരവ്യാഘ്രൌ ഭ്രാതരൌ രാമലക്ഷ്മണൌ
മന്നിമിത്തമനാര്യ്യേണ സമരേഽദ്യ നിപാതിതൌ. 54

| | | | |
|---|---|---|---|
| 'നരവ്യാഘ്രൌ | "പുരുഷോത്തമന്മാരും | അനാര്യ്യേണ | ദുഷ്ടനായ ഇവനാൽ |
| ഭ്രാതരൌ | ഭ്രാതാക്കളുമായ | മന്നിമിത്തം | ഞാൻ കാരണമായി |
| തൌ | ആ | സമരേ | പോരിൽ |
| രാമലക്ഷ്മണൌ | ശ്രീരാമലക്ഷ്മണന്മാരി | നിപാതിതൌ | } വീഴ്ത്തപ്പെട്ടു എന്നുവ |
| അദ്യ | ഇപ്പോഴം [രുവരും | അഥവാ ? | ന്നിരിക്കുമോ ? |

അഹോ ധിങ്മന്നിമിത്തോഽയം വിനാശോ രാജപുത്രയോഃ. 55

| | | | |
|---|---|---|---|
| "അഹോ! | "അയ്യോ! | രാജപുത്രയോഃ | ആ ചക്രവർത്തികുമാര |
| ധിക്! | ഞാൻ ഹതയായി! | | ന്മാരിരുവർക്കും |
| മന്നിമിത്തം | എന്റെ കാരണമായി | അയം | ഈ |
| | ട്ടാണോ | വിനാശഃ | ആപത്ത്. |

അഥവാ പുത്രശോകേന അഹത്വാ രാമലക്ഷ്മണൌ
വിധമിഷ്യതി മാം രൌദ്രോ രാക്ഷസഃ പാപനിശ്ചയഃ 56

| | | | |
|---|---|---|---|
| "പാപനിശ്ചയഃ | ''പാപിഷ്ഠനും | അഹത്വാ | കൊല്ലുവാൻ സാധിക്കാതെ |
| രൌദ്രഃ | ക്രൂരനുമായ | | |
| രാക്ഷസഃ | നിശാചരൻ | പുത്രശോകേന | പുത്രശോകത്താൽ |
| അഥവാ | ഒരുപക്ഷെ | മാം | എന്നെ കൊല്ലുവാൻ മു |
| രാമലക്ഷ്മണൌ | ശ്രീരാമലക്ഷ്മണന്മാരെ | വിധമിഷ്യതി? | തിരുകയായിരിക്കുമോ? |

ഹനൂമതോ ഽപി യദ്വാക്യം ന കൃതം ക്ഷുദ്രയാ മയാ. 57

| | | | |
|---|---|---|---|
| "ഹനൂമതഃ | ''ഹനുമാന്റെ | ക്ഷുദ്രയാ | അല്പബുദ്ധിയായ |
| യത് | യാതൊരു അന്നത്തെ | മയാ | എന്നാൽ |
| വാക്യം അപി | വാക്ക് | കൃതം ന. | ചെയ്യപ്പെട്ടില്ല. |

യദ്യഹം തസ്യ പൃഷ്ഠേന തദാ യായാമനിന്ദിതാ
നാദ്യൈവമനുശോചേയം ഭർത്തുരങ്കഗതാ സതീ. 8

| | | | |
|---|---|---|---|
| തദാ | "അന്ന് | അനിന്ദിതാ | നിന്ദിക്കപ്പെടാത്തവ |
| അഹം | ഞാൻ | ഭർത്തുഃ | പതിയുടെ [ളായി |
| തസ്യ | ആ ഹനുമാന്റെ | അങ്കഗതാ സതീ | മടിയിലിരിക്കുന്നവളാ |
| പൃഷ്ഠേന | മുതുകിൽകയറിക്കൊണ്ട് | അദ്യ | ഇപ്പോൾ [യി |
| യായാം യദി | പോയതായിരുന്നുവെങ്കിൽ | ഏവം അനുശോചേയം ന | ഇപ്രകാരംദുഃഖിക്കേണ്ടിവരികയില്ലായിരുന്നു. |

മന്യേ തു ഹൃദയം തസ്യാഃ കൌസല്യായാഃ ഫലിഷ്യതി
ഏകപുത്രാ യദാ പുത്രം വിനഷ്ടം ശ്രോഷ്യതേ യുധി. 59

| | | | |
|---|---|---|---|
| "ഏകപുത്രാ | "ഒരേ ഒരു പുത്രൻ മാത്രമുള്ള കൌസല്യാ മാതാവ് | ശ്രോഷ്യതേ യദാ തു | കേൾക്കുന്ന ആ ക്ഷണത്തിൽ തന്നെ |
| | | തസ്യാഃ | ആ |
| യുധി | പോരിൽ | കൌസല്യായാഃ | കൌസല്യാദേവിയുടെ |
| പുത്രം | പുത്രനെ | ഹൃദയം | ഹൃദയം |
| വിനഷ്ടം | കാലധർമ്മം പ്രാപിച്ചവനായി | ഫലിഷ്യതി | തകർന്നു പോകുമെന്ന് |
| | | മന്യേ | ഞാൻ കരുതുന്നു. |

സാ ഹി ജന്മ ച ബാല്യം ച യൌവനം ച മഹാത്മനഃ
ധർമ്മകാര്യാനുരൂപം ച രുദതീ സംസ്മരിഷ്യതി. 60

| | | | |
|---|---|---|---|
| "സാ ഹി | "ആ ദേവിയും | യൌവനം ച | യൌവനത്തേയും |
| രുദതീ | കരഞ്ഞുകൊണ്ടുതന്നെ | ധർമ്മകാര്യാനുരൂപം ച | ധർമ്മകാര്യങ്ങളിലുള്ള ശ്രദ്ധയേയും |
| മഹാത്മനഃ | മഹാത്മാവായ അദ്ദേഹത്തിന്റെ | സംസ്മരിഷ്യതി. | ആലോചിച്ചു പരിതപിക്കുന്നതാണ്. |
| ജന്മ ച | ജനനത്തേയും | | |
| ബാല്യം ച | ശൈശവത്തേയും | | |

നിരാശാ നിഹതേ പുത്രേ ദത്വാ ശ്രാദ്ധമചേതനാ
അഗ്നിമാരോക്ഷ്യതേ നൂനമപോ വാപി പ്രവേക്ഷ്യതി. 61

| | | | |
|---|---|---|---|
| "പുത്രേ | "പുത്രൻ | അഗ്നിം | തീയ്യിൽ |
| നിഹതേ | മൃതിപ്പെട്ടതിനാൽ | ആരോക്ഷ്യതേ | ചാടിക്കളയുന്നതാണ്; |
| അചേതനാ | ബുദ്ധിഭ്രമംപൂണ്ട് | അപി വാ | അല്ലാത്തപക്ഷം |
| നിരാശാ | നിരാശയായ്തീൎന്ന അവൾ | അപഃ | വെള്ളത്തിൽ |
| ശ്രാദ്ധം ദത്വാ | പിണ്ഡപ്രദാനം ചെയ്തതിൽ പിന്നെ | പ്രവേക്ഷ്യതി | മുങ്ങിച്ചാവുന്നതാണ് |
| | | നൂനം | തീൎച്ചതന്നെ. |

ധിഗസ്തു കുബ്ജാമസതീം മന്ഥരാം പാപനിശ്ചയാം
യന്നിമിത്തമിദം ദുഃഖം കൌസല്യാ പ്രതിപത്സ്യതേ. 62

| | | | |
|---|---|---|---|
| "കൌസല്യാ | "കൌസല്യാ ദേവി | അസതീം | പാപിനിയും |
| യന്നിമിത്തം | യാതൊരുവൾ കാരണമായി | കുബ്ജാം | കൂനിയുമായ |
| ഇദം ദുഃഖം | ഈ ദുഃഖത്തെ | മന്ഥരാം | ആ മന്ഥരയെ |
| പ്രതിപത്സ്യതേ | പ്രാപിക്കുമോ | ധിക് അസ്തു" | ലോകം ദുഷിക്കാതിരിക്കില്ല." |
| പാപനിശ്ചയാം | ദുഷ്ടബുദ്ധിയും | | |

ഇത്യേവം മൈഥിലീം ദൃഷ്ട്വാ വിലപന്തീം തപസ്വിനീം
രോഹിണീമിവ ചന്ദ്രേണ വിനാ ഗ്രഹവശം ഗതാം. 63
ഏതസ്മിന്നന്തരേ തസ്യ അമാത്യോ ബുദ്ധിമാൻ ശുചിഃ
സുപാൎശ്വോ നാമ മേധാവീ രാക്ഷസോ രാക്ഷസേശ്വരം
നിവാൎയ്യമാണം സചിവൈരിദം വചനമബ്രവീത്. 64

| | | | |
|---|---|---|---|
| ഏതസ്മിൻ അന്തരേ | ഇതിന്നിടയിൽ | ചന്ദ്രേണ വിനാ | ചന്ദ്രനെപ്പിരിഞ്ഞു് |
| തസ്യ | ആ രാവണന്റെ | ഗ്രഹവശം | ക്രൂരഗ്രഹത്തിന്റെ |
| അമാത്യഃ | സചിവൻ | ഗതാം | അകപ്പെട്ട [കയ്യിൽ |
| ബുദ്ധിമാൻ | ബുദ്ധിശാലിയും | രോഹിണീംഇവ | രോഹിണിയെപ്പോലിരിക്കുന്നവളുമായ |
| ശുചിഃ | സത്സ്വഭാവിയും | മൈഥിലീം | മൈഥിലിയെ |
| മേധാവീ | സമയോചിതജ്ഞനുമായ | ദൃഷ്ട്വാ | കണ്ട്, |
| സുപാൎശ്വഃ നാമ | സുപാൎശ്വനെന്ന | സചിവൈഃ | മന്ത്രികളാൽ |
| രാക്ഷസഃ | രാക്ഷസൻ | നിവാൎയ്യമാണം | തടുക്കപ്പെടുന്ന |
| ഇതി ഏവം | മേൽപ്രകാരം | രാക്ഷസേശ്വരം | രാക്ഷസാധിപനെ നോക്കി |
| വിലപന്തീം | വിലപിച്ചുകൊണ്ടിരിക്കുന്നവളും | വചനം | ഒരു വാക്യത്തെ |
| തപസ്വിനീം | ദൈന്യസ്ഥിതിയിലിരിക്കുന്നവളും | ഇദം | ഇപ്രകാരം |
| | | അബ്രവീത്, | ബോധിപ്പിച്ചു. |

[ഈ സുപാൎശ്വൻതന്നെയാകുന്നു അവിന്ധ്യനെന്നും പറയപ്പെടുന്ന മന്ത്രി, എന്ന് (തിലകം); മഹാഭാരതത്തിൽ ഈ ഘട്ടത്തിൽ അവിന്ധ്യനെന്ന മന്ത്രിയാകുന്നു രാവണനെ തടയുന്നത് എന്ന് പറയപ്പെട്ടിരിക്കുന്നു. "അശോകവനികാസ്ഥാം താം രാമ-

ദർശനലാലസാം ഖഡ്ഗമാദായ ദുഷ്ടാത്മാ ജവേനാഭിപപാത ഹ. തദ്ബുദ്ധ്വാ തസ്യ ദുർബുദ്ധേരവിന്ധ്യഃ പാപനിശ്ചയം. ശമയാമാസ സംക്രുദ്ധം ശ്രൂയതാം യേന ഹേതുനാ." (വനപർവ്വം.)]

കഥം നാമ ദശഗ്രീവ സാക്ഷാദ്വൈശ്രവണാനുജ
ഹന്തുമിച്ഛസി വൈദേഹീം ക്രോധാദ്ധർമ്മമപാസ്യ ഹി. 65

| | | | |
|---|---|---|---|
| "സാക്ഷാത് | "സാക്ഷാത് | അപാസ്യ | പരിത്യജിച്ച് |
| വൈശ്രവണാനുജ | കുബേരന്റെ സഹോദരനായ | കഥം നാമ | എന്തിനാണ് |
| ദശഗ്രീവ | രാവണ | വൈദേഹീം | സീതയെ |
| ക്രോധാത് | കോപത്താൽ | ഹന്തും | വധിപ്പാൻ |
| ധർമ്മം ഹി | ധർമ്മത്തെത്തന്നെ | ഇച്ഛസി | ഭാവിക്കുന്നത്? |

വേദവിദ്യാവ്രതസ്നാതഃ സ്വകർമ്മനിരതഃ സദാ
സ്ത്രിയാഃ കസ്മാദ്വധം വീര മന്യസേ രാക്ഷസേശ്വര. 66

| | | | |
|---|---|---|---|
| "വീര | "ശൂരനായ | സ്വകർമ്മനിരതഃ | സ്വകർമ്മനിഷ്ഠനായിവർത്തിക്കുന്ന നിന്തിരുവടി |
| രാക്ഷസേശ്വര | രാക്ഷസേശ്വര | കസ്മാത് | എന്തുകൊണ്ടാണ് |
| വേദവിദ്യാവ്രതസ്നാതഃ | വേദശാസ്ത്രാദികൾ അഭ്യസിച്ച് | സ്ത്രിയാഃ വധം | സ്ത്രീയുടെ വധത്തിന്നായി |
| സദാ | എല്ലായ്പ്പോഴും | മന്യസേ | ഭാവിക്കുന്നത്? |

മൈഥിലീം രൂപസമ്പന്നാം പ്രത്യവേക്ഷസ്വ പാർത്ഥിവ
ത്വമേവ തു സഹാസ്മാഭീഃ രാഘവേ ക്രോധമുത്സൃജ. 67

| | | | |
|---|---|---|---|
| "പാർത്ഥിവ | "മഹാരാജാവേ | ത്വം | നിന്തിരുവടി |
| രൂപസമ്പന്നാം | സുകുമാരിയായ | അസ്മാഭിഃ | ഞങ്ങളോട് |
| മൈഥിലീം | ജാനകിയെ | സഹ | കൂടി |
| പ്രത്യവേക്ഷസ്വ | നല്ലപോലെ രക്ഷിച്ചുകൊണ്ടാലും; | രാഘവേ | രാഘവനുനേരെ |
| | | ക്രോധം | ക്രോധത്തെ |
| തു ഏവ | ഇപ്പോൾതന്നെ | ഉത്സൃജ. | പ്രകടിപ്പിച്ചാലും. |

അഭ്യുത്ഥാനം ത്വമദ്യൈവ കൃഷ്ണപക്ഷചതുർദ്ദശീം
കൃത്വാ നിര്യാഹ്യമാവാസ്യാം വിജയായ ബലൈർവൃതഃ 68

| | | | |
|---|---|---|---|
| "ത്വം | "നിന്തിരുവടി | ബലൈഃ | സൈന്യങ്ങളാൽ |
| അദ്യ ഏവ | ഈ ക്ഷണംതന്നെ | വൃതഃ | ചൂഴപ്പെട്ടവനായി |
| കൃഷ്ണപക്ഷചതുർദ്ദശീം | കൃഷ്ണപക്ഷചതുർദ്ദശിയിൽ | അഭ്യുത്ഥാനം കൃത്വാ | യാത്രപുറപ്പെട്ട് |
| വിജയായ | വിജയം നേടുന്നതിന്നായി, | അമാവാസ്യാം | കറുത്തവാവുനാൾ |
| | | നിര്യാഹി. | നിർഗ്ഗമിച്ചാലും. |

[ചതുർദ്ദശിയിൽ യാത്രപുറപ്പെട്ടാൽ മരണം ഫലമാകുന്നു എന്നു കാലപ്രകാശിക. "പ്രഥമായാം തു യാത്രായാം ക്ലേശോ യാതുർന സംശയഃ ദ്വിതീയായാം തു വിജയം തൃതീയായാം ധനം ലഭേത്. ചതുർത്ഥ്യാം സ്യാന്മഹദ്ദുഃഖം പഞ്ചമ്യാം ശ്രിയമാപ്നുയാത്. ഷഷ്ഠ്യാം കാര്യവിനാശഃ സ്യാത് സപ്തമ്യാം വിജയോ ഭവേത്. അഷ്ട

മ്യാം വ്യാധിപീഡാ സ്യാത് നവമ്യാം മരണം ധ്രുവം. ദശമ്യാം ധനലാഭഃ സ്യാദേകാദശ്യാം തു നിർഭയം. ദ്വാദശ്യാം കാര്യഹാനിഃ സ്യാദ്യാത്രുസ്തസ്യ ന സംശയഃ ത്രയോദശ്യാം ശുഭം പ്രോക്തം ചതുർദ്ദശ്യാം മൃതിർഭവേത്. പരാജയസ്തു ദർശേസ്യാത് പൌർണ്ണമാസ്യാം വിനാശകൃത്. ശുക്ലപ്രതിപദം കൃഷ്ണചതുർദ്ദശ്യാം തഥൈവ ച. ന യാതി യാതാ സ്വഗൃഹം വിത്തനാശം ച ഗച്ഛതി.'']

സന്നദ്ധഃ കവചീ ഖഡ്ഗീ രഥപ്രവരമാസ്ഥിതഃ
ഹത്വാ ദാശരഥിം രാമം ഭവാൻ പ്രാപ്സ്യതി മൈഥിലീം. 69

| | | | |
|---|---|---|---|
| "ഭവാൻ | ''നിന്തിരുവടി | സന്നദ്ധഃ | സന്നദ്ധനായി |
| കവചീ | കവചംപൂണ്ടു് | ദാശരഥിം | ദശരഥാത്മജനായ |
| ഖഡ്ഗീ | വാളേന്തി | രാമം ഹത്വാ | രാമനെ വധിച്ചു്, |
| രഥപ്രവരം | ശ്രേഷ്ഠമായ രഥത്തിൽ | മൈഥിലീം | സീതയെ |
| ആസ്ഥിതഃ | ഇരുന്നുകൊണ്ടു്, | പ്രാപ്സ്യതി.'' | പ്രാപിക്കുന്നതാണു്." |

സ ദുരാത്മാ സുഹൃദാ നിവേദിതം
വചഃ സുധർമ്മ്യം പ്രതിഗൃഹ്യ രാവണഃ
ഗൃഹം ജഗാമാഥ തതശ്ച വീര്യവാൻ
പുനഃ സഭാം ച പ്രയയൌ സുഹൃദ്വൃതഃ 70

| | | | |
|---|---|---|---|
| സഃ ദുരാത്മാ | ആ ദുഷ്ടാത്മാവായ | ഗൃഹം | രാജധാനിക്കു് |
| രാവണഃ | രാവണൻ, | ജഗാമ | തിരിച്ചു; |
| സുഹൃദാ | ആപ്തനാൽ | വീര്യവാൻ | വീര്യശാലിയായ അ[വൻ |
| നിവേദിതം | പറയപ്പെട്ടതും | പുനഃ ച | വീണ്ടും |
| സുധർമ്മ്യം | ധർമ്മാനുസൃതവുമായ | തതഃ | അവിടെനിന്നു് |
| തത് വചഃ | ആ വാക്യത്തെ | സഭാം ച | സഭയിലേക്കു് |
| പ്രതിഗൃഹ്യ | അംഗീകരിച്ചു് | സുഹൃദ്വൃതഃ | സുഹൃത്തുക്കളാൽ ചൂഴ |
| അഥ | അനന്തരം | പ്രയയൌ. | ചെന്നു. [പ്പെട്ടവനായി |

ഇത്യാർഷേ ശ്രീമദ്രാമായണേ വാൽമീകീയേ ആദികാവ്യേ യുദ്ധകാണ്ഡേ ത്രിനവതിതമഃ സർഗ്ഗഃ=തൊണ്ണൂറ്റിമൂന്നാംസർഗ്ഗം സമാപ്തം.

ആദ്യംമുതൽ ശ്ലോകസംഖ്യ 19097; യുദ്ധകാണ്ഡം ആദ്യംമുതൽ ശ്ലോകസംഖ്യ 4422

---

## ചതുർനവതിതമഃ സർഗ്ഗഃ = തൊണ്ണൂറ്റിനാലാംസർഗ്ഗം

[ഗാന്ധർവ്വാസ്ത്രപ്രയോഗഃ=ശ്രീരാമൻ ഗാന്ധർവ്വാസ്ത്രം പ്രയോഗിക്കുന്നതു്]

സ പ്രവിശ്യ സഭാം രാജാ ദീനഃ പരമദുഃഖിതഃ
നിഷസാദാസനേ മുഖ്യേ സിംഹഃ ക്രുദ്ധ ഇവ ശ്വസൻ. 1

| | | | |
|---|---|---|---|
| സഃ | ആ | ശ്വസൻ | ചീറിക്കൊണ്ടു് |
| രാജാ | രാവണമഹാരാജാവു് | സഭാം | സഭയിൽ |
| പരമദുഃഖിതഃ | അതിദുഃഖിതനായി | പ്രവിശ്യ | പ്രവേശിച്ചു് |
| ദീനഃ | പരവശനായി | മുഖ്യേ | ശ്രേഷ്ഠമായ |
| ക്രുദ്ധഃ | ക്രുദ്ധിച്ച | ആസനേ | സിംഹാസനത്തിൽ |
| സിംഹഃ ഇവ | സിംഹംപോലെ | നിഷസാദ | ഉപവേശിച്ചു. |

അബ്രവീച്ച സ താൻ സൎവ്വാൻ ബലമുഖ്യാൻ മഹാബലഃ
രാവണഃ പ്രാഞ്ജലിൎവാക്യം പുത്രവ്യസനകൎഷിതഃ 2

| | | | |
|---|---|---|---|
| മഹാബലഃ | അതിബലശാലിയും | ബലമുഖ്യാൻ | സേനാധിപന്മാർ |
| പുത്രവ്യസനകൎഷിതഃ | പുത്രശോകപീഡിതനുമായ | സൎവ്വാൻ ച | എല്ലാവരേയും നോക്കി |
| സഃ രാവണഃ | ആ രാവണൻ | പ്രാഞ്ജലിഃ | കൈക്കൂപ്പിക്കൊണ്ട് |
| താൻ | ആ | വാക്യം അബ്രവീത് | ഇങ്ങിനെ പറഞ്ഞു. |

സൎവ്വേ ഭവന്തഃ സൎവ്വേണ ഹസ്ത്യശ്വേന സമാവൃതാഃ
നിൎയ്യാന്തു രഥസംഘൈശ്ച പാദാതൈശ്ചോപശോഭിതാഃ 3

| | | | |
|---|---|---|---|
| "ഭവന്തഃ | "നിങ്ങൾ | സമാവൃതാഃ | ചുഴപ്പെട്ടവരായി |
| സൎവ്വേ | എല്ലാവരും | രഥസംഘൈഃ ച | രഥനിരകളാലും |
| സൎവ്വേണ | എല്ലാ | പാദാതൈഃ ച | കാലാൾപടകളാലും |
| ഹസ്ത്യശ്വേന, | ആനകൾ, കുതിരകൾ എന്നവയുടെക്കൂട്ടത്താൽ | ഉപശോഭിതാഃ | പരിശോഭിക്കുന്നവരായി |
| | | നിൎയ്യാന്തു. | പുറപ്പെട്ടുചെല്ലുവിൻ. |

ഏകം രാമം പരിക്ഷിപ്യ സമരേ ഹന്തുമൎഹഥ
വൎഷന്തഃ ശരവൎഷേണ പ്രാവൃട്കാല ഇവാംബുദാഃ 4

| | | | |
|---|---|---|---|
| "സമരേ | "പോരിൽ | അംബുദാഃ | മേഘങ്ങൾ |
| ഏകം | ഏകനായി നില്ക്കുന്ന | ഇവ | എന്നപോലെ |
| രാമം | രാമനെ | ശരവൎഷേണ | ബാണവൎഷത്താൽ |
| പരിക്ഷിപ്യ | വളഞ്ഞ് | വൎഷന്തഃ | തൂകുന്നവരായി |
| പ്രാവൃട്കാലേ | മഴക്കാലത്തിൽ | ഹന്തും അൎഹഥ. | കൊല്ലുവിൻ. |

അഥവാഹം ശരൈസ്തീക്ഷ്ണൈൎഭിന്നഗാത്രം മഹാരണേ
ഭവദ്ഭിഃ ശ്വോ നിഹന്താസ്മി രാമം ലോകസ്യ പശ്യതഃ 5

| | | | |
|---|---|---|---|
| "അഥവാ | "അല്ലാത്തപക്ഷം | പശ്യതഃ | നോക്കിക്കൊണ്ടിരിക്കെ |
| അഹം | ഞാൻ | രാമം | രാമനെ |
| ശ്വഃ | നാളെ | തീക്ഷ്ണൈഃ | നിശിതങ്ങളായ |
| മഹാരണേ | വൻ പോരിൽ | ശരൈഃ | ബാണങ്ങളാൽ |
| ഭവദ്ഭിഃ | നിങ്ങളോടു കൂടി | ഭിന്നഗാത്രം | ദേഹത്തെ പിളൎന്ന് |
| ലോകസ്യ | ലോകം | നിഹന്താസ്മി." | വധിക്കുന്നുണ്ട്." |

ഇത്യേതദ്രാക്ഷസേന്ദ്രസ്യ വാക്യമാദായ രാക്ഷസാഃ
നിൎയ്യയുസ്തേ രഥൈഃ ശീഘ്രൈൎന്നാനാനീകൈഃ സുസംവൃതാഃ 6

| | | | |
|---|---|---|---|
| തേ രാക്ഷസാഃ | ആ രാക്ഷസന്മാർ | ശീഘ്രൈഃ | വേഗതയുള്ള |
| രാക്ഷസേന്ദ്രസ്യ | രാക്ഷസേന്ദ്രന്റെ | രഥൈഃ | രഥങ്ങളോടുകൂടി |
| ഇതി | മേൽപ്രകാരമുള്ള | നാനാനീകൈഃ | പല സേനകളാൽ |
| ഏതത് വാക്യം | ഈ വാക്യത്തെ | സുസംവൃതാഃ | ചുഴപ്പെട്ടവരായി |
| ആദായ | ശിരസാവഹിച്ച് | നിൎയ്യയുഃ | പുറപ്പെട്ടുചെന്നു. |

പരിഘാൻ പട്ടിശാംശ്ചൈവ ശരഖഡ്ഗപരശ്വധാൻ
ശരീരാന്തകരാൻ സർവ്വേ ചിക്ഷിപുർവ്വാനരാൻ പ്രതി. 7

| | |
|---|---|
| സർവ്വേ | എല്ലാവരും |
| ശരീരാന്തകരാൻ | ശരീരനാശകരങ്ങളാ[യ |
| പരിഘാൻ | ഇരുമ്പുലക്കകളേയും |
| പട്ടിശാൻ ഏവ | ചെറുകുന്തങ്ങളേയും |
| ശരഖഡ്ഗ- പരശ്വധാൻ ച | ബാണങ്ങളേയും, ഖഡ്ഗങ്ങളേയും കോടാലികളേയും |
| വാനരാൻ പ്രതി | വാനരന്മാരുടെ നേരെ |
| ചിക്ഷിപുഃ | എറിഞ്ഞു. |

വാനരാശ്ച ദ്രുമാൻ ശൈലാൻ രാക്ഷസാൻ പ്രതി ചിക്ഷിപുഃ 8

| | |
|---|---|
| വാനരാഃ ച | വാനരന്മാരും |
| ദ്രുമാൻ | മരങ്ങളേയും |
| ശൈലാൻ | മലകളേയും |
| രാക്ഷസാൻ പ്രതി | രാക്ഷസന്മാരുടെനേരെ |
| ചിക്ഷിപുഃ | എറിഞ്ഞു. |

സ സംഗ്രാമോ മഹാൻ ഭീമഃ സൂര്യസ്യോദയനം പ്രതി
രക്ഷസാം വാനരാണാം ച തുമുലഃ സമപദ്യത. 9

| | |
|---|---|
| സൂര്യസ്യ | ആദിത്യന്റെ |
| ഉദയനം പ്രതി | ഉദയംമുതൽ |
| രക്ഷസാം | രാക്ഷസന്മാരുടേയും |
| വാനരാണാം ച | വാനരന്മാരുടേയും |
| സഃ | ആ |
| സംഗ്രാമഃ | യുദ്ധം |
| മഹാൻ | ഏററവും |
| ഭീമഃ | ഭയങ്കരമായും |
| തുമുലഃ | ബഹളമായും |
| സമപദ്യത. | നടന്നു. |

തേ ഗദാഭിർവ്വിചിത്രാഭിഃ പ്രാസൈഃ ഖഡ്ഗൈഃ പരശ്വധൈഃ
അന്യോന്യം സമരേ ജഘ്നുസ്തദാ വാനരരാക്ഷസാഃ 10

| | |
|---|---|
| തദാ | അപ്പോൾ |
| തേ | ആ |
| വാനര- രാക്ഷസാഃ | വാനരന്മാരും രാക്ഷസന്മാരും |
| സമരേ | പോരിൽ |
| വിചിത്രാഭിഃ | ആശ്ചര്യകരമായ |
| ഗദാഭിഃ | ഗദകൾകൊണ്ടും |
| പ്രാസൈഃ | കുന്തങ്ങൾകൊണ്ടും |
| ഖഡ്ഗൈഃ | ഖഡ്ഗങ്ങൾകൊണ്ടും |
| പരശ്വധൈഃ | കോടാലികൾകൊണ്ടും |
| അന്യോന്യം | തമ്മിൽ തമ്മിൽ |
| ജഘ്നുഃ. | പ്രഹരിച്ചു. |

ഏവം പ്രവൃത്തേ സംഗ്രാമേ ഹ്യുദ്ഭൂതം സുമഹദ്രജഃ
രക്ഷസാം വാനരാണാം ച ശാന്തം ശോണിതവിസ്രവൈഃ 11

| | |
|---|---|
| സംഗ്രാമേ | സമരം |
| ഏവം | മേൽപ്രകാരം |
| പ്രവൃത്തേ | നടന്നുകൊണ്ടിരിക്കെ |
| സുമഹത് | കലശലായി |
| ഉദ്ഭൂതം | പൊങ്ങിയ |
| രജഃ | പൊടിപടലം |
| രക്ഷസാം | രാക്ഷസന്മാരുടേയും |
| വാനരാണാം ച | വാനരന്മാരുടേയും |
| ശോണിത- വിസ്രവൈഃ | രക്തപ്രവാഹങ്ങളാൽ |
| ശാന്തം ഹി. | ഒതുങ്ങിപ്പോയി. |

മാതംഗരഥകൂലാശ്ച വാജിമത്സ്യാ ധ്വജദ്രുമാഃ
ശരീരസംഘാടവഹാഃ പ്രസസ്രുഃ ശോണിതാപഗാഃ 12

| | |
|---|---|
| മാതംഗരഥകുലാ: | ആനകളും തേരുകളും കരകളായുള്ളവയും |
| വാജിമത്സ്യാ: | കുതിരകളാകുന്ന മത്സ്യങ്ങളോടുകൂടിയവയും |
| ധ്വജദ്രുമാ: | കൊടികളാകുന്ന മരങ്ങളുള്ളവയും |
| ശരീരസംഘാടവഹാ: ച | ശരീരങ്ങളാകുന്ന ചങ്ങാടങ്ങളോടുകൂടിയവയുമായ |
| ശോണിതാപഗാ: | ചോരപ്പുഴകൾ |
| പ്രസസ്രുഃ. | പ്രവഹിച്ചു തുടങ്ങി. |

തതസ്തേ വാനരാസ്സർവ്വേ ശോണിതൌഘപരിപ്ലുതാഃ
ധ്വജവർമ്മരഥാനശ്വാൻ നാനാപ്രഹരണാനി ച
ആപ്ലുത്യാപ്ലുത്യ സമരേ രാക്ഷസാനാം ബഭഞ്ജിരേ. 13

| | |
|---|---|
| തതഃ | അപ്പോൾ |
| ശോണിതൌഘപരിപ്ലുതാഃ | രക്തത്തിൽ മുഴുകിയവരായ |
| തേ | ആ |
| വാനരാഃ | വാനരന്മാർ |
| സർവ്വേ | എല്ലാവരും |
| സമരേ | പോരിൽ |
| രാക്ഷസാനാം | രാക്ഷസന്മാരുടെ |
| ധ്വജവർമ്മരഥാൻ | കൊടികളേയും കവചങ്ങളേയും രഥങ്ങളേയും |
| അശ്വാൻ | കുതിരകളേയും |
| നാനാപ്രഹരണാനി ച | പലവിധ ആയുധങ്ങളേയും |
| ആപ്ലുത്യ ആപ്ലുത്യ | ചാടിച്ചെന്നു് |
| ബഭഞ്ജിരേ. | തകർത്തു. |

കേശാൻ കർണ്ണലലാടാംശ്ച നാസികാശ്ച പ്ലവംഗമാഃ
രക്ഷസാം ദശനൈസ്തീക്ഷ്ണൈർന്നഖൈശ്ചാപി ന്യകൃന്തയൻ 14

| | |
|---|---|
| പ്ലവംഗമാഃ | വാനരന്മാർ |
| തീക്ഷ്ണൈഃ | കൂർത്ത |
| ദശനൈഃ ച | പല്ലുകൾകൊണ്ടും |
| നഖൈഃ അപി | നഖങ്ങൾകൊണ്ടും |
| രക്ഷസാം | രാക്ഷസന്മാരുടെ |
| കേശാൻ | തലമുടികളേയും |
| കർണ്ണലലാടാൻ ച | ചെവികളേയും നെററികളേയും |
| നാസികാഃ ച | മൂക്കുകളേയും |
| ന്യകൃന്തയൻ. | പിച്ചിച്ചീന്തി. |

ഏകൈകം രാക്ഷസം സംഖ്യേ ശതം വാനരപുംഗവാഃ
അഭ്യധാവന്ത ഫലിനം വൃക്ഷം ശകുനയോ യഥാ. 15

| | |
|---|---|
| വാനരപുംഗവാഃ | വാനരോത്തമന്മാർ |
| സംഖ്യേ | പോരിൽ |
| ഏകൈകം | ഓരോരോ |
| രാക്ഷസം ശതം | രാക്ഷസശതത്തേയും |
| ഫലിനം | പഴങ്ങൾനിറഞ്ഞ |
| വൃക്ഷം | വൃക്ഷത്തെ |
| ശകുനയഃ | പക്ഷികൾ |
| യഥാ | എന്നപോലെ |
| അഭ്യധാവന്ത. | ഏററെതിർത്തു. |

തഥാ ഗദാഭിർഗ്ഗുർവ്വീഭിഃ പ്രാസൈഃ ഖഡ്ഗൈഃ പരശ്വധൈഃ
നിജഘ്നുർവ്വാനരാൻ ഘോരാൻ രാക്ഷസാഃ പർവ്വതോപമാഃ 16

| | |
|---|---|
| പർവ്വതോപമാഃ | ഗിരിതുല്യരായ |
| രാക്ഷസാഃ | രാക്ഷസന്മാർ |
| തഥാ | അപ്രകാരംതന്നെ |
| ഗുർവ്വീഭിഃ | പെരുത്ത |
| ഗദാഭിഃ | ഗദകൾകൊണ്ടും |
| പ്രാസൈഃ | കുന്തങ്ങൾകൊണ്ടും |
| ഖഡ്ഗൈഃ ച | ഖഡ്ഗങ്ങൾകൊണ്ടും |
| ഘോരാൻ | ഭയങ്കരന്മാരായ |
| വാനരാൻ | വാനരന്മാരെ |
| നിജഘ്നുഃ. | ധ്വംസനംചെയ്തു. |

രക്ഷസൈരുദ്ധ്യമാനാനാം വാനരാണാം മഹാചമൂഃ
ശരണ്യം ശരണം യാതാ രാമം ദശരഥാത്മജം. 17

| | | | |
|---|---|---|---|
| രാക്ഷസൈ: | രാക്ഷസന്മാരാൽ | ശരണ്യം | രക്ഷകനായ |
| യുദ്ധ്യമാനാനാം | ഹിംസിക്കപ്പെടുന്ന | ദശരഥാത്മജം | ദശരഥകുമാരനായ |
| വാനരാണാം | വാനരന്മാരുടെ | രാമം | ശ്രീരാമനെ |
| മഹാചമൂഃ | ആ വൻപട, | ശരണം യാതാ | ശരണംപ്രാപിച്ചു. |

തതോ രാമോ മഹാതേജാ ധനുരാദായ വീൎയ്യവാൻ
പ്രവിശ്യ രാക്ഷസം സൈന്യം ശരവൎഷം വവൎഷ ഹ. 18

| | | | |
|---|---|---|---|
| തത: | അപ്പോൾ | രാക്ഷസം സൈന്യം | രാക്ഷസസൈന്യത്തിൽ |
| മഹാതേജാഃ | മഹാതേജസ്വിയും | | |
| വീൎയ്യവാൻ | വീൎയ്യശാലിയുമായ | പ്രവിശ്യ | പുക്കു് |
| രാമഃ | ശ്രീരാമൻ | ശരവൎഷം | ശരമാരി |
| ധനുഃ ആദായ | വില്ലുകയ്യേക്കൊണ്ടു് | വവൎഷ ഹ. | പൊഴിച്ചു. |

പ്രവിഷ്ടം തു തദാ രാമം മേഘാഃ സൂൎയ്യമിവാംബരേ
നാഭിജഗ്മുൎമ്മഹാഘോരം നിൎദ്ദഹന്തം ശരാഗ്നിനാ. 19

| | | | |
|---|---|---|---|
| തദാ | അപ്പോൾ | രാമം തു | ശ്രീരാമനേയും |
| ശരാഗ്നിനാ | ബാണാഗ്നിയാൽ | അംബരേ | ആകാശത്തിൽ |
| മഹാഘോരം | അതിഭയങ്കരമാംവണ്ണം | സൂൎയ്യം | സൂൎയ്യനെ |
| നിൎദ്ദഹന്തം | ദഹിപ്പിക്കുന്നവനായി | മേഘാ: ഇവ | മേഘങ്ങൾ എന്നപോ[ലെ] |
| പ്രവിഷ്ടം | പ്രവേശിച്ച | അഭിജഗ്മുഃ ന. | അടുത്തതേയില്ല. |

കൃതാന്യേവ സുഘോരാണി രാമേണ രജനീചരാഃ
രണേ രാമസ്യ ദദൃശുഃ കൎമ്മാണ്യസുകരാണി ച. 20

| | | | |
|---|---|---|---|
| രണേ | പോരിൽ | കൎമ്മാണി | കൃത്യങ്ങൾ |
| രാമേണ | ശ്രീരാമനാൽ | കൃതാനി ഏവ | ചെയ്യപ്പെട്ടശേഷം മാത്രമേ |
| സുഘോരാണി | അതിഭയങ്കരങ്ങളും | | |
| അസുകരാണി | ദുഷ്കരങ്ങളുമായ | രജനീചരാഃ ച | രാക്ഷസന്മാർ |
| രാമസ്യ | ശ്രീരാമൻെറ | ദദൃശുഃ ന. | കണ്ടതേയില്ല. |

[പ്രവൃത്തികൾ ചെയ്യപ്പെടുന്നതിനെ കാണ്മാൻ കഴിഞ്ഞില്ല; ചെയ്തതിന്നുശേഷം മാത്രമേ ഗ്രഹിക്കയുണ്ടായുള്ളു, എന്നു ഗതിവേഗത്തെ പറയുന്നു.]

ചാലയന്തം മഹാനീകം വിധമന്തം മഹാരഥാൻ
ദദൃശുസ്തേ ന വൈ രാമം വാതം വനഗതം യഥാ. 11

| | | | |
|---|---|---|---|
| തേ | അവർ | രാമം വൈ | ശ്രീരാഘവനെ |
| മഹാനീകം | വൻ പടയെ | വനഗതം | കാട്ടിൽ ചുഴലുന്ന |
| ചാലയന്തം | കലക്കിമറിക്കുന്നവനും | വാതം | കാററിനെ |
| മഹാരഥാൻ | അതിരഥന്മാരെ | യഥാ | എന്നപോലെ |
| വിധമന്തം | പറപ്പിക്കുന്നവനുമായ | ദദൃശുഃ ന. | കണ്ടതേയില്ല. |

[ഫലങ്ങളിൽനിന്നു് ക്രിയയെ അനുമാനിക്കേണ്ടിയിരിക്കുന്നു എന്നു സാരം.]

ഛിന്നം ഭിന്നം ശരൈർദഗ്ദ്ധം പ്രഭഗ്നം ശസ്ത്രപീഡിതം
ബലം രാമേണ ദദൃശുർന്ന രാമം ശീഘ്രകാരിണം. 22

| | | | |
|---|---|---|---|
| രാമേണ | ശ്രീരാമനാൽ | പ്രഭഗ്നം | ചിതറിക്കപ്പെട്ടതുമായ |
| ശരൈഃ | ബാണങ്ങൾകൊണ്ട് | ബലം | സൈന്യത്തെ |
| ദഗ്ദ്ധം | ചുട്ടെരിക്കപ്പെട്ടതും | ദദൃശുഃ | കണ്ടു; |
| ഛിന്നം | ഛേദിക്കപ്പെട്ടതും | ശീഘ്രകാരിണം | ശീഘ്രകാരിയായ |
| ഭിന്നം | പിളർക്കപ്പെട്ടതും | രാമം | ശ്രീരാമനെ മാത്രം |
| ശസ്ത്രപീഡിതം | ആയുധങ്ങളാൽ പീഡിക്കപ്പെട്ട | ന. | കാണുകയുണ്ടായില്ല. |

പ്രഹരന്തം ശരീരേഷു ന തേ പശ്യന്തി രാഘവം
ഇന്ദ്രിയാർത്ഥേഷു തിഷ്ഠന്തം ഭൂതാത്മാനമിവ പ്രജാഃ. 23

| | | | |
|---|---|---|---|
| തേ | അവർ | ഇന്ദ്രിയാർത്ഥേഷു | ഇന്ദ്രിയവൃത്തികളിൽ |
| ശരീരേഷു | ശരീരങ്ങളിൽ | തിഷ്ഠന്തം | വ്യാപരിക്കുന്ന |
| പ്രഹരന്തം | പ്രഹരിക്കുന്ന | ഭൂതാത്മാനം | ജീവാത്മാവിനെ |
| രാഘവം | ശ്രീരാഘവനെ | ഇവ | എന്നപോലെ |
| പ്രജാഃ | ജനങ്ങൾ | പശ്യന്തി ന. | കാണുന്നില്ല. |

[“ഇന്ദ്രിയാർത്ഥങ്ങളെ അനുഭവിക്കുന്നവനും, ആ അനുഭവംകൊണ്ട് അനുമാനിക്കപ്പെടാവുന്നവനായാലും, പാഞ്ചഭൌതികമായ ശരീരത്തിൽ സ്ഥിതിചെയ്യുന്ന ജീവാത്മാവിനെ പ്രജകൾ എപ്രകാരം അറിയിക്കാതിരിക്കുന്നുവോ, അപ്രകാരം തങ്ങടെ ശരീരത്തിൽ പ്രഹരിക്കുന്നവനും, ആ പ്രഹരത്താൽ ഉണ്ടെന്നനുമാനിക്കപ്പെടത്തക്കവനും ആയ ശ്രീരാഘവനെ മുന്നിൽ കണ്ണുകൊണ്ട് കാണുകയുണ്ടായില്ല,” അഥവാ “ഇന്ദ്രിയാർത്ഥങ്ങൾ പ്രത്യക്ഷത്തിൽ അനുഭവിക്കപ്പെടുമ്പോഴുള്ള ഗന്ധാദിഗുണങ്ങളിൽ, നിരാശ്രയമായി ഗുണം സ്ഥിതിചെയ്യുന്നത് അസംഭാവ്യമാകയാൽ, സൂക്ഷ്മരൂപത്തിൽ അവയിൽ വ്യവസ്ഥിതിചെയ്യുന്ന പൃഷ്ഠാദ്യവയവഭൂതമായ ഭൂതാത്മാവിനെ, അതായത് പൃഥിവ്യാദികളുടെ സ്വരൂപത്തെ, എന്നപോലെ.” എന്നു ഗോ. രാ.]

ഏഷ ഹന്തി ഗജാനീകമേഷ ഹന്തി മഹാരഥാൻ
ഏഷ ഹന്തി ശരൈസ്തീക്ഷ്ണൈഃ പദാതീൻ വാജിഭിഃ സഹ 24
ഇതി തേ രാക്ഷസാഃ സർവ്വേ രാമസ്യ സദൃശാൻ രണേ
അന്യോന്യം കുപിതാ ജഘ്നുഃ സാദൃശ്യാദ്രാഘവസ്യ തേ. 25

| | | | |
|---|---|---|---|
| തേ | ആ | ഏഷഃ | ഇതാ |
| രാക്ഷസാഃ | രാക്ഷസന്മാർ | മഹാരഥാൻ | പോരാളികളെ |
| സർവ്വേ | എല്ലാവരും | ഹന്തി | വധിക്കുന്നു; |
| രാഘവസ്യ | ശ്രീരാഘവന്റെ | ഏഷഃ | ഇതാ |
| സാദൃശ്യാത് | സാമ്യത്താൽ | വാജിഭിഃ സഹ | കുതിരകളോടുകൂടി |
| “ഏഷഃ | “ഇതാ | പദാതീൻ | കാലാൾപ്പടകളെ |
| ഗജാനീകം | ആനപ്പടയെ | തീക്ഷ്ണൈഃ | നിശിതങ്ങളായ |
| ഹന്തി | നശിപ്പിക്കുന്നു; | ശരൈഃ | ബാണങ്ങളാൽ |

| | | | |
|---|---|---|---|
| ഹന്തി" | കൊന്നൊടുക്കുന്നു" | രാമസ്യ | ശ്രീരാമന്നു് |
| ഇതി | എന്നിങ്ങിനെ | സദൃശാൻ | തുല്യരായ്തോന്നപ്പെട്ട തങ്ങളെ |
| രണേ | പോരിൽ | അന്യോന്യം | തമ്മിൽതമ്മിൽ |
| തേ | അവർ | ജഘ്നുഃ. | പ്രഹരിച്ചു. |
| കുപിതാഃ | ക്രുദ്ധിച്ചു് | | |

[ഇങ്ങിനെ ഓരോ രാക്ഷസന്മാരും ശ്രീരാമൻതന്നെയാണെന്നു് അവർ ധരിച്ചതു് ഗാന്ധർവ്വാസ്ത്രത്തിന്റെ മഹിമയാകുന്നു. താഴെ ശ്ലോകം നോക്കുക.]

ന തേ ദദൃശിരേ രാമം ദഹന്തമരിവാഹിനീം
മോഹിതാഃ പരമാസ്ത്രേണ ഗാന്ധർവ്വേണ മഹാത്മനാ. 26

| | | | |
|---|---|---|---|
| തേ | അവർ | മഹാത്മനാ | ആ മഹാത്മാവിനാൽ |
| അരിവാഹിനീം | ശത്രുസൈന്യത്തെ | ഗാന്ധർവ്വേണ | ഗാന്ധർവ്വമെന്ന |
| ദഹന്തം | ദഹിപ്പിക്കുന്ന | പരമാസ്ത്രേണ | ദിവ്യാസ്ത്രത്താൽ |
| രാമം | ശ്രീരാമനെ | മോഹിതാഃ. | അന്ധാളിപ്പിക്കപ്പെട്ടു. |
| ദദൃശിരേ ന | കാണുകയുണ്ടായില്ല; | | |

[ഗായത്രിയിലെ 20-ാമത്തെ അക്ഷരം ഇതിൽ ഒന്നാംപാദത്തിൽ വിന്യസിക്കപ്പെട്ടിരിക്കുന്നു എന്നു് വിദ്യാരണ്യമതം.]

തേ തു രാമസഹസ്രാണി രണേ പശ്യന്തി രാക്ഷസാഃ
പുനഃ പശ്യന്തി കാകുത്സ്ഥമേകമേവ മഹാഹവേ. 27

| | | | |
|---|---|---|---|
| തേ രാക്ഷസാഃതു | ആ രാക്ഷസന്മാരാകട്ടെ | പുനഃമഹാഹവേ | വീണ്ടും വൻപോരിൽ |
| രണേ | പോരിൽ | ഏകം | ഒരേ ഒരു |
| രാമസഹസ്രാണി | ആയിരക്കണക്കായ ശ്രീരാമന്മാരേയും | കാകുത്സ്ഥം ഏവ | ശ്രീരാമനെ മാത്രം |
| പശ്യന്തി | കാണുന്നു; | പശ്യന്തി. | കാണുന്നു. |

[അനേക രാമന്മാരെ കാണുന്നതു് ഭീതികൃതമാണെന്നു് "അപി രാമസഹസ്രാണി ഭീതഃ പശ്യാമി രാവണ" എന്ന മാരീചവചനം കാണ്ക: ഗോ. രാ.

ശ്രീരാമൻ ഇപ്രകാരം അനേക രാമന്മാരായി പരിലസിച്ചതും ഏകനായി വിലസിയതും വിശ്വരൂപകാത്മകനായ തന്റെ വിഭൂതിവിലാസമാകുന്നു എന്നു സംഗ്രഹരാമായണത്തിൽ പറയപ്പെട്ടിരിക്കുന്നു. "അപാംഗമാത്രേണ ജഗന്നിയന്താ നനേകരൂപോഽപി രിപൂൻ നിഹന്യാത്. ഐശ്വര്യമേവം ച നിദർശയൻ ഹി സ വിശ്വരൂപോ കൃതവിശ്വരൂപം." "ഏകീചകാരാഥ സ രാമദേവോ ദീപാദിമാനീ ച യഥാഽഗ്നിദേവഃ." സ.

ഭാരതത്തിൽ, രാവണൻ തന്റെ മായകൊണ്ടു് അനേകം രാക്ഷസന്മാരെ ശ്രീരാമലക്ഷ്മണന്മാരുടെ സ്വരൂപത്തിൽ നിർമ്മിച്ചു എന്നും പറയപ്പെട്ടിട്ടുണ്ടു്. "മായാവീ ചാസൃജന്മായാം രാവണോ രാക്ഷസാധിപഃ. തസ്യ ദേഹാദ്വിനിഷ്ക്രാന്താഃ ശതശോഽഥ സഹസ്രശഃ. രാക്ഷസാഃ പ്രത്യദൃശ്യന്ത ശരശക്ത്യൃഷ്ടിപാണയഃ. താൻ രാമോ ജഘ്നിവാൻ സർവ്വാൻ ദിവ്യേനാസ്ത്രേണ രാക്ഷസാൻ. അഥ ഭൂയോഽപി മായാം സ വ്യദധാദ്രാക്ഷസാധിപഃ." (വനപർവ്വം 289;) സ.]

ഭ്രമന്തീം കാഞ്ചനീം കോടിം കാർമ്മുകസ്യ മഹാത്മനഃ 28
അലാതചക്രപ്രതിമാം ദദൃശുസ്തേ ന രാഘവം.

| | |
|---|---|
| തേ | അവർ |
| അലാതചക്ര-പ്രതിമാം | വട്ടം ചുററുന്നതീക്കൊള്ളിക്കു തുല്യമായി |
| കാഞ്ചനീം | സ്വർണ്ണനിർമ്മിതവും |
| ഭ്രമന്തീം | ചുററിത്തിരിയുന്നതുമായ |
| മഹാത്മനഃ | ആ മഹാത്മാവിന്റെ |
| കാർമ്മുകസ്യ കോടിം | ചാപാഗ്രത്തെ |
| ദദൃശുഃ | വീക്ഷിച്ചു; |
| രാഘവം | ശ്രീരാഘവനെ |
| ന. | കാണുകയുണ്ടായില്ല. |

ശരീരനാഭി സത്വാർച്ചിഃ ശരാരം നേമികാർമ്മുകം 29
ജ്യാഘോഷതലനിർഘോഷം തേജോബുദ്ധിഗുണപ്രഭം.
ദിവ്യാസ്ത്രഗുണപര്യന്തം നിഘ്നന്തം യുധി രാക്ഷസാൻ 30
ദദൃശൂ രാമചക്രം തത് കാലചക്രമിവ പ്രജാഃ

| | |
|---|---|
| ശരീരനാഭി | ശരീരമാകുന്ന കുംഭത്തോടു (ചക്രത്തിന്റെ നടുക്കുള്ള കൂടം) കൂടിയതും |
| സത്വാർച്ചിഃ | പരാക്രമമാകുന്ന ജ്വാലയോടു കൂടിയതും |
| ശരാരം | ബാണങ്ങളാകുന്ന ആരകളുള്ളതും |
| നേമികാർമ്മുകം | വില്ലാകുന്ന വട്ടയോടു കൂടിയതും |
| ജ്യാഘോഷ-തലനിർഘോഷം | ഞാണൊലിയാകുന്ന ശബ്ദത്തോടു കൂടിയതും |
| തേജോബുദ്ധി-ഗുണപ്രഭം | തേജസ്സ്, ബുദ്ധിഗുണങ്ങൾ എന്നവയാകുന്ന ഒളിയോടു കൂടിയതും |
| ദിവ്യാസ്ത്ര-ഗുണപര്യന്തം | ദിവ്യാസ്ത്രങ്ങളോടുകൂടിയ ഞാണാകുന്ന ധാരകളോടു (മൂർച്ചയുള്ള അഗ്രം) കൂടിയതുമായ |
| തത് രാമചക്രം | ആ ശ്രീരാമനാകുന്ന [ചക്രത്തെ |
| പ്രജാഃ | പ്രജകൾ |
| കാലചക്രം | കാലചക്രത്തെ |
| ഇവ | എന്നപോലെ |
| യുധി | പോരിൽ |
| രാക്ഷസാൻ | രാക്ഷസന്മാരെ |
| നിഘ്നന്തം | നശിപ്പിക്കുന്നതായി |
| ദദൃശുഃ. | കണ്ടു. |

അനീകം ദശസാഹസ്രം രഥാനാം വാതരംഹസാം 31
അഷ്ടാദശസഹസ്രാണി കുഞ്ജരാണാം തരസ്വിനാം.
ചതുർദ്ദശ സഹസ്രാണി സാരോഹാണാം ച വാജിനാം 32
പൂർണ്ണേ ശതസഹസ്രേ ദ്വേ രാക്ഷസാനാം പദാതിനാം.
ദിവസസ്യാഷ്ടമേ ഭാഗേ ശരൈരഗ്നിശിഖോപമൈഃ 33
ഹതാന്യേകേന രാമേണ രക്ഷസാം കാമരൂപിണാം

| | |
|---|---|
| കാമരൂപിണാം | കാമരൂപികളായ |
| രക്ഷസാം | രാക്ഷസർക്കു ചേർന്നതായ |
| വാതരംഹസാം | വായുവേഗം പൂണ്ട |
| രഥാനാം | രഥങ്ങളുടെ |
| ദശസാഹസ്രം | പതിനായിരം |
| അനീകം | അനീകവും |
| തരസ്വിനാം | ഊക്കേറിയ |
| കുഞ്ജരാണാം | ആനകളുടെ അനീകം |
| അഷ്ടാദശ-സഹസ്രാണി | പതിനെണ്ണായിരവും |
| സാരോഹാ-ണാം വാജിനാം | കുതിരപ്പടയാളികളുടെ അനീകം |

| | |
|---|---|
| ചതുർദ്ദശസഹസ്രാണി ച | പതിന്നാലായിരവും |
| രാക്ഷസാനാം പദാതിനാം | രാക്ഷസക്കാലാൾപ്പടകളുടെ അനീകം |
| പൂർണ്ണേ | തികച്ചും |
| ദ്വേ ശതസഹസ്രേ | രണ്ടുലക്ഷവും |
| രാമേണൈകേന | ശ്രീരാമൻ ഒരുവനാൽ |
| അഗ്നിശിഖോപമൈഃ | അഗ്നിജ്വാലയ്ക്കു തുല്യങ്ങളായ |
| ശരൈഃ | ബാണങ്ങളാൽ |
| ദിവസസ്യ അഷ്ടമേ ഭാഗേ | ഒരു മുഹൂർത്തസമയം കൊണ്ട് |
| ഹതാനി. | കൊന്നൊടുക്കപ്പെട്ടു. |

[“ഏകേഭൈകരഥാ ത്ര്യശ്വാ പത്തിഃ പഞ്ചപദാതികാ. പത്ത്യംഗൈസ്ത്രിഗുണൈഃ സർവ്വൈഃ ക്രമാദാഖ്യാ യഥോത്തരം. സേനാമുഖം ഗുൽമഗണൌ വാഹിനീ പൃതനാ ചമൂഃ.” ഒരു ആന, ഒരു തേർ, മൂന്നു കുതിര, അഞ്ചു കാലാൾ ഇങ്ങിനെ പത്തു പടയാളികൾ ചേർന്നാൽ ഒരു പത്തിയെന്നു പേർ. ഇവ ഓരോന്നിനേയും ക്രമത്തിൽ മുമ്മൂന്നിരട്ടിച്ചാൽ, സേനാമുഖം, ഗുല്മം, ഗണം, വാഹിനീ, പൃതനാ, ചമൂ (അഥവാ അനീകം) എന്നവയ്ക്കു പേരാകുന്നു. ആകയാൽ ഒരു അനീകത്തിൽ 7290 പടയാളികൾ ഉണ്ടെന്നു കാണാം. അതിനാൽ “രഥാനാം ദശസാഹസ്രം അനീകം” എന്നു പറഞ്ഞതിൽനിന്ന്, 72900000 തേരുകൾ എന്നു ഗ്രാഹ്യമാകുന്നു. ഇപ്രകാരം 131220000 ആനപ്പടയാളികളെന്നും, 102060000 കുതിരപ്പടയാളികളെന്നും, 1458000000 കാലാളുകളെന്നും ഗ്രാഹ്യമാകുന്നു “ത്രിംശത്സഹസ്രാണി മഹൌഘകാനാമക്ഷൌഹിണീനാമഥ ഷട്സഹസ്രം” എന്നിങ്ങിനെയുള്ള സംഖ്യയെപ്പററി അന്യത്ര പറയപ്പെട്ടിട്ടുണ്ട്. “നാഗാനാമയുതം തുരംഗനിയുതം സാർദ്ധം രഥാനാംശതം. പാദാതം ശതകോടികർത്തനവിധാവേകഃ കബന്ധോ രണേ. ഏവം കോടി കബന്ധകർത്തനവിധൌ കിഞ്ചിദ്ധ്വനിഃ കിങ്കിണീ യാമാർദ്ധം പരമാത്മനോ രഘുപതേ കോദണ്ഡഘണ്ടാരവഃ.” എന്നിങ്ങിനെയും പറയപ്പെടുന്നുണ്ട്. (ഗോ. രാ.)]

തേ ഹതാശ്വാ ഹതരഥാഃ ശാന്താ വിമഥിതധ്വജാഃ
അഭിപേതുഃ പുരീം ലങ്കാം ഹതശേഷാ നിശാചരാഃ 34

| | |
|---|---|
| ഹതശേഷാഃ | കൊല്ലപ്പെട്ടതിൽ ശേഷിച്ചവരായ |
| തേ | ആ |
| നിശാചരാഃ | രാക്ഷസന്മാർ |
| ഹതാശ്വാഃ | കുതിരകൾ കൊന്നൊടുക്കപ്പെട്ടവരായി |
| ഹതരഥാഃ | രഥങ്ങൾ തകർക്കപ്പെട്ടവരായി |
| വിമഥിതധ്വജാഃ | കൊടികൾ മുറിക്കപ്പെട്ടവരായി |
| ശാന്താഃ | വീര്യം നശിച്ചവരായി |
| ലങ്കാം പുരീം | ലങ്കാനഗരത്തിലേക്ക് |
| അഭിപേതുഃ | ഓടിപ്പോയി. |

ഹതൈർഗജപദാത്യശ്വൈസ്തദ്ബഭ്രൗ രണാജിരം
ആക്രീഡമിവ രുദ്രസ്യ ക്രുദ്ധസ്യ സുമഹാത്മനഃ 35

| | |
|---|---|
| ഹതൈഃ | കൊന്നുവീഴ്ത്തപ്പെട്ട |
| ഗജപദാത്യശ്വൈഃ | ആനകളാലും കാലാൾപടകളാലും കുതിരകളാലും |
| തത് രണാജിരം | ആ പോർക്കളം |
| ക്രുദ്ധസ്യ | കുപിതനായ |
| രുദ്രസ്യ സുമഹാത്മനഃ | ശ്രീ രുദ്രഭഗവാന്റെ |
| ആക്രീഡം | ക്രീഡാസ്ഥലം |
| ഇവ ബഭ്രൗ | പോലെയായ്ത്തീർന്നു. |

തതോ ദേവാഃ സഗന്ധർവ്വാഃ സിദ്ധാശ്ച പരമർഷയഃ
സാധു സാധ്വിതി രാമസ്യ തത്കർമ്മ സമപൂജയൻ. 36

| | | | |
|---|---|---|---|
| തതഃ | അപ്പോൾ | രാമസ്യ | ശ്രീരാമന്റെ |
| സഗന്ധർവ്വാഃ | ഗന്ധർവ്വന്മാരടക്കം | തത് കർമ്മ | ആ കൃത്യത്തെ |
| ദേവാഃ | ദേവകളും | "സാധു സാധു" | "നല്ലത്, നല്ലത്" |
| സിദ്ധാഃ | സിദ്ധന്മാരും | ഇതി | എന്ന് |
| പരമർഷയഃ ച | മഹർഷികളും | സമപൂജയൻ. | പുകഴ്ത്തി. |

അബ്രവീച്ച തദാ രാമഃ സുഗ്രീവം പ്രത്യനന്തരം
വിഭീഷണം ച ധർമ്മാത്മാ ഹനുമന്തം ച വാനരം. 37
ജാംബവന്തം ഹരിശ്രേഷ്ഠം മൈന്ദം ദ്വിവിദമേവ ച
ഏതദസ്ത്രബലം ദിവ്യം മമ വാ ത്ര്യംബകസ്യ വാ. 38

| | | | |
|---|---|---|---|
| തദാ ധർമ്മാത്മാ | അപ്പോൾ ധർമ്മാത്മാ | മൈന്ദം ഏവ | മൈന്ദനോടായും |
| രാമഃ | ശ്രീരാമൻ [വായ | ദ്വിവിദം ച | ദ്വിവിദനോടായും |
| പ്രത്യനന്തരം | അടുത്തുണ്ടായിരുന്ന | അബ്രവീത് | ഇപ്രകാരം അരുളിച്ചെ |
| സുഗ്രീവം ച | സുഗ്രീവനോടായും | "ഏതത് | "ഈ [യ്തു. |
| വിഭീഷണം ച | വിഭീഷണനോടായും | ദിവ്യം അസ്ത്രബലം | ദിവ്യാസ്ത്രമഹിമ |
| വാനരം | വാനരനായ | മമ വാ | എനിക്കും |
| ഹനുമന്തം ച | ഹനുമാനോടായും | ത്ര്യംബകസ്യ വാ." | മുക്കണ്ണനും മാത്രമാണുള്ളത്. |
| ജാംബവന്തം | ജാംബവാനോടായും | | |
| ഹരിശ്രേഷ്ഠം | വാനരോത്തമനായ | | |

നിഹത്യ താം രാക്ഷസവാഹിനീം തു
രാമസ്തദാ ശക്രസമോ മഹാത്മാ
അസ്ത്രേഷു ശസ്ത്രേഷു ജിതക്ലമശ്ച
സംസ്തൂയതേ ദേവഗണൈഃ പ്രഹൃഷ്ടൈഃ 39

| | | | |
|---|---|---|---|
| തദാ മഹാത്മാ | അപ്പോൾ മഹാത്മാവും | താം രാക്ഷസവാഹിനീം | ആ രാക്ഷസസൈന്യത്തെ |
| ശക്രസമഃ | ഇന്ദ്രതുല്യനും | നിഹത്യ തു | കൊന്നൊടുക്കിയശേ |
| അസ്ത്രേഷു | അസ്ത്രപ്രയോഗങ്ങളിലും | പ്രഹൃഷ്ടൈഃ | സന്തുഷ്ടരായ [ഷം |
| ശസ്ത്രേഷു | ശസ്ത്രപ്രയോഗങ്ങളിലും | ദേവഗണൈഃ | ദേവഗണങ്ങളാൽ |
| ജിതക്ലമഃ ച | ഒട്ടും തളർച്ചയില്ലാത്ത | സംസ്തൂയതേ | സ്തോത്രംചെയ്യപ്പെടുകയായി. |
| രാമഃ | ശ്രീരാമൻ [വനുമായ | | |

ഇത്യാർഷേ ശ്രീമദ്രാമായണേ വാൽമീകീയേ ആദികാവ്യേ യുദ്ധകാണ്ഡേ
ചതുർന്നവതിതമഃ സർഗ്ഗഃ = തൊണ്ണൂററിനാലാം സർഗ്ഗം സമാപ്തം

ആദ്യം മുതൽ ശ്ലോകസംഖ്യ 19136; യുദ്ധകാണ്ഡം ആദ്യം മുതൽ ശ്ലോകസംഖ്യ 4461

—oo—

## പഞ്ചനവതിതമഃ സർഗ്ഗഃ = തൊണ്ണൂററഞ്ചാം സർഗ്ഗം.

[രാക്ഷസീവിലാപഃ=രാക്ഷസികൾ പ്രലപിക്കുന്നത്.]

താനി താനി സഹസ്രാണി സാരോഹാണാം ച വാജിനാം
രഥാനാം ത്വഗ്നിവർണ്ണാനാം സധ്വജാനാം സഹസ്രശഃ 1
രാക്ഷസാനാം സഹസ്രാണി ഗദാപരിഘയോധിനാം
കാഞ്ചനധ്വജചിത്രാണാം ശൂരാണാം കാമരൂപിണാം 2
നിഹതാനി ശരൈസ്തീക്ഷ്ണൈസ്തപ്തകാഞ്ചനഭൂഷണൈഃ
രാവണേന പ്രയുക്താനി രാമേണാക്ലിഷ്ടകർമ്മണാ. 3
ദൃഷ്ട്വാ ശ്രുത്വാ ച സംഭ്രാന്താ ഹതശേഷാ നിശാചരാഃ
രാക്ഷസീശ്ച സമാഗമ്യ ദീനാശ്ചിന്താപരിപ്ലുതാഃ 4

| | |
|---|---|
| രാവണേന | രാവണനാൽ |
| പ്രയുക്താനി | പറഞ്ഞയക്കപ്പെട്ട |
| സാരോഹാണാം | കുതിരപ്പടയാളികളോടു കൂടിയ |
| സഹസ്രശഃ | ആയിരക്കണക്കായ |
| വാജിനാം ച | കുതിരകളുടേയും |
| സധ്വജാനാം | കൊടികളോടുകൂടിയ |
| അഗ്നിവർണ്ണാനാം | അഗ്നിതുല്യ തേജസ്സാന്ന |
| രഥാനാം തു | തേരുകളുടേയും |
| താനി താനി സഹസ്രാണി | അതാത് ആയിരങ്ങളും |
| ഗദാപരിഘ- യോധിനാം | ഗദകൾകൊണ്ടും ഇരി- മ്പുലക്കകൾകൊണ്ടും |
| ശൂരാണാം | ശൂരന്മാരും [പൊരുതുന്ന |
| കാമ- രൂപിണാം | ഇഷ്ടമുള്ള രൂപമെടുക്കു- വാൻ കഴിവുള്ളവരും |
| കാഞ്ചനധ്വജ- ചിത്രാണാം | അഴകാന്ന പൊൻകൊ- ടികളേന്തിയവരുമായ |
| രാക്ഷസാനാം സഹസ്രാണി | രാക്ഷസന്മാർ അനേ- കായിരംപേരും |
| അക്ലിഷ്ട- കർമ്മണാ | എന്തും നിഷ്പ്രയാസം ചെയ്യാൻ കഴിവുള്ള |
| രാമേണ | ശ്രീരാമനാൽ |
| തപ്തകാഞ്ചന- ഭൂഷണൈഃ | തങ്കത്താലലങ്കരിക്ക- പ്പെട്ട |
| തീക്ഷ്ണൈഃ | കൂർത്ത |
| ശരൈഃ | ബാണങ്ങൾകൊണ്ട് |
| നിഹതാനി | കൊല്ലപ്പെട്ടവരായി |
| ശ്രുത്വാ ച | കേട്ടതുകൊണ്ടും |
| ദൃഷ്ട്വാ ച | കണ്ടതുകൊണ്ടും |
| സംഭ്രാന്താഃ | ഉള്ളം കലങ്ങിയവരാ- യി |
| ഹതശേഷാഃ | കൊന്നതിൽ ബാക്കി- യായ |
| നിശാചരാഃ | രാക്ഷസന്മാർ |
| രാക്ഷസീഃ | രാക്ഷസികളെ |
| സമാഗമ്യ | അടുത്ത് |
| ദീനാഃ | അത്തൽപെട്ട് |
| ചിന്താ- പരിപ്ലുതാഃ | ചിന്താകുലരായി വർത്തിച്ചു. |

വിധവാ ഹതപുത്രാശ്ച ക്രോശന്ത്യോ ഹതബാന്ധവാഃ
രാക്ഷസ്യഃ സഹ സംഗമ്യ ദുഃഖാർത്താഃ പര്യദേവയൻ. 5

| | |
|---|---|
| രാക്ഷസ്യഃ | രാക്ഷസികൾ |
| വിധവാഃ | പതിമാർ മരിച്ചവരായി |
| ഹതപുത്രാഃ | മക്കൾ മരിച്ചവരായി |
| ഹതബാന്ധവാഃ | ബന്ധുക്കളററവരായി |
| ദുഃഖാർത്താഃ ച | ദുഃഖപീഡിതരായി |
| സഹ സംഗമ്യ | ഒരുമിച്ചുകൂടി |
| ക്രോശന്ത്യഃ | മുറവിളിയിട്ടുകൊണ്ട് |
| പര്യദേവയൻ. | ഇപ്രകാരം പ്രലപിച്ചു |

കഥം ശൂർപ്പണഖാ വൃദ്ധാ കരാളാ നിർണ്ണതോദരീ
ആസസാദ വനേ രാമം കന്ദർപ്പമിവ രൂപിണം
സുകുമാരം മഹാസത്ത്വം സർവ്വഭൂതഹിതേ രതം. 6

| | | | |
|---|---|---|---|
| "വൃദ്ധാ കരാളാ | "വൃദ്ധയും ഭയങ്കരയും | മഹാസത്ത്വം | അതിവീര്യവാനും |
| നിർണ്ണതോദരീ | കുടവയറുള്ളവളുമായ | സർവ്വഭൂതഹിതേ | സമസ്തപ്രാണികളുടെ നന്മയിലും |
| ശൂർപ്പണഖാ | ശൂർപ്പണഖ | | |
| വനേ | കാട്ടിൽ | രതം | താല്പര്യമുള്ളവനുമായ |
| രൂപിണം | മൂർത്തിമാനായ | രാമം | ശ്രീരാമനെ |
| കന്ദർപ്പം ഇവ | മന്മഥനെപ്പോലെ | കഥം | എന്തു കഷ്ടകാലത്തി |
| സുകുമാരം | മനോഹരനും | ആസസാദ | അടുത്തത്! [ന്നാണ് |

തം ദൃഷ്ട്വാ ലോകനിന്ദ്യാ സാ ഹീനരൂപാ പ്രകാമിതാ
കഥം സർവ്വഗുണൈർഹീനാ ഗുണവന്തം മഹൌജസം
സുമുഖം ദുർമുഖീ രാമം കാമയാമാസ രാക്ഷസീ 7

| | | | |
|---|---|---|---|
| "ലോകനിന്ദ്യാ | "ലോകനിന്ദയ്ക്കു പാത്ര | സാ രാക്ഷസീ | ആ രാക്ഷസി |
| ഹീനരൂപാ | കുരൂപയും [മായവളും | ഗുണവന്തം | സദ്ഗുണങ്ങളാന്റ |
| പ്രകാമിതാ | കാമഭ്രാന്തുപിടിച്ചവളും | മഹൌജസം | വീര്യശാലിയും [നും |
| സർവ്വഗുണൈഃ ഹീനാ | സദ്ഗുണങ്ങളൊന്നുമില്ലാത്തവളും | സുമുഖം | സുമുഖനുമായ |
| | | തം രാമം | ആ രാമനെ |
| | | ദൃഷ്ട്വാ കഥം | കണ്ടിട്ട് എന്തിന്നാണ് |
| ദുർമ്മുഖീ | ദുർമ്മുഖിയുമായ | കാമയാമാസ | കാമിച്ചിത്? |

ജനസ്യാസ്യാല്പഭാഗ്യത്വാദ്വലിനീ ശ്വേതമൂർദ്ധജാ
അകാര്യമപഹാസ്യം ച സർവ്വലോകവിഗർഹിതം. 8
രാക്ഷസാനാം വിനാശായ ദൂഷണസ്യ ഖരസ്യ ച
ചകാരാപ്രതിരൂപാ സാ രാഘവസ്യ പ്രധർഷണം. 9

| | | | |
|---|---|---|---|
| "വലിനീ | "ചുക്കിച്ചുളുങ്ങിയവളും | ദൂഷണസ്യ | ദൂഷണന്റെയും |
| ശ്വേതമൂർദ്ധജാ | നരച്ച തലമുടിയാന്ന വളും | ഖരസ്യ | ഖരന്റെയും |
| | | വിനാശായ ച | നാശത്തിന്നായി |
| അപ്രതിരൂപാ | ഒട്ടും ചേർച്ചയില്ലാത്ത വളുമായ | അകാര്യം | ചെയ്യാൻ പാടില്ലാത്ത |
| | | അപഹാസ്യം | പരിഹാസ്യവും [ളും |
| സാ | അവൾ | സർവ്വലോക- വിഗർഹിതം ച | എല്ലാ ലോകങ്ങളാലും നിന്ദിക്കപ്പെട്ടതുമായ |
| അസ്യ ജനസ്യ | ഇയ്യുള്ള ജനത്തിന്റെ | | |
| അല്പ- ഭാഗ്യത്വാത് | നിർഭാഗ്യത്താലാണ് | പ്രധർഷണം | അവമതിയെ |
| | | രാഘവസ്യ | ശ്രീരാമന്ന് |
| രാക്ഷസാനാം | രാക്ഷസന്മാരുടേയും | ചകാര | വരുത്തിക്കൂട്ടിയത്. |

തന്നിമിത്തമിദം വൈരം രാവണേന കൃതം മഹത്. 10

| | | | |
|---|---|---|---|
| "രാവണേന | "രാവണനാൽ | വൈരം | വൈരം |
| ഇദം | ഈ | തന്നിമിത്തം | അവൾ കാരണമായിട്ടാ |
| മഹത് | കടുതായ | കൃതം | ഉളവാക്കപ്പെട്ടത് [ണ് |

വധായ സീതാ സാऽऽനീതാ ദശഗ്രീവേണ രക്ഷസാ. 11

| | | | |
|---|---|---|---|
| "രക്ഷസാ | "രാക്ഷസനായ | വധായ | വിനാശത്തിന്നായിട്ടാണു് |
| ദശഗ്രീവേണ | ദശകണ്ഠനാൽ | ആനീതാ | എടുത്തുകൊണ്ടു വര |
| സാ സീതാ | ആ സീത | | പ്പെട്ടതു്. |

ന ച സീതാം ദശഗ്രീവഃ പ്രാപ്നോതി ജനകാത്മജാം. 12

| | | | |
|---|---|---|---|
| "ദശഗ്രീവ: | "ദശാസ്യൻ | സീതാം ച | സീതയെ |
| | | പ്രാപ്നോതി ന. | പ്രാപിക്കുവാൻ പോകു |
| ജനകാത്മജാം | ജനകപുത്രിയായ | | ന്നതുമില്ല. |

ബന്ധം ബലവതാ വൈരമക്ഷയം രാഘവേണ ച 13

| | | | |
|---|---|---|---|
| "അക്ഷയം | ''എന്നും തീരാത്ത | ബലവതാ | അതിബലവാനായ |
| | | രാഘവേണ | രാമനുമായി |
| വൈരം ച | വിരോധവും | ബന്ധം | പിണെയ്ക്കപ്പെട്ടു. |

വൈദേഹീം പ്രാൎത്ഥയാനം തം വിരാധം പ്രേക്ഷ്യ രാക്ഷസം
ഹതമേകേന രാമേണ പൎയ്യാപ്തം തന്നിദൎശനം. 14

| | | | |
|---|---|---|---|
| "വൈദേഹീം | ജാനകിയെ | ഹതം | കൊല്ലപ്പെട്ടതായി |
| പ്രാൎത്ഥയാനം | കാമിച്ച | പ്രേക്ഷ്യ | കണ്ടശേഷം |
| തം രാക്ഷസം | ആ രാക്ഷസനായ | തതു് | അതൊന്നുതന്നെ |
| വിരാധം | വിരാധനെ | പൎയ്യാപ്തം | മതിയായ |
| രാമേണ ഏകേന | രാമനൊരുവനാൽ | നിദൎശനം | ദൃഷ്ടാന്തമാണല്ലൊ. |

ചതുൎദ്ദശ സഹസ്രാണി രക്ഷസാം ഭീമകൎമ്മണാം
നിഹതാനി ജനസ്ഥാനേ ശരൈരഗ്നിശിഖോപമൈഃ 15

| | | | |
|---|---|---|---|
| "ജനസ്ഥാനേ | "ജനസ്ഥാനത്തിൽ | അഗ്നിശിഖോപമൈ: | ചെന്തീജ്വാലയൊത്ത |
| ഭീമകൎമ്മണാം | ഭയങ്കര കൃത്യങ്ങൾ ചെയ്യുന്ന | ശരൈഃ | ബാണങ്ങളാൽ |
| രക്ഷസാം ചതുൎദ്ദശ സഹസ്രാണി | രാക്ഷസന്മാർ പതിനാലായിരംപേരും | നിഹതാനി | കൊന്നൊടുക്കപ്പെട്ടു, |

ഖരശ്ച നിഹതഃ സംഖ്യേ ദൂഷണസ്ത്രിശിരാസ്തഥാ
ശരൈരാദിത്യസംകാശൈഃ പൎയ്യാപ്തം തന്നിദൎശനം 16

| | | | |
|---|---|---|---|
| "സംഖ്യേ ഖര: | 'പോരിൽ ഖരനും | ത്രിശിരാഃ ച | ത്രിശിരസ്സും |
| ആദിത്യസംകാശൈ: | സൂൎയ്യസദൃശങ്ങളായ | തഥാ | അപ്രകാരംതന്നെ ഹനി |
| ശരൈ: നിഹതാ: | ബാണങ്ങളാൽവധിക്കപ്പെട്ടു; | തതു് | അതും ക്കപ്പെട്ടു; |
| ദൂഷണ: | ദൂഷണനും | പൎയ്യാപ്തം | മതിയായ |
| | | നിദൎശനം | ഉദാഹരണമാണു്. |

ഹതോ യോജനബാഹുശ്ച കബന്ധോ രുധിരാശനഃ
ക്രോധാന്നാദം നദൻ സോऽഥ പൎയ്യാപ്തം തന്നിദൎശനം 17

| | | | |
|---|---|---|---|
| "യോജന-ബാഹു: | "ഒരുകാതം നീളമുള്ള കൈകളോടുകൂടിയവനും | സ: കബന്ധ: ച | ആ കബന്ധനും |
| രുധിരാശന: | നിണം കുടിക്കുന്നവനും | ഹത: | കൊല്ലപ്പെട്ടു; |
| ക്രോധാത് നാദം നദൻ | കോപത്താൽ അട്ടഹസിക്കുന്നവനുമായ | തത് അഥ | അതും |
| | | പൎയ്യാപ്തം | മതിയായ |
| | | നിദൎശനം. | ദൃഷ്ടാന്തംതന്നെ. |

ജഘാന ബലിനം രാമഃ സഹസ്രനയനാത്മജം
വാലിനം മേരുസംകാശം പൎയ്യാപ്തം തന്നിദൎശനം 18

| | | | |
|---|---|---|---|
| "രാമ: ബലിനം | "രാമൻ ബലശാലിയും | വാലിനം | ബാലിയെ |
| മേരുസംകാശം | മേരുപൎവ്വതസന്നിഭനും | ജഘാന | വധിച്ചു; |
| സഹസ്ര-നയനാത്മജം | ഇന്ദ്രപുത്രനുമായ | തത് പൎയ്യാപ്തം | അതും തക്കതായ |
| | | നിദൎശനം. | തെളിവാകുന്നു. |

ഋശ്യമൂകേ വസൻ ശൈലേ ദീനോ ഭഗ്നമനോരഥഃ
സുഗ്രീവഃ സ്ഥാപിതോ രാജ്യേ പൎയ്യാപ്തം തന്നിദൎശനം. 19

| | | | |
|---|---|---|---|
| "ഭഗ്നമനോരഥ: | "മനോരഥം സാധിക്കാതെ | സുഗ്രീവ: | സുഗ്രീവൻ |
| ദീന: | ആൎത്തനായി | രാജ്യേ | രാജ്യത്തിൽ |
| ഋശ്യമൂകേ | ഋശ്യമൂക | സ്ഥാപിത: | വാഴിക്കപ്പെട്ടു; |
| ശൈലേ | പൎവ്വതത്തിൽ | തത് പൎയ്യാപ്തം | അതും തക്ക |
| വസൻ | പാൎത്തുവന്നിരുന്ന | നിദൎശനം | ഉദാഹരണമാണ്. |

ധൎമ്മാൎത്ഥസഹിതം വാക്യം സൎവ്വേഷാം രക്ഷസാം ഹിതം
യുക്തം വിഭീഷണേനോക്തം മോഹാത് തസ്യ ന രോചതേ. 20

| | | | |
|---|---|---|---|
| "വിഭീഷണേന | "വിഭീഷണനാൽ | ധൎമ്മാൎത്ഥ-സഹിതം | സൂക്ഷ്മധൎമ്മയുക്തവുമായ |
| യുക്തം | ന്യായമായി | വാക്യം | വാക്ക് |
| ഉക്തം | ഉപദേശിക്കപ്പെട്ടതും | മോഹാത് | മതിമോഹത്താൽ |
| സൎവ്വേഷാം | എല്ലാ | തസ്യ | ആ രാവണനു |
| രക്ഷസാം | രാക്ഷസന്മാൎക്കും | രോചതേ ന. | രുചിക്കുന്നില്ല. |
| ഹിതം | നന്മയുള്ളവാക്കുന്നതും | | |

വിഭീഷണവചഃ കുൎയ്യാദ്യദി സ്മ ധനദാനുജഃ
ശ്മശാനഭൂതാ ദുഃഖാൎത്താ നേയം ലങ്കാ പുരീ ഭവേത്. 21

| | | | |
|---|---|---|---|
| "ധനദാനുജ: | "കുബേര ഭ്രാതാവായ രാവണൻ | ഇയം | ഈ |
| | | ലങ്കാ | ലങ്കാ |
| വിഭീഷണവച: | വിഭീഷണൻെറ വാക്യത്തെ | പുരീ | നഗരം |
| | | ശ്മശാനഭൂതാ | ശ്മശാനപ്രായമായി |
| കുൎയ്യാത് സ്മ യദി | സ്വീകരിച്ചതായിരുന്നെങ്കിൽ | ദു:ഖാൎത്താ | ദു:ഖപീഡിതമായി |
| | | ഭവേത് ന | ഭവിക്കുകയില്ലായിരുന്നു. |

കുംഭകൎണ്ണം ഹതം ശ്രുത്വാ രാഘവേണ മഹാബലം
അതികായം ച ദുൎദ്ധൎഷം ലക്ഷ്മണേന ഹതം പുനഃ
പ്രിയം ചേന്ദ്രജിതം പുത്രം രാവണോ നാവബുദ്ധ്യതേ. 22

| | | | |
|---|---|---|---|
| "രാവണഃ | "രാവണൻ | പ്രിയം പുത്രം | പ്രിയപുത്രനായ |
| മഹാബലം | മഹാബലശാലിയായ | ഇന്ദ്രജിതം ച | ഇന്ദ്രജിത്തിനേയും |
| കുംഭകർണ്ണം | കുംഭകർണ്ണനെ | ലക്ഷ്മണേന | ലക്ഷ്മണനാൽ |
| രാഘവേണ | രാമനാൽ | ഹതം | വധിക്കപ്പെട്ടവനായും |
| ഹതം | കൊല്ലപ്പെട്ടവനായും | ശ്രുത്വാ | കേട്ട് |
| ദുർദ്ധർഷം | അജയ്യനായ | പുനഃ | എന്നിട്ടും |
| അതികായം | അതികായനേയും | അവബുധ്യതേ ന. | അറിയാതിരിക്കയാണ്. |
| ച | അപ്രകാരംതന്നെ വധിക്കപ്പെട്ടവനായും | | |

മമ പുത്രോ മമ ഭ്രാതാ മമ ഭർത്താ രണേ ഹതഃ
ഇത്യേവം ശ്രൂയതേ ശബ്ദോ രാക്ഷസാനാം കുലേ കുലേ. 23

| | | | |
|---|---|---|---|
| "രാക്ഷസാനാം | "രാക്ഷസന്മാരുടെ | ഭ്രാതാ | അനുജൻ കൊല്ലപ്പെട്ടു; |
| കുലേ കുലേ | ഓരോരോഗൃഹത്തിൽ | മമ | എന്റെ |
| 'രണേ | 'പോരിൽ | ഭർത്താ | ഭർത്താവ് വധിക്കപ്പെട്ടു' |
| മമ | എന്റെ | ഇതി ഏവം | എന്നിപ്രകാരം |
| പുത്രഃ ഹതഃ | പുത്രൻ ഹനിക്കപ്പെട്ടു; | ശബ്ദഃ | മുറവിളി |
| മമ | എന്റെ | ശ്രൂയതേ | കേൾക്കപ്പെടുന്നു. |

രഥാശ്ചാശ്വാശ്ച നാഗാശ്ച ഹതാ ശതസഹസ്രശഃ
രണേ രാമേണ ശൂരേണ രാക്ഷസാശ്ച പദാതയഃ 24

| | | | |
|---|---|---|---|
| "രണേ ശൂരേണ | "പോരിൽ ശൂരനായ | രാക്ഷസാഃ പദാതയഃ ച | രാക്ഷസരുടെ കാലാൾപടകളും |
| രാമേണ | രാമനാൽ | | |
| രഥാഃ ച | രഥങ്ങളും | ശതസഹസ്രശഃ | നൂററുകണക്കായും ആയിരക്കണക്കായും |
| അശ്വാഃ ച | കുതിരകളും | | |
| നാഗാഃ ച | ആനകളും | ഹതാഃ. | കൊന്നൊടുക്കപ്പെട്ടു. |

രുദ്രോ വാ യദി വാ വിഷ്ണുർമ്മഹേന്ദ്രോ വാ ശതക്രതുഃ
ഹന്തി നോ രാമരൂപേണ യദി വാ സ്വയമന്തകഃ 25

| | | | |
|---|---|---|---|
| "രുദ്രഃ വാ | "രുദ്രഭഗവാനോ | സ്വയം | സാക്ഷാൽ |
| വിഷ്ണുഃ യദി വാ | വിഷ്ണുതന്നേയോ | അന്തകഃ യദി വാ | യമനോ ആണ് |
| ശതക്രതുഃ | നൂറുയാഗങ്ങൾചെയ്ത | രാമരൂപേണ | രാമവടിവുകൈക്കൊണ്ട് |
| മഹേന്ദ്രഃ വാ | ഇന്ദ്രൻതന്നേയോ | നഃ ഹന്തി. | നമ്മെ ദ്രോഹിക്കുന്നത്. |

ഹതപ്രവീരാ രാമേണ നിരാശാ ജീവിതേ വയം
അപശ്യന്തോ ഭയസ്യാന്തമനാഥാ വിലപാമഹേ 26

| | | | |
|---|---|---|---|
| "വയം, രാമേണ | "നാം, രാമനാൽ | അപശ്യന്തഃ | കാണാത്തവരായി |
| ഹതപ്രവീരാഃ | വീരന്മാർനശിപ്പിക്കപ്പെട്ടവരായി | ജീവിതേ | ജീവിച്ചിരിക്കുന്നതിൽ |
| | | നിരാശാഃ | ആശയററവരായി |
| ഭയസ്യ | ആപത്തിന്റെ | അനാഥാഃ | നാഥനില്ലാത്തവരായി |
| അന്തം | അവസാനത്തെ | വിലപാമഹേ | വിലപിക്കുന്നു. |

രാമഹസ്താദ്ദശഗ്രീവഃ ശൂരോ ദത്തമഹാവരഃ
ഇദാ ഭയം മഹാഘോരമുത്പന്നം നാവബുധ്യതേ. 27

| | | | |
|---|---|---|---|
| "ദത്തമഹാവരഃ | "വിശേഷപ്പെട്ട വരങ്ങളെ ലഭിച്ച | ഉത്പന്നം | ഉളവായിരിക്കുന്ന |
| | | ഇദം | ഈ |
| ശൂരഃ | ശൂരനായ | മഹാഘോരം | അതിഭയങ്കരമായ |
| ദശഗ്രീവഃ | ദശകണ്ഠൻ | ഭയം | ആപത്തിനെ |
| രാമഹസ്താത് | രാമനിൽനിന്നു് | അവബുധ്യതേ ന. | അറിയാതിരിക്കുന്നു. |

ന ദേവാ ന ച ഗന്ധർവ്വാ ന പിശാചാ ന രാക്ഷസാഃ
ഉപസൃഷ്ടം പരിത്രാതും ശക്താഃ രാമേണ. സംയുഗേ 28

| | | | |
|---|---|---|---|
| "സംയുഗേ | "പോരിൽ | ശക്താഃ ന | ശക്തരല്ല |
| രാമേണ | ശ്രീരാമനാൽ | ഗന്ധർവ്വാഃ ന | ഗന്ധർവ്വന്മാരും അല്ല; |
| ഉപസൃഷ്ടം | എതിർക്കപ്പെട്ട ഒരുവനെ | പിശാചാഃ ന | പിശാചരും അല്ല; |
| പരിത്രാതും | രക്ഷിക്കുവാൻ | രാക്ഷസാഃ ച | രാക്ഷസന്മാരും |
| ദേവാഃ | ദേവന്മാരും | ന. | അല്ല. |

ഉത്പാതാശ്ചാപി ദൃശ്യന്തേ രാവണസ്യ നിവേശനേ. 29

| | | | |
|---|---|---|---|
| "രാവണസ്യ | "രാവണന്നു് | ഉത്പാതാഃ അപി ച | അപശകുനങ്ങളും |
| നിവേശനേ | നഗരത്തിൽ | ദൃശ്യന്തേ. | കാണപ്പെടുന്നുണ്ടു്. |

കഥയിഷ്യന്തി രാമേണ രാവണസ്യ നിബർഹണം. 30

| | | | |
|---|---|---|---|
| "രാമേണ | "രാമനാൽ | നിബർഹണം | നാശത്തെ |
| രാവണസ്യ | രാവണന്നു | കഥയിഷ്യന്തി. | ആയവ സൂചിപ്പിക്കുന്നു. |

പിതാമഹേന പ്രീതേന ദേവദാനവരാക്ഷസൈഃ
രാവണസ്യാഭയം ദത്തം മാനുഷേഭ്യോ ന യാചിതം. 31

| | | | |
|---|---|---|---|
| "പ്രീതേന | "പ്രസാദിച്ച | അഭയം | ആപത്തില്ലെന്നുള്ള അവസ്ഥയാണ് |
| പിതാമഹേന | വിരിഞ്ചഭഗവാനാൽ | | |
| രാവണസ്യ | രാവണന്നു് | ദത്തം | നൽകപ്പെട്ടതു് |
| ദേവദാനവരാക്ഷസൈഃ | ദേവന്മാരാലും, അസുരന്മാരാലും, രാക്ഷസന്മാരാലും | മാനുഷേഭ്യഃ | മനുഷ്യരിൽനിന്നു് |
| | | യാചിതം ന. | അപേക്ഷിക്കപ്പെട്ടതുമില്ല. |

തദിദം മാനുഷം മന്യേ പ്രാപ്തം നിഃസംശയം ഭയം
ജീവിതാന്തകരം ഘോരം രക്ഷസാം രാവണസ്യ ച. 32

| | | | |
|---|---|---|---|
| "ഇദം | "ഇപ്പോഴം | രക്ഷസാം | രാക്ഷസന്മാൎക്കും |
| പ്രാപ്തം | നേരിട്ടിരിക്കുന്ന | രാവണസ്യ ച | രാവണനും |
| മാനുഷം | മനുഷ്യരിൽനിന്നുള്ള | ജീവിതാന്തകരം | പ്രാണഹാനികരമാണെന്നു് |
| ഘോരം | ഭയങ്കരമായ | | |
| തത് ഭയം | അപ്രകാരമുള്ള വിപത്തു് | നിഃസംശയം | സംശയംകൂടാതെ |
| | | മന്യേ. | ഞാൻ വിചാരിക്കുന്നു. |

പീഡ്യമാനാസ്തു ബലിനാ വരദാനേന രക്ഷസാ
ദീപ്തൈസ്തപോഭിർവിബുധാഃ പിതാമഹമപൂജയൻ 33

| | | | |
|---|---|---|---|
| "വരദാനേന | "വരം ലഭിച്ചതിനാൽ | വിബുധാഃ തു | ദേവന്മാരും |
| ബലിനാ | ബലശാലിയായ | ദീപ്തൈഃ തപോഭിഃ | ഉഗ്രതപസ്സുകളെക്കൊണ്ട് |
| രക്ഷസാ | രാക്ഷസനാൽ | പിതാമഹം | ബ്രഹ്മദേവനെ |
| പീഡ്യമാനാഃ | ഉപദ്രവിക്കപ്പെടുന്നവരായ | അപൂജയൻ. | ആരാധിച്ചു. |

ദേവതാനാം ഹിതാർത്ഥായ മഹാത്മാ വൈ പിതാമഹഃ
ഉവാച ദേവതാഃ സർവ്വാ ഇദം തുഷ്ടോ മഹദ്വചഃ 34

| | | | |
|---|---|---|---|
| "മഹാത്മാ | "മഹാത്മാവായ | സർവ്വാഃ | എല്ലാവരേയും നോക്കി |
| പിതാമഹഃ വൈ | ബ്രഹ്മദേവനും | തുഷ്ടഃ | സന്തുഷ്ടിപൂണ്ടവനായി |
| ദേവതാനാം | ദേവന്മാരുടെ | മഹത് | മഹത്തായ |
| ഹിതാർത്ഥായ | ക്ഷേമത്തിന്നായി | ഇദം വചഃ | ഈ വാക്യത്തെ |
| ദേവതാഃ | ദേവന്മാർ | ഉവാച. | അരുളിച്ചെയ്തു. |

അദ്യപ്രഭൃതി ലോകാംസ്ത്രീൻ സർവ്വേ ദാനവരാക്ഷസാഃ
ഭയേന പ്രാവൃതാ നിത്യം വിചരിഷ്യന്തി ശാശ്വതം. 35

| | | | |
|---|---|---|---|
| "'അദ്യപ്രഭൃതി | "'ഇന്നുതൊട്ട് | ഭയേന പ്രാവൃതാഃ | ഭയത്തോടുകൂടിയവരായി |
| സർവ്വേ ദാനവരാക്ഷസാഃ | എല്ലാ അസുരന്മാരും രാക്ഷസന്മാരും | ത്രീൻ | മൂന്നു |
| | | ലോകാൻ | ലോകങ്ങളിലും |
| നിത്യം | ഏതുസമയവും | വിചരിഷ്യന്തി | സഞ്ചരിക്കേണ്ടിവരുന്നതാണ്. |
| ശാശ്വതം | വിട്ടൊഴിയാത്ത | | |

ദൈവതൈസ്തു സമാഗമ്യ സർവ്വൈശ്ചേന്ദ്രപുരോഗമൈഃ
വൃഷധ്വജസ്ത്രിപുരഹാ മഹാദേവഃ പ്രസാദിതഃ 36

| | | | |
|---|---|---|---|
| തു | ഇപ്പോഴും | സമാഗമ്യ | ഒത്തുചേർന്ന് |
| ഇന്ദ്രപുരോഗമൈഃ | ഇന്ദ്രനെ മുൻനിർത്തിയ | ത്രിപുരഹാ | ത്രിപുരാന്തകനും |
| | | വൃഷധ്വജഃ | വൃഷഭധ്വജനുമായ |
| ദൈവതൈഃ | ദേവന്മാർ | മഹാദേവഃ | പരമേശ്വരൻ |
| സർവ്വൈഃ ച | എല്ലാവരാലും | പ്രസാദിതഃ | ആരാധിക്കപ്പെട്ടു. |

പ്രസന്നസ്തു മഹാദേവോ ദേവാനേതദ്വചോഽബ്രവീത്. 37

| | | | |
|---|---|---|---|
| "തു | "അതിനാൽ | ദേവാൻ | ദേവന്മാരെ നോക്കി |
| പ്രസന്നഃ | പ്രസന്നനായ | ഏതത് വചഃ | ഇപ്രകാരം വാക്യത്തെ |
| മഹാദേവഃ | പരമശിവൻ | അബ്രവീത് | അരുളിച്ചെയ്തു. |

ഉത്പത്സ്യതി ഹിതാർത്ഥം വോ നാരീ രക്ഷഃക്ഷയാവഹാ. 38

| | | | |
|---|---|---|---|
| "വഃ | നിങ്ങളുടെ | നാരീ | ഒരു നാരിയും |
| ഹിതാർത്ഥായ | ക്ഷേമത്തിന്നായി | ഉത്പത്സ്യതി" | അവതരിക്കുന്നതാണ്." |
| രക്ഷഃക്ഷയാവഹാ | രാക്ഷസന്മാർക്ക് നാശം വരുത്തുന്നവളായ | | |

ഏഷാ ദേവൈഃ പ്രയുക്താ തു ക്ഷുദ്യഥാ ദാനവാൻ പുരാ
ഭക്ഷയിഷ്യതി നഃ സീതാ രാക്ഷസഘ്നീ സരാവണാൻ. 39

| | | | |
|---|---|---|---|
| "രാക്ഷസഘ്നീ | "രാക്ഷസന്മാരെ നശിപ്പിക്കുന്നവളായി | ദാനവാൻ | അസുരന്മാരെ |
| ദേവൈ: | ദേവന്മാരാൽ | ക്ഷുത് | വിശപ്പ് |
| പ്രയുക്താ | അയക്കപ്പെട്ട | യഥാ | എപ്രകാരമോ അപ്രകാരം |
| ഏഷാ | ഈ | സരാവണാൻ | രാവണനടക്കമുള്ള |
| സീതാ തു | സീതയാകട്ടെ | ന: | നമ്മെ |
| പുരാ | പണ്ട് | ഭക്ഷയിഷ്യതി.' | വിഴുങ്ങിക്കളയും. |

[അമൃതമഥനത്തിൽ, ദേവന്മാർക്ക് അമൃതം പ്രദാനംചെയ്തശേഷം, ദേവന്മാർ അസുരന്മാർക്ക് നേരെ ക്ഷുത്തിനെ അയച്ചു. (ഗോ. രാ.)]

രാവണസ്യാപനീതേന ദുർവിനീതസ്യ ദുർമതേഃ
അയം നിഷ്ഠാനകോ ഘോരഃ ശോകേന സമഭിപ്ലുതഃ 40

| | | | |
|---|---|---|---|
| "ദുർവ്വിനീതസ്യ | "ദുഷ്കർമ്മനിരതനും | അയം ശോകേന | ഈ ദുഃഖത്തോടുകൂടി |
| ദുർമ്മതേഃ | ദുർബുദ്ധിയുമായ | ഘോര: | ഭയങ്കരമായ |
| രാവണസ്യ | രാവണന്റെ | നിഷ്ഠാനക: | വിനാശവും |
| അപനീതേന | ദുഷ്കൃത്യത്താലാണ് | സമഭിപ്ലുത: | നേരിട്ടിരിക്കുന്നത്. |

തം ന പശ്യാമഹേ ലോകേ യോ നഃ ശരണദോ ഭവേത്
രാഘവേണോപസൃഷ്ടാനാം കാലേനേവ യുഗക്ഷയേ. 41

| | | | |
|---|---|---|---|
| "യുഗക്ഷയേ | "കല്പാന്തത്തിൽ | യ: | യാതൊരുവൻ |
| കാലേന | യമനാൽ | ശരണദഃ | രക്ഷകനായി |
| ഇവ | എന്നപോലെ | ഭവേത് | ഭവിക്കുമോ |
| രാഘവേണ | രാമനാൽ | തം | അപ്രകാരമുള്ള ഒരുവ[നേയും |
| ഉപസൃഷ്ടാനാം | എതിർക്കപ്പെട്ട | ലോകേ | ലോകത്തിൽ |
| ന: | നമുക്ക് | പശ്യാമഹേ ന. | നാം കാണുന്നില്ല. |

നാസ്തി നഃ ശരണം കശ്ചിദ്ഭയേ മഹതി തിഷ്ഠതാം
ദവാഗ്നിവേഷ്ടിതാനാം ഹി കരേണൂനാം യഥാ വനേ. 42

| | | | |
|---|---|---|---|
| "വനേ | "കാട്ടിൽ | മഹതി ഭയേ | അത്യാപത്തിൽ |
| ദവാഗ്നി-വേഷ്ടിതാനാം | കാട്ടുതീകൊണ്ട് ചുഴപ്പെട്ട | തിഷ്ഠതാം | അകപ്പെട്ടിരിക്കുന്നവ[രായ |
| കരേണൂനാം | പിടിയാനകൾക്ക | ന: | നമുക്ക |
| യഥാ | എപ്രകാരമോ അപ്രകാരം | ശരണം | രക്ഷകനായി |
| | | കശ്ചിത് ഹി | ആരുംതന്നെ |
| | | അസ്തി ന. | ഇല്ല. |

പ്രാപ്തകാലം കൃതം തേന പൌലസ്ത്യേന മഹാത്മനാ
യത ഏവ ഭയം ദൃഷ്ടം തമേവ ശരണം ഗതഃ 43

| | | | |
|---|---|---|---|
| "മഹാത്മനാ | "മഹാത്മാവായ | യതഃ ഏവ | ആരൊരുവനിൽനിന്നു |
| തേന | ആ | ഭയം | ആപത്തു് |
| പൌലസ്ത്യേന | വിഭീഷണനാൽ | ദൃഷ്ടം | ഉണ്ടെന്നു് അറിയപ്പെട്ടുവോ |
| പ്രാപ്തകാലം | കാലോചിതമായ പ്രവൃത്തിയാണു് | തം ഏവ | അവനെത്തന്നെ |
| കൃതം | ചെയ്യപ്പെട്ടതു് | ശരണം ഗതഃ." | ശരണംപ്രാപിച്ചു." |

ഇതീവ സർവ്വാ രജനീചരസ്ത്രിയഃ
പരസ്പരം സംപരിരഭ്യ ബാഹുഭിഃ
വിഷേദുരാർത്താ ഭയഭാരപീഡിതാ
വിനേദുരുച്ചൈശ്ച തദാ സുദാരുണം. 44

| | | | |
|---|---|---|---|
| രജനീചരസ്ത്രിയഃ | രാക്ഷസസ്ത്രീകൾ | ആർത്താഃ | അത്തൽപൂണ്ടവരായി |
| സർവ്വാഃ | എല്ലാവരും | വിഷേദുഃ | പരിതപിച്ചു |
| ബാഹുഭിഃ | കൈകൾകൊണ്ടു് | ഉച്ചൈ: | ഉച്ചസ്വരത്തിൽ |
| പരസ്പരം | അന്യോന്യം | സുദാരുണം | അതി ദയനീയമാംവണ്ണം |
| സംപരിരഭ്യ | കെട്ടിപ്പിടിച്ചുകൊണ്ടു് | ഇതി ഏവ | മേൽപ്രകാരം |
| ഭയഭാര- പീഡിതാഃ | വർദ്ധിച്ച ഭയത്താൽ പീഡിക്കപ്പെട്ടവരായി | തദാ | ആ സമയം |
| | | വിനേദുഃ ച | വിലപിക്കയും ചെയ്തു. |

ഇത്യാർഷേ ശ്രീമദ്രാമായണേ വാൽമീകീയേ ആദികാവ്യേ യുദ്ധകാണ്ഡേ
പഞ്ചനവതിതമഃ സർഗ്ഗഃ=തൊണ്ണൂറ്റഞ്ചാംസർഗ്ഗം സമാപ്തം.
ആദ്യംമുതൽ ശ്ലോകസംഖ്യ 19180; യുദ്ധകാണ്ഡം ആദ്യംമുതൽ ശ്ലോകസംഖ്യ 4505

———

## ഷണ്ണവതിതമഃ സർഗ്ഗഃ = തൊണ്ണൂററാറാംസർഗ്ഗം

[രാവണാഭിഷേണനം=രാവണൻ യുദ്ധത്തിന്നു പുറപ്പെടുന്നതു്]

ആർത്താനാം രാക്ഷസീനാം തു ലങ്കായാം വൈ കുലേ കുലേ
രാവണഃ കരുണം ശബ്ദം ശുശ്രാവ പരിദേവിതം. 1

| | | | |
|---|---|---|---|
| രാവണഃ | രാവണൻ | രാക്ഷസീനാം | രാക്ഷസികളുടെ |
| ലങ്കായാം | ലങ്കയിൽ | കരുണം | പരിതാപകരമായ |
| തു | ആ സമയം | പരിദേവിതം ശബ്ദം | രോദന ശബ്ദത്തെ |
| കുലേ കുലേ വൈ | ഓരോ ഭവനത്തിലും | | |
| ആർത്താനാം | വ്യസനാക്രാന്തമാരായ | ശുശ്രാവ. | ശ്രവിച്ചു. |

സ തു ദീർഘം വിനിഃശ്വസ്യ മുഹൂർത്തം ധ്യാനമാസ്ഥിതഃ
ബഭൂവ പരമക്രുദ്ധോ രാവണോ ഭീമദർശനഃ 2

| | | | |
|---|---|---|---|
| ഭീമദർശന: | ഭയങ്കര സ്വരൂപനായ | ദീർഘം വിനി:ശ്വസ്യ | ദീർഘശ്വാസം വിട്ടുകൊണ്ടു് |
| സഃ | ആ | | |
| രാവണഃ | രാവണൻ | മുഹൂർത്തം | അല്പനേരം |
| പരമക്രുദ്ധഃ | അതിക്രുദ്ധനായി | ധ്യാനം | ചിന്തയിൽ |
| തു | അപ്പോൾ | ആസ്ഥിതഃ ബഭൂവ. | ആണ്ടിരുന്നു. |

സംദശ്യ ദശനൈരോഷ്ഠം ക്രോധസംരക്തലോചനഃ
രാക്ഷസൈരപി ദുർദ്ദർശഃ കാലാഗ്നിരിവ മൂർച്ഛിതഃ 3

| | |
|---|---|
| ക്രോധസം- രക്തലോചനഃ | കോപത്താൽ കണ്ണു കടം ചുവന്നു് |
| ദശനൈഃ | പല്ലുകളാൽ |
| ഓഷ്ഠം | അധരത്തെ |
| സംദശ്യ | കടിച്ചുകൊണ്ടു് |
| രാക്ഷസൈഃ അപി | രാക്ഷസന്മാരാലും കൂടി |
| ദുർദ്ദർശഃ | ദുർന്നിരീക്ഷ്യനായി |
| കാലാഗ്നിഃ | പ്രളയാഗ്നി |
| ഇവ | പോലിരിക്കുന്നവനായി |
| മൂർച്ഛിതഃ. | നിശ്ചേഷ്ടനായി വർത്തിച്ചു. |

ഉവാച ച സമീപസ്ഥാൻ രാക്ഷസാൻ രാക്ഷസേശ്വരഃ
ഭയാവ്യക്തകഥാംസ്തത്ര നിർദ്ദഹന്നിവ ചക്ഷുഷാ 4

| | |
|---|---|
| രാക്ഷസേശ്വരഃ | രക്ഷോനായകൻ |
| ചക്ഷുഷാ | നോക്കുകൊണ്ടു് |
| നിർദ്ദഹൻ ഇവ | ദഹിപ്പിക്കുന്നവനെന്ന [പോലെ |
| തത്ര | അപ്പോൾ |
| സമീപസ്ഥാൻ | അടുത്തുനില്ക്കുന്ന |
| വിരൂപാക്ഷം | വിരൂപാക്ഷനേയും |
| രാക്ഷസാൻ | രാക്ഷസന്മാരെനോക്കി |
| ഭയാവ്യക്തകഥഃ | ഭയംകൊണ്ടു് അസ്പഷ്ടമാംവണ്ണം |
| ഉവാച ച. | ഇങ്ങിനെ പറഞ്ഞു. |

മഹോദരമഹാപാർശ്വൗ വിരൂപാക്ഷം ച രാക്ഷസം
ശീഘ്രം വദത സൈന്യാനി നിര്യാതേതി മമാജ്ഞയാ. 5

| | |
|---|---|
| ''മമ | എന്റെ |
| ആജ്ഞയാ | കല്പനപ്രകാരം |
| മഹോദര- മഹാപാർശ്വൗ | മഹോദരനേയും മഹാപാർശ്വനേയും |
| രാക്ഷസം | രാക്ഷസനായ |
| വിരൂപാക്ഷം | വിരൂപാക്ഷനേയും |
| സൈന്യാനി ച | സൈന്യങ്ങളേയും |
| 'നിര്യാത' | 'പുറപ്പെട്ടുചെല്ലുവിൻ |
| ഇതി ശീഘ്രം | എന്നു് വേഗം |
| വദത." | അറിയിക്കുവിൻ." |

തസ്യ തദ്വചനം ശ്രുത്വാ രാക്ഷസാസ്തേ ഭയാർദ്ദിതാഃ
ചോദയാമാസുരവ്യഗ്രാൻ രാക്ഷസാംസ്താൻ നൃപാജ്ഞയാ. 6

| | |
|---|---|
| തേ | ആ |
| രാക്ഷസാഃ | രാക്ഷസന്മാർ |
| തസ്യ | അവന്റെ |
| തത് | ആ |
| വചനം | വാക്യത്തെ |
| ശ്രുത്വാ | ശിരസാവഹിച്ചു് |
| ഭയാർദ്ദിതാഃ | ഭയാകുലിതരായി |
| അവ്യഗ്രാൻ | സന്നദ്ധരായ് നിന്നിരു[ന്ന |
| താൻ | ആ |
| രാക്ഷസാൻ | രാക്ഷസന്മാരെ |
| നൃപാജ്ഞയാ | രാജാജ്ഞപ്രകാരം |
| ചോദയാമാസുഃ. | പ്രേരണചെയ്തു. |

തേ തു സർവ്വേ തഥേത്യുക്ത്വാ രാക്ഷസാ ഘോരദർശനാഃ
കൃതസ്വസ്ത്യയനാഃ സർവ്വേ രണായാഭിമുഖാ യയുഃ 7

| | | | |
|---|---|---|---|
| തേ | ആ | ഉക്ത്വാ | പറഞ്ഞ് |
| ഘോരദർശനാഃ | ഭയങ്കരരൂപികളായ | സൎവ്വേ | എല്ലാവരും |
| രാക്ഷസാഃ | രാക്ഷസന്മാർ | കൃതസ്വ-സ്ത്യയനാഃ | മംഗളാശീർവ്വചനങ്ങൾ പറയപ്പെട്ടവരായി |
| സൎവ്വേ | എല്ലാവരും | രണായ അഭിമുഖാഃ | യുദ്ധസന്നദ്ധരായി |
| തു | അപ്പോൾ | | |
| 'തഥാ' | 'അങ്ങിനെതന്നെ' | | |
| ഇതി | എന്നു | യയുഃ | പുറപ്പെട്ടുനിന്നു. |

പ്രതിപൂജ്യ യഥാന്യായം രാവണം തേ നിശാചരാഃ
തസ്ഥുഃ പ്രാഞ്ജലയഃ സർവ്വേ ഭർത്തുർവിജയകാംക്ഷിണഃ 8

| | | | |
|---|---|---|---|
| ഭർത്തുഃ | യജമാനന്റെ | രാവണം | രാവണനെ |
| വിജയ-കാംക്ഷിണഃ | വിജയത്തിലാഗ്രഹിക്കുന്ന | യഥാന്യായം | വഴിപോലെ |
| | | പ്രതിപൂജ്യ | അഭിവാദ്യംചെയ്ത് |
| തേ നിശാചരാഃ | ആ രാക്ഷസന്മാർ | പ്രാഞ്ജലയഃ | കൈകൂപ്പിക്കൊണ്ട് |
| സൎവ്വേ | എല്ലാവരും | തസ്ഥുഃ. | കാത്തുനിന്നു. |

അഥോവാച പ്രഹസ്യൈതാൻ രാവണഃ ക്രോധമൂർച്ഛിതഃ
മഹോദരമഹാപാർശ്വൌ വിരൂപാക്ഷം ച രാക്ഷസം. 9

| | | | |
|---|---|---|---|
| അഥ | അപ്പോൾ | രാക്ഷസം | രാക്ഷസനായ |
| ക്രോധമൂർച്ഛിതഃ | ക്രോധാവിഷ്ടനായ | വിരൂപാക്ഷം ച | വിരൂപാക്ഷനേയും നോക്കി |
| രാവണഃ | രാവണൻ | | |
| ഏതാൻ | ഈ | പ്രഹസ്യ | ചിരിച്ചുംകൊണ്ട് |
| മഹോദര-മഹാപാർശ്വൌ | മഹോദരനേയും മഹാപാർശ്വനേയും | ഉവാച. | ഇങ്ങിനെ പറഞ്ഞു. |

അദ്യ ബാണൈർധനുർമ്മുക്തൈർയുഗാന്താദിത്യസന്നിഭൈഃ
രാഘവം ലക്ഷ്മണം ചൈവ നേഷ്യാമി യമസാദനം. 10

| | | | |
|---|---|---|---|
| "അദ്യ ഏവ | "ഇപ്പോൾതന്നെ | ബാണൈഃ | ബാണങ്ങൾകൊണ്ട് |
| ധനുർമ്മുക്തൈഃ | വില്ലിൽനിന്നു വിടപ്പെട്ടവയും | രാഘവം | രാമനേയും |
| | | ലക്ഷ്മണം ച | ലക്ഷ്മണനേയും |
| യുഗാന്താദിത്യ-സംനിഭൈഃ | കല്പാന്താഗ്നിസദൃശങ്ങളുമായ | യമസാദനം | യമലോകത്തിലേക്ക് |
| | | നേഷ്യാമി. | ഞാൻ അയക്കുന്നുണ്ട്. |

ഖരസ്യ കുംഭകർണ്ണസ്യ പ്രഹസ്തേന്ദ്രജിതോസ്തഥാ
കരിഷ്യാമി പ്രതീകാരമദ്യ ശത്രുവധാദഹം. 11

| | | | |
|---|---|---|---|
| "അദ്യ | "ഇപ്പോൾ | കുംഭകർണ്ണസ്യ | കുംഭകർണ്ണന്റെയും |
| അഹം | ഞാൻ | പ്രഹസ്തേന്ദ്ര-ജിതോഃ തഥാ | പ്രഹസ്തൻ, ഇന്ദ്രജിത്ത് എന്നവരുടേയും |
| ശത്രുവധാത് | ശത്രുക്കളെ നിഗ്രഹിച്ചതിനാൽ | പ്രതീകാരം കരിഷ്യാമി. | പക വീട്ടുന്നുണ്ട്. |
| ഖരസ്യ | ഖരന്റെയും | | |

നൈവാന്തരിക്ഷം ന ദിശോ ന നദ്യോ നാപി സാഗരാഃ
പ്രകാശത്വം ഗമിഷ്യന്തി മദ്ബാണജലദാവൃതാഃ 12

| | | | |
|---|---|---|---|
| "മദ്ബാണ- ജലദാവൃതാഃ | "എന്റെ ശരങ്ങളായ മേഘങ്ങളാൽ മൂടപ്പെട്ട | അന്തരിക്ഷം ഏവ | ആകാശവും |
| ദിശഃ | ദിക്കുകൾ | ന | ശോഭിക്കുകയില്ല; |
| പ്രകാശത്വം ഗമിഷ്യന്തി ന | കാണാതാകുവാൻ പോകുന്നു; | നദ്യഃ ന | നദികളും ഇല്ല; |
| | | സാഗരാഃ അപി | സമുദ്രങ്ങളും |
| | | ന. | ഇല്ല. |

അദ്യ വാനരമുഖ്യാനാം താനി യൂഥാനി ഭാഗശഃ
ധനുഷാ ശരജാലേന വിധമിഷ്യാമി പത്രിണാ. 13

| | | | |
|---|---|---|---|
| "അദ്യ | "ഇപ്പോൾ | താനി | ആ |
| ധനുഷാ | ധനുസ്സുംകൊണ്ടും | യൂഥാനി | സേനകളെ |
| പത്രിണാ | തൂവൽ കെട്ടിയ | ഭാഗശഃ | കൂട്ടം കൂട്ടമായി |
| ശരജാലേന | ശരനിരകൊണ്ടും | വിധമിഷ്യാമി. | ഞാൻ കൊന്നുടുക്കുന്നുണ്ട്. |
| വാനരമുഖ്യാനാം | വാനരോത്തമന്മാരുടെ | | |

അദ്യ വാനരസൈന്യാനി രഥേന പവനൌജസാ
ധനുഃസമുദ്രാദുദ്ഭൂതൈർമഥിഷ്യാമി ശരോർമ്മിഭിഃ 14

| | | | |
|---|---|---|---|
| "അദ്യ | "ഇപ്പോൾ | ധനുഃസമുദ്രാത് | ധനുസ്സാകുന്ന സമുദ്രത്തിൽ നിന്നു് |
| പവനൌജസാ | വായുവേഗമാന്ന | ഉദ്ഭൂതൈഃ ശരോർമ്മിഭിഃ | പൊങ്ങിവരുന്ന ശരങ്ങളാകുന്ന അലകളാൽ |
| രഥേന | തേരോടുകൂടി | മഥിഷ്യാമി. | ഞാൻ മർദ്ദിക്കുന്നുണ്ട്. |
| വാനര- സൈന്യാനി | വാനരസൈന്യങ്ങളെ | | |

വ്യാകോശപദ്മവക്ത്രാണി പദ്മകേസരവർച്ചസാം
അദ്യ യൂഥതടാകാനി ഗജവത് പ്രമഥാമ്യഹം. 15

| | | | |
|---|---|---|---|
| "അഹം | "ഞാൻ | പദ്മകേസര- വർച്ചസാം | താമരപ്പൂമ്പൊടിപോലെയുള്ള കാന്തിയാന്നവരുമായ |
| അദ്യ | ഇപ്പോൾ | യൂഥതടാകാനി | സൈന്യങ്ങളാകുന്ന തടാകങ്ങളെ |
| വ്യാകോശ- പദ്മ- വക്ത്രാണി | വികസിച്ച മുഖകമലങ്ങളോടുകൂടിയവരും | ഗജവത് | ആനയെന്നവിധം |
| | | പ്രമഥാമി. | കലക്കിമറിക്കുന്നുണ്ട്. |

സശരൈരദ്യ വദനൈഃ സംഖ്യേ വാനരയൂഥപാഃ
മണ്ഡയിഷ്യന്തി വസുധാം സനാളൈരിവ പങ്കജൈഃ 16

| | | | |
|---|---|---|---|
| "അദ്യ | "ഇപ്പോൾ | സനാളൈഃ | നാളങ്ങളോടുകൂടിയ |
| സംഖ്യേ | യുദ്ധത്തിൽ | പങ്കജൈഃ ഇവ | താമരപ്പൂക്കൾ എന്ന [പോലെ |
| വാനരയൂഥപാഃ | വാനരപ്പടത്തലവന്മാർ | വസുധാം | ഭൂമിയെ |
| സശരൈഃ | ബാണങ്ങളോടുകൂടിയ | മണ്ഡയിഷ്യന്തി | അലങ്കരിക്കുവാൻ പോകുന്നു. |
| വദനൈഃ | മുഖങ്ങളാൽ | | |

അദ്യ യൂഥപ്രചണ്ഡാനാം ഹരീണാം ദ്രുമയോധിനാം
മുക്തേനൈകേഷുണാ യുദ്ധേ ഭേത്സ്യാമി ച ശതം ശതം. 17

| | | | |
|---|---|---|---|
| "യുദ്ധേ | "യുദ്ധത്തിൽ, | യൂഥപ്രചണ്ഡാനാം | പടത്തലവന്മാരായ |
| അദ്യ | ഇപ്പോൾ | ഹരീണാം | വാനരന്മാരുടെ |
| മുക്തേന | എയ്യപ്പെടുന്ന | ശതം ശതം ച | ഓരോ നൂറിനേയും |
| ഏകേഷുണാ | ഒരു ബാണംകൊണ്ടു് | ഭേത്സ്യാമി. | ഞാൻ പിളൎന്നുകളയുന്നുണ്ടു്. |
| ദ്രുമയോധിനാം | വൃക്ഷങ്ങൾകൊണ്ടു് പൊരുതുന്ന | | |

ഹതോ ഭൎത്താ ഹതോ ഭ്രാതാ യാസാം ച തനയാ ഹതാഃ
വധേനാദ്യ രിപോസ്താസാം കരോമ്യസ്രുപ്രമാൎജ്ജനം.

| | | | |
|---|---|---|---|
| "യാസാം | "യാതൊരു സ്ത്രീകളുടെ | താസാം | അവൎക്കു് |
| ഭൎത്താ | ഭൎത്താവു് | രിപോഃ | ശത്രുവിന്റെ |
| ഹതഃ | കൊല്ലപ്പെട്ടുവോ | വധേന | നിഗ്രഹത്താൽ |
| ഭ്രാതാ | സഹോദരൻ | അദ്യ | ഇപ്പോൾ |
| ഹതഃ | ഹനിക്കപ്പെട്ടുവോ | അസ്രുപ്രമാൎജ്ജനം | കണ്ണുനീർ തുടക്കുക എന്ന കൃത്യത്തെ |
| തനയാഃ ച | പുത്രന്മാരും | കരോമി. | ഞാൻ ചെയ്യുന്നുണ്ടു്. |
| ഹതാഃ | കൊല്ലപ്പെട്ടുവോ | | |

അദ്യ മദ്ബാണനിൎഭിന്നൈഃ പ്രകീൎണ്ണൈൎഗ്ഗതചേതനൈഃ
കരോമി വാനരൈൎയ്യുദ്ധേ യത്നാവേക്ഷ്യതലാം മഹീം 19

| | | | |
|---|---|---|---|
| "അദ്യ | "ഇപ്പോൾ | പ്രകീൎണ്ണൈഃ | ചിതറിക്കിടക്കുന്ന |
| യുദ്ധേ | പോരിൽ | വാനരൈഃ | വാനരന്മാരാൽ, |
| മദ്ബാണനിൎഭിന്നൈഃ | എന്റെ ബാണങ്ങളാൽ പിളൎക്കപ്പെട്ടു് | മഹീം | ഭൂതലത്തെ |
| ഗതചേതനൈഃ | പ്രാണൻ പോയി | യത്നാവേക്ഷ്യതലാം | കാണുവാൻ പ്രയാസമുള്ളതാക്കി |
| | | കരോമി. | ഞാൻ ചെയ്യുന്നുണ്ടു്. |

അദ്യ ഗോമായവോ ഗൃദ്ധ്രാ യേ ച മാംസാശിനോഽപരേ
സൎവ്വാംസ്താംസ്തൎപ്പയിഷ്യാമി ശത്രുമാംസൈഃ ശരാൎദ്ദിതൈഃ. 20

| | | | |
|---|---|---|---|
| "ഗോമായവഃ | "കുറുനരികളും | അദ്യ | ഇപ്പോൾ |
| ഗൃദ്ധ്രാഃ | കഴുക്കളും | ശരാൎദ്ദിതൈഃ | ബാണങ്ങളാൽ പിളൎക്കപ്പെട്ട |
| അപരേ | മററുള്ള | ശത്രുമാംസൈഃ | ശത്രുക്കളുടെ മാംസങ്ങളെക്കൊണ്ടു് |
| മാംസാശിനഃ | മാംസഭക്ഷകരും | തൎപ്പയിഷ്യാമി. | ഞാൻ തൃപ്തിപ്പെടുത്തുന്നുണ്ടു്. |
| യേ | ഏവയോ | | |
| താൻ | അവ | | |
| സൎവ്വാൻ ച | എല്ലാററിനേയും | | |

കല്പ്യതാം മേ രഥഃ ശീഘ്രം ക്ഷിപ്രമാനീയതാം ധനുഃ
അനുപ്രയാന്തു മാം സർവ്വേ യേऽവശിഷ്ടാ നിശാചരാഃ. 21

| | | | |
|---|---|---|---|
| "മേ | "എന്റെ | ആനീയതാം | കൊണ്ടുവരപ്പെടട്ടെ; |
| രഥഃ | രഥം | അവശിഷ്ടാഃ | അവശേഷിച്ച |
| ശീഘ്രം | വേഗത്തിൽ | നിശാചരാഃ | രാക്ഷസന്മാർ |
| കല്പ്യതാം | തയ്യാറാക്കപ്പെടട്ടെ; | യേ സർവ്വേ | യാതൊരുവരോ അവ[രെല്ലാം] |
| ധനുഃ | ധനുസ്സ് | മാം | എന്നെ |
| ക്ഷിപ്രം | വേഗത്തിൽ | അനുപ്രയാന്തു." | പിൻതുടന്നുവരട്ടെ." |

തസ്യ തദ്വചനം ശ്രുത്വാ മഹാപാർശ്വോऽബ്രവീദ്വചഃ
ബലാദ്ധ്യക്ഷാൻ സ്ഥിതാംസ്തത്ര ബലം സംത്വര്യതാമിതി. 22

| | | | |
|---|---|---|---|
| മഹാപാർശ്വഃ | മഹാപാർശ്വൻ | ബലാദ്ധ്യക്ഷാൻ | സൈന്യാധിപന്മാരെ നോക്കി |
| തസ്യ | ആ രാവണന്റെ | "ബലം | "സൈന്യം |
| തത് | ആ | സംത്വര്യതാം | ജാഗ്രതപ്പെടുത്തപ്പെട[ട്ടെ"] |
| വചനം | ആജ്ഞ | ഇതി, | എന്ന് |
| ശ്രുത്വാ | കേട്ടുകൊണ്ട് | വചഃ അബ്രവീത്. | കല്പിച്ചു. |
| തത്ര | അവിടെ | | |
| സ്ഥിതാൻ | നിന്നിരുന്ന | | |

ബലാദ്ധ്യക്ഷാസ്തു സംരബ്ധാ രാക്ഷസാംസ്താൻ ഗൃഹാദ്ഗൃഹാത്
ചോദയന്തഃ പരിയയുർലങ്കാം ലഘുപരാക്രമാഃ 23

| | | | |
|---|---|---|---|
| ലഘുപരാക്രമാഃ | ബദ്ധപ്പെട്ടുചെല്ലുന്നവരായ | ഗൃഹാത് ഗൃഹാത് | ഓരോ ഗൃഹത്തിൽ[നിന്നും] |
| ബലാദ്ധ്യക്ഷാഃ തു | സേനാധിപന്മാരും | താൻ | ആ |
| സംരബ്ധാഃ | സംഭ്രമത്തോടെ | രാക്ഷസാൻ | രാക്ഷസരെ |
| | | ചോദയന്തഃ | പുറപ്പെടുവിക്കുന്ന[വരായി] |
| | | ലങ്കാം | ലങ്കാപുരം |
| | | പരിയയുഃ | മുഴുവനും ചുററി. |

തതോ മുഹൂർത്താന്നിഷ്പേതൂ രാക്ഷസാ ഭീമദർശനാഃ
നർദന്തോ ഭീമവദനാ നാനാപ്രഹരണൈർഭുജൈഃ 24
അസിഭിഃ പട്ടിശൈഃ ശൂലൈർഗദാഭിർമുസലൈഃ ശരൈഃ
ശക്തിഭിസ്തീക്ഷ്ണധാരാഭിർമഹദ്ഭിഃ കൂടമുദ്ഗരൈഃ 25
യഷ്ടിഭിർവിമലൈശ്ചക്രൈർനിശിതൈശ്ച പരശ്വധൈഃ
ഭിണ്ഡിപാലൈഃ ശതഘ്നീഭിരന്യൈശ്ചാപി വരായുധൈഃ 26

| | | | |
|---|---|---|---|
| തതഃ | അപ്പോൾ | നാനാപ്രഹരണൈഃ | പല ആയുധങ്ങളേന്തിയ |
| ഭീമദർശനാഃ | ഭയങ്കരസ്വരൂപികളും | ഭുജൈഃ | കൈകളോടും |
| ഭീമവദനാഃ | വികൃതമുഖങ്ങളുള്ളവരു[മായ] | അസിഭിഃ | ഖഡ്ഗങ്ങളോടും |
| രാക്ഷസാഃ | രാക്ഷസന്മാർ | | |

പട്ടിശൈഃ — ചെറുകുന്തങ്ങളോടും
ശൂലൈഃ — ശൂലങ്ങളോടും
ഗദാഭിഃ — ഗദകളോടും
മുസലൈഃ — ഉലക്കകളോടും
ശരൈഃ — ബാണങ്ങളോടും
തീക്ഷ്ണധാരാഭിഃ — കൂൎത്ത മുനകളുള്ള
ശക്തിഭിഃ — വേൽകളോടും
മഹദ്ഭിഃ — വമ്പിച്ച
കൂടമുദ്ഗരൈഃ — കൂടങ്ങളോടും മുട്ടിത്തടി[കളോടും]
യഷ്ടിഭിഃ — ദണ്ഡുകളോടും
വിമലൈഃ — തിളങ്ങുന്ന
ചക്രൈഃ — ചക്രങ്ങളോടും
നിശിതൈഃ — മൂൎച്ചയേറിയ
പരശ്വധൈഃ ച — വെണ്മഴുക്കളോടും
ഭിണ്ഡിപാലൈഃ — കവണകളോടും
ശതഘ്നീഭിഃ അപി — ചീറങ്കികളോടും
അന്യൈഃ — മറ്റുള്ള
വരായുധൈഃ ച — ശ്രേഷ്ഠങ്ങളായ ആയുധങ്ങളോടുംകൂടി
നൎദ്ദന്തഃ — ഗൎജ്ജിക്കുന്നവരായി
മുഹൂൎത്താത് — ഒരു മുഹൂൎത്തത്തിന്നു[ള്ളിൽ]
നിഷ്പേതുഃ — പുറത്തുവന്നു.

അഥാനയദ്ബലാദ്ധ്യക്ഷഃ സത്വരോ രാവണാജ്ഞയാ
രഥാനാം നിയുതം സാഗ്രം നാഗാനാം നിയുതത്രയം. 27

അഥ — അപ്പോൾ
ബലാദ്ധ്യക്ഷഃ — സൈന്യാധിപൻ
രാവണാജ്ഞയാ — രാവണന്റെ ആജ്ഞ[പ്രകാരം]
സത്വരഃ — വേഗത്തിൽ
സാഗ്രം — തികച്ചും
രഥാനാം നിയുതം — പത്തുലക്ഷം രഥങ്ങളേയും
നാഗാനാം നിയുതത്രയം — മുപ്പതുലക്ഷം ആനകളേയും
അനയത് — കൊണ്ടുവന്നു.

അശ്വാനാം ഷഷ്ടികോട്യസ്തു ഖരോഷ്ട്രാണാം തഥൈവ ച
പദാതയസ്ത്വസംഖ്യാതാ ജഗ്മുസ്തേ രാജശാസനാത്
ബലാധ്യക്ഷാശ്ച സംസ്ഥാപ്യ രാജ്ഞഃ സേനാം പുരസ്ഥിതാം. 28

രാജശാസനാത് — രാജാജ്ഞയനുസരിച്ച്
അശ്വാനാം — കുതിരകളുടെ
ഷഷ്ടികോട്യഃ തു — അറുപതു കോടികളും
ഖരോഷ്ട്രാണാം — കോവർ കഴുതകളുടേയും ഒട്ടകങ്ങളുടേയും
തഥാ ഏവ — അത്രയും സംഖ്യയേയും
അസംഖ്യാതാഃ പദാതയഃ — കണക്കില്ലാത്ത കാലാൾ പടകളേയും
ച — അപ്രകാരം കൊണ്ടുവന്നു.
തേ ബലാധ്യക്ഷാഃ ച — ആ സൈന്യാധിപന്മാരും
തു രാജ്ഞഃ — അപ്പോൾ രാജാവിന്റെ
സേനാം — സൈന്യത്തെ
പുരസ്ഥിതാം സംസ്ഥാപ്യ — മുന്നണിയിൽനിൎത്തി
ജഗ്മുഃ — പുറപ്പെട്ടു.

ഏതസ്മിന്നന്തരേ സൂതഃ സ്ഥാപയാമാസ തം രഥം
ദിവ്യാസ്ത്രവരസംപന്നം നാനാലങ്കാരഭൂഷിതം. 29
നാനായുധസമാകീൎണ്ണം കിങ്കിണീജാലസംയുതം
നാനാരത്നപരിക്ഷിപ്തം രത്നസ്തംഭൈൎവിരാജിതം. 30
ജാംബൂനദമയൈശ്ചൈവ സഹസ്രകലശൈൎവൃതം
തം ദൃഷ്ട്വാ രാക്ഷസാഃ സൎവ്വേ വിസ്മയം പരമം ഗതാഃ 31

| | |
|---|---|
| ഏതസ്മിൻ അന്തരേ | ഈ സമയത്തിൽ |
| സൂത: | സാരഥി |
| ദിവ്യാസ്ത്രവര- സംപന്നം | ദിവ്യശക്തിയുള്ള ഉത്തമാസ്ത്രങ്ങളാൽ നിറയപ്പെട്ടതും |
| നാനാലംകാര- ഭൂഷിതം | പല ഭൂഷണങ്ങളാലലങ്കരിക്കപ്പെട്ടതും |
| നാനായുധ- സമാകീൎണ്ണം | പല ആയുധങ്ങളാൽ നിറയപ്പെട്ടതും |
| കിംകിണീ- ജാലസംയുതം | കിങ്കിണികൾ കെട്ടപ്പെട്ടതും |
| നാനാരത്ന- പരിക്ഷിപ്തം | പല രത്നങ്ങൾ പതിച്ചതും |
| രത്നസ്തംഭൈഃ | രത്നത്തൂണുകളാൽ |
| വിരാജിതം | ഭംഗിയായ്‌ വിളങ്ങുന്നതും |
| ജാംബൂനദമയൈഃ | സ്വൎണ്ണമയങ്ങളായ |
| സഹസ്ര- കലശൈഃ | ആയിരം കലശങ്ങളാൽ |
| വൃതം ഏവ ച | നിറയപ്പെട്ടതുമായ |
| തം | ആ |
| രഥം | രഥത്തെ |
| സ്ഥാപയാമാസ | കൊണ്ടുവന്നുനിൎത്തി. |
| രാക്ഷസാഃ | രാക്ഷസന്മാർ |
| സൎവ്വേ | എല്ലാവരും |
| തം | അതിനെ |
| ദൃഷ്ട്വാ | കണ്ടു് |
| പരമം | അതിയായി |
| വിസ്മയം ഗതാഃ. | ആശ്ചൎയ്യമുൾക്കൊണ്ടു. |

തം ദൃഷ്ട്വാ സഹസോത്ഥായ രാവണോ രാക്ഷസേശ്വരഃ
കോടിസൂൎയ്യപ്രതീകാശം ജ്വലന്തമിവ പാവകം. 32
ദ്രുതം സൂതസമായുക്തം യുക്താഷ്ടതുരഗം രഥം
ആരുരോഹ സ തം ഭീമോ ദീപ്യമാനം സ്വതേജസാ. 33

| | |
|---|---|
| രാക്ഷസേശ്വരഃ | രാക്ഷസരാജാവായ |
| സഃ | ആ |
| ഭീമഃ | ഭയങ്കരനായ |
| രാവണഃ | രാവണൻ |
| തം | അതിനെ |
| ദൃഷ്ട്വാ | കണ്ടു് |
| സഹസാ | ഉടനെ |
| ഉത്ഥായ | എഴുന്നേററു് |
| യുക്താഷ്ടതുരഗം | എട്ടു കുതിരകൾ പൂട്ടിക്കെട്ടപ്പെട്ടതും |
| സൂതസമായുക്തം | സാരഥിയോടുകൂടിയ |
| ദ്രുതം | വേഗതയുള്ളതും |
| കോടിസൂൎയ്യ- പ്രതീകാശം | കോടിസൂൎയ്യസദൃശവും |
| ജ്വലന്തം | കത്തിജ്ജ്വലിക്കുന്ന |
| പാവകം ഇവ | അഗ്നിയെപ്പോലിരിക്കുന്നതും |
| സ്വതേജസാ | നിജകാന്തിയാൽ |
| ദീപ്യമാനം | പ്രകാശിക്കുന്നതുമായ |
| തം | ആ |
| രഥം | രഥത്തിൽ |
| ആരുരോഹ | കയറി. |

തതഃ പ്രയാതഃ സഹസാ രാക്ഷസൈൎബ്ബഹുഭിൎവൃതഃ
രാവണഃ സത്വഗാംഭീൎയ്യാദ്ദാരയന്നിവ മേദിനീം 24

| | |
|---|---|
| തത: | അപ്പോൾ |
| രാവണ: | രാവണൻ |
| ബഹുഭി: | പല |
| രാക്ഷസൈ: | നിശാചരന്മാരാൽ |
| വൃത: | ചൂഴപ്പെട്ടവനായി |
| സത്വ- ഗാംഭീൎയ്യാത് | ബലാധിക്യംകൊണ്ടു് |
| മേദിനീം | ഭൂമിയെ |
| ദാരയൻ ഇവ | ചിതറിക്കുന്നവനെന്നപോലെ |
| സഹസാ | ഊക്കോടെ |
| പ്രയാത: | പുറപ്പെട്ടു. |

രാവണേനാഭ്യനുജ്ഞാതൌ മഹാപാർശ്വമഹോദരൌ
വിരൂപാക്ഷശ്ച ദുർദ്ധർഷൌ രഥാനാരുരുഹുസ്തദാ 35

| | | | |
|---|---|---|---|
| തദാ രാവണേന | അപ്പോൾ രാവണനാൽ | ദുർദ്ധർഷ: | ദുർജ്ജയനായ |
| അഭ്യനുജ്ഞാതൌ | ആജ്ഞാപിക്കപ്പെട്ട | വിരൂപാക്ഷ: ച | വിരൂപാക്ഷനും |
| മഹാപാർശ്വ- മഹോദരൌ | മഹാപാർശ്വനും മഹോദരനും | രഥാൻ | രഥങ്ങളിൽ |
| | | ആരുരുഹു: | കയറി. |

തേ തു ഹൃഷ്ടാ വിനർദ്ദന്തോ ഭിന്ദന്ത ഇവ മേദിനീം
നാദം ഘോരം വിമുഞ്ചന്തോ നിര്യ്യയുർജ്ജയകാംക്ഷിണഃ 36

| | | | |
|---|---|---|---|
| തേ തു | അവരും | ഭിന്ദന്ത: ഇവ | പിളക്കുന്നവരെന്നപോലെ |
| ജയകാംക്ഷിണ: | വിജയേച്ഛുക്കളായി | വിനർദ്ദന്ത: | ഗർജ്ജിച്ചുകൊണ്ടു് |
| ഹൃഷ്ടാ: | ഉത്സാഹത്തോടെ | ഘോരം നാദം | ഭയങ്കരമായ ശബ്ദത്തെ |
| മേദിനീം | ഭൂമിയെ | വിമുഞ്ചന്ത: | പുറപ്പെടുവിച്ചുകൊണ്ടു് |
| | | നിര്യ്യയു: | യാത്രചെയ്തു. |

തതോ യുദ്ധായ തേജസ്വീ രക്ഷോഗണബലൈർവൃതഃ
നിര്യ്യയാവുദ്യതധനുഃ കാലാന്തകയമോപമഃ 37

| | | | |
|---|---|---|---|
| കാലാന്തക- യമോപമ: | പ്രളയകാലമൃത്യുസദൃശനും | രക്ഷോഗണ- ബലൈ: | രാക്ഷസസൈന്യസമൂഹത്താൽ |
| തേജസ്വീ | ബലിഷ്ഠനുമായ ആ രാവണൻ | വൃത: | ചൂഴപ്പെട്ടവനായി |
| | | യുദ്ധായ | പോരാടുന്നതിന്നായി |
| | | തത: | അവിടെനിന്നും |
| ഉദ്യതധനുഃ | വില്ലേന്തി | നിര്യ്യയൌ. | നിർഗ്ഗമിച്ചു. |

തതഃ പ്രജവിതാശ്വേന രഥേന സ മഹാരഥഃ
ദ്വാരേണ നിര്യ്യയൌ തേന യത്ര തൌ രാമലക്ഷ്മണൌ 38

| | | | |
|---|---|---|---|
| മഹാരഥ: സ: | മഹാരഥനായ അവൻ | രാമലക്ഷ്മണൌ | ശ്രീരാമലക്ഷ്മണന്മാർ |
| തത: | അപ്പോൾ | യത്ര | എവിടെയുണ്ടായിരുന്നുവോ |
| പ്രജവിതാ- ശ്വേന | അതിവേഗതയേറിയ കുതിരകൾ കെട്ടപ്പെട്ട | തേന | ആ |
| രഥേന | രഥത്തിൽ കയറിക്കൊണ്ടു് | ദ്വാരേണ | കോട്ടവാതിൽ വഴിയായി |
| തൌ | ആ | നിര്യ്യയൌ. | പുറത്തുകടന്നു |

തതോ നഷ്ടപ്രഭഃ സൂര്യ്യോ ദിശശ്ച തിമിരാവൃതാഃ
ദ്വിജാശ്ച നേദുർഘോരാശ്ച സംചചാലേവ മേദിനീ. 39

| | | | |
|---|---|---|---|
| തതഃ | അപ്പോൾ | ദ്വിജാഃ ച | പക്ഷികളും |
| സൂര്യ്യഃ | സൂര്യ്യൻ | ഘോരാഃ | ഭയങ്കരമായി |
| നഷ്ടപ്രഭഃ | നിഷ്പ്രഭനായ് ഭവിച്ചു; | നേദു: | ശബ്ദിച്ചു; |
| ദിശഃ ച | ദിക്കുകളും | മേദിനീ ച | ഭൂമിയും |
| തിമിരാവൃതാഃ | അന്ധകാരത്താൽ മൂടപ്പെട്ടു; | ഇവ | അതിയായി |
| | | സംചചാല | കുലുങ്ങി. |

വവർഷ രുധിരം ദേവശ്ചസ്ഖലുസ്തുരഗാഃ പഥി 40

| | | | |
|---|---|---|---|
| ദേവഃ | ഇന്ദ്രൻ | പഥി | വഴിയിൽ |
| രുധിരം | രക്തം | തുരഗാഃ | കുതിരകൾ |
| വവർഷ | വർഷിച്ചു; | ചസ്ഖലുഃ | കാലിടറി വീണു. |

ധ്വജാഗ്രേ ന്യപതദ്ഗൃദ്ധ്രോ വിനേദുശ്ചാശിവം ശിവാഃ 41

| | | | |
|---|---|---|---|
| ധ്വജാഗ്രേ | കൊടിയുടെ അഗ്ര | ശിവാഃ ച | കുറുനരികളും |
| ഗൃദ്ധ്രഃ | കഴുകൻ [ത്തിൽ | അശിവം | അമംഗളകരമായി |
| ന്യപതത് | പറന്നുവന്നു് ഇരുന്നു; | വിനേദുഃ | ഓരിയിട്ടു. |

നയനം ചാസ്ഫുരദ്വാമം സവ്യോ ബാഹുരകമ്പത 42

| | | | |
|---|---|---|---|
| വാമം | ഇടത്തെ | സവ്യഃ | ഇടത്തെ |
| നയനം | കണ്ണ് | ബാഹുഃ ച | കയ്യും |
| അസ്ഫുരത് | തുടിച്ചു; | അകമ്പത; | വിറച്ചു. |

വിവർണ്ണം വദനം ചാസീത് കിംചിദഭ്രശ്യത സ്വരഃ. 43

| | | | |
|---|---|---|---|
| വദനം | മുഖം | സ്വരഃ ച | ഒച്ചയും |
| വിവർണ്ണം | നിറം കെട്ടു; | കിംചിത് | അല്പം |
| ആസീത് | | അഭ്രശ്യത. | ഇടറി. |

തതോ നിഷ്പതതോ യുദ്ധേ ദശഗ്രീവസ്യ രക്ഷസഃ
രണേ നിധനശംസീനി രൂപാണ്യേതാനി ജജ്ഞിരേ 44

| | | | |
|---|---|---|---|
| തതഃ | അവിടെ നിന്നും | രണേ | പോരിൽ |
| യുദ്ധേ | യുദ്ധത്തിന്നായി | നിധനശംസീനി | മരണസൂചകങ്ങളായ |
| രക്ഷസഃ | രാക്ഷസനായ | ഏതാനി | ഇപ്രകാരമുള്ള |
| ദശഗ്രീവസ്യ | ദശാസ്യൻ | രൂപാണി | ശകുനങ്ങൾ |
| നിഷ്പതതഃ | പുറപ്പെട്ടാറെ | ജജ്ഞിരേ. | ഉണ്ടായി. |

അന്തരിക്ഷാത്പപാതോല്കാ നിർഘാതസമനിഃസ്വനാ
വിനേദുരശിവാ ഗൃദ്ധ്രാ വായസൈരനുനാദിതാഃ 45

| | | | |
|---|---|---|---|
| അന്തരിക്ഷാത് | ആകാശത്തിൽനിന്നു് | ഗൃദ്ധ്രാഃ | കഴുകുകൾ |
| ഉല്കാ | കൊള്ളിമീൻ | വായസൈഃ | കാക്കകളോടുകൂടി |
| നിർഘാതസമ- | ഇടിമുഴക്കമൊത്ത ശബ്ദ | അനുനാദിതാഃ | ശബ്ദിക്കപ്പെട്ടവയായി |
| നിഃസ്വനാ | ത്തോടുകൂടിയതായി | അശിവാഃ | അശുഭകരമായി |
| പപാത | താഴത്തുവീണു; | വിനേദുഃ | നിലവിളിച്ചു. |

ഏതാനചിന്തയൻ ഘോരാനുത്പാതാൻ സമുപസ്ഥിതാൻ
നിര്യയൌ രാവണോ മോഹാദ്വധാർത്ഥീ കാലചോദിതഃ 46

| | | | |
|---|---|---|---|
| കാലചോദിതഃ | മരണം സമീപിച്ചവ | ഉത്പാതാൻ | ദുഃശകുനങ്ങളെ |
| രാവണഃ | രാവണൻ [നായ | മോഹാത് | മതികേടിനാൽ |
| ഘോരാൻ | ഘോരങ്ങളായ | അചിന്തയൻ | സാരമാക്കാതെ |
| സമുപസ്ഥിതാൻ | നേരിലുണ്ടായ | വധാർത്ഥീ | വധത്തിൽ അഭിലാഷമു |
| ഏതാൻ | ഇവ | നിര്യയൌ. | നിഷ്ക്രമിച്ചു. [ള്ളവനായി |

**തേഷാം തു രഥഘോഷേണ രാക്ഷസാനാം മഹാത്മനാം**
**വാനരാണാമപി ചമൂര്യുദ്ധായൈവാഭ്യവർത്തത** 47

| | | | |
|---|---|---|---|
| തു | അപ്പോൾ | വാനരാണാം | വാനരന്മാരുടെ |
| തേഷാം | ആ | ചമൂ: അപി | സൈന്യവും |
| മഹാത്മനാം | പരാക്രമശാലികളായ | യുദ്ധായ ഏവ | പോരിന്നായിതന്നെ |
| രാക്ഷസാനാം | രാക്ഷസന്മാരുടെ | അഭ്യവർത്തത. | എതിർത്തുചെന്നു. |
| രഥഘോഷേണ | തേരൊലികൊണ്ട് | | |

**തേഷാം തു തുമുലം യുദ്ധം ബഭൂവ കപിരക്ഷസാം**
**അന്യോന്യമാഹ്വയാനാനാം ക്രുദ്ധാനാം ജയമിച്ഛതാം.** 48

| | | | |
|---|---|---|---|
| തു | ആ സമയം | ആഹ്വയാനാനാം | പോൎക്കു വിളിക്കുന്നവരായ |
| ജയം ഇച്ഛതാം | വിജയേച്ഛുക്കളായി | തേഷാം കപിരക്ഷസാം | ആ വാനരന്മാൎക്കും രാക്ഷസന്മാൎക്കും തമ്മിൽ |
| ക്രുദ്ധാനാം | കോപത്തോടെ | തുമുലം യുദ്ധം | ബഹളമായ യുദ്ധം |
| അന്യോന്യം | പരസ്പരം | ബഭൂവ | നടന്നു. |

**തതഃ ക്രുദ്ധോ ദശഗ്രീവഃ ശരൈഃ കാഞ്ചനഭൂഷണൈഃ**
**വാനരാണാമനീകേഷു ചകാര കദനം മഹത്.** 49

| | | | |
|---|---|---|---|
| തത: | അപ്പോൾ | ശരൈ: | ബാണങ്ങൾകൊണ്ട് |
| ക്രുദ്ധ: | ക്രുദ്ധനായ | വാനരാണാം | വാനരന്മാരുടെ |
| ദശഗ്രീവ: | ദശകണ്ഠൻ | അനീകേഷു | സൈന്യങ്ങളിൽ |
| കാഞ്ചനഭൂഷണൈ: | സ്വൎണ്ണഭൂഷിതങ്ങളായ | മഹത് | വമ്പിച്ച |
| | | കദനം ചകാര | നാശത്തെ ഉളവാക്കി. |

**നികൃത്തശിരസഃ കേചിത് രാവണേന വലീമുഖാഃ**
**കേചിദ്വിച്ഛിന്നഹൃദയാഃ കേചിച്ഛ്രോത്രവിവർജ്ജിതാഃ.** 50

| | | | |
|---|---|---|---|
| രാവണേന | രാവണനാൽ | കേചിത് | ചിലർ |
| കേചിത് | ചില | വിച്ഛിന്ന ഹൃദയാ: | ഹൃദയം തകൎന്നവരായ്ഭവിച്ചു. |
| വലീമുഖാ: | വാനരന്മാർ | കേചിത് | ചിലർ |
| നികൃത്തശിരസ: | തല കൊയ്യപ്പെട്ടവരായ്ഭവിച്ചു; | ശ്രോത്രവിവർജ്ജിതാ: | ചെവിമുറിക്കപ്പെട്ടു. |

**നിരുച്ഛ്വാസാ ഹതാഃ കേചിത് കേചിത് പാർശ്വേഷു ദാരിതാഃ**
**കേചിദ്വിഭിന്നശിരസഃ കേചിച്ചക്ഷുർവിവർജിതാഃ** 51

| | | | |
|---|---|---|---|
| കേചിത് | ചിലർ | ദാരിതാ: | പിളൎക്കപ്പെട്ടു; |
| നിരുച്ഛ്വാസാ: | വീൎപ്പുമുട്ടിച്ച് | കേചിത് | ചിലർ |
| ഹതാ: | കൊല്ലപ്പെട്ടു; | വിഭിന്നശിരസ: | തലതകൎക്കപ്പെട്ടു; |
| കേചിത് | ചിലർ | കേചിത് | ചിലർ |
| പാർശ്വേഷു | വാരിപ്പള്ളകളിൽ | ചക്ഷുർവിവർജ്ജിതാ: | കണ്ണുകളില്ലാതാക്കപ്പെട്ടു. |

ദശാനനഃ ക്രോധവിവൃത്തനേത്രോ
യതോ യതോഽഭ്യേതി രഥേന സംഖ്യേ
തതസ്തതസ്തസ്യ ശരപ്രവേഗം
സോഢും ന ശേകുർഹരിപുംഗവാസ്തേ. 52

| | | | |
|---|---|---|---|
| ക്രോധ— വിവൃത്തനേത്രഃ | കോപത്താൽ കണ്ണുകളുരുട്ടുന്നവനായ | തതഃ തതഃ | അവിടങ്ങളിലെല്ലാം |
| ദശാനനഃ | രാവണൻ | തേ | ആ |
| സംഖ്യേ രഥേന | പോരിൽ തേരോട്ടുകൂടി | ഹരിപുംഗവാഃ | വാനരശ്രേഷ്ഠന്മാർ |
| യതഃ യതഃ | എവിടെവിടെ | തസ്യ | അവന്റെ |
| അഭ്യേതി | എതിർത്തുചെല്ലുകയുണ്ടായൊ | ശരപ്രവേഗം | ബാണവേഗത്തെ |
| | | സോഢും | സഹിക്കുവാൻ |
| | | ശേകുഃ ന | അശക്തരായിഭവിച്ചു. |

ഇത്യാർഷേ ശ്രീമദ്രാമായണേ വാൽമീകീയേ ആദികാവ്യേ യുദ്ധകാണ്ഡേ ഷണ്ണവതിതമഃ സർഗ്ഗഃ=തൊണ്ണൂറ്റാറാംസർഗ്ഗം സമാപ്തം.

ആദ്യംമുതൽ ശ്ലോകസംഖ്യ 19232; യുദ്ധകാണ്ഡം ആദ്യംമുതൽ ശ്ലോകസംഖ്യ 4557

---

## സപ്തനവതിതമഃ സർഗ്ഗഃ = തൊണ്ണൂറ്റേഴാംസർഗ്ഗം

[വിരൂപാക്ഷവധഃ=വിരൂപാക്ഷവധം.]

തഥാ തൈഃ കൃത്തഗാത്രൈസ്തു ദശഗ്രീവേണ മാർഗ്ഗണൈഃ
ബഭൂവ വസുധാ തത്ര പ്രകീർണ്ണാ ഹരിഭിസ്തദാ. 1

| | | | |
|---|---|---|---|
| ദശഗ്രീവേണ | രാവണനാൽ | തൈഃ ഹരിഭിഃ | ആ വാനരന്മാരാൽ |
| മാർഗ്ഗണൈഃ | ബാണങ്ങൾകൊണ്ടു് | തദാ തത്ര | അപ്പോൾ അവിടെ |
| തഥാ തു | അപ്രകാരം | വസുധാ | ഭൂതലം |
| കൃത്തഗാത്രൈഃ | ശരീരങ്ങൾ പിളൎക്കപ്പെട്ട | പ്രകീർണ്ണാ | നിറയപ്പെട്ടതായി |
| | | ബഭൂവ | ഭവിച്ചു. |

രാവണസ്യാപ്രസഹ്യം തം ശരസംപാതമേകതഃ
ന ശേകുഃ സഹിതും ദീപ്തം പതംഗാ ജ്വലനം യഥാ. 2

| | | | |
|---|---|---|---|
| ദീപ്തം | ആളിക്കത്തുന്ന | തം അപ്രസഹ്യം | ആ അസഹ്യമായ |
| ജ്വലനം | ചെന്തീയ്യിനെ | ശരസംപാതം | ശരനിപാതത്തെ |
| പതംഗാഃ | പാററകൾ | ഏകതഃ സഹിതും | ഒട്ടും സഹിക്കുവാൻ |
| യഥാ | എന്നപോലെ | ശേകുഃ ന | അവർ ശക്തരാകാതിരുന്നു. |
| രാവണസ്യ | രാവണന്റെ | | |

തേഽർദ്ദിതാ നിശിതൈർബാണൈഃ ക്രോശന്തോ വിപ്രദുദ്രുവുഃ
പാവകാർച്ചിഃസമാവിഷ്ടാ ദഹ്യമാനാ യഥാ ഗജാഃ 3

| | | | |
|---|---|---|---|
| തേ നിശിതൈഃ | അവർ തീക്ഷ്ണങ്ങളായ | പാവകാർച്ചിഃ- സമാവിഷ്ടാഃ | ചെന്തീജ്വാലകളാൽ ചൂഴപ്പെട്ടു് |
| ബാണൈഃ | ബാണങ്ങളാൽ | ദഹ്യമാനാഃ | ദഹിക്കുന്ന |
| അർദ്ദിതാഃ | പീഡിക്കപ്പെട്ടു് | ഗജാഃ യഥാ | ആനകൾ എന്നപോലെ |
| ക്രോശന്തഃ | വിലവിളിക്കുന്നവരായി | വിപ്രദുദ്രുവുഃ | പാഞ്ഞുതുടങ്ങി. |

പ്ലവംഗാനാമനീകാനി മഹാഭ്രാണീവ മാരുതഃ
സ യയൌ സമരേ തസ്മിൻ വിധമൻ രാവണഃ ശരൈഃ 4

| | | | |
|---|---|---|---|
| സ: രാവണ: | ആ രാവണൻ | മഹാഭ്രാണി | വൻമേഘങ്ങളെ |
| തസ്മിൻ സമരേ | ആ പോരിൽ | മാരുതഃ ഇവ | കൊടുങ്കാറ്റെന്നപോലെ |
| ശരൈ: | ബാണങ്ങൾകൊണ്ടു് | വിധമൻ | ചിതറിച്ചുകൊണ്ടു് |
| പ്ലവംഗാനാം | വാനരന്മാരുടെ | യയൌ. | എതിർത്തുചെന്നു. |
| അനീകാനി | സൈന്യങ്ങളെ | | |

കദനം തരസാ കൃത്വാ രാക്ഷസേന്ദ്രോ വനൌകസാം
ആസസാദ തതോ യുദ്ധേ രാഘവം ത്വരിതസ്തദാ 5

| | | | |
|---|---|---|---|
| രാക്ഷസേന്ദ്രഃ | രാക്ഷസനായകൻ | കദനം കൃത്വാ | നാശത്തെ വിളയിച്ചു് |
| തദാ | അപ്പോൾ | തതഃ | അതിൽപിന്നെ |
| യുദ്ധേ | പോരിൽ | ത്വരിതഃ | വേഗത പൂണ്ടവനായി |
| തരസാ | അല്പനേരംകൊണ്ടു് | രാഘവം | ശ്രീരാഘവനെ |
| വനൌകസാം | വാനരന്മാൎക്കു് | ആസസാദ. | അടുത്തു. |

സുഗ്രീവസ്താൻ കപീൻ ദൃഷ്ട്വാ ഭഗ്നാൻ വിദ്രവതോ രണേ
ഗുല്മേ സുഷേണം നിക്ഷിപ്യ ചക്രേ യുദ്ധേ ദ്രുതം മനഃ 6

| | | | |
|---|---|---|---|
| സുഗ്രീവഃ | സുഗ്രീവൻ | ദൃഷ്ട്വാ ഗുല്മേ | കണ്ടു്, അണിയിൽ |
| താൻ കപീൻ | ആ വാനരന്മാരെ | സുഷേണം | സുഷേണനെ |
| രണേ | പോരിൽ | നിക്ഷിപ്യ | നിൎത്തി |
| ഭഗ്നാൻ | തോല്പിക്കപ്പെട്ടു് | ദ്രുതം യുദ്ധേ | ഉടനെ പോരിന്നായി |
| വിദ്രവതഃ | ഓടിപ്പോകുന്നവരായി | മനഃ ചക്രേ. | ഒരുങ്ങി. |

ആത്മനഃ സദൃശം വീരഃ സ തം നിക്ഷിപ്യ വാനരം
സുഗ്രീവോഽഭിമുഖഃ ശത്രും പ്രതസ്ഥേ പാദപായുധഃ. 7

| | | | |
|---|---|---|---|
| വീരഃ | ശൂരനായ | നിക്ഷിപ്യ | നിയമിച്ചു് |
| സ: | ആ | പാദപായുധ: | ഒരു മരത്തെ ആയുധമാക്കിക്കൊണ്ടു് |
| സുഗ്രീവ: | സുഗ്രീവൻ | | |
| ആത്മന: സദൃശം | തനിക്കൊത്തവനായ | ശത്രും അഭിമുഖ: | ശത്രുവിന്നു നേൎക്കായി |
| തം വാനരം | ആ വാനരനെ | പ്രതസ്ഥേ. | പുറപ്പെട്ടു. |

പാൎശ്വതഃ പൃഷ്ഠതശ്ചാസ്യ സൎവ്വേ യൂഥാധിപാഃ സ്വയം
അനുജഹ്രുൎമ്മഹാശൈലാൻ വിവിധാംശ്ച മഹാദ്രുമാൻ. 8

| | | | |
|---|---|---|---|
| അസ്യ പാൎശ്വത: | ഇവന്റെ ഇരുപുറത്തും | വിവിധാൻ | പല |
| പൃഷ്ഠത: ച | പിന്നിലും | മഹാദ്രുമാൻ ച | വൻമരങ്ങളേയും |
| യൂഥാധിപാ: | സൈന്യാധിപന്മാർ | സ്വയം അനുജഹ്രുഃ | തങ്ങൾതന്നെ പറിച്ചെടുത്തുകൊണ്ടു് കൂടെ ചെന്നു. |
| സൎവ്വേ | എല്ലാവരും | | |
| മഹാശൈലാൻ | വൻ പൎവ്വതങ്ങളേയും | | |

സ നൎദ്ദയൻ യുധി സുഗ്രീവഃ സ്വരേണ മഹതാ മഹാൻ
പാതയൻ വിവിധാംശ്ചാന്യാൻ ജഗാമോത്തമരാക്ഷസാൻ. 9

| | |
|---|---|
| മഹാൻ | മഹാനായ |
| സഃ സുഗ്രീവഃ | ആ സുഗ്രീവൻ |
| യുധി | പോരിൽ |
| മഹതാ സ്വരേണ | ഉച്ചസ്വരത്തിൽ |
| നദൻ | ഗർജ്ജിച്ചുകൊണ്ട് |
| വിവിധാൻ | പല |
| ഉത്തമ- രാക്ഷസാൻ | കേമന്മാരായ അരക്കന്മാരേയും |
| അന്യാൻ ച | മററുള്ളവരേയും |
| പാതയൻ | വീഴ്ത്തിക്കൊണ്ട് |
| ജഗാമ. | ചെന്നു. |

മമന്ഥ ച മഹാകായോ രാക്ഷസാൻ വാനരേശ്വരഃ
യുഗാന്തസമയേ വായുഃ പ്രവൃദ്ധാനഗമാനിവ. 10

| | |
|---|---|
| മഹാകായഃ | ഭീമകായനായ |
| വാനരേശ്വരഃ | വാനരാധിപൻ |
| യുഗാന്തസമയേ | പ്രളയകാലത്തിൽ |
| വായുഃ | അനിലൻ |
| പ്രവൃദ്ധാൻ അഗമാൻ ഇവ | പൊങ്ങിവളർന്ന തരുക്കളെ എന്നപോലെ |
| രാക്ഷസാൻ ച | രാക്ഷസന്മാരെയെല്ലാം |
| മമന്ഥ. | മട്ടിച്ചു. |

രാക്ഷസാനാമനീകേഷു ശൈലവർഷം വവർഷ ഹ
അശ്മവർഷം യഥാ മേഘഃ പക്ഷിസംഘേഷു കാനനേ. 11

| | |
|---|---|
| കാനനേ മേഘഃ | കാട്ടിൽ മേഘം |
| പക്ഷിസംഘേഷു | പക്ഷിസമൂഹങ്ങളിൽ |
| അശ്മവർഷം | കൽമാരിയെ |
| യഥാ | എന്നപോലെ |
| രാക്ഷസാനാം | രാക്ഷസന്മാരുടെ |
| അനീകേഷു | സൈന്യങ്ങളിൽ |
| ശൈലവർഷം വവർഷ ഹ | വൻ പാറകൾ തൂകി. |

കപിരാജവിമുക്തൈസ്തൈഃ ശൈലവർഷൈസ്തു രാക്ഷസാഃ
വികീർണ്ണശിരസഃ പേതുർനികൃത്താ ഇവ പർവ്വതാഃ 12

| | |
|---|---|
| കപിരാജ- വിമുക്തൈഃ | വാനരേശ്വരനാൽ എറിയപ്പെട്ട |
| തു തൈഃ | അപ്പോൾ ആ |
| ശൈലവർഷൈഃ | ശൈലവർഷങ്ങളാൽ |
| രാക്ഷസാഃ | രാക്ഷസന്മാർ |
| വികീർണ്ണ- ശിരസഃ | തലമണ്ട ചിതറിയവരായി |
| നികൃത്താഃ | പിളക്കപ്പെട്ട |
| പർവ്വതാഃ | പർവ്വതങ്ങൾ |
| ഇവ പേതുഃ | എന്നപോലെ പതിച്ചു. |

അഥ സംക്ഷീയമാണേഷു രാക്ഷസേഷു സമന്തതഃ
സുഗ്രീവേണ പ്രഭഗ്നേഷു പതത്സു നിനദത്സു ച 13
വിരൂപാക്ഷഃ സ്വകം നാമ ധന്വീ വിശ്രാവ്യ രാക്ഷസഃ
രഥാദാപ്ലുത്യ ദുർധർഷോ ഗജസ്കന്ധമുപാരുഹത്. 14

| | |
|---|---|
| അഥ സമന്തതഃ | അപ്പോൾ നാലുപാടും |
| രാക്ഷസേഷു | രാക്ഷസന്മാർ |
| സുഗ്രീവേണ | സുഗ്രീവനാൽ |
| പ്രഭഗ്നേഷു | പ്രഹരിക്കപ്പെട്ട് |
| പതത്സു | മറിഞ്ഞുവീണ് |
| സംക്ഷീയ- മാണേഷു ച | ആർത്തരായി |
| നിനദത്സു | നിലവിളിക്കുന്നസമയം |
| ദുർധർഷഃ | ദുർജ്ജയനും |
| ധന്വീ | വില്ലാളിയും |
| രാക്ഷസഃ | രാക്ഷസനുമായ |
| വിരൂപാക്ഷഃ | വിരൂപാക്ഷൻ |
| സ്വകം നാമ | തന്റെ പേർ |
| വിശ്രാവ്യ | വിളിച്ചുപറഞ്ഞുകൊണ്ട് |
| രഥാത് | തേരിൽനിന്നും |
| ആപ്ലുത്യ | കുതിച്ച് |
| ഗജസ്കന്ധം | ഒരു ആനപ്പുറത്ത് |
| ഉപാരുഹത്. | ചാടിക്കയറി. |

സ തം ദ്വിരദമാരുഹ്യ വിരൂപാക്ഷോ മഹാരഥഃ
വിനദൻ ഭീമനിർഹ്രാദം വാനരാനഭ്യധാവത. 15

| | | | |
|---|---|---|---|
| സഃ മഹാരഥഃ | ആ മഹാരഥനായ | ഭീമനിർഹ്രാദം | ഭയങ്കരസ്വരത്തിൽ |
| വിരൂപാക്ഷഃ | വിരൂപാക്ഷൻ | വിനദൻ | ഗർജ്ജിച്ചുകൊണ്ടു് |
| തം ദ്വിരദം | ആ ആനപ്പുറത്തു് | വാനരാൻ | വാനരന്മാരെ |
| ആരുഹ്യ | കയറിക്കൊണ്ടു് | അഭ്യധാവത. | ഏറെറതിർത്തു. |

സുഗ്രീവേ സ ശരാൻ ഘോരാൻ വിസസർജ്ജ ചമൂമുഖേ
സ്ഥാപയാമാസ ചോദ്വിഗ്നാൻ രാക്ഷസാൻ സംപ്രഹർഷയൻ. 16

| | | | |
|---|---|---|---|
| സഃ | അവൻ | ഉദ്വിഗ്നാൻ | ആകുലിതരായ |
| ചമൂമുഖേ | പോർമുമ്പിൽ | രാക്ഷസാൻ ച | രാക്ഷസന്മാരേയും |
| സുഗ്രീവേ | സുഗ്രീവങ്കൽ | സംപ്രഹർഷയൻ | ഉത്സാഹപ്പെടുത്തിക്കൊണ്ടു് |
| ഘോരാൻ ശരാൻ | ഉഗ്രശരങ്ങളെ | | |
| വിസസർജ്ജ | പൊഴിച്ചു; | സ്ഥാപയാമാസ. | നിലയുറപ്പിച്ചു. |

സ തു വിദ്ധഃ ശിതൈർബാണൈഃ കപീന്ദ്രസ്തേന രക്ഷസാ
ചുക്രോധ സ മഹാക്രോധോ വധേ ചാസ്യ മനോ ദധേ. 17

| | | | |
|---|---|---|---|
| സഃ കപീന്ദ്രഃ | ആ കപീശ്വരൻ | ചുക്രോധ | ചൊടിച്ചു; |
| തു തേന | അപ്പോൾ ആ | മഹാക്രോധഃ | അതിയായി ക്രുദ്ധിച്ചവനായ |
| രക്ഷസാ | രാക്ഷസനാൽ | സഃ | അവൻ |
| ശിതൈഃ | തീക്ഷ്ണങ്ങളായ | അസ്യ | ഇവന്റെ |
| ബാണൈഃ | ബാണങ്ങൾകൊണ്ടു് | വധേ ച | വധത്തിൽ |
| വിദ്ധഃ | എയ്യപ്പെട്ടവനായി | മനഃ ദധേ | മനസ്സുറപ്പിച്ചു. |

തതഃ പാദപമുദ്ധൃത്യ ശൂരഃ സംപ്രധനോ ഹരിഃ
അഭിപത്യ ജഘാനാസ്യ പ്രമുഖേ തു മഹാഗജം. 18

| | | | |
|---|---|---|---|
| സംപ്രധനഃ | സമരചതുരനും | അഭിപത്യ | നേക്കിട്ടത്തു് |
| ശൂരഃ | ശൂരനുമായ | അസ്യ | ഇവന്റെ |
| ഹരിഃ | വാനരൻ | മഹാഗജം | മഹാഗജത്തെ |
| തതഃ | ആ സമയം | പ്രമുഖേ തു | അതിന്റെ വമ്പിച്ച മുഖത്തിലായിത്തന്നെ |
| പാദപം | ഒരു വൃക്ഷത്തെ | | |
| ഉദ്ധൃത്യ | പറിച്ചെടുത്തു് | ജഘാന. | അടിച്ചു. |

സ തു പ്രഹാരാഭിഹതഃ സുഗ്രീവേണ മഹാഗജഃ
അപാസർപ്പദ്ധനുർമാത്രം വിഷസാദ നനാദ ച 19

| | | | |
|---|---|---|---|
| സഃ | ആ | ധനുർമാത്രം | ഒരു വിൽപാടു് |
| മഹാഗജഃ തു | ഉത്തമഗജവും | അപാസർപ്പത് | പിൻവാങ്ങി |
| സുഗ്രീവേണ | സുഗ്രീവനാൽ | നനാദ | ഭീരിയിട്ടു; |
| പ്രഹാരാഭിഹതഃ | പ്രഹരിക്കപ്പെട്ടു് | വിഷസാദ ച | കുഴങ്ങിപ്പോകയും ചെയ്തു. |

ഗജാത്തു മഥിതാത്തൂർണ്ണമപക്രമ്യ സവീര്യവാൻ
രാക്ഷസോഽഭിമുഖഃ ശത്രും പ്രത്യുദ്ഗമ്യ തതഃ കപിം. 20
ആർഷഭം ചർമ്മ ഖഡ്ഗം ച പ്രഗൃഹ്യ ലഘുവിക്രമഃ
ഭർത്സയന്നിവ സുഗ്രീവമാസസാദ വ്യവസ്ഥിതം. 21

| | | | |
|---|---|---|---|
| വീര്യവാൻ | വീര്യവാനും | തതഃ | അവിടെനിന്നും |
| ലഘുവിക്രമഃ | ലഘുപരാക്രമിയുമായ | പ്രത്യുദ്ഗമ്യ | എതിരിട്ടടുത്ത് |
| സഃ രാക്ഷസഃ | ആ രാക്ഷസൻ | ആർഷഭ ചർമ്മ | കാളത്തോലാം പരിച |
| തു മഥിതാത് | അപ്പോൾ മർദ്ദിക്കപ്പെട്ട | ഖഡ്ഗം ച | ഖഡ്ഗത്തെയും[യേയും |
| ഗജാത് | ആനപ്പുറത്തുനിന്ന് | പ്രഗൃഹ്യ | കൈക്കൊണ്ടു. |
| തൂർണ്ണം | ഉടനെ | ഭർത്സയൻ | പുച്ഛഭാവത്തിൽ |
| അപക്രമ്യ | താഴെയിട്ടു കുതിച്ച് | ഇവ വ്യവസ്ഥിതം | ഉറച്ചു നിന്നുകൊണ്ടിരുന്ന |
| ശത്രും | വൈരിയായ | സുഗ്രീവം | സുഗ്രീവനെ |
| കപിം അഭിമുഖഃ | വാനരനു നേക്കായി | ആസസാദ. | അടുത്തു. |

സ ഹി തസ്യാഭിസംക്രുദ്ധഃ പ്രഗൃഹ്യ വിപുലാം ശിലാം
വിരൂപാക്ഷായ ചിക്ഷേപ സുഗ്രീവോ ജലദോപമാം. 22

| | | | |
|---|---|---|---|
| സഃ | ആ | വിപുലാം | വമ്പിച്ച |
| സുഗ്രീവഃ ഹി | സുഗ്രീവനും | ശിലാം | ഒരു പാറയെ |
| തസ്യ | അവനുനേക്ക് | പ്രഗൃഹ്യ | എടുത്ത് |
| അഭിസംക്രുദ്ധഃ | അതിയായി അരിശം കൊണ്ടവനായി | വിരൂപാക്ഷായ | വിരൂപാക്ഷന്റെ നേക്കായി |
| ജലദോപമാം | മേഘം പോലെ | ചിക്ഷേപ. | എറിഞ്ഞു. |

സ താം ശിലാമാപതന്തീം ദൃഷ്ട്വാ രാക്ഷസപുംഗവഃ
അപക്രമ്യ സുവിക്രാന്തോ ഖഡ്ഗേന പ്രാഹരത്തദാ. 23

| | | | |
|---|---|---|---|
| സുവിക്രാന്തഃ | അതിപരാക്രമശാലിയായ | ആപതന്തീം | നേക്കു വരുന്നതായി |
| | | ദൃഷ്ട്വാ തദാ | കണ്ടു്, അപ്പോൾ |
| സഃ രാക്ഷസപുംഗവഃ | ആ രാക്ഷസോത്തമൻ | അപക്രമ്യ | അല്പംമാറിനിന്നു |
| | | ഖഡ്ഗേന | വാൾകൊണ്ടു് [കൊണ്ടു് |
| താം ശിലാം | ആ കല്ലിനെ | പ്രാഹരത്. | വെട്ടി. |

തേന ഖഡ്ഗപ്രഹാരേണ രക്ഷസാ ബലിനാ ഹതഃ
മുഹൂർത്തമഭവദ്വീരോ വിസംജ്ഞ ഇവ വാനരഃ 24

| | | | |
|---|---|---|---|
| വീരഃ വാനരഃ | വീരനായ വാനരൻ | ഹതഃ | പീഡിതനായി |
| ബലിനാ | ബലശാലിയായ | മുഹൂർത്തം | അല്പനേരം |
| രക്ഷസാ തേന | രാക്ഷസനാൽ ആ | ഇവ | തീരെ |
| ഖഡ്ഗപ്രഹാരേണ | വാൾ കൊണ്ടുള്ള വെട്ടേററ് | വിസംജ്ഞഃ | പ്രജ്ഞയററവനായി |
| | | അഭവത്. | ഭവിച്ചു. |

സ തദാ സമുത്പത്യ രാക്ഷസസ്യ മഹാഹവേ
മുഷ്ടിം സംവർത്ത്യ വേഗേന പാതയാമാസ വക്ഷസി. 25

| | | | |
|---|---|---|---|
| സ: തദാ | അവൻ അപ്പോൾ | മഹാഹവേ | ആ വൻപോരിൽ |
| സഹസാ | പൊടുന്നനവേ | രാക്ഷസസ്യ | രാക്ഷസന്റെ |
| ഉത്പത്യ | കുതിച്ചെഴുന്നേററു നിന്നു | വക്ഷസി | മാറിടത്തിൽ |
| മുഷ്ടിം | മുഷ്ടി | വേഗേന | ഊക്കോടെ |
| സംവർത്ത്യ | ചുരുട്ടിപ്പിടിച്ചുകൊണ്ടു് | പാതയാമാസ. | ഇടിച്ചു. |

മുഷ്ടിപ്രഹാരാഭിഹതോ വിരൂപാക്ഷോ നിശാചരഃ
തേന ഖഡ്ഗേന സംക്രുദ്ധഃ സുഗ്രീവസ്യ ചമൂമുഖേ
കവചം പാതയാമാസ പദ്ഭ്യാമഭിഹതോഽപതത്. 26

| | | | |
|---|---|---|---|
| മുഷ്ടിപ്രഹാ- രാഭിഹത: | മുഷ്ടികൊണ്ടുള്ള ഇടി യാൽ പിഡിക്കപ്പെട്ട | കവചം | കവചത്തെ |
| നിശാചര: | രാത്രിഞ്ചരനായ | തേന | ആ |
| വിരൂപാക്ഷ: | വിരൂപാക്ഷൻ | ഖഡ്ഗേന | ഖഡ്ഗംകൊണ്ടു് |
| സംക്രുദ്ധ: | ചൊടിച്ചു് | പാതയാമാസ | വെട്ടിവീഴ്ത്തി |
| ചമൂമുഖേ | പോർമുന്നിൽ | പദ്ഭ്യാം | കാലുകൾകൊണ്ടു് |
| സുഗ്രീവസ്യ | സുഗ്രീവന്റെ | അഭിഹതഃ | പ്രഹരിക്കപ്പെട്ട ആ സു |
| | | അപതത്. | മറിഞ്ഞുവീണു[ഗ്രീവൻ |

സ സമുത്ഥായ പതിതഃ കപിസ്തസ്യ വ്യസർജ്ജയത്
തലപ്രഹാരമശനേഃ സമാനം ഭീമനിഃസ്വനം. 27

| | | | |
|---|---|---|---|
| പതിത: | ചുവട്ടിൽ വീണ | ഭീമനി:സ്വനം | ഭയങ്കരശബ്ദത്തോടു കൂടിയതുമായ |
| സ: | ആ | | |
| കപി: | വാനരൻ | തലപ്രഹാരം | കരതലംകൊണ്ടുള്ള ഒരു പ്രഹരത്തെ |
| സമുത്ഥായ | എഴുന്നേററു് | | |
| അശനേ: സമാനം | ഇടിത്തീയൊത്തതും | തസ്യ | അവന്നുനേക്കു് |
| | | വ്യസർജ്ജയത്. | കൊടുത്തു. |

തലപ്രഹാരം തദ്രക്ഷഃ സുഗ്രീവേണ സമുദ്യതം
നൈപുണ്യാന്മോചയിത്വൈനം മുഷ്ടിനോരസ്യതാഡയത്. 28

| | | | |
|---|---|---|---|
| തത് രക്ഷ: | ആ രാക്ഷസൻ | മോചയിത്വാ | ഒഴിച്ചു് |
| സുഗ്രീവേണ | സുഗ്രീവനാൽ | ഏനം | ഇവനെ |
| സമുദ്യതം | അടിക്കപ്പെട്ട | മുഷ്ടിനാ | മുഷ്ടികൊണ്ടു് |
| തലപ്രഹാരം | തല്ലിനെ | ഉരസി | മാറത്തു് |
| നൈപുണ്യാത് | മിടുക്കുകൊണ്ടു് | അതാഡയത്. | കുത്തി |

തതസ്തു സംക്രുദ്ധതരഃ സുഗ്രീവോ വാനരേശ്വരഃ
മോക്ഷിതം ചാത്മനോ ദൃഷ്ട്വാ പ്രഹാരം തേന രക്ഷസാ
സ ദദർശാന്തരം തസ്യ വിരൂപാക്ഷസ്യ വാനരഃ 29

| | | | |
|---|---|---|---|
| തത: | ആ സമയം | ആത്മന: പ്രഹാരം | താനേല്പിച്ച തല്ലു് |
| വാനരേശ്വര: | വാനരേശ്വരനായ | | |
| സുഗ്രീവ: ച | സുഗ്രീവനും | മോക്ഷിതം | ഒഴിക്കപ്പെട്ടതായി |
| തേന രക്ഷസാ | ആ രാക്ഷസനാൽ | ദൃഷ്ട്വാ | കണ്ടു് |

| | | | |
|---|---|---|---|
| സംക്രുദ്ധതരഃ | അതികുപിതനായി | വിരൂപാക്ഷസ്യ | വിരൂപാക്ഷന്റെ സംഗതിയിൽ |
| സഃ വാനരഃ | ആ വാനരൻ [ത്തീൎന്നു; | അന്തരം | തക്കതായ പഴുതു് |
| തു | അപ്പോാം | ദദൎശ. | നോക്കിക്കൊണ്ടിരുന്നു. |
| തസ്യ | ആ | | |

തതോ ന്യപാതയത് ക്രോധാത് ശംഖദേശേ മഹത്തലം. 30

| | | | |
|---|---|---|---|
| തതഃ | അതിൽപിന്നെ | മഹത് | വമ്പിച്ച |
| ക്രോധാത് | കോപത്തോടുകൂടി | തലം | കൈത്തലത്തെ |
| ശംഖദേശേ | അവന്റെ ചെന്നിയിൽ | ന്യപാതയത്. | പതിപ്പിച്ചു. |

മഹേന്ദ്രാശനികല്പേന തലേനാഭിഹതഃ ക്ഷിതൌ
പപാത രുധിരക്ലിന്നഃ ശോണിതം ച സമുദ്വമൻ
സ്രോതോഭ്യസ്തു വിരൂപാക്ഷോ ജലം പ്രസ്രവണാദിവ. 31

| | | | |
|---|---|---|---|
| വിരൂപാക്ഷഃ | വിരൂപാക്ഷൻ | പ്രസ്രവണാത് | അരുവിയിൽനിന്നു് |
| മഹേന്ദ്രാശനികല്പേന | ദേവേന്ദ്രന്റെ വജ്രായുധമൊത്ത | ജലം ഇവ | വെള്ളം എന്നപോലെ |
| തലേന | കൈത്തലംകൊണ്ടു് | സ്രോതോഭ്യഃ | രക്തനാഡികളിൽ [നിന്നു് |
| അഭിഹതഃ | അടിയ്ക്കപ്പെട്ടവനായി | ശോണിതം | ചോര |
| തു | അപ്പോാം | സമുദ്വമൻ ച | ഒലിപ്പിച്ചുകൊണ്ടു് |
| രുധിരക്ലിന്നഃ | രക്തംനനഞ്ഞ് | ക്ഷിതൌ | നിലത്തു് |
| | | പപാത | വീണു. |

വിവൃത്തനയനം ക്രോധാത് സഫേനം രുധിരാപ്ലുതം
ദദൃശുസ്തേ വിരൂപാക്ഷം വിരൂപാക്ഷതരം കൃതം. 32

| | | | |
|---|---|---|---|
| തേ | അവിടെയുള്ളവർ | വിരൂപാക്ഷതരം | വികൃതങ്ങളായ കണ്ണുകളോടുകൂടിയവനാക്കി |
| ക്രോധാത് | കോപത്താൽ | കൃതം | ചെയ്യപ്പെട്ടവനായും |
| വിവൃത്തനയനം | കണ്ണുകളുരുട്ടിമിഴിക്കുന്ന | സഫേനം | നുരയോടുകൂടിയ |
| | | രുധിരാപ്ലുതം | രക്തംപുരണ്ടവനായും |
| വിരൂപാക്ഷം | വിരൂപാക്ഷനെ | ദദൃശുഃ | കണ്ടു. |

സ്ഫുരന്തം പരിവൎത്തന്തം പാൎശ്വേന രുധിരോക്ഷിതം
കരുണം ച വിനൎദ്ദന്തം ദദൃശുഃ കപയോ രിപും. 33

| | | | |
|---|---|---|---|
| കപയഃ | വാനരന്മാർ | രുധിരോക്ഷിതം | രക്തംവഴിയുന്നവനായും |
| രിപും | ശത്രുവിനെ | | |
| സ്ഫുരന്തം | പിടയുന്നവനായും | കരുണം | ദയനീയമാംവണ്ണം |
| പാൎശ്വേന പരിവൎത്തന്തം | ചരിഞ്ഞു് പുരണ്ടുകൊണ്ടിരിക്കുന്നവനായും | വിനൎദ്ദന്തം ച | ചിലപ്പിക്കുന്നവനായും |
| | | ദദൃശുഃ | കണ്ടു. |

തഥാ തു തൌ സംയതി സംപ്രയുക്തൌ
തരസ്വിനൌ വാനരരാക്ഷസാനാം
ബലാൎണ്ണവൌ സസ്വനതുഃ സുഭീമം
മഹാൎണ്ണവൌ ദ്വാവിവ ഭിന്നവേലൌ. 34

| | | | |
|---|---|---|---|
| തഥാ തു | അപ്രകാരംതന്നെ | ബലാർണ്ണവൌ | സൈന്യങ്ങളാകുന്ന രണ്ടു സമുദ്രങ്ങൾ |
| സംയതി | പോരിൽ | ഭിന്നവേലൌ | കരകവിഞ്ഞ |
| സംപ്രയുക്തൌ | തമ്മിലേററവരും | ദ്വൌ | രണ്ടു |
| തരസ്വിനൌ | അതിബലശാലികളു[മായ | മഹാർണ്ണവൌ | വൻകടലുകൾ |
| തൌ | ആ | ഇവ സുഭീമം | എന്നപോലെ അതി[ഘോരമായി |
| വാനര—രാക്ഷസാനാം | വാനരന്മാരുടേയും രാക്ഷസന്മാരുടേയും | സസ്വനതുഃ | ഇരമ്പി. |

വിനാശിതം പ്രേക്ഷ്യ വിരൂപനേത്രം
മഹാബലം തം ഹരിപാർത്ഥിവേന
ബലം സമസ്തം കപിരാക്ഷസാനാ-
മുന്മത്തഗംഗാപ്രതിമം ബഭൂവ. 35

| | | | |
|---|---|---|---|
| തം മഹാബലം | ആ മഹാബലശാലി | കപി-രാക്ഷസാനാം | വാനരന്മാരുടേയും രാക്ഷസന്മാരുടേയും |
| വിരൂപനേത്രം | വിരൂപാക്ഷനെ[കളായ | സമസ്തം ബലം | എല്ലാ സേനയും |
| ഹരി-പാർത്ഥിവേന | വാനരേശ്വരനാൽ | ഉന്മത്തഗംഗാ-പ്രതിമം | കരകവിഞ്ഞ ഗംഗാനദിയെന്നപോലെ |
| വിനാശിതം | വധിക്കപ്പെട്ടവനായി | ബഭൂവ | ആയ്തീന്നു. |
| പ്രേക്ഷ്യ | കണ്ടു് | | |

ഇത്യാർഷേ ശ്രീമദ്രാമായണേ വാല്മീകീയേ ആദികാവ്യേ യുദ്ധകാണ്ഡേ
സപ്തനവതിതമഃ സർഗ്ഗഃ = തൊണ്ണൂറേറഴാം സർഗ്ഗം സമാപ്തം
ആദ്യം മുതൽ ശ്ലോകസംഖ്യ 19267; യുദ്ധകാണ്ഡം ആദ്യം മുതൽ ശ്ലോകസംഖ്യ 4592

—●●—

## അഷ്ടനവതിതമഃ സർഗ്ഗഃ = തൊണ്ണൂറെറട്ടാം സർഗ്ഗം.

[മഹോദരവധഃ = മഹോദരവധം]

ഹന്യമാനേ ബലേ തൂർണ്ണമന്യോന്യം തേ മഹാമൃധേ
സരസീവ മഹാഘർമ്മേ സോപക്ഷീണേ ബഭൂവതുഃ 1

| | | | |
|---|---|---|---|
| മഹാമൃധേ | വൻപോരിൽ | മഹാഘർമ്മേ | കടുത്തായ വേനലിൽ |
| തേ | ആ | സരസീ | രണ്ടു സരസ്സുകൾ |
| ബലേ | സൈന്യങ്ങൾരണ്ടും | ഇവ | എപ്രകാരമോ അപ്രകാരം |
| അന്യോന്യം | തമ്മിൽ തമ്മിൽ | സോപക്ഷീണേ ബഭൂവതുഃ | ക്ഷയിച്ചുതുടങ്ങി. |
| തൂർണ്ണം | വേഗത്തിൽ | | |
| ഹന്യമാനേ | മർദ്ദിക്കപ്പെട്ടപ്പോൾ | | |

സ്വബലസ്യ വിഘാതേന വിരൂപാക്ഷവധേന ച
ബഭൂവ ദ്വിഗുണം ക്രുദ്ധോ രാവണോ രാക്ഷസാധിപഃ 2

| | | | |
|---|---|---|---|
| രാക്ഷസാധിപ: | രാക്ഷസേശ്വരനായ | വിരൂപാക്ഷ- വധേന ച | വിരൂപാക്ഷന്റെ വധത്താലും |
| രാവണ: | രാവണൻ | ദ്വിഗുണം | ഇരട്ടി |
| സ്വബലസ്യ | സ്വസൈന്യത്തിന്റെ | ക്രുദ്ധ: ബഭൂവ | ക്രുദ്ധിച്ചവനായ്ത്തീൎന്നു |
| വിഘാതേന | നാശത്താലും | | |

പ്രക്ഷീണം തു ബലം ദൃഷ്ട്വാ വധ്യമാനം വലീമുഖൈഃ
ബഭൂവാസ്യ വ്യഥാ യുദ്ധേ പ്രേക്ഷ്യ ദൈവവിപൎയ്യയം. 3

| | | | |
|---|---|---|---|
| തു | അപ്പോൾ | യുദ്ധേ | പോരിൽ |
| ബലീമുഖൈ: | വാനരന്മാരാൽ | ദൈവവിപൎയ്യയം | വിധിവൈപരീത്യ[ത്തെയും |
| വധ്യമാനം | കൊല്ലപ്പെട്ടു് | ദൃഷ്ട്വാ | ഓൎത്തു്, |
| പ്രക്ഷീണം | ക്ഷയിച്ചതായ | അസ്യ | ഇവന്നു് |
| ബലം | സൈന്യത്തെ | വ്യഥാ | വ്യസനം |
| ദൃഷ്ട്വാ | കണ്ടു് | ബഭൂവ. | ഉണ്ടായി. |

ഉവാച ച സമീപസ്ഥം മഹോദരമരിന്ദമം 4

| | | | |
|---|---|---|---|
| സമീപസ്ഥം | അടുത്തിരുന്നിരുന്ന | മഹോദരം ച | മഹോദരനെ നോക്കി |
| അരിന്ദമം | ശത്രുധ്വംസകനായ | ഉവാച. | ഇപ്രകാരം പറഞ്ഞു. |

അസ്മിൻ കാലേ മഹാബാഹോ ജയാശാ ത്വയി മേ സ്ഥിതാ. 5

| | | | |
|---|---|---|---|
| "മഹാബാഹോ | "വീൎയ്യശാലിയായ[വനേ | ജയാശാ | വിജയത്തിലുള്ള ആശ |
| അസ്മിൻ കാലേ | ഈ ഘട്ടത്തിൽ | ത്വയി | നിങ്കലാണു് |
| മേ | എനിക്കു് | സ്ഥിതാ. | സ്ഥിതിചെയ്യുന്നതു്. |

ജഹി ശത്രുചമൂം വീര ദൎശയാദ്യ പരാക്രമം. 6

| | | | |
|---|---|---|---|
| "വീര | "വീര | ദൎശയ | നീ പ്രകടിപ്പിച്ചാലും; |
| അദ്യ | ഇപ്പോൾ | ശത്രുചമൂം | ശത്രുസൈന്യത്തെ |
| പരാക്രമം | പരാക്രമത്തെ | ജഹി. | അടക്കിയാലും. |

ഭൎത്തൃപിണ്ഡസ്യ കാലോഽയം നിൎദ്ദേഷ്ടും സാധു യുധ്യതാം 7

| | | | |
|---|---|---|---|
| "ഭൎത്തൃ- പിണ്ഡസ്യ നിൎദ്ദേഷ്ടും | "യജമാനൻ തന്ന ചോററിന്നുള്ള കൂറു കാണിപ്പാൻ | കാല: | തക്ക അവസരം |
| | | സാധു | വഴിപോലെ |
| അയം | ഇതുതന്നെയാണു് | യുധ്യതാം" | യുദ്ധം ചെയ്യപ്പെടട്ടെ." |

ഏവമുക്തസ്തഥേത്യുക്ത്വാ രാക്ഷസേന്ദ്രോ മഹോദരഃ
പ്രവിവേശാരിസേനാം താം പതംഗ ഇവ പാവകം. 8

| | | | |
|---|---|---|---|
| ഏവം | മേൽപ്രകാരം | ഉക്ത്വാ | ഉണൎത്തിച്ചു് |
| ഉക്ത: | പറയപ്പെട്ട | പാവകം | തീയ്യിൽ |
| രാക്ഷസേന്ദ്ര: | രാക്ഷസാധിപനായ | പതംഗ: ഇവ | ഈയ്യാംപാററയെന്ന[പോലെ |
| മഹോദര: | മഹോദരൻ | താം | ആ |
| "തഥാ" | "കല്പനപോലെ" | അരിസേനാം | ശത്രുസൈന്യത്തിൽ |
| ഇതി | എന്നു് | പ്രവിവേശ. | ചെന്നുകേറി. |

തതഃ സ കദനം ചക്രേ വാനരാണാം മഹാബലഃ
ഭർതൃവാക്യേന തേജസ്വീ സ്വേന വീര്യേണ ചോദിതഃ 9

| | | | |
|---|---|---|---|
| തതഃ | അപ്പോൾ | സ്വേന | തന്റെ |
| തേജസ്വീ | അതിപരാക്രമശാലിയും | വീര്യേണ | ശൌര്യത്താലും |
| | | ചോദിതഃ | പ്രേരിക്കപ്പെട്ടവനായി |
| മഹാബലഃ | മഹാബലശാലിയുമായ | വാനരാണാം | വാനരന്മാൎക്ക് |
| സഃ | അവൻ | കദനം | നാശത്തെ |
| ഭർതൃവാക്യേന | ഭർതൃശാസനത്താലും | ചക്രേ. | വിളയിച്ചു. |

വാനരാശ്ച മഹാസത്വാഃ പ്രഗൃഹ്യ വിപുലാഃ ശിലാഃ
പ്രവിശ്യാരിബലം ഭീമം ജഘ്നുസ്തേ രജനീചരാൻ. 10

| | | | |
|---|---|---|---|
| തേ | ആ | ഭീമം | ഭയങ്കരമായ |
| മഹാസത്വാഃ | അതിബലവാന്മാരായ | അരിബലം | ശത്രുസൈന്യത്തിൽ |
| വാനരാഃ ച | വാനരന്മാരും | പ്രവിശ്യ | ഉൾപ്പുക്ക് |
| വിപുലാഃ ശിലാഃ | വമ്പിച്ച പാറകളെ | രജനീചരാൻ | രാത്രിഞ്ചരന്മാരെ |
| പ്രഗൃഹ്യ | കൈക്കൊണ്ട്, | ജഘ്നുഃ. | കൊന്നൊടുക്കി. |

മഹോദരസ്തു സംക്രുദ്ധഃ ശരൈഃ കാഞ്ചനഭൂഷണൈഃ
ചിച്ഛേദ പാണിപാദോരൂൻ വാനരാണാം മഹാഹവേ 11

| | | | |
|---|---|---|---|
| തു | ആ സമയം | ശരൈഃ | ബാണങ്ങൾകൊണ്ട് |
| മഹാഹവേ | ആ വൻയുദ്ധത്തിൽ | വാനരാണാം | വാനരന്മാരുടെ |
| മഹോദരഃ | മഹോദരൻ | പാണിപാദോരൂൻ | കൈകളേയും കാലുകളേയും തുടകളേയും |
| സംക്രുദ്ധഃ | അതിക്രുദ്ധനായി | | |
| കാഞ്ചനഭൂഷണൈഃ | പൊന്നണിഞ്ഞ | ചിച്ഛേദ. | മുറിച്ചിട്ടു. |

തതസ്തേ വാനരാഃ സർവ്വേ രാക്ഷസൈരർദ്ദിതാ ഭൃശം
ദിശോ ദശ ദ്രുതാഃ കേചിത് കേചിത് സുഗ്രീവമാശ്രിതാഃ 12

| | | | |
|---|---|---|---|
| തതഃ | അപ്പോൾ | കേചിത് | ചിലർ |
| തേ വാനരാഃ | ആ വാനരന്മാർ | ദശ ദിശഃ | പത്തുദിക്കുകളിലേക്കും |
| സർവ്വേ | എല്ലാവരും | ദ്രുതാഃ | ഓടിപ്പോയ്ക്കളഞ്ഞു; |
| രാക്ഷസൈഃ | രാക്ഷസന്മാരാൽ | കേചിത് | ചിലർ |
| ഭൃശം | ഏററവും | സുഗ്രീവം | സുഗ്രീവനെ |
| അർദ്ദിതാഃ | പീഡിക്കപ്പെട്ട്, | ആശ്രിതാഃ. | ശരണംപ്രാപിച്ചു. |

പ്രഭഗ്നാം സമരേ ദൃഷ്ട്വാ വാനരാണാം മഹാചമൂം
അഭിദുദ്രാവ സുഗ്രീവോ മഹോദരമനന്തരം. 13

| | | | |
|---|---|---|---|
| സുഗ്രീവഃ | സുഗ്രീവൻ | ദൃഷ്ട്വാ | കണ്ട് |
| സമരേ | പോരിൽ | അനന്തരം | തൽക്ഷണംതന്നെ |
| വാനരാണാം | വാനരന്മാരുടെ | | |
| മഹാചമൂം | പടയെ | മഹോദരം | മഹോദരനെ |
| പ്രഭഗ്നാം | ചിതറിപ്പോയതായി | അഭിദുദ്രാവ. | എതിർത്തു. |

പ്രഗൃഹ്യ വിപുലാം ഘോരാം മഹീധരസമാം ശിലാം
ചിക്ഷേപ ച മഹാതേജാസ്തദ്വധായ ഹരീശ്വരഃ 14

| | | | |
|---|---|---|---|
| മഹാതേജാഃ | അതിബലവാനായ | മഹീധരസമാം ച | മലപോന്നതുമായ |
| ഹരീശ്വരഃ | വാനരാധിപൻ | ശിലാംപ്രഗൃഹ്യ | ഒരുപാറയെഎടുത്തിട്ട് |
| വിപുലാം | വമ്പിച്ചതും | തദ്വധായ | അവനെക്കൊല്ലുവാ[നായി] |
| ഘോരാം | ഭയങ്കരമായതും | ചിക്ഷേപ. | ആഞ്ഞെറിഞ്ഞു |

താമാപതന്തീം സഹസാ ശിലാം ദൃഷ്ട്വാ മഹോദരഃ
അസംഭ്രാന്തസ്തതോ ബാണൈർനിർബിഭേദ ദുരാസദാം. 15

| | | | |
|---|---|---|---|
| മഹോദരഃ | മഹോദരൻ | ദൃഷ്ട്വാ | കണ്ട് |
| തതഃ | അപ്പോൾ | അസംഭ്രാന്തഃ | ഒട്ടും കുലുങ്ങാതെ |
| സഹസാ | ഊക്കോടെ | ദുരാസദാം | തടുപ്പാൻ കഴിയാത്ത അതിനെ |
| ആപതന്തീം | വന്നുവീഴുന്ന | | |
| താം | ആ | ബാണൈഃ | ബാണങ്ങൾകൊണ്ട് |
| ശിലാം | പാറയെ | നിർബിഭേദ. | തകൎത്തു. |

രക്ഷസാ തേന ബാണൌഘൈർനികൃത്താ സാ സഹസ്രധാ
നിപപാത ശിലാ ഭൂമൌ ഗൃധ്രചക്രമിവാകുലം. 16

| | | | |
|---|---|---|---|
| തേന രക്ഷസാ | ആ രാക്ഷസനാൽ | ആകുലം | പേടിച്ചങ്ങുമിങ്ങും പറക്കുന്ന |
| ബാണൌഘൈഃ | ശരജാലങ്ങളാൽ | | |
| സഹസ്രധാ | അനേകം കഷണങ്ങ[ളായി] | ഗൃധ്രചക്രം ഇവ | കഴുകിൻകൂട്ടമെന്ന [പോലെ] |
| നികൃത്താ | ചിതറിക്കപ്പെട്ട | ഭൂമൌ | നിലത്ത് |
| സാ ശിലാ | ആ പാറ | നിപപാത. | പതിച്ചു. |

താം തു ഭിന്നാം ശിലാം ദൃഷ്ട്വാ സുഗ്രീവഃ ക്രോധമൂർച്ഛിതഃ
സാലമുത്പാട്യ ചിക്ഷേപ രാക്ഷസേ രണമൂർധനി. 17

| | | | |
|---|---|---|---|
| സുഗ്രീവഃ തു | സുഗ്രീവൻ അപ്പോൾ | സാലം | ഒരു സാലവൃക്ഷത്തെ |
| താം ശിലാം | ആ ശിലയെ | ഉത്പാട്യ | പറിച്ചെടുത്ത് |
| ഭിന്നാം | പൊടിപെടുത്തപ്പെട്ട[തായി] | രണമൂർധനി | പോർതലയ്ക്കൽ |
| ദൃഷ്ട്വാ | കണ്ടു | രാക്ഷസേ | രാക്ഷസന്റെ മേൽ |
| ക്രോധമൂർച്ഛിതഃ | കോപാവിഷ്ടനായി | ചിക്ഷേപ. | ആഞ്ഞെറിഞ്ഞു. |

ശരൈശ്ച വിദദാരൈനം ശൂരഃ പരപുരഞ്ജയഃ 18

| | | | |
|---|---|---|---|
| പരപുരഞ്ജയഃ | ശത്രുപുരജേതാവും | ശരൈഃ | ബാണങ്ങൾകൊണ്ടും |
| | | ഏനം | ഈ സുഗ്രീവനെ |
| ശൂരഃ ച | ശൂരനുമായ അവൻ | വിദദാര. | പിളൎന്നു. |

സ ദദർശ തതഃ ക്രുദ്ധഃ പരിഘം പതിതം ഭുവി 19

| | | | |
|---|---|---|---|
| ക്രുദ്ധഃ | ക്രുദ്ധിച്ച | ഭുവി പതിതം | നിലത്തുകിടന്നിരുന്ന |
| സഃ | ആ സുഗ്രീവൻ | പരിഘം | ഒരു ഇരുമ്പുലയ്ക്കയെ |
| തതഃ | അപ്പോൾ | ദദർശ. | കണ്ടു. |

ആവിധ്യ തു സ തം ദീപ്തം പരിഘം തസ്യ ദർശയൻ
പരിഘാഗ്രേണ വേഗേന ജഘാനാസ്യ ഹയോത്തമാൻ. 20

| | | | |
|---|---|---|---|
| തു | അപ്പോൾ | ആവിധ്യ | ചുഴററിക്കൊണ്ടു് |
| സഃ | അവൻ | പരിഘാഗ്രേണ | പരിഘത്തിന്റെ തല [കൊണ്ടു് |
| ദീപ്തം | ഒളിചിതറുന്ന | അസ്യ | ഇവന്റെ |
| തം പരിഘം | ആ പരിഘത്തെ | ഹയോത്തമാൻ | വൻ കുതിരകളെ |
| തസ്യ | അവന്നു | വേഗേന | ഊക്കോടെ |
| ദർശയൻ | കാണെത്തന്നെ | ജഘാന | അടിച്ചുകൊന്നു. |

തസ്മാദ്ധതഹയാദ്വീരഃ സോऽവപ്ലുത്യ മഹാരഥാത്
ഗദാം ജഗ്രാഹ സംക്രുദ്ധോ രാക്ഷസോऽഥ മഹോദരഃ 21

| | | | |
|---|---|---|---|
| അഥ | അപ്പോൾ | മഹാരഥാത് | വമ്പിച്ച രഥത്തിൽ നിന്നു് |
| സഃ വീരഃ | ആ വീരനും | | |
| രാക്ഷസഃ | രാക്ഷസനുമായ | അവപ്ലുത്യ | കുതിച്ചു ചാടി |
| മഹോദരഃ | മഹോദരൻ | സംക്രുദ്ധഃ | അതി ക്രുദ്ധനായി |
| ഹതഹയാത് | കുതിരകൾ കൊല്ലപ്പെട്ട | ഗദാം | ഒരു ഗദ |
| തസ്മാത് | ആ | ജഗ്രാഹ | കൈക്കൊണ്ടു. |

ഗദാപരിഘഹസ്തൗ തൗ യുധി വീരൗ സമീയതുഃ
നർദന്തൗ ഗോവൃഷപ്രഖ്യൗ ഘനാവിവ സവിദ്യുതൗ. 22

| | | | |
|---|---|---|---|
| യുധി | പോരിൽ | വീരൗ | വീരന്മാരിരുവരും |
| ഗദാപരിഘഹസ്തൗ | ഗദയും ഇരിമ്പുലക്കയും കൈക്കൊണ്ടവരും | സവിദ്യുതൗ | മിന്നലോടുകൂടിയ |
| | | ഘനൗ | മേഘങ്ങൾ |
| ഗോവൃഷപ്രഖ്യൗ | രണ്ടു കാളക്കൂററന്മാക്കു് തുല്യരുമായ | ഇവ | എന്നപോലെ |
| | | നർദന്തൗ | ഗർജ്ജിക്കുന്നവരായി |
| തൗ | ആ | സമീയതുഃ. | പോർചെയ്തു. |

തതഃ ക്രുദ്ധോ ഗദാം തസ്മൈ ചിക്ഷേപ രജനീചരഃ
ജ്വലന്തീം ഭാസ്കരാഭാസാം സുഗ്രീവായ മഹോദരഃ 23

| | | | |
|---|---|---|---|
| രജനീചരഃ | രാത്രിഞ്ചരനായ | സുഗ്രീവായ | സുഗ്രീവന്റെ മേൽ |
| മഹോദരഃ | മഹോദരൻ | ഭാസ്കരാഭാസം | സൂൎയ്യതേജസ്സാൽ |
| തതഃ | അപ്പോൾ | ജ്വലന്തീം | ഉജ്ജ്വലിക്കുന്ന |
| ക്രുദ്ധഃ | അരിശംപൂണ്ടു് | ഗദാം | ഗദയെ |
| തസ്മൈ | ആ | ചിക്ഷേപ. | ആഞ്ഞെറിഞ്ഞു. |

ഗദാം താം സുമഹാഘോരാമാപതന്തീം മഹാബലഃ
സുഗ്രീവോ രോഷതാമ്രാക്ഷഃ സമുദ്യമ്യ മഹാഹവേ
ആജഘാന ഗദാം തസ്യ പരിഘേണ ഹരീശ്വരഃ 24

| | | | |
|---|---|---|---|
| മഹാബലഃ | മഹാബലശാലിയും | സുമഹാഘോരാം | അതിഭയങ്കരമായ |
| ഹരീശ്വരഃ | വാനരേശ്വരനുമായ | ഗദാം | ഗദയെ |
| സുഗ്രീവഃ | സുഗ്രീവൻ | സമുദ്യമ്യ | തടുത്ത് |
| രോഷതാമ്രാക്ഷഃ | കോപത്താൽ നേത്രങ്ങൾ ചുടുത്തവനായി | പരിഘേണ | പരിഘംകൊണ്ട് |
| മഹാഹവേ | വൻയുദ്ധത്തിൽ | തസ്യ | അവന്റെ |
| ആപതന്തീം | നേർക്കുവന്നു വീഴുന്ന | ഗദാം | ഗദമേൽ |
| താം | ആ | ആജഘാന. | അടിച്ചു. |

പപാത സ ഗദോദ്ഭിന്നഃ പരിഘസ്തസ്യ ഭൂതലേ. 25

| | | | |
|---|---|---|---|
| തസ്യ | സുഗ്രീവന്റെ | ഗദോദ്ഭിന്നഃ | ഗദയാൽ തകർക്കപ്പെട്ട[തായി] |
| സഃ | ആ | ഭൂതലേ | നിലത്ത് |
| പരിഘഃ, | പരിഘം | പപാത. | വീണു. |

തതോ ജഗ്രാഹ തേജസ്വീ സുഗ്രീവോ വസുധാതലാത്
ആയസം മുസലം ഘോരം സർവ്വതോ ഹേമഭൂഷിതം 26

| | | | |
|---|---|---|---|
| തതഃ | അപ്പോൾ | സർവ്വതഃ | എല്ലാഭാഗങ്ങളിലും |
| തേജസ്വീ | അതിപരാക്രമശാലി[യായ] | ഹേമഭൂഷിതം | സ്വർണ്ണത്താലലങ്കരിക്കപ്പെട്ടതും |
| സുഗ്രീവഃ | സുഗ്രീവൻ | ഘോരം | ഭയങ്കരവുമായ |
| വസുധാതലാത് | നിലത്തു നിന്ന് | മുസലം | ഒരു ഉലയ്ക്കയെ |
| ആയസം | ഇരുമ്പുകൊണ്ടുണ്ടാക്കപ്പെട്ടതും | ജഗ്രാഹ | കയ്യിലെടുത്തു. |

സ തമുദ്യമ്യ ചിക്ഷേപ സോഽപ്യന്യാം വ്യാക്ഷിപദ്ഗദാം. 27

| | | | |
|---|---|---|---|
| സഃ | ആ സുഗ്രീവൻ | സഃ അപി | ആ മഹോദരനും |
| തം | അതിനെ | അന്യാം | മറെറാരു |
| ഉദ്യമ്യ | എടുത്തു | ഗദാം | ഗദയെ |
| ചിക്ഷേപ; | എറിഞ്ഞു; | വ്യാക്ഷിപത്. | ചുഴററിയെറിഞ്ഞു. |

ഭിന്നാവന്യോന്യമാസാദ്യ പേതതുർധരണീതലേ. 28

| | | | |
|---|---|---|---|
| അന്യോന്യം | പരസ്പരം | ഭിന്നൌ | പിളർക്കപ്പെട്ടവയായ |
| | | മഹീതലേ | ഭൂമിയിൽ [അവരണ്ടും |
| ആസാദ്യ | കൂട്ടിമുട്ടി | പേതതുഃ. | വീണു. |

തതോ ഭഗ്നപ്രഹരണൌ മുഷ്ടിഭ്യാം തൌ സമീയതുഃ
തേജോബലസമാവിഷ്ടൌ ദീപ്താവിവ ഹുതാശനൌ. 29

| | | | |
|---|---|---|---|
| തതഃ | അപ്പോൾ | ഇവ | എന്ന പോലെയുള്ളവ[രുമായ] |
| തേജോബലസമാവിഷ്ടൌ | ബലവും പൌരുഷവും വാച്ചവരും | തൌ | അവരിരുവരും |
| ദീപ്തൌ | ഉജ്ജ്വലിക്കുന്ന | ഭഗ്നപ്രഹരണൌ | ആയുധങ്ങളൊടിഞ്ഞവരായി |
| ഹുതാശനൌ | അഗ്നികൾ | മുഷ്ടിഭ്യാം | മുഷ്ടികൾകൊണ്ടു |
| | | സമീയതുഃ. | ഏററുമുട്ടി. |

ജഘ്നതുസ്തൌ തദാഽന്യോന്യം നേദതുശ്ച പുനഃ പുനഃ 30

| | | | |
|---|---|---|---|
| തൌ | അവരിരുവരും | ജഘ്നതുഃ | പ്രഹരിച്ചു; |
| തദാ | അപ്പോൾ | പുനഃ പുനഃ ച | മേൽക്കുമേൽ |
| അന്യോന്യം | പരസ്പരം | നേദതുഃ | ഗർജ്ജിക്കയുംചെയ്തു. |

തലൈശ്ചാന്യോന്യമാഹത്യ പേതതുർധരണീതലേ. 31

| | | | |
|---|---|---|---|
| തലൈഃ | കൈത്തലങ്ങൾ കൊണ്ടു | ആഹത്യ ച | പ്രഹരിച്ചു |
| | | ധരണീതലേ | ഭൂതലത്തിൽ |
| അന്യോന്യം | തമ്മിൽ | പേതതുഃ | നിപതിച്ചു. |

ഉത്പേതതുസ്തതസ്തൂർണ്ണം ജഘ്നതുശ്ച പരസ്പരം. 32

| | | | |
|---|---|---|---|
| തതഃ | അവിടെനിന്നും | ഉത്പേതതുഃ | പിടഞ്ഞെഴുന്നേറ്റു |
| | | പരസ്പരം | ഒരുവനെയൊരുവൻ |
| തൂർണ്ണം | തൽക്ഷണം | ജഘ്നതുഃ ച. | അടിച്ചു. |

ഭുജൈശ്ചിക്ഷിപതുർവീരാവന്യോന്യമപരാജിതൌ. 33

| | | | |
|---|---|---|---|
| വീരൌ | വീരന്മാരായ അവരിരുവരും | ഭുജൈഃ | കൈകൾകൊണ്ടു |
| അപരാജിതൌ | തോൽമപിണയാത്തവരായി | അന്യോന്യം | ഒരുവനെയൊരുവൻ |
| | | ചിക്ഷിപതുഃ. | പിടിച്ചുതള്ളി. |

ജഗ്മതുസ്തൌ ശ്രമം വീരൌ ബാഹുയുദ്ധേ പരന്തപൌ. 34

| | | | |
|---|---|---|---|
| പരന്തപൌ | ശത്രുകർശനന്മാരായ | ബാഹുയുദ്ധേ | മുഷ്ടിയുദ്ധത്തിൽ |
| തൌ വീരൌ, | ആ വീരന്മാരിരുവരും | ശ്രമം ജഗ്മതുഃ. | പരവശരായ്ത്തീർന്നു. |

ആജഹാര തതഃ ഖഡ്ഗമദൂരപരിവർത്തിനം
രാക്ഷസശ്ചർമ്മണാ സാർദ്ധം മഹാവേഗോ മഹോദരഃ 35

| | | | |
|---|---|---|---|
| മഹാവേഗഃ | അതിബലവാനും | ചർമ്മണാ സാർദ്ധം | പരിചയോടുകൂടി |
| രാക്ഷസഃ | രാക്ഷസനുമായ | അദൂരപരിവർത്തിനം | അടുത്തുണ്ടായിരുന്ന |
| മഹോദരഃ | മഹോദരൻ | ഖഡ്ഗം | ഒരു വാളിനെ |
| തതഃ | അനന്തരം | ആജഹാര. | കൈക്കൊണ്ടു. |

തഥൈവ ച മഹാഖഡ്ഗം ചർമ്മണാ പതിതം സഹ
ജഗ്രാഹ വാനരശ്രേഷ്ഠഃ സുഗ്രീവോ വേഗവത്തരഃ 36

| | | | |
|---|---|---|---|
| വാനരശ്രേഷ്ഠഃ | വാനരശ്രേഷ്ഠനും | പതിതം | വീണു കിടന്നിരുന്ന |
| വേഗവത്തരഃ | അതിശക്തനുമായ | മഹാഖഡ്ഗം | ഒരു ഉത്തമഖഡ്ഗത്തെ |
| സുഗ്രീവഃ ച | സുഗ്രീവനും | തഥാ ഏവ | അപ്രകാരംതന്നെ |
| ചർമ്മണാ സഹ | പരിചയോടുംകൂടി | ജഗ്രാഹ. | കൈക്കൊണ്ടു. |

തൌ തു രോഷപരീതാംഗൌ നർദന്താവഭ്യധാവതാം
ഉദ്യതാസീ രണേ ഹൃഷ്ടൌ യുധി ശസ്ത്രവിശാരദൌ. 37

| | | | |
|---|---|---|---|
| രണേ | പോരിൽ | യുധി | പോരിൽ |
| ശസ്ത്ര-വിശാരദൌ | ശസ്ത്രപ്രയോഗകുശലന്മാരും | ഹൃഷ്ടൌ | ഉത്സാഹം കയ്ക്കൊണ്ട് |
| ഉദ്യതാസീ | വാളോങ്ങി നിന്നിരുന്നവരുമായ | രോഷ-പരീതാംഗൌ | ക്രോധാവിഷ്ടരായി |
| | | നർദന്തൌ | ഗർജ്ജിച്ചുകൊണ്ടുതന്നെ |
| തൌ തു | അവരിരുവരും | അഭ്യധാവതാം. | ഏററെതിർത്തു. |

ദക്ഷിണം മണ്ഡലം ചോഭൌ സുതൂർണ്ണം സംപരീയതുഃ
അന്യോന്യമഭിസംക്രുദ്ധൌ ജയേ പ്രണിഹിതാവുഭൌ. 38

| | | | |
|---|---|---|---|
| ഉഭൌ ച | അവരിരുവരും | ഉഭൌ | അവരിരുവരും |
| ദക്ഷിണം | സാമർത്ഥ്യത്തോടെ | ജയേ | വിജയത്തിൽ |
| സുതൂർണ്ണം | അതിവേഗതയോടുകൂടി | പ്രണിഹിതൌ | മനസ്സുവെച്ചവരായി |
| മണ്ഡലം സംപരീയതുഃ | വട്ടം ചുററി; | അന്യോന്യം | അന്യോന്യം |
| | | അഭിസംക്രുദ്ധൌ | ക്രുദ്ധരായിത്തീൎന്നു. |

സ തു ശൂരോ മഹാവേഗോ വീര്യശ്ലാഘീ മഹോദരഃ
മഹാചർമ്മണി തം ഖഡ്ഗം പാതയാമാസ ദുർമ്മതിഃ 39

| | | | |
|---|---|---|---|
| മഹാവേഗഃ | അതിശക്തനും | തു | അപ്പോൾ |
| ശൂരഃ | ശൂരനും | തം | ആ |
| വീര്യശ്ലാഘീ | നിജവീര്യത്താൽ അഹങ്കാരമുളളവനും | ഖഡ്ഗം | ഖഡ്ഗത്തെ |
| ദുർമ്മതിഃ | ദുർബ്ബുദ്ധിയുമായ | മഹാചർമ്മണി | (സുഗ്രീവന്റെ) വമ്പിച്ച പരിചയിൽ |
| സഃ മഹോദരഃ | ആ മഹോദരൻ | പാതയാമാസ. | വീഴ്ത്തി. |

ലഗ്നമുത്കർഷതഃ ഖഡ്ഗം ഖഡ്ഗേന കപികുഞ്ജരഃ
ജഹാര സശിരസ്ത്രാണം കുണ്ഡലോപഹിതം ശിരഃ 40

| | | | |
|---|---|---|---|
| കപികുഞ്ജരഃ | വാനരശ്രേഷ്ഠൻ | സശിരസ്ത്രാണം | ഇരിമ്പുതൊപ്പിയോടുകൂടിയും |
| ലഗ്നം | പരിചയിൽ പററി [നിന്ന | കുണ്ഡലോപ-ഹിതം | കുണ്ഡലങ്ങളോടുകൂടിയും |
| ഖഡ്ഗം | ഖഡ്ഗത്തെ | ഖഡ്ഗേന | വാളുകൊണ്ട് |
| ഉത്കർഷതഃ | ഊരുന്ന ആ മഹോദരന്റെ | | |
| ശിരഃ | ശിരസ്സിനെ | ജഹാര. | മുറിച്ചെറിഞ്ഞു. |

നികൃത്തശിരസസ്തസ്യ പതിതസ്യ മഹീതലേ
തദ്ബലം രാക്ഷസേന്ദ്രസ്യ ദൃഷ്ട്വാ തത്ര ന തിഷ്ഠതേ. 41

| | | | |
|---|---|---|---|
| തസ്യ | അവൻ | രാക്ഷസേന്ദ്രസ്യ | രാക്ഷസേശ്വരന്റെ |
| നികൃത്തശിരസഃ | തലമുറിക്കപ്പെട്ട് | തത്ര | അവിടെനിന്നു് |
| മഹീതലേ | ഭൂതലത്തിൽ | ബലം തത് ദൃഷ്ട്വാ | സൈന്യം അതുകണ്ട് |
| പതിതസ്യ | പതിച്ച ഉടനെ | തിഷ്ഠതേ ന. | ഓടുകയായി. |

ഹത്വാ തം വാനരൈഃ സാർദ്ധം നനാദ മുദിതോ ഹരിഃ 42

| | | | |
|---|---|---|---|
| ഹരിഃ | വാനരനായ ആ സുഗ്രീ | വാനരൈഃ | വാനരന്മാരോടുംകൂടി |
| തം ഹത്വാ | അവനെ വധിച്ച [വൻ | സാർദ്ധം | |
| മുദിതഃ | സന്തുഷ്ടചിത്തനായി | നനാദ. | ആർത്തു. |

ചുക്രോധ ച ദശഗ്രീവോ ബഭൗ ഹൃഷ്ടശ്ച രാഘവഃ 43

| | | | |
|---|---|---|---|
| ദശഗ്രീവഃ ച | ദശാസ്യനും | രാഘവഃ ച | ശ്രീരാഘവനും |
| ചുക്രോധ | കുപിതനായി ഭവിച്ചു; | ഹൃഷ്ടഃ ബഭൗ | സന്തുഷ്ടനായ്വിളങ്ങി |

വിഷണ്ണവദനാഃ സർവ്വേ രാക്ഷസാ ദീനചേതസഃ
വിദ്രവന്തി തതഃ സർവ്വേ ഭയവിത്രസ്തചേതസഃ 44

| | | | |
|---|---|---|---|
| സർവ്വേരാക്ഷസാഃ | എല്ലാ രാക്ഷസന്മാരും | ഭയവിത്രസ്ത- | ഭയത്താൽ ഉള്ളം നടു |
| വിഷണ്ണവദനാഃ | മുഖംവാടി | ചേതസഃ | ങ്ങിയവരായി |
| ദീനചേതസഃ | മനസ്സുമുട്ടിയവരായി | സർവ്വേ | ഒന്നൊഴിയാതെ |
| തതഃ | അവിടെനിന്നും | വിദ്രവന്തി. | പായുകയായി. |

മഹോദരം തം വിനിപാത്യ ഭൂമൗ മഹാഗിരേഃ കീർണ്ണമിവൈകദേശം
സൂര്യ്യാത്മജസ്തത്ര രരാജ ലക്ഷ്മ്യാ സൂര്യ്യഃ സ്വതേജോഭിരിവാപ്രധൃഷ്യഃ 45

| | | | |
|---|---|---|---|
| തത്ര | അപ്പോൾ | ഭൂമൗ വിനിപാത്യ | നിലത്തു് വീഴ്ത്തിയ ശേഷം |
| സൂര്യ്യാത്മജഃ | സുഗ്രീവൻ | അപ്രധൃഷ്യഃ | അടുപ്പാൻ കഴിയാത്ത |
| മഹാഗിരേഃ | വൻ മലയുടെ | സൂര്യ്യഃ | സൂര്യ്യൻ |
| കീർണ്ണം | പൊട്ടിയ | സ്വതേജോഭിഃ | തന്റെ രശ്മികളാൽ |
| ഏകദേശം ഇവ | ഒരു ഭാഗംപോലിരുന്ന | ഇവ | എന്നപോലെ |
| തം മഹോദരം | ആ മഹോദരനെ | ലക്ഷ്മ്യാ രരാജ | ശ്രീയാല്പെരിശോഭിച്ചു. |

അഥ വിജയമവാപ്യ വാനരേന്ദ്രഃ
സമരമുഖേ സുരയക്ഷസിദ്ധസംഘൈഃ
അവനിതലഗതൈശ്ച ഭൂതസംഘൈർ-
ഹരുഷസമാകുലിതൈഃ സ്തുതോ മഹാത്മാ. 46

| | | | |
|---|---|---|---|
| അഥ | അപ്പോൾ | സുരയക്ഷ-സിദ്ധ-സംഘൈഃ | ദേവന്മാർ യക്ഷന്മാർ സിദ്ധന്മാർ എന്നവരുടെ ഗണങ്ങളാലും |
| മഹാത്മാ | മഹാത്മാവായ | | |
| വാനരേന്ദ്രഃ | വാനരേശ്വരൻ | | |
| സമരമുഖേ | രണമുഖത്തിൽ | അവനിതല-ഗതൈഃ | ഭൂതലത്തിലുള്ള |
| വിജയം അവാപ്യ | വിജയം പ്രാപിച്ചു് | | |
| ഹരുഷസമാ-കുലിതൈഃ | സന്തോഷപരവശരായ | ഭൂതസംഘൈഃ ച | പ്രാണിസംഘങ്ങളാലും |
| | | സ്തുതഃ | കീർത്തിക്കപ്പെട്ടു. |

ഇത്യാർഷേ ശ്രീമദ്രാമായണേ വാൽമീകീയേ ആദികാവ്യേ യുദ്ധകാണ്ഡേ
അഷ്ടനവതിതമഃ സർഗ്ഗഃ=തൊണ്ണൂറെറട്ടാംസർഗ്ഗം സമാപ്തം.

ആദ്യംമുതൽ ശ്ലോകസംഖ്യ 19313 ; യുദ്ധകാണ്ഡം ആദ്യം മുതൽ ശ്ലോകസംഖ്യ 4638.

—(൦൦)—

## ഏകോനശതതമഃ സർഗ്ഗഃ = തൊണ്ണൂററൊമ്പതാംസർഗ്ഗം

[മഹാപാർശ്വവധഃ=മഹാപാർശ്വവധം.]

മഹോദരേ തു നിഹതേ മഹാപാർശ്വോ മഹാബലഃ
സുഗ്രീവേണ സമീക്ഷ്യാഥ ക്രോധാത് സംരക്തലോചനഃ
അംഗദസ്യ ചമൂം ഭീമാം ക്ഷോഭയാമാസ സായകൈഃ 1

| | | | |
|---|---|---|---|
| തു | അപ്പോൾ | സംരക്ത-ലോചനഃ | തുടുത്ത കണ്ണുകളോടു കൂടിയവനായി |
| മഹോദരേ | മഹോദരൻ | | |
| സുഗ്രീവേണ | സുഗ്രീവനാൽ | അഥ | ആ സമയം |
| നിഹതേ | വധിക്കപ്പെട്ടാറെ | അംഗദസ്യ | അംഗദന്റെ |
| മഹാബലഃ | അതിബലശാലിയായ | ഭീമാം | ഭയങ്കരമായ |
| മഹാപാർശ്വഃ | മഹാപാർശ്വൻ | ചമൂം | സൈന്യത്തെ |
| സമീക്ഷ്യ | കണ്ട് | സായകൈഃ | ബാണങ്ങൾകൊണ്ട് |
| ക്രോധാത് | കോപത്താൽ | ക്ഷോഭയാമാസ. | കലക്കി. |

സ വാനരാണാം മുഖ്യാനാമുത്തമാംഗാനി സർവ്വശഃ
പാതയാമാസ കായേഭ്യഃ ഫലം വൃന്താദിവാനിലഃ 2

| | | | |
|---|---|---|---|
| സഃ | ആ മഹാപാർശ്വൻ | കായേഭ്യഃ | ശരീരങ്ങളിൽനിന്ന് |
| മുഖ്യാനാം | പ്രധാനികളായ | അനിലഃ | കാററ് |
| സർവ്വശഃ | എല്ലാ | വൃന്താത് | ഞെട്ടിയിൽനിന്ന് |
| വാനരാണാം | വാനരന്മാരുടേയും | ഫലം ഇവ | പഴത്തെ എന്നപോലെ |
| ഉത്തമാംഗാനി | ശിരസ്സുകളെ | പാതയാമാസ. | വീഴ്ത്തി. |

കേഷാംചിദിഷുഭിർബാഹൂൻ സ്കന്ധാംശ്ചിച്ഛേദ രാക്ഷസഃ
വാനരാണാം സുസംക്രുദ്ധഃ പാർശ്വം കേഷാം വ്യദാരയത് 3

| | | | |
|---|---|---|---|
| രാക്ഷസഃ | രാക്ഷസൻ | ബാഹൂൻ | കൈകളേയും |
| സുസംക്രുദ്ധഃ | അതികുപിതനായി | സ്കന്ധാൻ | ചുമലുകളേയും |
| ഇഷുഭിഃ | ബാണങ്ങൾകൊണ്ട് | ചിച്ഛേദ | മുറിച്ചിട്ടു; |
| കേഷാംചിത് | ചില | കേഷാം പാർശ്വം | ചിലരുടെ വാരിപ്പ |
| വാനരാണാം | വാനരന്മാരുടെ | വ്യദാരയത്. | വെട്ടിപ്പിളന്നു. [ള്ളയും |

തേഽർദ്ദിതാ ബാണവർഷേണ മഹാപാർശ്വേന വാനരാഃ
വിഷാദവിമുഖാഃ സർവ്വേ ബഭൂവുർഗതചേതസഃ 4

| | | | |
|---|---|---|---|
| തേ | ആ | അർദ്ദിതാഃ | പീഡിപ്പിക്കപ്പെട്ടവരായി |
| വാനരാഃ | വാനരന്മാർ | | |
| സർവ്വേ | എല്ലാവരും | ഗതചേതസഃ | ബോധം കെട്ട് |
| മഹാപാർശ്വേന | മഹാപാർശ്വനാൽ | വിഷാദവിമുഖാഃ | ദുഃഖം കൂടിയറിയാത്ത |
| ബാണവർഷേണ | ശരവർഷംകൊണ്ട് | ബഭൂവുഃ. | ഭവിച്ചു. [വരായി |

[“വിഷാദവിമുഖാഃ ഗതചേതസഃ” (വിഷാദത്താൽ യുദ്ധത്തിൽ ഉത്സാഹമററവരായി മനസ്സുമുട്ടിയവരായി), എന്നും പറയാം.]

നിരീക്ഷ്യ ബലമുദ്വിഗ്നമംഗദോ രാക്ഷസാർദ്ദിതം
വേഗം ചക്രേ മഹാബാഹുഃ സമുദ്ര ഇവ പർവ്വണി 5

| | | | |
|---|---|---|---|
| മഹാബാഹുഃ | മഹാബാഹുവായ | ഉദ്വിഗ്നം | കലങ്ങിപ്പോയതായി |
| അംഗദഃ | അംഗദൻ | നിരീക്ഷ്യ | കണ്ട് |
| ബലം | സൈന്യത്തെ | പർവ്വണി | പർവ്വകാലത്തിൽ |
| രാക്ഷസാർദ്ദിതം | രാക്ഷസനാൽ പീഡിക്കപ്പെട്ട് | സമുദ്രഃ ഇവ | സമുദ്രം എന്നപോലെ |
| | | വേഗം ചക്രേ. | ആക്രമിച്ചു. |

ആയസം പരിഘം ഗൃഹ്യ സൂര്യരശ്മിസമപ്രഭം
സമരേ വാനരശ്രേഷ്ഠോ മഹാപാർശ്വേ ന്യപാതയത്. 6

| | | | |
|---|---|---|---|
| വാനരശ്രേഷ്ഠഃ | വാനരശ്രേഷ്ഠൻ | പരിഘം | ഒരു പരിഘത്തെ |
| ആയസം | ഇരുമ്പിനാൽ നിർമ്മിക്കപ്പെട്ടതും | ഗൃഹ്യ | കൈക്കൊണ്ട് |
| | | സമരേ | പോരിൽ |
| സൂര്യരശ്മിസമപ്രഭം | സൂര്യരശ്മികൾക്കു തുല്യമായതേജസ്സാന്നുമായ | മഹാപാർശ്വേ ന്യപാതയത്. | മഹാപാർശ്വന്റെ മേൽ അടിച്ചു. |

സ തു തേന പ്രഹാരേണ മഹാപാർശ്വോ വിചേതനഃ
സസൂതഃ സ്യന്ദനാത്തസ്മാദ്വിസംജ്ഞഃ പ്രാപതദ്ഭുവി. 7

| | | | |
|---|---|---|---|
| സഃ വിചേതനഃ | ആ ദുർമ്മതിയായ | സസൂതഃ | സാരഥിയോടുകൂടി |
| മഹാപാർശ്വഃ തു | മഹാപാർശ്വനും | തസ്മാത് | ആ |
| തേന പ്രഹാരേണ | ആ പ്രഹരമേററ് | സ്യന്ദനാത് | രഥത്തിൽനിന്നു |
| വിസംജ്ഞഃ | ബോധഹീനനായി | ഭുവി പ്രാപതത് | നിലത്ത് പതിച്ചു. |

സർക്ഷരാജസ്തു തേജസ്വീ നീലാഞ്ജനചയോപമഃ
നിഷ്പത്യ സുമഹാവീര്യഃ സ്വാദ്വ്യൂഹാന്മേഘസന്നിഭാത്. 8
പ്രഗൃഹ്യ ഗിരിശൃംഗാഭാം ക്രുദ്ധഃ സുവിപുലാം ശിലാം
അശ്വാൻ ജഘാന തരസാ സ്യന്ദനം ച ബഭഞ്ജ തം. 9

| | | | |
|---|---|---|---|
| തേജസ്വീ | പൌരുഷശാലിയും | ഗിരിശൃംഗാഭാം | പർവ്വതശിഖരസദൃശ്യമായ |
| സുമഹാവീര്യഃ | അതിബലവാനും | സുവിപുലാം | ഏററവും വമ്പിച്ച |
| നീലാഞ്ജനചയോപമഃ | അഞ്ജനപർവ്വതമൊത്ത വന്നമായ | ശിലാം | ഒരു പാറയെ |
| സഃ | ആ | പ്രഗൃഹ്യ | കൈക്കൊണ്ട് |
| ഋക്ഷരാജഃ തു, | കരടികൾക്കധിപനായ ഗവാക്ഷനും | ക്രുദ്ധഃ | കുപിതനായി |
| | | തരസാ | ഊക്കോടെ |
| മേഘസംനിഭാത് | കാറൊത്ത | അശ്വാൻ | കുതിരകളെ |
| | | ജഘാന | കൊന്നു. |
| സ്വാത് | തന്റെ | തം | ആ |
| വ്യൂഹാത് | സൈന്യവ്യൂഹത്തിൽ | സ്യന്ദനം ച | തേരിനേയും |
| നിഷ്പത്യ | പുറത്തുവന്നു [നിന്നു് | ബഭഞ്ജ | തകർത്തു. |

മുഹൂർത്താല്ലബ്ധസംജ്ഞസ്തു മഹാപാർശ്വോ മഹാബലഃ
അംഗദം ബഹുഭിർ ബാണൈർഭൂയസ്തം പ്രത്യവിധ്യത. 10

| | | | |
|---|---|---|---|
| മഹാബലഃ | മഹാബലശാലിയായ | തം അംഗദം | ആ അംഗദനെ |
| മഹാപാർശ്വഃ | മഹാപാർശ്വൻ | ഭൂയഃ | വീണ്ടും |
| തു | അപ്പോൾ | ബഹുഭിഃ | നിരവധി |
| മുഹൂർത്താത് | അല്പനേരംകൊണ്ടു് | ബാണൈഃ | ബാണങ്ങൾകൊണ്ടു് |
| ലബ്ധസംജ്ഞഃ | ബോധംവന്നവനായി | പ്രത്യവിധ്യത. | പ്രഹരിച്ചു. |

ജാംബവന്തം ത്രിഭിർബാണൈരാജഘാന സ്തനാന്തരേ
ഋക്ഷരാജം ഗവാക്ഷം ച ജഘാന ബഹുഭിഃ ശരൈഃ 11

| | | | |
|---|---|---|---|
| ത്രിഭിഃ | മൂന്നു് | ഋക്ഷരാജം | കരടികൾക്കധീശനായ |
| ബാണൈഃ | ബാണങ്ങൾകൊണ്ടു് | ഗവാക്ഷം ച | ഗവാക്ഷനേയും |
| ജാംബവന്തം | ജാംബവാനെ | ബഹുഭിഃ | പല |
| സ്തനാന്തരേ | മാറിടത്തിൽ | ശരൈഃ | ബാണങ്ങൾകൊണ്ടും |
| ആജഘാന | എയ്തു; | ജഘാന. | താഡിച്ചു. |

ജാംബവന്തം ഗവാക്ഷം ച സ ദൃഷ്ട്വാ ശരപീഡിതൗ
ജഗ്രാഹ പരിഘം ഘോരമംഗദഃ ക്രോധമൂർച്ഛിതഃ 12

| | | | |
|---|---|---|---|
| സഃ | ആ | ദൃഷ്ട്വാ | കണ്ടു് |
| അംഗദഃ | അംഗദൻ | ക്രോധമൂർച്ഛിതഃ | കോപാവിഷ്ടനായി |
| ജാംബവന്തം | ജാംബവാനെയും | ഘോരം | ഭയങ്കരമായ |
| ഗവാക്ഷം ച | ഗവാക്ഷനേയും | പരിഘം | ഒരു പരിഘത്തെ |
| ശരപീഡിതൗ | ബാണപീഡിതരായി | ജഗ്രാഹ. | കയ്യിലെടുത്തു. |

തസ്യാംഗദഃ പ്രകുപിതോ രാക്ഷസസ്യ തമായസം
ദൂരസ്ഥിതസ്യ പരിഘം രവിരശ്മിസമപ്രഭം. 13
ദ്വാഭ്യാം ഭുജാഭ്യാം സംഗൃഹ്യ ഭ്രാമയിത്വാ ച വേഗവാൻ
മഹാപാർശ്വസ്യ ചിക്ഷേപ വധാർത്ഥം വാലിനഃ സുതഃ 14

| | | | |
|---|---|---|---|
| വാലിനഃ സുതഃ | ബാലി പുത്രനായ | ഭുജാഭ്യാം | കൈകൾ കൊണ്ടും |
| അംഗദഃ | അംഗദൻ | സംഗൃഹ്യ | മുറകെ പിടിച്ചു് |
| പ്രകുപിതഃ | അതിയായി അരിശമുൾക്കൊണ്ടു് | ഭ്രാമയിത്വാ | വട്ടത്തിൽ ചുഴററി |
| | | ദൂരസ്ഥിതസ്യ | ദൂരത്തിലിരുന്നിരുന്ന |
| രവിരശ്മിസമപ്രഭം ച | സൂര്യകിരണങ്ങൾക്കു തുല്യമായ കാന്തിയുള്ളതായ | തസ്യ | ആ |
| | | രാക്ഷസസ്യ | രാക്ഷസനായ |
| | | മഹാപാർശ്വസ്യ | മഹാപാർശ്വന്റെ |
| തം | ആ | വധാർത്ഥം | വധത്തിന്നായി |
| ആയസം പരിഘം | ഇരിമ്പുലക്കയെ | വേഗവാൻ | ഊക്കോടെ |
| ദ്വാഭ്യാം | രണ്ടു | ചിക്ഷേപ. | വീശിയെറിഞ്ഞു. |

സ തു ക്ഷിപ്തോ ബലവതാ പരിഘസ്തസ്യ രക്ഷസഃ
ധനുശ്ച സശരം ഹസ്താച്ഛിരസ്ത്രം ചാപ്യപാതയത്. 15

| | | | |
|---|---|---|---|
| ബലവതാ | ശക്തിമാനായ അവ [നാൽ | ഹസ്താത് ച | കയ്യിൽനിന്നും |
| ക്ഷിപ്തഃ | എറിയപ്പെട്ട | സശരം | ബാണത്തോടു കൂടിയ |
| സഃ | ആ | ധനുഃ ച | ധനുസ്സിനെയും |
| പരിഘഃ തു | പരിഘവും | ശിരസ്ത്രം അപി | ഇരിമ്പുതൊപ്പിയേയും |
| തസ്യ രാക്ഷസഃ | ആ രാക്ഷസന്റെ | അപാതയത് | താഴെ വീഴ്ത്തി. |

തം സമാസാദ്യ വേഗേന വാലിപുത്രഃ പ്രതാപവാൻ
തലേനാഭ്യഹനത് ക്രുദ്ധഃ കർണ്ണമൂലേ സകുണ്ഡലേ. 16

| | | | |
|---|---|---|---|
| പ്രതാപവാൻ | പ്രതാപശാലിയായ | ക്രുദ്ധഃ | ക്രുദ്ധനായി |
| വാലിപുത്രഃ | അംഗദൻ | സകുണ്ഡലേ | കുണ്ഡലങ്ങളാർന്ന |
| വേഗേന | വേഗത്തിൽ | കർണ്ണമൂലേ | ചെകിട്ടിൽ |
| തം | അവനെ | തലേന | കൈകൊണ്ട് |
| സമാസാദ്യ | സമീപിച്ച് | അഭ്യഹനത്. | ഓങ്ങിയടിച്ചു. |

സ തു ക്രുദ്ധോ മഹാവേഗോ മഹാപാർശ്വോ മഹാദ്യുതിഃ
കരേണൈകേന ജഗ്രാഹ സുമഹാന്തം പരശ്വധം. 17

| | | | |
|---|---|---|---|
| മഹാവേഗഃ | അതിശക്തിമാനും | ഏകേന | ഒരു |
| മഹാദ്യുതിഃ തു | അതിതേജസ്വിയുമായ | കരേണ | കൈകൊണ്ട് |
| സഃ | ആ | സുമഹാന്തം | വമ്പിച്ച |
| മഹാപാർശ്വഃ | മഹാപാർശ്വൻ | പരശ്വധം | വെണ്മഴു |
| ക്രുദ്ധഃ | ക്രുദ്ധനായി | ജഗ്രാഹ. | കൈക്കൊണ്ടു. |

തം തൈലധൌതം വിമലം ശൈലസാരമയം ദൃഢം
രാക്ഷസഃ പരമക്രുദ്ധോ വാലിപുത്രേ ന്യപാതയത്. 18

| | | | |
|---|---|---|---|
| പരമക്രുദ്ധഃ | രോഷാകുലിതനായ | ദൃഢം | പൊട്ടിപ്പാൻ കഴിയാത്തതുമായ |
| രാക്ഷസഃ | രാക്ഷസൻ | | |
| തൈലധൌതം | എണ്ണ പുരട്ടപ്പെട്ട് | തം | അതിനെ |
| വിമലം | തിളങ്ങുന്നതും | വാലിപുത്രേ | അംഗദന്റെ മേൽ |
| ശൈലസാരമയം | മലപോലെ കാഠിന്യമാർന്നതും | ന്യപാതയത്. | ഊക്കോടെ വീഴ്ത്തി. |

തേന വാമാംസഫലകേ ഭൃശം പ്രത്യവപാദിതം
അംഗദോ മോക്ഷയാമാസ സരോഷഃ സ പരശ്വധം. 19

| | | | |
|---|---|---|---|
| തേന | അവനാൽ | പരശ്വധം | ആ വെണ്മഴുവിനെ |
| വാമാംസഫലകേ | ഇടത്തെ ചുമലിൽ | സഃ | ആ |
| | | അംഗദഃ | അംഗദൻ |
| ഭൃശം | ഊക്കോടെ | സരോഷഃ | ക്രോധത്തോടെ |
| പ്രത്യവപാദിതം | മുറിയേല്പിക്കപ്പെട്ടതായ | മോക്ഷയാമാസ. | വലിച്ചെറിഞ്ഞു. |

സ വീരോ വജ്രസംകാശമംഗദോ മുഷ്ടിമാത്മനഃ
സംവർത്തയത് സുസംക്രുദ്ധഃ പിതുസ്തുല്യപരാക്രമഃ 20

| | | | |
|---|---|---|---|
| പിതുഃ തുല്യ-പരാക്രമഃ | പിതൃതുല്യപരാക്രമിയും | സുസംക്രുദ്ധഃ | അതിക്രുദ്ധനായി |
| വീരഃ | വീരനുമായ | വജ്രസംകാശം | വജ്രായുധത്തിന്നു തുല്യമായ |
| സഃ | ആ | ആത്മനഃ മുഷ്ടിം | തന്റെ മുഷ്ടി |
| അംഗദഃ | അംഗദൻ | സംവർത്തയത് | ചുരുട്ടിപ്പിടിച്ചു. |

രാക്ഷസസ്യ സ്തനാഭ്യാശേ മർമ്മജ്ഞോ ഹൃദയം പ്രതി
ഇന്ദ്രാശനിസമസ്പർശം സ മുഷ്ടിം വിന്യപാതയത്. 21

| | | | |
|---|---|---|---|
| മർമ്മജ്ഞഃ | മർമ്മമറിയുന്നവനായ | സ്തനാഭ്യാശേ | മാർവ്വിടത്തിൽ |
| സഃ | അവൻ | ഇന്ദ്രാശനി-സമസ്പർശം | വജ്രായുധംപോലെ കഠിനതയാന്ന |
| ഹൃദയം പ്രതി | ഹൃദയത്തെ ലക്ഷ്യമാക്കി | മുഷ്ടിം | മുഷ്ടിയെ |
| രാക്ഷസസ്യ | രാക്ഷസന്റെ | വിന്യപാതയത്. | പതിപ്പിച്ചു. |

തേന തസ്യ നിപാതേന രാക്ഷസസ്യ മഹാമൃധേ
പഫാല ഹൃദയം ചാശു സ പപാത ഹതോ ഭുവി. 22

| | | | |
|---|---|---|---|
| മഹാമൃധേ | വൻപോരിൽ | ഹൃദയം ച | ഹൃദയവും |
| തസ്യ | അവന്റെ | ആശു | തൽക്ഷണം |
| തേന | ആ | പഫാല സഃ | തകൎന്നു; അവൻ |
| നിപാതേന | ഇടിയാൽ | ഹതഃ | മൃതനായി |
| രാക്ഷസസ്യ | രാക്ഷസന്റെ | ഭുവി പപാത. | നിലത്തു് പതിച്ചു. |

തസ്മിന്നിപതിതേ ഭൂമൌ തത് സൈന്യം സംപ്രചുക്ഷുഭേ. 23

| | | | |
|---|---|---|---|
| തസ്മിൻ | അവൻ | തത് സൈന്യം | അവന്റെ സൈന്യം |
| ഭൂമൌ | നിലത്തു് | സംപ്രചുക്ഷുഭേ. | വല്ലാതെ കലങ്ങിപ്പോയി. |
| നിപതിതേ | വീണ ഉടനെ | | |

അഭവച്ച മഹാൻ ക്രോധഃ സമരേ രാവണസ്യ തു. 24

| | | | |
|---|---|---|---|
| തു | അപ്പോഴാം | മഹാൻ | അസഹ്യമായ |
| രാവണസ്യ ച | രാവണന്നും | ക്രോധഃ | കോപം |
| സമരേ | സമരത്തിൽ | അഭവത്. | ഉത്ഭവിച്ചു. |

വാനരാണാം ച ഹൃഷ്ടാനാം സിംഹനാദശ്ച പുഷ്കലഃ
സ്ഫോടയന്നിവ ശബ്ദേന ലങ്കാം സാട്ടാലഗോപുരാം
മഹേന്ദ്രേണേവ ദേവാനാം നാദഃ സമഭവന്മഹാൻ. 25

| | | | |
|---|---|---|---|
| മഹേന്ദ്രേണ | ദേവേന്ദ്രനോടും കൂടിയ | ശബ്ദേന | ശബ്ദത്താൽ |
| ദേവാനാം | ദേവന്മാരുടെ | ലങ്കാം ച | ലങ്കയേയും |
| നാദഃ ഇവ | ഘോഷം എന്നപോലെ | സാട്ടാല- | കോട്ടകളേയും ഗോപു |
| ഹൃഷ്ടാനാം | സംഹൃഷ്ടരായ [തന്നെ | ഗോപുരാം | രങ്ങളേയും |
| വാനരാണാം | വാനരന്മാരുടെ | സ്ഫോടയൻ ഇവ | പിളക്കുന്നതായി |
| പുഷ്കലഃ | വമ്പിച്ച | മഹാൻ | വൎദ്ധിച്ചതായി |
| സിംഹനാദഃ ച | സിംഹനാദമാവട്ടെ | സമഭവത്. | ഭവിച്ചു. |

അഥേന്ദ്രശത്രുസ്ത്രിദിവാലയാനാം
വനൌകസാം ചൈവ മഹാപ്രണാദം
ശ്രുത്വാ സരോഷം യുധി രാക്ഷസേന്ദ്രഃ
പുനശ്ച യുദ്ധാഭിമുഖോഽവതസ്ഥേ. 26

| | | | |
|---|---|---|---|
| അഥ | അപ്പോൾ | മഹാപ്രണാദം | കോലാഹല ശബ്ദത്തെ |
| ഇന്ദ്രശത്രുഃ | ഇന്ദ്രശത്രുവായ | ശ്രുത്വാ | കേട്ട് |
| രാക്ഷസേന്ദ്രഃ | രാക്ഷസേശ്വരൻ | സരോഷം | അതി കോപത്തോടെ |
| യുധി | പോരിൽ | പുനഃ ച | വീണ്ടും |
| ത്രിദിവാല- യാനാം ച | ദേവന്മാരുടേയും | യുദ്ധാഭിമുഖഃ | യുദ്ധസന്നദ്ധനായി |
| വനൌകസാം ഏവ | വാനരന്മാരുടേയും | അവതസ്ഥേ. | സ്ഥിതി ചെയ്തു. |

ഇത്യാൎഷേ ശ്രീമദ്രാമായണേ വാല്മീകീയേ ആദികാവ്യേ യുദ്ധകാണ്ഡേ
ഏകോനശതതമഃ സൎഗ്ഗഃ=തൊണ്ണൂറൊറൊമ്പതാംസൎഗ്ഗം സമാപ്തം.
ആദ്യംമുതൽ ശ്ലോകസംഖ്യ 19339; യുദ്ധകാണ്ഡം ആദ്യംമുതൽ ശ്ലോകസംഖ്യ 4664

— — — —

## ശതതമഃ സൎഗ്ഗഃ=നൂറാം സൎഗ്ഗം.

[രാമരാവണയുദ്ധാരംഭഃ=രാമരാവണയുദ്ധം തുടങ്ങുന്നത്]

തസ്മിംശ്ച നിഹതേ വീരേ വിരൂപാക്ഷേ മഹാബലേ
മഹോദരമഹാപാൎശ്വൌ ഹതൌ ദൃഷ്ട്വാ തു രാക്ഷസൌ
ആവിവേശ മഹാൻ ക്രോധോ രാവണം തം മഹാമൃധേ. 1

| | | | |
|---|---|---|---|
| മഹാമൃധേ | വൻ പോരിൽ | തസ്മിൻ വിരൂപാക്ഷേ | ആ വിരൂപാക്ഷൻ |
| രാക്ഷസൌ | രാക്ഷസന്മാരായ | നിഹതേ ച | വധിക്കപ്പെട്ടതിനാലും |
| മഹോദര- മഹാപാൎശ്വൌ | മഹോദരനേയും മഹാ പാൎശ്വനേയും | തു | അപ്പോൾ |
| ഹതൌ | നിഗ്രഹിക്കപ്പെട്ടവരായി | തം രാവണം | ആ രാവണനെ |
| ദൃഷ്ട്വാ | അറിഞ്ഞതിനാലും | മഹാൻ | മഹത്തായ |
| മഹാബലേ | മഹാബലശാലിയായ | ക്രോധഃ | ക്രോധം |
| വീരേ | വീരനായ | ആവിവേശ | ഉണ്ടായി. |

സൂതം സംചോദയാമാസ വാക്യം ചേദമുവാച ഹ. 2

| | | | |
|---|---|---|---|
| സൂതം | സാരഥിയെ | വാക്യം ച | ഒരു വാക്യത്തേയും |
| സംചോദ-യാമാസ | പ്രേരണചെയ്തു. | ഇദം | ഇപ്രകാരം |
| | | ഉവാച ഹ | ഉരചെയ്തു. |

നിഹതാനാമമാത്യാനാം രുദ്ധസ്യ നഗരസ്യ ച
ദുഃഖമേഷോഽപനേഷ്യാമി ഹത്വാ തൌ രാമലക്ഷ്മണൌ 3

| | | | |
|---|---|---|---|
| "ഏഷഃ | ഈ ഞാൻ | അമാത്യനാം | മന്ത്രിമാരുടേയും |
| തൌ രാമ–ലക്ഷ്മണൌ | ആ രാമലക്ഷ്മണന്മാരെ | രുദ്ധസ്യ | നിരോധിക്കപ്പെട്ട |
| | | നഗരസ്യ ച | നഗരത്തിന്റെയും |
| ഹത്വാ | വധിച്ചു് | ദുഃഖം | കഷ്ടത്തെ |
| നിഹതാനാം | കൊല്ലപ്പെട്ട . | അപനേഷ്യാമി | ഇല്ലാതാക്കുന്നുണ്ടു്. |

രാമവൃക്ഷം രണേ ഹന്മി സീതാപുഷ്പഫലപ്രദം
പ്രശാഖാ യസ്യ സുഗ്രീവോ ജാംബവാൻ കുമുദോ നളഃ 4
മൈന്ദശ്ച ദ്വിവിദശ്ചൈവ ഹ്യംഗദോ ഗന്ധമാദനഃ
ഹനൂമാംശ്ച സുഷേണശ്ച സർവ്വേ ച ഹരിയൂഥപാഃ 5

| | | | |
|---|---|---|---|
| "യസ്യ | യാതൊന്നിന്റു് | സുഷേണഃ ച | സുഷേണനും |
| സുഗ്രീവഃ | സുഗ്രീവനും | ഹരിയൂഥപാഃ | വാനരസേനാനായകന്മാർ |
| ജാംബവാൻ | ജാംബവാനും | സർവ്വേ ച | എല്ലാവരും |
| കുമുദഃ | കുമുദനും | പ്രശാഖാഃ | ശാഖകളോ ആ |
| നളഃ ഏവ | നളനും | സീതാപുഷ്പ-ഫലപ്രദം | സീതയാകുന്ന പുഷ്പത്തേയും ഫലത്തേയും നൽകുന്ന |
| മൈന്ദഃ ച | മൈന്ദനും | | |
| ദ്വിവിദഃ ച | ദ്വിവിദനും | | |
| അംഗദഃ ഹി | അംഗദനും | രാമവൃക്ഷം | ശ്രീരാമനാകുന്ന വൃക്ഷത്തെ |
| ഗന്ധമാദനഃ | ഗന്ധമാദനനും | രണേ | പോരിൽ |
| ഹനൂമാൻ ച | ഹനുമാനും | ഹന്മി. | ഞാൻ വെട്ടിമുറിക്കുന്നുണ്ടു്. |

സ ദിശോ ദശ ഘോഷേണ രഥസ്യാതിരഥോ മഹാൻ
നാദയൻ പ്രയയൌ തൂർണ്ണം രാഘവം ചാഭ്യവർത്തത. 6

| | | | |
|---|---|---|---|
| മഹാൻ | കേമത്തം പൂണ്ട | നാദയൻ | മാറ്റൊലികൊള്ളിച്ചുകൊണ്ടു് |
| അതിരഥഃ | അതിരഥനായ | | |
| സഃ | അവൻ | തൂർണ്ണം | വേഗത്തിൽ |
| രഥസ്യ ഘോഷേണ | രഥഘോഷത്താൽ | പ്രയയൌ. | ചെന്നു. |
| | | രാഘവം ച | ശ്രീരാമനേയും |
| ദശ ദിശഃ | പത്തുദിക്കുകളേയും | അഭ്യവർത്തത. | എതിർത്തുനിന്നു. |

പൂരിതാ തേന ശബ്ദേന സനദീഗിരികാനനാ
സംചചാല മഹീ സർവ്വാ സവരാഹമൃഗദ്വിപാ.

| | | | |
|---|---|---|---|
| സനദീഗിരികാനനാ | നദികളോടും മലകളോടും വനങ്ങളോടു കൂടിയതും | മഹീ സർവ്വാ | ഭൂമി മുഴുവനും |
| സവരാഹമൃഗദ്വിപാ | പന്നികളോടും മാനുകളോടും ആനകളോടും കൂടിയതുമായ | തേന ശബ്ദേന | ആ ശബ്ദത്താൽ |
| | | പൂരിതാ | പൂരിക്കപ്പെട്ടതായി |
| | | സംചചാല. | കുലുങ്ങി. |

താമസം ച മഹാഘോരം ചകാരാസ്ത്രം സുദാരുണം
നിർദ്ദദാഹ കപീൻ സർവ്വാൻ തേ പ്രപേതുഃ സമന്തതഃ 8

| | | | |
|---|---|---|---|
| താമസം | താമസമെന്ന | സർവ്വാൻ | എല്ലാവരേയും |
| മഹാഘോരം | അതിഭയങ്കരവും | നിർദ്ദദാഹ | ചുട്ടെരിച്ചു. |
| സുദാരുണം ച | മഹാഘോരവുമായ | തേ | അവർ |
| അസ്ത്രം ചകാര | ഒരസ്ത്രത്തെ എയ്തു. | സമന്തത: | നാലുഭാഗങ്ങളിലേക്കും |
| കപീൻ | വാനരന്മാർ | പ്രപേതു: | പാഞ്ഞു. |

ഉത്പപാത രജോ ഘോരം തൈർഭഗ്നൈഃ സംപ്രധാവിതൈഃ 9

| | | | |
|---|---|---|---|
| ഭഗ്നൈ: | മർദ്ദിക്കപ്പെട്ട് | തൈ: | അവരാൽ |
| സംപ്രധാവിതൈ: | ഓടിക്കപ്പെട്ടവരായ | ഘോരം രജ: | ഭയങ്കരമായ പൊടി |
| | | ഉത്പപാദ. | ഉയൎന്നു. [പടലം |

ന ഹി തത് സഹിതും ശേകുർബ്രഹ്മണാ നിർമ്മിതം സ്വയം 10

| | | | |
|---|---|---|---|
| സ്വയം ഹി | സാക്ഷാൽ | തത് | ആ അസ്ത്രത്തെ |
| ബ്രഹ്മണാ | ബ്രഹ്മാവിനാൽ | സഹിതും | സഹിപ്പാൻ |
| നിർമ്മിതം | സൃഷ്ടിക്കപ്പെട്ട | ശേകു:ന | അവർ ശക്തരായില്ല. |

താന്യനീകാന്യനേകാനി രാവണസ്യ ശരോത്തമൈഃ
ദൃഷ്ട്വാ ഭഗ്നാനി ശതശോ രാഘവഃ പര്യവസ്ഥിതഃ 11

| | | | |
|---|---|---|---|
| രാഘവ: | ശ്രീരാമൻ | ശരോത്തമൈ: | ഉത്തമബാണങ്ങളാൽ |
| താനി | ആ | ശതശഃ | നൂറുകണക്കായി |
| അനേകാനി | അസംഖ്യം | ഭഗ്നാനി | മർദ്ദിക്കപ്പെട്ടവയായി |
| അനീകാനി | സൈന്യങ്ങളേയും | ദൃഷ്ട്വാ | കണ്ട് |
| രാവണസ്യ | രാവണന്റെ | പര്യവസ്ഥിത: | എതിർത്തുനിന്നു. |

തതോ രാക്ഷസശാർദ്ദൂലോ വിദ്രാവ്യ ഹരിവാഹിനീം
സ ദദർശ തതോ രാമം തിഷ്ഠന്തമപരാജിതം 12
ലക്ഷ്മണേന സഹ ഭ്രാത്രാ വിഷ്ണുനാ വാസവം യഥാ
ആലിഖന്തമിവാകാശമവഷ്ടഭ്യ മഹദ്ധനുഃ
പദ്മപത്രവിശാലാക്ഷം ദീർഘബാഹുമരിന്ദമം. 13

| | |
|---|---|
| തത: | അപ്പോൾ |
| രാക്ഷസ–ശാർദ്ദൂല: | രാക്ഷസോത്തമനായ |
| സ: | ആ രാവണൻ |
| ഹരിവാഹിനീം | വാനരസൈന്യത്തെ |
| വിദ്രാവ്യ | ഓടിച്ച് |
| തത: | അവിടെ [യി |
| അപരാജിതം | വിജയശ്രീപൂണ്ടവനാ |
| വിഷ്ണുനാ | വിഷ്ണുഭഗവാനോടുകൂടി |
| വാസവം യഥാ | ഇന്ദ്രനെന്നപോലെ |
| ഭ്രാത്രാ | അനുജനായ |
| ലക്ഷ്മണേനസഹ | ലക്ഷ്മണനോടുംകൂടി |
| ആകാശം | ആകാശത്തെ |
| ആലിഖന്തംഇവ | തൊട്ടുമാറു ഉയൎന്നിരുന്ന |
| മഹത്ധനു: | ശ്രേഷ്ഠമായ കോദണ്ഡ |
| അവഷ്ടഭ്യ | ഊന്നിക്കൊണ്ട് [ത്തെ |
| തിഷ്ഠന്തം | നിന്നിരുന്നവനും |
| പത്മപത്ര–വിശാലാക്ഷം | താമരയിതൾപോലെ വിടൎന്ന കണ്ണുകളോടുകൂടിയവനും |
| ദീർഘബാഹും | നീണ്ട കൈകളാൎന്നവ |
| അരിന്ദമം | ശത്രുഹന്താവുമായ[നും |
| രാമം | ശ്രീരാമനെ |
| ദദർശ | വീക്ഷിച്ചു. |

തതോ രാമോ മഹാതേജാഃ സൌമിത്രിസഹിതോ ബലീ
വാനരാംശ്ച രണേ ഭഗ്നാനാപതന്തം ച രാവണം
സമീക്ഷ്യ രാഘവോ ഹൃഷ്ടോ മദ്ധ്യേ ജഗ്രാഹ കാൎമ്മുകം. 14

| | |
|---|---|
| തത: | അപ്പോൾ |
| മഹാതേജാ: | മഹാപൌരുഷശാലി |
| ബലീ | ബലിഷ്ഠനും (യും |
| രാഘവ: | രഘുകുലതിലകനുമായ |
| രാമ: | ശ്രീരാമൻ |
| സൌമിത്രി–സഹിത: | ലക്ഷ്മണനോടുംകൂടി |
| രണേ | പോരിൽ |
| വാനരാൻ | വാനരന്മാരെ |
| ഭഗ്നാൻ ച, | മർദ്ദിക്കപ്പെട്ടവരായും |
| രാവണം | രാവണനെ |
| ആപതന്തം ച | എതിൎത്തുവരുന്നവനായും |
| സമീക്ഷ്യ | കണ്ട്, |
| ഹൃഷ്ട: | ഉത്സാഹംപൂണ്ടവനാ |
| കാൎമ്മുകം | കോദണ്ഡത്തെ [യി |
| മദ്ധ്യേ ജഗ്രാഹ | നടുവിലായി പിടിച്ചു. |

വിസ്ഫാരയിതുമാരേഭേ തതഃ സ ധനുരുത്തമം
മഹാവേഗം മഹാനാദം നിർഭിന്ദന്നിവ മേദിനീം. 15

| | |
|---|---|
| തത: | അപ്പോൾ |
| സ: | ആ ശ്രീരാഘവൻ |
| മേദിനീം | ഭൂമിയെ |
| നിർഭിന്ദൻ ഇവ | പിളക്കുന്നവനെന്നപോലെ |
| മഹാവേഗം | ദിവ്യശക്തിയാൎന്നതും |
| മഹാനാദം | വൻമുഴക്കം പൂണ്ടതും ആയ |
| ഉത്തമം | ശ്രേഷ്ഠമായ |
| ധനു: | കോദണ്ഡത്തെ |
| വിസ്ഫാരയിതും | ടങ്കാരം ചെയ്‌വാൻ |
| ആരേഭേ | തുടങ്ങി. |

രാവണസ്യ ച ബാണൌഘൈ രാമവിസ്ഫാരിതേന ച
ശബ്ദേന രാക്ഷസാസ്തേ ച പേതുശ്ച ശതശസ്തദാ. 16

| | |
|---|---|
| തദാ | അപ്പോൾ |
| രാവണസ്യ | രാവണന്റെ |
| ബാണൌഘൈ: ച | ശരജാലങ്ങളാലും |
| രാമവിസ്ഫാരിതേന | ശ്രീരാമനാൽ ടങ്കാരം ചെയ്യപ്പെട്ട |
| ശബ്ദേന ച | ധ്വനിയാലും |
| തേ ച | ആ വാനരന്മാരും |
| രാക്ഷസാ: ച | രാക്ഷസന്മാരും |
| ശതശ: | നൂറുകണക്കായി |
| പേതു: | ഓടിപ്പോയ്ക്കളഞ്ഞു. |

തയോഃ ശരപഥം പ്രാപ്തോ രാവണോ രാജപുത്രയോഃ
സ ബഭൌ ച യഥാ രാഹുഃ സമീപേ ശശിസൂര്യയോഃ 17

| | | | |
|---|---|---|---|
| രാജപുത്രയോഃ | രാജകുമാരന്മാരായ | ശശിസൂര്യയോഃ | ചന്ദ്രസൂര്യന്മാരുടെ |
| തയോഃ | അവരിരുവരുടേയും | സമീപേ | സമീപത്തിൽ |
| ശരപഥം | ബാണമാർഗ്ഗത്തിന്നു് | രാഹുഃ | രാഹു |
| പ്രാപ്തഃ | ലാക്കായിരുന്ന | യഥാ | എന്നപോലെ |
| സഃ രാവണഃ ച | ആ രാവണനും | ബഭൌ | വിളങ്ങി. |

തമിച്ഛൻ പ്രഥമം യോദ്ധും ലക്ഷ്മണോ നിശിതൈഃ ശരൈഃ
മുമോച ധനുരായമ്യ ശരാനഗ്നിശിഖോപമാൻ. 18

| | | | |
|---|---|---|---|
| ലക്ഷ്മണഃ | ലക്ഷ്മണൻ | ഇച്ഛൻ | ആഗ്രഹം പൂണ്ടവനാ[യി |
| നിശിതൈഃ | കൂർത്ത | ധനുഃ ആയമ്യ | വില്ലിനെ വളച്ചു് |
| ശരൈഃ | ബാണങ്ങളോടുകൂടി | അഗ്നിശിഖോപമാൻ | അഗ്നിജ്വാലകൾക്കു് തുല്യങ്ങളായ |
| തം | അവനുമായി | | |
| പ്രഥമം യോദ്ധും | ആദ്യം പൊരുതുവാൻ | ശരാൻ മുമോച | ശരങ്ങളെ പൊഴിച്ചു. |

താൻ മുക്തമാത്രാനാകാശേ ലക്ഷ്മണേന ധനുഷ്മതാ
ബാണാൻ ബാണൈർമ്മഹാതേജാ രാവണഃ പ്രത്യവാരയത്. 19

| | | | |
|---|---|---|---|
| മഹാതേജാഃ | മഹാപ്രതാപശാലിയായ | മുക്തമാത്രാൻ | എയ്യപ്പെട്ട നിമിഷത്തിൽതന്നെ |
| രാവണഃ | രാവണൻ | താൻ ബാണാൻ | ആ ബാണങ്ങളെ |
| | | ആകാശേ | ആകാശത്തിൽ |
| ധനുഷ്മതാ | വില്ലാളിയായ | ബാണൈഃ | ശരങ്ങൾകൊണ്ടു് |
| ലക്ഷ്മണേന | ലക്ഷ്മണനാൽ | പ്രത്യവാരയത് | തടുത്തു. |

ഏകമേകേന ബാണേന ത്രിഭിസ്ത്രീൻ ദശഭിർദശ
ലക്ഷ്മണസ്യ പ്രചിച്ഛേദ ദർശയൻ പാണിലാഘവം. 20

| | | | |
|---|---|---|---|
| ലക്ഷ്മണസ്യ | ലക്ഷ്മണന്റെ | ദശ | പത്തെണ്ണത്തെ |
| ഏകം | ഒരു ബാണത്തെ | ദശഭിഃ | പത്തെണ്ണംകൊണ്ടു് |
| ഏകേന ബാണേന | ഒരു ബാണത്താലും | പാണിലാഘവം | കൈമിടുക്കിനെ |
| ത്രീൻ | മൂന്നെണ്ണത്തെ | ദർശയൻ | കാണിക്കുന്നവനായി |
| ത്രിഭിഃ | മൂന്നെണ്ണം കൊണ്ടും | പ്രചിച്ഛേദ | മുറിച്ചെറിഞ്ഞു. |

അഭ്യതിക്രമ്യ സൌമിത്രിം രാവണഃ സമിതിഞ്ജയഃ
ആസസാദ തതോ രാമം സ്ഥിതം ശൈലമിവാചലം. 21

| | | | |
|---|---|---|---|
| സമിതിഞ്ജയഃ | യുദ്ധത്തിൽ ജയശാലി[യായ | ശൈലം ഇവ | പർവ്വതമെന്നപോലെ |
| രാവണഃ | രാവണൻ | അചലം | നിശ്ചലനായി |
| സൌമിത്രിം | ലക്ഷ്മണനെ | സ്ഥിതം | നിന്നിരുന്ന |
| അഭ്യതിക്രമ്യ | കടന്നുചെന്നു. | രാമം | ശ്രീരാമനെ |
| തതഃ | അവിടെ | ആസസാദ. | അടുത്തു. |

സ സംഖ്യേ രാമമാസാദ്യ ക്രോധസംരക്തലോചനഃ
വ്യസൃജച്ഛരവർഷാണി രാവണോ രാഘവോപരി. 22

| | | | |
|---|---|---|---|
| സഃ രാവണഃ | ആ രാവണൻ | രാമം ആസാദ്യ | ശ്രീരാമനെ ഏററടുത്ത് |
| ക്രോധസം-രക്തലോചനഃ | കോപത്താൽ കണ്ണുകഠം ചുവപ്പിച്ചു [കൊണ്ട്] | ശരവർഷാണി | ശരമാരികളെ |
| സംഖ്യേ | പോരിൽ | രാഘവോപരി | ശ്രീരാമൻെറ മേൽ |
| | | വ്യസൃജത് | വർഷിച്ചു. |

ശരധാരാസ്തതോ രാമോ രാവണസ്യ ധനുശ്ച്യുതാഃ
ദൃഷ്ട്വൈവാപതതഃ ശീഘ്രം ഭല്ലാൻ ജഗ്രാഹ സത്വരം. 23

| | | | |
|---|---|---|---|
| തതഃ | അപ്പോഠം | ആപതതഃ | എതിരിട്ടുവരുന്നവയായി |
| രാമഃ | ശ്രീരാമൻ | | |
| രാവണസ്യ | രാവണൻെറ | ദൃഷ്ട്വാ ഏവ | കണ്ട ക്ഷണത്തിൽ |
| ധനുശ്ച്യുതാ | വില്ലിൽനിന്നു് പൊഴിഞ്ഞ | സത്വരം | വേഗത്തിൽ |
| ശരധാരാഃ | ശരധാരകളെ | ഭല്ലാൻ | മൊട്ടമ്പുകളെ |
| ശീഘ്രം | വേഗത്തിൽ | ജഗ്രാഹ. | കൈക്കൊണ്ടു. |

താൻ ശരൌഘാംസ്തതോ ഭല്ലൈസ്തീക്ഷ്ണൈശ്ചിച്ഛേദ രാഘവഃ
ദീപ്യമാനാൻ മഹാഘോരാൻ ക്രുദ്ധാനാശീവിഷാനിവ. 24

| | | | |
|---|---|---|---|
| രാഘവഃ | ശ്രീരാമൻ | മഹാഘോരാൻ | അതിക്രൂരങ്ങളുമായ |
| തതഃ | അപ്പോഠം | താൻ | ആ |
| ദീപ്യമാനാൻ | ജ്വലിക്കുന്നവയും | ശരൌഘാൻ | ശരജാലങ്ങളെ |
| ക്രുദ്ധാൻ | ക്രുദ്ധങ്ങളായ | തീക്ഷ്ണൈഃ | നിശിതങ്ങളായ |
| ആശീവി-ഷാൻ ഇവ | സർപ്പങ്ങളെന്നപോലെ | ഭല്ലൈഃ | മൊട്ടമ്പുകഠംകൊണ്ടു് |
| | | ചിച്ഛേദ. | മുറിച്ചെറിഞ്ഞു. |

രാഘവോ രാവണം തൂർണ്ണം രാവണോ രാഘവം തഥാ
അന്യോന്യം വിവിധൈസ്തീക്ഷ്ണൈഃ ശരൈരഭിവവർഷതുഃ 25

| | | | |
|---|---|---|---|
| തഥാ | അപ്പോഠം | തൂർണ്ണം | വേഗത്തിൽ |
| രാഘവഃ | ശ്രീരാമൻ | തീക്ഷ്ണൈഃ | കൂർത്തുമൂർത്ത |
| രാവണം | രാവണനേയും | വിവിധൈഃ | പല |
| രാവണഃ | രാവണൻ | ശരൈഃ | ബാണങ്ങളാൽ |
| രാഘവം | ശ്രീരാമനേയും | അഭിവവർഷതുഃ | ചൊരിഞ്ഞു. |
| അന്യോന്യം | ഒരുവനെയൊരുവൻ | | |

ചേരതുശ്ച ചിരം ചിത്രം മണ്ഡലം സവ്യദക്ഷിണം
ബാണവേഗാത് സമുത്ക്ഷിപ്താവന്യോന്യമപരാജിതൗ. 26

| | | | |
|---|---|---|---|
| അന്യോന്യം | അന്യോന്യം | ചിത്രം | പലവിധത്തിൽ |
| അപരാജിതൗ | തോല്പിക്കപ്പെടാത്തവരായി | സവ്യദക്ഷിണം | എടത്തും വലത്തുമായി |
| | | ചിരം | ഏറെനേരം |
| ബാണവേഗാത് | ബാണവേഗത്താൽ | മണ്ഡലം ച ചേരതുഃ | വട്ടം ചുററി. |
| സമുത്ക്ഷിപ്തൗ | പീഡിക്കപ്പെട്ടവരായി | | |

തയോർഭൂതാനി വിത്രേസുർയ്യുഗപത് സംപ്രയുദ്ധ്യതോഃ.
രൌദ്രയോഃ സായകമുചോർയ്യമാന്തകനികാശയോഃ. 27

| | | | |
|---|---|---|---|
| യമാന്തക- നികാശയോഃ | യമനും രുദ്രനും തുല്യരായി | തയോഃ | അവരിരുവരും |
| രൌദ്രയോഃ | ഭയങ്കരന്മാരായി | സംപ്രയുദ്ധ്യതോഃ | യുദ്ധംചെയ്യുന്നേരം |
| സായകമുചോഃ | ബാണങ്ങൾ പ്രയോഗിക്കുന്ന | ഭൂതാനി | പ്രാണികൾ |
| | | യുഗപത് | എല്ലാം |
| | | വിത്രേസുഃ | നടുങ്ങി. |

സന്തതം വിവിധൈർബ്ബാണൈർബ്ബഭൂവ ഗഗനം തദാ
ഘനൈരിവാതപാപായേ വിദ്യുന്മാലാസമാകുലൈഃ 28

| | | | |
|---|---|---|---|
| തദാ | അപ്പോൾ | ഘനൈഃ ഇവ | മേഘങ്ങളാലെന്ന [പോലെ |
| ഗഗനം | ആകാശം | വിവിധൈഃ | പലപല |
| ആതപാപായേ | വേനലിന്നുശേഷം | ബാണൈഃ | ബാണങ്ങളാൽ |
| വിദ്യുന്മാലാ- സമാകുലൈഃ | മിന്നൽക്കൊടികൾ നിറഞ്ഞ | സന്തതം | ഇടതിങ്ങിയതായി |
| | | ബഭൂവ | ഭവിച്ചു. |

ഗവാക്ഷിതമിവാകാശം ബഭൂവ ശരവൃഷ്ടിഭിഃ 29

| | | | |
|---|---|---|---|
| ആകാശം | ആകാശം | ഗവാക്ഷിതം ഇവ | ജനലുകളടയ്ക്കപ്പെട്ട [പോലെ |
| ശരവൃഷ്ടിഭിഃ | ശരമാരികളാൽ | ബഭൂവ. | ആയ്തീൎന്നു. |

മഹാവേഗൈഃ സുതീക്ഷ്ണാഗ്രൈർഗൃദ്ധ്രപത്രൈഃ സുവാജിതൈഃ
ശരാന്ധകാരം തൌ ഭീമം ചക്രതുഃ സമരം തദാ
ഗതേഽസ്തം തപനേ ചാപി മഹാമേഘാവിവോത്ഥിതൌ. 30

| | | | |
|---|---|---|---|
| തദാ | അപ്പോൾ | ഗൃദ്ധ്രപത്രൈഃ | കഴുകിൻ തൂവൽ കെട്ടപ്പെട്ടവയും |
| തപനേ | ആദിത്യൻ | സുവാജിതൈഃ അപി | അതിവേഗതയുള്ളവയുമായ |
| അസ്തം ഗതേ | അസ്തമിച്ചാറെ | ശരാന്ധകാരം | ബാണങ്ങളാൽ ഇരുളടഞ്ഞതായി |
| ഉത്ഥിതൌ | ഉയൎന്ന | ഭീമം | ഭയങ്കരമാംവണ്ണം |
| മഹാമേഘൌ ഇവ | രണ്ടു വൻമേഘങ്ങളെന്നപോലെ | സമരം | യുദ്ധം |
| തൌ ച | അവരിരുവരും | ചക്രതുഃ, | ചെയ്തു. |
| മഹാവേഗൈഃ | ശക്തിയേറിയവയും | | |
| സുതീക്ഷ്ണാ- ഗ്രൈഃ | കൂൎത്തുമൂൎത്തമുനകളാൎന്നവയും | | |

ബഭൂവ തുമുലം യുദ്ധമന്യോന്യവധകാംക്ഷിണോഃ
അനാസാദ്യമചിന്ത്യം ച വൃത്രവാസവയോരിവ. 31

| | | | |
|---|---|---|---|
| വൃത്ര- വാസവയോഃ ഇവ | വൃത്രാസുരനും ഇന്ദ്രനും തമ്മിലെന്നപോലെ | അനാസാദ്യം | അത്ഭുതപൂൎവ്വവും |
| അന്യോന്യ- വധ- കാംക്ഷിണോഃ | പരസ്പരം വധിപ്പാനിച്ഛിച്ച അവരിരുവൎക്കും തമ്മിൽ | അചിന്ത്യം ച | വിചാരിക്കുവാൻപോലും കഴിയാത്തതുമായ |
| | | തുമുലം | ഘോരമായ |
| | | യുദ്ധം | യുദ്ധം |
| | | ബഭൂവ | നടന്നു. |

ഉഭൗ ഹി പരമേഷ്വാസാവുഭൗ ശസ്ത്രവിശാരദൗ
ഉഭാവസ്ത്രവിദാം മുഖ്യാവുഭൗ യുദ്ധേ വിചേരതുഃ 32

| | | | |
|---|---|---|---|
| ഉഭൗ ഹി | ഇരുവരും | ഉഭൗ | രണ്ടു പേരും |
| പരമേഷ്വാസൗ | കേമന്മാരായ വില്ലാളികൾ, | അസ്ത്രവിദാം | അസ്ത്രങ്ങളറിയുന്നവരിൽ വെച്ച് |
| ഉഭൗ | ഇരുവരും | മുഖ്യൗ | മികച്ചവർ, |
| ശസ്ത്രവിശാരദൗ | ആയുധപ്രയോഗത്തിൽ കുശലന്മാർ, | ഉഭൗ യുദ്ധേ | ഇരുവരും യുദ്ധത്തിൽ |
| | | വിചേരതുഃ | പൊരുതി. |

ഉഭൗ ഹി യേന വ്രജതസ്തേന തേന ശരോർമ്മയഃ
ഊർമ്മയോ വായുനാ വിദ്ധാ ജഗ്മുഃ സാഗരയോരിവ. 33

| | | | |
|---|---|---|---|
| ഉഭൗ ഹി | ഇരുവരും | സാഗരയോഃ | രണ്ടുകടലുകളിൽ |
| യേന വ്രജതഃ | ഏതുവഴിയിൽ കൂടി പോകയുണ്ടായോ | വായുനാ | കാററിനാൽ |
| തേന തേന | അവിടവിടെയെല്ലാം | വിദ്ധാഃ | അടിക്കപ്പെട്ട |
| ശരോർമ്മയഃ | ബാണങ്ങളാകുന്ന അലകൾ | ഊർമ്മയഃ ഇവ | ഓളങ്ങൾ എന്നപോലെ |
| | | ജഗ്മുഃ | ചെന്നുകൊണ്ടിരുന്നു. |

തതഃ സംസക്തഹസ്തസ്തു രാവണോ ലോകരാവണഃ
നാരാചമാലാം രാമസ്യ ലലാടേ പ്രത്യമുഞ്ചത. 34

| | | | |
|---|---|---|---|
| ലോകരാവണഃ | ലോകരെ കരയിക്കുന്നവനായ | നാരാചമാലാം | നാരാചബാണസമൂഹങ്ങളെ |
| രാവണഃ | രാവണൻ | സംസക്തഹസ്തഃ | തെരുതെരെ കയ്യിലെടുത്ത് |
| തതഃ | അവിടെ | തു | ആ സമയം |
| രാമസ്യ | ശ്രീരാമന്റെ | പ്രത്യമുഞ്ചത. | പൊഴിച്ചു. |
| ലലാടേ | നെററിത്തടത്തിൽ | | |

രൌദ്രചാപപ്രയുക്താം താം നീലോത്പലദളപ്രഭാം
ശിരസാ ധാരയൻ രാമോ ന വ്യഥാം പ്രത്യപദ്യത. 35

| | | | |
|---|---|---|---|
| രാമഃ | ശ്രീരാമൻ | താം | ആ ശരമാലയെ |
| രൌദ്രചാപപ്രയുക്താം | ഭയങ്കരമായ വില്ലിൽ നിന്നു് വിടപ്പെട്ടതും | ശിരസാ | ശിരസ്സുകൊണ്ടു് |
| നീലോത്പലദളപ്രഭാം | നീലത്താമരദളങ്ങൾക്കു തുല്യമായ ശോഭയാർന്നതുമായ | ധാരയൻ | ധരിക്കുന്നവനായി |
| | | വ്യഥാം | പീഡയെ |
| | | പ്രത്യപദ്യത ന. | പ്രാപിക്കയുണ്ടായില്ല. |

അഥ മന്ത്രാനഭിജപൻ രൌദ്രമസ്ത്രമുദീരയൻ
ശരാൻ ഭൂയഃ സമാദായ രാമഃ ക്രോധസമന്വിതഃ
മുമോച ച മഹാതേജാശ്ചാപമായമ്യ വീര്യവാൻ. 36

| | | | |
|---|---|---|---|
| മഹാതേജാ: | അതിതേജസ്വിയും | അഭിജപൻ | അഭിമന്ത്രിക്കുന്നവനായി |
| വീൎയ്യവാൻ | വീൎയ്യശാലിയുമായ | രൌദ്രം അസ്ത്രം | രുദ്രാസ്ത്രത്തെ |
| രാമ: | ശ്രീരാമൻ | ഉദീരയൻ | ആവാഹിച്ച് |
| ക്രോധ— സമന്വിത: | ക്രോധത്തോടെ | ഭൂയ: ശരാൻ | പല ബാണങ്ങളെ |
| | | സമാദായ | തൊടുത്ത് |
| ചാപം ആയമ്യ | വില്‍ വളച്ച് | അഥ ച | ആ സമയം |
| മന്ത്രാൻ | മന്ത്രങ്ങളെ | മുമോച | പൊഴിച്ചു. |

തേ മഹാമേഘസങ്കാശേ കവചേ പതിതാഃ ശരാഃ
അവദ്ധ്യേ രാക്ഷസേന്ദ്രസ്യ വ്യഥാം നാജനയംസ്തദാ. 37

| | | | |
|---|---|---|---|
| തേ ശരാ: | ആ ബാണങ്ങൾ | അവദ്ധ്യേ | അഭേദ്യമായ |
| തദാ | അപ്പോൾ | കവചേ | കവചത്തില്‍ |
| രാക്ഷസേന്ദ്രസ്യ | രാക്ഷസേശ്വരന്റെ | പതിതാ: | കൊണ്ട് |
| മഹാമേഘ- സങ്കാശേ | വൻമേഘത്തിന്നു തുല്യതയാൎന്ന | വ്യഥാം | പീഡയെ |
| | | അജനയൻ ന. | ഉണ്ടാക്കിയില്ല. |

പുനരേവാഥ തം രാമോ രഥസ്ഥം രാക്ഷസാധിപം
ലലാടേ പരമാസ്ത്രേണ സൎവ്വാസ്ത്രകുശലോ രണേ 38

| | | | |
|---|---|---|---|
| സൎവ്വാസ്ത്രകുശല: | സൎവ്വാസ്ത്രപടുവായ | രാക്ഷസാധിപം | രാക്ഷസേശ്വരനെ |
| രാമ: | ശ്രീരാമൻ | ലലാടേ | നെററിത്തടത്തില്‍ |
| അഥ രണേ | അപ്പോൾ സമരത്തില്‍ | പരമശാസ്ത്രേണ | ഉത്തമാസ്ത്രം കൊണ്ട് |
| തം രഥസ്ഥം | ആ രഥത്തിലിരുന്നിരുന്ന | പുന: | വീണ്ടും |
| | | ഏവ. | അപ്രകാരംതന്നെഎയ്തു. |

തേ ഭിത്വാ ബാണരൂപാണി പഞ്ചശീൎഷാ ഇവോരഗാഃ
ശ്വസന്തോ വിവിശുൎഭൂമിം രാവണപ്രതികൂലിതാഃ. 39

| | | | |
|---|---|---|---|
| തേ | അവ | പഞ്ചശീൎഷാ: | അഞ്ചുതലയുള്ള |
| രാവണ- പ്രതികൂലിതാ: | രാവണനാല്‍ തടുക്കപ്പെട്ടവയായി | ഉരഗാ: ഇവ | സൎപ്പങ്ങളെന്നപോലെ |
| | | ശ്വസന്ത: | ചീറുന്നവയായി |
| ബാണ- രൂപാണി ഭിത്വാ | ആ ബാണങ്ങളെ തകൎത്തുംകൊണ്ട് | ഭൂമിം | ഭൂമിയില്‍ |
| | | വിവിശു: | പ്രവേശിച്ചു. |

നിഹത്യ രാഘവസ്യാസ്ത്രം രാവണഃ ക്രോധമൂൎച്ഛിതഃ.
ആസുരം സുമഹാഘോരമസ്ത്രം പ്രാദുശ്ചകാര ഹ. 40

| | | | |
|---|---|---|---|
| രാവണ: | രാവണൻ | നിഹത്യ | തടുത്തുകൊണ്ട് |
| ക്രോധമൂൎച്ഛിത: | കോപത്താല്‍ മതിമറന്നവനായി | സുമഹാഘോരം | അതിഭയങ്കരമായ |
| രാഘവസ്യ | ശ്രീരാമന്റെ | ആസുരം അസ്ത്രം | അസുരാസ്ത്രത്തെ |
| അസ്ത്രം | അസ്ത്രത്തെ | പ്രാദുശ്ചകാര ഹ. | പ്രയോഗിച്ചു. |

സിംഹവ്യാഘ്രമുഖാംശ്ചാന്യാൻ കങ്കകാകമുഖാനപി
ഗൃദ്ധ്രശ്യേനമുഖാംശ്ചാപി സൃഗാലവദനാംസ്തഥാ 41
ഈഹാമൃഗമുഖാംശ്ചാന്യാൻ വ്യാദിതാസ്യാൻ ഭയാനകാൻ
പഞ്ചാസ്യാൻ ലേലിഹാനാംശ്ച സസജ്ജ നിശിതാൻ ശരാൻ 42
ശരാൻ ഖരമുഖാംശ്ചാന്യാൻ വരാഹമുഖസംസ്ഥിതാൻ
ശ്വാനകുക്കുടവക്ത്രാംശ്ച മകരാശീവിഷാനനാൻ. 43

| | | | |
|---|---|---|---|
| സിംഹവ്യാഘ്ര-മുഖാൻ | സിംഹത്തിൻെറയും നരിയുടേയും മുഖങ്ങളുള്ള | ഭയാനകാൻ | ഭയങ്കരങ്ങളായുള്ളവയും |
| | | പഞ്ചാസ്യാൻ | അഞ്ചുതലയുള്ള |
| | | ലേലിഹാനാൻ | സർപ്പങ്ങളായവയും |
| അന്യാൻ ശരാൻ ച | ചില ബാണങ്ങളേയും | നിശിതാൻ ച | തീക്ഷ്ണങ്ങളുമായ |
| | | അന്യാൻ ച | മററു ചിലവയേയും |
| കങ്കകാക-മുഖാൻ അപി | കഴുക്, കാക്ക എന്നവയുടെ മുഖങ്ങളുള്ളവയും | ഖരമുഖാൻ | കഴുത മുഖങ്ങളാന്ന |
| | | അന്യാൻ ച | ചിലവയേയും |
| ഗൃദ്ധ്രശ്യേന-മുഖാൻ അപി ച | പരുന്തു, പ്രാപ്പിടിയൻ, എന്നവയുടെ മുഖങ്ങളുള്ളവയും | വരാഹമുഖ-സംസ്ഥിതാൻ | തേററപ്പന്നിയുടെ മുഖങ്ങളുള്ളവയും |
| | | ശ്വാനകുക്കുട-വക്ത്രാൻ ച | നായ, കോഴി എന്നവയുടെ മുഖമുള്ളവയും |
| സൃഗാല-വദനാൻ തഥാ | കുറുക്കൻെറ മുഖമുള്ളവയും | മകരാശീ-വിഷാനനാൻ | മുതല, സർപ്പം എന്നവയുടെ മുഖങ്ങളുള്ളവയു |
| ഈഹാമൃഗ-മുഖാൻ | ചെന്നായിൻെറ മുഖമുള്ളവയും | ശരാൻ | ബാണങ്ങളേയും [മായ |
| വ്യാദിതാസ്യാൻ | വായ പിളൎന്നുകൊണ്ട് | സസജ്ജ. | തുകി, |

ഏതാനന്യാംശ്ച മായാവീ സസർജ്ജ നിശിതാൻ ശരാൻ
രാമം പ്രതി മഹാതേജാഃ ക്രുദ്ധഃ സർപ്പ ഇവ ശ്വസൻ 44

| | | | |
|---|---|---|---|
| മഹാതേജാഃ | അതിതേജസ്വിയും | ഏതാൻ നിശിതാൻ | മേൽപ്രകാരമുള്ള തീക്ഷ്ണങ്ങളായ |
| മായാവീ | മായാവിയുമായ അവൻ | ശരാൻ | ബാണങ്ങളേയും |
| ക്രുദ്ധഃ | ക്രുദ്ധിച്ച | അന്യാൻ ച | മററുള്ളവയേയും |
| സർപ്പഃ ഇവ | സർപ്പംപോലെ | രാമം പ്രതി | ശ്രീരാമൻെറ മേൽ |
| ശ്വസൻ | ചീറുന്നവനായി | സസജ്ജ. | പ്രയോഗിച്ചു. |

ആസുരേണ സമാവിഷ്ടഃ സോഽസ്ത്രേണ രഘുനന്ദനഃ
സസർജ്ജാസ്ത്രം മഹോത്സാഹഃ പാവകം പാവകോപമഃ 45

| | | | |
|---|---|---|---|
| മഹോത്സാഹഃ | അത്യുത്സാഹിയും | സമാവിഷ്ടഃ | ബാധിക്കപ്പെട്ടവനായി |
| പാവകോപമഃ | അഗ്നിസദൃശനുമായ | | |
| സഃ രഘുനന്ദനഃ | ആ ശ്രീ രാഘവൻ | പാവകം അസ്ത്രം | ആഗ്നേയാസ്ത്രത്തെ |
| ആസുരേണ അസ്ത്രേണ | ആസുരാസ്ത്രത്താൽ | സസർജ്ജ. | പ്രയോഗിച്ചു. |

അഗ്നിദീപ്തമുഖാൻ ബാണാൻ തഥാ സൂൎയ്യമുഖാനപി
ചന്ദ്രാൎദ്ധചന്ദ്രവക്ത്രാംശ്ച ധൂമകേതുമുഖാനപി 46
ഗ്രഹനക്ഷത്രവക്ത്രാംശ്ച മഹോല്കാമുഖസംസ്ഥിതാൻ
വിദ്യുജ്ജിഹ്വോപമാംശ്ചാന്യാൻ സസൎജ്ജ നിശിതാൻ ശരാൻ 47

| | |
|---|---|
| അഗ്നിദീപ്ത-മുഖാൻ | അഗ്നിയാൽ ജ്വലിക്കുന്ന മുഖങ്ങളാൎന്ന |
| ബാണാൻ തഥാ | ബാണങ്ങളേയും |
| സൂൎയ്യമുഖാൻ-അപി | സൂൎയ്യനെപ്പോലെ മുഖമാൎന്ന ബാണങ്ങളേയും |
| ചന്ദ്രാൎദ്ധചന്ദ്ര-വക്ത്രാൻ ച | അൎദ്ധചന്ദ്രൻപോലെയും പൂൎണ്ണചന്ദ്രൻപോലെയും മുഖമുള്ള ബാണങ്ങളേയും |
| ധൂമകേതു-മുഖാൻ അപി | ധൂമകേതുപോലെ മുഖമാൎന്ന ബാണങ്ങളേയും |
| ഗ്രഹനക്ഷത്ര-വക്ത്രാൻ ച | ഗ്രഹങ്ങളുടേയും നക്ഷത്രങ്ങളുടേയും മുഖങ്ങളാൎന്ന ബാണങ്ങളേയും |
| മഹോല്കാമുഖ-സംസ്ഥിതാൻ | വല്ലാത്ത കൊള്ളിമീൻപോലെ മുഖമാൎന്ന ബാണങ്ങളേയും |
| വിദ്യുജ്ജിഹ്വോപമാൻ | മിന്നലൊളിപോലെയുള്ള ബാണങ്ങളേയും |
| അന്യാൻ | മററുള്ള |
| നിശിതാൻ | തീക്ഷ്ണങ്ങളായ |
| ശരാൻ ച | ബാണങ്ങളേയും |
| സസൎജ്ജ. | പൊഴിച്ചു. |

തേ രാവണശരാ ഘോരാ രാഘവാസ്ത്രസമാഹതാഃ
വിലയം ജഗ്മുരാകാശേ ജഗ്മുശ്ചൈവ സഹസ്രശഃ 48

| | |
|---|---|
| ഘോരാഃ | ഭയങ്കരങ്ങളായ |
| തേ | ആ |
| രാവണശരാഃ | രാവണബാണങ്ങൾ |
| രാഘവാസ്ത്ര-സമാഹതാഃ | ശ്രീരാമന്റെ അസ്ത്രത്താൽ ഹനിക്കപ്പെട്ടവയായി |
| വിലയം | നാശത്തെ |
| ജഗ്മുഃ | പ്രാപിച്ചു. |
| ആകാശേ ച ഏവ | ആകാശത്തിൽതന്നെ |
| സഹസ്രശഃ ജഗ്മുഃ | ആയിരക്കണക്കായി നുറുങ്ങി. |

തദസ്ത്രം നിഹതം ദൃഷ്ട്വാ രാമേണാക്ലിഷ്ടകൎമ്മണാ
ഹൃഷ്ടാ നേദുസ്തതസ്സൎവ്വേ കപയഃ കാമരൂപിണഃ
സുഗ്രീവപ്രമുഖാ വീരാഃ പരിവാൎയ്യ തു രാഘവം. 49

| | |
|---|---|
| തതഃ | അപ്പോൾ |
| കാമരൂപിണഃ | ഇഷ്ടംപോലെ രൂപമെടുപ്പാൻ കഴിവുള്ളവരും |
| വീരാഃ | ശൂരന്മാരുമായ |
| സുഗ്രീവപ്രമുഖാഃ | സുഗ്രീവൻമുതലായുള്ള |
| കപയഃ സൎവ്വേ | വാനരന്മാർ എല്ലാവരും |
| തത് അസ്ത്രം | ആ അസ്ത്രം |
| അക്ലിഷ്ട-കൎമ്മണാ | എന്തും നിഷ്പ്രയാസം ചെയ്യാൻകഴിവുള്ള |
| രാമേണ | ശ്രീരാമനാൽ |
| നിഹതം | തകൎക്കപ്പെട്ടതായി |
| ദൃഷ്ട്വാ തു | കണ്ടു് |
| രാഘവം | ശ്രീരാഘവനെ |
| പരിവാൎയ്യ | ചുഴന്നുകൊണ്ടു് |
| ഹൃഷ്ടാഃ | ഉത്സാഹത്തോടെ |
| നേദുഃ | ആൎത്തുവിളിച്ചു |

തതസ്തദസ്ത്രം വിനിഹത്യ രാഘവഃ
പ്രസഹ്യ തദ്രാവണബാഹുനിഃസൃതം
മുദാന്വിതോ ദാശരഥിർമ്മഹാഹവേ
വിനേദുരുച്ചൈർമ്മുദിതാഃ കപീശ്വരാഃ 50

| | | | |
|---|---|---|---|
| തതഃ | അപ്പോാം | പ്രസഹ്യ | ഊക്കുകൊണ്ട് |
| ദാശരഥി: | ദശരഥാത്മജനായ | വിനിഹത്യ | നശിപ്പിച്ച് |
| രാഘവ: | ശ്രീരാമൻ | മുദാന്വിത: | സന്തോഷിച്ചു; |
| മഹാഹവേ | മഹായുദ്ധത്തിൽ | കപീശ്വരാ: | വാനരത്തലവന്മാർ |
| രാവണബാഹു- നി:സൃതം | രാവണൻെറകൈകളിൽ വിടപ്പെട്ട | മുദിതാഃ | സന്തോഷമുണ്ടായവരായി |
| തത് | ആ | ഉച്ചൈ: | ഉച്ചസ്വരത്തിൽ |
| തദസ്ത്രം | അവൻെറ അസ്ത്രത്തെ | വിനേദു: | ഗർജ്ജിച്ചു. |

ഇത്യാർഷേ ശ്രീമദ്രാമായണേ വാൽമീകീയേ ആദികാവ്യേ യുദ്ധകാണ്ഡേ ശതതമഃ സർഗ്ഗഃ=നൂറാംസർഗ്ഗം സമാപ്തം.

ആദ്യംമുതൽ ശ്ലോകസംഖ്യ 19389; യുദ്ധകാണ്ഡം ആദ്യംമുതൽ ശ്ലോകസംഖ്യ 4714

———

## ഏകോത്തരശതതമഃ സർഗ്ഗഃ=നൂററൊന്നാം സർഗ്ഗം.

[ലക്ഷ്മണശക്തിനിക്ഷേപ:=ലക്ഷ്മണൻെറ നേരെ വേൽപ്രയോഗിക്കുന്നത്]

തസ്മിൻ പ്രതിഹതേഽസ്ത്രേ തു രാവണോ രാക്ഷസാധിപഃ
ക്രോധം ച ദ്വിഗുണം ചക്രേ ക്രോധാച്ചാസ്ത്രമനന്തരം. 1

| | | | |
|---|---|---|---|
| രാക്ഷസാധിപ: | രാക്ഷസേശ്വരനായ | ദ്വിഗുണം | ഇരട്ടി |
| രാവണ: | രാവണൻ | ക്രോധം ച | കോപത്തേയും |
| തു | അപ്പോാം | ക്രോധാത് | കോപത്താൽ |
| തസ്മിൻ അസ്ത്രേ | ആ അസ്ത്രം | അനന്തരം അസ്ത്രം ച | മറെറാരു അസ്ത്രത്തേയും |
| പ്രതിഹതേ | നശിച്ചതിനാൽ | ചക്രേ | കയ്യെക്കാണ്ടു: |

മയേന വിഹിതം രൌദ്രമന്യദസ്ത്രം മഹാദ്യുതിഃ
ഉത്സ്രഷ്ടും രാവണോ ഘോരം രാഘവായ പ്രചക്രമേ. 2

| | | | |
|---|---|---|---|
| മഹാദ്യുതിഃ | മഹാതേജസ്വിയായ | അന്യത് അസ്ത്രം | മറെറാരസ്ത്രത്തെ |
| രാവണ: | രാവണൻ | രാഘവായ | ശ്രീരാമൻെറമേൽ |
| മയേന വിഹിതം | മയനാൽ നിർമ്മിക്കപ്പെട്ട | ഉത്സ്രഷ്ടും | പ്രയോഗിക്കുന്നതിനായി |
| രൌദ്രം | ഭയങ്കരവും | പ്രചക്രമേ. | മുതിന്നു. |
| ഘോരം | കഠിനവുമായ | | |

തതഃ ശൂലാനി നിശ്ചേരുർഗദാശ്ച മുസലാനി ച
കാർമ്മുകാദ്ദീപ്യമാനാനി വജ്രസാരാണി സർവ്വശഃ 3

| | | | |
|---|---|---|---|
| തതഃകാർമ്മുകാത് | ആ വില്ലിൽനിന്നു് | ഗദാഃ ച | ഗദകളും |
| ദീപ്യമാനാനി | ജ്വലിക്കുന്നവയും | മുസലാനി ച | ഉലയ്ക്കകളും |
| വജ്രസാരാണി | വജ്രംപോലെ ഉറപ്പുള്ളവയുമായ | സർവ്വശഃ | എല്ലാഭാഗത്തേക്കും |
| ശൂലാനി | ശൂലങ്ങളും | നിശ്ചേരുഃ | പുറപ്പെട്ടു. |

മുദ്ഗരാഃ കൂടപാശാശ്ച ദീപ്താശ്ചാശനയസ്തഥാ
നിഷ്പേതുർവ്വിവിധാസ്തീക്ഷ്ണാ വാതാ ഇവ യുഗക്ഷയേ. 4

| | | | |
|---|---|---|---|
| യുഗക്ഷയേ | കല്പാന്തത്തിൽ | കൂടപാശാഃ ച | കൂടങ്ങളും പാശങ്ങളും |
| വാതാഃ ഇവ | കൊടുങ്കാറ്റുകൾ എപ്രകാരമോ അപ്രകാരം | ദീപ്താഃ | ജ്വലിക്കുന്ന |
| തീക്ഷ്ണാഃ | ഘോരങ്ങളായ | അശനയഃ ച | വജ്രായുധങ്ങളും |
| വിവിധാഃ | പല | തഥാ | അപ്രകാരംതന്നെ |
| മുദ്ഗരഃ | മുട്ടത്തടികളും | നിഷ്പേതുഃ | പുറപ്പെട്ടു. |

തദസ്ത്രം രാഘവഃ ശ്രീമാനുത്തമാസ്ത്രവിദാം വരഃ
ജഘാന പരമാസ്ത്രേണ ഗാന്ധർവ്വേണ മഹാദ്യുതിഃ. 5

| | | | |
|---|---|---|---|
| ശ്രീമാൻ | ശ്രീമാനും | രാഘവഃ | ശ്രീരാമൻ |
| മഹാദ്യുതിഃ | പരമതേജസ്വിയും | തത് അസ്ത്രം | ആ അസ്ത്രത്തെ |
| ഉത്തമാസ്ത്രവിദാം | ഉത്തമാസ്ത്രജ്ഞന്മാരിൽ വെച്ചു | ഗാന്ധർവ്വേണ | ഗാന്ധർവ്വമെന്ന |
| | | പരമാസ്ത്രേണ | ശ്രേഷ്ഠമായ അസ്ത്രത്താൽ |
| വരഃ | ശ്രേഷ്ഠനമായ | ജഘാന. | ഒടുക്കി. |

തസ്മിൻ പ്രതിഹതേഽസ്ത്രേ തു രാഘവേണ മഹാത്മനാ
രാവണഃ ക്രോധതാമ്രാക്ഷഃ സൌരമസ്ത്രമുദൈരയത്. 6

| | | | |
|---|---|---|---|
| രാവണഃ | രാവണൻ | പ്രതിഹതേ തു | നശിപ്പിക്കപ്പെട്ടപ്പോൾ |
| മഹാത്മനാ | മഹാത്മാവായ | ക്രോധതാമ്രാക്ഷഃ | ക്രോധത്താൽ കണ്ണുകൾ ചുവന്നു |
| രാഘവേണ | ശ്രീരാമനാൽ | | |
| തസ്മിൻ | ആ | സൌരം അസ്ത്രം | സൂര്യാസ്ത്രത്തെ |
| അസ്ത്രേ | അസ്ത്രം | ഉദൈരയത് | അഭിമന്ത്രിച്ചു. |

തതശ്ചക്രാണി നിഷ്പേതുർഭാസ്വരാണി മഹാന്തി ച
കാർമ്മുകാദ്ഭീമവേഗസ്യ ദശഗ്രീവസ്യ ധീമതഃ 7

| | | | |
|---|---|---|---|
| തതഃ | അപ്പോൾ | ഭാസ്വരാണി | ജ്വലിക്കുന്ന |
| ഭീമവേഗസ്യ | അതിശക്തിമാനും | മഹാന്തി | വമ്പിച്ച |
| ധീമതഃ | ധീമാനുമായ | | |
| ദശഗ്രീവസ്യ | രാവണന്റെ | ചക്രാണി ച | ചക്രായുധങ്ങൾ |
| കാർമ്മുകാത് | ധനുസ്സിൽനിന്നു | നിഷ്പേതുഃ | പുറപ്പെട്ടു. |

തൈരാസീദ്ഗഗനം ദീപ്തം സംപതദ്ഭിരിതസ്തതഃ
പതദ്ഭിശ്ച ദിശോ ദീപ്താശ്ചന്ദ്രസൂര്യഗ്രഹൈരിവ. 8

| | | | |
|---|---|---|---|
| ചന്ദ്രസൂര്യഗ്രഹൈഃ ഇവ | ചന്ദ്രൻ, സൂര്യൻ, ഗ്രഹങ്ങൾ എന്നവ പോലെയുള്ളവയും | ഗഗനം | ആകാശം |
| | | ദീപ്തം ആസീത് | വിലസി; |
| ഇതസ്തതഃ | ഇങ്ങുമങ്ങും | പതദ്ഭിഃ | പറന്നുചെല്ലുന്ന അവയാൽ |
| സംപതദ്ഭിഃ | സഞ്ചരിക്കുന്നവയുമായ | ദിശഃ ച | ദിക്കുകളും |
| തൈഃ | ആ ചക്രങ്ങളാൽ | ദീപ്താഃ | പ്രകാശിച്ചു. |

താനി ചിച്ഛേദ ബാണൌഘൈശ്ചക്രാണി സ തു രാഘവഃ
ആയുധാനി ച ചിത്രാണി രാവണസ്യ ചമൂമുഖേ. 9

| | | | |
|---|---|---|---|
| സ: രാഘവഃ | ആ ശ്രീരാമൻ | ചിത്രാണി | പലവിധ |
| തു ചമൂമുഖേ | അപ്പോൾ രണമുഖത്തിൽ | ആയുധാനി ച | ആയുധങ്ങളേയും |
| രാവണസ്യ | രാവണൻെറ | ബാണൌഘൈ: | ബാണസമൂഹങ്ങളാൽ |
| താനി ചക്രാണി | ആ ചക്രായുധങ്ങളേയും | ചിച്ഛേദ. | മുറിച്ചെറിഞ്ഞു. |

തദസ്ത്രം തു ഹതം ദൃഷ്ട്വാ രാവണോ രാക്ഷസാധിപഃ
വിവ്യാധ ദശഭിർബ്ബാണൈ രാമം സർവ്വേഷു മർമ്മസു. 10

| | | | |
|---|---|---|---|
| രാക്ഷസാധിപ: | രാക്ഷസേശ്വരനായ | ദശഭിഃ | പത്തു |
| രാവണഃ | രാവണൻ | ബാണൈ: | ബാണങ്ങൾകൊണ്ടു് |
| തത് അസ്ത്രം തു | ആ അസ്ത്രത്തേയും | രാമം | ശ്രീരാമനെ |
| ഹതം | നശിപ്പിക്കപ്പെട്ടതായി | സർവ്വേഷു മർമ്മസു | എല്ലാ മർമ്മങ്ങളിലും |
| ദൃഷ്ട്വാ | കണ്ടു് | വിവ്യാധ | എയ്തു. |

സ വിദ്ധോ ദശഭിർബാണൈർമഹാകാർമ്മുകനിസ്സൃതൈഃ
രാവണേന മഹാതേജാ ന പ്രാകമ്പത രാഘവഃ 11

| | | | |
|---|---|---|---|
| മഹാതേജാ | അതിതേജസ്വിയായ | ദശഭി: ബാണൈഃ | പത്തു ബാണങ്ങൾ കൊണ്ടു് |
| സ: രാഘവ: | ആ ശ്രീരാമൻ | | |
| രാവണേന | രാവണനാൽ | വിദ്ധ: | താഡിക്കപ്പെട്ടവനായി |
| മഹാകാർമ്മുക-നിസ്സൃതൈ: | വമ്പിച്ചവില്ലിൽ നിന്നു പുറപ്പെട്ടു് | ന പ്രാകമ്പത | ചലിച്ചതേയില്ല. |

തതോ വിവ്യാധ ഗാത്രേഷു സർവ്വേഷു സമിതിഞ്ജയഃ
രാഘവസ്തു സുസംക്രുദ്ധോ രാവണം ബഹുഭിഃ ശരൈഃ 12

| | | | |
|---|---|---|---|
| സമിതിഞ്ജയ: | സമരവിജയിയായ | ശരൈഃ | ബാണങ്ങൾകൊണ്ടു് |
| രാഘവ: തു | ശ്രീരാഘവനും | രാവണം | രാവണനെ |
| സുസംക്രുദ്ധഃ | അതിതായ അരിശമുള്ള | സർവ്വേഷു | എല്ലാ |
| തത: | അപ്പോൾ [കൊണ്ടു് | ഗാത്രേഷു | അവയവങ്ങളിലും |
| ബഹുഭി: | പല | വിവ്യാധ. | എയ്തു. |

ഏതസ്മിന്നന്തരേ ക്രുദ്ധോ രാഘവസ്യാനുജോ ബലീ
ലക്ഷ്മണഃ സായകാൻ സപ്ത ജഗ്രാഹ പരവീരഹാ. 13

| | | | |
|---|---|---|---|
| ഏതസ്മിൻ | ഈ | രാഘവസ്യ അനുജ: | ശ്രീരാഘവാനുജനായ |
| അന്തരേ | സന്ദർഭത്തിൽ | | |
| ക്രുദ്ധ: | ക്രുദ്ധനും | ലക്ഷ്മണ: | ലക്ഷ്മണൻ |
| ബലീ | ബലിഷ്ഠനും | സപ്ത സായകാൻ | ഏഴു ബാണങ്ങളെ |
| പരവീരഹാ | ശത്രുഹന്താവുമായ | ജഗ്രാഹ. | കൈക്കൊണ്ടു. |

തൈഃ സായകൈർമ്മഹാവേഗൈഃ രാവണസ്യ മഹാദ്യുതിഃ
ധ്വജം മനുഷ്യശീർഷം തു തസ്യ ചിച്ഛേദ നൈകധാ. 14

| | | | |
|---|---|---|---|
| മഹാദ്യുതിഃ | മഹിമയേറിയ ആ ലക്ഷ്മണൻ | രാവണസ്യ | രാവണന്റെ |
| തൈഃ | ആ | മനുഷ്യശീർഷം | അഗ്രത്തിൽ മനുഷ്യശിരസ്സോടു കൂടിയ |
| മഹാവേഗൈഃ | ഊക്കേറിയ | ധ്വജം തു | ധ്വജത്തെ |
| സായകൈഃ | ബാണങ്ങൾകൊണ്ട് | നൈകധാ | പല വാറായി |
| തസ്യ | ആ | ചിച്ഛേദ. | മുറിച്ചിട്ടു. |

സാരഥേശ്ചാപി ബാണേന ശിരോ ജ്വലിതകുണ്ഡലം
ജഹാര ലക്ഷ്മണഃ ശ്രീമാൻ നൈരൃതസ്യ മഹാബലഃ 15

| | | | |
|---|---|---|---|
| മഹാബലഃ | മഹാബലവാനും | സാരഥേഃ | സാരഥിയുടെ |
| ശ്രീമാൻ | ശ്രീമാനുമായ | ജ്വലിത- കുണ്ഡലം | പ്രകാശിക്കുന്ന കുണ്ഡലങ്ങളാർന്ന |
| ലക്ഷ്മണഃ | ലക്ഷ്മണൻ | | |
| ബാണേന | ഒരു ബാണംകൊണ്ട് | ശിരഃ അപി ച | ശിരസ്സിനേയും |
| നൈരൃതസ്യ | രാക്ഷസന്റെ | ജഹാര. | കൊയ്തു. |

തസ്യ ബാണൈശ്ച ചിച്ഛേദ ധനുർഗ്ഗജകരോപമം
ലക്ഷ്മണോ രാക്ഷസേന്ദ്രസ്യ പഞ്ചഭിർന്നിശിതൈഃ ശരൈഃ 16

| | | | |
|---|---|---|---|
| ലക്ഷ്മണഃ | ലക്ഷ്മണൻ | രാക്ഷസേന്ദ്രസ്യ | രാക്ഷസേശ്വരന്റെ |
| നിശിതൈഃ | കൂർത്തുള്ള | ബാണൈഃ | ബാണങ്ങളോടുകൂടി |
| പഞ്ചഭിഃ | അഞ്ച് | ഗജകരോപമം | ആനയുടെ തുമ്പിക്കൈയൊത്ത |
| ശരൈഃ | ബാണങ്ങൾകൊണ്ട് | ധനുഃ ച | ചാപത്തേയും |
| തസ്യ | ആ | ചിച്ഛേദ. | മുറിച്ചു. |

നീലമേഘനിഭാംശ്ചാസ്യ സദശ്വാൻ പർവ്വതോപമാൻ
ജഘാനാപ്ലുത്യ ഗദയാ രാവണസ്യ വിഭീഷണഃ 17

| | | | |
|---|---|---|---|
| വിഭീഷണഃ | വിഭീഷണൻ | രാവണസ്യ | രാവണന്റെ |
| നീലമേഘ- നിഭാൻ ച | കാർമേഘസദൃശങ്ങളും | സദശ്വാൻ | ശ്രേഷ്ഠങ്ങളായ കുതിരകളേയും |
| | | ആപ്ലുത്യ | കുതിച്ചുചെന്നു |
| പർവ്വതോപമാൻ | പർവ്വതതുല്യങ്ങളുമായ | ഗദയാ | ഗദകൊണ്ട് |
| അസ്യ | ഈ | ജഘാന. | കൊന്നു. |

ഹതാശ്വാദ്വേഗവാൻ വേഗാദവപ്ലുത്യ മഹാരഥാത്
ക്രോധമാഹാരയത് തീവ്രം ഭ്രാതരം പ്രതി രാവണഃ 18

| | | | |
|---|---|---|---|
| വേഗവാൻ | ശക്തനായ | വേഗാത് | വേഗത്തിൽ |
| രാവണഃ | രാവണൻ | അവപ്ലുത്യ | താഴോട്ടു കുതിച്ചു |
| ഹതാശ്വാത് | കുതിരകൾ കൊല്ലപ്പെട്ടതായ | ഭ്രാതരം പ്രതി | അനുജനുനേരെ |
| | | തീവ്രം ക്രോധം | തീവ്രമായ കോപത്തെ |
| മഹാരഥാത് | വൻതേരിൽനിന്നു | ആഹാരയത്. | കൈക്കൊണ്ടു. |

തതഃ ശക്തിം മഹാശക്തിർദീപ്താം ദീപ്താശനീമിവ
വിഭീഷണായ ചിക്ഷേപ രക്ഷസേന്ദ്രഃ പ്രതാപവാൻ. 19

| | | | |
|---|---|---|---|
| മഹാശക്തി: | അതിശക്തനും | ദീപ്താം | ഉജ്ജ്വലിക്കുന്ന |
| പ്രതാപവാൻ | പ്രതാപശാലിയുമായ | ശക്തിം | ഒരു വേലിനെ |
| രാക്ഷസേന്ദ്ര: | രാക്ഷസേശ്വരൻ | വിഭീഷണായ | വിഭീഷണനുനേക്കായി |
| തതഃ | അപ്പോൾ | | |
| ദീപ്താശനീം | ആളുന്ന ഇടിത്തീ | ചിക്ഷേപ. | പ്രയോഗിച്ചു. |
| ഇവ | പോലുള്ള | | |

അപ്രാപ്താമേവ താം ബാണൈസ്ത്രിഭിശ്ചിച്ഛേദ ലക്ഷ്മണഃ 20

| | | | |
|---|---|---|---|
| ലക്ഷ്മണഃ | ലക്ഷ്മണൻ | താം | ആ ശക്തിയെ |
| ത്രിഭിഃ | മൂന്നു | അപ്രാപ്താം ഏവ | അടുക്കുന്നതിന്നുമുമ്പു |
| ബാണൈ: | ബാണങ്ങൾകൊണ്ടു് | ചിച്ഛേദ. | മുറിച്ചെറിഞ്ഞു [തന്നെ |

അഥോദതിഷ്ഠത് സന്നാദോ വാനരാണാം തദാ രണേ. 21

| | | | |
|---|---|---|---|
| തദാ രണേ | അപ്പോൾ പോരിൽ | സംനാദ: അഥ | ആർപ്പുവിളിയും |
| വാനരാണാം | വാനരന്മാരുടെ | ഉദതിഷ്ഠത് | പൊങ്ങി. |

സാ പപാത ത്രിധാ ഛിന്നാ ശക്തിഃ കാഞ്ചനമാലിനീ
സവിസ്ഫുലിംഗാ ജ്വലിതാ മഹോല്കേവ ദിവശ്ച്യുതാ 22

| | | | |
|---|---|---|---|
| സാ | ആ | സവിസ്ഫുലിംഗാ | തീപ്പൊരി ചിതറുന്നതായും |
| കാഞ്ചനമാലിനീ | പൊൻമാലയണിഞ്ഞ | | |
| ശക്തിഃ | വേൽ | ദിവഃ | ആകാശത്തിൽനിന്നും |
| ത്രിധാ ഛിന്നാ | മൂന്നായി മുറിക്കപ്പെട്ടതായി | ച്യുതാ | വീണ |
| | | മഹോല്കാ ഇവ | കൊള്ളിമീനെന്നപോലെ |
| ജ്വലിതാ | ഉജ്ജ്വലിക്കുന്നതായും | പപാത. | പതിച്ചു. |

തതഃ സംഭാവിതതരാം കാലേനാപി ദുരാസദാം
ജഗ്രാഹ വിപുലാം ശക്തിം ദീപ്യമാനാം സ്വതേജസാ. 23

| | | | |
|---|---|---|---|
| തതഃ | അപ്പോൾ | സ്വതേജസാ | സ്വതേജസ്സുകൊണ്ടു് |
| സംഭാവിതതരാം | ഏററം കൊണ്ടാടപ്പെട്ടതും | ദീപ്യമാനാം | ഉജ്ജ്വലിക്കുന്നതുമായ |
| കാലേന അപി | യമനാലും കൂടി | വിപുലാം ശക്തിം | മഹത്തായ ശക്തിയെ |
| ദുരാസദാം | തടുക്കുവാൻ കഴിയാത്തതും | ജഗ്രാഹ. | ആ രാവണൻ കൈക്കൊണ്ടു. |

സാ വേഗിതാ ബലവതാ രാവണേന ദുരാസദാ
ജജ്വാല സുമഹാഘോരാ ശക്രാശനിസമപ്രഭാ. 24

| | | | |
|---|---|---|---|
| സാ | ആ വേൽ | ശക്രാശനി-സമപ്രഭാ | ഇന്ദ്രന്റെ വജ്രായുധം പോലെ ശോഭിക്കുന്നതായി |
| ബലവതാ | ബലിഷ്ഠനായ | | |
| രാവണേന | രാവണനാൽ | | |
| വേഗിതാ | ചുഴററപ്പെട്ടു് [തായി | സുമഹാഘോരാ | അതിഭയങ്കരമായി |
| ദുരാസദാ | അടുപ്പാൻ കഴിയാത്ത | ജജ്വാല. | ഉജ്ജ്വലിച്ചു. |

ഏതസ്മിന്നന്തരേ വീരോ ലക്ഷ്മണസ്തം വിഭീഷണം
പ്രാണസംശയമാപന്നം തൂർണ്ണമഭ്യവപദ്യത. 25

| | | | |
|---|---|---|---|
| വീരഃ ലക്ഷ്മണഃ | വീരനായ ലക്ഷ്മണൻ | ആപന്നം | നേരിട്ടിരിക്കുന്നവനായ |
| ഏതസ്മിൻ | ഈ | തം വിഭീഷണം | ആ വിഭീഷണനെ |
| അന്തരേ | സന്ദർഭത്തിൽ | തൂർണ്ണം | വേഗത്തിൽ |
| പ്രാണസംശയം | ജീവാപായം | അഭ്യവപദ്യത | മറച്ചുകൊണ്ടുനിന്നു. |

തം വിമോക്ഷയിതും വീരശ്ചാപമായമ്യ ലക്ഷ്മണഃ
രാവണം ശക്തിഹസ്തം വൈ ശരവർഷൈരവാകിരത്. 26

| | | | |
|---|---|---|---|
| വീരഃ ലക്ഷ്മണഃ | വീരനായ ലക്ഷ്മണൻ | ശക്തിഹസ്തം | വേലേന്തിയവനായ |
| തം | ആ വിഭീഷണനെ | രാവണം വൈ | ആ രാവണനെ |
| വിമോക്ഷയിതും | രക്ഷിപ്പാനായി | ശരവർഷൈഃ | ബാണവർഷങ്ങൾ |
| ചാപം ആയമ്യ | വില്ലുവളച്ചു | അവാകിരത് | തൂകി. [കൊണ്ടു |

കീര്യ്യമാണഃ ശരൌഘേണ വിസൃഷ്ടേന മഹാത്മനാ
സ പ്രഹർത്തും മനശ്ചക്രേ വിമുഖീകൃതവിക്രമഃ 2

| | | | |
|---|---|---|---|
| സഃ | ആ രാവണൻ | കീര്യ്യമാണഃ | മൂടപ്പെട്ടവനായി |
| മഹാത്മനാ | മഹാത്മാവായ ലക്ഷ്മണനാൽ | വിമുഖീകൃത- വിക്രമഃ | പരാക്രമം മങ്ങിയവനായി |
| വിസൃഷ്ടേന | പൊഴിക്കപ്പെട്ട | പ്രഹർത്തും | (ലക്ഷ്മണനെ) വധിക്കു |
| ശരൌഘേണ | ബാണവർഷത്താൽ | മനഃ ചക്രേ | ഉറച്ചു. [ന്നതിന്നായി |

മോക്ഷിതം ഭ്രാതരം ദൃഷ്ട്വാ ലക്ഷ്മണേന സ രാവണഃ
ലക്ഷ്മണാഭിമുഖസ്തിഷ്ഠന്നിദം വചനമബ്രവീത്. 28

| | | | |
|---|---|---|---|
| സഃ രാവണഃ | ആ രാവണൻ | ലക്ഷ്മണാഭിമുഖഃ | ലക്ഷ്മണന്നെതിരായി |
| ഭ്രാതരം | അനുജനെ | തിഷ്ഠൻ | നിന്നുകൊണ്ട് |
| ലക്ഷ്മണേന | ലക്ഷ്മണനാൽ | വചനം ഇദം | ഒരു വാക്യത്തെ |
| മോക്ഷിതം | രക്ഷിക്കപ്പെട്ടതായി | അബ്രവീത്. | ഇപ്രകാരം പറഞ്ഞു. |
| ദൃഷ്ട്വാ | കണ്ടു് | | |

മോക്ഷിതസ്തേ ബലശ്ലാഘിൻ യസ്മാദേവം വിഭീഷണഃ
വിമുച്യ രാക്ഷസം ശക്തിസ്ത്വയീയം വിനിപാത്യതേ. 29

| | | | |
|---|---|---|---|
| “ബലശ്ലാഘിൻ | ബലിഷ്ഠനാണെന്നു ഭാവിക്കുന്നവനേ | ഇയം ശക്തിഃ | ഈ വേൽ |
| തേ ഏവം | നിന്നാൽ ഇപ്രകാരം | രാക്ഷസം | രാക്ഷസനെ |
| വിഭീഷണഃ | വിഭീഷണൻ | വിമുച്യ | വിട്ടു് |
| മോക്ഷിതഃ | രക്ഷിക്കപ്പെട്ടു | ത്വയി | നിന്റെ നേർക്കു് |
| യസ്മാത് | എന്ന കാരണത്താൽ | വിനിപാത്യതേ. | പ്രയോഗിക്കപ്പെടുന്നതാണ്. |

ഏഷാ തേ ഹൃദയം ഭിത്വാ ശക്തിൎല്ലോഹിതലക്ഷണാ
മദ്ബാഹുപരിഘോത്സൃഷ്ടാ പ്രാണാനാദായ യാസ്യതി. 30

| | | | |
|---|---|---|---|
| "മദ്ബാഹു- പരിഘോ- ത്സൃഷ്ടാ | "പരിഘതുല്യമായ എന്റെ കൈകൾ കൊണ്ടു് പ്രയോഗിക്കപ്പെട്ട | ശക്തിഃ | വേൽ |
| | | തേ ഹൃദയം | നിന്റെ ഹൃദയത്തെ |
| | | ഭിത്വാ | പിളൎന്നു് |
| ഏഷാ | ഈ | പ്രാണാൻ | പ്രാണനേയും |
| ലോഹിത- ലക്ഷണാ | ചോരപുരണ്ടതായ | ആദായ | കവൎന്നുകൊണ്ടു് |
| | | യാസ്യതി." | പോകുന്നതാണു്." |

ഇത്യേവമുക്ത്വാ താം ശക്തിമഷ്ടഘണ്ടാം മഹാസ്വനാം
മയേന മായാവിഹിതാമമോഘാം ശത്രുഘാതിനീം 31
ലക്ഷ്മണായ സമുദ്ദിശ്യ ജ്വലന്തീമിവ തേജസാ
രാവണഃ പരമക്രുദ്ധശ്ചിക്ഷേപ ച നനാദ ച. 32

| | | | |
|---|---|---|---|
| പരമക്രുദ്ധഃ | അതികുപിതനായ | ശത്രുഘാതിനീം | ശത്രുക്കളെ നശിപ്പിക്കുന്നതും |
| രാവണഃ | രാവണൻ | | |
| ഇതി ഏവം | മേൽപ്രകാരം | അഷ്ടഘണ്ടാം | എട്ടുമണികൾ കെട്ടപ്പെട്ടും |
| ഉക്ത്വാ | ഉരചെയ്തശേഷം | | |
| ലക്ഷ്മണായ | ലക്ഷ്മണനു | മഹാസ്വനാം | വൎദ്ധിച്ച ശബ്ദത്തോടു |
| സമുദ്ദിശ്യ | നേൎക്കായി | തേജസാ | ദീപ്തിയാൽ [കൂടിയതും |
| മയേന | മയനാൽ | ഇവ | ഏററവും |
| മായാവിഹിതാം | മായയാൽ നിൎമ്മിക്കപ്പെട്ടതും | ജ്വലന്തീം ച | പ്രശോഭിക്കുന്നതുമായ |
| | | താം ശക്തിം | ആ ശക്തിയെ |
| | | ചിക്ഷേപ. | പ്രയോഗിച്ചു |
| അമോഘാം | നിഷ്ഫലമാകാത്തതും | നനാദ ച | ഗൎജ്ജിക്കുകയും |

സാ ക്ഷിപ്താ ഭീമവേഗേന ശക്രാശനിസമസ്വനാ
ശക്തിരഭ്യപതദ്വേഗാല്ലക്ഷ്മണം രണമൂൎദ്ധനി. 33

| | | | |
|---|---|---|---|
| ഭീമവേഗേന | മഹാശക്തിമാനായ | ശക്രാശനി- സമസ്വനാ | ഇന്ദ്രന്റെ വജ്രായുധം പോലെ ശബ്ദമാൎന്നതായി |
| രണമൂൎദ്ധനി | പോരിൽ [അവനാൽ | | |
| ക്ഷിപ്താ | എറിയപ്പെട്ടതായ | ലക്ഷ്മണം | ലക്ഷ്മണന്നുനേരെ |
| സാ | ആ | വേഗാത് | അതിവേഗമായി |
| ശക്തിഃ | വേൽ | അഭ്യപതത്. | എതിൎത്തുചെന്നു. |

താമനുവ്യാഹരച്ഛക്തിമാപതന്തീം സ രാഘവഃ
സ്വസ്ത്യസ്തു ലക്ഷ്മണായേതി മോഘാ ഭവ ഹതോദ്യമാ. 34

| | | | |
|---|---|---|---|
| സഃ രാഘവഃ | ആ ശ്രീരാമൻ | ഭവ! | ഭവിച്ചാലും! |
| താം ആപതന്തീം | ആ എതിൎത്തുവരുന്ന | ലക്ഷ്മണായ | ലക്ഷ്മണനു |
| ശക്തിം | ശക്തിയെനോക്കി | സ്വസ്തി അസ്തു" | ക്ഷേമം ഉണ്ടാകട്ടെ" |
| "ഹതോദ്യമാ | "പ്രയത്നം പാഴായി | ഇതി അനു- വ്യാഹരത് | എന്നിങ്ങിനെ പ്രാൎത്ഥിച്ചു. |
| മോഘാ | നിഷ്ഫലമായി | | |

രാവണേന രണേ ശക്തിഃ ക്രുദ്ധേനാശീവിഷോപമാ
മുക്താऽऽശുരസ്യഭീതസ്യ ലക്ഷ്മണസ്യ മമജ്ജ സാ 35

| | | | |
|---|---|---|---|
| ക്രുദ്ധേന | ക്രുദ്ധനായ | ശക്തിഃ | വേൽ |
| രാവണേന | രാവണനാൽ | അഭീതസ്യ | ഭയമെന്നതറിയാത്ത |
| രണേ | പോരിൽ | ലക്ഷ്മണസ്യ | ലക്ഷ്മണന്റെ |
| മുക്താ | പ്രയോഗിക്കപ്പെട്ട | ഉരസി | മാറിടത്തിൽ |
| സാ | ആ | ആശു | വേഗത്തിൽ |
| ആശീവിഷോപമാ | സർപ്പതുല്യമായ | മമജ്ജ. | പാഞ്ഞുകേറി. |

ന്യപതത് സാ മഹാവേഗാ ലക്ഷ്മണസ്യ മഹോരസി
ജിഹ്വേവോരഗരാജസ്യ ദീപ്യമാനാ മഹാദ്യുതിഃ 36

| | | | |
|---|---|---|---|
| മഹാവേഗാ | അതിവേഗതയാർന്നതും | ദീപ്യമാനാ | ഉജ്ജ്വലിക്കുന്നതുമായ |
| മഹാദ്യുതിഃ | ഏറ്റെത്തിളങ്ങുന്നതും | സാ | ആ ശക്തി |
| ഉരഗരാജസ്യ | സർപ്പേന്ദ്രന്റെ | ലക്ഷ്മണസ്യ | ലക്ഷ്മണന്റെ |
| ജിഹ്വാ ഇവ | നാവുപോലെ | മഹോരസി | വിടർന്ന മാറിടത്തിൽ |
| | | ന്യപതത്. | വന്നേററു. |

തതോ രാവണവേഗേന സുദൂരമവഗാഢയാ
ശക്ത്യാ നിർഭിന്നഹൃദയഃ പപാത ഭുവി ലക്ഷ്മണഃ 37

| | | | |
|---|---|---|---|
| ലക്ഷ്മണഃ | ലക്ഷ്മണൻ | അവഗാഢയാ | തറച്ചതായ |
| തതഃ | അപ്പോൾ | ശക്ത്യാ | ശക്തിയാൽ |
| രാവണവേഗേന | രാവണന്റെ ഊക്കിനാൽ | നിർഭിന്നഹൃദയഃ | മാറിടംപിളർന്നതായി |
| സുദൂരം | വളരെ ആഴത്തിൽ | ഭുവി | ഭൂമിയിൽ |
| | | പപാത. | നിപതിച്ചു. |

തദവസ്ഥം സമീപസ്ഥോ ലക്ഷ്മണം പ്രേക്ഷ്യ രാഘവഃ
ഭ്രാതൃസ്നേഹാന്മഹാതേജാ വിഷണ്ണഹൃദയോऽഭവത്. 38

| | | | |
|---|---|---|---|
| സമീപസ്ഥഃ | സമീപത്തിലിരുന്നിരുന്ന | ലക്ഷ്മണം | ലക്ഷ്മണനെ |
| മഹാതേജാഃ | അതിതേജസ്വിയായ | പ്രേക്ഷ്യ | നോക്കി |
| രാഘവഃ | ശ്രീരാഘവൻ | ഭ്രാതൃസ്നേഹാത് | സോദരവാത്സല്യത്താൽ |
| തദവസ്ഥം | അപ്രകാരമുള്ള സ്ഥിതിയിലകപ്പെട്ടവനായി | വിഷണ്ണഹൃദയഃ | ചിത്തം പതറിയവനായി |
| | | അഭവത്. | ഭവിച്ചു. |

സ മുഹൂർത്തമനുധ്യായ ബാഷ്പവ്യാകുലലോചനഃ
ബഭൂവ സംരബ്ധതരോ യുഗാന്ത ഇവ പാവകഃ 39

| | | | |
|---|---|---|---|
| സഃ | ആ ശ്രീരാമൻ | യുഗാന്തേ | കല്പാവസാനത്തിൽ |
| മുഹൂർത്തം | അല്പനേരം | പാവകഃ ഇവ | അഗ്നിയെന്നപോലെ |
| അനുധ്യായ | ആലോചിച്ച് | സംരബ്ധതരഃ | ആവേശത്തോടുകൂടിയവനായി |
| ബാഷ്പവ്യാകുലലോചനഃ | കണ്ണുനീർകൊണ്ട് കലങ്ങിയ കണ്ണുകളോടുകൂടിയവനായി | ബഭൂവ. | ഭവിച്ചു. |

ന വിഷാദസ്യ കാലോऽയമിതി സംചിന്ത്യ രാഘവഃ
ചക്രേ സുതുമുലം യുദ്ധം രാവണസ്യ വധേ ധൃതഃ
സർവ്വയത്നേന മഹതാ ലക്ഷ്മണം സംനിരീക്ഷ്യ ച 40

| | | | |
|---|---|---|---|
| "രാഘവഃ | "ശ്രീരാമൻ | ധൃതഃ | നിശ്ചയം കൈക്കൊണ്ട |
| വിഷാദസ്യ | ദുഃഖിക്കുന്നതിന്നു് | മഹതാ | മഹത്തായ [വനായി |
| അയം കാലഃ ന | ഇതു കാലമല്ല" | സർവ്വയത്നേന | എല്ലാപരിശ്രമത്തോടും |
| ഇതി സംചിന്ത്യ | എന്നു് നിശ്ചയിച്ചു് | ലക്ഷ്മണം | ലക്ഷ്മണനെ [കൂടി |
| രാവണസ്യ | രാവണന്റെ | സംനിരീക്ഷ്യ ച | ശ്രദ്ധിച്ചുകൊണ്ടും |
| വധേ | വധത്തിൽ | സുതുമുലം | അതിഘോരമായി |
| | | യുദ്ധം ചക്രേ | യുദ്ധം ചെയ്തു. |

സ ദദർശ തതോ രാമഃ ശക്ത്യാ ഭിന്നം മഹാഹവേ
ലക്ഷ്മണം രുധിരാദിഗ്ദ്ധം സപന്നഗമിവാചലം. 41

| | | | |
|---|---|---|---|
| സഃ രാമഃ | ആ ശ്രീരാമൻ | രുധിരാദിഗ്ദ്ധം | രക്തംപുരണ്ടവനായി |
| തതഃ | അപ്പോൾ | സപന്നഗം | വൻസർപ്പത്തോടു കൂടിയ |
| മഹാഹവേ | വൻപോരിൽ | | |
| ലക്ഷ്മണം | ലക്ഷ്മണനെ | അചലം ഇവ | ഒരു മലയെന്നപോലെ യിരിക്കുന്നവനായി |
| ശക്ത്യാ | ശക്തിയാൽ | | |
| ഭിന്നം | പിളൎക്കപ്പെട്ടു് | ദദർശ | കണ്ടു. |

താമപി പ്രഹിതാം ശക്തിം രാവണേന ബലീയസാ
യതന്തസ്തേ ഹരിശ്രേഷ്ഠാ ന ശേകുരവമർദ്ദിതും
അർദ്ദിതാശ്ചൈവ ബാണൌഘൈഃ ക്ഷിപ്രഹസ്തേന രക്ഷസാ. 42

| | | | |
|---|---|---|---|
| തേ ഹരിശ്രേഷ്ഠാഃ ച | ആ വാനരന്മാരാകട്ടെ | താം ശക്തിം അപി | ആ ശക്തിയേയും |
| ബലീയസാ | ബലശാലിയും | യതന്തഃ | പണിപ്പെട്ടും |
| ക്ഷിപ്രഹസ്തേന | കൈമിടുക്കുള്ളവനുമായ | അവമർദ്ദിതും | പറിച്ചെടുപ്പാൻ |
| രക്ഷസാ | രാക്ഷസനായ | ശേകുഃ ന | ശക്തരാകാതിരുന്നു; |
| രാവണേന | രാവണനാൽ | ച | എന്നല്ല |
| പ്രഹിതാം | പ്രയോഗിക്കപ്പെട്ട | ബാണൌഘൈഃ ഏവ | ശരജാലങ്ങൾ കൊണ്ടും |
| | | അർദ്ദിതാഃ | പീഡിക്കപ്പെട്ടു. |

സൌമിത്രിം സാ വിനിർഭിദ്യ പ്രവിഷ്ടാ ധരണീതലം. 43

| | | | |
|---|---|---|---|
| സാ | ആ ശക്തി | വിനിർഭിദ്യ | തുളച്ചുകൊണ്ടു് |
| സൌമിത്രിം | ലക്ഷ്മണനെ | ധരണീതലം പ്രവിഷ്ടാ | ഭൂമിയ്ക്കകത്തു് പ്രവേശിച്ചിരുന്നു. |

താം കരാഭ്യാം പരാമൃശ്യ രാമഃ ശക്തിം ഭയാവഹാം
ബഭഞ്ജ സമരേ ക്രുദ്ധോ ബലവാൻ വിചകർഷ ച 44

| | | | |
|---|---|---|---|
| സമരേ | പോരിൽ | ശക്തിം | ശക്തിയെ |
| ബലവാൻ | ബലശാലിയായ | കരാഭ്യാം | ഇരുകൈകൾകൊണ്ടും |
| രാമഃ | ശ്രീരാമൻ | പരാമൃശ്യ | പിടിച്ച് |
| ക്രുദ്ധഃ | ക്രുദ്ധിച്ച് | വിചകർഷ | വലിച്ചെടുത്തു |
| താം ഭയാവഹാം | ആ ഭയങ്കരമായ | ബഭഞ്ജ ച | മുറിച്ചുകളയുകയുംചെയ്തു. |

തസ്യ നിഷ്കൃഷ്തഃ ശക്തിം രാവണേന ബലീയസാ
ശരാഃ സർവ്വേഷു ഗാത്രേഷു പാതിതാ മർമ്മഭേദിനഃ 45

| | | | |
|---|---|---|---|
| ശക്തിം | ശക്തിയെ | ബലീയസാ | ബലിഷ്ഠനായ |
| നിഷ്കർഷതഃ | വലിച്ചെടുക്കുന്ന | രാവണേന | രാവണനാൽ |
| തസ്യ | ആ ശ്രീരാമന്റെ | മർമ്മഭേദിനഃ | മർമ്മത്തെ പിളക്കുന്നവ |
| സർവ്വേഷു | എല്ലാ | ശരാഃ | ബാണങ്ങൾ [യായ |
| ഗാത്രേഷു | അവയവങ്ങളിലും | പാതിതാഃ. | പൊഴിക്കപ്പെട്ടു. |

അചിന്തയിത്വാ താൻ ബാണാൻ സമാശ്ലിഷ്യ ച ലക്ഷ്മണം
അബ്രവീച്ച ഹനൂമന്തം സുഗ്രീവം ചൈവ രാഘവഃ 46

| | | | |
|---|---|---|---|
| രാഘവഃ | ശ്രീരാമൻ | സമാശ്ലിഷ്യ | ആലിംഗനംചെയ്തുകൊ |
| താൻ | ആ | ഹനൂമന്തം ച | ഹനുമാനേയും [ണ്ട് |
| ബാണാൻ | ബാണങ്ങളെ | സുഗ്രീവം ച | സുഗ്രീവനേയും |
| അചിന്തയിത്വാ | കൂട്ടാക്കാതെ | ഏവ | നോക്കി |
| ലക്ഷ്മണം ച | ലക്ഷ്മണനേയും | അബ്രവീത്. | ഇപ്രകാരമരുളിച്ചെയ്തു. |

ലക്ഷ്മണം പരിവാര്യൈവ തിഷ്ഠധ്വം വാനരോത്തമാഃ. 47

| | | | |
|---|---|---|---|
| "വാനരോത്തമാഃ | വാനരശ്രേഷ്ഠന്മാരെ | ഇഹ | ഇവിടെ |
| ലക്ഷ്മണം | ലക്ഷ്മണനെ | | |
| പരിവാര്യ | ചൂഴ്ന്നുകൊണ്ട് | തിഷ്ഠധ്വം | നില്ക്കുവിൻ. |

പാപാത്മായം ദശഗ്രീവോ വദ്ധ്യതാം പാപനിശ്ചയഃ 48

| | | | |
|---|---|---|---|
| "പാപനിശ്ചയഃ | "ദുർബ്ബുദ്ധിയും | അയം | ഈ |
| പാപാത്മാ | പാപംതന്നെ മൂർത്തീക | ദശഗ്രീവഃ | രാവണൻ |
| | രിച്ചവനുമായ | വദ്ധ്യതാം | കൊല്ലപ്പെടട്ടെ. |

പരാക്രമസ്യ കാലോഽയം സംപ്രാപ്തോ മേ ചിരേപ്സിതഃ
കാംക്ഷതശ്ചാതകസ്യേവ ഘർമ്മാന്തേ മേഘദർശനം 49

| | | | |
|---|---|---|---|
| "കാംക്ഷതഃ | "പ്രതീക്ഷിച്ചുകൊണ്ടിരിക്കുന്ന | മേ | എനിക്ക് |
| | | ചിരേപ്സിതഃ | വളരെക്കാലമായി കാംക്ഷിക്കപ്പെട്ട |
| ചാതകസ്യ | ചാതകപ്പക്ഷിക്ക് | പരാക്രമസ്യ | പരാക്രമത്തിന്നുള്ള |
| ഘർമ്മാന്തേ | വേനലിന്നൊടുവിൽ | കാലഃ | തക്കകാലം |
| മേഘദർശനം | മേഘത്തിന്റെകാഴ്ച | അയം | ഇതാ |
| ഇവ | എന്നപോലെ | സംപ്രാപ്തഃ | സമീപിച്ചിരിക്കുന്നു. |

അസ്മിൻമുഹൂൎത്തേ ന ചിരാത് സത്യം പ്രതിശൃണോമി വഃ 50
അരാവണമരാമം വാ ജഗദ്ദ്രക്ഷ്യഥ വാനരാഃ 51

| | |
|---|---|
| "വാനരാഃ | "വാനരന്മാരെ |
| വഃ | നിങ്ങളോടു |
| സത്യം | സത്യമായി |
| പ്രതിശൃണോമി | ഞാൻ ഒന്നറിയിക്കുന്നു; |
| അസ്മിൻ മുഹൂൎത്തേ | ഇക്ഷണത്തിൽതന്നെ |
| ന ചിരാത് | വേഗത്തിൽ |
| ജഗത് | ലോകത്തെ |
| അരാവണം | രാവണനില്ലാത്തതായോ |
| അരാമം വാ | രാമനില്ലാത്തതായോ |
| ദ്രക്ഷ്യഥ. | നിങ്ങൾ കണ്ടുകൊൾവിൽ. |

രാജ്യനാശം വനേ വാസം ദണ്ഡകേ പരിധാവനം
വൈദേഹ്യാശ്ച പരാമൎശം രക്ഷോഭിശ്ച സമാഗമം 52
പ്രാപ്തം ദുഃഖം മഹദ്ഘോരം ക്ലേശം ച നിരയോപമം
അദ്യ സൎവ്വമഹം ത്യക്ഷ്യേ നിഹത്വാ രാവണം രണേ. 53

| | |
|---|---|
| "അഹം രണേ | "ഞാൻ പോരിൽ |
| രാവണം | രാവണനെ |
| നിഹത്വാ | വധിച്ച് |
| രാജ്യനാശം | രാജ്യം കൈവിട്ടുപോയതിനേയും |
| വനേ വാസം | വനവാസത്തേയും |
| ദണ്ഡകേ | ദണ്ഡകാരണ്യത്തിൽ |
| പരിധാവനം | അലഞ്ഞുനടന്നതിനേയും |
| വൈദേഹ്യാഃ | ജാനകിക്കുനേരിട്ടതായ |
| പരാമൎശം ച | അന്യൻെറസ്പൎശത്തേയും |
| രക്ഷോഭിഃ | രാക്ഷസന്മാരുമായി |
| സമാഗമം ച | എതിൎത്തതിനേയും |
| അദ്യ ഘോരം | ഇപ്പോൾ ഭയങ്കരമായി |
| പ്രാപ്തം | സംഭവിച്ചിരിക്കുന്ന |
| മഹത് ദുഃഖം | കഠിനമായ ദുഃഖത്തെ |
| നിരയോപമം | നരകതുല്യമായ [യും |
| ക്ലേശം ച | മനോവ്യഥയേയും |
| സൎവ്വം | എല്ലാററിനേയും |
| ത്യക്ഷ്യേ. | ഒഴിക്കുന്നുണ്ട്. |

യദൎത്ഥം വാനരം സൈന്യം സമാനീതമിദം മയാ
സുഗ്രീവശ്ച കൃതോ രാജ്യേ നിഹത്വാ വാലിനം രണേ 54
യദൎത്ഥം സാഗരഃ ക്രാന്തഃ സേതുൎബദ്ധശ്ച സാഗരേ
സോഽയമദ്യ രണേ പാപശ്ചക്ഷുൎവ്വിഷയമാഗതഃ. 55

| | |
|---|---|
| "യദൎത്ഥം | "ഏതുവൻ കാരണമായി |
| മയാ | എന്നാൽ |
| ഇദം | ഈ |
| വാനരം സൈന്യം | വാനരസൈന്യം |
| സമാനീതം | ശേഖരിച്ചുകൊണ്ടുവര [പ്പെട്ടുവോ |
| രണേ | പോരിൽ |
| വാലിനം | ബാലിയെ |
| നിഹത്വാ | വധിച്ചു് |
| സുഗ്രീവഃ ച | സുഗ്രീവനും |
| രാജ്യേ | രാജ്യങ്ങളിൽ |
| കൃതഃ | വാഴിക്കപ്പെട്ടുവോ |
| യദൎത്ഥം | ആൎനിമിത്തം |
| സാഗരേ | സമുദ്രത്തിൽ |
| സേതുഃ ബദ്ധഃ | അണകെട്ടപ്പെട്ടു് |
| സാഗരഃ ച | സമുദ്രവും |
| ക്രാന്തഃ | കടക്കപ്പെട്ടുവോ |
| സഃ അയം | അങ്ങിനെയുള്ള ഈ |
| പാപഃ | ദുഷ്ടൻ |
| അദ്യ | ഇതാ |
| രണേ | പോരിൽ |
| ചക്ഷുൎവ്വിഷയം | കണ്ണിന്നുമുമ്പിൽ |
| ആഗതഃ. | വന്നെത്തിയിരിക്കുന്നു. |

ചക്ഷുർവ്വിഷയമാഗമ്യ നായം ജീവിതുമർഹതി
ദൃഷ്ടിം ദൃഷ്ടിവിഷസ്യേവ സർപ്പസ്യ മമ രാവണഃ 56

| | | | |
|---|---|---|---|
| ദൃഷ്ടിവിഷസ്യ | നോക്കുന്ന നോട്ടത്തിൽ തന്നെ വിഷമുള്ള | മമ | എന്റെ |
| സർപ്പസ്യ | ഒരു സർപ്പത്തിന്റെ | ചക്ഷുർവ്വിഷയം ആഗമ്യ | ദൃഷ്ടിക്കു വിഷയമായിത്തീർന്നതിൽപിന്നെ |
| ദൃഷ്ടിം ഇവ | ഒരു ദൃഷ്ടിയിലെന്നപോലെ | ജീവിതും അർഹതി ന. | ജീവിനോടിരിക്കുന്നതല്ല. |
| അയം രാവണഃ | ഈ രാവണൻ | | |

സ്വസ്ഥാഃ പശ്യത ദുർദ്ധർഷാ യുദ്ധം വാനരപുംഗവാഃ
ആസീനാഃ പർവ്വതാഗ്രേഷു മമേദം രാവണസ്യ ച. 57

| | | | |
|---|---|---|---|
| "ദുർദ്ധർഷാഃ | "അജയ്യന്മാരായ | ഇദം | ഇപ്പോഴ് |
| വാനരപുംഗവാഃ | വാനരന്മാരെ | മമ | എനിക്കും |
| പർവ്വതാഗ്രേഷു | പർവ്വതശിഖരങ്ങളിൽ | രാവണസ്യ ച | രാവണനും തമ്മിലുള്ള |
| സ്വസ്ഥാഃ ആസീനാഃ | സുഖമായിരുന്നുകൊണ്ട് | യുദ്ധം | യുദ്ധത്തെ |
| | | പശ്യത. | കണ്ടുകൊൾവിൻ. |

അദ്യ രാമസ്യ രാമത്വം പശ്യന്തു മമ സംയുഗേ
ത്രയോ ലോകാഃ സഗന്ധർവ്വാഃ സദേവാഃ സർഷിചാരണാഃ 58

| | | | |
|---|---|---|---|
| "സഗന്ധർവ്വാഃ | "ഗന്ധർവ്വന്മാരടക്കം | അദ്യ | ഇപ്പോൾ |
| സദേവാഃ | ദേവന്മാരടക്കം | സംയുഗേ | പോരാട്ടത്തിൽ |
| സർഷിചാരണാഃ | ഋഷികളും ചാരണന്മാരുമടക്കം | രാമസ്യ മമ | ശ്രീരാമനായ എന്റെ |
| ത്രയഃ | മൂന്നു | രാമത്വം | രാമത്വത്തെ |
| ലോകാഃ | ലോകങ്ങളും | പശ്യന്തു. | നേരിൽ കണ്ടുകൊള്ളട്ടെ. |

['രാമത്വം', ജഗദേകവീരത്വത്തെ; രാമാവതാരത്തിന്റെ പ്രയോജനത്തെ, ഇത്യാദി.]

അദ്യ കർമ്മ കരിഷ്യാമി യല്ലോകാഃ സചരാചരാഃ
സദേവാഃ കഥയിഷ്യന്തി യാവദ്ഭൂമിർധരിഷ്യതി
സമാഗമ്യ സദാ ലോകേ യഥാ യുദ്ധം പ്രവർത്തിതം. 59

| | | | |
|---|---|---|---|
| "സചരാചരാഃ | "ചരാചരങ്ങളടക്കം | യത് | യാതൊന്നിനെ |
| സദേവാഃ | ദേവന്മാരടക്കം | ലോകേ | ലോകത്തിൽ |
| ലോകാഃ | ലോകങ്ങൾ | കഥയിഷ്യന്തി | പറഞ്ഞുകൊണ്ടിരിക്കുമോ |
| സമാഗമ്യ | ഒരുമിച്ച് ചേർന്ന് | യഥാ | അപ്രകാരം |
| ഭൂമിഃ | ഭൂലോകം | പ്രവർത്തിതം | ആരംഭിക്കപ്പെട്ട |
| ധരിഷ്യതി യാവത് | നിലനില്ക്കുന്നതുവരെയ്ക്കും | യുദ്ധം കർമ്മ | യുദ്ധകർമ്മത്തെ |
| സദാ | എപ്പോഴും | അദ്യ | ഇപ്പോൾ |
| | | കരിഷ്യാമി." | ഞാൻ ചെയ്യുന്നുണ്ട്." |

ഏവമുക്ത്വാ ശിതൈർബ്ബാണൈസ്തപ്തകാഞ്ചനഭൂഷണൈഃ
ആജഘാന ദശഗ്രീവം രണേ രാമഃ സമാഹിതഃ 60

| | | | |
|---|---|---|---|
| രാമഃ | ശ്രീരാമൻ | തപ്തകാഞ്ചനഭൂഷണൈഃ | ഉരുക്കിയ പൊന്നാലലങ്കരിക്കപ്പെട്ടവയുമായ |
| ഏവം | ഇപ്രകാരം | ബാണൈഃ | ബാണങ്ങൾ കൊണ്ടു |
| ഉക്ത്വാ | അരുളിച്ചെയ്തശേഷം | രണേ | പോരിൽ |
| സമാഹിതഃ | വാശിയോടുകൂടിയവനായി | ദശഗ്രീവം | രാവണനെ |
| ശിതൈഃ | നിശിതങ്ങളും | ആജഘാന | എയ്തു. |

അഥ പ്രദീപ്തൈർന്നാരാചൈർമ്മുസലൈശ്ചാപി രാവണഃ
അഭ്യവർഷത് തദാ രാമം ധാരാഭിരിവ തോയദഃ 61

| | | | |
|---|---|---|---|
| അഥ | അനന്തരം | മുസലൈഃ ച | മുസലങ്ങൾകൊണ്ടും |
| രാവണഃ അപി | രാവണനും | ധാരാഭിഃ | വർഷധാരകളാൽ |
| തദാ | അപ്പോൾ | തോയദഃ ഇവ | മേഘം എന്നപോലെ |
| പ്രദീപ്തൈഃ നാരാചൈഃ | ജ്വലിക്കുന്ന നാരാചബാണങ്ങൾകൊണ്ടും | രാമം | ശ്രീരാമന്റെ മേൽ |
| | | അഭ്യവർഷത് | വർഷിച്ചു. |

രാമരാവണമുക്താനാമന്യോന്യമഭിനിഘ്നതാം
വരാണാം ച ശരാണാം ച ബഭൂവ തുമുലഃ സ്വനഃ 62

| | | | |
|---|---|---|---|
| രാമരാവണമുക്താനാം | ശ്രീരാമനാലും രാവണനാലും പൊഴിക്കപ്പെട്ട | വരാണാം ശരാണാം ച | ശ്രേഷ്ഠബാണങ്ങളുടെ |
| അന്യോന്യം | ഒന്നിനോടൊന്നു [വയും | തുമുലഃ | ഗംഭീരമായ |
| അഭിനിഘ്നതാം ച | ഏററമുട്ടുന്നവയുമായ | സ്വനഃ | ശബ്ദം |
| | | ബഭൂവ | ഉളവായി. |

തേ ഭിന്നാശ്ച വികീർണ്ണാശ്ച രാമരാവണയോഃ ശരാഃ
അന്തരിക്ഷാത് പ്രദീപ്താഗ്രാ നിപേതുർദ്ധരണീതലേ 63

| | | | |
|---|---|---|---|
| രാമരാവണയോഃ | ശ്രീരാമരാവണന്മാരുടെ | വികീർണ്ണാഃ ച | ചിതറിയവയായി |
| പ്രദീപ്താഗ്രാഃ | ജ്വലിക്കുന്നമുനകളാർന്ന | അന്തരിക്ഷാത് | ആകാശത്തിൽനിന്നു് |
| തേ ശരാഃ ച | ആ ബാണങ്ങളാവട്ടെ | ധരണീതലേ | ഭൂതലത്തിൽ |
| ഭിന്നാഃ | മുറിഞ്ഞ് | നിപേതുഃ | വീണു. |

തയോർജ്യാതലനിർഘോഷോ രാമരാവണയോർമ്മഹാൻ
ത്രാസനഃ സർവ്വഭൂതാനാം സംബഭൂവാത്ഭുതോപമഃ 64

| | | | |
|---|---|---|---|
| തയോഃ | ആ | സർവ്വഭൂതാനാം | പ്രാണികൾക്കെല്ലാം |
| രാമരാവണയോഃ | രാമരാവണന്മാരുടെ | ത്രാസനഃ | ഭയമുളവാക്കുന്നതായി |
| മഹാൻ | മഹത്തായ | അത്ഭുതോപമഃ | നിസ്തുല്യമാംവണ്ണം |
| ജ്യാതലനിർഘോഷഃ | ഞാണൊലി | സംബഭൂവ | ഉണ്ടായി. |

സകീര്യ്യമാണഃ ശരജാലവൃഷ്ടിഭിർ-
മ്മഹാത്മനാ ദീപ്തധനുഷ്മതാർദ്ദിതഃ
ഭയാത് പ്രദുദ്രാവ സമേത്യ രാവണോ
യഥാഽനിലേനാഭിഹതോ ബലാഹകഃ. 65

| | | | |
|---|---|---|---|
| ദീപ്തധനുഷ്മതാ | ഉജ്ജ്വലിക്കുന്ന കോദണ്ഡത്തോടുകൂടിയ | സഃ രാവണഃ | ആ രാവണൻ |
| മഹാത്മനാ | ആ മഹാത്മാവോടുകൂടി | അനിലേന | കാററിനാൽ |
| സമേത്യ | പൊരുതി | അഭിഹതഃ | പറപ്പിക്കപ്പെട്ട |
| ശരജാലവൃഷ്ടിഭിഃ | ശരമാരികളാൽ | ബലാഹകഃ | മേഘം |
| കീര്യ്യമാണഃ | ചൊരിയപ്പെട്ട് | യഥാ | എന്നപോലെ |
| അർദ്ദിതഃ | പീഡിക്കപ്പെട്ടവനായ | ഭയാത് | ഭയംമൂലം |
| | | പ്രദുദ്രാവ | ഓടിപ്പോയ്ക്കളഞ്ഞു. |

ഇത്യാർഷേ ശ്രീമദ്രാമായണേ വാല്മീകീയേ ആദികാവ്യേ യുദ്ധകാണ്ഡേ
ഏകോത്തരശതതമഃ സർഗ്ഗഃ = നൂറെറാന്നാം സർഗ്ഗം സമാപ്തം
ആദ്യം മുതൽ ശ്ലോകസംഖ്യ 19454; യുദ്ധകാണ്ഡം ആദ്യം മുതൽ ശ്ലോകസംഖ്യ 4779

## ദ്വ്യുത്തരശതതമഃ സർഗ്ഗഃ = നൂററിരണ്ടാംസർഗ്ഗം
[ലക്ഷ്മണസഞ്ജീവനം = ലക്ഷ്മണനെ ജീവിപ്പിക്കുന്നത്]

ശക്ത്യാ വിനിഹതം ദൃഷ്ട്വാ രാവണേന ബലീയസാ
ലക്ഷ്മണം സമരേ ശൂരം രുധിരൌഘപരിപ്ലുതം 1
സ ദത്വാ തുമുലം യുദ്ധം രാവണസ്യ ദുരാത്മനഃ
വിസൃജന്നേവ ബാണൌഘാൻ സുഷേണം വാക്യമബ്രവീത്. 2

| | | | |
|---|---|---|---|
| സഃ | ആ ശ്രീരാമൻ | രാവണേന | രാവണനാൽ |
| ബാണൌഘാൻ | ശരനിരകളെ | ശക്ത്യാ | വേൽകൊണ്ട് |
| വിസൃജൻ ഏവ | പൊഴിച്ചുകൊണ്ടു തന്നെ | വിനിഹതം | പ്രഹരിക്കപ്പെട്ട് |
| ദുരാത്മനഃ | ദുഷ്ടാത്മാവായ | രുധിരൌഘപരിപ്ലുതം | രക്തപ്രവാഹത്താൽ ആറാടിക്കപ്പെട്ടവനും |
| രാവണസ്യ | രാവണന്നു | ശൂരം ലക്ഷ്മണം | ശൂരനുമായ ലക്ഷ്മണനെ |
| തുമുലം യുദ്ധം | ഭയങ്കരമായ യുദ്ധത്തെ | ദൃഷ്ട്വാ | കണ്ട് |
| ദത്വാ | നൽകിയ ശേഷം | സുഷേണം | സുഷേണനോടായി |
| സമരേ | പോരിൽ | വാക്യം അബ്രവീത്. | ഇപ്രകാരം അരുളിച്ചെയ്തു. |
| ബലീയസാ | ബലശാലിയായ | | |

ഏഷ രാവണവീര്യ്യേണ ലക്ഷ്മണഃ പതിതഃ ക്ഷിതൌ
സർപ്പവദ്വേഷ്ടതേ വീര മമ ശോകമുദീരയൻ. 3

| | | | |
|---|---|---|---|
| "വീര: | "വീരനായ | മമ | എന്റെ |
| ഏഷഃ ലക്ഷ്മണഃ | ഈ ലക്ഷ്മണൻ | ശോകം | ദുഃഖത്തെ |
| രാവണവീര്യ്യേണ | രാവണന്റെ വീര്യ്യത്താൽ | ഉദീരയൻ | വർദ്ധിപ്പിച്ചുകൊണ്ടു |
| ക്ഷിതൌ | ഭൂമിയിൽ | സർപ്പവത് | സർപ്പമെന്നപോലെ |
| പതിതഃ | വീഴ്ത്തപ്പെട്ട് | വേഷ്ടതേ. | പിടയുന്നു. |

ശോണിതാർദ്രമിമം വീരം പ്രാണൈരിഷ്ടതമം മമ
പശ്യതോ മമ കാ ശക്തിർയോദ്ധും പര്യാകുലാത്മനഃ 4

| | | | |
|---|---|---|---|
| മമ | എന്റെ | പര്യാകുലാത്മനഃ | ഉള്ളം ചിതറിയിരി |
| പ്രാണൈഃ | പ്രാണങ്ങളെക്കാളും | | ക്കുന്നവനായ |
| ഇഷ്ടതമം | ഏററവും പ്രിയപ്പെട്ട | മമ | എനിക്ക് |
| ഇമം വീരം | ഈ വീരനെ [വനായ | യോദ്ധും | പോരാടുന്നതിന്ന് |
| ശോണിതാർദ്രം | രക്തം പുരണ്ടവനായി | കാ ശക്തിഃ | എന്തു ശക്തിയാണു |
| പശ്യതഃ | കണ്ട് | | ഉള്ളതു്? |

അയം സ സമരശ്ലാഘീ ഭ്രാതാ മേ ശുഭലക്ഷണഃ
യദി പഞ്ചത്വമാപന്നഃ പ്രാണൈർമ്മേ കിം സുഖേന ച. 5

| | | | |
|---|---|---|---|
| “സമരശ്ലാഘീ | “സമരചതുരനും | ആപന്നഃ യദി | പ്രാപിച്ചുവെന്നാൽ |
| ശുഭലക്ഷണഃ | ആജന്മസിദ്ധമായ | പ്രാണൈഃ | പ്രാണങ്ങൾ കൊണ്ടാ |
| | സദ്ഗുണങ്ങളാന്നവ | | കട്ടെ |
| | നമായ | സുഖേന ച | ജീവിതസൌഖ്യത്തെ |
| സഃ അയം | അപ്രകാരമുള്ള ഈ | | കൊണ്ടാകട്ടെ |
| മേ ഭ്രാതാ | എന്റെ അനുജൻ | മേ കിം | എനിക്ക് എന്തൊരു |
| പഞ്ചത്വം | മരണം | | പ്രയോജനമാണുള്ളതു്? |

ലജ്ജതീവ ഹി മേ വീര്യം ഭ്രശ്യതീവ കരാദ്ധനുഃ
സായകാ വ്യവസീദന്തി ദൃഷ്ടിർബാഷ്പവശം ഗതാ
അവസീദന്തി ഗാത്രാണി സ്വപ്നയാനേ നൃണാമിവ. 6

| | | | |
|---|---|---|---|
| “മേ വീര്യം ഹി | “എന്റെ വീര്യംതന്നെ | ദൃഷ്ടിഃ ബാഷ്പ- | കണ്ണിൽ കണ്ണുനീർ |
| ലജ്ജതി ഇവ | അത്യധികം ലജ്ജിക്ക | വശം ഗതാ | പെരുകുന്നു; |
| കരാത് | കയ്യിൽനിന്ന് [ന്നു | നൃണാം | മനുഷ്യർക്ക് |
| ധനുഃ | വില്ലും | സ്വപ്നയാനേ | സ്വപ്നത്തിൽ നടക്കു |
| ഭ്രശ്യതി ഇവ | വഴുതിപ്പോകുന്നു. | ഇവ | മ്പോഴെന്നപോലെ |
| സായകാഃ | ബാണങ്ങൾ | ഗാത്രാണി | കൈകാലുകൾ |
| വ്യവസീദന്തി | തളരുന്നു. | അവസീദന്തി | കുഴയുന്നു. |

ചിന്താ മേ വർദ്ധതേ തീവ്രാ മുമൂർഷാ ചോപജായതേ
ഭ്രാതരം നിഹതം ദൃഷ്ട്വാ രാവണേന ദുരാത്മനാ. 7

| | | | |
|---|---|---|---|
| ഭ്രാതരം | അനുജനെ | മേ | എനിക്ക് |
| ദുരാത്മനാ | ദുരാത്മാവായ | തീവ്രാ ചിന്താ | കഠിനമായ ആധിയും |
| രാവണേന | രാവണനാൽ | വർദ്ധതേ | വളരുന്നു; |
| നിഹതം | വ്രണപ്പെടുത്തപ്പെട്ടവ | മുമൂർഷാ ച | മരിപ്പാനുള്ള ആഗ്ര |
| ദൃഷ്ട്വാ | കണ്ട് [നായി | ഉപജായതേ” | ഉളവാകുന്നു” [ഹവും |

വിനിഷ്ടനന്തം ദുഃഖാർത്തം മർമ്മണ്യഭിഹിതം ഭൃശം
രാഘവോ ഭ്രാതരം ദൃഷ്ട്വാ പ്രിയം പ്രാണം ബഹിശ്ചരം
ദുഃഖേന മഹതാऽऽവിഷ്ടോ ധ്യാനശോകപരായണഃ 8

| | |
|---|---|
| ധ്യാനശോകപരായണഃ | വിഷാദവും വ്യസനവും പൂണ്ടവനായ |
| രാഘവഃ | ശ്രീരാഘവൻ |
| മർമ്മണി | മർമ്മങ്ങളിൽ |
| ഭൃശം അഭിഹിതം | ഏററവും ഭേദിക്കപ്പെട്ട് |
| ദുഃഖാർത്തം | ശോകാർത്തനായി |
| വിനിഷ്ടനന്തം | കിതച്ചുകൊണ്ടിരിക്കുന്നവനും |
| ബഹിശ്ചരം | പുറത്തു സഞ്ചരിക്കുന്ന |
| പ്രിയം | പ്രിയപ്പെട്ട |
| പ്രാണം | പ്രാണനുമായ |
| ഭ്രാതരം | അനുജനെ |
| ദൃഷ്ട്വാ | നോക്കി |
| മഹതാ | വല്ലാത്ത |
| ദുഃഖേന | ദുഃഖത്താൽ |
| ആവിഷ്ടഃ | പരവശനായിഭവിച്ചു. |

പരം വിഷാദമാപന്നോ വിലലാപാകുലേന്ദ്രിയഃ 9

| | |
|---|---|
| പരം വിഷാദം ആപന്നഃ | വല്ലാത്ത വ്യസനമുൾക്കൊണ്ടവനായി |
| ആകുലേന്ദ്രിയഃ | ഇന്ദ്രിയങ്ങൾക്ഷോഭിച്ച് |
| വിലലാപ. | ഇപ്രകാരം വിലപിച്ചു. |

ന ഹി യുദ്ധേന മേ കാര്യം നൈവ പ്രാണൈർന്ന സീതയാ
ഭ്രാതരം നിഹതം ദൃഷ്ട്വാ ലക്ഷ്മണം രണപാംസുഷു. 10

| | |
|---|---|
| "ഭ്രാതരം | "ഭ്രാതാവായ |
| ലക്ഷ്മണം | ലക്ഷ്മണനെ |
| രണപാംസുഷു | അടക്കളത്തിലെ പൊടിയിൽ |
| നിഹതം | വീഴ്ത്തപ്പെട്ടവനായി |
| ദൃഷ്ട്വാ | കണ്ട് |
| മേ | എനിക്ക് |
| യുദ്ധേന ഹി | യുദ്ധംകൊണ്ടുതന്നെ |
| കാര്യം ന | യാതൊരു കാര്യവുമില്ല; |
| പ്രാണൈഃ ഏവ ന | പ്രാണങ്ങളെക്കൊണ്ടുമൊന്നുമില്ല; |
| സീതയാ ന | സീതയെക്കൊണ്ടുമൊരുകാര്യവുമില്ല. |

കിം മേ രാജ്യേന കിം പ്രാണൈർയ്യുദ്ധേ കാര്യം ന വിദ്യതേ
യത്രായം നിഹതഃ ശേതേ രണമൂർദ്ധനി ലക്ഷ്മണഃ 11

| | |
|---|---|
| "യത്ര | "യാതൊരു |
| രണമൂർദ്ധനി | പടത്തലയ്ക്കൽ |
| അയം ലക്ഷ്മണഃ | ഈ ലക്ഷ്മണൻ |
| നിഹതഃ | ഹനിക്കപ്പെട്ട് |
| ശേതേ | വീണുകിടക്കുന്നുവോ |
| യുദ്ധേ | ആ യുദ്ധത്തിൽ |
| കാര്യം വിദ്യതേ ന | ആവശ്യമുണ്ടെന്നതൊന്നുമില്ല. |
| മേ രാജ്യേന കിം | എനിക്ക് രാജ്യംകൊണ്ടെന്തു ഫലം? |
| പ്രാണൈഃ കിം | ജീവനെക്കൊണ്ടെന്തു കാര്യം? |

ദേശേ ദേശേ കളത്രാണി ദേശേ ദേശേ ച ബാന്ധവാഃ
തം തു ദേശം ന പശ്യാമി യത്ര ഭ്രാതാ സഹോദരഃ 12

| | |
|---|---|
| "ദേശേ ദേശേ | "ഓരോ ദിക്കിലും |
| കളത്രാണി | പത്നിമാരും |
| ദേശേ ദേശേ | ഓരോ ദേശത്തിലും |
| ബാന്ധവാഃ ച | ബന്ധുക്കളും ലഭിക്കപ്പെടാവുന്നതാണ്. |
| യത്ര | ഏതൊരു ദിക്കിൽ |
| ഭ്രാതാ | ഏതാപത്തിലും ഉപകരിക്കുന്നവനായ |
| സഹോദരഃ | കൂടെപ്പിറന്നവർ ഉണ്ടാകുമോ |
| തം ദേശം തു | ആ പ്രകാരമുള്ള ഒരു ദിക്കെങ്കിലും |
| ന പശ്യാമി" | ഞാൻ അറിയുന്നില്ല." |

ഇത്യേവം വിലപന്തം തം ശോകവിഹ്വലിതേന്ദ്രിയം
വിവേഷ്ടമാനം കരുണമുച്ഛ്വസന്തം പുനഃ പുനഃ
രാമമാശ്വാസയൻ വീരഃ സുഷേണോ വാക്യമബ്രവീത്. 13

വീരഃ — വീരനായ
സുഷേണഃ — സുഷേണൻ
ഇതി ഏവം — ഇപ്രകാരം
വിലപന്തം — വിലപിക്കുന്നവനും
ശോക-വിഹ്വലി-തേന്ദ്രിയം — ശോകത്താൽ ഇന്ദ്രിയങ്ങൾ തളൎന്നവനും
വിവേഷ്ടമാനം — തുടിക്കുന്നവനും
കരുണം — പരിതാപസ്ഥിതിയിലിരിക്കുന്നവനും
പുനഃ പുനഃ — മേല്ക്കുമേൽ
ഉച്ഛ്വസന്തം — നെടുവീർപ്പിടുന്നവനു
തം രാമം — ആ ശ്രീരാമനെ [മായ
ആശ്വാസയൻ — സമാശ്വസിപ്പിച്ചുകൊണ്ട്
വാക്യം അബ്രവീത് — ഇപ്രകാരം ഉണർത്തിച്ചു.

ന മൃതോഽയം മഹാബാഹോ ലക്ഷ്മണോ ലക്ഷ്മിവർദ്ധനഃ 14

"മഹാബാഹോ — "മഹാബാഹുവായു
ലക്ഷ്മിവർദ്ധനഃ — ശ്രീമാനായ [ള്ളോവെ
അയം ലക്ഷ്മണഃ — ഈ ലക്ഷ്മണൻ
മൃതഃ ന — മൃതനല്ല.

ന ഹ്യസ്യ വികൃതം വക്ത്രം നാപി ശ്യാമം ന നിഷ്പ്രഭം 15

"അസ്യ — "ഇദ്ദേഹത്തിന്റെ
വക്ത്രം ച — മുഖവും
വികൃതം ന — വികാരത്തോടുകൂടിയതായിരിക്കുന്നില്ല;
ശ്യാമം ന — ഇരുണ്ടിരിക്കുന്നതുമില്ല;
നിഷ്പ്രഭം അപി ന — വിളർത്തിട്ടുമില്ല.

സുപ്രഭം ച പ്രസന്നം ച മുഖമസ്യാഭിലക്ഷ്യതേ. 16

"അസ്യ മുഖം — "ഇദ്ദേഹത്തിന്റെമു
പ്രസന്നം ച — തെളിവാർന്നതായും [ഖം
സുപ്രഭം ച — കാന്തിയുള്ളതായും
അഭിലക്ഷ്യതേ — കാണപ്പെടുന്നുണ്ട്.

പത്മരക്തതലൌ ഹസ്തൌ സുപ്രസന്നേ ച ലോചനേ. 17

"ഹസ്തൌ ച — കൈകൾരണ്ടും
പത്മരക്ത-തലൌ — ചെന്താമരപോലെ ചുവന്ന ഉള്ളംകൈകളോടുകൂടിയതായിരിക്കുന്നുണ്ട്;
ലോചനേ — കണ്ണുകൾരണ്ടും
സുപ്രസന്നേ — വളരെ പ്രസന്നമായിരിക്കുന്നു.

ഏവം ന വിദ്യതേ രൂപം ഗതാസൂനാം വിശാംപതേ. 18

"വിശാംപതേ — "മഹാരാജാവേ
ഗതാസൂനാം — പ്രാണൻപോയവരുടെ
രൂപം — സ്വരൂപം [ല്ല.
ഏവം വിദ്യതേ ന. — ഇപ്രകാരമിരിക്കുന്ന

ദീർഘായുഷസ്തു യേ മർത്ത്യാസ്തേഷാം തു മുഖമീദൃശം. 19

"യേ മർത്ത്യാഃ — "യാതൊരു മനുഷ്യർ
ദീർഘായുഷഃ തു — ദീർഘായുസ്സുള്ളവരോ
തേഷാം തു — അവരുടെ
മുഖം — മുഖം മാത്രമേ
ഈദൃശം — ഇങ്ങിനെയിരിക്കുകയുള്ളൂ.

നായം പ്രേതത്വമാപന്നോ ലക്ഷ്മണോ ലക്ഷ്മിവർദ്ധനഃ 20

| | | | |
|---|---|---|---|
| "ലക്ഷ്മിവർദ്ധന: | "ഐശ്വൎയ്യശാലിയായ | പ്രേതത്വം | }മൃതിപ്പെട്ടിട്ടില്ല. |
| അയം ലക്ഷ്മണഃ | ഈ ലക്ഷ്മണൻ | ആപന്നഃ ന | |

മാ വിഷാദം കൃഥാ വീര സപ്രാണോഽയമരിന്ദമഃ 21

| | | | |
|---|---|---|---|
| ''വീര | ''ശൂര | അരിന്ദമഃ | ശത്രുസൂദനനായ |
| വിഷാദം | വിഷാദത്തെ | അയം | }ഇദ്ദേഹം ജീവനോടു |
| മാ കൃഥാ: | കൈക്കൊള്ളാതിരുന്നാലും; | സപ്രാണ: | കൂടിത്തന്നെ വർത്തിക്കുന്നുണ്ട്. |

ആഖ്യാസ്യതേ പ്രസുപ്തസ്യ സ്രസ്തഗാത്രസ്യ ഭൂതലേ
സോച്ഛ്വാസം ഹൃദയം വീര കമ്പമാനം മുഹുർമ്മുഹുഃ. 22

| | | | |
|---|---|---|---|
| "വീര | "വീര | ഹൃദയം | ഹൃദയം |
| സ്രസ്തഗാത്രസ്യ | ഉടൽ തളർന്ന് | മുഹുർമ്മുഹു: | കൂടെക്കൂടെ |
| ഭൂതലേ | നിലത്ത് | കമ്പമാനം | ഇളകുന്നതായി |
| പ്രസുപ്തസ്യ | കിടന്നുറങ്ങുന്ന ഇദ്ദേഹത്തിന്റെ | സോച്ഛ്വാസം | ജീവനുണ്ടെന്ന് |
| | | ആഖ്യാസ്യതേ" | അറിയിക്കുന്നുണ്ട്." |

ഏവമുക്ത്വാ തു വാക്യജ്ഞഃ സുഷേണോ രാഘവം വചഃ
സമീപസ്ഥമുവാചേദം ഹനുമന്തം മഹാകപിം. 23

| | | | |
|---|---|---|---|
| വാക്യജ്ഞഃ | വാക്യജ്ഞനായ | സമീപസ്ഥം | അടുത്തിരുന്നിരുന്ന |
| സുഷേണഃ | സുഷേണൻ | മഹാകപിം | വാനരോത്തമനായ |
| രാഘവം | ശ്രീരാഘവനോട് | ഹനുമന്തം | ഹനുമാനെ നോക്കി |
| ഏവം | മേൽപ്രകാരം | ഇദം | ഇപ്രകാരം |
| വച: | വാക്യത്തെ | ഉവാച | പറഞ്ഞു. |
| ഉക്ത്വാ തു | ഉണർത്തിച്ചശേഷം | | |

സൌമ്യ ശീഘ്രമിതോ യാഹി ശൈലമോഷധിപർവ്വതം
പൂർവ്വം തേ കഥിതോ യോഽസൌ വീര ജാംബവതാ ശുഭഃ 24

| | | | |
|---|---|---|---|
| "സൌമ്യ | ''ഗുണശീല | പൂർവ്വം | മുമ്പ് |
| വീര | വീര | യഃ | യാതൊരു |
| ഓഷധിപർവ്വതം | ഓഷധിപർവ്വതമെന്ന | ശുഭഃ | ശുഭപ്രദമായ |
| ശൈലം | ഗിരിയിലേക്കു | അസൌ | ആ പർവ്വതം |
| ഇതഃ | ഇവിടെനിന്നും | ജാംബവതാ | ജാംബവാനാൽ |
| ശീഘ്രം | വേഗത്തിൽ | തേ | ഭവാനോട് |
| യാഹി | പോയ്‌വരിക | കഥിതഃ | പറയപ്പെട്ടിട്ടുണ്ടല്ലോ |

ദക്ഷിണേ ശിഖരേ തസ്യ ജാതമോഷധിമാനയ
വിശല്യകരണീം നാമ വിശല്യകരണീം ശുഭാം. 25

| | |
|---|---|
| "തസ്യ | "അതിൻെറ |
| ദക്ഷിണേ | തെക്കെ |
| ശിഖരേ | കൊടുമുടിയിൽ |
| ജാതം | മുളച്ചിരിക്കുന്നതും |
| വിശല്യ-കരണീം | വ്രണങ്ങളെ ഇല്ലാതാക്കുന്നതും |
| ശുഭാം | നന്മയെ നൽകുന്നതുമായ |
| വിശല്യ-കരണീം നാമ. | വിശല്യകരണിയെന്ന |
| ഓഷധിം | ഔഷധത്തെ |
| ആനയ. | കൊണ്ടുവന്നാലും. |

സാവർണ്ണ്യകരണീം ചാപി തഥാ സഞ്ജീവനീമപി
സന്ധാനകരണീം ചാപി ഗത്വാ ശീഘ്രമിഹാനയ
സഞ്ജീവനാർത്ഥം വീരസ്യ ലക്ഷ്മണസ്യ മഹാത്മനഃ 26

| | |
|---|---|
| "വീരസ്യ | "വീരനും |
| മഹാത്മന: | മഹാത്മാവുമായ |
| ലക്ഷ്മണസ്യ | ലക്ഷ്മണനെ |
| സഞ്ജീവനാർത്ഥം | ജീവിപ്പിക്കുന്നതിന്നായി |
| ശീഘ്രം ഗത്വാ | വേഗത്തിൽചെന്നു് |
| സാവർണ്ണ്യ-കരണീം അപി ച | സാവർണ്ണ്യകരണിയെന്ന മരുന്നിനേയും |
| തഥാ | അപ്രകാരംതന്നെ |
| സഞ്ജീവനീം അപി | സഞ്ജീവനിയെന്നതിനേയും |
| സന്ധാന-കരണീം അപി ച | സന്ധാനകരണിയേയും |
| ഇഹ ആനയ." | കൊണ്ടുവന്നാലും." |

ഇത്യേവമുക്തോ ഹനുമാൻ ഗത്വാ ചൌഷധിപർവ്വതം
ചിന്താമഭ്യഗമച്ഛ്രീമാനജാനംസ്താം മഹൌഷധിം. 27

| | |
|---|---|
| ഇതി ഏവം | മേൽപ്രകാരം |
| ഉക്ത: | ആവശ്യപ്പെടപ്പെട്ട |
| ശ്രീമാൻ | ശ്രീമാനായ |
| ഹനൂമാൻ ച | ഹനുമാനും |
| ഔഷധിപർവ്വതം | ഔഷധിപർവ്വതത്തിലേക്കു് |
| ഗത്വാ | ചെന്നു് |
| താം | ആ |
| മഹൌഷധിം | മഹൌഷധിയെ |
| അജാനൻ | തിരിച്ചറിവാൻ കഴിയാതെ |
| ചിന്താം അഭ്യഗമത്. | വിചാരപ്പെട്ടു. |

തസ്യ ബുദ്ധിഃ സമുത്പന്നാ മാരുതേരമിതൌജസഃ
ഇദമേവ ഗമിഷ്യാമി ഗൃഹീത്വാ ശിഖരം ഗിരേഃ. 28

| | |
|---|---|
| അമിതൌജസ: | അമിതപരാക്രമിയായ |
| തസ്യ മാരുതേ: | ആ മാരുതിക്കു് |
| ബുദ്ധി: | ഇപ്രകാരം ഒരു ആലോചന |
| സമുത്പന്നാ | ഉണ്ടായി |
| "ഗിരേ: | പർവ്വതത്തിൻെറ |
| ഇദം | ഈ |
| ശിഖരം ഏവ | ശിഖരത്തെത്തന്നെ |
| ഗൃഹീത്വാ | പറിച്ചെടുത്തുംകൊണ്ടു് |
| ഗമിഷ്യാമി. | ഞാൻ പോയേക്കാം. |

അസ്മിൻ ഹി ശിഖരേ ജാതാമോഷധീം താം സുഖാവഹാം
പ്രതർക്കേണാവഗച്ഛാമി സുഷേണോഽപ്യേവമബ്രവീത് 29

| | | | |
|---|---|---|---|
| "താം | "ആ | പ്രതർക്കേണ | ഊഹംകൊണ്ട് |
| സുഖാവഹാം | സൌഖ്യംനൽകുന്ന | അവഗച്ഛാമി | ഞാൻ അറിയുന്നു |
| ഓഷധീം | ഓഷധിയെ | സുഷേണഃ അപി | സുഷേണനും |
| അസ്മിൻ | ഈ | ഏവം | ഇങ്ങിനെതന്നെയാണ് |
| ശിഖരേ ഹി | ശിഖരത്തിൽതന്നെ | അബ്രവീത്. | പറഞ്ഞത്. |
| ജാതാം | ഉള്ളതായി | | |

അഗൃഹ്യ യദി ഗച്ഛാമി വിശല്യകരണീമഹം
കാലാത്യയേന ദോഷഃ സ്യാത് വൈക്ലബ്യം ച മഹദ്ഭവേത് 30

| | | | |
|---|---|---|---|
| "അഹം | "ഞാൻ | കാലാത്യയേന | കാലതാമസംനിമിത്തം |
| വിശല്യകരണീം | വിശല്യകരണിയെ | ദോഷഃ സ്യാത് | ദോഷം ഉണ്ടാകക്കാം |
| അഗൃഹ്യ | കയ്ക്കൊള്ളാതെ | മഹത് വൈക്ലബ്യം ച | വലുതായ ആപത്തും |
| ഗച്ഛാമി യദി | പോകുന്നതായാൽ | ഭവേത്." | സംഭവിച്ചേക്കാം." |

ഇതി സഞ്ചിന്ത്യ ഹനുമാൻ ഗത്വാ ക്ഷിപ്രം മഹാബലഃ
ആസാദ്യ പർവ്വതശ്രേഷ്ഠം ത്രിഃ പ്രകമ്പ്യ ഗിരേസ്തടം 31
ഫുല്ലനാനാതരുഗണം സമുത്പാട്യ മഹാബലഃ
ഗൃഹീത്വാ ഹരിശാർദ്ദൂലോ ഹസ്താഭ്യാം സമതോലയത്. 32

| | | | |
|---|---|---|---|
| മഹാബലഃ | അതിബലശാലിയും | ഫുല്ലനാനാതരുഗണം | പൂത്തുനില്ക്കുന്ന പല മരക്കൂട്ടങ്ങളുള്ള |
| ഹരിശാർദ്ദൂലഃ | വാനരശ്രേഷ്ഠനുമായ | തടം | പാർശ്വത്തെ |
| ഹനുമാൻ | ഹനുമാൻ | ത്രിഃ പ്രകമ്പ്യ | മൂന്നുപ്രാവശ്യം ഉലച്ച് |
| ഇതി | മേൽപ്രകാരം | മഹാബലഃ | ആ മഹാശക്തിമാൻ |
| സംചിന്ത്യ | ആലോചിച്ച് | ഹസ്താഭ്യാം | ഇരുകൈകൊണ്ടും |
| ക്ഷിപ്രം ഗത്വാ | വേഗത്തിൽചെന്ന് | ഗൃഹീത്വാ | പിടിച്ച് |
| പർവ്വതശ്രേഷ്ഠം | ആ ശ്രേഷ്ഠപർവ്വതത്തെ | സമുത്പാട്യ | പുഴക്കി |
| ആസാദ്യ | അടുത്ത് | സമതോലയത്. | പൊന്തിച്ചെടുത്തു. |
| ഗിരേഃ | പർവ്വതത്തിന്റെ | | |

സ നീലമിവ ജീമൂതം തോയപൂർണ്ണം നഭഃസ്ഥലാത്
ആപപാത ഗൃഹീത്വാ തു ഹനുമാൻ ശിഖരം ഗിരേഃ. 33

| | | | |
|---|---|---|---|
| തു | അനന്തരം | ഗിരേഃ ശിഖരം | ആ ഗിരിശിഖരത്തെ |
| സഃ ഹനുമാൻ | ആ ഹനുമാൻ | ഗൃഹീത്വാ | എടുത്തുംകൊണ്ട് |
| തോയപൂർണ്ണം | നീരുണ്ട | നഭഃസ്ഥലാത് | ആകാശമാർഗ്ഗത്തിലൂടെ |
| നീലം ജീമൂതം ഇവ | കാർമേഘംപോലുള്ള | ആപപാത. | പറന്നുചെന്നു. |

സമാഗമ്യ മഹാവേഗഃ സംന്യസ്യ ശിഖരം ഗിരേഃ
വിശ്രമ്യ കിഞ്ചിദ്ധനുമാൻ സുഷേണമിദമബ്രവീത്. 34

| | | | |
|---|---|---|---|
| മഹാവേഗ: | മഹാശക്തിമാനായ | സംന്യസ്യ | ഇറക്കിവെച്ച് |
| ഹനുമാൻ | ഹനുമാൻ | കിഞ്ചിത് | അല്പനേരം |
| സമാഗമ്യ | മടങ്ങിവന്ന് | വിശ്രമ്യ | വിശ്രമിച്ചശേഷം |
| | | സുഷേണം | സുഷേണനോടായി |
| ഗിരേ: ശിഖരം | പർവ്വതശിഖരത്തെ | ഇദം അബ്രവീത് | ഇങ്ങിനെ പറഞ്ഞു. |

ഓഷധീം നാവഗച്ഛാമി താമഹം ഹരിപുംഗവ 35

| | | | |
|---|---|---|---|
| "ഹരിപുംഗവ | "വാനരോത്തമ | താം ഔഷധീം | ആ ഓഷധി ഇന്നതാ |
| അഹം | ഞാൻ | ന അവഗച്ഛാമി | അറിയുന്നില്ല.[ണെന്ന് |

തദിദം ശിഖരം കൃത്സ്നം ഗിരേസ്തസ്യാഹൃതം മയാ 36

| | | | |
|---|---|---|---|
| "തത് | "ആകയാൽ | ഇദം ശിഖരം | ഈ ശിഖരം |
| മയാ | എന്നാൽ | കൃത്സ്നം | അങ്ങിനെതന്നെ |
| തസ്യ ഗിരേ: | ആ പർവ്വതത്തിൽനിന്ന് | ആഹൃതം." | കൊണ്ടുവരപ്പെട്ടു." |

ഏവം കഥയമാനം തം പ്രശസ്യ പവനാത്മജം
സുഷേണോ വാനരശ്രേഷ്ഠോ ജഗ്രാഹോത്പാട്യ ചൌഷധീം. 37

| | | | |
|---|---|---|---|
| വാനരശ്രേഷ്ഠ: | വാനരോത്തമനായ | പവനാത്മജം | വായുപുത്രനെ |
| സുഷേണ: | സുഷേണൻ | പ്രശസ്യ | പ്രശംസിച്ച് |
| ഏവം | ഇപ്രകാരം | ഔഷധീം ച | ഔഷധിയേയും |
| കഥയമാനം | പറയുന്നവനായ | ഉത്പാട്യ ജഗ്രാഹ | പറിച്ചെടുത്തു. |
| തം | ആ | | |

വിസ്മിതാസ്തു ബഭ്രുവുസ്തേ രണേ വാനരരാക്ഷസാഃ
ദൃഷ്ട്വാ ഹനുമതഃ കർമ്മ സുരൈരപി സുദുഷ്കരം 38

| | | | |
|---|---|---|---|
| തു | ആ സമയം | സുദുഷ്കരം | ദുഃസാദ്ധ്യമായ |
| രണേ | പോർക്കളത്തിൽ | ഹനുമത: | ഹനുമാന്റെ |
| തേ വാനര- രാക്ഷസാ: | ആ വാനരന്മാരും രാക്ഷസരും | കർമ്മ ദൃഷ്ട്വാ | ആ കൃത്യത്തെക്കണ്ട് |
| | | വിസ്മിതാ: | അത്ഭുതപരതന്ത്രരായി |
| സുരൈ: അപി | ദേവന്മാരാലുംകൂടി | ബഭ്രുവു: | ഭവിച്ചു. |

തതഃ സംക്ഷോദയിത്വാ താമോഷധീം വാനരോത്തമഃ
ലക്ഷ്മണസ്യ ദദൌ നസ്തഃ സുഷേണഃ സുമഹാദ്യുതിഃ 39

| | | | |
|---|---|---|---|
| വാനരോത്തമഃ | വാനരോത്തമനായ | സുമഹാദ്യുതി: | അതിമഹിമയാന്ന |
| സുഷേണ: | സുഷേണൻ | ലക്ഷ്മണസ്യ | ലക്ഷ്മണന്റെ |
| തത: | അപ്പോൾ | നസ്ത: | നാസികയ്ക്കുത്ത് |
| താം ഓഷധീം | ആ ഓഷധിയെ | ദദൌ. | പിടിച്ചു. |
| സംക്ഷോദയിത്വാ | ചതച്ച് | | |

സശല്യസ്താം സമാഘ്രായ ലക്ഷ്മണഃ പരവീരഹാ
വിശല്യോ വിരുജഃ ശീഘ്രമുദതിഷ്ഠന്മഹീതലാത്. 40

| | | | |
|---|---|---|---|
| പരവീരഹാ | ശത്രുവീരഹന്താവും | ശീഘ്രം | ഉടനെ |
| സശല്യഃ | വേദനപൂണ്ടിരുന്നവനുമായ | വിശല്യഃ | വ്രണങ്ങളററവനായി |
| | | വിരുജഃ | വേദന നീങ്ങിയവനാ[യി |
| ലക്ഷ്മണഃ | ലക്ഷ്മണൻ | മഹീതലാത് | നിലത്തുനിന്നു് |
| താം സമാഘ്രായ | അതിനെ മുകൎന്നു് | ഉദതിഷ്ഠത് | എഴുന്നേററു്. |

തമുത്ഥിതം തേ ഹരയോ ഭൂതലാത് പ്രേക്ഷ്യ ലക്ഷ്മണം
സാധു സാധ്വിതി സുപ്രീതാഃ സുഷേണം പ്രത്യപൂജയൻ. 41

| | | | |
|---|---|---|---|
| തേ ഹരയഃ | ആ വാനരന്മാർ | സുപ്രീതാഃ | അത്യാനന്ദഭരിതരായി |
| തം ലക്ഷ്മണം | ആ ലക്ഷ്മണനെ | സുഷേണം | സുഷേണനെ |
| ഭൂതലാത് | നിലത്തുനിന്നു് | "സാധു | "നന്നുനന്നെ"ന്നു് |
| ഉത്ഥിതം | എഴുന്നേററവനായി | സാധു" ഇതി | |
| പ്രേക്ഷ്യ | കണ്ടു് | പ്രത്യപൂജയൻ. | കൊണ്ടാടി. |

ഏഹ്യേഹീത്യബ്രവീദ്രാമോ ലക്ഷ്മണം പരവീരഹാ. 42

| | | | |
|---|---|---|---|
| പരവീരഹാ | ശത്രുവീരധ്വംസകനാ[യ | "ഏഹി | "വരൂ അടുത്തുവരൂ" എന്നു് |
| രാമഃ | ശ്രീരാമൻ | ഏഹി" ഇതി | |
| ലക്ഷ്മണം | ലക്ഷ്മണനോടായി | അബ്രവീത്. | അരുളംചെയ്തു. |

സസ്വജേ സ്നേഹഗാഢം ച ബാഷ്പപര്യാകുലേക്ഷണഃ 43

| | | | |
|---|---|---|---|
| ബാഷ്പപര്യാകുലേക്ഷണഃ | അശ്രുപൂർണ്ണേക്ഷണനായി | സ്നേഹഗാഢം ച | പ്രേമത്താൽ മുറുകെ |
| | | സസ്വജേ. | പുണൎന്നു. |

അബ്രവീച്ച പരിഷ്വജ്യ സൌമിത്രിം രാഘവസ്തദാ. 44

| | | | |
|---|---|---|---|
| തദാ | ആ സമയം | പരിഷ്വജ്യ | തഴുകിക്കൊണ്ടു് |
| രാഘവഃ | ശ്രീരാമൻ | അബ്രവീത് ച | ഇപ്രകാരം അരുളിച്ചെയ്കയും ചെയ്തു. |
| സൌമിത്രിം | ലക്ഷ്മണനെ | | |

ദിഷ്ട്യാ ത്വാം വീര പശ്യാമി മരണാത് പുനരാഗതം. 45

| | | | |
|---|---|---|---|
| "വീര ത്വാം | "വീര നിന്നെ | പശ്യാമി | ഞാൻ കാണുന്നു. |
| മരണാത് | മരണത്തിൽനിന്നു് | ദിഷ്ട്യാ. | എന്റെ നല്ലകാലം തന്നെ. |
| പുനഃ ആഗതം | തിരിച്ചെത്തിയവനായി | | |

ന ഹി മേ ജീവിതേനാൎത്ഥഃ സീതയാ ചാപി ലക്ഷ്മണ
കോ ഹി മേ വിജയേനാൎത്ഥസ്ത്വയി പഞ്ചത്വമാഗതേ. 46

| | |
|---|---|
| 'ലക്ഷ്മണ | "ലക്ഷ്മണ |
| ത്വയി | നീ |
| പഞ്ചത്വം ആഗതേ | മൃതിപ്പെട്ടുപോയാൽ |
| മേ | എനിക്കു് |
| ജീവിതേന | ജീവിച്ചിരിക്കുന്നതുകൊണ്ടു് |
| അർത്ഥഃ ന ഹി; | യാതൊരു പ്രയോജനവുമില്ലതന്നെ; |
| സീതയാ അപി | സീതയെക്കൊണ്ടും |
| ച; | അപ്രകാരംതന്നെ ഒരു പ്രയോജനവുമില്ല; |
| മേ | എനിക്കു് |
| വിജയേന ഹി | ജയംകൊണ്ടുതന്നെ |
| അർത്ഥഃ കഃ ?" | എന്തൊരു പ്രയോജനമാണുള്ളതു് ? |

ഇത്യേവം വദതസ്തസ്യ രാഘവസ്യ മഹാത്മനഃ
ഖിന്നഃ ശിഥിലയാ വാചാ ലക്ഷ്മണോ വാക്യമബ്രവീത്. 47

| | |
|---|---|
| മഹാത്മനഃ | മഹാത്മാവായ |
| തസ്യ | ആ |
| രാഘവസ്യ | ശ്രീരാഘവൻ |
| ഇതി ഏവം | മേൽപ്രകാരം |
| വദതഃ | അരുളിച്ചെയ്തോറെ, |
| ലക്ഷ്മണഃ | ലക്ഷ്മണൻ |
| ഖിന്നഃ | തളർച്ചപൂണ്ടിരുന്നവനാകയാൽ |
| ശിഥിലയാ വാചാ | മന്ദസ്വരത്തിൽ |
| വാക്യം അബ്രവീത് | ഇപ്രകാരം പറഞ്ഞു |

താം പ്രതിജ്ഞാം പ്രതിജ്ഞായ പുരാ സത്യപരാക്രമ
ലഘുഃ കശ്ചിദിവാസത്വോ നൈവം വക്തുമിഹാർഹസി. 48

| | |
|---|---|
| 'സത്യ-പരാക്രമ | "സത്യത്തെത്തന്നെ സർവ്വശക്തിയായി കയ്ക്കൊണ്ടുള്ളോവേ |
| പുരാ | മുമ്പു് |
| താം | (വിഭീഷണനോടു) ആ |
| പ്രതിജ്ഞാം പ്രതിജ്ഞായ, | പ്രതിജ്ഞചെയ്തു് |
| അസത്വഃ | നിർവ്വീര്യനായ |
| ലഘുഃ | സാധാരണനായ |
| കശ്ചിത് ഇവ | ഒരുവനെന്നപോലെ |
| ഏവം | ഇങ്ങിനെ |
| ഇഹ | ഇപ്പോൾ |
| വക്തും അർഹസി ന. | അരുളിച്ചെയ്യാൻ പാടുള്ളതല്ല. |

ന ഹി പ്രതിജ്ഞാം കുർവ്വന്തി വിതഥാം സാധവോഽനഘ
ലക്ഷണം ഹി മഹത്വസ്യ പ്രതിജ്ഞാപരിപാലനം. 49

| | |
|---|---|
| 'അനഘ | 'പരിശുദ്ധ |
| സാധവഃ ഹി | സാധുജനങ്ങളാകട്ടെ, |
| പ്രതിജ്ഞാം | പ്രതിജ്ഞയെ |
| വിതഥാം കുർവ്വന്തി ന | നിഷ്ഫലമാക്കി ചെയ്യാറില്ല; |
| മഹത്വസ്യ | മഹത്വത്തിന്നു് |
| പ്രതിജ്ഞാ-പരിപാലനം ഹി | പ്രതിജ്ഞയെ നിറവേററുക എന്നതുതന്നെയാണു് |
| ലക്ഷണം | ലക്ഷണം. |

നൈരാശ്യമുപഗന്തും തേ തദലം മത്കൃതേഽനഘ 50

| | |
|---|---|
| 'അനഘ | 'പുണ്യാത്മാവേ |
| തത് | ആകയാൽ |
| മത്കൃതേ | ഞാൻ നിമിത്തമായി |
| നൈരാശ്യം തേ ഉപ-ഗന്തും അലം | വിരക്തി കൈക്കൊള്ളുന്നതു് ഉചിതമല്ല. |

വധേന രാവണസ്യാദ്യ പ്രതിജ്ഞാമനുപാലയ. 51

| | | | |
|---|---|---|---|
| 'അദ്യ | 'ഇപ്പോൾ | പ്രതിജ്ഞാം | പ്രതിജ്ഞയെ |
| രാവണസ്യ | രാവണന്റെ | അനുപാലയ | പരിപാലിച്ചരുളിയാ |
| വധേന | വധത്താൽ | | ലും. |

ന ജീവൻ യാസ്യതേ ശത്രുസ്തവ ബാണപഥം ഗതഃ
നർദ്ദതസ്തീക്ഷ്ണദംഷ്ട്രസ്യ സിംഹസ്യേവ മഹാഗജഃ 52

| | | | |
|---|---|---|---|
| 'മഹാഗജഃ | 'ആനക്കൊമ്പൻ, | തവ | നിന്തിരുവടിയുടെ |
| നർദ്ദതഃ | ഗർജ്ജിക്കുന്നതും | ബാണപഥം | ബാണമാർഗ്ഗത്തിൽ |
| തീക്ഷ്ണ- | ഉഗ്രദംഷ്ട്രങ്ങളാർന്നതു | ഗതഃ | വന്നവനായ |
| ദംഷ്ട്രസ്യ | മായ | ശത്രുഃ | ശത്രു |
| സിംഹസ്യ | സിംഹത്തിന്റെ മുമ്പി | ജീവൻ | ജീവനോടുകൂടിയവനാ |
| ഇവ | ൽ നിന്നെന്നപോലെ | യാസ്യതേ ന | തിരിക്കുകയില്ല. [യി |

അഹം തു വധമിച്ഛാമി ശീഘ്രമസ്യ ദുരാത്മനഃ
യാവദസ്തം ന യാത്യേഷഃ കൃതകർമ്മാ ദിവാകരഃ 53

| | | | |
|---|---|---|---|
| 'അഹം ഏഷഃ | 'ഈ ഞാൻ | യാതി ന | പ്രാപിക്കുന്നതിന്നു |
| കൃതകർമ്മാ | ലോകക്ഷേമംതന്നെ | യാവത് തു | മുമ്പിലായിതന്നെ, |
| | പ്രവൃത്തിയായി | ശീഘ്രം | വേഗത്തിൽ |
| | കയ്ക്കൊണ്ട | അസ്യ ദുരാത്മനഃ | ഈ ദുഷ്ടാത്മാവിന്റെ |
| ദിവാകരഃ | ആദിത്യഭഗവാൻ | വധം | വധത്തെ |
| അസ്തം | അസ്തമനം | ഇച്ഛാമി | പ്രാർത്ഥിക്കുന്നു. |

യദി വധമിച്ഛസി രാവണസ്യ സംഖ്യേ
യദി ച കൃതാം തമിഹേച്ഛസി പ്രതിജ്ഞാം
യദി തവ രാജസുതാഭിലാഷഃ
കുരു ച വചോ മമ ശീഘ്രമദ്യ വീര 54

| | | | |
|---|---|---|---|
| 'സംഖ്യേ | 'പോരിൽ | തവ | നിന്തിരുവടിക്ക് |
| ത്വം | നിന്തിരുവടി | രാജസുതാഭി- | സീതയുടെ പേരിൽ |
| രാവണസ്യവധം | രാവണവധത്തെ | ലാഷഃ | വാത്സല്യം |
| ഇച്ഛസി യദി | ഇച്ഛിക്കുന്ന പക്ഷവും | യദി | ഉണ്ടെന്നതിനാലും, |
| ഇഹ | ഇപ്പോൾ | വീര | ഹേ വീര |
| പ്രതിജ്ഞാം ച | പ്രതിജ്ഞയെയും | അദ്യ ച | ഇപ്പോൾ തന്നെ |
| കൃതാം | പൂർത്തിയാക്കിയതായി | മമ വചഃ | എന്റെ അപേക്ഷയെ |
| ഇച്ഛസി യദി | ആഗ്രഹിക്കുന്നപക്ഷ | ശീഘ്രം | താമസിയാതെ |
| | വും, | കുരു | ചെയ്തരുളിയാലും." |

ഇത്യാർഷേ ശ്രീമദ്രാമായണേ വാല്മീകീയേ ആദികാവ്യേ യുദ്ധകാണ്ഡേ
ദ്വ്യുത്തരശതതമഃ സർഗ്ഗഃ=നൂററിരണ്ടാംസർഗ്ഗം കഴിഞ്ഞു.
ആദ്യംമുതൽ ശ്ലോകസംഖ്യ 19508; യുദ്ധകാണ്ഡം ആദ്യംമുതൽ ശ്ലോകസംഖ്യ 4833

———

## ത്ര്യുത്തരശതതമഃ സർഗ്ഗഃ = നൂററിമൂന്നാംസർഗ്ഗം

[ഇന്ദ്രരഥാരോഹണം=ശ്രീരാമൻ ഇന്ദ്രൻ അയച്ച രഥത്തിൽ ആരോഹണം ചെയ്യുന്നതു]

ലക്ഷ്മണേന തു തദ്വാക്യമുക്തം ശ്രുത്വാ സ രാഘവഃ
സന്ദധേ പരവീരഘ്നോ ധനുരാദായ വീര്യവാൻ 1
രാവണായ ശരാൻ ഘോരാൻ വിസസർജ്ജ ചമൂമുഖേ. 2

| | | | |
|---|---|---|---|
| പരവീരഘ്നഃ | ശത്രുസംഹാരകനും | ധനുഃ | ചാപത്തെ |
| വീര്യവാൻ | വീര്യശാലിയുമായ | ആദായ | കയ്യെടുത്തു് |
| സഃ രാഘവഃ | ആ ശ്രീരാഘവൻ | ഘോരാൻ | ഉഗ്രങ്ങളായ |
| തു | ആ സമയം | ശരാൻ | ശരങ്ങളെ |
| ലക്ഷ്മണേന | ലക്ഷ്മണനാൽ | സന്ദധേ | തൊടുത്തു |
| ഉക്തം | ഉണർത്തിക്കപ്പെട്ടതായ | ചമൂമുഖേ | രണമുഖത്തിൽ |
| തത് വാക്യം | ആ വാക്യത്തെ | രാവണായ | രാവണനുനേരെ |
| ശ്രുത്വാ | ചെവിക്കൊണ്ടു് | വിസസർജ്ജ | പ്രയോഗിച്ചു. |

അഥാന്യം രഥമാരുഹ്യ രാവണോ രാക്ഷസാധിപഃ
അഭ്യദ്രവത കാകുത്സ്ഥം സ്വർഭാനുരിവ ഭാസ്കരം. 3

| | | | |
|---|---|---|---|
| രാക്ഷസാധിപഃ | രാക്ഷസാധിപനായ | ആരുഹ്യ | കയറിക്കൊണ്ടു് |
| രാവണഃ | രാവണൻ | സ്വർഭാനുഃ | രാഹു |
| അഥ | അപ്പോൾ | ഭാസ്കരം ഇവ | സൂര്യനെ എന്നപോലെ |
| അന്യം | മറെറാരു | കാകുത്സ്ഥം | ശ്രീരാഘവനുനേക്കായി |
| രഥം | രഥത്തിൽ | അഭ്യദ്രവത. | ഏററടുത്തു. |

ദശഗ്രീവോ രഥസ്ഥസ്തു രാമം വജ്രോപമൈഃ ശരൈഃ
ആജഘാന മഹാഘോരൈർധാരാഭിരിവ തോയദഃ. 4

| | | | |
|---|---|---|---|
| രഥസ്ഥഃ | രഥത്തിലിരുന്നിരുന്ന | ശരൈഃ | ബാണങ്ങളെക്കൊണ്ടു് |
| ദശഗ്രീവഃ | ദശകണ്ഠൻ | രാമം | ശ്രീരാമനെ |
| തു | അപ്പോൾ | ധാരാഭിഃ | വർഷധാരകളെക്കൊണ്ടു് |
| വജ്രോപമൈഃ | വജ്രായുധസദൃശങ്ങളാ | തോയദഃ ഇവ | മേഘം എന്നപോലെ |
| ഘോരൈഃ | ഭയങ്കരങ്ങളായ [യ | ആജഘാന. | എയ്തു. |

ദീപ്തപാവകസങ്കാശൈഃ ശരൈഃ കാഞ്ചനഭൂഷണൈഃ
നിർബിഭേദ രണേ രാമോ ദശഗ്രീവം സമാഹിതം. 5

| | | | |
|---|---|---|---|
| രാമഃ രണേ | ശ്രീരാമൻ പോരിൽ | ദീപ്തപാവകസങ്കാശൈഃ | ആളുന്ന ചെന്തീയൊത്തവയും ആയ |
| സമാഹിതം | ധാരശിപൂണ്ട | ശരൈഃ | ബാണങ്ങളെക്കൊണ്ടു് |
| ദശഗ്രീവം | ദശഗ്രീവനെ | നിർബ്ബിഭേദ. | പിളന്നു. |
| കാഞ്ചനഭൂഷണൈഃ | പൊന്നണിഞ്ഞവയും | | |

ഭൂമൌ സ്ഥിതസ്യ രാമസ്യ രഥസ്ഥസ്യ ച രാക്ഷസഃ
ന സമം യുദ്ധമിത്യാഹുർദ്ദേവഗന്ധർവ്വദാനവാഃ. 6

| | | | |
|---|---|---|---|
| ദേവഗന്ധർവ്വ-ദാനവാഃ | ദേവന്മാരും ഗന്ധർവ്വന്മാരും, അസുരന്മാരും | രക്ഷസഃ ച | രാക്ഷസന്നും തമ്മിൽ |
| "ഭൂമൌ സ്ഥിതസ്യ | "നിലത്തു നിന്നുകൊണ്ടിരിക്കുന്ന | യുദ്ധം | നടക്കുന്ന യുദ്ധം |
| രാമസ്യ | ശ്രീരാമന്നും | സമം ന" | യോജിപ്പില്ല" |
| രഥസ്ഥസ്യ | തേരിൽവർത്തിക്കുന്നവനായ | ഇതി | എന്നിങ്ങിനെ |
| | | ആഹുഃ. | പറഞ്ഞു. |

തതഃ കാഞ്ചനചിത്രാംഗഃ കിങ്കിണീശതഭൂഷിതഃ
തരുണാദിത്യസങ്കാശോ വൈഡൂര്യ്യമയകൂബരഃ 7
സദശ്വൈഃ കാഞ്ചനാപീഡൈർയുക്തഃ ശ്വേതപ്രകീർണ്ണകൈഃ
ഹരിഭിഃ സൂര്യ്യസങ്കാശൈർഹേമജാലവിഭൂഷിതൈഃ
രുക്മവേണുധ്വജഃ ശ്രീമാൻ ദേവരാജരഥോ വരഃ 8

| | | | |
|---|---|---|---|
| തതഃ | അതിനാൽ | വരഃ | ശ്രേഷ്ഠവും ആയ |
| കാഞ്ചന-ചിത്രാംഗഃ | പൊന്നാലലങ്കരിക്കപ്പെട്ട വടിവാന്നും | ദേവരാജരഥഃ | ഇന്ദ്രന്റെ രഥം |
| കിങ്കിണീ-ശതഭൂഷിതഃ | അനേകം കിങ്കിണികൾ തൂക്കിയതും | കാഞ്ചനാ-പീഡൈഃ | കസവുപൊട്ടപ്പൂകളാന്നും |
| തരുണാദിത്യ-സങ്കാശഃ | ബാലസൂര്യ്യകാന്തിയാന്നും | ശ്വേതപ്രകീ-ർണ്ണകൈഃ | (നെററിയിൽ)വെഞ്ചാമരങ്ങളണിഞ്ഞവയും |
| വൈഡൂര്യ്യ-മയകൂബരഃ | വൈഡൂര്യ്യമയമായ നുകത്തണ്ടുള്ളതും | സൂര്യ്യസങ്കാശൈഃ | സൂര്യ്യസദൃശങ്ങളും |
| രുക്മവേണു-ധ്വജഃ | പൊൻകൊടിക്കാലോടുകൂടിയതും | ഹരിഭിഃ | പച്ചനിറമുള്ളവയും |
| ശ്രീമാൻ | അഴകാന്നും | ഹേമജാല-വിഭൂഷിതൈഃ | പൊൻമാലകൾ ചാർത്തിയവയുമായ |
| | | സദശ്വൈഃ | നല്ല കുതിരകളാൽ |
| | | യുക്തഃ | പൂട്ടിക്കെട്ടപ്പെട്ടു. |

ദേവരാജേന സന്ദിഷ്ടോ രഥമാരുഹ്യ മാതലിഃ
അഭ്യവർത്തത കാകുത്സ്ഥമവതീര്യ്യ ത്രിവിഷ്ടപാത്. 9

| | | | |
|---|---|---|---|
| മാതലിഃ | മാതലി | ആരുഹ്യ | കയറിക്കൊണ്ട് |
| ദേവരാജേന | ദേവേന്ദ്രനാൽ | ത്രിവിഷ്ടപാത് | വിണ്ണിൽനിന്നു് |
| സന്ദിഷ്ടഃ | ആജ്ഞാപിക്കപ്പെട്ടവനായി | അവതീര്യ്യ | ഇറങ്ങിവന്ന് |
| | | കാകുത്സ്ഥം | ശ്രീരാഘവനെ |
| രഥം | രഥത്തിൽ | അഭ്യവർത്തത. | സമീപിച്ചു, |

അബ്രവീച്ച തദാ രാമം സപ്രതോദോ രഥേ സ്ഥിതഃ
പ്രാഞ്ജലിർമ്മാതലിർവ്വാക്യം സഹസ്രാക്ഷസ്യ സാരഥിഃ 10

| | | | |
|---|---|---|---|
| സഹസ്രാക്ഷസ്യ | ഇന്ദ്രന്റെ | രഥേ സ്ഥിതഃ ച | തേരിൽ ഇരുന്നുകൊണ്ടു |
| സാരഥിഃ | സാരഥിയായ | തദാ | ആ സമയം [തന്നെ |
| മാതലിഃ | മാതലി | രാമം | ശ്രീരാമനെ നോക്കി |
| സപ്രതോദഃ | കയ്യിൽ ചാട്ട പിടിച്ചുകൊണ്ടു് | പ്രാഞ്ജലിഃ | തൊഴുതുകൊണ്ടു് |
| | | വാക്യം അബ്രവീത്. | ഇങ്ങിനെ ഉണർത്തിച്ചു. |

സഹസ്രാക്ഷേണ കാകുത്സ്ഥ രഥോഽയം വിജയായ തേ
ദത്തസ്തവ മഹാസത്വ ശ്രീമൻ ശത്രുനിബർഹണ 11
ഇദമൈന്ദ്രം മഹച്ചാപം കവചം ചാഗ്നിസന്നിഭം
ശരാശ്ചാദിത്യസംകാശാഃ ശക്തിശ്ച വിമലാ ശിതാ. 12

| | | | |
|---|---|---|---|
| "ശത്രുനിബർഹണ | "ശത്രുസംഹാരകനും | ഇദം മഹത് | ഈ ശ്രേഷ്ഠമായ |
| മഹാസത്വ | മഹാബലശാലിയും | ഐന്ദ്രം ചാപം | ഐന്ദ്രചാപവും |
| ശ്രീമൻ | ശ്രീമാനുമായ | അഗ്നിസന്നിഭം | അഗ്നിസദൃശമായ |
| കാകുത്സ്ഥ | ശ്രീരാഘവ | കവചം ച | കവചവും |
| തേ | നിന്തിരുവടിയുടെ | ആദിത്യസങ്കാശാഃ | സൂര്യസന്നിഭങ്ങളായ |
| വിജയായ | വിജയത്തിന്നായി | ശരാഃ ച | ബാണങ്ങളും |
| സഹസ്രാക്ഷേണ | ദേവേന്ദ്രനാൽ | വിമലാ | തിളങ്ങുന്ന |
| അയം രഥഃ | ഈ രഥം | ശിതാ | മൂർച്ചയുള്ള |
| തവ | നിന്തിരുവടിക്കായ്ക്കൊണ്ടു | ശക്തിഃ | വേലും |
| | | ച. | അപ്രകാരം തന്നെ |
| ദത്തഃ | നൽകപ്പെട്ടിരിക്കുന്നു; | | നൽകപ്പെട്ടിരിക്കുന്നു. |

ആരുഹ്യേമം രഥം വീര രാക്ഷസം ജഹി രാവണം
മയാ സാരഥിനാ രാജൻ മഹേന്ദ്ര ഇവ ദാനവാൻ. 13

| | | | |
|---|---|---|---|
| ''വീര | ''വീരനായ | മഹേന്ദ്രഃ | ദേവേന്ദ്രൻ |
| രാജൻ | മഹാരാജാവേ | ദാനവാൻ ഇവ | അസുരന്മാരെയെന്നപോലെ |
| ഇമം രഥം | ഈ തേരിൽ | | |
| സാരഥിനാ | സാരഥിയായ | രാക്ഷസം | രാക്ഷസനായ |
| മയാ | എന്നോടുകൂടി | രാവണം | രാവണനെ |
| ആരുഹ്യ | കയറിയിരുന്നുകൊണ്ടു് | ജഹി." | ജയിച്ചാലും." |

ഇത്യുക്തഃ സംപരിക്രമ്യ രഥം സമഭിവാദ്യ ച
ആരുരോഹ തദാ രാമോ ലോകാൻ ലക്ഷ്മ്യാ വിരാജയൻ 14

| | | | |
|---|---|---|---|
| ഇതി ഉക്തഃ | ഇപ്രകാരം ഉണർത്തിക്ക | തദാ | ആ സമയം |
| ലക്ഷ്മ്യാ | ശ്രീയാൽ [പ്പെട്ടവനും | രഥം | രഥത്തെ |
| ലോകാൻ | ലോകങ്ങളെ | സംപരിക്രമ്യ | പ്രദക്ഷിണംചെയ്തു് |
| വിരാജയൻ | പ്രകാശിപ്പിക്കുന്നവനു [മായ | സമഭിവാദ്യ ച | വന്ദിച്ചശേഷം |
| രാമഃ | ശ്രീരാമൻ | ആരുരോഹ | കയറിയിരുന്നു. |

തദ്ബഭൂവാദ്ഭുതം യുദ്ധം ദ്വൈരഥം രോമഹർഷണം
രാമസ്യ ച മഹാബാഹോ രാവണസ്യ ച രക്ഷസഃ 15

| | | | |
|---|---|---|---|
| മഹാബാഹോഃ | മഹാബാഹുവായ | ദ്വൈരഥം | ഇരുതേരാന്ന |
| രാമസ്യ ച | ശ്രീരാമന്നും | തത് യുദ്ധം | ആ യുദ്ധം |
| രക്ഷസഃ | രാക്ഷസനായ | രോമഹർഷണം | രോമാഞ്ചമുണ്ടാക്കമാറ് |
| രാവണസ്യ ച | രാവണന്നും തമ്മിൽ | അദ്ഭുതം ബഭൂവ. | ആശ്ചര്യ്യകരമായിരുന്നു |

സ ഗാന്ധർവ്വേണ ഗാന്ധർവ്വം ദൈവം ദൈവേന രാഘവഃ
അസ്ത്രം രാക്ഷസരാജസ്യ ജഘാന പരമാസ്ത്രവിത്. 16

| | | | |
|---|---|---|---|
| പരമാസ്ത്രവിത് | ഉത്തമങ്ങളായ അസ്ത്രങ്ങളെ ഗ്രഹിച്ചവനായ | ഗാന്ധർവ്വേണ | ഗാന്ധർവ്വാസ്ത്രംകൊണ്ടും |
| സഃ രാഘവഃ | ആ ശ്രീരാഘവൻ | ദൈവം | ദേവാസ്ത്രത്തെ |
| രാക്ഷസരാജസ്യ | രക്ഷോനായകന്റെ | ദൈവേന | ദേവാസ്ത്രംകൊണ്ടും |
| ഗാന്ധർവ്വം അസ്ത്രം | ഗാന്ധർവ്വാസ്ത്രത്തെ | ജഘാന. | തടഞ്ഞു |

അസ്ത്രം തു പരമം ഘോരം രാക്ഷസം രാക്ഷസാധിപഃ
സസർജ്ജ പരമക്രുദ്ധഃ പുനരേവ നിശാചരഃ 1

| | | | |
|---|---|---|---|
| നിശാചരഃ | നക്തഞ്ചരനായ | പരമം ഘോരം | അത്യുഗ്രമായ |
| രാക്ഷസാധിപഃ തു | രാക്ഷസേശ്വരന്നു | രാക്ഷസം അസ്ത്രം | രാക്ഷസാസ്ത്രത്തെ |
| | | പുനഃ ഏവ | അതിൽപിന്നേയും |
| പരമക്രുദ്ധഃ | ഏറെചൊടിച്ച് | സസർജ്ജ. | പ്രയോഗിച്ചു. |

തേ രാവണധനുർമ്മുക്താഃ ശരാഃ കാഞ്ചനഭൂഷണാഃ
അഭ്യവർത്തന്ത കാകുത്സ്ഥം സർപ്പാ ഭൂത്വാ മഹാവിഷാഃ 18

| | | | |
|---|---|---|---|
| രാവണധനുർമ്മുക്താഃ | രാവണന്റെ വില്ലിൽ നിന്നൊഴുപ്പെട്ട | മഹാവിഷാഃ | കടുംവിഷമാന്ന |
| കാഞ്ചനഭൂഷണാഃ | തങ്കക്കെട്ടുകളാന്ന | സർപ്പാഃ ഭൂത്വാ | സർപ്പങ്ങളായ്ത്തീൎന്ന് |
| തേ ശരാഃ | ആ ബാണങ്ങൾ | കാകുത്സ്ഥം | കാകുത്സ്ഥനെനേക്കാ[യി |
| | | അഭ്യവർത്തന്ത. | പാഞ്ഞു. |

തേ ദീപ്തവദനാ ദീപ്തം വമന്തോ ജ്വലനം മുഖൈഃ
രാമമേവാഭ്യവർത്തന്ത വ്യാദിതാസ്യാ ഭയാനകാഃ 19

| | | | |
|---|---|---|---|
| ദീപ്തവദനാഃ | ഉജ്ജ്വലിക്കുന്ന മുഖങ്ങളോന്നവയും | വമന്തഃ | വമിക്കുന്നവയും |
| വ്യാദിതാസ്യാഃ | വായപിളൎന്നവയും | ഭയാനകാഃ | ഭയങ്കരങ്ങളും ആയ |
| ദീപ്തം ജ്വലനം | ആളുന്ന ചെന്തീജ്വാല | തേ | അവ |
| മുഖൈഃ | മുഖങ്ങൾകൊണ്ട് [യെ | രാമം ഏവ | ശ്രീരാമനുനേക്കുതന്നെ |
| | | അഭ്യവർത്തന്ത. | അടുത്തു. |

തൈർവ്വാസുകിസമസ്പർശൈർദീപ്തഭോഗൈർമ്മഹാവിഷൈഃ
ദിശശ്ച സന്തതാഃ സർവ്വാഃ പ്രദിശശ്ച സമാവൃതാഃ 20

| | | | |
|---|---|---|---|
| വാസുകി–സമസ്പശൈഃ | വാസുകിയെപ്പോലെ ഉഗ്രതയാൎന്നവയും | തൈഃ | അവയെക്കൊണ്ടു്, |
| ദീപ്തഭോഗൈഃ | ജ്വലിക്കുന്ന പടങ്ങളോ കൂടിയവയും | ദിശഃ | ദിക്കുകൾ |
| | | സർവ്വാഃ ച | എല്ലാംതന്നെ |
| | | സന്തതാഃ | നിറയപ്പെട്ടു; |
| മഹാവിഷൈഃ | കടുതായ വിഷമുള്ളവയും ആയ | പ്രദിശഃ ച | വിദിക്കുകളും |
| | | സമാവൃതാഃ. | മറയ്ക്കപ്പെട്ടു. |

താൻ ദൃഷ്ട്വാ പന്നഗാൻ രാമഃ സമാപതത ആഹവേ
അസ്ത്രം ഗാരുത്മതം ഘോരം പ്രാദുശ്ചക്രേ ഭയാവഹം. 21

| | | | |
|---|---|---|---|
| രാമഃ | ശ്രീരാമൻ | ഘോരം | അത്യുഗ്രവും |
| താൻ പന്നഗാൻ | ആ സർപ്പങ്ങളെ | ഭയാവഹം | ഭയപ്രദവും ആയ |
| ദൃഷ്ട്വാ | വീക്ഷിച്ചു്, | ഗാരുത്മതം അസ്ത്രം | ഗരുഡാസ്ത്രത്തെ |
| ആഹവെ | പോരിൽ | | |
| സമാപതത | കുതിച്ചെഴുന്നേററ; | പ്രാദുശ്ചക്രേ | പ്രയോഗിച്ചു. |

തേ രാഘവശരാ മുക്താ രുക്മപുംഖാഃ ശിഖിപ്രഭാഃ
സുപർണ്ണാഃ കാഞ്ചനാ ഭൂത്വാ വിചേരുഃ സർപ്പശത്രവഃ 22

| | | | |
|---|---|---|---|
| മുക്താഃ | എയ്യപ്പെട്ടവയും | കാഞ്ചനാഃ സുപർണ്ണാഃ ഭൂത്വാ | പൊൻഗരുഡന്മാരായിത്തീൎന്നു്, |
| രുക്മപുംഖാഃ | പൊൻകടകളാൎന്നവയും | | |
| ശിഖിപ്രഭാഃ | അഗ്നിപ്രഭചേൎന്നവയും | സർപ്പശത്രവഃ | സർപ്പങ്ങൾക്കു് ശത്രുക്കളായി |
| തേ | ആ [ആയ | | |
| രാഘവശരാഃ | ശ്രീരാമബാണങ്ങൾ, | വിചേരുഃ | സഞ്ചരിച്ചു. |

തേ താൻ സർവ്വാൻ ശരാൻ ജഘ്നുഃ സർപ്പരൂപാൻ മഹാജവാൻ
സുപർണ്ണരൂപാ രാമസ്യ വിശിഖാഃ കാമരൂപിണഃ 23

| | | | |
|---|---|---|---|
| കാമരൂപിണഃ | ഇഷ്ടംപോലെ വടിവു കയ്ക്കൊള്ളാവുന്നവയും | മഹാജവാൻ | ശക്തിയേറിയവയും |
| സുപർണ്ണരൂപാഃ | ഗരുഡരൂപങ്ങളാൎന്നവ | സർപ്പരൂപാൻ | സർപ്പവടിവാർന്നവയു |
| രാമസ്യ | ശ്രീരാമന്റെ [യുമായ | താൻ | ആ (മായ |
| തേ വിശിഖാഃ | ആ ബാണങ്ങൾ | ശരാൻ സർവ്വാൻ | ശരങ്ങളെയെല്ലാം |
| | | ജഘ്നുഃ | നശിപ്പിച്ചുകളഞ്ഞു. |

അസ്ത്രേ പ്രതിഹതേ ക്രുദ്ധോ രാവണോ രാക്ഷസാധിപഃ
അഭ്യവർഷത് തദാ രാമം ഘോരാഭിഃ ശരവൃഷ്ടിഭിഃ 24

| | | | |
|---|---|---|---|
| രാക്ഷസാധിപഃ | രാക്ഷസേശ്വരനായ | ക്രുദ്ധഃ | അരിശമുൾക്കൊണ്ടു് |
| രാവണഃ | രാവണൻ | രാമം | ശ്രീരാമനെ |
| തദാ | അപ്പോൾ | ഘോരാഭിഃ | ഉഗ്രങ്ങളായ |
| അസ്ത്രേ | അസ്ത്രം | ശരവൃഷ്ടിഭിഃ | ശരമാരികൾകൊണ്ടു് |
| പ്രതിഹതേ | നശിപ്പിക്കപ്പെട്ടാറെ | അഭ്യവർഷത് | വർഷിച്ചു. |

തതഃ ശരസഹസ്രേണ രാമമക്ലിഷ്ടകാരിണം
അർദ്ദയിത്വാ ശരൌഘേണ മാതലിം പ്രത്യവിധ്യത. 25

| | | | |
|---|---|---|---|
| തതഃ | അപ്പോൾ | രാമം | ശ്രീരാമനെ |
| ശരസഹസ്രേണ | അനേകം ബാണങ്ങൾ കൊണ്ടു് | അർദ്ദയിത്വാ | പീഡിപ്പിച്ചു്, |
| അക്ലിഷ്ടകാരിണം | അനായാസമായി എന്തും ചെയ്യുന്നവനായ | ശരൌഘേണ | ശരനിരകൊണ്ടു് |
| | | മാതലിം പ്രത്യവിധ്യത | മാതലിക്കുനേരെ എയ്തു. |

ചിച്ഛേദ കേതുമിന്ദ്രസ്യ ശരേണൈകേന രാവണഃ 26

| | | | |
|---|---|---|---|
| രാവണഃ | രാവണൻ | ഇന്ദ്രസ്യ കേതും | ഇന്ദ്രന്റെ കൊടിയെ |
| ഏകേന ശരേണ | ഒരു ബാണത്താൽ | ചിച്ഛേദ. | അറുത്തു. |

പാതയിത്വാ രഥോപസ്ഥേ രഥാത് കേതും ച കാഞ്ചനം
ഐന്ദ്രാനപി ജഘാനാശ്വാൻ ശരജാലേന രാവണഃ 27

| | | | |
|---|---|---|---|
| രാവണഃ | രാവണൻ | ശരജാലേന | ശരനിരയാൽ |
| രഥാത് | തേരിൽനിന്നു് | ഐന്ദ്രാൻ അശ്വാൻ അപി | ഇന്ദ്രന്റെ അശ്വങ്ങളേയും |
| രഥോപസ്ഥേ | തേർ നടുവിൽ | | |
| കാഞ്ചനം കേതും | സ്വർണ്ണക്കൊടിക്കൂറയെ | | |
| പാതയിത്വാ ച | മുറിച്ചുവീഴ്ത്തിയശേഷം | ജഘാന. | മർദ്ദിച്ചു. |

തദ്ദൃഷ്ട്വാ സുമഹത് കർമ്മ രാവണസ്യ ദുരാത്മനഃ
വിഷേദുർദ്ദേവഗന്ധർവ്വാ ദാനവാശ്ചാരണൈഃ സഹ 28

| | | | |
|---|---|---|---|
| ചാരണൈഃ സഹ | ചാരണന്മാരോടുംകൂടി | ദുരാത്മനഃ | ദുഷ്ടാത്മാവായ |
| | | രാവണസ്യ | രാവണന്റെ |
| ദേവഗന്ധർവ്വാഃ | ദേവന്മാരും ഗന്ധർവ്വന്മാരും | തത് സുമഹത് | ആ കൊടുതായ |
| | | കർമ്മ ദൃഷ്ട്വാ | കൃത്യത്തെ കണ്ടു്, |
| ദാനവാഃ | അസുരന്മാരും | വിഷേദുഃ | വിഷാദമുൾക്കൊണ്ടു. |

രാമമാർത്തം തദാ ദൃഷ്ട്വാ സിദ്ധാശ്ച പരമർഷയഃ
വ്യഥിതാ വാനരേന്ദ്രാശ്ച ബഭൂവുഃ സവിഭീഷണാഃ 29

| | | | |
|---|---|---|---|
| തദാ | ആ സമയം | രാമം | ശ്രീരാമനെ |
| സവിഭീഷണാഃ | വിഭീഷണനോടുകൂടി | ആർത്തം | പീഡിക്കപ്പെട്ടവനായി |
| വാനരേന്ദ്രാഃ ച | വാനരവീരന്മാരും, | ദൃഷ്ട്വാ | കണ്ടു് |
| സിദ്ധാഃ | സിദ്ധന്മാരും | വ്യഥിതാഃ ബഭൂവുഃ | അത്തൽപൂണ്ടു. |
| പരമർഷയഃ ച | മഹർഷിമാരും | | |

രാമചന്ദ്രമസം ദൃഷ്ട്വാ ഗ്രസ്തം രാവണരാഹുണാ
പ്രാജാപത്യം ച നക്ഷത്രം രോഹിണീം ശശിനഃ പ്രിയാം
സമാക്രമ്യ ബുധസ്തസ്ഥൌ പ്രജാനാമശുഭാവഹഃ 30

| | | | |
|---|---|---|---|
| രാവണരാഹുണാ | രാവണനാകുന്ന രാഹുവിനാൽ | ശശിന: പ്രിയാം | ചന്ദ്രന്റെ പ്രിയയും ആ |
| രാമചന്ദ്രമസം | ശ്രീരാമനാകുന്ന ശശി | രോഹിണീം ച | രോഹിണിയേയും [യ |
| ഗ്രസ്തം | പീഡിക്കപ്പെട്ടതായി | സമാക്രമ്യ | ആക്രമിച്ചുകൊണ്ട് |
| ദൃഷ്ട്വാ | കണ്ട് | ബുധ: | ബുധൻ |
| പ്രാജാപത്യം | പ്രജാപതി അധിദേവ | പ്രജാനാം | ജനങ്ങൾക്ക് |
| നക്ഷത്രം | നക്ഷത്രവും [തയായുള്ള | അശുഭാവഹ: | ആപത്തിനെ വിളയി |
| | | തസ്ഥൌ. | വത്തിച്ചു. [ക്കുന്നതായി |

സധൂമപരിവൃത്തോർമ്മി: പ്രജ്വലന്നിവ സാഗരഃ
ഉത്പപാത തദാ ക്രുദ്ധഃ സ്പൃശന്നിവ ദിവാകരം. 31

| | | | |
|---|---|---|---|
| തദാ | ആ സമയം | പ്രജ്വലൻ | തിളച്ചുപൊങ്ങുന്നതാ |
| സാഗര: | സമുദ്രം | ക്രുദ്ധ: | കോപിച്ച് [യി |
| സധൂമപരി: | പുകഞ്ഞു് ഇളകിമറിയു | ദിവാകരം | ആദിത്യനെ |
| വൃത്തോർമ്മി: | ന്ന തിരകളാർന്നതായി | സ്പൃശൻ ഇവ | തൊടുന്നപോലെ |
| ഇവ | ഏററവും | ഉത്പപാത. | ഉയൻ്നു. |

ശസ്ത്രവർണ്ണഃ സുപരുഷോ മന്ദരശ്മിർദ്ദിവാകരഃ
അദൃശ്യത കബന്ധാങ്കഃ സംസക്തോ ധൂമകേതുനാ. 23

| | | | |
|---|---|---|---|
| ദിവാകര: | ആദിത്യൻ | സുപരുഷ: | ഭയത്തെ വിളയിക്കുന്നതായി |
| ധൂമകേതുനാ | ധൂമകേതുവിനാൽ | മന്ദരശ്മി: | പ്രഭമങ്ങിയതായി |
| സംസക്ത: | പീഡിക്കപ്പെട്ടതായി | കബന്ധാങ്ക: | കഴുത്തററ ഉടൽ കളങ്കമായ്കൊണ്ടതായി |
| ശസ്ത്രവർണ്ണ: | വാളിന്റെ നിറമാന്നതായി | അദൃശ്യത. | കാണപ്പെട്ടു. |

കോസലാനാം ച നക്ഷത്രം വ്യക്തമിന്ദ്രാഗ്നിദൈവതം
ആക്രമ്യാംഗാരകസ്തസ്ഥൌ വിശാഖാമപി ചാംബരേ 33

| | | | |
|---|---|---|---|
| അംഗാരക: ച | ചൊവ്വയും | നക്ഷത്രം ച | കുലനക്ഷത്രമായുള്ളതും ആയ |
| ഇന്ദ്രാഗ്നി- ദൈവതം | ഇന്ദ്രനും അഗ്നിയും അധിദേവതകളായുള്ളതും | വിശാഖാം അപി | വിശാഖനക്ഷത്രത്തേയും |
| വ്യക്തം | തിളങ്ങിക്കാണപ്പെട്ടുന്നതും | അംബരേ | ആകാശത്തിൽ |
| കോസലാനാം | കോസലരാജ്യത്തിലുള്ള ഇക്ഷ്വാകുവംശക്കാൎക്ക് | ആക്രമ്യ | പീഡിക്കുന്നതായി |
| | | തസ്ഥൌ. | വത്തിച്ചു. |

ദശാസ്യോ വിംശതിഭുജഃ പ്രഗൃഹീതശരാസനഃ
അദൃശ്യത ദശഗ്രീവോ മൈനാക ഇവ പവ്വതഃ 34

| | | | |
|---|---|---|---|
| ദശഗ്രീവ: | ദശകണ്ഠൻ | പ്രഗൃഹീത- ശരാസന: | വില്ലു കയ്യിൽ ധരിച്ചവനായി |
| ദശാസ്യ: | പത്തു മുഖങ്ങളാന്നവനായി | മൈനാക: പവ്വത: ഇവ | മൈനാകപവ്വതമെന്നപോലെ |
| വിംശതിഭുജ: | ഇരുപതു കൈകകൾ പൂണ്ടവനായി | അദൃശ്യത. | വിലസി. |

നിരസ്യമാനോ രാമസ്തു ദശഗ്രീവേണ രക്ഷസാ
നാശക്നോദഭിസന്ധാതും സായകാൻ രണമൂർദ്ധനി. 35

| | | | |
|---|---|---|---|
| രാമഃ | ശ്രീരാമൻ | രണമൂർദ്ധനി | പോർത്തലയ്ക്കൽ |
| തു | ആ സമയം | സായകാൻ | ബാണങ്ങളെ |
| രക്ഷസാ | രാക്ഷസനായ | അഭിസംധാതും | തൊടുപ്പാൻ |
| ദശഗ്രീവേണ | ദശകണ്ഠനാൽ | അശക്നോത് ന: | ശക്തനാകാതിരുന്നു. |
| നിരസ്യമാന: | എയ്യപ്പെടുന്നവനായി | | |

സ കൃത്വാ ഭ്രുകുടിം ക്രുദ്ധഃ കിഞ്ചിത് സംരക്തലോചനഃ
ജഗാമ സുമഹാക്രോധം നിർദ്ദഹന്നിവ ചക്ഷുഷാ 36

| | | | |
|---|---|---|---|
| ക്രുദ്ധഃ | കോപം പൂണ്ടവനായ | ചക്ഷുഷാ | നോക്കുകൊണ്ടു് |
| സഃ | ശ്രീരാമൻ | നിർദ്ദഹൻ ഇവ | ചുട്ടെരിക്കുന്നവനെന്ന പോലെ |
| കിഞ്ചിത് സംരക്തലോചനഃ | അല്പം ചുകന്ന നേത്രങ്ങളോടുകൂടിയവനായി | സുമഹാക്രോധം | അതിയായ കോപം |
| ഭ്രുകുടിം കൃത്വാ | പുരികം ചുളിച്ചു് | ജഗാമ. | ഉൾക്കൊണ്ടു. |

ഇത്യാർഷേ ശ്രീമദ്രാമായണേ വാല്മീകിയേ ആദികാവ്യേ യുദ്ധകാണ്ഡേ
ത്ര്യുത്തരശതതമഃ സർഗ്ഗഃ = നൂററിമൂന്നാം സർഗ്ഗം സമാപ്തം
ആദ്യം മുതൽ ശ്ലോകസംഖ്യ 19544; യുദ്ധകാണ്ഡം ആദ്യം മുതൽ ശ്ലോകസംഖ്യ 4869

—oo—

## ചതുരുത്തരശതതമഃ സർഗ്ഗഃ = നൂററിനാലാം സർഗ്ഗം.

[രാവണശൂലഭംഗഃ = രാവണൻെറ ശൂലത്തെ തകൎക്കുന്നതു്]

തസ്യ ക്രുദ്ധസ്യ വദനം ദൃഷ്ട്വാ രാമസ്യ ധീമതഃ
സർവ്വഭൂതാനി വിത്രേസുഃ പ്രാകമ്പത ച മേദിനീ. 1

| | | | |
|---|---|---|---|
| ക്രുദ്ധസ്യ | ക്രുദ്ധിച്ച | ദൃഷ്ട്വാ | കണ്ടു് |
| തസ്യ | ആ | സർവ്വഭൂതാനി | സർവ്വപ്രാണികളും |
| ധീമതഃ | ധീമാനായ | വിത്രേസുഃ | നടുനടുങ്ങി. |
| രാമസ്യ | ശ്രീരാമൻെറ | മേദിനീ ച | ഭൂമിയും |
| വദനം | മുഖത്തെ | പ്രാകമ്പത. | കുലുങ്ങി. |

സിംഹശാർദ്ദൂലവാൻ ശൈലഃ സംചചാല ചലദ്രുമഃ

| | | | |
|---|---|---|---|
| സിംഹശാർദ്ദൂലവാൻ | സിംഹങ്ങളും നരികളും വസിക്കുന്ന | ചലദ്രുമഃ | ആടിയുലയുന്ന വൃക്ഷങ്ങളോടുകൂടിയതായി |
| ശൈലഃ | പർവ്വതവും | സംചചാല. | ഇളകി. |

ബഭൂവ ചാതിക്ഷുഭിതഃ സമുദ്രഃ സരിതാംപതിഃ 2

| | | | |
|---|---|---|---|
| സരിതാംപതിഃ | നദികൾക്കു നാഥനായ | അതിക്ഷുഭിതഃ | ഏററം കലക്കംപൂണ്ടതായി |
| സമുദ്രഃ ച | ആഴിയും | ബഭൂവ. | ഭവിച്ചു. |

ഖഗാശ്ച ഖരനിർഘോഷാ ഗഗനേ പരുഷാ ഘനാഃ
ഔത്പാതികാനി നർദ്ദന്തഃ സമന്താത് പരിചക്രമുഃ 4

| | | | |
|---|---|---|---|
| ഖരനിർഘോഷാഃ | ക്രൂരസ്വനമാൎന്ന | ഔത്പാതികാനി | അപശകുനങ്ങളെ |
| ഖഗാഃ | പക്ഷികളും | നർദ്ദന്തഃ | ശബ്ദിക്കുന്നവയായി |
| പരുഷാഃ | കഠോരശബ്ദങ്ങളാൎന്ന | സമന്താത് | ചുററും |
| ഘനാഃ ച | മേഘങ്ങളും | പരിചക്രമുഃ | സഞ്ചരിച്ചു. |
| ഗഗനേ | ആകാശത്തിൽ | | |

രാമം ദൃഷ്ട്വാ സുസംക്രുദ്ധമുത്പാതാംശ്ച സുദാരുണാൻ
വിത്രേസുഃ സർവ്വഭൂതാനി രാവണസ്യാഭവദ്ഭയം. 5

| | | | |
|---|---|---|---|
| രാമം | ശ്രീരാമനെ | ദൃഷ്ട്വാ | കണ്ട് |
| സുസംക്രുദ്ധം | അതികുപിതനായും | സർവ്വഭൂതാനി | സർവ്വപ്രാണികളും |
| സുദാരുണാൻ | അതിഘോരമായ | വിത്രേസുഃ | വിറച്ചു. |
| ഉത്പാതാൻ ച | ദുഃശകുനങ്ങളേയും | രാവണസ്യ | രാവണന്ന് |
| | | ഭയം അഭവത്. | ഉള്ളം കലങ്ങി. |

വിമാനസ്ഥാസ്തദാ ദേവാ ഗന്ധർവ്വാശ്ച മഹോരഗാഃ
ഋഷിദാനവദൈത്യാശ്ച ഗരുത്മന്തശ്ച ഖേചരാഃ 6
ദദൃശുസ്തേ തദാ യുദ്ധം ലോകസംവൎത്തസംസ്ഥിതം
നാനാപ്രഹരണൈർഭീമൈഃ ശൂരയോഃ സംപ്രയുദ്ധ്യതോഃ 7

| | | | |
|---|---|---|---|
| തദാ | ആ സമയം | ഭീമൈഃ | ഘോരങ്ങളായ |
| വിമാനസ്ഥാഃ | വിമാനങ്ങളിലിരുന്ന | നാനാപ്രഹരണൈഃ | പല ആയുധങ്ങൾ കൊണ്ടും |
| തേ ദേവാഃ | ആ ദേവന്മാരും | സംപ്രയുദ്ധ്യതോഃ | വാശിയോടെ പോർചെയ്യുന്ന |
| ഗന്ധർവ്വാഃ ച | ഗന്ധർവ്വന്മാരും | ശൂരയോഃ | ആ രണ്ടു വീരന്മാരുടേയും |
| മഹോരഗാഃ | മഹോരഗന്മാരും | ലോകസംവൎത്തസംസ്ഥിതം | പ്രളയതുല്യമായ |
| ഋഷിദാനവദൈത്യാഃ ച | ഋഷികളും, ദാനവന്മാരും, ദൈത്യന്മാരും | യുദ്ധം ദദൃശുഃ | യുദ്ധത്തെ വീക്ഷിച്ചു. |
| ഖേചരാഃ | ആകാശചാരികളായ | | |
| ഗരുത്മന്തഃ ച | പറവകളും | | |
| തദാ | അപ്പോൾ | | |

ഊചുഃ സുരാസുരാഃ സർവ്വേ തദാ വിഗ്രഹമാഗതാഃ
പ്രേക്ഷമാണാ മഹദ്യുദ്ധം വാക്യം ഭക്ത്യാ പ്രഹൃഷ്ടവത്. 8

| | | | |
|---|---|---|---|
| തദാ | അപ്പോൾ | മഹത് യുദ്ധം | വമ്പിച്ച പോർ |
| സുരാസുരാഃ | ദേവാസുരന്മാർ | പ്രേക്ഷമാണാഃ | കാണുന്നവരായി |
| സർവ്വേ | എല്ലാവരും | ഭക്ത്യാ | കൂറോടുകൂടി |
| വിഗ്രഹം ആഗതാഃ | കക്ഷിപിടിച്ച് | പ്രഹൃഷ്ടവത് | ഉത്സാഹംപൂണ്ടവരായി |
| | | വാക്യം ഊചുഃ | ഓരോന്നു് ഉരചെയ്തു. |

ദശഗ്രീവം ജയേത്യാഹുരസുരാഃ സമവസ്ഥിതാഃ. 9

| | |
|---|---|
| അസുരാഃ | അസുരന്മാർ |
| സമവസ്ഥിതാഃ | ഒന്നിച്ചുനിന്നു് |
| ദശഗ്രീവം | രാവണനെ |

| | |
|---|---|
| "ജയ" | "ജയിച്ചാലും" |
| ഇതി | എന്നു് |
| ആഹുഃ | കൊണ്ടാടി. |

ദേവാ രാമമഥോചുസ്തേ ത്വം ജയേതി പുനഃ പുനഃ 10

| | |
|---|---|
| അഥ | അപ്പോൾ |
| തേ | ആ |
| ദേവാഃ | ദേവകൾ |
| രാമം | ശ്രീരാമനെ |

| | |
|---|---|
| "ത്വം ജയ" ഇതി | "നിന്തിരുവടി വിജയിച്ചാലും" എന്നും |
| പുനഃ പുനഃ | വീണ്ടും വീണ്ടും |
| ഊചുഃ | പുകഴ്ന്നു. |

ഏതസ്മിന്നന്തരേ ക്രോധാദ്രാഘവസ്യ സ രാവണഃ
പ്രഹർത്തുകാമോ ദുഷ്ടാത്മാ സ്പൃശൻ പ്രഹരണം മഹത്. 11
വജ്രസാരം മഹാനാദം സർവ്വശത്രുനിബർഹണം
ശൈലശൃംഗനിഭൈഃ കൂടൈശ്ചിതം ദൃഷ്ടിഭയാവഹം. 12
സധൂമമിവ തീക്ഷ്ണാഗ്രം യുഗാന്താഗ്നിചയോപമം
അതിരൗദ്രമനാസാദ്യം കാലേനാപി ദുരാസദം. 13
ത്രാസനം സർവ്വഭൂതാനാം ദാരുണം ഭേദനം തദാ
പ്രദീപ്തമിവ രോഷേണ ശൂലം ജഗ്രാഹ രാവണഃ 14

| | |
|---|---|
| ഏതസ്മിൻ അന്തരേ | ഈ സമയത്തിൽ |
| ദുഷ്ടാത്മാ | ദുഷ്ടാത്മാവും |
| രാവണഃ | ലോകവിധ്വംസകനു |
| സഃ രാവണഃ | ആ രാവണൻ [മായ |
| രാഘവസ്യ | ശ്രീരാഘവനുനേരെ |
| ക്രോധാത് | അരിശംപൂണ്ടവനായി |
| പ്രഹർത്തുകാമഃ | പ്രഹരിപ്പാനൊരുങ്ങിയ |
| തദാ | ആ സമയം [വനായി |
| വജ്രസാരം | വജ്രായുധംപോലെ ഉറപ്പാർന്നതും |
| മഹത് പ്രഹരണം | ഉഗ്രമായ ആയുധമായുള്ളതും |
| മഹാനാദം | വമ്പിച്ച മുഴക്കത്തോടുകൂടിയതും |
| സർവ്വശത്രു-നിബർഹണം | സർവ്വശത്രുക്കളേയുംനശിപ്പിക്കാൻ കഴിവുള്ളതും |
| ശൈലശൃംഗ-നിഭൈഃ | കുന്നിൻമുടികളൊത്ത |
| കൂടൈഃ ചിതം | കവർച്ചകളോടുകൂടിയതും |

| | |
|---|---|
| ദൃഷ്ടിഭയാവഹം | കാണ്മാൻ ഭയങ്കരമായതും |
| സധൂമം ഇവ | പുകയുന്നപോലുള്ളതും |
| തീക്ഷ്ണാഗ്രം | കൂർത്തമുനകളാർന്നതും |
| യുഗാന്താഗ്നി-ചയോപമം | പ്രളയകാലാഗ്നിനിവഹമൊത്തതും |
| അതിരൗദ്രം | അത്യുഗ്രമായതും |
| അനാസാദ്യം | അടുക്കപ്പെടുവാൻ കഴിയാത്തതും |
| കാലേന അപി | യമനാലുംകൂടി |
| ദുരാസദം | തടുപ്പാൻകഴിയാത്തതും |
| സർവ്വഭൂതാനാം | സർവ്വപ്രാണികൾക്കും |
| ത്രാസനം | ചാഞ്ചല്യമുളവാക്കുന്ന[തും |
| ദാരുണം | എന്തിനേയും പിളപ്പാൻ കഴിവുള്ളതും |
| ഭേദനം | ചതയ്ക്കുവാൻ കഴിവു[ള്ളതും |
| രോഷേണ | കോപത്താൽ |
| പ്രദീപ്തം ഇവ | ഉജ്ജ്വലിക്കുന്നപോലു[ള്ളതുമായ |
| ശൂലം | ശൂലത്തെ |
| സ്പൃശൻ ജഗ്രാഹ | കയ്ക്കൊണ്ടു. |

തച്ഛൂലം പരമക്രുദ്ധോ ജഗ്രാഹ യുധി വീൎയ്യവാൻ
അനേകൈഃ സമരേ ശൂരൈ രാക്ഷസൈഃ പരിവാരിതഃ. 15

| | | | |
|---|---|---|---|
| യുധി വീൎയ്യവാൻ | യുദ്ധവീരനായ അവൻ | പരിവാരിതഃ | ചൂഴപ്പെട്ടവനായി |
| സമരേ | പോരിൽ | പരമക്രുദ്ധഃ | അതിയായ കോപമുൾക്കൊണ്ടവനായി |
| ശൂരൈഃ | ശൂരന്മാരായ | തത് ശൂലം | ആ ശൂലത്തെ |
| അനേകൈഃ | അസംഖ്യം | ജഗ്രാഹ. | ഗ്രഹിച്ചു. |
| രാക്ഷസൈഃ | രാക്ഷസന്മാരാൽ | | |

സമുദ്യമ്യ മഹാകായോ നനാദ യുധി ഭൈരവം
സംരക്തനയനോ രോഷാത് സ്വസൈന്യമഭിഹൎഷയൻ. 16

| | | | |
|---|---|---|---|
| മഹാകായഃ | പൃഥുശരീരനായ അവൻ | സ്വസൈന്യം | തന്റെ സേനയെ |
| സമുദ്യമ്യ | കുതിച്ചെഴുന്നേററു | അഭിഹൎഷയൻ | ഉത്സാഹപ്പെടുത്തുന്നവനായി |
| രോഷാത് | കോപത്താൽ | യുധി | പോരിൽ |
| സംരക്തനയനഃ | നേത്രങ്ങൾ ചുവത്തവനായി | ഭൈരവം | ഭയങ്കരമാംവണ്ണം |
| | | നനാദ. | ഗൎജ്ജിച്ചു. |

പൃഥിവീം ചാന്തരിക്ഷം ച ദിശശ്ച പ്രദിശസ്തഥാ
പ്രാകമ്പയത് തദാ ശബ്ദോ രാക്ഷസേന്ദ്രസ്യ ദാരുണഃ 17

| | | | |
|---|---|---|---|
| തദാ | ആ സമയം | അന്തരിക്ഷം ച | വാനത്തേയും |
| രാക്ഷസേന്ദ്രസ്യ | രാക്ഷസനായകന്റെ | ദിശഃ ച | ദിക്കുകളേയും |
| ദാരുണഃ | കഠോരമായ | പ്രദിശഃ തഥാ | വിദിക്കുകളേയും |
| ശബ്ദഃ | ആ ശബ്ദം | പ്രാകമ്പയത്. | കുലുക്കി. |
| പൃഥിവീം ച | ഭൂമിയേയും | | |

അതിനാദസ്യ നാദേന തേന തസ്യ ദുരാത്മനഃ
സൎവ്വഭൂതാനി വിത്രേസുഃ സാഗരശ്ച പ്രചുക്ഷുഭേ. 18

| | | | |
|---|---|---|---|
| അതിനാദസ്യ | വമ്പിച്ച ഒച്ചയാൎന്നവനായ | സൎവ്വഭൂതാനി | സൎവ്വപ്രാണികളും |
| ദുരാത്മനഃ തസ്യ | ദുഷ്ടാത്മാവായ അവന്റെ | വിത്രേസുഃ | വിറച്ചു |
| തേന നാദേന | ആ ശബ്ദത്താൽ | സാഗരഃ ച | ആഴിയും |
| | | പ്രചുക്ഷുഭേ. | കലങ്ങിമറിഞ്ഞു. |

സ ഗൃഹീത്വാ മഹാവീൎയ്യഃ ശൂലം തദ്രാവണോ മഹത്
വിനദ്യ സുമഹാനാദം രാമം പരുഷമബ്രവീത്. 19

| | | | |
|---|---|---|---|
| മഹാവീൎയ്യഃ | മഹാവീൎയ്യശാലിയായ | സുമഹാനാദം | വമ്പിച്ച അട്ടഹാസം |
| സഃ രാവണഃ | ആ രാവണൻ | വിനദ്യ | മുഴക്കിക്കൊണ്ടു് |
| തത് | ആ | രാമം | ശ്രീരാമനോടായി |
| മഹത് ശൂലം | വൻ ശൂലത്തെ | പരുഷം | കടുതായി |
| ഗൃഹീത്വാ | കയ്ക്കൊണ്ടു് | അബ്രവീത് | ഇപ്രകാരം ഉരചെയ്തു. |

ശൂലോഽയം വജ്രസാരസ്തേ രാമ രോഷാന്മയോദ്ധൃതഃ
തവ ഭ്രാതൃസഹായസ്യ സദ്യഃ പ്രാണാൻ ഹരിഷ്യതി. 20

| | | | |
|---|---|---|---|
| "രാമ | "രാമ | അയം ശൂലഃ | ഈ ശൂലം |
| തേ | നിന്നെക്കുറിച്ചുള്ള | ഭ്രാതൃസഹായസ്യ | അനുജൻ സഹായമായുള്ള |
| രോഷാത് | രോഷത്താൽ | തവ | നിന്റെ |
| മയാ ഉദ്ധൃതഃ | എന്നാൽ ഓങ്ങപ്പെട്ടതും | പ്രാണാൻ | പ്രാണങ്ങളെ |
| വജ്രസാരഃ | വജ്രായുധംപോലെ ഉറപ്പുള്ളതുമായ | സദ്യഃ | ഇക്ഷണംതന്നെ |
| | | ഹരിഷ്യതി | അപഹരിക്കുന്നതാണ് |

രക്ഷസാമദ്യ ശൂരാണാം നിഹതാനാം ചമൂമുഖേ
ത്വാം നിഹത്യ രണശ്ലാഘിൻ കരോമി തരസാ സമം. 21

| | | | |
|---|---|---|---|
| "രണശ്ലാഘിൻ | "പോരിൽ അഹംഭാവം കയ്ക്കൊണ്ടവനേ | നിഹതാനാം | കൊല്ലപ്പെട്ട |
| തരസാ | ഉടനെ | ശൂരാണാം | ശൂരന്മാരായ |
| ത്വാം നിഹത്യ | നിന്നെ വധിച്ച് | രക്ഷസാം | രാക്ഷസർക്ക് |
| അദ്യ | ഇതാ | സമം | തുല്യനായി |
| ചമൂമുഖേ | പോർത്തലയ്ക്കൽ | കരോമി. | ഞാൻ ആക്കിത്തീർക്കുന്നുണ്ട്. |

തിഷ്ഠേദാനീം നിഹന്മി ത്വാമേഷ ശൂലേന രാഘവ. 22

| | | | |
|---|---|---|---|
| "രാഘവ | "രാമ | ഏഷഃ | ഇതാ |
| ഇദാനീം | തെല്ലിപ്പോൾ | ശൂലേന | ശൂലംകൊണ്ട് |
| തിഷ്ഠ | പൊറുത്തുനില്ക്കുക; | നിഹന്മി." | ഞാൻ വധിക്കുന്നുണ്ട്." |
| ത്വാം | നിന്നെ | | |

ഏവമുക്ത്വാ സ ചിക്ഷേപ തച്ഛൂലം രാക്ഷസാധിപഃ 23

| | | | |
|---|---|---|---|
| സഃ | ആ | ഉക്ത്വാ | ഉരചെയ്ത് |
| രാക്ഷസാധിപഃ | രാക്ഷസേശ്വരൻ | തത് ശൂലം | ആ ശൂലത്തെ |
| ഏവം | ഇപ്രകാരം | ചിക്ഷേപ. | എറിഞ്ഞു. |

തദ്രാവണകരാന്മുക്തം വിദ്യുജ്ജ്വാലാസമാകുലം
അഷ്ടഘണ്ടം മഹാനാദം വിയദ്ഗതമശോഭത. 24

| | | | |
|---|---|---|---|
| രാവണകരാത് | രാവണന്റെ കയ്യിൽ നിന്നു് | അഷ്ടഘണ്ടം | എട്ടുമണികളുംകെട്ടിയതും |
| മുക്തം | വിടപ്പെട്ടതും | മഹാനാദം | വൻമുഴക്കമൊത്തുള്ളതായ |
| വിദ്യുജ്ജ്വാലാസമാകുലം | മിന്നലൊത്ത ജ്വാലകളോടുകൂടിയതും | തത് | അതു് |
| | | വിയദ്ഗതം | ആകാശത്തെ പ്രാപിച്ചതായി |
| | | അശോഭത. | വിലസി. |

തച്ഛൂലം രാഘവോ ദൃഷ്ട്വാ ജ്വലന്തം ഘോരദർശനം
സസർജ്ജ വിശിഖാൻ രാമശ്ചാപമായമ്യ വീര്യവാൻ 25

| | | | |
|---|---|---|---|
| വീൎയ്യവാൻ | വീൎയ്യവാനും | തത് ശൂലം | ആ ശൂലത്തെ |
| രാഘവഃ | രഘുകുലതിലകനുമായ | ദൃഷ്ട്വാ | കണ്ടു് |
| രാമഃ | ശ്രീരാമൻ, | ചാപം | കോദണ്ഡത്തെ |
| ജ്വലന്തം | തിളങ്ങുന്നതും | ആയമ്യ, | വളച്ചു്, |
| ഘോരദൎശനം | കാണ്മാൻ ഭയങ്കരവും ആയ | വിശിഖാൻ | ബാണങ്ങൾ |
| | | സസൎജ്ജ | പൊഴിച്ചു. |

ആപതന്തം ശരൌഘേണ വാരയാമാസ രാഘവഃ
ഉത്പതന്തം യുഗാന്താഗ്നിം ജലൌഘൈരിവ വാസവഃ 26

| | | | |
|---|---|---|---|
| രാഘവഃ | ശ്രീരാഘവൻ, | ഇവ | എപ്രകാരമോ അപ്രകാരം |
| ഉത്പതന്തം | പൊങ്ങി | | |
| യുഗാന്താഗ്നിം | പ്രളയകാലാഗ്നിയെ | ആപതന്തം | നേൎക്കുവരുന്ന ആ ശൂലത്തെ |
| ജലൌഘൈഃ | ജലമാരികളാൽ | ശരൌഘേണ | ശരനിരകൊണ്ടു് |
| വാസവഃ | ഇന്ദ്രൻ | വാരയാമാസ | തടുത്തു. |

നിൎദ്ദദാഹ സ താൻ ബാണാൻ രാമകാൎമ്മുകനിസ്സൃതാൻ
രാവണസ്യ മഹാശൂലഃ പതംഗാനിവ പാവകഃ 27

| | | | |
|---|---|---|---|
| രാവണസ്യ | രാവണന്റെ | താൻ | ആ |
| സഃ | ആ | ബാണാൻ | ശരങ്ങളെ |
| മഹാശൂലഃ | മഹത്തായ ശൂലം | പാവകഃ | ചെന്തീ |
| രാമകാൎമ്മുക-നിസ്സൃതാൻ | രാമചാപത്തിൽ നിന്നു പുറപ്പെട്ടവയായ | പതംഗാൻ ഇവ, | പാററകളെ എന്നപോലെ |
| | | നിൎദ്ദദാഹ | ചുട്ടെരിച്ചു. |

ദൃഷ്ട്വാ താൻ ഭസ്മസാദ്ഭൂതാൻ ശൂലസംസ്പൎശചൂൎണ്ണിതാൻ
സായകാനന്തരിക്ഷസ്ഥാൻ രാഘവഃ ക്രോധമാഹരത്. 28

| | | | |
|---|---|---|---|
| രാഘവഃ | ശ്രീരാഘവൻ | ശൂലസംസ്പൎശ-ചൂൎണ്ണിതാൻ | ശൂലം തട്ടി പൊടിപെടുത്തപ്പെട്ടു് |
| അന്തരിക്ഷ-സ്ഥാൻ | ആകാശത്തിലെത്തിയ | ഭസ്മസാദ്ഭൂതാൻ | വെണ്ണീറായവയായി |
| | | ദൃഷ്ട്വാ | കണ്ടു് |
| താൻ | ആ | ക്രോധം ആഹരത് | കോപമുൾക്കൊണ്ടു. |
| സായകാൻ | ബാണങ്ങളെ | | |

സ താം മാതലിനാഽഽനീതാം ശക്തിം വാസവനിൎമ്മിതാം
ജഗ്രാഹ പരമക്രുദ്ധോ രാഘവോ രഘുനന്ദനഃ 29

| | | | |
|---|---|---|---|
| സഃ രഘുനന്ദനഃ | ആ രഘുകുലാനന്ദകരനായ | വാസവ-നിൎമ്മിതാം | ഇന്ദ്രനാൽ സൃഷ്ടിക്കപ്പെട്ടതുമായ |
| രാഘവഃ | ശ്രീരാമൻ, | | |
| പരമക്രുദ്ധഃ | അത്യുരിശം പൂണ്ടവനായി | താം ശക്തിം | ആ പ്രസിദ്ധവൈഭവമാൎന്ന വേലിനെ |
| മാതലിനാ | മാതലിയാൽ | | |
| ആനീതാം | കൊണ്ടുവരപ്പെട്ടതും | ജഗ്രാഹ | കയ്യേററു. |

സാ തോലിതാ ബലവതാ ശക്തിർഘണ്ടാകൃതസ്വനാ
നഭഃ പ്രജ്വാലയാമാസ യുഗാന്തോല്കേവ സപ്രഭാ. 30

| | | | |
|---|---|---|---|
| ബലവതാ | ബലിഷ്ഠനായ ശ്രീരാമനാൽ | യുഗാന്തോല്കാ ഇവ | കല്പാന്തകാലത്തിലെ കൊള്ളിമീനെന്നപോലെ |
| തോലിതാ | ആഞ്ഞു പ്രയോഗിക്കപ്പെട്ടതായ | സപ്രഭാ | തിളങ്ങുന്നതായി, |
| സാ ശക്തിഃ, | ആ വേൽ, | നഭഃ | ആകാശത്തെ |
| ഘണ്ടാകൃതസ്വനാ | മണികൾ ശബ്ദിക്കുന്നതായി | പ്രജ്വാലയാമാസ. | പ്രകാശമാനമാക്കി. |

സാ ക്ഷിപ്താ രാക്ഷസേന്ദ്രസ്യ തസ്മിൻ ശൂലേ പപാത ഹ. 31

| | | | |
|---|---|---|---|
| ക്ഷിപ്താ | എറിയപ്പെട്ടതായ | തസ്മിൻ | ആ |
| സാ | ആ വേൽ | ശൂലേ | ശൂലത്തിൽ |
| രാക്ഷസേന്ദ്രസ്യ | രാക്ഷസനായകന്റെ | പപാത ഹ | ചെന്നടിച്ചു. |

ഭിന്നഃ ശക്ത്യാ മഹാൻ ശൂലോ നിപപാത ഹതദ്യുതിഃ 32

| | | | |
|---|---|---|---|
| മഹാൻ | ആ വമ്പിച്ച | ഭിന്നഃ | തകൎക്കപ്പെട്ടതായി |
| ശൂലഃ | ശൂലം | ഹതദ്യുതിഃ | ശോഭയററതായി |
| ശക്ത്യാ | വേലിനാൽ | നിപപാത | താഴത്തു വീണു. |

സാധു സാധ്വിതി ഭൂതാനി പ്രശശംസു രഘൂത്തമം 33

| | | | |
|---|---|---|---|
| ഭൂതാനി | പ്രാണികൾ, | രഘൂത്തമം | രഘുവരനെ |
| "സാധു, സാധു," | 'നല്ലത്, നല്ലത്,' എന്നു | പ്രശശംസുഃ | കൊണ്ടാടി. |

നിർബിഭേദ തതോ ബാണൈർഹയാനസ്യ മഹാജവാൻ
രാമസ്തീക്ഷ്ണൈർമ്മഹാവേഗൈർവ്വജ്രകല്പൈഃ ശിതൈഃ ശരൈഃ 34

| | | | |
|---|---|---|---|
| രാമഃ | ശ്രീരാമൻ | തീക്ഷ്ണൈഃ ശരൈഃ | ഉഗ്രശരങ്ങൾകൊണ്ടും |
| തതഃ | അപ്പോൾ | | |
| മഹാജവാൻ | അതിവേഗതയാൎന്ന | മഹാവേഗൈഃ | അതിവേഗതയാൎന്ന |
| അസ്യ | ഇവന്റെ | ശിതൈഃ ബാണൈഃ | കൂരമ്പുകൾകൊണ്ടും |
| ഹയാൻ | കുതിരകളെ | | |
| വജ്രകല്പൈഃ | വജ്രതുല്യങ്ങളായ | നിർബിഭേദ | പിളൎന്നു. |

നിർബിഭേദോരസി തതോ രാവണം നിശിതൈഃ ശരൈഃ
രാഘവഃ പരമായത്തോ ലലാടേ പത്രിഭിസ്ത്രിഭിഃ 35

| | | | |
|---|---|---|---|
| തതഃ | അപ്പോൾ | നിശിതൈഃ | കൂൎത്തുള്ള |
| രാഘവഃ | ശ്രീരാഘവൻ | ശരൈഃ | ബാണങ്ങൾകൊണ്ടും |
| പരമായത്തഃ, | വാശിപൂണ്ടവനായി, | ലലാടേ | നെററിയിൽ |
| രാവണം | രാവണനെ | ത്രിഭിഃ പത്രിഭിഃ | മൂന്നമ്പുകൾകൊണ്ടും |
| ഉരസി | മാറിൽ | നിർബിഭേദ. | പിളൎന്നു. |

സ ശരൈർഭിന്നസർവ്വാംഗോ ഗാത്രപ്രസ്രുതശോണിതഃ
രാക്ഷസേന്ദ്രഃ സമൂഹസ്ഥഃ ഫുല്ലാശോക ഇവാബഭൌ. 36

| | | | |
|---|---|---|---|
| സമൂഹസ്ഥഃ | പടനടുവിൽ വർത്തിച്ചിരുന്ന | ഗാത്രപ്രസ്രുത-ശോണിതഃ | ഉടലിൽനിന്നു് ചോരയൊലിക്കുന്നവനായി |
| സഃ | ആ | ഫുല്ലാശോകഃ ഇവ | പൂത്തു നില്ക്കുന്ന അശോകമെന്ന പോലെ |
| രാക്ഷസേന്ദ്രഃ | രക്ഷോനായകൻ | ആബഭൌ | വിലസി. |
| ശരൈഃ | ബാണങ്ങളാകൊണ്ടു് | | |
| ഭിന്നസർവ്വാംഗഃ | സർവ്വാംഗങ്ങളും പിളർക്കപ്പെട്ടവനായി | | |

സ രാമബാണൈരഭിവിദ്ധഗാത്രോ
നിശാചരേന്ദ്രഃ ക്ഷതജാർദ്രഗാത്രഃ
ജഗാമ ഖേദം ച സമാജമദ്ധ്യേ
ക്രോധം ച ചക്രേ സുഭൃശം തദാനീം. 37

| | | | |
|---|---|---|---|
| സഃ | ആ | ക്ഷതജാർദ്ര-ഗാത്രഃ ച | ചോരനനഞ്ഞ ശരീരത്തോടുകൂടിയവനായും |
| നിശാചരേന്ദ്രഃ | നക്തഞ്ചരവരൻ | ഖേദം ജഗാമ | അത്തൽപ്പെട്ടു. |
| സമാജമദ്ധ്യേ | പടക്കളത്തിൻ നടുവിൽ | തദാനീം | ആ സമയം |
| രാമബാണൈഃ | ശ്രീരാമബാണങ്ങളാകൊണ്ടു് | സുഭൃശം | അതിയായ |
| അഭിവിദ്ധഗാത്രഃ | ദേഹം തുളയ്ക്കപ്പെട്ടവനായും | ക്രോധം ച | കോപവും |
| | | ചക്രേ. | കയ്ക്കൊണ്ടു. |

ഇത്യാർഷേ ശ്രീമദ്രാമായണേ വാൽമീകീയേ ആദികാവ്യേ യുദ്ധകാണ്ഡേ ചതുരുത്തരശതതമഃ സർഗ്ഗഃ=നൂററിനാലാംസർഗ്ഗം സമാപ്തം.

ആദ്യംമുതൽ ശ്ലോകസംഖ്യ 19581; യുദ്ധകാണ്ഡം ആദ്യംമുതൽ ശ്ലോകസംഖ്യ 4906

---

## പഞ്ചോത്തരശതതമഃ സർഗ്ഗഃ=നൂററഞ്ചാം സർഗ്ഗം.

[ദശഗ്രീവ വിഘൂർണ്ണനം=രാവണനെ കഴക്കുന്നതു്.]

സ തേന തു തഥാ ക്രോധാത് കാകുത്സ്ഥേനാർദ്ദിതോ രണേ
രാവണഃ സമരശ്ലാഘീ മഹാക്രോധമുപാഗമത്. 1

| | | | |
|---|---|---|---|
| സമരശ്ലാഘീ | യുദ്ധവിശ്രുതനായ | ക്രോധാത് | കോപം കയ്ക്കൊണ്ടു് |
| സഃ | ആ | തഥാ | അവ്വണ്ണം |
| രാവണഃ തു | രാവണനാകട്ടെ | അർദ്ദിതഃ | അത്തൽപ്പെടുത്തപ്പെട്ടവനായി |
| രണേ | പോരിൽ | | |
| തേന | ആ | മഹാക്രോധം | അതിയായ കോപത്തെ |
| കാകുത്സ്ഥേന | കാകുത്സ്ഥനാൽ | ഉപാഗമത് | കയ്ക്കൊണ്ടു. |

സ ദീപ്തനയനോ രോഷാത് ചാപമായമ്യ വീര്യ്യവാൻ
അഭ്യർദ്ദയത് സുസംക്രുദ്ധോ രാഘവം പരമാഹവേ. 2

| | | | |
|---|---|---|---|
| വീര്യ്യവാൻ | വീര്യ്യശാലിയായ | ദീപ്തനയനഃ | നേത്രങ്ങളുജ്വലിക്കുന്ന [വനായി |
| സഃ | അവൻ | ചാപം ആയമ്യ | വില്ലുവളച്ച് |
| സുസംക്രുദ്ധഃ | ഏററം കുപിതനായി | പരമാഹവേ | വൻപോരിൽ |
| രോഷാത് | രോഷത്താൽ | രാഘവം | ശ്രീരാമനെ |
| | | അഭ്യർദ്ദയത്. | വ്രണപ്പെടുത്തി. |

ബാണധാരാസഹസ്രൈസ്തൈഃ സ തോയദ ഇവാംബരാത്
രാഘവം രാവണോ ബാണൈസ്തടാകമിവ പൂരയത് 3

| | | | |
|---|---|---|---|
| സഃ രാവണഃ | ആ രാവണൻ | ബാണൈഃ | ചീററുന്ന |
| അംബരാത് | ആകാശത്തിൽനിന്നു | തൈഃ | ആ |
| തോയദഃ | കാർമുകിൽ | ബാണധാരാ- സഹസ്രൈഃ | അസംഖ്യം ശരമാരി കൊണ്ടു |
| തടാകം ഇവ | തടാകത്തെയെന്നപോ [ലെ | | |
| രാഘവം | ശ്രീരാഘവനെ | ഇവ പൂരയത്. | മുഴുവനും മൂടി. |

പൂരിതഃ ശരജാലേന ധനുർമ്മുക്തേന സംയുഗേ
മഹാഗിരിരിവാകമ്പ്യഃ കാകുത്സ്ഥോ ന പ്രകമ്പതേ 4

| | | | |
|---|---|---|---|
| മഹാഗിരിഃ ഇവ | വന്മലപോലെ | ധനുർമ്മുക്തേന | ചാപത്തിൽനിന്നു വിടപ്പെട്ടതായ |
| അകമ്പ്യഃ | കുലുക്കമററവനായ | ശരജാലേന | ആ ശരനിരയാൽ |
| കാകുത്സ്ഥഃ | കാകുത്സ്ഥൻ | പൂരിതഃ | മൂടപ്പെട്ടവനായി |
| സംയുഗേ | പോരിൽ | പ്രകമ്പതേ ന. | ഒട്ടും ചലിക്കാതിരുന്നു. |

സ ശരൈഃ ശരജാലാനി വാരയൻ സമരേ സ്ഥിതഃ
ഗഭസ്തീനിവ സൂര്യ്യസ്യ പ്രതിജഗ്രാഹ വീര്യ്യവാൻ 5

| | | | |
|---|---|---|---|
| സമരേ | പോരിൽ | വാരയൻ | മൂടപ്പെട്ടവനായി |
| വീര്യ്യവാൻ | ജഗദേകവീരനായി | സൂര്യ്യസ്യ | ആദിത്യന്റെ |
| സ്ഥിതഃ | സ്ഥിതിചെയ്തിരുന്ന | ഗഭസ്തീൻ ഇവ | രശ്മികളെ എന്നപോ [ലെ |
| സഃ | ആ രാഘവൻ | ശരജാലാനി | ആ ശരനിരകളെ |
| ശരൈഃ | ബാണങ്ങൾകൊണ്ടു | പ്രതിജഗ്രാഹ. | ഏററു |

തതഃ ശരസഹസ്രാണി ക്ഷിപ്രഹസ്തോ നിശാചരഃ
നിജഘാനോരസി ക്രുദ്ധോ രാഘവസ്യ മഹാത്മനഃ 6

| | | | |
|---|---|---|---|
| ക്ഷിപ്രഹസ്തഃ | കൈമിടുക്കുള്ളവനായ | മഹാത്മനഃ | മഹാത്മാവായ |
| നിശാചരഃ | ആ നക്തഞ്ചരൻ | രാഘവസ്യ | ശ്രീരാഘവന്റെ |
| ക്രുദ്ധഃ | ചൊടിച്ച് | ഉരസി | മാറിൽ |
| തതഃ | ആ സമയം | ശരസഹസ്രാണി | അസംഖ്യംശരങ്ങളെ |
| | | നിജഘാന. | തൂകി. |

സ ശോണിതസമാദിഗ്ദ്ധഃ സമരേ ലക്ഷ്മണാഗ്രജഃ
ദൃഷ്ടഃ ഫുല്ല ഇവാരണ്യേ സുമഹാൻ കിംശുകദ്രുമഃ 7

| | | | |
|---|---|---|---|
| സഃ | ആ | അരണ്യേ | കാട്ടിൽ |
| ലക്ഷ്മണാഗ്രജഃ | ലക്ഷ്മണാഗ്രജൻ | ഫുല്ലഃ | വികസിച്ച |
| സമരേ | പോരിൽ | സുമഹാൻ കിംശുകദ്രുമഃ ഇവ | വൻപലാശവൃക്ഷമെന്നപോലെ |
| ശോണിത-സമാദിഗ്ദ്ധഃ | ചോരപുരണ്ടവനായി, | ദൃഷ്ടഃ | വിലസി. |

ശരാഭിഘാതസംരബ്ധഃ സോഽപി ജഗ്രാഹ സായകാൻ
കാകുത്സ്ഥഃ സുമഹാതേജാ യുഗാന്താദിത്യതേജസഃ 8

| | | | |
|---|---|---|---|
| സുമഹാതേജാഃ | മഹാതേജസ്വിയായ | യുഗാന്താദിത്യ-തേജസഃ | പ്രളയകാലസൂര്യന്റെ തേജസ്സാർന്നപോലെ |
| സഃ | ആ | | |
| കാകുത്സ്ഥഃ അപി | കാകുത്സ്ഥനും | സായകാൻ | ബാണങ്ങളെ |
| ശരാഭിഘാത-സംരബ്ധഃ | ബാണാഘാതത്താൽ ക്രുദ്ധിച്ചവനായി | ജഗ്രാഹ. | കയ്ക്കൊണ്ടു. |

തതോഽന്യോന്യം സുസംരബ്ധാവുഭൌ തൌ രാമരാവണൌ
ശരാന്ധകാരേ സമരേ നോപലക്ഷ്യതാം തദാ. 9

| | | | |
|---|---|---|---|
| തതഃ | അപ്പോൾ | ശരാന്ധകാരേ | ബാണങ്ങളാൽ ഇരുട്ടാർന്നതായ |
| സുസംരബ്ധൌ | ഏറെച്ചൊടിച്ചവരായ | സമരേ | പോരിൽ |
| തൌ രാമ-രാവണൌ ഉഭൌ | ആ രാമരാവണന്മാരിരുവരും | അന്യോന്യം | ഒരുവനെയൊരുവൻ |
| | | തദാ | ആ സമയം |
| | | ഉപലക്ഷ്യതാം ന. | കാണ്മാൻ കഴിയാതിരുന്നു. |

തതഃ ക്രോധസമാവിഷ്ടോ രാമോ ദശരഥാത്മജഃ
ഉവാച രാവണം വീരഃ പ്രഹസ്യ പരുഷം വചഃ. 10

| | | | |
|---|---|---|---|
| വീരഃ | വീരനും | രാവണം | രാവണനെനോക്കി |
| ദശരഥാത്മജഃ | ദശരഥപുത്രനുമായ | പ്രഹസ്യ | പുഞ്ചിരിച്ച് |
| രാമഃ | ശ്രീരാമൻ | പരുഷം | ഇപ്രകാരം കടുതായ |
| തതഃ | അപ്പോൾ | വചഃ | വാക്യത്തെ |
| ക്രോധ-സമാവിഷ്ടഃ | കോപാവിഷ്ടനായി | ഉവാച. | അരുളിച്ചെയ്തു. |

മമ ഭാര്യാം ജനസ്ഥാനാദജ്ഞാനാദ്രാക്ഷസാധമ
ഹൃതാ തേ വിവശാ യസ്മാത് തസ്മാത് ത്വം നാസി വീര്യവാൻ.

| | | | |
|---|---|---|---|
| "രാക്ഷസാധമ | "രാക്ഷസകീടമേ | ഹൃതാ | കട്ടുകൊണ്ടുപോകപ്പെട്ടു |
| തേ | നിന്നാൽ | യസ്മാത് | } എന്നുള്ളതുകൊണ്ട് |
| വിവശാ | പരാധീനയായ | തസ്മാത് | |
| മമ ഭാര്യാ | എന്റെ പ്രേയസി | ത്വം | നീ |
| ജനസ്ഥാനാത് | ജനസ്ഥാനത്തിൽനിന്നു് | വീര്യവാൻ | } വീരനാകയില്ല. |
| അജ്ഞാനാത് | അറിയാതെ | അസി ന. | |

മയാ വിരഹിതാം ദീനാം വർത്തമാനാം മഹാവനേ
വൈദേഹീം പ്രസഭം ഹൃത്വാ ശൂരോഽഹമിതി മന്യസേ. 12

| | | | |
|---|---|---|---|
| "മയാ | } "എന്നെപ്പിരിഞ്ഞു് | പ്രസഭം | ബലാത്കാരമായി |
| വിരഹിതാം | | ഹൃത്വാ | കട്ടശേഷം |
| മഹാവനേ | വൻ കാട്ടിൽ | 'അഹം ശൂരഃ' | } 'ഞാൻ ശൂരനാണു്' |
| വർത്തമാനാം | വർത്തിക്കുന്നവളും | ഇതി | എന്നിങ്ങിനെ |
| ദീനാം | ഏങ്ങിപ്പോയവളുമായ | മന്യസേ. | നീ വിചാരിക്കുകയാണ്. |
| വൈദേഹീം | സീതയെ | | |

സ്ത്രീഷു ശൂര വിനാഥാസു പരദാരാഭിമർശക
കൃത്വാ കാപുരുഷം കർമ്മ ശൂരോഽഹമിതി മന്യസേ. 13

| | | | |
|---|---|---|---|
| "പരദാരാഭി-മർശക | } "പരഭാര്യമാരെ കാമിക്കുക എന്ന | കാപുരുഷം | നിന്ദ്യമായ |
| ശൂര | ശൌര്യംമാത്രമുള്ളവനേ | കർമ്മ കൃത്വാ | പ്രവൃത്തിചെയ്തശേഷം |
| വിനാഥാസു | രക്ഷകനില്ലാത്ത | 'അഹം ശൂരഃ | } 'ഞാൻ ശൂരനാണ്' |
| | | ഇതി | എന്നു് |
| സ്ത്രീഷു | സ്ത്രീകളുടെ സംഗതിയിൽ | മന്യസേ | നീ കരുതുകയാണ്. |

ഭിന്നമര്യാദ നിർല്ലജ്ജ ചാരിത്രേഷ്വനവസ്ഥിത
ദർപ്പാന്മൃത്യുമുപാദായ ശൂരോഽഹമിതി മന്യസേ. 14

| | | | |
|---|---|---|---|
| "ഭിന്നമര്യാദ | "ധർമ്മമാർഗ്ഗം പിഴച്ചവനേ | മൃത്യും ഉപാദായ | കാലനെ തിരഞ്ഞുകൊണ്ടു് |
| നിർല്ലജ്ജ | ലജ്ജയററവനേ | 'അഹം | 'ഞാൻ |
| ചാരിത്രേഷു | സദ്വൃത്തിയിൽ | ശൂരഃ ഇതി | ശൂരനാകുന്നു' എന്നു് |
| അനവസ്ഥിത | സ്ഥിതിചെയ്യാത്തവനേ | മന്യസേ. | നീ കരുതിയിരിക്കയാണ്. |
| ദർപ്പാത് | അഹങ്കാരത്താൽ | | |

ശൂരേണ ധനദഭ്രാത്രാ ബലൈഃ സമുദിതേന ച
ശ്ലാഘനീയം യശസ്യം ച കൃതം കർമ്മ മഹത് ത്വയാ. 15

| | | | |
|---|---|---|---|
| "ധനദഭ്രാത്രാ | "കുബേരാനുജനും | ശ്ലാഘനീയം | കൊണ്ടാടത്തക്കതും |
| ശൂരേണ | ശൂരനും | യശസ്യം ച | കീർത്തി വിളയിക്കുന്നതും ആയ |
| ബലൈഃ സമുദിതേന ച | } സൈന്യസമേതനും ആയ | മഹത് കർമ്മ | മഹത്തായ കൃത്യമാണ് |
| ത്വയാ | നിന്നാൽ | കൃതം | ചെയ്യപ്പെട്ടതു്! |

ഉത്സേകേനാഭിപന്നസ്യ ഗർഹിതസ്യാഹിതസ്യ ച
കർമ്മണഃ പ്രാപ്നുഹീദാനീം തസ്യാദ്യ സുമഹത് ഫലം. 16

| | | | |
|---|---|---|---|
| "ഉത്സേകേന | "ഗർവ്വത്താൽ | തസ്യ കർമ്മണഃ | ആ പ്രവൃത്തിയുടെ |
| അഭിപന്നസ്യ | നേരിട്ടതും | സുമഹത് ഫലം | വല്ലാതുള്ള ഫലത്തെ |
| ഗർഹിതസ്യ | നിന്ദ്യവും | അദ്യ | ഇന്ന് |
| അഹിതസ്യ ച | തിന്മ വിളയിക്കുന്നതുമായ | ഇദാനീം | ഇപ്പോൾതന്നെ |
| | | പ്രാപ്നുഹി. | നീ പ്രാപിച്ചുകൊൾക. |

ശൂരോഽഹമിതി ചാത്മാനമവഗച്ഛസി ദുർമ്മതേ. 17

| | | | |
|---|---|---|---|
| "ദുർമ്മതേ | "ദുർബ്ബുദ്ധിയായവനേ | ഇതി | എന്ന് |
| 'അഹം ച | ഞാൻ തന്നെയാണ് | ആത്മാനം | തന്നെത്താൻ |
| ശൂരഃ' | ശൂരൻ' | അവഗച്ഛസി. | നീ ധരിച്ചുകൊള്ളുന്നു. |

നൈവ ലജ്ജാഽസ്തി തേ സീതാം ചോരവദ്വ്യപകർഷതഃ 18

| | | | |
|---|---|---|---|
| "സീതാം | "സീതയെ | തേ | നിനക്ക് |
| ചോരവത് | ചോരനെപ്പോലെ | ലജ്ജാ | ലജ്ജയെന്നത് |
| വ്യപകർഷതഃ | കട്ടവനായ | അസ്തി ന ഏവ | ഇല്ലതന്നെ. |

യദി മത്സന്നിധൌ സീതാ ധർഷിതാ സ്യാത് ത്വയാ ബലാത്
ഭ്രാതരം തു ഖരം പശ്യേസ്തദാ മത്സായകൈർഹതഃ 19

| | | | |
|---|---|---|---|
| "ത്വയാ | "നിന്നാൽ | മത്സായകൈഃ | എന്റെ ബാണങ്ങളാൽ |
| മത്സന്നിധൌ | എന്റെമുമ്പിൽവെച്ച് | ഹതഃ | വധിക്കപ്പെട്ടവനായി |
| സീതാ | സീത | ഭ്രാതരം | അനുജനായ |
| ബലാത് | കൈയ്യൂക്കുകൊണ്ട് | ഖരം | ഖരനെയും |
| ധർഷിതാ സ്യാത് | അടക്കപ്പെട്ട എന്നിരുന്നാൽ | തു | അപ്പോൾതന്നെ |
| തദാ | ആ സമയം | പശ്യേഃ | നീ കണ്ടിരിക്കുമായിരുന്നു. |

ദിഷ്ട്യാഽസി മമ ദുഷ്ടാത്മൻ ചക്ഷുർവ്വിഷയമാഗതഃ 20

| | | | |
|---|---|---|---|
| "ദുഷ്ടാത്മൻ | "ദുഷ്ടബുദ്ധിയായവനെ | ആഗതഃ അസി | നീ എത്തിപ്പോയി; |
| മമ | എന്റെ | ദിഷ്ട്യാ | എന്റെ ഇഷ്ടം സാധിച്ചു. |
| ചക്ഷുർവ്വിഷയം | ദൃഷ്ടിയിൽ | | |

അദ്യ ത്വാം സായകൈസ്തീക്ഷ്ണൈർന്നയാമി യമസാദനം. 21

| | | | |
|---|---|---|---|
| "അദ്യ | "ഇപ്പോൾ | ത്വാം | നിന്നെ |
| | | യമസാദനം | യമലോകത്തേയ്ക്ക് |
| തീക്ഷ്ണൈഃ സായകൈഃ | കൂരമ്പുകൾകൊണ്ട് | നയാമി | ഞാൻ പറഞ്ഞയക്കുന്നുണ്ട്. |

അദ്യ തേ മച്ഛരൈശ്ഛിന്നം ശിരോ ജ്വലിതകുണ്ഡലം
ക്രവ്യാദാ വ്യപകർഷന്തു വികീർണ്ണം രണപാംസുഷു. 22

| | | | |
|---|---|---|---|
| "അദ്യ | "ഇപ്പോഠം | ജ്വലിത-കുണ്ഡലം | തിളങ്ങുന്ന കുണ്ഡലങ്ങളോടു കൂടിയ |
| മച്ഛരൈഃ | എൻെറ ബാണങ്ങളാൽ | തേ ശിരഃ | നിൻെറ ശിരസ്സിനെ |
| ഛിന്നം | അറുക്കപ്പെട്ട് | ക്രവ്യാദാഃ | മാംസഭോജികഠം |
| രണപാംസുഷു വികീർണ്ണം | പോർക്കളത്തിലെ പൊടിപുരണ്ട് | വ്യപകർഷന്തു. | വലിച്ചിഴയ്ക്കട്ടെ. |

നിപത്യോരസി ഗൃദ്ധ്രാസ്തേ ക്ഷിതൗ ക്ഷിപ്തസ്യ രാവണ
പിബന്തു രുധിരം തർഷാത് ശരശല്യാന്തരോത്ഥിതം. 23

| | | | |
|---|---|---|---|
| "രാവണ | "രാവണ | ശരശല്യാന്ത-രോത്ഥിതം | ബാണവ്രണങ്ങളിൽ നിന്നു് ചാടുന്ന |
| ഗൃദ്ധ്രാഃ | കഴുക്കഠം | രുധിരം | രക്തത്തെ |
| ക്ഷിതൗ | നിലത്ത് | തർഷാത് | കൊതിയോടെ |
| ക്ഷിപ്തസ്യ തേ | വീഴ്ത്തപ്പെട്ട നിൻെറ | പിബന്തു. | പാനംചെയ്യട്ടെ. |
| ഉരസി നിപത്യ | മാറത്തിരുന്നുകൊണ്ട് | | |

അദ്യ മദ്ബാണഭിന്നസ്യ ഗതാസോഃ പതിതസ്യ തേ
കർഷന്ത്വന്ത്രാണി പതഗാ ഗരുത്മന്ത ഇവോരഗാൻ. 24

| | | | |
|---|---|---|---|
| "അദ്യ | "ഇപ്പോഠം | അന്ത്രാണി | കുടൽമാലകളെ |
| മദ്ബാണ-ഭിന്നസ്യ | എൻെറ ശരങ്ങളാൽ പിളക്കപ്പെട്ട് | ഉരഗാൻ | സർപ്പങ്ങളെ |
| ഗതാസോഃ | ജീവനററ് | ഗരുത്മന്തഃ ഇവ | ഗരുഡന്മാരെന്നപോലെ |
| പതിതസ്യ തേ | മറിഞ്ഞുവീണ നിൻെറ | പതഗാഃ | പക്ഷികഠം |
| | | കർഷന്തു. | കൊത്തിവലിയ്ക്കട്ടെ. |

ദൃഷ്ടോऽസി മഹതഃ കാലാദ്ദിഷ്ട്യാ ദൃഷ്ടിപഥം ഗതഃ
അദ്യ ക്രോധം വിമോക്ഷ്യാമി സീതാഹരണസംഭവം. 25

| | | | |
|---|---|---|---|
| "ദൃഷ്ടഃ | "ദൃഷ്ടനായ നീ | അദ്യ | ഇപ്പോഠം |
| മഹതഃ കാലാത് | ഏറെ നാഠംക്കുശേഷം | സീതാഹരണ-സംഭവം | സീതയെ കട്ടതുകൊണ്ടുള്ള |
| ദൃഷ്ടിപഥം ഗതഃ അസി | എൻെറ കണ്ണിലകപ്പെട്ടിരിക്കുന്നു. | ക്രോധം | കോപത്തെ |
| ദിഷ്ട്യാ | എൻെറ മനോരഥം പൂർത്തിയാകുമാറായി; | വിമോക്ഷ്യാമി." | ഞാൻ വിട്ടൊഴിക്കുന്നതാണ്." |

ഇത്യേവം സംവദൻ വീരോ രാമഃ ശത്രുനിബർഹണഃ
രാക്ഷസേന്ദ്രം സമീപസ്ഥം ശരവർഷൈരവാകിരത്. 26

| | | | |
|---|---|---|---|
| ശത്രുനിബർഹണഃ | ശത്രുവിധ്വംസകനും | സമീപസ്ഥം | അടുത്തിരുന്ന |
| വീരഃ | വീരനുമായ | രാക്ഷസേന്ദ്രം | രക്ഷോനാഥനെ |
| രാമഃ | ശ്രീരാഘവൻ | ശരവർഷൈഃ | ശരനിരകഠംകൊണ്ട് |
| ഇതി ഏവം | ഇപ്രകാരം | അവാകിരത് | ചൊരിഞ്ഞു. |
| സംവദൻ | അരുളിക്കൊണ്ട് | | |

ബഭൂവ ദ്വിഗുണം വീര്യം ബലം ഹർഷശ്ച സംയുഗേ
രാമസ്യാസ്ത്രബലം ചൈവ ശത്രോർന്നിധനകാംക്ഷിണഃ 27

| | | | |
|---|---|---|---|
| ശത്രോഃ നിധനകാംക്ഷിണഃ | ശത്രുവധത്തിൽ നിശ്ചയം പൂണ്ടവനായ | ബലം | ശക്തിയും |
| രാമസ്യ | ശ്രീരാമന്നു് | ഹർഷഃ ച | ഉത്സാഹവും |
| സംയുഗേ | പോരിൽ | അസ്ത്രബലം | അസ്ത്രവീര്യവും |
| വീര്യം | പൌരുഷം | ഏവ ച. | അപ്രകാരം തന്നെ |
| ദ്വിഗുണംബഭൂവ | ദ്വിഗുണീഭവിച്ചു; | | ഇരട്ടിവർദ്ധിച്ചു. |

പ്രാദുർബഭൂവുരസ്ത്രാണി സർവ്വാണി വിദിതാത്മനഃ
പ്രഹർഷാച്ച മഹാതേജാഃ ശീഘ്രഹസ്തതരോഽഭവത്. 28

| | | | |
|---|---|---|---|
| വിദിതാത്മനഃ | സർവ്വജ്ഞനായ ശ്രീരാമന്നു് | മഹാതേജാഃ | ആ മഹാതേജസ്വി |
| സർവ്വാണി അസ്ത്രാണി ച | എല്ലാ അസ്ത്രങ്ങളും | പ്രഹർഷാത് | ഉത്സാഹത്താൽ |
| പ്രാദുർബഭൂവുഃ | പ്രത്യക്ഷമായി ഭവിച്ചു; | ശീഘ്രഹസ്തതരഃ | അതിയായ കൈവേഗമാർന്നവനായി |
| | | അഭവത്. | വിളങ്ങി. |

ശുഭാന്യേതാനി ചിഹ്നാനി വിജ്ഞായാത്മഗതാനി സഃ
ഭൂയ ഏവാർദ്ദയദ്രാമോ രാവണം രാക്ഷസാന്തകൃത്. 29

| | | | |
|---|---|---|---|
| സഃ രാമഃ | ആ ശ്രീരാമൻ | വിജ്ഞായ | അറിഞ്ഞു് |
| ആത്മഗതാനി | തങ്കൽ പ്രത്യക്ഷീഭവിച്ചവയായ | രാക്ഷസാന്തകൃത് | രാക്ഷസ വിനാശത്തെ ചെയ്യുന്നവനായി |
| ഏതാനി | ഈ | രാവണം | രാവണനെ |
| ശുഭാനി | ശുഭ | ഭൂയഃ ഏവ | വീണ്ടും |
| ചിഹ്നാനി | ചിഹ്നങ്ങളെ | അർദ്ദയത്. | അത്തൽപ്പെടുത്തി. |

ഹരീണാം ചാശ്മനികരൈഃ ശരവർഷൈശ്ച രാഘവാത്
ഹന്യമാനോ ദശഗ്രീവോ വിഘൂർണ്ണഹൃദയോഽഭവത്. 30

| | | | |
|---|---|---|---|
| ഹരീണാം | വാനരന്മാരുടെ | ശരവർഷൈഃ ച | ശരമാരികൾ കൊണ്ടും |
| അശ്മനികരൈഃ ച | കൽമാരികൾ കൊണ്ടും | ഹന്യമാനഃ | പീഡിക്കപ്പെട്ടവനായ |
| രാഘവാത് | ശ്രീരാഘവങ്കൽ നിന്നുള്ള | ദശഗ്രീവഃ | ദശകണ്ഠൻ |
| | | വിഘൂർണ്ണഹൃദയഃ | മനക്കാമ്പുഴറിയവനായി |
| | | അഭവത്. | ഭവിച്ചു. |

യദാ ച ശസ്ത്രം നാരേഭേ ന വ്യകർഷച്ഛരാസനം
നാസ്യ പ്രത്യകരോദ്വീര്യം വിക്ലബേനാന്തരാത്മനാ. 31

| | | | |
|---|---|---|---|
| ശസ്ത്രം | ആയുധത്തെ | അന്തരാത്മനാ | ചിത്തത്തോടുകൂടി |
| ആരേഭേ ന | എടുത്തില്ല | അസ്യ | ശ്രീരാമന്റെ |
| യദാ | എന്നതിനാലും | വീര്യം പ്രതി | പരാക്രമത്തിന്നു മറുകൈയ്യ് |
| ശരാസനം | ചാപത്തെ | അകരോത് ന. | ഒന്നും ചെയ്യാതിരുന്നതിനാലും |
| വ്യകർഷത് ന ച | വളച്ചില്ല എന്നതിനാലും | | |
| വിക്ലബേന | ഉഴറിയ | | |

ക്ഷിപ്താശ്ചാപി ശരാസ്തേന ശസ്ത്രാണി വിവിധാനി ച
ന രണാർത്ഥായ വർത്തന്തേ മൃത്യുകാലേऽഭിവർത്തതഃ. 32
സൂതസ്തു രഥനേതാऽസ്യ തദവസ്ഥം സമീക്ഷ്യ തം
ശനൈര്യുദ്ധാദസംഭ്രാന്തോ രഥം തസ്യാപവാഹയത്. 33

| | | | |
|---|---|---|---|
| മൃത്യുകാലേ | മരണമടുത്തതായ സമയത്തിൽ | രഥനേതാ | തേർ തെളിക്കുന്ന |
| അഭിവർത്തത: | പോരിന്നായി വന്നിരിക്കുന്ന അവന്റെ | സൂത: തു | സൂതനും |
| വിവിധാനി ശസ്ത്രാണി ച | പല ആയുധങ്ങളും | തദവസ്ഥം | അപ്രകാരമുള്ള അവസ്ഥയിലെത്തിയ |
| തേന ക്ഷിപ്താ: | അവനാൽ എയ്യപ്പെട്ട | തം സമീക്ഷ്യ | അവനെ കണ്ടു് |
| ശരാ: അപി ച | ശരങ്ങളും | അസംഭ്രാന്ത: | ഒരു പതർച്ചയുമില്ലാതെ |
| രണാർത്ഥായ വർത്തന്തേ ന | പോരിൽനിഷ്ഫലങ്ങളാകയാലും | ശനൈ: | മെല്ലെ |
| അസ്യ | ഈ രാവണന്റെ | യുദ്ധാത് | പോരിൽനിന്നു് |
| | | തസ്യ രഥം | അവന്റെ രഥത്തെ |
| | | അപവാഹയത്. | പിൻമാററി കൊണ്ടുപോയ്ക്കളഞ്ഞു. |

ഇത്യാർഷേ ശ്രീമദ്രാമായണേ വാൽമീകീയേ ആദികാവ്യേ യുദ്ധകാണ്ഡേ
പഞ്ചോത്തരശതതമഃ സർഗ്ഗഃ = നൂററഞ്ചാം സർഗ്ഗം സമാപ്തം
ആദ്യം മുതൽ ശ്ലോകസംഖ്യ 19614; യുദ്ധകാണ്ഡം ആദ്യം മുതൽ ശ്ലോകസംഖ്യ 4939

—oo—

## ഷഡുത്തരശതതമഃ സർഗ്ഗഃ = നൂററാറാംസർഗ്ഗം

[സൂതഭർത്സനം=സാരഥിയെ രാവണൻ ഭർത്സിക്കുന്നതു്]

സ തു മോഹാത് സുസംക്രുദ്ധഃ കൃതാന്തബലചോദിതഃ
ക്രോധസംരക്തനയനോ രാവണഃ സൂതമബ്രവീത്. 1

| | | | |
|---|---|---|---|
| കൃതാന്തബലചോദിത: | കാലന്റെ ശക്തിയാൽ പ്രേരിതനായ | സുസംക്രുദ്ധ: | അതിക്രുദ്ധനായി |
| സ: രാവണ: തു | ആ രാവണനും | ക്രോധസംരക്തനയന: | കോപത്താൽ അരുണിതനേത്രനായി |
| മോഹാത് | മതികേടിനാൽ | സൂതം | സൂതനോടായി |
| | | അബ്രവീത്. | ഉരചെയ്തു. |

ഹീനവീര്യമിവാശക്തം പൌരുഷേണ വിവർജ്ജിതം
ഭീരും ലഘുമിവാസത്വം വിഹീനമിവ തേജസാ 2
വിമുക്തമിവ മായാഭിരസ്ത്രൈരിവ ബഹിഷ്കൃതം
മാമവജ്ഞായ ദുർബ്ബുദ്ധേ സ്വയാ ബുദ്ധ്യാ വിചേഷ്ടസേ. 3

| | |
|---|---|
| "ദുർബുദ്ധേ | "മതികെട്ടവനെ |
| പൌരുഷേണ വിവർജ്ജിതം | പൌരുഷം പോയി |
| അശക്തം | ശക്തിയററ് |
| ഹീനവീര്യം | വീര്യം നശിച്ച ഒരുവനെ |
| ഇവ | എപ്രകാരമോ അപ്രകാരവും |
| അസത്വം | ഗുണഹീനനും |
| ഭീരും | ഭീരുവുമായ |
| ലഘും | ഒരു അല്പനെ |
| ഇവ | എപ്രകാരമോ അപ്രകാരവും |
| തേജസാ വിഹീനം ഇവ | പ്രതാപമററുള്ളവനെ എപ്രകാരമോ അപ്രകാരവും |
| മായാഭിഃ വിമുക്തം ഇവ | മായാവിദ്യയില്ലാത്തഒരുവനെ എന്നപോലെയും |
| അസ്ത്രൈഃ ബഹിഷ്കൃതം ഇവ | അസ്ത്രമന്ത്രങ്ങളാൽ വർജ്ജിക്കപ്പെട്ടവനെ എന്നപോലെയും |
| മാം | എന്നെ |
| അവജ്ഞായ | ഒട്ടും ഗണിക്കാതെ |
| സ്വയാ ബുദ്ധ്യാ | താന്തോന്നിത്തം കയ്ക്കൊണ്ട് |
| വിചേഷ്ടസേ | നീ പ്രവൃത്തിക്കയാണ്. |

കിമർത്ഥം മാമവജ്ഞായ മച്ഛന്ദമനവേക്ഷ്യ ച
ത്വയാ ശത്രോഃ സമക്ഷം മേ രഥോഽയമപവാഹിതഃ 4

| | |
|---|---|
| 'മാം | 'എന്നെ |
| അവജ്ഞായ | കൂട്ടാക്കാതെയും |
| മച്ഛന്ദം | എന്റെ അഭിപ്രായത്തെ |
| അനവേക്ഷ്യ ച | അറിയാതെയും |
| ശത്രോഃ സമക്ഷം | ശത്രുവിന്റെ മുമ്പിൽ |
| മേ അയം രഥഃ | എന്റെ ഈ രഥം |
| കിമർത്ഥം | എന്തുകാരണത്താലാണ് |
| ത്വയാ | നിന്നാൽ |
| അപവാഹിതഃ | പിൻമാററപ്പെട്ടതു്? |

ത്വയാഽദ്യ ഹി മമാനാര്യ ചിരകാലസമാർജ്ജിതം
യശോ വീര്യം ച തേജശ്ച പ്രത്യയശ്ച വിനാശിതഃ 5

| | |
|---|---|
| "അനാര്യ | "ദുരാചാരമാർന്നവനെ |
| അദ്യ ഹി | ഇപ്പോഴാകട്ടെ |
| ചിരകാലം സമാർജ്ജിതം | ഏറെ നാളായി സമ്പാദിക്കപ്പെട്ടതായ |
| മമ യശഃ | എന്റെ യശസ്സും |
| വീര്യം | വീര്യവും |
| തേജഃ ച | പൌരുഷവും |
| പ്രത്യയഃ ച | വിശ്വാസവും |
| ച | എല്ലാം |
| ത്വയാ | നിന്നാൽ |
| വിനാശിതഃ | ഇല്ലാതാക്കപ്പെട്ടു. |

ശത്രോഃ പ്രഖ്യാതവീര്യസ്യ രഞ്ജനീയസ്യ വിക്രമൈഃ
പശ്യതോ യുദ്ധലുബ്ധോഽഹം കൃതഃ കാപുരുഷസ്ത്വയാ 6

| | |
|---|---|
| 'പ്രഖ്യാതവീര്യസ്യ | 'വിശ്രുത വീര്യശാലിയും |
| വിക്രമൈഃ | പരാക്രമ പ്രവൃത്തികൾ കൊണ്ട് |
| രഞ്ജനീയസ്യ | വശപ്പെടുത്തപ്പെടേണ്ടവനുമായ |
| ശത്രോഃ പശ്യതഃ | ശത്രു നോക്കിക്കൊണ്ടിരിക്കുമ്പോൾ തന്നെ |
| യുദ്ധലുബ്ധഃ | യുദ്ധം കൊതിച്ചിരുന്ന |
| അഹം | ഞാൻ |
| ത്വയാ | നിന്നാൽ |
| കാപുരുഷഃ കൃതഃ | വിഡ്ഢിവേഷം കെട്ടിക്കപ്പെട്ടു. |

യസ്ത്വം രഥമിമം മോഹാന്നചോദ്വഹസി ദുർമ്മതേ
സത്യോऽയം പ്രതിതർക്കോ മേ പരേണ ത്വമുപസ്കൃതഃ 7

| | | | |
|---|---|---|---|
| "ദുർമ്മതേ | "ബുദ്ധികെട്ടവനെ | അയം മേ | ഈ എന്റെ |
| യഃ ത്വം | യാതൊരു നീ | പ്രതിതർക്കഃ | ഊഹം |
| മോഹാത് | മതിമോഹത്താൽ | സത്യഃ | ശരിയായതാണ്; |
| ഇമം രഥം ച | ഈ തേരിനേയും | ത്വം പരേണ | നീ ശത്രുവിനാൽ |
| ഉദ്വഹസി ന | തെളിച്ചുകൊണ്ടു പോകാതിരിക്കുന്നുവോ | ഉപസ്കൃതഃ | വശീകരിക്കപ്പെട്ടവൻ തന്നെ. |

ന ഹി തദ്വിദ്യതേ കർമ്മ സുഹൃദോ ഹിതകാംക്ഷിണഃ
രിപൂണാം സദൃശം ചൈതന്ന ത്വയൈതത് സ്വനുഷ്ഠിതം. 8

| | | | |
|---|---|---|---|
| "തത് | "അപ്രകാരമുള്ള | രിപൂണാം ച | ശത്രുക്കൾക്ക് മാത്രമേ |
| കർമ്മ ഹി | കൃത്യമാകട്ടെ | സദൃശം | യോജിപ്പുള്ളു; |
| ഹിത-കാംക്ഷിണഃ | നന്മയെ ആഗ്രഹിക്കുന്ന | ത്വയാ | നിന്നാൽ |
| സുഹൃദഃ | സുഹൃത്തിന്ന് | ഏതത് | ഈ കൃത്യം |
| വിദ്യതേ ന | ഉണ്ടാകാത്തതാണ്. | സ്വനുഷ്ഠിതം ന. | ഹിതത്തിന്നായ് ചെയ്യപ്പെട്ടതല്ല. |
| ഏതത് | ഈ പ്രവൃത്തി | | |

നിവർത്തയ രഥം ശീഘ്രം യാവന്നോപൈതി മേ രിപുഃ
യദി വാऽധ്യുഷിതോ വാऽസി സ്മൃത്യന്തേ യദി വാ ഗുണാഃ. 9

| | | | |
|---|---|---|---|
| "അധ്യുഷിതഃ അസി യദി വാ | "നീ എന്റെ കൂടെയുള്ള ബന്ധുവാണെന്നുള്ള പക്ഷം | മേ രിപുഃ | എന്റെ ശത്രു |
| | | ഉപൈതി ന യാവത് | ഇങ്ങോട്ടു തിരിഞ്ഞുവരുന്നതിന്നു മുമ്പുതന്നെ |
| ഗുണാഃ വാ | ചെയ്ത ഉപകാരങ്ങളോ | ശീഘ്രം | വേഗത്തിൽ |
| സ്മൃത്യന്തേ യദി വാ | ഓർക്കപ്പെടുന്നു എന്നുള്ള പക്ഷം | രഥം നിവർത്തയ" | രഥത്തെ തിരിച്ചു കൊണ്ടുപോയാലും." |

ഏവം പരുഷമുക്തസ്തു ഹിതബുദ്ധിരബുദ്ധിനാ
അബ്രവീദ്രാവണം സൂതോ ഹിതം സാന്തനയം വചഃ 10

| | | | |
|---|---|---|---|
| തു | അപ്പോൾ | സൂതഃ | സാരഥി |
| അബുദ്ധിനാ | അറിവററ ആ രാവണനാൽ | സാന്തനയം | പ്രസാദിപ്പിക്കുന്നതും |
| ഏവം | മേൽപ്രകാരം | ഹിതം | നന്മയെ വിളയിക്കുന്നതുമായ |
| പരുഷം | കടുതായ മൊഴി | | |
| ഉക്തഃ | ഉരചെയ്യപ്പെട്ടവനും | വചഃ | വാക്യത്തെ |
| ഹിതബുദ്ധിഃ | ഹിതത്തെ ഉദ്ദേശിക്കുന്നവനും ആയ | രാവണം | രാവണനോടായി |
| | | അബ്രവീത് | ഇപ്രകാരം ഉണർത്തിച്ചു. |

ന ഭീതോഽസ്മി ന മൂഢോഽസ്മി നോപജപ്തോഽസ്മി ശത്രുഭിഃ
ന പ്രമത്തോ ന നിഃസ്നേഹോ വിസ്മൃതാ ന ച സത്ക്രിയാ. 11

| | | | |
|---|---|---|---|
| "ഭീത: ന അസ്മി | "അടിയൻ ഭയപ്പെട്ടവനുമല്ല; | പ്രമത്ത: ന | അഹമ്മതിയുള്ളവനു മല്ല; |
| മൂഢ: ന അസ്മി | അറിയാത്തവനുമല്ല; | നി:സ്നേഹ: ന | കൂറില്ലാത്തവനുമല്ല; |
| ശത്രുഭി: | ശത്രുക്കളാൽ | സത്ക്രിയാ ച | ചെയ്ത ഉപകാരം |
| ഉപജപ്തഃ ന അസ്മി | വശീകരിക്കപ്പെട്ടവനു മല്ല; | വിസ്മൃതാ ന | വിസ്മരിക്കപ്പെട്ടിട്ടുമില്ല. |

മയാ തു ഹിതകാമേന യശശ്ച പരിരക്ഷതാ
സ്നേഹപ്രസ്കന്നമനസാ പ്രിയമിത്യപ്രിയം കൃതം. 12

| | | | |
|---|---|---|---|
| "ഹിതകാമേന | "ക്ഷേമത്തെ ഉദ്ദേശി [ച്ചവനും | മയാ | അടിയനാൽ |
| യശ: | യശസ്സിനെ | തു | ഇപ്പോഴാം |
| പരിരക്ഷതാ | വഴിപോലെ രക്ഷിക്ക ന്നവനും | പ്രിയം ഇതി | നന്മയാണെന്നു കരുതി |
| സ്നേഹ-പ്രസ്കന്ന-മനസാ ച | സ്വാമിഭക്തി കവി ഞ്ഞൊഴുകുന്ന ചിത്ത ത്തോടുകൂടിയവനുമായ | അപ്രിയം കൃതം | നിന്തിരുവടിക്ക് ഇഷ്ട മല്ലാത്തത് ചെയ്യപ്പെട്ടു. |

നാസ്മിന്നർത്ഥേ മഹാരാജ ത്വം മാം പ്രിയഹിതേ രതം
കശ്ചില്ലഘുരിവാനാര്യോ ദോഷതോ ഗന്തുമർഹസി. 13

| | | | |
|---|---|---|---|
| "മഹാരാജ | "മഹാരാജാവേ | ത്വം | നിന്തിരുവടി |
| പ്രിയഹിതേ | നന്മയിലും ക്ഷേമത്തി ലും | അനാര്യ: | നീചനായ |
| | | കശ്ചിത് | ഏതോ ഒരു |
| രതം | താല്പര്യം പൂണ്ടവനായ | ലഘു: ഇവ | നിസ്സാരനെന്നപോലെ |
| മാം | എന്നെ | ദോഷത: | കുററക്കാരനെന്നു തിരു |
| അസ്മിൻ അർത്ഥേ | ഇക്കാര്യത്തിൽ | ഗന്തും | വുള്ളത്തിൽ കയ്ക്കൊ |
| | | അർഹസി ന. | ള്ളാതിരുന്നാലും. |

ശ്രൂയതാം ത്വഭിധാസ്യാമി യന്നിമിത്തം മയാ രഥഃ
നദീവേഗ ഇവാഭോഗേ സംയുഗേ വിനിവർത്തിതഃ 14

| | | | |
|---|---|---|---|
| "ആഭോഗേ | "വേലിയേററത്തിൽ | മയാ | എന്നാൽ |
| നദീവേഗ: ഇവ | നദിയുടെ പ്രവാഹമെ | രഥ: | തേർ പിൻ തിരിക്ക |
| സംയുഗേ | പോരിൽ [ന്നപോലെ | വിനിവർത്തിത: | പ്പെട്ടുവോ, അതിനെ |
| യന്നിമിത്തം തു | യാതൊരു കാരണമായി മാത്രം | അഭിധാസ്യാമി | ഞാൻ ഉണർത്തിക്കാം, |
| | | ശ്രൂയതാം | ചെവിക്കൊണ്ടാലും. |

ശ്രമം തവാവഗച്ഛാമി മഹതാ രണകർമ്മണാ
ന ഹി തേ വീര സൌമുഖ്യം പ്രഹർഷം വോപധാരയേ. 15

| | | | |
|---|---|---|---|
| "തവ | "നിന്തിരുവടിക്കു് | വീര | വീര |
| മഹതാ | പെരുതായ | തേ ഹി | നിന്തിരുവടിക്കോ |
| രണകർമ്മണാ | യുദ്ധകൃത്യത്താൽ | സൌമുഖ്യം | മുഖപ്രസാദത്തേയോ |
| ശ്രമം | ക്ഷീണമുണ്ടെന്നു് | പ്രഹർഷം വാ | ഉത്സാഹത്തേയോ |
| അവഗച്ഛാമി | ഞാൻ അറിയുന്നു; | ഉപധാരയേ ന. | ഞാൻ കാണുന്നതുമില്ല; |

രഥോദ്വഹനഖിന്നാശ്ച ത ഇമേ രഥവാജിനഃ
ദീനാ ഘർമ്മപരിശ്രാന്താ ഗാവോ വർഷഹതാ ഇവ. 16

| | | | |
|---|---|---|---|
| "തേ | "നിന്തിരുവടിക്കു് | ഘർമ്മ- പരിശ്രാന്താഃ | വെയിലേററു് തളർന്നവയായി |
| ഇമേ രഥ- വാജിനഃ ച | ഈ തേർക്കുതിരകളും | ദീനാഃ | ഉന്മേഷമററവയായി |
| വർഷഹതാഃ | മഴകൊണ്ടു് കുഴങ്ങിയ | രഥോദ്വ- ഹനഖിന്നാഃ | രഥത്തെ വഹിപ്പാൻ കഷ്ടപ്പെടുന്നുമുണ്ടു്. |
| ഗാവഃ ഇവ | പശുക്കളെന്നപോലെ | | |

നിമിത്താനി ച ഭൂയിഷ്ഠം യാനി പ്രാദുർഭവന്തി നഃ
തേഷു തേഷ്വഭിപന്നേഷു ലക്ഷയാമ്യപ്രദക്ഷിണം. 17

| | | | |
|---|---|---|---|
| "നഃ | "നമുക്കു് | അഭിപന്നേഷു | നേരിട്ടു കാണുന്ന |
| ഭൂയിഷ്ഠം | പലമാതിരിയായ | തേഷു തേഷു | അവയിലെല്ലാം |
| യാനി നിമിത്താനി | യാതൊരു ശകുനങ്ങൾ | അപ്ര- ദക്ഷിണം ച | അശുഭത്തെത്തന്നെയാണു് |
| പ്രാദുർഭവന്തി | കാണപ്പെടുന്നുവോ | ലക്ഷയാമി. | ഞാൻ കാണുന്നതു്. |

ദേശകാലൌ ച വിജ്ഞേയൌ ലക്ഷണാനീംഗിതാനി ച
ദൈന്യം ഖേദശ്ച ഹർഷശ്ച രഥിനശ്ച ബലാബലം
സ്ഥലനിമ്നാനി ഭൂമേശ്ച സമാനി വിഷമാനി ച
യുദ്ധകാലശ്ച വിജ്ഞേയഃ പരസ്യാന്തരദർശനം 19
ഉപയാനാപയാനേ ച സ്ഥാനം പ്രത്യപസർപ്പണം
സർവ്വമേതദ്രഥസ്ഥേന ജ്ഞേയം രഥകുടുംബിനാ. 20

| | | | |
|---|---|---|---|
| "രഥസ്ഥേന | "രഥത്തിൽ വർത്തിക്കുന്ന | ഖേദഃ ച | പരിശ്രമവും |
| രഥകുടുംബിനാ | സാരഥിയാൽ | ഹർഷഃ ച | ഉത്സാഹവും |
| ദേശകാലൌ ച | ദേശകാലങ്ങളും | ബലാബലം ച | ബലാബലങ്ങളും |
| വിജ്ഞേയൌ | അറിയപ്പെടേണ്ടവയാകുന്നു; | ഭൂമേഃ | നിലത്തിന്റെ |
| ലക്ഷണാനി | ശകുനം മുതലായ ലക്ഷണങ്ങളും | സ്ഥലനിമ്നാനി | മേടുകളും കുണ്ടുകളും |
| രഥിനഃ | തേരിൽ വർത്തിക്കുന്ന യോദ്ധാവിന്റെ | സമാനി | നിരപ്പുകളും |
| ഇംഗിതാനി ച | (മുഖപ്രസാദംമുതലായ) അംഗലക്ഷണങ്ങളും | വിഷമാനി ച | ദുർഘടങ്ങളും |
| ദൈന്യം | ഉന്മേഷമില്ലായ്മയും | പരസ്യ | ശത്രുവിന്റെ |
| | | അന്തരദർശനം ച | പഴുതുകൾ നോക്കിക്കാണുക എന്നതും |
| | | ഉപയാനാപ- യാനേ ച | അടുക്കുന്നതും വിലകുന്നതും |

| | | | |
|---|---|---|---|
| സ്ഥാനം | നില്പും | യുദ്ധകാലഃ ച | (ശത്രു)യുദ്ധത്തിനൊരുങ്ങുന്ന കാലവും |
| പ്രത്യപസർപ്പണം | എതിർത്തുചെല്ലുന്നതും | വിജ്ഞേയഃ | ഗ്രഹിക്കപ്പെടേണ്ടതാകുന്നു. |
| ഏതത് സർവ്വം | ഇതെല്ലാം | | |
| ജ്ഞേയം | അറിയപ്പെടേണ്ടതാണ്; | | |

തവ വിശ്രമഹേതോശ്ച തഥൈഷാം രഥവാജിനാം
രൌദ്രം വർജ്ജയതാ ഖേദം ക്ഷമം കൃതമിദം മയാ. 21

| | | | |
|---|---|---|---|
| "തവ ച | "നിന്തിരുവടിക്കും | രൌദ്രം ഖേദം | അസഹ്യമായ തളർച്ചയെ |
| ഏഷാം | ഈ | വർജ്ജയതാ | കളയുന്നവനായ |
| രഥവാജിനാം തഥാ | തേർക്കുതിരകൾക്കും | മയാ | എന്നാൽ |
| | | ക്ഷമം | തക്കതുതന്നെയാണ് |
| വിശ്രമഹേതോഃ | ശ്രമപരിഹാരാർത്ഥം | ഇദം കൃതം | ഇപ്പോൾ ചെയ്യപ്പെട്ടതു. |

ന മയാ സ്വേച്ഛയാ വീര രഥോഽയമപവാഹിതഃ 22

| | | | |
|---|---|---|---|
| "വീര | "വീര | സ്വേച്ഛയാ | താന്തോന്നിത്തം കൊണ്ട് |
| മയാ | എന്നാൽ | | |
| അയം രഥഃ | ഈ രഥം | അപവാഹിതഃന | പിൻമാററപ്പെട്ടതല്ല. |

ഭർത്തൃസ്നേഹപരീതേന മയേദം യത് കൃതം വിഭോ. 23

| | | | |
|---|---|---|---|
| "വിഭോ | "പ്രഭോ | യത് | അപ്രകാരമുള്ള |
| മയാ | എന്നാൽ | ഇദം | ഈ കൃത്യം |
| ഭർത്തൃസ്നേഹപരീതേന | സ്വാമിഭക്തിക്ക് വശപ്പെട്ടവനായിട്ടാണ് | കൃതം | ചെയ്യപ്പെട്ടത്. |

ആജ്ഞാപയ യഥാതത്ത്വം വക്ഷ്യസ്യരിനിഷൂദന
തത് കരിഷ്യാമ്യഹം വീര ഗതാനൃണ്യേന ചേതസാ 24

| | | | |
|---|---|---|---|
| "അരിനിഷൂദന | "ശത്രുവിധ്വംസക | തത് | അതിനെ |
| വീര | വീര | അഹം | അടിയൻ |
| ആജ്ഞാപയ | കല്പിച്ചരുളിയാലും | ഗതാനൃണ്യേന ചേതസാ | കടമയാണെന്നുള്ള ബോധത്തോടുകൂടി |
| യഥാ തത്ത്വം | വേണ്ടുന്നതിനെ എപ്രകാരം | | |
| വക്ഷ്യസി | കല്പിക്കുന്നുവോ | കരിഷ്യാമി." | ചെയ്യുന്നുണ്ട്." |

സന്തുഷ്ടസ്തേന വാക്യേന രാവണസ്തസ്യ സാരഥേഃ
പ്രശസ്യൈനം ബഹുവിധം യുദ്ധലുബ്ധോഽബ്രവീദിദം. 25

| | | | |
|---|---|---|---|
| രാവണഃ | രാവണൻ | ബഹുവിധം | പലവാററായി |
| തസ്യ സാരഥേഃ | ആ സാരഥിയുടെ | പ്രശസ്യ | പുകഴ്ത്തിയശേഷം |
| തേന വാക്യേന | ആ വാക്യത്താൽ | യുദ്ധലുബ്ധഃ | യുദ്ധത്തിൽ കൊതിപൂണ്ടവനായി |
| സന്തുഷ്ടഃ | സന്തുഷ്ടനായി | | |
| ഏനം | ഇവനെ | ഇദം അബ്രവീത് | ഇപ്രകാരം ഉരചെയ്തു. |

രഥം ശീഘ്രമിമം സൂത രാഘവാഭിമുഖം കുരു
നാഹത്വാ സമരേ ശത്രൂൻ നിവർത്തിഷ്യതി രാവണഃ 26

| | | | |
|---|---|---|---|
| "സൂത | "സൂത | രാവണഃ | രാവണൻ |
| ഇമം രഥം | ഈ രഥത്തെ | സമരേ ശത്രൂൻ | പോരിൽ ശത്രുക്കളെ |
| ശീഘ്രം | ഉടനെ | അഹത്വാ | വധിക്കാതെ |
| രാഘവാഭിമുഖം കുരു | രാമന്റെ മുമ്പിൽ നിർത്തുക | നിവർത്തിഷ്യതി ന" | പിൻതിരിക്കുന്നതല്ല." |

ഏവമുക്ത്വാ തതസ്തുഷ്ടോ രാവണോ രാക്ഷസേശ്വരഃ
ദദൌ തസ്മൈ ശുഭം ഹ്യേകം ഹസ്താഭരണമുത്തമം. 27

| | | | |
|---|---|---|---|
| രാക്ഷസേശ്വരഃ | രാക്ഷസാധിപനായ | തസ്മൈ | ആ സൂതന്നു് |
| രാവണഃ | രാവണൻ | ശുഭം ഏകം | മനോഹരമായ ഒരു |
| ഏവം ഉക്ത്വാ | ഇപ്രകാരം ആജ്ഞാപിച്ചു് | ഉത്തമം ഹസ്താഭരണം ഹി | ഉത്തമമായ കൈവളയം |
| തതഃ | ആ സമയം | ദദൌ | സമ്മാനിച്ചു. |
| തുഷ്ടഃ | സന്തുഷ്ടചിത്തനായി | | |

ശ്രുത്വാ രാവണവാക്യം തു സാരഥിഃ സംന്യവർത്തത. 28

| | | | |
|---|---|---|---|
| തു | അപ്പോൾ | ശ്രുത്വാ | കൈക്കൊണ്ടു് |
| സാരഥിഃ | സാരഥി | | |
| രാവണവാക്യം | രാവണാജ്ഞ | സംന്യവർത്തത | പിൻതിരിച്ചു. |

തതോ ദ്രുതം രാവണവാക്യചോദിതഃ
പ്രചോദയാമാസ ഹയാൻ സ സാരഥിഃ
സ രാക്ഷസേന്ദ്രസ്യ തതോ മഹാരഥഃ
ക്ഷണേന രാമസ്യ രണാഗ്രതോऽഭവത്. 29

| | | | |
|---|---|---|---|
| സഃ സാരഥിഃ | ആ സാരഥി | തതഃ | അപ്പോൾ |
| തതഃ | അപ്പോൾ | രാക്ഷസേന്ദ്രസ്യ | രക്ഷോനാഥന്റെ |
| രാവണവാക്യചോദിതഃ | രാവണാജ്ഞ കൈക്കൊണ്ടവനായി | സഃ മഹാരഥഃ | ആ വൻതേരു് |
| ഹയാൻ | കുതിരകളെ | ക്ഷണേന | ഞൊടിയിടകൊണ്ടു് |
| ദ്രുതം | വേഗത്തിൽ | രാമസ്യ | ശ്രീരാമന്നു |
| പ്രചോദയാമാസ | തെളിച്ചു; | രണാഗ്രതഃ | പോർമുമ്പിലായി |
| | | അഭവത് | വർത്തിച്ചു. |

ഇത്യാർഷേ ശ്രീമദ്രാമായണേ വാല്മീകീയേ ആദികാവ്യേ യുദ്ധകാണ്ഡേ
ഷഡുത്തരശതതമഃ സർഗ്ഗഃ=നൂററാറാംസർഗ്ഗം സമാപ്തം.

ആദ്യംമുതൽ ശ്ലോകസംഖ്യ 19643; യുദ്ധകാണ്ഡം ആദ്യംമുതൽ ശ്ലോകസംഖ്യ 4968

————

## സപ്തോത്തരശതതമഃ സർഗ്ഗഃ = നൂറേഴാം സർഗ്ഗം.

[ആദിത്യഹൃദയമന്ത്രോപദേശഃ = അഗസ്ത്യമുനി ആദിത്യഹൃദയം ഉപദേശിക്കുന്നതു്]

തതോ യുദ്ധപരിശ്രാന്തം സമരേ ചിന്തയാ സ്ഥിതം
രാവണം ചാഗ്രതോ ദൃഷ്ട്വാ യുദ്ധായ സമുപസ്ഥിതം 1
ദൈവതൈശ്ച സമാഗമ്യ ദ്രഷ്ടുമഭ്യാഗതോ രണം
ഉപാഗമ്യാബ്രവീദ്രാമമഗസ്ത്യോ ഭഗവാനൃഷിഃ 2

| | |
|---|---|
| ദൈവതൈഃ സമാഗമ്യ | ദേവന്മാരോടുംകൂടി |
| രണം ദ്രഷ്ടും | യുദ്ധം കാണ്മാൻ വേണ്ടി |
| അഭ്യാഗതഃ | വന്നിരുന്ന |
| ഭഗവാൻ | ഷാഡ്ഗുണ്യപരിപൂർണ്ണനായ |
| അഗസ്ത്യഃ ഋഷിഃ ച | അഗസ്ത്യമഹർഷിയും |
| തതഃ | അപ്പോൾ |
| യുദ്ധപരിശ്രാന്തം | യുദ്ധത്തിൽ തളർച്ച പൂണ്ടവനായി |
| സമരേ | പോരിൽ |
| ചിന്തയാ സ്ഥിതം ച | ചിന്തപൂണ്ടുനിന്നിരുന്ന |
| രാവണം | രാവണനെ |
| അഗ്രതഃ ദൃഷ്ട്വാ | മുമ്പിൽ കണ്ടു് |
| യുദ്ധായ | പോരിന്നായി |
| സമുപസ്ഥിതം | സന്നദ്ധനായിരുന്ന |
| രാമം ഉപാഗമ്യ | ശ്രീരാമനെ അടുത്തു് |
| അബ്രവീത്. | ഇപ്രകാരം അരുളിച്ചെയ്തു. |

രാമ രാമ മഹാബാഹോ ശൃണു ഗുഹ്യം സനാതനം
യേന സർവ്വാനരീൻ വത്സ സമരേ വിജയിഷ്യസി 3
ആദിത്യഹൃദയം പുണ്യം സർവ്വശത്രുവിനാശനം
ജയാവഹം ജപേന്നിത്യമക്ഷയ്യം പരമം ശിവം 4
സർവ്വമംഗലമാംഗല്യം സർവ്വപാപപ്രണാശനം
ചിന്താശോകപ്രശമനമായുർവ്വർദ്ധനമുത്തമം. 5

| | |
|---|---|
| "വത്സ | "വത്സ |
| രാമ | ലോകാഭിരാമ |
| രാമ | ശ്രീരാമ |
| മഹാബാഹോ | മഹാബാഹോ |
| സമരേ | പോരിൽ |
| യേന | യാതൊന്നിനാൽ |
| അരീൻ | ശത്രുക്കളെ |
| സർവ്വാൻ | എല്ലാവരേയും |
| വിജയിഷ്യസി | ഭവാൻ ജയിക്കുമോ ആയതിനെ |
| ശൃണു | ചെവിക്കൊണ്ടാലും; |
| ഗുഹ്യം | രഹസ്യവും |
| സനാതനം | അനാദിയായുള്ളതും |
| പുണ്യം | പരിപാവനവും |
| സർവ്വശത്രു-വിനാശനം | സർവ്വശത്രുക്കളേയും തോല്പിച്ചു് |
| ജയാവഹം | ജയത്തെ നൽകുന്നതും |
| അക്ഷയ്യം | നാശരഹിതവും |
| പരമം ശിവം | അത്യന്തം മംഗളകരവും |
| സർവ്വമംഗല-മാംഗല്യം | സർവ്വനന്മകൾക്കും മംഗളപ്രദമായുള്ളതും |
| സർവ്വപാപ-പ്രണാശനം | എല്ലാ പാപങ്ങളേയും നശിപ്പിക്കുന്നതും |
| ചിന്താശോക-പ്രശമനം | ആധി, ദുഃഖം എന്നവയെ ഇല്ലാതാക്കുന്നതും |
| ആയുർവ്വർദ്ധനം | ആയുസ്സിനെ അഭിവൃദ്ധിയാക്കുന്നതും |
| ഉത്തമം | (സർവ്വമന്ത്രങ്ങളിൽ വെച്ചു്) ശ്രേഷ്ഠവും ആയ |
| ആദിത്യഹൃദയം | ആദിത്യഹൃദയത്തെ |
| നിത്യം | എപ്പോഴും |
| ജപേത് | ജപിക്കേണ്ടതാകുന്നു. |

രശ്മിമന്തം സമുദ്യന്തം ദേവാസുരനമസ്കൃതം
പൂജയസ്വ വിവസ്വന്തം ഭാസ്കരം ഭുവനേശ്വരം. 6

| | | | |
|---|---|---|---|
| ‘‘രശ്മിമന്തം | ‘‘കിരണയുക്തനായി | ഭാസ്കരം | പ്രകാശത്തെ നൽകുന്നവനും |
| സമുദ്യന്തം | ഉദിച്ചെഴുന്നരുളുന്നവനും | ഭുവനേശ്വരം | ലോകേശ്വരനുമായ |
| ദേവാസുര-നമസ്കൃതം | ദേവാസുരന്മാരാലും നമസ്കരിക്കപ്പെട്ടവനും | വിവസ്വന്തം | ആദിത്യദേവനെ |
| | | പൂജയസ്വ. | അങ്ങ് പൂജിച്ചാലും. |

5. [ഈ ആദിത്യ ഹൃദയസ്തോത്രത്തിന്ന് അഗസ്ത്യഭഗവാൻ ഋഷിയും, അനുഷ്ടുപ്ഛന്ദസ്സും, ബ്രഹ്മാ ദേവതയുമാകുന്നു. ‘‘നിരസ്താശേഷവിഘ്നതയാ ബ്രഹ്മവിദ്യാസിദ്ധൌ സർവ്വത്ര ജയസിദ്ധൌ ച വിനിയോഗഃ” (സർവ്വവിഘ്നനിവാരണദ്വാരാ ബ്രഹ്മവിദ്യാസിദ്ധിക്കായും സർവ്വത്ര വിജയസിദ്ധിക്കായും വിനിയോഗിക്കപ്പെടുന്നു.) പ്രണവത്തോടുകൂടിയ ഭൂർഭുവസ്സ്വഃ എന്ന വ്യാഹൃതികൾകൊണ്ടും ഗായത്രിയിലെ മൂന്നു പദങ്ങൾകൊണ്ടും ഷഡംഗന്യാസമാകുന്നു. “ജയതു ജയതു സൂര്യം സപ്തലോകൈകദീപം. കിരണശമിതപാപം ക്ലേശദുഃഖസ്യ നാശം. അരുണനിഗമഗമ്യം ചാദിമാദിത്യമൂർത്തിം സകലഭുവനവന്ദ്യം ഭാസ്കരം തം നമാമി.” എന്നു ധ്യാനശ്ലോകമാകുന്നു. പ്രണവംമാത്രംകൊണ്ടും അംഗന്യാസകരന്യാസങ്ങൾ. ആവാമെന്നും, “ഓം രശ്മിമതേ നമഃ അംഗുഷ്ഠാഭ്യാംനമഃ “സമുദ്യതേ നമഃ തർജ്ജനീഭ്യാം നമഃ” എന്നിത്യാദിയായി 6-ാം ശ്ലോകത്തിലുള്ള ആറു നാമങ്ങൾകൊണ്ടും ആവാമെന്നും പക്ഷാന്തരങ്ങൾ. “തതോ യുദ്ധായ” എന്നു തുടങ്ങി ‘‘വചസ്ത്വരേതി’’ എന്നതുവരേയ്ക്കും സ്തോത്രമന്ത്രമാകുന്നു.

ഇപ്രകാരം ശ്രീരാമൻ ഭയത്തെ നടിച്ച് അഗസ്ത്യഭഗവാങ്കൽനിന്നു് ഉപദേശത്തെ വാങ്ങിയത് ലോകത്തിന്നു. ജയസാധനീഭൂതമായ വസ്തുവിനെ പ്രകാശിപ്പിക്കുവാൻ വേണ്ടിയാകുന്നു (തിലകം)

“രാമ രാമ’’ എന്ന ദ്വിരുക്തി ചിന്താവേശംകൊണ്ടും, ആദരവുകൊണ്ടും, കാര്യത്തിന്റെ തിടുക്കംകൊണ്ടുമാകുന്നു.

“മഹാബാഹോ” എന്നതുകൊണ്ട് പൂർവ്വകൃതമായ പരാക്രമം വിവക്ഷിക്കപ്പെടുന്നു. (ഗോ. രാ.)

“ആദിത്യഹൃദയം” (ആദിത്യമണ്ഡലത്തിന്ന് അന്തർവ്വർത്തിയായ പുരുഷനെ സംബന്ധിച്ചത് “യ ഏഷോന്തരാദിത്യേ ഹിരണ്മയഃ പുരുഷോ ദൃശ്യതേ” (ഇത്യാദി ശ്രുതി കാൺക.); അഥവാ; ‘‘അയ പയഗതൌ’’ എന്ന ധാതുപ്രകാരം, ‘‘ആദിത്യനിൽ അന്തർയ്യാമിയായി വർത്തിച്ച് അതിന്നു നിയാമകനായിരിക്കുന്ന പുരുഷനെസംബന്ധിച്ചത്” എന്നുമാം ‘‘യ ആദിത്യേ തിഷ്ഠൻ യമാദാത്യമന്തരോ യമയതി’’ ഇത്യാദി ശ്രുതികൾ കാൺക. (തനിശ്ലോകി)

‘പുണ്യം’’ എന്നതുകൊണ്ട് പാരത്രികമായ ഫലവും, ‘‘സർവ്വശത്രുവിനാശനം’’ ‘‘ജയാവഹം” എന്നവകൊണ്ട് ഐഹികം ഫലവും പറയപ്പെടുന്നു.]

6. ‘‘ഓം രശ്മിമതേ നമഃ’’, ‘‘ഓം സമുദ്യതേ നമഃ’’ ഇത്യാദി നമസ്കാരാർച്ചനാദി മന്ത്രങ്ങളാകുന്നു.

“രശ്മിമതേ നമഃ”:— രശ്മികളുടെ (നിത്യസൂരികളുടെ) മദ്ധ്യത്തിൽ അവഭാസിക്കുന്നവൻ “രശ്മിം രശ്മിനാം മദ്ധ്യേ തപന്തം” എന്നു സുവർണ്ണസൂക്തം. ജ്ഞാനരൂപവും പ്രകാശരൂപവും ആയ രശ്മികളോടുകൂടിയവൻ; പഞ്ചേന്ദ്രിയദ്വാരാ അനേകജ്ഞാനരശ്മികളോടു കൂടിയവൻ.

“സമുദ്യതേ നമഃ”:— അർദ്ധോദയം മുതലായവകൂടാതെ പൂർണ്ണമായി എന്നും ഉദിക്കുന്നവൻ; സൃഷ്ടിപാലനാദിയായ ഉദ്യോഗത്തോടുകൂടിയവൻ ; ഉദയാദ്രിയിൽ ഉദിക്കുന്നവൻ ; “യഃ പൂർവ്വായവേധസേ നവീയസേ” എന്നിത്യാദിശ്രുതിവാക്യപ്രകാരം നവംനവമായി ഉദിതനെന്നപോലെ വർത്തിക്കുന്നവൻ ; ലോകങ്ങളെ ക്രിയകളിൽ പ്രവർത്തിക്കുന്നവൻ.

“ദേവാസുരനമസ്കൃതായ നമഃ”:— സത്വപ്രധാനന്മാരായ ദേവന്മാരാലും തമഃപ്രധാനന്മാരായ അസുരന്മാരാലും, ഉപലക്ഷണമായി രജഃപ്രധാനന്മാരായ മനുഷ്യരാലും വന്ദിക്കപ്പെട്ടവൻ.

“വിവസ്വതേ നമഃ:—“വിവസ്തേ, ആച്ഛാദയതി, തേജോന്തരം” ഇതി വിവസ്വാൻ (മററുള്ള എല്ലാ തേജസ്സിനേയും മറക്കുന്നവൻ.)

“ഭാസ്കരായ നമഃ”:— കരോതീതി കരഃ ഭാസാം കരഃ ഭാസ്കരഃ സർവ്വാവഭാസകൻ; “തസ്യ ഭാസാ സർവ്വമിദം വിഭാതി” ഇത്യാദി ശ്രുതിവാക്യം കാൺക.

“ഭുവനേശ്വരായ നമഃ”:— ഭുവനങ്ങൾക്ക്, അതായത് മൂലാധാരം മുതൽ ബ്രഹ്മരന്ധ്രംവരേയുള്ള യോഗാധാരഭൂമികൾക്ക് അധിഷ്ഠാതാവായുള്ളവൻ; ഭൂരാദികളായ സകല ഭുവനങ്ങൾക്കും പ്രകാശകത്വേന ഈശ്വരനായവൻ; വർഷാതപങ്ങൾ കൊണ്ട് സമസ്തഭുവനാധാരഭൂതനായവൻ.

സർവ്വദേവാത്മകോ ഹ്യേഷ തേജസ്വീ രശ്മിഭാവനഃ
ഏഷ ദേവാസുരഗണാൻ ലോകാൻ പാതി ഗഭസ്തിഭിഃ 7

| | | | |
|---|---|---|---|
| “ഏഷഃ ഹി | “ഈ ആദിത്യഭഗവാൻ തന്നെയാണ് | ഏഷഃ | ഈ ആദിത്യദേവൻ |
| സർവ്വദേവാത്മകഃ | സർവ്വദേവസ്വരൂപിയായി | ദേവാസുരഗണാൻ | ദേവാസുരഗണങ്ങളേയും |
| തേജസ്വീ | സർവ്വാവഭാസകനായി | ലോകാൻ | ലോകങ്ങളേയും |
| രശ്മിഭാവനഃ | രശ്മികൾക്ക് ഹേതുഭൂതനായവൻ; | ഗഭസ്തിഭിഃ | കിരണങ്ങൾകൊണ്ട് |
| | | പാതി | സംരക്ഷിക്കുന്നു. |

7. [സർവ്വദേവാത്മകായ നമഃ”:— സർവ്വദേവസ്വരൂപനായവൻ; സർവ്വദേവാത്മകത്വം സർവ്വാത്മകത്വത്തിന്റെ ഉപലക്ഷണം മാത്രമാകുന്നു “സൂര്യ ആത്മാ ജഗതസ്തസ്ഥുഷശ്ച,” “യഃ സർവ്വദേവേഷു തിഷ്ഠൻ” ഇത്യാദി ശ്രുതി; “സർവ്വേഷാമേവ ദേവാനാം സവിതുർമ്മണ്ഡലേ സ്ഥിതിഃ” ഇത്യാദി കാൺക; സർവ്വദേവന്മാർക്കും ആത്മകം, അതായത് സ്വരൂപാനന്ദം യാതൊരുവങ്കൽനിന്നോ അപ്രകാരമുള്ളവൻ.

“തേജസ്വിനേ നമഃ”:— സർവ്വാവഭാസകരൂപമായ തേജസ്സോടു കൂടിയവൻ പരാഭിഭവന സാമർത്ഥ്യമാർന്നവൻ.

"രശ്മിഭാവനായ നമഃ":- രശ്മീൻ നിത്യമുക്താൻ ഭാവയതി തത്സത്താം നിവ്വഹതീതി" [നിത്യമുക്തന്മാക്ക് ആ അവസ്ഥയെ പ്രദാനം ചെയ്യുന്നവൻ]; "രശ്മിഭിഃ ജ്ഞാനരശ്മിഭി: സവ്വം വസ്തുജാതം ഭാവയതി സത്താസ്ഫൂത്തിമത്സംപാദയതി സഃ (ജ്ഞാനരശ്മികളെക്കൊണ്ട് സവ്വവസ്തുക്കൾക്കും സത്താസ്ഫൂത്തിയെ ഉളവാക്കുന്നവൻ); രശ്മികളെക്കൊണ്ട് യോഗികൾക്ക് ബ്രഹ്മയോഗപ്രാപ്തി നൽകുന്നവൻ.

"ഏഷ...........ഗഭസ്തിഭിഃ":— 'ഏഷഃ' (ഇക്കാണുന്ന) എന്നു പറഞ്ഞതിൽനിന്നു സൂര്യോദയകാലത്തിൽ ഈ സ്തോത്രം ഉപദേശിക്കപ്പെടുന്നു എന്നു ഗ്രാഹ്യമാകുന്നു. [തിലകം] "അഗ്നൌ പ്രാസ്താഹുതി: സമ്യഗാദിത്യമുപതിഷ്ഠതേ. ആദിത്യാജ്ജായതേ വൃഷ്ടിർവൃഷ്ടേരന്നം തതഃ പ്രജാ:'' എന്നിത്യാദി വാക്യപ്രകാരം വൃഷ്ട്യന്നദാനത്താലും "ദേവാൻ ഭാവയതാനേന തേ ദേവാ ഭാവയന്തു വ:' എന്നിത്യാദി വാക്യപ്രകാരം പുരോഡാശാദി ദാനത്താലും എല്ലാവരേയും പാലനം ചെയ്യുന്നവൻ. "യാഭിരാദിത്യസ്തപതി രശ്മിഭിസ്താഭി പർജ്ജന്യോ വഷതി'' ഇത്യാദി ശ്രുതിവാക്യപ്രകാരം ഗഭസ്തികളെക്കൊണ്ടു് [രശ്മികൾകൊണ്ട്] പാലിക്കുന്നു എന്ന് പറയപ്പെട്ടിരിക്കുന്നു.]

ഏഷ ബ്രഹ്മാ ച വിഷ്ണുശ്ച ശിവഃ സ്കന്ദഃ പ്രജാപതിഃ
മഹേന്ദ്രോ ധനദഃ കാലോ യമഃ സോമോ ഹ്യപാംപതിഃ 8

| | | | |
|---|---|---|---|
| ''ഏഷഃ ഹി | ''ഈ ആദിത്യഭഗവാൻ തന്നെയാകുന്നു | മഹേന്ദ്ര: | ദേവേന്ദ്രനും |
| ബ്രഹ്മാ ച | ബ്രഹ്മദേവനും | ധനദഃ | കുബേരനും |
| വിഷ്ണു: ച | വിഷ്ണുഭഗവാനും | കാല: | കാലമൂത്തിയും |
| ശിവഃ | പരമശിവനും | യമ: | യമധമ്മരാജാവും |
| സ്കന്ദഃ | ഷൺമുഖനും | സോമ: | സോമനും |
| പ്രജാപതി: | പ്രജാപതിയും | അപാംപതി: | വരുണദേവനും. |

8. [''ഏഷഃ": —''യ ഏഷോന്തരാദിത്യേ ഹിരൺമയ: പുരുഷഃ " എന്ന ശ്രുതിവാക്യപ്രകാരം യോഗജനിതമായ സാക്ഷാത്കാരത്തിന്ന് വിഷയീഭൂതനായവൻ.

"ബ്രഹ്മണേ നമഃ":— ചതുർമ്മുഖബ്രഹ്മസ്വരൂപിയായവൻ; നിസ്തുല്യമായ ഐശ്വയ്യവിഭൂതിയെ സൃഷ്ടിപ്പാൻ ശക്തനായവൻ; 'ബൃംഹയതി വർദ്ധയതി ഭക്താനിതി' (ഭക്തന്മാക്ക് അഭിവൃദ്ധിനൽകുന്നവൻ)

'വിഷ്ണവേ നമഃ:— ഉപേന്ദ്രസ്വരൂപൻ; സ്വസൃഷ്ടമായവയെ പരിപാലനം ചെയ്യാൻ വിഷ്ണുരൂപത്തെ പരിഗ്രഹിച്ചവൻ. "സ ബ്രഹ്മാ സ ശിവഃ സ ഹരിഃ സേന്ദ്രഃ" ഇത്യാദിശ്രുതി കാണുക.

"ശിവായ നമഃ'':— അപരിമിതകല്യാണപുണ്യസ്വഭാവൻ; മാൻ മഴു എന്നവ ധരിച്ച മഹാദേവസ്വരൂപൻ.

''സ്കന്ദായ നമഃ'':.... ശത്രുക്കളെ ശോഷിപ്പിക്കുന്നവൻ ''സ്കന്ദ്ഗതി ശോഷണയോഃ" എന്നു ധാതു; ഷൺമുഖസ്വരൂപി; ''ജീവജ്യോതിർദ്വാരാ സവ്വാണീന്ദ്രിയാണി സ്കന്ദതീതി സ്കന്ദഃ" (ജീവജ്യോതിസ്സ് നൽകി സവ്വേന്ദ്രിയങ്ങളേയും പ്രവത്തിപ്പിക്കുന്നവൻ).

“പ്രജാപതയേ നമഃ”:— “പ്രജാപതിശ്ചരതി ഗർഭേ അന്തഃ” എന്ന ശ്രുതിവാക്യത്താൽ പ്രതിപാദിതനായവൻ; “പ്രജാനാം ജന്യവസ്തൂനാം സ്വാമി” (ഉളവായിട്ടുള്ള സർവ്വത്തിനും സ്വാമിയായവൻ) പത്തു് യജ്ഞായുധങ്ങളെ ധരിച്ചവനായ യജ്ഞേശ്വരമൂർത്തി.

“മഹേന്ദ്രായ നമഃ:—“ഇന്ദ്രം നിചികൃഃ പരമേ വ്യോമൻ ഇന്ദ്രോ മായാഭിഃ പുരുരൂപ ഈയതേ,” എന്ന ശ്രുതിവാക്യപ്രകാരം സ്വരൂപത്തിലും ഐശ്വര്യത്തിലും നിരവധികനായുള്ളവൻ; ദേവരാജസ്വരൂപിയായവൻ.

“ധനദായ നമഃ”:— “അന്നാദോ വസുദാനഃ” ഇത്യുക്തസകലഫലപ്രദനായുള്ളവൻ; “ധനം ചൈതന്യം സർവ്വാനുഗ്രഹായ സർവ്വസ്യാന്തർദ്ദദാതി സ്ഥാപയതീതി ധനദഃ” (സർവ്വാനുഗ്രഹാത്ഥം സർവ്വത്തിന്നും ചൈതന്യത്തെ പ്രദാനം ചെയ്യുന്നവൻ) കുബേരസ്വരൂപൻ.

“കാലായ നമഃ”:–“കാലായ മഹാഗ്രാസായ വൈ നമ:” എന്ന ശ്രുതിവാക്യപ്രകാരവും “അത്താ ചരാചരഗ്രഹണാത്” എന്ന സൂത്രപ്രകാരവും ജഗത്സംഹാരകരൂപിയായവൻ; “ബുദ്ധിവൃത്തിജാതം അപരോക്ഷതയാ കലയതീതി കാല:” (ബുദ്ധിവൃത്തികളെ പ്രേരണചെയ്യുന്നവൻ); കല്പം, നിമിഷം മുതലായ കാലത്തെ പരിച്ഛേദിക്കുന്നവൻ.

“യമായ നമ:”:— “യമയതി ശിക്ഷയതീതി യമ:” (ശിക്ഷാകർത്താവായവൻ) “യമോ വൈവസ്വതോ രാജാ യസ്തവൈഷ ഹൃദി സ്ഥിത:. തേന ചേദവിവാദസ്തേ മാ ഗംഗാം മാ കുരൂൻഗമ:” എന്ന മനുസ്മൃതിവചനപ്രകാരം സർവ്വാന്തര്യാമിയായവൻ; പിതൃപതിസ്വരൂപൻ.

“സോമായ നമ:”:— “മയാ പ്രഭയാ, ഉ സർവ്വദാ സഹിത: സോമ:” സർവ്വദാ പ്രഭയോടു കൂടിയവൻ; ഉമാദേവീസഹിതനായ അർദ്ധനാരീശ്വരൻ! “സൂതേ അമൃതം ഇതി സോമ:” (അമൃതോല്പാദകൻ); “സോമ: പവതേ ജനിതാ മതീനാം ജനിതാദിവ:” എന്ന ശ്രുതിവാക്യപ്രകാരം സകലകാരണഭൂതനായ സോമശബ്ദവാച്യനായവൻ, “ഉമയാ പ്രകൃത്യാഖ്യയാ ശക്ത്യാ സഹിത:’ (പ്രകൃതീദേവിയെന്നു പറയപ്പെടുന്ന ശക്തിയോടു കൂടിയവൻ); ചന്ദ്രസ്വരൂപിയായവൻ.

“അപാം പതയേ നമ:”:— “ആപോ നാരാ ഇതി പ്രോക്താ ആപോ വൈ നരസൂനവ: അയനം തസ്യ താ: പൂർവ്വം തേന നാരായണ: സ്മൃത:” എന്ന വാക്യത്തിലും “അപ ഏവ സസർജ്ജാദൌ” എന്നിത്യാദിശ്രുതിവാക്യത്തിലും പ്രതിപാദിക്കപ്പെട്ട “അപ്” ശബ്ദവാച്യങ്ങൾക്കു് സ്വാമിയായവൻ ; വരുണസ്വരൂപൻ.

പിതരോ വസവഃ സാദ്ധ്യാ ഹ്യശ്വിനൌ മരുതോ മനുഃ
വായുർവ്വഹ്നിഃ പ്രജാപ്രാണ ഋതുകർത്താ പ്രഭാകരഃ 9

| | | | |
|---|---|---|---|
| പ്രഭാകരഃ ഹി | പ്രഭയെ ലോകത്തിന്നു നൽകുന്നവനായ ഈ ദേവൻതന്നെയാകുന്നു | മരുതഃ | മരുത്തുകളും |
| പിതരഃ | പിതൃക്കളും | മനുഃ | മനുഭഗവാനും |
| വസവഃ | അഷ്ടവസുക്കളും | വായുഃ | വായുദേവനും |
| സാദ്ധ്യാഃ | സാദ്ധ്യന്മാരും | വഹ്നിഃ | വഹ്നിദേവനും |
| അശ്വിനൌ | അശ്വിനീദേവന്മാരും | പ്രജാപ്രാണഃ | പ്രജകൾക്കു പ്രാണനായുള്ളതും |
| | | ഋതുകർത്താ | ഋതുക്കളെ ഉളവാക്കിയതും. |

["പിതൃഭ്യോ നമ:":— "പിതരോ ബീജപ്രദാഃ തദ്രൂപോऽയം സർവ്വേഷാം ബീജപ്രദ:" (എല്ലാററിനും ബീജപ്രദനായവൻ) "താസാം ബ്രഹ്മമഹദ്യോനിരഹം ബീജപ്രദ: പിതാ" എന്ന വാക്യം കാൺക; അഗ്നിഷ്വാത്താദി പിതൃദേവതാ സ്വരൂപൻ.

"വസുഭ്യോ നമ:":—"സദാ വസന്തീതി വസവ:" (നാശരഹിതങ്ങളായ രശ്മികൾ); അഹംപദാത്ഥമായവൻ; "ധരോ ധ്രുവശ്ച സോമശ്ച അഹശ്ചൈവാനിലോ നലഃ പ്രത്യൂഷശ്ച പ്രഭാസശ്ച വസവോऽഷ്ടാവിതി സ്മൃതാ:" എന്ന അഷ്ടവസുമൂത്തിയായവൻ

"സാദ്ധ്യേഭ്യോ നമഃ":–'സിദ്ധിരേഷാമസ്തീതി സാദ്ധ്യാ:' (സിദ്ധി കൈവന്നവരായ യോഗിമാർ) ; സാദ്ധ്യ ദേവഗണസ്വരൂപനായവൻ. (ബഹുവചനം പൂജാത്ഥം)

"അശ്വിഭ്യാം നമ:":—ബഡബാരൂപിണിയായ ആദിത്യമഹിഷിയിൽ അശ്വരൂപയുക്തനായ ആദിത്യഭഗവാന്നു് ജനിച്ച അശ്വിനീദേവകളായവൻ, അതായത് ദേവഭിഷഗ്രൂപിയായവൻ; സർവ്വവ്യാപകനായവൻ.

"മരുദ്ഭ്യോ നമ:":—"മ്രിയന്തേ ന കദാ ചിദിതി മരുത:" (മരണമില്ലാത്തവർ) അനത്ഥങ്ങൾക്ക് മാരകനായവൻ; ശുക്രജോതി: പ്രഭൃതികളായ അമ്പത്തൊന്നു മരുത്തുകളായുള്ളവൻ.

"മനവേ നമ:":— "മനുതേ ഇതി മനു:" (സർവ്വജ്ഞനായവൻ) "നാന്യോऽതോऽസ്തി മന്താ" എന്നു ശ്രുതി; ആദിചക്രവത്തിയായ മനുസ്വരൂപൻ.

"വായവേ നമ:":— "വാതി, സുരഭീകരോതീതി വായു:" (സർവ്വഗന്ധസ്വരൂപിയായവൻ) "സർവ്വഗന്ധ: സർവ്വരസ:" എന്നു് ശ്രുതി; "വാ ഗതിഗന്ധനയോ:" എന്ന ധാതുപ്രകാരം, ജ്ഞാതാവും ജ്ഞാപകനുമായവൻ ജഗത്പ്രാണസ്വരൂപി.

"വഹ്നയേ നമ:":—"വഹതി ഹവ്യമിതി വഹ്നിഃ" ഹവ്യത്തെ വഹിക്കുന്നവൻ, (ദേവന്മാക്കു് എത്തിക്കുന്നവൻ) ; "വഹേർനി: വഹ്നി:" (സ്വമഹിമയിൽ പ്രതിഷ്ഠിതിനായി തങ്കൽ തന്നെ സർവ്വസാരത്തെയും വഹിക്കുന്നവൻ); അഗ്നിസ്വരൂപൻ.

"പ്രജാപ്രാണായ നമ:":–പ്രജകൾക്കു് പ്രാണനഹേതുവായവൻ; "പ്രജായന്തെ ജീവാത്മനാ ഇതിപ്രജാഃ തേഷാം പ്രാണയാത്രാപ്രവത്തകഃ" (ജീവാത്മാക്കൾക്ക് പ്രാണയാത്രയെ നടത്തുന്നവൻ) "ന പ്രാണേന നാപാനേന മത്ത്യോ ജീവതി കശ്ചന ഇതരേണ തു ജീവന്തി യസ്മിന്നേതാവുപാശ്രിതൌ" എന്ന ശ്രുതിവാക്യം കാൺക: "പ്രകൃഷ്ടജന്മാനഃ പ്രജാഃ" (വിഭൂത്യദ്ധ്യായത്തിൽ പറയപ്പെട്ടിരിക്കുന്ന പ്രകൃഷ്ടജനനത്തോടു കൂടിയവർ, ദേവന്മാർ എന്നും; അപ്രകാരമുള്ളവക്കു് പ്രാണനായവൻ.

"ഋതുകർത്രേ നമഃ":–'ഇയത്തീതി ഋതുഃ' ഋഗതൌ എന്ന ധാതു; ഋതുഃ, സുദർശനഃ കാലഃ എന്നു് 'സഹസ്രനാമം', (ഗമിക്കുന്നവയായ, അതായതു് ജീവിക്കുന്നവയായ, തൃണാദിയായ സകലത്തിന്നും നിയാമകൻ)"ഋതൂനാം, ജ്ഞാനാനാം, കത്താ ഉപാദാനം (ജ്ഞാനങ്ങൾക്ക കാരണമായവൻ) ; വസന്താദി ഋതുക്കൾക്ക് ഹേതുഭൂതൻ; സംവത്സരാത്മാവായ കാലസ്വരൂപൻ,

"പ്രഭാകരായ നമഃ':– പ്രകൃഷ്ടമായ ജ്ഞാനത്തെ ഉത്പാദനം ചെയ്യുന്നവൻ; ഭാസ്കരഃ എന്നപദത്തിന്നും അത്ഥം ഒന്നുതന്നെയെന്നാലും ശബ്ദഭേദത്താൽ മൂത്തിഭേദം ഗ്രാഹ്യമാകുന്നു. എന്നു (തിലകം.)

ആദിത്യഃ സവിതാ സൂര്യ്യഃ ഖഗഃ പൂഷാ ഗഭസ്തിമാൻ
സുവർണ്ണസദൃശോ ഭാനുർഹിരണ്യരേതാ ദിവാകരഃ. 10

| | | | |
|---|---|---|---|
| ആദിത്യഃ | അദിതിദേവീപുത്രനായ ആദിത്യൻതന്നെയാകുന്നു | ഗഭസ്തിമാൻ | കിരണങ്ങളോടുകൂടിയവൻ |
| സവിതാ | സൃഷ്ടികർത്താവായവൻ | സുവർണ്ണസദൃശഃ | സ്വർണ്ണനിറമാർന്നവൻ |
| സൂര്യ്യഃ | കർമ്മപ്രേരകനായുള്ളവൻ | ഭാനുഃ | പ്രകാശിക്കുന്നവൻ |
| ഖഗഃ | ആകാശത്തിൽ സഞ്ചരിക്കുന്നവൻ | ഹിരണ്യ-രേതാഃ | സ്വർണ്ണമയമായ ബ്രഹ്മാണ്ഡത്തെ നിർമ്മിച്ചവൻ |
| പൂഷാ | മഴകൊണ്ടു് പോഷണം ചെയ്യുന്നവൻ | ദിവാകരഃ | പകലിനെ ഉളവാക്കുന്നവൻ. |

[“ആദിത്യായ നമഃ”:– “യസ്മാത് സർവ്വമാദത്തേ തസ്മാദാദിത്യഃ” എന്നു് ഉപനിഷത്തിലുള്ള വ്യുത്പത്തിപ്രകാരം അശേഷവിഷയഭോക്താവായ മണ്ഡലാഭിമാനിയായവൻ; അദിതിദേവിയുടെ പുത്രൻ; “ആദി അനാദികാലമാരഭ്യ വർത്തമാനേ ത്യേ ആനന്ദജ്ഞാനേ യസ്യ സഃ’ (അനാദികാലം തുടങ്ങി വർത്തിക്കുന്നവയായ ആനന്ദത്തോടും ജ്ഞാനത്തോടും കൂടിയവൻ) “തിശ്ചയം ച ത്യേ, “ആനന്ദം തീതി വൈ വദേത്; “യേതി ജ്ഞാനം സമുദ്ദിഷ്ടം” എന്നു് ‘ത്യ’ ശബ്ദത്തെ ഭാഗവതതാത്പര്യത്തിൽ വ്യാഖ്യാനിച്ചിരിക്കുന്നു; “അദ ഭക്ഷണേ”എന്ന ധാതുപ്രകാരം “ആദിനോ രാക്ഷസാഃ, താൻ ത്യജതീതി ആദിത്യഃ” (രാക്ഷസരെ നിരസിക്കുന്നവൻ) “ആദിനോ രാക്ഷസാഃ പ്രോക്താഃ” എന്നു് ഭാഗവതതാത്പര്യം; “ആദൌ വിദ്യമാനഃ ആദിത്യഃ” (ആദിയിൽ വർത്തിക്കുന്നവൻ).

“സവിത്രേ നമഃ”:– “സൂതേ ജഗദിതി സവിതാ” (സർവ്വ ജഗത്തിനേയും സൃഷ്ടിക്കുന്നവൻ); “സുവതി, പ്രേരയതി, ജഗദിതി സവിതാ” (ജഗത്തിനെ പ്രേരിപ്പിക്കുന്നവൻ); അന്തഃകരണോപാധികൊണ്ടു് പരിമിതമായ ചിദാത്മവർഗ്ഗത്തെ സൃഷ്ടിക്കുന്നവൻ; രശ്മികളാൽ പർജ്ജന്യാദി പ്രവൃത്തികൊണ്ടു് അതാതു അന്നാദികളെ സൃഷ്ടിക്കുന്നവൻ.)

“സൂര്യ്യായ നമഃ”:– “സുവതി, പ്രേരയതി, കർമ്മാണീതി സൂര്യ്യഃ” (കർമ്മപ്രേരകൻ); “സുഷ്ഠു ഈരയതി, പ്രേരയതീതി വാ” എന്നും വിഗ്രഹിക്കാം, പരമാത്മാവു് എന്നു സാരം ‘അന്തഃ പ്രവിഷ്ടഃ ശാസ്താ ജനാനാം’ ഇത്യാദിശ്രുതി കാൺക; “സതേഃ സൂര്യ്യഃ സർവ്വഗഃ” (സർവ്വഗതൻ), “സൂര്യ്യ ഏകാകീ ചരതി” എന്നു ശ്രുതി; “സൂര്യ്യഗമ്യത്വാത്, ജ്ഞാനിപ്രാപ്യത്വാത് സൂര്യ്യഃ” (ജ്ഞാനികളാൽ പ്രാപിക്കത്തക്കവൻ.)

“ഖഗായ നമഃ”:– “‘ഖം” പരമാകാശം, ഗച്ഛതി, അധ്യാസ്തേ ഇതി ഖഗഃ” (പരമാകാശത്തിൽ അധിവസിക്കുന്നവൻ), “യോ അസ്യാദ്ധ്യക്ഷഃ പരമേ വ്യോമൻ” എന്നു ശ്രുതി; ഇന്ദ്രിയാധിഷ്ഠാതാവു്, ലോകോപകാരാർത്ഥം ആകാശത്തിൽ ഗമിക്കുന്നവൻ.

“പൂഷ്ണേ നമഃ”:–“പുഷ്ണാതീതി പൂഷാ” (സ്ഥിതികർത്താവായവൻ); മഴകൊണ്ടു് ജഗത്തിനെ പോഷിപ്പിക്കുന്നവൻ.

"ഗഭസ്തിമതേ നമഃ'':– ''ഗാം ദിശം വ്യാപ്യ ഭാസയതി പ്രകാശയതീതി ഗഭസ്തിഃ' സർവ്വവ്യാപിനീ ലക്ഷ്മീഃ, തദ്വാൻ'' (സർവദിക്കുകളേയും വ്യാപിച്ച് പ്രകാശിപ്പിക്കുന്നത് ഗഭസ്തി, അതായത് ലക്ഷ്മി. അപ്രകാരമുള്ള ലക്ഷ്മിയോടുകൂടിയവൻ. ഗഭസ്തിമാൻ). ''യഥാ സർവ്വഗതോ വിഷ്ണുഃ തഥൈവേയം ദ്വിജോത്തമ'' എന്നു പരാശരസ്മൃതി.

''സുവർണ്ണസദൃശായ നമഃ'':—സ്വർണ്ണവർണ്ണനായുള്ളവൻ. ''ഹിരണ്യശ്മശ്രുർ ഹിരണ്യകേശ ആപ്രണഖാത്സർവ്വ ഏവ സുവർണ്ണഃ'' എന്നു ശ്രുതി; നിധികിട്ടിയാലെന്നപോലെയുള്ളവൻ. ''ആത്മലാഭാന്ന പരം വിദ്യതേ'' എന്നു ശ്രുതി.

''ഭാനവേ നമഃ'':—''ഭാതീതി ഭാനുഃ'' (ഭാസിച്ചുകൊണ്ടിരിക്കുന്നവൻ). ''തമേവ ഭാന്തമനുഭാതി സർവ്വം'' എന്നു ശ്രുതി.

''ഹിരണ്യരേതസേ നമഃ'':—''ഹിരണ്യം ഹിരണ്മയം രേതഃ അണ്ഡോത്പാദകദ്രവ്യം യസ്യ സഃ'' (സ്വർണ്ണമയമായ അണ്ഡോത്പാദക വസ്തുവോടുകൂടിയവൻ). 'അപ ഏവ സസർജ്ജാദൌ താസു വീര്യമവാസൃജത്. തദണ്ഡമഭവദ്ധൈമം സഹസ്രാംശുസമപ്രഭം'' എന്നു മനു:ഹിരണ്മയബ്രഹ്മാണ്ഡകർത്താവ്.

''ദിവാകരായ നമഃ'':—'അജ്ഞാന നിവർത്തനദ്വാരാ. ദിവാ, ദ്യുതിം ജ്ഞാനം, കരോതി; വ്യുത്പാദയതി ഇതി ദിവാകരഃ.'' (ജ്ഞാനത്തെ ഉത്പാദിപ്പിക്കുന്നവൻ); ''ദിവാ പ്രകാശം, കരോതീതി'' (പ്രകാശത്തെ ഉളവാക്കുന്നവൻ), ''ദിവാ അഹ്നി പ്രാണിനാം ചേഷ്ടാം കരോതീതി'' (പകലിൽ പ്രാണികളെ ചേഷ്ടിപ്പിക്കുന്നവൻ)].

ഹരിദശ്വഃ സഹസ്രാർച്ചിഃ സപ്തസപ്തിർമ്മരീചിമാൻ
തിമിരോന്മഥനഃ ശംഭുസ്ത്വഷ്ടാ മാർത്താണ്ഡ അംശുമാൻ. 11

| | | | |
|---|---|---|---|
| ഹരിദശ്വ: | പച്ചക്കുതിരകളാന്നവൻ | തിമിരോന്മഥന: | ഇരുട്ടില്ലാതാക്കുന്നവൻ |
| സഹസ്രാർച്ചി: | അസംഖ്യം രശ്മികളാന്നവൻ | ശംഭുഃ | ക്ഷേമത്തെ നല്കുന്നവൻ |
| സപ്തസപ്തി: | 'സപ്ത' എന്ന പേരുള്ള കുതിരയോടുകൂടിവൻ | ത്വഷ്ടാ | സർവ്വസംഹാരകൻ |
| മരീചിമാൻ | പ്രകാശങ്ങളായ രശ്മികളാന്നവൻ | മാർത്താണ്ഡഃ | സർവ്വസംഹാരത്തിൽ നശിച്ചവയെ വീണ്ടും ഉളവാക്കുന്നവൻ |
| | | അംശുമാൻ | കതിരവൻ |

11. [''ഹരിദശ്വായ നമ:'':—ഹരതി മന ഇതി ഹരിത്, മനോഹര:, അശ്വ: വാഹനം ഗരുഡോ യസ്യ സ:'' (മനോഹരമായ ഗരുഡവാഹനത്തോടുകൂടിയവൻ). ''ഹരിതോ ദിശോऽശ്നോതി വ്യാപ്നോതി, ഇതി ഹരിദശ്വ:'' (ദിക്കുകളെ വ്യാപിച്ചിരിക്കുന്നവൻ;) പച്ചവർണ്ണമാന്ന കുതിരകളോടുകൂടിയവൻ.

"സഹസ്രാർച്ചിഷേ നമ:'' :—'അർച്യതേ ഇത്യർച്ചിഃ, പൂജ്യമംഗളഗുണാഃ, അനേകകല്യാണഗുണ: സഹസ്രാർച്ചി:.'' (അനന്തകല്യാണഗുണഗണങ്ങളോടുകൂടിയവൻ) ''സഹസ്രാണി, അനന്താനി, അർച്ചീംഷി ജ്ഞാനാനി യസ്യ സഃ'' [അനന്തമായ ജ്ഞാനത്തോടുകൂടിയവൻ); എണ്ണമററ രശ്മികളാന്നവൻ.

''സപ്തസപ്തയേ നമ:'' :—''സപ്താഖ്യഃ സപ്തിഃ അശ്വോ യസ്യ സഃ'' [സപ്തം എന്നു പേരുള്ള കുതിരയോടുകൂടിയവൻ] 'ഏകോ അശ്വോ വഹതി സപ്തനാമാ''

എന്നു ശ്രുതി. ''സപ്തശീർഷണ്യാഃ പ്രാണാഃ, ഇന്ദ്രിയാണി, ദ്വേ ചക്ഷുഷീ, ദ്വേശ്രോത്രേ, ദ്വേനാസികേ, വാക്ച ഏകാ ഇതി'' (രണ്ടു കണ്ണുകളും, രണ്ടു കാതുകളും; രണ്ടു നാസികാദ്വാരങ്ങളും, വാക്കും, ഇങ്ങിനെ ഏഴും സപ്തപ്രാണങ്ങൾ). ''സപ്തപ്രാണാനാം സപ്തി: പ്രവൃത്തി: യത: സ: (സപ്തപ്രാണങ്ങൾക്കും പ്രവൃത്തി യാതൊന്നിൽ നിന്നോ അതു്), ''സപ്തപ്രാണാ: പ്രഭവന്തി തസ്മാത്'' എന്നു് ശ്രുതി (ഏഴു അശ്വങ്ങളോടുകൂടിയവൻ).

''മരീചിമതേ നമ: ''മ്രിയന്തേ ശത്രവോऽനേന ഇതി മരീചി: ചക്രം തദ്വാൻ' (യാതൊന്നുകൊണ്ടു് ശത്രുക്കൾ മരിക്കുന്നുവോ അപ്രകാരമുള്ള ചക്രത്തോടു കൂടിയവൻ; ചക്രം ഉപലക്ഷണമാകയാൽ ശംഖചക്രഗദാധരൻ എന്നർത്ഥം); രശ്മികളോടുകൂടിയവൻ; മരീചി മുതലായ മുനിമാർ യാതൊരുവനെ സേവിക്കുന്നുവോ അവൻ.

"തിമിരോന്മഥനായ നമ:"— ജ്ഞാനോത്പത്തി പ്രതിബന്ധകദോഷ നിവർത്തകൻ, "ഏത്യന്തഃസ്ഥോ ഹ്യഭദ്രാണി വിധുനോതി സുഹൃത് സതാം" എന്നു് സ്മൃതി; ഇരുളിനെ ഇല്ലാതാക്കുന്നവൻ.

"ശംഭവേ നമഃ":—"ശം സുഖം അസ്മാദ് ഭവതീതി ശംഭു:" (യാതൊരുവങ്കൽ നിന്നു് സുഖം ഭവിക്കുന്നുവോ അവൻ.) ''വിശ്വാക്ഷം വിശ്വശംഭുവം" എന്നു് സ്മൃതി; "ശം സുഖം ഭാവയതീതി ശംഭു:" എന്നും വിഗ്രഹിക്കാം. ശിവസ്വരൂപൻ.

"ത്വഷ്ട്രേ നമ'':—''തക്ഷതി, മഹാന്തമപി സ്വീയാനാമപരാധം തനൂകരോതി ന ഗണയതീതി ത്വഷ്ടാ.'' (സ്വഭക്തന്മാരുടെ മഹത്തായ അപരാധത്തേയും ഗണിക്കാത്തവൻ); ''ത്വക്ഷ്ണോതി ത്രി:സപ്തകൃത്വ: സക്ഷത്രിയാം ഭൂമിമിതി'' (ഇരുപത്തൊന്നു് മുറ ക്ഷത്രിയസഹിതമായ ഭൂമിയെ ക്ഷയിപ്പിച്ചവൻ); സ്വകിരണങ്ങൾ കൊണ്ടു് വെള്ളം മുതലായവയെ വററിക്കുന്നവൻ.

''മാർത്താണ്ഡായ നമ:'':— ''മൃതം അചേതനം ബ്രഹ്മാണ്ഡം ജീവയതീതി മാർത്താണ്ഡ:'' (അചേതനമായ ബ്രഹ്മാണ്ഡത്തിന്നു് ജീവനെ ഉത്പാദിപ്പിക്കുന്നവൻ). ''ജീവാജീവമജീവയത്'' എന്നു ഭാഗവതം; മാർത്തണ്ഡസ്തപനേ ക്രോഡേ'' എന്ന നിഘണ്ടുപ്രകാരം വരാഹസ്വരൂപി; മൃതമായിരിക്കുന്ന അണ്ഡത്തിൽനിന്നുളവായവൻ.

''അംശുമതേ നമ'' :—അന്തർഭാഗത്തിലും ബഹിർഭാഗത്തിലും വ്യാപ്തിയോടുകൂടിയവൻ ''അശൂ വ്യാപ്തൌ '' എന്നു ധാതു. ''അന്തർബഹിശ്ച തത് സർവം വ്യാപ്യ നാരായണ: സ്ഥിത:'' എന്നും ശ്രുതി; രശ്മികളോടുകൂടിയവൻ.

ഹിരണ്യഗർഭഃ ശിശിരസ്തപനോ ഭാസ്കരോ രവിഃ
അഗ്നിഗർഭോऽദിതേഃ പുത്രഃ ശംഖഃ ശിശിരനാശനഃ. 12

| | |
|---|---|
| ഹിരണ്യഗർഭ: | ബ്രഹ്മാണ്ഡമദ്ധ്യത്തിൽ വിലസുന്നവൻ |
| ശിശിര: | കമ്പിടുന്നവരുടെമനസ്സിനെതണുപ്പിക്കുന്നവൻ |
| തപന: | സന്താപകരൻ |
| ഭാസ്കര: | വെളിച്ചത്തെ ഉളവാക്കുന്നവൻ |
| രവി: | സർവ്വരാലും സ്തുതിക്കപ്പെടുന്നവൻ; |
| അഗ്നിഗർഭ: | പകൽസമയം തങ്കൽ അഗ്നിയെ കയ്ക്കൊണ്ടിരിക്കുന്നവൻ |
| അദിതേ: പുത്ര:; | അദിതിദേവിയുടെ പുത്രൻ |
| ശംഖ: | വൈകുന്നേരംസ്വയമാസ്തന്നെശാന്തനാകുന്നവൻ |
| ശിശിരനാശനഃ. | മഞ്ഞിനെ നശിപ്പിക്കുന്നവൻ. |

[“ഹിരണ്യഗർഭായ നമ”:— “ഹിരണ്യം, സകലജഗദുത്പാദകസമഷ്ടിജീവജാതം, ഗർഭേ യസ്യ സ:” (എല്ലാം ജഗത്തിനേയും ഉത്പാദിപ്പിക്കുന്ന സമഷ്ടിയായ ജീവസമൂഹത്തിന്നു് ഹിരണ്യമെന്നു പേർ. ഹിരണ്യം ഗർഭത്തിലുള്ളവൻ.) “ഹിരണ്യഗർഭ: സമവർത്തതാഗ്രേ” എന്നു് ശ്രുതി; ജഗദുത്പത്തിസ്ഥിതിലയ കർത്താവായി, ബ്രഹ്മവിഷ്ണുരുദ്രരൂപനായുള്ളവൻ.; ഹിരൺമയമായ പാത്രത്തിൽ (ആദിത്യബിംബത്തിൽ) അന്തര്യാമിയായി വർത്തിക്കുന്നവൻ, ‘ഹിരണ്മയേന പാത്രേണ സത്യസ്യാപിഹിതം മുഖം തത് ത്വം പൂഷന്നപാവൃണു സത്യധർമ്മായ ദൃഷ്ടയേ” എന്നു ശ്രുതി. ബ്രഹ്മാണ്ഡം ഗർഭത്തിലുള്ളവൻ, “തദണ്ഡമഭവദ്ധൈമം സഹസ്രാംശുസമപ്രഭം” എന്നു് സ്മൃതി. “ഹിതം ച രമ്യം ച ഹിരമ്യം, തദേവ ഹിരണ്യം” ഹിതകരവും രമ്യവുമായ അന്ത:കരണത്തോടുകൂടിയവൻ.

“ഭഗവതേ ഹിരണ്യഗർഭായ നമ:’ എന്ന ദ്വാദശാക്ഷരീമന്ത്രം ആദിത്യഹൃദയത്തിന്റെ രഹസ്യമന്ത്രമാകുന്നു., എന്നു് ‘കതകം’.

“ശിശിരായ നമ”:— താപത്രയന്താർക്ക് വിശ്രമസ്ഥാനമായുള്ളവൻ; ശൈത്യഗുണമുള്ളവൻ, അതായത് സുഖസ്വഭാവൻ; “ശശപ്ലുതഗതൌ” എന്ന ധാതുപ്രകാരം, സദാ ഗമിച്ചുകൊണ്ടിരിക്കുന്നവൻ.

“തപനായ നമഃ”:— സ്വാശ്രിതവിരോധികളെ തപിപ്പിക്കുന്നവൻ; “തപ ഐശ്വര്യേ” എന്ന ധാതുപ്രകാരം സ്വഭാവത്താൽതന്നെ സർവ്വേശ്വരനായവൻ; ചൂടിനാൽ സർവ്വത്തേയും തപിപ്പിക്കുന്നവൻ.

“ഭാസ്കരായ നമഃ”:— സർവ്വ വസ്തുക്കളേയും സാക്ഷാത്ക്കരിപ്പാൻ ഹേതുഭൂതനായ ലോകകർത്താവായവൻ.

“രവയേ നമഃ”:— “രൂയതേ സ്തൂയതേ സർവ്വൈരിതി രവിഃ” (എല്ലാവരാലും സ്തുതിക്കപ്പെടുന്നവൻ); “രൌതി ഉപദിശതി വേദാനിതി രവിഃ” (വേദങ്ങളെ ഉപദേശിക്കുന്നവൻ.) “യോ വൈ വേദാംശ്ച പ്രഹിണോതി തസ്മൈ” എന്നു ശ്രുതി.

“അഗ്നിഗർഭായ നമഃ:— “ദിവാ അഗ്നിർഗർഭേ യസ്യ സഃ” (പകൽസമയം അഗ്നി അന്തർഭാഗത്തിലുള്ളവൻ; “ഉദ്യന്തം വാവാദിത്യമഗ്നിഃ സമാരോഹതി” എന്നു് ശ്രുതി. (കാലാഗ്നിരുദ്രൻ ഗർഭത്തിലുള്ളവൻ) “നാരായണാദ്രുദ്രോ ജായതേ” എന്നു് ശ്രുതി.

“അദിതേഃ പുത്രായ നമഃ”:— “അദിതേഃ, പും, പുത്രം പുരന്ദരം ത്രായതേ ഇതി ആദിത്യ:’ (അദിതിപുത്രനായ ഇന്ദ്രനെ രക്ഷിക്കുന്നവൻ); “ദിതി: നാശോ ന വിദ്യതേ യസ്യാ സാ അദിതി:, ബ്രഹ്മവിദ്യാ, തസ്യാഃ പുത്രഃ,” (നാശരഹിതമായ ബ്രഹ്മവിദ്യകൊണ്ടു് ലഭിക്കപ്പെടുന്നവൻ).

“ശംഖായ നമ:”:— “ശാമ്യതി സ്വയമേവ സായംകാലേ ഇതി ശംഖ:” (വൈകുന്നേരം സ്വയമായി ശമിക്കുന്നവൻ); “ശം സുഖം, ഖേ ആകാശേ, ഹൃദയാകാശേ, യസ്യ സ:” ഹൃദയാകാശത്തിൽ ആനന്ദത്തോടുകൂടിയവൻ); “ശം സുഖം, ഖം ആകാശമിവ വ്യാപ്തം യസ്യ” എന്നുമാം; “ശം സുഖരൂപാണി ഖാനി ഇന്ദ്രിയാണി യസ്യ സഃ” (സുഖസ്വരൂപങ്ങളായ ഇന്ദ്രിയങ്ങളോടുകൂടിയൻ).

“ശിശിരനാശനായ നമ:”— ഹിമത്തെ ഇല്ലാതാക്കുന്നവൻ; ജാഡ്യത്തെ, മന്ദബുദ്ധിത്വത്തെ നശിപ്പിക്കുന്നവൻ).

വ്യോമനാഥസ്തമോഭേദീ ഋഗ്യജുഃസാമപാരഗഃ
ഘനവൃഷ്ടിരപാംമിത്രോ വിന്ധ്യവീഥി പ്ലവംഗമഃ 13

| | |
|---|---|
| വ്യോമനാഥഃ | ആകാശത്തിന്നു സ്വാമിയായവൻ |
| തമോഭേദി | രാഹുവിധ്വംസകൻ |
| ഋഗ്യജുസ്സാമ-പാരഗഃ | ഋഗ്യജുസ്സാമങ്ങളാകുന്ന വേദങ്ങളുടെ കരകണ്ടവൻ |
| ഘനവൃഷ്ടിഃ | പെരുമഴയുളവാക്കുന്നവൻ; |
| അപാംമിത്രഃ | വെള്ളത്തിന്നു് ബന്ധുവായവൻ |
| വിന്ധ്യവീഥി | ദക്ഷിണായനത്തിൽ വിന്ധ്യാദ്രിയെ മാർഗ്ഗമായി കയ്ക്കൊണ്ടവൻ |
| പ്ലവംഗമഃ | കപ്പലെന്നപോലെ ആകാശസമുദ്രത്തിൽ ഗമിക്കുന്നവൻ. |

[“വ്യോമനാഥായ നമഃ”:– ആകാശത്തിന്നു നാഥനായവൻ; താമസാഹങ്കാരരൂപത്താൽ ആകാശത്തെ സൃഷ്ടിക്കുന്നവൻ, “ആത്മന ആകാശഃ സംഭൂതഃ” എന്നു ശ്രുതി.

“തമോഭേദിനേ നമഃ”:– രാഹുവിനെ മട്ടിക്കുന്ന സ്വഭാവത്തോടുകൂടിയവൻ; ഭക്തന്മാരുടെ തമോഗുണത്തെ നശിപ്പിക്കുന്നവൻ.

‘ഋഗ്യജുഃസാമപാരഗായ നമഃ’:– സകല വേദപര്യവസാനസ്ഥാനമായവൻ; “വേദൈശ്ച സർവ്വൈരഹമേവ വേദ്യഃ” എന്നു് ശ്രുതി; വേദങ്ങളുടെ കര എത്തുന്നവൻ “ഋഗ്ഭിഃ പൂർവ്വാഹ്നേ ദിവദേവ ഈയതേ. യജുർവ്വേദേ തിഷ്ഠതി മദ്ധ്യേ അഹ്നഃ. സാമവേദേനാസ്തമയേ മഹീയതേ. വേദൈരശൂന്യസ്ത്രിഭിരേതി സൂര്യ്യഃ” എന്നു് ശ്രുതി.

“ഘനവൃഷ്ടയേ നമഃ”:– “ഘനാ വൃഷ്ടിര്യ്യസ്മാദസൌ” (ഘനവൃഷ്ടി യാതൊരുവങ്കൽനിന്നോ അവൻ), ‘ആദിത്യാജ്ജായതേ വൃഷ്ടിഃ,’ എന്നു സ്മൃതി; ‘ഘനാവൃഷ്ടിഃ സകലകർമ്മഫലരൂപാ യസ്മാത് സഃ’ (സകലകർമ്മഫലരൂപമായ വൃഷ്ടി യാതൊരുവങ്കൽനിന്നോ അവൻ), “അഹം ഹി സർവ്വയജ്ഞാനാം ഭോക്താ ച പ്രഭുരേവ ച” “ഫലമത ഉപപത്തേഃ” എന്നിത്യാദി വാക്യങ്ങൾ കാൺക.

‘അപാം മിത്രായ നമഃ”:– വൃഷ്ടിക്കു് കാരണഭൂതനാകയാൽ ജലത്തിന്നു് ബന്ധുവായവൻ; മഹാർണ്ണവത്തിൽ ശയിക്കുന്നവൻ, “യമന്തഃ സമുദ്രേ കവയോടവയന്തി” എന്നു ശ്രുതി; “അപാം സ്വാത്വികാനാം മിത്രഃ ചൈതന്യദാനേന ഉപകർത്താ’ (സാത്വികജനങ്ങൾക്കു് ചൈതന്യപ്രദാനംകൊണ്ടു് ഉപകാരം ചെയ്യുന്നവൻ); ജലത്തെ ഉത്പാദിപ്പിക്കുന്നവൻ

“വിന്ധ്യവീഥിപ്ലവംഗമായ നമഃ”:–“വിന്ധ്യവീഥി ഗഗനമാർഗ്ഗഃ തേന ശീഘ്രഗന്താ” (ആകാശമാർഗ്ഗത്തിലൂടെ ശീഘ്രത്തിൽ ഗമനം ചെയ്യുന്നവൻ); “വിന്ധ്യവത് ദുർഗ്ഗമായാം വീഥ്യാം സുഷുമ്നാമാർഗ്ഗേ, പ്ലവം, ശീഘ്രം, ഗമയതീതി.” (വിന്ധ്യൻപോലെ ദുർഗ്ഗമമായ സുഷുമ്നാമാർഗ്ഗത്തിൽക്കൂടി വേഗത്തിൽ ഗമിപ്പിക്കുന്നവൻ, ജ്ഞാനപ്രാപകൻ എന്നർത്ഥം), “സ ഏനാൻ ബ്രഹ്മ ഗമയതിഹാർദ്ദാനുഗൃഹീതശതാധികയാ” ഇത്യാദി ശ്രുതി; അഗസ്ത്യമുനിയാൽ ദക്ഷിണഭാഗത്തിൽ സമ്പാദിതമായ വീഥിയിൽക്കൂടി ദ്രുതമായി ഗമിക്കുന്നവൻ. ‘സൂര്യ്യാ ചന്ദ്രമസോർമ്മാർഗ്ഗം നക്ഷത്രാണാം ഗതിം തഥാ. മാർഗ്ഗമിച്ഛാമ്യഹം ദത്തം ഭവതാ പർവ്വതോത്തമ ദക്ഷിണാമഭിഗന്താസ്മദിശം കാര്യ്യേ

ണ കേനചിത്. യാവദാഗമനം മഹ്യം താവത് ത്വം പ്രതിപാലയ. നിവൃത്തേ മയി ശൈലേന്ദ്ര തതോ വത്സ്യസ്വ കാമതഃ' (ഭാരതം വനപൎവ്വം.)

ദക്ഷിണായനത്തിൽ വിന്ധ്യൻ സഞ്ചാരമാൎഗ്ഗമായുള്ളവൻ എന്നും കപ്പൽപോലെ ഗമിക്കുന്നവനെന്നും അൎത്ഥത്തിൽ ''വിന്ധ്യവീഥയേ നമഃ'' ''പ്ലവംഗമായ നമഃ'' എന്ന് രണ്ടു പാഠമായും വ്യാഖ്യാനാന്തരം.

ആതപീ മണ്ഡലീ മൃത്യുഃ പിംഗലഃ സൎവ്വതാപനഃ
കവിൎവ്വിശ്വോ മഹാതേജാ രക്തഃ സൎവ്വഭവോദ്ഭവഃ 14

| | | | |
|---|---|---|---|
| ആതപീ | വെയിലോടുകൂടിയവൻ | വിശ്വഃ | ലോകത്തെ നിൎവ്വഹിക്കുന്നവൻ |
| മണ്ഡലീ | മണ്ഡലാകൃതിയാന്നവൻ | | |
| മൃത്യുഃ | ശത്രുനാശനൻ | മഹാതേജാഃ | അതികാന്തിമാൻ |
| പിംഗലഃ | ഉദയകാലത്തിൽ സ്വൎണ്ണനിറമാന്നവൻ | രക്തഃ | സൎവ്വപ്രാണികളിലും പ്രിയമാന്നവൻ |
| സൎവ്വതാപനഃ | നട്ടുച്ചയിൽ സൎവ്വരേയും തപിപ്പിക്കുന്നവൻ | സൎവ്വഭവോദ്ഭവഃ | സൎവ്വപ്രാണികളുടെ സംസൃതിക്കും കാരണഭൂതൻ. |
| കവിഃ | സൎവ്വജ്ഞനായവൻ | | |

''ആതപിനെ നമഃ'':– 'ആതപോ യസ്യാസ്തീതി' (ചൂടോടുകൂടിയവൻ); ''ആ സമന്താത്, തപഃ ജഗന്നിൎമ്മാണസങ്കല്പഃ അസ്യാസ്തീതി ആതപീ'' (ജഗത്തിനെ നിൎമ്മിപ്പാനുള്ള സങ്കല്പത്തോടു കൂടിയവൻ), "തപ ആലോചനേ" എന്ന് ധാതു, ''യസ്യ ജ്ഞാനമയം തപഃ,'' ''സോऽകാമയത'' ഇത്യാദി ശ്രുതി.

''മണ്ഡലിനേ നമഃ'':– വൃത്താകാരമായ ബിംബത്തോടുകൂടിയവൻ പരിവേഷത്തോടു കൂടിയവൻ; കൌസ്തുഭാദി മണ്ഡലത്തോട് അലങ്കാരത്തോടുകൂടിയവൻ; ചക്രപാണി.

''മൃത്യവേ നമഃ''– വിരോധിനിവൎത്തകൻ; മൃത്യുരൂപനായവൻ സൎവ്വവിനാശകൎത്താവായവൻ, യസ്യ മൃത്യുഃ ശരീരം' 'അമൃമാഹുഃ' പരം മൃത്യും' ഇത്യാദി ശ്രുതി.

''പിംഗളായ നമഃ'':– ഉദയസമയത്തിൽ പിംഗളവൎണ്ണമാന്നവൻ; ''പിംഗതി, മിളതി, ഇതി' (സൌശീല്യത്താൽ മഹാത്മാക്കളേയും മൂഢന്മാരേയും മേളനം ചെയ്യുന്നവൻ) 'പിംഗമേളനേ' എന്ന ധാതു! പിംഗളനാഡിയെ പ്രവൎത്തിപ്പിക്കുന്നതിനാൽ കൎമ്മമാൎഗ്ഗപ്രവൎത്തകനായവൻ.

''സൎവ്വതാപനായ നമഃ'':– മദ്ധ്യാഹ്നത്തിൽ സൎവ്വരേയും തപിപ്പിക്കുന്നവൻ; ഒരേ സമയത്തിൽ സൎവ്വാണ്ഡങ്ങളേയും സംഹരിക്കുന്നവൻ.

''കവയേ നമഃ'':– വ്യാകരണാദി സൎവ്വശാസ്ത്രപ്രവൎത്തകനായവൻ; വിദിതാഖിലവേദ്യനായവൻ, ''യഃ സൎവ്വജ്ഞഃ സൎവ്വവിത്,' ''കവിം പുരാണമനുശാസിതാരം' ''കവിൎമ്മനീഷീപരിഭൂഃ സ്വയംഭൂഃ'' ഇത്യാദി ശ്രുതി.

''വിശ്വസ്മൈ നമഃ'':—വിശ്വനിൎവ്വാഹകൻ; വിശ്വശരീരകൻ, 'വിശപ്രവേശനേ'' എന്ന ധാതുപ്രകാരം, ജഗത്പ്രവിഷ്ടൻ. തത് സൃഷ്ട്വാ തദേവാനുപ്രാവിശത്, എന്ന് ശ്രുതി; ''വിശ്, ചതത്, വ, ച ഇതിവിശ്വഃ'' (സൎവ്വത്തിലും പ്രവേശിച്ചവനും ജ്ഞാനരൂപിയും ആയവൻ), ''വാഗതി ഗന്ധനയോഃ'' എന്ന് ധാതു, 'വിവേശഭൂതാനി ചരാചരാണി,'' ''വിജ്ഞാനമാനന്ദം ബ്രഹ്മ'' ഇത്യാദി ശ്രുതി; 'വിഃപക്ഷി ഗരുഡഃ, തേന ശ്വയതി ഗച്ഛതീതി'' ഗരുഡവാഹനൻ; ''വിശേഷേണ ശ്വയതി വ്യാപ്നോതിതി,'' [സൎവ്വവ്യാപകൻ]; 'വിശ്വം വായും അന്തൎയ്യാമിതയാ വൎത്തയതീതി''

(വായുവിനെ അന്തൎയ്യാമിയായി പ്രവൎത്തിപ്പിക്കുന്നവൻ); ജീവനിയാമകൻ, "ശരീരേഷു പ്രവിഷ്ടത്വാദ്വിശോ ജീവ ഉദീൎയ്യതേ ജീവസ്യ തദധീനത്വാദ്വിഷ്ണുൎവ്വിശ ഇതി സ്മൃതഃ," ദിവസംതോറും സുഷുപ്തിയിലും. മോക്ഷത്തിലും, പ്രളയത്തിലും സൎവ്വ പ്രാണികളേയും തങ്കൽ പ്രവേശിപ്പിക്കുന്നവൻ, ,'യത് പ്രയന്ത്യഭിസംവിശന്തി," എന്നു ശ്രുതി.

'മഹാതേജസേ നമഃ":—മഹത്തായ തേജസ്സോടു കൂടിയവൻ; നിരവധികമായ പരാഭിഭവനസാമൎത്ഥ്യത്തോടുകൂടിയവൻ,

'രക്തായ നമഃ':—സൎവ്വരഞ്ജകൻ; ഉദയാസ്തമനകാലങ്ങളിൽ രക്തവൎണ്ണനായവൻ.

"സൎവ്വദേവാദ്ഭവായ നമഃ":—'സൎവ്വേഷാം ഭവഃ സംസാരഃ ഉദ്ഭവത്യസ്മാദിതി' (സംസാരഹേതുവായവൻ); സൎവ്വോൽപത്തിഹേതു; 'ജഗദ്വ്യാപിത്വാത്സൎവ്വഃ മംഗളരൂപത്വാദ്ഭവഃ, ഉദ്ഗതഭവഃ ഉദ്ഗതസംസൃതിഃ" ജഗദ്വ്യാപിയും, മംഗളസ്വരൂപനും, സംസൃതിയില്ലാത്തവനും ആയവൻ].

നക്ഷത്രഗ്രഹതാരാണാമധിപോ വിശ്വഭാവനഃ
തേജസാമപി തേജസ്വീ ദ്വാദശാത്മൻ നമോऽസ്തു തേ. 15

നക്ഷത്രഗ്രഹ—താരാണാം: നക്ഷത്രങ്ങൾക്കും, ഗ്രഹങ്ങൾക്കും, താരങ്ങൾക്കും
അധിപഃ: അധിപതി
വിശ്വഭാവനഃ: എല്ലാററിനേയും നിലനിൎത്തുന്നവൻ
തേജസാം അപി: പ്രകാശമാനുള്ളവയിലെല്ലാം വെച്ച്
തേജസ്വീ: പ്രകാശമേറിയവൻ
ദ്വാദശാത്മൻ: ഇന്ദ്രൻ, ധാതാ, ഭഗൻ, പൂഷാ, മിത്രൻ, വരുണൻ, അൎയ്യമാവ്, അൎച്ചിസ്സ്, വിവസ്വാൻ, ത്വഷ്ടാ, സവിതാ, വിഷ്ണു എന്ന പന്ത്രണ്ടു മൂൎത്തികളുടെ സ്വരൂപത്തിൽ തിളങ്ങുന്നോവെ
തേ നമഃ അസ്തു: നിന്തിരുവടിക്ക് നമസ്കൃതി ഭവിക്കട്ടെ.

["നക്ഷത്രഗ്രഹതാരാണാമധിപായ നമഃ":—നക്ഷത്രങ്ങൾക്കും ഗ്രഹങ്ങൾക്കും താരങ്ങൾക്കും അന്തൎയ്യാമിയായവൻ, "യശ്ചന്ദ്രതാരകമന്തരോ യമയതി" എന്നു ശ്രുതി.

"വിശ്വഭാവനായ നമഃ":—വിശ്വത്തെ സ്ഥാപിക്കുന്നവൻ, "ദ്യൗഃ സചന്ദ്രാൎക്കനക്ഷത്രം ഖം ദിശോ ഭൂൎമ്മഹോദധിഃ വാസുദേവസ്യ വീൎയ്യേണ വിധൃതാനി മഹാത്മനഃ" എന്നു സ്മൃതി.

'തേജസാമപി തേജസ്വിനേ നമഃ:- അഗ്ന്യാദി തേജസ്സുകളെക്കാളും തേജസ്സാൎന്നവൻ. "യദാദിത്യഗതം തേജഃ" "യേന സൂൎയ്യസ്തപതി തേജസേദ്ധഃ," ഇത്യാദി ശ്രുതി.

"ദ്വാദശാത്മനേ നമഃ":—"ഇന്ദ്രോ ധാതാ ഭഗഃ പൂഷാ മിത്രോऽഥ വരുണോऽൎയ്യമാ. അൎച്ചിൎവ്വിവസ്വാംസ്ത്വഷ്ടാ ച സവിതാ വിഷ്ണുരേവ ച." എന്നപന്ത്രണ്ടു മൂൎത്തിയായുള്ളവൻ; ദ്വാദശമണ്ഡലാന്തൎവ്വൎത്തിയായവൻ; ദ്വാദശമാസസ്വരൂപൻ]

നമഃ പൂർവ്വായ ഗിരയേ പശ്ചിമായാദ്രയേ നമഃ
ജ്യോതിർഗ്ഗണാനാം പതയേ ദിനാധിപതയേ നമഃ 16

| | |
|---|---|
| പൂർവ്വായ ഗിരയേ | പൂർവ്വാദ്രി ഉദയസ്ഥാനമായുള്ള ദേവന്നു് |
| നമഃ | നമസ്കാരം; |
| പശ്ചിമായ അദ്രയേ | പശ്ചിമാദ്രി അസ്തമനസ്ഥാനമായുള്ള ദേവന്നു് |
| നമഃ | നമസ്കാരം; |
| ജ്യോതിർഗ്ഗണാനാം | ജ്യോതസ്സുകളുടെ സംഘത്തിന്നു് |
| പതയേ | പതിയായി |
| ദിനാധിപതയേ | പകലിന്നധിപതിയായവന്നു് |
| നമഃ | നമസ്കാരം. |

[“പൂർവ്വായ ഗിരയേ നമഃ”:—ഇത്യാദി വിഷ്ണുപുരാണോക്തരീതിയിൽ അതായത്തു ഗിരികൾക്കു് അന്തര്യാമിയായവൻ. (തീർത്ഥീയം).

“ജ്യോതിർഗ്ഗണാനാം പതയേ”:—മുക്തന്മാൎക്കു സ്വാമിയായവൻ.)

ജയായ ജയഭദ്രായ ഹര്യശ്വായ നമോ നമഃ
നമോ നമഃ സഹസ്രാംശോ ആദിത്യായ നമോ നമഃ. 17

| | |
|---|---|
| ജയായ | തന്നെ ഉപാസിക്കുന്നവൎക്കു് ജയപ്രദനും |
| ജയഭദ്രായ | വിജയം. ക്ഷേമം എന്നവയെ നൽകുന്നവനും ആയ |
| ഹര്യശ്വായ | പച്ചക്കുതിരകളോടുകൂടിയദേവന്നു് |
| നമഃ നമഃ | വീണ്ടും വീണ്ടും നമസ്കാരം; |
| സഹസ്രാംശോ | അനേക കിരണങ്ങളാന്റുള്ളോവേ |
| നമഃ നമഃ | വീണ്ടും വീണ്ടും നമസ്കാരം; |
| ആദിത്യായ | അദിതി പുത്രനായ ദേവന്നായിക്കൊണ്ടു് |
| നമഃ നമഃ | വീണ്ടും വീണ്ടും നമസ്കാരം. |

[“ജയായ നമഃ” :—അപ്രഹിതപരാക്രമനായുള്ളവൻ; “ജയന്ത്യനേന ഭക്താഃ സംസാരം ഇതി ജയഃ” (യാതൊരുവനെക്കൊണ്ടു് ഭക്തന്മാർ സംസാരത്തെ ജയിക്കുന്നുവോ, അവൻ); ജയനെന്ന ബ്രഹ്മദ്വാരപാലമൂൎത്തിയായവൻ.

“ജയഭദ്രായ നമഃ :—ജയത്തേയും മംഗളത്തേയും പ്രദാനം ചെയ്യുന്നവൻ; (ജയം രോഗപാപാദികളെ ജയിക്കുന്നതു); ബ്രഹ്മലോകാദി ജയപ്രാപ്യമായ. ഭദ്രത്തിന്റെ, ഭൂമാനന്ദത്തിന്റെ, സ്വരൂപമായവൻ; ജയഭദ്രൻ എന്ന ദ്വിതീയ ദ്വാരപാല മൂൎത്തിയായവൻ. (ജയൻ, ജയഭദ്രൻ എന്നവർതന്നെ ജയവിജയന്മാരായ രാവണകുംഭകൎണ്ണന്മാരായി ജനിച്ചവർ. തിലകം]

“ഹര്യശ്വായ നമഃ”:–ഹരി [ഹനുമാനായ കപി] വാഹനമായ ശ്രീരാമൻ എന്നും.

“സഹസ്രാംശവേ നമഃ”:–“സഹസ്രാണി അംശവോ ജീവാ യസ്യ സഃ” (എണ്ണമററ ജീവജാലങ്ങളോടുകൂടിയവൻ), “മമൈവാംശോ ജീവലോകേ ജീവഭൂതഃ” എന്നു സ്മൃതി.

നമ ഉഗ്രായ വീരായ സാരംഗായ നമോ നമഃ
നമഃ പദ്മപ്രബോധായ മാർത്താണ്ഡായ നമോ നമഃ 18

| | | | |
|---|---|---|---|
| ഉഗ്രായ | ഉപാസിക്കാത്തവക്ക് ഉഗ്രനായുള്ളവനും | സാരംഗായ | അതിവേഗത്തിൽ വാനത്തു സഞ്ചരിക്കുന്നവനായ ദേവനു് |
| വീരായ | പ്രാണികളെ പല കൃത്യങ്ങളിൽ പ്രേരിപ്പിക്കുന്നവനുമായുള്ളവനു | പദ്മ-പ്രബോധായ | താമരയെ വികസിപ്പിക്കുന്ന ദേവനായിക്കൊണ്ടു് |
| നമഃ | നമസ്കാരം | നമഃ | നമസ്കാരം |
| നമഃ നമഃ | വീണ്ടും വീണ്ടും നമസ്കാരം | മാർത്താ-ണ്ഡായ നമഃ നമഃ | മൃതമായ ബ്രഹ്മാണ്ഡത്തെ ജീവിപ്പിക്കുന്ന ദേവനു് വീണ്ടും വീണ്ടും നമസ്കാരം. |

[“വീരായ നമഃ” “വിം ഗരുഡം ഈരയതി” ഗരുഡനെ പ്രാപ്യസ്ഥാനത്തിലേക്കായി പ്രേരിപ്പിക്കുന്നവൻ, ഗരുഡവാഹനൻ; “വിഗതഃ ഈശ്വരഃ പ്രേരകോ യസ്യ സഃ” (തനിക്കു് ആരും പ്രേക്ഷകനായില്ലാത്തവൻ); “വിവിധം ഈരയതീതി” (എല്ലാററിനേയും പ്രേരിപ്പിക്കുന്നവൻ).

‘സാരംഗായ നമഃ’— സാരഗ്രാഹിയായവൻ; ഹംസാവതാരമായവൻ; “സാരം പ്രണവഃ തേന പ്രതിപാദ്യതേ ഇതി” (പ്രണവത്താൽ പ്രതിപാദിക്കപ്പെടുന്നവൻ)

“പദ്മപ്രബോധായ നമഃ” :–(ഷഡാധാരപദ്മങ്ങളെ വികസിപ്പിക്കുന്നവൻ)]

ബ്രഹ്മേശാനാച്യുതേശായ സൂര്യായാദിത്യവർച്ചസേ
ഭാസ്വതേ സർവ്വഭക്ഷായ രൌദ്രായ വപുഷേ നമഃ 19

| | | | |
|---|---|---|---|
| ബ്രഹ്മേശാനാ-ച്യുതേശായാ | ബ്രഹ്മാവു്, പരമശിവൻ, വിഷ്ണു എന്നവരേയും ആപത്തിൽനിന്നു രക്ഷിക്കുന്നവനും | ഭാസ്വതേ | പ്രകാശമാന്നവനും |
| സൂര്യായ | സർവ്വപ്രേരകനും | സർവ്വഭക്ഷായ | സർവ്വസംഹാരകനും |
| ആദിത്യവർച്ചസേ | ആദിത്യരൂപമായ കാന്തിയോടുകൂടിയവനും | രൌദ്രായ വപുഷേ | സർവ്വസംഹാരകാലത്തിൽ രൌദ്രരൂപത്തോടുകൂടിയവനുമായ ദേവനായിക്കൊണ്ടു് |
| | | നമഃ | നമസ്കാരം. |

[“ബ്രഹ്മേശാനാച്യുതേശായ നമഃ”,—സൃഷ്ടിസ്ഥിതിസംഹാരകർത്താക്കന്മാരായ ബ്രഹ്മവിഷ്ണുരുദ്രന്മാർക്കും ഈശനായവൻ. “സൃഷ്ടിസ്ഥിത്യന്തകാരിണീം ബ്രഹ്മവിഷ്ണുശിവാത്മികാം. സസംജ്ഞാം യാതി ഭഗവാനേക ഏവ ജനാർദ്ദനഃ” എന്നു സ്മൃതി. “സർവ്വഭക്ഷായ നമഃ” :—സർവ്വയജ്ഞഭോക്താവായവൻ; സർവ്വസംഹർത്താവായവൻ, “യസ്യ ബ്രഹ്മ ച ക്ഷത്രം ച ഉഭേ ഭവത ഓദനഃ”, “സർവ്വം വാ അത്തി” എന്നു ശ്രുതി; “അത്താ ചരാചരഗ്രഹണാത്” എന്നു സൂത്രം. “രൌദ്രായ നമഃ :—രോഗത്തെ ശമിപ്പിക്കുന്നവൻ; സംസാരദുഃഖത്തെ ഇല്ലാതാക്കുന്നവൻ, “രുജം ദ്രാവയതേ യസ്മാദ്രുദ്രസ്തസ്മാജ്ജനാർദ്ദനഃ”. “രുത് ദുഃഖം തന്മൂലൌ രാഗദ്വേഷൌ, തന്മൂലജ്ഞാനം ച വിദ്രാവയതീതി രുദ്രഃ, തസ്യേദം രൌദ്രം,” അജ്ഞാനത്തെ നശിപ്പിക്കുന്നവൻ]

"വപുഷേ നമഃ":—"വം ജ്ഞാനം സദ്ഗതിം വാ അസാധാരണ്യേന ന്യായേന തത്പുഷ്ണാതീതി വപുട്, തസ്മൈ" (ജ്ഞാനത്തെ അഥവാ സദ്ഗതിയെ പോഷിപ്പിക്കുന്നവൻ), (രൌദ്രായ വപുഷേ" എന്നതുകൊണ്ടു് നൃസിംഹാവതാരം സൂചിപ്പിക്കപ്പെടുന്നു, എന്നു തീൎത്ഥീയം)]

തമോഘ്നായ ഹിമഘ്നായ ശത്രുഘ്നായാമിതാത്മനേ
കൃതഘ്നഘ്നായ ദേവായ ജ്യോതിഷാം പതയേ നമഃ 20

| | | | |
|---|---|---|---|
| തമോഘ്നായ | ഇരുട്ടിനെ ഇല്ലാതാക്കുന്നവനും | അമിതാത്മനേ | അപരിമിതമായ സ്വരൂപമാൎന്നവനും |
| ഹിമഘ്നായ | മഞ്ഞിനെ ഇല്ലാതാക്കുന്നവനും | കൃതഘ്നഘ്നായ | നന്ദികെട്ടവരെ നാശം ചെയ്യുന്നവനും |
| ശത്രുഘ്നായ | ഉപാസകന്മാരുടെ ശത്രുക്കളെ നശിപ്പിക്കുന്നവനും | ദേവായ | പ്രകാശിക്കുന്നവനുമായ |
| | | ജ്യോതിഷാം | ജ്യോതിസ്സുകൾക്കു് |
| | | പതയേ | നാഥനായുള്ളവനു് |
| | | നമഃ | നമസ്കാരം |

["ശത്രുഘ്നായ നമഃ"—ഹൃഷീകങ്ങളെ ഇന്ദ്രിയങ്ങളെ ജയിച്ചവൻ; "ശത്രുദ്ഘ്നാഹംഭാവഃ"

"അമിതാത്മനേ നമഃ":-അപരിമിത മഹിമാവോടുകൂടിയവൻ.

"കൃതഘ്നഘ്നായ നമഃ":— "കൃതം ചേതനതല്ലക്ഷണം ഭഗവത്കൃതമുപകാരം ഘ്നന്തി വിസ്മരന്തി, യേ തേ, കൃതഘ്നാഃ, ഭഗവദ്വിമുഖാഃ, താൻ സംസാരാനൎത്ഥപ്രാപണേന ഹന്തീതി", (ഭഗവദ്വിമുഖന്മാരെ സംസാരത്തിലിട്ടു കഴക്കുന്നവൻ). "ദേവായ നമഃ":— സ്വയം പ്രകാശനായവൻ ]

തപ്തചാമീകരാഭായ വഹ്നയേ വിശ്വകൎമ്മണേ
നമസ്തമോഽഭിനിഘ്നായ രുചയേ ലോകസാക്ഷിണേ. 21

| | | | |
|---|---|---|---|
| തപ്ത-ചാമീകരാഭായ | ഉരുക്കിയ തങ്കനിറമാന്നവനും | രുചയേ | പ്രകാശരൂപിയും |
| വഹ്നയേ | അഗ്നിരൂപത്തിൽ ഹവിസ്സിനെവഹിക്കുന്നവനും | ലോക-സാക്ഷിണേ | അന്തൎയ്യാമിയാകയാൽ ലോകരുടെ പുണ്യപാപങ്ങൾക്കു് സാക്ഷിയും ആയുള്ളവനു് |
| വിശ്വകൎമ്മണേ | സൎവ്വജഗത് കൎത്താവും | | |
| തമോഽഭി-നിഘ്നായ | അജ്ഞാനനാശകനും | നമഃ | നമസ്കാരം. |

["വിശ്വകൎമ്മണേ നമഃ":— "വിശ്വം, കൎമ്മ കാൎയ്യം യസ്യ സഃ" (വിശ്വം തന്നെ കൃത്യമായുള്ളവൻ); വ്യാപ്തമായ വ്യാപാരത്തോടുകൂടിയവൻ; "വിനാ ഗരുഡേന, ശ്രുവതി ഗച്ഛതി ഇതി വിശ്രുഃ, ന വിദ്യതേ കൎമ്മബന്ധം യസ്യ, ന വിദ്യതേ ക്ലിഷ്ടം കൎമ്മ യസ്യേതിവാ, അകൎമ്മാ; വിശ്രുശ്ചാസൌ അകൎമ്മാ ച വിശ്വകൎമ്മാ" (അക്ലിഷ്ടകൎമ്മാവായ ഗരുഡവാഹനൻ) "ഹരിക്ലിഷ്ടകാരിത്വാദകൎമ്മാ" "ന ജ്ഞാതേ ത്വത്ക്രിയതേ കിഞ്ചനാരെ" എന്നു് ശ്രുതി.

"രുചയേ നമഃ"; ''രോചതേ ഇതി രുചിഃ തസ്മൈ'' (രഞ്ജകനായവൻ). 7-ാം ശ്ലോകത്തിലെ "സർവ്വദേവാത്മകായ നമഃ'' എന്നു തുടങ്ങി, ഈ ശ്ലോകത്തിലെ 'ലോകസാക്ഷിണേ നമഃ'' എന്നതോടുകൂടി, അഷ്ടോത്തരശതനാമങ്ങൾ അടങ്ങിയിരിക്കുന്നു എന്നു് (തീൎത്ഥീയം.)]

നാശയത്യേഷ വൈ ഭൂതം തദേവ സൃജതി പ്രഭുഃ
പായത്യേഷ തപത്യേഷ വഷത്യേഷ ഗഭസ്തിഭിഃ 22

| | | | |
|---|---|---|---|
| ഏഷഃ വൈ | ഈ ദേവൻതന്നെയാകുന്നു | ഏഷഃ പായതി | ഈ ദേവൻ എല്ലാററിനേയും വററിക്കുന്നു; |
| ഭൂതം | ജഗത്തിനെ | ഏഷഃ തപതി | ഈ ദേവൻ തപിപ്പിക്കുന്നു; |
| നാശയതി | നശിപ്പിക്കുന്നതു്; | ഏഷഃ | ഈ ദേവൻ |
| പ്രഭുഃ | സർവ്വസ്വാമിയായ ഈ ദേവൻതന്നെ | ഗഭസ്തിഭിഃ | കിരണങ്ങൾ കൊണ്ടു് |
| തതു് സൃജതി ഏവ | അതിനെ സൃഷ്ടിക്കയും ചെയ്യുന്നു; | വഷതി. | മഴ പൊഴിക്കുന്നു. |

[നാശയതേ നമഃ, സൃജതേ നമഃ, പായതേ നമഃ, തപതേ നമഃ, വഷതേ നമഃ, എന്നവ മന്ത്രങ്ങളാകുന്നു.]

ഏഷ സുപ്തേഷു ജാഗൎത്തി ഭൂതേഷു പരിനിഷ്ഠിതഃ
ഏഷ ഏവാഗ്നിഹോത്രം ച ഫലം ചൈവാഗ്നിഹോത്രിണാം. 23

| | | | |
|---|---|---|---|
| ഏഷഃ | ഈ ദേവൻ | ഏഷഃ ഏവ | ഈ ദേവൻതന്നെയാകുന്നു |
| ഭൂതേഷു | പ്രാണികൾ | അഗ്നിഹോത്രം ച | അഗ്നിഹോത്രമായതും |
| സുപ്തേഷു | ഉറങ്ങുമ്പോൾ | അഗ്നിഹോത്രിണാം ഫലം ച ഏവ | അഗ്നിഹോത്രം ചെയ്യുന്നവൎക്കു് പ്രാപ്യസ്ഥാനമായിരിക്കുന്നതും. |
| പരിനിഷ്ഠിതഃ | അന്തൎയ്യാമിയായി വൎത്തിച്ചുകൊണ്ടു് | | |
| ജാഗൎത്തി | മിഴിച്ചുകൊണ്ടിരിക്കുന്നു; | | |

["സുപ്തേഷു ജാഗ്രതേ നമഃ' എന്നു മന്ത്രം. "യ ഏഷ സുപ്തേഷു ജാഗൎത്തി കാമം കാമം പുരുഷോ നിൎമ്മിമാണഃ' എന്നു് ശ്രുതി.

"അഗ്നിഹോത്രം':– അഗ്നയഃ പഞ്ചേന്ദ്രിയലക്ഷണാഃ പഞ്ചാഗ്നയഃ തേഷുഹോത്രം ഹോമഃ തത്തദ്വിഷയാനുഭവരൂപഃ' (പഞ്ചേന്ദ്രിയരൂപങ്ങളായ പഞ്ചാഗ്നികളിൽ തത്തദ്വിഷയാനുഭവങ്ങളെ ഹോമിക്കുന്നതു്), "ശ്രോത്രാദീനിന്ദ്രിയാണ്യന്യേ സംയമാഗ്നിഷു ജുഹ്വതി ശബ്ദാദീൻ വിഷയാനന്യേ ഇന്ദ്രിയാഗ്നിഷു" ജുഹ്വതി ഇത്യാദിഗീതാവാക്യം കാൺക.

''അഗ്നിഹോത്രിണാം ഫലം'';–ബാഹ്യാഭ്യന്തരാഗ്നിഹോത്രങ്ങളെ അനുഷ്ഠിക്കുന്നവൎക്കു് പ്രാപ്യമായ സ്വൎഗ്ഗാപവർഗ്ഗരൂപഫലങ്ങളായും തതു്പ്രദാതാവായും ഉള്ളവൻ.]

വേദാശ്ച ക്രതവശ്ചൈവ ക്രതൂനാം ഫലമേവ ച
യാനി കൃത്യാനി ലോകേഷു സർവ്വ ഏഷ രവിഃ പ്രഭുഃ 24

| | | | |
|---|---|---|---|
| വേദാഃ ച | വേദങ്ങളും | യാനി കൃത്യാനി ച | യാതൊരു കൃത്യങ്ങളോ അവയും |
| ക്രതവഃ ച | യാഗങ്ങളും | സർവ്വഃ | എല്ലാം |
| ക്രതൂനാം ഫലം ഏവ | യാഗങ്ങളുടെ ഫലവും | ഏഷഃ പ്രഭുഃ | ഈ സർവ്വശക്തനായ |
| ലോകേഷു | ലോകങ്ങളിൽ | രവിഃ ഏവ. | സൂൎയ്യഭഗവാൻതന്നെ. |

["വേദേഭ്യോ നമഃ, ക്രതുഭ്യോ നമഃ, ഇത്യാദിമന്ത്രങ്ങൾ. 6-ാംശ്ലോകത്തിലെ "രശ്മിമതേ നമഃ" എന്നു് തുടങ്ങി ഈ ശ്ലോകത്തിലെ "പ്രഭവേ നമഃ" എന്നതുമായ 125 നാമങ്ങളാകുന്നു എന്നു കതകം.]

ഏനമാപത്സു കൃച്ഛ്രേഷു കാന്താരേഷു ഭയേഷു ച
കീർത്തയൻ പുരുഷഃ കശ്ചിന്നാവസീദതി രാഘവ. 25

| | | | |
|---|---|---|---|
| രാഘവ | ശ്രീരാമ | ഭയേഷു ച | ഭയങ്ങളിലും |
| കശ്ചിത് പുരുഷഃ: | ഒരു പുരുഷൻ | ഏനം | ഈ ആദിത്യഹൃദയസ്തവത്തെ |
| ആപത്സു | ആപത്തുകളിലും | കീർത്തയൻ | ജപിക്കുന്നവനായി |
| കൃച്ഛ്രേഷു | ബുദ്ധിമുട്ടുകളിലും | അവസീദതി ന. | കുഴങ്ങാതിരിക്കുന്നു |
| കാന്താരേഷു | വനങ്ങളിലും | | |

പൂജയസ്വൈനമേകാഗ്രോ ദേവദേവം ജഗത്പതിം
ഏതത് ത്രിഗുണിതം ജപ്ത്വാ യുദ്ധേഷു വിജയിഷ്യസി. 26

| | | | |
|---|---|---|---|
| ഏകാഗ്രഃ | ഏകാഗ്രചിത്തനായി | ഏതത് | ഈ സ്തവത്തെ |
| ദേവദേവം | ദേവന്മാർക്കുംദേവനായി | ത്രിഗുണിതം | മൂന്നുകുറി |
| ജഗത്പതിം | ജഗന്നാഥനായുള്ള | ജപ്ത്വാ | ജപിച്ചു് |
| ഏനം | ഈ ആദിത്യഭഗവാനെ | യുദ്ധേഷു | } യുദ്ധങ്ങളിൽ ഭവാൻ |
| പൂജയസ്വ | പൂജിച്ചാലും; | വിജയിഷ്യസി } | വിജയിക്കുന്നതാണ്. |

അസ്മിൻ ക്ഷണേ മഹാബാഹോ രാവണം ത്വം വധിഷ്യസി
ഏവമുക്ത്വാ തദാഽഗസ്ത്യോ ജഗാമ ച യഥാഗതം. 27

| | | | |
|---|---|---|---|
| "മഹാബാഹോ | "മഹാബാഹുവായവ [നേ | തദാ | ആ സമയം |
| അസ്മിൻ ക്ഷണേ | ഇക്ഷണംതന്നെ | അഗസ്ത്യഃ: | അഗസ്ത്യഭഗവാൻ |
| ത്വം | നിന്തിരുവടി | ഏവം ഉക്ത്വാ | ഇപ്രകാരംഉപദേശിച്ചു് |
| രാവണം | രാവണനെ | യഥാഗതം ച | വന്നപ്രകാരംതന്നെ |
| വധിഷ്യസി" | വധിക്കുന്നതാണ്." | ജഗാമ. | തിരിച്ചുചെന്നു. |

ഏതച്ഛ്രുത്വാ മഹാതേജാ നഷ്ടശോകോഽഭവത്തദാ
ധാരയാമാസ സുപ്രീതോ രാഘവഃ പ്രയതാത്മവാൻ. 28

| | | | |
|---|---|---|---|
| മഹാതേജാഃ | മഹാതേജസ്വിയായ | അഭവത് | ഭവിച്ചു; |
| ഏതത് | ഇതിനെ [ശ്രീരാമൻ | രാഘവഃ | ശ്രീരാഘവൻ |
| ശ്രുത്വാ | ചെവിക്കൊണ്ടു് | സുപ്രീതഃ | അതിപ്രീതനായി |
| തദാ | ആ സമയം | പ്രയതാത്മവാൻ | ഇന്ദ്രിയങ്ങളെ അടക്കി |
| നഷ്ടശോകഃ | വീതശോകനായി | ധാരയാമാസ. | ധ്യാനിച്ചു. [ക്കൊണ്ടു് |

ആദിത്യം പ്രേക്ഷ്യ ജപ്ത്വാ തു പരം ഹർഷമവാപ്തവാൻ
ത്രിരാചമ്യ ശുചിർഭൂത്വാ ധനുരാദായ വീര്യവാൻ. 29

| | | | |
|---|---|---|---|
| വീര്യവാൻ | വീര്യശാലിയായ അദ്ദേഹം | ആദിത്യം പ്രേക്ഷ്യ | ആദിത്യാഭിമുഖനായി വർത്തിച്ചുകൊണ്ട് |
| ത്രിഃ ആചമ്യ | മൂന്നുകുറി ആചമിച്ച് | ജപ്ത്വാ തു | ജപിച്ചശേഷം |
| ശുചിഃ ഭൂത്വാ | പരിശുദ്ധിപൂണ്ടവനായി | പരം ഹർഷം | അതിയായ ആനന്ദം |
| ധനുഃ ആദായ | ചാപത്തെ കയ്യേറ്റുകൊണ്ട് | അവാപ്തവാൻ. | ഉൾക്കൊണ്ടു. |

രാവണം പ്രേക്ഷ്യ ഹൃഷ്ടാത്മാ യുദ്ധായ സമുപാഗമത്
സർവ്വയത്നേന മഹതാ വധേ തസ്യ ധൃതോഽഭവത്. 30

| | | | |
|---|---|---|---|
| ഹൃഷ്ടാത്മാ | സന്തുഷ്ടനായ അദ്ദേഹം | സർവ്വയത്നേന | സർവ്വപൌരുഷത്തേയും കയ്യേറ്റുകൊണ്ട് |
| രാവണം പ്രേക്ഷ്യ | രാവണനെ നോക്കി | തസ്യ വധായ | അവന്റെ വധത്തിൽ |
| യുദ്ധായ | പോരിന്നായി | ധൃതഃ | ദൃഢനിശ്ചയത്തോടുകൂടി |
| സമുപാഗമത് | അടുത്തു | അഭവത്. | ഭവിച്ചു. |
| മഹതാ | മഹത്തായ | | |

അഥ രവിരവദന്നിരീക്ഷ്യ രാമം
മുദിതമനാഃ പരമം പ്രഹൃഷ്യമാണഃ
നിശിചരപതിസംക്ഷയം വിദിത്വാ
സുരഗണമധ്യഗതോ വചസ്ത്വരേതി. 31

| | | | |
|---|---|---|---|
| അഥ | ആ സമയം | രാമം നിരീക്ഷ്യ | ശ്രീരാമനെ നോക്കി |
| സുരഗണമധ്യഗതഃ | ദേവഗണമധ്യവർത്തിയായ | നിശിചരപതിസംക്ഷയം | രാവണവിനാശത്തെ |
| രവിഃ | ആദിത്യഭഗവാൻ | വിദിത്വാ | അനുഗ്രഹിച്ചരുളിയശേഷം |
| പരമം | ഏറ്റം | 'ത്വര' ഇതി | 'വേഗമാവട്ടെ' എന്ന് |
| മുദിതമനാഃ | പ്രസന്നചിത്തനായി | വചഃ അവദത് | അരുളിച്ചെയ്തു. |
| പ്രഹൃഷ്യമാണഃ | ഉത്സാഹമുൾക്കൊണ്ട് | | |

**ഇത്യാർഷേ ശ്രീമദ്രാമായണേ വാൽമീകീയേ ആദികാവ്യേ യുദ്ധകാണ്ഡേ സപ്തോത്തരശതതമഃ സർഗ്ഗഃ=നൂറെറഴാംസർഗ്ഗം സമാപ്തം.**

ആദ്യംമുതൽ ശ്ലോകസംഖ്യ 19674; യുദ്ധകാണ്ഡം ആദ്യംമുതൽ ശ്ലോകസംഖ്യ 4999

— — — —

## അഷ്ടോത്തരശതതമഃ സർഗ്ഗഃ = നൂറെറട്ടാംസർഗ്ഗം

[നിമിത്തദർശനം = ശുഭാശുഭലക്ഷണങ്ങൾ കാണുന്നതു്]

സ രഥം സാരഥിർഹൃഷ്ടഃ പരസൈന്യപ്രധർഷണം
ഗന്ധർവ്വനഗരാകാരം സമുച്ഛ്രിതപതാകിനം. 1
യുക്തം പരമസമ്പന്നൈർവാജിഭിർഹേമമാലിഭിഃ
യുദ്ധോപകരണൈഃ പൂർണ്ണം പതാകാധ്വജമാലിനം. 2

ഗ്രസന്തമിവ ചാകാശം നാദയന്തം വസുന്ധരാം
പ്രണാശം പരസൈന്യാനാം സ്വസൈന്യാനാം പ്രഹർഷണം
രാവണസ്യ രഥം ക്ഷിപ്രം ചോദയാമാസ സാരഥിഃ. 3

| | |
|---|---|
| സഃ സാരഥിഃ | ആ തേർതെളിക്കുന്നവ[നായ] |
| സാരഥിഃ | സാരഥി |
| ഹൃഷ്ടഃ | ഉത്സാഹത്തോടുകൂടിയവനായി |
| പരസൈന്യപ്രധർഷണം | ശത്രുസൈന്യങ്ങളെ നശിപ്പിക്കുന്ന |
| രഥം | രഥവും |
| ഗന്ധർവ്വനഗരാകാരം | ഗന്ധർവ്വനഗരമൊത്തുള്ളതും |
| സമുച്ഛ്രിതപതാകിനം | ഉയർത്തപ്പെട്ട കൊടിക്കാലുകളാർന്നതും |
| പരമസംപന്നൈഃ | അതിവേഗതയാർന്നവയും |
| ഹേമമാലിഭിഃ | സ്വർണ്ണമാലയണിയിക്കപ്പെട്ടവയുമായ |
| വാജിഭിഃ | കുതിരകളാൽ |
| യുക്തം | പൂട്ടികെട്ടപ്പെട്ടതും |
| യുദ്ധോപകരണൈഃ | യുദ്ധത്തിനുവേണ്ട ഉപകരണങ്ങളാൽ |
| പൂർണ്ണം | നിറയപ്പെട്ടതും |
| പതാകാധ്വജമാലിനം | പതാകകളും കൊടിക്കൂറകളും നിറന്നുള്ളതും |
| ആകാശം ച | ആകാശത്തെത്തന്നെ |
| ഗ്രസന്തം ഇവ | വിഴുങ്ങുന്നപോലുള്ളതും |
| വസുന്ധരാം | ഭൂമിയെ |
| നാദയന്തം | ഒച്ചപ്പെടുത്തുന്നതും |
| പരസൈന്യാനാം | ശത്രുസൈന്യങ്ങളെ |
| പ്രണാശം | നശിപ്പിക്കുന്നതും |
| സ്വസൈന്യാനാം | സ്വന്തം സൈന്യങ്ങൾക്ക് |
| പ്രഹർഷണം | ഉത്സാഹമുളവാക്കുന്നതുമായ |
| രാവണസ്യ രഥം | രാവണന്റെ രഥത്തെ |
| ക്ഷിപ്രം | വേഗത്തിൽ |
| ചോദയാമാസ. | തെളിച്ചു. |

തമാപതന്തം സഹസാ സ്വനവന്തം മഹാസ്വനം
രഥം രാക്ഷസരാജസ്യ നരരാജോ ദദർശ ഹ. 4

| | |
|---|---|
| നരരാജഃ | നരചക്രവർത്തിയായ ശ്രീരാഘവൻ |
| സഹസാ | ബദ്ധപ്പെട്ടുകൊണ്ട് |
| ആപതന്തം | വന്നുകൊണ്ടിരിക്കുന്നതും |
| മഹാസ്വനം | വൻമുഴക്കത്തോടുകൂടി |
| സ്വനന്തം | ശബ്ദിക്കുന്നതുമായ |
| രാക്ഷസരാജസ്യ | രക്ഷോനാഥന്റെ |
| തം രഥം | ആ രഥത്തെ |
| ദദർശ ഹ | വീക്ഷിച്ചു. |

കൃഷ്ണവാജിസമായുക്തം യുക്തം രൌദ്രേണ വർച്ചസാ
ദീപ്യമാനമിവാകാശേ വിമാനം സൂര്യവർച്ചസം 5
തടിത്പതാകാഗഹനം ദർശിതേന്ദ്രായുധായുധം
ശരധാരാവിമുഞ്ചന്തം ധാരാസാരമിവാംബുദം. 6
തം ദൃഷ്ട്വാ മേഘസംകാശമാപതന്തം രഥം രിപോഃ
ഗിരേർവ്വജ്രാഭിവൃഷ്ടസ്യ ദീര്യതഃ സദൃശസ്വനം. 7
വിസ്ഫാരയൻ വൈ വേഗേന ബാലചന്ദ്രനതം ധനുഃ
ഉവാച മാതലിം രാമഃ സഹസ്രാക്ഷസ്യ സാരഥിം 8

| | |
|---|---|
| രാമഃ | ശ്രീരാഘവൻ |
| കൃഷ്ണവാജിസമായുക്തം | കറുത്ത കുതിരകൾ പൂട്ടിക്കെട്ടിയതും |
| രൌദ്രേണ | ഉഗ്രമായ |
| വച്ചസാ യുക്തം | കാന്തിപൂണ്ടുള്ളവയും |
| ആകാശേ | ആകാശത്തിൽ |
| വിമാനം ഇവ | വിമാനമെന്നപോലെ |
| ദീപ്യമാനം | വിലസുന്നതും |
| സൂര്യവർച്ചസം | സൂര്യജോതിസ്സാന്നതും |
| തഡിത്പതാകാഗഹനം | മിന്നലൊത്ത കൊടിക്കൂറകളാന്നതും |
| ദശിതേന്ദ്രായുധായുധം | ഇന്ദ്രായുധങ്ങൾപോലെയുള്ള ആയുധങ്ങളെ പ്രദശിപ്പിക്കുന്നതും |
| ധാരാസാരം | വർഷധാരകൾ പൊഴിക്കുന്ന |
| അംബുദം ഇവ | മേഘമെന്നപോലെ |
| ശരധാരാഃ | ശരമാരികളെ |
| വിമുഞ്ചന്തം | തൂകുന്നതും |
| മേഘസംകാശം | മേഘസന്നിഭവും |
| വജ്രാഭിമൃഷ്ടസ്യ | വജ്രായുധത്താൽ അടിപ്പെട്ട് |
| ദീയ്യതഃ | പിളരുന്ന [ക്കപ്പെട്ട് |
| ഗിരേഃ | പവ്വതത്തിൻെറ |
| സദൃശസ്വനം | ഒച്ചപോലെ ശബ്ദിച്ചുകൊണ്ട് |
| ആപതന്തം | ഏററവരുന്നതുമായ |
| തം രഥം | ആ രഥത്തെ |
| ദൃഷ്ട്വാ | കണ്ട് |
| വേഗേന | വേഗത്തിൽ |
| ബാലചന്ദ്രനതം | ഇളംപനിമതിപോലെ വളഞ്ഞുള്ള |
| ധനുഃ | കോദണ്ഡത്തെ |
| വിസ്ഫാരയൻ വൈ | ഞാണൊലിയിട്ടുകൊണ്ട് |
| സഹസ്രാക്ഷസ്യ | ഇന്ദ്രൻെറ |
| സാരഥിം | സാരഥിയായ |
| മാതലിം | മാതലിയോടായി |
| ഉവാച. | ഇപ്രകാരം അരുളിച്ചെയ്തു. |

മാതലേ പശ്യ സംരബ്ധമാപതന്തം രഥം രിപോഃ 9

| | |
|---|---|
| "മാതലേ | "മാതലേ |
| സംരബ്ധം | അതിവേഗതപൂണ്ട് |
| ആപതന്തം | എതിത്തുവരുന്ന |
| രിപോഃ | ശത്രുവിൻെറ |
| രഥം | രഥത്തെ |
| പശ്യ | നോക്കുക. |

യഥാപസവ്യം പതതാ വേഗേന മഹതാ പുനഃ
സമരേ ഹന്തുമാത്മാനം തഥാ തേന കൃതാ മതിഃ 10

| | |
|---|---|
| "മഹതാ | "അതിയായ |
| വേഗേന | വേഗതപൂണ്ട് |
| അപസവ്യം തഥാ | അപ്രദക്ഷിണമാകമാറ് |
| പുനഃ പതതാ | വീണ്ടും ഏററവരുന്ന |
| തേന | ആ രാവണനാൽ |
| സമരേ | പോരിൽ [വാൻ |
| ആത്മാനം ഹന്തും | തന്നെ മൃതിപ്പെടുത്തു- |
| മതിഃ കൃതാ യഥാ. | നിശ്ചയിച്ചിരിക്കുന്നു എന്നു തോന്നുന്നു. |

തദപ്രമാദമാതിഷ്ഠൻ പ്രത്യുദ്ഗച്ഛ രഥം രിപോഃ
വിധ്വംസയിതുമിച്ഛാമി വായുമ്മേഘമിവോത്ഥിതം. 11

| | |
|---|---|
| "തത് | "ആകയാൽ |
| അപ്രമാദം | ജാഗ്രതയോടുകൂടി |
| ആതിഷ്ഠൻ | വത്തിക്കുന്നവനായി |
| രിപോഃ | ശത്രുവിൻെറ |
| രഥം | രഥത്തിന്നു നേക്കായി |
| പ്രത്യുദ്ഗച്ഛ | എതിത്തുചെല്ലുക; |
| ഉത്ഥിതം മേഘം | പൊങ്ങിയ മേഘത്തെ |
| വായുഃ ഇവ | വായുവെന്നപോലെ |
| വിധ്വംസയിതും | അവനെ ധ്വംസനം ചെയ്യുവാൻ |
| ഇച്ഛാമി. | ഞാൻ ആഗ്രഹിക്കുന്നു. |

അവിക്ലബമസംഭ്രാന്തമവ്യക്തഹൃദയേക്ഷണം
രശ്മിസഞ്ചാരനിയതം പ്രചോദയ രഥം ദ്രുതം. 12

| | | | |
|---|---|---|---|
| "അവിക്ലബം | "ധൈര്യക്ഷയമില്ലാതെ | രശ്മിസഞ്ചാര-നിയതം | കടിഞ്ഞാൺ വലിക്കുന്നതിൽപിഴയ്ക്കാതെയും |
| അസംഭ്രാന്തം | പതച്ചുകൂടാതെയും [യും | ദ്രുതം | വേഗത്തിൽ |
| അവ്യഗ്ര-ഹൃദയേക്ഷണം | മനസ്സും ദൃഷ്ടിയും ജാഗ്രതവെച്ചും | രഥം പ്രചോദയ. | തേർ തെളിച്ചാലും. |

കാമം ന ത്വം സമാധേയഃ പുരന്ദരരഥോചിതഃ
യുയുത്സുരഹമേകാഗ്രഃ സ്മാരയേ ത്വാം ന ശിക്ഷയേ. 13

| | | | |
|---|---|---|---|
| "പുരന്ദര-രഥോചിതഃ | "ഇന്ദ്രന്റെ തേർ നടത്തിപ്പരിചയമുള്ളവ | യുയുത്സുഃ | പോരിൽ ഇച്ഛയോടുകൂടിയവനായിരിക്കകാരണം |
| ത്വം | ഭവാൻ [നായ | | |
| കാമം സമാധേയഃ ന | അധികമൊന്നും ഉപദേശിക്കപ്പെടേണ്ടവ | ത്വാം സ്മാരയേ | ഭവാനെ ഓർമ്മപ്പെടുത്തുകമാത്രമാണ് |
| അഹം | ഞാൻ [നല്ല | ശിക്ഷയേ ന." | അല്ലാതെ ശാസിക്കുക അല്ല." |
| ഏകാഗ്രം | ഏകാഗ്രമനസ്സനായി | | |

പരിതുഷ്ടഃ സ രാമസ്യ തേന വാക്യേന മാതലിഃ
പ്രചോദയാമാസ രഥം സുരസാരഥിസത്തമഃ 14

| | | | |
|---|---|---|---|
| സുരസാരഥി-സത്തമഃ | ഉത്തമദേവസാരഥിയായ | തേന വാക്യേന | ആ വാക്യത്താൽ |
| സഃ മാതലിഃ | ആ മാതലി | പരിതുഷ്ടഃ | സന്തുഷ്ടിപൂണ്ടവനായി |
| രാമസ്യ | ശ്രീരാമന്റെ | രഥം പ്രചോ-ദയാമാസ. | തേർ നടത്തി |

അപസവ്യം തതഃ കുർവ്വൻ രാവണസ്യ മഹാരഥം
ചക്രോത്ക്ഷിപ്തേന രജസാ രാവണം വ്യവധാനയത്. 15

| | | | |
|---|---|---|---|
| തതഃ | അപ്പോൾ | ചക്രോത്-ക്ഷിപ്തേന | ചക്രത്താൽ ആക്ഷേപിക്കപ്പെട്ട |
| രാവണസ്യ | രാവണന്റെ | രജസാ | ധൂളികൊണ്ട് |
| മഹാരഥം | വൻതേരിനെ | രാവണം | രാവണനെ |
| അപസവ്യം കുർവ്വൻ | വലത്തെവശത്താക്കിക്കൊണ്ട് | വ്യവധാനയത്. | മറച്ചു. |

തതഃ ക്രുദ്ധോ ദശഗ്രീവസ്താമ്രവിസ്ഫാരിതേക്ഷണഃ
രഥപ്രതിമുഖം രാമം സായകൈരവധൂനയത്. 16

| | | | |
|---|---|---|---|
| തതഃ | അപ്പോൾ | രഥപ്രതിമുഖം | രഥത്തിന്നെതിരായി വരുന്ന |
| ദശഗ്രീവഃ ക്രുദ്ധഃ | രാവണൻ കോപമുൾക്കൊണ്ടവനായി | രാമം | ശ്രീരാമനെ |
| താമ്രവിസ്ഫാരി-തേക്ഷണഃ | ചുവന്ന് തുറിച്ചു മിഴിക്കുന്ന നേത്രങ്ങളാർന്നവനായി | സായകൈഃ | അമ്പുകൾകൊണ്ട് |
| | | അവധൂനയത്. | എയ്തു. |

ധഷ്ണാമഷിതോ രാമോ ധൈയ്യം രോഷേണ ലംഭയൻ
ജഗ്രാഹ സുമഹാവേഗമൈന്ദ്രം യുധി ശരാസനം
ശരാംശ്ച സുമഹാതേജാഃ സൂയ്യരശ്മിസമപ്രഭാൻ. 17

| | | | |
|---|---|---|---|
| സുമഹാതേജാ: | അത്യധിക തേജസ്സാന്ന | സുമഹാവേഗം | ശക്തയേറിയതായ |
| രാമഃ | ശ്രീരാഘവൻ [വനായ | ഐന്ദ്രം ശരാസനം | ഇന്ദ്രചാപത്തെയും |
| യുധി | പോരിൽ | സൂയ്യരശ്മി-സമപ്രഭാൻ | രവികിരണതുല്യതേജസ്സാന്ന |
| ധഷ്ണാമഷിത: | എതിക്കുന്നതിനെ പൊറുക്കാത്തവനായി | ശരാൻ ച | ബാണങ്ങളേയും |
| രോഷേണ | കോപംമൂലം | ജഗ്രാഹ. | കയ്യേറ്റാണ്ടു. |
| ധൈയ്യം ലംഭയൻ | മനോദാർഢ്യത്തെ കൈക്കൊണ്ടവനായി, | | |

തദോപോഢം മഹദ്യുദ്ധമന്യോന്യവധകാംക്ഷിണോഃ
പരസ്പരാഭിമുഖയോർദ്ദൃപ്തയോരിവ സിംഹയോഃ 18

| | | | |
|---|---|---|---|
| തദാ ദൃപ്തയോഃ | ആ സമയം കൊഴുത്ത | പരസ്പരാഭി-മുഖയോ: | തമ്മിലേററ അവരിരുവക്കും തമ്മിൽ |
| സിംഹയോഃ | രണ്ടു സിംഹങ്ങൾ | മഹത് യുദ്ധം | വൻപോർ |
| ഇവ | തമ്മിലെന്നപോലെ | ഉപോഢം. | തുടർന്നു. |
| അന്യോന്യ-വധകാംക്ഷി-ണോഃ | ഒരുവനെയൊരുവൻ വധിപ്പാനുദ്ദേശിച്ച് | | |

തതോ ദേവാഃ സഗന്ധവ്വാഃ സിദ്ധാശ്ച പരമഷയഃ
സമേയുർദ്വൈരഥം ദ്രഷ്ടും രാവണക്ഷയകാംക്ഷിണഃ 19

| | | | |
|---|---|---|---|
| തതഃ | അപ്പോൾ | സിദ്ധാ: | സിദ്ധന്മാരും |
| രാവണക്ഷയ-കാംക്ഷിണ: | രാവണൻെറനാശത്തെ കാംക്ഷിക്കുന്നവരായ | പരമഷയ: ച | മഹഷികളും |
| ദേവാ: | ദേവന്മാരും | ദ്വൈരഥം | ഇരുതേർതമ്മിലുള്ള |
| സഗന്ധർവ്വാ: | ഗന്ധവ്വന്മാരോടുകൂടിയ | ദ്രഷ്ടും | കാണ്മാനായി [പോർ |
| | | സമേയു:. | വന്നെത്തി. |

സമുത്പേതുരഥോത്പാതാ ദാരുണാ രോമഹഷ്ണാഃ
രാവണസ്യ വിനാശായ രാഘവസ്യ ജയായ ച 20

| | | | |
|---|---|---|---|
| അഥ | ആ സമയം | വിനാശായ | നാശത്തിന്നായും |
| രോമഹഷ്ണാ: | രോമാഞ്ചമുണ്ടാക്കുമാറു | രാഘവസ്യ | ശ്രീരാഘവൻെറ |
| ദാരുണാ: | ഭയങ്കരങ്ങളായ | ജയായ ച | വിജയത്തിന്നായും |
| ഉത്പാതാഃ | ദു:ശകുനങ്ങൾ | സമുത്പേതു:. | കാണപ്പെട്ടു. |
| രാവണസ്യ | രാവണൻെറ | | |

വവഷ രുധിരം ദേവോ രാവണസ്യ രഥോപരി. 21

| | | | |
|---|---|---|---|
| ദേവ: | ഇന്ദ്രൻ | രഥോപരി | രഥത്തിന്മേൽ |
| രാവണസ്യ | രാവണൻെറ | രുധിരം വവഷ. | ചോര വഷിച്ചു. |

വാതാ മണ്ഡലിനസ്തീക്ഷ്ണാ ഹ്യപസവ്യം പ്രചക്രമുഃ 22

| | | | |
|---|---|---|---|
| വാതാഃ ഹി | കാററുകളും | തീക്ഷ്ണാഃ | ഉഗ്രമായി |
| | | അപസവ്യം | അപ്രദക്ഷിണമായി |
| മണ്ഡലിനഃ | ചുഴററിക്കൊണ്ടു് | പ്രചക്രമുഃ. | അടിച്ചു. |

മഹദ്ഗൃദ്ധ്രകുലം ചാസ്യ ഭ്രമമാണം നഭഃസ്ഥലേ
യേന യേന രഥോ യാതി തേന തേന പ്രധാവതി. 23

| | | | |
|---|---|---|---|
| മഹത് | വമ്പിച്ച | യേന യേന | ഏതേതുവഴിയായി |
| ഗൃദ്ധ്രകുലം ച | കഴുകിൻകൂട്ടവും | യാതി | പോകുന്നുവോ |
| നഭഃസ്ഥലേ | ആകാശത്തിൽ | തേന തേന | അതാതുവഴികളിൽ കൂടി |
| ഭ്രമമാണം | വട്ടം ചുററുന്നതായി | | |
| അസ്യ രഥഃ | ഇവന്റെ തേർ | പ്രധാവതി. | പറക്കയായി. |

സന്ധ്യയാ ചാവൃതാ ലങ്കാ ജപാപുഷ്പനികാശയാ
ദൃശ്യതേ സംപ്രദീപ്തേവ ദിവസേഽപി വസുന്ധരാ. 24

| | | | |
|---|---|---|---|
| ജപാപുഷ്പനികാശയാ | ചെമ്പരത്തിപ്പൂവൊത്ത | ആവൃതാ | ചൂഴപ്പെട്ടതായ |
| | | ലങ്കാ ച | ലങ്കയും |
| സന്ധ്യയാ | സന്ധ്യയാൽ | സംപ്രദീപ്താ | കത്തിജ്വലിക്കുന്ന |
| ദിവസേ അപി | പകൽ സമയത്തിൽ തന്നെ | വസുന്ധരാ ഇവ | ഭൂതലമെന്നപോലെ |
| | | ദൃശ്യതേ. | കാണപ്പെടുന്നു. |

സനിർഘാതാ മഹോല്കാശ്ച സംപ്രചേരുർമ്മഹാസ്വനാഃ 25

| | | | |
|---|---|---|---|
| മഹോല്കാഃ ച | വമ്പിച്ച കൊള്ളിമീനുകളും | മഹാസ്വനാഃ | വമ്പിച്ച ശബ്ദമാർന്നവയായി |
| സനിർഘാതാഃ | ഇടിമുഴക്കത്തോടുകൂടിയവയായി | സംപ്രചേരുഃ. | ഏറെ വീണു. |

വ്യഷാദയംസ്താ രക്ഷാംസി രാവണസ്യ തദാഽഹിതാഃ 26

| | | | |
|---|---|---|---|
| തദാ | അപ്പോൾ | രാവണസ്യ | രാവണനു ചേർന്നവരായ |
| അഹിതാഃ | ദോഷകരങ്ങളായ | രക്ഷാംസി | രാക്ഷസന്മാരെ |
| താഃ | ആയവ, | വ്യഷാദയൻ. | വിഷാദിപ്പിച്ചു. |

രാവണശ്ച യതസ്തത്ര സംചചാല വസുന്ധരാ
രക്ഷസാം ച പ്രഹരതാം ഗൃഹീതാ ഇവ ബാഹവഃ 27

| | | | |
|---|---|---|---|
| രാവണഃ | രാവണൻ | രക്ഷസാം | രാക്ഷസർ |
| യതഃ ച | എവിടെ ഉണ്ടായിരുന്നുവോ | പ്രഹരതാം | പ്രഹരിക്കുന്നസമയം |
| തത്ര | അവിടെ | ബാഹവഃ ച | അവരുടെ കയ്കളും |
| വസുന്ധരാ | ഭൂമി | ഗൃഹീതാഃ ഇവ. | പിടിച്ചുനിർത്തപ്പെട്ട പോലെയായി. |
| സംചചാല | അത്യധികം കുലുങ്ങി; | | |

താമ്രാഃ പീതാഃ സിതാഃ ശ്വേതാഃ പതിതാഃ സൂര്യരശ്മയഃ
ദൃശ്യന്തേ രാവണസ്യാംഗേ പർവ്വതസ്യേവ ധാതവഃ 28

| | | | |
|---|---|---|---|
| രാവണസ്യ | രാവണന്റെ | സൂൎയ്യരശ്മയ: | രവികിരണങ്ങൾ |
| അംഗേ | ശരീരത്തിൽ | പതിതാ: | വീണവയായി |
| താമ്രാ: | ചുവന്നും | പൎവ്വതസ്യ | പൎവ്വതത്തിന്നു് |
| പീതാ: | മഞ്ഞച്ചും | ധാതവ: ഇവ | ധാതുക്കളെന്നപോലെ |
| സിതാഽസിതാ: | വെളുത്തും കറുത്തും ഉള്ള | ദൃശ്യന്തേ. | കാണപ്പെടുന്നു. |

ഗൃധ്രൈരനുഗതാശ്ചാസ്യ വമന്ത്യോ ജ്വലനം മുഖൈഃ
പ്രണേദുൎമ്മുഖമീക്ഷന്ത്യഃ സംരബ്ധമശിവം ശിവാഃ 29

| | | | |
|---|---|---|---|
| ശിവാ: | കുറുനരികൾ | അസ്യ | ഈ രാവണന്റെ |
| ഗൃധ്രൈ: | കഴുക്കളാൽ പിന്തുടര | മുഖം | മുഖത്തെ |
| അനുഗതാ: | പ്പെട്ടവയായി | ഈക്ഷന്ത്യ: ച | നോക്കുന്നവയായിത്ത |
| മുഖൈ: | വായകൊണ്ടു് | സംരബ്ധം | അരിശംപൂണ്ടു് [ന്നെ |
| ജ്വലനം | ചെന്തീ | അശിവം | അശുഭകരമാംവണ്ണം |
| വമന്ത്യ: | വമിക്കുന്നവയായി, | പ്രണേദു:. | ഓരിയിട്ടു. |

പ്രതികൂലം വവൌ വായൂ രണേ പാംസൂൻ സമുത്കിരൻ
തസ്യ രാക്ഷസരാജസ്യ കുൎവ്വൻ ദൃഷ്ടിവിലോപനം. 30

| | | | |
|---|---|---|---|
| വായു: | കാററു് | രാക്ഷസരാജസ്യ | രക്ഷോനാഥന്റെ |
| രണേ | പോരിൽ | ദൃഷ്ടിവിലോ- പനം കുൎവ്വൻ | കണ്ണുകളെ മറച്ചു കൊണ്ടു് |
| പാംസൂൻ | പൊടിപടലങ്ങളെ | പ്രതികൂലം | എതിരായി |
| സമുത്കിരൻ | പറപ്പിക്കുന്നതായി | വവൌ. | വീശി. |
| തസ്യ | ആ | | |

നിപേതുരിന്ദ്രാശനയഃ സൈന്യേ ചാസ്യ സമന്തതഃ
ദുൎവ്വിഷഹ്യസ്വനാ ഘോരാ വിനാ ജലധരസ്വനം. 31

| | | | |
|---|---|---|---|
| അസ്യ | ഇവന്റെ | ജലധരസ്വനം വിനാ ച | മേഘധ്വനിയില്ലാതെ തന്നെ |
| സൈന്യേ | സൈന്യത്തിൽ | ഘോരാഃ | ഭയങ്കരങ്ങളായി |
| സമന്തതഃ | നാലുപാടും | ദുൎവ്വിഷഹ്യ- സ്വനാഃ | അസഹ്യമായ ഒച്ചയോ ടുകൂടിയവയായി |
| ഇന്ദ്രാശനയഃ | ഇടിവീഴ്ചകൾ | നിപേതുഃ. | വീണു. |

ദിശശ്ച പ്രദിശഃ സൎവ്വാ ബഭ്രുവുസ്തിമിരാവൃതാഃ 32

| | | | |
|---|---|---|---|
| ദിശഃപ്രദിശഃ ച | ദിക്കുകളും വിദിക്കുകളും | തിമിരാവൃതാഃ | ഇരുട്ടടഞ്ഞതായി |
| സൎവ്വാഃ | എല്ലാം | ബഭ്രുവു: | ഭവിച്ചു. |

പാംസുവൎഷേണ മഹതാ ദുൎദ്ദൎശം ച നഭോഽഭവത്. 33

| | | | |
|---|---|---|---|
| മഹതാ പാം- സുവൎഷേണ | വമ്പിച്ച പൊടിമാരി കൊണ്ടു് | നഭ: ച | ആകാശവും |
| | | ദുൎദ്ദൎശം അഭവത്. | കാണ്മാൻ കഴിയപ്പെ ടാത്തതായി ഭവിച്ചു. |

കുർവ്വന്ത്യഃ കലഹം ഘോരം ശാരികാസ്തദ്രഥം പ്രതി
നിപേതുഃ ശതശസ്തത്ര ദാരുണം ദാരുണാരുതാഃ 34

| | | | |
|---|---|---|---|
| തദ്രഥം പ്രതി | അവന്റെ രഥത്തിന്നു മീതെ | ദാരുണാരുതാഃ | ക്രൂരസ്വനത്തോടുകൂടിയവയായി |
| ശാരികാഃ | കിളികൾ | ദാരുണം | ഭയങ്കരമാംവണ്ണം |
| ഘോരം | ഏറെ | ശതശഃ | നൂറുകണക്കായി |
| കലഹം കുർവ്വന്ത്യഃ | കലഹിക്കുന്നവയായി | തത്ര | ആ രഥത്തിൽ |
| | | നിപേതുഃ | വന്നു വീണു. |

ജഘനേഭ്യഃ സ്ഫുലിംഗാംശ്ച നേത്രേഭ്യോഽശ്രൂണി സന്തതം
മുമുചുസ്തസ്യ തുരഗാസ്തുല്യമഗ്നിം ച വാരി ച. 35

| | | | |
|---|---|---|---|
| തസ്യ | അവന്റെ | അശ്രൂണി ച | അശ്രുക്കളും |
| തുരഗാഃ | കുതിരകൾ | മുമുചുഃ | പൊഴിച്ചു. |
| ജഘനേഭ്യഃ | പിൻഭാഗങ്ങളിൽനിന്നു | അഗ്നിംവാരി ച | തീയും വെള്ളവും |
| സ്ഫുലിംഗാൻ | തീപ്പൊരികളും | തുല്യംസന്തതം | ഒപ്പം കൂടെക്കൂടെ |
| നേത്രേഭ്യഃ | കണ്ണുകളിൽനിന്നു | ച. | പൊഴിച്ചു. |

ഏവംപ്രകാരാ ബഹവഃ സമുത്പാതാ ഭയാവഹാഃ
രാവണസ്യ വിനാശായ ദാരുണാഃ സംപ്രജജ്ഞിരേ. 36

| | | | |
|---|---|---|---|
| ഏവംപ്രകാരാഃ | ഇമ്മാതിരിയായുള്ളവയും | ബഹവഃ സമുത്പാതാഃ | എത്രയോ അപശകുനങ്ങൾ |
| ദാരുണാഃ | ഘോരങ്ങളും | രാവണസ്യ | രാവണന്റെ |
| ഭയാവഹാഃ | ഭയങ്കരങ്ങളുമായ | വിനാശായ | വിനാശത്തിന്നായി |
| | | സംപ്രജജ്ഞിരേ. | ഉളവായി. |

രാമസ്യാപി നിമിത്താനി സൌമ്യാനി ച ശുഭാനി ച
ബഭൂവുർജ്ജയശംസീനി പ്രാദുർഭൂതാനി സർവ്വശഃ 37

| | | | |
|---|---|---|---|
| രാമസ്യ | ശ്രീരാമന്നു | നിമിത്താനി | ശകുനങ്ങൾ |
| ജയശംസീനി | ജയസൂചകങ്ങളും | സർവ്വശഃ അപി | എങ്ങും തന്നെ |
| ശുഭാനി ച | മംഗളപ്രദങ്ങളും | പ്രാദുർഭൂതാനി ബഭൂവുഃ | ഉത്ഭൂതങ്ങളായി. |
| സൌമ്യാനി ച | നന്മയുളവാക്കുന്നവയുമായ | | |

നിമിത്താനി ച സൌമ്യാനി രാഘവഃ സ്വജയായ ച
ദൃഷ്ട്വാ പരമസംഹൃഷ്ടോ ഹതം മേനേ ച രാവണം. 38

| | | | |
|---|---|---|---|
| രാഘവഃ ച | ശ്രീരാഘവനും | പരമസംഹൃഷ്ടഃ | അത്യന്തസന്തുഷ്ടചിത്തനായി |
| സ്വജയായ | തന്റെ വിജയത്തിന്നായി | രാവണം ച | രാവണനേയും |
| സൌമ്യാനി നിമിത്താനി | ശുഭശകുനങ്ങളെ | ഹതം ച മേനേ | വധിക്കപ്പെട്ടവനെന്നു തന്നെ നിശ്ചയിച്ചു. |
| ദൃഷ്ട്വാ | കണ്ടു | | |

തതോ നിരീക്ഷ്യാത്മഗതാനി രാഘവോ
രണേ നിമിത്താനി നിമിത്തകോവിദഃ
ജഗാമ ഹർഷം ച പരാം ച നിർവൃതിം
ചകാര യുദ്ധേ ഹ്യധികം ച വിക്രമം. 39

| | | | |
|---|---|---|---|
| നിമിത്തകോവിദഃ | ശകുനഫലത്തെ അറിയുന്നവനായ | ഹർഷം ച | ഉത്സാഹത്തേയും |
| രാഘവഃ | ശ്രീരാഘവൻ | പരാം നിർവൃതിം ച | അതിയായ മനഃസമാധാനത്തേയും |
| രണേ ആത്മഗതാനി | പോരിൽ തനിക്കുണ്ടായിട്ടുള്ള | ജഗാമ | കയ്ക്കൊണ്ടു; |
| നിമിത്താനി | ശകുനങ്ങളെ | യുദ്ധേ ഹി | യുദ്ധത്തിലും |
| തതഃ | ആ സമയം | അധികം ച | അതിയായ |
| നിരീക്ഷ്യ | നിരീക്ഷിച്ച് | വിക്രമം ചകാര | പരാക്രമത്തേയും കയ്ക്കൊണ്ടു. |

ഇത്യാർഷേ ശ്രീമദ്രാമായണേ വാൽമീകീയേ ആദികാവ്യേ യുദ്ധകാണ്ഡേ
അഷ്ടോത്തരശതതമഃ സർഗ്ഗഃ = നൂററെട്ടാം സർഗ്ഗം സമാപ്തം
ആദ്യം മുതൽ ശ്ലോകസംഖ്യ 19713; യുദ്ധകാണ്ഡം ആദ്യം മുതൽ ശ്ലോകസംഖ്യ 5038

—oo—

## നവോത്തരശതതമഃസർഗ്ഗഃ=നൂററൊമ്പതാംസർഗ്ഗം

[രാവണധ്വജോന്മഥനം=രാവണന്റെ കൊടി മുറിച്ചുവീഴ്ത്തുന്നതു്]

തതഃ പ്രവൃത്തം സുക്രൂരം രാമരാവണയോസ്തദാ
സുമഹദ്ദ്വൈരഥം യുദ്ധം സർവ്വലോകഭയാവഹം. 1

| | | | |
|---|---|---|---|
| തദാ | അപ്പോൾ | സർവ്വലോകഭയാവഹം | എല്ലാ ലോകങ്ങൾക്കും ഭയത്തെ ഉളവാക്കുന്നതും ആയ |
| തതഃ | അവിടെ | സുമഹത് ദ്വൈരഥം | വമ്പിച്ച ഇരുതേർ തമ്മിലുള്ള |
| രാമരാവണയോഃ | ശ്രീരാമനും രാവണനും തമ്മിൽ | യുദ്ധം പ്രവൃത്തം. | സമരം തുടങ്ങി. |
| സുക്രൂരം | ഏററം കടുതായുള്ളതും | | |

തതോ രാക്ഷസസൈന്യം ച ഹരീണാം ച മഹദ്ബലം
പ്രഗൃഹീതപ്രഹരണം നിശ്ചേഷ്ടം സമതിഷ്ഠത.

| | | | |
|---|---|---|---|
| തതഃ | അപ്പോൾ | പ്രഗൃഹീതപ്രഹരണം | ആയുധങ്ങൾ കയ്ക്കൊണ്ട് |
| രാക്ഷസസൈന്യം ച | രാക്ഷസരുടേയും | നിശ്ചേഷ്ടം | ഇളകാതെ |
| ഹരീണാം | വാനരന്മാരുടേയും | സമതിഷ്ഠത | വർത്തിച്ചു. |
| മഹത് ബലം ച | വമ്പിച്ച സേനയും | | |

സംപ്രയുദ്ധൌ തതോ ദൃഷ്ട്വാ ബലവന്നരരാക്ഷസൌ
വ്യാക്ഷിപ്തഹൃദയാഃ സർവ്വേ പരം വിസ്മയമാഗതാഃ 3

| | |
|---|---|
| തതഃ | അപ്പോഠം |
| സംപ്രയുദ്ധൌ | നന്നായിപൊരുതുന്ന |
| ബലവന്നര- രാക്ഷസൌ | ബലശാലികളായ നരനേയും രാക്ഷസനേയും |
| ദൃഷ്ട്വാ | കണ്ട്, |
| സർവ്വേ | എല്ലാവരും |
| വ്യാക്ഷിപ്ത- ഹൃദയാഃ | ഉള്ളം തുടിക്കുന്നവരായി |
| പരം വിസ്മയം | അത്യാശ്ചര്യം |
| ആഗതാഃ. | പൂണ്ടു. |

നാനാപ്രഹരണൈർവ്യഗ്രൈർഭുജൈർവ്വിസ്മിതബുദ്ധയഃ
തസ്ഥുഃ പ്രേക്ഷ്യ ച സംഗ്രാമം നാഭിജഗ്മുഃ പരസ്പരം. 4

| | |
|---|---|
| വിസ്മിത- ബുദ്ധയഃ | ആശ്ചര്യഭരിതരായ അവർ |
| സംഗ്രാമം പ്രേക്ഷ്യ ച | ആ പോർ നിരീക്ഷിച്ചുകൊണ്ടുതന്നെ |
| നാനാ- പ്രഹരണൈഃ | പല ആയുധങ്ങളോടു കൂടിയ |
| വ്യഗ്രൈഃ ഭുജൈഃ: | കൈകളെ ഇളക്കാതെ |
| തസ്ഥുഃ | നിന്നപോലെതന്നെ സ്ഥിതിചെയ്തു; |
| പരസ്പരം | തമ്മിൽ |
| അഭിജഗ്മുഃ ന. | പൊരുതുകയുണ്ടായില്ല. |

രക്ഷസാം രാവണം ചാപി വാനരാണാം ച രാഘവം
പശ്യതാം വിസ്മിതാക്ഷാണാം സൈന്യം ചിത്രമിവാബഭൌ. 5

| | |
|---|---|
| രാവണം | രാവണനെ |
| രക്ഷസാം അപി ച | അരക്കരും |
| രാഘവം | ശ്രീരാഘവനെ |
| വാനരാണാം ച | വാനരന്മാരും |
| വിസ്മി- താക്ഷാണാം | ആശ്ചര്യത്താൽ കണ്ണുകഠം വിടർത്തിയവരായി |
| പശ്യതാം | നോക്കിക്കൊണ്ടിരിക്കെ |
| സൈന്യം | സൈന്യം |
| ചിത്രം ഇവ | ഒരു ചിത്രമെന്നപോലെ |
| ആബഭൌ. | വിലസി. |

തൌ തു തത്ര നിമിത്താനി ദൃഷ്ട്വാ രാവണരാഘവൌ
കൃതബുദ്ധീ സ്ഥിരാമർഷൌ യുയുധാതേ ഹ്യഭീതവത്. 6

| | |
|---|---|
| തൌ രാവണ- രാഘവൌ തു | ആ രാവണനും ശ്രീരാഘവനും |
| തത്ര | ആ സമയം |
| നിമിത്താനി | ശകുനങ്ങളെ |
| ദൃഷ്ട്വാ ഹി | കണ്ടിട്ടും |
| അഭീതവത് | ഭീതികൈവെടിഞ്ഞു് |
| കൃതബുദ്ധീ | ദൃഢനിശ്ചയത്തോടുകൂടിയവരായി |
| സ്ഥിരാമർഷൌ | ഏററം അരിശംപൂണ്ടവരായി |
| യുയുധാതേ. | അടർചെയ്തു. |

ജേതവ്യമിതി കാകുത്സ്ഥോ മർത്തവ്യമിതി രാവണഃ
ധൃതൌ സ്വവീര്യ്യസർവ്വസ്വം യുദ്ധേദർശയതാം തദാ. 7

| | |
|---|---|
| കാകുത്സ്ഥഃ | ശ്രീരാമൻ |
| ജേതവ്യം ഇതി | ജയംനേടുകതന്നെവേണം എന്നും |
| രാവണഃ | രാവണൻ |
| മർത്തവ്യം ഇതി | ചത്താലും വേണ്ടതില്ല എന്നും |
| ധൃതൌ | നിശ്ചയംപൂണ്ടവരായി |
| തദാ | ആ സമയം |
| യുദ്ധേ | പോരിൽ |
| സ്വവീര്യ്യ- സർവ്വസ്വം | തങ്ങളുടെ വീര്യം മുഴുവനും |
| അദർശയതാം. | പ്രകടിപ്പിച്ചു. |

തതഃ ക്രോധാദ്ദശഗ്രീവഃ ശരാൻ സന്ധായ വീര്യവാൻ
മുമോച ധ്വജമുദ്ദിശ്യ രാഘവസ്യ രഥേ സ്ഥിതം 8

| | | | |
|---|---|---|---|
| തതഃ | അപ്പോൾ | സന്ധായ | തൊടുത്ത് |
| വീര്യവാൻ | വീര്യശാലിയായ | രാഘവസ്യ | ശ്രീരാഘവന്റെ |
| ദശഗ്രീവഃ | രാവണൻ | രഥേ സ്ഥിതം | തേരിലുള്ള |
| ക്രോധാത് | കോപത്തോടെ | ധ്വജം ഉദ്ദിശ്യ | കൊടിയെ ലാക്കാക്കി |
| ശരാൻ | ബാണങ്ങളെ | മുമോച. | എയ്തു. |

തേ ശരാസ്തമനാസാദ്യ പുരന്ദരരഥധ്വജം
രഥശക്തിം പരാമൃശ്യ നിപേതുർധരണീതലേ. 9

| | | | |
|---|---|---|---|
| തേ ശരാഃ | ആ ബാണങ്ങൾ | അനാസാദ്യ | സ്പർശിക്കാതെ |
| രഥശക്തിം പരാമൃശ്യ | തേരിലുള്ള ശക്തിയേറ്റ് | ധരണീതലേ | നിലത്തു |
| തം പുരന്ദരരഥധ്വജം | ആ ഇന്ദ്രരഥത്തിലുള്ള കൊടിയെ | നിപേതുഃ. | പതിച്ചു. |

തതോ രാമോഽഭിസംക്രുദ്ധശ്ചാപമായമ്യ വീര്യവാൻ
കൃതപ്രതികൃതം കർത്തും മനസാ സംപ്രചക്രമേ. 10

| | | | |
|---|---|---|---|
| വീര്യവാൻ | വീര്യശാലിയായ | ചാപം ആയമ്യ | വില്ലുവളച്ച് |
| രാമഃ | ശ്രീരാമൻ | കൃതപ്രതികൃതം | ചെയ്തതിന്നു പകരം |
| തതഃ അഭിസംക്രുദ്ധഃ | അപ്പോൾ അരിശമുൾക്കൊണ്ട് | കർത്തും മനസാ സംപ്രചക്രമേ. | ചെയ്വാൻ ഉറച്ചു. |

രാവണധ്വജമുദ്ദിശ്യ മുമോച നിശിതം ശരം
മഹാസർപ്പമിവാസഹ്യം ജ്വലന്തം സ്വേന തേജസാ. 11

| | | | |
|---|---|---|---|
| നിശിതം | കൂർത്തുള്ളതും | സ്വേന തേജസാ | സ്വതേജസ്സിനാൽ |
| മഹാസർപ്പം ഇവ | മഹാസർപ്പമെന്നപോലെ | ജ്വലന്തം | ഉജ്ജ്വലിക്കുന്നതുമായ |
| | | ശരം | ഒരു ബാണത്തെ |
| അസഹ്യം | സഹിപ്പാൻ കഴിയാത്തതും | രാവണധ്വജം | രാവണന്റെകൊടിയെ |
| | | ഉദ്ദിശ്യ മുമോച. | ലാക്കാക്കി എയ്തു. |

ജഗാമ സ മഹീം ഛിത്വാ ദശഗ്രീവധ്വജം ശരഃ 12

| | | | |
|---|---|---|---|
| സഃ ശരഃ | ആ ശരം | ഛിത്വാ, | മുറിച്ചിട്ടുകൊണ്ട് |
| ദശഗ്രീവധ്വജം | ദശകണ്ഠന്റെ കൊടിയെ | മഹീം | ഭൂമിയിൽ |
| | | ജഗാമ. | ചെന്നുതറച്ചു. |

സ നികൃത്തോഽപതദ്ഭൂമൗ രാവണസ്യ രഥധ്വജഃ 13

| | | | |
|---|---|---|---|
| രാവണസ്യ | രാവണന്റെ | നികൃത്തഃ | മുറിക്കപ്പെട്ടതായി |
| സഃ | ആ | ഭൂമൗ | നിലത്തു |
| രഥധ്വജഃ | തേർക്കൊടി, | അപതത്. | വീണു. |

ധ്വജസ്യോന്മഥനം ദൃഷ്ട്വാ രാവണഃ സുമഹാബലഃ
സംപ്രദീപ്തോഽഭവത് ക്രോധാദമർഷാത് പ്രദഹന്നിവ. 14

| | | | |
|---|---|---|---|
| സുമഹാബലഃ | അതിശക്തിമാനായ | പ്രദഹൻ ഇവ | ചുട്ടെരിക്കുന്നവനെന്ന പോലെ |
| രാവണഃ | രാവണൻ | | |
| ധ്വജസ്യ | ധ്വജത്തിന്റെ | ക്രോധാത് | കോപത്താൽ |
| ഉന്മഥനം ദൃഷ്ട്വാ | നാശത്തെ കണ്ട് | സംപ്രദീപ്തഃ അഭവത്. | ഉജ്ജ്വലിച്ചു. |
| അമർഷാത് | പൊറുക്കായ്കയാൽ | | |

സ രോഷവശമാപന്നഃ ശരവർഷം മഹദ്വമൻ
രാമസ്യ തുരഗാൻ ദീപ്തൈഃ ശരൈർവിവ്യാധ രാവണഃ 15

| | | | |
|---|---|---|---|
| സഃ രാവണഃ | ആ രാവണൻ | രാമസ്യ | ശ്രീരാമന്റെ |
| രോഷവശം ആപന്നഃ | ക്രോധം മുഴുത്തവനായി | തുരഗാൻ | കുതിരകളെ |
| | | ദീപ്തൈഃ | ജ്വലിക്കുന്ന |
| മഹത് ശരവർഷം വമൻ, | അതിയായ ശരമാരി പൊഴിച്ചുംകൊണ്ട്, | ശരൈഃ | ബാണങ്ങൾകൊണ്ട് |
| | | വിവ്യാധ. | എയ്തു. |

തേ വിദ്ധാ ഹരയസ്തത്ര നാസ്ഖലൻ നാപി ബഭ്രമുഃ
ബഭൂവുഃ സ്വസ്ഥഹൃദയാഃ പദ്മനാളൈരിവാഹതാഃ 16

| | | | |
|---|---|---|---|
| തത്ര | അപ്പോൾ | ആഹതാഃ ഇവ | അടിക്കപ്പെട്ടവയെന്ന പോലെ |
| വിദ്ധാഃ | എയ്യപ്പെട്ട | | |
| തേ ഹരയഃ | ആ കുതിരകൾ | സ്വസ്ഥഹൃദയാഃ ബഭൂവുഃ | ഒട്ടുംകൂസാതിരുന്നു; |
| പദ്മനാളൈഃ | താമരവളയങ്ങൾ കൊണ്ട് | അസ്ഖലൻ ന | ഇടറിയതുമില്ല |
| | | ബഭ്രമുഃ ന അപി, | മിരണ്ടതുമില്ല. |

തേഷാമസംഭ്രമം ദൃഷ്ട്വാ വാജിനാം രാവണസ്തദാ
ഭൂയ ഏവ സുസംക്രുദ്ധഃ ശരവർഷം മുമോച ഹ. 17

| | | | |
|---|---|---|---|
| രാവണഃ | രാവണൻ | ദൃഷ്ട്വാ | കണ്ട് |
| തദാ | അപ്പോൾ | സുസംക്രുദ്ധഃ | അതിക്രുദ്ധനായി |
| തേഷാം | ആ | ഭൂയഃ ഏവ | വീണ്ടും |
| വാജിനാം | കുതിരകളുടെ | ശരവർഷം | ശരമാരി |
| അസംഭ്രമം | പതർച്ചയില്ലായ്മയെ | മുമോച ഹ. | പൊഴിച്ചു. |

ഗദാശ്ച പരിഘാംശ്ചൈവ ചക്രാണി മുസലാനി ച
ഗിരിശൃംഗാണി വൃക്ഷാംശ്ച തഥാ ശൂലപരശ്വധാൻ. 18
മായാവിഹിതമേതത്തു ശസ്ത്രവർഷമപാതയത്
തുമുലം ത്രാസജനനം ഭീമം ഭീമപ്രതിസ്വനം. 19

| | | | |
|---|---|---|---|
| ഗദാഃ ച | ഗദകളേയും | ഗിരിശൃംഗാണി | കുന്നിൻമുടികളേയും |
| പരിഘാഃ ച | ഇരിമ്പുലയ്ക്കകളേയും | വൃക്ഷാൻ ച | തരുക്കളേയും |
| ചക്രാണി ഏവ | ചക്രങ്ങളേയും | ശൂലപരശ്വധാൻ തഥാ | ശൂലങ്ങളേയും വെണ്മഴുക്കളേയും |
| മുസലാനി ച | ഉലയ്ക്കകളേയും | | |

| | | | |
|---|---|---|---|
| മായാവിഹിതം | മായകൊണ്ട് പ്രയോഗിക്കപ്പെട്ടവയും | ഭീമപ്രതിസ്വനം | ഭയങ്കര ശബ്ദത്തോടു കൂടിയതുമായ |
| ഉമൂലം | തിങ്ങിയതും | ഏതത് | ഈ |
| ത്രാസജനനം | ഭയജനകവും | ശസ്ത്രവർഷം തു | ആയുധവർഷത്തേയും |
| ഭീമം | ഘോരവും | അപാതയത്. | അവൻ പൊഴിച്ചു. |

തദ്വർഷമഭവദ്യുദ്ധേ നൈകശസ്ത്രമയം മഹത്
വിമുച്യ രാഘവരഥം സമന്താദ്വാനരേ ബലേ. 20

| | | | |
|---|---|---|---|
| യുദ്ധേ | പോരിൽ | രാഘവരഥം വിമുച്യ | ശ്രീ രാഘവന്റെ തേരിൽ തട്ടാതെ |
| നൈകശസ്ത്രമയം | പലമാതിരി ആയുധങ്ങളെക്കൊണ്ടുള്ളതായ | വാനരേ ബലേ | വാനരസൈന്യത്തിൽ |
| തത് മഹത് വർഷം | ആ വമ്പിച്ച മാരി, | സമന്താത് അഭവത്. | ചുററും പതിച്ചു. |

സായകൈരന്തരിക്ഷം ച ചകാരാശു നിരന്തരം. 21

| | | | |
|---|---|---|---|
| സായകൈ: | ബാണങ്ങളാൽ | ആശു നിരന്തരം ചകാര. | നൊടിയിടകൊണ്ട് ഇടതിങ്ങിയതാക്കി. |
| അന്തരിക്ഷം ച | ആകാശത്തേയും | | |

സഹസ്രശസ്തതോ ബാണാനശ്രാന്തഹൃദയോദ്യമഃ
മുമോച ച ദശഗ്രീവോ നിസ്സംഗേനാന്തരാത്മനാ. 22

| | | | |
|---|---|---|---|
| അശ്രാന്തഹൃദയോദ്യമഃ | ചലിക്കാത്ത ധൈര്യത്തോടും പരിശ്രമത്തോടും കൂടിയവനായ | അന്തരാത്മനാ ച | മനസ്സോടുകൂടിയവനായി |
| | | തത: | ആ സമയം |
| ദശഗ്രീവഃ | ദശകണ്ഠൻ, | സഹസ്രശഃ | ആയിരക്കണക്കായി |
| നിസ്സംഗേന | ജീവനിൽ കൊതിവിട്ട് വന്നതുവരട്ടെഎന്ന | ബാണാൻ | ശരങ്ങളെ |
| | | മുമോച. | ചൊരിഞ്ഞു. |

വ്യായച്ഛമാനം തം ദൃഷ്ട്വാ തത്പരം രാവണം രണേ
പ്രഹസന്നിവ കാകുത്സ്ഥഃ സന്ദധേ സായകാൻ ശിതാൻ. 23

| | | | |
|---|---|---|---|
| കാകുത്സ്ഥഃ | ശ്രീരാമൻ | ദൃഷ്ട്വാ | കണ്ട് |
| തം രാവണം | ആ രാവണനെ | പ്രഹസൻ ഇവ | പുഞ്ചിരിയിട്ടുകൊണ്ട് |
| രണേ | പോരിൽ | ശിതാൻ സായകാൻ | കൂരമ്പുകളെ |
| തത്പരം | വാശിയോടെ | | |
| വ്യായച്ഛമാനം | എയ്യുന്നവനായി | സന്ദധേ. | തൊടുത്തു. |

സ മുമോച തതോ ബാണാൻ രണേ ശതസഹസ്രശഃ
താൻ ദൃഷ്ട്വാ രാവണശ്ചക്രേ സ്വശരൈഃ ഖം നിരന്തരം. 24

| | | | |
|---|---|---|---|
| സഃ | ആ കാകുത്സ്ഥൻ | രാവണഃ | രാവണൻ |
| തത: രണേ | അപ്പോഴം പോരിൽ | താൻ ദൃഷ്ട്വാ | അവയെ കണ്ട് |
| ശതസഹസ്രശഃ | ലക്ഷക്കണക്കായി | സ്വശരൈഃ | തന്റെ ശരങ്ങളെക്കൊണ്ട് |
| ബാണാൻ | ബാണങ്ങളെ | ഖം | ആകാശത്തെ |
| മുമോച | പൊഴിച്ചു; | നിരന്തരം ചക്രേ. | മൂടി. |

തതസ്താഭ്യാം പ്രമുക്തേന ശരവർഷേണ ഭാസ്വതാ
ശരബദ്ധമിവാഭാതി ദ്വിതീയം ഭാസ്വദംബരം. 25

| | | | |
|---|---|---|---|
| തത: | അപ്പോൾ | ശരബദ്ധം | ശരനിർമ്മിതമായ |
| താഭ്യാം | അവർ ഇരുവരാലും | ഭാസ്വത് | ഉജ്ജ്വലിക്കുന്ന |
| പ്രമുക്തേന | എയ്യപ്പെട്ട | ദ്വിതീയം | മറെറാരു |
| ഭാസ്വതാ | തിളങ്ങുന്ന | അംബരം ഇവ | ആകാശമെന്നപോലെ |
| ശരവർഷേണ | ശരമാരിയാൽ | ആഭാതി. | വിലസുകയായി. |

നാനിമിത്തോഽഭവദ്ബാണോ നാതിഭേത്താ ന നിഷ്ഫലഃ
തഥാ വിസൃജതോർബ്ബാണാൻ രാമരാവണയോർമ്മൃധേ 26

| | | | |
|---|---|---|---|
| മൃധേ തഥാ | പോരിൽ അപ്രകാരം | അനിമിത്തഃ | ലാക്കു തെറ്റിയതായി |
| രാമരാവണയോ: | ശ്രീരാമനും രാവണനും | അഭവത് ന | ഉണ്ടായിരുന്നില്ല |
| ബാണാൻ | ബാണങ്ങളെ | അതിഭേത്താ ന | വേണ്ടതിലധികം തുളച്ചുമില്ല; |
| വിസൃജതോ: | പൊഴിക്കുമ്പോൾ | നിഷ്ഫലഃ ന. | നിഷ്ഫലമായതുമില്ല. |
| ബാണഃ | ഒരു ബാണവും | | |

പ്രായുധ്യതാമവിച്ഛിന്നമസ്യന്തൌ സവ്യദക്ഷിണം
ചക്രതുശ്ച ശരൌഘൈസ്തൌ നിരുച്ഛ്വാസമിവാംബരം. 27

| | | | |
|---|---|---|---|
| സവ്യദക്ഷിണം | എടത്തും വലത്തും | ശരൌഘൈഃ | ശരനിരകളാൽ |
| അവിച്ഛിന്നം | ഇടവിടാതെ | അംബരം | വാനത്തെ |
| അസ്യന്തൌ | എയ്തുകൊണ്ട് | ഇവ | ആസകലം |
| പ്രായുധ്യതാം | പൊരുതി | നിരുച്ഛ്വാസം ച ചക്രതു:. | ഇടയററതായി ഞെരുക്കി. |
| തൌ | അവരിരുവരും | | |

നാന്തരം ദൃശ്യതേ കിഞ്ചിത് പശ്യദ്ഭിരനിമേഷണം
ഭൂമിഷ്ഠൈഃ കപിരക്ഷോഭിഃ ഖസ്ഥൈർവ്വാ ദേവദാനവൈഃ 28

| | | | |
|---|---|---|---|
| അനിമേഷണം | പോളകൂട്ടാതെ | ദേവദാനവൈ: വാ | ദേവന്മാരാലും ദാനവന്മാരാലുംതന്നെ |
| പശ്യദ്ഭി: | നോക്കിക്കൊണ്ട് | കിഞ്ചിത് | ഒട്ടെങ്കിലും |
| ഭൂമിഷ്ഠൈഃ | ഭൂമിയിൽ നിന്നിരുന്ന | അന്തരം | പഴുത് |
| കപിരക്ഷോഭിഃ | വാനരന്മാരാലും അരക്കന്മാരാലും | ദൃശ്യതേ ന. | കാണപ്പെടുകയുണ്ടായില്ല. |
| ഖസ്ഥൈ | വാനിൽവർത്തിച്ചിരുന്ന | | |

രാവണസ്യ ഹയാൻ രാമോ ഹയാൻ രാമസ്യ രാവണഃ
ജഘ്നതുസ്തൌ തഥാഽന്യോന്യം കൃതാനുകൃതകാരിണൌ. 29

| | | | |
|---|---|---|---|
| രാവണസ്യ | രാവണന്റെ | തഥാ | അപ്രകാരം |
| ഹയാൻ | കുതിരകളെ | അന്യോന്യം | തമ്മിൽ |
| രാമ: | ശ്രീരാമനും | കൃതാനുകൃതകാരിണൌ | ചെയ്തതിന്നു മറുകൈ ചെയ്തുകൊണ്ട് |
| രാമസ്യ ഹയാൻ | ശ്രീരാമന്റെ കുതിരകളെ | ജഘ്നതു: | എയ്തു. |
| രാവണ: | രാവണനും | | |
| തൌ | അവരിരുവരും | | |

ഏവം തൌ തു സുസംക്രുദ്ധൌ ചക്രതുർയ്യുദ്ധമദ്ഭുതം
മുഹൂർത്തമഭവദ്യുദ്ധം തുമുലം രോമഹർഷണം. 30

| | | | |
|---|---|---|---|
| ഏവം | ഇപ്രകാരം | മുഹൂർത്തം | ചെറുനേരം |
| തൌ തു | അവരിരുവരും | യുദ്ധം | ആ പോർ |
| സുസംക്രുദ്ധൌ | അതിയായി ചൊടിച്ച് | തുമുലം | അതിബഹളമായി |
| അദ്ഭുതം | ആശ്ചര്യകരമായി | രോമഹർഷണം | കോൾമയിർക്കൊള്ളി |
| യുദ്ധം ചക്രതുഃ | പോർചെയ്തു; | അഭവത്. | നടന്നു. [ക്കുമാറ് |

പ്രയുദ്ധ്യമാനൌ സമരേ മഹാബലൌ
ശിതൈഃ ശരൈ രാവണലക്ഷ്മണാഗ്രജൌ
ധ്വജാവപാതേന സ രാക്ഷസാധിപഃ
ഭൃശം പ്രചുക്രോധ തദാ രഘൂത്തമേ. 31

| | | | |
|---|---|---|---|
| മഹാബലൌ | അതിബലശാലികളായ | ധ്വജാവ- | ധ്വജത്തിന്റെ |
| രാവണലക്ഷ്മ- | രാവണനും | പാതേന | നാശത്താൽ |
| ണാഗ്രജൌ | രഘുനാഥനും | സഃ | ആ |
| സമരേ | പോരിൽ | രാക്ഷസാധിപഃ | രക്ഷോനായകൻ |
| ശിതൈഃ ശരൈഃ | കൂരമ്പുകൾകൊണ്ട് | രഘൂത്തമേ | രഘുവീരനെക്കുറിച്ച് |
| പ്രയുദ്ധ്യമാനൌ | പൊരുതിക്കൊണ്ടിരു | ഭൃശം | അതിയായ |
| തദാ | ആ സമയം [ന്നു; | പ്രചുക്രോധ. | കോപമുൾക്കൊണ്ടു. |

ഇത്യാർഷേ ശ്രീമദ്രാമായണേ വാൽമീകീയേ ആദികാവ്യേ യുദ്ധകാണ്ഡേ
നവോത്തരശതതമഃ സർഗ്ഗഃ=നൂറ്റൊമ്പതാംസർഗ്ഗം സമാപ്തം.
ആദ്യംമുതൽ ശ്ലോകസംഖ്യ 19745; യുദ്ധകാണ്ഡം ആദ്യംമുതൽ ശ്ലോകസംഖ്യ 5070

---

## ദശോത്തരശതതമഃ സർഗ്ഗഃ = നൂറ്റിപ്പത്താംസർഗ്ഗം

[രാവണൈകശതശിരശ്ഛേദനം = രാവണന്റെ നൂറുതല മുറിച്ചുവീഴ്ത്തുന്നതു്]

തൌ തദാ യുദ്ധ്യമാനൌ തു സമരേ രാമരാവണൌ
ദദൃശുഃ സർവ്വഭൂതാനി വിസ്മിതേനാന്തരാത്മനാ. 1

| | | | |
|---|---|---|---|
| തദാ സമരേ | ആ സമയം പോരിൽ | സർവ്വഭൂതാനി | സർവ്വപ്രാണികളും |
| യുദ്ധ്യമാനൌ | പൊരുതുന്നവരായ | വിസ്മിതേന | ആശ്ചര്യംപൂണ്ടു |
| തൌ രാമ- | ആ ശ്രീരാമനേയും | അന്തരാത്മനാ | അകക്കാമ്പോടുകൂടി |
| രാവണൌ തു | രാവണനേയും | ദദൃശുഃ | വീക്ഷിച്ചു |

അർദ്ദയന്തൌ തു സമരേ തയോസ്തൌ സ്യന്ദനോത്തമൌ
പരസ്പരമഭിക്രുദ്ധൌ പരസ്പരമഭിദ്രുതൌ
പരസ്പരവധേ യുക്തൌ ഘോരരൂപൌ ബഭൂവതുഃ 2

| | | | |
|---|---|---|---|
| തു | അപ്പോൾ | സമരേ | പോരിൽ |
| തയോഃ | അവർ രണ്ടുപേരുടേയും | അർദ്ദയന്തൌ | മർദ്ദിക്കുന്നവയായി |
| തൌ സ്യന്ദ- | ആ ഉത്തമരഥങ്ങൾ | പരസ്പരം | തമ്മിൽ |
| നോത്തമൌ | രണ്ടും | അഭിക്രുദ്ധൌ | ചൊടിച്ച് |

പരസ്പരം — തമ്മിൽ
അഭിദ്രുതൌ — ഏററമുട്ടുന്നവരായി
പരസ്പരവധേ — ഒന്നിനെയൊന്നു നശിപ്പിക്കുന്നതിൽ
യുക്തൌ — ഏൎപ്പെട്ടവരായി
ഘോരരൂപൌ — ഭയങ്കരവടിവാൎന്നവരായി
ബഭൂവതുഃ — ഭവിച്ചു.

മണ്ഡലാനി ച വീഥീശ്ച ഗതപ്രത്യാഗതാനി ച
ദൎശയന്തൌ ബഹുവിധാം സൂതസാരഥ്യജാം ഗതിം. 3

മണ്ഡലാനി ച — വട്ടത്തിലുള്ള ഗതികളും
വീഥീഃ ച — ചൊവ്വിലുള്ള ഗതികളും
ഗതപ്രത്യാഗതാനി ച — എതിൎത്തുചെല്ലുക, സ്വസ്ഥാനത്തിലേക്കു വരിക, എന്നവയേയും
സൂതസാരഥ്യജാം — സൂതന്റെ തേർനടത്തുന്ന മിടുക്കുകൊണ്ടുള്ള
ബഹുവിധാം — പലമാതിരിയായ
ഗതിം — ഗമനത്തേയും
ദൎശയന്തൌ — ആ തേരുകാർ പ്രദൎശിപ്പിച്ചു.

അൎദ്ദയൻ രാവണം രാമോ രാഘവം ചാപി രാവണഃ
ഗതിവേഗം സമാപന്നൌ പ്രവൎത്തനനിവൎത്തനേ. 4

രാമഃ രാവണം — ശ്രീരാഘവൻ രാവണനെ
അൎദ്ദയൻ — മൎദ്ദിക്കുന്നവനായും
രാഘവം അപി — ശ്രീരാമനേയും
രാവണഃ ച — രാവണനും അപ്രകാരം മൎദ്ദിക്കുന്നവനായി
പ്രവൎത്തന-നിവൎത്തനേ — മുമ്പും പിമ്പുമുള്ള ഗതികളിൽ
ഗതിവേഗം — ഗമനവേഗത്തെ
സമാപന്നൌ — അവർ കൈക്കൊണ്ടു.

ക്ഷിപതോഃ ശരജാലാനി തയോസ്തൌ സ്യന്ദനോത്തമൌ
ചേരതുഃ സംയുഗമഹീം സാസാരൌ ജലദൌ യഥാ. 5

ശരജാലാനി — ബാണജാലങ്ങളെ
ക്ഷിപതോഃ — പൊഴിക്കുന്ന
തയോഃ — അവരിരുവരുടേയും
തൌ സ്യന്ദ-നോത്തമൌ — ആ ഉത്തമരഥങ്ങൾ രണ്ടും
സാസാരൌ — മഴപൊഴിക്കുന്ന
ജലദൌ യഥാ — രണ്ടു കാർമുകിലുകളെന്നപോലെ
സംയുഗമഹീം — പോൎക്കളത്തിൽ
ചേരതുഃ — സഞ്ചരിച്ചു.

ദൎശയിത്വാ തഥാ തൌ തു ഗതിം ബഹുവിധാം രണേ
പരസ്പരസ്യാഭിമുഖൌ പുനരേവാവതസ്ഥതുഃ 6

തൌ തു — ആ രണ്ടുരഥങ്ങളും
രണേ — പോരിൽ
തഥാ — അപ്രകാരം
ബഹുവിധാം — പലമാതിരിയായ
ഗതിം — ഗമനത്തെ
ദൎശയിത്വാ — പ്രദൎശിപ്പിച്ച്
പരസ്പരസ്യ — ഒന്നോടൊന്നു്
അഭിമുഖൌ — എതിരിട്ടുകൊണ്ട്
പുനഃ ഏവ — വീണ്ടും
അവതസ്ഥതുഃ — ഏററുനിന്നു.

ധുരം ധുരേണ രഥയോൎവക്ത്രം വക്ത്രേണ വാജിനാം
പതാകാശ്ച പതാകാഭിഃ സമേയുഃ സ്ഥിതയോസ്തദാ. 7

തദാ സ്ഥിതയോഃ — അപ്പോൾ ഏററുനിന്ന
രഥയോഃ — ആ രഥങ്ങളുടെ
ധുരം ധുരേണ — നുകം നുകത്തോടും
വാജിനാം വക്ത്രം — കുതിരകളുടെമുഖം
വക്ത്രേണ — മുഖത്തോടും
പതാകാഃ — കൊടികൾ
പതാകാഭിഃ ച — കൊടികളോടും
സമേയുഃ — കൂട്ടിമുട്ടി.

**രാവണസ്യ തതോ രാമോ ധനുർമ്മുക്തൈഃ ശിതൈഃ ശരൈഃ**
**ചതുർഭിശ്ചതുരോ ദീപ്തൈർഹയാൻ പ്രത്യപസർപ്പയത്** 8

| | |
|---|---|
| തതഃ | ആ സമയം |
| രാമഃ | ശ്രീരാമൻ |
| ധനുർമ്മുക്തൈഃ | വില്ലിൽനിന്നു പൊഴിച്ച |
| ദീപ്തൈഃ | ആളുന്ന |
| ശിതൈഃ | കൂർത്ത |
| ചതുർഭിഃ ശരൈഃ | നാലുബാണങ്ങൾകൊണ്ടു |
| രാവണസ്യ | രാവണന്റെ |
| ചതുരഃ ഹയാൻ | നാലുകുതിരകളെ |
| പ്രത്യപസർപ്പയത്. | പിൻതിരിപ്പിച്ചു. |

**സ ക്രോധവശമാപന്നോ ഹയാനാമപസർപ്പണേ**
**മുമോച നിശിതാൻ ബാണാൻ രാഘവായ നിശാചരഃ** 9

| | |
|---|---|
| ഹയാനാം | കുതിരകൾ |
| അപസർപ്പണേ | പിൻമാറിയതിനാൽ |
| സഃ നിശാചരഃ | ആ നക്തഞ്ചരൻ |
| ക്രോധവശം ആപന്നഃ | കോപാക്രാന്തനായി |
| രാഘവായ | ശ്രീരാമനുനേരെ |
| നിശിതാൻ ബാണാൻ | കൂരമ്പുകൾ |
| മുമോച. | പൊഴിച്ചു. |

**സോഽതിവിദ്ധോ ബലവതാ ദശഗ്രീവേണ രാഘവഃ**
**ജഗാമ ന വികാരം ച ന ചാപി വ്യഥിതോഽഭവത്.** 10

| | |
|---|---|
| സഃ രാഘവഃ | ആ ശ്രീരാഘവൻ |
| ബലവതാ ദശഗ്രീവേണ | ബലശാലിയായ ദശകണ്ഠനാൽ |
| അതിവിദ്ധഃ | എയ്യപ്പെട്ടവനായി |
| വികാരം ച | ഒരു ഭാവഭേദത്തേയും |
| ജഗാമ ന | കൈക്കൊണ്ടില്ല; |
| വ്യഥിതഃ അപി ച | വേദനപ്പെടുകയും |
| അഭവത് ന. | ഉണ്ടായില്ല. |

**ചിക്ഷേപ ച പുനർബ്ബാണാൻ വജ്രപാതസമസ്വനാൻ**
**സാരഥിം വജ്രഹസ്തസ്യ സമുദ്ദിശ്യ നിശാചരഃ** 11

| | |
|---|---|
| നിശാചരഃ | രാക്ഷസൻ |
| വജ്രഹസ്തസ്യ | ഇന്ദ്രന്റെ |
| സാരഥിം | സാരഥിയെ |
| സമുദ്ദിശ്യ | ലാക്കാക്കിക്കൊണ്ട്, |
| പുനഃ ച | വീണ്ടും |
| വജ്രപാതസമസ്വനാൻ | വജ്രാഘാതമൊത്ത മുഴക്കത്തോടുകൂടിയ |
| ബാണാൻ | ശരങ്ങളെ |
| ചിക്ഷേപ. | തൂകി. |

**മാതലേസ്തു മഹാവേഗാഃ ശരീരേ പതിതാഃ ശരാഃ**
**ന സൂക്ഷ്മമപി സംമോഹം വ്യഥാം വാ പ്രദദുര്യുധി.** 12

| | |
|---|---|
| യുധി | പോരിൽ |
| മഹാവേഗാഃ | ഊക്കേറിയവയായ |
| ശരാഃ തു | ബാണങ്ങളാകട്ടെ |
| മാതലേഃ | മാതലിയുടെ |
| ശരീരേ | ദേഹത്തിൽ |
| പതിതാഃ | തറച്ചവയായി |
| വ്യഥാം വാ | വേദനയാകട്ടെ |
| സംമോഹം | പരിഭ്രമത്തെയാകട്ടെ |
| സൂക്ഷ്മം അപി | ചെറുതെങ്കിലും |
| പ്രദദുഃ ന. | ഉളവാക്കിയില്ല. |

തയാ ധർഷണയാ ക്രുദ്ധോ മാതലേൎന്ന തഥാഽഽത്മനഃ
ചകാര ശരജാലേന രാഘവോ വിമുഖം രിപും. 13

| | |
|---|---|
| രാഘവ: | ശ്രീരാഘവൻ |
| മാതലേ: | മാതലിക്കു നേരെയുണ്ടായ |
| തയാ ധർഷണയാ | ആ എതിർക്കൽകൊണ്ടു് |
| ക്രുദ്ധ: | അരിശമുൾക്കൊണ്ടു; |
| ആത്മന: | തന്റെ സംഗതിയിൽ |
| തഥാ ന | അപ്രകാരം കോപിക്കയുണ്ടായില്ല; |
| ശരജാലേന | ശരമാരിയാൽ |
| രിപും | ശത്രുവിന്നു് |
| വിമുഖം ചകാര. | അധൈൎയ്യത്തെ വിളയിച്ചു. |

വിംശതം ത്രിംശതം ഷഷ്ടിം ശതശോഽഥ സഹസ്രശഃ
മുമോച രാഘവോ വീരഃ സായകാൻ സ്യന്ദനേ രിപോഃ 14

| | |
|---|---|
| വീര: | വീരനായ |
| രാഘവ: | ശ്രീരാഘവൻ |
| രിപോ: | ശത്രുവിന്റെ |
| സ്യന്ദനേ | രഥത്തിൽ |
| സായകാൻ | ബാണങ്ങളെ |
| വിംശതം | ഇരുപതായും |
| ത്രിംശതം | മുപ്പതായും |
| ഷഷ്ടിം | അറുപതായും |
| ശതശ: | നൂററുകണക്കായും |
| സഹസ്രശ: | ആയിരക്കണക്കായും |
| അഥ | ആ സമയം |
| മുമോച | തൂകി. |

രാവണോഽപി തതഃ ക്രുദ്ധോ രഥസ്ഥോ രാക്ഷസേശ്വരഃ
ഗദാമുസലവർഷേണ രാമം പ്രത്യർദ്ദയദ്രണേ. 15

| | |
|---|---|
| രഥസ്ഥ: | രഥത്തിലിരുന്നിരുന്ന |
| രാക്ഷസേശ്വരഃ | രാക്ഷസനായകനായ |
| രാവണ: അപി | രാവണനും |
| തത: | ആ സമയം |
| ക്രുദ്ധ: | ചൊടിച്ചു്, |
| രണേ | പോരിൽ |
| രാമം | ശ്രീരാമനെ |
| ഗദമുസല— വർഷേണ | ഗദകളേയും മുസലങ്ങളേയും പൊഴിച്ചു |
| പ്രത്യർദ്ദയത്. | ഇങ്ങോട്ടും പീഡിപ്പിച്ചു. |

തത് പ്രവൃത്തം മഹദ്യുദ്ധം തുമുലം രോമഹർഷണം. 16

| | |
|---|---|
| തത് മഹത് യുദ്ധം | ആ വൻപോർ |
| തുമുലം | അതിഭയങ്കരമായി |
| രോമഹർഷണം പ്രവൃത്തം. | രോമാഞ്ചമുണ്ടാക്കുമാറു് നടന്നു. |

ഗദാനാം മുസലാനാം ച പരിഘാണാം ച നിഃസ്വനൈഃ
ശരാണാം പുംഖപാതൈശ്ച ക്ഷുഭിതാഃ സപ്തസാഗരാഃ 17

| | |
|---|---|
| സപ്തസാഗരാ: | സപ്തസാഗരങ്ങളും |
| ഗദാനാം | ഗദകളുടേയും |
| മുസലാനാം ച | ഉലയ്ക്കകളുടേയും |
| പരിഘാണാം ച | ഇരിമ്പുകററികളുടേയും |
| നി:സ്വനൈ: | ശബ്ദങ്ങളാലും |
| ശരാണാം | ബാണങ്ങളുടെ |
| പുംഖ— പാതൈ: ച | കടകളുടെ പാച്ചിലുകൊണ്ടും |
| ക്ഷുഭിതാ: | ഇളകിമറിഞ്ഞു. |

ക്ഷുബ്ധാനാം സാഗരാണാം ച പാതാളതലവാസിനഃ
വ്യഥിതാഃ പന്നഗാഃ സർവ്വേ ദാനവാശ്ച സഹസ്രശഃ 18

| | |
|---|---|
| സാഗരാണാം | കടലുകൾ |
| ക്ഷുബ്ധാനാം ച | ക്ഷോഭിച്ചപ്പോൾ |
| പാതാളതല-വാസിനഃ | പാതാളദേശവാസികളായ |

| | |
|---|---|
| സഹസ്രശഃ | അനേകം |
| പന്നഗാഃ | പന്നഗങ്ങളും |
| ദാനവാഃ | ദാനവന്മാരും |
| സർവ്വേ ച | എല്ലാംതന്നെ |
| വ്യഥിതാഃ. | കഷ്ടത്തിലായി. |

ചകമ്പേ മേദിനീ കൃത്സ്നാ സശൈലവനകാനനാ
ഭാസ്കരോ നിഷ്പ്രഭശ്ചാസീന്ന വവൗ ചാപി മാരുതഃ 19

| | |
|---|---|
| സശൈല-വനകാനനാ | മലകളും, കാടുകളും തോപ്പുകളും ചേർന്ന |
| മേദിനീ | ഭൂമി |
| കൃത്സ്നാ | ആസകലം |
| ചകമ്പേ | കലുങ്ങി; |

| | |
|---|---|
| ഭാസ്കരഃ ച | ആദിത്യനും |
| നിഷ്പ്രഭഃ ആസീത് | ഒളിമങ്ങി; |
| മാരുതഃ അപി ച | കാററും |
| വവൗ ന | വീശാതിരുന്നു. |

തതോ ദേവാഃ സഗന്ധർവ്വാഃ സിദ്ധാശ്ച പരമർഷയഃ
ചിന്താമാപേദിരേ സർവ്വേ സകിന്നരമഹോരഗാഃ 20

| | |
|---|---|
| തതഃ | അപ്പോൾ |
| ദേവാഃ | ദേവകളും |
| സഗന്ധർവ്വാഃ | ഗന്ധർവ്വന്മാരോടുകൂടി |
| സിദ്ധാഃ | സിദ്ധന്മാരും |
| പരമർഷയഃ ച | ഋഷിശ്രേഷ്ഠന്മാരും |

| | |
|---|---|
| സകിന്നര-മഹോരഗാഃ | കിന്നരന്മാർ, മഹോരഗർഎന്നവരോടുകൂടിയ |
| സർവ്വേ | എല്ലാവരും |
| ചിന്താം ആപേദിരെ. | വിചാരപ്പെട്ടു. |

സ്വസ്തി ഗോബ്രാഹ്മണേഭ്യസ്തു ലോകാസ്തിഷ്ഠന്തു ശാശ്വതാഃ
ജയതാം രാഘവഃ സംഖ്യേ രാവണം രാക്ഷസേശ്വരം. 21
ഏവം ജപന്തോഽപശ്യംസ്തേ ദേവാഃ സർഷിഗണാസ്തദാ
രാമരാവണയോര്യുദ്ധം സുഘോരം രോമഹർഷണം. 22

| | |
|---|---|
| തദാ | ആ സമയം |
| സർഷിഗണാഃ | ഋഷിഗണങ്ങളോടുകൂടിയ |
| തേ ദേവാഃ | ആ ദേവകൾ |
| "ഗോബ്രാഹ്മണേഭ്യഃ തു | "പശുക്കൾക്കും ബ്രാഹ്മണർക്കും |
| സ്വസ്തി | ക്ഷേമമുണ്ടാകട്ടെ; |
| ലോകാഃ | ലോകങ്ങൾ |
| ശാശ്വതാഃ | നാശമററവയായി |
| തിഷ്ഠന്തു | സ്ഥിതിചെയ്യട്ടെ; |
| രാഘവഃ | ശ്രീരാഘവൻ |
| സംഖ്യേ | പോരിൽ |

| | |
|---|---|
| രാക്ഷസേശ്വരം | രക്ഷോനാഥനായ |
| രാവണം | രാവണനെ |
| ജയതാം" | ജയിച്ചരുളട്ടെ" |
| ഏവം | ഇപ്രകാരം |
| ജപന്തഃ | പ്രാർത്ഥിക്കുന്നവരായി |
| രാമരാവണയോഃ | ശ്രീരാമനും രാവണനും തമ്മിലുള്ള |
| സുഘോരം | അതിഘോരവും |
| രോമഹർഷണം | കോൾമയിർക്കൊള്ളിക്കുന്നതുമായ |
| യുദ്ധം | യുദ്ധത്തെ |
| അപശ്യത്. | വീക്ഷിച്ചു. |

[ദേവന്മാർ യജ്ഞഭുക്കുകളാകയാലും, ആജ്യത്തെ തരുന്ന പശുക്കളേക്കൊണ്ടും ബ്രാഹ്മണരേക്കൊണ്ടും യജ്ഞാദികർമ്മങ്ങൾ നിർവ്വഹിക്കേണ്ടതിന്നാലും, രാക്ഷസർ യജ്ഞഘാതകന്മാരായാലും, രാക്ഷസസംഹാരം കൊണ്ടു് ഗോക്കൾക്കും ബ്രാഹ്മണർക്കും, തന്മൂലം യജ്ഞങ്ങൾക്കും, തദ്വാരാ ലോകങ്ങൾക്കും, അഭിവൃദ്ധിയുണ്ടാകട്ടേ എന്നു. യജ്ഞങ്ങളെക്കൊണ്ടു് ഹവിർഭാഗങ്ങൾ കൊടുത്തു് ദേവന്മാരെ അഭിവൃദ്ധിയാക്കി പ്രസാദിപ്പിച്ചു്, അവരുടെ പ്രസാദത്താൽ ഓഷധികൾ വർദ്ധിച്ചു്, ലോകവും അഭിവൃദ്ധിയാകുന്നു, എന്ന ഗീതാവാക്യം കാൺക. "സഹയജ്ഞാഃ പ്രജാഃ സൃഷ്ട്വാ പുരോവാച പ്രജാപതിഃ. അനേന പ്രസവിഷ്യദ്ധ്വമേഷ വോസ്ത്വിഷ്ടകാമധുക്. ദേവാൻ ഭാവയതാനേന തേ ദേവാ ഭാവയന്തു വഃ പരസ്പരംയന്തഃ ശ്രേയഃ പരമവാപ്സ്യഥ." ഗീതാ 111 (10—11).]

ഗന്ധർവ്വാപ്സരസാം സംഘാ ദദൃശുര്യുദ്ധമദ്ഭുതം. 23

| | | | |
|---|---|---|---|
| ഗന്ധർവ്വാപ്സരസാം | ഗന്ധർവ്വന്മാരുടേയും അപ്സരസ്സുകളുടേയും | അദ്ഭുതം | ആശ്ചര്യകരമായ |
| | | യുദ്ധം | ആ പോർ |
| സംഘാ: | ഗണങ്ങൾ | ദദൃശുഃ | കണ്ടു. |

ഗഗനം ഗഗനാകാരം സാഗരഃ സാഗരോപമഃ
രാമരാവണയോര്യുദ്ധം രാമരാവണയോരിവ. 24
ഏവമൂചുസ്തദാലോക്യ യുദ്ധം തേ രോമഹർഷണം. 25

| | | | |
|---|---|---|---|
| തേ | അവർ | സാഗരഃ സാഗരോപമഃ | കടൽ കടലൊത്തതുതന്നെ |
| രോമഹർഷണം | പുളകമുണ്ടാക്കുന്നതായ | | |
| തത് യുദ്ധം ആലോക്യ | ആ പോർ കണ്ടു് | രാമരാവണയോഃ യുദ്ധം | രാമരാവണയുദ്ധം |
| ഏവം ഊചുഃ | ഇപ്രകാരം ഉരചെയ്തു; | | |
| "ഗഗനം ഗഗനാകാരം | "ആകാശം ആകാശമൊത്തതുതന്നെ | രാമരാവണയോഃ ഇവ." | രാമരാവണയുദ്ധംപോലെതന്നെ." |

തതഃ ക്രുദ്ധോ മഹാബാഹു രഘൂണാം കീർത്തിവർദ്ധനഃ
സന്ധായ ധനുഷാ രാമഃ ശരമാശീവിഷോപമം. 26
രാവണസ്യ ശിരോഽച്ഛിനച്ഛ്രീമജ്ജ്വലിതകുണ്ഡലം
തച്ഛിരഃ പതിതം ഭൂമൌ ദൃഷ്ടം ലോകൈസ്ത്രിഭിസ്തദാ. 27

| | | | |
|---|---|---|---|
| മഹാബാഹുഃ | മഹാബാഹുവും | ജ്വലിതകുണ്ഡലം | കുണ്ഡലങ്ങൾ തിളങ്ങുന്നതുമായ |
| രഘൂണാം കീർത്തിവർദ്ധനഃ | രഘുകുലകീർത്തിവർദ്ധകനമായ | രാവണസ്യ | രാവണന്റെ |
| രാമഃ | ശ്രീരാഘവൻ | ശിരഃ അച്ഛിനത് | ശിരസ്സിനെ മുറിച്ചിട്ടു; |
| തതഃ ക്രുദ്ധഃ | ആ സമയം കടുത്തു് | തദാ | അപ്പോൾ |
| ആശീവിഷോപമം | സർപ്പതുല്യമായ | ത്രിഭിഃ ലോകൈഃ | മൂന്നു ലോകങ്ങളാലും |
| ശരം ധനുഷാ സംധായ | ബാണത്തെ വില്ലിൽ തൊടുത്തു് | തത് ശിരഃ | ആ തല |
| | | ഭൂമൌ പതിതം | നിലത്തുപതിച്ചതായി |
| ശ്രീമത് | കാന്തി ചിന്നുന്നതും | ദൃഷ്ടം | കാണപ്പെട്ടു. |

തസ്യൈവ സദൃശം ചാന്യദ്രാവണസ്യോത്ഥിതം ശിരഃ
തത് ക്ഷിപ്രം ക്ഷിപ്രഹസ്തേന രാമേണ ക്ഷിപ്രകാരിണാ· 28
ദ്വിതീയം രാവണശിരശ്ഛിന്നം സംയതി സായകൈഃ
ഛിന്നമാത്രം തു തച്ഛീർഷം പുനരന്യത് സ്മ ദൃശ്യതേ. 29

| | | | |
|---|---|---|---|
| രാവണസ്യ | രാവണനു് | രാമേണ | ശ്രീരാമനാൽ |
| തസ്യ സദൃശം | തത്തുല്യമായ | ക്ഷിപ്രം | ഉടനെതന്നെ |
| അന്യത് ശിരഃ | മറെറാരു ശിരസ്സ് | സംയതി | പോരിൽ |
| ച ഏവ | തൽക്ഷണംതന്നെ | സായകൈഃ | ബാണങ്ങളാംകൊണ്ടു് |
| ഉത്ഥിതം | മുളച്ചു; | ഛിന്നം | ഛേദിക്കപ്പെട്ടു; |
| തത് ദ്വിതീയം | ആ രണ്ടാമത്തെ | തത് ശീർഷം | ആ തലയും |
| രാവണശിരഃ | രാവണശിരസ്സും | ഛിന്നമാത്രം തു | ഖണ്ഡിക്കപ്പെട്ട ക്ഷണ |
| ക്ഷിപ്രഹസ്തേന | കൈമിടുക്കുള്ളവനും | അന്യത് | മറെറാന്നു് [ത്തിൽ |
| ക്ഷിപ്രകാരിണാ | ശീഘ്രകാരിയും ആയ | പുനഃ ദൃശ്യതേ സ്മ. | വീണ്ടും കാണപ്പെട്ടു. |

തദപ്യശനിസങ്കാശൈശ്ഛിന്നം രാമേണ സായകൈഃ
ഏവമേകശതം ഛിന്നം ശിരസാം തുല്യവർച്ചസാം. 30

| | | | |
|---|---|---|---|
| തത് അപി | ആയതും | ഏവം | ഇപ്രകാരം |
| രാമേണ | ശ്രീരാമനാൽ | തുല്യവർച്ചസാം | ഒരേ വടിവാനുള്ള |
| അശനി-സങ്കാശൈഃ | വജ്രായുധമൊത്ത | ശിരസാം | തലകളം |
| സായകൈഃ | ബാണങ്ങളാൽ | ഏകശതം | ഒരു നൂറെണ്ണം |
| ഛിന്നം; | മുറിച്ചിടപ്പെട്ടു; | ഛിന്നം. | ഛേദിക്കപ്പെട്ടു. |

ന ചൈവ രാവണസ്യാന്തോ ദൃശ്യതേ ജീവിതക്ഷയേ. 31

| | | | |
|---|---|---|---|
| രാവണസ്യ | രാവണന്റെ | അന്തഃ ച | ഒരു അറുതിയും |
| ജീവിതക്ഷയേ | ജീവനാശത്തെക്കുറിച്ചു് | ദൃശ്യതേ ന ഏവ | കാണപ്പെടുന്നതേയില്ല. |

തതഃ സർവ്വാസ്ത്രവിദ്വീരഃ കൗസല്യാനന്ദവർദ്ധനഃ
മാർഗ്ഗണൈർബ്ബഹുഭിര്യുക്തശ്ചിന്തയാമാസ രാഘവഃ 32

| | | | |
|---|---|---|---|
| കൗസല്യാ-നന്ദവർദ്ധനഃ | കൗസല്യാദേവിക്കു് ആനന്ദത്തെ വളർത്തുന്ന, | മാർഗ്ഗണൈഃ യുക്തഃ | ബാണങ്ങളോടു കൂടിയ വനുമായ |
| സർവ്വാസ്ത്രവിത് | സർവ്വാസ്ത്രകുശലനും | രാഘവഃ | ശ്രീരാഘവൻ |
| വീരഃ | വീരനും | തതഃ | ആ സമയം |
| ബഹുഭിഃ | പല | ചിന്തയാമാസ. | ഇങ്ങിനെ ചിന്തിച്ചു. |

മാരീചോ നിഹതോ യൈസ്തു ഖരോ യൈസ്തു സദൂഷണഃ
ക്രൗഞ്ചാവനേ വിരാധസ്തു കബന്ധോ ദണ്ഡകാവനേ. 33
ത ഇമേ സായകാഃ സർവ്വേ യുദ്ധേ പ്രാത്യയികാ മമ
കിം നു തത്കാരണം യേന രാവണേ മന്ദതേജസഃ 34

| | | | |
|---|---|---|---|
| "യൈഃ തു | "യാതൊന്നുകളംകൊ | നിഹതഃ | ഹനിക്കപ്പെട്ടുവോ |
| മാരീചഃ | മാരീചൻ [ണ്ടുതന്നെ | യൈഃ | യാതൊന്നുകളംകൊണ്ടു |

| | | | |
|---|---|---|---|
| സദൂഷണം | ദൂഷണനോടുകൂടിയവനായ | തേ | അപ്രകാരമുള്ള |
| ഖരഃ | ഖരനും | ഇമേ സായകാഃ | ഈ ബാണങ്ങൾ |
| ക്രൌഞ്ചാവനേ | ക്രൌഞ്ചാവനത്തിൽ വെച്ചു് | സർവ്വേ | എല്ലാം |
| വിരാധഃ തു | വിരാധനും | യേന | എന്തുകാരണത്താൽ |
| ദണ്ഡകാവനേ | ദണ്ഡകാരണ്യത്തിൽ | രാവണേ | രാവണന്റെ സംഗതിയിൽ |
| കബന്ധഃ | കബന്ധനും | മന്ദതേജസഃ | ശക്തിയററവയായിരിക്കുന്നുവോ |
| ച | അപ്രകാരം വധിക്കപ്പെട്ടവോ | തത് കാരണം | ആ കാരണം |
| യുദ്ധേ | യുദ്ധത്തിൽ | കിം നു ?" | എന്തായിരിക്കും ?" |
| മമ | എനിക്കു് | | |
| പ്രാത്യയികാഃ | വിശ്വസിക്കത്തക്കവയായ | | |

ഇതി ചിന്താപരശ്ചാസീദപ്രമത്തശ്ച സംയുഗേ
വവർഷ ശരവർഷാണി രാഘവോ രാവണോരസി. 35

| | | | |
|---|---|---|---|
| രാഘവഃ ച | ശ്രീരാഘവനും | അപ്രമത്തഃ ച | ജാഗ്രതയോടുകൂടിത്തന്നെ |
| ഇതി ചിന്താപരഃ | ഇപ്രകാരം ചിന്താക്രാന്തനായി | ശരവർഷാണി | ശരമാരികളെ |
| ആസീത് | വർത്തിച്ചു; | രാവണോരസി | രാവണന്റെ മാറിൽ |
| സംയുഗേ | പോരിൽ | വവർഷ. | തൂകി. |

രാവണോऽപി തതഃ ക്രുദ്ധോ രഥസ്ഥോ രാക്ഷസേശ്വരഃ
ഗദാമുസലവർഷേണ രാമം പ്രത്യർദ്ദയദ്രണേ. 36

| | | | |
|---|---|---|---|
| തതഃ | അപ്പോൾ | രണേ | പോരിൽ |
| രഥസ്ഥഃ | രഥത്തിലിരുന്നിരുന്ന | രാമം | ശ്രീരാമനെ |
| രാക്ഷസേശ്വരഃ | രാക്ഷസരാജാവായ | ഗദാമുസലവർഷേണ | ഗദകളുടേയും മുസലങ്ങളുടേയും മാരിയാൽ |
| രാവണഃ അപി | രാവണനും | പ്രത്യർദ്ദയത്. | പീഡിപ്പിച്ചു. |
| ക്രുദ്ധഃ | ചൊടിച്ചു് | | |

തത് പ്രവൃത്തം മഹദ്യുദ്ധം തുമുലം രോമഹർഷണം
അന്തരിക്ഷേ ച ഭൂമൌ ച പുനശ്ച ഗിരിമൂർദ്ധനി. 37

| | | | |
|---|---|---|---|
| തത് | ആ | ഭൂമൌ ച | ഭൂമിയിലും |
| മഹത് യുദ്ധം | വൻപോർ | തുമുലം പുനഃ | അതിഭയങ്കരമായും |
| ഗിരിമൂർദ്ധനി ച | ഗിരിശിഖരത്തിലും | രോമഹർഷണം | രോമാഞ്ചമുണ്ടാക്കുന്നതായും |
| അന്തരിക്ഷേ ച, | വാനിലും, | പ്രവൃത്തം. | നടന്നു. |

ദേവദാനവയക്ഷാണാം പിശാചോരഗരക്ഷസാം
പശ്യതാം തന്മഹദ്യുദ്ധം സർവ്വരാത്രമവർത്തത. 38

| | | | |
|---|---|---|---|
| ദേവദാനവയക്ഷാണാം | ദേവന്മാരും, ദാനവന്മാരും, യക്ഷന്മാരും | സർവ്വരാത്രം | രാത്രി മുഴുവനും |
| പിശാചോരഗരക്ഷസാം | പിശാചന്മാരും, ഉരഗരും, രക്ഷസ്സുകളും | തത് | ആ |
| പശ്യതാം | നോക്കിനില്ക്കെ, | മഹത് യുദ്ധം | വൻപോർ |
| | | അവർത്തത. | നടക്കയുണ്ടായി. |

[ഈ രാമരാവണയുദ്ധം ഏഴു ദിവസങ്ങളിൽ നടന്നു എന്നു് ചിലരുടെ പക്ഷം. 'സർവ്വരാത്രം', എന്നതു് 'സപ്തരാത്രം' എന്നും അഭിപ്രായമുണ്ടു്. തദാ യുദ്ധമഭൂദ് ഘോരം രാമരാവണയോർമ്മഹത്. സപ്താഹനികമഹോരാത്രം ശസ്ത്രാസ്ത്രൈരതിഭീഷണൈഃ.'' പാഠ്മപുരാണം.

"രാമരാവണയോര്യുദ്ധം സപ്താഹം സാ ന്യയോജയത്.'' കാളികാ പുരാണം.]

നൈവ രാത്രം ന ദിവസം മുഹൂർത്തം ന ച ക്ഷണം
രാമരാവണയോര്യുദ്ധം വിരാമമുപഗച്ഛതി. 39

| | | | |
|---|---|---|---|
| രാമരാവണയോഃ | ശ്രീരാമനും രാവണനും | ദിവസം ന | പകലിലും ഇല്ല |
| യുദ്ധം | ആ യുദ്ധം [തമ്മിൽ | മുഹൂർത്തം ന | ഒരു മുഹൂർത്തനേരമെങ്കിലും ഇല്ലാതിരുന്നില്ല. |
| രാത്രം ഏവ | രാത്രിയിലും | ക്ഷണം ച ന. | ഒരു ഞൊടിയിടകൂടി ഇല്ലാതിരുന്നില്ല. |
| വിരാമം ഉപഗച്ഛതി ന; | വിരമിക്കയുണ്ടായില്ല; | | |

ദശരഥസുതരാക്ഷസേന്ദ്രയോർജ്ജയമനവേക്ഷ്യ രണേ സ രാഘവസ്യ
സുരവരരഥസാരഥിർമ്മഹാൻ രണഗതമേനമുവാച വാക്യമാശു. 40

| | | | |
|---|---|---|---|
| സഃ മഹാൻ | ആ മഹാനായ | രാഘവസ്യ ജയം | ശ്രീരാഘവനു് ജയ |
| സുരവരരഥസാരഥിഃ | ഇന്ദ്രസാരഥി, | അനവേക്ഷ്യ | കാണാതെ [ത്തെ |
| ദശരഥസുതരാക്ഷസേന്ദ്രയോഃ | ആ രാമരാവണന്മാരുടെ | രണഗതം | പോരിലേപ്പെട്ടിരുന്ന |
| | | ഏനം | ഇദ്ദേഹത്തോടായി |
| | | ആശു | തൽക്ഷണം |
| രണേ | പോരിൽ | വാക്യം ഉവാച. | ഒരു വാക്കുണർത്തിച്ചു. |

ഇത്യാർഷേ ശ്രീമദ്രാമായണേ വാൽമീകീയേ ആദികാവ്യേ യുദ്ധകാണ്ഡേ
ദശോത്തരശതതമഃ സർഗ്ഗഃ = നൂററിപ്പത്താം സർഗ്ഗം സമാപ്തം
ആദ്യം മുതൽ ശ്ലോകസംഖ്യ 19785; യുദ്ധകാണ്ഡം ആദ്യം മുതൽ ശ്ലോകസംഖ്യ 5110

—oo—

## ഏകാദശോത്തരശതതമഃസർഗ്ഗഃ=നൂററിപ്പതിനൊന്നാംസർഗ്ഗം

[രാവണവധഃ=രാവണവധം.]

അഥ സംസ്മാരയാമാസ രാഘവം മാതലിസ്തദാ
അജാനന്നിവ കിം വീര ത്വമേനമനുവർത്തസേ 1

| | | | |
|---|---|---|---|
| അഥ മാതലിഃ | അനന്തരം മാതലി | "വീര! ത്വം | "വീര! നിന്തിരുവടി |
| തദാ | ആ സമയം | അജാനൻ ഇവ | അറിയാത്തവനെന്ന |
| രാഘവം | ശ്രീരാഘവനോടായി | ഏനം | ഇവനുമായി [പോലെ |
| സംസ്മാരയാമാസ; | ഇപ്രകാരം വിജ്ഞാപനം ചെയ്തു; | കിം അനുവർത്തസേ? | എന്താണു് എതിർത്തുകൊണ്ടിരിക്കുന്നതു്? |

വിസൃജാസ്മൈ വധായ ത്വമസ്ത്രം പൈതാമഹം പ്രഭോ
വിനാശകാലഃ കഥിതോ യഃ സുരൈഃ സോഽദ്യ വർത്തതേ. 2

| | | | |
|---|---|---|---|
| "പ്രഭോ! | "പ്രഭോ! | വധായ | വധിക്കുന്നതിന്നായി |
| ത്വം | നിന്തിരുവടി | അസ്മൈ | ഇവനുനേരെ |

| | |
|---|---|
| പൈതാമഹം / അസ്ത്രം | } ബ്രഹ്മാസ്ത്രത്തെ |
| വിസൃജ | പ്രയോഗിച്ചാലും |
| സുരൈഃ | ദേവന്മാരാൽ |
| യഃ | യാതൊരു |

| | |
|---|---|
| വിനാശകാലഃ | മരണകാലം |
| കഥിതഃ | ഉരചെയ്യപ്പെട്ടുവോ |
| സഃ | ആയതു് |
| അദ്യ വർത്തതേ'' | ഇതാ എത്തിയിരിക്കുന്നു." |

തതഃ സംസ്മാരിതോ രാമസ്തേന വാക്യേന മാതലേഃ
ജഗ്രാഹ സശരം ദീപ്തം നിശ്വസന്തമിവോരഗം. 3
യമസ്മൈ പ്രഥമം പ്രാദാദഗസ്ത്യോ ഭഗവാനൃഷിഃ
ബ്രഹ്മദത്തം മഹാബാണമമോഘം യുധി വീര്യ്യവാൻ. 4
ബ്രഹ്മണാ നിർമ്മിതം പൂർവ്വമിന്ദ്രാർത്ഥമമിതൌജസാ
ദത്തം സുരപതേഃ പൂർവ്വം ത്രിലോകജയകാംക്ഷിണഃ 5
യസ്യ വാജേഷു പവനഃ ഫലേ പാവകഭാസ്കരൌ
ശരീരമാകാശമയം ഗൌരവേ മേരുമന്ദരൌ. 6
ജാജ്വല്യമാനം വപുഷാ സുപുംഖം ഹേമഭൂഷിതം
തേജസാ സർവ്വഭൂതാനാം കൃതം ഭാസ്കരവർച്ചസം. 7
സധൂമമിവ കാലാഗ്നിം ദീപ്തമാശീവിഷം യഥാ
പരനാഗാശ്വവൃന്ദാനാം ഭേദനം ക്ഷിപ്രകാരിണം. 8
ദ്വാരാണാം പരിഘാണാം ച ഗിരീണാമപി ഭേദനം
നാനാരുധിരസിക്താംഗം മേദോദിഗ്ദ്ധം സുദാരുണം 9
വജ്രസാരം മഹാനാദം നാനാസമിതിദാരുണം.
സർവ്വവിത്രാസനം ഭീമം ശ്വസന്തമിവ പന്നഗം 10
കങ്കഗൃദ്ധ്രബലാനാം ച ഗോമായുഗണരക്ഷസാം
നിത്യം ഭക്ഷ്യപ്രദം യുദ്ധേ യമരൂപം ഭയാവഹം. 11
നന്ദനം വാനരേന്ദ്രാണാം രക്ഷസാമവസാദനം
വാജിതം വിവിധൈർവ്വാജൈശ്ചാരുചിത്രൈർഗ്ഗരുത്മതഃ 12
തമുത്തമേഷും ലോകാനാമിക്ഷ്വാകുഭയനാശനം
ദ്വിഷതാം കീർത്തിഹരണം പ്രഹർഷകരമാത്മനഃ 13

| | |
|---|---|
| തതഃ | അപ്പോൾ |
| സഃ രാമഃ | ആ ശ്രീരാഘവൻ |
| മാതലേഃ | മാതലിയുടെ |
| തേന വാക്യേന | ആ വാക്യത്താൽ |
| സംസ്മാരിതഃ | വിജ്ഞാപനംചെയ്യപ്പെ |
| ഋഷിഃ | മഹർഷിയും [ട്ടവനായി |
| വീര്യ്യവാൻ | വീര്യ്യശാലിയുമായ |

| | |
|---|---|
| അഗസ്ത്യ- / ഭഗവാൻ | } അഗസ്ത്യഭഗവാൻ |
| ബ്രഹ്മദത്തം | ബ്രഹ്മാവിനാൽ നൽക |
| യുധി | പോരിൽ [പ്പെട്ടതും |
| അമോഘം | വ്യർത്ഥമാകാത്തതുമായ |
| യം | യാതൊരു |
| മഹാബാണം | മഹാബാണത്തെ |

| | |
|---|---|
| പ്രഥമം | ആദ്യം |
| അസ്മൈ | ഈ ശ്രീരാമന്നായ്ക്കൊണ്ടു |
| പ്രാദാത് | നൽകിയോ, അപ്രകാര |
| പൂർവ്വം | പണ്ട് [മുള്ളതും |
| അമിതൌജസാ | അളവററ തേജസ്സാന്ന |
| ബ്രഹ്മണാ | ബ്രഹ്മദേവനാൽ |
| ഇന്ദ്രാർത്ഥം | ഇന്ദ്രനുവേണ്ടി |
| നിർമ്മിതം | നിർമ്മിക്കപ്പെട്ടതും |
| പൂർവ്വം | പൂർവ്വത്തിൽ |
| ത്രിലോകജയ-കാംക്ഷിണ: | ത്രിലോകത്തേയും ജയിപ്പാനിച്ഛിച്ച |
| സുരപതേ: | ദേവേന്ദ്രനായ്ക്കൊണ്ടു് |
| ദത്തം | നൽകപ്പെട്ടതും |
| യസ്യ | യാതൊന്നിൻെറ |
| വാജേഷു | ചിറകുകളിൽ |
| പവന: | വായുഭഗവാനും |
| ഫലേ | മൊട്ടിൽ |
| പാവകഭാസ്കരൌ | അഗ്ന്യാദിത്യന്മാരും വ |
| ശരീരം | ശരീരം [ർത്തിക്കുന്നുവോ |
| ആകാശമയം | ആകാശസ്വരൂപമൊ |
| ഗൌരവേ | ഉറപ്പിൽ |
| മേരുമന്ദരൌ | മേരുമന്ദരപർവ്വതങ്ങളോഅപ്രകാരമുള്ളതും |
| വപുഷാ | കാന്തിയാൽ |
| ജാജ്വല്യമാനം | ഉജ്ജ്വലിക്കുന്നതും |
| സുപുംഖം | നല്ലകടയുള്ളതും |
| ഹേമഭൂഷിതം | സ്വർണ്ണാലംകൃതവും |
| സർവ്വഭൂതാനാം | സർവ്വപ്രാണികളുടേയും |
| തേജസാ | സാരഭൂതമായ അംശത്താൽ |
| കൃതം | നിർമ്മിക്കപ്പെട്ടതും |
| ഭാസ്കരവർച്ചസം | ആദിത്യപ്രഭപൂണ്ടതും |
| സധൂമം | പുകയുന്ന |
| കാലാഗ്നിം ഇവ | പ്രളയകാലാഗ്നിപോ |
| ദീപ്തം | ആളുന്നതും [ലെ |
| ആശീവിഷം യഥാ | സർപ്പംപോലെയുള്ളതും |
| പരനാഗാശ്വ-വൃന്ദാനാം ഭേദനം | ശത്രുക്കളുടെ ഗജവാജിവൃന്ദങ്ങളെ പിളക്കുന്നതും |
| ക്ഷിപ്രകാരിണം | എന്തും ഉടനെ ചെയ്‌വാൻ കഴിവുള്ളതും |
| ദ്വാരാണാം | കോട്ടവാതിലുകളേയും |
| പരിഘാണാം ച | കിടങ്ങുകളേയും |
| ഗിരീണാം അപി | ഗിരികളേയും |
| ഭേദനം | പിളക്കുന്നതും |
| നാനാരുധിര-സിക്താംഗം | പല രക്തം പുരണ്ട ഉടലാന്നതും |
| മേദോ-ദിഗ്ദ്ധം | ഉടലിൽ കൊഴുപ്പുപുരണ്ടുള്ളതും |
| സുദാരുണം | അതിഭയങ്കരവും |
| വജ്രസാരം | വജ്രായുധംപോലെ ഉറപ്പാന്നതും |
| മഹാനാദം | വൻമുഴക്കത്തോടുകൂടിയതും |
| നാനാസമിതി-ദാരണം | പലമാതിരിപടക്കൂട്ടങ്ങളേയും തകക്കുന്നതും |
| സർവ്വവിത്രാസനം | സർവ്വത്തേയും വിറപ്പിക്കുന്നതും |
| ഭീമം ശ്വസന്തം | ഘോരമായി ചീറുന്ന |
| പന്നഗം ഇവ | സർപ്പംപോന്നതും |
| കങ്കഗൃദ്ധ്ര-ബലാനാം ച | കഴുകുകൾക്കും പരുന്തുകൾക്കും കാക്കകൾക്കും |
| ഗോമായുഗണ-രക്ഷസാം | കുറുനരിക്കൂട്ടങ്ങൾക്കും പിശാചുകൾക്കും |
| യുദ്ധേ നിത്യം | പോരിൽ എന്നും |
| ഭക്ഷ്യപ്രദം | ഭക്ഷണം നൽകുന്നതും |
| യമരൂപം | മൃത്യുസ്വരൂപമാന്നുള്ളതും |
| ഭയാവഹം | ഭീതിയുളവാക്കുന്നതും |
| വാനരേന്ദ്രാണാം | കപിവരന്മാക്ക് |
| നന്ദനം | ആനന്ദസന്ദായകമാ |
| രക്ഷസാം | രാക്ഷസക്ക് [യതും |
| അവസാദനം | നാശമുളവാക്കുന്നതും |
| ഗരുത്മത: | ഗരുഡഭഗവാൻെറ |
| വിവിധൈ: | പലപല |
| ചാരുചിത്രൈ: | ഭംഗിവാച്ച |
| വാജൈ: | തൂവലുകൾകൊണ്ടു് |
| വാജിതം | ചിറകുവെച്ചുള്ളതും |

| | | | |
|---|---|---|---|
| ലോകാനാം | ലോകങ്ങളിൽവെച്ച് | ആത്മനഃ | തനിക്ക് |
| ഉത്തമേഷും | ഉത്തമബാണമായുള്ളതും | പ്രഹർഷകരം | സന്തോഷത്തെ വിളയിക്കുന്നതും |
| ഇക്ഷ്വാകു- ഭയനാശനം | ഇക്ഷ്വാകുവംശത്തിന്റെ ആപത്തിനെ ഇല്ലാതാക്കുന്നതും | ദീപ്തം | ജ്വലിക്കുന്നതും |
| ദ്വിഷതാം | ശത്രുക്കളുടെ | നിശ്വസന്തം | ചീറുന്നതും |
| കീർത്തിഹരണം | കീർത്തിയെ അപഹരിക്കുന്നതും | ഉരഗം ഇവ | സർപ്പമൊത്തതുമായ |
| | | തം ശരം | ആ ബാണത്തെ |
| | | ജഗ്രാഹ | കൈക്കൊണ്ടു. |

അഭിമന്ത്ര്യ തതോ രാമസ്തം മഹേഷും മഹാബലഃ
വേദപ്രോക്തേന വിധിനാ സന്ദധേ കാർമ്മുകേ ബലീ. 14

| | | | |
|---|---|---|---|
| മഹാബലഃ | മഹാശക്തിമാനും | വേദ- പ്രോക്തേന വിധിനാ | വേദോക്തവിധിപ്രകാരം |
| ബലീ | ബലിഷ്ഠനുമായ | | |
| രാമഃ | ശ്രീരാമൻ | അഭിമന്ത്ര്യ | അഭിമന്ത്രിച്ച് |
| തതഃ | അപ്പോൾ | കാർമ്മുകേ. | കോദണ്ഡത്തിൽ |
| തം മഹേഷും | ആ മഹാശരത്തെ | സന്ദധേ | തൊടുത്തു. |

തസ്മിൻ സന്ധീയമാനേ തു രാഘവേണ ശരോത്തമേ
സർവ്വഭൂതാനി വിത്രേസുശ്ചചാല ച വസുന്ധരാ. 15

| | | | |
|---|---|---|---|
| രാഘവേണ | ശ്രീരാഘവനാൽ | സർവ്വഭൂതാനി | പ്രാണികളെല്ലാം |
| തു, തസ്മിൻ | അപ്പോൾ ആ | വിത്രേസുഃ | നടുങ്ങി; |
| ശരോത്തമേ | ഉത്തമബാണം | വസുന്ധരാ ച | ഭൂമിയും |
| സന്ധീയമാനേ | സന്ധാനംചെയ്യപ്പെട്ടപ്പോൾ | ചചാല | കുലുങ്ങി. |

സ രാവണായ സംക്രുദ്ധോ ഭൃശമായമ്യ കാർമ്മുകം
ചിക്ഷേപ പരമായത്തസ്തം ശരം മർമ്മഘാതിനം. 16

| | | | |
|---|---|---|---|
| സംക്രുദ്ധഃ | അത്യരിശമുൾക്കൊണ്ട | ആയമ്യ | വലിച്ച് |
| സഃ | ആ ശ്രീരാഘവൻ | തം മർമ്മഘാതിനം | ആ മർമ്മഭേദകമായ |
| പരമായത്തഃ | മനസ്സ് വെച്ച് | ശരം | ബാണത്തെ |
| കാർമ്മുകം | ചാപത്തെ | രാവണായ | രാവണന്നുനേരെ |
| ഭൃശം | ഊക്കോടെ | ചിക്ഷേപ. | പ്രയോഗിച്ചു. |

സ വജ്ര ഇവ ദുർദ്ധർഷോ വജ്രിബാഹുവിസർജ്ജിതഃ
കൃതാന്ത ഇവ ചാവാര്യോ ന്യപതദ്രാവണോരസി. 17

| | | | |
|---|---|---|---|
| വജ്രിബാഹു- വിസർജ്ജിതഃ | ഇന്ദ്രന്റെകരംകൊണ്ട് പ്രയോഗിക്കപ്പെട്ട | കൃതാന്തഃ ഇവ | യമനെന്നപോലെ |
| വജ്രഃ ഇവ | വജ്രായുധംപോലെ | അവാര്യഃ ച | തടുപ്പാൻ കഴിയാത്തതുമായ |
| ദുർദ്ധർഷഃ | തടുപ്പാൻ കഴിയാത്തതും | സഃ | ആ ബാണം |
| | | രാവണോരസി | രാവണന്റെ മാറിൽ |
| | | ന്യപതത്. | തറച്ചു. |

സ വിസൃഷ്ടോ മഹാവേഗഃ ശരീരാന്തകരഃ ശരഃ
ബിഭേദ ഹൃദയം തസ്യ രാവണസ്യ ദുരാത്മനഃ. 18

| | | | |
|---|---|---|---|
| മഹാവേഗഃ | മഹാശക്തിപൂണ്ടതും | തസ്യ | ആ |
| ശരീരാന്തകരഃ | ശരീരനാശകരവുമായ | ദുരാത്മനഃ | ദുഷ്ടാത്മാവായ |
| സഃ | ആ | രാവണസ്യ | രാവണൻെറ |
| വിസൃഷ്ട: ശരഃ | എയ്യപ്പെട്ട ശരം | ഹൃദയം ബിഭേദ. | ഹൃദയത്തെ പിളന്നു. |

രുധിരാക്തഃ സ വേഗേന ജീവിതാന്തകരഃ ശരഃ
രാവണസ്യ ഹരൻ പ്രാണാൻ വിവേശ ധരണീതലം. 19

| | | | |
|---|---|---|---|
| ജീവിതാന്തകരഃ | ജീവനാശകരമായ | രാവണസ്യ | രാവണൻെറ |
| സഃ ശരഃ | ആ ബാണം | പ്രാണാൻ | പ്രാണങ്ങളെ |
| | | ഹരൻ | അപഹരിച്ചുംകൊണ്ടു് |
| രുധിരാക്തഃ | ചോരപുരണ്ടതായി | ധരണീതലം വിവേശ. | ഭൂമിക്കുള്ളിൽ പൂന്തി. |
| വേഗേന | വേഗത്തിൽ | | |

സ ശരോ രാവണം ഹത്വാ രുധിരാർദ്രീകൃതച്ഛവിഃ
കൃതകർമ്മാ നിഭൃതവത് സ്വതൂണീം പുനരാഗമത്. 20

| | | | |
|---|---|---|---|
| സഃ ശര: | ആ ബാണം | കൃതകർമ്മാ | സ്വകൃത്യത്തെ ചെയ്തു് |
| രാവണം ഹത്വാ | രാവണനെഹനിച്ചു് | പുനഃ | വീണ്ടും |
| രുധിരാർദ്രീകൃതച്ഛവിഃ | ചോര നനഞ്ഞ പ്രഭയോടുകൂടിയതായി | സ്വതൂണീം | തൻെറ ആവനാഴിയിൽ |
| നിഭൃതവത് | കിങ്കരനെന്നപോലെ | ആഗമത് | വന്നുചേന്നു. |

തസ്യ ഹസ്താദ്ധതസ്യാശു കാർമ്മുകം തത് സസായകം
നിപപാത സഹപ്രാണൈർഭ്രശ്യമാനസ്യ ജീവിതാത്. 21

| | | | |
|---|---|---|---|
| ഹതസ്യ | കൊല്ലപ്പെട്ടു് | സസായകം | ബാണത്തോടുകൂടിയ |
| ജീവിതാത് ഭ്രശ്യമാനസ്യ | ജീവൻ പൊയ്ക്കൊണ്ടിരുന്ന | തത് കാർമ്മുകം | ആ ചാപം |
| | | പ്രാണൈ: സഹ | പ്രാണങ്ങളോടുംകൂടി |
| തസ്യ | അവൻെറ | ആശു | ഉടനെ |
| ഹസ്താത് | കയ്യിൽനിന്നു് | നിപപാത. | വഴുതിവീണു. |

ഗതാസുർഭീമവേഗസ്തു നൈരൃതേന്ദ്രോ മഹാദ്യുതിഃ
പപാത സ്യന്ദനാദ്ഭൂമൌ വൃത്രോ വജ്രഹതോ യഥാ 22

| | | | |
|---|---|---|---|
| ഭീമവേഗ: | ഉഗ്രശക്തിപൂണ്ടവനും | വജ്രഹതഃ | വജ്രത്താൽ ഹനിക്കപ്പെട്ട |
| മഹാദ്യുതി: | മഹാ പ്രതാപശാലിയുമായ | വൃത്ര: യഥാ | വൃത്രാസുരനെന്നപോലെ |
| നൈരൃതേന്ദ്രഃ | രാക്ഷസേശ്വരൻ | തു | ആ സമയം |
| ഗതാസു: | പ്രാണൻ പോയവനായി | സ്യന്ദനാത് | തേരിൽനിന്നു് |
| | | ഭൂമൌ പപാത. | നിലത്തു പതിച്ചു. |

തം ദൃഷ്ട്വാ പതിതം ഭൂമൌ ഹതശേഷാ നിശാചരാഃ
ഹതനാഥാ ഭയത്രസ്താഃ സവ്വതഃ സംപ്രദുദ്രുവുഃ. 23

ഹതശേഷാഃ — കൊല്ലപ്പെട്ടു് അവശേഷിച്ചവരായ
നിശാചരാഃ — രാക്ഷസന്മാർ
തം — അവനെ
ഭൂമൌ — ഭൂമിയിൽ
പതിതം — വീണവനായി
ദൃഷ്ട്വാ — കണ്ടു്
ഹതനാഥാഃ — നാഥനററവരായി
ഭയത്രസ്താഃ — ഭയത്താൽ നടുക്കം പൂണ്ടവരായി
സവ്വതഃ — എങ്ങും
സംപ്രദുദ്രുവുഃ — ഓടിപ്പോയി.

നർദ്ദന്തശ്ചാഭിപേതുസ്താൻ വാനരാ ദ്രുമയോധിനഃ. 24

ദ്രുമയോധിനഃ — വൃക്ഷത്തെക്കൊണ്ടു് പൊരുതുന്നവരായ
വാനരാഃ — വാനരന്മാർ
നർദ്ദന്തഃ — ആർത്തുകൊണ്ടു്
താൻ ച — അവരേയും
അഭിപേതുഃ. — തുരത്തിക്കൊണ്ടുചെന്നു.

ദശഗ്രീവവധം ദൃഷ്ട്വാ വിജയം രാഘവസ്യ ച
അർദ്ദിതാ വാനരൈർഹൃഷ്ടൈർലങ്കാമഭ്യപതൻ ഭയാത്
ഗതാശ്രയത്വാത് കരുണൈർബാഷ്പപ്രസ്രവണൈർമ്മുഖൈഃ. 25

ഹൃഷ്ടൈഃ — ഉത്സാഹഭരിതരായ
വാനരൈഃ — വാനരന്മാരാൽ
അർദ്ദിതാഃ — പീഡിക്കപ്പെട്ടവരായ അവർ
ദശഗ്രീവവധം — രാവണന്റെ വധത്തേ
രാഘവസ്യ — ശ്രീരാഘവന്റെ [യും
വിജയം ച — വിജയത്തേയും
ദൃഷ്ട്വാ — കണ്ടു്
ഗതാശ്രയത്വാത് — രക്ഷയററതിനാൽ
കരുണൈഃ — ദൈന്യതപൂണ്ടു്
ബാഷ്പപ്രസ്രവണൈഃ — കണ്ണീരൊഴുകുന്ന
മുഖൈഃ — മുഖങ്ങളോടുകൂടി
ഭയാത് — ഭീതിയാൽ
ലങ്കാം — ലങ്കയിലേക്കായി
അഭ്യപതത്. — ഓടിപ്പോയി.

തതോ വിനേദുഃ സംഹൃഷ്ടാ വാനരാ ജിതകാശിനഃ
വദന്തോ രാഘവജയം രാവണസ്യ ച തം വധം. 26

ജിതകാശിനഃ — വിജയത്താൽ പ്രകാശിക്കുന്ന
സംഹൃഷ്ടാഃ — സന്തുഷ്ടിപൂണ്ടവരായ
വാനരാഃ — വാനരന്മാർ
തതഃ — അപ്പോൾ
രാഘവജയം — ശ്രീരാഘവന്റെ ജയത്തെക്കുറിച്ചും
രാവണസ്യ — രാവണന്റെ
തം വധം ച — ആ കൊലയെപ്പററിയും
വദന്തഃ — ഉരചെയ്യുന്നവരായി
വിനേദുഃ — ആർഭാടംചെയ്തു.

അഥാന്തരിക്ഷേ വ്യനദത് സൌമ്യസ്ത്രിദശദുന്ദുഭിഃ
ദിവ്യഗന്ധവഹസ്തത്ര മാരുതഃ സസുഖോ വവൌ. 27

അഥ — ആ സമയം
അന്തരിക്ഷേ — ആകാശത്തിൽ
സൌമ്യഃ — മംഗളമങ്കരമായ
ത്രിദശദുന്ദുഭിഃ — ദേവദുന്ദുഭി വാദ്യം
വ്യനദത് — മുഴങ്ങി;
തത്ര — അപ്പോൾ
മാരുതഃ — കാററു്
ദിവ്യഗന്ധവഹഃ — നറുമണം വഹിക്കുന്ന
സസുഖഃ — സുഖമാംവണ്ണം [തായി
വവൌ. — വീശി.

നിപപാതാന്തരിക്ഷാച്ച പുഷ്പവൃഷ്ടിസ്തദാ ഭുവി
കിരന്തീ രാഘവരഥം ദുരവാപാ മനോരമാ. 28

| | | | |
|---|---|---|---|
| തദാ ഭുവി | അപ്പോൾ ഭൂമിയിൽ | പുഷ്പവൃഷ്ടി: | പൂമാരി |
| അന്തരിക്ഷാത് | വാനത്തുനിന്നു | രാഘവരഥം | ശ്രീരാഘവന്റെ [രഥത്തെ |
| മനോരമാ | മനോഹരവും | കിരന്തീ | മൂടുമാറു |
| ദുരവാപാ ച | ദുർല്ലഭവുമായ | നിപപാത | പൊഴിഞ്ഞു. |

രാഘവസ്തവസംയുക്തം ഗഗനേƒപി ച ശുശ്രുവേ
സാധു സാധ്വിതി വാഗഗ്ര്യാ ദൈവതാനാം മഹാത്മനാം. 29

| | | | |
|---|---|---|---|
| ഗഗനേ അപി | ആകാശത്തിലും | മഹാത്മനാം | മഹാത്മാക്കളായ |
| സാധു സാധു ഇതി" | "നല്ലത് നല്ലത്" എന്നിങ്ങനെ | ദൈവതാനാം | ദേവകളുടെ |
| | | അഗ്ര്യാ | ശ്രേഷ്ഠമായ |
| രാഘവസ്തവസംയുക്തം | ശ്രീരാഘവസ്തുതിയോടു കൂടിയതായ | വാക് ച | വാണിയും |
| | | ശുശ്രുവേ | കേൾക്കപ്പെട്ടു. |

ആവിവേശ മഹാൻ ഹർഷോ ദേവാനാം ചാരണൈഃ സഹ
രാവണേ നിഹതേ രൌദ്രേ സർവ്വലോകഭയങ്കരേ. 30

| | | | |
|---|---|---|---|
| സർവ്വലോകഭയങ്കരേ | സർവ്വലോകഭയങ്കരനും | ചാരണൈഃ സഹ | ചാരണന്മാരോടുകൂടി |
| രൌദ്രേ | ക്രൂരനുമായ | ദേവാനാം | ദേവകൾക്ക് |
| രാവണേ | രാവണൻ | മഹാൻ ഹർഷ: | മഹത്തായ സന്തോഷം |
| നിഹതേ | വധിക്കപ്പെട്ടാറെ | ആവിവേശ | ഉളവായി. |

തതഃ സകാമം സുഗ്രീവമംഗദഞ്ച മഹാബലം
ചകാര രാഘവഃ പ്രീതോ ഹത്വാ രാക്ഷസപുംഗവം. 31

| | | | |
|---|---|---|---|
| തത: രാഘവ: | അപ്പോൾശ്രീരാഘവൻ | മഹാബലം | മഹാബലശാലിയായ |
| രാക്ഷസപുംഗവം ഹത്വാ | രാക്ഷസവീരനെ വധിച്ച് | അംഗദം | അംഗദനേയും |
| പ്രീത: | സന്തുഷ്ടചിത്തനായി | ച | അപ്രകാരംതന്നെ മനോരഥം സാധിച്ചവനായും |
| സുഗ്രീവം സകാമം | സുഗ്രീവനെ അഭീഷ്ടപൂർത്തിവന്നവനായും | ചകാര | ആക്കി. |

തതഃ പ്രജഗ്മുഃ പ്രശമം മരുദ്ഗണാ ദിശഃ പ്രസേദുർവ്വിമലം നഭോƒഭവത്
മഹീ ചകമ്പേ ന ഹി മാരുതോ വവൌ സ്ഥിരപ്രഭശ്ചാപ്യഭവദ്ദിവാകരഃ 32

| | | | |
|---|---|---|---|
| തത: | ആ സമയം | മഹീ ഹി | ഭൂമിയും |
| മരുദ്ഗണാ: | ദേവഗണങ്ങൾ | ചകമ്പേ ന | ഇളകാതിരുന്നു. |
| പ്രശമം പ്രജഗ്മു: | മന:സമാധാനം പൂണ്ടു; | മാരുത: വവൌ | മന്ദമാരുതൻ വീശി. |
| ദിശ:പ്രസേദു: | ദിക്കുകൾ പ്രകാശിച്ചു | ദിവാകര: അപി ച | ആദിത്യനും |
| നഭഃ വിമലം അഭവത്; | ആകാശം നിർമ്മലമായി വിലസി; | സ്ഥിരപ്രഭഃ അഭവത് | മങ്ങാതെ പ്രകാശിച്ചു. |

തതസ്തു സുഗ്രീവവിഭീഷണാദയഃ
സുഹൃദ്വിശേഷാഃ സഹലക്ഷ്മണാസ്തദാ
സമേത്യ ഹൃഷ്ടാ വിജയേന രാഘവം
രണേഽഭിരാമം വിധിനാഭ്യപൂജയൻ. 33

| | | | |
|---|---|---|---|
| തതഃ തു | അപ്പോഴാകട്ടെ | വിജയേന | വിജയത്താൽ |
| സുഗ്രീവവിഭീഷണാദയഃ | സുഗ്രീവൻ വിഭീഷണൻ മുതലായ | അഭിരാമം | മനോഹരനായി പരിലസിക്കുന്ന |
| സുഹൃദ്വിശേഷാഃ | ഉററസുഹൃത്തുക്കൾ | രാഘവം | ശ്രീരാമനെ |
| സഹലക്ഷ്മണാഃ | ലക്ഷ്മണനോടുംകൂടി | സമേത്യ | അടുത്ത് |
| ഹൃഷ്ടാഃ ഹി | ആനന്ദഭരിതരായി | വിധിനാ | വിധിപോലെ |
| രണേ | പോരിൽ | അപൂജയൻ | കൊണ്ടാടി. |

സ തു നിഹതരിപുഃ സ്ഥിരപ്രതിജ്ഞഃ
സ്വജനബലാഭിവൃതോ രണേ രരാജ
രഘുകുലനൃപനന്ദനോ മഹൌജാ-
സ്ത്രിദശഗണൈരഭിസംവൃതോ യഥേന്ദ്രഃ 34

| | | | |
|---|---|---|---|
| തു | ആ സമയം | സ്ഥിരപ്രതിജ്ഞഃ | പ്രതിജ്ഞ നിറവേററിയവനായി |
| മഹൌജാഃ | മഹാതേജസ്വിയും | സ്വജനബലാഭിവൃതഃ | ബന്ധുക്കളാലും സൈന്യങ്ങളാലും ചൂഴപ്പെട്ടവനായി |
| രഘുകുലനൃപനന്ദനഃ | രഘുകുലചക്രവത്തികുമാരനമായ | ത്രിദശഗണൈഃ | ദേവസംഘങ്ങളാൽ |
| സഃ | ആ ശ്രീരാമൻ | അഭിസംവൃതഃ | ചൂഴപ്പെട്ട |
| രണേ | പോരിൽ | ഇന്ദ്രഃ യഥാ | ഇന്ദ്രനെന്നപോലെ |
| നിഹതരിപുഃ | ശത്രുക്കളെററവനായി | രരാജ. | പരിലസിച്ചു. |

ഇത്യാർഷേ ശ്രീമദ്രാമായണേ വാൽമീകീയേ ആദികാവ്യേ യുദ്ധകാണ്ഡേ ഏകാദശോത്തരശതതമഃ സർഗ്ഗഃ=നൂററിപ്പതിനൊന്നാംസർഗ്ഗം സമാപ്തം.

ആദ്യംമുതൽ ശ്ലോകസംഖ്യ 19819; യുദ്ധകാണ്ഡം ആദ്യംമുതൽ ശ്ലോകസംഖ്യ 5144

ഇതിപുരാ കുശലവാഭ്യാം ശ്രീരാമസന്നിധാവശ്വമേധയജ്ഞവാടെ ചാത്രിംശദ്ദിനേഷു ഗീതേ ശ്രീമദ്രാമായണേ ചതുർവ്വിംശേഽഹനി ഗീതാഃ ശ്ലോകാഃ സമാപ്താഃ

ഇപ്രകാരം പണ്ട് കുശലവന്മാരാൽ അശ്വമേധയാഗശാലയിൽ ശ്രീരാമസന്നിധാനത്തിൽവെച്ച് മുപ്പത്തിരണ്ടു ദിവസങ്ങളിലായി ഗാനം ചെയ്യപ്പെട്ട ശ്രീരാമായണത്തിൽ ഇരുപത്തിനാലാം ദിവസത്തെ കഥ അവസാനിച്ചു.

പുരാ കുശലവാഭ്യാം ശ്രീരാമസന്നിധാവശ്വമേധയജ്ഞവാടെ പഞ്ചവിംശതിതമേഹനി യുദ്ധകാണ്ഡേ ദ്വാദശോത്തരശതതമസർഗ്ഗമാരഭ്യ യാവത്കാണ്ഡസമാപ്തി (19820–20724 ശ്ലോകാഃ) ഗീതം. തസ്മിൻ ദിനേ ഗീതാഃ ശ്ലോകാഃ: 905.

പണ്ട് കുശലവന്മാരാൽ ശ്രീരാമസന്നിധിയിൽ അശ്വമേധ യാഗമണ്ഡപത്തിൽ വെച്ച് ഇരുപത്തഞ്ചാംദിവസം യുദ്ധകാണ്ഡത്തിൽ 112–ാം സർഗ്ഗം തുടങ്ങി കാണ്ഡാവസാനം വരെ (19820 മുതൽ 20724 വരെ ശ്ലോകങ്ങൾ) ഗാനംചെയ്യപ്പെട്ടു. അന്നേ ദിവസം ഗാനം ചെയ്യപ്പെട്ട ശ്ലോകസംഖ്യ 905.

## ദ്വാദശോത്തരശതതമഃ സർഗ്ഗഃ = നൂറ്റിപ്പന്ത്രണ്ടാംസർഗ്ഗം

[വിഭീഷണവിലാപഃ=വിഭീഷണൻ വിലപിക്കുന്നത്.]

**ഭ്രാതരം നിഹതം ദൃഷ്ട്വാ ശയാനം രാമനിർജ്ജിതം**
**ശോകവേഗപരീതാത്മാ വിലലാപ വിഭീഷണഃ** 1

| | | | |
|---|---|---|---|
| വിഭീഷണഃ | വിഭീഷണൻ | ശയാനം | കിടക്കുന്നവനായി |
| ഭ്രാതരം | ജ്യേഷ്ഠനെ | ദൃഷ്ട്വാ | കണ്ട് |
| രാമനിർജ്ജിതം | ശ്രീരാമനാൽ ജയിക്കപ്പെട്ടവനായി | ശോകവേഗപരീതാത്മാ | അത്യധികമായ ശോകംപൂണ്ട ചിത്തത്തോടു കൂടിയവനായി |
| നിഹതം | വധിക്കപ്പെട്ട് | വിലലാപ. | ഇപ്രകാരം പ്രലപിച്ചു. |

**വീര വിക്രാന്തവിഖ്യാത വിനീത നയകോവിദ**
**മഹാർഹശയനോപേത കിം ശേഷേഽദ്യ ഹതോ ഭുവി** 3
**വിക്ഷിപ്യ ദീർഘൌ നിശ്ചേഷ്ടൌ ഭുജാവംഗദഭൂഷിതൌ**
**മുകുടേനാപവൃത്തേന ഭാസ്കരാകാരവർച്ചസാ.** 3

| | | | |
|---|---|---|---|
| "വിക്രാന്തവിഖ്യാത | "വിഖ്യാതവിക്രമനായുള്ളവനേ | ഭുജൌ | ബാഹുക്കളെ |
| വീര | വീര | നിശ്ചേഷ്ടൌ | ഒന്നുംചെയ്യാതെ |
| വിനീത | ശാസ്ത്രങ്ങൾ നന്നായി പഠിച്ചവനേ | വിക്ഷിപ്യ | ഇട്ടുംകൊണ്ട് |
| നയകോവിദ | രാജനീതികളെ ഗ്രഹിച്ചുള്ളവനേ | അപവൃത്തേന | വീണുകിടക്കുന്ന |
| മഹാർഹശയനോപേത | വിലയേറിയശയനത്തിന്ന് അർഹനായവനേ | ഭാസ്കരാകാരവർച്ചസാ | സൂര്യബിംബംപോലെ ജ്വലിക്കുന്ന |
| ഹതഃ | വധിക്കപ്പെട്ടവനായി | മുകുടേന | കിരീടത്തോടുംകൂടി |
| ദീർഘൌ | നീണ്ടവയും | ഭുവി | നിലത്ത് |
| അംഗദഭൂഷിതൌ | തോൾവളകളണിഞ്ഞവയുമായ | അദ്യ | ഇപ്പോൾ |
| | | കിം | എന്താണ് |
| | | ശേഷേ | കിടന്നുകൊണ്ടിരിക്കുന്നത്? |

തദിദം വീര സംപ്രാപ്തം മയാ പൂർവ്വം സമീരിതം
കാമമോഹപരീതസ്യ യത്തേ ന രുചിതം വചഃ 4

| | | | |
|---|---|---|---|
| “വീര | “ശൂരനായുള്ളോവേ | കാമമോഹ-പരീതസ്യ | കാമത്താലുംമതിമോഹത്താലും ആക്രമിക്കപ്പെട്ടുവനായ |
| പൂർവ്വം | ആദ്യംതന്നെ | തേ | നിന്തിരുവടിക്ക് |
| മയാ | എന്നാൽ | രുചിതം ന | രുചിക്കയുണ്ടായില്ല |
| യത് | യാതൊരു | തത് | ആകയാൽ |
| വചഃ | വാക്ക് | ഇദം സംപ്രാപ്തം | ഈ അവസ്ഥ നേൻറു. |
| സമീരിതം | ഉണർത്തിക്കപ്പെട്ടുവോ ആയത് | | |

യന്ന ദർപ്പാത് പ്രഹസ്തോ വാ നേന്ദ്രജിന്നാപരേ ജനാഃ
ന കുംഭകർണ്ണോऽതിരഥോ നാതികായോ നരാന്തകഃ
ന സ്വയം ത്വമമന്യേഥാസ്തസ്യോദർക്കോऽയമാഗതഃ 5

| | | | |
|---|---|---|---|
| “യത് | “യാതൊരുവൻെറ വാക്കിനെ | അതിരഥഃ | അതിരഥനായ |
| ത്വം | നിന്തിരുവടി | അതികായഃ | അതികായനും |
| സ്വയം | സ്വയമായിട്ടന്നെ | നരാന്തകഃ | നരാന്തകനും |
| അമന്യഥാഃ ന | കയ്ക്കൊള്ളുകയുണ്ടായില്ല; | ന | കയ്ക്കൊണ്ടില്ല; |
| പ്രഹസ്തഃ വാ | പ്രഹസ്തനും | അപരേ ജനാഃ | മററുള്ളജനങ്ങളും |
| ദർപ്പാത് | അഹങ്കാരത്താൽ | ന | സ്വീകരിക്കയുണ്ടായില്ല |
| ന | കയ്ക്കൊണ്ടില്ല; | തസ്യ | അതിൻെറ |
| ഇന്ദ്രജിത് ന | ഇന്ദ്രജിത്തും ഇല്ല; | ഉദർക്കഃ | ഫലമായി |
| ന കുംഭകർണ്ണഃ | കുംഭകർണ്ണനും ഇല്ല; | അയം ആഗതഃ | ഇതു് നേൻറു. |

ഗതഃ സേതുഃ സുനീതാനാം ഗതോ ധർമ്മസ്യ വിഗ്രഹഃ
ഗതഃ സത്ത്വസ്യ സംക്ഷേപഃ പ്രസ്താവാനാം ഗതിർഗ്ഗതാ. 6

| | | | |
|---|---|---|---|
| സുനീതാനാം | സന്മാർഗ്ഗങ്ങളുടെ | സംക്ഷേപഃ | സംഘാതവും |
| സേതുഃ ഗതഃ | കര തകൎന്നുപോയി | ഗതിഃ | ക്ഷയിച്ചു |
| ധർമ്മസ്യ | ധർമ്മത്തിൻെറ | പ്രസ്താവാനാം | യശസ്സുകൾക്ക് |
| വിഗ്രഹഃ ഗതഃ | മൂർത്തി ഇല്ലാതായ്പ്പോയി | ഗതഃ | വാനസ്ഥാനവും |
| സത്ത്വസ്യ | ബലത്തിൻെറ | ഗതാ | നശിച്ചു. |

ആദിത്യഃ പതിതോ ഭൂമൌ മഗ്നസ്തമസി ചന്ദ്രമാഃ
ചിത്രഭാനുഃ പ്രശാന്താർച്ചിർവ്വ്യവസായോ നിരുദ്യമഃ
അസ്മിന്നിപതിതേ ഭൂമൌ വീരേ ശസ്ത്രഭൃതാം വരേ. 7

| | | | |
|---|---|---|---|
| “ശസ്ത്രഭൃതാം | “ആയുധം ധരിച്ചവരിൽ വെച്ച് | നിപതിതേ | വീണുകിടക്കുന്നതിനാൽ |
| | | ആദിത്യഃ | ആദിത്യൻ |
| വരേ | ഉത്തമനായ | ഭൂമൌ | ഭൂമിയിൽ |
| അസ്മിൻ വീരേ | ഈ വീരൻ | പതിതഃ | നിപതിച്ചുപോയി; |
| ഭൂമൌ | ഭൂമിയിൽ | ചന്ദ്രമാഃ | ചന്ദ്രനും |

| | |
|---|---|
| തമസി മഗ്നഃ | ഇരുട്ടിൽ നിമഗ്നനായി; |
| ചിത്രഭാനുഃ | അഗ്നിയും |
| പ്രശാന്താർച്ചിഃ | ജ്വാലയററതായി ഭവിച്ചു; |
| വ്യവസായഃ | സർവ്വപ്രവൃത്തിയും |
| നിരുദ്യമഃ. | ഉത്സാഹമററതായിത്തീൎന്നു പോയി. |

കിം ശേഷമിവ ലോകസ്യ ഹതവീരസ്യ സാംപ്രതം
രണേ രാക്ഷസശാർദ്ദൂലേ പ്രസുപ്ത ഇവ പാംസുഷു. 8

| | |
|---|---|
| "രാക്ഷസശാർദ്ദൂലേ | "രാക്ഷസോത്തമനായ ഇദ്ദേഹം |
| രണേ | പോർക്കളത്തിൽ |
| പാംസുഷു | പൊടിയിൽ |
| ഇവ പ്രസുപ്തേ, | തീരെ ദീൎഘനിദ്ര കയ്ക്കൊണ്ടിരിക്കയാൽ, |
| സാംപ്രതം | ഇപ്പോൾ |
| ഹതവീരസ്യ | വീരൻ നശിച്ചതായ |
| ലോകസ്യ | ലോകത്തിന്നു് |
| കിം ഇവ | എന്തുതന്നെയാണു് |
| ശേഷം! | അവശേഷിച്ചിരിക്കുന്നതു്! |

ധൃതിപ്രവാലഃ പ്രസഹാഗ്ര്യപുഷ്പ-
സ്തപോബലഃ ശൌര്യനിബദ്ധമൂലഃ
രണേ മഹാൻ രാക്ഷസരാജവൃക്ഷഃ
സംമർദ്ദിതോ രാഘവമാരുതേന 9

| | |
|---|---|
| "രണേ | "പോരിൽ |
| രാഘവമാരുതേന | ശ്രീരാഘവനാകുന്ന കൊടുങ്കാററിനാൽ |
| ധൃതിപ്രവാലഃ | ധൈൎയ്യം തളിരായുള്ളതും |
| പ്രസഹാഗ്ര്യപുഷ്പഃ | സഹനശക്തിതന്നെ പൂവായുള്ളതും |
| തപോബലഃ | തപസ്സു് കാതലായുള്ളതും |
| ശൌര്യനിബദ്ധമൂലഃ | ശൌൎയ്യമാകുന്ന വേരിലുറച്ചതുമായ |
| മഹാൻ | വമ്പിച്ചതായ |
| രാക്ഷസരാജവൃക്ഷഃ | രക്ഷോനാഥനാകുന്ന വൃക്ഷം |
| സംമർദ്ദിതഃ | പുഴക്കിവീഴ്ത്തപ്പെട്ടു. |

തേജോവിഷാണഃ കുലവംശവംശഃ
കോപപ്രസാദാപരഗാത്രഹസ്തഃ
ഇക്ഷ്വാകുസിംഹാവഗൃഹീതദേഹഃ
സുപ്തഃ ക്ഷിതൌ രാവണഗന്ധഹസ്തീ. 10

| | |
|---|---|
| "തേജോവിഷാണഃ | പ്രതാപമാകുന്ന കൊമ്പുകളാൎന്നതും |
| കുലവംശവംശഃ | സൽകുലപ്രസൂതിയാകുന്ന പിൻഭാഗത്തോടുകൂടിയതും |
| കോപപ്രസാദാപരഗാത്രഹസ്തഃ | കോപവും പ്രസാദവുമാകുന്ന പുറവും തുമ്പിക്കയ്യുമാൎന്നതും ആയ |
| രാവണഗന്ധഹസ്തീ | രാവണനാകുന്ന മദഗജം |
| ഇക്ഷ്വാകുസിംഹാവഗൃഹീതദേഹഃ | ഇക്ഷ്വാകുസംഭൂതനായ ശ്രീരാമനാകുന്ന സിംഹത്താൽ മട്ടിക്കപ്പെട്ട ദേഹത്തോടുകൂടിയതായി |
| ക്ഷിതൌ | നിലത്തു് |
| സുപ്തഃ | വീണുകിടക്കുന്നു. |

പരാക്രമോത്സാഹവിജൃംഭിതാർച്ചിർ-
നിഃശ്വാസധൂമഃ സ്വബലപ്രതാപഃ
പ്രതാപവാൻ സംയതി രാക്ഷസാഗ്നിർ-
നിർവ്വാപിതോ രാമപയോധരേണ. 11

"സംയതി — "പോരിൽ
രാമ-പയോധരേണ — ശ്രീരാമനാകുന്ന കാർമുകിലിനാൽ
പരാക്രമോ-ത്സാഹവി-ജൃംഭിതാർച്ചിഃ — പരാക്രമം, ഉത്സാഹം എന്ന ആളുന്ന ജ്വാലകളോടുകൂടിയതും
നിഃശ്വാസധൂമഃ — ദീർഘശ്വാസമാകുന്ന പുകയോടുകൂടിയതും
സ്വബല-പ്രതാപഃ — തന്റെ കൈയൂക്കാകുന്ന ചൂടോടുകൂടിയതും
പ്രതാപവാൻ — പ്രതാപമേറ്റുള്ളതുമായ
രാക്ഷസാഗ്നിഃ — രാക്ഷസരാജാവാകുന്ന [അഗ്നി
നിർവ്വാപിതഃ. — കെടുത്തപ്പെട്ടു.

സിംഹർക്ഷലാംഗൂലകകുദ്വിഷാണഃ
പരാഭിജിദ്ഗന്ധനഗന്ധഹസ്തീ
രക്ഷോവൃഷശ്ചാപലകർണ്ണചക്ഷുഃ
ക്ഷിതീശ്വരവ്യാഘ്രഹതോऽവസന്നഃ 12

"സിംഹർക്ഷ-ലാംഗൂലകകു-ദ്വിഷാണഃ — "രാക്ഷസരാകുന്ന വാലും പൂഞ്ഞയും കൊമ്പുകളുമാർന്നതും
പരാഭിജിദ്-ഗന്ധന-ഗന്ധഹസ്തീ — ശത്രുക്കളെ തോല്പിച്ച് കത്തിത്തള്ളുന്ന പുളപ്പോടുകൂടിയതും
ചാപലകർണ്ണ-ചക്ഷുഃ — വിഷയചാപല്യമാകുന്ന ചെവികളും കണ്ണുകളുമാർന്നതുമായ
രക്ഷോവൃഷഃ — രാക്ഷസരാജാവായ കാള
ക്ഷിതീശ്വര-വ്യാഘ്രഹതഃ അവസന്നഃ." — ശ്രീരാമനാകുന്ന വ്യാഘ്രത്താൽ അടിക്കപ്പെട്ടു് നശിച്ചുകിടക്കുന്നു."

വദന്തം ഹേതുമദ്വാക്യം പരിമൃഷ്ടാർത്ഥനിശ്ചയം
രാമഃ ശോകസമാവിഷ്ടമിത്യുവാച വിഭീഷണം. 13

രാമഃ — ശ്രീരാമൻ
പരിമൃഷ്ടാർത്ഥ-നിശ്ചയം — നല്ലസാരം നിറഞ്ഞുള്ളതും
ഹേതുമത് — കാരണയുക്തവുമായ
വാക്യം — വാക്യത്തെ
വദന്തം — ഉരചെയ്യുന്നവനും
ശോകസമാ-വിഷ്ടം — ശോകാക്രാന്തനുമായ
വിഭീഷണം — വിഭീഷണനോടായി
ഇതി — ഇപ്രകാരം
ഉവാച. — അരുളിച്ചെയ്തു.

നായം വിനഷ്ടോ നിശ്ചേഷ്ടഃ സമരേ ചണ്ഡവിക്രമഃ
അത്യുന്നതമഹോത്സാഹഃ പതിതോऽയമശങ്കിതഃ 14

"ചണ്ഡവിക്രമഃ — "ഉഗ്രപരാക്രമശാലിയായ
അയം — ഇവൻ
സമരേ — പോരിൽ
നിശ്ചേഷ്ടഃ — ഒന്നുംചെയ്യാതെ
വിനഷ്ടഃ ന; — മരിച്ചവനല്ല;
അത്യുന്നത-മഹോത്സാഹഃ — ഏറ്റവും മെച്ചപ്പെട്ട മഹോത്സാഹത്തോടുകൂടിയവനായി
അശങ്കിതഃ — ഒട്ടും കൂസലില്ലാത്തവ
അയം — ഇവൻ [നായാണ്
പതിതഃ. — വീണതു്.

നൈവം വിനഷ്ടാഃ ശോച്യന്തേ ക്ഷത്രധൎമ്മമവസ്ഥിതാഃ
വൃദ്ധിമാശംസമാനാ യേ നിപതന്തി രണാജിരേ. 15

| | | | |
|---|---|---|---|
| "രണാജിരേ | "അടർക്കളത്തിൽ | യേ | യാതൊരുവർ |
| വൃദ്ധിം | ജയത്തെ | വിനഷ്ടാ: | ചത്തുവീഴുന്നുവോ |
| ആശംസമാനാ: | കാമിച്ച് | നിപതന്തി | അവർ |
| ക്ഷത്രധൎമ്മം | ക്ഷത്രധൎമ്മത്തെ | ഏവം | ഇപ്രകാരം |
| അവസ്ഥിതാഃ | കയ്യേറ്റുകൊണ്ടവരായി | ശോച്യന്തേ ന | ശോചിക്കപ്പെടുന്നില്ല. |

യേന സേന്ദ്രാസ്ത്രയോ ലോകാസ്ത്രാസിതാ യുധി ധീമതാ
തസ്മിൻ കാലസമായുക്തേ ന കാലഃ പരിശോചിതും 16

| | | | |
|---|---|---|---|
| "ധീമതാ | "ബുദ്ധിമാനായ | ത്രാസിതാഃ | വിറപ്പിക്കപ്പെട്ടുവോ |
| യേന | യാതൊരുവനാൽ | തസ്മിൻ | അവൻ |
| യുധി | പോരിൽ | കാലസമായുക്തേ | മൃതിപ്പെട്ടിരിക്കുന്ന |
| സേന്ദ്രാഃ | ഇന്ദ്രനടങ്ങിയ | പരിശോചിതും | ദുഃഖിപ്പാനുള്ള[സമയം |
| ത്രയഃ ലോകാ: | മൂന്നുലോകങ്ങളും | കാലഃ ന. | തക്കകാലമല്ല. |

നൈകാന്തവിജയോ യുദ്ധേ ഭൂതപൂൎവ്വഃ കദാചന
പരൈൎവ്വാ ഹന്യതേ വീരഃ പരാൻ വാ ഹന്തി സംയുഗേ. 17

| | | | |
|---|---|---|---|
| "യുദ്ധേ | പോരിൽ | സംയുഗേ | പോരിൽ |
| കദാചന | ഒരിക്കലും | പരൈഃ | ശത്രുക്കളാൽ |
| ഏകാന്തവിജയഃ | ഒരുഭാഗത്തേയ്ക്കുതന്നെ ജയമെന്നത് | ഹന്യതേ | വധിക്കപ്പെടുന്നു |
| | | വാ | അല്ലെന്നാൽ |
| ഭൂതപൂൎവ്വഃ ന | മുമ്പുണ്ടായിട്ടില്ല; | പരാൻ വാ | ശത്രുക്കളെത്തന്നെ |
| വീരഃ | ഒരു വീരൻ | ഹന്തി. | വധിക്കുന്നു. |

ഇയം ഹി പൂൎവ്വൈഃ സന്ദിഷ്ടാ ഗതിഃ ക്ഷത്രിയസമ്മതാ 18

| | | | |
|---|---|---|---|
| "ഇയം ഹി | "ഇതുതന്നെയാണ് | പൂൎവ്വൈഃ | പണ്ടുള്ളവരാൽ |
| ക്ഷത്രിയസംമതാ | ക്ഷത്രിയോചിതമായ | സന്ദിഷ്ടാ | കാണിച്ചുതരപ്പെട്ടിട്ടുണ്ട്. |
| ഗതിഃ | മാർഗ്ഗം എന്നു | | |

ക്ഷത്രിയോ നിഹതഃ സംഖ്യേ ന ശോച്യ ഇതി നിശ്ചയഃ. 19

| | | | |
|---|---|---|---|
| "സംഖ്യേ | "പോരിൽ | ശോച്യഃ ന | ശോചിക്കപ്പെടേണ്ടവ[നല്ല |
| നിഹതഃ | വധിക്കപ്പെട്ടവനായ | ഇതി | എന്നുള്ളത് |
| ക്ഷത്രിയഃ | ക്ഷത്രിയൻ | നിശ്ചയഃ | ശാസ്ത്രനിൎണ്ണയമാണ്. |

തദേവം നിശ്ചയം ദൃഷ്ട്വാ തത്ത്വമാസ്ഥായ വിജ്വരഃ
യദിഹാനന്തരം കാൎയ്യം കല്പ്യം തദനുചിന്തയ. 20

| | | | |
|---|---|---|---|
| "തത് | "ആകയാൽ | വിജ്വരഃ | വ്യസനമററവനായി |
| ഏവം | ഇപ്രകാരമുള്ള | ഇഹ യത് | ഇപ്പോഴും യാതൊന്നു |
| നിശ്ചയം | ശാസ്ത്രസിദ്ധാന്തത്തെ | അനന്തരം | മേൽചെയ്യേണ്ടതായു |
| ദൃഷ്ട്വാ തത്ത്വം | ഓൎത്തും വാസ്തവത്തെ | കാൎയ്യം കല്പ്യം | ണ്ടോ |
| ആസ്ഥായ | ഉറച്ചുകൊണ്ടും | തത് | അതിനെ |
| | | അനുചിന്തയ." | നിശ്ചയിച്ചാലും." |

തമുക്തവാക്യം വിക്രാന്തം രാജപുത്രം വിഭീഷണഃ
ഉവാച ശോകസന്തപ്തോ ഭ്രാതുർഹിതമനന്തരം. 21

| | | | |
|---|---|---|---|
| ശോകസന്തപ്തഃ | ശോകത്താൽ തപിക്കു | തം രാജപുത്രം | ആ ചക്രവർത്തിതനൂജ |
| വിഭീഷണഃ | വിഭീഷണൻ[ന്നവനായ | ഭ്രാതുഃ | ജ്യേഷ്ഠന്നു [നോടായി |
| ഉക്തവാക്യം | ഇപ്രകാരം അരുളി | അനന്തരം | മേൽവേണ്ടുന്ന |
| | ച്ചെയ്തവനും | ഹിതം | സത്കർമ്മത്തെക്കുറിച്ചു |
| വിക്രാന്തം | പരാക്രമശാലിയുമായ | ഉവാച. | ഇപ്രകാരം ഉണർത്തിച്ചു. |

യോഽയം വിമർദ്ദേഷു ന ഭഗ്നപൂർവ്വഃ
സുരൈഃ സമേതൈഃ സഹ വാസവേന
ഭവന്തമാസാദ്യ രണേ വിഭഗ്നോ
വേലാമിവാസാദ്യ യഥാ സമുദ്രഃ 22

| | | | |
|---|---|---|---|
| "യഃ | "യാതൊരുവൻ | അയം | അപ്രകാരമുള്ള ഇദ്ദേഹം |
| വിമർദ്ദേഷു | യുദ്ധങ്ങളിൽ | രണേ | പോരിൽ |
| സമേതൈഃ | എല്ലാ | ഭവന്തം | നിന്തിരുവടിയെ |
| സുരൈഃ സഹ | ദേവന്മാരോടുംകൂടി | ആസാദ്യസമുദ്രഃ | ഏറ്റു സമുദ്രം |
| വാസവേന | ഇന്ദ്രനാൽ | വേലാം | } കരയുമായി എതിർത്തി |
| ഭഗ്നപൂർവ്വഃ ന | തോല്പിക്കപ്പെടുകയു | ആസാദ്യ യഥാ } | ട്ടെന്നപോലെ |
| | ണ്ടായില്ലയോ | ഇവ വിഭഗ്നഃ | ഏററവും തകർന്നുപോയി. |

അനേന ദത്താനി സുപൂജിതാനി ഭുക്താശ്ച ഭോഗാ നിഭൃതാശ്ച ഭൃത്യാഃ
ധനാനി മിത്രേഷു സമർപ്പിതാനി വൈരാണ്യമിത്രേഷു ച യാപിതാനി.

| | | | |
|---|---|---|---|
| "അനേന | "ഇദ്ദേഹത്താൽ | നിഭൃതാഃ | ആദരിക്കപ്പെട്ടു. |
| സുപൂജിതാനി | അത്യുത്കൃഷ്ടങ്ങളായ | ധനാനി | ധനങ്ങളും |
| | വസ്തുക്കൾ | മിത്രേഷു | സുഹൃത്തുക്കൾക്കായി |
| ദത്താനി | ദാനം ചെയ്യപ്പെട്ടിട്ടു | സമർപ്പിതാനി | സമർപ്പിക്കപ്പെട്ടു; |
| ഭോഗാഃ ച | ഭോഗങ്ങളും [ണ്ടു | അമിത്രേഷു ച | ശത്രുക്കളുടെ സംഗതി |
| ഭുക്താഃ | അനുഭവിക്കപ്പെട്ടു. | വൈരാണി | പകകൾ [യിലും |
| ഭൃത്യാഃ ച | ഭൃത്യന്മാരും | യാപിതാനി ച | വീട്ടപ്പെട്ടു. |

ഏഷോഽഹിതാഗ്നിശ്ച മഹാതപാശ്ച
വേദാന്തഗഃ കർമ്മസു ചാഗ്ര്യവീര്യഃ
ഏതസ്യ യത്പ്രേതഗതസ്യ കൃത്യം
തത്കർത്തുമിച്ഛാമി തവ പ്രസാദാത്. 24

| | | | |
|---|---|---|---|
| "ഏഷഃ ആഹി- } | "ഇദ്ദേഹം അഗ്ന്യാധാനം | പ്രേതഗതസ്യ | മൃതിപ്പെട്ടിരിക്കുന്ന |
| താഗ്നിഃ ച } | ചെയ്തവനാകുന്നു; | ഏതസ്യ | ഇദ്ദേഹത്തിന്നു |
| മഹാതപാഃ ച | വൻ തപസ്സും ചെയ്ത | കൃത്യം | ചെയ്യത്തക്കതു |
| | വനാകുന്നു; | യത്, തത് | യാതൊന്നൊ അതിനെ |
| വേദാന്തഗഃ | വേദങ്ങളുടെ കരകണ്ട | തവ | നിന്തിരുവടിയുടെ |
| കർമ്മസു ച | കർമ്മങ്ങളിൽ [വൻ | പ്രസാദാത് | പ്രസാദത്താൽ |
| അഗ്ര്യവീര്യഃ | ഉത്തമമായ വീര്യത്തോ | കർത്തും | ചെയ്യുവാൻ |
| | ടുകൂടിയവനാകുന്നു; | ഇച്ഛാമി" | ഞാൻ ആഗ്രഹിക്കുന്നു." |

സ തസ്യ വാക്യൈഃ കരുണൈർമഹാത്മാ
സംബോധിതഃ സാധു വിഭീഷണേന
ആജ്ഞാപയാമാസ നരേന്ദ്രസൂനുഃ
സ്വർഗ്ഗീയമാധാനമദീനസത്ത്വഃ 25

| | | | |
|---|---|---|---|
| മഹാത്മാ | മഹാത്മാവും | സാധു | വഴിപോലെ |
| അദീനസത്വഃ | വാടാത്ത ശക്തിയാന്ന | സംബോധിതഃ | ഉണർത്തിക്കപ്പെട്ടവനാ |
| സഃ | ആ [വനുമായ | തസ്യ | ആ രാവണന്നു് [യി |
| നരേന്ദ്രസൂനുഃ | ചക്രവർത്തിജൻ | സ്വർഗ്ഗീയം | സ്വർഗ്ഗപ്രാപ്തി നൽകുന്ന |
| വിഭീഷണേന | വിഭീഷണനാൽ | ആധാനം | സംസ്കാരത്തെ [തായ |
| കരുണൈഃ | ദയനീയമായ | ആജ്ഞാപയാമാസ. | ഇപ്രകാരം ആജ്ഞാപിച്ചരുളി. |
| വാക്യൈഃ | വാക്യങ്ങളാൽ | | |

മരണാന്താനി വൈരാണി നിർവൃത്തം നഃ പ്രയോജനം
ക്രിയതാമസ്യ സംസ്കാരോ മമാപ്യേഷ യഥാ തവ. 26

| | | | |
|---|---|---|---|
| "വൈരാണി | "ശത്രുതകളെല്ലാം | തവ യഥാ | ഭവാന്നു് എപ്രകാരമോ, |
| മരണാന്താനി | മരണപര്യന്തം മാത്രമേ | | അപ്രകാരം തന്നെ |
| നഃ | നമുക്കു് [ഉള്ളൂ; | മമ അപി | എനിക്കും; [യാണു് |
| പ്രയോജനം | ആവശ്യപ്പെട്ട കൃത്യം | അസ്യ | ഇവന്നു് |
| നിർവൃത്തം | നിറവേറിക്കഴിഞ്ഞു | സംസ്കാരഃ | അപരക്രിയ |
| ഏഷഃ | ഈ രാവണൻ | ക്രിയതാം." | ചെയ്യപ്പെടട്ടെ." |

[ഇതിൽ രണ്ടാം പാദത്തിലെ 'ന' എന്ന അക്ഷരം ഗായത്രിയിലെ 20-ാമത്തെ അക്ഷരമാകുന്നു. (ഗോ. രാ.)]

ഇത്യാർഷേ ശ്രീമദ്രാമായണേ വാൽമീകീയേ ആദികാവ്യേ യുദ്ധകാണ്ഡേ
ദ്വാദശോത്തരശതതമഃ സർഗ്ഗഃ = നൂററിപ്പന്ത്രണ്ടാം സർഗ്ഗം സമാപ്തം
ആദ്യം മുതൽ ശ്ലോകസംഖ്യ 19845; യുദ്ധകാണ്ഡം ആദ്യം മുതൽ ശ്ലോകസംഖ്യ 5170

—oo—

## ത്രയോദശോത്തരശതതമഃസർഗ്ഗഃ=നൂററിപ്പതിമൂന്നാംസർഗ്ഗം

[രാവണാന്തഃപുരസ്ത്രീവിലാപഃ=രാവണന്റെ അന്തഃപുരസ്ത്രീകളുടെ വിലാപം]

രാവണം നിഹതം ശ്രുത്വാ രാഘവേണ മഹാത്മനാ
അന്തഃപുരാദ്വിനിഷ്പേതു രാക്ഷസ്യഃ ശോകകർശിതാഃ 1

| | | | |
|---|---|---|---|
| മഹാത്മനാ | മഹാത്മാവായ | രാക്ഷസ്യഃ | രാക്ഷസികൾ |
| രാഘവേണ | ശ്രീരാഘവനാൽ | ശോകകർശിതാഃ | ശോകാർത്തമാരായി |
| രാവണം | രാവണനെ | അന്തഃപുരാത് | അന്തഃപുരത്തിൽനിന്നും |
| നിഹതം | വധിക്കപ്പെട്ടവനായി | വിനിഷ്പേതുഃ | നിർഗ്ഗമിച്ചു. |
| ശ്രുത്വാ | കേട്ടു് | | |

വാൎയ്യമാണാഃ സുബഹുശോ വേഷ്ടന്ത്യഃ ക്ഷിതിപാംസുഷു
വിമുക്തകേശ്യോ ദുഃഖാൎത്താ ഗാവോ വത്സഹതാ ഇവ. 2

| | | | |
|---|---|---|---|
| സുബഹുശഃ | പലവാറായി | വിമുക്തകേശ്യഃ | കുന്തൽ വിരിച്ചും കൊണ്ടു് |
| വാൎയ്യമാണാഃ | തടുക്കപ്പെടുന്നവരായ അവർ | വത്സഹതാഃ | കുട്ടി ചത്ത |
| ക്ഷിതിപാംസുഷു | നിലത്തു പൂഴിയിൽ | ഗാവഃ ഇവ | പശുക്കളെന്നപോലെ |
| വേഷ്ടന്ത്യഃ | പുരളുന്നവരായി | ദുഃഖാൎത്താഃ | പരിതപിച്ചു. |

ഉത്തരേണ വിനിഷ്ക്രമ്യ ദ്വാരേണ സഹരാക്ഷസൈഃ
പ്രവിശ്യായോധനം ഘോരം വിചിന്വന്ത്യോ ഹതം പതിം. 3
ആൎയ്യപുത്രേതി വാദിന്യോ ഹാ നാഥേതി ച സൎവ്വശഃ
പരിപേതുഃ കബന്ധാങ്കാം മഹീം ശോണിതകൎദ്ദമാം. 4

| | | | |
|---|---|---|---|
| രാക്ഷസൈഃ സഹ | രാക്ഷസരോടുംകൂടി | "ഹാ നാഥ" | "അയ്യോ പ്രാണനാഥ" |
| ഉത്തരേണ | വടക്കെ | ഇതി ച | എന്നും |
| ദ്വാരേണ | കോട്ടവാതിൽവഴിയായി | "ആൎയ്യപുത്ര" | "ആൎയ്യപുത്ര" |
| വിനിഷ്ക്രമ്യ | പുറത്തുവന്നു് | ഇതി ച | എന്നും |
| ഘോരം | ഭയങ്കരമായ | വാദിന്യഃ | പ്രലപിക്കുന്നവരായി |
| ആയോധനം | പോൎക്കളം | ശോണിതകൎദ്ദമാം | ചോരകൊണ്ടു് ചേറായിക്കിടക്കുന്നതും |
| പ്രവിശ്യ | പുക്കു് | കബന്ധാങ്കാം | മുണ്ഡശരീരങ്ങൾ നിറഞ്ഞുള്ളതുമായ |
| ഹതം പതിം | മൃതിപ്പെട്ട നാഥനെ | മഹീം | ഭൂമിയിൽ |
| സൎവ്വശഃ | എങ്ങും | പരിപേതുഃ | വീണുരുണ്ടു. |
| വിചിന്വന്ത്യഃ | തിരയുന്നവരായി | | |

താ ബാഷ്പപരിപൂൎണ്ണാക്ഷ്യോ ഭൎത്തൃശോകപരാജിതാഃ
കരേണ്വ ഇവ നൎദ്ദന്ത്യോ നേദുൎഹതയൂഥപാഃ. 5

| | | | |
|---|---|---|---|
| താഃ | അവർ | ഹതയൂഥപാഃ | കൊമ്പൻ നശിച്ച |
| ബാഷ്പപരിപൂൎണ്ണാക്ഷ്യഃ | നേത്രങ്ങളിൽ അശ്രുക്കളം നിറഞ്ഞവരായി | കരേണ്വഃ ഇവ | പിടിയാനകളെന്നപോലെ |
| ഭൎത്തൃശോകപരാജിതാഃ | ഭൎത്തൃദുഃഖത്താൽ മതി മറന്നവരായി | നൎദ്ദന്ത്യഃ | ആൎത്തനാദം പുറപ്പെടീക്കുന്നവരായി |
| | | നേദുഃ ന. | ശോഭയററിരുന്നു. |

ദദൃശുസ്തം മഹാവീൎയ്യം മഹാകായം മഹാദ്യുതിം
രാവണം നിഹതം ഭൂമൌ നീലാഞ്ജനചയോപമം. 6

| | | | |
|---|---|---|---|
| മഹാവീൎയ്യം | മഹാവീൎയ്യശാലിയും | നീലാഞ്ജനചയോപമം | കറുത്ത അഞ്ജനമലയെന്നപോലെ |
| മഹാകായം | വമ്പിച്ചഉടലാൎന്നവനും | ഭൂമൌ | നിലത്തു് |
| മഹാദ്യുതിം | പെരുമവാച്ചവനുമായ | നിഹതം | വീഴ്ത്തപ്പെട്ടിരിക്കുന്ന |
| തം | ആ | ദദൃശുഃ | അവർ കണ്ടു. [തായി |
| രാവണം | രാവണനെ | | |

താഃ പതിം സഹസാ ദൃഷ്ട്വാ ശയാനം രണപാംസുഷു
നിപേതുസ്തസ്യ ഗാത്രേഷു ഛിന്നാ വനലതാ ഇവ. 7

| | | | |
|---|---|---|---|
| താഃ | അവർ | തസ്യഗാത്രേഷു | അവന്റെ അംഗങ്ങളിൽ |
| രണപാംസുഷു | അടർക്കളത്തിലെ പൊടികളിൽ | ഛിന്നാ | മുറിക്കപ്പെട്ട |
| | | വനലതാഃ ഇവ | കാട്ടുവള്ളികളെന്ന [പോലെ |
| ശയാനം | വീണുകിടന്നിരുന്ന | സഹസാ | പെട്ടെന്നു് |
| പതിം ദൃഷ്ട്വാ | നാഥനെ കണ്ടു് | നിപേതുഃ | നിപതിച്ചു. |

ബഹുമാനാത്പരിഷ്വജ്യ കാചിദേനം രുരോദ ഹ. 8

| | | | |
|---|---|---|---|
| കാചിത് ഏനം | ഒരുവാൾ ഇവനെ | പരിഷ്വജ്യ | പുൽകിക്കൊണ്ടു് |
| ബഹുമാനാത് | പ്രണയമൂലം | രുരോദ ഹ. | പ്രലപിച്ചു. |

ചരണൌ കാചിദാലിംഗ്യ കാചിത് കണ്ഠേऽവലംബ്യ ച 9
ഉദ്ധൃത്യ ച ഭുജൌ കാചിത് ഭൂമൌ സ്മ പരിവൎത്തതേ 10

| | | | |
|---|---|---|---|
| കാചിത് | ഒരുവാൾ | ച | അപ്രകാരംതന്നെ |
| ചരണൌ | പാദങ്ങളെ | കാചിത് | ഒരുവാൾ [പുരണ്ടു; |
| ആലിംഗ്യ | പിടിച്ചുംകൊണ്ടു് | ഭുജൌ | രണ്ടുകൈകളേയും |
| ഭൂമൌ | നിലത്തു് | ഉദ്ധൃത്യ | ഉയൎത്തിപ്പിടിച്ചുകൊണ്ടു് |
| പരിവൎത്തതേ സ്മ | പുരണ്ടു | | |
| കാചിത് കണ്ഠേ | ഒരുത്തി കഴുത്തിൽ | ച | അപ്രകാരംതന്നെ |
| അവലംബ്യ | കെട്ടിപ്പിടിച്ചുകൊണ്ടു് | | കേണു. |

ഹതസ്യ വദനം ദൃഷ്ട്വാ കാചിന്മോഹമുപാഗമത്. 11

| | | | |
|---|---|---|---|
| കാചിത് | ഒരുവാൾ | ദൃഷ്ട്വാ | ഉററുനോക്കി |
| ഹതസ്യ | മരിച്ചുകിടന്നിരുന്ന | മോഹം | } മൂർച്ഛിച്ചു വീണു. |
| വദനം | മുഖത്തെ [അവന്റെ | ഉപാഗമത്. | |

കാചിദങ്കേ ശിരഃ കൃത്വാ രുരോദ മുഖമീക്ഷതീ
സ്നാപയന്തീ മുഖം ബാഷ്പൈസ്തുഷാരൈരിവ പങ്കജം. 12

| | | | |
|---|---|---|---|
| കാചിത് | ഒരുത്തി | തുഷാരൈഃ | മഞ്ഞുതുള്ളികൾകൊണ്ടു |
| അങ്കേ | മടിയിൽ | പങ്കജം ഇവ | ചെന്താരിനെയെന്ന |
| ശിരഃ | ശിരസ്സിനെ | മുഖം | മുഖത്തെ [പോലെ |
| കൃത്വാ | എടുത്തുവെച്ചു് | ബാഷ്പൈഃ | അശ്രുക്കൾകൊണ്ടു് |
| മുഖം | വദനത്തെ | സ്നാപയന്തീ | നനയ്ക്കുന്നവളായി |
| ഈക്ഷതീ | ഉററുനോക്കുന്നവളായി | രുരോദ | രോദനം ചെയ്തു. |

ഏവമാൎത്താഃ പതിം ദൃഷ്ട്വാ രാവണം നിഹതം ഭുവി
ചക്രുശുൎബ്ബഹുധാ ശോകാദ്ഭൂയസ്താഃ പൎയ്യദേവയൻ. 13

| | | | |
|---|---|---|---|
| ഏവം | ഇപ്രകാരം | താഃ പതിം | അവർനാഥനായ |
| ആൎത്താഃ | ദുഃഖനിമഗ്നകളായ | രാവണം | രാവണനെ |

ഭുവി നിലത്ത്
നിഹതം ചത്തുകിടക്കുന്നവനായി
ഭൂയഃ ദൃഷ്ട്വാ പല പ്രാവശ്യം വീക്ഷി
ശോകാത് ദുഃഖത്താൽ [ച്ച്
ബഹുധാ പലവാറായി
ചുക്രുശുഃ കരഞ്ഞു;
പശ്യദേവയൻ. ഇപ്രകാരം പ്രലപിക്ക
യും ചെയ്തു.

യേന വിത്രാസിതഃ ശക്രോ യേന വിത്രാസിതോ യമഃ
യേന വൈശ്രവണോ രാജാ പുഷ്പകേണ വിയോജിതഃ 14
ഗന്ധർവ്വാണാമൃഷീണാം ച സുരാണാം ച മഹാത്മനാം
ഭയം യേന മഹദ്ദത്തം സോऽയം ശേതേ രണേ ഹതഃ 15

"യേന "യാതൊരുവനാൽ
ശക്രഃ ഇന്ദ്രൻ
വിത്രാസിതഃ വിറപ്പിക്കപ്പെട്ടുവോ
യേ യാതൊരുവനാൽ
യമഃ യമനും
വിത്രാസിതഃ ഭയപ്പെടുത്തപ്പെട്ടുവോ
യേന എവനാൽ
വൈശ്രവണഃ രാജാ } കുബേര മഹാരാജാവ്
പുഷ്പകേണ പുഷ്പക വിമാനവുമായി
വിയോജിതഃ വേർപിരിക്കപ്പെട്ടുവോ
യേന ഏതൊരുവനാൽ
ഗന്ധർവ്വാണാം ഗന്ധർവ്വന്മാർക്കും
മഹാത്മനാം മഹാത്മാക്കളായ
ഋഷീണാം ച ഋഷിമാർക്കും
സുരാണാം ച ദേവന്മാർക്കും
മഹത് ഭയം വലുതായ ആപത്ത്
ദത്തം വിളയിക്കപ്പെട്ടുവോ
സഃ അപ്രകാരമുള്ള
അയം ഇദ്ദേഹം
രണേ ഹതഃ പോരിൽ കൊല്ലപ്പെട്ട്
ശേതേ. കിടക്കുന്നു.

അസുരേഭ്യഃ സുരേഭ്യോ വാ പന്നഗേഭ്യോऽപി വാ തഥാ
ന ഭയം യോ വിജാനാതി തസ്യേദം മാനുഷാദ്ഭയം. 16

"യഃ "യാതൊരുവൻ
അസുരേഭ്യഃ വാ അസുരന്മാരിൽ നിന്നാ
കട്ടെ
സുരേഭ്യഃ വാ ദേവന്മാരിൽനിന്നാ
കട്ടെ
പന്നഗേഭ്യഃ അപി } പന്നഗന്മാരിൽനിന്നാ
കട്ടെ
ഭയം തഥാ ആപത്തെന്നതിനെ
തന്നെ
വിജാനാതി ന അറിയാതിരിക്കുന്നുവോ
തസ്യ അപ്രകാരമുള്ള ഇദ്ദേഹ
ഇദം ഇപ്പോൾ [ത്തിനു
മാനുഷാത് മനുഷ്യരിൽനിന്നു
ഭയം ആപത്തു നേർന്നു.

അവധ്യോ ദേവതാനാം യസ്തഥാ ദാനവരക്ഷസാം
ഹതഃ സോऽയം രണേ ശേതേ മാനുഷേണ പദാതിനാ. 17

"യഃ "യാതൊരുവൻ
ദേവതാനാം ദേവന്മാർക്കും
തഥാ അപ്രകാരംതന്നെ [ക്കും
ദാനവരക്ഷസാം ദാനവർക്കും രക്ഷസ്സുകൾ
അവധ്യഃ അവധ്യനായിരുന്നുവോ
സഃ അപ്രകാരമുള്ള
അയം പദാതിനാ ഇദ്ദേഹം കാലാളായ
മാനുഷേണ മനുഷ്യനാൽ
രണേ പോരിൽ
ഹതഃ കൊല്ലപ്പെട്ട്
ശേതേ കിടക്കുന്നു.

യോ ന ശക്യഃ സുരൈർഹന്തും ന യക്ഷൈർനാസുരൈസ്തഥാ
സോऽയം കശ്ചിദിവാസത്വോ മൃത്യും മർത്ത്യേന ലംഭിതഃ. 18

| | | | |
|---|---|---|---|
| "യഃ | "യാതൊരുവൻ | ന | കഴിയപ്പെടാത്തവനോ |
| സുരൈഃ | ദേവകളാൽ | സഃ | അപ്രകാരമുള്ള |
| ഹന്തും | വധിപ്പാൻ | അയം | ഇദ്ദേഹം |
| ശക്യഃ ന | സാദ്ധ്യപ്പെടാത്തവനോ | അസത്വഃ | നിർവ്വീര്യനായ |
| യക്ഷൈഃ | യക്ഷന്മാരാലും | കശ്ചിത് ഇവ | ഒരുവനെന്നപോലെ |
| ന | കഴിയപ്പെടാത്തവനോ | മർത്ത്യേന | മർത്ത്യനാൽ |
| അസുരൈഃ തഥാ | അസുരന്മാരാലും | മൃത്യും ലംഭിതഃ" | മരണം പ്രാപിക്കപ്പെട്ടു". |

ഏവം വദന്ത്യോ ബഹുധാ രുരുദുസ്തസ്യ താഃ സ്ത്രിയഃ.
ഭൂയ ഏവ ച ദുഃഖാർത്താ വിലേപുശ്ച പുനഃപുനഃ. 19

| | | | |
|---|---|---|---|
| തസ്യ | ആ രാവണന്റെ | രുരുദുഃ | രോദനം ചെയ്തു. |
| താഃ സ്ത്രിയഃ | ആ പത്നിമാർ | പുനഃ പുനഃ ച | വീണ്ടും വീണ്ടും |
| ഏവം | ഇപ്രകാരം | ഭൂയഃ ഏവ | അത്യധികമായി |
| ബഹുധാ ച | പലവാറായി | ദുഃഖാർത്താഃ | ദുഃഖാകുലിതമാരായി |
| വദന്ത്യഃ | പ്രലപിച്ചുംകൊണ്ട് | വിലേപുഃ | മുറവിളികൂട്ടി. |

അശൃണ്വതാ ച സുഹൃദാം സതതം ഹിതവാദിനാം
മരണായാഹൃതാ സീതാ ഘാതിതാശ്ച നിശാചരാഃ 20

| | | | |
|---|---|---|---|
| "സതതം | "എന്നും | മരണായ ച | മരണത്തിന്നായിട്ടുതന്നെ |
| ഹിതവാദിനാം | ഹിതമുപദേശിക്കുന്ന | സീതാ | സീത [യണ് |
| സുഹൃദാം | സുഹൃത്തുക്കൾക്ക് | ആഹൃതാ | കൊണ്ടുവരപ്പെട്ടു; |
| അശൃണ്വതാ | വഴിപ്പെടാത്ത അദ്ദേഹത്താൽ | നിശാചരാഃ ച | രാക്ഷസന്മാരും [ത്. |
| | | ഘാതിതാഃ | കൊലചെയ്യിക്കപ്പെട്ടു |

ഏതാഃ സമമിദാനീം തേ വയമാത്മാ ച പാതിതാഃ
ബ്രുവാണോഽപി ഹിതം വാക്യമിഷ്ടോ ഭ്രാതാ വിഭീഷണഃ
ധൃഷ്ടം പരുഷിതോ മോഹാത്ത്വയാഽഽത്മവധകാംക്ഷിണാ. 21

| | | | |
|---|---|---|---|
| "ഇദാനീം | "ഇപ്പോൾ | വാക്യം | വാക്കിനെ |
| തേ | നിന്തിരുവടിയുടെ | ബ്രുവാണഃ അപി | ഉപദേശിക്കുന്നവനായിരുന്നിട്ടും |
| ആത്മാ | ജീവനും | ആത്മവധ—കാംക്ഷിണാ | തന്റെ വധത്തെ കാമിച്ച |
| ഏതാഃ വയം ച | ഈയുള്ള ഞങ്ങളും | ത്വയാ | നിന്തിരുവടിയാൽ |
| സമം | ഒരേ സമയത്തിൽ | മോഹാത് | മതികേടിനാൽ |
| പാതിതാഃ | നശിപ്പിക്കപ്പെട്ടു; | ധൃഷ്ടം | നിഷ്ഠുരമാംവണ്ണം |
| ഇഷ്ടഃ | അനുകൂലനും | പരുഷിതഃ | പരുഷമൊഴി ഉര ചെയ്യപ്പെട്ടു. |
| ഭ്രാതാ | സോദരനുമായ | | |
| വിഭീഷണഃ | വിഭീഷണൻ | | |
| ഹിതം | നന്മവിളയിക്കുന്ന | | |

യദി നിര്യാതിതാ തേ സ്യാത് സീതാ രാമായ മൈഥിലി
ന നഃ സ്യാദ്വ്യസനം ഘോരമിദം മൂലഹരം മഹത്. 22

| | | | |
|---|---|---|---|
| ‘‘തേ | നിന്തിരുവടിയാൽ | മൂലഹരം | വേരറുക്കുന്നതും |
| മൈഥിലീ | മിഥിലാധിപസുതയായ | ഘോരം | ഘോരവും |
| സീതാ | സീത | മഹത് | വല്ലാത്തതുമായ |
| രാമായ | രാമന്നായ്ക്കൊണ്ടു് | ഇദം വ്യസനം | ഈ ദുഃഖം |
| നിര്യാതിതാ യദി സ്യാത് | തിരികെക്കൊടുക്കപ്പെട്ടതായിരിന്നുവെങ്കിൽ | നഃ സ്യാത് ന | ഞങ്ങൾക്കു സംഭവിക്കയില്ലായിരുന്നു. |

വൃത്തകാമോ ഭവേദ്ഭ്രാതാ രാമോ മിത്രകുലം ഭവേത്
വയം ചാവിധവാഃ സർവ്വാഃ സകാമാന ച ശത്രവഃ. 23

| | | | |
|---|---|---|---|
| ‘‘ഭ്രാതാ | ‘‘വിഭീഷണനും | വയം സർവ്വാഃ | ഞങ്ങൾ എല്ലാവരും |
| വൃത്തകാമഃ | മനോരഥപൂർത്തിവന്നവ | അവിധവാഃ ച | നാഥൻ മരിക്കാത്തവ |
| ഭവേത് | ഭവിക്കുമായിരുന്നു[നായി | | രായുമിരിക്കുമായിരുന്നു |
| രാമഃ | രാഘവനും | ശത്രവഃ ച | ശത്രുക്കളും |
| മിത്രകുലം ഭവേത് | കുലത്തിന്നു ബന്ധുവായിത്തീരുമായിരുന്നു | സകാമാഃ ന | ഇഷ്ടം സാധിക്കാത്തവരായുമിരിക്കുമായിരുന്നു. |

ത്വയാ പുനർന്നൃശംസേന സീതാം സംരുന്ധതാ ബലാത്
രാക്ഷസാ വയമാത്മാ ച ത്രയം തുല്യം നിപാതിതം. 24

| | | | |
|---|---|---|---|
| ‘‘നൃശംസേന | ‘‘നിർദ്ദയമായി | ആത്മാ | ജീവനും |
| ബലാത് | ബലാത്കാരമായി | രാക്ഷസാഃ | രാക്ഷസരും |
| സീതാം | സീതയെ | വയം | ഞങ്ങളും |
| സംരുന്ധതാ | തടവിലാക്കിയ | ത്രയം ച | മൂന്നും |
| ത്വയാ പുനഃ | നിന്തിരുവടിയാൽ തന്നെ | തുല്യം | ഒപ്പം |
| | | നിപാതിതം | നശിപ്പിക്കപ്പെട്ടു. |

ന കാമകാരഃ കാമം വാ തവ രാക്ഷസപുംഗവ
ദൈവം ചേഷ്ടയതേ സർവ്വം ഹതം ദൈവേന ഹന്യതേ. 25

| | | | |
|---|---|---|---|
| ‘‘രാക്ഷസപുംഗവ | ‘‘രാക്ഷസോത്തമ | ദൈവം | വിധി |
| തവ | നിന്തിരുവടിയുടെ | സർവ്വം | എല്ലാററിനേയും |
| കാമം | ഇഷ്ടംപോലെ | ചേഷ്ടയതേ | നടത്തിക്കുന്നു; |
| കാമകാരഃ ന | വേണമെന്നുവെച്ച് ചെയ്ത പ്രവൃത്തിയല്ല; | ദൈവേന | വിധിയാൽ |
| | | ഹതം വാ | ഹനിക്കപ്പെട്ടതുതന്നെ |
| | | ഹന്യതേ | നശിക്കുന്നതു്. [യാണ് |

വാനരാണാം വിനാശോഽയം രക്ഷസാം ച മഹാഹവേ
തവ ചൈവ മഹാബാഹോ ദൈവയോഗാദുപാഗതഃ. 26

| | |
|---|---|
| "മഹാബാഹോ | "മഹാശക്തിമാനായുള്ളോവേ |
| മഹാഹവേ | വൻപോരിൽ |
| തവ ച ഏവ | നിന്തിരുവടിക്കം |
| രക്ഷസാം ച | രാക്ഷസക്കം |
| വാനരാണാം | വാനരന്മാക്കം |
| അയം | ഈ |
| വിനാശഃ | നാശം |
| ദൈവയോഗാത് | ദൈവഗതിയാൽ |
| ഉപാഗതഃ | വന്നതാണ്. |

നൈവാർത്ഥേന ന കാമേന വിക്രമേണ ന ചാജ്ഞയാ
ശക്യാ ദൈവഗതിർല്ലോകേ നിവർത്തയിതുമുദ്യതാ. 27

| | |
|---|---|
| "ലോകേ | "ലോകത്തിൽ |
| ഉദ്യതാ | സംഭവിക്കുന്നതായ |
| ദൈവഗതിഃ | ദൈവഗതി |
| അർത്ഥേന ഏവ | ഒരു പദാർത്ഥത്താലും |
| നിവർത്തയിതും | തടുപ്പാൻ |
| ശക്യാ ന | കഴിയപ്പെടാത്തതാകുന്നു; |
| കാമേന | ഇച്ഛകൊണ്ട് |
| ന | സാദ്ധ്യമാകാത്തതാകുന്നു; |
| വിക്രമേണ | പരാക്രമംകൊണ്ടും |
| ആജ്ഞയാ ച | ആജ്ഞകൊണ്ടും |
| ന" | സാധിക്കാത്തതാകുന്നു. |

വിലേപുരേവം ദീനാസ്താ രാക്ഷസാധിപയോഷിതഃ
കരർയ്യ ഇവ ദുഃഖാർത്താ ബാഷ്പപര്യാകുലേക്ഷണാഃ 28

| | |
|---|---|
| താഃ | ആ |
| രാക്ഷസാധിപ- യോഷിതഃ | രാക്ഷസാധിപപത്നിമാർ |
| ദീനാഃ | ദയനീയസ്ഥിതിയിൽ വർത്തിക്കുന്നവരായി |
| ദുഃഖാർത്താഃ | ദുഃഖാകലിതരായി |
| ബാഷ്പപര്യാ- കുലേക്ഷണാഃ | കണ്ണുകളിൽ അശ്രുക്കളം നിറഞ്ഞവരായി |
| കരർയ്യഃ | കുരരിപ്പേടകൾ |
| ഇവ | എന്നപോലെ |
| ഏവം | മേൽപ്രകാരം |
| വിലേപുഃ | വിലപിച്ചു. |

**ഇത്യാർഷേ ശ്രീമദ്രാമായണേ വാൽമീകീയേ ആദികാവ്യേ യുദ്ധകാണ്ഡേ ത്രയോദശോത്തരശതതമഃ സർഗ്ഗഃ=നൂററിപ്പതിമൂന്നാംസർഗ്ഗം സമാപ്തം.**

**ആദ്യംമുതൽ ശ്ലോകസംഖ്യ 19873; യുദ്ധകാണ്ഡം ആദ്യംമുതൽ ശ്ലോകസംഖ്യ 5198**

—(oo)—

## ചതുർദ്ദശോത്തരശതതമഃ സർഗ്ഗഃ = നൂററിപ്പതിനാലാംസർഗ്ഗം

[മണ്ഡോദരീപ്രലാപാദി=മണ്ഡോദരിയുടെ പ്രലാപം മുതലായവ.]

താസാം വിലപമാനാനാം തഥാ രാക്ഷസയോഷിതാം
ജ്യേഷ്ഠാ പത്നീ പ്രിയാ ദീനാ ഭർത്താരം സമുദൈക്ഷത. 1

| | |
|---|---|
| തഥാ | ഇപ്രകാരം |
| വിലപമാനാനാം | വിലപിക്കുന്നവരായ |
| താസാം | ആ |
| രാക്ഷസ- യോഷിതാം | രാക്ഷസപത്നിമാരിൽ വെച്ച് |
| പ്രിയാ | പ്രിയപ്പെട്ടവളും |
| ജ്യേഷ്ഠാ | മൂത്തവളുമായ |
| പത്നീ | പത്നി |
| ദീനാ | ദുഃഖാർത്തയായി |
| ഭർത്താരം | പ്രാണനാഥനെ |
| സമുദൈക്ഷത. | വീക്ഷിച്ചു. |

ദശഗ്രീവം ഹതം ദൃഷ്ട്വാ രാമേണാചിന്ത്യകർമ്മണാ
പതിം മണ്ഡോദരീ തത്ര കൃപണാ പര്യദേവയത്. 2

| | | | |
|---|---|---|---|
| തത്ര | ആ സമയം | രാമേണ | ശ്രീരാമനാൽ |
| മണ്ഡോദരീ | മണ്ഡോദരിയെന്ന | | |
| പതിം | നാഥനായ [അവൾ | ഹതം | ഹനിക്കപ്പെട്ടതു |
| ദശഗ്രീവം | ദശകണ്ഠനെ | ദൃഷ്ട്വാ | കണ്ട് |
| അചിന്ത്യ-കർമ്മണാ | ചിന്തിക്കപ്പെടുവാൻ കഴിയാത്ത കൃത്യത്തോടു കൂടിയവനായ | കൃപണാ | ദീനയായി |
| | | പര്യദേവയത്. | പ്രലപിച്ചു. |

നനു നാമ മഹാഭാഗ തവ വൈശ്രവണാനുജ
ക്രുദ്ധസ്യ പ്രമുഖേ സ്ഥാതും ത്രസ്യത്യപി പുരന്ദരഃ 3
ത്രസ്യന്തി ഋഷയശ്ചൈവ ഗന്ധർവ്വാശ്ച യശസ്വിനഃ. 4

| | | | |
|---|---|---|---|
| "മഹാഭാഗ | "മഹാപുണ്യാത്മാവായുള്ളോവെ | പുരന്ദരഃ അപി | ഇന്ദ്രനുംകൂടി |
| | | നനു | ഇപ്പോൾ |
| വൈശ്രവണാനുജ | കുബേരന്റെ അനുജനായുള്ളോവെ | ത്രസ്യതി നാമ! | ഭയപ്പെടുമല്ലോ! |
| | | ഋഷയഃ ച | ഋഷിമാരും |
| ക്രുദ്ധസ്യ | ക്രുദ്ധിച്ചവനായ | യശസ്വിനഃ | പുകഴാർന്ന |
| തവ | നിന്തിരുവടിയുടെ | ഗന്ധർവ്വാഃ ച | ഗന്ധർവ്വന്മാരും |
| പ്രമുഖേസ്ഥാതും | മുമ്പിൽ നില്പാൻ | ത്രസ്യന്തി ഏവ | ഭയപ്പെടുമല്ലോ. |

നനു നാമ തവോദ്വേഗാച്ചാരണാശ്ച ദിശോ ഗതാഃ
സ ത്വം മാനുഷമാത്രേണ രാമേണ യുധി നിർജ്ജിതഃ 5

| | | | |
|---|---|---|---|
| "തവ | "നിന്തിരുവടിയെക്കുറി[ച്ചുള്ള | സഃ | അപ്രകാരമുള്ള |
| ഉദ്വേഗാത് | ഭയത്താൽ | ത്വം നനു, | നിന്തിരുവടിതന്നെയാ[ണല്ലോ, |
| ചാരണാഃ ച | ചാരണന്മാരും | യുധി | പോരിൽ |
| ദിശഃ | ദിക്കുകളിലേക്ക് | മാനുഷമാത്രേണ | കേവലമാനുഷനായ |
| ഗതാഃ നാമ | ഓടിപ്പോയ്ക്കളഞ്ഞുവല്ലോ; | രാമേണ | രാമനാൽ |
| | | നിർജ്ജിതഃ | തോല്പിക്കപ്പെട്ടത്. |

ന വ്യപത്രപസേ രാജൻ കിമിദം രാക്ഷസർഷഭ. 6

| | | | |
|---|---|---|---|
| "രാജൻ! | "മഹാരാജാവേ! | കിം | എന്തുകൊണ്ടാണ് |
| രാക്ഷസർഷഭ! | രാക്ഷസോത്തമ! | വ്യപത്രപസേ ന? | ലജ്ജകയ്ക്കൊള്ളാതിരിക്കുന്നത്? |
| ഇദം | ഇതിനെക്കുറിച്ച് | | |

കഥം ത്രൈലോക്യമാക്രമ്യ ശ്രിയാ വീര്യേണ ചാന്വിതം
അവിഷഹ്യം ജഘാന ത്വാം മാനുഷോ വനഗോചരഃ 7

| | | | |
|---|---|---|---|
| "ത്രൈലോക്യം | "ത്രൈലോക്യത്തെയും | വീര്യേണ ച | വീര്യത്തോടും |
| ആക്രമ്യ | ആക്രമിച്ച് | അന്വിതം, | കൂടിയവനും, |
| ശ്രിയാ | കീർത്തിയോടും | അവിഷഹ്യം | സഹിക്കപ്പെടുവാൻ കഴിയാത്തവനുമായ |

| | | | |
|---|---|---|---|
| ത്വാം | നിന്തിരുവടിയെ, | മാനുഷഃ | ഒരു മനുഷ്യൻ |
| വനഗോചരഃ | കാട്ടിൽ ചുററിത്തിരിയുന്ന | കഥം | എങ്ങിനെ |
| | | ജഘാന | വധിപ്പാനിടയായി? |

മാനുഷാണാമവിഷയേ ചരതഃ കാമരൂപിണഃ
വിനാശസ്തവ രാമേണ സംയുഗേ നോപപദ്യതേ. 8

| | | | |
|---|---|---|---|
| "മാനുഷാണാം | "മനുഷ്യർക്ക് | തവ | നിന്തിരുവടിക്ക്, |
| അവിഷയെ | എത്തുവാൻ കഴിയാത്തേടിക്കിൽ, | സംയുഗേ | പോരിൽ |
| | | രാമേണ | രാമനാൽ |
| കാമരൂപിണഃ | ഇഷ്ടമുള്ള രൂപംകയ്ക്കൊണ്ട് | വിനാശഃ | നാശമെന്നത് |
| ചരതഃ | സഞ്ചരിക്കുന്ന | ഉപപദ്യതേ ന. | ശരിയാകുന്നില്ല. |

ന ചൈതത്കർമ്മ രാമസ്യ ശ്രദ്ദധാമി ചമൂമുഖേ
സർവ്വതഃ സമുപേതസ്യ തവ തേനാഭിമർശനം. 9

| | | | |
|---|---|---|---|
| "സർവ്വത: | "സർവ്വപ്രകാരത്തിലും | അഭിമർശനം | മട്ടിക്കപ്പെടുക എന്ന |
| സമുപേതസ്യ | മേന്മപൂണ്ടുള്ള | ഏതത് കർമ്മ | ഈ കൃത്യം |
| തവ | നിന്തിരുവടിക്ക് | രാമസ്യ ച | രാമൻെറതെന്നു തന്നെ |
| ചമൂമുഖെ | രണമുഖത്തിൽ | ശ്രദ്ദധാമി ന. | ഞാൻ വിശ്വസിക്കുന്നില്ല. |
| തേന | ആ രാമനാൽ | | |

യദൈവ ച ജനസ്ഥാനേ രാക്ഷസൈർബ്ബഹുഭിർവൃതഃ
ഖരസ്തവ ഹതോ ഭ്രാതാ തദേവാസൌ ന മാനുഷഃ 10

| | | | |
|---|---|---|---|
| "ജനസ്ഥാനേ | "ജനസ്ഥാനത്തിൽ | യദാ | എപ്പോൾ |
| ബഹുഭി: | പല | ഹത: | കൊല്ലപ്പെട്ടുവോ, |
| രാക്ഷസൈ: | രാക്ഷസരാൽ | തത് ഏവ | അക്കാരണത്താൽതന്നെ |
| വൃത: | ചൂഴപ്പെട്ടവനും | അസൌ | ഇവൻ |
| തവ ഭ്രാതാ | നിന്തിരുവടിയുടെ ഭ്രാതാവുമായ | മാനുഷ: ന ഏവ. | കേവലമനുഷ്യനല്ല തന്നെ. |
| ഖര: ച, | ഖരനും, | | |

യദൈവ നഗരീം ലങ്കാം ദുഷ്പ്രവേശാം സുരൈരപി
പ്രവിഷ്ടോ ഹനുമാൻ വീര്യാത്തദൈവ വ്യഥിതാ വയം. 11

| | | | |
|---|---|---|---|
| "സുരൈ: അപി | "ദേവന്മാരാലുംകൂടി | യദാ ഏവ | ഏതൊരു സമയത്തിൽ |
| ദുഷ്പ്രവേശാം | പ്രവേശിക്കപ്പെടുവാൻ കഴിയാത്ത | പ്രവിഷ്ട: ഏവ | പ്രവേശിക്കയുണ്ടായോ |
| | | തദാ | അപ്പോൾ |
| ലങ്കാം നഗരീം | ലങ്കാപുരത്തിൽ | വയം | ഞങ്ങൾ |
| ഹനുമാൻ | ഹനുമാൻ | വ്യഥിതാ:. | അത്തൽ പൂണ്ടവരായിഭവിച്ചു. |
| വീര്യാത് | വീര്യത്താൽ | | |

യദൈവ വാനരൈർഘോരൈർബ്ബദ്ധഃ സേതുർമ്മഹാർണ്ണവേ
തദൈവ ഹൃദയേനാഹം ശങ്കേ രാമമമാനുഷം. 12

| | |
|---|---|
| "ഘോരൈഃ | "കൊടിയവരായ |
| വാനരൈഃ | വാനരന്മാരാൽ |
| മഹാർണ്ണവേ | വൻകടലിൽ |
| യദാ, ഏവ | എപ്പോഴോ |
| സേതുഃ ബദ്ധഃ | അണകെട്ടപ്പെട്ടുവോ |
| തദാ, ഏവ | അപ്പോൾതന്നെ |
| അഹം ഹൃദയേ ഏവ | ഞാൻ ഉൾത്താർകൊ[ണ്ടു് |
| രാമം | രാമനെ |
| അമാനുഷം | അമാനുഷനാണെന്നു് |
| ശങ്കേ. | നിശ്ചയിക്കയുണ്ടായി. |

അഥവാ രാമരൂപേണ കൃതാന്തഃ സ്വയമാഗതഃ
മായാം തവ വിനാശായ വിധായാപ്രതിതർക്കിതാം. 13

| | |
|---|---|
| "അഥവാ | "അല്ലെന്നാൽ |
| കൃതാന്തഃ | പരമശിവൻതന്നെ |
| തവ | നിന്തിരുവടിയുടെ |
| വിനാശായ | നാശത്തിന്നായി |
| അപ്രതി-തർക്കിതാം | അചിന്ത്യമഹിമയാർന്ന |
| മായാം | മായാരൂപിണിയായ |
| വിധായ | സൃഷ്ടിച്ചു്, [സീതയെ |
| രാമരൂപേണ | ശ്രീരാമവടിവു കയ്ക്കൊ[ണ്ടു് |
| സ്വയം | നേരിൽ |
| ആഗതഃ | വന്നതായിരിക്കാം. |

അഥവാ വാസവേന ത്വം ധർഷിതോऽസി മഹാബല. 14

| | |
|---|---|
| "മഹാബല | "മഹാബലശാലിയായ |
| അഥവാ | അല്ലെന്നാൻ [വനെ |
| വാസവേന | ഇന്ദ്രനാൽ |
| ത്വം | നിന്തിരുവടി |
| ധർഷിതഃ അസി. | മർദ്ദിക്കപ്പെട്ടതായിരിക്കാം. |

വാസവസ്യ കുതഃ ശക്തിസ്ത്വാം ദ്രഷ്ടുമപി സംയുഗേ. 15

| | |
|---|---|
| "വാസവസ്യ | "ഇന്ദ്രന്നു് |
| ത്വാം | നിന്തിരുവടിയെ |
| സംയുഗേ | പോരിൽ |
| ദ്രഷ്ടും അപി | കണ്ടുനില്പാൻ കൂടി |
| ശക്തിഃ | ശക്തി |
| കുതഃ? | എവിടെ? |

വ്യക്തമേഷ മഹായോഗീ പരമാത്മാ സനാതനഃ
അനാദിമധ്യനിധനോ മഹതഃ പരമോ മഹാൻ. 16
തമസഃ പരമോ ധാതാ ശംഖചക്രഗദാധരഃ
ശ്രീവത്സവക്ഷാ നിത്യശ്രീരജയ്യഃ ശാശ്വതോ ധ്രുവഃ 17
മാനുഷം രൂപമാസ്ഥായ വിഷ്ണുഃ സത്യപരാക്രമഃ
സർവ്വൈഃ പരിവൃതോ ദേവൈർവാനരത്വമുപാഗതൈഃ 18
സർവ്വലോകേശ്വരഃ സാക്ഷാല്ലോകാനാം ഹിതകാമ്യയാ
സരാക്ഷസപരീവാരം ഹതവാംസ്ത്വാം മഹാദ്യുതിഃ 19

| | |
|---|---|
| "ഏഷഃ | "ഈ ശ്രീരാഘവൻ |
| മഹായോഗീ | മഹായോഗിയും |
| പരമാത്മാ | പരമാത്മാവും |
| സനാതനഃ | പുരാണ പുരുഷനും |
| അനാദിമധ്യ-നിധനഃ | ആദിമധ്യാന്തരഹിതനും |
| മഹതഃ | മഹത്തത്വത്തേക്കാളും |
| പരമഃ | ശ്രേഷ്ഠമായ |
| മഹാൻ | മഹാനായവനും |
| തമസഃ | അജ്ഞാനത്തിന്നു് |
| പരമഃ | അതീതനായുള്ളവനും |
| ധാതാ | സൃഷ്ടികർത്താവും |
| ശംഖചക്ര-ഗദാധരഃ | ശംഖം ചക്രം ഗദ എന്നവ ധരിച്ചവനും |
| ശ്രീവത്സവക്ഷാഃ | ശ്രീവത്സം എന്നമറു മാറത്തുള്ളവനും |

| | |
|---|---|
| നിത്യശ്രീ: | നിത്യലക്ഷ്മീസമേതനും |
| അജയ്യ: | അജയ്യനും |
| ശാശ്വത: | എന്നും നിലനില്ക്കുന്നവനും |
| ധ്രുവഃ | മാറാതിരിക്കുന്നവനും |
| സർവ്വലോകേശ്വരഃ | സർവ്വലോകങ്ങൾക്കും ഈശ്വരനും |
| മഹാദ്യുതിഃ | മഹത്തായമഹിമയാൎന്നവനും ആയ |
| സാക്ഷാത് | സാക്ഷാൽ |
| വിഷ്ണുഃ | മഹാവിഷ്ണുഭഗവാനാകുന്നു |
| വ്യക്തം | എന്നത് നിശ്ചയം തന്നെ; |
| സത്യപരാക്രമഃ | സത്യപരാക്രമനായ ഇദ്ദേഹം |

| | |
|---|---|
| ലോകാനാം | ലോകങ്ങളുടെ |
| ഹിതകാമ്യയാ | ഹിതത്തെ തിരുവുള്ളത്തിൽ കൊണ്ടിട്ട് |
| മാനുഷം രൂപം | മനുഷ്യവടിവ് |
| ആസ്ഥായ | സ്വീകരിച്ച് |
| വാനരത്വം | വാനരത്വത്തെ |
| ഉപാഗതൈഃ | അവലംബിച്ചവരായ |
| സർവ്വൈ:ദേവൈ: | എല്ലാ ദേവന്മാരാലും |
| പരിവൃത: | ചൂഴപ്പെട്ടവനായി |
| ത്വാം | നിന്തിരുവടിയെ |
| സരാക്ഷസപരീവാരം | രാക്ഷസപരിവാരങ്ങളോടുംകൂടി |
| ഹതവാൻ. | ഹനിച്ചുകളഞ്ഞു. |

["മഹായോഗീ'':—"മഹാൻ യോഗഃ ലോകരക്ഷണോപായചിന്താസോഽസ്യാസ്തീതി" (മഹത്തായ യോഗം, അതായത് ലോകസംരക്ഷണോപായചിന്ത, ആക്കുണ്ടോ അവൻ; സ്വാഭാവികമായ ജ്ഞാനശക്തിയോടുകൂടിയവൻ, ''പരാസ്യ ശക്തിൎവ്വിവിധൈവ ശ്രൂയതേ സ്വാഭാവികീ ജ്ഞാനബലക്രിയ ച'' എന്നു ശ്രുതി. ആശ്രിതത്രാണസംരക്ഷണമാകുന്ന സന്നാഹത്തോടു കൂടിയവൻ; വിവിധമായും വിചിത്രമായുമുള്ള ജഗത്തിനെ നിൎമ്മിക്കുന്ന ഉപായത്തിൽ ചാതുൎയ്യമാൎന്നവൻ; ''ബഹുസ്യാം പ്രജായേയേതി'' എന്നിത്യാദി ശ്രുതികളിൽ പറയുന്ന ബഹുഭവന സങ്കല്പത്തോടുകൂടിയവൻ ''സോഽഭിധ്യായ ശരീരാത് സ്വാത് സിസൃക്ഷുൎവ്വിവിധാ: പ്രജാ:'' എന്നു മനു; ജഗന്നിൎമ്മാണത്തിന്നുപയുക്തമായ പ്രകൃതി, പുരുഷകാരം, കൎമ്മം എന്ന സംസൎഗ്ഗത്തോടു കൂടിയവൻ; ശരണാഗതരക്ഷണാദികളിലിളക്കപ്പെടാത്ത യുക്തിയോടുകൂടിയവൻ:— ഇങ്ങിനെ "യോഗ: സന്നഹനോപായ ധ്യാന സംഗതിയുക്തിഷു" എന്നു നിഘണ്ടുവിൽ യോഗപദത്തിന്നു പറയപ്പെട്ടതായ എല്ലാ അൎത്ഥങ്ങളും തനി ശ്ലോകീ വ്യാഖ്യാനത്തിൽ ഘടിപ്പിക്കപ്പെട്ടിരിക്കുന്നു.

''പരമാത്മ''— സൎവ്വജീവാത്മാക്കളിലുമുത്കൃഷ്ടനായവൻ. ഈ പരമാത്മത്വത്തെത്തന്നെ, സാധാരണ ജീവികൾക്കുള്ളവയായ അപക്ഷയം, വിനാശം, പരിണാമം എന്നിത്യാദിയായ ഷഡ്ഭാവവികാരങ്ങളില്ലാത്തവനെന്നു പ്രതിപാദിക്കുന്നു. "സനാതനഃ" (സദാ അസ്തിത്വമുള്ളവൻ), "അനാദിമദ്ധ്യനിധന:'' (ജന്മം, വൃദ്ധി, വിനാശം എന്നവ ഇല്ലാത്തവൻ), ''ശാശ്വത:'' (അപക്ഷയരഹിതൻ). ''ധ്രുവഃ'' (പരിണാമരഹിതൻ). ''അപക്ഷയവിനാശാഭ്യാം പരിണാമൎദ്ധിജന്മഭി: വൎജ്ജിത: ശക്യതേ വക്തും യഃ സദാസ്തീതി കേവല:," എന്നു വിഷ്ണുപുരാണം ''നാദത്തോടുകൂടിയവൻ, സനാദനൻ, അതുതന്നെ സനാതനൻ.'' എന്നും പരമാത്മശബ്ദത്തിന്റെ അൎത്ഥത്തെത്തന്നെ അതായതു കാരണസ്വരൂപത്തെ വിവരിക്കുന്നു.

''മഹത: പരമോ മഹാൻ'' :—(ഇന്ദ്രാദികളേക്കാളും മഹാന്മാരായ ബ്രഹ്മാദികളേക്കാളും പരമനായവൻ); ''അണോരണീയാൻ മഹതോ മഹീയാൻ'' എന്നിത്യാദി ശ്രുതിവാക്യപ്രകാരം പരമമഹത്വമാൎന്നവൻ.

"തമസഃ പരമഃ"— പ്രാകൃതമണ്ഡലത്തെക്കാളും പരമായുള്ള വൈകുണ്ഠത്തിൽ സ്ഥിതിചെയ്യുന്നവൻ, "ആദിത്യ വർണ്ണം തമസഃ പരസ്താത്" ഇത്യാദി ശ്രുതി; "അക്ഷരാത് പരതഃ പരാ" "യസ്മാത് ക്ഷരമതീതോഽഹമക്ഷരാദപി ചോത്തമഃ," എന്ന ശ്രുതിസ്മൃതിവാക്യങ്ങൾ പ്രകാരം ക്ഷരാക്ഷരങ്ങൾക്കും അതീതനായവൻ.

"ധാതാ"— പോഷകനായവൻ, രക്ഷാകർത്താവായവൻ; ഭൂതഭവിഷ്യദ്വർത്തമാന കാലാവിച്ഛിന്ന സകലജഗന്നിർമ്മാതാവായവൻ, "സൂര്യചന്ദ്രമസൌ ധാതാ യഥാപൂർവ്വമകല്പയത്." എന്നു് ശ്രുതി.

സർവ്വവ്യാപിയായവന്നു് വൈകുണ്ഠസ്ഥിതി, പോഷകത്വം മുതലായതിന്നുപയുക്തമായ, ശംഖചക്രാദിയാനുള്ള ദിവ്യമംഗളവിഗ്രഹത്തെ വർണ്ണിക്കുന്നു.

"ശംഖചക്രഗദാധരഃ"—ശരണാഗതന്മാരെ സർവ്വദാ രക്ഷിക്കുന്നതിന്നു് ജാഗരൂകനായി ശംഖചക്രാദികളെ ധരിച്ചവൻ.

"നിത്യശ്രീ"— "വിഷ്ണോഃ ശ്രീരനപായിനീ" എന്ന വാക്യപ്രകാരം ജഗദ്രക്ഷണോപയോഗ്യപുരുഷകാരത്തോടുകൂടിയവൻ.

"അജയ്യഃ"— ശ്രീസംബന്ധംകൊണ്ടു് ഉത്തേജിതമായ പരാഭിഭവനസാമർത്ഥ്യത്തോടുകൂടിയവൻ, "അപ്രമേയം ഹി തത്തേജോ യസ്യ സാ ജനകാത്മജാ," എന്ന വാക്യം കാണുക.]

ഇന്ദ്രിയാണി പുരാ ജിത്വാ ജിതം ത്രിഭുവനം ത്വയാ
സ്മരദ്ഭിരിവ തദ്വൈരമിന്ദ്രിയൈരേവ നിർജ്ജിതഃ 20

| | | | |
|---|---|---|---|
| "ത്വയാ പുരാ, ഇന്ദ്രിയാണി ജിത്വാ | "നിന്തിരുവടിയാൽ പണ്ടു്, ഇന്ദ്രിയനിഗ്രഹം ചെയ്തു് | തത് വൈരം | ആ വൈരത്തെ |
| ത്രിഭുവനം | മൂന്നുലോകവും | സ്മരദ്ഭിഃ ഇവ | ഓർത്തിട്ടെന്നപോലെ |
| ജിതം; | ജയിക്കപ്പെട്ടു; | ഇന്ദ്രിയൈഃ ഏവ | അതേ ഇന്ദ്രിയങ്ങളാൽ |
| | | നിർജ്ജിതഃ. | നിന്തിരുവടി ജയിക്കപ്പെട്ടു. |

ക്രിയതാമവിരോധശ്ച രാഘവേണേതി യന്മയാ
ഉച്യമാനോ ന ഗൃഹ്ണാസി തസ്യേയം വ്യുഷ്ടിരാഗതാ. 21

| | | | |
|---|---|---|---|
| "രാഘവേണ അവിരോധഃ ക്രിയതാം | "ശ്രീരാഘവനുമായി വിരോധിക്കാതിരുന്നാലും" | യത് | യാതൊന്നിനെ |
| ഇതി മയാ | എന്നു് എന്നാൽ | ഗൃഹ്ണാസി ന | കയ്ക്കൊള്ളുകയുണ്ടായില്ലയോ |
| ഉച്യമാനഃ ച | ഉരചെയ്യപ്പെട്ടവനായിരുന്നിട്ടും നിന്തിരുവടി | തസ്യ വ്യുഷ്ടിഃ | അതിന്റെ ഫലമായി |
| | | ഇയം | ഈ അവസ്ഥ |
| | | ആഗതാ | നേരിട്ടു. |

അകസ്മാച്ചാഭികാമോഽസി സീതാം രാക്ഷസപുംഗവ
ഐശ്വര്യസ്യ വിനാശായ ദേഹസ്യ സ്വജനസ്യ ച. 22

"രാക്ഷസ-പുംഗവ } ""രാക്ഷസോത്തമ
അകസ്മാത് അവിചാരിതമായി
ഐശ്വൎയ്യസ്യ ഐശ്വൎയ്യത്തിന്നും
സ്വജനസ്യ സ്വജനത്തിന്നും

ദേഹസ്യ ച ശരീരത്തിന്നും
വിനാശായ നാശത്തിന്നായി
സീതാം ച സീതാദേവിയെക്കുറിച്ചുതന്നെ
അഭികാമഃ അസി. } അങ്ങ് ആശപ്പെട്ടു.

അരുന്ധത്യാ വിശിഷ്ടാം താം രോഹിണ്യാശ്ചാപി ദുൎമ്മതേ
സീതാം ധൎഷയതാ മാന്യാം ത്വയാ ഹ്യസദൃശം കൃതം. 23

"ദുൎമ്മതേ ""മതികേട്ട് പററിപ്പോയുള്ളോവേ
അരുന്ധത്യാഃ ച അരുന്ധതീ ദേവിയെക്കാളും
രോഹിണ്യാഃ അപി } രോഹിണീദേവിയെക്കാളും
വിശിഷ്ടാം വിശിഷ്ടയായ

താം ആ
മാന്യാം മഹതിയായ
സീതാം സീതാദേവിയെ
ധൎഷയതാ അവഗണിച്ച
ത്വയാ നിന്തിരുവടിയാൽ
അസദൃശം ഹി തക്കതല്ലാത്തതു തന്നെ
കൃതം ചെയ്യപ്പെട്ടത്. [യാണ്

വസുധായാശ്ച വസുധാം ശ്രിയഃ ശ്രീം ഭൎത്തൃവത്സലാം
സീതാം സൎവ്വാനവദ്യാംഗീമരണ്യേ വിജനേ ശുഭാം. 24
ആനയിത്വാ തു താം ദീനാം ഛദ്മനാഽഽത്മസ്വദൂഷണ
അപ്രാപ്യ ചൈവ തം കാമം മൈഥിലീസംഗമേ കൃതം
പതിവ്രതായാസ്തപസാ നൂനം ദഗ്ധോഽസി മേ പ്രഭോ. 25

""വസുധായാഃ ച } "ക്ഷമയ്ക്ക് നിദാനമായ ഭൂമിയ്ക്കും
വസുധാം ഭൂമിയായവളും
ശ്രിയഃ സൌഭാഗ്യത്തിന്നെല്ലാം വിളനിലമായലക്ഷ്മിയ്ക്കും
ശ്രീം ലക്ഷ്മിയായവളും
ഭൎത്തൃവത്സലാം ഭൎത്താവിങ്കൽ അചഞ്ചല ഭക്തിയുള്ളവളും
സൎവ്വാന-വദ്യാംഗീം } സൎവ്വപ്രകാരത്തിലും കുറവററ തിരുമേനിയാൎന്നവളും
ശുഭാം കാന്തിമതിയും
ദീനാം തു ദീനത പൂണ്ടവളുമായ
താം സീതാം ആ സീതാദേവിയെ
വിജനേ ശൂന്യമായ
അരണ്യേ കാട്ടിൽ

ഛദ്മനാ ചതിയാൽ
ആനയിത്വാ കൊണ്ടുവന്നു്
മൈഥിലീ-സംഗമേ } സീതാസംഗമത്തെക്കുറിച്ച്
കൃതം ഉറച്ചുകൊണ്ടതായ
തം ആ
കാമം ഏവ ച ഇഷ്ടത്തേയും
അപ്രാപ്യ പ്രാപിക്കാതെ
പതിവ്രതായാഃ ആ പതിവ്രതയുടെ
തപസാ തപോമഹിമയാൽ
ആത്മ-സ്വദൂഷണ } തനിക്കും ഉററവൎക്കും ആപത്തുവിളയിച്ച
മേ എന്റെ [വനായ
പ്രഭോ പ്രാണനായക
നൂനം ദഗ്ധഃ അസി } അങ്ങ് ഇപ്പോൾ ദഹിപ്പിക്കപ്പെട്ടുവല്ലൊ.

തദൈവ യന്ന ദഗ്ധസ്ത്വം ധൎഷയംസ്തനുമദ്ധ്യമാം
ദേവാ ബിഭ്യതി തേ സൎവ്വേ സേന്ദ്രാഃ സാഗ്നിപുരോഗമാഃ 26

| | | | |
|---|---|---|---|
| "സേന്ദ്രാഃ | "ഇന്ദ്രനടക്കമുള്ളവരും | യത് | എന്ന കാരണത്താൽ |
| സാഗ്നിപുരോഗമാഃ | അഗ്നിമുമ്പായുള്ളവരോടുകൂടിയവരുമായ | ത്വം | നിന്തിരുവടി |
| ദേവാഃ | ദേവന്മാർ | തനുമദ്ധ്യമാം | കൃശോദരിയായ ഇവളെ |
| സൎവ്വേ | എല്ലാം | ധൎഷയൻ | തീണ്ടിയവനായി |
| തേ | നിന്തിരുവടിയെക്കുറിച്ചു | തദാ ഏവ | അക്ഷണംതന്നെ |
| ബിഭ്യതി | ഭീതികയ്ക്കൊണ്ടിരിക്കുന്നു | ദഗ്ധഃ ന. | ദഹിപ്പിക്കപ്പെടാതിരുന്നു. |

അവശ്യമേവ ലഭതേ ഫലം പാപസ്യ കൎമ്മണഃ
ഘോരം പൎയ്യാഗതേ കാലേ കൎത്താ നാസ്ത്യത്ര സംശയഃ 27

| | | | |
|---|---|---|---|
| "കൎത്താ | "പാപം ചെയ്യുവൻ | അവശ്യം | നിശ്ചയമായും |
| പാപസ്യ കൎമ്മണഃ | ആ പാപകൃത്യത്തിന്റെ | ലഭതേ ഏവ | പ്രാപിക്കതന്നെ ചെയ്യുന്നു. |
| ഘോരം ഫലം | ഘോരമായ ഫലത്തെ | അത്ര | ഇക്കാൎയ്യത്തിൽ |
| കാലേ | തക്കകാലം | സംശയഃ അസ്തി ന. | സംശയംതന്നെ ഇല്ല. |
| പൎയ്യാഗതേ | എത്തുമ്പോൾ | | |

ശുഭകൃച്ഛുഭമാപ്നോതി പാപകൃത് പാപമശ്നുതേ. 28

| | | | |
|---|---|---|---|
| "ശുഭകൃത് | "നന്മചെയ്യുവൻ | പാപകൃത് | പാപിഷ്ഠൻ |
| ശുഭം | നന്മയെ | പാപം | പാപഫലത്തെ |
| ആപ്നോതി | പ്രാപിക്കുന്നു; | അശ്നുതേ | അനുഭവിക്കുന്നു. |

വിഭീഷണഃ സുഖം പ്രാപ്തസ്ത്വം പ്രാപ്തഃ പാപമീദൃശം. 29

| | | | |
|---|---|---|---|
| "വിഭീഷണഃ | "വിഭീഷണൻ | ഈദൃശം | ഈ വിധം |
| സുഖം പ്രാപ്തഃ | ക്ഷേമത്തെ പ്രാപിച്ചു; | പാപം | തിന്മയെയും |
| ത്വം | നിന്തിരുവടി | പ്രാപ്തഃ. | അനുഭവിച്ചു. |

സന്ത്യന്യാഃ പ്രമദാസ്തുഭ്യം രൂപേണാപ്രതിമാ ഭുവി. 30

| | | | |
|---|---|---|---|
| "ഭുവി | "ലോകത്തിൽ | അന്യാഃ പ്രമദാഃ | മററു പല സ്ത്രീകൾ |
| രൂപേണ | സൌന്ദൎയ്യംകൊണ്ട് | തുഭ്യം | നിന്തിരുവടിക്ക് |
| അപ്രതിമാഃ | നിസ്തുല്യകളായ | സന്തി. | ഉണ്ട്. |

അനംഗവശമാപന്നസ്ത്വം തു മോഹാന്നബുദ്ധ്യസേ. 31

| | | | |
|---|---|---|---|
| "അനംഗവശം ആപന്നഃ | "കാമാധീനനായ | മോഹാത് | മതികേടിനാൽ |
| ത്വം | നിന്തിരുവടി | തു | ഇക്കാൎയ്യത്തിൽ |
| | | ബുദ്ധ്യസേ ന. | അറിവററവനായിരിക്കുന്നു |

ന കുലേന ന രൂപേണ ന ദാക്ഷിണ്യേന മൈഥിലീ
മയാഽധികാ വാ തുല്യാ വാ ത്വം തു മോഹാന്ന ബുദ്ധ്യസേ. 32

| | | | |
|---|---|---|---|
| “മൈഥിലീ | “മൈഥിലി | ന | അല്ല; |
| കുലേന | കുലംകൊണ്ടു് | ദാക്ഷിണ്യേന | അനുകൂലഭാവംകൊ |
| മയാ | എന്നെക്കാൾ | ന | അല്ല; [ണ്ടും |
| അധികാ വാ | മേന്മപൂണ്ടവളോ | ത്വം | നിന്തിരുവടി |
| തുല്യാ വാ | തുല്യയോ | മോഹാത് | ബുദ്ധിമോശത്താലാണ് |
| ന | അല്ല; | തു | ഇക്കാര്യത്തിൽ |
| രൂപേണ | അഴകുകൊണ്ടും | ബുധ്യസേ ന. | ഉണരാതിരുന്നതു്. |

സർവ്വഥാ സർവ്വഭൂതാനാം നാസ്തി മൃത്യുരലക്ഷണഃ
തവ താവദയം മൃത്യുർമ്മൈഥിലീകൃതലക്ഷണഃ 33

| | | | |
|---|---|---|---|
| “സർവ്വഭൂതാനാം | സർവ്വപ്രാണികൾക്കും | തവ | നിന്തിരുവടിക്കു് |
| മൃത്യുഃ | മരണമെന്നതു് | അയം | ഈ |
| സർവ്വഥാ | എല്ലാപ്രകാരവും | മൃത്യുഃ | മരണം |
| അലക്ഷണഃ | കാരണത്തോടുകൂടിയത | മൈഥിലീ-കൃതലക്ഷണഃ. | സീതാരൂപമായ കാരണത്തോടുകൂടിയതായി ഭവിച്ചു. |
| അസ്തി ന | ഇരിക്കുന്നില്ല; [ല്ലാതെ | | |
| താവത് | ഇപ്പോൾ | | |

സീതാനിമിത്തജോ മൃത്യുസ്ത്വയാ ദൂരാദുപാഹൃതഃ. 34

| | | | |
|---|---|---|---|
| “ത്വയാ | “നിന്തിരുവടിയാൽ | സീതാനിമിത്തജഃ | സീതകാരണമായുള്ള |
| | | മൃത്യുഃ | ഈ മൃത്യു |
| ദൂരാത് | എത്രയോ അകലെനിന്നു | ഉപാഹൃതഃ. | കൊണ്ടുവരപ്പെട്ടു. |

മൈഥിലീ സഹ രാമേണ വിശോകാ വിഹരിഷ്യതി. 35

| | | | |
|---|---|---|---|
| “വിശോകാ | “ശോകം നീങ്ങിയവളായ | രാമേണ സഹ | ശ്രീരാമനോടുംകൂടി |
| മൈഥിലീ | ജാനകി | വിഹരിഷ്യതി. | സുഖിച്ചിരിക്കുന്നതാണ്. |

അല്പപുണ്യാ ത്വഹം ഘോരേ പതിതാ ശോകസാഗരേ. 36

| | | | |
|---|---|---|---|
| “അല്പപുണ്യാ | “മന്ദഭാഗ്യയായ | ശോകസാഗരേ | ദുഃഖാബ്ധിയിൽ |
| അഹം തു | ഞാനാകട്ടെ | | |
| ഘോരേ | അസഹ്യമായ | പതിതാ. | ആണ്ടുപോയിരിക്കുന്നു. |

കൈലാസേ മന്ദരേ മേരൌ തഥാ ചൈത്രരഥേ വനേ
ദേവോദ്യാനേഷു സർവ്വേഷു വിഹൃത്യ സഹിതാ ത്വയാ. 37
വിമാനേനാനുരൂപേണ യാ യാമ്യതുലയാ ശ്രിയാ
പശ്യന്തീ വിവിധാൻ ദേശാൻ താംസ്താംശ്ചിത്രസ്രഗംബരാ
ഭ്രംശിതാ കാമഭോഗേഭ്യഃ സാഽസ്മി വീര വധാത്തവ 38

| | |
|---|---|
| യാ | യാതൊരു ഞാൻ |
| ചിത്ര-സ്രഗംബരാ | അഴകേറിയ മാലകളും വസ്ത്രങ്ങളും ധരിച്ചവളായി |
| ത്വയാ സഹിതാ | നിന്തിരുവടിയൊന്നി[ച്ച് |
| കൈലാസേ | കൈലാസത്തിലും |
| മന്ദരേ | മന്ദരപർവ്വതത്തിലും |
| മേരൌ | മേരുപർവ്വതത്തിലും |
| തഥാ | അപ്രകാരം തന്നെ |
| ചൈത്രരഥേ വനേ | ചൈത്രരഥോദ്യാനത്തിലും |
| സർവ്വേഷു | എല്ലാ |
| ദേവോദ്യാനേഷു | ദേവന്മാരുടെ പുഷ്പവാ |
| വിഹൃത്യ | കളിച്ച് [ടികളിലും |
| അതുലയാ | നിസ്തുല്യമായ |
| ശ്രിയാ | വിഭവത്തിന്ന് |
| അനുരൂപേണ | അനുരൂപമായുള്ള |
| വിമാനേന | വിമാനത്തിൽ കയറി കൊണ്ട് |
| വിവിധാൻ | പലമാതിരിയായുള്ള |
| താൻ താൻ | അതാത് |
| ദേശാൻ | ദേശങ്ങളെ |
| പശ്യന്തി | വീക്ഷിക്കുന്നവളായി |
| യാമി | പോയ്ക്കൊണ്ടിരുന്നുവോ |
| സാ | അപ്രകാരമുള്ള ഞാൻ |
| വീര | ഹേ പ്രാണനാഥ |
| തവ | നിന്തിരുവടിയുടെ |
| വധാത് | മരണത്താൽ |
| കാമഭോഗേഭ്യഃ | സുഖഭോഗാനുഭവങ്ങളിൽ നിന്ന് |
| ഭ്രംശിതാ അസ്മി | വിലക്കപ്പെട്ടവളായി ഭവിച്ചിരിക്കുന്നു |

സൈവാന്യേവാസ്മി സംവൃത്താ ധിഗ്രാജ്ഞാം ചഞ്ചലാം ശ്രിയഃ 39

| | |
|---|---|
| "സാ ഏവ | ''അതേ ഞാൻതന്നെ |
| അന്യാ ഇവ | മറ്റൊരുത്തിയെന്ന പോലെ |
| സംവൃത്താ അസ്മി; | ആയിത്തീർന്നു പോയി; |
| രാജ്ഞാം | രാജാക്കന്മാരുടെ |
| ചഞ്ചലാഃ | അസ്ഥിരങ്ങളായ |
| ശ്രിയഃ ധിക്! | വിഭവങ്ങളെക്കൊണ്ടെന്തു കാര്യം! |

ഹാ രാജൻ സുകുമാരം തേ സുഭ്രു സുത്വക് സമുന്നസം
കാന്തിശ്രീദ്യുതിഭിസ്തുല്യമിന്ദുപത്മദിവാകരൈഃ 40
കിരീടകൂടോജ്ജ്വലിതം താമ്രാസ്യം ദീപ്തകുണ്ഡലം
മദവ്യാകുലലോലാക്ഷം ഭൂത്വാ യത്പാനഭൂമിഷു 41
വിവിധസ്രഗ്ധരം ചാരു വല്ഗുസ്മിതകഥം ശുഭം
തദേവാദ്യ തവേദം ഹി വക്ത്രം ന ഭ്രാജതേ പ്രഭോ. 42
രാമസായകനിർഭിന്നം സിക്തം രുധിരവിസ്രവൈഃ
വിശീർണ്ണമേദോമസ്തിഷ്കം രൂക്ഷം സ്യന്ദനരേണുഭിഃ. 43

| | |
|---|---|
| ''ഹാ | ''ഹാ |
| രാജൻ | മഹാരാജാവേ |
| തേ | നിന്തിരുവടിയുടെ |
| യത് | യാതൊരു |
| താമ്രാസ്യം | രഞ്ജിപ്പുപൂണ്ട തിരുമുഖം |
| സുകുമാരം | മനോഹരമായും |
| സുഭ്രു | ഭംഗിയുള്ള പുരികക്കൊടികളാർന്നതായും |
| സുത്വക് | മാംസളമായും |
| സമുന്നസം | ഉയർന്ന നാസികയുള്ളതായും |
| കാന്തിശ്രീദ്യുതിഭിഃ | കാന്തിയാലും, സൌന്ദര്യത്താലും, ലാവണ്യത്താലും |
| ഇന്ദുപത്മദിവാകരൈഃ | ചന്ദ്രനോടും താമരയോടും സൂര്യനോടും |
| തുല്യം | തുല്യമായതായും |

| | |
|---|---|
| കിരീടകൂടോ-<br>ജ്ജ്വലിതം | ശിഖരമൊത്തുള്ളകിരീ<br>ടത്തോടുകൂടിയതായും |
| ദീപ്തകുണ്ഡലം | ഉജ്ജ്വലിക്കുന്ന കുണ്ഡ<br>ലങ്ങളോന്നതായും |
| പാനഭൂമിഷു | പാനശാലകളിൽ |
| മദവ്യാകുല-<br>ലോലാക്ഷം | മദത്താൽ നേത്രങ്ങൾ<br>കലങ്ങി കുഴഞ്ഞതായും |
| ഭൂത്വാ | ഭവിച്ച് |
| ചാരു | മനോഹരമായും |
| വിവിധ-<br>സ്രഗ്ധരം | പലപൂമാലകൾ പൂണ്ട<br>തായും |
| വല്ഗു-<br>സ്മിതകഥം | അഴകാന്ന പുഞ്ചിരി<br>യോടും മൊഴിയോടും<br>കൂടിയതായും |
| ശുഭം | മംഗളകരമായും ഇരു |
| പ്രഭോ | നാഥ [ന്നിരുന്നുവോ |
| തത് ഏവ | അപ്രകാരമുള്ള അതേ |
| ഇദം | ഈ |
| തവ | നിന്തിരുവടിയുടെ |
| വക്ത്രം ഹി | വദനംതന്നെ |
| അദ്യ | ഇപ്പോൾ |
| രാമസായക-<br>നിർഭിന്നം | രാമബാണത്താൽ<br>പിളക്കപ്പെട്ട് |
| രുധിര-<br>വിസ്രാവൈഃ | രക്തപ്രവാഹങ്ങളാൽ |
| സിക്തം | നനയ്ക്കപ്പെട്ടതായി |
| വിശീർണ്ണ-<br>മേദോമസ്തിഷ്കം | കൊഴുപ്പും തലച്ചോറും<br>വഴിഞ്ഞ് |
| സ്യന്ദനരേണുഭിഃ | തേർപ്പൊടികൾ പുര |
| രൂക്ഷം | ഭയങ്കരമായി [ണ്ട് |
| ഭ്രാജതേ ന | ശോഭിക്കാത്തതായിരിക്കു<br>ന്നുവല്ലോ. |

ഹാ പശ്ചിമാ മേ സംപ്രാപ്താ ദശാ വൈധവ്യകാരിണീ
യാ മയാഽഽസീന്ന സംബുദ്ധാ കദാചിദപി മന്ദയാ. 44

| | |
|---|---|
| "ഹാ | "അയ്യോ |
| മേ | എനിക്ക് |
| വൈധവ്യ-<br>കാരിണീ | വൈധവ്യത്തെ ഉളവാ<br>ക്കുന്നതായ |
| പശ്ചിമാ ദശാ | അവസാന ദശ |
| സംപ്രാപ്താ | എത്തിപ്പോയി; |
| യാ | യാതൊരു ഈ അവ |
| മന്ദയാ | മന്ദമതിയായ [സ്ഥ |
| മയാ | എന്നാൽ |
| കദാചിത് അപി | ഒരിക്കലും |
| സംബുദ്ധാ<br>ആസീത്. | ഓർക്കപ്പെട്ടതേ അല്ല. |

പിതാ ദാനവരാജോ മേ ഭർത്താ മേ രാക്ഷസേശ്വരഃ
പുത്രോ മേ ശക്രനിർജ്ജേതാ ഇത്യേവം ഗർവ്വിതാ ഭൃശം. 45

| | |
|---|---|
| "മേ | "എന്റെ |
| പിതാ | പിതാവ് |
| ദാനവരാജഃ | അസുരചക്രവർത്തി; |
| മേ | എനിക്ക് |
| ഭർത്താ | ഭർത്താവോ |
| രാക്ഷസേശ്വരഃ | രാക്ഷസരാജാവ്; |
| മേ | എന്റെ |
| പുത്രഃ | പുത്രൻ |
| ശക്രനിർജ്ജേതാ | ഇന്ദ്രനെ ജയിച്ചവൻ |
| ഇതി ഏവം | എന്നിപ്രകാരമെല്ലാം |
| ഭൃശം ഗർവ്വിതാ, | ഞാൻ അതിഗർവ്വം<br>പൂണ്ടിരുന്നു |

ദൃപ്താരിമർദ്ദനാഃ ശൂരാഃ പ്രഖ്യാതബലപൗരുഷാഃ
അകുതശ്ചിദ്ഭയാ നാഥാ മമേത്യാസീന്മതിർദൃഢാ. 46

| | |
|---|---|
| "ദൃപ്താരി-<br>മർദ്ദനാഃ | "ദർപ്പംപൂണ്ട ശത്രുക്ക<br>ളെ മർദ്ദിക്കുന്നവരും |
| പ്രഖ്യാതബല-<br>പൗരുഷാഃ | കേളികേട്ട ബലവും<br>പൗരുഷവുമുള്ളവരും |
| ശൂരാഃ | ശൂരന്മാരും |
| അകുത-<br>ശ്ചിദ്ഭയാഃ | ആരിൽനിന്നും ആപത്തു<br>പേടിക്കേണ്ടാത്തവരുമായ |
| നാഥാഃ മമ | രക്ഷകന്മാർ എനിക്കുണ്ട് |
| ഇതി ദൃഢാ മതിഃ | എന്നിങ്ങിനെദൃഢബുദ്ധി |
| ആസീത് | എനിക്കുണ്ടായിരുന്നു. |

തേഷാമേവം പ്രഭാവാനാം യുഷ്മാകം രാക്ഷസർഷഭ
കഥം ഭയമസംബുദ്ധം മാനുഷാദിദമാഗതം. 47

| | |
|---|---|
| 'രാക്ഷസർഷഭ | "രാക്ഷസോത്തമനായുള്ളോവെ |
| ഏവം പ്രഭാവാനാം | ഇപ്രകാരമുള്ള വൈഭവമാന്മാരായ |
| തേഷാം | അവർക്കും |
| യുഷ്മാകം | നിന്തിരുവടിക്കും |
| അസംബുദ്ധം | ഓർക്കാത്തതായ |
| ഇദം ഭയം | ഈ ആപത്ത് |
| മാനുഷാത് | മനുഷ്യങ്കൽനിന്ന് |
| കഥം | എങ്ങിനെയാണ് |
| ആഗതം | ഉളവായത്? |

സ്നിഗ്ദ്ധേന്ദ്രനീലനീലം തു പ്രാംശുശൈലോപമം മഹത്
കേയൂരാംഗദവൈഡൂര്യമുക്താദാമസ്രഗുജ്ജ്വലം. 48
കാന്തം വിഹാരേഷ്വധികം ദീപ്തം സംഗ്രാമഭൂമിഷു
ഭാത്യാഭരണഭാഭിർയത് വിദ്യുദ്ഭിരിവ തോയദഃ 49
തദേവാദ്യ ശരീരം തേ തീക്ഷ്ണൈർനൈകൈഃ ശരൈശ്ചിതം
പുനർദുർലഭസംസ്പർശം പരിഷ്വക്തും ന ശക്യതേ. 50

| | |
|---|---|
| യത് | യാതൊന്ന് |
| സ്നിഗ്ദ്ധേന്ദ്ര-നീലനീലം | ചാരുവായ ഇന്ദ്രനീലക്കല്ലുപോലെ നീലിമ പൂണ്ടതായും |
| പ്രാംശു-ശൈലോപമം | ഉന്നതഗിരിപോലെ |
| മഹത് | മഹത്തായും |
| കേയൂരാംഗദ-വൈഡൂര്യ-മുക്താദാമ-സ്രഗുജ്ജ്വലം | കങ്കണങ്ങൾ, തോൾവളകൾ, വൈഡൂര്യമാലകൾ, മുത്തുമാലകൾ, എന്നവയാൽ ഉജ്ജ്വലിക്കുന്നതായി |
| വിഹാരേഷു | ക്രീഡകളിൽ |
| അധികം | അധികം |
| കാന്തം | മനോഹരമായും |
| സംഗ്രാമഭൂമിഷു | അടർക്കളത്തിൽ |
| ദീപ്തം തു | വിലസുന്നതായും |
| വിദ്യുദ്ഭിഃ | മിന്നൽക്കൊടികളാൽ |
| തോയദഃ | കാർമുകിൽ |
| ഇവ | എന്നപോലെ |
| ആഭരണഭാഭിഃ | ആഭരണങ്ങളുടെ ശോഭകൾകൊണ്ട് |
| ഭാതി | പരിലസിക്കുന്നതായുമിരുന്നുവോ |
| തത് | അപ്രകാരമുള്ള |
| തേ | നിന്തിരുവടിയുടെ |
| ശരീരം ഏവ | തിരുമേനിതന്നെ |
| അദ്യ | ഇപ്പോൾ |
| നൈകൈഃ | പല |
| തീക്ഷ്ണൈഃ | കൂർത്ത |
| ശരൈഃ | ബാണങ്ങളാൽ |
| ചിതം | മൂടപ്പെട്ട് |
| ദുർല്ലഭസംസ്പർശം | സ്പർശിപ്പാൻകൂടി കഴിയപ്പെടാത്തതായി |
| പുനഃ | വീണ്ടും |
| പരിഷ്വക്തും | പുൽകുവാൻ |
| ശക്യതേ ന | സാദ്ധ്യമാകാതെയായിരിക്കുന്നത്. |

ശ്വാവിധഃ ശലലൈർയദ്വത് ബാണൈർലഗ്നൈർനിരന്തരം
സ്വർപ്പിതൈർമർമ്മസു ഭൃശം സംഛിന്നസ്നായുബന്ധനം
ക്ഷിതൗ നിപാതിതം രാജൻ ശ്യാവം രുധിരസച്ഛവി. 51

| | |
|---|---|
| "രാജൻ | "മഹാരാജാവേ |
| മർമ്മസു | മർമ്മങ്ങളിൽ |
| ഭൃശം | ഊക്കോടെ |
| സംപ്ലുതൈഃ | എയ്യപ്പെട്ട് |
| ശല്യാവിധഃ | മുള്ളൻപന്നിയുടെ |
| ശലൈഃ | മുള്ളുകളാൽ |
| യഥാ തഥാ | എപ്രകാരമോ അപ്രകാരം |
| നിരന്തരം | ഇടതിങ്ങി |
| ലഗ്നൈഃ | ശരങ്ങൾകൊണ്ട് |
| സംഛിന്ന-സ്നായുബന്ധനം | ഞരമ്പുകെട്ടുകൾ മുറിഞ്ഞ് |
| രുധിരസംച്ഛവി | ചോരനിറമാന്ന് |
| ശ്യാവം | മഞ്ഞളിച്ച് |
| ക്ഷിതൌ | നിലത്ത് |
| നിപതിതം | വീണുകിടക്കുന്നു. |

വജ്രപ്രഹാരാഭിഹതോ വികീർണ്ണ ഇവ പർവ്വതഃ 52

ഹാ സ്വപ്നഃ സത്യമേവേദം ത്വം രാമേണ കഥം ഹതഃ 53

| | |
|---|---|
| "ത്വം | "നിന്തിരുവടി |
| കഥം | എങ്ങിനെയാണ് |
| രാമേണ | രാമനാൽ |
| ഹതഃ | മട്ടിക്കപ്പെട്ട് |
| വജ്രപ്രഹാരാഭിഹതഃ | വജ്രായുധത്താൽ അടിക്കപ്പെട്ട |
| പർവ്വതഃ ഇവ | പർവ്വതമെന്നപോലെ |
| വികീർണ്ണഃ | ചിതറിപ്പോയത്? |
| ഹാ സ്വപ്നഃ ഏവ | അയ്യോ, ഇത് സ്വപ്നം തന്നെ |
| ഇദം സത്യം | സംശയമില്ല. |

ത്വം മൃത്യോരപി മൃത്യുഃ സ്യാഃ കഥം മൃത്യുവശം ഗതഃ 54

| | |
|---|---|
| "ത്വം | "നിന്തിരുവടി |
| മൃത്യോഃ അപി | കാലന്നും |
| മൃത്യുഃ സ്യാഃ | കാലനാണല്ലൊ |
| കഥം | എങ്ങിനെയാണ് |
| മൃത്യുവശം ഗതഃ | കാലൻെറ കയ്യിലകപ്പെട്ടത്? |

ത്രൈലോക്യവസുഭോക്താരം ത്രൈലോക്യോദ്വേഗദം മഹത്

ജേതാരം ലോകപാലാനാം ക്ഷേപ്താരം ശങ്കരസ്യ ച 55

ദൃപ്താനാം നിഗ്രഹീതാരമാവിഷ്കൃതപരാക്രമം

ലോകക്ഷോഭയിതാരം ച നാദൈർഭൂതവിരാവിണം 56

ഓജസാ ദൃപ്തവാക്യാനാം വക്താരം രിപുസന്നിധൌ

സ്വയൂഥഭൃത്യവർഗ്ഗാണാം ഗോപ്താരം ഭീമകർമ്മണാം 57

ഹന്താരം ദാനവേന്ദ്രാണാം യക്ഷാണാം ച സഹസ്രശഃ

നിവാതകവചാനാം ച സംഗ്രഹീതാരമീശ്വരം 58

നൈകയജ്ഞവിലോപ്താരം ത്രാതാരം സ്വജനസ്യ ച

ധർമ്മവ്യവസ്ഥാഭേത്താരം മായാസ്രഷ്ടാരമാഹവേ 59

ദേവാസുരനൃകന്യാനാമാഹർത്താരം തതസ്തതഃ

ശത്രുസ്ത്രീശോകദാതാരം നേതാരം സ്വജനസ്യ ച 60

ലങ്കാദ്വീപസ്യ ഗോപ്താരം കർത്താരം ഭീമകർമ്മണാം

അസ്മാകം കാമഭോഗാനാം ദാതാരം രഥിനാം വരം 61

ഏവം പ്രഭാവം ഭർത്താരം ദൃഷ്ട്വാ രാമേണ പാതിതം
നഥിരാऽസ്മി യാ ഭേഹമിമം ധാരയാമി ഹതപ്രിയാ. 62

| | |
|---|---|
| "ത്രൈലോക്യ വസു- ഭോക്താരം | "ത്രൈലോക്യങ്ങളിലുള്ള സമ്പത്തിനേയും അനുഭവിക്കുന്നവനും |
| മഹത് ത്രൈലോ- ക്യാഭോഗദം | ത്രൈലോക്യത്തിന്നും അതിയായ ഭീതിയെ വിളയിച്ചവനും |
| ലോക- പാലാനാം ജേതാരം | ദിക്പാലന്മാരെ ജയിച്ചവനും |
| ശംകരസ്യ ച | പരമശിവനേയും |
| ക്ഷേപ്താരം | എതിർത്തവനും |
| ദൃപ്താനാം | ഗർവ്വം പൂണ്ടവനും |
| നിഗ്രഹീതാരം | അടക്കിയവനും |
| ആവിഷ്കൃത- പരാക്രമം | പരാക്രമത്തെ പ്രദർശിപ്പിച്ച് |
| ലോകക്ഷോഭ- യിതാരം ച | ലോകത്തെ കലക്കിമറിച്ചവനും |
| നാദൈഃ | അട്ടഹാസങ്ങൾ കൊണ്ട് |
| ഭൂതവിരാവിണം | പ്രാണികളെ നിലവിളിപ്പിക്കുന്നവനും |
| ഓജസാ | വീര്യത്താൽ |
| രിപുസന്നിധൌ | ശത്രുക്കളുടെ മുമ്പിൽ വെച്ച് |
| ദൃപ്തവാക്യാനാം വക്താരം | ഹുംകൃതിവാക്കുകൾ ഉരചെയ്യുന്നവനും |
| ഭീമകർമ്മണാം | ഭയങ്കര കൃത്യങ്ങളാന് |
| സ്വയൂഥഭൃത്യ- വർഗ്ഗാണാം | സ്വന്തം പടയാളികളേയും കിങ്കരന്മാരേയും |
| ഗോപ്താരം | രക്ഷിക്കുന്നവനും |
| സഹസ്രശഃ | ആയിരക്കണക്കായി |
| ദാനവേന്ദ്രാണാം | അസുരവീരന്മാരെയും |
| യക്ഷാണാം ച | യക്ഷന്മാരേയും |
| ഹന്താരം | കൊന്നവനും |
| നിവാത- കവചാനാം ച | നിവാത കവചന്മാരെയും |
| സംഗ്രഹീതാരം | അടക്കിയവനും |
| ഈശ്വരം | സർവ്വരേയും ആജ്ഞാപിക്കുന്നവനും |
| നൈകയജ്ഞ- വിലോപ്താരം | അനേകം യാഗങ്ങളെ മുടക്കിയവനും |
| സ്വജനസ്യ | സ്വജനത്തെ |
| ത്രാതാരം ച | കാത്തു രക്ഷിക്കുന്നവനും |
| ധർമ്മവ്യവസ്ഥാ- ഭേത്താരം | ധർമ്മത്തിന്റെ അതിരുകളെ തകർത്തവനും |
| ആഹവേ | പോരിൽ |
| മായാസ്രഷ്ടാരം | മായയെ സൃഷ്ടിക്കുന്നവനും |
| തതഃ തതഃ | അവിടവിടെ |
| ദേവാസുരനൃ- കന്യാനാം | ദേവകന്യകമാരേയും, അസുര കന്യകമാരെയും മനുഷ്യകന്യകമാരേയും |
| ആഹർത്താരം, | അപഹരിച്ചു കൊണ്ടുവന്നവനും |
| ശത്രുസ്ത്രീ- ശോക- ദാതാരം, | ശത്രുക്കളുടെ സ്ത്രീകൾക്ക് ദുഃഖത്തെ വിളയിക്കുന്നവനും, |
| സ്വജനസ്യ | സ്വജനത്തിന്നു് |
| നേതാരം ച, | നായകനും |
| ലങ്കാദ്വീപസ്യ | ലങ്കാദ്വീപിന്നു |
| ഗോപ്താരം | രക്ഷകനും |
| ഭീമകർമ്മണാം | ഘോരകൃത്യങ്ങളെ |
| കർത്താരം | ചെയ്യുന്നവനും |
| അസ്മാകം | ഞങ്ങൾക്ക് |
| കാമഭോഗാനാം | സുഖഭോഗങ്ങളെ |
| ദാതാരം | നൽകിയവനും |
| രഥിനാം വരം | തേരാളിവീരനും ആയ |
| ഏവം പ്രഭാവം | ഇപ്രകാരമുള്ള മഹിമയാന്ന |
| ഭർത്താരം | നാഥനെ |
| രാമേണ | രാമനാൽ |
| പാതിതം | വീഴ്ത്തപ്പെട്ടവനായി |
| ദൃഷ്ട്വാ | കണ്ടിട്ടും |
| യാ | യാതൊരു ഞാൻ |

സ്ഥിരാ അസ്മി കല്ലുപോലെയിരിക്കുന്നവളല്ലൊ;
ഹതപ്രിയാ പ്രേമമററവളായി,
ഇമം ദേഹം ഈ ദേഹത്തെ
ധാരയാമി. ഇനിയും വെച്ചുകൊണ്ടിരിക്കുന്നുവല്ലോ.

ശയനേഷു മഹാർഹേഷു ശയിത്വാ രാക്ഷസേശ്വര
ഇഹ കസ്മാത് പ്രസുപ്തോऽസി ധരണ്യാം രേണുപാടലഃ 63

"രാക്ഷസേശ്വര "രാക്ഷസമന്ന
മഹാർഹേഷു അത്യുത്കൃഷ്ടങ്ങളായ
ശയനേഷു പള്ളിമെത്തകളിൽ
ശയിത്വാ ശയിച്ചശേഷം,
ഇഹ ഇപ്പോൾ
ധരണ്യാം നിലത്തു്
രേണുപാടലഃ പൂഴിപുരണ്ടു് ചുവന്നു്
കസ്മാത് പ്രസുപ്തഃ അസി? എന്താണോ ഉറങ്ങിക്കിടക്കുന്നതു്?

യദാ മേ തനയഃ ശസ്തോ ലക്ഷ്മണേനേന്ദ്രജിദ്യുധി
തദാऽസ്മ്യഭിഹതാ തീവ്രമദ്യ ത്വസ്മിന്നിപാതിതാ. 64

"യദാ "എപ്പോൾ
യുധി പോരിൽ
മേ എന്റെ
തനയഃ പുത്രനായ
ഇന്ദ്രജിത് ഇന്ദ്രജിത്തു്
ലക്ഷ്മണേന ലക്ഷ്മണനാൽ
ശസ്തഃ ഹനിക്കപ്പെട്ടുവോ,
തദാ ആരഭ്യ അപ്പോൾ മുതല്ക്കു്
അഭിഹതാ അസ്മി ഞാൻ ഹതയായി;
അദ്യ ഇപ്പോഴാകട്ടെ
അസ്മിൻ തു ഇദ്ദേഹം വധിക്കപ്പെട്ടതിനാൽ
തീവ്രം നിപാതിതാ. ഞാൻ തീരെ നശിച്ചുപോയിരിക്കുന്നു.

സാऽഹം ബന്ധുജനൈർഹീനാ ഹീനാ നാഥേന തു ത്വയാ
വിഹീനാ കാമഭോഗൈശ്ച ശോചിഷ്യേ ശാശ്വതീഃ സമാഃ 65

"സാ അഹം "അപ്രകാരമുള്ള ഞാൻ
ബന്ധുജനൈഃ ഹീനാ ബന്ധുക്കളെ പിരിഞ്ഞവളായി
നാഥേന പ്രാണനാഥനായ
ത്വയാ ഹീനാ തു നിന്തിരുവടിയോടും വേറിട്ടവളായി
കാമഭോഗൈഃ സുഖാനുഭവങ്ങളാൽ
വിഹീനാ ച ഒഴിഞ്ഞവളായി
ശാശ്വതീഃ സമാഃ നീണാൾ
ശോചിഷ്യേ. അത്തൽപ്പെട്ടുവാൻ പോകുന്നു.

പ്രപന്നോ ദീർഘമധ്വാനം രാജന്നദ്യാസി ദുർഗ്ഗമം. 66

"രാജൻ "രാജാവെ
അദ്യ ഇപ്പോൾ
ദുർഗ്ഗമം പ്രയാസമേറിയ
ദീർഘം നെടുതായ
അധ്വാനം മാർഗ്ഗത്തെ
പ്രപന്നഃ അസി. അങ്ങു് കടന്നു.

നയ മാമപി ദുഃഖാർത്താം ന വർത്തിഷ്യേ ത്വയാ വിനാ. 67

"ദുഃഖാർത്താം "ദുഃഖാകുലിതയായ
മാം അപി എന്നേയും
നയ കൂടെക്കൊണ്ടുചെന്നാലും;
ത്വയാ വിനാ നിന്തിരുവടിയെക്കൂടാതെ
വർത്തിഷ്യേ ന. ഞാൻ ജീവനോടിരിക്കയില്ല.

കസ്മാത്ത്വം മാം വിഹായേഹ കൃപണാം ഗന്തുമിച്ഛസി. 68

| | | | |
|---|---|---|---|
| "ത്വം | "നിന്തിരുവടി | ഇഹ | ഇവിടെ |
| കസ്മാത് | എന്തുകൊണ്ടാണു് | വിഹായ | വിട്ടേച്ചു് |
| കൃപണാം | ദീനയായ | ഗന്തും | പോകുവാൻ |
| മാം | എന്നെ | ഇച്ഛസി? | തുനിയുന്നതു്? |

ദീനാം വിലപിതൈർമന്ദാം കിം വാ മാം നാഭിഭാഷസേ. 69

| | | | |
|---|---|---|---|
| "വിലപിതൈഃ | "മുറവിളികളാൽ | മാം | എന്നോടു് |
| ദീനാം | വാടിയ | കിം വാ | എന്താണു് |
| | | അഭിഭാഷസേ ന? | ഒന്നും പറയാതിരിക്കുന്നതു്? |
| മന്ദാം | മന്ദഭാഗ്യയായ | | |

ദൃഷ്ട്വാ ന ഖല്വസി ക്രുദ്ധോ മാമിഹാനവകുണ്ഠിതാം
നിർഗ്ഗതാം നഗരദ്വാരാത് പദ്ഭ്യാമേവാഗതാം പ്രഭോ. 70

| | | | |
|---|---|---|---|
| "പ്രഭോ | "പ്രഭോ | പദ്ഭ്യാം ഏവ | കാൽനടയായിത്തന്നെ |
| ഇഹ | ഇപ്പോൾ | ആഗതാം | എത്തിച്ചേർന്ന |
| നഗരദ്വാരാത് | പുരദ്വാരത്തിൽനിന്നു് | മാം ദൃഷ്ട്വാ | എന്നെ കണ്ടു് |
| അനവകുണ്ഠിതാം | മൂടുപടം ധരിക്കാതെ | ക്രുദ്ധഃ അസി ന ഖലു! | നിന്തിരുവടി കോപം പൂണ്ടിരിക്കുന്നില്ലല്ലോ! |
| നിർഗ്ഗതാം | പുറത്തുവന്നു് | | |

പശ്യേഷ്ടദാര ദാരാംസ്തേ ഭ്രഷ്ടലജ്ജാവകുണ്ഠിതാൻ
ബഹിർനിഷ്പതിതാൻ സർവ്വാൻ കഥം ദൃഷ്ട്വാ ന കുപ്യസി. 71

| | | | |
|---|---|---|---|
| "ഇഷ്ടദാര | "പത്നിമാരിൽ പ്രിയമാറുള്ളോവെ | ഭ്രഷ്ടലജ്ജാവകുണ്ഠിതാൻ | ലജ്ജവിട്ടു് മൂടുപടമിടാതെ |
| പശ്യ | തൃക്കൺപാർത്തരുളിയാലും; | ബഹിഃ നിഷ്പതിതാൻ | പുറത്തിറങ്ങിയവരായി |
| തേ | നിന്തിരുവടിയുടെ | ദൃഷ്ട്വാ | കണ്ടിട്ടും |
| ദാരാൻ | പത്നിമാർ | കഥം | എന്താണു് |
| സർവ്വാൻ | എല്ലാവരേയും | കുപ്യസി ന. | കോപിക്കാത്തതു്? |

അയം ക്രീഡാസഹായസ്തേഽനാഥോ ലാലപ്യതേ ജനഃ 72

| | | | |
|---|---|---|---|
| "തേ | "നിന്തിരുവടിക്കു് | ജനഃ | നാരീജനം |
| ക്രീഡാസഹായഃ | വിഹാരത്തിന്നു തക്കതായ | അനാഥഃ | നാഥനററതായി |
| അയം | ഈ | ലാലപ്യതേ. | ഉഴറുന്നു. |

ന ചൈനമാശ്വാസയസേ കിം വാ ന ബഹുമന്യസേ. 73

| | | | |
|---|---|---|---|
| "ഏനം | "ഈ സ്ത്രീജനത്തെ | ആശ്വാസയസേ ന | അങ്ങു് ആശ്വസിപ്പിക്കാതിരിക്കുന്നതു് |
| കിം വാ | എന്തുകൊണ്ടാണൊ | ബഹുമന്യസേ ന ച. | ഗണിക്കാതെയുമിരിക്കുന്നുവല്ലോ. |

യാസ്ത്വയാ വിധവാ രാജൻ കൃതാ നൈകാഃ കുലസ്ത്രിയഃ
പതിവ്രതാ ധർമ്മപരാ ഗുരുശുശ്രൂഷണേ രതാഃ
താഭിഃ ശോകാഭിതപ്താഭിഃ ശപ്തഃ പരവശം ഗതഃ 74

| | | | |
|---|---|---|---|
| "രാജൻ | "രാജാവേ | ത്വയാ | നിന്തിരുവടിയാൽ |
| പതിവ്രതാ: | പതിവ്രതകളും | വിധവാ: | നാഥനററവരാക്കി |
| ധർമ്മപരാ: | ധർമ്മതത്പരകളും | കൃതാ: | ചെയ്യപ്പെട്ടു; |
| ഗുരുശുശ്രൂഷണേ | വലിയവരെ ഉപചരിക്കുന്നതിൽ | ശോകാഭിതപ്താഭി: | ശോകത്താൽ പരിതപിക്കുന്നവരായ |
| രതാ: | താല്പര്യമുള്ളവരുമായ | താഭി: | അവരാൽ |
| യാ: | യാതൊരു | ശപ്ത: | ശപിക്കപ്പെട്ടു |
| നൈകാ: | അസംഖ്യം | പരവശം ഗത: | അങ്ങു ശത്രുവിന്നു അധീനനായി ഭവിച്ചു. |
| കുലസ്ത്രിയ: | കുലനാരിമാർ | | |

ത്വയാ വിപ്രകൃതാഭിര്യത് തദാ ശപ്തം തദാഗതം 75

| | | | |
|---|---|---|---|
| "ത്വയാ | "നിന്തിരുവടിയാൽ | തദാ | ആ സമയം |
| വിപ്രകൃതാഭി: | ദ്രോഹിക്കപ്പെട്ട | ശപ്തം | ശപിക്കപ്പെട്ടുവോ |
| യത് | യാതൊന്നു [അവരാൽ | തത് ആഗതം | ആയതു ഫലിച്ചു. |

പ്രവാദഃ സത്യ ഏവായം ത്വാം പ്രതി പ്രായശോ നൃപ
പതിവ്രതാനാം നാകസ്മാത് പതന്ത്യശ്രൂണി ഭൂതലേ. 76

| | | | |
|---|---|---|---|
| "നൃപ | "മന്നവ | പതന്തി ന' | പതിക്കയില്ല' എന്നു |
| പതിവ്രതാനാം | പതിവ്രതമാരുടെ | അയം പ്രവാദ: | ഈ ചൊല്ലു [ള്ള |
| അശ്രൂണി | കണ്ണീർതുള്ളികൾ | ത്വാം പ്രതി | നിന്തിരുവടിയുടെ |
| അകസ്മാത് | പഴുതേ | പ്രായശ: | തീരെ [സംഗതിയിൽ |
| ഭൂതലേ | നിലത്തു | സത്യ: ഏവ. | സത്യമായി. |

കഥം ച നാമ തേ രാജൻ ലോകാനാക്രമ്യ തേജസാ
നാരീചൗര്യമിദം ക്ഷുദ്രം കൃതം ശൌണ്ഡീര്യമാനിനാ. 77

| | | | |
|---|---|---|---|
| 'രാജൻ തേജസാ | 'രാജാവേ പരാക്രമ [ത്താൽ | തേ | നിന്തിരുവടിയാൽ |
| ലോകാൻ | ലോകങ്ങളെ | ഇദം ക്ഷുദ്രം | ഈ നിന്ദ്യമായ |
| ആക്രമ്യ | ആക്രമിച്ചു | നാരീചൗര്യം | സ്ത്രീചൗര്യം |
| ശൌണ്ഡീര്യമാനിനാ | വീര്യദർപ്പമാർന്ന | കഥം ച നാമ | എങ്ങിനെതന്നെയാണു |
| | | കൃതം | ചെയ്യപ്പെട്ടതു? |

അപനീയാശ്രമാദ്രാമം യന്മൃഗച്ഛദ്മനാ ത്വയാ
ആനീതാ രാമപത്നീ സാ തത്തേ കാതര്യലക്ഷണം. 78

| | | | |
|---|---|---|---|
| "ത്വയാ | "നിന്തിരുവടിയാൽ | ആനീതാ | കൊണ്ടുവരപ്പെട്ടു |
| മൃഗച്ഛദ്മനാ | മാനെന്നുള്ള ചതിയാൽ | യത് | എന്നുള്ള യാതൊരു |
| രാമം ആശ്രമാത് | രാമനെ ആശ്രമത്തിൽ [നിന്നു | തത് തേ | ആ പ്രവൃത്തി നിന്തിരുവടിയുടെ |
| അപനീയ | അകററി | കാതര്യലക്ഷണം | ഭീതിയെ വെളിവാക്കുന്നുണ്ടു. |
| സാ രാമപത്നീ | ആ രാമപത്നി | | |

കാതൎയ്യം ച ന തേ യുദ്ധേ കദാചിത് സംസ്മരാമ്യഹം
തത്തു ഭാഗ്യവിപൎയ്യാസാത് നൂനം തേ പക്വലക്ഷണം. 79

| | |
|---|---|
| "യുദ്ധേ | "പോരിൽ |
| തേ | നിന്തിരുവടിയ്ക്കു് |
| കാതൎയ്യം | ഭയമുണ്ടെന്നുള്ളതിനെ |
| കദാചിത് അപി ഒരിക്കലും | [കുറിച്ചു് |
| അഹം | ഞാൻ |
| സംസ്മരാമി ന ച | കരുതുന്നതേയില്ല; |
| നൂനം തു ഭാഗ്യവിപൎയ്യാസാത് | ഇപ്പോഴാകട്ടെ ഭാഗ്യക്കേടുകൊണ്ടു് |
| തത് | (രാമനെ അകററി സീതയെ കട്ടുകൊണ്ടുവന്നതായ) ആ കാതൎയ്യം |
| തേ | നിന്തിരുവടിയ്ക്കു് |
| പക്വലക്ഷണം. | നാശഹേതുവായ്ത്തീൎന്നു. |

അതീതാനാഗതാൎത്ഥജ്ഞോ വൎത്തമാനവിചക്ഷണഃ
മൈഥിലീമാഹൃതാം ദൃഷ്ട്വാ ധ്യാത്വാ നിശ്വസ്യ ചായതം 80
സത്യവാക് സ മഹാഭാഗോ ദേവരോ മേ യദബ്രവീത്
സോഽയം രാക്ഷസമുഖ്യാനാം വിനാശഃ പൎയ്യുപസ്ഥിതഃ
കാമക്രോധസമുത്ഥേന വ്യസനേന പ്രസംഗിനാ. 81

| | |
|---|---|
| "അതീതാനാഗതാൎത്ഥജ്ഞഃ | "ഭൂതഭവിഷ്യത്തുകളായ ഫലങ്ങളെ അറിയുന്നവനും |
| വൎത്തമാനവിചക്ഷണഃ | ഇപ്പോഴ് നടക്കുന്നവയെപ്പററിയും നന്നായറിയുന്നവനും |
| സത്യവാക് | സത്യം പറയുന്നവനും |
| മഹാഭാഗഃ ച | മഹാപുണ്യശാലിയും |
| സഃ മേ | ആ എന്റെ [ആയ |
| ദേവരഃ | ഭൎത്തൃസോദരൻ (വിഭീഷണൻ) |
| മൈഥിലീം | ജാനകിയെ |
| ആഹൃതാം | കൊണ്ടുവരപ്പെട്ടവളായി |
| ദൃഷ്ട്വാ ധ്യാത്വാ | കണ്ടു് ചിന്തപൂണ്ടു് |
| ആയതം നിശ്വസ്യ | നെടുവീൎപ്പിട്ടുകൊണ്ടു് |
| യത് | യാതൊന്നു് |
| അബ്രവീത് | ഉണൎത്തിച്ചുവോ |
| സഃ അയം | അപ്രകാരമുള്ള ഈ |
| വിനാശഃ | അത്യാപത്തു് |
| കാമക്രോധസമുത്ഥേന | കാമത്താലും ക്രോധത്താലും ഉളവായി |
| പ്രസംഗിനാ | അതോടു ചേൎന്നതായ |
| വ്യസനേന | ദുഃഖത്തോടുംകൂടി |
| രാക്ഷസമുഖ്യാനാം | രാക്ഷസോത്തമന്മാൎക്കു് |
| പൎയ്യുപസ്ഥിതഃ | നേരിട്ടു. |

നിൎവൃത്തസ്ത്വത്കൃതേഽനൎത്ഥഃ സോഽയം മൂലഹരോ മഹാൻ. 82

| | |
|---|---|
| "ത്വത്കൃതേ | "നിന്തിരുവടികാരണം |
| നിൎവൃത്തഃ | നേരിട്ടതായ |
| സഃ | അപ്രകാരമുള്ള |
| അയം | ഈ |
| മഹാൻ | മഹത്തായ |
| അനൎത്ഥഃ | ആപത്തു് |
| മൂലഹരഃ | വേരറുക്കുന്നതായി ഭവിച്ചു. |

ത്വയാ കൃതമിദം സൎവ്വമനാഥം രക്ഷസാം കുലം 83

| | |
|---|---|
| "ഇദം | "ഈ |
| രക്ഷസാം കുലം | രാക്ഷസകുലം |
| സൎവ്വം | മുഴുവനും |
| ത്വയാ | നിന്തിരുവടിയാൽ |
| അനാഥം കൃതം | നാഥനററതാക്കിച്ചെയ്യപ്പെട്ടു. |

ന ഹി ത്വം ശോചിതവ്യോ മേ പ്രഖ്യാതബലപൌരുഷഃ
സ്ത്രീസ്വഭാവാത്തു മേ ബുദ്ധിഃ കാരുണ്യേ പരിവത്തതേ. 84

| | | | |
|---|---|---|---|
| "പ്രഖ്യാത-ബലപൌരുഷഃ | "പേർകേട്ട ബലവും പൌരുഷവുമാന്ന | തു | എങ്കിലും |
| ത്വം ഹി | നിന്തിരുവടിയാകട്ടെ | സ്ത്രീസ്വഭാവാത് | സ്ത്രീസ്വഭാവത്താൽ |
| മേ | എന്നാൽ | മേ | എന്റെ |
| ശോചിതവ്യഃ ന | ശോചിക്കപ്പെടത്തക്കവനല്ല; | ബുദ്ധിഃ | ബുദ്ധി |
| | | കാരുണ്യേ പരിവത്തതേ. | ദൈന്യതപൂണ്ട് തത്തിക്കളിക്കുന്നു. |

സുകൃതം ദുഷ്കൃതം ച ത്വം ഗൃഹീത്വാ സ്വാം ഗതിം ഗതഃ
ആത്മാനമനുശോചാമി ത്വദ്വിയോഗേന ദുഃഖിതാ. 85

| | | | |
|---|---|---|---|
| "ത്വം ച | "നിന്തിരുവടിയാകട്ടെ | ഗതഃ | ചെന്നുകളഞ്ഞു; |
| സുകൃതം | പുണ്യത്തെയും | ത്വദ്-വിയോഗേന | നിന്തിരുവടിയുമായി പിരിഞ്ഞ് |
| ദുഷ്കൃതം | പാപത്തെയും | ദുഃഖിതാ | അത്തൽപ്പെട്ടവളായ ഞാൻ |
| ഗൃഹീത്വാ | കൈക്കൊണ്ട് | ആത്മാനം | എന്നെക്കുറിച്ചാണ് |
| സ്വാം ഗതിം | സ്വസ്ഥാനമായ വീരന്മാക്കരിയതായ സ്വർഗ്ഗത്തിലേയ്ക്ക് | അനുശോചാമി. | ദുഃഖിക്കുന്നതു്. |

സുഹൃദാം ഹിതകാമാനാം ന ശ്രുതം വചനം ത്വയാ
ഭ്രാതൄണാം ചാപി കാർത്സ്ന്യേന ഹിതമുക്തം ദശാനന 86

| | | | |
|---|---|---|---|
| "ദശാനന | "പത്തുമുഖങ്ങളുള്ളോവെ | ഉക്തം | പറയപ്പെട്ടതായ |
| | | ഹിതം വചനം | സദുപദേശത്തെ |
| ഹിതകാമാനാം | ക്ഷേമത്തെ ഉദ്ദേശിച്ചവരായ | കാർത്സ്ന്യേന | മുഴുവനും |
| | | ത്വയാ | നിന്തിരുവടിയാൽ |
| സുഹൃദാം ച | സുഹൃത്തുക്കളുടേയും | ശ്രുതം ന. | ചെവിക്കൊള്ളപ്പെടുകയുണ്ടായില്ല. |
| ഭ്രാതൄണാം അപി | സോദരന്മാരുടേയും | | |

ഹേത്വർത്ഥയുക്തം വിധിവച്ഛ്രേയസ്കരമദാരുണം
വിഭീഷണേനാഭിഹിതം ന കൃതം ഹേതുമത് ത്വയാ. 87

| | | | |
|---|---|---|---|
| "വിഭീഷണേന | വിഭീഷണനാൽ | അദാരുണം | മയമായും |
| വിധിവത് | ധമ്മംതെററാതെ | ഹേതുമത് | കാരണയുക്തമായും |
| ഹേത്വത്ഥ-യുക്തം | യുക്തമായ സാരത്തോടുകൂടിയതായും | അഭിഹിതം | ഉണത്തിക്കപ്പെട്ടതു് |
| | | ത്വയാ | നിന്തിരുവടിയാൽ |
| ശ്രേയസ്കരം | ഹിതകരമായും | കൃതം ന. | ചെയ്യപ്പെടുകയുണ്ടായില്ല. |

മാരീചകുംഭകർണ്ണാഭ്യാം വാക്യം മമ പിതുസ്തദാ
ന ശ്രുതം വീര്യമത്തേന തസ്യേദം ഫലമീദൃശം. 88

| | | | |
|---|---|---|---|
| "തദാ | "അന്ന് | വീര്യമത്തേന | വീര്യത്താൽ മതിമറന്ന നിന്തിരുവടിയാൽ |
| മാരീച-കുംഭകർണ്ണാഭ്യാം | മാരീചനോടും കുംഭകർണ്ണനോടുംകൂടി | ശ്രുതം ന | കയ്ക്കൊള്ളപ്പെട്ടില്ല; |
| മമ | എന്റെ | തസ്യ | അതിന്റെ |
| പിതുഃ വാക്യം | പിതാവിന്റെ (മയന്റെ) വാക്യവും, | ഫലം ഇദം | ഫലം ഇപ്പോഴാം |
| | | ഈദൃശം. | ഇപ്രകാരമായിരിക്കുന്നു. |

നീലജീമൂതസങ്കാശ പീതാംബര ശുഭാംഗദ
സ്വഗാത്രാണി വിനിക്ഷിപ്യ കിം ശേഷേ രുധിരാപ്ലുതഃ 89

| | | | |
|---|---|---|---|
| "നീലജീമൂത-സങ്കാശ | "കരിമുകിലൊത്തുള്ളോവെ | രുധിരാപ്ലുതഃ | ചോരയിൽ മുങ്ങിക്കുളിച്ച് |
| പീതാംബര | മഞ്ഞപ്പട്ടുടയാന്നുള്ളോവേ | സ്വഗാത്രാണി | തന്റെ അംഗങ്ങളെ |
| | | വിനിക്ഷിപ്യ | നീട്ടി ഇട്ടുംകൊണ്ടും |
| | | കിം | എന്താണ് |
| ശുഭാംഗദ | അഴകാന്ന തോൾവളകൾ പൂണ്ടുള്ളോവേ | ശേഷേ | ഇങ്ങിനെ പള്ളികൊണ്ടിരിക്കുന്നത്? |

പ്രസുപ്ത ഇവ ശോകാർത്താം കിം മാം ന പ്രതിഭാഷസേ. 90

| | | | |
|---|---|---|---|
| "ശോകാർത്താം | "ദുഃഖപീഡിതയായ | കിം | എന്താണ് |
| മാം | എന്നോട് | | |
| പ്രസുപ്തഃ ഇവ | പള്ളിക്കുറുപ്പാന്നവനെന്നപോലെ | പ്രതിഭാഷസേ ന. | ഒന്നും ഉരിയാടാതിരിക്കുന്നത്? |

മഹാവീര്യസ്യ ദക്ഷസ്യ സംയുഗേഷ്വപലായിനഃ
യാതുധാനസ്യ ദൌഹിത്ര കിം ച മാം നാഭ്യുദീക്ഷസേ. 91

| | | | |
|---|---|---|---|
| "മഹാവീര്യസ്യ | "മഹാവീര്യശാലിയും | ദൌഹിത്ര | പുത്രിയുടെ (കേകസിയുടെ)പുത്രനായുള്ളോവേ |
| സംയുഗേഷു | സമരങ്ങളിൽ | | |
| അപലായിനഃ | പിൻതിരിയാത്തവനും | മാം | എന്നെ |
| ദക്ഷസ്യ | ചതുരതയാന്നവനുമായ | കിം ച | എന്തുകൊണ്ടാണ് |
| യാതുധാനസ്യ | രാക്ഷസന്റെ (മാല്യവാന്റെ) | അഭ്യുദീക്ഷസേ ന | തൃക്കൺതുറന്ന് കടാക്ഷിക്കാതിരിക്കുന്നത്? |

ഉത്തിഷ്ഠോത്തിഷ്ഠ കിം ശേഷേ പ്രാപ്തേ പരിഭവേ നവേ 92

| | | | |
|---|---|---|---|
| "നവേ | "ഇതുവരേയും ഉണ്ടാകാത്തതായ | കിം | എന്താണോ |
| | | ശേഷേ | ഉറങ്ങിക്കിടക്കുന്നത്? |
| പരിഭവേ | അവമാനം | ഉത്തിഷ്ഠ | ഉണന്നാലും |
| പ്രാപ്തേ | നേരിട്ടിരിക്കെ | ഉത്തിഷ്ഠ | എഴുന്നേററാലും. |

അദ്യ വൈ നിർഭയാ ലങ്കാം പ്രവിഷ്ടാഃ സൂര്യരശ്മയഃ 93

| | | | |
|---|---|---|---|
| "അദ്യ വൈ | "ഇന്നുമാത്രമാണ് | നിർഭയാഃ | ഭീതിയററവയായി |
| | | ലങ്കാം | ലങ്കയിൽ |
| സൂര്യരശ്മയഃ | സൂര്യകിരണങ്ങൾ | പ്രവിഷ്ടാഃ | പ്രവേശിച്ചിരിക്കുന്നത്. |

യേന സൂദയസേ ശത്രൂൻ സമരേ സൂര്യവർച്ചസാ
വജ്രോ വജ്രനരസ്യേവ സോഽയം തേ സതതാർച്ചിതഃ 94
രണേ ശത്രുപ്രഹരണോ ഹേമജാലപരിഷ്കൃതഃ
പരിഘോ വ്യവകീർണ്ണസ്തേ ബാണൈശ്ഛിന്നഃ സഹസ്രധാ. 95

| | |
|---|---|
| "സൂര്യവർച്ചസാ | "സൂര്യതേജസ്സാർന്ന |
| യേന | യാതൊന്നുകൊണ്ട് |
| സമരേ | പോരിൽ |
| ശത്രൂൻ | ശത്രുക്കളെ |
| സൂദയസേ | അങ്ങ് നശിപ്പിച്ച |
| വജ്രധരസ്യ | ഇന്ദ്രന്റെ [വന്നുവോ |
| വജ്രഃ ഇവ | വജ്രായുധംപോലെയുള്ളതും |
| തേ | നിന്തിരുവടിയാൽ |
| സതതാർച്ചിതഃ | സദാ പൂജിക്കപ്പെട്ടതും |
| രണേ | പോരിൽ |
| ശത്രുപ്രഹരണഃ | ശത്രുക്കളെ മർദ്ദിക്കുന്നതും |
| ഹേമജാല-പരിഷ്കൃതഃ | തങ്കത്താൽ നന്നായലങ്കരിക്കപ്പെട്ടതുമായ |
| സഃ | അപ്രകാരമുള്ള |
| അയം തേ | ഈ നിന്തിരുവടിയുടെ |
| പരിഘഃ | പരിഘായുധം |
| ബാണൈഃ | ബാണങ്ങളാൽ |
| സഹസ്രധാ ഛിന്നഃ | ആയിരം നുറുങ്ങായി തകർന്ന് |
| വ്യവകീർണ്ണഃ | ചിതറിക്കിടക്കുന്നു. |

പ്രിയാമിവോപഗുഹ്യ ത്വാം ശേഷേ സമരമേദിനീം
അപ്രിയാമിവ കസ്മാച്ച മാം നേച്ഛസ്യഭിഭാഷിതും. 96

| | |
|---|---|
| "ത്വം | "നിന്തിരുവടി |
| പ്രിയാം ഇവ | പ്രിയയെഎന്നപോലെ |
| സമരമേദിനീം | അടർക്കളത്തെ |
| ഉപഗുഹ്യ | പുണർന്നുകൊണ്ട് |
| ശേഷേ | ശയിച്ചിരിക്കുന്നുവല്ലോ; |
| അപ്രിയാം ഇവ | സ്നേഹമില്ലാത്തവളോടെന്നപോലെ |
| മാം കസ്മാത് | എന്നോട് എന്തുകാരണം കൊണ്ടാണ് |
| അഭിഭാഷിതും ച | ഉരിയാടുവാനുംകൂടി |
| ഇച്ഛസി ന | ഇഷ്ടപ്പെടാതിരിക്കുന്നത്? |

ധിഗസ്തു ഹൃദയം യസ്യാ മമേദം ന സഹസ്രധാ
ത്വയി പഞ്ചത്വമാപന്നേ ഫലതേ ശോകപീഡിതം 97

| | |
|---|---|
| "ത്വയി | "നിന്തിരുവടി |
| പഞ്ചത്വം ആപന്നേ | തീപ്പെട്ടിരിക്കെ |
| യസ്യാഃ മമ | യാതൊരു എന്റെ |
| ശോകപീഡിതം | ദുഃഖപീഡിതമായ |
| ഇദം ഹൃദയം | ഈ ഹൃദയം |
| സഹസ്രധാ | ആയിരം നുറുങ്ങായി |
| ഫലതേ ന | പൊട്ടിത്തെറിക്കാതിരിക്കുന്നു. |
| ധിക് അസ്തു." | ഇത് കെട്ടജന്മംതന്നെ." |

ഇത്യേവം വിലപന്ത്യേവ ബാഷ്പവ്യാകുലലോചനാ
സ്നേഹാവസ്കന്നഹൃദയാ ദേവീ മോഹമുപാഗമത്. 98

| | |
|---|---|
| ദേവീ | മണ്ഡോദരീരാജ്ഞി |
| ഇതി ഏവം | ഇപ്രകാരമെല്ലാം |
| വിലപന്തീ ഏവ | പ്രലപിക്കുന്നവളായ്ത്തന്നെ |
| സ്നേഹാവ-സ്കന്നഹൃദയാ | പ്രേമത്താൽ ഉരുകിയ ചിത്തത്തോടുകൂടിയവളായി |
| ബാഷ്പവ്യാകുല ലോചനാ | അശ്രുക്കൾ നിറഞ്ഞ നേത്രങ്ങളാർന്നവളായി |
| മോഹം ഉപാഗമത് | മൂർച്ഛിച്ചു. |

കശ്മലാഭിഹതാ സന്നാ ബഭൗ സാ രാവണോരസി
സന്ധ്യാനുരക്തേ ജലദേ ദീപ്താ വിദ്യുദിവാസിതേ. 99

| | | | |
|---|---|---|---|
| രാവണോരസി | രാവണന്റെ മാറിൽ | സന്ധ്യാനുരക്തേ | സന്ധ്യാരാഗംപൂണ്ട |
| സന്നാ | പററിച്ചേർന്നു് | അസിതേ ജലദേ | കാർമേഘത്തിൽ [തായ |
| കശ്മലാഭിഹതാ | മൂർച്ഛിച്ചുവീണിരുന്ന | ദീപ്താ | ഒളിപൂണ്ട |
| സാ | അവൾ | വിദ്യുത് ഇവ | മിന്നലെന്നപോലെ |
| | | ബഭൗ. | വിലസി. |

തഥാഗതാം സമുത്പത്യ സപത്ന്യസ്താ ഭൃശാതുരാഃ
പര്യവസ്ഥാപയാമാസു രുദന്ത്യോ രുദതീം ഭൃശം. 100

| | | | |
|---|---|---|---|
| ഭൃശാതുരാഃ | അത്യധികം ദുഃഖം പൂണ്ടിരുന്നവരായ | ഭൃശം | അതിയായി |
| | | രുദതീം | പ്രലപിക്കുന്നവളായ |
| താഃ സപത്ന്യഃ | ആ സപത്നിമാർ | സമുത്പത്യ | അടുത്തു് [അവളെ |
| രുദന്ത്യഃ | കരഞ്ഞുംകൊണ്ടു് | പര്യവസ്ഥാപയാമാസുഃ. | സാന്ത്വനംചെയ്തു. |
| തഥാഗതാം | അപ്രകാരം വീണു് | | |

ന തേ സുവിദിതാ ദേവി ലോകാനാം സ്ഥിതിരധ്രുവാ
ദശാവിഭാഗപര്യായേ രാജ്ഞാം ചഞ്ചലയാ ശ്രിയാ. 101

| | | | |
|---|---|---|---|
| “ദേവി | “ദേവി | അധ്രുവാ | നിത്യമല്ലാത്തതായ |
| രാജ്ഞാം | രാജാക്കന്മാരുടെ | ലോകാനാം | ലോകർക്കുണ്ടാവുന്ന |
| ദശാവിഭാഗ-പര്യായേ | ജീവദശാവിഭാഗങ്ങൾ മാറുംവരുന്ന കാല | സ്ഥിതിഃ | അവസ്ഥ, |
| ചഞ്ചലയാ | അസ്ഥിരമായ [ത്തിൽ | തേ | നിന്തിരുവടിയാൽ |
| ശ്രിയാ | (അവരുടെ) ഐശ്വര്യത്തോടുകൂടി | സുവിദിതാ ന.” | ഉള്ളപോലെ അറിയപ്പെട്ടിട്ടില്ല.” |

ഇത്യേവമുച്യമാനാ സാ സശബ്ദം പ്രരുരോദ ഹ
സ്നാപയന്തീ ത്വഭിമുഖൗ സ്തനാവസ്രാംബുവിസ്രവൈഃ 102

| | | | |
|---|---|---|---|
| ഇതി ഏവം | ഇപ്രകാരം | അസ്രാംബു-വിസ്രവൈഃ | അശ്രുധാരകളാൽ |
| ഉച്യമാനാ | ഉരചെയ്യപ്പെടുന്നവ | | |
| സാ | ആ മണ്ഡോദരി [ളായ | സ്നാപയന്തീ | നനയ്ക്കുന്നവളായി |
| തു അഭിമുഖൗ | ആ സമയം നിവന്ന | സശബ്ദം | ഉറക്കെ |
| സ്തനൗ | തന്റെ സ്തനങ്ങളെ | പ്രരുരോദ ഹ | രോദനംചെയ്തു. |

ഏതസ്മിന്നന്തരേ രാമോ വിഭീഷണമുവാച ഹ
സംസ്കാരഃ ക്രിയതാം ഭ്രാതുഃ സ്ത്രിയശ്ചൈതാ നിവർത്തയ 103

| | | | |
|---|---|---|---|
| ഏതസ്മിൻ | ഈ | “ഏതാഃ | “ഈ |
| അന്തരേ | സമയം | സ്ത്രിയഃ | സ്ത്രീകളെ |
| രാമഃ ച | ശ്രീരാമനും | നിവർത്തയ | പറഞ്ഞയയ്ക്കുക; |
| വിഭീഷണം | വിഭീഷണനെനോക്കി | ഭ്രാതുഃ | ജ്യേഷ്ഠനു് |
| ഉവാച ഹ | ഇപ്രകാരം അരുളിച്ചെയ്തു; | സംസ്കാരഃ | അപരക്രിയ |
| | | ക്രിയതാം.” | ചെയ്യപ്പെടട്ടെ.” |

തം പ്രശ്രിതസ്തതോ രാമം ശ്രുതവാക്യോ വിഭീഷണഃ
വിമൃശ്യ ബുദ്ധ്യാ ധർമ്മജ്ഞോ ധർമ്മാർത്ഥസഹിതം വചഃ
രാമസ്യൈവാനുവൃത്ത്യർത്ഥമുത്തരം പ്രത്യഭാഷത 104

| | | | |
|---|---|---|---|
| തതഃ | അപ്പോൾ | രാമസ്യ | ശ്രീരാമന്റെ |
| ശ്രുതവാക്യഃ | ആ മൊഴികേട്ട | അനുവൃത്ത്യർത്ഥം ഏവ | അനുമതിക്കായിതന്നെ |
| ധർമ്മജ്ഞഃ | ധർമ്മജ്ഞനായ | ധർമ്മാർത്ഥ-സഹിതം | ധർമ്മതത്വമടങ്ങിയതായ |
| വിഭീഷണഃ | വിഭീഷണൻ | വചഃ | വാക്യത്തെ |
| തം രാമം | ആ ശ്രീരാമനെ | ഉത്തരം | മറുപടിയായി |
| പ്രശ്രിതഃ | വണങ്ങിയവനായി | പ്രത്യഭാഷത. | ഉണർത്തിച്ചു. |
| ബുദ്ധ്യാ | ബുദ്ധികൊണ്ടു് | | |
| വിമൃശ്യ | നിശ്ചയിച്ചുകൊണ്ടു് | | |

ത്യക്തധർമ്മവ്രതം ക്രൂരം നൃശംസമനൃതം തഥാ
നാഹമർഹോഽസ്മി സംസ്കർത്തും പരദാരാഭിമർശനം. 105

| | | | |
|---|---|---|---|
| "ത്യക്തധർമ്മ-വ്രതം | "ധർമ്മനിഷ്ഠകളെ പരിത്യജിച്ചവനും | തഥാ | അപ്രകാരംതന്നെ |
| ക്രൂരം | ക്രൂരനും | പരദാരാഭി-മർശനം | പരദാരങ്ങളെ തീണ്ടുന്നവനുമായ ഇവനെ |
| നൃശംസം | ഘാതകനും | സംസ്കർത്തും | സംസ്കരിക്കുന്നതിന്നു് |
| അനൃതം | ചതിയനും | അഹം അർഹഃ അസ്മി ന. | ഞാൻ അർഹനല്ല. |

ഭ്രാതൃരൂപോ ഹി മേ ശത്രുരേഷ സർവ്വാഹിതേ രതഃ
രാവണോ നാർഹതേ പൂജാം പൂജ്യോഽപി ഗുരുഗൌരവാത് 106

| | | | |
|---|---|---|---|
| "ഗുരു-ഗൌരവാത് | "ജ്യേഷ്ഠനെന്നുള്ള ഗൌരവത്താൽ | മേ | എനിക്കു് |
| പൂജ്യഃ അപി | പൂജിക്കത്തക്കവനെന്നിരുന്നാലും | ഭ്രാതൃരൂപഃ | ജ്യേഷ്ഠനെന്ന രൂപത്തിൽ |
| സർവ്വാഹിതേ | സർവ്വർക്കും ആപത്തു വിളയിക്കുന്നതിൽ | ശത്രുഃ ഹി | ശത്രുമാത്രമായുള്ളവനുമായ |
| രതഃ | താല്പര്യംപൂണ്ടവനും | ഏഷഃ രാവണഃ | ഈ രാവണൻ, |
| | | പൂജാം അർഹതേ ന. | പൂജിക്കത്തക്കവനല്ല. |

നൃശംസ ഇതി മാം രാമ വക്ഷ്യന്തി മനുജാ ഭുവി
ശ്രുത്വാ തസ്യാഗുണാൻ സർവ്വേ വക്ഷ്യന്തി സുകൃതം പുനഃ 107

| | | | |
|---|---|---|---|
| "രാമ | ശ്രീരാമ | തസ്യ | അവന്റെ |
| ഭുവി | ലോകത്തിൽ | അഗുണാൻ | ദുർഗ്ഗുണങ്ങളെ |
| മനുജാഃ മാം | ആളുകൾ എന്നെ | ശ്രുത്വാ പുനഃ | കേട്ടതിൽപിന്നെ |
| നൃശംസഃ ഇതി | ദുഷ്ടനെന്നു് | സുകൃതം | എന്നെ നല്ലവനെന്നുതന്നെ |
| വക്ഷ്യന്തി | പറയുമായിരിക്കാം; | | |
| സർവ്വേ | എല്ലാവരും | വക്ഷ്യന്തി | പറയാതിരിക്കയില്ല. |

തച്ഛ്രുത്വാ പരമപ്രീതോ രാമോ ധൎമ്മഭൃതാം വരഃ
വിഭീഷണമുവാചേദം വാക്യജ്ഞോ വാക്യകോവിദം. 108

| | | | |
|---|---|---|---|
| വാക്യജ്ഞഃ | വാക്യകുശലനും | പരമപ്രീതഃ | അതിസന്തുഷ്ടനായി |
| ധൎമ്മഭൃതാം | ധൎമ്മനിരതന്മാരിൽ | വാക്യകോവിദം | വാക്യജ്ഞനായ |
| വരഃ രാമഃ | ഉത്തമനുമായ ശ്രീരാമൻ | വിഭീഷണം | വിഭീഷണനോടായി |
| തത് ശ്രുത്വാ | അതുകേട്ട്, | ഇദം ഉവാച. | ഇപ്രകാരം അരുളിച്ചെയ്തു: |

ത്വയാപി മേ പ്രിയം കാൎയ്യം ത്വത്പ്രഭാവാച്ച മേ ജിതം
അവശ്യം തു ക്ഷമം വാച്യോ മയാ ത്വം രാക്ഷസേശ്വരഃ 109

| | | | |
|---|---|---|---|
| "ത്വയാ അപി | "ഭവാനും | മയാ | എന്നാൽ |
| പ്രിയം | പ്രിയമായുള്ളത് | രാക്ഷസേശ്വരഃ | രാക്ഷസേശ്വരനായ |
| മേ കാൎയ്യം | എന്നാൽ ചെയ്യപ്പെടേണ്ടതാണ്; | ത്വം അവശ്യം | അങ്ങ് നിശ്ചയമായും |
| ത്വത്പ്രഭാവാത് | ഭവാന്റെ പ്രഭാവം | തു | ഇക്കാൎയ്യത്തിൽ |
| മേ | എനിക്ക് [കൊണ്ടാണ് | ക്ഷമം | ഉചിതമായതുതന്നെ |
| ജിതം | ജയം സിദ്ധിച്ചത്; | വാച്യഃ. | പറയപ്പെടേണ്ടവനാണ്. |
| ച | ആകയാൽ | | |

[ഭവാനും ഹിതകരമായ രാജ്യാഭിഷേകം സുഗ്രീവനെന്നപോലെ എന്നാൽ ചെയ്യപ്പെടേണ്ടതായുണ്ട്; ആകയാൽ അഭിഷേകസമ്പാദനയോഗ്യമായ പ്രേതശുദ്ധി വരുത്തുന്നതായ കൃത്യത്തെ ഭവാൻ എന്നാൽ ഉപദേശിക്കപ്പെടേണ്ടവനാകുന്നു, എന്നു തിലകം ]

അധൎമ്മാനൃതസംയുക്തഃ കാമം ത്വേഷ നിശാചരഃ
തേജസ്വീ ബലവാൻ ശൂരഃ സംയുഗേഷു ച നിത്യശഃ 110

| | | | |
|---|---|---|---|
| "ഏഷഃ | "ഈ | തേജസ്വീ | പൌരുഷശാലിയും |
| നിശാചരഃ | രാക്ഷസൻ | ബലവാൻ | ശക്തിമാനും |
| അധൎമ്മാനൃതസംയുക്തഃ | അധൎമ്മവും അസത്യവും ഉള്ളവൻ എന്നുള്ളത് | സംയുഗേഷു | യുദ്ധങ്ങളിൽ |
| കാമം | വാസ്തവംതന്നെ; | നിത്യശഃ ച | എപ്പോഴുംതന്നെ |
| തു | എങ്കിലും | ശൂരഃ | ശൂരനുമാകുന്നു. |

ശതക്രതുമുഖൈൎദ്ദേവൈഃ ശ്രൂയതേ ന പരാജിതഃ
മഹാത്മാ ബലസമ്പന്നോ രാവണോ ലോകരാവണഃ 111

| | | | |
|---|---|---|---|
| "ലോകരാവണഃ | "ലോകപീഡകനും | ശതക്രതുമുഖൈഃ | ഇന്ദ്രൻ മുമ്പായ |
| മഹാത്മാ | മഹാധൈൎയ്യശാലിയും | ദേവൈഃ | ദേവന്മാരാലും |
| ബലസമ്പന്നഃ | ശക്തിവായ്ച്ചവനുമായ | പരാജിതഃ | തോല്പിക്കപ്പെട്ടതായി |
| രാവണഃ | രാവണൻ, | ശ്രൂയതേ ന. | കേൾക്കപ്പെടുന്നില്ല. |

മരണാന്താനി വൈരാണി നിർവൃത്തം നഃ പ്രയോജനം
ക്രിയതാമസ്യ സംസ്കാരോ മമാപ്യേഷ യഥാ തവ. 112

| | | | |
|---|---|---|---|
| "വൈരാണി | "വൈരങ്ങളെല്ലാം | തവ | ഭവാനു് |
| മരണാന്താനി | മരണപര്യ്യന്തം മാത്രമാണു്; | യഥാ | എപ്രകാരമോ അപ്രകാരംതന്നെയാണു് |
| നഃ | നമുക്കു് | മമ അപി | എനിക്കും; |
| പ്രയോജനം | ഉദ്ദേശിച്ച കാര്യ്യം | അസ്യ | ഇവന്നു് |
| നിർവൃത്തം | സാദ്ധ്യമായ്ക്കഴിഞ്ഞു; | സംസ്കാരഃ | അപരക്രിയ |
| ഏഷഃ | ഈ രാവണൻ | ക്രിയതാം. | ചെയ്യപ്പെടട്ടെ. |

ത്വത്സകാശാദ്ദശഗ്രീവഃ സംസ്കാരം വിധിപൂർവ്വകം
പ്രാപ്തുമർഹതി ധർമ്മജ്ഞ ത്വം യശോഭാഗ്ഭവിഷ്യസി. 113

| | | | |
|---|---|---|---|
| "ധർമ്മജ്ഞ | "ധർമ്മങ്ങളെ ഗ്രഹിച്ചവനെ | സംസ്കാരം പ്രാപ്തും | സംസ്കരിക്കപ്പെടുവാൻ |
| ദശഗ്രീവഃ | ദശകണ്ഠൻ | അർഹതി | അർഹിക്കുന്നു; |
| ത്വത്-സകാശാത് | ഭവാന്റെ കൈകൊണ്ടു് | ത്വം | അങ്ങു് |
| | | യശോഭാക് | കീർത്തിമാനായി |
| വിധിപൂർവ്വകം | വിധിപോലെ | ഭവിഷ്യസി." | ഭവിക്കുന്നതാണു്." |

രാഘവസ്യ വചഃ ശ്രുത്വാ ത്വരമാണോ വിഭീഷണഃ
സംസ്കാരേണാനുപൂർവ്വേണ യോജയാമാസ രാവണം. 114

| | | | |
|---|---|---|---|
| വിഭീഷണഃ | വിഭീഷണൻ | അനുരൂപേണ | യായജൂകന്നു് തക്കപോലെയുള്ള |
| രാഘവസ്യ | ശ്രീരാഘവന്റെ | | |
| വചഃ ശ്രുത്വാ | വാക്കു കേട്ടു് | സംസ്കാരേണ | സംസ്കാരത്തെ |
| ത്വരമാണഃ | ഉള്ളം തുടിക്കുന്നവനായി, | രാവണം | രാവണന്നായിക്കൊണ്ടു് |
| | | യോജയാമാസ. | ഏർപ്പെടുത്തി. |

ചിതാം ചന്ദനകാഷ്ഠാനാം പത്മകോശീരസംവൃതാം
ബ്രാഹ്മ്യാ സംവേശയാം ചക്രൂ രാങ്കവാസ്തരണാവൃതാം. 115

| | | | |
|---|---|---|---|
| പത്മകോശീര-സംവൃതാം | പതിമുകം, രാമച്ചം എന്നവ പരത്തപ്പെട്ടതും | ചന്ദനകാഷ്ഠാനാം | ചന്ദനമുട്ടികൾകൊണ്ടുള്ള |
| | | ചിതാം | ചിതയെ |
| | | ബ്രാഹ്മ്യാ | വേദവിധിപ്രകാരം |
| രാങ്കവാസ്തരണാവൃതാം | മാൻതോൽ വിരിക്കപ്പെട്ടതുമായ | സംവേശയാം ചക്രുഃ | നിർമ്മിച്ചു. |

വർത്തതേ വേദവിഹിതോ രാജ്ഞോ വൈ പശ്ചിമഃ ക്രതുഃ
പ്രചക്രൂ രാക്ഷസേന്ദ്രസ്യ പിതൃമേധമനുക്രമം. 116

| | | | |
|---|---|---|---|
| രാജ്ഞഃ വൈ | അരചന്റെ | രാക്ഷസേന്ദ്രസ്യ | രാക്ഷസേശ്വരന്നു് |
| പശ്ചിമഃ ക്രതുഃ | ചരമയജ്ഞം | പിതൃമേധം | പിതൃമേധ സംസ്കാരത്തെ |
| വേദവിഹിതഃ | വേദവിധിപ്രകാരം തന്നെ | അനുക്രമം | മുറപോലെ |
| വർത്തതേ | ആരംഭിക്കപ്പെടുകയായി; | പ്രചക്രുഃ. | അവർ നടത്തി. |

വേദിം ച ദക്ഷിണപ്രാച്യാം യഥാസ്ഥാനം ച പാവകം
പൃഷദാജ്യേന സംപൂർണ്ണം സ്രുവം സർവ്വേ പ്രചിക്ഷിപുഃ 117

| | | | |
|---|---|---|---|
| സർവ്വേ | എല്ലാവരും | പാവകം ച | അഗ്നിയേയും |
| ദക്ഷിണ-പ്രാച്യാം | തെക്കേ കിഴക്കേ ഭാഗത്തിൽ | പൃഷദാജ്യേന | തയിർകലർന്ന നെയ്യ[കൊണ്ട |
| വേദിം ച | വേദിയേയും | സംപൂർണ്ണം | നിറഞ്ഞതായ |
| യഥാസ്ഥാനം | അതാതു ദിക്കിൽ | സ്രുവം ച | കരണ്ടിയേയും |
| | | പ്രചിക്ഷിപുഃ. | സ്ഥാപിച്ചു. |

["യഥാസ്ഥാനം പാവകം":- തെക്കേകിഴക്ക് ആഹവനീയാഗ്നിയേയും വടക്കേപടിഞ്ഞാറ ഗാർഹപത്യാഗ്നിയേയും തെക്കേപടിഞ്ഞാറ് ദക്ഷിണാഗ്നിയേയും നിക്ഷേപിക്കണമെന്ന് സൂത്രം. "ദക്ഷിണപൂർവ്വദേശേ ആഹവനീയം നിദധാതി. ഉത്തരപശ്ചിമേ ഗാർഹപത്യം. ദക്ഷിണപശ്ചിമേ ദക്ഷിണാഗ്നിം.]

പാദയോഃ ശകടം പ്രാദുരന്തരുർവ്വോരുലൂഖലം
ദാരുപാത്രാണി സർവ്വാണി അരണിം ചോത്തരാരണിം. 118

| | | | |
|---|---|---|---|
| പാദയോഃ | പാദങ്ങളിൽ | സർവ്വാണി | എല്ലാ |
| ശകടം | (സോമരാജാനയനത്തിനുള്ള) ശകടത്തേയും | ദാരുപാത്രാണി | മരപ്പാത്രങ്ങളേയും |
| ഊർവ്വോഃ അന്തഃ | തുടകളുടെ ഇടകളിൽ | അരണിം | (തീ കടഞ്ഞുണ്ടാക്കുവാനുള്ള) അരണിയേയും |
| ഉലൂഖലം | (യജ്ഞത്തിന്നുള്ള നെല്ലുകുത്തുവാനുള്ള) ഉരലിനേയും | ഉത്തരാരണിം ച | ഉത്തരാരണിയേയും |
| | | പ്രാദുഃ. | വെച്ചു. |

ദത്വാ തു മുസലം ചാന്യദ്യഥാസ്ഥാനം വിചക്ഷണാഃ
ശാസ്ത്രദൃഷ്ടേന വിധിനാ മഹർഷിവിഹിതേന ച. 119
തത്ര മേധ്യം പശും ഹത്വാ രാക്ഷസേന്ദ്രസ്യ രാക്ഷസാഃ
പരിസ്തരണികാം രാജ്ഞോ ഘൃതാക്താം സമവേശയൻ. 120

| | | | |
|---|---|---|---|
| വിചക്ഷണാഃ | പഠിച്ചറിവുള്ളവരായ | വിധിനാ | വിധിപ്രകാരവും |
| രാക്ഷസാഃ | രാക്ഷസർ | മഹർഷി-വിഹിതേന ച | മഹർഷികളാൽ പറയപ്പെട്ട പ്രകാരവും |
| മുസലം തു | ഉലയ്ക്കയേയും | മേധ്യം | പരിശുദ്ധമായ |
| അന്യത് ച | മറെറാരു ചാതുർമ്മാസ്യമുസലത്തേയും | പശും | ഒരു യജ്ഞപശുവിനെ (ആട്ടിനെ) |
| യഥാസ്ഥാനം | അതാതു സ്ഥാനത്തിൽ | | |
| ദത്വാ | വെച്ച് | ഹത്വാ | കൊന്ന് |
| തത്ര | ആ സമയം | രാജ്ഞഃ | അരചനായ്ക്കൊണ്ട് |
| രാക്ഷസേന്ദ്രസ്യ | രക്ഷോനാഥന്ന് | ഘൃതാക്താം | നെയ്യിൽ മുക്കിയതായ |
| ശാസ്ത്രദൃഷ്ടേന | ശാസ്ത്രത്തിൽ പറയപ്പെട്ട | പരിസ്തരണികാം | പരിസ്തരണത്തേയും |
| | | സമവേശയൻ | അർപ്പിച്ചു. |

["ഘൃതാക്താം പരിസ്തരണികാം സമവേശയൻ":- യജ്ഞപശുവേ ഹോമിച്ചശേഷം, അഗ്നിക്കുചുററം വെച്ചതായ പരിസ്തരണത്തെ അഗ്നിയിൽ ഹോമിച്ചു; "വപാസ്യമുഖം പൌർണ്ണോതി" എന്ന ശ്രുതിവാക്യപ്രകാരം, മുഖത്തെ പരിസ്തരണംചെയ്‌വാനുള്ള വപയെ രാജാവിൻെറ മുഖത്തിൽ അർപ്പിച്ചു; നെയ്യിൽമുക്കിയ തുണികൊണ്ട് രാജാവിനെ പുതച്ചു ഇത്യാദിയും വ്യാഖ്യാനങ്ങളാം.]

ഗന്ധൈർമാല്യൈരലങ്കൃത്യ രാവണം ദീനമാനസാഃ
വിഭീഷണസഹായാസ്തേ വസ്ത്രൈശ്ച വിവിധൈരപി
ലാജൈശ്ചാവകിരന്തി സ്മ ബാഷ്പപൂർണ്ണമുഖാസ്തദാ. 121

| | | | |
|---|---|---|---|
| തദാ | ആ സമയം | ഗന്ധൈഃ | സുഗന്ധദ്രവ്യങ്ങൾ കൊണ്ടും |
| ദീനമാനസാഃ | വാടിയ മനസ്സോടുകൂടിയവരായി | മാല്യൈഃ ച | പുഷ്പങ്ങൾകൊണ്ടും |
| ബാഷ്പ-പൂർണ്ണമുഖാഃ | അശ്രുക്കൾ നിറഞ്ഞ മുഖമാർന്നവരായി | വിവിധൈഃ അപി | പല |
| വിഭീഷണ-സഹായാഃ | വിഭീഷണസഹായികളായ | വസ്ത്രൈഃ ച | വസ്ത്രങ്ങൾകൊണ്ടും |
| തേ | അവർ | അലംകൃത്യ | അലങ്കരിച്ച് |
| രാവണം | രാവണനെ | ലാജൈഃ ച | നെൽപൊരികൾ കൊണ്ടും |
| | | അവകിരന്തി സ്മ. | തൂകി. |

ദദൗ ച പാവകം തസ്യ വിധിയുക്തം വിഭീഷണഃ 122

| | | | |
|---|---|---|---|
| വിഭീഷണഃ ച | വിഭീഷണനും | വിധിയുക്തം | വിധിപോലെ |
| തസ്യ | ആ രാവണന്ന് | പാവകം ദദൗ. | അഗ്നിപ്രദാനംചെയ്തു. |

സ്നാത്വാ ചൈവാർദ്രവസ്ത്രേണ തിലാൻ ദൂർവാഭിമിശ്രിതാൻ
ഉദകേന ച സമ്മിശ്രാൻ പ്രദായ വിധിപൂർവ്വകം 123
പ്രദായ ചോദകം തസ്മൈ മൂർദ്ധ്നാ ചൈനം നമസ്യ ച
താഃ സ്ത്രിയോഽനുനയാമാസ സാന്ത്വമുക്ത്വാ പുനഃ പുനഃ 124
ഗമ്യതാമിതി താഃ സർവ്വാ വിവിശുർനഗരം തദാ. 125

| | | | |
|---|---|---|---|
| തദാ | അപ്പോൾ | പ്രദായ | ചെയ്ത് |
| സ്നാത്വാ | സ്നാനംചെയ്ത് | ഏനം | ഇവനെ |
| ആർദ്ര-വസ്ത്രേണ ച ഏവ | ഈറനോടുകൂടിത്തന്നെ | മൂർദ്ധ്നാ ച | തലകുമ്പിട്ട് |
| | | നമസ്യ ച | നമസ്കരിച്ച് |
| | | താഃ സ്ത്രിയഃ | ആ സ്ത്രീകളോടായി |
| തസ്മൈ | അവന്ന് | പുനഃ പുനഃ | വീണ്ടും വീണ്ടും |
| തിലാൻ | എള്ളിൻമണികളേയും | സാന്ത്വം ഉക്ത്വാ | സമാധാനവാക്കു ചെയ്ത് |
| ദൂർവ്വാഭി-മിശ്രിതാൻ | കറുകയോടു കലർന്ന് | "ഗമ്യതാം" | "പോയാലും" |
| ഉദകേന സംമിശ്രാൻ ച | വെള്ളംചേർത്ത് | ഇതി | എന്നും |
| | | അനുനയാമാസ | മെല്ലെ പറഞ്ഞയച്ചു. |
| പ്രദായ | നൽകിയശേഷം | താഃ സർവ്വാഃ | അവർ എല്ലാവരും |
| ഉദകം ച | ഉദകക്രിയയേയും | നഗരം | നഗരത്തിൽ |
| വിധിപൂർവ്വകം | വിധിപ്രകാരം | വിവിശുഃ. | പ്രവേശിച്ചു. |

പ്രവിഷ്ടാസു ച സർവ്വാസു രാക്ഷസീഷു വിഭീഷണഃ
രാമപാർശ്വമുപാഗമ്യ തദാഽതിഷ്ഠദ്വിനീതവത്. 126

| | | | |
|---|---|---|---|
| തദാ | ആ സമയം | രാമപാർശ്വം | ശ്രീരാമന്റെ അരികിൽ |
| രാക്ഷസീഷു | രാക്ഷസികൾ | | |
| സർവ്വാസു | എല്ലാം | ഉപാഗമ്യ | വന്നു് |
| പ്രവിഷ്ടാസു ച | ഉൾപ്പുക്കാറെ | വിനീതവത് | വിനയപൂർവ്വം |
| വിഭീഷണഃ | വിഭീഷണൻ | അതിഷ്ഠത്. | കാത്തുനിന്നു. |

രാമോ ഽപി സഹ സൈന്യേന സസുഗ്രീവഃ സലക്ഷ്മണഃ
ഹർഷം ലേഭേ രിപും ഹത്വാ യഥാ വൃത്രം ശതക്രതുഃ 127

| | | | |
|---|---|---|---|
| രാമഃ അപി | ശ്രീരാമനും | ശതക്രതുഃ വൃത്രം | ഇന്ദ്രൻ വൃത്രാസുരനെ |
| സൈന്യേന സഹ | സൈന്യസമേതനായി | യഥാ | എന്നപോലെ |
| സസുഗ്രീവഃ | സുഗ്രീവനോടുകൂടിയും | രിപും ഹത്വാ | ശത്രുസംഹാരംചെയ്തു് |
| സലക്ഷ്മണഃ, | ലക്ഷ്മണസഹിതനായും | ഹർഷം ലേഭേ. | ആനന്ദമുൾക്കൊണ്ടു. |

**ഇത്യാർഷേ ശ്രീമദ്രാമായണേ വാൽമീകീയേ ആദികാവ്യേ യുദ്ധകാണ്ഡേ ചതുർദശോത്തരശതതമഃ സർഗ്ഗഃ=നൂററിപ്പതിനാലാംസർഗ്ഗം സമാപ്തം.**

**ആദ്യംമുതൽ ശ്ലോകസംഖ്യ 20000; യുദ്ധകാണ്ഡം ആദ്യംമുതൽ ശ്ലോകസംഖ്യ 5325**

—(൦൦)—

## പഞ്ചദശോത്തരശതതമഃ സർഗ്ഗഃ = നൂററിപ്പതിനഞ്ചാംസർഗ്ഗം

[വിഭീഷണാഭിഷേകഃ=വിഭീഷണപട്ടാഭിഷേകം.]

തേ രാവണവധം ദൃഷ്ട്വാ ദേവഗന്ധർവ്വദാനവാഃ
ജഗ്മുഃ സ്വൈഃ സ്വൈർവിമാനൈസ്തേ കഥയന്തഃ ശുഭാഃ കഥാഃ 1

| | | | |
|---|---|---|---|
| തേ | ആ | സ്വൈഃ സ്വൈഃ | തങ്ങൾ തങ്ങടെ |
| ദേവഗന്ധർവ്വദാനവാഃ | ദേവന്മാരും ഗന്ധർവ്വന്മാരും അസുരന്മാരും | വിമാനൈഃ | വിമാനങ്ങളോടുകൂടി |
| രാവണവധം | രാവണവധത്തെ | ശുഭാഃ കഥാഃ | സത്കഥകളെ |
| ദൃഷ്ട്വാ തേ | വീക്ഷിച്ചശേഷംഅവർ | കഥയന്തഃ | പറഞ്ഞുംകൊണ്ടു് |
| | | ജഗ്മുഃ | തിരിച്ചു ചെന്നു. |

രാവണസ്യ വധം ഘോരം രാഘവസ്യ പരാക്രമം
സുയുദ്ധം വാനരാണാം ച സുഗ്രീവസ്യ ച മന്ത്രിതം. 2
അനുരാഗം ച വീര്യം ച മാരുതേർലക്ഷ്മണസ്യ ച
കഥയന്തോ മഹാഭാഗാ ജഗ്മുർഹൃഷ്ടാ യഥാഗതം. 3

| | | | |
|---|---|---|---|
| ഹൃഷ്ടാഃ | ആനന്ദമുൾക്കൊണ്ടവരായ | പരാക്രമം | പരാക്രമത്തെക്കുറിച്ചും |
| മഹാഭാഗാഃ | ആ മഹാപുണ്യാത്മാക്കൾ | വാനരാണാം | വാനരന്മാരുടെ |
| രാവണസ്യ | രാവണന്റെ | സുയുദ്ധം ച | മെച്ചപ്പെട്ട പോരിനെപ്പററിയും |
| ഘോരം | ഘോരമായ | സുഗ്രീവസ്യ | സുഗ്രീവന്റെ |
| വധം | വധത്തെക്കുറിച്ചും | മന്ത്രിതം ച | മന്ത്രാലോചനയെക്കുറിച്ചും |
| രാഘവസ്യ | ശ്രീരാഘവന്റെ | മാരുതേഃ | ഹനുമാന്റെയും |

| | |
|---|---|
| ലക്ഷ്മണസ്യ ച | ലക്ഷ്മണന്റേയും |
| അനുരാഗം ച | അചഞ്ചലഭക്തിയെക്കുറിച്ചും |
| വീര്യം ച | വീര്യത്തെക്കുറിച്ചും |
| കഥയന്തഃ | ഉരചെയ്തുകൊണ്ട് |
| യഥാഗതം | വന്നപ്രകാരം തന്നെ |
| ജഗ്മുഃ. | തിരിച്ചു. |

രാഘവസ്തു രഥം ദിവ്യമിന്ദ്രദത്തം ശിഖിപ്രഭം
അനുജ്ഞായ മഹാഭാഗോ മാതലിം പ്രത്യപൂജയത്. 4

| | |
|---|---|
| മഹാഭാഗഃ | മഹാത്മാവായ |
| രാഘവഃ തു | ശ്രീരാഘവനും |
| മാതലിം | മാതലിയെ |
| അനുജ്ഞായ | വിടകൊടുത്തയച്ച് |
| ഇന്ദ്രദത്തം | ഇന്ദ്രനാൽ അയക്കപ്പെട്ടതും |
| ദിവ്യം | ദിവ്യവും |
| ശിഖിപ്രഭം | അഗ്നിജ്യോതിസ്സാന്നുമായ |
| രഥം | രഥത്തെ |
| പ്രത്യപൂജയത്. | പൂജിച്ചു. |

രാഘവേണാഭ്യനുജ്ഞാതോ മാതലിഃ ശക്രസാരഥിഃ
ദിവ്യം തം രഥമാസ്ഥായ ദിവമേവാരുരോഹ സഃ 5

| | |
|---|---|
| സഃ ശക്രസാരഥിഃ | ആ ഇന്ദ്രസാരഥിയായ |
| മാതലിഃ | മാതലി |
| രാഘവേണ | ശ്രീരാഘവനാൽ |
| അഭ്യനുജ്ഞാതഃ | വിടനൽകപ്പെട്ടവനായി, |
| തം | ആ |
| ദിവ്യം രഥം | ദിവ്യരഥത്തിൽ |
| ആസ്ഥായ | കയറിക്കൊണ്ട് |
| ദിവം ഏവ | ദേവലോകത്തിലേക്കു തന്നെ |
| ആരുരോഹ. | കയറിച്ചെന്നു. |

തസ്മിംസ്തു ദിവമാരൂഢേ സുരസാരഥിസത്തമേ
രാഘവഃ പരമപ്രീതഃ സുഗ്രീവം പരിഷസ്വജേ 6

| | |
|---|---|
| സുരസാരഥിസത്തമേ | ദേവസാരഥിശ്രേഷ്ഠനായ |
| തസ്മിൻ ദിവം | ആ മാതലി സ്വർഗ്ഗത്തെ |
| ആരൂഢേ തു, | പ്രാപിച്ചാറെ |
| രാഘവഃ | ശ്രീരാഘവൻ |
| പരമപ്രീതഃ | അത്യാനന്ദഭരിതനായി |
| സുഗ്രീവം | സുഗ്രീവനെ |
| പരിഷസ്വജേ. | പുൽകി. |

പരിഷ്വജ്യ ച സുഗ്രീവം ലക്ഷ്മണേന പ്രചോദിതഃ
പൂജ്യമാനോ ഹരിശ്രേഷ്ഠൈരാജഗാമ ബലാലയം. 7

| | |
|---|---|
| സുഗ്രീവം | സുഗ്രീവനെ |
| പരിഷ്വജ്യ | ആലിംഗനംചെയ്ത് |
| ലക്ഷ്മണേന | ലക്ഷ്മണനാൽ |
| പ്രചോദിതഃ | പ്രേരിക്കപ്പെട്ടവനായി |
| ഹരിശ്രേഷ്ഠൈഃ | വാനരോത്തമന്മാരാൽ |
| പൂജ്യമാനഃ ച | പൂജിക്കപ്പെടുന്നവനായി |
| ബലാലയം | സേനാനിലയത്തെ |
| ആജഗാമ | പ്രാപിച്ചു. |

അബ്രവീച്ച തദാ രാമഃ സമീപപരിവർത്തിനം
സൌമിത്രിം സത്യസംപന്നം ലക്ഷ്മണം ദീപ്തതേജസം. 8

| | |
|---|---|
| രാമഃ തദാ | ശ്രീരാമൻ അപ്പോൾ |
| സമീപപരിവർത്തിനം | ഏററം അടുത്തായി നില്ക്കുന്നവനും |
| സത്യസംപന്നം | സത്യനിഷ്ഠനും |
| ദീപ്തതേജസം | കാന്തിചിതറുന്നവനുമായ |
| സൌമിത്രിം ച | സുമിത്രാസുതനായ |
| ലക്ഷ്മണം | ലക്ഷ്മണനോടായി |
| അബ്രവീത്. | അരുളിച്ചെയ്തു. |

വിഭീഷണമിമം സൌമ്യ ലങ്കായാമഭിഷേചയ
അനുരക്തം ച ഭക്തം ച മമ ചൈവോപകാരിണം. 9

| | | | |
|---|---|---|---|
| “സൌമ്യ | “വത്സ | ഉപകാരിണം ഏവ ച | ഉപകാരംചെയ്തുവന്നവനുമായ |
| അനുരക്തം ച | അചഞ്ചലസ്നേഹമാൎന്നവനും | ഇമംവിഭീഷണം | ഈ വിഭീഷണനെ |
| ഭക്തം ച | ഭക്തനും | ലങ്കായാം | ലങ്കയിൽ |
| മമ | എനിക്ക് | അഭിഷേചയ. | വാഴിച്ചാലും. |

[“രാവണൻ യുദ്ധത്തിൽ മൃതനാകയാൽ സപിണ്ഡന്മാൎക്ക് സദ്യശ്ശൌചം വിധിയുള്ളതുകൊണ്ട് വിഭീഷണന്ന് പട്ടാഭിഷേകം ചെയ്വാൻ വിരോധമില്ല. “ഉദ്യതൈരാഹവേ ശസ്ത്രൈ: ക്ഷത്രധൎമ്മഹതസ്യ തു സദ്യ: സന്തിഷ്ഠതേ യജ്ഞസ്തഥാऽശൌചമിതിസ്ഥിതി:” (മനു.)]

ഏഷ മേ പരമ: കാമോ യദീമം രാവണാനുജം
ലങ്കായാം സൌമ്യ പശ്യേയമഭിഷിക്തം വിഭീഷണം 10

| | | | |
|---|---|---|---|
| “സൌമ്യ | “വത്സ | പശ്യേയം യദി | ഞാൻ കാണുമെങ്കിൽ |
| രാവണാനുജം | ഈ വിഭീഷണനെ | മേ | എനിക്ക് |
| ലങ്കായാം | ലങ്കയിൽ | ഏഷ: | ഇത് |
| അഭിഷിക്തം | പട്ടാഭിഷേകംചെയ്യപ്പെട്ടവനായി | കാമ: പരമ:” | മനോരഥം സൎവ്വോത്തമമായതാണ്.” |

ഏവമുക്തസ്തു സൌമിത്രീ രാഘവേണ മഹാത്മനാ
തഥേത്യുക്ത്വാ തു സംഹൃഷ്ട: സൌവൎണ്ണം ഘടമാദദേ 11

| | | | |
|---|---|---|---|
| മഹാത്മനാ | മഹാത്മാവായ | “തഥാ” | “തിരുമനസ്സുപോലെ” |
| രാഘവേണ | ശ്രീരാഘവനാൽ | ഇതി | എന്നു |
| ഏവം | ഇപ്രകാരം | ഉക്ത്വാ | ഉണൎത്തിച്ച് |
| ഉക്ത: | ഉരചെയ്യപ്പെട്ടവനായ | തു | ആ സമയം |
| സൌമിത്രി: തു | സൌമിത്രിയും | സൌവൎണ്ണംഘടം | പൊൻകുടത്തെ |
| സംഹൃഷ്ട: | ആനന്ദമുൾക്കൊണ്ടവനായി | ആദദേ. | കൈക്കൊണ്ടു. |

തം ഘടം വാനരേന്ദ്രാണാം ഹസ്തേ ദത്വാ മനോജവാൻ
ആദിദേശ മഹാസത്വാൻ സമുദ്രസലിലാനയേ. 12

| | | | |
|---|---|---|---|
| തം ഘടം | ആ കുടത്തെ | മഹാസത്വാൻ | മഹാബലശാലികളായവരെ |
| വാനരേന്ദ്രാണാം | വാനരോത്തമന്മാരുടെ | സമുദ്രസലിലാനയേ | സമുദ്രജലത്തെ കൊണ്ടുവരുന്നതിന്നായി |
| ഹസ്തേ | വശം | ആദിദേശ | ആജ്ഞാപിച്ചു. |
| ദത്വാ | കൊടുത്ത് | | |
| മനോജവാൻ | മനോവേഗംപൂണ്ടവനും | | |

ഇതി ശീഘ്രം തതോ ഗത്വാ വാനരാസ്തേ മഹാബലാ:
ആഗതാസ്തജ്ജലം ഗൃഹ്യ സമുദ്രാദ്വാനരോത്തമാ: 13

| | | | |
|---|---|---|---|
| വാനരോത്തമാഃ | വാനരന്മാരിൽവെച്ച് | തതഃ | അവിടെനിന്നും |
| തേ | ആ [ഉത്തമന്മാരായ | ഗത്വാ | ചെന്നു് |
| മഹാബലാഃ | മഹാബലശാലികളായ | സമുദ്രാത് | സമുദ്രത്തിൽനിന്നു് |
| വാനരാഃ | വാനരന്മാർ | തത് ജലം | ആ തീർത്ഥത്തെ |
| ഇതി | ആജ്ഞപ്രകാരം | ഗൃഹ്യ | എടുത്തുംകൊണ്ടു് |
| ശീഘ്രം | വേഗത്തിൽ | ആഗതാഃ | തിരിച്ചുവന്നു. |

തതസ്ത്വേകം ഘടം ഗൃഹ്യ സംസ്ഥാപ്യ പരമാസനേ
ഘടേന തേന സൌമിത്രിരഭ്യഷിഞ്ചദ്വിഭീഷണം. 14

| | | | |
|---|---|---|---|
| തതഃ | അനന്തരം | ഏകം ഘടം | ഒരു കലശത്തെ |
| സൌമിത്രിഃ | ലക്ഷ്മണൻ | ഗൃഹ്യ | കയ്യേല്ക്കൊണ്ടു് |
| വിഭീഷണം | വിഭീഷണനെ | തേന ഘടേന | ആ കലശത്താൽ |
| പരമാസനേ | സിംഹാസനത്തിൽ | തു | ആ സമയം |
| സംസ്ഥാപ്യ | ഇരുത്തി | അഭ്യഷിഞ്ചത് | അഭിഷേകം ചെയ്തു. |

ലങ്കായാം രക്ഷസാം മദ്ധ്യേ രാജാനം രാമശാസനാത്
വിധിനാ മന്ത്രദൃഷ്ടേന സുഹൃദ്ഗണസമാവൃതം
അഭ്യഷിഞ്ചത് സ ധർമ്മാത്മാ ശുദ്ധാത്മാനം വിഭീഷണം 15

| | | | |
|---|---|---|---|
| ധർമ്മാത്മാ | ധർമ്മാത്മാവായ | ശുദ്ധാത്മാനം | പരിശുദ്ധമൂർത്തിയുമായ |
| സഃ | ആ ലക്ഷ്മണൻ | വിഭീഷണം | വിഭീഷണനെ |
| രാമശാസനാത് | രാമാജ്ഞയാൽ | ലങ്കായാം | ലങ്കയിൽ |
| മന്ത്രദൃഷ്ടേന | വേദോക്തമായ | രാജാനാം | രാജാവായി |
| വിധിനാ | വിധിപ്രകാരം | രക്ഷസാം | രാക്ഷസരുടെ |
| സുഹൃദ്ഗണ- സമാവൃതം | മിത്രഗണങ്ങളാൽ ചൂഴപ്പെട്ടവനും | മദ്ധ്യേ | നടുവിൽവെച്ചു് |
| | | അഭ്യഷിഞ്ചത് | മുടിചൂട്ടി. |

തസ്യാമാത്യാ ജഹൃഷിരേ ഭക്താ യേ ചാസ്യ രാക്ഷസാഃ
ദൃഷ്ട്വാഽഭിഷിക്തം ലങ്കായാം രാക്ഷസേന്ദ്രം വിഭീഷണം 16

| | | | |
|---|---|---|---|
| തസ്യ | ആ വിഭീഷണന്റെ | വിഭീഷണം | വിഭീഷണനെ |
| അമാത്യാഃ | മന്ത്രിമാരും | ലങ്കായാം | ലങ്കയിൽ |
| യേ | യാതൊരുവർ | രാക്ഷസേന്ദ്രം | രാക്ഷസാധിപതിയായി |
| അസ്യ | ഇദ്ദേഹത്തെക്കുറിച്ച് | അഭിഷിക്തം | അഭിഷേകം ചെയ്യപ്പെ |
| ഭക്താഃ | ഭക്തിയുള്ളവരോ ആ | ദൃഷ്ട്വാ | കണ്ടു് [ട്ടവനായി |
| രാക്ഷസാഃ ച | രാക്ഷസന്മാരും | ജഹൃഷിരേ. | ആനന്ദമുററുകൊണ്ടു. |

സ തദ്രാജ്യം മഹത്പ്രാപ്യ രാമദത്തം വിഭീഷണഃ
പ്രകൃതീഃ സാന്ത്വയിത്വാ ച തതോ രാമമുപാഗമത്. 17

| | | | |
|---|---|---|---|
| സഃ വിഭീഷണഃ | ആ വിഭീഷണൻ | പ്രാപ്യ പ്രകൃതീഃ | പ്രാപിച്ചു് പ്രജകളെ |
| രാമദത്തം | ശ്രീരാഘവനാൽ നല്ക | സാന്ത്വയിത്വാ | സമാധാനിപ്പിച്ചു |
| തത് | ആ [പ്പെട്ടതായ | തതഃ | പിന്നെ [ശേഷം |
| മഹത് | ഉത്കൃഷ്ടമായ | രാമം ച | ശ്രീരാമന്റെ അടുക്കൽ |
| രാജ്യം | രാജ്യത്തെ | ഉപാഗമത് | വന്നുചേർന്നു [തന്നെ |

അക്ഷതാൻ മോദകാൻ ലാജാൻ ദിവ്യാഃ സുമനസസ്തഥാ
ആജഹ്രുരഥ സംഹൃഷ്ടാഃ പൌരാസ്തസ്മൈ നിശാചരാഃ 18

| | | | |
|---|---|---|---|
| തദാ പൌരാഃ | അപ്പോഴം പുരവാസി | ലാജാൻ | പൊരികളും |
| നിശാചരാഃ | രാക്ഷസന്മാർ [കളായ | ദിവ്യാഃ | വിശേഷപ്പെട്ട |
| തസ്മൈ | ആ വിഭീഷണന്നു് | സുമനസഃ അഥ | പുഷ്പങ്ങളും |
| അക്ഷതാൻ | അക്ഷതകളും | സംഹൃഷ്ടാഃ | പ്രീതിയോടെ |
| മോദകാൻ | മോദകങ്ങളും | ആജഹ്രുഃ. | കാഴ്ചവെച്ചു. |

സ താൻ ഗൃഹീത്വാ ദുർദ്ധർഷോ രാഘവായ ന്യവേദയത്
മംഗല്യം മംഗളം സർവ്വം ലക്ഷ്മണായ ച വീര്യവാൻ 19

| | | | |
|---|---|---|---|
| ദുർദ്ധർഷഃ | ജയിക്കപ്പെടുവാൻ കഴി | മംഗല്യം | മംഗളകരമായ |
| വീര്യവാൻ | വീര്യശാലിയായ[യാത്ത | മംഗളം സർവ്വം | മംഗളദ്രവ്യമെല്ലാററി |
| സഃ | ആ വിഭീഷണൻ | രാഘവായ | ശ്രീരാമന്നായും[നേയും |
| താൻ | അവയെ | ലക്ഷ്മണായ ച | ലക്ഷ്മണന്നായും |
| ഗൃഹീത്വാ | വാങ്ങിക്കൊണ്ടു് | ന്യവേദയത് | സമർപ്പിച്ചു. |

കൃതകാര്യം സമൃദ്ധാർത്ഥം ദൃഷ്ട്വാ രാമോ വിഭീഷണം
പ്രതിജഗ്രാഹ തത്സർവ്വം തസ്യൈവ പ്രിയകാമ്യയാ. 20

| | | | |
|---|---|---|---|
| രാമഃ | ശ്രീരാമൻ | തസ്യ | അദ്ദേഹത്തിന്നു് |
| വിഭീഷണം | വിഭീഷണനെ | പ്രിയകാമ്യയാ | പ്രിയംചെയ്യണമെന്നിച്ഛിച്ചു് |
| കൃതകാര്യം | കൃത്യം നിറവേററിയവനായി | | |
| സമൃദ്ധാർത്ഥം | മനോരഥപൂർത്തിവന്ന [വനായി | തത് സർവ്വം ഏവ | അതെല്ലാററിനേയും |
| ദൃഷ്ട്വാ | കണ്ടു് | പ്രതിജഗ്രാഹ. | സ്വീകരിച്ചു. |

തതഃ ശൈലോപമം വീരം പ്രാഞ്ജലിം പാർശ്വതഃ സ്ഥിതം
അബ്രവീദ്രാഘവോ വാക്യം ഹനുമന്തം പ്ലവംഗമം. 21

| | | | |
|---|---|---|---|
| തതഃ | അപ്പോഴം | പ്ലവംഗമം വീരം | വാനരവീരനായ |
| പാർശ്വതഃ | അടുത്തു് അഞ്ജലി | ഹനുമന്തം | ഹനുമാനെ നോക്കി |
| പ്രാഞ്ജലിം | ബന്ധംചെയ്തുകൊണ്ടു് | രാഘവഃ | ശ്രീരാമൻ |
| സ്ഥിതം | നിന്നിരുന്നവനും | വാക്യം | ഇങ്ങിനെ ആജ്ഞാ |
| ശൈലോപമം | പർവ്വതാകാരനുമായ | അബ്രവീത്. | പിച്ചു. |

ബഹുമാനയ രാജാനമിമം സൌമ്യ വിഭീഷണം. 22

| | | | |
|---|---|---|---|
| "സൌമ്യ | "വത്സ | വിഭീഷണം | വിഭീഷണനെ |
| രാജാനാം ഇമം | അരചനായ ഈ | ബഹുമാനയ. | ആദരിച്ചാലും. |

ഗച്ഛ സൌമ്യ പുരീം ലങ്കാമനുജ്ഞാപ്യ യഥാവിധി
പ്രവിശ്യ രാവണഗൃഹം വിജയേനാഭിനന്ദ്യ ച. 23

വൈദേഹ്യാ മാം കുശലിനം സസുഗ്രീവം സലക്ഷ്മണം
ആചക്ഷ്വ വദതാം ശ്രേഷ്ഠ രാവണം ച മയാ ഹതം. 24

| | | | |
|---|---|---|---|
| "സൌമ്യ | "പുണ്യശാലിയായവനേ | വിജയേന അഭിനന്ദ്യ | വിജയാശിസ്സുകൂറി |
| വദതാം | ഉരിയാടുന്നവരിൽ വെച്ച് | വൈദേഹ്യാ | വൈദേഹിയോടായി |
| ശ്രേഷ്ഠ | ഉത്തമനായവനേ | സസുഗ്രീവം | സുഗ്രീവസഹിതനും |
| യഥാവിധി | വഴിപോലെ | സലക്ഷ്മണം | ലക്ഷ്മണസമേതനുമായ |
| അനുജ്ഞാപ്യ | അനുമതി വാങ്ങിക്കൊണ്ട് | മാം | എന്നെ |
| ലങ്കാം പുരീം | ലങ്കാപുരത്തിലേക്ക് | കുശലിനം ച | ക്ഷേമംപൂണ്ട് വർത്തിക്കുന്നവനായും |
| ഗച്ഛ | ചെന്നാലും; | രാവണം | രാവണനെ |
| രാവണഗൃഹം | രാവണന്റെ അരമനയിൽ | മയാ | എന്നാൽ |
| പ്രവിശ്യ | പുക്ക് | ഹതം ച | ഹനിക്കപ്പെട്ടവനായും |
| | | ആചക്ഷ്വ | ഉണർത്തിച്ചാലും. |

പ്രിയമേതദുദാഹൃത്യ മൈഥില്യാസ്ത്വം ഹരീശ്വര
പ്രതിഗൃഹ്യ ച സന്ദേശമുപാവർത്തിതുമർഹസി. 25

| | | | |
|---|---|---|---|
| "ഹരീശ്വര | "വാനരോത്തമ | ഉദാഹൃത്യ | ഉണർത്തിച്ച് |
| ത്വം | ഭവാൻ | സന്ദേശം ച | മറുപടിയും |
| മൈഥില്യാഃ | ജാനകിയോടായി | പ്രതിഗൃഹ്യ | ഗ്രഹിച്ചുകൊണ്ട് |
| ഏതത് | ഈ | ഉപാവർത്തിതും അർഹസി.' | തിരിച്ചെത്തിയാലും." |
| പ്രിയം | പ്രിയവർത്തമാനത്തെ | | |

ഇത്യാർഷേ ശ്രീമദ്രാമായണേ വാൽമീകീയേ ആദികാവ്യേ യുദ്ധകാണ്ഡേ
പഞ്ചദശോത്തരശതതമഃ സർഗ്ഗഃ = നൂററിപ്പതിനഞ്ചാം സർഗ്ഗം സമാപ്തം
ആദ്യം മുതൽ ശ്ലോകസംഖ്യ 20025; യുദ്ധകാണ്ഡം ആദ്യം മുതൽ ശ്ലോകസംഖ്യ 5350

---

## ഷോഡശോത്തരശതതമഃ സർഗ്ഗഃ=നൂററിപ്പതിനാറാം സർഗ്ഗം

[മൈഥിലീപ്രിയനിവേദനം=സീതയോട് പ്രിയവർത്തമാനത്തെ അറിയിക്കുന്നത്]

ഇതി പ്രതിസമാദിഷ്ടോ ഹനുമാൻ മാരുതാത്മജഃ
പ്രവിവേശ പുരീം ലങ്കാം പൂജ്യമാനോ നിശാചരൈഃ 1

| | | | |
|---|---|---|---|
| ഇതി | മേൽപ്രകാരം | നിശാചരൈഃ | രാക്ഷസരാൽ |
| പ്രതിസമാദിഷ്ടഃ | ആജ്ഞാപിക്കപ്പെട്ട | പൂജ്യമാനഃ | കൊണ്ടാടപ്പെട്ടവനായി |
| മാരുതാത്മജഃ | വായുപുത്രനായ | ലങ്കാം പുരീം | ലങ്കാപുരത്തിൽ |
| ഹനുമാൻ | ഹനുമാൻ | പ്രവിവേശ. | പ്രവേശിച്ചു. |

പ്രവിശ്യ ച മഹാതേജാ രാവണസ്യ നിവേശനം
ദദർശ ശശിനാ ഹീനാം സാതങ്കാമിവ രോഹിണീം
വൃക്ഷമൂലേ നിരാനന്ദാം രാക്ഷസീഭിഃ സമാവൃതാം. 2

| | |
|---|---|
| മഹാതേജാഃ | മഹാതേജസ്വിയായ അദ്ദേഹം |
| രാവണസ്യ | രാവണന്റെ |
| നിവേശനം | അരമനയിൽ |
| പ്രവിശ്യ | പുക്ക് |
| വൃക്ഷമൂലേ | വൃക്ഷച്ചുവട്ടിൽ |
| രാക്ഷസീഭിഃ | രാക്ഷസികളാൽ |
| സമാവൃതാം | ചൂഴപ്പെട്ടവളും |
| നിരാനന്ദാം ച | സന്തോഷമററിരിക്കുന്നവളുമായ സീതാദേവി |
| ശശിനാ ഹീനാം | ചന്ദ്രനോടുവേറിട്ട[യെ |
| രോഹിണീം | രോഹിണീദേവിയെ |
| ഇവ | എന്നപോലെ |
| സാതങ്കാം | പരിതാപമുൾക്കൊണ്ടിരിക്കുന്നവളായി |
| ദദർശ. | വീക്ഷിച്ചു. |

നിഭൃതഃ പ്രണതഃ പ്രഹ്വഃ സോഽഭിഗമ്യാഭിവാദ്യ ച.

| | |
|---|---|
| പ്രണതഃ | ബുദ്ധിശാലിയും |
| പ്രഹ്വഃ ച | ഭക്തിമാനുമായ |
| സഃ | ആ ഹനുമാൻ |
| അഭിഗമ്യ | അടുത്തുചെന്നു് |
| അഭിവാദ്യ | കുമ്പിട്ടു് |
| നിഭൃതഃ. | വണങ്ങിനിന്നു. |

ദൃഷ്ട്വാ തമാഗതം ദേവീ ഹനുമന്തം മഹാബലം
തൂഷ്ണീമാസ്ത തദാ ദൃഷ്ട്വാ സ്മൃത്വാ പ്രമുദിതാഽഭവത്. 4

| | |
|---|---|
| ദേവീ | സീതാദേവി |
| തം | ആ |
| മഹാബലം | മഹാബലശാലിയായ |
| ഹനുമന്തം | ഹനുമാനെ |
| ആഗതം | വന്നിരിക്കുന്നവനായി |
| ദൃഷ്ട്വാ | കണ്ടു് |
| തൂഷ്ണീം ആസ്ത | ഒന്നും മിണ്ടാതിരുന്നു; |
| തദാ | പിന്നെ |
| സ്മൃത്വാ ദൃഷ്ട്വാ | ആരെന്നോർത്തുകണ്ടു് |
| പ്രമുദിതാ | സന്തുഷ്ടയായി |
| അഭവത്. | ഭവിച്ചു. |

സൌമ്യം ദൃഷ്ട്വാ മുഖം തസ്യാ ഹനുമാൻ പ്ലവഗോത്തമഃ
രാമസ്യ വചനം സർവ്വമാഖ്യാതുമുപചക്രമേ. 5

| | |
|---|---|
| പ്ലവഗോത്തമഃ | വാനരോത്തമനായ |
| ഹനുമാൻ | ഹനുമാൻ |
| തസ്യാഃ | അവളുടെ |
| മുഖം | വദനത്തെ |
| സൌമ്യം | പ്രസന്നമായി |
| ദൃഷ്ട്വാ | വീക്ഷിച്ചു് |
| രാമസ്യ | ശ്രീരാമന്റെ |
| വചനം | വർത്തമാനം |
| സർവ്വം | എല്ലാററിനേയും |
| ആഖ്യാതും | ഉണർത്തിപ്പാൻ |
| ഉപചക്രമേ. | തുടങ്ങി. |

വൈദേഹി കുശലീ രാമഃ സഹസുഗ്രീവലക്ഷ്മണഃ
വിഭീഷണസഹായശ്ച ഹരീണാം സഹിതോ ബലൈഃ 6

| | |
|---|---|
| "വൈദേഹി | 'ജാനകീദേവി |
| രാമഃ | ശ്രീരാഘവൻ |
| സഹ സുഗ്രീവലക്ഷ്മണഃ | സുഗ്രീവനോടും ലക്ഷ്മണനോടും കൂടിയും |
| വിഭീഷണസഹായഃ | വിഭീഷണനോടുംകൂടി |
| ഹരീണാം ബലൈഃ | വാനരസൈന്യങ്ങളോടും |
| സഹിതഃ ച | കൂടിയവനായും |
| കുശലീ. | ക്ഷേമമായിരിക്കുന്നു |

കുശലം ചാഹ സിദ്ധാർത്ഥോ ഹതശത്രുരരിന്ദമഃ. 7

| | | | |
|---|---|---|---|
| "അരിന്ദമഃ ച | "ശത്രുസംഹാരകനായ അദ്ദേഹവും, | സിദ്ധാർത്ഥഃ | മനോരഥം കൈവന്നവനായി |
| ഹതശത്രുഃ | ശത്രുക്കളെ വധിച്ച് | കുശലം ആഹ. | ദേവിയുടേയും ക്ഷേമത്തെക്കുറിച്ച് അന്വേഷിപ്പാൻ കല്പിച്ചു. |

വിഭീഷണസഹായേന രാമേണ ഹരിഭിഃ സഹ
നിഹതോ രാവണോ ദേവി ലക്ഷ്മണസ്യ നയേന ച. 8

| | | | |
|---|---|---|---|
| "ദേവി | "ദേവി | ഹരിഭിഃ സഹ | വാനരന്മാരോടുകൂടിയും |
| വിഭീഷണസഹായേന | വിഭീഷണ മഹാരാജാവിനെ സഹായിയായിട്ട് കയ്ക്കൊണ്ട | ലക്ഷ്മണസ്യ | ലക്ഷ്മണസ്വാമിയുടെ |
| | | നയേന ച | സൽപ്രവൃത്തിയാലും |
| | | രാവണഃ | രാവണൻ |
| രാമേണ | ശ്രീരാമനാൽ, | നിഹതഃ | വധിക്കപ്പെട്ടു. |

പൃഷ്ട്വാ തു കുശലം രാമോ വീരസ്ത്വാം രഘുനന്ദനഃ
അബ്രവീത് പരമപ്രീതഃ കൃതാർത്ഥേനാന്തരാത്മനാ. 9

| | | | |
|---|---|---|---|
| "രഘുനന്ദനഃ | "രഘുകുലാനന്ദകരനും | കൃതാർത്ഥേന | ആഗ്രഹപൂർത്തിവന്നതിനാൽസന്തുഷ്ടിപൂണ്ട |
| വീരഃ | വീരനും | | |
| പരമപ്രീതഃ തു | പരമപ്രീതി കയ്ക്കൊണ്ട | അന്തരാത്മനാ | അകക്കാമ്പോടു കൂടിയവനായി |
| രാമഃ | ശ്രീരാഘവൻ[വനമായ | | |
| ത്വാം | നിന്തിരുവടിയോടായി | അബ്രവീത്. | ഇപ്രകാരം അരുളിച്ചെയ്തു. |
| കുശലംപൃഷ്ട്വാ, | കുശലപ്രശ്നംചെയ്ത്, | | |

പ്രിയമാഖ്യാമി തേ ദേവി ത്വാം തു ഭൂയഃ സഭാജയേ. 10

| | | | |
|---|---|---|---|
| "ദേവി | "ദേവി | ത്വാം | ഭവതിയെ |
| തേ | ഭവതിയോട് | ഭൂയഃ തു | അത്യധികം |
| പ്രിയം | പ്രിയത്തെ | സഭാജയേ | ഞാൻ പ്രസാദിപ്പിക്കുന്നു. |
| ആഖ്യാമി | ഞാൻ അറിയിക്കുന്നു | | |

ദിഷ്ട്യാ ജീവസി ധർമ്മജ്ഞേ ജയോ മേ പ്രതിഗൃഹ്യതാം. 11

| | | | |
|---|---|---|---|
| "ധർമ്മജ്ഞേ | "ധർമ്മശീലേ | മേ | എന്റെ |
| ദിഷ്ട്യാ | ഭാഗ്യത്താൽ | ജയഃ | വിജയം |
| ജീവസി | ഭവതി ജീവനോടിരിക്കുന്നു; | പ്രതിഗൃഹ്യതാം | ഉള്ളത്തിൽ കയ്ക്കൊള്ളപ്പെടട്ടെ. |

ലബ്ധോ നോ വിജയഃ സീതേ സ്വസ്ഥാ ഭവ ഗതവ്യഥാ. 12

| | | | |
|---|---|---|---|
| "സീതേ | "സീതേ | ഗതവ്യഥാ | ദുഃഖമററവളായി |
| നഃ | നമുക്ക് | സ്വസ്ഥാ | സമാധാനത്തോടുകൂടി |
| വിജയഃലബ്ധഃ | വിജയം ലഭിക്കപ്പെട്ടു; | ഭവ | വർത്തിച്ചാലും. |

രാവണശ്ച ഹതഃ ശത്രുർലങ്കാ ചേയം വശേ സ്ഥിതാ. 13

| | | | |
|---|---|---|---|
| "ശത്രുഃ | "ശത്രുവായ | ഇയം | ഈ |
| രാവണഃ ച | രാവണനും | ലങ്കാ ച | ലങ്കയും |
| ഹതഃ | വധിക്കപ്പെട്ടു; | വശേ സ്ഥിതാ | സ്വാധീനത്തിലായി. |

മയാ ഹ്യലബ്ധനിദ്രേണ ദൃഢേന തവ നിർജ്ജയേ
പ്രതിജ്ഞൈഷാ വിനിസ്തീർണ്ണാ ബദ്ധ്വാ സേതും മഹോദധൌ. 14

| | | | |
|---|---|---|---|
| "അലബ്ധനിദ്രേണ | "നിദ്രയില്ലാത്തവനായി | മഹോദധൌ | വൻകടലിൽ |
| തവ | ഭവതിയെ | സേതും | അണ |
| നിർജ്ജയേ | വീണ്ടുകടക്കുന്നതിൽ തന്നെ | ബദ്ധ്വാ | കെട്ടി |
| | | ഏഷാ | ഈ |
| ദൃഢേന | ബുദ്ധിവെച്ചവനായ | പ്രതിജ്ഞാ ഹി | പ്രതിജ്ഞയും |
| മയാ | എന്നാൽ | വിനിസ്തീർണ്ണാ. | നിർവ്വഹിക്കപ്പെട്ടു. |

സംഭ്രമശ്ച ന ഗന്തവ്യോ വർത്തന്ത്യാ രാവണാലയേ. 15

| | | | |
|---|---|---|---|
| "രാവണാലയേ | "രാവണാലയത്തിൽ | സംഭ്രമഃ ച | യാതൊരു സംഭ്രമവും |
| വർത്തന്ത്യാ | വർത്തിക്കുന്നവളായ ഭവതിയാൽ | ഗന്തവ്യഃ ന | കയ്ക്കൊള്ളപ്പെടേണ്ടതില്ല. |

വിഭീഷണവിധേയം ഹി ലങ്കൈശ്വര്യമിദം കൃതം. 16

| | | | |
|---|---|---|---|
| " ഇദം | " 'ഈ | വിഭീഷണവിധേയം ഹി കൃതം | വിഭീഷണന്റെ അധീനത്തിലാക്കിച്ചെയ്യപ്പെട്ടു. |
| ലങ്കൈശ്വര്യം | ലങ്കയുടെ ആധിപത്യം | | |

തദാശ്വസിഹി വിശ്വസ്താ സ്വഗൃഹേ പരിവർത്തസേ. 17

| | | | |
|---|---|---|---|
| " 'തത് | " 'ആകയാൽ | സ്വഗൃഹേ | സ്വന്തം അരമനയിലാണ് |
| വിശ്വസ്താ | സമാധാനംപൂണ്ടവളായി | | |
| ആശ്വസിഹി | ആശ്വസിച്ചാലും | പരിവർത്തസേ. | ഭവതി വർത്തിക്കുന്നത്. |

അയം ചാഭ്യേതി സംഹൃഷ്ടസ്ത്വദ്ദർശനസമുത്സുകഃ 18

| | | | |
|---|---|---|---|
| " 'സംഹൃഷ്ടഃ | " 'അത്യാനന്ദമുൾക്കൊണ്ടവനായ | ത്വദ്ദർശനസമുത്സുകഃ | ഭവതിയെ മുഖംകാണ്മാൻ കൊതിച്ച് |
| അയം ച | ഈ വിഭീഷണമഹാരാജാവും | അഭ്യേതി." | അങ്ങു വരുന്നുണ്ട്." |

ഏവമുക്താ സമുത്പത്യ സീതാ ശശിനിഭാനനാ
പ്രഹർഷേണാവരുദ്ധാ സാ വ്യാജഹാര ന കിഞ്ചന. 19

| | | | |
|---|---|---|---|
| ഏവം | ഇപ്രകാരം | പ്രഹർഷേണ | സന്തോഷാധിക്യത്താൽ |
| ഉക്താ | ഉരചെയ്യപ്പെട്ടവളായ | അവരുദ്ധാ | തടയപ്പെട്ടവളായി |
| ശശിനിഭാനനാ | ശശിനേർമുഖിയായ | കിഞ്ചന | ഒന്നും തന്നെ |
| സാ | ആ | വ്യാജഹാര ന. | പറവാൻ ശക്തയാകാതിരുന്നു. |
| സീതാ | സീതാദേവി | | |
| സമുത്പത്യ | എഴുന്നേറ്റ് | | |

അബ്രവീച്ച ഹരിശ്രേഷ്ഠഃ സീതാമപ്രതിജല്പതീം. 20

ഹരിശ്രേഷ്ഠഃ ച ആ വാനരോത്തമനും
അപ്രതിജല്പതീം ഒന്നും മറുപടിപറയാതിരുന്ന
സീതാം സീതാദേവിയോടായി
അബ്രവീത്. ഉരചെയ്തു.

കിം നു ചിന്തയസേ ദേവി കിം നു മാം നാഭിഭാഷസേ. 21

"ദേവി "ദേവി
കിം നു എന്താണിങ്ങിനെ
ചിന്തയസേ ചിന്ത കയ്ക്കൊണ്ടിരിക്കുന്നത്?
കിം നു എന്താണ്
മാം എന്നോട്
അഭിഭാഷസേ ന?" ഒന്നും ഉരിയാടാതിരിക്കുന്നത്?"

ഏവമുക്താ ഹനുമതാ സീതാ ധൎമ്മേ വ്യവസ്ഥിതാ
അബ്രവീത് പരമപ്രീതാ ഹൎഷഗദ്ഗദയാ ഗിരാ. 22

ധൎമ്മേ ധൎമ്മത്തിൽ
വ്യവസ്ഥിതാ ദൃഢനിഷ്ഠ പൂണ്ടവളായ
സീതാ സീതാദേവി
ഹനുമതാ ഹനുമാനാൽ
ഏവം ഇപ്രകാരം
ഉക്താ ഉരചെയ്യപ്പെട്ടവളായി
പരമപ്രീതാ അതിപ്രീതി കയ്ക്കൊണ്ടവളായി
ഹൎഷഗദ്ഗദയാ സന്തോഷത്താൽ ഇടറുന്ന
ഗിരാ വാക്കുകൊണ്ട്
അബ്രവീത് ഇപ്രകാരം അരുളിച്ചെയ്തു.

പ്രിയമേതദുപശ്രുത്യ ഭൎത്തുൎവിജയസംശ്രിതം
പ്രഹൎഷവശമാപന്നാ നിൎവാക്യാഽസ്മി ക്ഷണാന്തരം. 23

"ഭൎത്തുഃ "നാഥന്റെ
വിജയസംശ്രിതം വിജയത്തെക്കുറിച്ചുള്ളതായ
ഏതത് ഈ
പ്രിയം പ്രിയവൎത്തമാനത്തെ
ഉപശ്രുത്യ, കേട്ട്,
പ്രഹൎഷവശം ആപന്നാ സന്തോഷത്തിൽ മുഴുകിയവളായി
ക്ഷണാന്തരം ഒട്ടുനേരം
നിൎവ്വാക്യാ അസ്മി. ഞാൻ ഒന്നും ഉരചെയ്യാൻ കഴിയാത്തവളായിരിക്കുന്നു.

ന ഹി പശ്യാമി സദൃശം ചിന്തയന്തീ പ്ലവംഗമ
മത്പ്രിയാഖ്യാനകസ്യേഹ തവ പ്രത്യഭിനന്ദനം. 24

"പ്ലവംഗമ "വാനരോത്തമ
ഇഹ ഇപ്പോൾ
മത്പ്രിയാഖ്യാനകസ്യ എനിക്ക് പ്രിയവൎത്തമാനത്തെ കൊണ്ടുവന്ന
തവ ഭവാന്
സദൃശം പ്രത്യഭിനന്ദനം തിരിയേ ചെയ്യേണ്ട തക്കതായ മൎയ്യാദയെ കുറിച്ച്
ചിന്തയന്തീ ഹി ചിന്തിക്കുന്നവളായിരുന്നിട്ടും
പശ്യാമി ന. ഞാൻ ഒന്നും അറിയുന്നില്ല.

ന ഹി പശ്യാമി തത് സൌമ്യ പൃഥിവ്യാമപി വാനര
സദൃശം മത്പ്രിയാഖ്യാനേ തവ ദാതും ഭവേത് സമം. 25

| | | | |
|---|---|---|---|
| “സൌമ്യ | പുണ്യശീലനായ | സദൃശം | തക്കതും |
| വാനര | വാനര | സമം ഭവേത് | ചെയ്തതിന്നൊത്തതു [മായ |
| മത്പ്രിയാഖ്യാനേ | എന്നോടു പ്രിയമൊഴി കൂറിയ കാര്യത്തിൽ | തത് | ഒന്നിനെ |
| തവ | ഭവാനു് | പൃഥിവ്യാം അപി ഹി | ഭൂമിയിൽ എങ്ങും തന്നെ |
| ദാതും | നൽകുവാൻ | പശ്യാമി ന. | ഞാൻ കാണുന്നില്ല. |

ഹിരണ്യം വാ സുവർണ്ണം വാ രത്നാനി വിവിധാനി ച
രാജ്യം വാ ത്രിഷു ലോകേഷു നൈതദർഹതി ഭാഷിതും. 26

| | | | |
|---|---|---|---|
| “ഹിരണ്യം വാ | “വെള്ളിയാകട്ടെ | രാജ്യം വാ | രാജ്യാധികാരംതന്നെയാകട്ടെ |
| സുവർണ്ണം വാ, | സ്വർണ്ണമാകട്ടെ | ഏതത് | ഇതൊന്നും |
| വിവിധാനി | പലപല | ഭാഷിതും | പറവാൻ |
| രത്നാനി ച | രത്നങ്ങളാകട്ടെ | അർഹതി ന.” | യോഗ്യതയില്ലാത്തതാകുന്നു.” |
| ത്രിഷു | മൂന്നു | | |
| ലോകേഷു | ലോകങ്ങളിലും | | |

ഏവമുക്തസ്തു വൈദേഹ്യാ പ്രത്യുവാച പ്ലവംഗമഃ
ഗൃഹീതപ്രാഞ്ജലിർവാക്യം സീതായാഃ പ്രമുഖേ സ്ഥിതഃ 27

| | | | |
|---|---|---|---|
| തു | ആ സമയം | ഗൃഹീതപ്രാഞ്ജലിഃ | തൊഴുതുംകൊണ്ടു് |
| വൈദേഹ്യാ | ജാനകീദേവിയാൽ | സീതായാഃ | സീതാദേവിയുടെ |
| ഏവം | ഇപ്രകാരം | പ്രമുഖേ | തിരുമുമ്പിൽ |
| ഉക്തഃ | അരുളിച്ചെയ്യപ്പെട്ടവനായ | സ്ഥിതഃ | നില്ക്കുന്നവനായി |
| പ്ലവംഗമഃ | ഹനുമാൻ, | വാക്യം പ്രത്യുവാച. | ഇപ്രകാരം മറുപടിയുണർത്തിച്ചു. |

ഭർത്തുഃ പ്രിയഹിതേ യുക്തേ ഭർത്തുർവിജയകാംക്ഷിണി
സ്നിഗ്ദ്ധമേവംവിധം വാക്യം ത്വമേവാർഹസി ഭാഷിതും. 28

| | | | |
|---|---|---|---|
| “ഭർത്തുഃ | “ഭർത്താവിന്റെ | ത്വം ഏവ | ഭവതി ഒരുത്തിതന്നെയാണു് |
| പ്രിയഹിതേ | പ്രിയത്തിലുംനന്മയിലും | ഏവംവിധം | ഇപ്രകാരമുള്ള |
| യുക്തേ | അചഞ്ചലനിഷ്ഠയാർന്നുള്ള ഹേ ദേവി! | സ്നിഗ്ദ്ധം | മനോഹരമായ |
| ഭർത്തുഃ | നാഥനു | വാക്യം | വാക്യത്തെ |
| വിജയകാംക്ഷിണി! | ജയത്തെ കാംക്ഷിക്കുന്നോവേ! | ഭാഷിതും | അരുളിച്ചെയ്‌വാൻ |
| | | അർഹസി. | യോഗ്യതയുള്ളവാം. |

തവൈതദ്വചനം സൌമ്യേ സാരവത് സ്നിഗ്ദ്ധമേവ ച
രത്നൌഘാദ്വിവിധാച്ചാപി ദേവരാജ്യാദ്വിശിഷ്യതേ 29

| | | | |
|---|---|---|---|
| “സൌമ്യേ | “പുണ്യശീലേ | വിവിധാത് | പലമാതിരിയായുള്ള |
| തവ ഏതത് | നിന്തിരുവടിയുടെ ഈ | രത്നൌഘാത് ച | രത്നസമൂഹത്തെക്കാളും |
| വചനം ച | തിരുമൊഴിയാകട്ടെ | ദേവരാജ്യാത് അപി, | ദേവരാജ്യത്തെക്കാളും തന്നെ, |
| സാരവത് | സാരമേറിയതും | വിശിഷ്യതേ. | മേന്മയുള്ളതും ആകുന്നു. |
| സ്നിഗ്ദ്ധം ഏവ | അൻപാർന്നതും | | |

അൎത്ഥതശ്ച മയാ പ്രാപ്താ ദേവരാജ്യാദയോ ഗുണാഃ
ഹതശത്രും വിജയിനം രാമം പശ്യാമി സുസ്ഥിതം. 30

| | | | |
|---|---|---|---|
| "രാമം | ശ്രീരാമസ്വാമിയെ | അൎത്ഥതഃ ച | പ്രയോജനം ഒന്നുകൊണ്ടുതന്നെ |
| ഹതശത്രും | ശത്രുക്കൾകൊല്ലപ്പെട്ടു് | മയാ | അടിയനാൽ |
| വിജയിനം | വിജയംപൂണ്ടു് | ദേവരാജ്യാദയഃ | സ്വർഗ്ഗം മുതലായ |
| സുസ്ഥിതം | സുഖമായിവൎത്തിക്കുന്നവനായി | ഗുണാഃ | ഫലങ്ങൾ |
| പശ്യാമി | അടിയൻ കാണുന്നു എന്നുള്ള | പ്രാപ്താഃ" | പ്രാപിക്കപ്പെട്ടു." |

തസ്യ തദ്വചനം ശ്രുത്വാ മൈഥിലീ ജനകാത്മജാ
തതഃ ശുഭതരം വാക്യമുവാച പവനാത്മജം. 31

| | | | |
|---|---|---|---|
| ജനകാത്മജാ | ജനകനന്ദിനിയായ | വചനം ശ്രുത്വാ | വാക്യത്തെ കേട്ടു് |
| മൈഥിലീ | സീതാദേവി | പവനാത്മജം | മാരുതിയോടായി |
| തതഃ | അപ്പോൾ | ശുഭതരം | അതിമനോഹരമായ |
| തസ്യ | ആ ഹനൂമാന്റെ | വാക്യം | ഈ വാക്യത്തെ |
| തത് | ആ | ഉവാച. | അരുളിച്ചെയ്തു. |

അതിലക്ഷണസംപന്നം മാധുൎയ്യഗുണഭൂഷിതം
ബുദ്ധ്യാ ഹ്യഷ്ടാംഗയാ യുക്തം ത്വമേവാൎഹസി ഭാഷിതും. 32

| | | | |
|---|---|---|---|
| "അതിലക്ഷണസംപന്നം | ''പദങ്ങൾക്കുവേണ്ടതായ ഉത്കൃഷ്ടലക്ഷണങ്ങളോടുകൂടിയതായും | അഷ്ടാംഗയാ | ഗ്രഹണം, ധാരണം മുതലായ എട്ടുവകയാ[യുള്ള |
| | | ബുദ്ധ്യാ | ബുദ്ധിയോടു |
| | | യുക്തം ഹി | കൂടിയതായും |
| മാധുൎയ്യഗുണഭൂഷിതം | ശ്രവണമാത്രത്തിൽതന്നെ ആനന്ദജനകമായും | ഭാഷിതും | സംഭാഷണംചെയ്വാൻ |
| | | ത്വം ഏവ | ഭവാൻതന്നെയാണു് |
| | | അൎഹസി | യോഗ്യനായുള്ളതു്. |

[കിഷ്കിന്ധാകാണ്ഡം 3-ാം സർഗ്ഗം 29-ാം ശ്ലോകം മുതൽ "നാനൃഗ്വേദ" എന്നിത്യാദിയായി ശ്രീരാമൻ ഹനുമാന്റെ വാഗ്മാധുൎയ്യത്തെ പ്രശംസിച്ച രീതിയിൽ സീതാദേവിയും മാരുതിയുടെ വാക്യസൌഷ്ഠവത്തെ പുകഴ്ത്തുന്നു.

"അതിലക്ഷണസമ്പന്നം":– ഇതിൽ ഒരു വാക്യത്തിന്നു വേണ്ടതായ ആകാംക്ഷാ യോഗ്യതാ, ആസത്തി എന്ന ഗുണങ്ങൾ വിവക്ഷിക്കപ്പെടുന്നു. വാക്യത്തിന്റെ അവസാനംവരെ അൎത്ഥം പൂൎത്തിയാകാതെ ശ്രോതാവിന്റെ ആകാംക്ഷയെ നിലനിൎത്തുന്നതുതന്നെ, "ആകാംക്ഷ"യെന്ന ഗുണം. (Periodic sentence; opposite of a loose Sentence); വാക്യത്തിൽ പ്രയോഗിക്കുന്ന വാക്കുകൾ തമ്മിൽ അൎത്ഥവൈപരീത്യം ഇല്ലാതിരിക്കുന്നതു് "യോഗ്യത"; തൊട്ടുകിടക്കുന്ന പദങ്ങൾ തമ്മിൽ അൎത്ഥത്തിലുള്ള ബന്ധം ".ആസത്തി," അഥവാ അൎത്ഥത്തിന്നു മുറിവില്ലാതിരിക്കുന്നതു്.

"പ്രതീതിപൎയ്യവസാനവിരഹഃ"; എന്നിങ്ങിനെ അലങ്കാരശാസ്ത്രത്തിൽ ആകാംക്ഷയെന്തെന്നു് വിവരിക്കുന്നു.

"ഏകപദാർത്ഥേ അപരപദാർത്ഥസംസർഗ്ഗോ യോഗ്യതാ"; *"ആസത്തിർബുദ്ധ്യവിച്ഛേദഃ" "വാക്യം സ്യാദ്യോഗ്യതാऽऽകാംക്ഷാऽऽസത്തിയുക്തഃ പദോച്ചയഃ" എന്നു സാഹിത്യദർപ്പണം.

"അഷ്ടാംഗയാ ബുദ്ധ്യാ യുക്തം"·– "ഗ്രഹണം ധാരണം ചൈവ സ്മരണം പ്രതിപാദനം. ഊഹാപോഹാർത്ഥവിജ്ഞാനം തത്വജ്ഞാനം ച ധീഗുണാഃ" (ശ്രദ്ധവെച്ച് ഗ്രഹിക്കുക, മനസ്സിൽ ധരിക്കുക, ഓർമ്മിക്കുക, കേട്ടതിനെ പ്രതിപാദിക്കുക, ഊഹിച്ചറിയുക, തള്ളിക്കളയുക, അർത്ഥത്തെ ഗ്രഹിക്കുക, സാരമായതിനെ ഗ്രഹിക്കുക; എന്നിങ്ങിനെ ബുദ്ധിയുടെ എട്ട് അംഗങ്ങൾ,)]

ശ്ലാഘനീയോऽനിലസ്യ ത്വം പുത്രഃ പരമധാർമ്മികഃ
ബലം ശൗര്യം ശ്രുതം സത്വം വിക്രമോ ദാക്ഷ്യമുത്തമം. 33
തേജഃ ക്ഷമാ ധൃതിർധൈര്യം വിനീതത്വം ന സംശയഃ
ഏതേ ചാന്യേ ച ബഹവോ ഗുണാസ്ത്വയ്യേവ ശോഭനാഃ. 34

| | | | |
|---|---|---|---|
| "ത്വം | "അങ്ങ് | ദാക്ഷ്യം | സാമർത്ഥ്യം |
| അനിലസ്യ | വായുഭഗവാന്റെ | തേജഃ | അമാനുഷശക്തി |
| പരമധാർമ്മികഃ | പരമധർമ്മിഷ്ഠനും | ക്ഷമാ | അപരാധസഹിഷ്ണുത്വം |
| ശ്ലാഘനീയഃ | പൂജ്യനുമായ | ധൃതിഃ | സ്ഥിരോത്സാഹം |
| പുത്രഃ | പുത്രനാകുന്നു. | ധൈര്യം | കലുക്കമില്ലായ്മ |
| ബലം | കഷ്ടങ്ങളെ സഹിക്കൽ | വിനീതത്വം ച | ഇന്ദ്രിയനിഗ്രഹം |
| ശൗര്യം | ശത്രുക്കളെ എതിർപ്പാനുള്ള ഉത്സാഹം | ഏതേ | എന്നിത്യാദിയും |
| | | അന്യേ ച | (ദാക്ഷിണ്യം മുതലായ) [മററ് |
| ശ്രുതം | ശാസ്ത്രജ്ഞാനം | ബഹവഃ | പല |
| സത്വം | കായബലം | ശോഭനാഃ ഗുണാഃ | ശുഭഗുണങ്ങളും |
| വിക്രമഃ | പരാക്രമം | ത്വയി ഏവ | ഭവാങ്കൽതന്നെയാണു |
| ഉത്തമം | ഉത്തമമായ | സംശയഃ ന" | സംശയമില്ല." [ള്ളത് |

അഥോവാച പുനഃ സീതാമസംഭ്രാന്തോ വിനീതവത്
പ്രഗൃഹീതാഞ്ജലിർഹർഷാത് സീതായാഃ പ്രമുഖേ സ്ഥിതഃ. 35

| | | | |
|---|---|---|---|
| അഥ | ആ സമയം | ഹർഷാത് | സന്തോഷമുൾക്കൊണ്ടവനായി |
| അസംഭ്രാന്തഃ | ഗർവ്വലേശമില്ലാതെ | | |
| പ്രഗൃഹീതാഞ്ജലിഃ | അഞ്ജലിബന്ധം ചെയ്തുകൊണ്ട് | വിനീതവത് | വണക്കംപൂണ്ട് |
| സീതായാഃ | സീതാദേവിയുടെ | സീതാം | സീതാദേവിയോടായി |
| പ്രമുഖേ സ്ഥിതാ | തിരുമുമ്പിൽ നില്ക്കുന്നവനായ ആ ഹനുമാൻ | പുനഃ | വീണ്ടും |
| | | ഉവാച. | ഇപ്രകാരം ഉണർത്തിച്ചു. |

ഇമാസ്തു ഖലു രാക്ഷസ്യോ യദി ത്വമനുമന്യസേ
ഹന്തുമിച്ഛാമ്യഹം സർവ്വാ യാഭിസ്ത്വം തർജ്ജിതാ പുരാ. 36

"ത്വാം — "നിന്തിരുവടി
അനുമന്യസേ യദി — വിടയരുളുന്നാപക്ഷം
യാഭിഃ — യാതൊരുവരാൽ
പുരാ ത്വം — മുമ്പ് ഭവതി
തൎജ്ജിതാ — ഭീഷണിപ്പെടുത്തപ്പെട്ടവോ, അപ്രകാരമുള്ള
ഇമാഃ — ഈ
രാക്ഷസ്യഃ — രാക്ഷസികൾ
സൎവ്വാഃ ഖലു — എല്ലാവരേയും തന്നെ
തു — ഇപ്പോൾ
അഹം — ഞാൻ
ഹന്തും ഇച്ഛാമി. — കൊന്നുകളയുവാനിച്ഛിക്കുന്നു.

ക്ലിശ്യന്തീം പതിദേവാം ത്വാമശോകവനികാം ഗതാം
ഘോരരൂപസമാചാരാഃ ക്രൂരാഃ ക്രൂരതരേക്ഷണാഃ
രാക്ഷസ്യോ ദാരുണകഥാ വരമേതത് പ്രയച്ഛ മേ. 37
മുഷ്ടിഭിഃ പാണിഭിഃ സൎവ്വാശ്ചരണൈശ്ചൈവ ശോഭനേ
ഇച്ഛാമി വിവിധൈൎഘാതൈൎഹന്തുമേതാഃ സുദാരുണാഃ 38

"ശോഭനേ — "പുണ്യവതി
അശോകവനികാം — അശോകവനത്തെ
ഗതാം — പുക്ക്
ക്ലിശ്യന്തീം — പരിതപിക്കുന്നവളും
പതിദേവാം — നാഥനെത്തന്നെ ദൈവമായ് കരുതുന്നവളുമായ
ത്വാം — നിന്തിരുവടിയോട്
ദാരുണകഥാഃ — ക്രൂരവാക്കരുചെയ്യുന്നവരും
ഘോരരൂപസമാചാരാഃ — ഘോരമായ വടിവും പ്രവൃത്തയുമാൎന്നവരും
ക്രൂരാഃ — കൊടിയവരും
ക്രൂരതരേക്ഷണാഃ — ഉഗ്രദൃഷ്ടിയാൎന്നവരും
സുദാരുണാഃ — ഭയങ്കരകളും ആയ
ഏതാഃ രാക്ഷസ്യഃ — ഈ അരക്കികളെ
സൎവ്വാഃ — എല്ലാം
മുഷ്ടിഭിഃ — മുഷ്ടികൾ കൊണ്ടും
പാണിഭിഃ — കൈകൾകൊണ്ടും
ചരണൈഃ ഏവ — കാലുകൾകൊണ്ടും
വിവിധൈഃ ഘാതൈഃ ച — പലവാററായി പ്രഹരിച്ച്
ഹന്തും — കൊല്ലുവാൻ
ഇച്ഛാമി — ഞാൻ കൊതിക്കുന്നു.
മേ — എനിക്ക്
ഏതത് വരം — ഈ വരത്തെ
പ്രയച്ഛ — നൽകിയാലും.

ഘാതൈൎജ്ജാനുപ്രഹാരൈശ്ച ദശനാനാം ച പാതനൈഃ
ഭക്ഷണൈഃ കൎണ്ണനാസാനാം കേശാനാം ലുഞ്ചനൈസ്തഥാ. 39
നഖൈഃ ശുഷ്കമുഖീഭിശ്ച ദാരണൈൎല്ലംഘനൈൎഹതൈഃ
നിപാത്യ ഹന്തുമിച്ഛാമി തവ വിപ്രിയകാരിണീഃ. 40

"തവ — "നിന്തിരുവടിക്ക്
വിപ്രിയകാരിണീഃ — തിന്മചെയ്തവരായ ഇവരെ
ഘാതൈഃ — ഇടികൾകൊണ്ടും
ജാനുപ്രഹാരൈഃ ച — കാൽമുട്ടുകൾകൊണ്ടു കുത്തിയും
ദശനാനാം പാതനൈഃ ച — പല്ലുകൾ കൊഴിച്ചും
കൎണ്ണനാസാനാം — ചെവികളും മൂക്കുകളും
ഭക്ഷണൈഃ — കടിച്ചും
കേശാനാം — തലമുടികൾ
ലുഞ്ചനൈഃ തഥാ — പിച്ചുപറിച്ചും
ശുഷ്കമുഖീഭിഃ — ഘോരമായ അഗ്രങ്ങളാൎന്ന
നഖൈഃ — നഖങ്ങൾകൊണ്ട്
ദാരണൈഃ ച — മാന്തിപ്പൊളിച്ചും
ലംഘനൈഃ — മെക്കട്ടുകേറിയും
ഹതൈഃ — പ്രഹരങ്ങൾകൊണ്ട്
നിപാത്യ — വീഴ്ത്തിയും
ഹന്തും — കൊല്ലുവാൻ
ഇച്ഛാമി. — ഞാൻ കൊതിക്കുന്നു.

ഏവംപ്രകാരൈർബ്ബഹുഭിർവ്വിപ്രകാരൈർയശസ്വിനി
ഹന്തുമിച്ഛാമ്യഹം ദേവി തവേമാഃ കൃതകില്ബിഷാഃ. 41

| | | | |
|---|---|---|---|
| "യശസ്വിനി | "പുകഴാന്ന | ഏവംപ്രകാരൈഃ | ഇപ്രകാരമുള്ള |
| ദേവി | പുണ്യവതി | ബഹുഭിഃ | പല |
| തവ | നിന്തിരുവടിക്ക് | വിപ്രകാരൈഃ | ഹിംസകൾകൊണ്ട് |
| കൃതകില്ബിഷാഃ | അപരാധം ചെയ്തവരായ | ഹന്തും | വധിപ്പാൻ |
| ഇമാഃ | ഇവരെ | അഹം | ഞാൻ |
| | | ഇച്ഛാമി." | ആഗ്രഹിക്കുന്നു." |

ഏവമുക്താ ഹനുമതാ വൈദേഹീ ജനകാത്മജാ
ഉവാച ധർമ്മസഹിതം ഹനുമന്തം യശസ്വിനീ. 42

| | | | |
|---|---|---|---|
| ജനകാത്മജാ | ജനകനന്ദിനിയും | ഉക്താ | ഉണർത്തിക്കപ്പെട്ടവളായി |
| യശസ്വിനീ | കീർത്തിമതിയുമായ | ഹനുമന്തം | ഹനുമാനോടായി |
| വൈദേഹി | സീതാദേവി | ധർമ്മസഹിതം | ധർമ്മയുക്തമായ ഒരു വാക്ക് |
| ഹനുമതാ | ഹനുമാനാൽ | ഉവാച. | അരുൾചെയ്തു. |
| ഏവം | ഇപ്രകാരം | | |

രാജസംശ്രയവശ്യാനാം കുർവ്വതീനാം പരാജ്ഞയാ
വിധേയാനാം ച ദാസീനാം കഃ കുപ്യേദ്വാനരോത്തമ. 43

| | | | |
|---|---|---|---|
| "വാനരോത്തമ | "വാനരശ്രേഷ്ഠ | പരാജ്ഞയാ | അന്യന്റെ ആജ്ഞ കയ്ക്കൊണ്ട് |
| രാജസംശ്രയവശ്യാനാം | രാജസേവയ്ക്ക് വശപ്പെട്ടവരായി | കുർവ്വതീനാം ച | പ്രവൃത്തിക്കുന്നവരായ |
| വിധേയാനാം | സ്വാതന്ത്ര്യമററവരായി | ദാസീനാം | ദാസികൾക്കുനേരെ |
| | | കഃ കുപ്യേത്? | ആരാണ് കോപിക്കുക? |

ഭാഗ്യവൈഷമ്യയോഗേന പുരാ ദുശ്ചരിതേന ച
മയൈതത് പ്രാപ്യതേ സർവ്വം സ്വകൃതം ഹ്യുപഭുജ്യതേ. 44

| | | | |
|---|---|---|---|
| "ഭാഗ്യവൈഷമ്യയോഗേന | ഭാഗ്യത്തിന്റെ വൈപരീത്യത്താലും | പ്രാപ്യതേ | അനുഭവിക്കപ്പെടുന്നത്; |
| പുരാ ദുശ്ചരിതേന ച | മുജ്ജന്മത്തിൽ ചെയ്ത പാപഫലത്താലുമാണ് | സ്വകൃതം ഹി | അവനവൻചെയ്ത ഫലം മാത്രമാണല്ലോ |
| മയാ | എന്നാൽ | ഉപഭുജ്യതേ. | (ഒരുവനാൽ) അനുഭവിക്കപ്പെടുന്നത്. |
| ഏതത് സർവ്വം | ഇതെല്ലാം | | |

പ്രാപ്തവ്യം തു ദശായോഗാന്മയൈതദിതി നിശ്ചിതം
ദാസീനാം രാവണസ്യാഹം മർഷയാമീഹ ദുർബ്ബലാ. 45

| | | | |
|---|---|---|---|
| "ദശായോഗാത് | "വിധിവിഹിതത്താൽ | ദുർബ്ബലാ | വിധിയെ തടുപ്പാൻ ശക്തിയില്ലാത്തവളായ |
| മയാ തു | എന്നാൽ ഇപ്പോൾ | അഹം ഇഹ | ഞാൻ ഇക്കാര്യത്തിൽ |
| ഏതത് | ഇത് | രാവണസ്യ | രാവണന്റെ |
| പ്രാപ്തവ്യം | അനുഭവിക്കപ്പെടേണ്ടതാണ് | ദാസീനാം | ദാസിമാരെക്കുറിച്ച് |
| ഇതി | എന്നുള്ളത് | മർഷയാമി. | പൊറുക്കുന്നു. |
| നിശ്ചിതം | എനിക്ക് തീർച്ചയുണ്ട്; | | |

ആജ്ഞപ്താ രാവണേനൈതാ രാക്ഷസ്യോ മാമതർജ്ജയൻ
ഹതേ തസ്മിൻ ന കുർയ്യുർഹി തർജ്ജനം വാനരോത്തമ. 46

| | |
|---|---|
| "വാനരോത്തമ | "വാനരശ്രേഷ്ഠ |
| ഏതാഃ | ഈ |
| രാക്ഷസ്യഃ | രാക്ഷസികൾ |
| രാവണേന | രാവണനാൽ |
| ആജ്ഞപ്താഃ | ആജ്ഞാപിക്കപ്പെട്ടവ |
| മാം | എന്നെ [രായിട്ടാണ് |
| അതർജ്ജയൻ | ഭീഷണിപ്പെടുത്തിയത്; |
| തസ്മിൻ ഹി | അവനും |
| ഹതേ | വധിക്കപ്പെട്ടവനായിരിക്കെ |
| തർജ്ജനം കുർയ്യുഃ ന | ഇനി ഭീതിപ്പെടുത്തുകയില്ല. |

അയം വ്യാഘ്രസമീപേ തു പുരാണോ ധർമ്മസംസ്ഥിതഃ
ഋക്ഷേണ ഗീതഃ ശ്ലോകോ മേ തന്നിബോധ പ്ലവംഗമ. 47

| | |
|---|---|
| "പുരാ | "പുരാതനവും |
| ധർമ്മസംസ്ഥിതഃ തു | ധർമ്മത്തിൽനിന്നു വ്യതിചലിക്കാത്തതുമായ |
| അയം | ഈ |
| ശ്ലോകഃ | ശ്ലോകം |
| വ്യാഘ്രസമീപേ | ഒരു നരിയുടെ അടുക്കൽ |
| ഋക്ഷേണ | ഒരു കരടിയാൽ |
| ഗീതഃ | പറയപ്പെട്ടതാണ്; |
| പ്ലവംഗമ | വാനര |
| തത് | അതിനെ |
| മേ | എങ്കൽനിന്നു് |
| നിബോധ. | കേട്ടുകൊൾക. |

[പണ്ട് ഒരു വ്യാധൻ ഒരു വ്യാഘ്രത്താൽ തുരത്തപ്പെട്ടവനായി ഒരു മരത്തിൻമുകളിൽ കയറി രക്ഷപ്പെട്ടു; എന്നാൽ വൃക്ഷത്തിന്റെ മുകളിൽ ഒരു കരടിയുണ്ടായിരുന്നു. കുറെനേരം കഴിഞ്ഞപ്പോൾ ആ വ്യാധന്നു് ഉറക്കംവരികയാൽ, കരടി, തന്റെ മടിയിൽ തലവെച്ചു് ഉറങ്ങിക്കൊൾവാൻ പറഞ്ഞു: അങ്ങിനെ അവൻ ഉറങ്ങുമ്പോൾ വ്യാഘ്രം കരടിയോടായി ഇങ്ങിനെപറഞ്ഞു: "കാട്ടുമൃഗങ്ങളായ നമുക്ക് ജാത്യാ തന്നെ ശത്രുവാണ് ഇവൻ. ആകയാൽ ഇവനെ താഴത്തു തള്ളിവീഴ്ത്തുക." അപ്പോൾ കരടി, "എന്റെ വാസസ്ഥലത്തേക്ക് വന്നിരിക്കുന്ന ഇവനെ ഞാൻ വീഴ്ത്തുകയില്ല; അത് അധർമ്മമാണ്," എന്നു പറഞ്ഞു. വ്യാധൻ ഉണർന്നു്, കുറെ കഴിഞ്ഞപ്പോൾ കരടിയും ഉറങ്ങുവാൻ തുടങ്ങി. അപ്പോൾ നരി, "നിന്നെ ഞാൻ രക്ഷിക്കാം; കരടിയെ താഴോട്ടു തള്ളിക്കളയുക" എന്നു് വ്യാധനോടു് പറയുകയും, വ്യാധൻ സ്വാത്മബുദ്ധി കൊണ്ട് അങ്ങിനെ ചെയ്യുകയും ചെയ്തു. എന്നാൽ കരടി തന്റെ പരിചയംകൊണ്ട് കൊമ്പിൽ മുറുകെ പിടിച്ചിരുന്നതിൽ വീഴുകയുണ്ടായില്ല. അതിനുശേഷം തനിക്ക് അപരാധംചെയ്ത വ്യാധനെ താഴോട്ടു തള്ളുവാനായി വീണ്ടും വീണ്ടും അപേക്ഷിക്കപ്പെട്ടിട്ടും, കരടി അപ്രകാരം ചെയ്തു ഉണ്ടായില്ല. എന്നിങ്ങിനെ പുരാണകഥ. ആ സമയം കരടി, വ്യാഘ്രത്തോടുപറഞ്ഞ ശ്ലോകമാകുന്നു താഴെ പറയുന്നത്.]

ന പരഃ പാപമാദത്തേ പരേഷാം പാപകർമ്മണാം
സമയോ രക്ഷിതവ്യസ്തു സന്തശ്ചാരിത്രഭൂഷണാഃ 48

| | |
|---|---|
| "പരഃ | "ഒരു സത്പുരുഷൻ |
| പാപകർമ്മണാം | തനിക്ക് തിന്മവിളയിക്കുന്നവരായ |
| പരേഷാം പാപം | ശത്രുക്കൾക്കു ദോഷം |
| ആദത്തേ ന | ചെയ്യുന്നില്ല; |
| സമയഃ തു | സദാചാരംതന്നെയാണ് |
| രക്ഷിതവ്യഃ | തെററിപ്പോകാതെ രക്ഷിക്കപ്പെടേണ്ടത്; |
| സന്തഃ | സജ്ജനങ്ങൾ |
| ചാരിത്രഭൂഷണാഃ | സദ്വൃത്തിയെ ഭൂഷണമായ് കയ്ക്കൊണ്ടവരാകുന്നു. |

പാപാനാം വാ ശുഭാനാം വാ വധാർഹാണാം പ്ലവംഗമ
കാൎയ്യം കരുണമാൎയ്യേണ ന കശ്ചിന്നാപരാധ്യതി. 49

| | | | |
|---|---|---|---|
| "പ്ലവംഗമ | "വാനരവീര | ആൎയ്യേണ | സന്മാൎഗ്ഗനിരതനായ ഒരുവനാൽ |
| പാപാനാം വാ | പാപികൾക്കുനേരെയാകട്ടെ | കരുണം | ദയതന്നെയാണ് |
| ശുഭാനാം വാ | സജ്ജനങ്ങൾക്കുനേരെയാകട്ടെ | കാൎയ്യം | കാണിക്കപ്പെടത്തക്കത് |
| വധാർഹാണാം | വധാർഹന്മാൎക്ക് നേരെതന്നെയാകട്ടെ | കശ്ചിത് | ആരുംതന്നെ |
| | | ന അപരാധ്യതി ന. | കുററംചെയ്യാത്തവനില്ല. |

ലോകഹിംസാവിഹാരാണാം രക്ഷസാം കാമരൂപിണാം
കുർവ്വതാമപി പാപാനി നൈവ കാൎയ്യമശോഭനം. 50

| | | | |
|---|---|---|---|
| ലോക-ഹിംസാ-വിഹാരാണാം | "ലോകങ്ങൾക്ക് ഹിംസ ചെയ്യുന്നതുതന്നെ നേരംപോക്കായുള്ളവരും | പാപാനി അപി | പാപകൃത്യങ്ങളെത്തന്നെ |
| കാമരൂപിണാം | തോന്നിയ വടിവു കൈക്കൊണ്ട് | കുർവ്വതാം | ചെയ്യുന്നവരുമായ |
| | | രക്ഷസാം ഏവ | രാക്ഷസൎക്കുംകൂടി |
| | | അശോഭനം | നന്മയല്ലാത്തത് |
| | | കാൎയ്യം ന" | ചെയ്യപ്പെടത്തക്കതല്ല." |

ഏവമുക്തസ്തു ഹനുമാൻ സീതയാ വാക്യകോവിദഃ
പ്രത്യുവാച തതഃ സീതാം രാമപത്നീം യശസ്വിനീം. 51

| | | | |
|---|---|---|---|
| വാക്യകോവിദഃ | വാക്യസാരഗ്രാഹിയായ | തതഃ | അപ്പോൾ |
| ഹനുമാൻ തു | ഹനുമാനും | രാമപത്നീം | ശ്രീരാഘവപത്നിയും |
| സീതയാ | സീതാദേവിയാൽ | യശസ്വിനീം | കീൎത്തിമതിയുമായ |
| ഏവം | ഇപ്രകാരം | സീതാം | വൈദേഹിയോടായി |
| ഉക്തഃ | അരുൾചെയ്യപ്പെട്ടവനായി | പ്രത്യുവാച. | ഇപ്രകാരം മറുപടിയുണൎത്തിച്ചു. |

യുക്താ രാമസ്യ ഭവതീ ധൎമ്മപത്നീ യശസ്വിനീ
പ്രതിസന്ദിശ മാം ദേവി ഗമിഷ്യേ യത്ര രാഘവഃ 52

| | | | |
|---|---|---|---|
| "ദേവി | "ദേവി | മാം പ്രതി-സന്ദിശ | എനിക്ക് മറുപടിയുരചെയ്ത് വിടയരുളിയാലും |
| യശസ്വിനി | യശസ്വിനിയായ | രാഘവഃ | ശ്രീരാഘവൻ |
| ഭവതീ | നിന്തിരുവടി | യത്ര | എഴുന്നെള്ളിയിരിക്കുന്നേടം |
| രാമസ്യ | ശ്രീരാഘവന്ന് | | |
| യുക്താ | അനുയോജിച്ച | | |
| ധൎമ്മപത്നീ | ധൎമ്മപത്നിതന്നെ; | ഗമിഷ്യേ." | ഞാൻ പോകട്ടെ." |

ഏവമുക്താ ഹനുമതാ വൈദേഹീ ദീനവത്സലാ
അബ്രവീദ്ദ്രഷ്ടുമിച്ഛാമി ഭർത്താരം വാനരോത്തമ. 53

| | | | |
|---|---|---|---|
| ഹനുമതാ | ഹനുമാനാൽ | അബ്രവീത് | ഇപ്രകാരം അരുളിച്ചെ[യ്തു; |
| ഏവം | ഇപ്രകാരം | "വാനരോത്തമ | "വാനരശ്രേഷ്ഠ |
| ഉക്താ | ഉണർത്തിക്കപ്പെട്ട | ഭർത്താരം | നാഥനെ |
| ദീനവത്സലാ | ദീനവത്സലയായ | ദ്രഷ്ടും | സന്ദർശിപ്പാൻ |
| വൈദേഹീ, | ജാനകീദേവി, | ഇച്ഛാമി." | ഞാൻ കൊതിക്കുന്നു." |

തസ്യാസ്തദ്വചനം ശ്രുത്വാ ഹനുമാൻ മാരുതാത്മജഃ
ഹർഷയൻ മൈഥിലീം വാക്യമുവാചേദം മഹാദ്യുതിഃ 54

| | | | |
|---|---|---|---|
| മാരുതാത്മജഃ | വായുസുതനും | ശ്രുത്വാ, | കേട്ട് |
| മഹാദ്യുതിഃ | മഹിമയേറിയവനുമായ | മൈഥിലീം | സീതാദേവിയെ |
| ഹനുമാൻ | ഹനുമാൻ | ഹർഷയൻ | സന്തോഷപ്പെടുത്തുന്നവനായി, |
| തസ്യാഃ | ആ ദേവിയുടെ | | |
| തത് | ആ | വാക്യം ഇദം | ഇപ്രകാരം വാക്യത്തെ |
| വചനം | വാക്ക | ഉവാച. | ഉരചെയ്തു. |

പൂർണ്ണചന്ദ്രാനനം രാമം ദ്രക്ഷ്യസ്യാര്യേ സലക്ഷ്മണം
സ്ഥിരമിത്രം ഹതാമിത്രം ശചീവ ത്രിദശേശ്വരം. 55

| | | | |
|---|---|---|---|
| "ആര്യേ | "സദ്ഗുണസമ്പന്നേ | രാമം | ശ്രീരാഘവനെ |
| പൂർണ്ണചന്ദ്രാനനം | മുഴുമതിനേർവദനനും | ശചീ | ശചീദേവി |
| സ്ഥിരമിത്രം | ദൃഢമിത്രന്മാരോടു കൂടിയവനും | ത്രിദശേശ്വരം | ദേവേന്ദ്രനെ |
| | | ഇവ | എന്ന പോലെ |
| ഹതാമിത്രം | ശത്രുക്കളററവനും | ദ്രക്ഷ്യസി." | നിന്തിരുവടി സന്ദർശിക്കുന്നതാണ്." |
| സലക്ഷ്മണം | ലക്ഷ്മണസഹിതനുമായ | | |

താമേവമുക്ത്വാ രാജന്തീം സീതാം സാക്ഷാദിവ ശ്രിയം
ആജഗാമ മഹാവേഗോ ഹനുമാൻ യത്ര രാഘവഃ 56

| | | | |
|---|---|---|---|
| ഹനുമാൻ | ഹനുമാൻ | ഏവം | ഇപ്രകാരം |
| സാക്ഷാത് | സാക്ഷാൽ | ഉക്ത്വാ | ഉണർത്തിച്ചശേഷം |
| ശ്രിയം ഇവ | മഹാലക്ഷ്മിയെപ്പോലെ | മഹാവേഗഃ | അതിവേഗത്തിൽ |
| രാജന്തീം | വിളങ്ങുന്ന | രാഘവഃ | ശ്രീരാഘവൻ |
| താം | ആ | യത്ര | എവിടെയോ അവിടെ |
| സീതാം | സീതാദേവിയോടായി | ആജഗാമ. | തിരിച്ചുചെന്നു[ള്ളായി |

ഇത്യാർഷേ ശ്രീമദ്രാമായണേ വാൽമീകീയേ ആദികാവ്യേ യുദ്ധകാണ്ഡേ
ഷോഡശോത്തരശതതമഃ സർഗ്ഗഃ=നൂററിപ്പതിനാറാംസർഗ്ഗം സമാപ്തം.
ആദ്യംമുതൽ ശ്ലോകസംഖ്യ 20081; യുദ്ധകാണ്ഡം ആദ്യംമുതൽ ശ്ലോകസംഖ്യ 5406

—(൦൦)—

## സപ്തദശോത്തരശതതമഃ സർഗ്ഗഃ = നൂറ്റിപ്പതിനേഴാംസർഗ്ഗം

[സീതാഭർത്തൃമുഖോദ്വീക്ഷണം=സീത ഭർത്തൃമുഖത്തെ സംദർശിക്കുന്നതു്]

സ ഉവാച മഹാപ്രാജ്ഞമഭിഗമ്യ പ്ലവംഗമഃ
രാമം വചനമർത്ഥജ്ഞോ വരം സർവ്വധനുഷ്മതാം. 1

| | | | |
|---|---|---|---|
| സഃ | ആ | വരം | ഉത്തമനായ |
| അർത്ഥജ്ഞഃ | സാരഗ്രാഹിയായ | മഹാപ്രാജ്ഞം | മഹാബുദ്ധിമാനായ |
| പ്ലവംഗമഃ | വാനരൻ | രാമം | ശ്രീരാഘവനെ |
| സർവ്വധനുഷ്മതാം | എല്ലാ വില്ലാളികളിലും വെച്ച് | അഭിഗമ്യ | സമീപിച്ച് |
| | | വചനം ഉവാച. | ഇങ്ങിനെ ഉണർത്തിച്ചു. |

യന്നിമിത്തോഽയമാരംഭഃ കർമ്മണാം ച ഫലോദയഃ
താം ദേവീം ശോകസന്തപ്താം മൈഥിലീം ദ്രഷ്ടുമർഹസി. 2

| | | | |
|---|---|---|---|
| "അയം | "ഈ | താം | അപ്രകാരമുള്ള |
| ആരംഭഃ | ആരംഭം | ശോക-സംതപ്താം | ശോകാർത്തയായ |
| യന്നിമിത്തഃ | ആരെക്കുറിച്ചുണ്ടായോ | മൈഥിലീം ദേവീം | ജാനകീദേവിയെ |
| കർമ്മണാം | തുടന്ന കൃത്യങ്ങളുടെ | | |
| ഫലോദയഃ | ഫലപ്രാപ്തിയും | | |
| ച | ആർ നിമിത്തമായുള്ളതോ, | ദ്രഷ്ടും | കാണുവാൻ |
| | | അർഹസി. | തിരുവുള്ളമുണ്ടാകേണം. |

സാ ഹി ശോകസമാവിഷ്ടാ ബാഷ്പപര്യാകുലേക്ഷണാ
മൈഥിലീ വിജയം ശ്രുത്വാ തവ ഹർഷമുപാഗമത്. 3

| | | | |
|---|---|---|---|
| "ബാഷ്പപര്യാ-കുലേക്ഷണാ | "അശ്രുക്കൾ വഴിഞ്ഞ നേത്രങ്ങളാന്നവളായി | തവ | നിന്തിരുവടിയുടെ |
| ശോക-സമാവിഷ്ടാ | ദുഃഖാക്രാന്തയായ | വിജയം | വിജയത്തെ |
| സാ | ആ | ശ്രുത്വാ | ചെവിക്കൊണ്ട് |
| മൈഥിലീ ഹി, | ജാനകീമാതാവും | ഹർഷം ഉപാഗമത്. | പുളകിതഗാത്രയായി ഭവിച്ചു. |

പൂർവ്വകാത് പ്രത്യയാച്ചാഹമുക്തോ വിശ്വസ്തയാ തയാ
ഭർത്താരം ദ്രഷ്ടുമിച്ഛാമി കൃതാർത്ഥം സഹലക്ഷ്മണം. 4

| | | | |
|---|---|---|---|
| "അഹം ച | "ഞാനും | 'കൃതാർത്ഥം | 'കയ്യേറ്റ കാര്യം സാധിച്ചവനായി |
| പൂർവ്വകാത് | മുമ്പുണ്ടായിട്ടുള്ള | | |
| പ്രത്യയാത് | പരിചയത്താൽ | സഹലക്ഷ്മണം | ലക്ഷ്മണസഹിതനായിരിക്കുന്ന |
| വിശ്വസ്തയാ | വിശ്വാസം കയ്യേറ്റ | | |
| തയാ | ആ ദേവിയാൽ | ഭർത്താരം | നാഥനെ |
| ഉക്തഃ | ഇപ്രകാരം അരുളിച്ചെയ്യപ്പെട്ടു; | ദ്രഷ്ടും | സന്ദർശിപ്പാൻ |
| | | ഇച്ഛാമി.' | ഞാൻ ആഗ്രഹിക്കുന്നു. |

ഏവമുക്താ ഹനുമതാ രാമോ ധർമ്മഭൃതാം വരഃ
അഗച്ഛത് സഹസാ ധ്യാനമീഷദ് ബാഷ്പപരിപ്ലുതഃ 5

| | | | |
|---|---|---|---|
| ഹനുമതാ | ഹനുമാനാൽ | ഈഷദ്ബാഷ്പ പരിപ്ലുതഃ | തെല്ലൊന്നു കണ്ണീർ വാത്തുകൊണ്ട് |
| ഏവം ഉക്തഃ | ഇപ്രകാരം ഉണത്തിക്ക | സഹസാ | തത്ക്ഷണം |
| ധർമ്മഭൃതാം | ധർമ്മിഷ്ഠന്മാരിൽ [പ്പെട്ട | ധ്യാനം അഗച്ഛത്. | ചിന്താവിഷ്ടനായി വത്തിച്ചു. |
| വരഃ | ഉത്തമനായ | | |
| രാമഃ | ശ്രീരാമൻ | | |

[രാവണഭവനത്തിൽ വത്തിച്ചിരുന്നവളായ ദേവിയെ പരിഗ്രഹിക്കുന്നതിൽ മഹത്തായ ലോകാപവാദമുണ്ടായേക്കുമെന്നും, നിർദ്ദോഷിയായ അവളെപരിത്യജിക്കുന്നതിൽ മഹത്തായ ദോഷമുണ്ടെന്നും ഉള്ള ചിന്തയിൽ ആണ്ടിരുന്നു എന്നു സാരം. (ഗോ. രാ )]

ദീർഘമുഷ്ണം വിനിശ്വസ്യ മേദിനീമവലോകയൻ
ഉവാച മേഘസങ്കാശം വിഭീഷണമുപസ്ഥിതം. 6

| | | | |
|---|---|---|---|
| ഉഷ്ണം ദീർഘം വിനിശ്വസ്യ | ചുടുചുടെനെടുവീർപ്പിട്ടു കൊണ്ട് | മേഘസംകാശം | മേഘപ്രതിമനായ |
| മേദിനീം അവലോകയൻ | നിലം നൊക്കിക്കൊണ്ട് | വിഭീഷണം | വിഭീഷണനോടായി |
| ഉപസ്ഥിതം | അടുത്തു നിന്നിരുന്ന | ഉവാച. | ഇപ്രകാരം അരുളിച്ചെയ്തു. |

ദിവ്യാംഗരാഗാം വൈദേഹീം ദിവ്യാഭരണഭൂഷിതാം
ഇഹ സീതാം ശിരസ്നാതാമുപസ്ഥാപയ മാ ചിരം. 7

| | | | |
|---|---|---|---|
| "ഇഹ | "ഇപ്പോഠം | ദിവ്യാഭരണ- ഭൂഷിതാം | ദിവ്യാഭരണങ്ങഠം ചാത്തിയവളായും |
| വൈദേഹീം | വിദേഹാത്മജയായ | മാ ചിരം | താമസിയാതെ |
| സീതാം | സീതയെ | ഉപസ്ഥാപയ." | വരുത്തുവാൻ കല്പിച്ചാലും." |
| ശിരഃസ്നാതാം | തലമുങ്ങിക്കുളിച്ചവളായും | | |
| ദിവ്യാംഗരാഗാം | ദിവ്യമായ കുറിക്കൂട്ടുകളണിഞ്ഞവളായും | | |

ഏവമുക്തസ്തു രാമേണ ത്വരമാണോ വിഭീഷണഃ
പ്രവിശ്യാന്തഃപുരം സീതാം സ്വാഭിഃ സ്ത്രീഭിരചോദയത്. 8

| | | | |
|---|---|---|---|
| രാമേണ | ശ്രീരാമനാൽ | അന്തഃപുരം | അന്തഃപുരത്തിൽ |
| ഏവം | ഇപ്രകാരം | പ്രവിശ്യ | പ്രവേശിച്ച് |
| ഉക്തഃ | ആജ്ഞാപിക്കപ്പെട്ടവ [നായ | സ്വാഭിഃ | തന്റെ സ്വന്തം |
| വിഭീഷണഃ | വിഭീഷണൻ | സ്ത്രീഭിഃ | സ്ത്രീകഠം മുഖാന്തരം |
| തു | അപ്പോഠം | സീതാം | സീതാദേവിയോടായി |
| ത്വരമാണഃ | ബദ്ധപ്പെട്ടുകൊണ്ട് | അചോദയത് | ഇപ്രകാരം അറിയിച്ചു. |

ദിവ്യാംഗരാഗാ വൈദേഹീ ദിവ്യാഭരണഭൂഷിതാ
യാനമാരോഹതു ഭദ്രം തേ ഭർത്താ ത്വാം ദ്രഷ്ടുമിച്ഛതി. 9

| | | | |
|---|---|---|---|
| "വൈദേഹീ | "ജാനകീദേവി | ദിവ്യാംഗരാഗ | ദിവ്യമായ കുറിക്കൂട്ടുകളണിഞ്ഞവളായി |
| ഭദ്രം തേ | നിന്തിരുവടിക്ക് മംഗളമുണ്ടാകട്ടെ! | ദിവ്യാഭരണഭൂഷിതാ | ദിവ്യാലങ്കാരഭൂഷിതയായി |
| ഭർത്താ | നിന്തിരുവടിയുടെ ഭർത്താ [വു് | യാനം | പല്ലക്കിൽ |
| ത്വാം | നിന്തിരുവടിയെ | ആരോഹ." | കയറുവാൻ തിരുവുള്ളമുണ്ടാകേണം." |
| ദ്രഷ്ടും | തൃക്കൺപാർക്കുവാൻ | | |
| ഇച്ഛതി | ആഗ്രഹിക്കുന്നു; | | |

ഏവമുക്താ തു വൈദേഹീ പ്രത്യുവാച വിഭീഷണം
അസ്നാതാ ദ്രഷ്ടുമിച്ഛാമി ഭർത്താരം രാക്ഷസാധിപ 10

| | | | |
|---|---|---|---|
| ഏവം | ഇപ്രകാരം | രാക്ഷസാധിപ | "രാക്ഷസേശ്വര |
| ഉക്താ | അപേക്ഷിക്കപ്പെട്ടവളായ | ഭർത്താരം | ഭർത്താവിനെ |
| വൈദേഹീ | ജാനകീദേവി [യ | അസ്നാതാ | സ്നാനംചെയ്യാത്തവളായ്ത്തന്നെയാണ് |
| തു | ആ സമയം | ദ്രഷ്ടും | സന്ദർശിപ്പാൻ |
| വിഭീഷണം | വിഭീഷണനോടായി | ഇച്ഛാമി." | ഞാൻ ആഗ്രഹിക്കുന്നത്." |
| പ്രത്യുവാച | ഇപ്രകാരം മറുമൊഴിയോതി; | | |

തസ്യാസ്തദ്വചനം ശ്രുത്വാ പ്രത്യുവാച വിഭീഷണഃ 11

| | | | |
|---|---|---|---|
| വിഭീഷണഃ | വിഭീഷണൻ | വചനം | മൊഴി |
| തസ്യാഃ | ആ ദേവിയുടെ | ശ്രുത്വാ | കേട്ട് |
| തത് | ആ | പ്രത്യുവാച | ഇപ്രകാരം ഉണർത്തിച്ചു. |

യഥാഹ രാമോ ഭർത്താ തേ തത്തഥാ കർത്തുമർഹസി. 12

| | | | |
|---|---|---|---|
| "തേ | "നിന്തിരുവടിയുടെ | തത് | അതിനെ |
| ഭർത്താ | ഭർത്താവായ | തഥാ | അപ്രകാരം തന്നെ |
| രാമഃ | ശ്രീരാഘവൻ | കർത്തും | ചെയ്യാൻ |
| യത് | യാതൊന്നിനെ | അർഹസി" | തിരുവുള്ളമുണ്ടാകേണം." |
| ആഹ | അരുളിച്ചെയ്തുവോ | | |

തസ്യ തദ്വചനം ശ്രുത്വാ മൈഥിലീ ഭർത്തൃദേവതാ
ഭർത്തൃഭക്തിവ്രതാ സാധ്വീ തഥേതി പ്രത്യഭാഷത. 13

| | | | |
|---|---|---|---|
| ഭർത്തൃദേവതാ | നാഥനെത്തന്നെ ദൈവമായ്ക്കൊണ്ടവളും | തസ്യ | വിഭീഷണന്റെ |
| ഭർത്തൃഭക്തിവ്രതാ | ഭർത്തൃഭക്തിയെത്തന്നെ സർവ്വോത്കൃഷ്ടമായി ഭാവിക്കുന്നവളും | തത് വചനം | ആ വാക്ക് |
| സാധ്വീ | സദ്ഗുണസമ്പന്നയു [മായ | ശ്രുത്വാ | കേട്ട് |
| മൈഥിലീ | സീതാദേവി | "തഥാ" | "ഭർത്താവിന്റെ തിരുവുള്ളംപോലെ നടക്കാം" |
| | | ഇതി | എന്ന് |
| | | പ്രത്യഭാഷത | മറുപടിയരുളി. |

തതഃ സീതാം ശിരഃസ്നാതാം യുവതീഭിരലങ്കൃതാം
മഹാർഹാഭരണോപേതാം മഹാർഹാംബരധാരിണീം. 14
ആരോപ്യ ശിബികാം ദീപ്താം പരാർദ്ധ്യാംബരസംവൃതാം
രക്ഷോഭിർബഹുഭിർഗ്ഗുപ്താമാജഹാര വിഭീഷണഃ 15

| | | | |
|---|---|---|---|
| വിഭീഷണഃ | വിഭീഷണൻ | സീതാം | സീതാദേവിയെ |
| തതഃ | അപ്പോൾ | പരാർദ്ധ്യാംബരസംവൃതാം | ഉത്തമമായ മൂടുവസ്ത്രത്താൽ മറയ്ക്കപ്പെട്ടുള്ളതായി |
| യുവതിഭിഃ | മടവാർകളെക്കൊണ്ട് | ബഹുഭിഃ | അനേകം |
| ശിരഃസ്നാതാം | തലനീരാട്ടുകഴിഞ്ഞ് | രക്ഷോഭിഃ | രാക്ഷസരാൽ |
| മഹാർഹാഭരണോപേതാം | വിശേഷപ്പെട്ട ആഭരണങ്ങൾ പൂണ്ടവളും | ഗുപ്താം | കാക്കപ്പെട്ടവളായി, |
| | | ദീപ്താം | കാന്തിയേറിയ |
| അലംകൃതാം | അലങ്കാരങ്ങൾ ചാർത്തി | ശിബികാം | പല്ലക്കിൽ |
| മഹാർഹാംബരധാരിണീം | വിലയേറിയ വസ്ത്രം ധരിച്ചവളുമായ | ആരോപ്യ ആജഹാര. | കയററി എഴുന്നെള്ളിച്ചു കൊണ്ടുവന്നു. |

സോഽഭിഗമ്യ മഹാത്മാനം ജ്ഞാത്വാപി ധ്യാനമാസ്ഥിതം
പ്രണതശ്ച പ്രഹൃഷ്ടശ്ച പ്രാപ്താം സീതാം ന്യവേദയത്. 16

| | | | |
|---|---|---|---|
| സഃ | ആ വിഭീഷണൻ | അഭിഗമ്യ | അടുത്ത് |
| ജ്ഞാത്വാ അപി | (താൻ തിരിച്ചെത്തിയതിനെ) അറിഞ്ഞിട്ടും | പ്രണതഃ ച | വണങ്ങിയവനായി |
| ധ്യാനം ആസ്ഥിതം | ചിന്തയിൽത്തന്നെ ആണ്ടിരുന്ന | പ്രഹൃഷ്ടഃ ച | ആനന്ദഭരിതനായി |
| | | സീതാം | സീതാദേവിയെ |
| മഹാത്മാനം | ആ മഹാത്മാവായ ശ്രീരാമനെ | പ്രാപ്താം | എഴുന്നെള്ളിയിരിക്കുന്നവളായി |
| | | ന്യവേദയത്. | ഉണർത്തിച്ചു. |

താമാഗതാമുപശ്രുത്യ രക്ഷോഗൃഹചിരോഷിതാം
ഹർഷോ ദൈന്യം ച രോഷശ്ച ത്രയം രാഘവമാവിശത്. 17

| | | | |
|---|---|---|---|
| രക്ഷോഗൃഹചിരോഷിതാം | രാക്ഷസരാജധാനിയിൽ ഏറെനാളായി പാർത്തിരുന്നവളായ | രാഘവം | ശ്രീരാഘവനെ |
| | | ഹർഷഃ | സന്തോഷവും |
| | | ദൈന്യം ച | സന്താപവും |
| താം | ആ സീതാദേവിയെ | രോഷഃ ച | കോപവും |
| ആഗതാം | വന്നിരിക്കുന്നവളായി | ത്രയം | മൂന്നും |
| ഉപശ്രുത്യ, | കേട്ട്, | ആവിശത്. | ഉണ്ടായി. |

തതഃ പാർശ്വഗതം ദൃഷ്ട്വാ സവിമർശം വിചാരയൻ
വിഭീഷണമിദം വാക്യം പ്രഹൃഷ്ടോ രാഘവോഽബ്രവീത് 18

| | | | |
|---|---|---|---|
| തതഃ | അപ്പോൾ | പാർശ്വഗതം | അടുത്തുണ്ടായിരുന്ന |
| സവിമർശം | നന്നായി പരാമർശിച്ചു | വിഭീഷണം | വിഭീഷണനെ |
| വിചാരയൻ | ആലോചിച്ചുശേഷം | ദൃഷ്ട്വാ | നോക്കി |
| പ്രഹൃഷ്ടഃ | സന്തോഷം പൂണ്ടവനായ | വാക്യം ഇദം | ഇപ്രകാരം വാക്യത്തെ |
| രാഘവഃ | ശ്രീരാഘവൻ | അബ്രവീത് | അരുളിച്ചെയ്തു. |

രാക്ഷസാധിപതേ സൌമ്യ നിത്യം മദ്വിജയേ രത
വൈദേഹീ സന്നികൎഷം മേ ശീഘ്രം സമുപഗച്ഛതു. 19

| | | | |
|---|---|---|---|
| "സൌമ്യ | "പുണ്യശീല | വൈദേഹീ | ജാനകി |
| നിത്യം | എന്നും | മേ | എന്റെ |
| മദ്വിജയേ | എന്റെ ജയത്തിൽ | സംനികൎഷം | സമീപത്തിലേക്കു് |
| രത | താല്പൎയ്യം പൂണ്ടവനായ | ശീഘ്രം | വേഗം |
| രാക്ഷ-സാധിപതേ | രാക്ഷസേശ്വര | സമുപഗച്ഛതു." | വരട്ടെ." |

സ തദ്വചനമാജ്ഞായ രാഘവസ്യ വിഭീഷണഃ
തൂൎണ്ണമുത്സാരണേ യത്നം കാരയാമാസ സൎവ്വതഃ 20

| | | | |
|---|---|---|---|
| സ: വിഭീഷണഃ | ആ വിഭീഷണൻ, | സൎവ്വതഃ | എങ്ങും |
| രാഘവസ്യ | ശ്രീരാഘവന്റെ | ഉത്സാരണേ | ആളുകളെ വിലക്കിനിൎത്തുന്നതിന്നായി |
| തത് വചനം | ആ ആജ്ഞയെ | യത്നം | വേണ്ടയത്നത്തെ |
| ആജ്ഞായ | ശിരസാവഹിച്ചു്, | കാരയാമാസ. | ചെയ്യിപ്പാൻ തുടങ്ങി. |
| തൂൎണ്ണം | ഉടനെ | | |

കഞ്ചുകോഷ്ണീഷിണസ്തത്ര വേത്രജൎജ്ജരപാണയഃ
ഉത്സാരയന്തഃ പുരുഷാഃ സമന്താത് പരിചക്രമുഃ 21

| | | | |
|---|---|---|---|
| തത്ര | അപ്പോൾ | പുരുഷാ: | ആളുകൾ |
| കഞ്ചു-കോഷ്ണീഷിണ: | കുപ്പായവും തലക്കെട്ടും ധരിച്ചവരും | സമന്താത് | ചുററും |
| വേത്രജൎജ്ജര-പാണയ: | ചൂരൽപിടിച്ചു തഴമ്പാൎന്ന കയ്യുകളോടു കൂടിയവരുമായ | ഉത്സാരയന്ത: | ആളുകളെ വിലക്കുന്നവരായി |
| | | പരിചക്രമു:. | ചുററിനടന്നു. |

ഋക്ഷാണാം വാനരാണാം ച രാക്ഷസാനാം ച സൎവ്വശഃ
വൃന്ദാന്യുത്സാൎയ്യമാണാനി ദൂരമുത്സസൃജുസ്തദാ. 22

| | | | |
|---|---|---|---|
| തദാ | ആ സമയം | ഉത്സാൎയ്യ-മാണാനി | ഉന്തിത്തള്ളപ്പെടുന്നവയായ |
| സൎവ്വശ: | എല്ലാഭാഗത്തിലും | വൃന്ദാനി | കൂട്ടങ്ങൾ |
| ഋക്ഷാണാം | കരടികളുടേയും | ദൂരം | ദൂരെ |
| വാനരാണാം ച | വാനരന്മാരുടേയും | ഉത്സസൃജു:. | വിലകിനിന്നു. |
| രാക്ഷസാനാം ച | രാക്ഷസരുടേയും | | |

തേഷാമുത്സാൎയ്യമാണാനാം സൎവ്വേഷാം ധ്വനിരുത്ഥിതഃ
വായുനോദ്വൃത്തമാനസ്യ സാഗരസ്യേവ നിഃസ്വനഃ 23

| | | | |
|---|---|---|---|
| ഉത്സാൎയ്യ-മാണാനാം | വിലക്കപ്പെടുന്നവരായ | വായുനാ | കാററിനാൽ |
| തേഷാം | അവർ | ഉദ്വൃത്തമാനസ്യ | ഇളകിമറിക്കപ്പെടുന്ന |
| സൎവ്വേഷാം | എല്ലാവരുടേയും | സാഗരസ്യ | സമുദ്രത്തിന്റെ |
| ധ്വനിഃ | ശബ്ദം, | നിസ്വന: ഇവ | ഇരച്ചിലെന്നപോലെ |
| | | ഉത്ഥിത:. | പൊങ്ങി. |

ഉത്സാൎയ്യമാണാംസ്താൻ ദൃഷ്ട്വാ സമന്താജ്ജാതസംഭ്രമാൻ
ദാക്ഷിണ്യാത്തദമൎഷാച്ച വാരയാമാസ രാഘവഃ 24

| | | | |
|---|---|---|---|
| രാഘവഃ | ശ്രീരാഘവൻ | ദാക്ഷിണ്യാത് | അവരിലുള്ള പ്രീതിയാലും |
| സമന്താത് | നാലു ഭാഗത്തിലും | തദമൎഷാത് ച | വിഭീഷണനെക്കുറിച്ച് കയൎത്തും |
| ഉത്സാൎയ്യമാണാൻ | വിലക്കപ്പെട്ടുന്നവ[രായ | വാരയാമാസ. | അങ്ങിനെ വിലക്കിനിൎത്തുന്നതിനെ തടഞ്ഞു. |
| താൻ | അവരെ | | |
| ജാതസംഭ്രമാൻ | കുഴപ്പംപൂണ്ട് നില്ക്കുന്ന[വരായി | | |
| ദൃഷ്ട്വാ | കണ്ട്, | | |

സംരബ്ധശ്ചാബ്രവീദ്രാമശ്ചക്ഷുഷാ പ്രദഹന്നിവ
വിഭീഷണം മഹാപ്രാജ്ഞം സോപാലംഭമിദം വചഃ 25

| | | | |
|---|---|---|---|
| രാമഃ ച | ശ്രീരാമനും | വിഭീഷണം | വിഭീഷനോടായി |
| സംരബ്ധഃ | ചൊടിച്ച് | സോപാലംഭം | നിന്ദിച്ചുള്ള |
| ചക്ഷുഷാ | നോട്ടത്താൽ | വചഃ | വാക്കിനെ |
| പ്രദഹൻ ഇവ | ദഹിപ്പിക്കുന്നവനെന്ന പോലെ | ഇദം | ഇപ്രകാരം |
| മഹാപ്രാജ്ഞം | മഹാപ്രാജ്ഞനായ | അബ്രവീത്. | അരുളിച്ചെയ്തു. |

കിമൎത്ഥം മാമനാദൃത്യ ക്ലിശ്യതേഽയം ത്വയാ ജനഃ
നിവൎത്തയൈനമുദ്യോഗം ജനോഽയം സ്വജനോ മമ. 26

| | | | |
|---|---|---|---|
| “മാം | “എനിക്ക് | ഏനം | ഈ |
| അനാദൃത്യ | കുറവു വരത്തക്കവണ്ണം | ഉദ്യോഗം | പ്രവൃത്തിയെ |
| അയം ജനഃ | ഈ ജനം | നിവൎത്തയ | നിരോധിച്ചാലും; |
| കിമൎത്ഥം | എന്താവശ്യത്തിന്നായി | അയം | ഈ |
| ത്വയാ | ഭവാനാൽ [ട്ടാണ് | ജനഃ | ജനം |
| ക്ലിശ്യതേ | കഷ്ടപ്പെടുത്തപ്പെടുന്നതു്? | മമ | എന്റെ |
| | | സ്വജനഃ. | സ്വന്തം ജനമാണ്. |

ന ഗൃഹാണി ന വസ്ത്രാണി ന പ്രാകാരാസ്തിരസ്ക്രിയാഃ
നേദൃശാ രാജസത്കാരാ വൃത്തമാവരണം സ്ത്രിയാഃ 27

| | | | |
|---|---|---|---|
| “സ്ത്രിയാഃ | “ഒരു നാരിക്ക് | പ്രാകാരാഃ | മതിൽക്കെട്ടുകളും |
| ആവരണം | രക്ഷയായുള്ളതു് | തിരസ്ക്രിയാഃ | മറവുകളും |
| വൃത്തം | സദ്വൃത്തിമാത്രമാണ് | ന | അല്ല; |
| ഗൃഹാണി ന | ഗൃഹങ്ങളല്ല | ഈദൃശാഃ | ഇമ്മാതിരിയായുള്ള |
| വസ്ത്രാണി ന; | വസ്ത്രങ്ങളല്ല; | രാജസത്കാരാഃ | രാജമൎയ്യാദകളും |
| | | ന. | അല്ല. |

വ്യസനേഷു ന കൃച്ഛ്റേഷു ന യുദ്ധേഷു സ്വയംവരേ
ന ക്രതൌ ന വിവാഹേ ച ദർശനം ദുഷ്യതി സ്ത്രിയാഃ. 28

| | |
|---|---|
| “സ്ത്രിയാഃ | “ഒരു നാരിയെ |
| ദർശനം | വീക്ഷിക്കുക എന്നതു് |
| വ്യസനേഷു | ആപത്തുകാലങ്ങളിൽ |
| ദുഷ്യതി ന | കുറ്റമാകുന്നതല്ല; |
| കൃച്ഛ്റേഷു | ബുദ്ധിമുട്ടുകളിലും |
| ന | കുറ്റമാകുന്നതല്ല; |
| യുദ്ധേഷു | യുദ്ധങ്ങളിലും |
| സ്വയംവരേ | സ്വയംവരത്തിലും |
| ന | അല്ല; |
| ക്രതൌ | യാഗത്തിലും അല്ല; |
| വിവാഹേ ച | വിവാഹത്തിലും |
| ന | കുറ്റമാകയില്ല. |

സൈഷാ യുദ്ധഗതാ ചൈവ കൃച്ഛ്റേ ച മഹതി സ്ഥിതാഃ
ദർശനേഽസ്യാ ന ദോഷഃ സ്യാന്മത്സമീപേ വിശേഷതഃ 29

| | |
|---|---|
| “സാ | “അപ്രകാരമുള്ള |
| ഏഷാ ച | ഇവളാകട്ടെ |
| യുദ്ധഗതാ | യുദ്ധസ്ഥലത്തെ പ്രാപിച്ചവളായി |
| മഹതി | മഹത്തായ |
| കൃച്ഛ്റേ ച | കഷ്ടാവസ്ഥയിലും |
| സ്ഥിതാഃ | വർത്തിക്കുന്നു; |
| വിശേഷതഃ | അതിലും വിശേഷിച്ചു് |
| മത്സമീപേ | എന്റെ സമീപത്തിൽ |
| അസ്യാഃ ദർശനേ | ഇവളെ വീക്ഷിക്കുന്നതിൽ |
| ദോഷഃ ഏവ | ദോഷം ഒട്ടുംതന്നെ |
| സ്യാത് ന. | ഇല്ല. |

തദാനയ സമീപം മേ ശീഘ്രമേനാം വിഭീഷണ
സീതാ പശ്യതു മാമേഷാ സുഹൃദ്ഗണവൃതം സ്ഥിതം. 30

| | |
|---|---|
| “വിഭീഷണ | “വിഭീഷണ |
| തത് | ആയതുകൊണ്ടു് |
| ഏനാം | ഇവളെ |
| ശീഘ്രം | ഉടനെ |
| മേ സമീപം | എന്റെ അടുക്കലേക്കു് |
| ആനയ | കൂട്ടിക്കൊണ്ടുവരിക; |
| ഏഷാ | ഈ |
| സീതാ | സീത |
| സുഹൃദ്ഗണവൃതം സ്ഥിതം | സുഹൃത്സംഘത്താൽ ചൂഴപ്പെട്ടിരിക്കുന്ന |
| മാം | എന്നെ |
| പശ്യതു.” | കണ്ടുകൊള്ളട്ടെ.” |

ഏവമുക്തസ്തു രാമേണ സവിമർശോ വിഭീഷണഃ
രാമസ്യോപാനയത് സീതാം സന്നികർഷം വിനീതവത്. 31

| | |
|---|---|
| തു ഏവം | ആ സമയം ഇപ്രകാരം |
| രാമേണ | ശ്രീരാമനാൽ |
| ഉക്തഃ | ഉരചെയ്യപ്പെട്ടവനായ |
| വിഭീഷണഃ | വിഭീഷണൻ |
| സവിമർശഃ | അഭിപ്രായമെന്തെന്നാലോചിക്കുന്നവനായി |
| വിനീതവത് | വിനയഭാവത്തോടെ |
| സീതാം | സീതാദേവിയെ |
| രാമസ്യ | ശ്രീരാഘവന്റെ |
| സന്നികർഷം | തിരുമുമ്പിലായി |
| ഉപാനയത്. | കൂട്ടിക്കൊണ്ടുവന്നു. |

[“സവിമർശഃ”:— “മഹത്തായ കഷ്ടത്തിൽ വർത്തിക്കുന്നു” എന്നു ശ്രീരാമൻ പറഞ്ഞതിന്റെ സാരം എന്തെന്നു മനസ്സിലാകാതെ ആലോചിച്ചുകൊണ്ടു്, എന്നു സാരം]

തതോ ലക്ഷ്മണ സുഗ്രീവൌ ഹനുമാംശ്ച പ്ലവംഗമഃ
നിശമ്യ വാക്യം രാമസ്യ ബഭൂവുർവ്യഥിതാ ഭൃശം. 32

| | | | |
|---|---|---|---|
| തതഃ | അപ്പോൾ | രാമസ്യ | ശ്രീരാമന്റെ |
| ലക്ഷ്മണ-സുഗ്രീവൌ | ലക്ഷ്മണനും സുഗ്രീവനും | വാക്യം നിശമ്യ | വാക്കുകേട്ട് |
| പ്ലവംഗമഃ | വാനരനായ | ഭൃശം | അത്യന്തം |
| ഹനുമാൻ ച | ഹനുമാനും | വ്യഥിതാഃ | ദുഃഖിതരായി |
| | | ബഭൂവുഃ. | ഭവിച്ചു. |

കളത്രനിരപേക്ഷൈശ്ച ഇംഗിതൈരസ്യ ദാരുണൈഃ
അപ്രീതമിവ സീതായാം തർക്കയന്തി സ്മ രാഘവം. 33

| | | | |
|---|---|---|---|
| രാഘവം | ശ്രീരാഘവനെപ്പററി | ഇംഗിതൈഃ | ഭാവചേഷ്ടകളാൽ |
| കളത്രനിരപേക്ഷൈഃ | ഭാര്യയെ ഒട്ടും ഗണിക്കാത്തവയും | സീതായാം | സീതയെക്കുറിച്ച് |
| ദാരുണൈഃ ച | കഠോരമായവയും ആയ | അപ്രീതം ഇവ | അല്പം പ്രീതിയില്ലാതിരിക്കുന്നുണ്ടെന്ന് |
| അസ്യ | ഇദ്ദേഹത്തിന്റെ | തർക്കയന്തി സ്മ. | അവർ ഊഹിച്ചു. |

ലജ്ജയാ ത്വവലീയന്തീ സ്വേഷു ഗാത്രേഷു മൈഥിലീ
വിഭീഷണേനാനുഗതാ ഭർത്താരം സാഽഭ്യവർത്തത. 34

| | | | |
|---|---|---|---|
| സാ | ആ | അവലീയന്തീ | പററിനില്ക്കുന്നവളായി |
| മൈഥിലീ തു | ജാനകീദേവിയാകട്ടെ | വിഭീഷണേന | വിഭീഷണനാൽ |
| ലജ്ജയാ | ലജ്ജകാരണം | അനുഗതാ | അനുഗമിക്കപ്പെട്ടവളായി |
| സ്വേഷു | തന്റെ | ഭർത്താരം അഭ്യവർത്തത. | നാഥനെ അടുത്തു. |
| ഗാത്രേഷു | അവയവങ്ങളിൽ | | |

സാ വസ്ത്രസംരുദ്ധമുഖീ ലജ്ജയാ ജനസംസദി
രുരോദാഽഽസാദ്യ ഭർത്താരമാര്യപുത്രേതി ഭാഷിണീ. 35

| | | | |
|---|---|---|---|
| സാ | അവൾ | ഭർത്താരം | ഭർത്താവിന്റെ |
| ജനസംസദി | ആൾക്കൂട്ടത്തിന്നിടയിൽ | ആസാദ്യ | അരികിൽ ചെന്ന് |
| ലജ്ജയാ | ലജ്ജയാൽ | "ആര്യപുത്ര" | "ആര്യപുത്ര" |
| വസ്ത്ര-സംരുദ്ധമുഖീ | വസ്ത്രംകൊണ്ട് മുഖം മറച്ചുകൊണ്ട് | ഇതി ഭാഷിണീ | എന്നു ഉരചെയ്യുന്നവളായി |
| | | രുരോദ. | രോദനം ചെയ്തു. |

വിസ്മയാച്ച പ്രഹർഷാച്ച സ്നേഹാച്ച പതിദേവതാ
ഉദൈക്ഷത മുഖം ഭർത്തുഃ സൌമ്യം സൌമ്യതരാനനാ. 36

| | | | |
|---|---|---|---|
| സൌമ്യതരാനനാ | അത്യന്തം മംഗളകരമായ തിരുമുഖമണ്ഡലമാർന്നവളും | സൌമ്യം | മംഗളകരമായ |
| പതിദേവതാ | നാഥനെത്തന്നെ ദൈവമായി ഭാവിക്കുന്നവളുമായ അവൾ | മുഖം | തിരുമുഖത്തെ |
| ഭർത്തുഃ | ഭർത്താവിന്റെ | വിസ്മയാത് ച | ആശ്ചര്യത്തോടും |
| | | പ്രഹർഷാത് ച | ആനന്ദത്തോടും |
| | | സ്നേഹാത് ച | സ്നേഹത്തോടുംകൂടി |
| | | ഉദൈക്ഷത | ഉററുനോക്കി. |

അഥ സമപാസ്തമനഃക്ലമം സാ
സുചിരമദൃഷ്ടമുദീക്ഷ്യ വൈ പ്രിയസ്യ
വദനമുദിതപൂർണ്ണചന്ദ്രകാന്തം
വിമലശശാങ്കനിഭാനനാ തദാഽഽസീത്. 3

| | | | |
|---|---|---|---|
| അഥ സാ | അപ്പോൾ അവൾ | പ്രിയസ്യ | പ്രിയതമന്റെ |
| മനഃക്ലമം | മനഃക്ലേശത്തെ | വദനം | തിരുമുഖമണ്ഡലത്തെ |
| സമപാസ്തത് | വിട്ടൊഴിച്ചു | ഉദീക്ഷ്യ വൈ | കണ്ട ഉടനെതന്നെ |
| തദാ | ആ സമയം | വിമലശശാങ്ക-നിഭാനനാ | നിർമ്മലമായ ചന്ദ്രനെപ്പോലെ വിലസുന്ന മുഖമണ്ഡലത്തോടു കൂടിയവളായി |
| സുചിരം | ഏറെനാളായി | | |
| അദൃഷ്ടം | വീക്ഷിക്കാതിരുന്നതും | | |
| ഉദിതപൂർണ്ണ-ചന്ദ്രകാന്തം | ഉദിച്ചുയർന്ന മുഴുമതിപോലെ മനോഹരവുമായ | ആസീത്. | വർത്തിച്ചു. |

ഇത്യാർഷേ ശ്രീമദ്രാമായണേ വാൽമീകിയേ ആദികാവ്യേ യുദ്ധകാണ്ഡേ സപ്തദശോത്തരശതതമഃ സർഗ്ഗഃ = നൂററിപ്പതിനേഴാം സർഗ്ഗം സമാപ്തം
ആദ്യം മുതൽ ശ്ലോകസംഖ്യ 20118; യുദ്ധകാണ്ഡം ആദ്യം മുതൽ ശ്ലോകസംഖ്യ 5443

—oo—

## അഷ്ടാദശോത്തരശതതമഃസർഗ്ഗഃ=നൂററിപ്പതിനെട്ടാംസർഗ്ഗം

[സീതാപ്രത്യാദേശഃ = സീതാദേവിയെനിരസിക്കുന്നത്.]

താം തു പാർശ്വസ്ഥിതാം പ്രഹ്വാം രാമഃ സംപ്രേക്ഷ്യ മൈഥിലീം
ഹൃദയാന്തർഗതക്രോധോ വ്യാഹർത്തുമുപചക്രമേ. 1

| | | | |
|---|---|---|---|
| രാമഃ | ശ്രീരാമൻ | സംപ്രേക്ഷ്യ | ഉററുനോക്കി |
| തു | ആ സമയം | ഹൃദയാന്തർഗ്ഗത-ക്രോധഃ | അകക്കാമ്പിൽ തട്ടിയ കോപമുടക്കൊണ്ടവനായി |
| പ്രഹ്വാം | വണക്കം പൂണ്ട് | | |
| പാർശ്വസ്ഥിതാം | അരികിൽ നിന്നിരുന്ന | | |
| താം | ആ [വളായ | വ്യാഹർത്തും ഉപചക്രമേ | ഇപ്രകാരം അരുളിച്ചെയ്യാൻ തുടങ്ങി. |
| മൈഥിലീം | ജാനകീദേവിയെ | | |

ഏഷാഽസി നിർജ്ജിതാ ഭദ്രേ ശത്രും ജിത്വാ മയാ രണേ
പൌരുഷാദ്യദനുഷ്ഠേയം തദേതദുപപാദിതം 2

| | | | |
|---|---|---|---|
| "ഭദ്രേ | "ശോഭനേ | പൌരുഷാത് | പൌരുഷം കയ്യാണ്ട് |
| ഏഷാ | ഈ ഭവതി | യത് | യാതൊന്നു് |
| രണേ | പോരിൽ | അനുഷ്ഠേയം | ചെയ്യേണ്ടതായുണ്ടോ |
| ശത്രും ജിത്വാ | ശത്രുവിനെ വെന്നു് | തത് | അപ്രകാരമുള്ള |
| മയാ | എന്നാൽ | ഏതത് | ഇത് |
| നിർജിതാ അസി | വീണ്ടെടുക്കപ്പെട്ടു. | ഉപപാദിതം | ചെയ്യപ്പെട്ടു. |

ഗതോऽസ്മ്യന്തമമർഷസ്യ ധർഷണാ സംപ്രമാർജ്ജിതാ
അവമാനശ്ച ശത്രുശ്ച മയാ യുഗപദുദ്ധൃതൌ. 3

| | | | |
|---|---|---|---|
| "അമർഷസ്യ | "കോപത്തിന്റെ | അവമാനഃ ച | അവമാനവും |
| അന്തം | അറുതിയേയും | ശത്രുഃ ച | ശത്രുവും |
| ഗതഃ അസ്മി | ഞാൻ പ്രാപിച്ചുകഴി | മയാ | എന്നാൽ |
| ധർഷണാ | ധിക്കാരവും [ഞ്ഞു | യുഗപത് | ഒരേ സമയത്തിൽ |
| സംപ്ര- | തക്കപോലെ ശിക്ഷി | ഉദ്ധൃതൌ. | പറിച്ചെറിയപ്പെട്ടു. |
| മാർജിതാ | ക്കപ്പെട്ടു; | | |

അദ്യ മേ പൌരുഷം ദൃഷ്ടമദ്യ മേ സഫലഃ ശ്രമഃ
അദ്യ തീർണ്ണപ്രതിജ്ഞത്വാത് പ്രഭവാമീഹ ചാത്മനഃ 4

| | | | |
|---|---|---|---|
| "അദ്യ | "ഇപ്പോഴ് | അദ്യ | ഇപ്പോഴ് |
| മേ | എന്റെ | തീർണ്ണ- | പ്രതിജ്ഞയെ നിറവേ |
| പൌരുഷം | പ്രതാപം | പ്രതിജ്ഞ- | ററിയെന്നതിനാൽ |
| ദൃഷ്ടം | കണ്ടറിയപ്പെട്ടു; | ത്വാത് | |
| അദ്യ | ഇപ്പോഴ് | ഇഹ ച | ഇപ്പോഴ് മാത്രമാണ് |
| മേ ശ്രമഃ | എന്റെ പരിശ്രമം | ആത്മനഃ | ഞാൻ സ്വതന്ത്രനായ്ത്തീ |
| സഫലഃ | സഫലമായി; | പ്രഭവാമി. | ന്നിരിക്കുന്നിരിക്കുന്നത് |

യാ ത്വം വിരഹിതാ നീതാ ചലചിത്തേന രക്ഷസാ
ദൈവസംപാദിതോ ദോഷോ മാനുഷേണ മയാ ജിതഃ 5

| | | | |
|---|---|---|---|
| "യാ | "യാതൊരു | ദൈവ- | ദൈവത്താൽ വരുത്ത |
| ത്വം | ഭവതി | സംപാദിതഃ | പ്പെട്ടതായ |
| ചലചിത്തേന | ചപലമതിയായ | ദോഷഃ | ദോഷം |
| രക്ഷസാ | രാക്ഷസനാൽ | മാനുഷേണ | പൌരുഷത്താൽ |
| വിരഹിതാ | വേർപിരിക്കപ്പെട്ട് | മയാ | എന്നാൽ |
| നീതാ | എടുത്തുകൊണ്ടുപോക | ജിതഃ | നീക്കപ്പെട്ടു. |
| | പ്പെട്ടു എന്നുള്ളതായ | | |

സംപ്രാപ്തമവമാനം യസ്തേജസാ ന പ്രമാർജ്ജതി
കസ്തസ്യ പുരുഷാർത്ഥോऽസ്തി പുരുഷസ്യാല്പതേജസഃ 6

| | | | |
|---|---|---|---|
| "യഃ | "യാതൊരുവൻ | തസ്യ | അപ്രകാരമുള്ള |
| സംപ്രാപ്തം | തനിക്കനേരിട്ടതായ | അല്പതേജസഃ | നിസ്തേജസ്കനായ |
| അവമാനം | അവമാനത്തെ | പുരുഷസ്യ | പുരുഷന് |
| തേജസാ | പൌരുഷംകൊണ്ട് | കഃ | എന്തൊരു |
| പ്രമാർജ്ജതി ന | അകററാതിരിക്കുന്നു | പുരുഷാർത്ഥഃ | ജന്മസാഫല്യമാണ് |
| | വോ | അസ്തി | ഉള്ളത്? |

ലംഘനം ച സമുദ്രസ്യ ലങ്കായാശ്ചാവമർദ്ദനം
സഫലം തസ്യ തച്ഛ്ലാഘ്യം മഹത്കർമ്മ ഹനൂമതഃ 7

| | | | |
|---|---|---|---|
| “സമുദ്രസ്യ | സമുദ്രത്തെ ചാടി | ഹനൂമതഃ | ഹനുമാന്റെ |
| ലംഘനം ച | കടക്കുന്നതും | തത് | അപ്രകാരമുള്ള |
| ലങ്കായാഃ | ലങ്കയെ | ശ്ലാഘ്യം | പ്രശസ്യമായ |
| അവമർദ്ദനം ച | നശിപ്പിച്ചതും ആയ | മഹത് കർമ്മ | മഹത്കൃത്യം |
| തസ്യ | ആ | സഫലം | ഫലവത്തായി ഭവിച്ചു. |

യുദ്ധേ വിക്രമതശ്ചൈവ ഹിതം മന്ത്രയതശ്ച മേ
സുഗ്രീവസ്യ സസൈന്യസ്യ സഫലോऽദ്യ പരിശ്രമഃ 8

| | | | |
|---|---|---|---|
| “യുദ്ധേ | “പോരിൽ | സസൈന്യസ്യ | സേനാസമേതനായ |
| വിക്രമതഃ ച | പരാക്രമം കയ്ക്കൊണ്ടു | സുഗ്രീവസ്യ | സുഗ്രീവന്റെ |
| മേ | എനിക്ക് [വനും | പരിശ്രമഃ ഏവ | പരിശ്രമവും |
| ഹിതം | ഹിതമാംവണ്ണം | അദ്യ | ഇപ്പോൾ |
| മന്ത്രയതഃ ച | ഉപദേശം നൽകിയവ | സഫലഃ | സഫലമായ്ത്തീർന്നു. |
| | നുമായ | | |

നിർഗ്ഗുണം ഭ്രാതരം ത്യക്ത്വാ യോ മാം സ്വയമുപസ്ഥിതഃ
വിഭീഷണസ്യ ഭക്തസ്യ സഫലോऽദ്യ പരിശ്രമഃ 9

| | | | |
|---|---|---|---|
| “യഃ | “യാതൊരുവൻ | ഉപസ്ഥിതഃ | വരികയുണ്ടായോ |
| നിർഗ്ഗുണം | ഗുണഹീനനായ | | അപ്രകാരമുള്ള |
| ഭ്രാതരം | ജ്യേഷ്ഠനെ | ഭക്തസ്യ | അചഞ്ചലഭക്തിയുക്ത |
| ത്യക്ത്വാ | ത്യജിച്ച് | വിഭീഷണസ്യ | വിഭീഷണന്റെ [നായ |
| മാം | എന്റെ അടുക്കൽ | പരിശ്രമഃ | ഉദ്യമവും |
| സ്വയം | സ്വേച്ഛയായ്ത്തന്നെ | അദ്യ | ഇപ്പോൾ |
| | | സഫലഃ” | സഫലമായി.” |

ഇത്യേവം ബ്രുവതസ്തസ്യ സീതാ രാമസ്യ തദ്വചഃ
മൃഗീവോത്ഫുല്ലനയനാ ബഭൂവാശ്രുപരിപ്ലുതാ 10

| | | | |
|---|---|---|---|
| തസ്യ | ആ | മൃഗീ ഇവ | ഒരു മാൻപേടയെന്ന |
| രാമസ്യ | ശ്രീരാഘവൻ | | പോലെ |
| ഇതി ഏവം | മേൽപ്രകാരമെല്ലാം | ഉത്ഫുല്ലനയനാ | നേത്രങ്ങൾ വിടർന്നവ |
| തത് വചഃ | ആ വചനത്തെ | | ളായി |
| ബ്രുവതഃ | അരുളിച്ചെയ്തുകൊണ്ടി | അശ്രുപരി- | കണ്ണീരിൽ മുഴുകിയവ |
| | രിക്കുമ്പോൾ | പ്ലുതാ | ളായി |
| സീതാ | സീതാദേവി | ബഭൂവ. | ഭവിച്ചു. |

പശ്യതസ്താം തു രാമസ്യ ഭൂയഃ ക്രോധോ വ്യവർദ്ധത
പ്രഭൂതാജ്യാവസിക്തസ്യ പാവകസ്യേവ ദീപ്യതഃ 11

| | | | |
|---|---|---|---|
| പ്രഭൂതാജ്യാവസിക്തസ്യ | ഏറെ നെയ്യൊഴിച്ച് | താം | ആ സീതാദേവിയെ |
| | | പശ്യതഃ | വീക്ഷിക്കുന്നവനായ |
| ദീപ്യതഃ | ആളിക്കത്തുന്ന | രാമസ്യ | ശ്രീരാഘവന്ന് |
| പാവകസ്യ | അഗ്നിക്ക് | ക്രോധഃ | ക്രോധം |
| ഇവ | എപ്രകാരമോ അപ്രകാരം | ഭൂയഃ തു | മുമ്പേതിലും അധികമായി |
| | | വ്യവർദ്ധത. | വർദ്ധിച്ചു. |

സ ബദ്ധ്വാ ഭ്രുകുടീം വക്ത്രേ തിര്യക്പ്രേക്ഷിതലോചനഃ
അബ്രവീത് പരുഷം സീതാം മദ്ധ്യേ വാനരരക്ഷസാം. 12

| | | | |
|---|---|---|---|
| സഃ | അദ്ദേഹം | വാനരരക്ഷസാം | വാനരന്മാരുടേയും രാക്ഷസന്മാരുടേയും |
| വക്ത്രേ | മുഖത്തിൽ | | |
| ഭ്രുകുടീംബദ്ധ്വാ | പുരികം ചുളിച്ച് | മദ്ധ്യേ | നടുവിൽവെച്ച് |
| തിര്യക്പ്രേക്ഷിതലോചനഃ | നോട്ടത്തെ തിരിച്ചും കൊണ്ടും | സീതാം | സീതാദേവിയോടായി |
| | | പരുഷം അബ്രവീത് | ഇപ്രകാരം പരുഷവാക്കരുളിച്ചെയ്തു. |

യത് കർത്തവ്യം മനുഷ്യേണ ധർഷണാം പരിമാർജ്ജതാ
തത് കൃതം സകലം സീതേ ശത്രുഹസ്താദമർഷണാത്. 13

| | | | |
|---|---|---|---|
| "സീതേ | "സീതേ | മനുഷ്യേണ | ഒരു മനുഷ്യനാൽ |
| അമർഷണാത് | അരിശത്താൽ | യത് | യാതൊന്ന് |
| ശത്രുഹസ്താത് | ശത്രുവിങ്കൽനിന്നുള്ള | കർത്തവ്യം | ചെയ്യപ്പെടേണ്ടതായുണ്ടോ |
| ധർഷണാം | അവമാനത്തെ | തത് സകലം | അത് മുഴുവനും |
| പരിമാർജ്ജതാ | ഇല്ലാതാക്കുന്ന | കൃതം. | ചെയ്യപ്പെട്ടുകഴിഞ്ഞു. |

നിർജ്ജിതാ ജീവലോകസ്യ തപസാ ഭാവിതാത്മനാ
അഗസ്ത്യേന ദുരാധർഷാ മുനിനാ ദക്ഷിണേവ ദിക്. 14

| | | | |
|---|---|---|---|
| "തപസാ | "തപോമഹിമയാൽ | ജീവലോകസ്യ | ജീവലോകത്തിന്ന് |
| ഭാവിതാത്മനാ | ആത്മജ്ഞാനലബ്ധി കൈവന്നവനായ | ദുരാധർഷാ | അപ്രധൃഷ്യമായ |
| | | ദക്ഷിണാ ദിക് ഇവ | തെക്കെ ദിക്കെന്നപോലെ |
| അഗസ്ത്യേന മുനിനാ | അഗസ്ത്യഭഗവാനാൽ | നിർജ്ജിതാ. | വീണ്ടെടുക്കപ്പെട്ടു. |

[ഇല്വലനാൽ ആക്രമിക്കപ്പെട്ടത് എന്നുള്ളതിനാൽ ജീവലോകത്തിന്ന് അടുക്കപ്പെടുവാൻ കഴിയാതിരുന്ന തെക്കെദിക്കിനെ അഗസ്ത്യമുനി, വാതാപീല്വലന്മാരെ കൊന്ന് വീണ്ടെടുത്ത കഥ ഭാരതം വനപർവ്വം (96–97) അദ്ധ്യായങ്ങളിലും ആരണ്യകാണ്ഡം 11–ാം സർഗ്ഗത്തിലും കാൺക.]

വിദിതശ്ചാസ്തു തേ ഭദ്രേ യോऽയം രണപരിശ്രമഃ
സ തീർണ്ണഃ സുഹൃദാം വീര്യാന്ന ത്വദർത്ഥം മയാ കൃതഃ 15
രക്ഷതാ തു മയാ വൃത്തമപവാദം ച സർവ്വശഃ
പ്രഖ്യാതസ്യാത്മവംശസ്യ ന്യംഗം ച പരിമാർജ്ജതാ. 16

| | | | |
|---|---|---|---|
| "ഭദ്രേ | "ഭദ്രേ | പ്രഖ്യാതസ്യ | പ്രസിദ്ധിപൂണ്ട |
| അയം | ഈ സംഗതി | ആത്മവംശസ്യ | എന്റെ വംശത്തിന്റെ |
| തേ ച | ഭവതിക്കും | ന്യംഗം ച | കറവിനേയും [ഉള്ള |
| വിദിതഃ അസ്തു | അറിഞ്ഞിരിക്കട്ടെ; | പരിമാർജ്ജതാ | അകററുന്നവനുമായ |
| യഃ | യാതൊരു | മയാ | എന്നാൽ |
| സഃ | അപ്രകാരമുള്ള | സുഹൃദാം | സുഹൃത്തുക്കളുടെ |
| രണപരിശ്രമഃ | യുദ്ധപരിശ്രമമെന്നത് | വീര്യാത് | പരാക്രമത്തിനാൽ |
| വൃത്തം | ധർമ്മനിഷ്ഠയെ | തീർണ്ണഃ | തരണംചെയ്യപ്പെട്ടു; |
| രക്ഷതാ തു | പരിപാലിക്കുന്നവനും | ത്വദർത്ഥം | ഭവതിയെ ലഭിക്കുന്നതി |
| സർവ്വശഃ | സർവ്വപ്രകാരത്തിലും | മയാ | എന്നാൽ [ന്നായി |
| അപവാദം ച | ദുഷ്പേരിനേയും | കൃതഃ ന. | ചെയ്യപ്പെട്ടതല്ല. |

പ്രാപ്തചാരിത്രസന്ദേഹാ മമ പ്രതിമുഖേ സ്ഥിതാ
ദീപോ നേത്രാതുരസ്യേവ പ്രതികൂലാസി മേ ദൃഢം. 17

| | | | |
|---|---|---|---|
| "മമ | "എന്റെ | ദീപഃ | വിളക്ക് |
| പ്രതിമുഖേ | കണ്ണിന്നെതിരിൽ | ഇവ | എപ്രകാരമോ അപ്ര |
| പ്രാപ്തചാരിത്ര- സന്ദേഹാ | ചാരിത്ര്യത്തിന്നു സംശയം നേരിട്ടവളായി | മേ | എനിക്ക് [കാരം |
| സ്ഥിതാ | നില്ക്കുന്നവളായ ഭവതി | ദൃഢം | ഒട്ടും |
| നേത്രാതുരസ്യ | ഒരു നേത്രരോഗിയ്ക്കു | പ്രതികൂലാ അസി. | വേണ്ടുന്നവളല്ല |

[ഈ ഉപമയിൽനിന്നു് ദീപത്തിന്നെന്നപോലെ, സീതയ്ക്കു യാതൊരു കോട്ടവുമില്ലെന്നു വ്യഞ്ജിപ്പിക്കുന്നു. (ഗോ. രാ.)]

തദ്ഗച്ഛ ഹ്യഭ്യനുജ്ഞാതാ യഥേഷ്ടം ജനകാത്മജേ
ഏതാ ദശ ദിശോ ഭദ്രേ കാര്യമസ്തി ന മേ ത്വയാ. 18

| | | | |
|---|---|---|---|
| "ഭദ്രേ | "ശോഭനേ | ദശ | പത്തു |
| ജനകാത്മജേ | ജനകനന്ദിനി | ദിശഃ | ദിക്കുകളിലെങ്ങാനും |
| തത് | ആകയാൽ | ഗച്ഛ | ചെന്നുകൊൾക; |
| അഭ്യനുജ്ഞാതാ | വിടവാങ്ങിക്കൊണ്ടു് | ത്വയാ | ഭവതിയാൽ |
| യഥേഷ്ടം | ഇഷ്ടംപോലെ | മേ | എനിക്ക് |
| ഏതാഃ | ഈ | കാര്യം ഹി ന അസ്തി. | ആവശ്യമായി ഒന്നും തന്നെയില്ല. |

കഃ പുമാൻ ഹി കുലേ ജാതഃ സ്ത്രിയം പരഗൃഹോഷിതാം
തേജസ്വീ പുനരാദദ്യാത് സുഹൃല്ലേഖ്യേന ചേതസാ. 19

| | | | |
|---|---|---|---|
| "കുലേ ജാതഃ | "സത്കുലജാതനും | സ്ത്രിയം | ഭാര്യയെ |
| തേജസ്വീ | പൌരുഷയുക്തനുമായ | പുനഃ | വീണ്ടും |
| കഃ | ഏതൊരു | സുഹൃല്ലേഖ്യേന | പ്രേമവായ്പോടുകൂടിയ |
| പുമാൻ ഹി | പുരുഷൻതന്നെയാണ് | ചേതസാ | ചിത്തത്തോടെ |
| പരഗൃഹോഷിതാം | അന്യഗൃഹത്തിൽ വാസംചെയ്ത | ആദദ്യാത് | അംഗീകരിക്കുക? |

രാവണാങ്കപരിഭ്രഷ്ടാം ദൃഷ്ടാം ദുഷ്ടേന ചക്ഷുഷാ
കഥം ത്വാം പുനരാദദ്യാം കുലം വ്യപദിശൻ മഹത്. 20

| | | | |
|---|---|---|---|
| "മഹത് | "പേരാന്നുള്ള | ദുഷ്ടേന | ദുഷിച്ച |
| കുലം | കുലത്തെപ്പററി | ചക്ഷുഷാ | നോക്കിനാൽ |
| വ്യപദിശൻ | പുകഴ്ത്തുന്നവനായ ഞാൻ | ദൃഷ്ടാം | നോക്കപ്പെട്ടവളുമായ |
| രാവണാങ്കപരിഭ്രഷ്ടാം | (രാവണനാൽ വരുത്തപ്പെട്ടതായ കളങ്കത്താൽ (തന്റെ) പദവിയിൽനിന്നു്) താണുപോയവളും | ത്വാം | ഭവതിയെ |
| | | പുനഃ | വീണ്ടും |
| | | കഥം | എങ്ങിനെയാണ് |
| | | ആദദ്യാം | കയ്ക്കൊള്ളുക? |

തദർത്ഥം നിർജ്ജിതാ മേ ത്വം യശഃ പ്രത്യാഹൃതം മയാ. 21

| | | | |
|---|---|---|---|
| "മയാ | "എന്നാൽ | തദർത്ഥം | അതിന്നായിമാത്രമാണ് |
| | | മേ | എന്നാൽ |
| യശഃ | കീർത്തിയെന്നത് | ത്വം | ഭവതി |
| പ്രത്യാഹൃതം | വീണ്ടെടുക്കപ്പെട്ടു; | നിർജ്ജിതാ | വീണ്ടെടുക്കപ്പെട്ടതു്. |

നാസ്തി മേ ത്വയ്യഭിഷ്വംഗോ യഥേഷ്ടം ഗമ്യതാമിതഃ 22

| | | | |
|---|---|---|---|
| "മേ | "എനിക്ക് | യഥേഷ്ടം | ഇഷ്ടംപോലെ |
| ത്വയി | ഭവതിയുടെപേരിൽ | ഇതഃ | ഇവിടെനിന്നും |
| അഭിഷ്വംഗഃ | അഭിനിവേശം | | |
| അസ്തി ന | ഇല്ല; | ഗമ്യതാം. | പൊയ്ക്കൊൾക. |

ഇതി പ്രവ്യാഹൃതം ഭദ്രേ മയൈതത് കൃതബുദ്ധിനാ
ലക്ഷ്മണേ ഭരതേ വാ ത്വം കുരു ബുദ്ധിം യഥാസുഖം. 23

| | | | |
|---|---|---|---|
| "ഭദ്രേ | "ഉത്തമേ | ലക്ഷ്മണേ | ലക്ഷ്മണന്റെ രക്ഷയിലോ |
| കൃതബുദ്ധിനാ | നിശ്ചയിച്ചുറച്ച | | |
| മയാ | എന്നാൽ | ഭരതേ വാ | ഭരതന്റെ രക്ഷയിലോ |
| ഏതത് | ഇതു് | യഥാസുഖം | ഇഷ്ടംപോലെ വസിപ്പാൻ |
| ഇതി | ഇപ്രകാരം | ത്വം | ഭവതി |
| പ്രവ്യാഹൃതം | ഉരചെയ്യപ്പെട്ടതാണ് | ബുദ്ധിം കുരു. | നിശ്ചയിച്ചുകൊൾക. |

സുഗ്രീവേ വാനരേന്ദ്രേ വാ രാക്ഷസേന്ദ്രേ വിഭീഷണേ
നിവേശയ മനഃ സീതേ യഥാ വാ സുഖമാത്മനഃ 24

| | | | |
|---|---|---|---|
| 'സീതേ | "സീതേ | ആത്മനഃ | ഭവതിക്ക് |
| വാനരേന്ദ്രേ | വാനരാധിപനായ | സുഖം | ഇഷ്ടം |
| സുഗ്രീവേ | സുഗ്രീവന്റെ അടുക്കൽ ഇരിപ്പാനോ | യഥാ വാ | എങ്ങിനെയോ അങ്ങിനെ |
| രാക്ഷസേന്ദ്രേ | രാക്ഷസാധിപനായ | മനഃ | മനസ്സിനെ |
| വിഭീഷണേ വാ | വിഭീഷണന്റെ അടുക്കൽ വൎത്തിപ്പാനോ | നിവേശയ. | ഉറപ്പെടുത്തിക്കൊൾക. |

[മേല്പറഞ്ഞ എല്ലാവരും വിശ്വാസയോഗ്യന്മാരായ ക്ഷേത്രന്മാരാണ്. അവരുടെ രക്ഷയിൽ വൎത്തിക്കുന്നതായാൽ ഒരു ഉപദ്രവവും നേരിടുകയില്ല. എന്നു സാരം.]

ന ഹി ത്വാം രാവണോ ദൃഷ്ട്വാ ദിവ്യരൂപാം മനോരമാം
മൎഷയേത ചിരം സീതേ സ്വഗൃഹേ പരിവൎത്തിനീം. 25

| | | | |
|---|---|---|---|
| "സീതേ | "സീതേ | സ്വഗൃഹേ | തന്റെ വസതിയിൽ |
| രാവണഃ | രാവണൻ | പരിവൎത്തിനീം | ഇരിക്കുന്നവളുമായ |
| ദിവ്യരൂപാം | ദിവ്യസൌന്ദൎയ്യം പൂണ്ടവളും | ത്വാം | ഭവതിയെ |
| | | ദൃഷ്ട്വാ ഹി | കണ്ടുകൊണ്ട് |
| മനോരമാം | മനസ്സിനെ കവരുന്നവളും | ചിരം | അധികകാലം |
| | | മൎഷയേത ന" | സഹിച്ചിരിക്കുമോ?" |

തതഃ പ്രിയാൎഹശ്രവണാ തദപ്രിയം
പ്രിയാദുപശ്രുത്യ ചിരസ്യ മൈഥിലീ
മുമോച ബാഷ്പം സുഭൃശം പ്രവേപിതാ
ഗജേന്ദ്രഹസ്താഭിഹതേവ സല്ലകീ. 26

| | | | |
|---|---|---|---|
| പ്രിയാൎഹ-ശ്രവണാ | പ്രിയത്തിന്നുതക്കതായുള്ളവയെമാത്രം കേട്ടിരുന്നവളായ | ഉപശ്രുത്യ | ശ്രവിച്ച് |
| | | ഗജേന്ദ്ര-ഹസ്താഭിഹതാ | ആനയുടെ തുമ്പിക്കൈകൊണ്ടടിച്ചിടപ്പെട്ട |
| മൈഥിലീ | ജാനകീദേവി | സല്ലകീ ഇവ | ഇരുന്തയെന്നപോലെ |
| തതഃ | ആ സമയം | സുഭൃശം | ഏറ്റവും |
| തത് | ആ | പ്രവേപിതാ | നടുക്കം പൂണ്ടവളായി |
| അപ്രിയം | അപ്രിയത്തെ | ചിരസ്യ | ഒട്ടുനേരം |
| പ്രിയാത് | പ്രിയതമങ്കൽനിന്ന് | ബാഷ്പം മുമോച. | കണ്ണീർ പൊഴിച്ചു. |

ഇത്യാൎഷേ ശ്രീമദ്രാമായണേ വാൽമീകീയേ ആദികാവ്യേ യുദ്ധകാണ്ഡേ അഷ്ടാദശോത്തരശതതമഃ സൎഗ്ഗഃ=നൂററിപ്പതിനെട്ടാംസൎഗ്ഗം സമാപ്തം.
ആദ്യംമുതൽ ശ്ലോകസംഖ്യ 20144; യുദ്ധകാണ്ഡം ആദ്യംമുതൽ ശ്ലോകസംഖ്യ 5469.

## ഏകോനവിംശത്യുത്തരശതതമഃ സർഗ്ഗഃ =
## നൂററിപ്പത്തൊമ്പതാംസർഗ്ഗം

[അഗ്നിപ്രവേശഃ=സീത അഗ്നിപ്രവേശം ചെയ്യുന്നത്]

ഏവമുക്താ തു വൈദേഹീ പരുഷം രോമഹർഷണം
രാഘവേണ സരോഷേണ ഭൃശം പ്രവ്യഥിതാഽഭവത്. 1

| | | | |
|---|---|---|---|
| വൈദേഹി | സീതാദേവി | പരുഷം | പരുഷമാംവണ്ണം |
| തു | ആ സമയം | ഏവം | ഇപ്രകാരം |
| സരോഷേണ | അരിശമുള്ളകൊണ്ട | ഉക്താ | ഉരചെയ്യപ്പെട്ടവളായി |
| രാഘവേണ | ശ്രീരാഘവനാൽ | ഭൃശം | അത്യധികം |
| രോമഹർഷണം | കോൾമയിർക്കൊള്ളിക്കുമാറ് | പ്രവ്യഥിതാ | പരിതാപം പൂണ്ടവളായി |
| | | അഭവത്. | ഭവിച്ചു. |

സാ തദശ്രുതപൂർവ്വം ഹി ജനേ മഹതി മൈഥിലീ
ശ്രുത്വാ ഭർത്തൃവചോ രൂക്ഷം ലജ്ജയാ വ്രീഡിതാഽഭവത് 2

| | | | |
|---|---|---|---|
| സാ | ആ | രൂക്ഷം | കഠോരമായ |
| മൈഥിലീ ഹി | ജാനകീദേവിയും | ഭർത്തൃവചഃ | ഭർത്തൃവാക്യത്തെ |
| മഹതി | വമ്പിച്ച | ശ്രുത്വാ | ചെവിക്കൊണ്ട് |
| ജനേ | ജനസംഘത്തിൽ | ലജ്ജയാ | ലജ്ജകൊണ്ട് |
| അശ്രുതപൂർവ്വം | ഇതേവരെയും കേൾക്കാത്തവിധമുള്ള | വ്രീഡിതാ | തലകുനിച്ചവളായി |
| തത് | ആ | അഭവത്. | വർത്തിച്ചു. |

പ്രവിശന്തീവ ഗാത്രാണി സ്വാന്യേവ ജനകാത്മജാ
വാക്ശരൈസ്തൈഃ സശല്യേവ ഭൃശമശ്രൂണ്യവർത്തയത്. 3

| | | | |
|---|---|---|---|
| ജനകാത്മജാ | ജാനകീദേവി. | വാക്ശരൈഃ | വാക്കാകുന്ന കൂരമ്പിൻമുനകളാൽ |
| സ്വാനി | തന്റെ | സശല്യാ ഇവ | വ്രണപ്പെടുത്തപ്പെട്ടവളെന്നപോലെ |
| ഗാത്രാണി ഏവ | അംഗങ്ങളിൽതന്നെ | ഭൃശം | അതിയായി |
| പ്രവിശന്തീ ഇവ | ഉൾപ്പൂകുന്നവളെന്നപോലെ | അശ്രൂണി | അശ്രുക്കൾ |
| തൈഃ | ആ | അവർത്തയത്. | വാർത്തു. |

തതോ ബാഷ്പപരിക്ലിഷ്ടം പ്രമാർജന്തീ സ്വമാനനം
ശനൈർഗദ്ഗദയാ വാചാ ഭർത്താരമിദമബ്രവീത്. 4

| | | | |
|---|---|---|---|
| തതഃ | ആ സമയം | ഗദ്ഗദയാ | ഇടറുന്ന |
| ബാഷ്പപരിക്ലിഷ്ടം | അശ്രുക്കളാൽ നനയ്ക്കപ്പെട്ട | വാചാ | വാക്കുകൊണ്ട് |
| സ്വം | തന്റെ | ശനൈഃ | പതുക്കെ |
| ആനനം | മുഖത്തെ | ഭർത്താരം | ഭർത്താവിനോട് |
| പ്രമാർജന്തീ | തുടയ്ക്കുന്നവളായി | ഇദം | ഇപ്രകാരം |
| | | അബ്രവീത്. | ഉണർത്തിച്ചു. |

കിം മാമസദൃശം വാക്യമീദൃശം ശ്രോത്രദാരുണം
രൂക്ഷം ശ്രാവയസേ വീര പ്രാകൃതഃ പ്രാകൃതാമിവ. 5

| | | | |
|---|---|---|---|
| "വീര | "നാഥ! | അസദൃശം | തക്കതല്ലാത്തതും |
| പ്രാകൃതഃ | സാധാരണനായ ഒരുവൻ | ശ്രോത്രദാരുണം | കർണ്ണകഠോരവും |
| | | രൂക്ഷം | കൊടിയതുമായ |
| പ്രാകൃതാം | ഒരു സാധാരണ സ്ത്രീയോടു് | വാക്യം | മൊഴി |
| ഇവ | എന്നപോലെ | കിം ശ്രാവയസേ | എന്തു കാരണത്താലാണു് നിന്തിരുവടി അരുളിച്ചെയ്യുന്നതു്? |
| മാം ഈദൃശം | എന്നോടു് ഇപ്രകാരം | | |

ന തഥാഽസ്മി മഹാബാഹോ യഥാ ത്വമവഗച്ഛസി
പ്രത്യയം ഗച്ഛ മേ സ്വേന ചാരിത്രേണൈവ മേ ശപേ. 6

| | | | |
|---|---|---|---|
| "മഹാബാഹോ | "അനാഥരക്ഷകനായു[ള്ളോവേ | സ്വേന | സ്വന്തം |
| ത്വം | നിന്തിരുവടി | ചാരിത്രേണ ഏവ | ചാരിത്രത്താണെ |
| യഥാ | എപ്രകാരം | ശപേ | ഞാൻ ശപഥം ചെയ്യു[ന്നു; |
| അവഗച്ഛസി | ശങ്കിക്കുന്നുവോ | മേ | എന്റെ പേരിൽ |
| തഥാ അസ്മി ന | അപ്രകാരമല്ല ഞാൻ; | പ്രത്യയം | വിശ്വാസം |
| മേ | എന്റെ | ഗച്ഛ. | കയ്ക്കൊണ്ടാലും. |

പൃഥക്സ്ത്രീണാം പ്രചാരേണ ജാതിം താം പരിശങ്കസേ. 7

| | | | |
|---|---|---|---|
| "പൃഥക്സ്ത്രീണാം | "പാമരസ്ത്രീകളുടെ | ജാതിം | സ്ത്രീജാതിയെക്കുറിച്ചു തന്നെ |
| പ്രചാരേണ | നടവടികാരണം | പരിശങ്കസേ. | നിന്തിരുവടി ശങ്ക കയ്ക്കൊള്ളുന്നു. |
| താം | ആ | | |

പരിത്യജേമാം ശങ്കാം തു യദി തേഽഹം പരീക്ഷിതാ. 8

| | | | |
|---|---|---|---|
| "തു | "അപ്രകാരമായാലും | പരീക്ഷിതാ യദി | പരീക്ഷിച്ചറിയപ്പെട്ടവളാണെന്നുള്ളതിനാൽ |
| അഹം | ഞാൻ | ഇമാം ശങ്കാം | ഈ ശങ്കയെ |
| തേ | നിന്തിരുവടിയാൽ | പരിത്യജ. | വെടിഞ്ഞാലും. |

യദ്യഹം ഗാത്രസംസ്പർശം ഗതാഽസ്മി വിവശാ പ്രഭോ
കാമകാരോ ന മേ തത്ര ദൈവം തത്രാപരാധ്യതി. 9

| | | | |
|---|---|---|---|
| "പ്രഭോ | "പ്രഭോ | തത്ര മേ | അപ്പോറം എന്റെ |
| വിവശാ | പ്രജ്ഞയററവളായ | കാമകാരഃ ന | സ്വയബുദ്ധിയോടെ ചെയ്തതാകുന്നില്ല; |
| അഹം | ഞാൻ | | |
| ഗാത്രസംസ്പർശം | അംഗസ്പർശത്തെ | തത്ര | ആ സംഗതിയിൽ |
| ഗതാ അസ്മി യദി | പ്രാപിച്ചവളാണെന്നാൽ | ദൈവം | ദൈവംതന്നെയാണു് |
| | | അപരാധ്യതി. | അപരാധിയാകുന്നതു്. |

മദധീനം തു യത്തന്മേ ഹൃദയം ത്വയി വർത്തതേ
പരാധീനേഷു ഗാത്രേഷു കിം കരിഷ്യാമ്യനീശ്വരാ 10

| | | | |
|---|---|---|---|
| "മദധീനം | "എന്റെ സ്വാധീനത്തിലുള്ള | വർത്തതേ | ലയിച്ചിരിക്കുന്നതു്; |
| യത് | യാതൊരു | പരാധീനേഷു | പരാധീനങ്ങളായ |
| തത് | ആ | ഗാത്രേഷു തു | അംഗങ്ങളുടെ വിഷയത്തിൽ |
| മേ ഹൃദയം | എന്റെ ചിത്തം | | |
| ത്വയി | നിന്തിരുവടിയിൽ തന്നെയാണ് | അനീശ്വരാ | അശക്തയായ ഞാൻ |
| | | കിം കരിഷ്യാമി | എന്താണു് ചെയ്യുക? |

സഹസംവൃദ്ധഭാവാച്ച സംസർഗ്ഗേണ ച മാനദ
യദ്യഹം തേന വിജ്ഞാതാ ഹതാ തേനാസ്മി ശാശ്വതം 11

| | | | |
|---|---|---|---|
| "മാനദ | "മാനം കാത്തരുളുന്നോവേ! | വിജ്ഞാതാ യദി ന | ഉള്ളപോലെ അറിയപ്പെടാതിരിക്കുന്നവളാണെന്നുവരികിൽ |
| അഹം | ഞാൻ | | |
| തേ | നിന്തിരുവടിയുമായുള്ള | | |
| സംസർഗ്ഗേണ ച | പരിചയത്താലും | തേന | അക്കാരണത്താൽ |
| സഹസംവൃദ്ധഭാവാത് ച | ഒന്നിച്ചു വളൎന്ന എന്നുള്ള അവസ്ഥയാലും | ശാശ്വതം | എന്നെന്നും |
| | | ഹതാ അസ്മി. | ഞാൻ ഹതയായി. |

പ്രേഷിതസ്തേ യദാ വീരോ ഹനുമാനവലോകകഃ
ലങ്കാസ്ഥാഽഹം ത്വയാ വീര കിം തദാ ന വിസർജ്ജിതാ. 12

| | | | |
|---|---|---|---|
| "യദാ | "എപ്പോൾ | തദാ | അപ്പോൾതന്നെ |
| തേ | നിന്തിരുവടിയാൽ | ത്വയാ | നിന്തിരുവടിയാൽ |
| വീരഃ | വീരനായ | ലങ്കാസ്ഥാ | ലങ്കയിൽ വർത്തിച്ചിരുന്നവളായ |
| ഹനുമാൻ | ഹനുമാൻ | | |
| അവലോകകഃ | അന്വേഷിച്ചറിയുവാനായി | അഹം | ഞാൻ |
| | | കിം | എന്തുകൊണ്ടാണു് |
| പ്രേഷിതഃ | പറഞ്ഞയക്കപ്പെട്ടുവോ | വിസർജ്ജിതാ ന | ഉപേക്ഷിക്കപ്പെടാതിരുന്നതു്? |
| വീര | നാഥ! | | |

[അന്നുതന്നെ എന്നെ തിരിയെ കയ്യേല്ക്കുവാൻ പോകുന്നില്ല എന്നു് എന്തുകൊണ്ടാണു് അറിയിക്കാതിരുന്നതു്, എന്നു ഭാവം.]

പ്രത്യക്ഷം വാനരേന്ദ്രസ്യ ത്വദ്വാക്യസമനന്തരം
ത്വയാ സന്ത്യക്തയാ വീര ത്യക്തം സ്യാജ്ജീവിതം മയാ. 13

| | | | |
|---|---|---|---|
| "വീര | "നാഥ! | മയാ | എന്നാൽ |
| ത്വദ്വാക്യസമനന്തരം | നിന്തിരുവടിയുടെ വാക്കുകേട്ട പിറ്റെക്ഷണത്തിൽ തന്നെ | വാനരേന്ദ്രസ്യ | ഈ വാനരേന്ദ്രന്റെ |
| | | പ്രത്യക്ഷം | കണ്ണിന്നെതിരായ്ത്തന്നെ |
| | | ജീവിതം | ജീവൻ |
| ത്വയാ സന്ത്യക്തയാ | നിന്തിരുവടിയാൽ പരിത്യജിക്കപ്പെട്ടവളായ | ത്യക്തം സ്യാത് | വെടിയപ്പെട്ടതായിരുന്നു. |

ന വൃഥാ തേ ശ്രമോഽയം സ്യാത് സംശയേ ന്യസ്യ ജീവിതം
സുഹൃജ്ജനപരിക്ലേശോ ന ചായം നിഷ്ഫലസ്തവ 14

| | | | |
|---|---|---|---|
| "തേ | "നിന്തിരുവടിക്ക് | തവ | നിന്തിരുവടിയുടെ |
| ജീവിതം | ജീവനെ | അയം | ഈ |
| സംശയേ | സംശയസ്ഥിതിയിൽ | സുഹൃജ്ജന-പരിക്ലേശഃ ച | സുഹൃജ്ജനങ്ങളുടെ പരിശ്രമവും |
| ന്യസ്യ | ആക്കിക്കൊണ്ട് | | |
| അയം ശ്രമഃ | ഈ പരിശ്രമം | | |
| വൃഥാ | വെറുതെ | നിഷ്ഫലഃ ന | നിഷ്പ്രയോജനമാകയില്ലായിരുന്നു. |
| സ്യാത് ന | ആകയില്ലായിരുന്നു; | | |

ത്വയാ തു നരശാർദ്ദൂല ക്രോധമേവാനുവർത്തതാ
ലഘുനേവ മനുഷ്യേണ സ്ത്രീത്വമേവ പുരസ്കൃതം 15

| | | | |
|---|---|---|---|
| "നരശാർദ്ദൂല | "പുരുഷോത്തമ | ക്രോധം ഏവ | ക്രോധത്തെ മാത്രം |
| ലഘുനാ മനുഷ്യേണ | നിസ്സാരനായ ഒരു പാമര മനുഷ്യനാൽ | അനുവർത്തതാ | അനുസരിക്കുന്ന |
| | | ത്വയാ | നിന്തിരുവടിയാൽ |
| ഇവ | എപ്രകാരമോ അപ്രകാരം | സ്ത്രീത്വം ഏവ | (എങ്കൽ) സ്ത്രീത്വം മാത്രമാണ് |
| തു | ഇപ്പോഴാം | പുരസ്കൃതം | ഓൎക്കപ്പെട്ടത്. |

അപദേശേന ജനകാന്നോത്പത്തിർവസുധാതലാത്
മമ വൃത്തം ച വൃത്തജ്ഞ ബഹു തേന പുരസ്കൃതം 16

| | | | |
|---|---|---|---|
| "ജനകാത് | "ജനകമഹാരാജാവിന്റെ അടുക്കൽനിന്ന് | മമ | എന്റെ |
| | | ബഹുവൃത്തം ച | മഹത്തായ ചരിത്രവും |
| അപദേശേന | കീൎത്തിയോടുകൂടി | തേന | ആ കോപത്തിന്ന് അധീനനായെന്ന കാരണത്താൽ |
| വസുധാതലാത് | ഭൂതലത്തിൽനിന്നാണ് | | |
| ഉത്പത്തി | ഉത്പത്തി; | പുരസ്കൃതം ന. | ഗണിക്കപ്പെടുകയുണ്ടായില്ല. |
| വൃത്തജ്ഞ | ചരിത്രമറിയുന്നവനേ! | | |

ന പ്രമാണീകൃതഃ പാണിർബാല്യേ ബാലേന പീഡിതഃ
മമ ഭക്തിശ്ച ശീലം ച സർവ്വം തേ പൃഷ്ഠതഃ കൃതം 17

| | | | |
|---|---|---|---|
| "ബാല്യേ | "ബാല്യത്തിൽ | മമ | എന്റെ |
| ബാലേന | ബാലനായിരുന്ന നിന്തിരുവടിയാൽ | ഭക്തിഃ ച | അചഞ്ചലഭക്തിയും |
| | | ശീലം ച | സച്ചരിത്രവും |
| പീഡിതഃ | ഗ്രഹിക്കപ്പെട്ടതായ | സൎവ്വം | എല്ലാം |
| പാണിഃ | കരവും | തേ | നിന്തിരുവടിയാൽ |
| പ്രമാണീ-കൃതഃ ന | കാൎയ്യമായി കരുതപ്പെട്ടില്ല; | പൃഷ്ഠതഃ കൃതം." | അലക്ഷ്യമാക്കപ്പെടുകയാണുണ്ടായത്." |

ഏവം ബ്രുവാണാ രുദതീ ബാഷ്പഗദ്ഗദഭാഷിണീ
അബ്രവീല്ലക്ഷ്മണം സീതാ ദീനം ധ്യാനപരം സ്ഥിതം. 18

| | | | |
|---|---|---|---|
| രുദതീ | കരഞ്ഞുംകൊണ്ട് | സീതാ | സീതാദേവി |
| ബാഷ്പഗദ്ഗദഭാഷിണീ | കണ്ണീർ വാൎത്ത് ഇടറിക്കൊണ്ടുരചെയ്യുന്നവളായി | ദീനം | ദൈന്യഭാവത്തിൽ |
| | | ധ്യാനപരം | ചിന്താപരാധീനനായി |
| | | സ്ഥിതം | വൎത്തിച്ചിരുന്ന |
| ഏവം | ഇപ്രകാരം | ലക്ഷ്മണം | ലക്ഷ്മണനോടായി |
| ബ്രുവാണാ | ഉണൎത്തിക്കുന്നവളായ | അബ്രവീത്. | ഇപ്രകാരം ഉരചെയ്തു. |

ചിതാം മേ കുരു സൌമിത്രേ വ്യസനസ്യാസ്യ ഭേഷജം
മിഥ്യോപഘാതോപഹതാ നാഹം ജീവിതുമുത്സഹേ. 19

| | | | |
|---|---|---|---|
| "സൌമിത്രേ | "ലക്ഷ്മണ | മിഥ്യോപഘാതോപഹതാ | ഇല്ലാത്ത ദുഷ്പേരിനാൽ കെട്ടുപോയവളായ |
| മേ | എന്റെ | | |
| അസ്യ വ്യസനസ്യ | ഈ ദുഃഖത്തിന്നു | അഹം | ഞാൻ |
| ഭേഷജം | മരുന്നായുള്ള | ജീവിതും | ജീവൻ വെച്ചുകൊണ്ടിരിക്കുന്നതിനെ |
| ചിതാഃ | ചിതയെ | | |
| കുരു | നിൎമ്മിച്ചാലും; | ഉത്സഹേ ന | സഹിക്കയില്ല. |

അപ്രീതസ്യ ഗുണൈൎഭൎത്തുസ്ത്യക്തായാ ജനസംസദി
യാ ക്ഷമാ മേ ഗതിൎഗ്ഗന്തും പ്രവേക്ഷ്യേ ഹവ്യവാഹനം. 20

| | | | |
|---|---|---|---|
| "അപ്രീതസ്യ | "എങ്കൽ പ്രീതി കയ്യൊള്ളാത്ത | മേ ഗന്തും | എനിക്ക് പോകുവാൻ |
| ഭൎത്തുഃ | ഭൎത്താവിന്റെ | ക്ഷമാ | തക്ക |
| ഗുണൈഃ | ഗുണങ്ങളാൽ | യാ ഗതിഃ | സ്ഥാനം യാതൊന്നൊ [ആ |
| ജനസംസദി | ജനസംഘത്തിൽവെച്ച് | ഹവ്യവാഹനം | അഗ്നിയിൽ |
| ത്യക്തായാഃ | ഉപേക്ഷിക്കപ്പെട്ടവളായ | പ്രവേക്ഷ്യേ". | ഞാൻ പ്രവേശിപ്പാൻ പോകുന്നു." |

ഏവമുക്തസ്തു വൈദേഹ്യാ ലക്ഷ്മണഃ പരവീരഹാ
അമൎഷവശമാപന്നോ രാഘവാനനമൈക്ഷത. 21

| | | | |
|---|---|---|---|
| പരവീരഹാ | ശത്രുവീരധ്വംസക | തു | ആ സമയം |
| ലക്ഷ്മണഃ | ലക്ഷ്മണൻ [നായ | അമൎഷവശം ആപന്നഃ | പൊറുപ്പാൻ കഴിയാത്തവനായി |
| വൈദേഹ്യാ | ജാനകീദേവിയാൽ | | |
| ഏവം | ഇപ്രകാരം | രാഘവാനനം | ശ്രീരാമന്റെ മുഖത്തെ |
| ഉക്തഃ | ഉരചെയ്യപ്പെട്ടവനായി | ഐക്ഷത. | നോക്കി. |

സ വിജ്ഞായ തതശ്ഛന്ദം രാമസ്യാകാരസൂചിതം
ചിതാം ചകാര സൌമിത്രിൎമ്മതേ രാമസ്യ വീൎയ്യവാൻ. 22

| | | | |
|---|---|---|---|
| തതഃ | ആ സമയം | ഛന്ദം | അഭിപ്രായത്തെ |
| വീൎയ്യവാൻ | വീൎയ്യശാലിയായ | വിജ്ഞായ | ഗ്രഹിച്ച് |
| സഃ സൌമിത്രിഃ | ആ ലക്ഷ്മണൻ | രാമസ്യ | ശ്രീരാമന്റെ |
| ആകാരസൂചിതം | ഇംഗിതത്താൽ സൂചിപ്പിക്കപ്പെട്ട | മതേ | ഇഷ്ടത്തിന്നനുസരിച്ച് |
| | | ചിതാം ചകാര | ചിതയെ നിൎമ്മിച്ചു |

അധോമുഖം തദാ രാമം ശനൈഃ കൃത്വാ പ്രദക്ഷിണം
ഉപാസർപ്പത വൈദേഹീ ദീപ്യമാനം ഹുതാശനം. 23

| | | | |
|---|---|---|---|
| തദാ | ആ സമയം | പ്രദക്ഷിണം | പ്രദക്ഷിണം |
| വൈദേഹീ | ജാനകീദേവി | കൃത്വാ | ചെയ്തു് |
| അധോമുഖം | മുഖം കനിച്ചു് വർത്തി | ദീപ്യമാനം | ഉജ്ജ്വലിക്കുന്ന |
| രാമം | ശ്രീരാമനെ [ച്ചിരുന്ന | ഹുതാശനം | അഗ്നിയെ |
| ശനൈഃ | മെല്ലെ | ഉപാസപ്പ്ത. | അടുത്തു. |

പ്രണമ്യ ദേവതാഭ്യശ്ച ബ്രാഹ്മണേഭ്യശ്ച മൈഥിലീ
ബദ്ധാഞ്ജലിപുടാ ചേദമുവാചാഗ്നിസമീപതഃ 24

| | | | |
|---|---|---|---|
| മൈഥിലീ ച | വൈദേഹിയും | ബദ്ധാഞ്ജലി–പുടാ | അഞ്ജലികൂപ്പികൊണ്ടു |
| ദേവതാഭ്യഃ ച | ദേവന്മാൎക്കും | അഗ്നി–സമീപതഃ | അഗ്നിയുടെ സന്നിധാനത്തിൽ |
| ബ്രാഹ്മണേഭ്യഃ ച | ബ്രാഹ്മണൎക്കും | | |
| പ്രണമ്യ | കുമ്പിട്ടു് | ഇദം ഉവാച. | ഇപ്രകാരം ഉരചെയ്തു. |

[ഈ ശ്ലോകത്തിലെ ആദ്യാക്ഷരം ഗായത്രിയിലെ 21–ാമത്തെ അക്ഷരമാകുന്നു എന്നു ശൈവപക്ഷം.]

യഥാ മേ ഹൃദയം നിത്യം നാപസർപ്പതി രാഘവാത്
തഥാ ലോകസ്യ സാക്ഷീ മാം സർവ്വതഃ പാതു പാവകഃ 25

| | | | |
|---|---|---|---|
| "മേ ഹൃദയം | "എന്റെ ചിത്തം | ലോകസ്യ സാക്ഷീ | ലോകസാക്ഷിയായ |
| നിത്യം | എപ്പോഴും | | |
| രാഘവാത് | ശ്രീരാഘവങ്കൽനിന്നു് | പാവകഃ | അഗ്നിഭഗവാൻ |
| അപസപ്പ്തി ന | അകലാതിരിക്കുന്നു | മാം | എന്നെ |
| തഥാ യഥാ | എന്നുള്ളതു് സത്യമാണെന്നാൽ | സവ്വ്തഃ | പൂൎത്തിയായി |
| | | പാതു | സംരക്ഷിക്കുമാറാകട്ടെ. |

യഥാ മാം ശുദ്ധചാരിത്രാം ദുഷ്ടാം ജാനാതി രാഘവഃ
തഥാ ലോകസ്യ സാക്ഷീ മാം സവ്വ്തഃ പാതു പാവകഃ 26

| | | | |
|---|---|---|---|
| "രാഘവഃ | "ശ്രീരാഘവൻ | മാം | എന്നെ |
| മാം | എന്നെ | ലോകസ്യ സാക്ഷീ | ലോകസാക്ഷിയായ |
| ദുഷ്ടാം | ദോഷയുക്തയായി | | |
| ജാനാതി | കരുതുന്നു | പാവകഃ | അഗ്നിഭഗവാൻ |
| യഥാ തഥാ | എന്നുള്ളതുകൊണ്ടു് | സവ്വ്തഃ | പരിപൂൎണ്ണമായി |
| ശുദ്ധചാരിത്രാം | സച്ചരിത്രവതിയായ | പാതു. | പരിപാലിക്കുമാറാകട്ടെ. |

കൎമ്മണാ മനസാ വാചാ യഥാ നാതിചരാമ്യഹം
രാഘവം സർവ്വധൎമ്മജ്ഞം തഥാ മാം പാതു പാവകഃ 27
ആദിത്യോ ഭഗവാൻ വായുർദിശശ്ചന്ദ്രസ്തഥൈവ ച
അഹശ്ചാപി തഥാ സന്ധ്യേ രാത്രിശ്ച പൃഥിവീ തഥാ
യഥാऽന്യേऽപി വിജാനന്തി തഥാ ചാരിത്രസംയുതാം. 28

| | |
|---|---|
| “അഹം | “ഞാൻ |
| സർവ്വധർമ്മജ്ഞം | എല്ലാധർമ്മങ്ങളും ഗ്രഹിച്ചവനായ |
| രാഘവം | ശ്രീരാഘവൻെറ പേരിൽ |
| കർമ്മണാ | പ്രവൃത്തികൊണ്ടാകട്ടെ |
| മനസാ | ബുദ്ധികൊണ്ടാകട്ടെ |
| വാചാ | വാക്കുകൊണ്ടാകട്ടെ |
| അതിചരാമി ന | അപരാധം ചെയ്തവളല്ല |
| തഥാ യഥാ | എന്നുള്ളത് സത്യമാണെന്നാൽ |
| ആദിത്യഃ ഭഗവാൻ ച | ആദിത്യഭഗവാനും |
| വായുഃ തഥാ | വായുഭഗവാനും |
| ദിശഃ ച | ദിക്കുകളും |
| ചന്ദ്രഃ ഏവ | ചന്ദ്രഭഗവാനും |
| അഹഃ അപി ച | പകലും |
| സന്ധ്യേ തഥാ | ഇരുസന്ധ്യകളും |
| രാത്രിഃ ച | രാത്രിയും |
| പൃഥിവീ, തഥാ | ഭൂദേവിയും |
| അന്യേ അപി | മററുള്ളവരും |
| ചാരിത്രസംയുതാം | സച്ചരിത്രവതിയെന്ന് |
| വിജാനന്തി | എന്നെ അറിയുന്നു |
| തഥാ യഥാ | എന്നുള്ളത് സത്യമാണെന്നാൽ |
| പാവകഃ | അഗ്നിഭഗവാൻ |
| മാം | എന്നെ |
| പാതു.” | കാത്തരുളുമാറാകട്ടെ.” |

ഏവമുക്ത്വാ തു വൈദേഹീ പരിക്രമ്യ ഹുതാശനം
വിവേശ ജ്വലനം ദീപ്തം നിഃസംഗേനാന്തരാത്മനാ. 29

| | |
|---|---|
| വൈദേഹീ | സീതാദേവി |
| ഏവം | ഇപ്രകാരം |
| ഉക്ത്വാ | പ്രാർത്ഥിച്ച് |
| തു | ആ സമയം |
| ഹുതാശനം | അഗ്നിയെ |
| പരിക്രമ്യ | വലംവെച്ച് |
| നിസ്സംഗേന | ദേഹാപേക്ഷയില്ലാത്ത |
| അന്തരാത്മനാ | ചിത്തത്തോടുകൂടിയവളായി |
| ദീപ്തം | ജ്വലിക്കുന്ന |
| ജ്വലനം | തീയ്യിൽ |
| വിവേശ. | പ്രവേശിച്ചു. |

ജനഃ സ സുമഹാംസ്ത്രസ്തോ ബാലവൃദ്ധസമാകുലഃ
ദദർശ മൈഥിലീം തത്ര പ്രവിശന്തീം ഹുതാശനം. 30

| | |
|---|---|
| ബാലവൃദ്ധസമാകുലഃ | കുട്ടികളും വൃദ്ധന്മാരും നിറഞ്ഞതായ |
| സഃ സുമഹാൻ | ആ വമ്പിച്ച |
| ജനഃ | ജനസംഘം |
| ത്രസ്തഃ | നടുങ്ങിക്കൊണ്ട് |
| തത്ര | ആ സമയം |
| മൈഥിലീം | ജാനകീദേവിയെ |
| ഹുതാശനം | അഗ്നിയിൽ |
| പ്രവിശന്തീം | പ്രവേശിക്കുന്നവളായി |
| ദദർശ. | വീക്ഷിച്ചു. |

സാ തപ്തനവഹേമാഭാ തപ്തകാഞ്ചനഭൂഷണാ
പപാത ജ്വലനം ദീപ്തം സർവ്വലോകസ്യ സന്നിധൌ. 31

| | |
|---|---|
| തപ്തനവഹേമാഭാ | ഉരുക്കിയ പുത്തൻ തങ്കനിറമാർന്നവളും |
| തപ്തകാഞ്ചനഭൂഷണാ | സ്വച്ഛമായ തങ്കക്കോപ്പണിഞ്ഞവളുമായ |
| സാ | ആ സീതാദേവി |
| സർവ്വലോകസ്യ സന്നിധൌ | എല്ലാ ജനങ്ങളും കണ്ടുകൊണ്ടിരിക്കെ |
| ദീപ്തം | ആളുന്ന |
| ജ്വലനം | ചെന്തീയ്യിൽ |
| പപാത. | ചാടി. |

ദദൃശുസ്താം വിശാലാക്ഷീം പതന്തീം ഹവ്യവാഹനേ
സീതാം സർവ്വാണി രൂപാണി രുക്മവേദിനിഭാം തദാ. 32

| | | | |
|---|---|---|---|
| സർവ്വാണി രൂപാണി | സർവ്വപ്രാണികളും | വിശാലാക്ഷീം | വിശാലനേത്രയായ |
| | | താം സീതാം | ആ സീതാദേവിയെ |
| തദാ | ആ സമയം | ഹവ്യവാഹനേ | അഗ്നിയിൽ |
| രുക്മവേദി-നിഭാം | ഒരു സ്വർണ്ണവേദികയെപ്പോലെയുള്ള | പതന്തീം | പ്രവേശിക്കുന്നവളായി |
| | | ദദൃശുഃ | വീക്ഷിച്ചു. |

പ്രചുക്രുശുഃ സ്ത്രിയഃ സർവ്വാസ്താം ദൃഷ്ട്വാ ഹവ്യവാഹനേ
പതന്തീം സംസ്കൃതാം മന്ത്രൈർവസോർധാരാമിവാധ്വരേ. 33

| | | | |
|---|---|---|---|
| സ്ത്രിയഃ | സ്ത്രീകൾ | ധാരാം ഇവ | ധാരയെന്നപോലെ |
| സർവ്വാഃ | എല്ലാവരും | താം | അവളെ |
| അധ്വരേ | യാഗത്തിൽ | ഹവ്യവാഹനേ | അഗ്നിയിൽ |
| മന്ത്രൈഃ | മന്ത്രങ്ങൾകൊണ്ട് | പതന്തീം | വീഴുന്നവളായി |
| സംസ്കൃതാം | പരിശുദ്ധമാക്കപ്പെട്ട[തായ | ദൃഷ്ട്വാ | കണ്ട് |
| വസോഃ | നെയ്യിൻ | പ്രചുക്രുശുഃ | മുറവിളികൂട്ടി. |

ദദൃശുസ്താം ത്രയോ ലോകാ ദേവഗന്ധർവ്വദാനവാഃ
ശപ്താം പതന്തീം നിരയേ ത്രിദിവാദ്ദേവതാമിവ. 34

| | | | |
|---|---|---|---|
| ത്രയഃ | മൂന്നു | നിരയേ | നരകത്തിലോട്ട് |
| ലോകാഃ | ലോകങ്ങളും | പതന്തീം | പതിക്കുന്ന |
| ദേവഗന്ധർവ്വ-ദാനവാഃ | ദേവകളും, ഗന്ധർവ്വന്മാരും ദാനവന്മാരും | ദേവതാം ഇവ | ഒരു ദേവതയെ എന്നപോലെ |
| ശപ്താം | ശാപംപൂണ്ട് | താം | ആ സീതാദേവിയെ |
| ത്രിദിവാത് | സ്വർഗ്ഗത്തിൽനിന്നു് | ദദൃശുഃ | സന്ദർശിച്ചു. |

തസ്യാമഗ്നിം വിശന്ത്യാം തു ഹാഹേതി വിപുലഃ സ്വനഃ
രക്ഷസാം വാനരാണാം ച സംബഭൂവാദ്ഭുതോപമഃ 35

| | | | |
|---|---|---|---|
| തസ്യാം | ആ സീതാദേവി | "ഹാ! ഹാ! | "അയ്യോ കഷ്ടം!" |
| അഗ്നിം | അഗ്നിയിൽ | ഇതി | എന്ന |
| വിശന്ത്യാം തു | വീഴുന്ന സമയം | വിപുലഃ | വമ്പിച്ച |
| രക്ഷസാം | രാക്ഷസരുടേയും | സ്വനഃ | ശബ്ദം |
| വാനരാണാം ച | വാനരന്മാരുടേയും | അദ്ഭുതോപമഃ | നിസ്തുല്യമാംവണ്ണം |
| | | സംബഭൂവ | ഉളവായി. |

ഇത്യാർഷേ ശ്രീമദ്രാമായണേ വാല്മീകീയേ ആദികാവ്യേ യുദ്ധകാണ്ഡേ
ഏകോനവിംശത്യുത്തരശതതമഃ സർഗ്ഗഃ = നൂറ്റിപ്പത്തൊമ്പതാംസർഗ്ഗംസമാപ്തം
ആദ്യം മുതൽ ശ്ലോകസംഖ്യ 20179; യുദ്ധകാണ്ഡം ആദ്യം മുതൽ ശ്ലോകസംഖ്യ 5504.

# വിംശത്യുത്തരശതതമഃസർഗ്ഗഃ=നൂററിരുപതാംസർഗ്ഗം

[ബ്രഹ്മാദികൃതരാമസ്തവഃ=ബ്രഹ്മാദികളാൽ ചെയ്യപ്പെട്ട രാമസ്തവം]

**തതോ ഹി ദുർമ്മനാ രാമഃ ശ്രുത്വൈവം വദതാം ഗിരഃ**
**ദധ്യൌ മുഹൂർത്തം ധർമ്മാത്മാ ബാഷ്പവ്യാകുലലോചനഃ.** 1

| | | | |
|---|---|---|---|
| ധർമ്മാത്മാ | ധർമ്മാത്മാവായ | തതഃ ഹി | അതിനാൽതന്നെ |
| രാമഃ | ശ്രീരാഘവൻ | ദുർമ്മനാഃ | വ്യാകുലതപൂണ്ടവനായി |
| ഏവം | ഇപ്രകാരം | ബാഷ്പവ്യാകുല- ലോചനഃ | അശ്രുക്കളാൽ കലങ്ങിയ നേത്രങ്ങളോടു |
| വദതാം | നിലവിളിക്കുന്നവരുടെ | | |
| ഗിരഃ | ശബ്ദങ്ങളെ | മുഹൂർത്തം | ഒട്ടുനേരം [വനായി |
| ശ്രുത്വാ | കേട്ട് | ദധ്യൌ | ചിന്തയിലാണ്ടിരുന്നു. |

**തതോ വൈശ്രവണോ രാജാ യമശ്ചാമിത്രകർശനഃ**
**സഹസ്രാക്ഷോ മഹേന്ദ്രശ്ച വരുണശ്ച പരന്തപഃ** 2
**ഷഡർദ്ധനയനഃ ശ്രീമാൻ മഹാദേവോ വൃഷധ്വജഃ**
**കർത്താ സർവ്വസ്യ ലോകസ്യ ബ്രഹ്മാ ബ്രഹ്മവിദാം വരഃ**
**ഏതേ സർവ്വേ സമാഗമ്യ വിമാനൈഃ സൂര്യസന്നിഭൈഃ**
**ആഗമ്യ നഗരീം ലങ്കാമഭിജഗ്മുശ്ച രാഘവം.** 4

| | | | |
|---|---|---|---|
| തതഃ | അതേസമയത്തിൽ | സർവ്വസ്യ ലോകസ്യ കർത്താ | സർവ്വലോകകർത്താവും |
| വൈശ്രവണഃ | കുബേരനും | | |
| അമിത്രകർശനഃ | ശത്രുമർദ്ദനനായ | ബ്രഹ്മവിദാം | ബ്രഹ്മവിത്തുക്കളിൽ |
| യമഃ രാജാ ച | യമധർമ്മരാജാവും | വരഃ | ഉത്തമനുമായ [വെച്ച് |
| സഹസ്രാക്ഷഃ | ആയിരം നേത്രങ്ങളോടു | ബ്രഹ്മാ ച | ബ്രഹ്മദേവനും |
| മഹേന്ദ്രഃ ച | ദേവേന്ദ്രനും | ഏതേ സർവ്വേ | ഇവരെല്ലാം |
| പരന്തപഃ | ശത്രുസന്താപകനായ | സൂര്യസന്നിഭൈഃ | സൂര്യസങ്കാശങ്ങളായ |
| വരുണഃ ച | വരുണഭഗവാനും | വിമാനൈഃ | വിമാനങ്ങളിൽ കയറി |
| ഷഡർദ്ധനയനഃ | ത്രിനേത്രനും | സമാഗമ്യ | ഒന്നായിച്ചേർന്ന് |
| വൃഷധ്വജഃ | വൃഷഭധ്വജനും | ലങ്കാം നഗരീം | ലങ്കാപുരത്തിലേക്ക് |
| ശ്രീമാൻ | ശ്രീമാനുമായ | ആഗമ്യ | എഴുന്നെള്ളി |
| മഹാദേവഃ | പരമശിവനും | രാഘവം | ശ്രീരാഘവനെ |
| | | അഭിജഗ്മുഃ | സന്ദർശിച്ചു. |

**തതഃ സഹസ്താഭരണാൻ പ്രഗൃഹ്യ വിപുലാൻ ഭുജാൻ**
**അബ്രുവംസ്ത്രിദശശ്രേഷ്ഠാഃ പ്രാഞ്ജലിം രാഘവം സ്ഥിതം.** 5

| | | | |
|---|---|---|---|
| ത്രിദശശ്രേഷ്ഠാഃ | ദേവശ്രേഷ്ഠന്മാർ | പ്രഗൃഹ്യ | ഉയർത്തിക്കൊണ്ട് |
| തതഃ | അപ്പോൾ | പ്രാഞ്ജലിം | അഞ്ജലിഹസ്തനായി |
| സഹസ്താ- ഭരണാൻ | കൈവളകളോടു | സ്ഥിതം | നിന്നിരുന്ന |
| | | രാഘവം | ശ്രീരാഘവനോടായി |
| വിപുലാൻ | തങ്ങളുടെ നീണ്ട | അബ്രുവൻ. | ഇപ്രകാരം അരുളി ച്ചെയ്തു. |
| ഭുജാൻ | ബാഹുക്കളെ | | |

കൎത്താ സൎവ്വസ്യ ലോകസ്യ ശ്രേഷ്ഠോ ജ്ഞാനവതാം വരഃ
ഉപേക്ഷസേ കഥം സീതാം പതന്തീം ഹവ്യവാഹനേ. 6

| | | | |
|---|---|---|---|
| "സൎവ്വസ്യ ലോകസ്യ കൎത്താ | "സകലലോക കൎത്താവും | സീതാം | സീതാദേവിയെ |
| ജ്ഞാനവതാം | സൎവ്വജ്ഞന്മാരിൽ | ഹവ്യവാഹനേ | അഗ്നിയിൽ |
| വരഃ | ഉത്തമനും | പതന്തീം | പ്രവേശിക്കുന്നവളായി |
| ശ്രേഷ്ഠഃ | ശ്രേഷ്ഠനെന്നു പേരാൎന്നവനുമായ നിന്തിരുവടി | കഥം | എന്താണ് |
| | | ഉപേക്ഷസേ | നോക്കിന്നില്ലുന്നത്? |

കഥം ദേവഗണശ്രേഷ്ഠമാത്മാനം നാവബുദ്ധ്യസേ

| | | | |
|---|---|---|---|
| "ആത്മാനം | "തന്നെ | കഥം | എന്താണ് |
| ദേവഗണ—ശ്രേഷ്ഠം | ദേവഗണങ്ങളിൽവെച്ചു ശ്രേഷ്ഠനാണെന്നു് | ന അവ—ബുദ്ധ്യസേ | അറിഞ്ഞുകൊള്ളാതിരിക്കുന്നത്; |

ഋതധാമാ വസുഃ പൂൎവ്വം വസൂനാം ത്വം പ്രജാപതിഃ
ത്രയാണാം ത്വം ഹി ലോകാനാമാദികൎത്താ സ്വയംപ്രഭുഃ 8

| | | | |
|---|---|---|---|
| "ത്വം | "നിന്തിരുവടി | സ്വയംപ്രഭുഃ | സ്വയമായി ഉളവായ |
| പൂൎവ്വം | സൃഷ്ടിക്കു മുമ്പ് | ത്വം ഹി | നിന്തിരുവടി ഒരുവൻ തന്നെയാണ്? |
| വസൂനാം | അഷ്ടവസുക്കളിൽ | | |
| ഋതധാമാ | ഋതധാമാവ് എന്ന | ത്രയാണാം ലോകാനാം | ത്രൈലോക്യങ്ങൾക്കും |
| വസുഃ | വസുവാകുന്നു; | | |
| പ്രജാപതിഃ | സൃഷ്ടിചെയ്യുന്ന ദേവൻ | ആദികൎത്താ. | ആദികൎത്താവായവൻ. |

["നാന്തോऽസ്തി മമ ദിവ്യാനാം വിഭൂതീനാം പരന്തപ" എന്നു് ഭഗവാൻ അൎജ്ജുനനോടു പറഞ്ഞപ്രകാരം, വിഭൂതികൾ അനന്തങ്ങളാകയാൽ, അവ എല്ലാററിനേയും പറയുന്നത് സാദ്ധ്യമല്ലായ്കകൊണ്ട് ശ്രീരാമന്റെ വിഭൂതിസ്വരൂപങ്ങളെപ്പററി പറയുന്നതിന്നായി മുഖ്യങ്ങളായ ചിലവയെ മാത്രം പറയുന്നു. വിഭൂതിരൂപത്തിൽ വസുക്കളിലും, പ്രജാപതിമാരിലും രുദ്രന്മാരിലും മററും വൎത്തിക്കുന്നവൻ എന്നു സാരം.]

രുദ്രാണാമഷ്ടമോ രുദ്രഃ സാദ്ധ്യാനാമസി പഞ്ചമഃ
അശ്വിനൌ ചാപി തേ കൎണ്ണൌ ചന്ദ്രസൂൎയ്യൌ ച ചക്ഷുഷീ 9

| | | | |
|---|---|---|---|
| "രുദ്രാണാം | "ഏകാദശരുദ്രന്മാരിൽ | തേ | വിരാഡ്രൂപിയായ നിന്തിരുവടിക്ക് |
| അഷ്ടമഃ രുദ്രഃ | എട്ടാമതായുള്ളശങ്കരനെന്ന രുദ്രമൂൎത്തിയായും | കൎണ്ണൌ ച | കാതുകൾ |
| സാദ്ധ്യാനാം | സാദ്ധ്യദേവതകളിൽ | അശ്വിനൌ അപി | അശ്വിനീദേവകൾ തന്നെയാണ് |
| പഞ്ചമഃ അസി | വീൎയ്യവാനെന്ന അഞ്ചാമത്തെ ദേവതയായും വിളങ്ങുന്നു; | ചക്ഷുഷീ ച | നേത്രങ്ങളും |
| | | ചന്ദ്രസൂൎയ്യൌ | ചന്ദ്രസൂൎയ്യന്മാരാകുന്നു |

അന്തേ ചാദൌ ച ലോകാനാം ദൃശ്യസേ ത്വം പരന്തപ
ഉപേക്ഷസേ ച വൈദേഹീം മാനുഷഃ പ്രാകൃതോ യഥാ. 10

| | | | |
|---|---|---|---|
| "പരന്തപ | "ശത്രുവിധ്വംസക | ച | അപ്രകാരമായാലും |
| ത്വം | നിന്തിരുവടി | പ്രാകൃത: | ഒന്നും അറിവില്ലാത്ത |
| ലോകാനാം | ലോകങ്ങളുടെ | മാനുഷ: യഥാ | മനുഷ്യൻപോലെ |
| ആദൌ ച | ആദിയിലും | വൈദേഹീം | വൈദേഹിയെക്കുറിച്ച് |
| അന്തേ ച | അവസാനത്തിലും | ഉപേക്ഷസേ." | ശ്രദ്ധിക്കാതിരിക്കയാണ്." |
| ദൃശ്യസേ | കാണപ്പെടുന്നു. | | |

ഇത്യുക്തോ ലോകപാലൈസ്തൈഃ സ്വാമീ ലോകസ്യ രാഘവഃ
അബ്രവീത് ത്രിദശശ്രേഷ്ഠാൻ രാമോ ധൎമ്മഭൃതാം വരഃ 11

| | | | |
|---|---|---|---|
| തൈ: | ആ | രാഘവ: | രഘുകുലവരനും |
| ലോകപാലൈ: | ലോകപാലകന്മാരാൽ | ധൎമ്മഭൃതാം | ധൎമ്മസ്ഥാപകന്മാരിൽ |
| ഇതി | ഇപ്രകാരം | വര: | ഉത്തമനുമായ |
| ഉക്തഃ | ഉരചെയ്യപ്പെട്ട | രാമ: | ശ്രീരാമൻ |
| ലോകസ്യ സ്വാമീ | ലോകസ്വാമിയും | ത്രിദശശ്രേഷ്ഠാൻ | ദേവശ്രേഷ്ഠന്മാരോടാ |
| | | അബ്രവീത്. | അരുളിച്ചെയ്തു. [യി |

ആത്മാനം മാനുഷം മന്യേ രാമം ദശരഥാത്മജം
യോഽഹം യസ്യ യതശ്ചാഹം ഭഗവാംസ്തദ്ബ്രവീതു മേ. 12

| | | | |
|---|---|---|---|
| "ആത്മാനം | "എന്നെ | യസ്യ | ആരുമായി സംബന്ധിച്ചവോ, |
| ദശരഥാത്മജം | ദശരഥാത്മജനായ | | |
| രാമം | രാമനെന്ന | അഹം | ഞാൻ |
| മാനുഷം | മനുഷ്യനാണെന്ന് | യത: | എന്തുകാരണമായി ഉള |
| മന്യേ | ഞാൻ അറിയുന്നു; | തത് | ആയതിനെ [വായോ |
| ച | ആകയാൽ | മേ | എനിക്ക് |
| അഹം | ഞാൻ | ഭഗവാൻ | ബ്രഹ്മദേവൻ |
| യ: | ആരോ | ബ്രവീതു." | ഉപദേശിച്ചരുളട്ടെ." |

[''ആത്മാനം മാനുഷം മന്യേ'':— പരത്വസ്വരൂപനിരൂപണത്തേക്കാൾ അവതാരസ്വരൂപനിരൂപണം തന്നെയാകുന്നു തനിക്ക് അഭിമതമായിട്ടുള്ളത് എന്നു ഗ്രാഹ്യമാകുന്നു. ഇതിന്നു് സാധാരണ ഉദാഹരണമായി "ശംഖചക്രഗദാപാണേ ദ്വാരകാനിലയാച്യുത. ഗോവിന്ദ പുണ്ഡരീകാക്ഷ രക്ഷ മാം ശരണാഗതം'' എന്ന ശ്ലോകത്തെ പറയാറുണ്ട്. "ശംഖചക്രഗദാപാണേ'' എന്നതു് പരത്വപ്രതിപാദകമാകയാൽ അനാദരവും ദ്വാരകാനിലയ എന്നതിനിൽനു അവതാരം പറയപ്പെടുന്നതിനാൽ സ്വല്പം ആദരവും, ''ഗോവിന്ദപുണ്ഡരീകാക്ഷ" എന്നു ഗോപാലപുത്രത്വശ്രവണത്താൽ പരിപൂൎണ്ണപ്രീതിയാൽ പുണ്ഡരീകംപോലെ വികസിതമായ നേത്രകാരുണ്യവും വ്യഞ്ജിക്കപ്പെടുന്നു. (തനിശ്ലോകി)· ഇപ്രകാരം "ആത്മാനം" എന്നതു് പരത്വത്തെ വിവക്ഷിക്കുന്നതും, "രാമം" എന്നതു് മനുഷ്യാവതാരത്തെ വിവരിക്കുന്നതും, "ദശരഥാത്മജം" എന്നതു് പ്രയോജനത്തെ പറയുന്നതുമാകുന്നു.]

ഇതി ബ്രുവന്തം കാകുത്സ്ഥം ബ്രഹ്മാ ബ്രഹ്മവിദാം വരഃ
അബ്രവീച്ഛൃണു മേ രാമ സത്യം സത്യപരാക്രമ. 13

| | | | |
|---|---|---|---|
| ബ്രഹ്മവിദാം | ബ്രഹ്മവിത്തുക്കളിൽ | "സത്യപരാക്രമ | "സത്യവിക്രമനായ |
| വരഃ | ഉത്തമനായ | രാമ | ശ്രീരാമ! |
| ബ്രഹ്മാ | ബ്രഹ്മദേവൻ | മേ | ഞാൻ ഉണർത്തിക്കുന്ന |
| ഇതി | ഇപ്രകാരം | സത്യം | സത്യവചനത്തെ |
| ബ്രുവന്തം | ഉരചെയ്യുന്ന | ശൃണു" | ചെവിക്കൊണ്ടാലും" |
| കാകുത്സ്ഥം | കാകുത്സ്ഥനെനോക്കി | അബ്രവീത്. | എന്നുണർത്തിച്ചു. |

ഭവാന്നാരായണോ ദേവഃ ശ്രീമാംശ്ചക്രായുധോ വിഭുഃ
ഏകശൃംഗോ വരാഹസ്ത്വം ഭൂതഭവ്യസപത്നജിത്. 14

| | | | |
|---|---|---|---|
| "ഭവാൻ | "നിന്തിരുവടി | ത്വം | നിന്തിരുവടി |
| ശ്രീമാൻ | നിത്യലക്ഷ്മീസമേതനായി | ഏകശൃംഗഃ | ഒരു തേറ്റയോടുകൂടി ആവിർഭവിച്ച |
| ചക്രായുധഃ | ചക്രായുധധാരിയായി | വരാഹഃ | വരാഹമൂർത്തിയാകുന്നു. |
| വിഭുഃ | എങ്ങും നിറഞ്ഞുള്ളവനായ | ഭൂതഭവ്യ—സപത്നജിത്. | ഭൂതകാലത്തിലും ഭാവികാലത്തിലുംശത്രുക്കളെ വെല്ലുന്നവനാകുന്നു. |
| നാരായണഃ ദേവഃ | ശ്രീനാരായണമൂർത്തിയാകുന്നു. | | |

["നാരായണഃ:— "നാരാഃ അയനം യസ്യാസൌ". "ആപോ നാരാ ഇതി പ്രോക്താ ആപോ വൈ നരസൂനവഃ. താ യദസ്യായനം പൂർവ്വം തേന നാരായണഃ സ്മൃതഃ" (എന്നു മനു) (നരഖ്യനാകുന്ന പരമാത്മാവിന്റെ അപത്യമാകയാൽ നാരങ്ങൾ എന്നതു് അപ്പാകുന്നു; ബ്രഹ്മരൂപാവസ്ഥിതനായ പരമാത്മാവിന്നു് അപ്പ് പൂർവ്വമായ ആശ്രയമാകയാൽ, ആ പരമാത്മാവിനെ നാരായണൻ എന്നു പറയുന്നു.) അതായതു് ജഗത്തിന്നു് കാരണഭൂതനായവൻ എന്നു സാരം. "ഏകോഹവൈ നാരായണ ആസീന്ന ബ്രഹ്മാ നേശാനോ നേമേ ദ്യാവാപൃഥിവീ" എന്നു ശ്രുതി.

"ദേവഃ":— അവാപ്തസമസ്തകാമനായ പരമാത്മാവിന്നു് മുൻപറഞ്ഞ ജഗദ്വ്യാപാരമെന്നുള്ളതിന്റെ അനുപപത്തിയെ പരിഹരിക്കുന്നു. "ദീവ്യതീതി ദേവ: ക്രീഡപ്രവൃത്തഃ," (സൃഷ്ടിസ്ഥിതിസംഹാരങ്ങളാകുന്ന ക്രീഡയിൽ വർത്തിക്കുന്നവൻഎന്നർത്ഥം സ്വയംപ്രകാശകൻ എന്നും).

"ശ്രീമാൻ":— അപ്രകാരം ജഗദ്വ്യാപാരത്തിൽ വർത്തിക്കുന്നതിന്നുള്ള പുരുഷകാരയോഗത്തെ പറയുന്നു. "നിത്യാനപായിനിയായ ശ്രീയോടുകൂടിയവൻ."

"ചക്രായുധഃ":— ജഗച്ചക്രംതന്നെ ആയുധമായവൻ.

"വിഭുഃ":— ആ ജഗത്തിൽ എന്നും അന്തര്യാമിയായി സർവ്വവ്യാപകനായി വർത്തിക്കുന്നവൻ.

"ഏകശൃംഗോ വരാഹഃ":— പ്രളയോദധിസംപ്ലവങ്ങളിൽ വരാഹരൂപിയായി ഭൂമിയെ ഉദ്ധരിച്ചവനാകയാൽ, സർവ്വരക്ഷാകർത്തൃത്വം പറയപ്പെടുന്നു. "ഉദ്ധൃതാസി വരാഹേണ" എന്നു് ശ്രുതി. ഏകശൃംഗത്വം സ്കാന്ദത്തിൽ പറയപ്പെടുന്നു. "ദംഷ്ട്രയാ

പവ്വതേന്ദ്രാണാം ചലനം കൃതവാൻ മഹത്. തതസ്തം തുഷ്ടുവുദ്ദേവാ ഏകശൃംഗത്വസിദ്ധയേ. ഏകശൃംഗവരാഹോഽഭൂത് തദാ പ്രഭൃതി മാധവ:". വിഷ്ണുഭഗവാന്റെ ഈ അവതാരം യജ്ഞസ്വരൂപമായതാണെന്നു ഭാരതം സഭാപവ്വത്തിൽ വിവരിക്കപ്പെട്ടിരിക്കുന്നു. "വരാഹസ്തു ശ്രുതിസുഖ: പ്രാദുർഭാവോ മഹാത്മന:· യത്ര വിഷ്ണു: സുരശ്രേഷ്ഠോ വരാഹം രൂപമാസ്ഥിത:· ഉജ്ജഹാര മഹീം തോയാത് സശൈലവനകാനനാം, വേദപാദോ യൂപദംഷ്ട്ര: ക്രതുദന്തശ്ചിതീമുഖ:. അഗ്നിജിഹ്വോ ദർഭരോമാ ബ്രഹ്മശീർഷോ മഹാതപാ:, അഹോരാത്രേക്ഷണോ ദിവ്യോ വേദാംഗ: ശ്രുതിഭൂഷണ:· ആജ്യനാസ: സ്രുവം തുണ്ഡം സാമഘോഷസ്വനോ മഹാൻ. ധമ്മസത്യമയ: ശ്രീമാൻ കമ്മവിക്രമസത്കൃത: പ്രായശ്ചിത്തനഖോ ധീര: പശുജാനുമ്മഹാവൃഷ:. ഔദ്ഗാത്രഹോമലിംഗോഽസൌ പശുബീജമഹൌഷധി: ബാഹ്യാന്തരാത്മാ മന്ത്രാസ്ഥിവികൃത: സൌമ്യദശ്നഃ വേദിസ്കന്ധോ ഹവിർഗ്ഗന്ധോ ഹവ്യകവ്യാദിവേഗവാൻ. പ്രാഗ്വംശകായോ ദ്യുതിമാൻ നാനാദീക്ഷാഭിരൂജ്ജിത: ദക്ഷിണാഹൃദയോ യോഗീ മഹാശസ്ത്രമയോ മഹാൻ ഉപാകമ്മോഷ്ഠരുചക: പ്രാവർഗ്ഗ്യാവത്തഭൂഷണഃ ശാലാപത്നീസഹായോ വൈ മണിശൃംഗസമുച്ഛ്രിത: ഏവം യജ്ഞവരാഹോ വൈ ഭൂത്വാ വിഷ്ണു: സനാതന:. മഹീം സാഗരപര്യന്താം സശൈലവനകാനനാം. ഏകാണ്ണവജലേ ഭ്രഷ്ടാമേകാണ്ണവഗത: പ്രഭു: മജ്ജന്തീം സലിലേ തസ്മിൻ സ്വദേവീം പൃഥിവീം തദാ. ഉജ്ജഹാര വിഷാണേന മാക്കണ്ഡേയസ്യ പശ്യത:. ശൃംഗേണ യ: സമുദ്ധൃത്യ ലോകാനാം ഹിതകാമ്യയാ. സഹസ്രശീർഷോ ദേവേശോ നിമ്മമേ ജഗതീം പ്രഭു:." (സഭാപവ്വം 45.) "തസ്മാത് സവ്വഗതം ബ്രഹ്മ നിത്യം യജ്ഞേ പ്രതിഷ്ഠിതം" എന്ന ഗീതാ വാക്യവും കാൺക.

"ഭൂതഭവ്യസപത്നജിത്":— ഭൂതഭവിഷ്യത്കാലരൂപമായ ശത്രുവെ ജയിച്ചവൻ, അതായത് ജനിമൃതിരഹിതൻ; ഭൂതകാലശത്രുക്കളായ ഹിരണ്യാക്ഷാദികളുടേയും, ഭാവികാലശത്രുക്കളായ ശിശുപാലാദികളുടേയും ജേതാവ്.]

അക്ഷരം ബ്രഹ്മ സത്യം ച മദ്ധ്യേ ചാന്തേ ച രാഘവ
ലോകാനാം ത്വം പരോ ധമ്മോ വിഷ്വക്സേനശ്ചതുർഭുജഃ 15

| | | | |
|---|---|---|---|
| "രാഘവ | "ശ്രീരാഘവ | ബ്രഹ്മ | ബ്രഹ്മം; |
| ത്വം ച | നിന്തിരുവടിതന്നെയാണ് എല്ലാററിന്നും മ | ലോകാനാം | ലോകങ്ങൾക്ക് |
| മദ്ധ്യേ ച | മദ്ധ്യത്തിലും [ന്ധിലും | പരഃ | മേലായുള്ള |
| അന്തേ ച | അവസാനത്തിലും | ധമ്മഃ | ധമ്മസ്വരൂപി; |
| അക്ഷരം | നാശമററതായി | വിഷ്വക്സേനഃ | സവ്വസ്വാമി; |
| സത്യം | ഷഡ്ഭാവവികാരശൂന്യമായി എപ്പോഴും സ്ഥിതിചെയ്യുന്ന | ചതുർഭുജ: | ചതുവ്വിധപുരുഷാത്ഥങ്ങളെ നൽകുന്ന നാലുകയ്യുകളോടുകൂടിയവൻ. |

["അക്ഷരം":— "ഏതദ്വൈ തദക്ഷരം ഗാർഗ്ഗി ബ്രാഹ്മണാ അഭിവദന്തി." എന്ന് ശ്രുതി. "ന ക്ഷരതീത്യക്ഷരം; അശ്നോതി വ്യാപ്നോതീതി വാ" (നാശരഹിതമായത്, അഥവാ സർവ്വവ്യാപകമായത്.]

"വിഷ്വക്സേന:":— "വിഷ്വദ്രീചീ സവ്വഗതാ സേനാ യസ്യ സ:."

“ചതുർഭുജഃ”:– ഒരേ സമയത്തിൽ ചതുർവ്വിധ പുരുഷാർത്ഥങ്ങളേയും പ്രദാനം ചെയ്യുന്നവൻ. (ഗോ. രാ.) ശംഖചക്രഗദാപത്മങ്ങളെ ധരിച്ചവൻ; (ശംഖം, ശബ്ദമയമാകയാൽ, അതായത് വേദമയമാകയാൽ ധർമ്മത്തേയും, ചക്രം ചലസ്വരൂപമാകയാൽ മനസ്സിനേയും സങ്കല്പജന്യമായ ജഗത്തിനേയും, അതായത് അർത്ഥത്തേയും സ്ഥിരത്വസാമ്യംകൊണ്ട് ബുദ്ധിതത്വത്തോട് ഉപമിക്കപ്പെടുന്നതായ ഗദാ വിവേകത്താൽ ദുഃഖത്തെ നശിപ്പിക്കുന്നതാകയാൽ തൃതീയപുരുഷാർത്ഥത്തേയും, ആനന്ദസ്വരൂപമായ പത്മം തുരീയപുരുഷാർത്ഥത്തേയും നൽകുന്നു. വിഷ്ണുപുരാണം പ്രഥമാംശം 22-ാം അദ്ധ്യായത്തിൽ ശംഖചക്രാദികളുടെ തത്വത്തെപ്പററി ഇപ്രകാരം പറയപ്പെട്ടിരിക്കുന്നു:— “ആത്മാനമസ്യ ജഗതോ നിർല്ലേപമഗുണാമലം. ബിഭർത്തി കൌസ്തുഭമണിസ്വരൂപം ഭഗവാൻ ഹരിഃ. ശ്രീവത്സസംസ്ഥാനധരമനന്തേന സമാശ്രിതം. പ്രധാനം ബുദ്ധിരപ്യാസ്തേ ഗദാരൂപേണ മാധവേ. ഭൂതാദിമിന്ദ്രിയാദിം ച ദ്വിധാഹങ്കാരമീശ്വരഃ. ബിഭർത്തി ശംഖരൂപേണ ശാർങ്ഗരൂപേണ ച സ്ഥിതം. ചലത്സ്വരൂപമത്യന്തം ജവേനാന്തരിതാനിലം. ചക്രസ്വരൂപ ച മനോ ധത്തേ വിഷ്ണുകരേ സ്ഥിതം. പഞ്ചരൂപാ തു യാ മാലാ വൈജയന്തീ ഗദാഭൃതഃ സാ ഭൂതഹേതുസംഘാതാ ഭൂതമാലാ ച വൈ ദ്വിജ. യാനീന്ദ്രിയാണ്യശേഷാണി ബുദ്ധികർമ്മാത്മകാനി വൈ. ശരരൂപാണ്യശേഷാണി താനി ധത്തേ ജനാർദ്ദനഃ ബിഭർത്തി യച്ചാസിരത്നമച്യുതോഽത്യന്ത നിർമ്മലം. വിദ്യാമയം തു തജ്ജ്ഞാനമവിദ്യാകോശസംസ്ഥിതം. ഇത്ഥം പുമാൻ പ്രധാനം ച ബുദ്ധ്യഹങ്കാരമേവ ച. ഭൂതാനി ച ഹൃഷീകേശേ മനഃ സർവ്വേന്ദ്രിയാണി ച. വിദ്യാവിദ്യേ ച മൈത്രേയ സർവ്വമേതത്സമാശ്രിതം.”]

ശാർങ്ഗധന്വാ ഹൃഷീകേശഃ പുരുഷഃ പുരുഷോത്തമഃ
അജിതഃ ഖഡ്ഗധൃദ്വിഷ്ണുഃ കൃഷ്ണശ്ചൈവ ബൃഹദ്ബലഃ 16
സേനാനീർഗ്രാമണീശ്ച ത്വം ബുദ്ധിഃ സത്വം ക്ഷമാ ദമഃ
പ്രഭവശ്ചാപ്യയശ്ച ത്വമുപേന്ദ്രോ മധുസൂദനഃ 17

| | |
|---|---|
| “ത്വം | “നിന്തിരുവടിതന്നെയാണ് |
| ശാർങ്ഗധന്വാ | ശാർങ്ഗമെന്ന ധനുസ്സിനെ ധരിച്ചവൻ |
| ഹൃഷീകേശഃ | ഇന്ദ്രിയങ്ങൾക്ക് ഈശനായുള്ളവൻ |
| പുരുഷഃ | ജഗത് പരിപൂർണ്ണൻ |
| പുരുഷോത്തമഃ | വേദങ്ങളിൽ പുരുഷോത്തമനെന്നു പറയപ്പെടുന്നവൻ |
| അജിതഃ | ആശ്രിതരക്ഷണവിഷയത്തിൽ ഒട്ടും ഭംഗം നേരാത്തവൻ |
| ഖഡ്ഗധൃത് | ഖഡ്ഗപാണിയായവൻ |
| വിഷ്ണുഃ | വ്യാപനശീലൻ |
| കൃഷ്ണഃ ഏവ ച | ഭൂമിക്ക് സുഖഹേതുവായവൻ |
| ബൃഹദ്ബലഃ | ധാരണസാമർത്ഥ്യമാർന്നവൻ |
| സേനാനീഃ | ദേവസൈന്യനിർവ്വാഹകൻ |
| ഗ്രാമണീഃ ച | ദിവ്യദേശങ്ങളെ സംരക്ഷിക്കുന്നവൻ |
| ബുദ്ധിഃ | ബുദ്ധിപ്രവർത്തകൻ |
| സത്വം | സത്വഗുണമായവൻ |
| ക്ഷമാ | ഭക്തന്മാരുടെ അപരാധങ്ങളെ ക്ഷമിക്കുന്നവൻ |
| ദമഃ | ഇന്ദ്രിയനിഗ്രഹങ്ങളെ നടത്തുന്നവൻ |

| | | | |
|---|---|---|---|
| ത്വം | നിന്തിരുവടിതന്നെ യാണ് | ഉപേന്ദ്ര: | ഇന്ദ്രാനുജനായി ആദ്യം അവതരിച്ചവൻ |
| പ്രഭവ: | ലോകസൃഷ്ടികർത്താവ്; | മധുസൂദനഃ | വേദങ്ങളെ അപഹരിച്ച മധുവെന്ന ദൈത്യനെ വധിച്ചവൻ. |
| ച | അപ്രകാരംതന്നെ | | |
| അവ്യയഃ ച | പ്രളയകർത്താവായവൻ | | |

[''ശാർങ്ഗധന്വാ'':– കാലരൂപമായശാർങ്ഗം ധനുസ്സായുള്ളവൻ.

"ഹൃഷീകേശഃ":–ഹൃഷീകങ്ങൾക്ക് ഇന്ദ്രിയങ്ങൾക്ക് നിയന്താവായവൻ; സർവ്വേന്ദ്രിയാകർഷകദിവ്യ വിഗ്രഹത്തോടുകൂടിയവൻ.

'പുരുഷഃ":– "പുരു സനോതി, ദദാതീതി" (അതിയായ ഫലങ്ങളെ തരുന്നവൻ); ''പുരിഹൃദയപുണ്ഡരീകേ ശേതേ ഇതി" (ഹൃദയപുണ്ഡരീകത്തിൽ ശയിക്കുന്നവൻ); "പൂർണ്ണത്വാത് പുരുഷഃ" (പരിപൂർണ്ണനായുള്ളവൻ), "തേനേദം പൂർണ്ണം പുരുഷേണ സർവ്വം" എന്നു ശ്രുതി; ''പുരാതനത്വാത് പുരുഷഃ'' (പുരാതനനായുള്ളവൻ), ''പൂർവ്വമേവാഹമിഹാസമിതി തത് പുരുഷസ്യ പുരുഷത്വം'' എന്നു് ശ്രുതി.

"പുരുഷോത്തമഃ":– ''പുരുഷേഭ്യഃ,—ക്ഷരാക്ഷരേഭ്യ ഉത്തമഃ" (ക്ഷരത്തേക്കാളും അക്ഷരത്തേക്കാളും ഉത്തമനായവൻ), "യസ്മാത് ക്ഷരമതീതോഽഹമക്ഷരാദപി ചോത്തമഃ. അതോഽസ്മി ലോകേ വേദേ ച പ്രഥിതഃ പുരുഷോത്തമഃ.''

"അജിതഃ'':— ആശ്രിതരക്ഷണവിഷയത്തിൽ ഭംഗമേല്ക്കാത്തവൻ; ഗുണങ്ങളെക്കൊണ്ട് ആരാലും ജയിക്കപ്പെടാത്തവൻ.

"ഖഡ്ഗധൃത്'':– വിദ്യാമയമായ നന്ദകം എന്ന ഖഡ്ഗത്തെ ധരിച്ചവൻ.

''കൃഷ്ണഃ":– ''കൃഷിർഭൂവാചകഃ പ്രോക്തഃ ണശ്ച നിർവൃതിവാചകഃ."

'സേനാനീ:":–"ഇനേന പത്യാ സഹിതാഃ സേനാഃ" (പതിയോടുകൂടിയവ സേനകൾ, ഹിരണ്യഗർഭൻതൊട്ട് പുല്ലുവരെയുള്ളവ), "താൻ നയതീതി സേനാനീഃ" (അവയെ നയിക്കുന്നവൻ)

''ബുദ്ധിഃ":– "ന ദേവാ യഷ്ടിമാദായ രക്ഷന്തി പശുപാലവത്. യം ഹി രക്ഷിതുമിച്ഛന്തി ബുദ്ധ്യാ സംയോജയന്തി തം.''

"സത്ത്വം'':– ''മഹാൻ പ്രഭുർവൈ പുരുഷഃ സത്ത്വസ്യൈഷ പ്രവർത്തകഃ'' എന്നു ശ്രുതി.

''പ്രഭവഃ": ''പ്രഭവത്യസ്മാജ്ജഗദിതി."

''അച്യുതഃ ":– സർവ്വ ജഗല്ലയസ്ഥാനമായവൻ, ''കൃഷ്ണ ഏവ ഹി ഭൂതാനാമുത്പത്തിരപി ചാവ്യയഃ.'' എന്നു് ശ്രുതി.]

ഇന്ദ്രകർമ്മാ മഹേന്ദ്രസ്ത്വം പത്മനാഭോ രണാന്തകൃത്
ശരണ്യം ശരണം ച ത്വാമാഹുർദിവ്യാ മഹർഷയഃ 18

| | | | |
|---|---|---|---|
| "ത്വം | "നിന്തിരുവടിതന്നെ യാകുന്നു | രണാന്തകൃത് | പോരിൽ ശത്രുനാശം വരുത്തുന്നവൻ; |
| ഇന്ദ്രകർമ്മാ | വൃത്രാസുരവധം മുതലായ ഇന്ദ്രന്റെ കാര്യത്തെ അനുഷ്ഠിക്കുന്നവൻ | ദിവ്യാഃ | ദിവ്യന്മാരായ |
| | | മഹർഷയഃ | മഹർഷിമാർ |
| | | ത്വാം ച | നിന്തിരുവടിയെതന്നെ |
| മഹേന്ദ്രഃ | അപരിമിതമായ ഐശ്വര്യത്തോടുകൂടിയവൻ | ശരണം | എല്ലാവക്കും ശരണമായുള്ളവനായും |
| പത്മനാഭഃ | നാഭിയിൽ കമലം വിളങ്ങുന്നവൻ | ശരണ്യം | രക്ഷകനായും |
| | | ആഹുഃ | പറയുന്നു. |

സഹസ്രശൃംഗോ വേദാത്മാ ശതജിഹ്വോ മഹർഷഭഃ
ത്വം ത്രയാണാം ഹി ലോകാനാമാദികർത്താ സ്വയംപ്രഭുഃ 19
സിദ്ധാനാമപി സാദ്ധ്യാനാമാശ്രയശ്ചാസി പൂർവ്വജഃ 20

| | | | |
|---|---|---|---|
| "ത്വം ഹി | "നിന്തിരുവടിതന്നെയാണ്" | ലോകാനാം | ലോകങ്ങൾക്കും |
| സഹസ്രശൃംഗഃ | സഹസ്രശാഖകളുള്ള സാമവേദരൂപമായ കൊമ്പുകളാർന്നവൻ; | ആദികർത്താ | ആദികർത്താവ്; |
| ശതജിഹ്വഃ | അനേകപ്രകാരത്തിൽ പ്രേരിപ്പിക്കുക എന്ന നാവോടുകൂടിയവൻ | സ്വയംപ്രഭുഃ | മററാരാലും പ്രേരിപ്പിക്കപ്പെടുവാൻ കഴിയാത്തവൻ; |
| | | സിദ്ധാനാം | മുക്തന്മാക്കും |
| | | സാദ്ധ്യാനാം അപി | നിത്യന്മാക്കും |
| മഹർഷഭഃ | സകലകർമ്മങ്ങളെപ്പററിയും ആലോചിപ്പിക്കുന്ന | പൂർവ്വജഃ ച | (അപേക്ഷിക്കുന്നതിന്നു) മുമ്പുതന്നെ |
| | | ആശ്രയഃ | ആശ്രയമായി |
| വേദാത്മാ | വേദസ്വരൂപി; | അസി. | നിന്തിരുവടി വത്തിക്കുന്നു. |
| ത്രയാണാം | മൂന്നു | | |

[“സഹസ്രശൃംഗഃ”–“സഹസ്രം സാമവർത്മ,” “വേദാനാം സാമവേദോഽസ്മി” എന്നു് സ്മൃതി.

“ശതജിഹ്വഃ”:– നിത്യനൈമിത്തിക കാമ്യങ്ങളാകുന്ന കർമ്മങ്ങളെ പ്രേരിപ്പിക്കുന്ന അനേകജിഹ്വകളോടുകൂടിയവൻ.

“മഹർഷഭഃ”:– “ഋഷ ആലോചനേ” എന്നു ധാതു.

“സ്വയംപ്രഭുഃ”:– “ന തസ്യേശേ കശ്ചന” എന്നു് ശ്രുതി.

“സിദ്ധാനാം സാദ്ധ്യാനാം അപി ആശ്രയഃ:”– യോഗാരൂഢന്മാക്കും, ആരുരുക്ഷുക്കൾക്കും ആശ്രയനായവൻ, പ്രാപ്യനായവൻ.]

ത്വം യജ്ഞസ്ത്വം വഷട്കാരസ്ത്വമോങ്കാരഃ പരന്തപഃ
പ്രഭവം നിധനം വാ തേ ന വിദുഃ കോ ഭവാനിതി. 21

| | | | |
|---|---|---|---|
| ''യജ്ഞ: | "യജ്ഞമെന്നത് | തേ | നിന്തിരുവടിയുടെ |
| ത്വം | നിന്തിരുവടിതന്നെ; | പ്രഭവം | ഉത്പത്തിയേയാകട്ടെ |
| വഷട്കാര: | വഷട്കാരവും | നിധനം വാ | നാശത്തെയാകട്ടെ |
| ത്വം | നിന്തിരുവടിതന്നെ; | ഭവാൻ | നിന്തിരുവടി |
| ഓംകാര: | ഓങ്കാരവും | ക: ഇതി | എപ്രകാരമുള്ളവനെന്നാകട്ടെ |
| പരന്തപ: | ഉത്തമമായ തപസ്സും | | |
| ത്വം | നിന്തിരുവടിതന്നെ; | ന വിദു: | ആരും അറിയുന്നില്ല. |

''യജ്ഞ:'':— ''യജ്ഞോ വൈ വിഷ്ണുഃ'' എന്ന ശ്രുതിപ്രകാരം യജ്ഞനിർവ്വാഹകങ്ങളായ പശു, ഹവിസ്സ്, ആജ്യം സ്രുക്ക്, സ്രുവം മുതലായവ ശരീരമായവൻ. (14-ാം ശ്ലോകത്തിലെ കുറിപ്പു നോക്കുക.)

''വഷട്കാര:'':—''ആശ്രാവയേതി ചതുരക്ഷരം, അസ്തുശ്രൗഷഡിതി ചതുരക്ഷരം യജേതി ദ്വ്യക്ഷരം, യേ യജാമഹേ ഇതി പഞ്ചാക്ഷരം'' എന്നു പറയപ്പെട്ട പതിനേഴക്ഷരങ്ങൾക്കും ഉപലക്ഷണമായ വഷട്കാരത്താൽ ആരാദ്ധ്യനായവൻ. ''ചതുർഭിശ്ച ചതുർഭിശ്ച ദ്വാഭ്യാം പഞ്ചഭിരേവച. ഹൂയതേ ച പുനർദ്വാഭ്യാം സ മേ വിഷ്ണു: പ്രസീദതു.''

''ന വിദു:'':— അപരിച്ഛിന്നമഹിമാവാകയാൽ അറിയപ്പെടുന്നില്ല. ''ക ഇത്ഥാ വേദ യത്ര സ:'' എന്നു ശ്രുതി.]

ദൃശ്യസേ സർവ്വഭൂതേഷു ബ്രാഹ്മണേഷു ച ഗോഷു ച
ദിക്ഷു സർവ്വാസു ഗഗനേ പർവ്വതേഷു വനേഷു ച. 22

| | | | |
|---|---|---|---|
| ''സർവ്വഭൂതേഷു | "സർവ്വപ്രാണികളിലും | ഗഗനേ | ആകാശത്തിലും |
| ബ്രാഹ്മണേഷു ച | "ബ്രാഹ്മണരിലും | പർവ്വതേഷു | പർവ്വതങ്ങളിലും |
| ഗോഷു ച | ഗോക്കളിലും | വനേഷു ച | വനങ്ങളിലും |
| സർവ്വാസു ദിക്ഷു | എല്ലാ ദിക്കുകളിലും | ദൃശ്യസേ. | നിന്തിരുവടിവിളങ്ങുന്നു. |

[ഇതിൽ സർവ്വാന്തര്യാമിത്വം പറയപ്പെടുന്നു. ''ഭൂതാനി വിഷ്ണുർഭുവനാനി വിഷ്ണുർവനാനി വിഷ്ണുർഗിരയോ ദിശശ്ച. നദ്യ: സമുദ്രാശ്ച സ ഏവ സർവ്വം യദസ്തി യന്നാസ്തി ച വിപ്രവര്യ:'' എന്നു സ്മൃതി.]

സഹസ്രചരണഃ ശ്രീമാൻ ശതശീർഷഃ സഹസ്രദൃക്
ത്വം ധാരയസി ഭൂതാനി വസുധാം ച സപർവ്വതാം 23

| | | | |
|---|---|---|---|
| "സഹസ്രചരണ: | ''അനേകം പാദങ്ങളോടുകൂടിയവനായി | ത്വം | നിന്തിരുവടി |
| ശതശീർഷ: | പലമുഖങ്ങളോടുകൂടിയവനായി | ഭൂതാനി | പ്രാണികളേയും |
| സഹസ്രദൃക് | പല ദൃക്കുകളോടുകൂടിയവനായി | സപർവ്വതാം | മലകളടങ്ങിയതായ |
| ശ്രീമാൻ | ശ്രീമാനായ [വനായി | വസുധാം ച | ലോകത്തേയും |
| | | ധാരയസി. | താങ്ങുന്നു. |

[ഇതിൽ പുരുഷസൂക്തതാത്പര്യം പറയപ്പെടുന്നു. ''സഹസ്രശീർഷാ പുരുഷ: സഹസ്രാക്ഷ: സഹസ്രപാത്''; ശ്രീമാൻ എന്നതുകൊണ്ടു ''ഹ്രീശ്ച തേ ലക്ഷ്മീശ്ച പത്ന്യൌ'' എന്ന ഉത്തരനാരായണമന്ത്രം വിവക്ഷിക്കപ്പെടുന്നു.]

അന്തേപൃഥിവ്യാഃ സലിലേ ദൃശ്യസേ ത്വം മഹോരഗഃ
ത്രീൻ ലോകാൻ ധാരയൻ രാമ ദേവഗന്ധർവ്വദാനവാൻ. 24

| | | | |
|---|---|---|---|
| "രാമ | "ശ്രീരാമ! | ലോകാൻ | ലോകങ്ങളേയും |
| ത്വം | നിന്തിരുവടി | ദേവഗന്ധർവ്വ | ദേവന്മാരേയും ഗന്ധർ |
| മഹോരഗഃ | ശേഷതല്പശയനനായി | ദാനവാൻ | വ്വന്മാരേയും ദാനവന്മാ |
| പൃഥിവ്യാഃ | ഭൂമിയുടെ | ധാരയൻ | താങ്ങിക്കൊണ്ട് [രെയും |
| അന്തേ | പ്രളയകാലത്തിൽ | സലിലേ | ജലത്തിൽ |
| ത്രീൻ | മൂന്നു | ദൃശ്യതേ | കാണപ്പെടുന്നു. |

[ഇതിൽ നൈമിത്തികപ്രളയവൃത്താന്തം പറയപ്പെടുന്നു. "മഹോരഗഃ" എന്നതുകൊണ്ട് അനാദ്യന്തകാലസ്വരൂപിയായ ആദിശേഷനാകുന്ന സങ്കർഷണൻ സ്തുതിക്കപ്പെടുന്നു.]

അഹം തേ ഹൃദയം രാമ ജിഹ്വാ ദേവീ സരസ്വതീ
ദേവാ ഗാത്രേഷു രോമാണി നിർമ്മിതാ ബ്രഹ്മണാ പ്രഭോ. 25

| | | | |
|---|---|---|---|
| "രാമ | "ശ്രീരാമ! | പ്രഭോ | പ്രഭോ! |
| തേ | നിന്തിരുവടിക്ക് | ബ്രഹ്മണാ | ബ്രഹ്മാവിനാൽ |
| അഹം | ഞാൻ | ഗാത്രേഷു | അവയവങ്ങളിൽ |
| ഹൃദയം | ഹൃദയമാകുന്നു; | രോമാണി | രോമങ്ങളായ |
| സരസ്വതീദേവി | സരസ്വതീദേവി | ദേവാഃ | സൃഷ്ടിക്കപ്പെട്ടവരാകു |
| ജിഹ്വാ | നാവാകുന്നു; | നിർമ്മിതാ | ന്നു ദേവന്മാർ. |

[ഇനിമേൽ സർവ്വ ദേവാത്മകത്വവും വിരാഡ്രൂപവും പറയപ്പെടുന്നു.]

നിമേഷസ്തേ ഭവേദ്രാത്രിരുന്മേഷസ്തേ ഭവേദ്ദിവാ
സംസ്കാരാസ്തേഽഭവൻ വേദാ ന തദസ്തി ത്വയാ വിനാ. 26

| | | | |
|---|---|---|---|
| "തേ | "നിന്തിരുവടിയുടെ | തേ | നിന്തിരുവടിയുടെ |
| നിമേഷഃ | കൺപോള കൂട്ടുന്നത് | സംസ്കാരാഃ | ശ്വാസങ്ങളായിരി |
| രാത്രിഃ ഭവേത് | രാത്രിയായ്ത്തീരുന്നു; | അഭവൻ | ക്കുന്നു; |
| തേ ഉന്മേഷഃ | നിന്തിരുവടി കണ്മിഴിക്കു | ത്വയാ വിനാ | നിന്തിരുവടിയെക്കൂടാ |
| ദിവാ ഭവേത് | പകലായ്ത്തീരുന്നു [ന്നത് | ന തത് അസ്തി. | ഒരു വസ്തുവും ഇല്ല [തെ |
| വേദാഃ | വേദങ്ങൾ | | തന്നെ. |

["തസ്യ ഹ വാ ഏതസ്യ മഹതോഽഭൂതസ്യ നിശ്വസിതമേതദൃഗ്വേദഃ." എന്നു് ശ്രുതി.]

ജഗത്സർവ്വം ശരീരം തേ സ്ഥൈര്യം തേ വസുധാതലം
അഗ്നിഃ കോപഃ പ്രസാദസ്തേ സോമഃ ശ്രീവത്സലക്ഷണഃ 27

| | | | |
|---|---|---|---|
| "തേ | "നിന്തിരുവടിക്ക് | അഗ്നിഃ തേ | അഗ്നി നിന്തിരുവടിക്കു |
| ശരീരം | ശരീരം | കോപഃ | കോപമാകുന്നു; |
| ജഗത്സർവ്വം | സർവ്വജഗത്തുമാകുന്നു; | ശ്രീവത്സ- | ശ്രീവത്സം പോലെ |
| തേ | നിന്തിരുവടിക്ക് | ലക്ഷണഃ | വിളങ്ങുന്ന |
| സ്ഥൈര്യം | സഹനശക്തി | സോമഃ | ചന്ദ്രൻ |
| വസുധാതലം | ഭൂതലവുമാകുന്നു. | പ്രസാദഃ | പ്രസാദമാകുന്നു. |

ത്വയാ ലോകാസ്ത്രയഃ ക്രാന്താഃ പുരാണേ വിക്രമൈസ്ത്രിഭിഃ
മഹേന്ദ്രശ്ച കൃതോ രാജാ ബലിം ബദ്ധ്വാ മഹാസുരം. 28

| | | | |
|---|---|---|---|
| "പുരാണേ | "ആദികാലത്തിൽ | മഹാസുരം | മഹാസുരനായ |
| ത്വയാ | നിന്തിരുവടിയാൽ | ബലിം | ബലിചക്രവത്തിയെ |
| ത്രിഭിഃ | മൂന്നു | ബദ്ധ്വാ | അടക്കി |
| വിക്രമൈഃ | കാലടികളെ കൊണ്ടു് | മഹേന്ദ്രഃ ച | ഇന്ദ്രൻതന്നെ |
| ത്രയഃ ലോകാഃ | മൂന്നു ലോകങ്ങളും | രാജാ | രാജാവായി |
| ക്രാന്താഃ | വ്യാപിക്കപ്പെട്ടു; | കൃതഃ | വാഴിക്കപ്പെട്ടു. |

സീതാ ലക്ഷ്മീർഭവാൻ വിഷ്ണുർദേവഃ കൃഷ്ണഃ പ്രജാപതിഃ
വധാർത്ഥം രാവണസ്യേഹ പ്രവിഷ്ടോ മാനുഷീം തനും. 29

| | | | |
|---|---|---|---|
| "സീതാ | "സീതാദേവി | കൃഷ്ണഃ | ശ്യാമളരൂപിയായി |
| ലക്ഷ്മീഃ | ലക്ഷ്മീഭഗവതിയാകുന്നു; | രാവണസ്യ | രാവണൻെറ |
| പ്രജാപതിഃ | സർവ്വപ്രജാപാലകനായ | വധാത്ഥം | വധത്തിന്നായി |
| വിഷ്ണുഃ ദേവഃ | വിഷ്ണുഭഗവാനാകുന്ന | ഇഹ | ഈ ലോകത്തിൽ |
| ഭവാൻ | നിന്തിരുവടിതന്നെ യാണു് | മാനുഷീം തനും | മനുഷ്യവടിവു |
| | | പ്രവിഷ്ടഃ | കൈക്കൊണ്ടതു്. |

തദിദം നഃ കൃതം കാര്യം ത്വയാ ധർമ്മഭൃതാം വര. 30

| | | | |
|---|---|---|---|
| "ധർമ്മഭൃതാം | "ധർമ്മസംസ്ഥാപകന്മാരിൽ | ഇദം കാര്യം | ഈ രാവണവധമെന്ന |
| | | നഃ | ഞങ്ങൾക്കുവേണ്ടി [തു് |
| വര | ഉത്തമനായുള്ളോവേ! | ത്വയാ | നിന്തിരുവടിയാൽ |
| തതു് | അപ്രകാരമുള്ള | കൃതം | ചെയ്യപ്പെട്ടതാകുന്നു. |

നിഹതോ രാവണോ രാമ പ്രഹൃഷ്ടോ ദിവമാക്രമ. 31

| | | | |
|---|---|---|---|
| "രാമ | "ശ്രീരാമ! | പ്രഹൃഷ്ടഃ | തൃപ്തിപൂണ്ടവനായി |
| രാവണഃ | രാവണൻ | ദിവം | ദേവലോകത്തിലേക്കു് |
| നിഹതഃ | ഹതനായി; | ആക്രമ | എഴുന്നെള്ളിയാലും; |

അമോഘം ബലവീര്യം തേ അമോഘസ്തേ പരാക്രമഃ 32

| | | | |
|---|---|---|---|
| "തേ | "നിന്തിരുവടിയുടെ | "തേ | നിന്തിരുവടിയുടെ |
| ബലവീര്യം | ശക്തിയുടെ ഉഗ്രത | പരാക്രമഃ | പരാക്രമം |
| അമോഘം | വ്യർത്ഥമാകാത്തതാകുന്നു; | അമോഘഃ | സഫലമായ്ത്തീന്നു. |

അമോഘം ദർശനം രാമ ന ച മോഘഃ സ്തവസ്തവ. 33

| | | | |
|---|---|---|---|
| "രാമ | "ശ്രീരാമ! | സ്തവഃ ച | സ്തോത്രം |
| ദർശനം | നിന്തിരുവടിയുടെദർശനം | മോഘഃ ന. | ഐഹികാമുഷ്മികങ്ങളായ സകലഫലസാധനീഭൂതമാകുന്നു. |
| അമോഘം | വ്യർത്ഥമാകുന്നതല്ല; | | |
| തവ | നിന്തിരുവടിയുടെ | | |

അമോഘാസ്തേ ഭവിഷ്യന്തി ഭക്തിമന്തശ്ച യേ നരാഃ 34

| | | | |
|---|---|---|---|
| "തേ | ''നിന്തിരുവടിയെക്കുറിച്ച് | യേ | യാതൊരുവരോ അവർ |
| ഭക്തിമന്തഃ | ഭക്തിയുള്ള | അമോഘാഃ ച | അഭീഷ്ടപൂർത്തി കൈവന്നവരായി |
| നരാഃ | മനുഷ്യർ | ഭവിഷ്യന്തി | ഭവിക്കുന്നതാണ്. |

യേ ത്വാം ദേവം ധ്രുവം ഭക്താഃ പുരാണം പുരുഷോത്തമം
പ്രാപ്നുവന്തി സദാ കാമാനിഹ ലോകേ പരത്ര ച 35

| | | | |
|---|---|---|---|
| "പുരാണം | പുരാണനായും | ഭക്താഃ | ഭജിക്കുന്നവർ |
| ധ്രുവം | നിത്യനായും | യേ | യാതൊരുവരോ അവർ |
| പുരുഷോത്തമം | വേദങ്ങളിൽ പുരുഷോത്തമനെന്നു ഓതപ്പെടുന്ന | ഇഹ ലോകേ | ഈ ലോകത്തിലും |
| | | പരത്ര ച | പരലോകത്തിലും |
| ദേവം | ദേവനായ | സദാ കാമാൻ | എന്നും അഭീഷ്ടങ്ങളെയെല്ലാം |
| ത്വാം | നിന്തിരുവടിയെ | പ്രാപ്നുവന്തി | നേടുന്നു. |

ഇമമാർഷം സ്തവം നിത്യമിതിഹാസം പുരാതനം
യേ നരാഃ കീർത്തയിഷ്യന്തി നാസ്തി തേഷാം പരാഭവഃ 36

| | | | |
|---|---|---|---|
| "യേ | ''യാതൊരു | സ്തവം | സ്തോത്രത്തെ |
| നരാഃ | മനുഷ്യർ | നിത്യം | നിത്യം |
| ഇമം | ഈ | കീർത്തയിഷ്യന്തി | കീർത്തിക്കുന്നുവോ |
| ആർഷം | വേദാർത്ഥപ്രതിപാദകവും | തേഷാം | അവർക്ക് |
| പുരാതനം | പുരാതനവുംആയ | പരാഭവഃ | തോല്മയെന്നത് |
| ഇതിഹാസം | ഇതിഹാസമായ | നാസ്തി.'' | ഇല്ലതന്നെ." |

ഇത്യാർഷേ ശ്രീമദ്രാമായണേ വാൽമീകീയേ ആദികാവ്യേ യുദ്ധകാണ്ഡേ വിംശത്യുത്തരശതതമഃ സർഗ്ഗഃ=നൂററിരുപതാംസർഗ്ഗം സമാപ്തം.

ആദ്യംമുതൽ ശ്ലോകസംഖ്യ 20215; യുദ്ധകാണ്ഡം ആദ്യംമുതൽ ശ്ലോകസംഖ്യ 5540.

—(oo)—

## ഏകവിംശത്യുത്തരശതതമഃ സർഗ്ഗഃ = നൂററിരുപത്തൊന്നാംസർഗ്ഗം

[സീതാപ്രതിഗ്രഹഃ=സീതയെ സ്വീകരിക്കുന്നത്]

ഏതച്ഛ്രുത്വാ ശുഭംവാക്യം പിതാമഹസമീരിതം
അങ്കേനാദായ വൈദേഹീമുത്പപാത വിഭാവസുഃ 1

| | | | |
|---|---|---|---|
| പിതാമഹ-സമീരിതം | ബ്രഹ്മദേവനാൽ അരുളിച്ചെയ്യപ്പെട്ട | വിഭാവസുഃ | അഗ്നിഭഗവാൻ |
| | | വൈദേഹീം | ജാനകീദേവിയെ |
| ഏതത് | ഈ | അങ്കേന ആദായ | മടിയിൽ വഹിച്ചുംകൊണ്ട് |
| ശുഭം | മംഗളകരമായ | | |
| വാക്യം ശ്രുത്വാ | വാക്യത്തെ കേട്ട് | ഉത്പപാത. | ആവിർഭവിച്ചു, |

[“രയിം ച പുത്രാംശ്ചാദാദഗ്നിർമ്മഹ്യം” എന്ന ശ്രുത്യർത്ഥത്തെ അപരോക്ഷമായി പ്രദാനംചെയ്യുന്നവനായി, അഗ്നിഭഗവാൻ ആവിർഭവിച്ചു (തിലകം). അഗ്നിയിൽ പതിച്ചശേഷം അതിൽനിന്നു് ആവിർഭവിക്കയാൽ പുത്രിയാണെന്നുള്ളതിനാൽ അങ്കാരോപണം ഉചിതമാകുന്നു എന്നു് (സ.)]

സ വിധൂയ ചിതാം താം തു വൈദേഹീം ഹവ്യവാഹനഃ
ഉത്തസ്ഥൗ മൂർത്തിമാനാശു ഗൃഹീത്വാ ജനകാത്മജാം. 2

| | | | |
|---|---|---|---|
| മൂർത്തിമാൻ | പ്രത്യക്ഷീഭൂതനായ | വിധൂയ | നീക്കി |
| സ: | ആ | ജനകാത്മജാം | ജനകസുതയായ |
| ഹവ്യവാഹന: തു | അഗ്നിദേവനും | വൈദേഹീം | സീതാദേവിയെ |
| ആശു | ഉടനെ | ഗൃഹീത്വാ | എടുത്തുംകൊണ്ടു് |
| താം ചിതാം | ആ ചിതയെ | ഉത്തസ്ഥൗ. | പുറത്തുവന്നു. |

തരുണാദിത്യസംകാശാം തപ്തകാഞ്ചനഭൂഷണാം
രക്താംബരധരാം ബാലാം നീലകുഞ്ചിതമൂർദ്ധജാം. 3
അക്ലിഷ്ടമാല്യാഭരണാം തഥാരൂപാം മനസ്വിനീം
ദദൗ രാമായ വൈദേഹീമങ്കേ കൃത്വാ വിഭാവസുഃ 4

| | | | |
|---|---|---|---|
| വിഭാവസു: | അഗ്നിഭഗവാൻ | തഥാരൂപാം | മുൻപോലെയുള്ള അതേ വടിവു കയ്ക്കൊണ്ടിരുന്നവളും |
| തരുണാദിത്യസംകാശാം | ബാലസൂര്യനെപ്പോലെയുള്ളവളും | മനസ്വിനീം | ശ്രേഷ്ഠയും |
| തപ്തകാഞ്ചനഭൂഷണാം | തങ്കക്കോപ്പുകളണിഞ്ഞവളും | ബാലാം | പരിശുദ്ധയുമായ |
| രക്താംബരധരാം | ചുവന്ന വസ്ത്രം ധരിച്ചവളും | വൈദേഹീം | ജാനകീദേവിയെ |
| നീലകുഞ്ചിതമൂർദ്ധജാം | കറുത്തു് ചുരുണ്ട കുന്തലാന്നവളും | അങ്കേ | മടിയിൽ |
| | | കൃത്വാ | വെച്ചുകൊണ്ടു് |
| അക്ലിഷ്ട—മാല്യാഭരണാം | വാടാത്തപുഷ്പങ്ങളും ആഭരണങ്ങളും പൂണ്ടവളും | രാമായ | ശ്രീരാമന്റെ വശം |
| | | ദദൗ. | സമർപ്പിച്ചു. |

അബ്രവീച്ച തദാ രാമം സാക്ഷീ ലോകസ്യ പാവകഃ 5

| | | | |
|---|---|---|---|
| തദാ | ആ സമയം | പാവക: | അഗ്നിഭഗവാൻ |
| ലോകസ്യ സാക്ഷീ | ലോകസാക്ഷിയായ | രാമം ച | ശ്രീരാമനോടായി |
| | | അബ്രവീത്. | ഇപ്രകാരമരുളിച്ചെയ്തു. |

ഏഷാ തേ രാമ വൈദേഹീ പാപമസ്യാം ന വിദ്യതേ 6

| | | | |
|---|---|---|---|
| “രാമ | “ശ്രീരാമ | ഏഷാ | ഇവൾ; |
| തേ | നിന്തിരുവടിക്കു ചേർന്ന | അസ്യാം | ഇവൾക്കു് |
| | | പാപം | യാതൊരു ദോഷവും |
| വൈദേഹീ | വൈദേഹിയാകുന്ന | വിദ്യതേ ന. | ഇല്ലതന്നെ. |

[ഹേ രാമ! യാതൊരുവൾ മുമ്പ് രാവണനാൽ അപഹരിക്കപ്പെടുന്ന സമയത്തിൽ, എങ്കൽ പ്രവേശിച്ച് കൈലാസത്തെ പ്രാപിച്ചുവോ, അപ്രകാരമുള്ള നിന്തിരുവടിയുടെ നിജപത്നിയാകുന്നു ഇവൾ. ഇപ്പോൾ അഗ്നിയിൽ പ്രവേശിച്ചത് മായാസീതയാകുന്നു. എന്നിങ്ങിനെ കൂൎമ്മാദിപുരാണങ്ങളെ അനുസരിച്ച് തിലകം മുതലായ വ്യാഖ്യാനങ്ങൾ. "സ്പഷ്ട്വാ മായാമയീം സീതാം സ രാവണ വധേച്ഛയാ. സീതാമദായ രാമേഷ്ടാം പാവകോന്തരധീയത." (ബ്രഹ്മപുരാണം 34-ാം അദ്ധ്യായം). "ഇത്യുക്ത്വാ സ്വപ്രഭാവേനപ്രതിബിംബം മനോമയം. യഥാരൂപം യഥാവേഷംകല്പയിത്വാതിസുന്ദരം വഹ്നാവാച്ഛാദയന്തി സ്വം വഹ്നാവേവ സമാസ്ഥിതാ," (ആഗ്നേയപുരാണം 76.]

നൈവ വാചാ ന മനസാ നാനുധ്യാനാന്ന ചക്ഷുഷാ
സുവൃത്താ വൃത്തശൌണ്ഡീര ന ത്വാമതിചചാര ഹ. 7

| | | | |
|---|---|---|---|
| "വൃത്തശൌണ്ഡീര | "ധൎമ്മിഷ്ഠന്മാരിലുത്തമനായുള്ളോവേ! | വാചാ ഏവ | വാക്കുകൊണ്ടും |
| സുവൃത്താ | സദ്ഗുണ സമ്പന്നയായ ഇവൾ | ന | പിഴച്ചവളല്ല; |
| ത്വാം | നിന്തിരുവടിക്ക, | മനസാ ന | മനസ്സിനാലും അല്ല; |
| അതിചചാര ഹ ന; | ഒട്ടും അപരാധം ചെയ്തവളല്ല; | അനുധ്യാനാത് | സങ്കല്പത്താലും |
| | | ന | അല്ല; |
| | | ചക്ഷുഷാ | നോക്കിനാലും |
| | | ന. | അല്ല. |

രാവണേനാപനീതൈഷാ വീൎയ്യോത്സിക്തേന രക്ഷസാ
ത്വയാ വിരഹിതാ ദീനാ വിവശാ നിൎജ്ജിതാ വനാത്. 8

| | | | |
|---|---|---|---|
| വീൎയ്യോത്സിക്തേന | "വീൎയ്യാഹങ്കാരമുള്ളതുകൊണ്ട | വനാത് | വനത്തിൽനിന്നും |
| രക്ഷസാ | രാക്ഷസനായ | നിൎജ്ജിതാ | കയ്യിലാക്കപ്പെട്ട് |
| രാവണേന | രാവണനാൽ | ദീനാ | മനസ്സു മുട്ടിയവളായി |
| ഏഷാ | ഇവൾ | വിവശാ | പരാധീനയായി |
| ത്വയാ വിരഹിതാ | നിന്തിരുവടിയുമായി പിരിക്കപ്പെട്ട് | അപനീതാ. | കൊണ്ടുപോകപ്പെട്ടു. |

രുദ്ധാ ചാന്തഃപുരേ ഗുപ്താ ത്വച്ചിത്താ ത്വത്പരായണാ
രക്ഷിതാ രാക്ഷസീസംഘൈൎവികൃതൈൎഘോരദൎശനൈഃ 9

| | | | |
|---|---|---|---|
| "ത്വത്പരായണാ | നിന്തിരുവടിയെത്തന്നെ സൎവ്വവുമായി ഭാവിച്ചവളും | രുദ്ധാ | നിരോധിക്കപ്പെട്ട് |
| | | ഗുപ്താ | ഒളിക്കപ്പെട്ടവളായി |
| | | ഘോരദൎശനൈഃ | ഘോരസ്വരൂപം പൂണ്ട |
| ത്വച്ചിത്താ ച | നിന്തിരുവടിയിൽ തന്നെ ചിത്തത്തെ വെച്ചവളുമായ ഇവൾ | വികൃതൈഃ രാക്ഷസീസംഘൈഃ | ഭയങ്കര രാക്ഷസികളുടെ സംഘങ്ങളാൽ |
| അന്തഃപുരേ | അന്തഃപുരത്തിൽ | രക്ഷിതാ. | കാവൽകാക്കപ്പെട്ടു. |

പ്രലോഭ്യമാനാ വിവിധം ഭർത്സ്യമാനാ ച മൈഥിലീ
നാചിന്തയത തദ്രക്ഷസ്ത്വദ്ഗതേനാന്തരാത്മനാ 10

| | | | |
|---|---|---|---|
| "വിവിധം | "പലവാററായി | ത്വദ്ഗതേന | നിന്തിരുവടിയിൽ ലയിച്ച |
| പ്രലോഭ്യമാനാ | വശീകരിക്കാൻ ശ്രമിക്കപ്പെട്ടവളായും | അന്തരാത്മനാ | അകക്കാമ്പോടുകൂടിയവളായി |
| ഭർത്സ്യമാനാ ച | ഭീഷണിപ്പെടുത്തപ്പെട്ടവളായും ഇരുന്നിട്ടും | തത് | ആ |
| മൈഥിലീ | ജാനകീദേവി | രക്ഷഃ | രാക്ഷസനെക്കുറിച്ച് |
| | | അചിന്തയത ന. | ഓർത്തതെയില്ല. |

വിശുദ്ധഭാവാം നിഷ്പാപാം പ്രതിഗൃഹ്ണീഷ്വ രാഘവ
ന കിംചിദഭിധാതവ്യമഹമാജ്ഞാപയാമി തേ. 11

| | | | |
|---|---|---|---|
| 'രാഘവ | "ശ്രീരാഘവ | കിംചിത് | ഒന്നുംതന്നെ |
| വിശുദ്ധഭാവാം | പരിശുദ്ധമനസ്സയും | അഭിധാതവ്യം ന | പറവാനവകാശമില്ല; |
| നിഷ്പാപാം | പാപരഹിതയും ആയ ഇവളെ | അഹം | ഞാൻ |
| പ്രതിഗൃഹ്ണീഷ്വ; | അംഗീകരിച്ചരുളിയാലും | തേ | നിന്തിരുവടിയോട് |
| | | ആജ്ഞാപയാമി.'' | ദൃഢമായി ഉണർത്തിക്കുന്നു." |

തതഃ പ്രീതമനാ രാമഃ ശ്രുത്വൈതദ്വദതാം വരഃ
ദധ്യൌ മുഹൂർത്തം ധർമ്മാത്മാ ബാഷ്പവ്യാകുലലോചനഃ 12

| | | | |
|---|---|---|---|
| വദതാം | വാഗ്മികളിൽ | പ്രീതമനാഃ | മനഃസംതൃപ്തിപൂണ്ടവനായി |
| വരഃ | ഉത്തമനും | ബാഷ്പവ്യാകുലലോചനഃ | കണ്ണീർ തുളുമ്പിയ നേത്രങ്ങളോടുകൂടിയവനായി |
| ധർമ്മാത്മാ | ധർമ്മാത്മാവുമായ | മുഹൂർത്തം | അല്പനേരം |
| രാമഃ | ശ്രീരാമൻ | ദധ്യൌ. | ആലോചിച്ചു. |
| ഏതത് | ഇതു | | |
| ശ്രുത്വാ | കേട്ട് | | |
| തതഃ | അതിനാൽ | | |

ഏവമുക്തോ മഹാതേജാ ധൃതിമാൻ ദൃഢവിക്രമഃ
അബ്രവീത് ത്രിദശശ്രേഷ്ഠം രാമോ ധർമ്മഭൃതാം വരഃ. 13

| | | | |
|---|---|---|---|
| ഏവം | മേൽപ്രകാരം | ധർമ്മഭൃതാം | ധർമ്മശീലന്മാരിൽ |
| ഉക്തഃ | ഉണർത്തിക്കപ്പെട്ടവനും | വരഃ | ഉത്തമനുമായ |
| മഹാതേജാഃ | മഹാതേജസ്വിയും | രാമഃ | ശ്രീരാഘവൻ |
| ധൃതിമാൻ | മഹിമയാന്നവനും | ത്രിദശശ്രേഷ്ഠം | ദേവശ്രേഷ്ഠനായ അഗ്നിദേവനോടായി |
| ദൃഢവിക്രമഃ | മഹാപരാക്രമശാലിയും | അബ്രവീത്. | അരുളിച്ചെയ്തു. |

അവശ്യം ത്രിഷു ലോകേഷു സീതാ പാവനമർഹതി
ദീർഘകാലോഷിതാ ഹീയം രാവണാന്തഃപുരേ ശുഭാ. 14

| | |
|---|---|
| “ശുഭാ | “സച്ചരിത്രയും |
| രാവണാന്തഃപുരേ | രാവണന്റെ അന്തഃപുരത്തിൽ |
| ദീർഘകാലോഷിതാ | ഏറെനാൾ പാർത്തവളായ |
| ഇയം | ഈ |
| സീതാ ഹി | സീതയാകട്ടെ |
| അവശ്യം | തീർച്ചയായും |
| ത്രിഷു | മൂന്നു |
| ലോകേഷു | ലോകങ്ങളിലും |
| പാവനം | പരിശുദ്ധിക്ക് |
| അർഹതി. | പാത്രീഭൂതയാണ്. |

ബാലിശഃ ഖലു കാമാത്മാ രാമോ ദശരഥാത്മജഃ
ഇതി വക്ഷ്യന്തി മാം സന്തോ ജാനകീമവിശോധ്യ ഹി. 15

| | |
|---|---|
| “ജാനകീം | “ജാനകിയെ |
| അവിശോധ്യ ഹി | പരിശുദ്ധയാണെന്നു തെളിയിക്കാതിരുന്നാൽ |
| മാം | എന്നെ |
| സന്തഃ | സജ്ജനങ്ങൾ |
| ‘ദശരഥാത്മജഃ | ‘ദശരഥപുത്രനായ |
| രാമഃ | രാമൻ |
| കാമാത്മാ | കാമത്തിൽ മുങ്ങിയ ചിത്തത്തോടുകൂടിയ |
| ബാലിശഃ ഖലു | ചപലൻതന്നെയാണ്’ |
| ഇതി | എന്നു |
| വക്ഷ്യന്തി | ദുഷിക്കുന്നതാണ്. |

അനന്യഹൃദയാം ഭക്താം മച്ചിത്തപരിവർത്തിനീം
അഹമപ്യവഗച്ഛാമി മൈഥിലീം ജനകാത്മജാം. 16

| | |
|---|---|
| “അഹം അപി | “ഞാനും |
| ജനകാത്മജാം | ജനകനന്ദിനിയായ |
| മൈഥിലീം | സീതയെ |
| അനന്യഹൃദയാം | മറ്റൊന്നിലും ചിത്തത്തെ വെക്കാതെ |
| ഭക്താം | അചഞ്ചലഭക്തി കൈക്കൊണ്ടവളും |
| മച്ചിത്തപരിവർത്തിനീം | എന്റെ അഭിപ്രായത്തിനൊത്തവണ്ണം നടക്കുന്നവളുമാണെന്ന് |
| അവഗച്ഛാമി. | അറിയുന്നുണ്ട്. |

പ്രത്യയാർത്ഥം തു ലോകാനാം ത്രയാണാം സത്യസംശ്രയഃ
ഉപേക്ഷേ ചാപി വൈദേഹീം പ്രവിശന്തീം ഹുതാശനം. 17

| | |
|---|---|
| “സത്യസംശ്രയഃ | “സത്യത്തെതന്നെ സർവ്വവുമായി ഭാവിച്ചവനായ ഞാൻ |
| ത്രയാണാം | മൂന്നു |
| ലോകാനാം | ലോകങ്ങളുടേയും |
| പ്രത്യയാർത്ഥം തു | വിശ്വാസത്തിനുവേണ്ടി മാത്രമാണ് |
| ഹുതാശനം | അഗ്നിയിൽ |
| പ്രവിശന്തീം | പ്രവേശിക്കുന്നവളായ |
| വൈദേഹീം അപി ച | വൈദേഹിയെക്കുറിച്ചു തന്നെയും |
| ഉപേക്ഷേ | ഉപേക്ഷ കാണിച്ചത്. |

ഇമാമപി വിശാലാക്ഷീം രക്ഷിതാം സ്വേന തേജസാ
രാവണോ നാതിവർത്തേത വേലാമിവ മഹോദധിഃ 18

| | |
|---|---|
| “സ്വേന തേജസാ | “സ്വന്തം മഹിമയാൽ |
| രക്ഷിതാം | പരിപാലിക്കപ്പെട്ടവളായ |
| ഇമാം വിശാലാക്ഷീം | ഈ വിശാലാക്ഷിയെ |
| രാവണഃ അപി | രാവണനുംകൂടി |
| മഹോദധിഃ | സമുദ്രം |
| വേലാം | കരയെ |
| ഇവ | എന്നപോലെ |
| അതിവർത്തേത ന. | അതിക്രമിക്കുകയില്ല. |

ന ഹി ശക്തഃ സ ദുഷ്ടാത്മാ മനസാപി ഹി മൈഥിലീം
പ്രധർഷയിതുമപ്രാപ്താം ദീപ്താമഗ്നിശിഖാമിവ. 19

| | | | |
|---|---|---|---|
| "സഃ | "ആ | അഗ്നിശിഖാം | അഗ്നിജ്വാലയെ |
| ദുഷ്ടാത്മാ ഹി | ദുഷ്ടാത്മാവാകട്ടെ | ഇവ | എന്നപോലെ |
| അപ്രാപ്താം | തനിക്ക് വഴിപ്പെടാത്ത | മനസാ അപി | മനസ്സുകൊണ്ടുംകൂടി |
| മൈഥിലീം | ജാനകിയെ [വളായ | പ്രധർഷയിതും | തീണ്ടുവാൻ |
| ദീപ്താം | ആളുന്ന | ശക്തഃ ന ഹി | ശക്തനല്ലതന്നെ. |

നേയമർഹതി ചൈശ്വര്യം രാവണാന്തഃപുരേ ശുഭാ
അനന്യാ ഹി മയാ സീതാ ഭാസ്കരേണ പ്രഭാ യഥാ. 20

| | | | |
|---|---|---|---|
| "ശുഭാ | "ഉത്തമയായ | സീതാ | സീത |
| ഇയം | ഈ സീത | ഭാസ്കരേണ | ആദിത്യനോടുംകൂടി |
| രാവണാന്തഃപുരേ | രാവണന്റെ അന്തഃപുരത്തിൽ | പ്രഭാ | പ്രഭ |
| ഐശ്വര്യം ച | ഐശ്വര്യത്തെ | യഥാ | എപ്രകാരമോ അപ്ര |
| അർഹതി ന | കാംക്ഷിക്കുന്നവളല്ല; | മയാ | എന്നോടുകൂടി [കാരം |
| ഹി | എന്തെന്നാൽ | അനന്യാ | വേറാകാത്തവളാകുന്നു. |

വിശുദ്ധാ ത്രിഷു ലോകേഷു മൈഥിലീ ജനകാത്മജാ
ന ഹി ഹാതുമിയം ശക്യാ കീർത്തിരാത്മവതാ യഥാ 21

| | | | |
|---|---|---|---|
| "ത്രിഷു ലോകേഷു | "മൂന്നുലോകങ്ങളിലും | ആത്മവതാ | സത്പുരുഷനാൽ |
| വിശുദ്ധാ | പരിശുദ്ധയായ | കീർത്തിഃ യഥാ | കീർത്തി എന്നപോലെ |
| ഇയം ജനകാത്മജാ | ഈ ജനകസുതയായ | ഹാതും | ഉപേക്ഷിപ്പാൻ |
| മൈഥിലീ ഹി | മൈഥിലിയാകട്ടെ | ശക്യാ ന. | കഴിയപ്പെടുന്നവളല്ല. |

അവശ്യം തു മയാ കാര്യം സർവ്വേഷാം വോ വചോ ഹിതം
സ്നിഗ്ധാനാം ലോകമാന്യാനാമേവം ച ബ്രുവതാം ഹിതം. 22

| | | | |
|---|---|---|---|
| "സ്നിഗ്ധാനാം | "സൌഹൃദം പൂണ്ടവ | വഃ | നിങ്ങൾ |
| ഏവം | ഇപ്രകാരം [രായി | സർവ്വേഷാം | എല്ലാവരുടേയും |
| ഹിതം | നന്മയായുള്ളതിനെ | ഹിതം വചഃ | ഹിതമായുള്ള വാക്ക് |
| ബ്രുവതാം | ഉപദേശിക്കുന്ന | മയാ | എന്നാൽ |
| ലോകമാന്യാനാം ച | ലോകമാന്യന്മാരായ | അവശ്യം | തീർച്ചയായും [ണല്ലൊ" |
| | | കാര്യം തു." | കയ്ക്കൊള്ളത്തക്കതുമാ- |

ഇതീദമുക്ത്വാ വിദിതം മഹാബലൈഃ
പ്രശസ്യമാനഃ സ്വകൃതേന കർമ്മണാ
സമേത്യ രാമഃ പ്രിയയാ മഹാബലഃ
സുഖം സുഖാർഹോഽനുബഭൂവ രാഘവഃ 23

| | | | |
|---|---|---|---|
| വിദിതം | തന്റെ അന്തർഗ്ഗതത്തെ | മഹാബലഃ | മഹാബലശാലിയും |
| ഇതി | മേൽപ്രകാരം | സുഖാർഹഃ | സുഖോചിതനും |
| ഇദം ഉക്ത്വാ | ആ സമയംഅരുളിച്ചെ | രാഘവഃ | രഘുകുലവരനുമായ |
| സ്വകൃതേന | തന്നാൽചെയ്യപ്പെട്ട[യ്തു് | രാമഃ | ശ്രീരാമൻ |
| കർമ്മണാ | പ്രവൃത്തികൊണ്ടു് | പ്രിയയാ സമേത്യ | പ്രിയതമയുമായി ചേ |
| മഹാബലൈഃ | മഹിമയേറിയവരാൽ | സുഖം | മനഃസന്തൃപ്തി [ന്നു് |
| പ്രശസ്യമാനഃ | പുകഴ്ത്തപ്പെട്ടവനായി | അന്വബഭൂവ. | കയ്ക്കൊണ്ടു. |

ഇത്യാർഷേ ശ്രീമദ്രാമായണേ വാൽമീകീയേ ആദികാവ്യേ യുദ്ധകാണ്ഡേ ഏകവിംശത്യുത്തരശതതമഃ സർഗ്ഗഃ = നൂററിഇരുപത്തൊന്നാംസർഗ്ഗംസമാപ്തം
ആദ്യം മുതൽ ശ്ലോകസംഖ്യ 20238; യുദ്ധകാണ്ഡം ആദ്യം മുതൽ ശ്ലോകസംഖ്യ 5563.

## ദ്വാവിംശത്യുത്തരശതതമഃ സർഗ്ഗഃ = നൂററിഇരുപത്തിരണ്ടാംസർഗ്ഗം

[ദശരഥസന്ദർശനം=ദശരഥമഹാരാജാവിനെ സന്ദർശിക്കുന്നതു്]

ഏതച്ഛ്രുത്വാ ശുഭം വാക്യം രാഘവേണ സുഭാഷിതം
ഇദം ശുഭതരം വാക്യം വ്യാജഹാര മഹേശ്വരഃ 1

| | | | |
|---|---|---|---|
| മഹേശ്വരഃ | പരമശിവൻ | ഏതത് വാക്യം ശ്രുത്വാ | ഈ വാക്യത്തെ ചെവിക്കൊണ്ടു് |
| രാഘവേണ | ശ്രീരാഘവനാൽ | ശുഭതരം | അത്യധികം മംഗളകര |
| സുഭാഷിതം | ഭംഗിയായി ഉരചെയ്യപ്പെട്ടതായ | വാക്യം | വാക്യത്തെ [മായ |
| | | ഇദം | ഇപ്രകാരം |
| ശുഭം | ശുഭകരമായ | വ്യാജഹാര. | അരുളിച്ചെയ്തു. |

പുഷ്കരാക്ഷ മഹാബാഹോ മഹാവക്ഷഃ പരന്തപ
ദിഷ്ട്യാ കൃതമിദം കർമ്മ ത്വയാ ശസ്ത്രഭൃതാം വര. 2

| | | | |
|---|---|---|---|
| "പുഷ്കരാക്ഷ | "കമലനേത്ര | വര | ഉത്തമനായുള്ളവനേ |
| മഹാബാഹോ | മഹാബാഹോ | ത്വയാ | ഭവാനാൽ |
| മഹാവക്ഷഃ | വിശാലവക്ഷസ്സാർന്നവ | ഇദം കർമ്മ | ഈ കൃത്യം |
| പരംതപ | ശത്രുധ്വംസക [നെ | ദിഷ്ട്യാ | ഭാഗ്യവശത്താൽ |
| ശസ്ത്രഭൃതാം | ആയുധധാരികളിൽ | കൃതം | ചെയ്യപ്പെട്ടു. |

ദിഷ്ട്യാ സർവ്വസ്യ ലോകസ്യ പ്രവൃദ്ധം ദാരുണം തമഃ
അപാവൃത്തം ത്വയാ സംഖ്യേ രാമ രാവണജം ഭയം. 3

| | | | |
|---|---|---|---|
| "രാമ | "ശ്രീരാമ | രാവണജം | രാവണകൃതമായ |
| സർവ്വസ്യ ലോകസ്യ | സർവ്വലോകത്തിന്നും | ഭയം | ആപത്തു് |
| | | ത്വയാ | ഭവാനാൽ |
| പ്രവൃദ്ധം ദാരുണം | അതിഘോരമായ | സംഖ്യേ | പോരിൽ |
| | | അപാവൃത്തം | അകററപ്പെട്ടു; |
| തമഃ | ഇരുട്ടാകുന്ന | ദിഷ്ട്യാ | ഭാഗ്യം തന്നെ. |

ആശ്വാസ്യ ഭരതം ദീനം കൌസല്യാം ച യശസ്വിനീം
കൈകേയീം ച സുമിത്രാം ച ദൃഷ്ട്വാ ലക്ഷ്മണമാതരം. 4
പ്രാപ്യ രാജ്യമയോദ്ധ്യായാം നന്ദയിത്വാ സുഹൃജ്ജനം
ഇക്ഷ്വാകൂണാം കുലേ വംശം സ്ഥാപയിത്വാ മഹാബല 5
ഇഷ്ട്വാ തുരഗമേധേന പ്രാപ്യ ചാനുത്തമം യശഃ
ബ്രാഹ്മണേഭ്യോ ധനം ദത്വാ ത്രിദിവം ഗന്തുമർഹസി. 6

| | |
|---|---|
| “മഹാബല | “മഹാ ശക്തിമാനായ വനേ |
| ദീനം | ദീനത പൂണ്ടിരിക്കുന്ന |
| ഭരതം | ഭരതനെ |
| ആശ്വാസ്യ | ആശ്വസിപ്പിച്ച് |
| യശസ്വിനീം | കീർത്തിശാലിനിയായ |
| കൌസല്യാം ച | കൌസല്യാദേവിയേയും |
| കൈകേയീം ച | കൈകേയിദേവിയേയും |
| ലക്ഷ്മണമാതരം | ലക്ഷ്മണന്റെ മാതാ വായ |
| സുമിത്രാം ച | സുമിത്രാദേവിയേയും |
| ദൃഷ്ട്വാ | ദർശിച്ച് |
| അയോദ്ധ്യായാം | അയോദ്ധ്യയിൽ |
| രാജ്യം | രാജ്യാധിപത്യത്തെ |
| പ്രാപ്യ | കയ്ക്കൊണ്ട് |

| | |
|---|---|
| സുഹൃജ്ജനം | സുഹൃജ്ജനത്തെ |
| നന്ദയിത്വാ | ആനന്ദിപ്പിച്ച് |
| ഇക്ഷ്വാകൂണാം കുലേ | ഇക്ഷ്വാകുവംശത്തിൽ |
| വംശം | കുലമുറയെ |
| സ്ഥാപയിത്വാ | നിലനിർത്തി |
| തുരഗമേധേന | അശ്വമേധയാഗത്താൽ |
| ഇഷ്ട്വാ | യജിച്ച് |
| അനുത്തമം | നിസ്തുല്യമായ |
| യശഃ | യശസ്സിനേയും |
| പ്രാപ്യ | പ്രാപിച്ച് |
| ബ്രാഹ്മണേഭ്യഃ | ബ്രാഹ്മണർക്കായി |
| ധനം | ധനത്തെ |
| ദത്വാ ച | ദാനംചെയ്തശേഷം |
| ത്രിദിവം | സ്വർഗ്ഗത്തെ |
| ഗന്തും അർഹസി. | പ്രാപിച്ചാലും. |

ഏഷ രാജാ വിമാനസ്ഥഃ പിതാ ദശരഥസ്തവ
കാകുത്സ്ഥ മാനുഷേ ലോകേ ഗുരുസ്തവ മഹായശാഃ 7
ഇന്ദ്രലോകം ഗതഃ ശ്രീമാൻ ത്വയാ പുത്രേണ താരിതഃ
ലക്ഷ്മണേന സഹ ഭ്രാത്രാ ത്വമേനമഭിവാദയ. 8

| | |
|---|---|
| “കാകുത്സ്ഥ | “ശ്രീരാമ |
| വിമാനസ്ഥഃ | വിമാനത്തിൽ വർത്തി[ക്കുന്ന |
| തവ | ഭവാന്റെ |
| പിതാ | പിതാവായ |
| ഏഷഃ ദശരഥഃ രാജാ | ഈ ദശരഥമഹാരാജാവ് |
| മാനുഷേ ലോകേ | മനുഷ്യലോകത്തിൽ |
| തവ | ഭവാന്ന് |
| ഗുരുഃ | പിതാവായി |
| മഹായശാഃ | മഹത്തായ യശസ്സിനെ |
| ഭ്രാത്രാ | അനുജനായ [പ്രാപിച്ച |

| | |
|---|---|
| ലക്ഷ്മണേന സഹ | ലക്ഷ്മണനോടുംകൂടി |
| പുത്രേണ | പുത്രനായ |
| ത്വയാ | ഭവാനാൽ |
| താരിതഃ | സംസ്താരത്താൽ കരകയററപ്പെട്ടവനായി |
| ഇന്ദ്രലോകം | ഇന്ദ്രലോകത്തെ |
| ഗതഃ | പ്രാപിച്ച് |
| ശ്രീമാൻ | ശ്രീമാനായിവിളങ്ങുന്നു; |
| ത്വം | ഭവാൻ |
| ഏനം | ഇദ്ദേഹത്തെ |
| അഭിവാദയ.” | നമസ്കരിച്ചാലും.” |

മഹാദേവവചഃ ശ്രുത്വാ കാകുത്സ്ഥഃ സഹലക്ഷ്മണഃ
വിമാനശിഖരസ്ഥസ്യ പ്രണാമമകരോത് പിതുഃ 9

| | | | |
|---|---|---|---|
| സഹലക്ഷ്മണഃ | ലക്ഷ്മണസഹിതനായ | വിമാനശിഖര-സ്ഥസ്യ | ശിഖരംപോലെയുള്ള വിമാനത്തിലിരിക്കുന്ന വനായ |
| കാകുത്സ്ഥഃ | ശ്രീരാമൻ | പിതുഃ | പിതാവിന്നായ്ക്കൊണ്ട് |
| മഹാദേവ വചഃ | പരമശിവന്റെ തിരുമൊഴിയെ | പ്രണാമം അകരോത് | നമസ്കൃതിചെയ്തു. |
| ശ്രുത്വാ | ചെവിക്കൊണ്ട് | | |

ദീപ്യമാനം സ്വയാ ലക്ഷ്മ്യാ വിരജോംബരധാരിണം
ലക്ഷ്മണേന സഹ ഭ്രാത്രാ ദദർശ പിതരം വിഭുഃ 10

| | | | |
|---|---|---|---|
| വിഭു: | സർവ്വശക്തനായ ശ്രീരാമൻ | വിരജോംബരധാരിണം | നിർമ്മലമായ വസ്ത്രത്തെ ധരിച്ചിരുന്നവനുമായ |
| സ്വയാ | തന്റെ | പിതരം | പിതാവിനെ |
| ലക്ഷ്മ്യാ | ശ്രീയാൽ | ഭ്രാത്രാ | അനുജനായ |
| ദീപ്യമാനം | വിലസിക്കൊണ്ടിരുന്നവനും | ലക്ഷ്മണേനസഹ | ലക്ഷ്മണനോടുംകൂടി |
| | | ദദർശ. | സന്ദർശിച്ചു. |

ഹർഷേണ മഹതാവിഷ്ടോ വിമാനസ്ഥോ മഹീപതിഃ
പ്രാണൈഃ പ്രിയതരം ദൃഷ്ട്വാ പുത്രം ദശരഥസ്തദാ. 11
ആരോപ്യാങ്കം മഹാബാഹുർവരാസനഗതഃ പ്രഭുഃ
ബാഹുഭ്യാം സംപരിഷ്വജ്യ തതോ വാക്യം സമാദദേ. 12

| | | | |
|---|---|---|---|
| തദാ | ആ സമയം | പ്രിയതരം | പ്രിയതരനായ |
| വരാസനഗത: | ഉത്തമാസനത്തിലിരുന്നുകൊണ്ട് | പുത്രം ദൃഷ്ട്വാ | പുത്രനെ നോക്കി |
| | | മഹതാ | അതിയായ |
| വിമാനസ്ഥ: | വിമാനത്തിൽ വർത്തിച്ചിരുന്നവനും | ഹർഷേണ മഹതാവിഷ്ട: | ആനന്ദത്തോടു കൂടിയവനായി |
| മഹാബാഹു: | മഹാബാഹുവും | അങ്കംആരോപ്യ | മടിയിൽകയററിവെച്ചു |
| പ്രഭു: | പ്രഭുവുമായ | ബാഹുഭ്യാം | ഇരുകൈകളാംകൊണ്ടും |
| ദശരഥ: മഹീപതി: | ദശരഥചക്രവർത്തി | സംപരിഷ്വജ്യ | ആലിംഗനം ചെയ്തു് |
| | | തത: വാക്യം സമാദദേ | ആ സമയം ഒരുമൊഴി അരുളിച്ചെയ്തു. |
| പ്രാണൈ: | പ്രാണങ്ങളേക്കാളും | | |

ന മേ സ്വർഗ്ഗോ ബഹുമതഃ സമ്മാനശ്ച സുരർഷിഭിഃ
ത്വയാ രാമ വിഹീനസ്യ സത്യം പ്രതിശൃണോമി തേ 13

| | | | |
|---|---|---|---|
| "രാമ | "ശ്രീരാമ! | മേ സ്വർഗ്ഗ: | എനിക്ക് സ്വർഗ്ഗവും |
| തേ | ഉണ്ണിയോട് | ബഹുമത: ന | ഇഷ്ടപ്പെട്ടതല്ല. |
| സത്യം | സത്യമായും | സുരർഷിഭി: | ദേവർഷികളാലുള്ള |
| പ്രതിശൃണോമി | ഞാൻ പറയുന്നു; | സംമാനഃ | ബഹുമാനവും |
| ത്വയാ വിഹീനസ്യ | നിന്നെ പിരിഞ്ഞിരിക്കുന്നവനായ | ച. | അപ്രകാരംതന്നെ വലുതായിക്കരുതപ്പെട്ടതല്ല. |

കൈകേയ്യാ യാനി ചോക്താനി വാക്യാനി വദതാം വര
തവ പ്രവ്രാജനാർത്ഥാനി സ്ഥിതാനി ഹൃദയേ മമ. 14

| | | | |
|---|---|---|---|
| "വദതാം | വാഗ്മികളിൽ | യാനി | യാതൊരു |
| വര | ഉത്തമനായവനേ | വാക്യാനി | വാക്കുകൾ |
| കൈകെയ്യാ | കൈകേയിയാൽ | ഉക്താനി | പറയപ്പെട്ടുവോ അവ |
| തവ | ഉണ്ണിയുടെ | മമ | എന്റെ |
| പ്രവ്രാജനാ–ർത്ഥാനി | വനവാസനിമിത്തമായി | ഹൃദയേ ച | ഹൃദയത്തിൽതന്നെ |
| | | സ്ഥിതാനി | തറച്ചുകിടക്കുന്നുണ്ട്. |

ത്വാം തു ദൃഷ്ട്വാ കുശലിനം പരിഷ്വജ്യ സലക്ഷ്മണം
അദ്യ ദുഃഖാദ്വിമുക്തോഽസ്മി നീഹാരാദിവ ഭാസ്കരഃ 15

| | | | |
|---|---|---|---|
| "സലക്ഷ്മണം | "ലക്ഷ്മണനോടുകൂടിയ | ഭാസ്കരഃ | ആദിത്യൻ |
| ത്വാം | നിന്നെ | ഇവ | എന്നതുപോലെ |
| കുശലിനാം | ക്ഷേമത്തോടിരിക്കുന്ന | അദ്യ തു | ഇപ്പോൾ മാത്രമാണ് |
| ദൃഷ്ട്വാ | കണ്ട് [വനായി | ദുഃഖാത് | ദുഃഖത്തിൽനിന്ന് |
| പരിഷ്വജ്യ | ആലിംഗനം ചെയ്തതി | വിമുക്തഃ അസ്മി | ഞാൻ വിമുക്തനായി |
| നീഹാരാത് | മഞ്ഞിൽനിന്ന് [നാൽ | | ഭവിച്ചിരിക്കുന്നതു. |

താരിതോഽഹം ത്വയാ പുത്ര സുപുത്രേണ മഹാത്മനാ
അഷ്ടാവക്രേണ ധർമ്മാത്മാ കഹോളോ ബ്രാഹ്മണോ യഥാ. 16

| | | | |
|---|---|---|---|
| "പുത്ര | "ഉണ്ണി! | കഹോലഃ ബ്രാഹ്മണഃ | കഹോലബ്രാഹ്മണൻ |
| സുപുത്രേണ | സത്പുത്രനും | | |
| മഹാത്മനാ | മഹാത്മാവുമായ | യഥാ | എപ്രകാരമോ അപ്രകാരം |
| ത്വയാ അഹം | നിന്നാൽ ഞാൻ | | |
| അഷ്ടാവക്രേണ | അഷ്ടാവക്രമുനിയാൽ | താരിതഃ | സദ്ഗതി പ്രാപിക്കപ്പെട്ടു. |
| ധർമ്മാത്മാ | ധർമ്മാത്മാവായ | | |

[കഹോളൻ ഉദ്ദാലമഹർഷിയുടെ ശിഷ്യനും, തത്പുത്രിയായ സുജാതയെ വിവാഹം ചെയ്കയാൽ ജാമാതാവുമാകുന്നു. കഹോളനു് സുജാതയിൽ ജനിച്ച പുത്രനാകുന്നു അഷ്ടാവക്രൻ. ഉദ്ദാലകപുത്രനായ ശ്വേതകേതുവും അഷ്ടാവക്രമഹർഷിയും കൂടി ജനകമഹാരാജാവിന്റെ യജ്ഞത്തിൽ ചെന്നു് അവിടെവെച്ചു് അനേകം മുനിമാരെയെന്നപോലെ തന്നെ തന്റെ പിതാവായ കഹോളനേയും വാദത്തിൽ തോല്പിച്ചു് വെള്ളത്തിൽ താഴ്ത്തിയ ബന്ദിയെ താൻതന്നെ വാദത്തിൽ തോല്പിച്ചു് പിതാവിനേയും മററുള്ളവരേയും വെള്ളത്തിൽനിന്നു വീണ്ടെടുത്തു് ബന്ദിയെ വെള്ളത്തിൽ മുക്കുന്നു. മഹാഭാരതം വനപർവ്വം (134—136)]

ഇദാനീം തു വിജാനാമി യഥാ സൌമ്യ സുരേശ്വരൈഃ
വധാർത്ഥം രാവണസ്യേദം വിഹിതം പുരുഷോത്തമ. 17

| | | | |
|---|---|---|---|
| "സൌമ്യ | "വത്സ | ഇദം | ഇപ്രകാരമെല്ലാം |
| പുരുഷോത്തമ | പുരുഷോത്തമ | വിഹിതം | ചെയ്യപ്പെട്ടതാകുന്നു |
| സുരേശ്വരൈഃ | ദേവശ്രേഷ്ഠന്മാരാൽ | യഥാ | എന്നുള്ളപ്രകാരം |
| രാവണസ്യ | രാവണന്റെ | ഇദാനീം തു | ഇപ്പോഴാം മാത്രമാണ് |
| വധാർത്ഥം | വധത്തിന്നായി | വിജാനാമി | ഞാൻ ഗ്രഹിക്കുന്നതു്. |

സിദ്ധാർത്ഥാ ഖലു കൌസല്യാ യാ ത്വാം രാമ ഗൃഹം ഗതം
വനാന്നിവൃത്തം സംഹൃഷ്ടാ ദ്രക്ഷ്യത്യരിനിഷൂദന. 18

| | | | |
|---|---|---|---|
| "അരിനിഷൂദന | "ശത്രുസംഹാരക | യാ | യാതൊരുവൾ |
| രാമ | ശ്രീരാമ | സംഹൃഷ്ടാ | ആനന്ദമുൾക്കൊണ്ടവ |
| വനാത് | വനത്തിൽനിന്നു് | ദ്രക്ഷ്യതി | വീക്ഷിക്കുമോ [ളായി |
| നിവൃത്തം | മടങ്ങി | കൌസല്യാ ഖലു | ആ കൌസല്യാദേവി |
| ഗൃഹം ഗതം | അരമനയിലെത്തിയവ | | തന്നെയാണ് |
| ത്വാം | ഉണ്ണിയെ [നായ | സിദ്ധാർത്ഥാ | കൃതകൃത്യയായവൾ. |

സിദ്ധാർത്ഥാഃ ഖലു തേ രാമ നരാ യേ ത്വാം പുരീം ഗതം
ജലാർദ്രമഭിഷിക്തം ച ദ്രക്ഷ്യന്തി വസുധാധിപം. 19

| | | | |
|---|---|---|---|
| "രാമ | "ശ്രീരാമ! | ത്വാം | വത്സനെ |
| പുരീം ഗതം | നഗരത്തെ പുക്ക് | യേ | യാതൊരു |
| ജലാർദ്രം | നീരാടി | നരാഃ | ആളുകൾ |
| വസുധാധിപം | ചക്രവർത്തിയായി | ദ്രക്ഷ്യന്തി ച | സന്ദർശിക്കുമോ |
| അഭിഷിക്തം | പട്ടാഭിഷേകം ചെയ്യ | തേ ഖലു | അവർതന്നെയാണ് |
| | പ്പെട്ടവനായി | സിദ്ധാർത്ഥാഃ | ഭാഗ്യംചെയ്തവർ. |

അനുരക്തേന ബലിനാ ശുചിനാ ധർമ്മചാരിണാ
ഇച്ഛാമി ത്വാമഹം ദ്രഷ്ടും ഭരതേന സമാഗതം. 20

| | | | |
|---|---|---|---|
| "അനുരക്തേന | "അചഞ്ചലമായ | ഭരതേന | ഭരതനോടുകൂടി |
| | പ്രേമം കയ്ക്കൊണ്ടവനും | സമാഗതം | ഒന്നിച്ചിരിക്കുന്നവനാ |
| ബലിനാ | ശക്തിമാനും | ത്വാം | ഉണ്ണിയെ [യ |
| ശുചിനാ | പരിശുദ്ധനും | ദ്രഷ്ടും | കണ്ടാനന്ദിപ്പാൻ |
| ധർമ്മചാരിണാ | ധർമ്മനിഷ്ഠനമായ | അഹം ഇച്ഛാമി | ഞാൻ കൊതിക്കുന്നു. |

ചതുർദ്ദശ സമാഃ സൌമ്യ വനേ നിർയ്യാപിതാസ്ത്വയാ
വസതാ സീതയാ സാർദ്ധം ലക്ഷ്മണേന ച ധീമതാ. 21

| | | | |
|---|---|---|---|
| "സൌമ്യ | "വത്സ | വനേ വസതാ | കാട്ടിൽ വസിക്കുന്നവ |
| സീതയാ | സീതയോടും | ത്വയാ | നിന്നാൽ [നായ |
| ധീമതാ | ബുദ്ധിശാലിയായ | ചതുർദ്ദശ | പതിനാലു |
| ലക്ഷ്മണേന ച സാർദ്ധം | ലക്ഷ്മണനോടുംകൂടി | സമാഃ | സംവത്സരങ്ങൾ |
| | | നിർയ്യാപിതാഃ | കഴിച്ചുകൂട്ടപ്പെട്ടു. |

നിവൃത്തവനവാസോഽസി പ്രതിജ്ഞാ സഫലാ കൃതാ
രാവണം ച രണേ ഹത്വാ ദേവാസ്തേ പരിതോഷിതാഃ 22

| | | | |
|---|---|---|---|
| നിവൃത്തവന- | നീ വനവാസത്തെ പൂ | രണേ | പോരിൽ |
| വാസഃ അസി | ത്തിയാക്കിയവനായി | ഹത്വാ | വധിച്ച് |
| പ്രതിജ്ഞാ | പ്രതിജ്ഞയും [രിക്കുന്നു | തേ | ഉണ്ണിയാൽ |
| സഫലാ കൃതാ | ഫലവത്തായി ചെയ്തു | ദേവാഃ ച | ദേവന്മാരും |
| രാവണം | രാവണനെ [പ്പെട്ടു | പരിതോഷിതാഃ | പരിതുഷ്ടരാക്കപ്പെട്ടു. |

കൃതം കർമ്മ യശഃ ശ്ലാഘ്യം പ്രാപ്തം തേ ശത്രുസൂദന
ഭ്രാതൃഭിഃ സഹ രാജ്യസ്ഥോ ദീർഘമായുരവാപ്നുഹി. 23

| | | | |
|---|---|---|---|
| “ശത്രുസൂദന | “ശത്രുസംഹാരക! | പ്രാപ്തം | പ്രാപിക്കപ്പെട്ടു; |
| തേ | നിന്നാൽ | ഭ്രാതൃഭിഃ സഹ | അനുജന്മാരോടുംകൂടി |
| കർമ്മ | കയ്യേറ്റുകൊള്ളപ്പെട്ട കാൎയ്യം | രാജ്യസ്ഥഃ | രാജ്യം വാഴുന്നവനായി |
| കൃതം | ചെയ്തുതീക്കപ്പെട്ടു. | ദീർഘം ആയുഃ | ദീർഘായുസ്സിനെ |
| ശ്ലാഘ്യം | മെച്ചപ്പെട്ട | അവാപ്നുഹി.” | പ്രാപിച്ചു വിളങ്ങുമാറാകട്ടെ.” |
| യശഃ | പുകഴും | | |

ഇതി ബ്രുവാണം രാജാനം രാമഃ പ്രാഞ്ജലിരബ്രവീത്. 24

| | | | |
|---|---|---|---|
| ഇതി | ഇപ്രകാരം | രാമഃ | ശ്രീരാമൻ |
| ബ്രുവാണം | ഉരചെയ്യുന്നവനായ | പ്രാഞ്ജലിഃ | തൊഴുതുംകൊണ്ട് |
| രാജാനം | മഹാരാജാവിനോടായി | അബ്രവീത്. | ഇപ്രകാരം ഉണർത്തിച്ചു: |

കുരു പ്രസാദം ധർമ്മജ്ഞ കൈകേയ്യാ ഭരതസ്യ ച
സപുത്രാം ത്വാം ത്യജാമീതി യദുക്താ കൈകയീ ത്വയാ. 25

| | | | |
|---|---|---|---|
| “ധർമ്മജ്ഞ | “ധർമ്മജ്ഞനായുള്ളോ | കൈകയീ | കൈകേയീമാതാവ് |
| ‘സപുത്രാം | ‘പുത്രനോടുകൂടി [വേ | ഉക്താ | ശപിക്കപ്പെട്ടു |
| ത്വാം | നിന്നെ | യത് | അക്കാരണത്താൽ |
| ത്യജാമി’ | ഞാൻ ഉപേക്ഷിക്കുന്നു’ | കൈകേയ്യാഃ | കൈകേയിയുടെ നേക്കും |
| ഇതി | എന്നിങ്ങിനെ | ഭരതസ്യ ച | ഭരതൻെറ പേരിലും |
| ത്വയാ | നിന്തിരുവടിയാൽ | പ്രസാദം കുരു. | പ്രസാദിച്ചരുളിയാലും. |

സ ശാപഃ കൈകയീം ഘോരഃ സപുത്രാം ന സ്പൃശേത് പ്രഭോ 26

| | | | |
|---|---|---|---|
| “പ്രഭോ | “പ്രഭോ | സപുത്രാം | പുത്രനടക്കം |
| സഃ | ആ | കൈകേയീം | കൈകേയീമാതാവിനെ |
| ഘോരഃ ശാപഃ | കഠിനമായ ശാപം | സ്പൃശേത് ന.” | തട്ടാതിരിക്കേണം.” |

സ തഥേതി മഹാരാജോ രാമമുക്ത്വാ കൃതാഞ്ജലിം
ലക്ഷ്മണം ച പരിഷ്വജ്യ പുനർവാക്യമുവാച ഹ 27

| | |
|---|---|
| സഃ | ആ |
| മഹാരാജഃ | മഹാരാജാവ് |
| കൃതാഞ്ജലിം | അഞ്ജലികൂപ്പി നിന്നി |
| രാമം | ശ്രീരാമനോടായി[രുന്ന |
| "തഥാ" | "അപ്രകാരമാകട്ടെ" |
| ഇതി | എന്ന് |
| ഉക്ത്വാ | ഉരചെയ്ത് |
| ലക്ഷ്മണം ച | ലക്ഷ്മണനേയും |
| പരിഷ്വജ്യ | പുൽകിക്കൊണ്ട് |
| പുനഃ | വീണ്ടും |
| വാക്യം ഉവാച ഹ. | ഇങ്ങിനെ അരുളിച്ചെയ്തു. |

രാമം ശുശ്രൂഷതാ ഭക്ത്യാ വൈദേഹ്യാ സഹ സീതയാ
കൃതാ മമ മഹാപ്രീതിഃ പ്രാപ്തം ധർമ്മഫലം ച തേ. 28

| | |
|---|---|
| "വൈദേഹ്യാ | "ജനകനന്ദിനിയായ |
| സീതയാ സഹ | സീതയോടുംകൂടി |
| രാമം | ശ്രീരാമനെ |
| ഭക്ത്യാ | ഭക്തിപൂർവ്വം |
| ശുശ്രൂഷതാ | ശുശ്രൂഷിക്കുന്നതിനാൽ |
| മമ | എനിക്ക് |
| മഹാപ്രീതിഃ | അതിയായ പ്രീതി |
| കൃതാ | വിളയിക്കപ്പെട്ടു; |
| തേ | ഉണ്ണിക്ക് |
| ധർമ്മഫലം ച | ധർമ്മത്തിന്റെ ഫലവും |
| പ്രാപ്തം | പ്രാപ്തമായി. |

ധർമ്മം പ്രാപ്സ്യസി ധർമ്മജ്ഞ യശശ്ച വിപുലം ഭുവി
രാമേ പ്രസന്നേ സ്വർഗ്ഗം ച മഹിമാനം തഥൈവ ച. 29

| | |
|---|---|
| "ധർമ്മജ്ഞ | "ധർമ്മകോവിദ |
| രാമേ | ശ്രീരാമൻ |
| പ്രസന്നേ | പ്രസന്നനായി ഭവിച്ചതിനാൽ |
| ധർമ്മം ച | ധർമ്മഫലത്തേയും |
| ഭുവി | ലോകത്തിൽ |
| വിപുലം | നെടുതായ |
| യശഃ ച | പുകഴിനേയും |
| തഥാ | അപ്രകാരംതന്നെ |
| മഹിമാനം ഏവ | മഹിമയേയും |
| സ്വർഗ്ഗം ച | സ്വർഗ്ഗത്തേയും |
| പ്രാപ്സ്യസി | നീ പ്രാപിക്കുന്നതാണ്. |

രാമം ശുശ്രൂഷ ഭദ്രം തേ സുമിത്രാനന്ദവർദ്ധന
രാമഃ സർവ്വസ്യ ലോകസ്യ ശുഭേഷ്വഭിരതഃ സദാ. 30

| | |
|---|---|
| "സുമിത്രാനന്ദവർദ്ധന | സുമിത്രക്ക് ആനന്ദത്തെ വർദ്ധിപ്പിക്കുന്നവ[നേ |
| രാമം | ശ്രീരാമനെ |
| ശുശ്രൂഷ | പരിചരിച്ചുവന്നാലും |
| തേ ഭദ്രം | ഉണ്ണിക്ക് സർവ്വമംഗളം |
| രാമഃ | ശ്രീരാമൻ [ഭവിക്കും |
| സർവ്വസ്യ | എല്ലാ |
| ലോകസ്യ | ലോകത്തിന്റെയും |
| ശുഭേഷു | നന്മകളിൽ |
| സദാ | എപ്പോഴും |
| അഭിരതഃ | ദൃഢമായ പ്രതിപത്തിയാർന്നവനാകുന്നു. |

ഏതേ സേന്ദ്രാസ്ത്രയോ ലോകാഃ സിദ്ധാശ്ച പരമർഷയഃ
അഭിഗമ്യ മഹാത്മാനമർച്ചന്തി പുരുഷോത്തമം. 31

| | |
|---|---|
| "സേന്ദ്രാഃ | ഇന്ദ്രനടക്കമുള്ള |
| ഏതേ ത്രയഃ | ഈ മൂന്നു |
| ലോകാഃ | ലോകവാസികളും |
| സിദ്ധാഃ ച | സിദ്ധന്മാരും |
| പരമർഷയഃ | മഹർഷിമാരും |
| മഹാത്മാനം | മഹാത്മാവായ |
| പുരുഷോത്തമം | പുരുഷോത്തമനായ ശ്രീരാമനെ |
| അഭിഗമ്യ | വന്നു |
| അർച്ചന്തി | പൂജിക്കുന്നു. |

ഏതത്തദുക്തമവ്യക്തമക്ഷരം ബ്രഹ്മസമ്മിതം
ദേവാനാം ഹൃദയം സൌമ്യ ഗുഹ്യം രാമഃ പരന്തപഃ 32

| | | | |
|---|---|---|---|
| "സൌമ്യ | "വത്സ [അതീതവും | പരന്തപ: | ശത്രുസന്താപകനായ |
| അവ്യക്തം | മനോവാക്കായങ്ങൾക്കു | രാമ: | ശ്രീരാമൻ; |
| അക്ഷരം | നാശരഹിതവും | ദേവാനാം | ദേവന്മാരുടെ |
| ബ്രഹ്മസംമിതം | വേദങ്ങളാൽ പറയപ്പെ | ഹൃദയം | രഹസ്യമായ |
| | ട്ടതും | ഏതത് | ഈ സംഗതി |
| ഗുഹ്യം | രഹസ്യവുമായ [ന്ന | ഉക്തം | ഉപദേശിച്ചരുളപ്പെട്ട |
| തത് | ബ്രഹ്മവസ്തുതന്നെയാകു | | താകുന്നു. |

അവാപ്തം ധർമ്മചരണം യശശ്ച വിപുലം ത്വയാ
രാമം ശുശ്രൂഷതാ ഭക്ത്യാ വൈദേഹ്യാ സഹ സീതയാ 33

| | | | |
|---|---|---|---|
| "വൈദേഹ്യാ | "വിദേഹാത്മജയായ | ത്വയാ | നിന്നാൽ |
| സീതയാ സഹ | സീതയോടുകൂടി | ധർമ്മചരണം | ധർമ്മഫലം |
| രാമം | ശ്രീരാമനെ | അവാപ്തം | പ്രാപിക്കപ്പെട്ടു; |
| ഭക്ത്യാ | ഭക്തിപുരസ്സരം | വിപുലം യശ: | നെടുതായ കീർത്തിയും |
| ശുശ്രൂഷതാ | പരിചരിക്കുന്ന | ച" | നേടപ്പെട്ടു". |

സ തഥോക്ത്വാ മഹാബാഹുർലക്ഷ്മണം പ്രാഞ്ജലിം സ്ഥിതം
ഉവാച രാജാ ധർമ്മാത്മാ വൈദേഹീം വചനം ശുഭം. 34

| | | | |
|---|---|---|---|
| ധർമ്മാത്മാ | ധർമ്മാത്മാവും | തഥാ | മേൽപ്രകാരം |
| മഹാബാഹു: | മഹാബാഹുവുമായ | ഉക്ത്വാ | ഉരചെയ്തശേഷം |
| സ: രാജാ | ആ രാജാവ് | വൈദേഹീം | വൈദേഹിയോടായി |
| പ്രാഞ്ജലിം | തൊഴുകയ്യോടുകൂടി | ശുഭം | ശോഭനകരമായ |
| സ്ഥിതം | നിന്നിരുന്ന | വചനം | ഒരുവാക്ക് |
| ലക്ഷ്മണം | ലക്ഷ്മണനോടായി | ഉവാച | അരുളിച്ചെയ്തു. |

കർത്തവ്യോ ന തു വൈദേഹി മന്യുസ്ത്യാഗമിമം പ്രതി
രാമേണ ത്വച്ചാരിത്രശുദ്ധ്യർത്ഥം കൃതമേതദ്ധിതൈഷിണാ. 35

| | | | |
|---|---|---|---|
| "വൈദേഹി | "ജാനകി | ഹിതൈഷിണാ | നന്മയെമാത്രം |
| തു | ഇപ്പോൾ | | കാംക്ഷിച്ചവനായ |
| ഇമം | ഈ | രാമേണ | ശ്രീരാമനാൽ |
| ത്യാഗം പ്രതി | പരിത്യാഗത്തെക്കുറിച്ചു | ത്വച്ചാരി- | ഭവതിയുടെ പരിശുദ്ധി |
| മന്യു: | കോപം | ശുദ്ധ്യർത്ഥം | പ്രത്യക്ഷമാകുന്നതിന്നു |
| കർത്തവ്യ: ന | കയ്ക്കൊള്ളാതിരിക്കേ | ഏതത് | ഇതു [വേണ്ടിയാണ് |
| | ണം; | കൃതം | ചെയ്യപ്പെട്ടതു് |

ന ത്വം സുഭ്രു സമാധേയാ പതിശുശ്രൂഷണം പ്രതി
അവശ്യം തു മയാ വാച്യമേഷ തേ ദൈവതം പരം 36

| | | | |
|---|---|---|---|
| സുഭ്രു | സുമുഖി | ഏഷഃ തു | ഈ ഭർത്താവുതന്നെയാണ് |
| പതിശുശ്രൂഷണംപ്രതി | പതിശുശ്രൂഷയെക്കുറിച്ച് | പരം ദൈവതം | പരദേവത എന്നുള്ളതു് |
| ത്വം | ഭവതി | മയാ | എന്നാൽ |
| സമാധേയാ ന | ഉപദേശിക്കപ്പെടേണ്ട | അവശ്യം | നിശ്ചയം |
| തേ | ഭവതിക്ക് [വളല്ല. | വാച്യം" | പറയത്തക്കതുതന്നെ." |

ഇതി പ്രതിസമാദിശ്യ പുത്രൗ സീതാം തഥാ സ്നുഷാം
ഇന്ദ്രലോകം വിമാനേന യയൗ ദശരഥോ ജ്വലൻ. 37

| | | | |
|---|---|---|---|
| ദശരഥഃ | ദശരഥമഹാരാജാവ് | പ്രതിസമാദിശ്യ | ഉപദേശിച്ചരുളിയ |
| പുത്രൗ | രണ്ടു പുത്രന്മാരെയും | വിമാനേന | വിമാനത്തിൽ [ഷം |
| തഥാ | അപ്രകാരംതന്നെ | ജ്വലൻ | പരിലസിക്കുന്നവനായി |
| സ്നുഷാം | മരുമകളായ | | |
| സീതാം | സീതാദേവിയെയും | ഇന്ദ്രലോകം | ഇന്ദ്രലോകത്തേക്കായി |
| ഇതി | ഇപ്രകാരം | യയൗ | എഴുന്നള്ളി. |

ഇത്യാർഷേ ശ്രീമദ്രാമായണേ വാൽമീകീയേ ആദികാവ്യേ യുദ്ധകാണ്ഡേ ദ്വാവിംശത്യുത്തരശതതമഃ സർഗ്ഗഃ=നൂററിരുപത്തിരണ്ടാംസർഗ്ഗം സമാപ്തം. ആദ്യംമുതൽ ശ്ലോകസംഖ്യ 20275; യുദ്ധകാണ്ഡം ആദ്യംമുതൽ ശ്ലോകസംഖ്യ 5600.

—(oo)—

## ത്രയോവിംശത്യുത്തരശതതമഃ സർഗ്ഗഃ=നൂററിരുപത്തിമൂന്നാം സർഗ്ഗം

[ഇന്ദ്രവരദാനം=ഇന്ദ്രൻ വരംനൽകുന്നതു്]

പ്രതിയാതേ തു കാകുത്സ്ഥേ മഹേന്ദ്രഃ പാകശാസനഃ
അബ്രവീത് പരമപ്രീതോ രാഘവം പ്രാഞ്ജലിം സ്ഥിതം. 1

| | | | |
|---|---|---|---|
| കാകുത്സ്ഥേ | ദശരഥചക്രവർത്തി | പരമപ്രീതഃ | പരമസന്തുഷ്ടനായി |
| തു | ആ സമയം | പ്രാഞ്ജലിം | തൊഴുതുംകൊണ്ട് |
| പ്രതിയാതേ | എഴുന്നെള്ളിയാറെ | സ്ഥിതം | വർത്തിച്ചിരുന്ന |
| പാകശാസനഃ | പാകവൈരിയായ | രാഘവം | ശ്രീരാഘവനോടായി |
| മഹേന്ദ്രഃ | ദേവേന്ദ്രൻ | അബ്രവീത് | ഉരചെയ്തു. |

അമോഘം ദർശനം രാമ തവാസ്മാകം പരന്തപ
പ്രീതിയുക്താഃ സ്മ തേന ത്വം ബ്രൂഹി യന്മനസേച്ഛസി. 2

| | |
|---|---|
| "പരന്തപ | "ശത്രുവിദ്ധ്വംസക |
| രാമ | ശ്രീരാമ [നായ |
| അസ്മാകം | ഞങ്ങൾക്കു് |
| തവ | നിന്തിരുവടിയുടെ |
| ദർശനം | സന്ദർശനം |
| അമോഘം | പരമഫലപ്രാപ്തികര മാകുന്നു, |
| തേന | ആകയാൽ |
| പ്രീതിയുക്താഃ സ്മ | ഞങ്ങൾ ഏററം സന്തുഷ്ടരായിരിക്കുന്നു; |
| ത്വം | നിന്തിരുവടി |
| മനസാ | മനസ്സുകൊണ്ടു് |
| യത് | യാതൊന്നിനെ |
| ഇച്ഛസി. | ആഗ്രഹിക്കുന്നുവോ ആയതിനെ |
| ബ്രൂഹി." | ഉരചെയ്താലും. |

ഏവമുക്തസ്തു കാകുത്സ്ഥഃ പ്രത്യുവാച കൃതാഞ്ജലിഃ
ലക്ഷ്മണേന സഹ ഭ്രാത്രാ സീതയാ സഹ ഭാര്യയാ. 3

| | |
|---|---|
| ഏവം | ഇപ്രകാരം |
| ഉക്തഃ | ഉരചെയ്യപ്പെട്ടവനായ |
| കാകുത്സ്ഥഃ | ശ്രീരാഘവൻ |
| തു | അപ്പോൾ |
| ഭ്രാത്രാ | അനുജനായ |
| ലക്ഷ്മണേന സഹ | ലക്ഷ്മണനോടുകൂടിയും [യും |
| ഭാര്യയാ | പത്നിയായ |
| സീതയാ സഹ | സീതാദേവിയോടുകൂടി- |
| കൃതാഞ്ജലിഃ | അഞ്ജലികൂപ്പിക്കൊ [ണ്ടു് |
| പ്രത്യുവാച. | മറുപടിയുരച്ചു. |

യദി പ്രീതിഃ സമുത്പന്നാ മയി സർവ്വസുരേശ്വര
വക്ഷ്യാമി കുരു തേ സത്യം വചനം വദതാം വര 4

| | |
|---|---|
| "സർവ്വസുരേശ്വര | "സർവ്വദേവാധിനാഥ |
| മയി | എന്റെപേരിൽ |
| പ്രീതിഃ | പ്രീതി |
| സമുത്പന്നാ യദി | ഉളവായിരിക്കുന്നു എന്നുള്ള പക്ഷം |
| വക്ഷ്യാമി | ഞാൻ ഉണർത്തിക്കുന്നു. |
| വദതാം | വാഗ്മികളിൽ വെച്ചു് |
| വര | ശ്രേഷ്ഠനായുള്ളോവേ |
| തേ | നിന്തിരുവടിയുടെ |
| വചനം | മൊഴി [ലും. |
| സത്യം കുരു. | യഥാർത്ഥമാക്കിച്ചെയ്താ |

മമ ഹേതോഃ പരാക്രാന്താ യേ ഗതാ യമസാദനം
തേ സർവ്വേ ജീവിതം പ്രാപ്യ സമുത്തിഷ്ഠന്തു വാനരാഃ 5

| | |
|---|---|
| "മമ ഹേതോഃ | "എന്റെ കാരണമായി |
| പരാക്രാന്താഃ | പരാക്രമം കയ്ക്കൊണ്ട വരായ |
| യേ | യാതൊരു |
| വാനരാഃ | വാനരന്മാർ |
| യമസാദനം | യമലോകത്തെ |
| ഗതാഃ | പ്രാപിച്ചുവോ |
| തേ സർവ്വേ | അവരെല്ലാം |
| ജീവിതം പ്രാപ്യ | ജീവിച്ചു് |
| സമുത്തിഷ്ഠന്തു | എഴുന്നേല്ക്കട്ടെ. |

മത്കൃതേ വിപ്രയുക്താ യേ പുത്രൈർദ്ദാരൈശ്ച വാനരാഃ
താൻ പ്രീതമനസഃ സർവ്വാൻ ദ്രഷ്ടുമിച്ഛാമി മാനദ 6

| | |
|---|---|
| "മാനദ | "ഗൌരവത്തെ അരുളുന്നവനേ |
| യേ | യാതൊരു |
| വാനരാഃ | വാനരന്മാർ |
| മത്കൃതേ ച | എനിക്കായിത്തന്നെ |
| പുത്രൈർ- ദാരൈഃ വിപ്രയുക്താഃ | പുത്രന്മാരേയും പത്നിമാരേയും വിട്ടുപിരിയുകയുണ്ടായോ |
| താൻ സർവ്വാൻ | അവരെല്ലാവരേയും |
| പ്രീതമനസഃ | സന്തുഷ്ടമനസ്സരായി |
| ദ്രഷ്ടും | കാണ്മാൻ |
| ഇച്ഛാമി | ഞാൻ ആഗ്രഹിക്കുന്നു. |

വിക്രാന്താശ്ചാപി ശൂരാശ്ച ന മൃത്യും ഗണയന്തി ച
കൃതയത്നാ വിപന്നാശ്ച ജീവയൈതാൻ പുരന്ദര 7

| | |
|---|---|
| "പുരന്ദര | "മഹേന്ദ്രദേവ |
| വിക്രാന്താഃ | വിക്രമം കയ്ക്കൊണ്ട് |
| കൃതയത്നാഃ ച | ഉദ്യമിച്ചവരായ |
| ശൂരാഃ ച | ശൂരന്മാരും |
| വിപന്നാഃ ച | മൃതിപ്പെട്ടവരായി |
| മൃത്യും അപി ച | മരണത്തേയും |
| ഗണയന്തി ന | കൂട്ടാക്കാതിരിക്കുന്നു |
| ഏതാൻ | അവരെ |
| ജീവയ. | ജീവിപ്പിച്ചരുളിയാലും |

മത്പ്രിയേഷ്വഭിരക്താശ്ച ന മൃത്യും ഗണയന്തി ച
ത്വത്പ്രസാദാത് സമേയുസ്തേ വരമേതദഹം വൃണേ. 8

| | |
|---|---|
| "മത്പ്രി- യേഷു ച | "എന്റെ പ്രിയങ്ങൾക്കായിതന്നെ |
| അഭിരക്താഃ | അചഞ്ചല പ്രതിപത്തി പൂണ്ടവരായി |
| മൃത്യും ച | മരണത്തേയും |
| ഗണയന്തി ന | ഗണിക്കാതിരിക്കുന്നു |
| തേ | അവർ |
| ത്വത്പ്ര- സാദാത് | നിന്തിരുവടിയുടെ അനുഗ്രഹത്താൽ |
| സമേയുഃ | എന്റെകൂടെ വന്നുചേരട്ടെ; |
| അഹം | ഞാൻ |
| ഏതത് | ഈ |
| വരം | വരത്തെയാണ് |
| വൃണേ. | പ്രാർത്ഥിക്കുന്നത്. |

നീരുജോ നിർവ്രണാംശ്ചൈവ സമ്പന്നബലപൌരുഷാൻ
ഗോലാംഗൂലാംസ്തഥൈവർക്ഷാൻ ദ്രഷ്ടുമിച്ഛാമി മാനദ 9

| | |
|---|---|
| "മാനദ | "ബഹുമാനപ്രദ |
| ഗോലാംഗൂലാൻ | വാനരന്മാരേയും |
| തഥാ ഏവ | അപ്രകാരംതന്നെ |
| ഋക്ഷാൻ | കരടികളേയും |
| നീരുജഃ | വേദനയററവരായും |
| നിർവ്രണാൻ ച | വ്രണങ്ങൾ നീങ്ങിയവരായും |
| സമ്പന്നബല- പൌരുഷാൻ ഏവ | പൂർണ്ണമായ ബലത്തോടും പൌരുഷത്തോടും കൂടിയവരായും |
| ദ്രഷ്ടും | കാൺമാൻ |
| ഇച്ഛാമി | ഞാൻ ആഗ്രഹിക്കുന്നു |

അകാലേ ചാപി മുഖ്യാനി മൂലാനി ച ഫലാനി ച
നദ്യശ്ച വിമലാസ്തത്ര തിഷ്ഠേയുര്യത്ര വാനരാഃ 10

| | |
|---|---|
| വാനരാഃ | "വാനരന്മാർ |
| യത്ര തത്ര | എങ്ങോ അവിടെ |
| അകാലേ അപി ച | കാലമല്ലാകാലത്തിലും കൂടി |
| മുഖ്യാനി | ഉത്കൃഷ്ടങ്ങളായ |
| മൂലാനി ച ഫലാനി ച | ഫലമൂലങ്ങളും |
| വിമലാഃ | നിർമ്മലങ്ങളായ |
| നദ്യഃ ച | നദികളും |
| തിഷ്ഠേയുഃ" | ഉണ്ടായിരിക്കേണം." |

ശ്രുത്വാ തു വചനം തസ്യ രാഘവസ്യ മഹാത്മനഃ
മഹേന്ദ്രഃ പ്രത്യുവാചേദം വചനം പ്രീതിലക്ഷണം. 11

| | | | |
|---|---|---|---|
| മഹേന്ദ്രഃ | മഹേന്ദ്രൻ | ശ്രുത്വാ | അറിഞ്ഞുകൊണ്ട് |
| തു | ആ സമയം | പ്രീതിലക്ഷണം | പ്രീതിയെ വെളിവാക്കുന്ന |
| മഹാത്മനഃ | മഹാത്മാവായ | | |
| തസ്യ രാഘവസ്യ | ആ ശ്രീരാഘവൻെറ | വചനം | ഒരു വാക്യത്തെ |
| വചനം | വചനത്തെ | ഇദം പ്രത്യുവാച | ഇപ്രകാരം ഉരചെയ്തു. |

മഹാനയം വരസ്താത ത്വയോക്തോ രഘുനന്ദന
ദ്വിർമ്മയാ നോക്തപൂർവ്വം ഹി തസ്മാദേതദ്ഭവിഷ്യതി. 12

| | | | |
|---|---|---|---|
| "താത | വത്സ! | ദ്വിഃ | വാക്കുമാറി |
| രഘുനന്ദന | ശ്രീരാഘവ | ഉക്തപൂർവ്വം ന ഹി | ഇതുവരെ പറയപ്പെട്ടിട്ടില്ല |
| ത്വയാ | നിന്തിരുവടിയാൽ | | |
| ഉക്തഃ | ആവശ്യപ്പെടപ്പെട്ട | തസ്മാത് | ആകയാൽ |
| അയം വരഃ | ഈ വരം [തായ | ഏതത് | ഇത് |
| മഹാൻ | മഹത്തായതാണ്. | ഭവിഷ്യതി | അപ്രകാരം തന്നെ സംഭവിക്കുന്നതാണ്. |
| മയാ | എന്നാൽ | | |

സമുത്തിഷ്ഠന്തു തേ സർവ്വേ ഹതാ യേ യുധി രാക്ഷസൈഃ
ഋക്ഷാശ്ച സഹഗോപുച്ഛാ നികൃത്താനനബാഹവഃ 13

| | | | |
|---|---|---|---|
| "യുധി | പോരിൽ | യേ ഋക്ഷാഃ | യാതൊരു കരടികളും |
| രാക്ഷസൈഃ | രാക്ഷസന്മാരാൽ | ഹതാഃ | വധിക്കപ്പെട്ടിരിക്കുന്നുവോ |
| നികൃത്താനനബാഹവഃ | മുഖങ്ങളും കൈകളും ഛേദിക്കപ്പെട്ട് | തേ സർവ്വേ ച | അവരെല്ലാംതന്നെ |
| സഹഗോപുച്ഛാഃ | ഗോപുച്ഛങ്ങളോടുംകൂടി | സമുത്തിഷ്ഠന്തു | എഴുന്നേൽക്കട്ടെ. |

നിരുജോ നിർവ്രണാശ്ചൈവ സമ്പന്നബലപൌരുഷാഃ
സമുത്ഥാസ്യന്തി ഹരയഃ സുപ്താ നിദ്രാക്ഷയേ യഥാ. 14

| | | | |
|---|---|---|---|
| "ഹരയഃ ച | വാനരന്മാരും | സമ്പന്നബലപൌരുഷാ ഏവ | പൂർണ്ണബലപൌരുഷയുക്തന്മാരായി |
| നിരുജഃ | വേദനയററവരായി | സുപ്താ | ഉറങ്ങിക്കിടന്നവർ |
| നിർവ്രണാഃ | വ്രണങ്ങളും മാഞ്ഞവരായി | നിദ്രാക്ഷയേ യഥാ | ഉറക്കുണന്നാലെന്നപോലെ |
| | | സമുത്ഥാസ്യന്തി | എഴുന്നേൽക്കുന്നതാണ്. |

സുഹൃദ്ഭിർബാന്ധവൈശ്ചൈവ ജ്ഞാതിഭിഃ സ്വജനൈരപി
സർവ്വ ഏവ സമേഷ്യന്തി സംയുക്താഃ പരയാ മുദാ. 15

| | | | |
|---|---|---|---|
| "സർവ്വേ ഏവ | "എല്ലാവരുംതന്നെ | ജ്ഞാതിഭിഃ | ജ്ഞാതികളോടും |
| പരയാ മുദാ സംയുക്താഃ | പരമാനന്ദത്തോടു കൂടിയവരായി | സ്വജനൈഃ അപി | സ്വജനങ്ങളോടുംകൂടി |
| സുഹൃദ്ഭിഃ ച | സ്നേഹിതരോടും | സമേഷ്യന്തി | ഒന്നിച്ചു ചേരുന്നതാണ്. |
| ബാന്ധവൈഃ ഏവ | ബന്ധുക്കളോടും | | |

അകാലേ പുഷ്പശബളാഃ ഫലവന്തശ്ച പാദപാഃ
ഭവിഷ്യന്തി മഹേഷ്വാസ നദ്യശ്ച സലിലായുതാഃ 16

| | | | |
|---|---|---|---|
| "മഹേഷ്വാസ | "വൻ വില്ലാളിയായുള്ളോവേ | ഫലവന്തഃ | പഴങ്ങൾ നിറഞ്ഞവയായും |
| അകാലേ ച | അകാലത്തിലുംകൂടി | നദ്യഃ | നദികൾ |
| പാദപാഃ | തരുക്കൾ | സലിലായുതാഃ ച | വെള്ളം നിറഞ്ഞവയായും |
| പുഷ്പശബളാഃ | പൂക്കളിടതിങ്ങിയവയായും | ഭവിഷ്യന്തി" | ഭവിക്കുന്നതാണ്." |

സവ്രണൈഃ പ്രഥമം ഗാത്രൈഃ സംവൃത്തൈർനിർവ്രണൈഃ പുനഃ
തതഃ സമുത്ഥിതാഃ സർവ്വേ സുപ്ത്വേവ ഹരിപുംഗവാഃ
തേ സമേത്യ മുദാ യുക്താ രാഘവായാഭ്യവാദയൻ. 18

| | | | |
|---|---|---|---|
| തതഃ | അനന്തരം | സുപ്ത്വാ ഇവ | ഉറങ്ങിയതിൽപിന്നെ എന്നപോലെ |
| ഹരിപുംഗവാഃ | വാനരോത്തമന്മാർ | സമുത്ഥിതാഃ | എഴുന്നേററവരായി |
| സർവ്വേ | എല്ലാവരും | മുദാ യുക്താഃ | സന്തോഷഭരിതരായി ഭവിച്ചു; |
| പ്രഥമം | മുമ്പ് | തേ | അവർ |
| സവ്രണൈഃ | വ്രണത്തോടു കൂടിയവ[രായി | സമേത്യ | ഒന്നിച്ചുചേൎന്നു |
| പുനഃ | വീണ്ടും | രാഘവായ | ശ്രീരാമന്നായ്ക്കൊണ്ട് |
| നിർവ്രണൈഃ | വ്രണങ്ങളററവരായി | അഭ്യവാദയൻ | നമസ്കൃതി ചെയ്തു. |
| സംവൃത്തൈഃ | ഭവിച്ച | | |
| ഗാത്രൈഃ | അവയവങ്ങളോടുകൂടി | | |

താൻ ദൃഷ്ട്വാ യുദ്ധനിഹതാൻ പുനരേവ സമുത്ഥിതാൻ
ബഭ്രുവുർവ്വാനരാഃ സർവ്വേ കിമേതദിതി വിസ്മിതാഃ 19

| | | | |
|---|---|---|---|
| യുദ്ധനിഹതാൻ | യുദ്ധത്തിൽ വധിക്കപ്പെട്ടവരായ | വാനരാഃ സർവ്വേ | വാനരന്മാരെല്ലാം |
| താൻ | അവരെ | "ഏതത് കിം" | "ഇതെന്താണ്" |
| പുനഃ ഏവ | വീണ്ടും | ഇതി | എന്നിങ്ങിനെ |
| സമുത്ഥിതാൻ | എഴുന്നേററവരായി | വിസ്മിതാഃ | ആശ്ചര്യഭരിതരായി |
| ദൃഷ്ട്വാ | കണ്ട് | ബഭ്രുവുഃ | ഭവിച്ചു. |

കാകുത്സ്ഥം പരിപൂർണ്ണാർത്ഥം ദൃഷ്ട്വാ സർവ്വേ സുരോത്തമാഃ
ഊചുസ്തേ പ്രഥമം സ്തുത്വാ സ്തവാർഹം സലക്ഷ്മണം. 20

| | | | |
|---|---|---|---|
| തേ | ആ | സ്തുത്യാർഹം | സ്തുത്യർഹനും |
| സുരോത്തമാഃ സർവ്വേ | ദേവോത്തമന്മാരെല്ലാം | സഹലക്ഷ്മണം | ലക്ഷ്മണസഹിതനുമായ അദ്ദേഹത്തെ |
| കാകുത്സ്ഥം | ശ്രീരാഘവനെ | പ്രഥമം | ആദ്യം |
| പരിപൂർണ്ണാർത്ഥം | അഭീഷ്ടപൂർത്തി കൈവന്നവനായി | സ്തുത്വാ | പുകഴ്ത്തിക്കൊണ്ട് |
| ദൃഷ്ട്വാ | കണ്ട് | ഊചുഃ | ഇപ്രകാരം ഉണർത്തിച്ചു. |

ഗച്ഛായോദ്ധ്യാമിതോ വീര വിസർജ്ജയ ച വാനരാൻ
മൈഥിലീം സാന്ത്വയസ്വൈനാമനുരക്താം തപസ്വിനീം
ശത്രുഘ്നം ച മഹാത്മാനം മാതൄഃ സർവ്വാഃ പരന്തപ. 21

| | | | |
|---|---|---|---|
| “പരന്തപ | “ശത്രുസംഹാരകനായ | തപസ്വിനീം | പതിവ്രതാശിരോമണിയും ആയ |
| വീര | വീര! | ഏനാം | ഈ |
| ഇതഃ | ഇങ്ങുനിന്നും | മൈഥിലീം | ജാനകീദേവിയേയും |
| അയോദ്ധ്യാം | അയോദ്ധ്യയിലേക്ക് | മഹാത്മാനം | മഹാത്മാവായ |
| ഗച്ഛ | എഴുന്നെള്ളിയാലും; | ശത്രുഘ്നം ച | ശത്രുഘ്നനേയും |
| വാനരാൻ ച | വാനരന്മാരേയും | മാതൄഃ | മാതൃജനങ്ങളേയും |
| വിസർജ്ജയ | വിടകൊടുത്തയച്ചാലും; | സർവ്വാഃ | എല്ലാം |
| അനുരക്താം | അചഞ്ചലഭക്തിയുക്തയും | സാന്ത്വയസ്വ. | സമാധാനിപ്പിച്ചരുളിയാലും. |

ഭ്രാതരം പശ്യ ഭരതം ത്വച്ഛോകാദ്വ്രതധാരിണം
അഭിഷേചയ ചാത്മാനം പൌരാൻ ഗത്വാ പ്രഹർഷയ. 22

| | | | |
|---|---|---|---|
| “ത്വച്ഛോകാത് | “നിന്തിരുവടിനിമിത്തമുള്ള ശോകത്താൽ | പശ്യ | ചെന്നു വീക്ഷിച്ചാലും; |
| വ്രതധാരിണം | വ്രതത്തെ കയ്ക്കൊണ്ടിരിക്കുന്ന | ഗത്വാ | അങ്ങുചെന്ന് |
| ഭ്രാതരം | ഭ്രാതാവായ | പൌരാൻ | പൌരജനങ്ങളെ |
| ഭരതം | ഭരതനെ | പ്രഹർഷയ | ആനന്ദഭരിതരാക്കിയാലും |
| | | ആത്മാനം ച | നിന്തിരുവടിക്കും |
| | | അഭിഷേചയ.” | മുടിചൂടിക്കൊണ്ടാലും” |

ഏവമുക്ത്വാ തമാമന്ത്ര്യ രാമം സൌമിത്രിണാ സഹ
വിമാനൈഃ സൂര്യ്യസങ്കാശൈർഹൃഷ്ടാ ജഗ്മുഃ സുരാ ദിവം. 23

| | | | |
|---|---|---|---|
| സുരാഃ | ദേവകൾ | ഹൃഷ്ടാഃ | ആനന്ദമുൾക്കൊണ്ടവരായി |
| ഏവം | ഇപ്രകാരം | സൂര്യ്യസങ്കാശൈഃ | സൂര്യ്യസദൃശങ്ങളായ |
| ഉക്ത്വാ | ഉരചെയ്തശേഷം | വിമാനൈഃ | വിമാനങ്ങളിൽ കയറിക്കൊണ്ട് |
| സൌമിത്രിണാ സഹ | ലക്ഷ്മണനോടുംകൂടി | ദിവം | ദേവലോകത്തിലേക്ക് |
| തം രാമം | ആ ശ്രീരാഘവനോടായി | ജഗ്മുഃ | യാത്രചെയ്തു. |
| ആമന്ത്ര്യ | വിടവാങ്ങിക്കൊണ്ട് | | |

അഭിവാദ്യ ച കാകുത്സ്ഥഃ സൎവ്വാംസ്താംസ്ത്രിദശോത്തമാൻ
ലക്ഷ്മണേന സഹ ഭ്രാത്രാ വാസമാജ്ഞാപയത്തദാ. 24

| | | | |
|---|---|---|---|
| കാകുത്സ്ഥഃ | ശ്രീരാഘവൻ | സൎവ്വാൻ | എല്ലാം |
| ഭ്രാത്രാ | അനുജനായ | അഭിവാദ്യ ച | വന്ദിച്ചശേഷം |
| ലക്ഷ്മണേന സഹ | ലക്ഷ്മണനോടുംകൂടി | തദാ | അപ്പോൾ |
| താൻ | ആ | വാസം | വിശ്രമിപ്പാനായി |
| ത്രിദശോത്തമാൻ | ദേവശ്രേഷ്ഠന്മാരെ | ആജ്ഞാപയത്. | ആജ്ഞനൽകി. |

തതസ്തു സാ ലക്ഷ്മണരാമപാലിതാ
മഹാചമൂർഹൃഷ്ടജനാ യശസ്വിനീ
ശ്രിയാ ജ്വലന്തീ വിരരാജ സൎവ്വതോ
നിശാ പ്രണീതേവ ഹി ശീതരശ്മിനാ. 25

| | | | |
|---|---|---|---|
| തതഃ | ആ സമയം | ലക്ഷ്മണരാമപാലിതാ തു | ലക്ഷ്മണനാലും ശ്രീരാമനാലും പരിപാലിക്കപ്പെട്ടതുമായ |
| ഹൃഷ്ടജനാ | പ്രീതിപൂണ്ട ജനങ്ങളോടുകൂടിയതും | സാ | ആ |
| യശസ്വിനീ | കീർത്തിപൂണ്ടതും | മഹാചമൂഃ | വൻസൈന്യം |
| സൎവ്വതഃ | എങ്ങും | ശീതരശ്മിനാ | കുളർമതിയോടുകൂടി |
| ശ്രിയാ | ശ്രീയാൽ | പ്രണീതാ | പരിലസിക്കുന്ന |
| ജ്വലന്തീ | ഉജ്ജ്വലിക്കുന്നതും | നിശാ ഇവ ഹി | രാത്രിയെന്നപോലെ |
| | | വിരരാജ. | പരിശോഭിച്ചു. |

**ഇത്യാൎഷേ ശ്രീമദ്രാമായണേ വാല്മീകീയേ ആദികാവ്യേ യുദ്ധകാണ്ഡേ**
**ത്രയോവിംശത്യുത്തരശതതമഃ സൎഗ്ഗഃ = നൂററിരുപത്തിമൂന്നാംസൎഗ്ഗം സമാപ്തം**
**ആദ്യം മുതൽ ശ്ലോകസംഖ്യ 20300; യുദ്ധകാണ്ഡം ആദ്യം മുതൽ ശ്ലോകസംഖ്യ 5625**

—oo—

## ചതുർവിംശത്യുത്തരശതതമഃ സൎഗ്ഗഃ = നൂററിരുപത്തിനാലാംസൎഗ്ഗം

[വിഭീഷണസല്ക്കാരഃ=വിഭീഷണൻ സല്ക്കരിക്കുന്നതു്]

താം രാത്രിമുഷിതം രാമം സുഖോത്ഥിതമരിന്ദമം
അബ്രവീത്പ്രാഞ്ജലിർവ്വാക്യം ജയം പൃഷ്ട്വാ വിഭീഷണഃ 1

| | | | |
|---|---|---|---|
| താം രാത്രിം | അന്നത്തെ രാത്രി | വിഭീഷണഃ | വിഭീഷണൻ |
| ഉഷിതം | കഴിച്ചുകൂട്ടി | പ്രാഞ്ജലിഃ | തൊഴുതുംകൊണ്ടു് |
| സുഖോത്ഥിതം | സുഖമാംവണ്ണം പള്ളിയുറക്കുണർന്നവനായ | ജയം | ജയജയശബ്ദം |
| | | പൃഷ്ട്വാ | കൂറിയശേഷം |
| അരിന്ദമം | ശത്രുധ്വംസകനായ | വാക്യം അബ്രവീത്. | ഇപ്രകാരം ഉണർത്തിച്ചു. |
| രാമം | ശ്രീരാഘവനോടായി | | |

സ്നാനാനി ചാംഗരാഗാണി വസ്ത്രാണ്യാഭരണാനി ച
ചന്ദനാനി ച ദിവ്യാനി മാല്യാനി വിവിധാനി ച 2
അലങ്കാരവിദശ്ചേമാ നാര്യഃ പദ്മനിഭേക്ഷണാഃ
ഉപസ്ഥിതാസ്ത്വാം വിധിവത് സ്നാപയിഷ്യന്തി രാഘവ
പ്രതിഗൃഹ്ണീഷ്വ തത്സർവ്വം മദനുഗ്രഹകാമ്യയാ. 3

| | | | |
|---|---|---|---|
| "രാഘവ | "ശ്രീരാമ! | സ്നാനാനി ച | സ്നാനദ്രവ്യങ്ങളേയും |
| അലങ്കാരവിദഃ | അലങ്കരിക്കുന്നതിൽ നൈപുണ്യമാന്നവരും | അംഗരാഗാണി | കുറിക്കൂട്ടുകളേയും |
| പദ്മനിഭേക്ഷണാഃ ച | ചെന്താർനേത്രകളുമായ | വസ്ത്രാണി | വസ്ത്രങ്ങളേയും |
| ഇമാഃ നാര്യഃ | ഈ നാരിമാർ | ആഭരണാനി ച | ആഭരണങ്ങളേയും |
| ഉപസ്ഥിതാഃ; | വന്നിരിക്കുന്നു; | ദിവ്യാനി | വിശേഷപ്പെട്ട |
| ത്വാം | നിന്തിരുവടിയെ | ചന്ദനാനി ച | കളഭക്കൂട്ടുകളേയും |
| വിധിവത് | വഴിപോലെ | വിവിധാനി | പല |
| സ്നാപയിഷ്യന്തി | നീരാടിക്കുന്നതാണ് | മാല്യാനി ച | പൂമാലകളേയും |
| മദനുഗ്രഹകാമ്യയാ | എന്നെ അനുഗ്രഹിപ്പാൻ തിരുവുള്ളമുണ്ടായി | തത് സർവ്വം | അതെല്ലാററിനേയും |
| | | പ്രതിഗൃഹ്ണീഷ്വ." | അംഗീകരിച്ചാലും." |

ഏവമുക്തസ്തു കാകുത്സ്ഥഃ പ്രത്യുവാച വിഭീഷണം
ഹരീൻ സുഗ്രീവമുഖ്യാംസ്ത്വം സ്നാനേനാഭിനിമന്ത്രയ. 4

| | | | |
|---|---|---|---|
| തു | ആ സമയം | "ത്വം | "അങ്ങ് |
| ഏവം | ഇപ്രകാരം | സുഗ്രീവമുഖ്യാൻ | സുഗ്രീവൻ മുമ്പായുള്ള |
| ഉക്തഃ | ഉരചെയ്യപ്പെട്ടവനായ | ഹരീൻ | വാനരന്മാരെ |
| കാകുത്സ്ഥഃ | ശ്രീരാഘവൻ | സ്നാനേന | സ്നാനദ്രവ്യത്താൽ |
| വിഭീഷണം | വിഭീഷണനോടായി | അഭിനിമന്ത്രയ. | ഉപചരിച്ചാലും. |
| പ്രത്യുവാച | മറുപടിയരുളിച്ചെയ്തു; | | |

സ തു താമ്യതി ധർമ്മാത്മാ മമ ഹേതോഃ സുഖോചിതഃ
സുകുമാരോ മഹാബാഹുഃ കുമാരഃ സത്യസംശ്രവഃ 5

| | | | |
|---|---|---|---|
| "തു | "ഇപ്പോഴാവട്ടെ | സത്യസംശ്രവഃ | സത്യത്തെത്തന്നെ സർവ്വോത്തമമായി കൈക്കൊണ്ടുള്ളവനുമായ |
| സഃ | ആ | കുമാരഃ | കുമാരനായ ഭരതൻ |
| ധർമ്മാത്മാ | ധർമ്മാത്മാവും | മമ ഹേതോഃ | ഞാൻ നിമിത്തമായി |
| മഹാബാഹുഃ | മഹാബാഹുവും | താമ്യതി | പരിതാപദശയിൽ വർത്തിക്കുന്നു. |
| സുകുമാരഃ | സുഭഗശരീരനും | | |
| സുഖോചിതഃ | സുഖാർഹനും | | |

[''സത്യസംശ്രയഃ'':— "ചതുർദ്ദശേ ഹി സംപൂർണ്ണേ വർഷേഽഹനി രഘൂത്തമ--ന ദ്രക്ഷ്യാമി യദി ത്വാം ഹി പ്രവേക്ഷ്യാമി ഹുതാശനം'' എന്ന പ്രതിജ്ഞയെ തെററാതെ നടത്തുന്നവൻ (ഗോ. ൨൦)]

തം വിനാ കേകയീപുത്രം ഭരതം ധർമ്മചാരിണം
ന മേ സ്നാനം ബഹുമതം വസ്ത്രാണ്യാഭരണാനി ച. 6

| | | | |
|---|---|---|---|
| "തം | "ആ | സ്നാനം | സ്നാനമെന്നതു് |
| കേകയീപുത്രം | കൈകേയിമാതാവി | ബഹുമതം ന | രുചിക്കുന്നതല്ല; |
| | ന്റെ പുത്രനും | വസ്ത്രാണി | വസ്ത്രങ്ങളും |
| ധർമ്മചാരിണം | ധർമ്മനിഷ്ഠനുമായ | ആഭരണാനി | അലങ്കാരങ്ങളും |
| ഭരതം വിനാ | ഭരതനെ കൂടാതെ | ച. | അപ്രകാരംതന്നെ |
| മേ | എനിക്കു് | | സമ്മതമായവയല്ല. |

ഇത ഏവ പഥാ ക്ഷിപ്രം പ്രതിഗച്ഛാമി താം പുരീം
അയോദ്ധ്യാമാഗതോ ഹ്യേഷ പന്ഥാഃ പരമദുർഗ്ഗമഃ 7

| | | | |
|---|---|---|---|
| "ഇതഃ | "ഈ | അയോദ്ധ്യാം | അയോദ്ധ്യക്കു് |
| പഥാ ഏവ | മാർഗ്ഗമായിതന്നെ | ആഗതഃ | എത്തുന്ന |
| താം | ആ | ഏഷഃ | ഈ |
| പുരീം | അയോദ്ധ്യാപുരത്തി | പന്ഥാഃ ഹി | മാർഗ്ഗമാണെങ്കിൽ |
| ക്ഷിപ്രം | വേഗത്തിൽ [ലേക്കു് | പരമദുർഗ്ഗമഃ" | അതിദുർഘടമായതാ |
| പ്രതിഗച്ഛാമി | ഞാൻ മടങ്ങുകയാണു്; | | കുന്നു." |

ഏവമുക്തസ്തു കാകുത്സ്ഥം പ്രത്യുവാച വിഭീഷണഃ
അഹ്നാ ത്വാം പ്രാപയിഷ്യാമി താം പുരീം പാർത്ഥിവാത്മജ 8

| | | | |
|---|---|---|---|
| തു | അപ്പോൾ | ''പാർത്ഥിവാത്മജ | ''ചക്രവർത്തിതനൂജ |
| ഏവം | ഇപ്രകാരം | | |
| ഉക്തഃ | ഉരചെയ്യപ്പെട്ടവനായ | ത്വാം | നിന്തിരുവടിയെ |
| വിഭീഷണഃ | വിഭീഷണൻ | താം പുരീം | ആ നഗരത്തിലേക്കു് |
| കാകുത്സ്ഥം | ശ്രീരാമനോടായി | അഹ്നാ | ഒരു പകൽകൊണ്ടു് |
| പ്രത്യുവാച | മറുപടിയുണർത്തിച്ചു. | പ്രാപയിഷ്യാമി | ഞാൻഎത്തിക്കുന്നുണ്ടു്. |

പുഷ്പകം നാമ ഭദ്രം തേ വിമാനം സൂര്യസന്നിഭം
മമ ഭ്രാതുഃ കുബേരസ്യ രാവണേനാഹൃതം ബലാത്. 9

| | | | |
|---|---|---|---|
| "ഭദ്രം തേ | "നിന്തിരുവടിക്കു് സർവ്വ | പുഷ്പകം നാമ | പുഷ്പകമെന്ന |
| | മംഗളവും ഉണ്ടാകട്ടെ | വിമാനം | വിമാനം |
| മമ ഭ്രാതുഃ | എന്റെ ജ്യേഷ്ഠനായ | രാവണേന | രാവണനാൽ |
| കുബേരസ്യ | കുബേരന്റെ | ബലാത്. | ബലാത്കാരമായി |
| സൂര്യസന്നിഭം | സൂര്യസങ്കാശമായ | ആഹൃതം | അപഹരിക്കപ്പെട്ടു. |

ഹൃതം നിർജ്ജിത്യ സംഗ്രാമേ കാമഗം ദിവ്യമുത്തമം
ത്വദർത്ഥം പാലിതം ചൈതത്തിഷ്ഠത്യതുലവിക്രമ. 10

| | | | |
|---|---|---|---|
| "അതുലവിക്രമ | "നിസ്തുല്യപരാക്രമശാലിയായുള്ളോവേ | ഉത്തമം | ശ്രേഷ്ഠവും |
| സംഗ്രാമേ | പോരിൽ | ദിവ്യം | ദിവ്യവുമായ |
| നിർജ്ജിത്യ | തോല്പിച്ചു് | ഏതത് | ഈ വിമാനം |
| ഹൃതം | അപഹരിച്ചുകൊണ്ടുവരപ്പെട്ടതും | ത്വദർത്ഥം | നിന്തിരുവടിക്കുവേണ്ടിത്തന്നെയാണ് |
| കാമഗം | ഇഷ്ടംപോലെ ഗമിക്കുന്നതും | പാലിതം | രക്ഷിക്കപ്പെട്ട് |
| | | തിഷ്ഠതി. | വർത്തിക്കുന്നത്. |

തദിദം മേഘസങ്കാശം വിമാനമിഹ തിഷ്ഠതി
തേന യാസ്യസി യാനേന ത്വമയോദ്ധ്യാം ഗതജ്വരഃ 11

| | | | |
|---|---|---|---|
| "തത് | "അപ്രകാരമുള്ള | തേന | ആ |
| മേഘസങ്കാശം | മേഘതുല്യമായ | യാനേന | വിമാനത്തിൽ കയറിക്കൊണ്ട് |
| ഇദം വിമാനം | ഈ വിമാനം | | |
| ഇഹ | ഇവിടെ | അയോദ്ധ്യാം | അയോദ്ധ്യയിലേയ്ക്കു് |
| തിഷ്ഠതി | തയ്യാറുണ്ടു്; | ഗതജ്വരഃ | ചിന്തയററവനായി |
| ത്വം | നിന്തിരുവടി | യാസ്യസി | എഴുന്നെള്ളിയാലും. |

അഹം തേ യദ്യനുഗ്രാഹ്യോ യദി സ്മരസി മേ ഗുണാൻ
വസ താവദിഹ പ്രാജ്ഞ യദ്യസ്തി മയി സൌഹൃദം 12

| | | | |
|---|---|---|---|
| "പ്രാജ്ഞ | "സർവ്വജ്ഞനായുള്ളോവേ | സ്മരസി യദി | തിരുവുള്ളത്തിൽ സ്മരിക്കുന്നു എന്നു വരികിൽ |
| അഹം | ഞാൻ | മയി | എന്റെ പേരിൽ |
| തേ | നിന്തിരുവടിയാൽ | സൌഹൃദം | സ്നേഹം |
| അനുഗ്രാഹ്യഃ യദി | അനുഗ്രഹിക്കപ്പെടുവാൻ തക്ക പാത്രമാണെന്നുവരികിൽ | അസ്തി യദി | ഉണ്ടെന്നുംവരികിൽ |
| | | ഇഹ | ഇവിടെ |
| | | താവത് | ഇപ്പോഠം |
| മേ | ഇവന്റെ | വസ. | താമസിപ്പാൻ തിരുവുള്ളമുണ്ടാകേണം. |
| ഗുണാൻ | ഗുണങ്ങളെ | | |

ലക്ഷ്മണേന സഹ ഭ്രാത്രാ വൈദേഹ്യാ ചാപി ഭാര്യയാ
അർച്ചിതഃ സർവ്വകാമൈസ്ത്വം തതോ രാമ ഗമിഷ്യസി. 13

| | | | |
|---|---|---|---|
| "രാമ | "ശ്രീരാമ | ലക്ഷ്മണേന സഹ | ലക്ഷ്മണനോടുകൂടിയും |
| ത്വം | നിന്തിരുവടി | | |
| ഭ്രാത്രാ | അനുജനായ | ഭാര്യയാ | പത്നിയായ |

| | |
|---|---|
| വൈദേഹ്യാ അപി ച | വൈദേഹീദേവിയോടുകൂടിയും |
| സർവ്വകാമൈഃ | സർവ്വഭോഗങ്ങളെക്കൊണ്ടും |
| അർച്ചിതഃ | പൂജിക്കപ്പെട്ടവനായി |
| തതഃ | അതിൽ പിന്നെ |
| ഗമിഷ്യസി. | എഴുന്നെള്ളിയാലും. |

പ്രീതിയുക്തസ്യ മേ രാമ സസൈന്യഃ സസുഹൃദ്ഗണഃ
സത്ക്രിയാം വിഹിതാം താവദ്ഗൃഹാണ ത്വം മയോദ്യതാം

| | |
|---|---|
| "രാമ | "ശ്രീരാമ |
| ത്വം | നിന്തിരുവടി |
| സസൈന്യഃ | സൈന്യസമേതനായും |
| സസുഹൃദ്ഗണഃ | സുഹൃദ്ഗണങ്ങളോടുകൂടിയും |
| പ്രീതിയുക്തസ്യ | അചഞ്ചലഭക്തി കയ്ക്കൊണ്ടവനായ |
| മേ | ഈയുള്ളവന്റെ പേരിൽ |
| താവത് | ഇപ്പോൾ |
| മയാ | അടിയനാൽ |
| ഉദ്യതാം | സജ്ജമാക്കപ്പെട്ട |
| വിഹിതാം | ഉചിതമായ |
| സത്ക്രിയാം | സത്കാരത്തെ |
| ഗൃഹാണ. | സ്വീകരിച്ചരുളിയാലും |

പ്രണയാദ്ബഹുമാനാച്ച സൌഹൃദേന ച രാഘവ
പ്രസാദയാമി പ്രേഷ്യോഽഹം ന ഖല്വാജ്ഞാപയാമി തേ. 15

| | |
|---|---|
| "രാഘവ | "ശ്രീരാഘവ |
| പ്രേഷ്യ | ദാസനായ |
| അഹം | അടിയൻ |
| പ്രണയാത് | അഭിനിവേശത്താലും |
| ബഹുമാനാത് ച | ബഹുമാനത്താലും |
| സൌഹൃദേന ച | സൌഹാർദ്ദത്താലും |
| പ്രസാദയാമി | അപേക്ഷിക്കയാണ്; |
| തേ | നിന്തിരുവടിയോട് |
| ആജ്ഞാപയാമി ന | ശാസിക്കയല്ല |
| ഖലു." | നിശ്ചയം." |

ഏവമുക്തസ്തതോ രാമഃ പ്രത്യുവാച വിഭീഷണം
രക്ഷസാം വാനരാണാം ച സർവ്വേഷാം ചോപശൃണ്വതാം 16

| | |
|---|---|
| ഏവം | ഇപ്രകാരം |
| ഉക്തഃ | അപേക്ഷിക്കപ്പെട്ടവനായ |
| രാമഃ | ശ്രീരാമൻ |
| തതഃ | അപ്പോൾ |
| രക്ഷസാം | രാക്ഷസന്മാരും |
| വാനരാണാം ച | വാനരന്മാരും |
| സർവ്വേഷാം ച | എല്ലാവരും |
| ഉപശൃണ്വതാം | കേട്ടുകൊണ്ടിരിക്കെ തന്നെ |
| വിഭീഷണം | വിഭീഷണനോടായി |
| പ്രത്യുവാച. | മറുപടിയരുളി. |

പൂജിതോഽഹം ത്വയാ സൌമ്യ സാചിവ്യേന പരന്തപ
സർവ്വാത്മനാ ച ചേഷ്ടാഭിഃ സൌഹൃദേനോത്തമേന ച 17

| | |
|---|---|
| "സൌമ്യ | "പുണ്യശീല |
| പരന്തപ | ശത്രുവിധ്വംസക |
| അഹം | ഞാൻ |
| ത്വയാ | ഭവാനാൽ |
| സാചിവ്യേന | ഉപദേശത്താലും |
| ചേഷ്ടാഭിഃ ച | പ്രവൃത്തികളാലും |
| ഉത്തമേന | ഉത്കൃഷ്ടമായ |
| സൌഹൃദേന ച | മൈത്രിയാലും |
| സർവ്വാത്മനാ | സർവ്വപ്രകാരത്തിലും |
| പൂജിതഃ | ഗൌരവപ്പെടുത്തപ്പെട്ടു. |

ന ഖല്വേതന്ന കുൎയ്യാം തേ വചനം രാക്ഷസേശ്വര
തം തു മേ ഭ്രാതരം ദ്രഷ്ടും ഭരതം ത്വരതേ മനഃ 18
മാം നിവൎത്തയിതും യോऽസൌ ചിത്രകൂടമുപാഗതഃ
ശിരസാ യാചതോ യസ്യ വചനം ന കൃതം മയാ 19
കൌസല്യാം ച സുമിത്രാം ച കൈകേയീം ച യശസ്വിനീം
ഗുരൂംശ്ച സുഹൃദശ്ചൈവ പൌരാംശ്ച തനയൈഃ സഹ. 20

| | | | |
|---|---|---|---|
| "രാക്ഷസേശ്വര | "രാക്ഷസേശ്വര | മയാ | എന്നാൽ |
| തേ ഏതത് | അങ്ങയുടെ ഈ | കൃതം ന | കയ്ക്കൊള്ളപ്പെട്ടില്ലയോ |
| വചനം | അപേക്ഷയെ | തം ഭ്രാതരം | ആ ഭ്രാതാവായ |
| കുൎയ്യാം ന | ഞാൻ കയ്ക്കൊള്ളുകയില്ല എന്നത് | ഭരതം | ഭരതനെയും |
| ന ഖലു | ഇല്ലതന്നെ; | കൌസല്യാം ച | കൌസല്യാമാതാവിനേയും |
| തു യഃ | എങ്കിലും യാതൊരു | സുമിത്രാം ച | സുമിത്രാമാതാവിനേയും |
| അസൌ മാം | ഇവൻ എന്നെ | യശസ്വിനീം | കീൎത്തിമതിയായ |
| നിവൎത്തയിതും | തിരിയെ കൂട്ടിക്കൊണ്ടുപോരുവാൻ വേണ്ടി | കൈകേയീം | കൈകേയീമാതാവിനേയും |
| ചിത്രകൂടം | ചിത്രകൂടത്തിലേക്ക് | ഗുരൂൻ ച | ആചാൎയ്യന്മാരേയും |
| ഉപാഗതഃ | വരികയുണ്ടായോ | സുഹൃദഃ ഏവ ച | സുഹൃത്തുക്കളേയും |
| ശിരസാ | തലകുമ്പിട്ട് | തനയൈഃ സഹ | പുത്രന്മാരോടുകൂടിയ |
| യാചതഃ | അപേക്ഷിക്കുന്നവനായ | പൌരാൻ ച | പൌരന്മാരേയും |
| യസ്യ | യാതൊരു അവന്റെ | ദ്രഷ്ടും | കാണുവാനായി |
| വചനം | ആഗ്രഹം | മേ മനഃ | എന്റെ അകക്കാമ്പ് |
| | | ത്വരതേ | തുടിക്കുന്നു. |

ഉപസ്ഥാപയ മേ ക്ഷിപ്രം വിമാനം രാക്ഷസേശ്വര
കൃതകാൎയ്യസ്യ മേ വാസഃ കഥംസ്വിദിഹ സമ്മതഃ 21

| | | | |
|---|---|---|---|
| "രാക്ഷസേശ്വര | "രാക്ഷസേശ്വര | കൃതകാൎയ്യസ്യ | ഉദ്ദേശിച്ച കാൎയ്യം പൂൎത്തിയാക്കിക്കഴിഞ്ഞവനായ |
| വിമാനം | വിമാനത്തെ | മേ ഇഹ | എനിക്ക് ഇവിടെ |
| ക്ഷിപ്രം | ഉടനെ തന്നെ | വാസഃ | താമസിക്കുക എന്നത് |
| മേ | എനിക്കായി | കഥംസ്വിത് | എങ്ങിനെതന്നെയാണ് |
| ഉപസ്ഥാപയ | ഇങ്ങു വരുത്തിയാലും; | സമ്മതഃ | സമ്മതമായിരിക്കുക. |

അനുജാനീഹി മാം സൌമ്യ പൂജിതോऽസ്മി വിഭീഷണ
മന്യുൎന ഖലു കൎത്തവ്യസ്ത്വരിതം ത്വാऽനുമാനയേ. 22

| | | | |
|---|---|---|---|
| "സൌമ്യ | "ശാന്തശീല | മന്യുഃ ഖലു | കോപം തന്നെ |
| വിഭീഷണ | വിഭീഷണ | കൎത്തവ്യഃ ന | കയ്ക്കൊള്ളാതിരുന്നാലും; |
| പൂജിതഃ അസ്മി | ഞാൻ ഉപചരിക്കപ്പെട്ടുകഴിഞ്ഞു | ത്വാ | ഭവാനോട് |
| മാം | എനിക്ക് | ത്വരിതം | ബദ്ധപ്പെട്ട് |
| അനുജാനീഹി | അനുമതി നൽകിയാലും; | അനുമാനയേ." | ഞാൻ യാത്രപറഞ്ഞുകൊള്ളുന്നു." |

രാഘവസ്യ വചഃ ശ്രുത്വാ രാക്ഷസേന്ദ്രോ വിഭീഷണഃ
തം വിമാനം സമാദായ തൂർണ്ണം പ്രതിനിവർത്തത 23
തതഃ കാഞ്ചനചിത്രാംഗം വൈഡൂര്യ്യമയവേദികം
കൂടാഗാരൈഃ പരിക്ഷിപ്തം സർവ്വതോ രജതപ്രഭം 24
പാണ്ഡുരാഭിഃ പതാകാഭിർധ്വജൈശ്ച സമലങ്കൃതം
ശോഭിതം കാഞ്ചനൈർഹർമ്മ്യൈർഹേമപദ്മവിഭൂഷിതം 25
പ്രകീർണ്ണം കിങ്കിണീജാലൈർമ്മുക്താമണിഗവാക്ഷിതം
ഘണ്ടാജാലൈഃ പരിക്ഷിപ്തം സർവ്വതോ മധുരസ്വനം 26
യന്മേരുശിഖരാകാരം നിർമ്മിതം വിശ്വകർമ്മണാ
ബഹുഭിർഭൂഷിതം ഹർമ്മ്യൈർമുക്താരജതസന്നിഭൈഃ 27
തലൈഃ സ്ഫാടികചിത്രാംഗൈർവൈഡൂര്യ്യശ്ച വരാസനൈഃ
മഹാർഹാസ്തരണോപേതൈരുപപന്നം മഹാധനൈഃ 28

| | |
|---|---|
| രാക്ഷസേന്ദ്രഃ | രാക്ഷസേശ്വരനായ |
| വിഭീഷണഃ | വിഭീഷണൻ |
| രാഘവസ്യ | ശ്രീരാഘവന്റെ |
| വചഃ | വാക്യത്തെ |
| ശ്രുത്വാ | കേട്ട് |
| തതഃ | ആ സമയം |
| കാഞ്ചനചിത്രാംഗം | പൊൻകൊണ്ടുള്ള മനോഹരമായ വടിവാന്നതും |
| വൈഡൂര്യ്യമയവേദികം | വൈഡൂര്യ്യമയമായ മേടകളാന്നതും |
| കൂടാഗാരൈഃ | മണ്ഡപങ്ങളാൽ |
| പരിക്ഷിപ്തം | നിറയപ്പെട്ടതും |
| സർവ്വതഃ | എങ്ങും |
| രജതപ്രഭം | വെള്ളിപോലെ പ്രഭയാന്നതും |
| പാണ്ഡുരാഭിഃ പതാകാഭിഃ | വെള്ളക്കൊടിക്കൂറകൾ കൊണ്ടും |
| ധ്വജൈഃ ച | ധ്വജങ്ങൾകൊണ്ടും |
| സമലംകൃതം | അലങ്കരിക്കപ്പെട്ടതും |
| കാഞ്ചനൈഃ ഹർമ്മ്യൈഃ | സ്വർണ്ണഹർമ്മ്യങ്ങളാൽ |
| ശോഭിതം | ഭംഗിവാച്ചതും |
| ഹേമപദ്മവിഭൂഷിതം | സ്വർണ്ണത്താമരപ്പൂക്കൾ കൊണ്ട് അലങ്കരിക്കപ്പെട്ടതും |

| | |
|---|---|
| കിങ്കിണീജാലൈഃ | അനേകം കിങ്ങിണികളാൽ |
| പ്രകീർണ്ണം | നിറയപ്പെട്ടതും |
| മുക്താമണിഗവാക്ഷിതം | മുത്തുകൊണ്ടും മരതകം കൊണ്ടും നിർമ്മിക്കപ്പെട്ട ജനലുകളോടുകൂടിയതും |
| ഘണ്ടാജാലൈഃ | കൊടമണികളുടെ മാലകളാൽ |
| പരിക്ഷിപ്തം | നിറയപ്പെട്ടതും |
| സർവ്വതഃ | എങ്ങും |
| മധുരസ്വനം | മധുരമായ ശബ്ദത്തോടുകൂടിയതും |
| വിശ്വകർമ്മണാ | ബ്രഹ്മദേവനാൽ |
| മേരുശിഖരാകാരം | മേരുപർവ്വതമൊത്തതായി |
| നിർമ്മിതം | നിർമ്മിക്കപ്പെട്ടതം |
| യത് | യാതൊന്നോ അപ്രകാരമുള്ളതും |
| മുക്താരജതസന്നിഭൈഃ | മുത്തും വെള്ളിയും പോലെയുള്ള |
| ബഹുഭിഃ | അനേകം |
| ഹർമ്മ്യൈഃ | മേടകളാൽ |
| ഭൂഷിതം | അഴകാന്നുള്ളതും |
| സ്ഫാടികചിത്രാംഗൈഃ | സ്ഫടികങ്ങൾകൊണ്ട് മനോഹരമായ |
| തലൈഃ | തലങ്ങളോടും |

| | | | |
|---|---|---|---|
| മഹാർഹാസ്തരണോപേതൈഃ | വിശേഷപ്പെട്ടമേൽവിരിപ്പുകളോടും കൂടിയവയും | വരാസനൈഃ ഉപപന്നം | ഉത്തമാസനങ്ങളോടു കൂടിയതുമായ |
| മഹാധനൈഃ | വിലയേറിയവയും | തം വിമാനം | ആ വിമാനത്തെ |
| വൈഡൂര്യൈശ്ച | വൈഡൂര്യനിർമ്മിതങ്ങളുമായ | സമാദായ | തയ്യാറാക്കിക്കൊണ്ടു് |
| | | തൂർണ്ണം | വേഗം |
| | | പ്രതിനിവർത്ത | മടങ്ങിവന്നു. |

ഉപസ്ഥിതമനാധൃഷ്യം തദ്വിമാനം മനോജവം
നിവേദയിത്വാ രാമായ തസ്ഥൌ തത്ര വിഭീഷണഃ. 29

| | | | |
|---|---|---|---|
| തത്ര | അപ്പോൾ | തത് | ആ |
| വിഭീഷണഃ | വിഭീഷണൻ | വിമാനം | വിമാനത്തെ |
| രാമായ | ശ്രീരാമൻെറ അടുക്കൽ | ഉപസ്ഥിതം | വന്നെത്തിയതായി |
| അനാധൃഷ്യം | നിസ്തുല്യവും | നിവേദയിത്വാ | അറിയിച്ചു് |
| മനോജവം | മനോവേഗമാന്നതുമായ | തസ്ഥൌ | കാത്തുനിന്നു. |

ഇത്യാർഷേ ശ്രീമദ്രാമായണേ വാല്മീകീയേ ആദികാവ്യേ യുദ്ധകാണ്ഡേ ചതുർവ്വിംശത്യുത്തരശതതമഃ സർഗ്ഗഃ=നൂററിരുപത്തിനാലാംസർഗ്ഗം സമാപ്തം.

ആദ്യംമുതൽ ശ്ലോകസംഖ്യ 20329; യുദ്ധകാണ്ഡം ആദ്യംമുതൽ ശ്ലോകസംഖ്യ 5654.

—(00)—

## പഞ്ചവിംശത്യുത്തരശതതമഃ സർഗ്ഗഃ=നൂററിരുപത്തഞ്ചാം സർഗ്ഗം

[പുഷ്പകവിമാനാരോഹണം=പുഷ്പകവിമാനത്തിൽ കയറുന്നതു്.]

ഉപസ്ഥിതം തു തം ദൃഷ്ട്വാ പുഷ്പകം പുഷ്പഭൂഷിതം
അവിദൂരസ്ഥിതോ രാമം പ്രത്യുവാച വിഭീഷണഃ 1

| | | | |
|---|---|---|---|
| അവിദൂരസ്ഥിതഃ | അടുത്തു നിന്നിരുന്ന | തം പുഷ്പകം | ആ പുഷ്പകവിമാനത്തെ |
| വിഭീഷണഃ | വിഭീഷണൻ [വനായ | ഉപസ്ഥിതം | തയ്യാറായി നില്ക്കുന്നതായി |
| രാമം ദൃഷ്ട്വാ | ശ്രീരാമനെ നോക്കി | | |
| പുഷ്പഭൂഷിതം | പൂക്കളാലലങ്കരിക്കപ്പെട്ട | തു | ആ സമയം |
| | | പ്രത്യുവാച | ഉണർത്തിച്ചു. |

സ തു ബദ്ധാഞ്ജലിഃ പ്രഹ്വോ വിനീതോ രാക്ഷസേശ്വരഃ
അബ്രവീത് ത്വരയോപേതഃ കിം കരോമീതി രാഘവം. 2

| | | | |
|---|---|---|---|
| പ്രഹ്വഃ | ഭക്തിപൂണ്ടവനും | ത്വരയാ ഉപേതഃ | വെമ്പലോടുകൂടി |
| വിനീതഃ തു | വിനയസമ്പന്നനുമായ | രാഘവം | ശ്രീരാഘവനോടായി |
| സഃ രാക്ഷസേശ്വരഃ | ആ രാക്ഷസേശ്വരൻ | "കിം കരോമി?" | ഞാൻ എന്തൊന്നാണു് ചെയ്‌വാനുള്ളതു്?'' |
| ബദ്ധാഞ്ജലിഃ | തൊഴുതുംകൊണ്ടു് | ഇതി അബ്രവീത് | എന്നു് ചോദിച്ചു. |

തമബ്രവീന്മഹാതേജാ ലക്ഷ്മണസ്യോപശൃണ്വതഃ
വിമൃശ്യ രാഘവോ വാക്യമിദം സ്നേഹപുരസ്കൃതം 3

| | | | |
|---|---|---|---|
| മഹാതേജാഃ | മഹാതേജസ്വിയായ | തം | ആ വിഭീഷണനോടായി |
| രാഘവഃ | ശ്രീരാഘവൻ | സ്നേഹപുരസ്കൃതം | പ്രേമയുക്തമായ |
| വിമൃശ്യ | ആലോചിച്ച് | വാക്യം | ഒരു വാക്യത്തെ |
| ലക്ഷ്മണസ്യ | ലക്ഷ്മണൻ | ഇദം | ഇപ്രകാരം |
| ഉപശൃണ്വതഃ | കേട്ടുകൊണ്ടിരിക്കെ | അബ്രവീത്. | അരുളിച്ചെയ്തു. |

കൃതപ്രയത്നകർമ്മാണോ വിഭീഷണ വനൌകസഃ
രത്നൈരർത്ഥൈശ്ച വിവിധൈർഭൂഷണൈശ്ചാപി പൂജയ. 4

| | | | |
|---|---|---|---|
| "വിഭീഷണ | "വിഭീഷണ! | അർത്ഥൈഃ ച | ധനങ്ങൾകൊണ്ടും |
| കൃതപ്രയത്നകർമ്മാണഃ | പ്രയാസമേറിയ കൃത്യങ്ങളെ ചെയ്തവരായ | വിവിധൈഃ | പല |
| വനൌകസഃ | വാനരന്മാരെ | ഭൂഷണൈഃ ച അപി | ആഭരണങ്ങൾകൊണ്ടും |
| രത്നൈഃ | രത്നങ്ങൾകൊണ്ടും | പൂജയ | ഉപചരിച്ചാലും. |

സഹൈഭിരജിതാ ലങ്കാ നിർജ്ജിതാ രാക്ഷസേശ്വര
ഹൃഷ്ടൈഃ പ്രാണഭയം ത്യക്ത്വാ സംഗ്രാമേഷ്വനിവർത്തിഭിഃ 5

| | | | |
|---|---|---|---|
| "രാക്ഷസേശ്വര | "രാക്ഷസാധിപ! | ഹൃഷ്ടൈഃ | ഉത്സാഹമുള്ളവരും |
| അജിതാ | ജയിക്കപ്പെടുവാൻ കഴിയാത്തതായ | സംഗ്രാമേഷു | പോരിൽ [മായ |
| | | അനിവർത്തിഭിഃ | പിൻമടങ്ങാത്തവരു |
| ലങ്കാ | ലങ്കാനഗരം | ഏഭിഃ സഹ | ഈ വാനരന്മാരോടും കൂടിയാണ് |
| പ്രാണഭയം | പ്രാണഭീതി | | |
| ത്യക്ത്വാ | കൈവെടിഞ്ഞവരും | നിർജ്ജിതാ | ജയിക്കപ്പെട്ടത്. |

ത ഇമേ കൃതകർമ്മാണഃ പൂജ്യന്താം സർവ്വവാനരാഃ
ധനരത്നപ്രദാനേന കർമ്മൈഷാം സഫലം കുരു. 6

| | | | |
|---|---|---|---|
| "കൃതകർമ്മാണഃ | "കയ്യേറ്റ കൃത്യത്തെ ചെയ്തുപൂർത്തിയാക്കിയ | ധനരത്നപ്രദാനേന | ധനം, രത്നം എന്നവയുടെ സമ്മാനത്താൽ |
| തേ | അപ്രകാരമുള്ള | പൂജ്യന്താം | ഉപചരിക്കപ്പെടട്ടെ |
| ഇമേ | ഈ | ഏഷാം കർമ്മ | ഇവരുടെ കൃത്യത്തെ |
| സർവ്വവാനരാഃ | എല്ലാ വാനരന്മാരും | സഫലം കുരു | സഫലമാക്കിയാലും. |

ഏവം സംമാനിതാശ്ചൈതേ മാനാർഹാ മാനദ ത്വയാ
ഭവിഷ്യന്തി കൃതജ്ഞേന നിർവൃതാ ഹരിയൂഥപാഃ 7

| | | | |
|---|---|---|---|
| "മാനദ | "എല്ലാവരേയും വേണ്ടുംവണ്ണം മാനിക്കുന്നവനേ | ത്വയാ | ഭവാനാൽ |
| | | ഏവം | ഇപ്രകാരം |
| മാനാർഹാഃ | ബഹുമതിക്ക് അർഹന്മാരായ | സമ്മാനിതാഃ | ഗൌരവപ്പെടുത്തപ്പെട്ടവരായി |
| ഏതേ | ഈ | | |
| ഹരിയൂഥപാഃ ച | വാനരയൂഥപന്മാരും | | |
| കൃതജ്ഞേന | ചെയ്തതിന്നു നന്ദിയുള്ളവനായ | നിർവൃതാഃ ഭവിഷ്യന്തി | സന്തുഷ്ടിപൂണ്ടവരായിത്തീരുന്നതാണ്. |

ത്യാഗിനം സംഗ്രഹീതാരം സാനുക്രോശം യശസ്വിനം
സർവ്വേ ത്വാമവഗച്ഛന്തി തതഃ സംബോധയാമ്യഹം. 8

| | | | |
|---|---|---|---|
| "സർവ്വേ ത്വാം | "എല്ലാവരും ഭവാനെ | യശസ്വിനം | കീർത്തിമാനെന്നും |
| ത്യാഗിനം | ദാതാവെന്നും | അവഗച്ഛന്തി | അറിയുന്നുണ്ട്; |
| സംഗ്രഹീതാരം | ആദരവുള്ളവനെന്നും | തതഃ അഹം | അതിനാൽ ഞാൻ |
| സാനുക്രോശം | ദയാശീലനെന്നും | സംബോധയാമി | പറയുന്നതാണ്. |

ഹീനം രതിഗുണൈഃ സർവൈരഭിഹന്താരമാഹവേ
ത്യജന്തി നൃപതിം സൈന്യാഃ സംവിഗ്നാസ്ത്വം നരേശ്വരം 9

| | | | |
|---|---|---|---|
| "സർവൈഃ രതിഗുണൈഃ ഹീനം | "രഞ്ജിപ്പിക്കുന്ന യാതൊരു ഗുണങ്ങളുമില്ലാതെ | നരേശ്വരം | ജനാധിപനായ |
| | | തം നൃപതിം | ആ രാജാവിനെ |
| | | സൈന്യാഃ | സൈന്യങ്ങൾ |
| ആഹവേ | പോരിൽ മാത്രം | സംവിഗ്നാഃ | ഉത്സാഹമററവരായി |
| അഭിഹന്താരം | യുദ്ധം ചെയ്യിച്ചു കൊല്ലിക്കുന്നവനായ | ത്യജന്തി" | കൈവെടിഞ്ഞുകളയുന്നു." |

ഏവമുക്തസ്തു രാമേണ വാനരാംസ്താൻ വിഭീഷണഃ
രത്നാർത്ഥൈഃ സംവിഭാഗേന സർവ്വാനേവാഭ്യപൂജയത്. 10

| | | | |
|---|---|---|---|
| രാമേണ | ശ്രീരാഘവനാൽ | സർവ്വാൻ ഏവ | എല്ലാവരേയും |
| ഏവം | ഇപ്രകാരം | സംവിഭാഗേന | യോഗ്യതപോലെ |
| ഉക്തഃ | ഉരചെയ്യപ്പെട്ട | രത്നാർത്ഥൈഃ | രത്നങ്ങൾ, ധനങ്ങൾ എന്നവകൊണ്ട് |
| വിഭീഷണഃ തു | വിഭീഷണനും | | |
| താൻ വാനരാൻ | ആ വാനരന്മാരെ | അഭ്യപൂജയത് | സമ്മാനിച്ചു. |

തതസ്താൻ പൂജിതാൻ ദൃഷ്ട്വാ രത്നൈരർത്ഥൈശ്ച യൂഥപാൻ
ആരുരോഹ തതോ രാമസ്തദ്വിമാനമനുത്തമം
അങ്കേനാദായ വൈദേഹീം ലജ്ജമാനാം യശസ്വിനീം
ലക്ഷ്മണേന സഹ ഭ്രാത്രാ വിക്രാന്തേന ധനുഷ്മതാ. 12

| | | | |
|---|---|---|---|
| രാമഃ | ശ്രീരാമൻ | ലക്ഷ്മണേന സഹ | ലക്ഷ്മണനോടുകൂടി |
| തതഃ താൻ | അപ്പോൾ ആ | | |
| യൂഥപാൻ | സേനത്തലവന്മാരെ | ലജ്ജമാനാം | ലജ്ജിക്കുന്നവളായ |
| രത്നൈഃ | രത്നങ്ങൾകൊണ്ടും | യശസ്വിനീം | കീർത്തിമതിയായ |
| അർത്ഥൈഃ ച | ധനങ്ങൾകൊണ്ടും | വൈദേഹീം | ജാനകീദേവിയെ |
| പൂജിതാൻ | സമ്മാനിക്കപ്പെട്ടവരായി | അങ്കേന | മടിയിൽ |
| ദൃഷ്ട്വാ | കണ്ട് | ആദായ | വെച്ചുകൊണ്ട് |
| തതഃ | അതിൽപിന്നെ | തത് അനുത്തമം | ആ ഉത്തമമായ |
| ഭ്രാത്രാ | അനുജനും | വിമാനം | വിമാനത്തെ |
| വിക്രാന്തേന | വിക്രമശാലിയും | | |
| ധനുഷ്മതാ | വില്ലാളിയുമായ | ആരുരോഹ. | ആരോഹണം ചെയ്തു. |

അബ്രവീച്ച വിമാനസ്ഥഃ പൂജയൻ സർവ്വവാനരാൻ
സുഗ്രീവം ച മഹാവീര്യം കാകുത്സ്ഥഃ സവിഭീഷണം. 13

| | | | |
|---|---|---|---|
| വിമാനസ്ഥഃ | വിമാനത്തിൽ എഴുന്നരുളിയവനായ | സുഗ്രീവം ച | സുഗ്രീവനേയും |
| കാകുത്സ്ഥഃ | ശ്രീരാഘവൻ | സർവ്വ-വാനരാൻ ച | എല്ലാവാനരന്മാരേയും |
| മഹാവീര്യം | മഹാവീര്യവാനും | പൂജയൻ | മാനിച്ചുകൊണ്ടു് |
| സവിഭീഷണം | വിഭീഷണനോടുകൂടിയിരുന്നവനുമായ | അബ്രവീത്. | ഇപ്രകാരം അരുളിച്ചെയ്തു. |

മിത്രകാര്യം കൃതമിദം ഭവദ്ഭിർവ്വാനരോത്തമാഃ
അനുജ്ഞാതാ മയാ സർവ്വേ യഥേഷ്ടം പ്രതിഗച്ഛത. 14

| | | | |
|---|---|---|---|
| "ഭവദ്ഭിഃ | "ഭവാന്മാരാൽ | സർവ്വേ | നിങ്ങളെല്ലാവരും |
| മിത്രകാര്യം | മിത്രന്മാരാൽ ചെയ്യപ്പെടേണ്ടതായ ധർമ്മം | മയാ | എന്നാൽ |
| ഇദം | ഇപ്പോൾ | അനുജ്ഞാതാഃ | വിടനല്കപ്പെട്ടവരായി |
| കൃതം | ചെയ്യപ്പെട്ടു. | യഥേഷ്ടം | ഇഷ്ടംപോലെ |
| വാനരോത്തമാഃ | വാനരശ്രേഷ്ഠന്മാരെ | പ്രതിഗച്ഛത. | പോയ്ക്കൊൾവിൻ. |

യത്തു കാര്യം വയസ്യേന സുഹൃദാ വാ പരന്തപ
കൃതം സുഗ്രീവ തത്സർവ്വം ഭവതാഽധർമ്മഭീരുണാ. 15

| | | | |
|---|---|---|---|
| "പരന്തപ | "ശത്രുസംഹാരകനായ | കാര്യം | നിർവ്വഹിക്കേണ്ടതായുണ്ടോ |
| സുഗ്രീവ | സുഗ്രീവ! | തത് സർവ്വം തു | അതെല്ലാംതന്നെ |
| സുഹൃദാ വയസ്യേന വാ | സ്നേഹമൂലംകൊണ്ടു മിത്രനാൽതന്നെ | അധർമ്മഭീരുണാ | അധർമ്മത്തെ ഭയപ്പെടുന്നവനായ |
| | | ഭവതാ | ഭവാനാൽ |
| യത് | യാതൊന്നു് | കൃതം. | ചെയ്യപ്പെട്ടു. |

കിഷ്കിന്ധാം പ്രതിയാഹ്യാശു സ്വസൈന്യേനാഭിസംവൃതഃ 16

| | | | |
|---|---|---|---|
| "സ്വസൈന്യേന | "സ്വന്തംസൈന്യംതതാൽ | കിഷ്കിന്ധാം | കിഷ്കിന്ധയ്ക്കു് |
| | | ആശു | വേഗം |
| അഭിസംവൃതഃ | ചൂഴപ്പെട്ടവനായി | പ്രതിയാഹി | തിരിച്ചെഴുന്നെള്ളിയാലും |

സ്വരാജ്യേ വസ ലങ്കായാം മയാ ദത്തേ വിഭീഷണ
ന ത്വാം ധർഷയിതും ശക്താഃ സേന്ദ്രാ അപി ദിവൌകസഃ 17

| | | | |
|---|---|---|---|
| "വിഭീഷണ | "വിഭീഷണ | ത്വാം | ഭവാനെ |
| മയാ | എന്നാൽ | സേന്ദ്രാഃ | ഇന്ദ്രനൊന്നിച്ചുള്ള |
| ദത്തേ | നല്കപ്പെട്ടതായ | ദിവൌകസഃ അപി | ദേവന്മാരും |
| സ്വരാജ്യേ | സ്വന്തം രാജ്യമായ | | |
| ലങ്കായാം | ലങ്കയിൽ | ധർഷയിതും | അവമതിപ്പാൻ |
| വസ | വസിച്ചുവന്നാലും; | ശക്താഃ ന. | ശക്തരാകയില്ല. |

അയോദ്ധ്യാം പ്രതിയാസ്യാമി രാജധാനീം പിതുർമ്മമ
അഭ്യനുജ്ഞാതുമിച്ഛാമി സർവ്വാംശ്ചാമന്ത്രയാമി വഃ 18

| | | | |
|---|---|---|---|
| "മമ | "എന്റെ | അഭ്യനുജ്ഞാതും | വിടതരുവാൻ |
| പിതുഃ | പിതാവിന്റെ | ഇച്ഛാമി | ഞാൻ ആവശ്യപ്പെട്ടു |
| രാജധാനീം | രാജധാനിയായ | വഃ | നിങ്ങൾ [നു |
| അയോദ്ധ്യാം | അയോദ്ധ്യയിലേക്ക് | സർവ്വാൻ ച | എല്ലാവരോടും |
| പ്രതിയാസ്യാമി | ഞാൻ പോയ്വരട്ടെ | ആമന്ത്രയാമി." | ഞാൻയാത്രപറയുന്നു." |

ഏവമുക്താസ്തു രാമേണ വാനരാസ്തേ മഹാബലാഃ
ഊചുഃ പ്രാഞ്ജലയോ രാമം രാക്ഷസശ്ച വിഭീഷണഃ 19

| | | | |
|---|---|---|---|
| രാമേണ | ശ്രീരാമനാൽ | രാക്ഷസഃ | രാക്ഷസനായ |
| ഏവം | ഇപ്രകാരം | വിഭീഷണഃ ച | വിഭീഷണനും |
| ഉക്താഃ | ഉരചെയ്യപ്പെട്ട | പ്രാഞ്ജലയഃ | തൊഴുതുംകൊണ്ടു് |
| മഹാബലാഃ | മഹാബലശാലികളായ | രാമം | ശ്രീരാമനോടായി |
| തേ വാനരാഃ തു | ആ വാനരന്മാരും | ഊചുഃ | ഇപ്രകാരം ഉണർത്തിച്ചു. |

അയോദ്ധ്യാം ഗന്തുമിച്ഛാമഃ സർവ്വാൻ നയതു നോ ഭവാൻ
ഉദ്യുക്താ വിചരിഷ്യാമോ വനാനി നഗരാണി ച 20

| | | | |
|---|---|---|---|
| "അയോദ്ധ്യാം | "അയോദ്ധ്യയിലേക്ക് | നയതു | കൂട്ടിക്കൊണ്ടുപോയാലും |
| ഗന്തും | വരുവാൻ | വനാനി | തോട്ടങ്ങളിലും |
| ഇച്ഛാമഃ | ഞങ്ങളും ആഗ്രഹിക്കു | നഗരാണി ച | നഗരങ്ങളിലും |
| ഭവാൻ | നിന്തിരുവടി [നു | ഉദ്യുക്താഃ | ജാഗ്രതയോടുകൂടി |
| നഃ | ഞങ്ങൾ | വിചരിഷ്യാമഃ | ഞങ്ങൾ നടന്നുകൊ |
| സർവ്വാൻ | എല്ലാവരേയും | | ള്ളാം |

[ഞങ്ങൾ നഗരങ്ങൾക്കും വനങ്ങൾക്കും ഒരു പീഡയും ഉണ്ടാക്കുന്നതല്ല എന്നു സാരം.]

ദൃഷ്ട്വാ ത്വാമഭിഷേകാർദ്രം കൌസല്യാമഭിവാദ്യ ച
അചിരേണാഗമിഷ്യാമഃ സ്വാൻ ഗൃഹാൻ നൃപതേഃ സുത. 21

| | | | |
|---|---|---|---|
| "നൃപതേഃ സുത | "ചക്രവർത്തിതനൂജ | അഭിവാദ്യ ച | വണങ്ങിയശേഷം |
| ത്വാം | നിന്തിരുവടിയെ | അചിരേണ | വേഗത്തിൽ |
| അഭിഷേകാർദ്രം | പട്ടാഭിഷേകംചെയ്യപ്പെട്ടവനായി | സ്വാൻ ഗൃഹാൻ | സ്വവാസസ്ഥാനങ്ങളിലേക്ക് |
| ദൃഷ്ട്വാ | കണ്ടു് | ആഗമിഷ്യാമഃ" | ഞങ്ങൾ തിരിച്ചുപോരുന്നുണ്ടു്." |
| കൌസല്യാം | കൌസല്യാദേവിയേയും | | |

ഏവമുക്തസ്തു ധർമ്മാത്മാ വാനരൈഃ സവിഭീഷണൈഃ
അബ്രവീദ്രാഘവഃ ശ്രീമാൻ സസുഗ്രീവവിഭീഷണാൻ. 22

| | | | |
|---|---|---|---|
| സവിഭീഷണൈഃ | വിഭീഷണനോടുംകൂടി | രാഘവഃ | ശ്രീരാഘവൻ |
| വാനരൈഃ | വാനരന്മാരാൽ | തു | ആ സമയം |
| ഏവം | ഇപ്രകാരം | സസുഗ്രീവം വിഭീഷണൻ | സുഗ്രീവവിഭീഷണന്മാരോടുകൂടിയ അവരോടായി |
| ഉക്തഃ | അപേക്ഷിക്കപ്പെട്ട | | |
| ധർമ്മാത്മാ | ധർമ്മാത്മാവും | | |
| ശ്രീമാൻ | ശ്രീമാനുമായ | അബ്രവീത്. | ഇങ്ങിനെ അരുളിച്ചെയ്തു. |

പ്രിയാത് പ്രിയതരം ലബ്ധം യദഹം സസുഹൃജ്ജനഃ
സർവ്വൈർഭവദ്ഭിഃ സഹിതഃ പ്രീതിം ലപ്സ്യേ പുരീം ഗതഃ 23

| | | | |
|---|---|---|---|
| "അഹം | "ഞാൻ | പ്രീതിം | പ്രീതി |
| ഭവദ്ഭി: | ഭവാന്മാർ | ലപ്സ്യേ | കയ്ക്കൊള്ളുമല്ലോ |
| സർവ്വൈ: | എല്ലാവരുമൊന്നിച്ച് | യത് | എന്ന കാരണത്താൽ |
| സഹിത: | | പ്രിയാത് | മുമ്പുണ്ടായിരുന്ന ആനന്ദത്തേക്കാൾ |
| സസുഹൃജ്ജന: | മിത്രഗണങ്ങളോടു കൂടി | | |
| പുരീം ഗത: | നഗരത്തിൽ എത്തിയവനായി | പ്രിയതരം | അതിശയമായ ആനന്ദം |
| | | ലബ്ധം. | എന്നാൽലഭിക്കപ്പെട്ടു. |

ക്ഷിപ്രമാരോഹ സുഗ്രീവ വിമാനം വാനരൈഃ സഹ
ത്വമപ്യാരോഹ സാമാത്യോ രാക്ഷസേന്ദ്ര വിഭീഷണ. 24

| | | | |
|---|---|---|---|
| "സുഗ്രീവ | "സുഗ്രീവ | രാക്ഷസേന്ദ്ര | രാക്ഷസേന്ദ്ര |
| വാനരൈ: | വാനരന്മാരോടും | വിഭീഷണ | വിഭീഷണ |
| സഹ | കൂടി | സാമാത്യഃ | മന്ത്രിമാരോടു കൂടിയവനായ |
| ക്ഷിപ്രം | ഉടനെ | | |
| വിമാനം | വിമാനത്തിൽ | ത്വം | ഭവാനും |
| ആരോഹ | കയറിയാലും | അധ്യാരോഹ." | കയറിയിരുന്നാലും.'' |

തതസ്തത് പുഷ്പകം ദിവ്യം സുഗ്രീവഃ സഹ സേനയാ
അധ്യാരോഹത് ത്വരൻ ശീഘ്രം സാമാത്യശ്ച വിഭീഷണഃ 25

| | | | |
|---|---|---|---|
| തത: | അപ്പോൾ | പുഷ്പകം | പുഷ്പകവിമാനത്തിൽ |
| സുഗ്രീവ: | സുഗ്രീവൻ | അധ്യാരോഹത് | ആരോഹണംചെയ്തു; |
| സേനയാ സഹ | സേനയോടും കൂടി | സാമാത്യഃ | അമാത്യസഹിതനായ |
| ശീഘ്രം | ഉടനെ | വിഭീഷണഃ | വിഭീഷണനും |
| തത് | ആ | ത്വരൻ | വേഗത്തിൽ |
| ദിവ്യം | ദിവ്യമായ | ച. | അപ്രകാരംതന്നെചെയ്തു. |

തേഷ്വാരൂഢേഷു സർവ്വേഷു കൌബേരം പരമാസനം
രാഘവേണാഭ്യനുജ്ഞാതമുത്പപാത വിഹായസം. 26

| | | | |
|---|---|---|---|
| തേഷു | അവർ | രാഘവേണ | ശ്രീരാഘവനാൽ |
| സർവ്വേഷു | എല്ലാവരും | അഭ്യനുജ്ഞാതം | ആജ്ഞാപിക്കപ്പെട്ടതായി |
| ആരൂഢേഷു | കയറിയിരുന്നശേഷം | | |
| കൌബേരം | കുബേരന്റെ വിമാനമായ പുഷ്പകം | വിഹായസം | ആകാശത്തിൽ |
| പരമാസനം | | ഉത്പപാത. | ഉയർന്നു. |

യയൌ തേന വിമാനേന ഹംസയുക്തേന ഭാസ്വതാ
പ്രഹൃഷ്ടശ്ച പ്രതീതശ്ച ബഭൌ രാമഃ കുബേരവത്. 27

| | | | |
|---|---|---|---|
| രാമഃ | ശ്രീരാമൻ | വിമാനേന | വിമാനത്തിൽ കയറി |
| ഹംസയുക്തേന | ഹംസങ്ങളെ പൂട്ടിക്കെട്ടിയതും | യയൌ | യാത്രചെയ്തു [കൊണ്ട് |
| ഭാസ്വതാ | പ്രകാശമായമായതുമായ | കുബേരവത് | കുബേരനെന്നപോലെ |
| | | പ്രഹൃഷ്ടഃ ച | ആനന്ദഭരിതനായും |
| | | പ്രതീതഃ ച | പൂജിക്കപ്പെട്ടവനായും |
| തേന | ആ | ബഭൌ. | വിളങ്ങി. |

തേ സർവ്വേ വാനരാ ഹൃഷ്ടാ രാക്ഷസാശ്ച മഹാബലാഃ
യഥാസുഖമസംബാധം ദിവ്യേ തസ്മിന്നുപാവിശൻ. 28

| | | | |
|---|---|---|---|
| ഹൃഷ്ടാഃ | ഉത്സാഹഭരിതന്മാരും | ദിവ്യേ | ദിവ്യതമമായ |
| മഹാബലാഃ | മഹാബലശാലികളുമാ[യ | തസ്മിൻ | ആ വിമാനത്തിൽ |
| വാനരാഃ | വാനരന്മാരും | യഥാസുഖം | സുഖമായി |
| രാക്ഷസാഃ | രാക്ഷസരും | അസംബാധം | തിക്കംതിരക്കമില്ലാതെ |
| തേ | അവർ | | |
| സർവ്വേ ച, | എല്ലാവരും | ഉപാവിശൻ. | ഉപവേശിച്ചു. |

ഇത്യാർഷേ ശ്രീമദ്രാമായണേ വാല്മീകീയേ ആദികാവ്യേ യുദ്ധകാണ്ഡേ
പഞ്ചവിംശത്യുത്തരശതതമഃ സർഗ്ഗഃ= നൂററിരുപത്തഞ്ചാംസർഗ്ഗം സമാപ്തം
ആദ്യം മുതൽ ശ്ലോകസംഖ്യ 20357; യുദ്ധകാണ്ഡം ആദ്യം മുതൽ ശ്ലോകസംഖ്യ 5682

—oo—

## ഷഡ്വിംശത്യുത്തരശതതമഃ സർഗ്ഗഃ = നൂററിരുപത്താറാംസർഗ്ഗം

[പ്രത്യാവൃത്തിപഥവർണ്ണനം=മടക്കത്തിലുള്ള മാർഗ്ഗത്തെ വർണ്ണിക്കുന്നത്]

അനുജ്ഞാതം തു രാമേണ തദ്വിമാനമനുത്തമം
ഉത്പപാത മഹാമേഘഃ ശ്വസനേനോദ്ധതോ യഥാ. 1

| | | | |
|---|---|---|---|
| തു | ആ സമയം | ശ്വസനേന | കാററിനാൽ |
| രാമേണ | ശ്രീരാമനാൽ | ഉദ്ധതഃ | അടിക്കപ്പെട്ട |
| അനുജ്ഞാതം | ആജ്ഞാപിക്കപ്പെട്ടതാ[യ | മഹാമേഘഃ യഥാ | വൻ മേഘമെന്നപോലെ |
| തത് അനുത്തമം | ആ നിസ്തുല്യമായ | | |
| വിമാനം | വിമാനം | ഉത്പപാത. | വാനിൽക്കുടിച്ചെന്നു. |

പാതയിത്വാ തതശ്ചക്ഷുഃ സർവ്വതോ രഘുനന്ദനഃ
അബ്രവീന്മൈഥിലീം സീതാം രാമഃ ശശിനിഭാനനാം. 2

| | | | |
|---|---|---|---|
| രഘുനന്ദനഃ | രഘുകുലതിലകനായ | പാതയിത്വാ | ഓടിച്ച് |
| രാമഃ | ശ്രീരാമൻ | ശശിനിഭാനനാം | മതിനേർമുഖിയായ |
| തതഃ | അപ്പോൾ | മൈഥിലീം | മിഥിലാത്മജയായ |
| സർവ്വതഃ | എങ്ങും | സീതാം | ജാനകീദേവിയോടായി |
| ചക്ഷുഃ | തൃക്കടാക്ഷത്തെ | അബ്രവീത് | ഇപ്രകാരമരുളിച്ചെയ്തു. |

കൈലാസശിഖരാകാരേ ത്രികൂടശിഖരേ സ്ഥിതാം
ലങ്കാമീക്ഷസ്വ വൈദേഹി നിർമ്മിതാം വിശ്വകർമ്മണാ. 3

| | | | |
|---|---|---|---|
| "വൈദേഹി | "ജാനകി | സ്ഥിതാം | വർത്തിക്കുന്നതും |
| കൈലാസ-ശിഖരാകാരേ | കൈലാസ ശിഖരമൊത്തതായ | വിശ്വകർമ്മണാ | വിശ്വകർമ്മാവിനാൽ |
| | | നിർമ്മിതാം | നിർമ്മിക്കപ്പെട്ടതുമായ[ലും |
| ത്രികൂടശിഖരേ | ത്രികൂടശിഖരത്തിൽ | ലങ്കാം ഈക്ഷസ്വ | ലങ്കയെ വീക്ഷിച്ചാം- |

ഏതദായോധനം പശ്യ മാംസശോണിതകർദ്ദമം
ഹരീണാം രാക്ഷസാനാം ച സീതേ വിശസനം മഹത്. 4

| | | | |
|---|---|---|---|
| "സീതേ | "സീതേ | മഹത് | വമ്പിച്ച |
| മാംസശോ-ണിതകർദ്ദമം | മാംസവും രക്തവും കൊണ്ടു ചേറായ്ക്കിടക്കു | വിശസനം | കൊലയുണ്ടാക്കിയതു |
| | | ഏതത് | ഈ [മായ |
| ഹരീണാം | വാനരന്മാർക്കും [ന്നതും | ആയോധനം | അടക്കളത്തെ |
| രാക്ഷസാനാം ച | അരക്കർക്കും | പശ്യ. | നോക്കിയാലും. |

അത്ര ദത്തവരഃ ശേതേ പ്രമാഥീ രാക്ഷസേശ്വരഃ
തവ ഹേതോർവ്വിശാലാക്ഷി രാവണോ നിഹതോ മയാ. 5

| | | | |
|---|---|---|---|
| "വിശാലാക്ഷി | "വിശാലനേത്രേ | പ്രമാഥീ രാവണഃ | ദ്രോഹി രാവണൻ |
| അത്ര | ഇവിടെ | തവ ഹേതോഃ | ഭവതി കാരണമായി |
| രാക്ഷസേശ്വരഃ | രാക്ഷസരാജാവും | മയാ നിഹതഃ | എന്നാൽ വധിക്കപ്പെട്ട് |
| ദത്തവരഃ | വരംനേടിയവനുമായ | ശേതേ. | കിടക്കുന്നു. |

കുംഭകർണ്ണോഽത്ര നിഹതഃ പ്രഹസ്തശ്ച നിശാചരഃ
ധൂമ്രാക്ഷശ്ചാത്ര നിഹതോ വാനരേണ ഹനൂമതാ. 6

| | | | |
|---|---|---|---|
| "അത്ര | "ഇവിടെയാണ് | അത്ര ച | ഇവിടെത്തന്നെയാണ് |
| കുംഭകർണ്ണഃ | കുംഭകർണ്ണൻ | വാനരേണ | വാനരനായ |
| നിഹതഃ | വധിക്കപ്പെട്ടത്; | ഹനൂമതാ | ഹനുമാനാൽ |
| നിശാചരഃ | രാക്ഷസനായ | ധൂമ്രാക്ഷഃ | ധൂമ്രാക്ഷൻ |
| പ്രഹസ്തഃ | പ്രഹസ്തനും | | |
| ച | അപ്രകാരംതന്നെ വധിക്കപ്പെട്ടത്; | നിഹതഃ | ഹനിക്കപ്പെട്ടത്. |

വിദ്യുന്മാലീ ഹതശ്ചാത്ര സുഷേണേന മഹാത്മനാ. 7

| | | | |
|---|---|---|---|
| "അത്ര ച | "ഇവിടെവെച്ചുതന്നെ | സുഷേണേന | സുഷേണനാൽ |
| മഹാത്മനാ | മഹാ പരാക്രമശാലിയായ | വിദ്യുന്മാലീ | വിദ്യുന്മാലീ |
| | | ഹതഃ | ഹതനായി. |

ലക്ഷ്മണേനേന്ദ്രജിച്ചാത്ര രാവണിർനിഹതോ രണേ
അംഗദേനാത്ര നിഹതോ വികടോ നാമ രാക്ഷസഃ 8

| | |
|---|---|
| "അത്ര ച | ഇവിടെവെച്ചുതന്നെ |
| രണേ | പോരിൽ |
| ലക്ഷ്മണേന | ലക്ഷ്മണനാൽ |
| രാവണി: | രാവണപുത്രനായ |
| ഇന്ദ്രജിത: | ഇന്ദ്രജിത്ത് |
| നിഹത: | വധിക്കപ്പെട്ടു |
| അത്ര | ഇങ്ങ് |
| അംഗദേന | അംഗദനാൽ |
| വികട: നാമ | വികടനെന്ന |
| രാക്ഷസ: | രാക്ഷസനും |
| നിഹത: | ഹനിക്കപ്പെട്ടു; |

വിരൂപാക്ഷശ്ച ദുൎദ്ധൎഷോ മഹാപാൎശ്വമഹോദരൌ
അകമ്പനശ്ച നിഹതോ ബലിനോഽന്യേ ച രാക്ഷസാഃ 9
ത്രിശിരാശ്ചാതികായശ്ച ദേവാന്തകനരാന്തകൌ
യുദ്ധോന്മത്തശ്ച മത്തശ്ച രാക്ഷസപ്രവരാവുഭൌ. 10

| | |
|---|---|
| "ദുൎദ്ധൎഷ: | "ദുൎജ്ജയനായ |
| വിരൂപാക്ഷ: ച | വിരൂപാക്ഷനും |
| നിഹത: | കൊല്ലപ്പെട്ടു; |
| മഹാപാൎശ്വ—മഹോദരൌ | മഹാപാൎശ്വ മഹോദരന്മാരും |
| അകമ്പനം: ച | അകമ്പനനും |
| അന്യേ | മററുള്ള |
| ബലിന: | ബലശാലികളായ |
| രാക്ഷസാ: ച | രാക്ഷസന്മാരായ |
| ത്രിശിരാ: ച | ത്രിശിരസ്സും |
| അതികായ: ച | അതികായനും |
| ദേവാന്തക-നരാന്തകൌ | ദേവാന്തകനരാന്തകന്മാരും |
| ഉഭൌ | രണ്ടു |
| രാക്ഷസ—പ്രവരൌ | രാക്ഷസോത്തമന്മാരായ |
| യുദ്ധോന്മത്ത: ച | യുദ്ധോന്മത്തനും |
| മത്ത: ച. | മത്തനും അപ്രകാരം തന്നെ വധിക്കപ്പെട്ടു. |

മകരാക്ഷശ്ച ദുൎദ്ധൎഷോ മയാ യുധി നിപാതിതഃ
യജ്ഞശത്രുൎബ്രഹ്മശത്രുഃ ശോണിതാക്ഷശ്ച വീൎയ്യവാൻ 11

| | |
|---|---|
| "യുധി | "പോരിൽ |
| മയാ | എന്നാൽ |
| ദുൎദ്ധൎഷ: | ദുൎജ്ജയനായ |
| മകരാക്ഷ: ച | മകരാക്ഷനും |
| നിപാതിത: | ഹനിക്കപ്പെട്ടു; |
| യജ്ഞശത്രു: | യജ്ഞശത്രുവും |
| ബ്രഹ്മശത്രു: | ബ്രഹ്മശത്രുവും |
| വീൎയ്യവാൻ | വീൎയ്യവാനായ |
| ശോണിതാക്ഷഃ | ശോണിതാക്ഷനും |
| ച | ഹനിക്കപ്പെട്ടു. |

യൂപാക്ഷശ്ച പ്രജംഘശ്ച നിഹതൌ തു മഹാഹവേ
വിദ്യുജ്ജിഹ്വോഽത്ര നിഹതോ രാക്ഷസോ ഭീമദൎശനഃ 12

| | |
|---|---|
| "അത്ര തു | "ഇവിടെത്തന്നെയാണ് |
| യൂപാക്ഷ: ച | യൂപാക്ഷനും |
| പ്രജംഘ: ച | പ്രജംഘനും |
| മഹാഹവേ | വൻ പോരിൽ |
| നിഹതൌ | ഹതരായത്; |
| ഭീമദൎശന: | ഭയങ്കരരൂപിയായ |
| രാക്ഷസ: | രാക്ഷസനായ |
| വിദ്യുജ്ജിഹ്വ: | വിദ്യുജ്ജിഹ്വനും |
| നിഹത: | ഹനിക്കപ്പെട്ടത്. |

നികുംഭശ്ചൈവ കുംഭശ്ച കുംഭകർണ്ണാത്മജോ ബലീ
വജ്രദംഷ്ട്രശ്ച ദംഷ്ട്രശ്ച ബഹവോ രാക്ഷസാ ഹതാഃ 13

| | | | |
|---|---|---|---|
| "കുംഭകർണ്ണാത്മജ: | "കുംഭകർണ്ണപുത്രനും | വജ്രദംഷ്ട്ര: ച | വജ്രദംഷ്ട്രനും |
| | | ദംഷ്ട്ര: ച | ദംഷ്ട്രനും |
| ബലീ | ബലവാനുമായ | ബഹവ: | മററനേകം |
| നികുംഭ: ച | നികുംഭനും | രാക്ഷസാ: ഏവ | രാക്ഷസന്മാരും |
| കുംഭ: ച | കുംഭനും | ഹതാ: | വധിക്കപ്പെട്ടു. |

അത്ര മണ്ഡോദരീ നാമ ഭാര്യ്യാ തം പര്യ്യദേവയത്
സപത്നീനാം സഹസ്രേണ സാസ്രേണ പരിവാരിതാ 14

| | | | |
|---|---|---|---|
| "അത്ര | "ഇവിടെ | സാസ്രേണ | അശ്രുക്കളെ പൊഴിക്കു [ന്ന |
| ഭാര്യ്യാ | (രാവണന്റെ) പട്ടമഹിഷിയായ | സപത്നീനാം | സപത്നിമാർ |
| | | സഹസ്രേണ | അനേകംപേരാൽ |
| | | പരിവാരിതാ | ചൂഴപ്പെട്ടവളായി |
| മണ്ഡോദരീ നാമ | മണ്ഡോദരിയെന്നവൾ | തം | ആ രാവണനെക്കുറിച്ചു |
| | | പര്യ്യദേവയത് | പ്രലപിച്ചു. |

ഏതത്തു ദൃശ്യതേ തീർത്ഥം സമുദ്രസ്യ വരാനനേ
യത്ര സാഗരമുത്തീര്യ്യ താം രാത്രിമുഷിതാ വയം. 15

| | | | |
|---|---|---|---|
| "വരാനനേ | "സുമുഖി | യത്ര തു | യാതൊരു ഇട്ടിക്കിൽ തന്നെയാണ് |
| ഏതത് | ഇതാ | വയം | ഞങ്ങൾ |
| | | സാഗരം ഉത്തീര്യ്യ | സമുദ്രത്തെ കടന്നു് |
| സമുദ്രസ്യ | സമുദ്രത്തിന്റെ | താം രാത്രിം | അന്നത്തെ രാത്രി |
| തീർത്ഥം ദൃശ്യതേ | കര കാണപ്പെടുന്നു. | ഉഷിതാ: | കഴിച്ചുകൂട്ടിയതു്. |

ഏഷ സേതുർമ്മയാ ബദ്ധഃ സാഗരേ സലിലാർണ്ണവേ
തവ ഹേതോർവ്വിശാലാക്ഷി നളസേതുഃ സുദുഷ്കരഃ 16

| | | | |
|---|---|---|---|
| "വിശാലാക്ഷി | "വിശാലനയനേ | സുദുഷ്കര: | പ്രയാസമേറിയതായ |
| തവ ഹേതോ: | ഭവതി നിമിത്തമായി | നളസേതു: | നളസേതു എന്ന പേരാന്ന |
| സലിലാർണ്ണവേ | വെള്ളം നിറഞ്ഞതായ | ഏഷ: സേതു: | ഈ അണ |
| സാഗരേ | കടലിൽ | മയാ ബദ്ധ: | എന്നാൽ കെട്ടപ്പെട്ടു. |

പശ്യ സാഗരമക്ഷോഭ്യം വൈദേഹി വരുണാലയം
അപാരമഭിഗർജ്ജന്തം ശംഖശുക്തിനിഷേവിതം· 17

| | | | |
|---|---|---|---|
| "വൈദേഹി | "ജാനകി | അഭിഗർജ്ജന്തം | ഇരമ്പുന്നതും |
| അക്ഷോഭ്യം | കലക്കപ്പെടുവാൻ കഴിയാത്തതും | ശംഖശുക്തിനിഷേവിതം | ശംഖ്, മുത്തുച്ചിപ്പി, എന്നവ നിറഞ്ഞുള്ളതുമായ |
| വരുണാലയം | വരുണന്റെവസതിയും | സാഗരം | സമുദ്രത്തെ |
| അപാരം | കരയില്ലാത്തതും | പശ്യ | കണ്ടാലും. |

ഹിരണ്യനാഭം ശൈലേന്ദ്രം കാഞ്ചനം പശ്യ മൈഥിലി
വിശ്രമാർത്ഥം ഹനൂമതോ ഭിത്വാ സാഗരമുത്ഥിതം. 18

| | | | |
|---|---|---|---|
| "മൈഥിലി | "സീതേ | ഉത്ഥിതം | പൊങ്ങിയതും |
| ഹനൂമത: | ഹനൂമാന്ന് | കാഞ്ചനം | സ്വർണ്ണമയവും ആയ |
| വിശ്രമാർത്ഥം | ശ്രമം തീർപ്പാനായി | ഹിരണ്യനാഭം | മൈനാകമെന്ന |
| സാഗരം | സമുദ്രത്തെ | ശൈലേന്ദ്രം | പർവ്വതശ്രേഷ്ഠനെ |
| ഭിത്വാ | പിളർന്നുകൊണ്ട് | പശ്യ | കണ്ടാലും. |

ഏതത്കുക്ഷൌ സമുദ്രസ്യ സ്കന്ധാവാരനിവേശനം. 19

| | | | |
|---|---|---|---|
| "സമുദ്രസ്യ | "സമുദ്രത്തിൻെറ | സ്കന്ധാവാര- | } സൈന്യങ്ങൾക്കുള്ള |
| കുക്ഷൌ, ഏതത് | മദ്ധ്യത്തിൽ ഇത് | നിവേശനം | } പാളയമാകുന്നു. |

ഏതത്തു ദൃശ്യതേ തീർത്ഥം സാഗരസ്യ മഹാത്മനഃ
സേതുബന്ധ ഇതി ഖ്യാതം ത്രൈലോക്യേനാഭിപൂജിതം
ശുഭം പവിത്രം പരമം മഹാപാതകനാശനം. 20

| | | | |
|---|---|---|---|
| "സേതുബന്ധ: | } "സേതുബന്ധം എന്ന് | മഹാപാതക- | } മഹാപാതകങ്ങളെ |
| ഇതി | | നാശനം | } നശിപ്പിക്കുന്നതും ആയ |
| ഖ്യാതം | പ്രസിദ്ധവും | മഹാത്മന: | വമ്പിച്ച |
| ത്രൈലോക്യേന | ത്രൈലോക്യജനത്താലും | സാഗരസ്യ | സമുദ്രത്തിൻെറ |
| അഭിപൂജിതം | കൊണ്ടാടപ്പെട്ടതും | തീർത്ഥം | തീർത്ഥക്കര |
| ശുഭം | മംഗളകരവും | ഏതത് തു | ഇവിടെ ഇതാ |
| പരമം പവിത്രം | അതിപാവനമായതും | ദൃശ്യതേ | കാണപ്പെടുന്നു. |

* അത്ര പൂർവ്വം മഹാദേവഃ പ്രസാദമകരോത് പ്രഭുഃ 21

| | | | |
|---|---|---|---|
| "അത്ര | "ഇവിടെ | മഹാദേവ: | പരമശിവൻ |
| പൂർവ്വം | മുമ്പ് | പ്രസാദം | } അനുഗ്രഹമരുളുകയു |
| പ്രഭു: | സർവ്വശക്തനായ | അകരോത്. | } ണ്ടായി. |

അത്ര രാക്ഷസരാജോऽയമാജഗാമ വിഭീഷണഃ 22

| | | | |
|---|---|---|---|
| "അത്ര | "ഇവിടെയാണ് | വിഭീഷണ: | വിഭീഷണൻ |
| അയം | ഈ | | |
| രാക്ഷസരാജ: | രാക്ഷസരാജാവായ | ആജഗാമ. | ആദ്യംവന്നെത്തിയത്. |

* [ശ്രീരാമൻ പരമശിവനെ സമുദ്രലംഘനത്തിന്നുമുമ്പായി സേതുക്കരയിൽവെച്ചു പൂജിച്ചതായി രാമായണത്തിൽ പറയപ്പെട്ടിട്ടില്ലാത്തതിനാലുംമററും ഈ ശ്ലോകത്തിന്നു പലമാതിരിയായി ചില വ്യാഖ്യാതാക്കന്മാർ അർത്ഥകല്പന ചെയ്യുന്നുണ്ട്;

'മഹദിതി ജലം തദ്രൂപീ ദേവോ മഹാദേവ: സമുദ്ര:' (മഹത്തെന്നുവെച്ചാൽ വെള്ളം തദ്രൂപിയായ ദേവൻ, അതായത് സമുദ്രരാജാവ് എന്നു് താല്പര്യം). സമുദ്രരാജാവ് പ്രത്യക്ഷനായി ഭവിച്ച സ്ഥലമാണിതു് എന്നു് ഒരുപക്ഷം. സ്നേഹ: സ്നേഹ്യം മഹത്ത്.

ഘം വരുണം സർവ്വതോമുഖം" എന്നിത്യാദിയായി അപ്പിന്റെ പര്യായങ്ങൾ വൈജയന്തീകോശത്തിൽ പറയപ്പെട്ടിട്ടുണ്ട്. ആകയാൽ ഈ അത്ഥം സ്വീകാര്യംതന്നെ.

ചിലരാകട്ടെ "അത്രപൂരു: ത്രപുഭിന്നം ത്രപുസദൃക്, സുവർണ്ണം തദ്വർണ്ണൌ ഊരൂ യസ്യാസാ തത് സംബുദ്ധി;" (ത്രപുവല്ലാതെ പിച്ചളയല്ലാതെ പിച്ചളപോലെയുള്ളത് അത്രപു, അതായത് സ്വർണ്ണം, അതുപോലെ വർണ്ണമുള്ള ഊരുക്കളോടുകൂടിയ ഹേ സീതേ) എന്നു ക്ലിഷ്ടമായി സംബോധന ചെയ്ത്, "അമ്മഹാദേവ: അപാം മഹാദേവ: വരുണ: (അപ്പിന്നു മഹാദേവനായ വരുണഭഗവാൻ പ്രസാദിച്ചു) എന്ന് അത്ഥകല്പന ചെയ്യുന്നത് സാഹസംതന്നെ.

പുരാണാന്തരങ്ങളെ നോക്കുമ്പോൾ മഹാദേവപദംകൊണ്ട് ശിവൻതന്നെയാണ് പറയപ്പെടുന്നതെന്നും. സേതുബന്ധന പ്രാരംഭസമയത്തിൽ നിർവ്വിഘ്നമാകുംവണ്ണം സേതുബന്ധന പരിസമാപ്തിക്കായും ശത്രുവധത്തിന്നായും ശ്രീരാമനാൽ പരമശിവൻ പ്രസാദിപ്പിക്കപ്പെട്ടുവെന്നും വിമാനത്തിൽ മടങ്ങുന്ന സമയം സേതുക്കരയിൽ ഇറങ്ങി അവിടെ രാമനാഥനെന്ന ശിവലിംഗപ്രതിഷ്ഠ ചെയ്തുവെന്നും ഗ്രാഹ്യമാകുന്നു. പാദ്മ പുരാണത്തിൽ ശ്രീരാമൻ പുഷ്പകത്തിൽനിന്നിറങ്ങി ശിവലിംഗം പ്രതിഷ്ഠിച്ചു എന്നു്. പറഞ്ഞിട്ടുള്ളതായി ഗോവിന്ദരാജീയത്തിൽ കാണുന്നു. ഭാരതം വനപർവ്വത്തിലും ശ്രീരാമൻ ലങ്കയിൽനിന്നു മടങ്ങുമ്പോൾ അവിടെ താമസിച്ചതായി പറഞ്ഞിട്ടുണ്ട്. "സന്തതാര പുനസ്തേന സേതുനാ മകരാലയം. പുഷ്പകേണ വിമാനേന ഖേചരേണ വിരാജതാ. കാമഗേന യഥാമുഖ്യൈരമാത്യൈ: സംവൃതോ വശി. തതസ്തീരേ സമുദ്രസ്യ യത്ര ശിശ്യേ സ പാത്ഥിവ: തത്രൈവോ വാസ ധർമ്മാത്മാ സഹിതഃ സർവ്വവാനരൈ:- ആഗ്നേയപുരാണം 81-മദ്ധ്യായത്തിൽ ഇപ്രകാരം കാണുന്നു:- "ധന്യോഽസ്മി കൃതകൃത്യോഽസ്മി പൂജ്യോഽസ്മി പുരുഷോത്തമ. യദ്രാക്ഷം സുദുർദർശം ത്വദ്രൂപം യോഗിപുംഗവൈ: ത്വദാജ്ഞയാ മയാപൂർവ്വം ത്വദ്ഭക്തി വിമുഖം ഹരേ. ശൈവം പാശുപതം ലൈംഗമസദ്ശാസ്ത്രം പ്രവത്തിതം. തദിദാനീം മഹാപാപം ദിവ്യരൂപസ്യ ദർശനാത്. സർവ്വം വിനഷ്ടമേവേശ തവ രാമ പ്രസാദത: തദേയമേവ ത്വന്മായാം ത്വന്നാമസ്മരണാദഹം. തഥാ അനുഗ്രഹാണത്വം യഥാ സ്യാത് സതതം സ്മൃതി: ശ്രീരാമ ഉവാച-രാവണോഽയം മഹാപാപീ ഗോബ്രാഹ്മണവധേ രത: നിത്യം ഖൈ പരദാരാത്ഥീ വൈദികാചാരദൂഷക: ഏതദ്വധാത് സകൃത്പാർശ്വേ യദഘം പ്രതിപദ്യതേ. തദഘ: സർവ്വതീർത്ഥേഷു സ്നാനേനാപി ന നശ്യതി. അബ്രഹ്മണ്യസ്യ ലുബ്ധസ്യ മൂർഖസ്യാശാസ്ത്രവേദിന: ഭൂമിരാക്രമ്യതേ യേന സോഽപി സ്യാത് താദൃശ: ക്ഷണാത്. ത്യജേദ്ദേശം കൃതയുഗേ ത്രേതായാം ഗ്രഹമേവ ച. ദ്വാപരേ കുലമേകം തു കത്താരം തു കലൌ യുഗേ. ഏതദ്ദേശവിശുദ്ധ്യത്ഥമത്ര സന്നിഹിത: സദാ. മയാഽത്ര സ്ഥാപിതേ ലിംഗേ ഭുക്തി മുക്തി പ്രദോഭവ. ശ്രീകൃഷ്ണ ഉവാച- ഇതി രാമസ്യ തദ്വാക്യം ശ്രുത്വാ തത്വാത്ഥസംയുതം. കൃതാഞ്ജലിർദശരഥിം പ്രഹസൻ പരമേശ്വരഃ. ശ്രീ മഹാദേവ ഉവാച-സർവ്വഭൂത് സർവ്വഭൂതസ്ഥഃ സർവ്വാത്മാ സർവ്വവത്സലഃ. ത്വമേവ രാമ വിശ്വാത്മൻ വിഡംബയസി ലീലയാ. ത്വദ്വാക്യമേവാധായ്യം മേ തഥാപ്യാത്ഥ മഹാവിഭോ യദുക്തം തത്തവൈവാസ്തു ത്വന്നാമ്നാ സ്ഥാപയേഹ മാം. ഇത്യുക്ത്വാ തം പരിക്രമ്യ പ്രണമ്യാഥ യയൌ ഹരഃ. സഖേ പശ്യന്തി യേ ലിംഗം രാമനാഥ ഇതി ശ്രുതം തത: സംസാരിണോ ന സ്യുഃ സത്യം സത്യം വദാമ്യഹം. സേതുബന്ധസ്ഥിതം ലിംഗം യേ സേവന്തേ സകൃത് കലൌ. മഹാപാതകലക്ഷാദ്വാ മുച്യന്തേ നാത്ര സംശയഃ കരു

ക്ഷേത്രേ യജേദ്യജ്ഞാനശ്വമേധാദികാൻ ശതം. യത് ഫലം ലഭതേ സദ്യഃ സേതുലിംഗസ്യ ദർശനാത്. അഭക്ഷ്യാശ്യസമിദ്വഞ്ഛീയോടനഗനിരമഹോ ഗ്രഹീ. യോ വനീ ച രിരംസുഃ സ്യാദ്യതിർയ്യോ ഭൈക്ഷഭുഗ്ഭവേത്. ഏതേ സർവ്വേ ച പാപിഷ്ഠാ ദംഭാത് സ്വാശ്രമദൂഷകാഃ. ദൃഷ്ട്വാ രാമേശ്വരം ലിംഗം സദ്യഃ പൂതാ ഭവന്തി ഹി. കാവേര്യ്യാം തു തുലാസ്നാനം യഃ കുർയ്യാദ്ഗംഗസന്നിധൌ ഭാവേത്തസ്യ കൃതാർത്ഥസ്യ രാമേശ്വരനിരീക്ഷണം." കൂർമ്മപുരാണത്തിലും ഇപ്രകാരം പറയപ്പെട്ടിരിക്കുന്നു:— "സേതുമദ്ധ്യേ മഹാദേവമീശാനം കൃത്തിവാസസം. സ്ഥാപയാമാസ ലിംഗസ്ഥം പൂജയാമാസ രാഘവഃ തസ്യ ദേവോ മഹാദേവഃ പാർവ്വത്യാ സഹ ശങ്കരഃ പ്രത്യക്ഷമേവ ഭഗവാൻ ദത്തവാൻ വരമുത്തമം. യേ ത്വയാ സ്ഥാപിതം ലിംഗം ദ്രക്ഷ്യന്തീഹ ദ്വിജാതയഃ. മഹാപാതകസംയുക്താസ്തേഷാം പാപം വിനശ്യതി. അന്യാനി ചൈവ പാപാനി സ്നാതസ്യാത്ര മഹോദധൌ. ദർശനാദേവ ലിംഗസ്യ നാശം യാന്തി ന സംശയഃ. യാവത്സ്ഥാസ്യന്തി ഗിരയോ യാവദേവ ച മേദിനീ. യാവത് സേതുശ്ച താവച്ച സ്ഥാസ്യാമ്യത്ര തിരോഹിതഃ. സ്നാനം ദാനം തപഃ ശ്രാദ്ധം ഭവിഷ്യത്യക്ഷയം മഹത്. സ്മരണാദേവ ലിംഗസ്യ ദിനപാപം പ്രണശ്യതി. ഇത്യുക്ത്വാ ഭഗവാൻ സാക്ഷാത് പരിഷ്വജ്യ ച രാഘവം. സനന്ദീ സഗണോ രുദ്രസ്തത്രൈവാന്തരധീയത."

സ്കാന്ദപുരാണം സേതുമാഹാത്മ്യത്തിൽ 43—ാം അദ്ധ്യായത്തിൽ ശ്രീരാമൻ തനിക്ക് രാവണവധംകൊണ്ടുണ്ടായിട്ടുള്ള പാപത്തിന്നു ശാന്തിയെന്തെന്നു മുനിമാരോടു ചോദിക്കുന്നു. ''രാവണസ്യ സദാ വിപ്രാ യത് പാപം മയി വിദ്യതേ. തസ്യ മേ നിഷ്കൃതിം ബ്രൂത രാവണസ്യ വധസ്യ ച. യത് കൃത്വാ തേന പാപേന മുച്യേയം മുനിപുംഗവാഃ." അപ്പോൾ മുനിമാർ പറയുന്നു:— "സത്യവ്രത ജഗന്നാഥ ജഗദ്രക്ഷാധുരംധര. സർവ്വലോകോപകാരാർത്ഥം കുരു രാമ ശിവാർച്ചനം. ഗന്ധമാദനശൃംഗേഽസ്മിൻ മഹാപുണ്യേ വിമുക്തിദേ ശിവലിംഗം പ്രതിഷ്ഠാപ്യ ലോകസംഗ്രഹകാമ്യയാ. കുരു രാമ ദശഗ്രീവവധദോഷാപനുത്തയേ. ലിംഗസ്ഥാപനജം പുണ്യം ചതുർവക്ത്രോഽപി ഭാഷിതും ന ശക്നോതി സ തൈർവക്ത്രും കിം പുനർമ്മനുജേശ്വരാഃ." ഇപ്രകാരം ശിവലിംഗം പ്രതിഷ്ഠ ചെയ്വാൻ പറയുന്നു, പിന്നെ ലിംഗം കൊണ്ടുവരുവാനായി ഹനുമാനെ പറഞ്ഞയച്ച്, നിശ്ചയിച്ച സുമുഹൂർത്തമായിട്ടും ഹനുമാൻ എത്താതെ താമസിച്ചുപോയതിനാൽ സീത കൈകൊണ്ട് ഉരുട്ടിക്കൊടുത്ത സൈകതലിംഗത്തെ ശ്രീരാഘവനോടു പ്രതിഷ്ഠിപ്പാൻ പറയുന്നു. "രാമ രാമ മഹാബാഹോ കാലോയാതി ഹി സാംപ്രതം ജാനക്യാ യത് കൃതം ലിംഗം സൈകതം ലീലയാ വിഭോ തല്ലിംഗം സ്ഥാപയസ്വാദ്യ മഹാലിംഗമനുത്തമം. ഇത്യേവം സഹിതോ രാമഃ സീതയാ സഹ സത്വരം മുനിഭിഃ സഹിതഃ പ്രീത്യാ കൃതകൌതുകമംഗലഃ. ജ്യേഷ്ഠമാസേ സിതേ പക്ഷേ ദശമ്യാം ബുധഹസ്തയോഃ ഗരാനന്ദേ ച വ്യതീപാതേ കന്യാചന്ദ്രേ വൃഷേ രവൌ ദശയോഗേ മഹാപുണ്യേ ഗന്ധമാദനപർവ്വതേ സേതുമദ്ധ്യേ മഹാദേവം ലിംഗരൂപധരം ഹരം ഈശാനം കൃത്തിവസനം ഗംഗാചന്ദ്രകലാധരം. രാമോ വൈ സ്ഥാപയാമാസ ശിവലിംഗരൂപധരം ഹരം ഈശാനം കൃത്തിവസനം ഗംഗാചന്ദ്രകലാധരം. രാമോ വൈ സ്ഥാപയാമാസ ശിവലിംഗമനുത്തമം. ലിംഗസ്ഥം പൂജയാമാസ രാഘവസ്തം സ ഈശ്വരം. ലിംഗസ്ഥഃ സ മഹാദേവഃ പാർവ്വത്യാ സഹ ശങ്കരഃ പ്രത്യക്ഷമേവ ഭഗവാൻ ദത്തവാൻ വരമുത്തമം. സർവ്വലോകശരണ്യായ രാഘവായ മഹാത്മനേ. ത്വയാഽത്ര സ്ഥാപിതം ലിംഗം യേ പശ്യന്തി രഘൂദ്വഹ. മഹാപാതകയുക്താശ്ച തേഷാം

പാപം പ്രണശ്യതി; സർവ്വാണ്യപി ഹി പാപാനി ധനുഷ്കോടൌ നിമജ്ജനാത് ദർശനാദ്രാമലിംഗസ്യ പാതകാനി മഹാന്ത്യപി വിലയം യാന്തി രാജേന്ദ്ര രാമചന്ദ്ര ന സംശയ: പ്രദാദേവം ഹി രാമായ വരം പൂർണ്ണായ ശങ്കര:''

സേതുനിർമ്മാണത്തിന്നുമുമ്പെ ശ്രീരാമൻ ശിവലിംഗത്തെ പ്രതിഷ്ഠിച്ചതായി അദ്ധ്യാത്മരാമായണം യുദ്ധകാണ്ഡം നാലാം സർഗ്ഗത്തിൽ പറയുന്നു. "സേതുമാരബ്ധമാണസ്തു തത്ര രാമേശ്വരം ശിവം. സംസ്ഥാപ്യ പൂജയിത്വാऽഹ രാമോ ലോകഹിതായ ച. പ്രണമേത്സേതുബന്ധം യോ ദൃഷ്ട്വാ രാമേശ്വരം ശിവം ബ്രഹ്മഹത്യാദിപാപേഭ്യോ മുച്യതേ മദനുഗ്രഹാത്. സേതുബന്ധേ നര: സ്നാത്വാ ദൃഷ്ട്വാ രാമേശ്വരം ഹരം. സങ്കല്പനിയതോ ഭൂത്വാ ഗത്വാ വാരാണസീം നര: ആനീയ ഗംഗാസലിലം രാമേശമഭിഷിച്യ ച. സമുദ്രേ ക്ഷിപ്തതദ്ഭാരോ ബ്രഹ്മ പ്രാപ്നോത്യസംശയം."

ആനന്ദരാമായണം, സാരകാണ്ഡം 10-ാം സർഗ്ഗത്തിലും സേതുബന്ധനത്തിന്നു മുമ്പായിതന്നെ ശിവലിംഗപ്രതിഷ്ഠ നടന്നതായിട്ടാണ് പറയപ്പെട്ടിരിക്കുന്നത്. "സേതുമാരബ്ധമാണസ്തു വിഘ്നേശം സ്ഥാപ്യ രാഘവ: നവഗ്രഹാണാം പൂജാർത്ഥം പാഷാണാൻ നവ സാദരം. നളഹസ്തേന സംസ്ഥാപ്യ പൂർവ്വം തത്ര മഹോദധൌ. തത: സാഗരസംയോഗേ സ്വനാമ്നാ ലിംഗമുത്തമം. സ്ഥാപയാമീതി നിശ്ചിത്യ മാരുതിം വാക്യമബ്രവീത്. കാശീം ഗത്വാ ശിവല്ലിംഗമാനനീയമനുത്തമം. മുഹൂർത്തമദ്ധ്യേ നോ ചേന്മേ മുഹൂർത്താദിക്രമോ ഭവേത്.'' ഇപ്രകാരംഹനുമാനെ വാരാണസിയിലേക്ക് ശിവലിംഗം കൊണ്ടുവരുവാൻ പറഞ്ഞയച്ച് ഹനുമാൻ വരായ്കയാൽ താൻതന്നെ സൈകതലിംഗമുണ്ടാക്കി പ്രതിഷ്ഠിക്കയും പിന്നെ ഹനുമാൻ രണ്ടു ലിംഗങ്ങളും (തനിക്കൊരു ആത്മലിംഗവും, ശ്രീരാമന്നു മറ്റൊന്നും) കൊണ്ടുവന്നു് ലിംഗപ്രതിഷ്ഠ കഴിഞ്ഞതായി കണ്ട് പരിഭവിക്കയും, ശ്രീരാമവാക്യത്താൽ സൈകതലിംഗത്തെ പറിച്ചുകളയുവാൻ യത്നിച്ച് സാധിക്കാതെ വാൽ പൊട്ടി ഗർവ്വം നശിച്ചപ്പോൾ, ശ്രീരാമൻ പ്രതിഷ്ഠിച്ച ശിവലിംഗത്തിന്നു വടക്കായി മാരുതിയോട് തന്റെ ആത്മലിംഗത്തെ പ്രതിഷ്ഠിപ്പാൻ പറകയും ചെയ്യുന്നു. "തഥേത്യുക്ത്വാ മാരുതി: സ സൈകതസ്യേശ്വരസ്യ ച സംവേഷ്ട്യമസ്തകേ പുച്ഛം ബലേനാദന്ദോളയൻ മുഹു: ത്രുടിതം തത്ക്ഷേ: പുച്ഛം പപാത ഭുവിമൂർച്ഛിത: ജഹസുർവ്വാനരാ: സർവ്വേ ന ചചാലേശ്വരസ്തദാ. സ്വസ്ഥോ ഭൂത്വാ മാരുതി: സ ഗത ഗർവ്വസ്തദാऽഭവത്. നനാമ രാഘവം ഭക്ത്യാ പ്രാർത്ഥയാമാസ തം മുഹു: മയാऽപരാധിതം രാമ തത് ക്ഷമസ്വ കൃപാനിധേ, തദാഹ മാരുതീം രാമസ്ത്വം മല്ലിംഗോത്തരേത്വിദം വിശ്വനാഥാഭിധം ലിംഗംസ്വീയം സംസ്ഥാപയാധുനാ. തഥേതി മാരുതിർലിംഗം സ്ഥാപയാമാസ സാദരം. മാരുതേശ്ചൈവ ലിംഗായ ദദൌ രാമോ വരം തദാ. അസംപൂജ്യ വിശ്വനാഥം മാരുത ത്വത്പ്രതിഷ്ഠിതം മാമാദൌ പൂജയന്ത്യത്ര യേ നരാലിംഗമുത്തമം രാമേശ്വരാഭിധം സേതൌ തേഷാം പൂജാ വൃഥാ ഭവേത്." പിന്നെ ശ്രീരാമന്നായി കൊണ്ടുവന്നലിംഗത്തെ പ്രതിഷ്ഠിക്കാതെതന്നെ അവിടെ ഇടുകയുംചെയ്തു. അതു് ഇന്നുംഅങ്ങിനെതന്നെ കിടക്കുന്നു. വാൽ മുറിഞ്ഞ ഹനുമാന്റെ വിഗ്രഹവും ഉണ്ട്. ഹനുമാൻ വാൽ പൊട്ടിത്തെറിച്ചു വീണ സ്ഥലം ഹനുമത്തീർത്ഥമെന്ന പേരോടുകൂടി വിളങ്ങുന്നു. ശ്രീരാമൻ പിന്നെ രാമതീർത്ഥത്തെ നിർമ്മിച്ച് അതിന്നരികിൽ സേതുമാധവനെന്ന സ്വവിഗ്രഹത്തെ സ്ഥാപിച്ചതായി പറയപ്പെട്ടിരിക്കുന്നു. ലക്ഷ്മണനും ലക്ഷ്മണതീർത്ഥത്തെ നിർമ്മിച്ചതായും പറയപ്പെട്ടിട്ടുണ്ട്.

സ്കാന്ദപുരാണം നാഗരഖണ്ഡത്തിൽ, വല്ല മനുഷ്യരും ലങ്കയിൽ പ്രവേശിച്ചാൽ **അവരെ രാക്ഷസർ** വധിക്കരുതെന്നു പറഞ്ഞപ്പോഠ, ദ്രവ്യലോഭംകൊണ്ടു് അനേ**കം ആളുകഠ ലങ്കയി**ലേക്കു് വന്നേക്കുവാൻ **ഇ**ടയുണ്ടെന്നും, ദേവതാദർശനത്തി**ന്നായും** വന്നേക്കാമെന്നും, **അവരെ** വല്ല **ഒരു രാക്ഷസനും** വധിക്കുന്നതായാൽ **തനിക്കു ദോഷമുണ്ടാ**കാതിരിപ്പാൻ വല്ല നിവൃത്തിയും ചെയ്യേണമെന്നും വിഭീഷണൻ ശ്രീരാമനോടു് **അപേക്ഷിച്ചപ്പോഠ** തന്റെ ധനുസ്സിന്റെ അഗ്രംകൊണ്ടു് **സേതുവിനെ നടുവിൽ പത്തുയോജന** ദൂരം മുറിച്ചു എന്നും പറയപ്പെട്ടിരിക്കുന്നു. “യദി കശ്ചിത് സമായാതി മനുഷ്യോऽത്ര കഥഞ്ചന മത്കാരണാന്ന ഹന്തവ്യഃ സൎവ്വൈരേവ നിശാചരൈഃ. തഥാ നിശാചരാഃ സൎവ്വേ ത്വയാ വാൎയ്യാ വിഭീഷണ. മമ സേതും സമുല്ലംഘ്യ ന ഗന്തവ്യം ധരാതലേ.” അപ്പോഠ വിഭീഷണൻ “ഭവിഷ്യന്തി കലൌ കാലേ ദരിദ്രാ നൃപമാനവാഃ. തത്ര സ്വൎണ്ണസ്യ ലോഭേന ദേവതാദൎശനായ ച. നിത്യം ചൈവാഗമിഷ്യന്തി ത്വൽകൃതം രക്ഷഃകൃതം ഭയം തേഷാം യദി വധം കശ്ചിദ്രാക്ഷസഃ പ്രാപയിഷ്യതി ഭവിഷ്യതി ച മേ ദോഷഃ പ്രഭൂദ്രോഹാദ് ഭവഃ പ്രഭോ തസ്മാത് കഞ്ചിദുപായം ത്വം ചിന്തയസ്വ യഥാ മമ. ആജ്ഞാഭംഗകൃതം പാപം ജായേത ന സുരോത്തമ.” “തസ്യ തദ്വചനം ശ്രുത്വാ തതഃ സ രഘുസത്തമഃ. ബാഢമിത്യേവ ചോക്ത്വാऽഥ ചാപം സജ്ജീചകാര സഃ. തതസ്തം കീൎത്തിരൂപം ച മധ്യദേശ രഘൂത്തമഃ. ആച്ഛിനത് സുശിതൈർബ്ബാണൈഃ ദശയോജനവിസ്തൃതം.” രാവണവധത്തിന്നുശേഷം അനേകം കാലത്തിന്നപ്പുറം, ശ്രീരാമനും ഭരതനുമായി ലങ്കയിലേക്കു് ചെന്നതായും, അവിടെവെച്ചു് ശ്രീരാമന്നായ്ക്കൊണ്ടു്, വാമനമൂൎത്തി വിഗ്രഹത്തെ കന്യാകുബ്ജത്തിൽ പ്രതിഷ്ഠിപ്പാനായി വിഭീഷണൻ കൊടുത്തതായും, അതിന്നുശേഷം ലങ്കയിൽ, (സ്കാന്ദപുരാണത്തിൽ പറഞ്ഞപ്രകാരംതന്നെ) മനുഷ്യരുടെ ബാധയില്ലാതിരിപ്പാനായി ശ്രീരാമൻ സേതുവിനെ മൂന്നായി മുറിച്ചതായും പറഞ്ഞിട്ടുണ്ടു്. “കാൎമ്മുകം ഗൃഹ്യ ഹസ്തേന രാമഃ സേതും ചിധാऽച്ഛിനത്. ത്രിർവിഭജ്യ ച വേഗേന മദ്ധ്യേ വൈ ദശയോജനം. ഛിത്വാ തു യോജനം ചൈകമേകം ഖണ്ഡത്രയം കൃതം.” (പാദ്മം സൃഷ്ടിഖണ്ഡം 10-ാം അദ്ധ്യായം.)]

ഏഷാ സാ ദൃശ്യതേ സീതേ കിഷ്കിന്ധാ ചിത്രകാനനാ
സുഗ്രീവസ്യ പുരീ രമ്യാ യത്ര വാലീ മയാ ഹതഃ 23

| | | | |
|---|---|---|---|
| “സീതേ | “സീതേ | ഏഷാ | ഈ |
| യത്ര | യാതൊരു ദിക്കിൽ | സുഗ്രീവസ്യ | സുഗ്രീവന്റെ |
| മയാ | എന്നാൽ | രമ്യാ പുരീ | രമ്യനഗരവും |
| വാലി | ബാലി | ചിത്രകാനനാ | അഴകാൎന്ന തോപ്പുകളോ |
| ഹതഃ | വധിക്കപ്പെട്ടുവോ | കിഷ്കിന്ധാ | കിഷ്കിന്ധ[ന്നു]മായ |
| സാ | അപ്രകാരമുള്ളതായ | ദൃശ്യതേ.” | കാണപ്പെടുന്നു.” |

അഥ ദൃഷ്ട്വാ പുരീം സീതാ കിഷ്കിന്ധാം വാലിപാലിതാം
അബ്രവീത് പ്രശ്രിതം വാക്യം രാമം പ്രണയസാധ്വസാ. 24

| | | |
|---|---|---|
| അഥ | ആ സമയം | വാലിപാലിതാം ബാലിയാൽ പരിപാ |
| സീതാ | സീതാദേവി | ലിക്കപ്പെട്ടിരുന്നതായ |

| | | | |
|---|---|---|---|
| കിഷ്കിന്ധാംപുരീം | കിഷ്കിന്ധാനഗ[രത്തെ | രാമം | ശ്രീരാമനെനോക്കി |
| ദൃഷ്ട്വാ | കണ്ട് | പ്രശ്രിതം | വണക്കത്തോടെ |
| പ്രണയ-സാദ്ധ്വസാ | പ്രീതിയും സങ്കോചവും കലൎന്നുകൊണ്ടവളായി | വാക്യം അബ്രവീത് | ഇപ്രകാരം ഉണൎത്തിച്ചു. |

സുഗ്രീവപ്രിയഭാൎയ്യാഭിസ്താരാപ്രമുഖതോ നൃപ
അന്യേഷാം വാനരേന്ദ്രാണാം സ്ത്രീഭിഃ പരിവൃതാ ഹ്യഹം
ഗന്തുമിച്ഛേ സഹായോദ്ധ്യാം രാജധാനീം ത്വയാഽനഘ. 25

| | | | |
|---|---|---|---|
| "അനഘ! | "നിഷ്പാപനായുള്ളോ | സ്ത്രീഭിഃ | സ്ത്രീകളോടും |
| നൃപ | മഹാരാജാവേ [വേ | പരിവൃതാ ഹി | കൂടിയവളായ്ത്തന്നെ |
| അഹം | ഞാൻ | ത്വയാ സഹ | നിന്തിരുവടിയൊന്നിച്ച് |
| താരാപ്രമുഖതഃ | താരമുതലായ | | |
| സുഗ്രീവ-പ്രിയഭാൎയ്യാഭിഃ | സുഗ്രീവപത്നിമാരോടും | അയോദ്ധ്യാം രാജധാനീം | അയോദ്ധ്യരാജധാനിയിലേക്ക് |
| അന്യേഷാം | മററുള്ള | ഗന്തും | ചെല്ലുവാൻ |
| വാനരേന്ദ്രാണാം | വാനരോത്തമന്മാരുടെ | ഇച്ഛേ." | ആഗ്രഹിക്കുന്നു." |

ഏവമുക്തോഽഥ വൈദേഹ്യാ രാഘവഃ പ്രത്യുവാച താം
ഏവമസ്ത്വിതി കിഷ്കിന്ധാം പ്രാപ്യ സംസ്ഥാപ്യ രാഘവഃ
വിമാനം പ്രേക്ഷ്യ സുഗ്രീവം വാക്യമേതദുവാച ഹ. 26

| | | | |
|---|---|---|---|
| അഥ | അപ്പോൾ | രാഘവഃ | ശ്രീരാഘവൻ |
| വൈദേഹ്യാ | ജാനകീദേവിയാൽ | കിഷ്കിന്ധാം | കിഷ്കിന്ധയിൽ |
| ഏവം | ഇപ്രകാരം | പ്രാപ്യ | എത്തിയാറെ |
| ഉക്തഃ | അപേക്ഷിക്കപ്പെട്ടവനായ | വിമാനം | വിമാനത്തെ |
| രാഘവഃ | ശ്രീരാഘവൻ | സംസ്ഥാപ്യ | നിൎത്തി |
| താം | ദേവിയോടായി | സുഗ്രീവം | സുഗ്രീവനെ |
| "ഏവം അസ്തു," | "അങ്ങിനെതന്നെയാ[വട്ടെ," | പ്രേക്ഷ്യ | നോക്കി |
| ഇതി | എന്ന് | ഏതത് | ഇങ്ങിനെ |
| പ്രത്യുവാച | മറുപടിയരുളിച്ചെയ്തു; | വാക്യം | വാക്യത്തെ |
| | | ഉവാച ഹ. | അരുളിച്ചെയ്തു. |

ബ്രൂഹി വാനരശാൎദ്ദൂല സൎവ്വാൻ വാനരപുംഗവാൻ
സ്വദാരസഹിതാഃ സൎവ്വേ ഹ്യയോദ്ധ്യാം യാന്തു സീതയാ. 27

| | | | |
|---|---|---|---|
| "വാനരശാൎദ്ദൂല | "വാനരോത്തമ | സ്വദാര-സഹിതാഃ | അവനവന്റെ ഭാൎയ്യമാരോടും കൂടി |
| സൎവ്വാൻ | എല്ലാ | അയോദ്ധ്യാം | അയോദ്ധ്യയിലേയ്ക്ക് |
| വാനര-പുംഗവാൻ | വാനരവീരന്മാരോടും | സീതയാ | സീതയൊന്നിച്ച് |
| ബ്രൂഹി | ആജ്ഞാപിച്ചാലും; | യാന്തു. | പുറപ്പെടട്ടെ. |
| സൎവ്വേ ഹി | എല്ലാവരും തന്നെ | | |

തഥാ ത്വമപി സർവ്വാഭിഃ സ്ത്രീഭിഃ സഹ മഹാബല
അയോദ്ധ്യാം യാഹി സീതായാഃ കാമ ഏഷ പ്രപൂര്യതാം
അഭിത്വരസ്വ സുഗ്രീവ ഗച്ഛാമഃ പ്ലവഗേശ്വര. 28

| | | | |
|---|---|---|---|
| "മഹാബല | "മഹാബലശാലിയായവനെ | സീതായാഃ | സീതയുടെ |
| തഥാ | അപ്രകാരംതന്നെ | ഏഷഃ | ഈ |
| ത്വം അപി | ഭവാനും | കാമഃ | മനോരഥം |
| സർവ്വാഭിഃ | എല്ലാ | പ്രപൂര്യതാം | പൂർത്തിക്കപ്പെടട്ടെ; |
| സ്ത്രീഭിഃ സഹ | രാജ്ഞിമാരോടുംകൂടി | പ്ലവഗേശ്വര | വാനരേശ്വര |
| അയോദ്ധ്യാം | അയോദ്ധ്യയിലേക്ക് | സുഗ്രീവ | സുഗ്രീവ |
| യാഹി | എഴുന്നെള്ളിയാലും; | അഭിത്വരസ്വ | വേഗത്തിലാവട്ടെ |
| | | ഗച്ഛാമഃ" | നാം പുറപ്പെടുക." |

ഏവമുക്തസ്തു സുഗ്രീവോ രാമേണാമിതതേജസാ
വാനരാധിപതിഃ ശ്രീമാംസ്തൈശ്ച സർവ്വൈഃ സമാവൃതഃ
പ്രവിശ്യാന്തഃപുരം ശീഘ്രം താരാമുദ്വീക്ഷ്യ സോബ്രവീത് 29

| | | | |
|---|---|---|---|
| അമിതതേജസാ | നിസ്തുല്യമഹിമയാർന്ന | തൈഃ | അവർ |
| രാമേണ | ശ്രീരാമനാൽ | സർവ്വൈഃ ച | എല്ലാവരാലും |
| ഏവം | ഇപ്രകാരം | സമാവൃതഃ | ചൂഴപ്പെട്ടവനായി |
| ഉക്തഃ | അരുളിച്ചെയ്യപ്പെട്ട | ശീഘ്രം | ഉടനെ |
| ശ്രീമാൻ | ശ്രീമാനായ | അന്തഃപുരം | അന്തഃപുരത്തിൽ |
| വാനരാധിപതിഃ | വാനരേശ്വരനായ | പ്രവിശ്യ | പുക്ക് |
| സഃ സുഗ്രീവഃ | ആ സുഗ്രീവൻ | താരാം ഉദ്വീക്ഷ്യ | താരയെ നോക്കി |
| തു | ആ സമയം | അബ്രവീത്. | ഇപ്രകാരം ഉരചെയ്തു. |

പ്രിയേ ത്വം സഹ നാരീഭിർവ്വാനരാണാം മഹാത്മനാം
രാഘവേണാഭ്യനുജ്ഞാതാ മൈഥിലീപ്രിയകാമ്യയാ. 30

| | | | |
|---|---|---|---|
| "പ്രിയേ | "പ്രേയസി! | മൈഥിലീപ്രിയകാമ്യയാ | ജാനകീദേവിയുടെ ആഗ്രഹപൂർത്തിക്കായി (കൂടെ വരുവാൻ) |
| മഹാത്മനാം | മഹാത്മാക്കളായ | രാഘവേണ | ശ്രീരാഘവനാൽ |
| വാനരാണാം | വാനരന്മാരുടെ | അഭ്യനുജ്ഞാതാ | ആജ്ഞാപിക്കപ്പെട്ടവളായിരിക്കുന്നു. |
| നാരീഭിഃ സഹ | സ്ത്രീകളൊന്നിച്ച് | | |
| ത്വം | ഭവതിയും | | |

ത്വര ത്വമഭിഗച്ഛാമോ ഗൃഹ്യ വാനരയോഷിതഃ
അയോദ്ധ്യാം ദർശയിഷ്യാമഃ സർവ്വാ ദശരഥസ്ത്രിയഃ 31

| | | | |
|---|---|---|---|
| "ത്വം ത്വര | "ഭവതി താമസിക്കരുത് | അഭിഗച്ഛാമഃ | നാം പുറപ്പെടുക; |
| വാനരയോഷിതഃ | വാനരസ്ത്രീകളെ | ദശരഥസ്ത്രിയഃ | ദശരഥമഹാരാജാവിന്റെ രാജ്ഞിമാരെ |
| ഗൃഹ്യ | കൂട്ടിക്കൊണ്ട് | സർവ്വാഃ | എല്ലാം |
| അയോദ്ധ്യാം | അയോദ്ധ്യയിലേക്ക് | ദർശയിഷ്യാമഃ" | നാം സന്ദർശിക്കുക." |

സുഗ്രീവസ്യ വചഃ ശ്രുത്വാ താരാ സർവ്വാംഗശോഭനാ
ആഹൂയ ചാബ്രവീത്സർവ്വാ വാനരാണാം തു യോഷിതഃ 32

| | |
|---|---|
| സർവ്വാംഗശോഭനാ | സർവ്വാംഗസുന്ദരിയായ |
| താരാ | താര |
| സുഗ്രീവസ്യ വചഃ | സുഗ്രീവന്റെ വാക്ക |
| ശ്രുത്വാ തു | കേട്ട് ആ സമയം |
| വാനരാണാം യോഷിതഃ | വാനരസ്ത്രീകളെ |
| സർവ്വാഃ ച | എല്ലാം |
| ആഹൂയ | വിളിച്ചു |
| അബ്രവീത്. | ഇങ്ങിനെ ഉരചെയ്തു. |

സുഗ്രീവേണാഭ്യനുജ്ഞാതാ ഗന്തും സർവ്വൈശ്ച വാനരൈഃ
മമ ചാപി പ്രിയം കാര്യമയോദ്ധ്യാദർശനേന ച 33
പ്രവേശം ചാപി രാമസ്യ പൌരജാനപദൈഃ സഹ
വിഭൂതിം ചൈവ സർവ്വാസാം സ്ത്രീണാം ദശരഥസ്യ ച 34

| | |
|---|---|
| "അയോദ്ധ്യാദർശനേന | "അയോദ്ധ്യാദർശനത്തോടുകൂടി |
| ദശരഥസ്യ | ദശരഥമഹാരാജാവിന്റെ |
| സ്ത്രീണാം | രാജ്ഞിമാർ |
| സർവ്വാസാം | എല്ലാവരുടേയും |
| വിഭൂതിം ച ഏവ | മഹിമയ്ക്കായ്ക്കൊണ്ടും |
| പൌരജാനപദൈഃ സഹ | നഗരജനങ്ങളോടും നാട്ടാരോടും കൂടി |
| രാമസ്യ | ശ്രീരാഘവന്റെ |
| പ്രവേശം അപി ച | (പുര)പ്രവേശനത്തിനായും |
| വാനരൈഃ | വാനരന്മാർ |
| സർവ്വൈഃ ച | എല്ലാവരോടുംകൂടി |
| ച ച | ഇക്ഷണംതന്നെ |
| ഗന്തും | ചെല്ലുവാൻ |
| സുഗ്രീവേണ | സുഗ്രീവമഹാരാജാവിനാൽ |
| അഭ്യനുജ്ഞാതാഃ | നിങ്ങൾ ആജ്ഞാപിക്കപ്പെട്ടിരിക്കുന്നു. |
| മമ ച | എന്റെയും |
| പ്രിയം അപി | ഇഷ്ടപ്രകാരവും |
| കാര്യം" | അപ്രകാരം ചെയ്യപ്പെടേണ്ടതാണ്." |

താരയാ ചാഭ്യനുജ്ഞാതാഃ സർവ്വാ വാനരയോഷിതഃ
നേപഥ്യം വിധിപൂർവ്വേണ കൃത്വാ ചാപി പ്രദക്ഷിണം 35
അദ്ധ്യാരോഹൻ വിമാനം തത്സീതാദർശനകാംക്ഷയാ
ദൃഷ്ട്വാ സീതാം തതഃ സർവ്വാ വിസ്മിതാ വാഗ്ഭിരീഡിരേ. 36

| | |
|---|---|
| താരയാ | താരയാൽ |
| അഭ്യനുജ്ഞാതാഃ | ആജ്ഞാപിക്കപ്പെട്ടവരായ |
| വാനരയോഷിതഃ | വാനരസ്ത്രീകൾ |
| സർവ്വാ ച | എല്ലാവരും |
| നേപഥ്യം | അലങ്കാരങ്ങളേയും |
| വിധിപൂർവ്വേണ | വഴിപോലെ |
| പ്രദക്ഷിണം | മംഗളകൃത്യങ്ങളേയും |
| കൃത്വാ അപി ച | ചെയ്തു |
| സീതാദർശനകാംക്ഷയാ | സീതാദേവിയെ കാണ്മാൻ കൊതിച്ചു |
| തത് | ആ |
| വിമാനം | വിമാനത്തിൽ |
| അദ്ധ്യാരോഹൻ | ആരോഹണം ചെയ്തു |
| തതഃ | അവിടെ |
| സർവ്വാഃ | എല്ലാവരും |
| സീതാം | സീതാദേവിയെ |
| ദൃഷ്ട്വാ | സന്ദർശിച്ചു |
| വിസ്മിതാഃ | ആശ്ചര്യമുൾക്കൊണ്ടവരായി |
| വാഗ്ഭിഃ | വാക്കുകൾകൊണ്ടു |
| ഈഡിരേ | സ്തുതിച്ചു. |

താഭിഃ സഹോത്ഥിതം ശീഘ്രം വിമാനം പ്രേക്ഷ്യ രാഘവഃ
ഋശ്യമൂകസമീപേ തു വൈദേഹീം പുനരബ്രവീത്. 37

| | | | |
|---|---|---|---|
| രാഘവഃ | ശ്രീരാഘവൻ | തു | ആ സമയം |
| വിമാനം | വിമാനത്തെ | ഋശ്യമൂക-സമീപേ | ഋശ്യമൂകപൎവ്വതസമീപത്തിൽ |
| താഭിഃ സഹ | അവരോടുംകൂടി | | |
| ശീഘ്രം ഉത്ഥിതം | വേഗത്തിൽ ഉയൎന്ന [തായി | വൈദേഹീം | സീതാദേവിയെനോക്കി |
| പ്രേക്ഷ്യ | കണ്ടു് | പുനഃ അബ്രവീത് | വീണ്ടുമരുളിച്ചെയ്തു. |

ദൃശ്യതേഽസൌ മഹാൻ സീതേ സവിദ്യുദിവ തോയദഃ
ഋശ്യമൂകോ ഗിരിശ്രേഷ്ഠഃ കാഞ്ചനൈർധാതുഭിർവൃതഃ 38

| | | | |
|---|---|---|---|
| "സീതേ | "സീതേ | ഋശ്യമൂകഃ ഗിരിശ്രേഷ്ഠഃ | ഋശ്യമൂകഗിരിവരൻ |
| മഹാൻ | വമ്പിച്ചതും | | |
| കാഞ്ചനൈഃ ധാതുഭിഃ വൃതഃ | സ്വൎണ്ണധാതുക്കളാൽ നിറയപ്പെട്ടതുമായ | സവിദ്യുത് | മിന്നൽപിണരൊത്ത |
| | | തോയദഃ ഇവ | മേഘമെന്നപോലെ |
| അസൌ | ഈ | ദൃശ്യതേ. | വിലസുന്നു. |

അത്രാഹം വാനരേന്ദ്രേണ സുഗ്രീവേണ സമാഗതഃ
സമയശ്ച കൃതഃ സീതേ വധാൎത്ഥം വാലിനോ മയാ. 39

| | | | |
|---|---|---|---|
| 'സീതേ | 'സീതേ | സമാഗതഃ | മൈത്രികൈക്കൊണ്ടതു്; |
| അത്ര | ഇവിടെവെച്ചാണു് | മയാ | എന്നാൽ |
| അഹം | ഞാൻ | വാലിനഃ | ബാലിയുടെ |
| വാനരേന്ദ്രേണ | വാനരാധിപനായ | വധാൎത്ഥം | വധത്തിന്നായി |
| | | സമയഃ ച | പ്രതിജ്ഞയും |
| സുഗ്രീവേണ | സുഗ്രീവനുമായി | കൃതഃ | ചെയ്യപ്പെട്ടതു്. |

ഏഷാ സാ ദൃശ്യതേ പമ്പാ നളിനീ ചിത്രകാനനാ
ത്വയാ വിഹീനോ യത്രാഹം വിലലാപ സുദുഃഖിതഃ 40

| | | | |
|---|---|---|---|
| "യത്ര | "യാതൊരു ദിക്കിൽ | സാ | അപ്രകാരമുള്ള |
| അഹം | ഞാൻ | ചിത്രകാനനാ | ഭംഗിയേറിയതോപ്പുക [ളാൎന്ന |
| ത്വയാ വിഹീനഃ | ഭവതിയെപ്പിരിഞ്ഞു | പമ്പാ നളിനീ | പമ്പാസരസ്സു് |
| സുദുഃഖിതഃ | ദുഃഖാൎത്തനായി | ഏഷാ | ഇതാ |
| വിലലാപ | പ്രലപിച്ചുവോ | ദൃശ്യതേ | കാണപ്പെടുന്നു. |

അസ്യാസ്തീരേ മയാ ദൃഷ്ടാ ശബരീ ധൎമ്മചാരിണീ
അത്ര യോജനബാഹുശ്ച കബന്ധോ നിഹതോ മയാ. 41

| | | | |
|---|---|---|---|
| "അസ്യാഃ | "ഇതിന്റെ | അത്ര ച | ഇവിടെത്തന്നെയാണു് |
| തീരേ | തീരത്തിൽവെച്ചാണു് | യോജനബാഹുഃ | ഒരുകാതം നീണ്ട കൈകളാൎന്ന |
| മയാ | എന്നാൽ | | |
| ധൎമ്മചാരിണീ | ധൎമ്മിഷ്ഠയായ | കബന്ധഃ | കബന്ധൻ |
| ശബരീ | ശബരിയെന്നതാപസി | മയാ | എന്നാൽ |
| ദൃഷ്ടാ | സന്ദൎശിക്കപ്പെട്ടതു്; | നിഹതഃ | ഹനിക്കപ്പെട്ടതു്. |

ദൃശ്യതേ ച ജനസ്ഥാനേ സീതേ ശ്രീമാൻ വനസ്പതിഃ
യത്ര യുദ്ധം മഹദ്വൃത്തം തവ ഹേതോർവ്വിലാസിനി
രാവണസ്യ നൃശംസസ്യ ജടായോശ്ച മഹാത്മനഃ 42

| | | | |
|---|---|---|---|
| "വിലാസിനി | "സുന്ദരി | ജടായോഃ ച | ജടായുവിനും തമ്മിൽ |
| സീതേ | സീതേ | മഹത് യുദ്ധം | വൻപോർ |
| തവ ഹേതോഃ | ഭവതി നിമിത്തമായി | വൃത്തം | നടന്നുവോ ആ |
| യത്ര | യാതൊരു ദിക്കിൽ | ജനസ്ഥാനേ | ജനസ്ഥാനത്തിൽ |
| നൃശംസസ്യ | ദുഷ്ടനായ | ശ്രീമാൻ | പുകഴാർന്ന |
| രാവണസ്യ ച | രാവണനും | വനസ്പതി: | (വട)വൃക്ഷം |
| മഹാത്മനഃ | മഹാത്മാവായ | ദൃശ്യതേ | കാണപ്പെടുന്നു. |

ഖരശ്ച നിഹതോ യത്ര ദൂഷണശ്ച നിപാതിതഃ
ത്രിശിരാശ്ച മഹാവീര്യോ മയാ ബാണൈരജിഹ്മഗൈഃ
ഏതത്തദാശ്രമപദമസ്മാകം വരവർണ്ണിനി. 43

| | | | |
|---|---|---|---|
| "വരവർണ്ണിനി | ഉത്തമേ | നിപാതിത: | വീഴ്ത്തപ്പെട്ടുവോ |
| യത്ര | യാതൊരു ദിക്കിൽ | മഹാവീര്യ: | മഹാവീര്യശാലിയായ |
| മയാ | എന്നാൽ [വെച്ച് | ത്രിശിരാ: | ത്രിശിരസ്സും |
| അജിഹ്മഗൈഃ | ഉന്നം തെററാത്ത | ച | അപ്രകാരം ഹനിക്ക |
| ബാണൈഃ | ബാണങ്ങളാൽ | തത് | ആ [പ്പെട്ടുവോ |
| ഖരഃ ച | ഖരനും | അസ്മാകം | നമ്മുടെ |
| നിഹത: | വധിക്കപ്പെട്ടുവോ | ആശ്രമപദം | ആശ്രമസ്ഥലമാകുന്ന |
| ദൂഷണ: ച | ദൂഷണനും | ഏതത് | ഇത്. |

പർണ്ണശാലാ തഥാ ചിത്രാ ദൃശ്യതേ ശുഭദർശനാ
യത്ര ത്വം രാക്ഷസേന്ദ്രേണ രാവണേന ഹൃതാ ബലാത് 44

| | | | |
|---|---|---|---|
| "യത്ര | "എങ്ങുനിന്നു | തഥാ | അപ്രകാരമുള്ളതും |
| ത്വം | ഭവതി | ചിത്രാ | അഴകാർന്നതും |
| രാക്ഷസേന്ദ്രേണ | രാക്ഷസാധിപനായ | ശുഭദർശനാ | പുണ്യകരവുമായ |
| രാവണേന | രാവണനാൽ | പർണ്ണശാലാ | പർണ്ണശാല |
| ബലാത് | ബലാത്കാരമായി | ദൃശ്യതേ | കാണപ്പെടുന്നു. |
| ഹൃതാ | അപഹരിക്കപ്പെട്ടുവോ | | |

ഏഷാ ഗോദാവരീ രമ്യാ പ്രസന്നസലിലാ ശിവാ
അഗസ്ത്യസ്യാശ്രമോ ഹ്യേഷ ദൃശ്യതേ പശ്യ മൈഥിലി. 45

| | | | |
|---|---|---|---|
| "ഏഷാ | "ഇതു് | മൈഥിലി | സീതേ |
| രമ്യാ | അഴകാർന്നതും | ഏഷ: | ഇതാ |
| പ്രസന്നസലിലാ | സ്വച്ഛജലമാർന്നതും | അഗസ്ത്യസ്യ | അഗസ്ത്യഭഗവാന്റെ |
| ശിവാ | പുണ്യകരവുമായ | ആശ്രമഃ ഹി | ആശ്രമവും |
| ഗോദാവരി | ഗോദാവരിയാകുന്നു. | ദൃശ്യതേ | കാണപ്പെടുന്നു. |
| | | പശ്യ | നോക്കുക. |

ദീപ്തശ്ചൈവാശ്രമോ ഹ്യേഷ സുതീക്ഷ്ണസ്യ മഹാത്മനഃ 46

| | |
|---|---|
| ‘‘മഹാത്മന: | ‘മഹാത്മാവായ |
| സുതീക്ഷ്ണസ്യ | സുതീക്ഷ്ണമഹർഷിയുടെ |
| ദീപ്തഃ | രമ്യമായ |
| ആശ്രമഃ ഏവ ച | ആശ്രമവും |
| ഏഷഃ ഹി | ഇതാ കാണപ്പെടുന്നു. |

വൈദേഹി ദൃശ്യതേ ചാത്ര ശരഭംഗാശ്രമോ മഹാൻ
ഉപയാതഃ സഹസ്രാക്ഷോ യത്ര ശക്രഃ പുരന്ദരഃ 47

| | |
|---|---|
| “വൈദേഹി | “ജാനകി |
| യത്ര | യാതൊരു ദിക്കിൽ |
| സഹസ്രാക്ഷ: | ആയിരം നേത്രങ്ങളാന്നവനും |
| പുരന്ദരഃ | ശത്രുപുരവിധ്വംസകനമായ |
| ശക്ര: | ഇന്ദ്രൻ |
| ഉപയാത: | എഴുന്നെള്ളിയോ ആ |
| മഹാൻ | മഹത്തായ |
| ശരഭംഗാശ്രമഃ ച | ശരഭംഗാശ്രമവും |
| അത്ര | ഇതാ |
| ദൃശ്യതേ. | കാണപ്പെടുന്നു. |

അസ്മിൻദേശേ മഹാകായോ വിരാധോ നിഹതോ മയാ. 48

| | |
|---|---|
| ‘‘അസ്മിൻദേശേ | ‘‘ഇദ്ദിക്കിൽത്തന്നെയാ |
| മഹാകായഃ | ഭീമകായനായ [ണ് |
| വിരാധ: | വിരാധൻ [ട്ടു. |
| മയാ നിഹത: | എന്നാൽ വധിക്കപ്പെ |

ഏതേ ഹി താപസാവാസാ ദൃശ്യന്തേ തനുമധ്യമേ
അത്രിഃ കുലപതിര്യത്ര സൂര്യവൈശ്വാനരപ്രഭഃ
അത്ര സീതേ ത്വയാ ദൃഷ്ടാ താപസീ ധർമ്മചാരിണീ. 49

| | |
|---|---|
| ‘‘തനുമധ്യമേ | കൃശാംഗി |
| സീതേ | സീതേ |
| ഏതേ | ഇതാ |
| താപസാവാസാ: | താപസാശ്രമങ്ങൾ |
| ദൃശ്യന്തേ | കാണപ്പെടുന്നു |
| സൂര്യവൈശ്വാനരപ്രഭ: | സൂര്യനും അഗ്നിക്കും തുല്യമായ കാന്തിയാന്ന |
| കുലപതി: | കുലപതിയായ |
| അത്രിഃ | അത്രിഭഗവാൻ |
| യത്ര | എങ്ങുണ്ടോ, അപ്രകാരമുള്ള |
| അത്ര ഹി | ഇതിൽ വെച്ചുതന്നെയാണ് |
| ത്വയാ | ഭവതിയാൽ |
| ധർമ്മചാരിണീ | ധർമ്മിഷ്ഠയായ |
| താപസീ | മുനിപത്നിയായ അനസൂയാദേവി |
| ദൃഷ്ട്വാ. | സന്ദർശിക്കപ്പെട്ടത്. |

അസൌ സുതനു ശൈലേന്ദ്രശ്ചിത്രകൂടഃ പ്രകാശതേ
യത്ര മാം കൈകയീപുത്രഃ പ്രസാദയിതുമാഗതഃ 50

| | |
|---|---|
| “സുതനു | ‘‘ശോഭനാംഗി |
| യത്ര | യാതൊരു ദിക്കിൽ |
| കൈകയീപുത്രഃ | ഭരതൻ [വെച്ച് |
| മാം | എന്നോട് |
| പ്രസാദയിതും | പ്രാർത്ഥിപ്പാനായി |
| ആഗതഃ | വന്നുവോ, ആ |
| ചിത്രകൂടഃ | ചിത്രകൂട |
| ശൈലേന്ദ്രഃ | ഗിരിവരൻ |
| അസൌ | ഇതാ |
| പ്രകാശതേ. | വിലസുന്നു. |

ഏഷാ സാ യമുനാ ദൂരാദ്ദൃശ്യതേ ചിത്രകാനനാ 51

| | |
|---|---|
| "സാ | "ആ |
| ചിത്രകാനനാ | വിശേഷപ്പെട്ട വനങ്ങളാർന്ന |

| | |
|---|---|
| ഏഷാ യമുനാ | ഈ യമുനാനദി |
| ദൂരാത് | ദൂരത്തിൽ |
| ദൃശ്യതേ | കാണപ്പെടുന്നു. |

ഭരദ്വാജാശ്രമോ യത്ര ശ്രീമാനേഷ പ്രകാശതേ.

| | |
|---|---|
| "യത്ര | "അദ്ദിക്കിൽ |
| ശ്രീമാൻ | മഹിമയേറിയ |

| | |
|---|---|
| ഭരദ്വാജാശ്രമഃ | ഭരദ്വാജാശ്രമം |
| ഏഷഃ | ഇതാ |
| പ്രകാശതേ. | വിളങ്ങുന്നു. |

ഏഷാ ത്രിപഥഗാ ഗംഗാ ദൃശ്യതേ വരവർണ്ണിനി
നാനാദ്വിജഗണാകീർണ്ണാ സംപ്രപുഷ്പിതകാനനാ 53

| | |
|---|---|
| "വരവർണ്ണിനി | "സുന്ദരി |
| ത്രിപഥഗാ | മൂന്നുവഴിയായി ഗമിക്കുന്നതും |
| നാനാദ്വിജഗണാകീർണ്ണാ | പല പക്ഷിക്കൂട്ടങ്ങളാൽ നിറയപ്പെട്ടതും |

| | |
|---|---|
| സംപ്രപുഷ്പിതകാനനാ | നന്നായി പൂത്തുള്ള തോപ്പുകളാർന്നതുമായ |
| ഗംഗാ | ഗംഗാനദി |
| ഏഷാ | ഇതാ |
| ദൃശ്യതേ. | കാണപ്പെടുന്നു. |

ശൃംഗിബേരപുരം ചൈതദ്ഗുഹോ യത്ര സമാഗതഃ 54

| | |
|---|---|
| "യത്ര | "എവിടെ വെച്ച് |
| ഗുഹഃ | ഗുഹൻ |

| | |
|---|---|
| സമാഗതഃ | മൈത്രി കയ്ക്കൊണ്ടുവോ |
| ശൃംഗിബേരപുരം | ശൃംഗിവേരപുരം [ആ |
| ഏതത് ച | ഇതുതന്നെ. |

ഏഷാ സാ ദൃശ്യതേ സീതേ സരയൂർയൂപമാലിനീ
നാനാതരുശതാകീർണ്ണാ സംപ്രപുഷ്പിതകാനനാ. 55

| | |
|---|---|
| "സീതേ | "സീതേ |
| യൂപമാലിനീ | യജ്ഞസ്തംഭങ്ങളാർന്നതും |
| നാനാതരുശതാകീർണ്ണാ | പലപല തരുനിരകളാൽ തിങ്ങിയതും |

| | |
|---|---|
| സംപ്രപുഷ്പിതകാനനാ | നന്നായി പൂത്തുള്ള തോപ്പുകളോടുകൂടിയതു |
| സാ സരയൂഃ | ആ സരയൂനദി [മായ |
| ഏഷാ ദൃശ്യതേ. | ഇതാ കാണപ്പെടുന്നു. |

ഏഷാ സാ ദൃശ്യതേഽയോദ്ധ്യാ രാജധാനീ പിതുർമ്മമ
അയോദ്ധ്യാം കുരു വൈദേഹി പ്രണാമം പുനരാഗതാ. 56

| | |
|---|---|
| "മമ | "എന്റെ |
| പിതുഃ | പിതാവിന്റെ |
| രാജധാനീ | രാജധാനിയായ |
| സാ അയോദ്ധ്യാ | ആ അയോദ്ധ്യ |
| ഏഷാ | ഇതാ |

| | |
|---|---|
| ദൃശ്യതേ | കാണപ്പെടുന്നു; |
| വൈദേഹി | ജാനകി |
| പുനഃ ആഗതാ | തിരിച്ചെത്തിയവളായ |
| അയോദ്ധ്യാം | അയോദ്ധ്യയെ [ഭവതി |
| പ്രണാമം കുരു." | കുമ്പിട്ടാലും." |

[വിമാനം ആകാശത്തിൽ വളരെ ഉയരെ ആകയാൽ, ഈ സ്ഥലങ്ങളും കാണപ്പെട്ടു എന്നു ഗ്രാഹ്യമാകുന്നു.]

**തതസ്തേ വാനരാഃ സർവ്വേ രാക്ഷസശ്ച വിഭീഷണഃ**
**ഉത്പത്യോത്പത്യ ദദൃശുസ്താം പുരീം ശുഭദർശനാം.** 57

| | | | |
|---|---|---|---|
| തത: | ആ സമയം | ഉത്പത്യ ഉത്പത്യ | എത്തിനോക്കിക്കൊണ്ട് |
| തേ | ആ | താം | ആ |
| സർവ്വേ വാനരാ: | എല്ലാ വാനരന്മാരും | ശുഭദർശനാം | പുണ്യകരമായ |
| രാക്ഷസ: | രാക്ഷസനായ | പുരീം ദദൃശു: | നഗരത്തെ വീക്ഷിച്ചു. |
| വിഭീഷണ: ച | വിഭീഷണനും | | |

തതസ്തു താം പാണ്ഡുരഹർമ്മ്യമാലിനീം
വിശാലകക്ഷ്യാം ഗജവാജിസങ്കുലാം
പുരീമയോദ്ധ്യാം ദദൃശുഃ പ്ലവംഗമാഃ
പുരീം മഹേന്ദ്രസ്യ യഥാഽമരാവതീം. 58

| | | | |
|---|---|---|---|
| തത: | ആ സമയം | പാണ്ഡുരഹർമ്മ്യമാലിനീം | വെണ്മപൂണ്ട അരമനകളുടെ നിരകളോടു കൂടിയതായും |
| പ്ലവംഗമാ: | വാനരന്മാർ | വിശാലകക്ഷ്യാം | വിശാലമായ കെട്ടുകളോടുകൂടിയതായും |
| മഹേന്ദ്രസ്യ | ഇന്ദ്രന്റെ | ഗജവാജിസങ്കുലാം തു | ആനകളാലും കുതിരകളാലും നിറയപ്പെട്ടതായും |
| പുരീം | നഗരമായ | ദദൃശുഃ. | വീക്ഷിച്ചു. |
| അമരാവതീം | അമരാവതിയെ | | |
| യഥാ | എന്നപോലെ | | |
| താം | ആ | | |
| അയോദ്ധ്യാം പുരീം | അയോദ്ധ്യാപുരത്തെ | | |

**ഇത്യാർഷേ ശ്രീമദ്രാമായണേ വാല്മീകീയേ ആദികാവ്യേ യുദ്ധകാണ്ഡേ ഷഡ്വിംശത്യുത്തരശതതമഃ സർഗ്ഗഃ = നൂററിരുപത്താറാം സർഗ്ഗം സമാപ്തം**
**ആദ്യം മുതൽ ശ്ലോകസംഖ്യ 20415; യുദ്ധകാണ്ഡം ആദ്യം മുതൽ ശ്ലോകസംഖ്യ 5740**

—oo—

## സപ്തവിംശത്യുത്തരശതതമഃ സർഗ്ഗഃ = നൂററിരുപത്തേഴാം സർഗ്ഗം

[ഭരദ്വാജാശ്രമവാസഃ—ഭരദ്വാജാശ്രമത്തിൽ താമസിക്കുന്നത്]

പൂർണ്ണേ ചതുർദ്ദശേ വർഷേ പഞ്ചമ്യാം ലക്ഷ്മണാഗ്രജഃ
ഭരദ്വാജാശ്രമം പ്രാപ്യ വവന്ദേ നിയതോ മുനിം 1

| | | | |
|---|---|---|---|
| ലക്ഷ്മണാഗ്രജ: | ശ്രീരാമൻ | ഭരദ്വാജാശ്രമം | ഭരദ്വാജാശ്രമത്തെ |
| ചതുർദ്ദശേ | പതിനാലാമത്തെ | പ്രാപ്യ | പ്രാപിച്ച് |
| വർഷേ | സംവത്സരം | നിയത: | ഭക്തിപുരസ്സരം |
| പൂർണ്ണേ | പൂർത്തിയാകുമ്പോൾ | മുനിം | മുനിയെ |
| പഞ്ചമ്യാം | പഞ്ചമിയിൽ | വവന്ദേ | വന്ദിച്ചു. |

ഗോവിന്ദരാജീയവ്യാഖ്യാനത്തിൽ പതിന്നാലു കൊല്ലം തികഞ്ഞതായ കാലത്തെപ്പററി യുദ്ധകാണ്ഡം 60-ാംസർഗ്ഗം 18-ാം ശ്ലോകത്തിലെ കറിപ്പിൽ പറഞ്ഞിട്ടുള്ളതിന്നു് പുറമെ ഇപ്രകാരം പറയുന്നു:—

ചൈത്രമാസത്തിൽ ശുക്ലപഞ്ചമിദിവസത്തിലാണു് ശ്രീരാമൻ അയോദ്ധ്യയിൽനിന്നു് നിർഗ്ഗമിക്കുന്നതു്. അന്നുതുടങ്ങി പതിന്നാലുകൊല്ലം തികഞ്ഞതായ പഞ്ചമിദിവസം ഭരദ്വാജാശ്രമത്തിൽ എത്തിയെന്നു പറയുന്നു. അയോദ്ധ്യയിൽനിന്നു് പുറപ്പെട്ട രാത്രി തമസാതീരത്തിൽ വാസം. ഷഷ്ഠിദിവസം. ശൃംഗിബേരപുരത്തിലും സപ്തമിയിൽ ഇംഗുദീവൃക്ഷത്തിന്റെ ചുവട്ടിലും അഷ്ടമിയിൽ ഭരദ്വാജാശ്രമത്തിലും വസിക്കുന്നു. നവമിയിൽ യമുനാതീരത്തിൽ താമസിച്ചു് ദശമിദിവസം ചിത്രകൂടത്തിൽ എത്തുന്നു. അന്നുവൈകുന്നേരം സുമന്ത്രർ അയോദ്ധ്യയിൽ തിരിച്ചെത്തുന്നു. അന്നേരാത്രി ദശരഥനിര്യാണം (അയോ. 57-ാം സ. 5-ാം ശ്ലോ. കറിപ്പു് നോക്കുക)·ഏകാദശിയിൽ തൈലപ്പാത്തിയിൽ നിക്ഷേപം; ദ്വാദശിയിൽ ഭരതനെ വരുത്തുവാൻ ദൂതന്മാരെ അയക്കുന്നു. അവർ പൌർണ്ണമിരാത്രിയിൽ കേകയരാജധാനിതിൽ ചെന്നുചേരുന്നു. പ്രഥമയിൽ ഭരതൻ അയോദ്ധ്യക്കു പുറപ്പെടുന്നു. വഴിയിൽ ഏഴുദിവസത്തെ താമസം കഴിഞ്ഞു് അഷ്ടമിദിവസം അഹോരാത്രം യാത്രചെയ്തു്, നവമിയിൽ സൂര്യോദയമാകുമ്പോഠം ഭരതൻ അയോദ്ധ്യയിൽ പ്രവേശിക്കുന്നു. അന്നേദിവസംതന്നെ ദശരഥസംസ്കാരം. അന്നുതുടങ്ങി പതിമൂന്നാം ദിവസം വൈശാഖശുദ്ധപഞ്ചമിയിലും അതിനു തലേദിവസവും ശ്രാദ്ധകൃത്യങ്ങഠം നടത്തുന്നു. ഷഷ്ഠിദിവസം ആ ദേശത്തിലെ ആചാരപ്രകാരം ദഹനപ്രദേശത്തെ ശുദ്ധിവരുത്തുന്നു. സപ്തമിദിവസം വഴിവെട്ടുവാൻ പ്രവൃത്തിക്കാരെ അയക്കുന്നു. ദശമിവരെ നാലുദിവസം വഴിനന്നാക്കുന്നു. ഏകാദശിദിവസം ചിത്രകൂടത്തിലേക്കുള്ള ഭരതന്റെ യാത്ര. അന്നുരാത്രി ഗംഗക്കരയിൽ വാസം. ദ്വാദശിൽ ഭരദ്വാജാശ്രമത്തിൽ താമസിച്ചു ത്രയോദശിയിൽ ശ്രീരാമസമാഗമം. പിന്നെ പ്രഥമക്കൂടി മൂന്നുദിവസം ഭരതൻ ശ്രീരാമന്റെകൂടെ ചിത്രകൂടത്തിൽ വസിക്കുന്നു. വൈശാഖകൃഷ്ണദ്വിതീയയിൽ ഭരതൻ അയോദ്ധ്യക്കു പുറപ്പെടുന്നു. ചതുർത്ഥിയിൽ അയോദ്ധ്യയിൽ പ്രവേശിക്കുന്നു. ഇപ്രകാരം ഒന്നരമാസം കഴിഞ്ഞശേഷം വൈശാഖകൃഷ്ണപഞ്ചമിയിൽ ശ്രീരാമൻ ചിത്രകൂടത്തിൽനിന്നു നിർഗ്ഗമിച്ചു് അത്ര്യാശ്രമത്തിൽ പ്രവേശിക്കുന്നു. പത്തുകൊല്ലം മുനികളുടെ പല ആശ്രമങ്ങളിലുംവസിച്ചു് ഇങ്ങിനെ പത്തുകൊല്ലം ഒന്നരമാസം കഴിഞ്ഞതിൽപിന്നെ പതിമൂന്നുകൊല്ലമാവുന്നതുവരെ പഞ്ചവടിയിൽ വാസം. പിന്നെ പതിന്നാലാംകൊല്ലം ആരംഭിച്ച ചൈത്രമാസത്തിൽ സീതാഹരണം. വൈശാഖത്തിൽ സുഗ്രീവദർശനം. ആഷാഢത്തിൽ ബാലിവധം. ആശ്വിയുജമാസത്തിൽ സൈന്യോദ്യോഗം. ഫാൽഗുനമാസത്തിൽ സമുദ്രക്കരയിൽ ശ്രീരാമൻ പ്രായോപവേശം ചെയ്യുന്നു. ഫാൽഗുനശുക്ലചതുർദ്ദശിയിൽ വാനരന്മാർ ലങ്കയെ ദഹിപ്പിക്കുന്നു. ഫാൽഗുനഅമാവാസ്യയിൽ രാവണവധം. ചൈത്രശുക്ലപ്രഥമയിൽ രാവണസംസ്കാരം മുതലായവ. ദ്വിതീയയിൽ വിഭീഷണാഭിഷേകം, സീതാപ്രാപ്തി മുതലായവ. തൃതീയയിൽ ലങ്കയിൽനിന്നു നിർഗ്ഗമനം. ചതുർത്ഥിയിൽ കിഷ്കിന്ധയിൽ വാസം. പഞ്ചമിയിൽ ഭരദ്വാജാശ്രമവാസം.

ആനന്ദരാമായണത്തിൽ മാഘമാസത്തിൽ സിതപഞ്ചമിയിൽ വനവാസപ്രയാണവും മാഘമാസം സിതപഞ്ചമിയിൽ അയോദ്ധ്യാപ്രാപ്തിയുമാണെന്നുപറയുന്നു."മാഘമാസേ സിതേ പക്ഷേ പഞ്ചമ്യാം പരമേട്ഠനി പ്രാപ്തേ ഹ്യഷ്ടാദശേ വർഷേ രാഘവയ

മഹാത്മനേ ആസീദനപ്രയാണം ഹി സപുഷ്യാസ്തമസാതടം." ആശ്വിനീ ശുക്ലദശമിയിൽ യുദ്ധപ്രയാണമെന്നു പറയുന്നു, "ഇദാനീമേവ വിജയോ മുഹൂർത്തസ്സുദൃവർത്തതേ. ആശ്വിനീ ശുക്ലദശമീ ശ്രവണർക്ഷസമന്വിതാ, ശുഭാട്ടദ്യ വാനരശ്രേഷ്ഠ ഗച്ഛാമോ ലവണാർണ്ണവം." മാഘശുക്ലചതുർത്ഥിയിൽ ഭരദ്വാജാശ്രമപ്രാപ്തി:, മാഘശുക്ലചതുർത്ഥ്യാം ഹി പൂർണ്ണേ വർഷേ ചതുർദ്ദശേ തസ്യൈവ തസ്യാശ്രമേ. യാനാദവരുഹ്യ യഥാസുഖം." "മാഘസ്യ സിതപഞ്ചമ്യാം പ്രാപ്തേ പഞ്ചദശേഽബ്ദകേ. പ്രഭാതേ ഭരതോ യാമ്യേ ദദർശ പുഷ്പകം ഖഗം."

മാഹേശ്വരതീർത്ഥീയം കതകം എന്ന വ്യാഖ്യാനങ്ങളിൽ കാലഗണന ഇപ്രകാരമാകുന്നു:- ഫാൽഗുനമാസം പൂർണ്ണിമയിൽ സുവേലാരോഹണം. പിറെറ ദിവസം കൃഷ്ണപക്ഷപ്രഥമയിൽ യുദ്ധാരംഭം. അന്നേദിവസം രാത്രിതന്നെ നാഗപാശബന്ധനവും മോചനവും. ദ്വിതീയയിൽ വജ്രദംഷ്ട്രവധം, ചതുർത്ഥിയിൽ അകമ്പനന്റെയും പഞ്ചമിയിൽ പ്രഹസ്തന്റെയും വധം. ഷഷ്ഠിയിൽ രാവണഭംഗം. സപ്തമിയിൽ കുംഭകർണ്ണവധം. അഷ്ടമിയിൽ അതികായൻ മുതലായവരുടെ വധം. നവമിയിൽ ഇന്ദ്രജിത്തിന്റെ ബ്രഹ്മാസ്ത്രപ്രയോഗം. ദശമി പകൽ നികുംഭവധം. അന്നേ രാത്രി മകരാക്ഷവധം. ഏകാദശിതൊട്ട് മൂന്നുദിവസം ഇന്ദ്രജിത്തുമായി യുദ്ധം. ത്രയോദശിയിൽ ഇന്ദ്രജിത്തിന്റെ വധം. ചതുർദ്ദശിയിൽ മൂലബലനാശം. അമാവാസ്യയിൽ രാവണവധം. ചൈത്രശുക്ലപ്രഥമയിൽ രാവണസംസ്കാരം. ദ്വിതീയയിൽ വിഭീഷണപട്ടാഭിഷേകം. തൃതീയദിവസം ദേവീസമാഗമം. ("താം രാത്രിമുഷിതം രാമം സുഖോത്ഥിതമരിന്ദമം അബ്രവീത് പ്രാഞ്ജലിർവാക്യം ജയം പൃഷ്ട്വാ വിഭീഷണ: യുദ്ധ. 124 (i) എന്ന ശ്ലോകം കാൺക. ചതുർത്ഥിയിൽ പ്രതിപ്രയാണം. അന്നെ ദിവസം കിഷ്കിന്ധാപ്രാപ്തി. പഞ്ചമിയിൽ ഭരദ്വാജാശ്രമപ്രാപ്തി. ഷഷ്ഠിദിവസം നന്ദിഗ്രാമത്തിലെത്തി ജടാവിശോധനവും അയോദ്ധ്യാപ്രാപ്തിയും. സപ്തമിയിൽ പൂയം നക്ഷത്രത്തിൽ പട്ടാഭിഷേകം.

തിലകവ്യാഖ്യാനത്തിൽ താഴെ പറയും പ്രകാരം ഇതരവ്യാഖ്യാനങ്ങളുടെ അഭിപ്രായത്തെ സവിസ്തരം ഖണ്ഡിക്കുന്നു. വള്ളത്തോൾ മഹാകവി മലയാളത്തിൽ ആദ്യം പ്രസിദ്ധീകരിച്ച രാമായണത്തിന്നു മഹാമഹിമശ്രീ അപ്പൻ തമ്പുരാനവർകൾ എഴുതിയിട്ടുള്ള അവതാരികയിൽ തിലക വ്യാഖ്യാതാവിന്റെ മതത്തെ അനുവദിച്ചു തായ്ക്കന്നെയാണ് കാണുന്നത്:—

ചൈത്രമാസത്തിൽ പൂയം നക്ഷത്രദിവസമാകുന്നു അയോദ്ധ്യയിൽനിന്നു ശ്രീരാമൻ വനവാസത്തിന്നു പുറപ്പെട്ടതു് എന്ന് സ്പഷ്ടമാകുന്നു;

"ചൈത്ര: ശ്രീമാനയം മാസഃ പുണ്യഃ പുഷ്പിതകാനന: യൗവ്വരാജ്യായ രാമസ്യ സർവ്വമേവോപകല്പ്യതാം" (അയോ. 3-ാം സർഗ്ഗം). "ശ്വ ഏവ പുഷ്യോ ഭവിതാ ശ്വോഽഭിഷേച്യസ്തു മേ സുതഃ (അയോ. 4-ാം സ.) "അദ്യ ചന്ദ്രോഽഭ്യുപഗത: പുഷ്യാത് പൂർവ്വം പുനർവ്വസൂ ശ്വ: പുഷ്യയോഗം നിയതം വക്ഷ്യന്തേ ദൈവചിന്തകാഃ തത്ര പുഷ്യേഽഭിഷിഞ്ചസ്വ മനസ്ത്വരയതീവ മാം. ശ്വസ്ത്വാഽഹമഭിഷേക്ഷ്യാമി യൗവ്വരാജ്യേ പരന്തപ" (അയോ. 4-ാം സർഗ്ഗം)

ചൈത്രമാസത്തിൽ പൂയം ശുക്ലപക്ഷത്തിൽ നവമി തുടങ്ങി മൂന്നു തിഥികളിൽ മാത്രമേ വരികയുള്ളു എന്നതു് ജ്യോതിഷിക സമ്മതമാകുന്നു. അതിൽ നവമി രിക്ത

യാകയാൽ അഭിഷേകത്തിന്നു യോജിച്ചതല്ലായ്കയാലും ദശമി പൂൎണ്ണതിഥിയാകയാലും ദശമിയിൽതന്നെ പട്ടാഭിഷേകം നിശ്ചയിച്ചിരുന്നതായി വിചാരിക്കാം. ആകയാൽ ചൈത്ര ശുക്ലദശമിയിൽ പ്രസ്ഥാനമെന്നു സിദ്ധമാകുന്നു: ഇപ്പോൾ മാഘമാസം അമാവാസ്യയിൽ യുദ്ധം അവസാനിച്ചു എന്നു് സ്വീകരിച്ചു് അതിന്നുശേഷം ശുക്ലപഞ്ചമിയിൽ ഭരദ്വാജാശ്രമപ്രാപ്തിയാകുന്നു എന്നു് വിചാരിക്കുന്നതായാൽ പതിന്നാലു കൊല്ലം ഇക്കണക്കിൽ തികയാത്തതുകൊണ്ടു് പ്രതിജ്ഞാഭംഗം വരുന്നതാണ്. എന്തുകൊണ്ടെന്നാൽ യുദ്ധസമാപ്തിക്കുശേഷം ചൈത്ര ശുക്ലപഞ്ചമിവരെ അവിടെ ലങ്കയിൽ താമസിച്ചു എന്നു പറയപ്പെട്ടിട്ടില്ല; അങ്ങിനെ വിചാരിപ്പാനും തരമില്ല. അഥവാ ചൈത്ര ശുക്ലപഞ്ചമിദിവസം തന്നെയാണ് അവിടെ തിരിച്ചെത്തിയത് എന്നു വിചാരിക്കയാണെങ്കിൽകൂടി, ചൈത്ര ദശമിയിൽ അയോദ്ധ്യയിൽനിന്നു പുറപ്പെട്ടിരിക്കുന്നതുകൊണ്ടു്, അക്കണക്കിലും അഞ്ചു് ദിവസത്തെ കുറവ് വരുന്നതിനാലും പ്രതിജ്ഞാഹാനിതന്നെ. ഭരദ്വാജാശ്രമത്തിലെത്തിയ പിറ്റെ ദിവസം തന്നെ അയോദ്ധ്യയിൽ ശ്രീരാമൻ എത്തിയെന്നു പറയുന്നുമുണ്ടു്. കറുത്തവാവിലവസാനിക്കുന്ന മാസക്കണക്കുപ്രകാരം, ചൈത്രമാസത്തിൽ കറുത്ത പഞ്ചമിയിൽ ഭരദ്വാജാശ്രമത്തിൽ എത്തിയെന്നു വിചാരിക്കുന്നതായാൽ, പതിന്നാലുകൊല്ലം കഴിഞ്ഞു് അധികദിവസം കഴിയുന്നതുകൊണ്ടു്, പതിന്നാലുകൊല്ലം കഴിഞ്ഞ പിറ്റെ ദിവസം തിരിച്ചെത്തിയില്ലെന്നു വരികിൽ ഭരതൻ പ്രാണത്യാഗം ചെയ്യുമെന്നു പ്രതിജ്ഞ ചെയ്തിരിക്കുന്നതുകൊണ്ടു്, അങ്ങിനെ വിചാരിപ്പാനും തരമില്ല. ആകയാൽ ചൈത്രമാസം കൃഷ്ണപ്രതിപദത്തിൽ യുദ്ധാരംഭവും ആ ചൈത്രശുക്ലപ്രതിപദത്തിൽ രാവണസംസ്കാരവുമാണെന്നുള്ള തീൎത്ഥകതകാദി വ്യാഖ്യാതാക്കന്മാരുടെ മതം യോജിക്കുന്നതല്ല.

ഇപ്രകാരം പൌൎണ്ണമാസി അവസാനിക്കുന്ന മാസക്കണക്കുപ്രകാരം പന്ത്രണ്ടു മാസങ്ങളെ ഒരു വത്സരമായെടുത്തു് കണക്കാക്കുന്നതിൽ അഞ്ചു് ദിവസം കുറവും, അമാവാസ്യാവസാനക്കണക്കിൽ കുറെദിവസങ്ങളുടെ ആധിക്യവും വരുന്നു.

സാവനമാനപ്രകാരം 360 ദിവസങ്ങളായി കൊല്ലം കണക്കാക്കപ്പെടുന്നപക്ഷം, മുൻപറഞ്ഞ തിഥിക്കണക്കുപ്രകാരമുള്ള ചാന്ദ്രമാനസംവത്സരത്തേക്കാൾ ഒരു വത്സരത്തിൽ ആറു ദിവസങ്ങൾ അധികമുണ്ടാകുന്നതാണ്. ആകയാൽ പതിന്നാലു സംവത്സരങ്ങൾക്കു് എൺപത്തിനാലു ദിവസത്തെ ആധിക്യമുണ്ടാകുന്നതാകയാൽ, അത്രയും ദിവസങ്ങൾ പ്രതിജ്ഞചെയ്തു് കാലംപൂൎത്തിയാകുന്നതിന്നു പോരാതെ വരുന്നതാണ്.

മഹാഭാരതത്തിലാകട്ടെ പതിമൂന്നു സംവത്സരങ്ങൾ തികയുന്നതിന്നു കുറച്ചു മുമ്പു തന്നെ, അജ്ഞാതവാസത്തിന്നിടക്കു് വെച്ചു് പാണ്ഡവന്മാരുടെ സ്ഥിതി പ്രത്യക്ഷമാകുന്നതിനാൽ, അവർ രണ്ടാമതും വനവാസത്തിന്നു പോകേണ്ടതാണെന്നു് ദുര്യോധനൻ വാദിക്കുമ്പോൾ ഭീഷ്മർ അതിന്നു് ഇപ്രകാരം മറുപടി പറയുന്നതായി വിരാടപൎവ്വത്തിൽ പറയപ്പെട്ടിരിക്കുന്നു:- "പഞ്ചമേ പഞ്ചമേ വൎഷേ ദ്വൌ മാസാവുപജായതഃ ഏഷാമഭ്യധികാ മാസാഃ പഞ്ച ച ദ്വാദശക്ഷപാഃ ത്രയോദശാനാം വൎഷാണാമിതി മേ ധീയതേ മതിഃ സൎവ്വം യഥാവച്ചരിതം യദ്യദേഭിഃ പ്രതിശ്രുതം ഏവമേതദ് ധ്രുവം ജ്ഞാത്വാ തതോ ബീഭത്സുരാഗതഃ സൎവ്വേ ചൈവ മഹാത്മാനഃ സൎവ്വേ ധൎമ്മാൎത്ഥകോവിദാഃ ഏഷാം യുധിഷ്ഠിരോ രാജാ കസ്മാദ്ധൎമ്മേऽപരാധ്നുയുഃ" (അയ്യഞ്ചു് കൊല്ലം കൂടുമ്പോൾ ഈരണ്ടു് അധികമാസങ്ങൾ ഉണ്ടാകുന്നു. ആകയാൽ ഇവരുടെ വനവാസം പതിമൂന്നു കൊല്ലങ്ങൾക്കായി അഞ്ചു് മാസവും പന്ത്രണ്ടു ദിവസവും കുറവുവരുന്നതാണ്

ആകയാൽ ഈ അധികത്തെ നീക്കിയാൽ പാണ്ഡവന്മാക്ക് പതിമൂന്നു വത്സരങ്ങൾ പൂർത്തിയായ്ക്കഴിഞ്ഞുവെന്നു കാണാം. അതിനാൽ അവർ ധർമ്മവിരോധം ചെയ്തിട്ടില്ലാത്തതുകൊണ്ട് വീണ്ടും വനവാസത്തിന്നവകാശമില്ല).

കുറിപ്പ്:— ചാന്ദ്രമാനപ്രകാരം വത്സരങ്ങളെ കണക്കാക്കുന്നതിലും, സൌരമാനപ്രകാരം വത്സരം കണക്കാക്കുന്നതിലുമായി കൊല്ലത്തിൽ സുമാർ $11\frac{1}{4}$ ദിവസം വ്യത്യാസം വരുന്നതാണ്. ഇതിനാലാണ് അയ്യഞ്ച് കൊല്ലങ്ങൾ കൂടുമ്പോൾ രണ്ടു അധിമാസങ്ങൾ ഉണ്ടാവുന്നതെന്ന് പറയപ്പെട്ടിരിക്കുന്നത്. വാസ്തവത്തിൽ രണ്ടുകൊല്ലവും എട്ടുമാസവും കൂടുമ്പോൾ ഒരു അധിമാസം ഉണ്ടാകും. സൌരമാനപ്രകാരം ഒരു വത്സരം $365\frac{1}{4}$ ദിവസവും, ചാന്ദ്രമാനപ്രകാരം സുമാർ 354 ദിവസവുമാകുന്നു.

ആകയാൽ ഈ മാതിരിയായുള്ള വ്യവഹാരങ്ങളിൽ ചാന്ദ്രമാനപ്രകാരമുള്ള പന്ത്രണ്ടുമാസങ്ങൾ കൊണ്ടാകുന്നവത്സരഗണനയും അധിമാസഗണനയുമെന്നു സ്പഷ്ടമാകുന്നു. ഇപ്രകാരം ശ്രീരാമന്റെ സംഗതിയിലും അധിമാസങ്ങളെ കണക്കാക്കുന്നത് ധർമ്മവിരുദ്ധമായ്‌വരികയില്ലെന്ന് സ്പഷ്ടമാകുന്നു. ഇപ്രകാരം കണക്കാക്കുമ്പോൾ അമാവാസ്യയിൽ അവസാനിക്കുന്ന മാസക്കണക്കപ്രകാരം, പതിന്നാലാം സംവത്സരത്തിലെ ആശ്വിന കൃഷ്ണപക്ഷത്തിലും, പൂർണ്ണിമയിൽ അവസാനിക്കുന്ന മാസക്കണക്ക പ്രകാരമാണെന്നാൽ കാർത്തികമാസം ശുക്ലപക്ഷത്തിലും ഷഷ്ഠിതിഥിയിൽ പതിന്നാലു കൊല്ലം തികയുന്നു എന്നു കിട്ടുന്നതാണ്. ഇപ്രകാരമല്ലാതെ ചൈത്രശുക്ലദശമിയിൽ തുടങ്ങിയതായ വനവാസത്തിന്ന് ഷഷ്ഠി തിഥിയിൽ പതിന്നാലു വത്സരങ്ങളുടെ സമാപ്തി ഒരിക്കലും സംഭവിക്കുന്നതല്ല. ഇപ്രകാരം കണക്കാക്കുന്നതിൽ പതിന്നാലു സംവത്സരങ്ങൾക്ക്, പതിനൊന്നുദിവസം കുറയെ ആറുമാസം കണക്കുവരുന്നതുമാണ്.

ആകയാൽ പന്ത്രണ്ടുകൊല്ലവും പതിമൂന്നിൽ കുറച്ചും ചെന്ന് (ആരണ്യകാണ്ഡം 42–ാം സ. 31–ാം ശ്ലോ.; കിഷ്കി. 53-ാം സ. 19-ാം ശ്ലോ; സുന്ദര. 48–ാംസ. 58-ാം ശ്ലോ. എന്നവയിലെ കുറിപ്പുകൾ കാൺക). ഫാൽഗുനമാസം അഷ്ടമിദിവസം രാവണൻ സീതയെ അപഹരിക്കുന്നു. "വർത്തതേ ദശമോ മാസോ ദ്വൌ തു ശേഷൌ പ്ലവംഗമ." (സുന്ദരകാണ്ഡം 37–ാം സ) എന്ന് സീത പറയുന്നത് സാവനമാനപ്രകാരം തന്റെ അപഹരണ ദിവസംമുതൽ കണക്കാക്കിയതാകുന്നു.

ത്രികൂടശിഖരത്തിൽ ശ്രീരാമനും സൈന്യവും എത്തിയ ഘട്ടത്തിൽ "പൂർണ്ണചന്ദ്രപ്രദീപ്താ ച ക്ഷപാ സമഭിവർത്തതേ." [യുദ്ധ 38–ാം സർഗ്ഗം) എന്നു ശ്രീരാമൻ പറയുന്നതിൽനിന്ന് പൌഷശുക്ലചതുർദ്ദശിയിൽ, അഥവാ പൌർണ്ണമിയിൽ ആകുന്നു അത് എന്ന് ഗ്രാഹ്യമാകുന്നു. ഇതുകൂടാതെ ഹനുമാൻ ലങ്കയിൽ പ്രവേശിച്ചശേഷം സീതയെ സന്ദർശിക്കുന്നഘട്ടത്തിൽ, "ഹിമവ്യപായേന ച ശീതരശ്മിരഭ്യുത്ഥിതോ നൈകസഹസ്രരശ്മിഃ" (സുന്ദര. 16-ാം സ.) എന്ന വാക്യപ്രകാരവും, "ദ്വൌ മാസൌ രക്ഷിതവ്യൌ മെയോടവധിസ്തേ മയാ കൃതഃ" (സുന്ദര. 22-ാം സ.) എന്ന രാവണവാക്യപ്രകാരവും മാർഗ്ഗമാസത്തിൽ ശുക്ലദശമിക്കുശേഷം രണ്ടുദിവസംകൊണ്ടാകുന്നു ഹനുമാന്റെ ലങ്കാപ്രവേശമെന്ന് പ്രതിപാദിക്കപ്പെട്ടിട്ടുണ്ട്. അതിൽപിന്നെ, മാർഗ്ഗകൃഷ്ണാഷ്ടമിയിലാകുന്നു ശ്രീരാഘവന്റെ യുദ്ധപ്രസ്ഥാനമെന്ന് പ്രതിപാദിക്കപ്പെട്ടിരിക്കുന്നതുകൊണ്ട്, (യുദ്ധ. 4-ാം സ. 6. ശ്ലോ. കുറിപ്പ് കാൺക.) പൌഷപൌർണ്ണമിദിവസം ത്രികൂടപ്രാപ്തി, എന്നതുതന്നെയാണ് ഉചിതമായത്. അതിൽപിന്നെ പതിന

ഞ്ചുദിവസം സേനാനിവേശം, ദൂതപ്രേഷണം മുതലായവകൊണ്ട് കഴിഞ്ഞുപോകുന്നു. അതിൽപിന്നെ യുദ്ധാരംഭമാകുന്നു. അന്നുതുടങ്ങി അമാവാസ്യയിൽ അവസാനിക്കുന്ന മാസക്കണക്കപ്രകാരം, ശ്രാവണ അമാവാസ്യവരെ അഥവാ പൂർണ്ണിമയിൽ അവസാനിക്കുന്ന മാസപ്രകാരം ഭാദ്രപദ അമാവാസ്യവരെ ലങ്കാപുരത്തിന്നു പുറത്തായി സൈന്യങ്ങൾ തമ്മിൽ കൂട്ടപ്പോർ നടക്കുന്നു. അതിനാൽ അനേകം രാക്ഷസന്മാർ ക്ഷയിച്ചതിനാൽ ഭയപ്പെട്ടവരായ രാക്ഷസന്മാർ ലങ്കയിൽ പ്രവേശിക്കുന്നു. അന്നത്തെദിവസം യുദ്ധമുണ്ടാകുന്നില്ല. അതിനുശേഷമുള്ള പ്രതിപദദിവസം രാത്രി ഇന്ദ്രജിത്തിൻെറ ശരബന്ധം. അതിനാലാകുന്നു ശരബന്ധനത്തിൽപെട്ട ശ്രീരാമലക്ഷ്മണന്മാരെ കണ്ടുന്ന സീതാദേവി "തീർത്വാ സാഗരമക്ഷോഭ്യം ഭ്രാതരൌ ഗോഷ്പദേ ഹതൌ'' (യുദ്ധ. 48–ാം സ.) എന്നു പറയുന്നത്. ഇതിൽനിന്ന് അനേകദിവസം യുദ്ധംചെയ്ത് അനേകം രാക്ഷസർ ഹതരായിരിക്കെ, സ്വല്പം മാത്രം പോർവീരന്മാരും അവശേഷിച്ചിരിക്കെ, ആ സമയത്തിലാകുന്നു അവരുടെ ശരബന്ധം എന്നു സിദ്ധിക്കുന്നു. ഇതിനാൽ "അയം തേ സുമഹാൻ കാലഃ ശയാനസ്യ മഹാബല'' (യുദ്ധ. 62. സ.) എന്നു കുംഭകർണ്ണനോട് രാവണൻ പറയുന്നതും അർത്ഥവത്താകുന്നതാണ്. ഇപ്രകാരമായാൽ കുംഭകർണ്ണൻ ആറുമാസത്തിലധികം ഉറങ്ങിക്കിടന്നിട്ടുണ്ടായിരിക്കും. സേതുബന്ധം മുതലായ സംഗതികൾ ആയിടയിൽ നടന്നതിനെ കുംഭകർണ്ണൻ അറിയാതിരിക്കുന്നു എന്നു രാവണൻ പറയുന്ന വാക്കിന്ന് അർത്ഥവും സമുചിതമായിരിക്കും.

കൂടാതെ നാഗപാശബന്ധനദിവസം കൃഷ്ണപ്രതിപാദമായിരിപ്പാൻ തരമില്ല. എന്തെന്നാൽ "തസ്മിംസ്തമസി ദാരുണേ'' (യുദ്ധ. 44. സ.) എന്നു പറഞ്ഞിരിക്കുന്നതിൽനിന്ന് അങ്ങിനെ ഗ്രഹിക്കേണ്ടിയിരിക്കുന്നു. ആകയാൽ അത് ശുക്ലപ്രതിപദംതന്നെയെന്ന് ഗ്രാഹ്യമാകുന്നു. അതിനാൽ അമാവാസ്യയവസാനിക്കുന്ന ഒരു പക്ഷംമാത്രം യുദ്ധം നടന്നു എന്നു പറയുന്നത് ശരിയായിരിപ്പാൻ തരമില്ല.

അമാവാസ്യദിവസംതന്നെയാണ് രാവണവധം എന്നുപറയുന്നതും യുക്തിയുക്തമല്ല. ഇന്ദ്രജിത്തിൻെറ വധാനന്തരം "അഭ്യുത്ഥാനം ത്വമദ്യൈവ കൃഷ്ണപക്ഷചതുർദ്ദശീം കൃത്വാനിര്യാഹ്യമാവാസ്യാം വിജയായ ബലൈർവൃതഃ"(യുദ്ധ. 93-ാം സ.)എന്നു രാവണനോട് സുപാർശ്വൻ പറയുന്നതിൽനിന്ന് ചതുർദ്ദശി ദിവസം രാവണനാൽ പറഞ്ഞയക്കപ്പെട്ട സൈന്യത്തിൻെറ വധത്തിന്നുശേഷം അമാവാസ്യയിൽ പുറപ്പെട്ട രാവണനാൽ രാമലക്ഷ്മണന്മാരുമായുള്ള യുദ്ധത്തിൽ രാത്രി ലക്ഷ്മണന്നുനേരെ ശക്തിപ്രയോഗിച്ചതിൽപിന്നെ രാവണൻ ലങ്കയിലേക്ക് മടങ്ങി എന്നു പറഞ്ഞിരിക്കുന്നതിനാലും അതിൽപിന്നെ ലക്ഷ്മണൻെറ ചികിത്സക്കുശേഷം വീണ്ടും രാമരാവണയുദ്ധം നടന്നതായി സ്പഷ്ടമായി പറയപ്പെട്ടിരിക്കുന്നതിനാലും, അമാവാസ്യദിവസം രാവണവധം സംഭവിക്കത്തക്കതല്ല. എന്നുമാത്രമല്ല, ആദിത്യഹൃദയമന്ത്രത്തെ "ആദിത്യം പ്രേക്ഷ്യ ജപ്ത്വേദം പരം ഹർഷമവാപ്തവാൻ" (യുദ്ധ. 107-ാം സ.) എന്നതിൽനിന്ന് സൂര്യദർശനത്തിന്നുശേഷം ജപം പറയപ്പെട്ടിരിക്കുന്നതിനാലും, രാവണൻെറ മരണത്തിന്നുശേഷം "സ്ഥിരപ്രഭശ്ചാപ്യഭവദ്ദിവാകരഃ" (യുദ്ധ. 111–ാം സ.) എന്നു പറയപ്പെട്ടിരിക്കകൊണ്ടും പകൽ വധം നടന്നു എന്നു സിദ്ധിക്കുന്നതിനാലും അധികകാലം യുദ്ധംചെയ്തശേഷം ലക്ഷ്മണന്നുനേരെ ശക്തി പ്രയോഗിച്ചിരിക്കയാലും, അതിന്നുശേഷം ഔഷധിപർവ്വതംകൊണ്ടുവരപ്പെട്ടതായി പറഞ്ഞിരിക്കയാലും അമാവാസ്യരാത്രി ശക്തിഘാതമെന്നു സ്പഷ്ടമാകയാലും രാവണൻ രണത്തിൽനിന്ന് ലങ്കയിലേക്ക് മടങ്ങിയെന്നു പറഞ്ഞിരിക്കയാലും, അമാവാസ്യദിവസം രാവണവധമാണെന്നുപറയുന്നത് യുക്തമല്ല.

ഇപ്രകാരംതന്നെ പാദ്മപുരാണത്തിൽ പറയപ്പെട്ടിരിക്കുന്നു. "തതോ ജജ്ഞേ മഹായുദ്ധം സംകുലം കപിരക്ഷസാം. മദ്ധ്യാഹ്നേ പ്രഥമം യുദ്ധം പ്രാരബ്ധം പ്രതിപദ്യഭൂത്." (ഇതു മുൻപറഞ്ഞ യുക്തികൾകൊണ്ടു ശുക്ലപ്രതിപാദമാണെന്നു ഗ്രാഹ്യമാകുന്നു) 'തതോ നിശി സമാഗമ്യ മായാവീ ശക്രജിദ്ബലീ. ബബന്ധ നാഗപാശൈസ്തൌ രാഘവൌ ച ഹരിവ്രജാൻ." (ഇതിൽ 'തതഃ' എന്ന പദത്തിന്നു ചിരകാലം സംകുലയുദ്ധം നടന്നതിന്നുശേഷം, എന്നാകുന്നു അർത്ഥം എന്നു തിലകവ്യാഖ്യാതാവിന്റെ പക്ഷം. ഇതിന്നുശേഷം 'ദ്വിതീയേഽഹനി,' 'ഷഷ്ഠ്യാം' എന്നും പറഞ്ഞിരിക്കുന്നതുകൊണ്ടും "ദാരുണേ തമസി" എന്നു രാമായണത്തിൽ പറഞ്ഞിരിക്കുന്നതുകൊണ്ടും അഥവാ ഭാദ്രപദമാസം അമാവസ്യ രണ്ടുമാതിരിയായ മാസക്കണക്കിൽ ശ്രാവണമാസം അമാവാസ്യ കഴിഞ്ഞശേഷമുള്ള പ്രഥമദിവസത്തിൽ ആകുന്നു ഈ നാഗപാശബന്ധമെന്നു ബോദ്ധ്യമാകുന്നു.) "വൈനതേയസ്തദാഽഭ്യേത്യ താനി ചാസ്ത്രാണ്യമോചയത്. ദ്വിതീയേഽഹനി ധൂമ്രാക്ഷം ഹനുമാന്നിജഘാന വൈ. തൃതീയേഽഹനി വജ്രദംഷ്ട്രം വധിഷ്ഠാപ്പിച്ഛേദ ചാംഗദഃ. ജഘാന ഹനുമാൻ ഭൂയശ്ചതുർത്ഥേഽഹന്യകമ്പനം പ്രഹസ്തം പഞ്ചമീതിഥ്യാം നീലശ്ചിച്ഛേദ മൂർദ്ധനി. രാവണഃ പരിഭൂതോഽഭൂത് ഷഷ്ഠ്യാം രാമേണ ധന്വിനാ അഥ ലങ്കേശ്വരഃ ഖിന്നഃ കുംഭകർണ്ണം മഹോദരം. ശൈലമുദ്ഗരഘാതാദ്യൈർവാദ്യൈരബോധയത്. ജഘാന തം കുംഭകർണ്ണം രാമഃ സപ്തമവാസരേ." (ഇങ്ങിനെ ഉറക്കം ഉണർത്തിയതു രണ്ടുദിവസംകൊണ്ടാണെന്നു ബോദ്ധ്യമാകുന്നു. അങ്ങിനെ ഉറക്കുണർത്തിയ കുംഭകർണ്ണനെ രാമൻ ഉണർന്നശേഷം ഏഴാംദിവസം വധിച്ചു എന്നു ബോദ്ധ്യമാകുന്നു. ഉണർത്തുവാൻവേണ്ടിവരുന്ന പ്രയാസം നോക്കുമ്പോൾ രാത്രിമാത്രംകൊണ്ടു സാധിക്കുന്ന ഒന്നല്ല. രാവണമന്ദിരത്തിലേക്കു കുംഭകർണ്ണൻ ചെല്ലുന്ന സമയം സൂര്യപ്രഭതട്ടി വിളങ്ങുന്നതായി അതിനെ വർണ്ണിച്ചിരിക്കുന്നതിനാലും പിന്നെ മന്ത്രാലോചന നടക്കുന്നതുകൊണ്ടും ആറാംദിവസം രാത്രി ഉണർത്തലും ഏഴാംദിവസം വധവും എന്നതു യുക്തമല്ല. ഇന്ദ്രജിത്തിനെ വധിപ്പാൻ മൂന്നുദിവസം വേണ്ടിവരിക എന്നതും കുംഭകർണ്ണനെ ആറുയാമം മാത്രം എന്നതും യുക്തമല്ല. ആകയാൽ മേൽപറഞ്ഞ അർത്ഥപ്രകാരം ഭാദ്രപദപൂർണ്ണിമയിൽ കുംഭകർണ്ണവധമെന്നു ബോദ്ധ്യമാകുന്നു.)

"ജഘാന ലക്ഷ്മണോഽന്യേദ്യുരതികായം ദശാസ്യജം. ബബന്ധാന്യേദ്യുരിന്ദ്രാരിർബ്രഹ്മാസ്ത്രേണ നൃപൌ കപീൻ. ഹനൂമതാ സമാനീതോ മഹൌഷധമഹീധരഃ തസ്യാനിലസ്പർശവശാത് സർവ്വ ഏതേ സമുത്ഥിതാഃ അന്യേദ്യുഃ കപിരാട് കുംഭം നികുംഭം വായുജോഽവധീത് തസ്യാം നിശി രഘുശ്രേഷ്ഠോ ജഘാന മകരേക്ഷണം. മായാസീതാവധം ചക്രേ ശക്രജിദ്രണമൂർദ്ധനി തേന ഖിന്നോഽഭവദ്രാമ ആശ്വസ്തോ ലക്ഷ്മണേന സഃ. ത്രയോദശ്യാമഹോ സൌമിത്രിസ്ത്രിദിനം യോധയൻ ബലീ. ജഘാന ശക്രജേതാരം രാമധ്യാനേന ഹേതുനാ.'' (ഇവിടെ ''അന്യേദ്യുഃ" എന്നതിന്നു പിന്നെയുള്ള ദിവസങ്ങളിൽ എന്നു അർത്ഥം. അതികായൻ എന്നു പറഞ്ഞതിൽനിന്നു ഉപലക്ഷണമായി ത്രിശിരസ്സ്, ദേവാന്തകൻ, നരാന്തകൻ, മഹോദരൻ, മഹാപാർശ്വൻ എന്നവരേയും എടുത്തുകൊള്ളേണ്ടതാകുന്നു. 'ലക്ഷ്മണൻ' എന്നതിൽനിന്നു അംഗദനേയും ഹനുമാനേയും ഗ്രഹിച്ചുകൊള്ളേണ്ടതാകുന്നു. ഇങ്ങിനെ ആറുദിവസംകൊണ്ടു ഇവർ ആറുപേരുടെ വധം. ഇങ്ങിനെ ഷഷ്ഠി കഴിഞ്ഞു. സപ്തമിയിൽ ബ്രഹ്മാസ്ത്രബന്ധം. അഷ്ടമിയിൽ പർവ്വതാനയനം. നവമിയിൽ കുംഭനികുംഭവധം. അന്നുരാത്രി മകരാക്ഷവധം. അതിന്റെ അവസാനത്തിൽ മായാസീതാവധം. അതിൽപിന്നെ ദശമി നാലാംയാമം മുതൽ ത്രയോദശീ ചതുർത്ഥയാമപര്യന്തം ഇന്ദ്രജിദ്വധം)

"ത്രയോദശവധീത്തൃലബലം ചതുർദ്ദശ്യാം രഘൂദ്വഹഃ. ദർശേഽഥ നിർയ്യയൗ രാജാ യോദ്ധും രാമേണ സംയുഗേ. ചതുരംഗബലൈഃ സാർദ്ധം മന്ത്രിഭിർദ്ദശകന്ധരഃ. ഛത്രചാമരസംയുക്തഃ സർവ്വാഭരണഭൂഷിതഃ· മഹാരഥഗതോ ദ്വാരാദുത്തരാന്നിർയ്യയൗ ബഹിഃ. ആഗതോ രക്ഷസാം രാജാ ബ്രഹ്മഘ്നോ ദേവകണ്ടകഃ യോദ്ധും രഘുവരേണേതി ശുശ്രുവേ കലഹധ്വനിഃ. തത്ര യുദ്ധം സമഭവദ്വാനരാണാം ച രക്ഷസാം രാമരാവണയോശ്ചൈവ തഥാ സൌമിത്രിണാ സഹ. ശക്തിം ചിക്ഷേപ സംക്രുദ്ധഃ സോഽനുജം പ്രതി രാവണഃ, വക്ഷസാ ധാരയാമാസ സൌമിത്രിസ്താം വിയദ്ഗതാം. തയാ സ ബാദ്ധ്യമാനഃ സൻ പപാത ധരണീതലേ ഹനുമതാ ജീവിതോഽഭൂദോഷധ്യാനയനാത് പുനഃ. തതഃ ക്രുദ്ധോ മഹാതേജാ രാഘവോ രാക്ഷസാന്തകഃ. ജഘാന രാക്ഷസാൻ സർവ്വാൻ ശരൈഃ കാലാന്തകോപമൈഃ. ഭയാത് പ്രദുദ്രാവ രണേ ലങ്കാം പ്രതി നിശാചരഃ ജഗദ്രാമമയം പശ്യന്നിർവ്വേദാത് സ്വഗൃഹം വിശത്, നികുംഭിലാം തതഃ പ്രാപ്യ ഹോമം ചക്രേ ജിഗീഷയാ ധ്വംസിതം വാനരേന്ദ്രൈസ്തദഭിചാരാത്മകം രിപോഃ. പുനരുത്ഥായ പൌലസ്ത്യോ രാമേണ സഹയോധിതും. ദിവ്യം സ്യന്ദനമാരുഹ്യ രാക്ഷസൈർന്നിർയ്യയൗ. ബഹിഃ." (ഈ നിർഗ്ഗമനം ആശ്വിനമാസം ശുക്ലപ്രതിപാദത്തിലാണെന്നു ഗ്രാഹ്യമാകുന്നു. "തതഃ ശതമഖോ ദിവ്യം രഥം ഹര്യ്യശ്വസംയുതം, രാഘവായ സ്വസൂതേന പ്രേഷയാമാസ ഭക്തിമാൻ. തം തു മാതലിനാ നീതമാരുഹ്യ രഥസത്തമം സ്തൂയമാനഃ സുരഗണൈർയ്യുയുധേ തേന രക്ഷസാ. തതോ യുദ്ധമഭൂദ്ഘോരം രാമരാവണയോർമ്മഹത്. സപ്താഹനികമഹോരാത്രം ശസ്ത്രാസ്ത്രൈരതി ഭീഷണൈഃ." (തതഃ," മാതലി രഥം കൊണ്ടുവന്നതിന്നുശേഷം, എന്നർത്ഥം. ആകയാൽ നവമിയിൽ രാവണവധമെന്നു സിദ്ധിക്കുന്നു.)

അപ്രകാരം തന്നെ നവമിയിൽ രാവണവധമെന്നു കാളികാപുരാണത്തിലും പറയപ്പെട്ടിരിക്കുന്നു:—"രാമസ്യാനുഗ്രഹാർത്ഥം വൈ രാവണസ്യ വധായ ച രാത്രാവേവ മഹാദേവീ ബ്രഹ്മണാ ബോധിതാ പുരാ, തതസ്തു ത്യക്തനിദ്രാ സാ നന്ദായാമാശ്വിനേ സിതേ ജഗാമ നഗരീം ലങ്കാം യത്രാസീദ്രാഘവഃ പുരാ." (ഈ ആഗമനം രാത്രിയുടെ അവസാനത്തിലാകുന്നു. ആ സമയം തന്നെയാണ് മാതലി രഥം കൊണ്ടുവരുന്നത്.) "തത്ര ഗത്വാ മഹാദേവീ തദാ തൌ രാമലക്ഷ്മണൌ യുദ്ധേന യോജയാമാസ സ്വയമന്തർഹിതാംബികാ. രാക്ഷസാനാം വാനരാണാം ജഗ്ദ്ധ്വാ സാ മാംസശോണിതം. രാമരാവണയോര്യുദ്ധം സപ്താഹം സാ ന്യയോജത്. വ്യതീതേ സപ്തമേ രാത്രേ നവമ്യാം രാവണം തതഃ. രാമേണ ഘാതയാമാസ മഹാമായാ ജഗന്മയീ. യാവത്തയോഃ സ്വയം ദേവീ യുദ്ധകേളീമുദൈക്ഷത· താവത്തു അഷ്ടരാത്രാണി സർവ്വൈർദ്ദേവൈഃ സുപൂജിതാ. നിഹതേ രാവണേ വീരേ നവമ്യാം സകലൈഃ സുരൈഃ വിശേഷപൂജാം ദുർഗ്ഗായാശ്ചക്രേ ലോകപിതാമഹഃ. രാമരാവണബാണൈസ്തു യുദ്ധം ചാവേക്ഷ്യ ഭീതിദം തൃതീയായാം തു ലങ്കായാഃ പൂർവ്വോത്തരദിശി സ്ഥിതം. സ്വാതീനക്ഷത്രയുക്തായാം ഭീതം സുരബലം മഹത്. ശാന്ത്യർത്ഥം ചാരയാമാസ ദേവേന്ദ്രോ വചനാദ്ധരേഃ തതസ്തു ശ്രവണനാഥ ദശമ്യാം ചണ്ഡികാം ശുഭാം വിസൃജ്യ ചക്രേ ശാന്ത്യർത്ഥം ബലനീരാജനം ഹരേഃ നീരാജിതബല; ശക്രസ്തത്ര രാമം സലക്ഷ്മണം സംഭാഷ്യ പ്രതയൌ സ്വർഗ്ഗം സഹ ദേവൈ; ശചീപതി:. ഇതിവൃത്തം പുരാ കല്പേ മനോ: സ്വായംഭുവേഽന്തരേ. പുരാകല്പേ യഥാവൃത്തം പ്രതികല്പം തഥൈവ തു· പ്രവർത്തതേ സ്വയം ദേവീ ദൈത്യാനാം നാശനായ വൈ. പ്രതികല്പം ഭവേദ്രാമോ രാവണശ്ചാപി രാക്ഷസഃ

തഥൈവ ജായതേ യുദ്ധം തഥൈവ ത്രിദശാഗമ:. ഏവം രാമസഹസ്രാണി രാവണാനാം തഥൈവ ച. ഭവിതവ്യാനി ഭൂതാനി തേഷു ദേവീ പ്രവർത്തതേ. താം പൂജന്തി സുരാ: സർവ്വേ ബലം നീരാജയന്തി ച. തഥൈവ ച നരാ: സർവ്വേ കുർയ്യു: പൂജാം തഥാവിധി. ബലനീരാജനം രാജാ കുർയ്യാദ്ബലവിവൃദ്ധയേ.’’

അഗ്നിവേശ്യമുനിപ്രണീതമായ രാമായണമെന്ന പ്രസിദ്ധ ഗ്രന്ഥത്തിൽ, ഇപ്രകാരം പറയപ്പെട്ടിരിക്കുന്നു. “രാമ: പഞ്ചദശേ വർഷേ ഷഡ്വർഷാമപി മൈഥിലീം ഉപയേമേ തദായോദ്ധ്യായാം ദ്വാദശാബ്ദാന്യുവാസ സ: സപ്തവിംശതിമേ വർഷേ വനവാസമകല്പയത്. അഷ്ടാദശ തു വർഷാണി സീതായാസ്തു തദാഽഭവത്. ത്രിരാത്രമുദകാഹാരശ്ചതുർത്ഥേഽഹനി ഫലാശന:. പഞ്ചമേ ചിത്രകൂടേ തു രാമോ വാസമകാരയത്. അഥ ത്രയോദശേ വർഷേ പഞ്ചവട്യാം മഹാമനാ:. രാമോ വിരൂപയാമാസ ഘോരാം ശൂർപ്പണഖാം വനേ. തതോ മാഘേ സിതാഷ്ടമ്യാം (മാഘേ ശുക്ലചതുർദ്ദശ്യാം എന്നും പാഠാന്തരം) മുഹൂർത്തേ വൃന്ദസംജ്ഞകേ രാഘവാഭ്യാം വിനാ സീതാം ജഹാര ദശകന്ധര: മാർഗ്ഗശുക്ലദശമ്യാം തു വസന്തീം രാവണാലയേ സംപാതിർദ്ദശമേ മാസേ ആചഖ്യൗ വാനരേഷു താം. ഏകാദശ്യാം മഹേന്ദ്രാഗ്രാത് പുപ്ലുവേ ശതയോജനം. തദ്രാത്രിശേഷേ സീതായാ ദർശനം ഹി ഹനൂമത:. ദ്വാദശ്യാം ശിംശുപാവൃക്ഷേ ഹനുമാൻ പര്യവസ്ഥിത: തസ്യാം നിശായാം സീതായാ വിശ്വാസാലാപസത്കഥാ:. അക്ഷാദിഭിസ്ത്രയോദശ്യാം തതോ യുദ്ധമവർത്തത. വധോ ഹ്യക്ഷകുമാരസ്യ വനവിധ്വംസനം തഥാ. ബ്രഹ്മാസ്ത്രേണ ചതുർദ്ദശ്യാം ബദ്ധ: ശക്രജിതാ കപി:. വഹ്നിനാ പുച്ഛയുക്തേന ലങ്കായാ ദഹനം തഥാ പൗർണ്ണമാസ്യാം മഹേന്ദ്രാദ്രൗ പുനരാഗമനം കപേ: മാർഗ്ഗാസിതപ്രതിപദ: പഞ്ചഭി: പഥി വാസരൈ:. പുനരാഗമ്യ ഷഷ്ഠേഽഹനി ധ്വസ്തം മധുവനം ച തൈ: സപ്തമ്യാം പ്രത്യഭിജ്ഞാനദാനം ശുദ്ധിവിവേദനം. അഷ്ടമ്യുത്തരഫൽഗുന്യാം മുഹൂർത്തേ വിജയാഭിധേ മദ്ധ്യം പ്രാപ്തേ സഹസ്രാംശൗ പ്രസ്ഥാനം രാഘവസ്യ തു വാസരേ സപ്തമേഽംഭോധൗ സ്കന്ധാവാരനിവേശനം. പൗഷശുക്ലപ്രതിപദസ്തൃതീയായാവദം ബുധേ:. ഉപസ്ഥാനം സസൈന്യസ്യ രാഘവസ്യ ബഭൂവ ഹ. വിഭീഷണശ്ചതുർത്ഥ്യാം വൈ രാമേണ സഹ സംഗത: സമുദ്രതരണാർത്ഥായ പഞ്ചമ്യാം മന്ത്ര ഉദ്ഗമ: പ്രായോപവേശനം ചക്രേ രാമോ ദിനചതുഷ്ടയം. സമുദ്രവരലാഭശ്ച സേതൂപായപ്രകീർത്തനം. സേതോർദ്ദശമ്യാമാരംഭസ്ത്രയോദശ്യാം സമാപനം. ചതുർദ്ദശ്യാം സുവേലാഗ്രേ രാമ: സൈന്യം നിവേശയത്. പൗർണ്ണമാസ്യാ ദ്വിതീയാന്തം ത്രിദിനൈ: സൈന്യതാരണം. തൃതീയായാ ദശമ്യന്തം മന്ത്രേ ഗുൽമനിവേശനേ. ശുകസാരണയോ: സൈന്യപ്രാപ്തിരേകാദശീദിനേ മാഘേ സിതായാം ദ്വാദശ്യാം സൈന്യസംഖ്യാ കൃതാ തു വൈ. സാരണേന കപീനാം തു സാരാസാരോപവർണ്ണനം. ത്രയോദശാദ്യമാം യാവല്ലങ്കായാം ദിവസൈസ്ത്രിഭി. രാവണ: സൈന്യസംഖ്യാനം രണായോത്സഹനം തഥാ യയാവദാംഗദോ ദൗത്യം മാഘശുക്ലാദിവാസരേ, മാഘശുക്ലദ്വിതീയാദിദിവൈ: സപ്തഭിരേവ തു. രക്ഷസാം വാനരാണാം ച യുദ്ധമാസീത് സുദാരുണം. മാഘശുക്ലനവമ്യാം തു രാത്രാവിന്ദ്രജിതാ രണേ. രാമലക്ഷ്മണയോർനാഗപാശൈർ ബന്ധോ ബഭൂവ ഹ. നാഗപാശവിമോക്ഷാർത്ഥം ദശമ്യാം ഗരുഡോഽഭ്യഗാത്: അത്രാവഹാര: കഥിതോ ദശമ്യാദി ദിനദ്വയം. ദ്വാദശ്യാമാഞ്ജനേയേന ധൂമ്രാക്ഷസ്യ വധ: കൃത: ത്രയോദശ്യാം തു തേനൈവ വിഹതോഽകമ്പനോ രണേ. മാഘശുക്ലചതുർദ്ദശ്യാ യാവത്കൃഷ്ണാദിവാസരം. ത്രിദിനേന പ്രഹസ്തസ്യ നീലേന വിഹിതോ വധ: മാഘാസിതദ്വിതീയാ–

യാശ്ചതുർത്ഥ്യാം ത്രിഭിർദിനൈഃ രാമേണ തുമുലേ യുദ്ധേ രാവണോ ദ്രാവിതോ രണാത് പഞ്ചമ്യാസ്ത്വഷ്ടമീ യാവദ്രാവണേന പ്രബോധിതഃ കുംഭകർണ്ണഃ സമുത്തസ്ഥാവത്യായുദ്ധം ചതുർദ്ദിനം കുംഭകർണ്ണോ ദിനൈഃ ഷഡ്ഭിർനവമ്യാസ്തു ചതുർദ്ദശീം രാമേണ നിഹതോ യുദ്ധേ ബഹുവാനരഭക്ഷകഃ അമാവാസ്യദിനേ ശോകാദവഹാരോ ബഭൂവ ഹ. ഫാൽഗുനാദിപ്രതിപദശ്ചതുർത്ഥ്യന്ത്യദിനൈസ്തതഃ നരാന്തകപ്രഭൃതയോ നിഹതാഃ പഞ്ച രാക്ഷസാഃ പഞ്ചമ്യാഃ സപ്തമീ യാവദതികായവധസ്ത്ര്യഹാത്. അഷ്ടമ്യാം ദ്വാദശീ യാവന്നിഹതൌ ദിനപഞ്ചകാത്. നികുംഭകുംഭാവ്യാലദ്വം തു മകരാക്ഷശ്ചതുർദ്ദിനൈഃ. ഫാൽഗുനസ്യ ദ്വിതീയായാം കൃഷ്ണേ ശക്രജിതാ ജിതം. തൃതീയായാസ്തു സപ്തമ്യാം ഹരയഃ പഞ്ചവാസരാത്. ഔഷധ്യാനയനേ വ്യഗ്രാസ്തദാസീദവഹാരകഃ തത്ര ത്രയോദശീം യാവദ്ദിനൈഃ ഷഡ്ഭിസ്തു ശക്രജിത് ലക്ഷ്മണേന ഹതോ യുദ്ധേ വിഘ്നിതോ ടഭിചരൻ ക്രമാത്: ചതുർദ്ദശ്യാം ദശഗ്രീവോ രണദീക്ഷാവിധിക്രമാത്. അമാവാസ്യാം യയൌ വീരോ യുദ്ധായ ദശകന്ധരഃ ചൈത്രശുക്ലപ്രതിപദഃ പഞ്ചമീദിനപഞ്ചകൈഃ രാവണസ്യ പ്രധാനാനാം യുദ്ധ്യതാമഭവത് ക്ഷയഃ ചൈത്രഷഷ്ഠ്യഷ്ടമം യാവന്മഹാപാർശ്വാദിമാരണം. ചൈത്രശുക്ലനവമ്യാം തു സൌമിത്രേഃ ശക്തിഭേദനം. ദ്രോണാദ്രിരാഞ്ജനേയേന ലക്ഷ്മണാത്മമുപാഹൃതഃ. ദശമ്യാമവഹാരോഭൂദ്രാത്രൌ യുദ്ധം സുരക്ഷസോഃ. ഏകാദശ്യാം തു രാമായ രഥോ മാതലിസാരഥിഃ അഷ്ടാദശദിനൈ രാമോ ദ്വൈരഥേ രാവണം വധീത്. ദ്വാദശ്യാം ശുക്ലപക്ഷസ്യ യാവത് കൃഷ്ണചതുർദ്ദശീം മാഘശുക്ലദ്വിതീയായാശ്ചൈത്രകൃഷ്ണചതുർദ്ദശീം. അഷ്ടാശീതിദിനം യുദ്ധം മദ്ധ്യേ പഞ്ചദശാഹകം. യുദ്ധാവഹാരം സംഗ്രാമസ്ത്വിസപ്തതി ദിനാന്യഭൂത്. സംസ്ക്കാരോ രാവണാദീനാമമാവാസ്യാദിനേടഭവത്. വൈശാഖാദി തിഥൌ രാമഃ സുവേലം പുനരാഗമത്. അഭിഷിക്തോ ദ്വിതീയായാം ലങ്കാരാജ്യേ വിഭീഷണഃ. സീതാശുദ്ധിസ്തൃതീയായാം ദേവേഭ്യോ വരലംഭനം. വൈശാഖസ്യ ചതുർത്ഥ്യാം തു രാമഃ പുഷ്പകമാസ്ഥിതഃ പൂർണ്ണേ ചതുർദ്ദശേ വർഷേ പഞ്ചമ്യാം മാധവസ്യ തു. ഭരദ്വാജാശ്രമം രാമഃ സസീതഃ പുനരാഗമത്. നന്ദിഗ്രാമേ തു ഷഷ്ഠ്യാം വൈ ഭരതേന സമാഗതഃ. സപ്തമ്യാമഭിഷിക്തോടസാവയോദ്ധ്യായാം രഘൂത്തമഃ. ജാനകീ രാമസഹിതാ രാവണസ്യ നിവേശനേ. മനുമാസാൻ സ്ഥിതാ പക്ഷദശവാസരസംയുതേ''. ഇതിൽ പറയുന്നവയെല്ലാം സർവ്വാംശങ്ങളിലും അനിശ്ചിത പ്രാമാണ്യമാകുന്നു.

ഇതേവരെപറഞ്ഞതെല്ലാം തിലകവ്യാഖ്യാതാവിൻെറ അഭിപ്രായമാകുന്നു. പാദ്മപുരാണത്തിലെ ശ്ലോകങ്ങളേയും പദങ്ങളേയും തൻെറ മതത്തിന്നു യോജിപ്പിപ്പാനായി അദ്ദേഹം വളരെ ക്ലേശിച്ചിട്ടുണ്ടെന്നു ആർക്കും പ്രത്യക്ഷമാകുന്നതാണ്. ഈ അഭിപ്രായപ്രകാരം ഫാല്ഗുനമാസം മുതൽ ആശ്വിനമാസംവരെ, എട്ടൊമ്പതു മാസത്തോളം യുദ്ധം നടന്നു എന്നു പറയുന്നത് പാദ്മപുരാണത്തിൽ അന്യത്ര പറഞ്ഞിട്ടുള്ളതിന്നുതന്നെ വിരോധമാണെന്നു കാണാം. പാദ്മംസൃഷ്ടിഖണ്ഡം 40-ാംഅദ്ധ്യായത്തിൽ ശ്രീരാമൻ ഭരതന്നു യുദ്ധഭൂമിയെ കാണിച്ചുകൊടുത്ത് ഇങ്ങിനെ പറയുന്നു. "ഇയം സാ ദൃശ്യതേ ലങ്കാ സ്വർണ്ണപ്രാകാരതോരണാ. അവരോധോ മഹാനത്ര കൃതോ വാനരസത്തമൈഃ ചൈത്രശുക്ലചതുർദ്ദശ്യാം മഹദ്യുദ്ധമഭൂദിഹ. അഷ്ടചത്വാരിംശദ്ദിനം യത്രാസൌ രാവണോ ഹതഃ." എന്നിത്യാദിയായി പറയപ്പെട്ടിട്ടുണ്ട്. ഇതിൽനിന്നു് ചതുർദ്ദശിതുടങ്ങി അമാവാസ്യ ഒന്നു കഴിഞ്ഞു മറെറാരു അമാവാസ്യവരെ നാല്പത്തെട്ടുദിവസം യുദ്ധംനടന്നുവെന്നു് സ്പഷ്ടമായി പറയുന്നുണ്ട്. ആകയാൽ എട്ടിൽ അധികംമാസം യുദ്ധംനടന്നു

എന്നുള്ളതിന്നു, പാദ്മപുരാണശ്ലോകങ്ങൾക്കു ക്ലിഷ്ടകല്പന ചെയ്തു അൎത്ഥം പറഞ്ഞൊപ്പിക്കുന്നതുകൊണ്ടു മതിയാകുന്നതല്ല.

ഇതിന്നും പുറമെ "മന്ത്രം കൃത്വാ പ്രസുപ്തോഽദ്യമിതസ്തു നവമേഽഹനി" (യുദ്ധ. 60-ാംസ.) എന്ന ശ്ലോകം പ്രക്ഷിപ്തമാണെന്നു വിചാരിക്കുന്നതാണു സ്വാരസ്യമായിരിക്കുക എന്നുപറഞ്ഞു ആ ദുഘ്ടടത്തെ ഒഴിക്കുകയാണു ചെയ്യുന്നതു്. അഥവാ, ആറുമാസത്തിലധികം കുംഭകൎണ്ണൻ ഉറങ്ങിയെന്നു വിചാരിക്കുയാണെങ്കിൽ, കുംഭകൎണ്ണനെ ഉണൎത്തുന്നതിന്നു ഇത്ര കഷ്ടപ്പെടുന്നതും അയുക്തമാണു്. സ്വയമായി ഉണരേണ്ട കാലം എത്തിക്കഴിഞ്ഞിട്ടുണ്ടു്.

ഇതു കൂടാതെ ആശ്വിയുജമാസം ശുക്ലനവമിയിൽ രാവണവധം കഴിഞ്ഞു എന്നെടുക്കുന്നപക്ഷം! അതിന്നുശേഷം, ചുരുങ്ങിയ പക്ഷം പിന്നെത്തെ കറുത്ത തൃതീയവരെയെങ്കിലും ശ്രീരാമൻ ലങ്കയിൽതാമസിച്ചതായി വിചാരിക്കേണ്ടിവരുന്നതാണു്. (പഞ്ചമിയിൽ ഭരദ്വാജാശ്രമത്തിൽ എത്തുന്നുണ്ടല്ലോ.) ഈ താമസത്തിന്നു ഉപപത്തിയൊന്നും കാണുന്നില്ല. എന്നു മാത്രമല്ല യുദ്ധകാണ്ഡം 129-ാംസൎഗ്ഗത്തിൽ "തം ഗംഗാം പുനരാസാദ്യ വസന്തം മുനിസന്നിധൌ അവിഘ്നം പുഷ്യയോഗേന ശ്വോ രാമം ദ്രഷ്ടുമൎഹസി" എന്നു്ഹനുമാൻ ഭരതനോടു പറയുന്നതിൽനിന്നു്, അന്നു പഞ്ചമിദിവസം പുണൎതമാണെന്നും, പിറേറന്നു് പുഷ്യം തുടങ്ങുമ്പോൾ ശ്രീരാമൻ അവിടെ എത്തുന്നതാണെന്നും, അതിന്നും പിറേറദിവസം സപ്തമിയും പുഷ്യത്തിൻെറ അവശിഷ്ടവുംകൂടിയ ദിവസമാണു് പട്ടാഭിഷേകമെന്നും നിശ്ചയമാകുന്നു. എന്നാൽ പൂയവും ഷഷ്ഠിയുംകൂടി ഒരുമിച്ചു വരേണമെങ്കിൽ വൈശാഖമാസത്തിലോ, കൃത്തികാമാസത്തിലോ ആയിരിക്കണം. വൈശാഖത്തിലായാൽ ശുക്ലഷഷ്ഠിയും കാൎത്തികത്തിലായാൽ കൃഷ്ണഷഷ്ഠിയും ആയിരിക്കുന്നതാണു്. ആകയാൽ കാൎത്തിക കൃഷ്ണപഞ്ചമിയിൽതന്നെ ശ്രീരാമൻ ഭരദ്വാജാശ്രമത്തിൽ എത്തിയെന്നു വിചാരിക്കേണ്ടിവരുന്നതാണു്. അപ്പോൾ അധിമാസക്കഴിവു കണക്കാക്കിയാൽ ശ്രീരാമൻ ഒരു മാസം, അല്ലാത്തപക്ഷം, ഒരു പക്ഷമെങ്കിലും അധികം താമസിച്ചേ എത്തിയുള്ളു എന്നു വിചാരിക്കേണ്ടിവരുന്നതാണു്. ഇക്കാരണത്താൽ ഭരതൻെറ അഗ്നിപ്രവേശം അതിന്നിടയ്ക്കു നടക്കേണ്ടതായും വരും. അതുകൊണ്ടു് പട്ടാഭിഷേകമുഹൂൎത്തത്തിന്നു് കൃഷ്ണപക്ഷം വൎജ്ജ്യമാകയാലും, ദക്ഷിണായനം മദ്ധ്യമമാകയാലും, പൂയം നക്ഷത്രവും ശുക്ലസപ്തമിയുംകൂടി ഒന്നിച്ചു വൈശാഖത്തിൽമാത്രം വരാവുന്നതിനാലും (ശ്രീരാമജനനം ചൈത്രമാസം പുണൎതം,നവമിയിലാകുന്നു എന്നതിൽനിന്നു് ഈ സംഗതി വ്യക്തമാകുന്നതാണു്.) തിലകമതപ്രകാരം ആശ്വയുജമാസം കൃഷ്ണപഞ്ചമിയിലാകട്ടെ, കൃത്തികമാസം ശുക്ലപഞ്ചമിയിലാകട്ടെ ശ്രീരാമൻ ഭരദ്വാജാശ്രമത്തിൽ എത്തി എന്നു വിചാരിക്കാതെ, വൈശാഖശുക്ലപഞ്ചമിയിൽ അവിടെ എത്തിയെന്നു വിചാരിക്കുന്നതു തന്നെയാണു് സമുചിതമായിരിക്കുക. ഇങ്ങനെക്കിൽ ഫാല്ഗുനശുക്ലചതുൎദ്ദശിയിൽ സുവേലാരോഹണമായാൽ ചൈത്രമാസം അവസാനിക്കുന്ന അമാവാസ്യദിവസം, അഥവാ, പിറേറദിവസം അമാവാസ്യ അവശിഷ്ടമുള്ളപ്പോൾ, രാവണവധം എന്നു വിചാരിക്കേണ്ടിയിരിക്കുന്നു. അടുത്ത ശുക്ലപഞ്ചമിദിവസം ഭരദ്വാജാശ്രമപ്രവേശവുമാകുന്നു.

കുറിപ്പു്:—പട്ടാഭിഷേകമുഹൂൎത്തത്തെപ്പററി കാലപ്രകാശികയിൽ ഇപ്രകാരം പറയപ്പെട്ടിട്ടുണ്ടു്. "ശുക്ലപക്ഷേ തു പൂൎവ്വാഹ്നേ ദിവസേ ദോഷവൎജ്ജിതേ സുവൎണ്ണമയുതം

ദത്വാ വിപ്രേഭ്യഃ സ്വസ്തി വാചയേത്. ഹസ്തതിഷ്യാശ്വിനീ മൈത്രം വൈഷ്ണവേന്ദ്വുത്തരാണി ച. രോഹിണീ രേവതീ ചൈവ പ്രശസ്താന്യഭിഷേചനേ. ഓജാസ്തു തിഥയഃ സർവ്വാ പ്രശസ്താ നവമീം വിനാ. ദ്വിതീയാ ദശമീ ചൈവ യുഗ്മേഷ്വപി സുപൂജിതേ.'' മാധവീയത്തിലും ഇങ്ങിനെ പറയപ്പെട്ടിട്ടുണ്ട്. “ഭൂപാനാമഭിഷേചനേ ഗുരുരവിശ്രീനാഥമിത്രോത്തരാ രോഹിണ്യാശ്വിനശക്രപൌഷ്ണശശിനഃ ശ്രേഷ്ഠാഃ പ്രദിഷ്ടാ ബുധൈഃ. ഭാനൗർഭദ്രകൃദുത്തരായണഗതഃ.” ഇത്യാദി.)

ശതശ്ലോകീരാമായണത്തിൽ, വൈശാഖമാസം പ്രതിപദത്തിൽ ശ്രീരാമൻ യുദ്ധം അവസാനിച്ച് സുവേലത്തിൽ പാർത്തു എന്നും മററും പറഞ്ഞിട്ടുണ്ട്. “വൈശാഖശുദ്ധദിനേ തതോ രണഭുവോ രാമോപസൃത്യ സ്വയം സാകം വാനരപുംഗവൈഃ പുനരപി പ്രായാത് സുവേലാചലം. വാദിത്രോത്സവഗീതമംഗലരവൈസ്തത്ര ദ്വിതീയാദിനേ ലങ്കായാം ച വിഭീഷണസ്യ സുചിരം രാജ്യാഭിഷേകോത്സവത്. രാമഃ പുഷ്പകമാസ്ഥിതോ നിജപുരീം ഗന്തും ചതുർത്ഥീദിനേ സീതാലക്ഷ്മണസംയുതഃ കപിവരൈർവ്വ്യോമ്നടദ്ധ്വനി പ്രസ്ഥിതഃ. നിസ്തീര്യൈവ വനേ ചതുർദ്ദശസമാ വാസം തതോ ദണ്ഡകാദ് ഭാരദ്വാജമുനീശ്വരാശ്രമപദം പ്രാപ്തഃ ഫണീനാം തിഥൌ. നന്ദിഗ്രാമനിവാസിനാ ച ഭരതേനാസീത്സമം സംഗമഃ ഷഷ്ഠ്യാം തേന വവന്ദിതഃ പ്രമുദിതേനാസൌ ച തൌ സസ്വജേ. സപ്തമ്യാം ച തതോ മഹോത്സവപരൈഃ പൌരൈരയോദ്ധ്യാപുരേ ശ്രീരാമഃ സഹ സീതയാ പുനരപി പ്രാപ്താധിപത്യോച്ഛ്രിതഃ.” കൂർമ്മപുരാണത്തിൽ രാമേശ്വരത്തിൽ ശിവലിംഗപ്രതിഷ്ഠ ചെയ്തതു രവി എടവത്തിലുള്ളപ്പോഴാണെന്നു പറയപ്പെട്ടിട്ടുള്ളതു് മുൻസർഗ്ഗം 21-ാം ശ്ലോകത്തിലെ കുറിപ്പിൽ കാണുന്നതാണ്.

സപ്തബിന്ദു എന്ന ഒരു രാമായണവ്യാഖ്യാനത്തിൽ വിഭീഷണൻ ഇന്ദ്രജിത്തിനെ വധിപ്പാനായി ലക്ഷ്മണനെ നികുംഭിലയിലേയ്ക്ക് കൂട്ടിക്കൊണ്ടുപോകേണമെന്ന് ശ്രീരാമനോടു പറയുമ്പോൾ, താൻതന്നെ വരാമെന്നു പറയുന്നതായും, അപ്പോൾ പതിനാലു സംവത്സരം ആഹാരനിദ്രയില്ലാതെ വ്രതം കയ്ക്കൊണ്ട ഒരുവനാൽ മാത്രമേ ഇന്ദ്രജിത്തിനെ വധിപ്പാൻ കഴികയുള്ളു എന്ന് ബ്രഹ്മാവ് വരം കൊടുത്തിട്ടുള്ളതിനാൽ ആ വ്രതത്തെ അനുഷ്ഠിച്ചുവരുന്ന ലക്ഷ്മണന്നു മാത്രമെ ഇന്ദ്രജിത്തിന്റെ വധം സാദ്ധ്യമാകയുള്ളു എന്ന് വിഭീഷണൻ പറയുന്നതായും, ഭരദ്വാജാശ്രമത്തിൽ എത്തിയപ്പോൾ മാത്രം പതിനാലു സംവത്സരം തികയുന്നതാകയാൽ ലക്ഷ്മണന്ന് ഇന്ദ്രജിത്തിനെ വ്രതപൂർത്തിയാകാതെ എങ്ങിനെ വധിപ്പാൻ സാധിച്ചു എന്ന് പൂർവ്വപക്ഷം ചെയ്ത്, അതിന്ന് വ്രതങ്ങൾക്ക് ചാന്ദ്രമാനക്കണക്കാകയാൽ ലക്ഷ്മണന്റെ വ്രതപൂർത്തികഴിഞ്ഞു എന്നും, വനവാസക്കണക്ക് സാവനമാനക്കണക്കാണെന്നും ഉത്തരംപറഞ്ഞ് സിദ്ധാന്തിച്ചിട്ടുള്ളതായും കേട്ടിട്ടുണ്ട്. അദ്ധ്യാത്മരാമായണം യുദ്ധകാണ്ഡം 8-ാം സർഗ്ഗത്തിൽ ലക്ഷ്മണന്റെ വ്രതപൂർത്തി പന്ത്രണ്ട് സംവത്സരത്തിലാണെന്നു പറയപ്പെട്ടിട്ടുണ്ട്. “അഹമേവാഗമിഷ്യാമി ഹന്തുമിന്ദ്രജം തം രിപും. ആഗ്നേയേന മഹാസ്ത്രേണ സർവ്വരാക്ഷസഘാതിനാ. വിഭീഷണോപി തം പ്രാഹ നാസാവസ്ത്രൈർനിഹന്യതേ. യസ്തു ദ്വാദശവർഷാണി നിദ്രാഹാരവിവർജ്ജിതഃ തേനൈവ മൃത്യുർനിർദ്ദിഷ്ടോ ബ്രഹ്മണാസ്യ ദുരാത്മനഃ ലക്ഷ്മണസ്തു അയോദ്ധ്യായാ നിർഗ്ഗമ്യായാത് ത്വയാ സഹ. തദാദി നിദ്രാഹാരാദീൻ ന ജാനാതി രഘൂത്തമ.”

ആകയാൽ അയോദ്ധ്യയിൽനിന്നു് ശ്രീരാമൻ ചൈത്രശുക്ലദശമിയും പൂയവും കൂടിയ ദിവസം പുറപ്പെട്ടു്, ഒരു വൈശാഖത്തിൽ ശുക്ലപഞ്ചമിയും പുണർതവും കൂടിയ ദിവസം ഭരദ്വാജാശ്രമത്തിൽ തിരിച്ചെത്തുന്നു എന്നുതന്നെ വിചാരിക്കേണ്ടിയിരിക്കുന്നു. ആകയാൽ തിലകവ്യാഖ്യാനത്തിൽ സവിസ്തരം പ്രതിപാദിച്ചിട്ടുള്ളതും, സൌരമാനസംവത്സരവും ചാന്ദ്രമാന സംവത്സരവും തമ്മിലുണ്ടാകുന്ന വ്യത്യാസത്താലുണ്ടാകുന്നതായ അധിമാസത്തെ ചുരുക്കിക്കണക്കാക്കുന്നതുമായ മാർഗ്ഗമല്ലാതെ മററുവല്ല ഉപപത്തിയും ഇതിന്നു പറയേണ്ടതായിത്തന്നെയിരിക്കുന്നു. ഉത്തരേന്ത്യയിൽ സൌരമാനംതന്നെ സമ്പ്രദായമില്ലാത്തതും വിശേഷിച്ചും രാമായണത്തിൽ സൂൎയ്യന്റെ രാശിസ്ഥിതികളെപ്പററി ഒരിടത്തും സൂചിപ്പിച്ചു കാണാത്തതാണെന്നും ഓക്കേണ്ടതാകുന്നു. നേരെമറിച്ചു് പുഷ്യം നാളിൽ അയോദ്ധ്യയിൽനിന്നു് പുറപ്പെട്ടു് പുഷ്യം നാളിൽ അയോദ്ധ്യയിൽ മടങ്ങിയെത്തി എന്നു പറഞ്ഞിരിക്കുന്നതിനാൽ നക്ഷത്രമാനപ്രകാരം പതിന്നാലു സംവത്സരത്തെ ഗണിച്ചിട്ടുണ്ടു് എന്നുതന്നെ വിചാരിക്കേണ്ടിയിരിക്കുന്നു. നക്ഷത്രമാനപ്രകാരം, അതായതു് ഇരുപത്തേഴ നക്ഷത്രങ്ങൾ വരുന്ന ദിവസങ്ങളെ ഒരു മാസമായി കണക്കാക്കി, അങ്ങിനെ പന്ത്രണ്ടുമാസങ്ങളെ വത്സരമായി കണക്കാക്കുന്നതായാൽ ഒരു വത്സരത്തിൽ ഏകദേശം 328 ദിവസങ്ങൾ വരുന്നതാണ്. അപ്പോൾ പതിനാലു വത്സരങ്ങൾക്കു് ഏറക്കുറെ 4592 ദിവസങ്ങൾ ഉണ്ടാവുന്നതാണ്. ചാന്ദ്രമാനപ്രകാരം നോക്കുന്നതായാൽ ഒരു മാസത്തിന്നു $29\frac{1}{2}$ ദിവസവും ഒരു വത്സരത്തിന്നു് 354 ദിവസവും വേണ്ടിവരുന്നു. അപ്പോൾ 4592 ദിവസങ്ങൾക്കു് ഏകദേശം പത്തു ദിവസം കുറയെ 13 ചാന്ദ്രമാന സംവത്സരങ്ങൾ ഉണ്ടാകുന്നതാണ്. ഇതോടുകൂടി വൈശാഖം ഒരു മാസവുംകൂടി കൂട്ടുമ്പോൾ ഏകദേശം 40–45 ദിവസങ്ങളോളം അയോദ്ധ്യയിലേയ്ക്കു് തിരിച്ചെത്തുവാൻ അധികം താമസിച്ചതായിട്ടാണ് കാണുന്നത്.

ഭരതൻ അയോദ്ധ്യയിൽനിന്നു പുറപ്പെട്ടു് ശ്രീരാമനെ ചിത്രകൂടത്തിൽവെച്ചു് കണ്ടുപിരിയുന്നത്, ശ്രീരാമൻ പുറപ്പെട്ടതിന്നുശേഷം 40–45 ദിവസം കഴിഞ്ഞിട്ടാണ്. ആകയാൽ ശ്രീരാമന്റെ വനവാസം ചിത്രകൂടത്തിൽനിന്നു വിട്ടതിൽപിന്നെയുള്ളതിനെമാത്രമെ കണക്കാക്കീട്ടുള്ളു എന്നു വിചാരിക്കേണ്ടിയിരിക്കുന്നു. ഇതിന്നു കാരണവുമുണ്ടു്. കൈകേയിയുടെ വരത്തിൽ ദണ്ഡകാരണ്യവാസമാണ് ആവശ്യപ്പെടപ്പെട്ടതു്. ശ്രീരാമൻ അപ്രകാരംതന്നെ ദണ്ഡകാരണ്യത്തിൽ പതിനാലു സംവത്സരങ്ങൾ വസിച്ചുകൊള്ളാമെന്നു പ്രതിജ്ഞയും ചെയ്തിട്ടുണ്ടു്. ആകയാൽ ചിത്രകൂടത്തിൽ താമസിച്ചതു് സീതയ്ക്കു വഴിനടന്നു് ശ്രമമില്ലാതിരിപ്പാനും വനവാസപരിചയത്തിന്നായും വിനോദത്തിന്നായുമാണെന്നു വിചാരിക്കേണ്ടിയിരിക്കുന്നു. ദണ്ഡകാരണ്യത്തിൽ പെടാത്തതായ ഭരദ്വാജാശ്രമത്തിൽ താമസിച്ചുകൊള്ളുവാൻ മഹർഷി ആവശ്യപ്പെട്ട സമയം ജനങ്ങൾ വന്നു ശല്യപ്പെടുത്തുമെന്നു് ഒഴിയുകയാണ് ചെയ്യുന്നതു്. ആരണ്യകാണ്ഡം ആദ്യത്തെ ശ്ലോകംകൊണ്ടും അപ്പോൾ മുതല്ക്കു മാത്രമേ ദണ്ഡകാരണ്യവാസം തുടങ്ങിയതായി പറയപ്പെടുന്നുള്ളു. ഭരതനും, ശ്രീരാമനുമായുള്ള സമാഗമത്തിൽ, താനും പതിനാലു വത്സരങ്ങൾ ജടമുടി ധരിച്ചു് ഫലമൂലാശിയായിരിക്കുന്നതാണെന്നു ശപഥം ചെയ്യുന്നു. ആകയാൽ ഭരതസമാഗമം കഴിഞ്ഞശേഷം 14 നക്ഷത്രമാനസംവത്സരങ്ങൾ കണക്കാക്കുമ്പോൾ, പതിമൂന്നു ചാന്ദ്രമാനസംവത്സരവും ഒരു മാസവും തികയുന്നതാണ്. അപ്പോൾ ശ്രീരാമൻ ചൈത്രമാസം പൂയംനാൾപുറപ്പെട്ടു് തിരിച്ചെത്തുമ്പോൾ വൈശാഖമാസം പൂയവും ശുക്ലപഞ്ചമിയുമായിരിക്കുന്നതുമാണ്.

"കാർത്ത്യേ, ചിത്രായ്യാവിശാഖാനിലഭം" എന്ന മാധവീയ വാക്യപ്രകാരം വൈശാഖത്തിൽ പൂയം ശ്രുന്യനക്ഷത്രമാകയാൽ ശുഭകർമ്മമായ പട്ടാഭിഷേകത്തിന്നു യുക്തമല്ലെന്നുള്ളതിന്നു് "സ്വാസ്വാമിജീവശശിഭൈ: സഹിതം വിലഗ്നം ദൃഷ്ടം തു വാ ഹരതി ശൂന്യവിഷാദിദോഷാൻ'' എന്നിത്യാദിയായി പറഞ്ഞിരിക്കുന്ന അപവാദമുണ്ടെന്നു് വിചാരിച്ചുകൊള്ളേണ്ടതുമാകുന്നു.

മേൽപറയപ്പെട്ട സംഗതികൾ താഴെ കൊടുത്തിട്ടുള്ള രാമായണ ശ്ലോകങ്ങളിൽ നിന്നും വ്യക്തമാകുന്നതുമാണു് :—

"നവ പഞ്ച ച വർഷാണി **ദണ്ഡകാരണ്യ**മാശ്രിത:. ചീരാജിനജടാധാരീ രാമോ ഭവതു താപസ:" (അയോ. 11-ാംസ). എന്നു കൈകേയി ദശരഥമഹാരാജാവിനോടു വരം ചോദിക്കുന്നു. ശ്രീരാമനോടു് കൈകേയി പറയുന്നതും ഇപ്രകാരമാകുന്നു — "സപ്ത സപ്ത ച വർഷാണി **ദണ്ഡകാരണ്യ**മാശ്രിത:. അഭിഷേകമിമം ത്യക്ത്വാ ജടാചീരധരോ ഭവ." (അയോ 18-ാംസ). ശ്രീരാമൻ കൈകേയിയോടും കൌസല്യയോടും സീതയോടും പറയുന്നതും കാൺക. **ദണ്ഡകാരണ്യ**മേഷോടഹമിതോ ഗച്ഛാമി സത്വര:. അവിചാര്യ പിതുർവാക്യം സമാ വസ്തും ചതുർദ്ദശ'' (19-ാംസർഗ്ഗം) ''മാം പുനർ **ദണ്ഡകാരണ്യ** വിവാസയതി താപസം. സ ഷട്ട് ഷ്ട്വ ച വർഷാണി വത്സ്യാമി വിജനേ വനേ '' (20-ാംസർഗ്ഗം). "ചതുർദ്ദശ ഹി വർഷാണി വസ്തവ്യം **ദണ്ഡകേ** മയാ.'' (26-ാംസർഗ്ഗം).

ഭരദ്വാജ മഹർഷിയോടു് സീതയ്ക്കു് സുഖവാസത്തിന്നായി ഒരു വാസസ്ഥലത്തെ ശ്രീരാമൻ ചോദിക്കുന്നു. ''ഏകാന്തേ പശ്യ ഭഗവന്നാശ്രമസ്ഥാനമുത്തമം. രമതേ യത്ര വൈദേഹീ സുഖാർഹാ ജനകാത്മജാ." (അയോ. 54)

ഭരതൻ താൻ ശ്രീരാമനെ ചിത്രകൂടത്തിൽ വെച്ചു കണ്ടതിൽ പിന്നെ, താനും പതിന്നാലു സംവത്സരങ്ങൾ ജടധരിച്ചു് ഫലമൂലാശിയായി വർത്തിക്കുന്നതാണു് എന്നു പറയുന്നതും കാൺക. അതിൽപിന്നെ പതിന്നാലുകൊല്ലം തികഞ്ഞു് പിറ്റേ ദിവസം പകൽ ശ്രീരാമൻ എത്താത്തപക്ഷം താൻ അഗ്നിപ്രവേശം ചെയ്യുന്നതാണെന്നും പറയുന്നു. "ചതുർദ്ദശ ഹി വർഷാണി ജടാചീരധരോ ഹ്യഹം. ഫലമൂലാശനോ വീര ഭവേയം രഘുനന്ദന. തവാഗമനമാകാംക്ഷൻ വസൻ വൈ നഗരാദ് ബഹി:. തവ പാദുകയോർ ന്യസ്യ രാജ്യതന്ത്രം പരന്തപ. ചതുർദ്ദശേ ഹി സമ്പൂർണ്ണേ വർഷേടഹനി രഘൂത്തമ ന ദ്രക്ഷ്യാമി യദി ത്വാം തു പ്രവേക്ഷ്യാമി ഹുതാശനം. തഥേതി ച പ്രതിജ്ഞായ തം പരിഷ്വജ്യ സാദരം ശത്രുഘ്നം ച പരിഷ്വജ്യ ഭരതം ചേദമബ്രവീത്." (അയോ. 112-ാം സർഗ്ഗം)

ആരണ്യകാണ്ഡം ആദ്യശ്ലോകത്തിൽ മാത്രമേ്പോൾമാത്രം ദണ്ഡകാരണ്യത്തിൽ പ്രവേശിച്ചതായി പറയുന്നു. "പ്രവിശ്യ തു മഹാരണ്യം ദണ്ഡകാരണ്യമാത്മവാൻ. ദദർശ രാമോ ദുർദ്ധർഷസ്താപസാശ്രമമണ്ഡലം.'' യുദ്ധകാണ്ഡം 129-ാംസർഗ്ഗം 10-ാം ശ്ലോകത്തിലും ഭരതനെ പിരിഞ്ഞതിന്നു ശേഷമാണു് ശ്രീരാമൻ ദണ്ഡകാവനത്തിൽ പ്രവേശിച്ചതു് എന്നു ഹനുമാൻ പറയുന്നതും കാൺക. "അപയാതേ ത്വയി തദാ സമുദ്ഭ്രാന്ത മൃഗദ്വിജം. പരിദ്യൂനമിവാത്യർത്ഥം തദ്വനം സമപദ്യത. തദ്ധസ്തി മൃദിതം ഘോരം സിംഹവ്യാഘ്ര മൃഗായുതം പ്രവിവേശാഥ വിജനം സുമഹദ്ദണ്ഡകാവനം."

സോഽപൃച്ഛദഭിവാദ്യൈനം ഭരദ്വാജം തപോധനം. 2

| | | | |
|---|---|---|---|
| സഃ | ശ്രീരാഘവൻ | ഭരദ്വാജം | ഭരദ്വാജമഹർഷിയെ |
| തപോധനം | തപോധനനായ | അഭിവാദ്യ | നമസ്കരിച്ചു |
| ഏനം | ഈ | അപൃച്ഛത്. | ഇപ്രകാരം ചോദിച്ചു. |

ശൃണോഷി കച്ചിദ്ഭഗവൻ സുഭിക്ഷാനാമയം പുരേ
കച്ചിച്ച യുക്തോ ഭരതോ ജീവന്ത്യപി ച മാതരഃ 3

| | | | |
|---|---|---|---|
| "ഭഗവൻ | "ഭഗവാനെ | മാതരഃ | മാതാക്കന്മാരും |
| പുരേ | നഗരത്തിൽ | ജീവന്തി അപി? | സുഖമായിരിക്കുന്നില്ലേ |
| സുഭിക്ഷാനാമയം കച്ചിത്? | സുഭിക്ഷവും സൌഖ്യവും തന്നെയല്ലേ? | ച | ഇതെല്ലാററിനേയും പററി |
| ഭരതഃ | ഭരതൻ | | |
| യുക്തഃ ച? | ശ്രദ്ധയോടുകൂടിയവനായിരിക്കുന്നില്ലേ ? | ശൃണോഷി കച്ചിത്?" | നിന്തിരുവടിക്കു് കേട്ടറിവില്ലേ ?" |

ഏവമുക്തസ്തു രാമേണ ഭരദ്വാജോ മഹാമുനിഃ
പ്രത്യുവാച രഘുശ്രേഷ്ഠം സ്മിതപൂർവ്വം പ്രഹൃഷ്ടവത്. 4

| | | | |
|---|---|---|---|
| രാമേണ | ശ്രീരാമനാൽ | തു | ആ സമയം |
| ഏവം | ഇപ്രകാരം | പ്രഹൃഷ്ടവത് | സന്തുഷ്ടിപൂണ്ടവനായി |
| ഉക്തഃ | ചോദിക്കപ്പെട്ടവനായ | സ്മിതപൂർവ്വം | പുഞ്ചിരിപൂണ്ടു് |
| ഭരദ്വാജഃ മഹാമുനിഃ | ഭരദ്വാജമഹർഷി, | രഘുശ്രേഷ്ഠം | രഘുവരനോടായി |
| | | പ്രത്യുവാച. | മറുപടി അരുളിച്ചെയ്തു. |

പങ്കദിഗ്ദ്ധസ്തു ഭരതോ ജടിലസ്ത്വാം പ്രതീക്ഷതേ
പാദുകേ തേ പുരസ്കൃത്യ സർവ്വം ച കുശലം ഗൃഹേ. 5

| | | | |
|---|---|---|---|
| "ഭരതഃ | "ഭരതൻ | പുരസ്കൃത്യ | മുൻനിർത്തിക്കൊണ്ടു് |
| പങ്കദിഗ്ദ്ധഃ | അഴുക്കു പുരണ്ടു് | ത്വാം തു | നിന്തിരുവടിയെത്തന്നെ |
| ജടിലഃ | ജട ധരിച്ചവനായി | പ്രതീക്ഷതേ | കാത്തിരിക്കുന്നു; |
| തേ | നിന്തിരുവടിയുടെ | ഗൃഹേ | കോവിലകത്തു് |
| പാദുകേ | പാദുകകളെ | സർവ്വം ച | എല്ലാം |
| | | കുശലം. | ക്ഷേമംതന്നെ. |

ത്വാം പുരാ ചീരവസനം പ്രവിശന്തം മഹാവനം
സ്ത്രീതൃതീയം ച്യുതം രാജ്യാദ്ധർമ്മകാമം ച കേവലം 6
പദാതിം ത്യക്തസർവ്വസ്വം പിതുർവ്വചനകാരിണം
സർവ്വഭോഗൈഃ പരിത്യക്തം സ്വർഗ്ഗച്യുതമിവാമരം 7
ദൃഷ്ട്വാ തു കരുണാ പൂർവ്വം മമാസീത്സമിതിഞ്ജയ
കൈകേയീവചനേ യുക്തം വന്യമൂലഫലാശിനം. 8

| | | | |
|---|---|---|---|
| "സമിതിഞ്ജയ | "പോരിൽവിജയമാൎന്നുള്ളോവ | സൎവ്വച്യുതം | സൎവ്വത്തിൽനിന്നു ഭ്രംശിച്ച |
| ത്വാം | നിന്തിരുവടിയെ | അമരം ഇവ | ദേവനെന്നപോലെ |
| പുരാ | പണ്ടു് | സൎവ്വഭോഗൈഃ പരിത്യക്തം | സൎവ്വ സുഖഭോഗങ്ങളും ഒഴിച്ചവനായി |
| ചീരവസനം | മരവുരി ധരിച്ചവനായി | കൈകേയീ- വചനാ | കൈകേയീദേവിയുടെ ആജ്ഞയിൽ |
| സ്ത്രീതൃതീയം | ഭാൎയ്യയെ മൂന്നാമത്തെ ആളായി കൂടെകൊണ്ടു ചെല്ലുന്നവനായി | യുക്തം | വൎത്തിക്കുന്നവനായി |
| രാജ്യാത് | രാജ്യത്തിൽനിന്നു് | വന്യമൂല- ഫലാശിനം ച | കാട്ടിലുള്ള കായ്കിഴങ്ങുകൾ ഭുജിക്കുന്നവനായി |
| ച്യുതം | വഴുതിയവനായി | മഹാവനം | വൻ കാട്ടിൽ |
| കേവലം ധൎമ്മകാമം ച | കേവലമായ ധൎമ്മത്തെ മാത്രംആഗ്രഹിക്കുന്നവ[നായി] | പ്രവിശന്തം | ഉൾപ്പൂകുന്നവനായി |
| പദാതിം | പാദചാരിയായി | ദൃഷ്ട്വാ | കണ്ടു് |
| ത്യക്ത- സൎവ്വസ്വം | സൎവ്വ വസ്തുക്കളേയും പരിത്യജിച്ചവനായി | മമ | എനിക്കു് |
| പിതുഃ | പിതാവിന്റെ | പൂൎവ്വം | ആദ്യം |
| വചനകാരിണം | ആജ്ഞയനുസരിച്ചു് നടക്കുന്നവനായി | കരുണാ | ദുഃഖം |
| | | ആസീത് | ഉണ്ടായി. |

സാംപ്രതം സുസമൃദ്ധാൎത്ഥം സമിത്രഗണബാന്ധവം
സമീക്ഷ്യ വിജിതാരിം ത്വാം മമ പ്രീതിരനുത്തമാ 9

| | | | |
|---|---|---|---|
| "സാംപ്രതം | "ഇപ്പോഴാ | ത്വാം | നിന്തിരുവടിയെ |
| വിജിതാരിം | ശത്രുക്കളെ ജയിച്ചവനായി | സമീക്ഷ്യ | സന്ദൎശിച്ചതുകൊണ്ടു് |
| സുസമൃദ്ധാൎത്ഥം | കയ്യേററ കൃത്യം നിറവേററിയവനായി | മമ | എനിക്കു് |
| സമിത്രഗണ- ബാന്ധവം | മിത്രഗണങ്ങളോടും ബന്ധുക്കളോടും ചേൎന്നവനായി | അനുത്തമാ | അളവററതായ |
| | | പ്രീതിഃ. | ആനന്ദമുണ്ടാകുന്നു. |

സൎവ്വം ച സുഖദുഃഖം തേ വിദിതം മമ രാഘവ. 10

| | | | |
|---|---|---|---|
| "രാഘവ | "ശ്രീരാമ | സൎവ്വം ച | എല്ലാം |
| തേ | നിന്തിരുവടിയുടെ | മമ | എന്നാൽ |
| സുഖദുഃഖം | സുഖവും ദുഃഖവും | വിദിതം. | അറിയപ്പെട്ടിട്ടുണ്ടു്. |

യത് ത്വയാ വിപുലം പ്രാപ്തം ജനസ്ഥാനവധാദികം
ബ്രാഹ്മണാൎത്ഥേ നിയുക്തസ്യ രക്ഷിതുഃ സൎവ്വതാപസാൻ 11
രാവണേന ഹൃതാ ഭാൎയ്യാ ബഭൂവേയമനിന്ദിതാ
മാരീചദൎശനം ചൈവ സീതോന്മഥനമേവ ച 12

കബന്ധദർശനം ചൈവ പമ്പാഭിഗമനം തഥാ
സുഗ്രീവേണ ച തേ സഖ്യം യച്ച വാലീ ഹതസ്ത്വയാ 13
മാർഗ്ഗണം ചൈവ വൈദേഹ്യാഃ കർമ്മ വാതാത്മജസ്യ ച
വിദിതായാം ച വൈദേഹ്യാം നളസേതുര്യഥാ കൃതഃ 14
യഥാ വാ ദീപിതാ ലങ്കാ പ്രഹൃഷ്ടൈർഹരിയൂഥപൈഃ
സപുത്രബാന്ധവാമാത്യഃ സബലഃ സഹവാഹനഃ 15
യഥാ വിനിഹതഃ സംഖ്യേ രാവണോ ദേവകണ്ടകഃ
സമാഗമശ്ച ത്രിദശൈര്യഥാ ദത്തശ്ച തേ വരഃ 16
സർവ്വം മമൈതദ്വിദിതം തപസാ ധർമ്മവത്സല
സമ്പതന്തി ച മേ ശിഷ്യാഃ പ്രവൃത്ത്യാഖ്യാഃ പുരീമിതഃ. 17

| | |
|---|---|
| "ധർമ്മവത്സല | "ധർമ്മതല്പരനായവനേ |
| ത്വയാ | നിന്തിരുവടിയാൽ |
| വിപുലം | മഹത്തായ |
| ജനസ്ഥാന-വധാദികം | ജനസ്ഥാനത്തിൽവെച്ചുള്ള ഖരാദിവധം മുത[ലായവ |
| പ്രാപ്തം | നടത്തപ്പെട്ടത് |
| യത് | യാതൊന്നോ അതും |
| ബ്രാഹ്മണാർത്ഥേ | ബ്രാഹ്മണർക്കുവേണ്ടി |
| നിയുക്തസ്യ | അചഞ്ചലഭക്തി കയ്ക്കൊണ്ടവനായി |
| സർവ്വതാപസാൻ | എല്ലാം മുനിമാരേയും |
| രക്ഷിതുഃ | സംരക്ഷിക്കുന്നവനായ |
| ഇയം | ഈ [നിന്തിരുവടിയുടെ |
| അനിന്ദിതാ | നിർദ്ദോഷയായ |
| ഭാര്യാ | ധർമ്മപത്നി |
| രാവണേന | രാവണനാൽ |
| ഹൃതാ ബഭൂവ | അപഹരിക്കപ്പെട്ടു എന്നുള്ളതും |
| മാരീചദർശനം ച ഏവ | മാരീചനെക്കണ്ടതും |
| സീതോന്മഥനം ഏവ ച | സീതനിമിത്തമായുണ്ടായ മഹത്തായ ദുഃഖവും |
| കബന്ധദർശനം ച ഏവ | കബന്ധനെക്കണ്ടതും |
| പമ്പാഭി-ഗമനം തഥാ | പമ്പാസരസ്സിൽ ചെന്നതും |
| തേ | നിന്തിരുവടിക്ക് |
| സുഗ്രീവേണ | സുഗ്രീവനുമായുണ്ടായ |
| സഖ്യം ച | മൈത്രിയും |
| ത്വയാ | നിന്തിരുവടിയാൽ |
| വാലീ | ബാലീ |
| ഹതഃ ച യത് | വധിക്കപ്പെട്ടു എന്നുള്ള[തും |
| വൈദേഹ്യാഃ | സീതാദേവിയെ |
| മാർഗ്ഗണം ച ഏവ | തിരഞ്ഞതും |
| വാതാത്മജസ്യ | വായുപുത്രന്റെ |
| കർമ്മ ച | പ്രവൃത്തിയും |
| വൈദേഹ്യാം | ജാനകീദേവി |
| വിദിതായാം ച | കണ്ടെത്തപ്പെട്ടതിൽ പിന്നെ |
| നളസേതുഃ | നളനെക്കൊണ്ടു അണ |
| യഥാ | എപ്രകാരം |
| കൃതഃ | കെട്ടപ്പെട്ടുവോ അതും |
| പ്രഹൃഷ്ടൈഃ | ഉത്സാഹമുൾക്കൊണ്ട |
| ഹരിയൂഥപൈഃ | വാനരാധിപന്മാരാൽ |
| ലങ്കാ | ലങ്ക |
| യഥാ വാ ദീപിതാ | എപ്രകാരം ചുട്ടെരിക്കപ്പെട്ടുവോ അതും |
| ദേവകണ്ടകഃ | ദേവാരിയായ |
| രാവണഃ | രാവണൻ |
| സംഖ്യേ | അടരിൽ |
| സപുത്ര-ബാന്ധവാ-മാത്യഃ | പുത്രന്മാർ, ബന്ധുക്കൾ അമാത്യന്മാർ എന്നിവരോടുകൂടിയും |
| സബലഃ | സൈന്യങ്ങളോടുകൂടിയും |
| സഹവാഹനഃ | വാഹനങ്ങളോടുകൂടിയും |
| യഥാ | എപ്രകാരം |

| | | | |
|---|---|---|---|
| വിനിഹതഃ | ഹനിക്കപ്പെട്ടുവോ ആ | വിദിതം | അറിയപ്പെട്ടിരിക്കുന്നു; |
| ത്രിദശൈഃ | ദേവന്മാരുമായി [യതും | മേ | എന്നോട് |
| സമാഗമഃ ച | ചേൎന്നതും | പ്രവൃത്ത്യാഖ്യാ: | വൎത്തമാനങ്ങൾ പറയു ന്നവരായ |
| തേ | നിന്തിരുവടിക്ക് | | |
| യഥാ വര: | എപ്രകാരം വരം | ശിഷ്യാഃ ച | ശിഷ്യന്മാരും |
| ദത്ത: ച, | നൽകപ്പെട്ടുവോ അതും | ഇത: | ഇവിടെനിന്നും |
| ഏതത് സൎവ്വം | ഇതെല്ലാം | പുരീം | നഗരത്തിലേക്ക് |
| തപസാ | തപോമഹിമയാൽ | സംപതന്തി. | പോയ്വരിക പതിവു മുണ്ട്. |
| മമ | എന്നാൽ | | |

അഹമപ്യത്ര തേ ദദ്മി വരം ശസ്ത്രഭൃതാം വര. 18

| | | | |
|---|---|---|---|
| "ശസ്ത്രഭൃതാം വര | "വീരശ്രേഷ്ഠ | അഹം അപി | ഞാനും |
| | | തേ | നിന്തിരുവടിക്കായ്ക്കൊണ്ട് |
| അത്ര | ഇപ്പോൾ | വരം ദദ്മി. | ഒരു വരംനൽകുന്നുണ്ട്. |

അൎഘ്യമദ്യ ഗൃഹാണേദമയോദ്ധ്യാം ശ്വോ ഗമിഷ്യസി. 19

| | | | |
|---|---|---|---|
| "അദ്യ | ഇന്ന് | ശ്വഃ | നാളെ |
| ഇദം അൎഘ്യം | ഈ അതിഥിസല്ക്കാര | അയോദ്ധ്യാം | അയോദ്ധ്യക്ക് |
| ഗൃഹാണ | സ്വീകരിച്ചാലും [ത്തെ | ഗമിഷ്യസി." | എഴുന്നെള്ളാം." |

തസ്യ തച്ഛിരസാ വാക്യം പ്രതിഗൃഹ്യ നൃപാത്മജഃ
ബാഢമിത്യേവ സംഹൃഷ്ടോ ധീമാൻ വരമയാചത 20

| | | | |
|---|---|---|---|
| നൃപാത്മജഃ | രാജകുമാരനായ ശ്രീരാഘവൻ | ശിരസാ പ്രതിഗൃഹ്യ | ശിരസാവഹിച്ച |
| സംഹൃഷ്ടഃ | സന്തുഷ്ടിപൂണ്ടവനായി | "ബാഢം ഏവ" | "അപ്രകാരമാവട്ടെ" |
| തസ്യ | അദ്ദേഹത്തിൻെറ | ഇതി | എന്നുരചെയ്തുകൊണ്ട് |
| തത് | ആ | ധീമാൻ | ധീമാനായ അദ്ദേഹം |
| | | വരം | വരത്തെ |
| വാക്യം | ആജ്ഞയെ | അയാചത. | ഇപ്രകാരം യാചിച്ചു. |

അകാലേ ഫലിനോ വൃക്ഷാഃ സൎവ്വേ ചാപി മധുസ്രവാഃ
ഫലാന്യമൃതകല്പാനി ബഹൂനി വിവിധാനി ച
ഭവന്തു മാൎഗ്ഗേ ഭഗവന്നയോദ്ധ്യാം പ്രതിഗച്ഛതഃ 21

| | | | |
|---|---|---|---|
| "ഭഗവൻ | "ഭഗവാനെ | ഫലിനഃ | കായ്കൾ നിറഞ്ഞവ യായി |
| അയോദ്ധ്യാം | അയോദ്ധ്യയിലേക്ക് | | |
| പ്രതിഗച്ഛതഃ | തിരിച്ചുചെല്ലുന്നവ നായ എനിക്ക് | മധുസ്രവാഃ | തേനൊലുന്നവയായി |
| | | വിവിധാനി | പലമാതിരിയായ |
| മാൎഗ്ഗേ | വഴിയിൽ | അമൃതകല്പാനി | അമൃതതുല്യങ്ങളായ |
| വൃക്ഷാ: സൎവ്വേ ച | വൃക്ഷങ്ങളെല്ലാം | ഫലാനി ച | പഴങ്ങളേയും |
| അകാലെ അപി | അകാലത്തിലും | ബഹൂനി ഭവന്തു". | ധാരാളം നൽകേണം" |

തഥേതി ച പ്രതിജ്ഞാതേ വചനാത്സമനന്തരം
അഭവൻ പാദപാസ്തത്ര സ്വൎഗ്ഗപാദപസന്നിഭാഃ 22

| | |
|---|---|
| വചനാത് | അപേക്ഷിച്ച |
| സമനന്തരം ച, | ഉടനെതന്നെ |
| "തഥാ" | "ആവട്ടെ" |
| ഇതി | എന്നു് |
| പ്രതിജ്ഞാതേ, | അനുമതി നൽകിയാറെ |
| തത്ര | അവിടെ |
| പാദപാഃ | വൃക്ഷങ്ങൾ |
| സ്വർഗ്ഗപാദപസന്നിഭാഃ | സ്വർഗ്ഗത്തിലുള്ള തരുക്കളെന്നപോലെ |
| അഭവൻ. | ആയിത്തീൎന്നു. |

നിഷ്ഫലാഃ ഫലിനശ്ചാസൻ വിപുഷ്പാഃ പുഷ്പശാലിനഃ
ശുഷ്കാഃ സമഗ്രപത്രാസ്തേ നഗാശ്ചൈവ മധുസ്രവാഃ
സർവ്വതോ യോജനാ ത്രീണി ഗച്ഛതാമഭവംസ്തദാ. 23

| | |
|---|---|
| യോജനാ ത്രീണി | മൂന്നുകാതം വഴിദൂരം |
| ഗച്ഛതാം | ചെല്ലുന്ന അവൎക്കു് |
| തദാ സർവ്വതഃ | അപ്പോൾ എങ്ങും |
| നിഷ്ഫലാഃ | കായററ |
| നഗാഃ ച | തരുക്കളും |
| ഫലിനഃ | കായ്കൾ നിറഞ്ഞവ |
| ആസൻ | ഭവിച്ചു; [യായി |
| വിപുഷ്പാഃ | പൂവില്ലാത്ത |
| തേ | അവ |
| പുഷ്പശാലിനഃ ച | പൂക്കൾ നിറഞ്ഞവ |
| ശുഷ്കാഃ | ഉണങ്ങിയവ [യായും |
| സമഗ്രപത്രാഃ ച | ഇലകൾ നിറഞ്ഞത് |
| മധുസ്രവാഃ ഏവ | തേനൊലുന്നവയായും |
| അഭവൻ. | ഭവിച്ചു. |

തതഃ പ്രഹൃഷ്ടാഃ പ്ലവഗർഷഭാസ്തേ
ബഹൂനി ദിവ്യാനി ഫലാനി ചൈവ
കാമാദുപാശ്നന്തി സഹസ്രശസ്തേ
മുദാന്വിതാഃ സ്വർഗ്ഗജിതോ യഥൈവ. 24

| | |
|---|---|
| തതഃ | ആ സമയം |
| തേ | ആ |
| പ്ലവഗർഷഭാഃ ഏവ | വാനരന്മാരും |
| പ്രഹൃഷ്ടാഃ | ഉത്സാഹംകൊണ്ടു് |
| ബഹൂനി | പല |
| ദിവ്യാനി | വിശേഷപ്പെട്ട |
| ഫലാനി ച | പഴങ്ങളേയും |
| സഹസ്രശഃ | ആയിരക്കണക്കായി |
| കാമാത് | ഇഷ്ടംപോലെ |
| ഉപാശ്നന്തി | ഭുജിക്കയായി; |
| സ്വർഗ്ഗജിതഃ | സ്വർഗ്ഗംപ്രാപിച്ചവർ |
| യഥാ ഏവ | എപ്രകാരമോ അപ്രകാ[രം |
| തേ | അവർ |
| മുദാന്വിതാഃ. | ആനന്ദഭരിതരായിത്തീൎന്നു. |

ഇത്യാർഷേ ശ്രീമദ്രാമായണേ വാൽമീകീയേ ആദികാവ്യേ യുദ്ധകാണ്ഡേ
സപ്തവിംശത്യുത്തരശതതമഃ സർഗ്ഗഃ=നൂററിരുപത്തേഴാംസർഗ്ഗം സമാപ്തം.
ആദ്യംമുതൽ ശ്ലോകസംഖ്യ 20439; യുദ്ധകാണ്ഡം ആദ്യംമുതൽ ശ്ലോകസംഖ്യ 5764.

—(൦൦)—

## അഷ്ടാവിംശത്യുത്തരശതതമഃ സർഗ്ഗഃ=നൂററിരുപത്തെട്ടാം സർഗ്ഗം

[ഭരതപ്രിയാഖ്യാനം=ഭരതനെ പ്രിയവൎത്തമാനം അറിയിക്കുന്നത്]

അയോദ്ധ്യാം തു സമാലോക്യ ചിന്തയാമാസ രാഘവഃ
പ്രിയകാമഃ പ്രിയം രാമസ്തതസ്ത്വരിതവിക്രമഃ. 1

| | |
|---|---|
| ത്വരിതവിക്രമഃ | ശീഘ്രപരാക്രമമാന്ന |
| പ്രിയകാമഃ | പ്രിയത്തെസദാ [വനും കാംക്ഷിക്കുന്നവനും |
| രാഘവഃ | രഘുതിലകനുമായ |
| രാമഃ | ശ്രീരാമൻ |
| തതഃ | അപ്പോൾ |
| അയോദ്ധ്യാം | അയോദ്ധ്യയെപ്പററി |
| സമാലോക്യ | ഓൎത്തു് |
| പ്രിയം തു | ക്ഷേമത്തെക്കുറിച്ചു |
| ചിന്തയാമാസ. | ചിന്തിച്ചു. |

ചിന്തയിത്വാ തതോ ദൃഷ്ടിം വാനരേഷു ന്യപാതയത്. 2

| | | | |
|---|---|---|---|
| തതഃ | അപ്പോൾ | വാനരേഷു | വാനരന്മാരിൽ |
| | | ദൃഷ്ടിം | ദൃഷ്ടി |
| ചിന്തയിത്വാ | ആലോചിച്ചശേഷം | ന്യപാതയത് | പതിപ്പിച്ചു. |

ഉവാച ധീമാംസ്തേജസ്വീ ഹനൂമന്തം പ്ലവംഗമം
അയോധ്യാം ത്വരിതോ ഗത്വാ ശീഘ്രം പ്ലവഗസത്തമ
ജാനീഹി കച്ചിത് കുശലീ ജനോ നൃപതിമന്ദിരേ. 3

| | | | |
|---|---|---|---|
| ധീമാൻ | ബുദ്ധിമാനും | ശീഘ്രം | ഉടനെതന്നെ |
| തേജസ്വീ | തേജസ്വിയുമായ ശ്രീരാമൻ | അയോധ്യാം | അയോദ്ധ്യയിൽ |
| | | ഗത്വാ | ചെന്ന് |
| പ്ലവംഗമം | വാനരനായ | നൃപതിമന്ദിരേ | രാജധാനിയിൽ |
| ഹനൂമന്തം | ഹനുമാനെ നോക്കി | ജനഃ | എല്ലാ ജനവും |
| ഉവാച | ഇപ്രകാരം ആജ്ഞാപ് [ിച്ചു | കുശലീ കച്ചിത് | ക്ഷേമമായിരിക്കുന്നുണ്ടോ എന്ന് |
| "പ്ലവഗസത്തമ | "വാനരോത്തമ | | |
| ത്വരിതഃ | വേഗതകയ്യോണ്ട് | ജാനീഹി | അറിഞ്ഞുവരിക. |

ശൃംഗിബേരപുരം പ്രാപ്യ ഗുഹം ഗഹനഗോചരം
നിഷാദാധിപതിം ബ്രൂഹി കുശലം വചനാന്മമ. 4

| | | | |
|---|---|---|---|
| "ശൃംഗിബേരപുരം പ്രാപ്യ | "ശൃംഗിവേരപുരത്തിൽചെന്ന് | ഗുഹം | ഗുഹനോട് |
| | | മമ | എന്റെ |
| ഗഹനഗോചരം | വനചരനും | വചനാത് | ചൊല്പടിക്ക് |
| നിഷാദാധിപതിം | വേടക്കരചനമായ | കുശലം ബ്രൂഹി | കുശലപ്രശ്നംചെയ്താലും. |

ശ്രുത്വാ തു മാം കുശലിനമരോഗം വിഗതജ്വരം
ഭവിഷ്യതി ഗുഹഃ പ്രീതഃ സ മമാത്മസമഃ സഖാ. 5

| | | | |
|---|---|---|---|
| "ഗുഹഃ | "ഗുഹൻ | പ്രീതഃ ഭവിഷ്യതി | പ്രീതി കയ്യോള്ളുന്നതാണ്; |
| മാം | എന്നെ | | |
| കുശലിനം | ക്ഷേമമായി | സഃ | ഗുഹൻ |
| അരോഗം | സുഖക്കേടില്ലാത്തവനാ | മമ | എനിക്ക് |
| വിഗതജ്വരം | ശോകമററവനായി [ശ് | ആത്മസമഃ | പ്രാണസമനായ |
| ശ്രുത്വാ തു | കേട്ട ഉടനെ | സഖാ | സുഹൃത്താകുന്നു. |

അയോധ്യായാശ്ച തേ മാർഗ്ഗം പ്രവൃത്തിം ഭരതസ്യ ച
നിവേദയിഷ്യതി പ്രീതോ നിഷാദാധിപതിർഗ്ഗുഹഃ 6

| | | | |
|---|---|---|---|
| "പ്രീതഃ | "സന്തുഷ്ടനായ | മാർഗ്ഗം ച | വഴിയെക്കുറിച്ചും |
| നിഷാദാധിപതിഃ | വേടക്കരചനായ | ഭരതസ്യ | ഭരതന്റെ |
| ഗുഹഃ | ഗുഹൻ | പ്രവൃത്തിം ച | വൃത്താന്തത്തെപ്പററിയും |
| തേ | ഭവാനു് | | |
| അയോധ്യായാഃ | അയോദ്ധ്യയിലേയ്ക്കുള്ള | നിവേദയിഷ്യതി. | പറയുന്നതാണ്. |

ഭരതസ്തു ത്വയാ വാച്യഃ കുശലം വചനാന്മമ
സിദ്ധാർത്ഥം ശംസ മാം തസ്മൈ സഭാര്യം സഹലക്ഷ്മണം. 7

| | |
|---|---|
| "മമ | "എന്റെ |
| വചനാത് | ചൊല്ലടിക്ക് |
| ത്വയാ | ഭവാനാൽ |
| ഭരതഃ | ഭരതൻ |
| കുശലം വാച്യഃ | കുശലപ്രശ്നം ചെയ്യപ്പെടേണ്ടതാണ്; |
| സഭാര്യം | പത്നീസമേതനായി |
| സഹ-ലക്ഷ്മണം ച | ലക്ഷ്മണനോടുംകൂടിയവനായ |
| മാം | എന്നെ |
| സിദ്ധാർത്ഥം | കൃതകൃത്യനായിരിക്കുന്നവനായി |
| തസ്മൈ | ആ ഭരതനോട് |
| ശംസ. | അറിയിച്ചാലും. |

ഹരണം ചാപി വൈദേഹ്യാ രാവണേന ബലീയസാ
സുഗ്രീവേണ ച സംസർഗ്ഗം വാലിനശ്ച വധം രണേ 8
മൈഥില്യന്വേഷണം ചൈവ യഥാ ചാധിഗതാ ത്വയാ
ലംഘയിത്വാ മഹാതോയമാപഗാപതിമവ്യയം 9
ഉപയാനം സമുദ്രസ്യ സാഗരസ്യ ച ദർശനം
യഥാ ച കാരിതഃ സേതു രാവണശ്ച യഥാ ഹതഃ 10
വരദാനം മഹേന്ദ്രേണ ബ്രഹ്മണാ വരുണേന ച
മഹാദേവപ്രസാദാച്ച പിത്രാ മമ സമാഗമം 11
ഉപയാതം ച മാം സൌമ്യ ഭരതായ നിവേദയ
സഹ രാക്ഷസരാജേന ഹരീണാമീശ്വരേണ ച. 12

| | |
|---|---|
| "സൌമ്യ | "പുണ്യശീല |
| ബലീയസാ | ബലശാലിയായ |
| രാവണേന | രാവണനാൽ |
| വൈദേഹ്യാഃ | സീതാദേവിയുടെ |
| ഹരണം അപി ച | അപഹരണത്തേയും |
| സുഗ്രീവേണ | സുഗ്രീവനുമായുണ്ടായ |
| സംസർഗ്ഗം ച | സമാഗമത്തേയും |
| രണേ | പോരിൽ |
| വാലിനഃ വധം ച | ബാലിയെ വധിച്ചതും |
| മൈഥില്യ-ന്വേഷണം ച ഏവ | സീതയെത്തിരഞ്ഞതും |
| മഹാതോയം | അളവററ വെള്ളം |
| അവ്യയം | അക്ഷയമായ [നിറഞ്ഞ |
| ആപഗാപതിം | സമുദ്രത്തെ |
| ലംഘയിത്വാ | ചാടിക്കടന്ന് |
| ത്വയാ യഥാ | ഭവാനാൽ എപ്രകാരം |
| അധിഗതാ ച | (സീത) കണ്ടെത്തപ്പെട്ടുവോ അതും |
| സമുദ്രസ്യ | സമുദ്രത്തെ |
| ഉപയാനം | സമീപിച്ചതും |
| സാഗരസ്യ | സമുദ്രരാജാവിനെ |
| ദർശനം ച | സന്ദർശിച്ചതും |
| യഥാ | എപ്രകാരം |
| സേതുഃ | അണ |
| കാരിതഃ ച | കെട്ടിക്കപ്പെട്ടുവോ [അതും |
| രാവണഃ | രാവണൻ |
| യഥാ | എപ്രകാരം |
| ഹതഃ ച | ഹനിക്കപ്പെട്ടു എന്നതും |
| മഹേന്ദ്രേണ | മഹേന്ദ്രനാലും |
| ബ്രഹ്മണാ | ബ്രഹ്മദേവനാലും |
| വരുണേന | വരുണഭഗവാനാലും |
| വരദാനം ച | നല്കപ്പെട്ട വരവും |
| മഹാദേവ-പ്രസാദാത് | പരമശിവന്റെ പ്രസാദത്താൽ |
| മമ | എനിക്കുണ്ടായ |
| പിത്രാസമാഗമം ച | പിതൃസമാഗമവും |

| | | | |
|---|---|---|---|
| രാക്ഷസരാജേന | വിഭീഷണ മഹാരാജാ | മാം ഉപായാതം | ഞാൻ എത്തിയിരിക്കുന്നതിനേയും |
| ഹരീണാം ഈശ്വരേണ | സുഗ്രീവമഹാ[രാജാവും രാജാവോടും | ച | |
| സഹ | കൂടി | ഭരതായ | ഭരതനോടായി |
| | | നിവേദയ. | അറിയിച്ചാലും. |

ജിത്വാ ശത്രുഗണാൻ രാമഃ പ്രാപ്യ ചാനുത്തമം യശഃ
ഉപയാതി സമൃദ്ധാർത്ഥഃ സഹ മിത്രൈർമ്മഹാബലൈഃ 13
ഏതച്ഛ്രുത്വാ യമാകാരം ഭജതേ ഭരതസ്തദാ
സ ച തേ വേദിതവ്യഃ സ്യാത്സർവ്വം യച്ചാപി മാം പ്രതി. 14

| | | | |
|---|---|---|---|
| "രാമഃ | "ശ്രീരാഘവൻ | തദാ ഭരതഃ | ആ സമയം ഭരതൻ |
| ശത്രുഗണാൻ | ശത്രുഗണങ്ങളെ | യം ആകാരം | യാതൊരുമുഖഭാവത്തെ |
| ജിത്വാ | ജയിച്ച് | ഭജതേ | കൈക്കൊള്ളുന്നുവോ |
| അനുത്തമം | നിസ്തുല്യമായ | സഃ ച | ആയതും |
| യശഃ പ്രാപ്യ ച | കീർത്തിയെ പ്രാപിച്ച് | തേ വേദിതവ്യഃ സ്യാത് | ഭവാനാൽ സൂക്ഷിച്ചുകണ്ടറിയപ്പെടേണ്ടതാണ്; |
| സമൃദ്ധാർത്ഥഃ | കൃതകൃത്യത പൂണ്ടവനായി | | |
| മഹാബലൈഃ | അതിശക്തിമാന്മാരായ | മാം പ്രതി | എന്നെ സംബന്ധിച്ച |
| മിത്രൈഃ സഹ | സുഹൃത്തുക്കളോടുംകൂടി | യത് | യാതൊന്നൊ[ന്നായുള്ള |
| ഉപയാതി | ഇങ്ങു വരുന്നുണ്ട് | സർവ്വം അപി | അതെല്ലാം തന്നെ |
| ഏതത് | എന്നിപ്രകാരമുള്ളതി[നെ | ച. | അപ്രകാരം അറിയപ്പെടേണ്ടതാണ്. |
| ശ്രുത്വാ | കേട്ട് | | |

ജ്ഞേയാശ്ച സർവ്വേ വൃത്താന്താ ഭരതസ്യേംഗിതാനി ച
തത്ത്വേന മുഖവർണ്ണേന ദൃഷ്ട്യാ വ്യാഭാഷണേന ച. 15

| | | | |
|---|---|---|---|
| "ഭരതസ്യ | "ഭരതന്റെ | ദൃഷ്ട്യാ | നോക്കിനാലും |
| വൃത്താന്താഃ | വർത്തമാനങ്ങൾ | വ്യാഭാഷണേന | സംഭാഷണത്താലും |
| സർവ്വേ ച | എല്ലാംതന്നെയും | ഇംഗിതാനി ച | ഉള്ള അന്തർഗ്ഗതങ്ങളെ |
| ജ്ഞേയാഃ | അറിയപ്പെടേണ്ടതാകുന്നു; | തത്ത്വേന | ഉള്ളപോലെ [ല്ലാം |
| മുഖവർണ്ണേന | മുഖവർണ്ണത്താലും | ച. | അറിയപ്പെടേണ്ടതാകുന്നു. |

സർവ്വകാമസമൃദ്ധം ഹി ഹസ്ത്യശ്വരഥസങ്കുലം
പിതൃപൈതാമഹം രാജ്യം കസ്യ നാവർത്തയേന്മനഃ. 16

| | | | |
|---|---|---|---|
| "സർവ്വകാമസമൃദ്ധം | "സർവ്വമനോരഥപരിപൂർത്തിനൽകുന്നതും | രാജ്യം | രാജ്യം |
| ഹസ്ത്യശ്വരഥസങ്കുലം | രഥഗജതുരഗാദികൾ നിറഞ്ഞുള്ളതും | കസ്യ | ആരുടെ |
| | | മനഃ ഹി | ചിത്തത്തെത്തന്നെയാണ് |
| പിതൃപൈതാമഹം | പാരമ്പര്യമായി ലഭിക്കപ്പെട്ടതുമായ | ആവർത്തയേത് ന | മാററാതിരിക്കുക? |

സംഗത്യാ ഭരതഃ ശ്രീമാൻ രാജ്യാർത്ഥീ ചേത്സ്വയം ഭവേത്
പ്രശാസ്തു വസുധാം കൃത്സ്നാമഖിലാം രഘുനന്ദനഃ. 17

| | | | |
|---|---|---|---|
| "ശ്രീമാൻ | "ശ്രീമാനും | ഭവേത് ചേത് | ഇരിക്കുമെങ്കിൽ |
| രഘുനന്ദനഃ | രഘുകുലനന്ദനനുമായ | സ്വയം | താൻതന്നെ |
| ഭരതഃ | ഭരതൻ | അഖിലാം | അഖണ്ഡമായി |
| സംഗത്യാ | (രാജ്യാധികാര) സംസർഗ്ഗം ഹേതുവാൽ | വസുധാം | ഭൂമിയെ |
| | | കൃത്സ്നാം | മുഴുവനും |
| രാജ്യാർത്ഥീ | രാജ്യകാംക്ഷിയായി | പ്രശാസ്തു. | പരിപാലിച്ചുകൊള്ളട്ടെ. |

തസ്യ ബുദ്ധിം ച വിജ്ഞായ വ്യവസായം ച വാനര
യാവന്ന ദൂരം യാതാഃ സ്മ ക്ഷിപ്രമാഗന്തുമർഹസി. 18

| | | | |
|---|---|---|---|
| "വാനര | "വാനര | ദൂരം | അധികദൂരം |
| തസ്യ | അവന്റെ | യാതാഃ സ്മ ന യാവത് | ഞങ്ങൾ വന്നെത്തുന്നതിനു മുമ്പുതന്നെ |
| ബുദ്ധിം ച | അന്തർഗ്ഗതത്തേയും | ക്ഷിപ്രം | വേഗത്തിൽ |
| വ്യവസായം ച | പ്രവൃത്തിയേയും | ആഗന്തും അർഹസി." | ഭവാൻ തിരിച്ചെത്തേണ്ടതുമാണ്." |
| വിജ്ഞായ | അറിഞ്ഞ് | | |

ഇതി പ്രതിസമാദിഷ്ടോ ഹനുമാന്മാരുതാത്മജഃ
മാനുഷം ധാരയൻ രൂപമയോദ്ധ്യാം ത്വരിതോ യയൌ. 19

| | | | |
|---|---|---|---|
| ഇതി | ഇപ്രകാരം | ധാരയൻ | കയ്ക്കൊണ്ട് |
| പ്രതിസമാദിഷ്ടഃ | നിയമിക്കപ്പെട്ടവനായ | അയോദ്ധ്യാം | അയോദ്ധ്യയിലേക്കായി |
| മാരുതാത്മജഃ | വായുപുത്രനായ | ത്വരിതഃ | ബദ്ധപ്പെട്ട് |
| ഹനുമാൻ | ഹനുമാൻ | യയൌ. | ചെന്നു. |
| മാനുഷം രൂപം | മനുഷ്യവടിവു | | |

അഥോത്പപാത വേഗേന ഹനുമാന്മാരുതാത്മജഃ
ഗരുത്മാനിവ വേഗേന ജിഘൃക്ഷൻ ഭുജഗോത്തമം. 20

| | | | |
|---|---|---|---|
| അഥ | ആസമയം | വേഗേന | ഊക്കോടെ |
| മാരുതാത്മജഃ | വായുസുതനായ | ഗരുത്മാൻ | ഗരുഡൻ |
| ഹനുമാൻ | ഹനുമാൻ | ഇവ | എപ്രകാരമോ അപ്രകാരം |
| ഭുജഗോത്തമം | വൻസർപ്പത്തിനെ | വേഗേന | വേഗത്തിൽ |
| ജിഘൃക്ഷൻ | പിടികൂടുന്നതിന്നായി | ഉത്പപാത | കുതിച്ചുചെന്നു. |

ലംഘയിത്വാ പിതൃപഥം ഭുജഗേന്ദ്രാലയം ശുഭം
ഗംഗായമുനയോർമ്മദ്ധ്യം സന്നിപാതമതീത്യ ച 21
ശൃംഗിബേരപുരം പ്രാപ്യ ഗുഹമാസാദ്യ വീര്യവാൻ
സ വാചാ ശുഭയാ ഹൃഷ്ടോ ഹനുമാനിദമബ്രവീത് 22

| | |
|---|---|
| പിതൃപഥം | വായുപഥമായ ആകാശത്തിൽ |
| ലംഘയിത്വാ | പുക്ക് |
| ഭുജഗേന്ദ്രാലയം | വൻപാമ്പുകൾക്ക് ആവാസമായുള്ളതും |
| ശുഭം | പുണ്യകരവുമായ |
| ഗംഗാ-യമുനയോ: സംനിപാതം | ഗംഗായമുനാസംഗമമായ |
| മദ്ധ്യം | മദ്ധ്യപ്രദേശത്തെ |
| അതീത്യ ച | കടന്ന് |
| ശൃംഗിബേരപുരം | ശൃംഗിവേരപുരത്തിൽ |

| | |
|---|---|
| പ്രാപ്യ | എത്തിച്ചേർന്ന് |
| ഗുഹം | ഗുഹനെ |
| ആസാദ്യ | സമീപിച്ച് |
| ഹൃഷ്ട: | ഉത്സാഹംപൂണ്ട് |
| വീര്യവാൻ | വീര്യശാലിയായ |
| സ: | ആ |
| ഹനുമാൻ | ഹനുമാൻ |
| ശുഭയാ | ചിത്താഹ്ലാദകരമായ |
| വാചാ | വാക്കുകൊണ്ട് |
| ഇദം | ഇപ്രകാരം |
| അബ്രവീത്. | ഉരചെയ്തു. |

സഖാ തു തവ കാകുത്സ്ഥോ രാമഃ സത്യപരാക്രമഃ
സഹസീതഃ സസൌമിത്രിഃ സ ത്വാം കുശലമബ്രവീത്. 23

| | |
|---|---|
| "തവ | "അവിടത്തെ |
| സഖാ | മിത്രവും |
| സത്യപരാക്രമ: | സത്യംതന്നെ പരാക്രമമായുള്ളവനും |
| കാകുത്സ്ഥ: തു | കകുത്സ്ഥവംശജനുമായ |
| സ: | ആ |

| | |
|---|---|
| രാമ: | ശ്രീരാഘവൻ |
| സഹസീത: | സീതാസമേതനായി |
| സസൌമിത്രി: | ലക്ഷ്മണനോടുംകൂടി |
| ത്വാം | ഭവാനോട് |
| കുശലം | ക്ഷേമവർത്തമാനത്തെ |
| അബ്രവീത്. | ചോദിച്ചു. |

പഞ്ചമീമദ്യ രജനീമുഷിത്വാ വചനാന്മുനേഃ
ഭരദ്വാജാഭ്യനുജ്ഞാതം ദ്രക്ഷ്യസ്യദ്യൈവ രാഘവം. 24

| | |
|---|---|
| "മുനേ: | "മുനിവരന്റെ |
| വചനാത് | ആജ്ഞപ്രകാരം |
| അദ്യ | ഇന്ന് |
| പഞ്ചമീം | പഞ്ചമി ദിവസത്തെ |
| രജനീം | രാത്രി |
| ഉഷിത്വാ | താമസിച്ച് |

| | |
|---|---|
| ഭരദ്വാജാഭ്യനു-ജ്ഞാതം | ഭരദ്വാജമുനിവരനാൽ വിടയരുളപ്പെട്ടവനായ |
| രാഘവം | ശ്രീരാഘവനെ |
| അദ്യ ഏവ | ഉടനെതന്നെ |
| ദ്രക്ഷ്യസി." | ഭവാൻ സന്ദർശിക്കുന്നതാണ്." |

ഏവമുക്ത്വാ മഹാതേജാഃ സംപ്രഹൃഷ്ടതനൂരുഹഃ
ഉത്പപാത മഹാവേഗോ ഹനുമാനവിചാരയൻ 25

| | |
|---|---|
| മഹാതേജാ: | മഹാതേജസ്വിയായ |
| ഹനുമാൻ | ഹനുമാൻ |
| ഏവം | ഇപ്രകാരം (ഗുഹനോടായി) |
| ഉക്ത്വാ | അറിയിച്ചശേഷം |

| | |
|---|---|
| സംപ്രഹൃഷ്ട-തനൂരുഹ: | പുളകിതഗാത്രനായി |
| മഹാവേഗ: | അതിവേഗതയോടെ |
| അവിചാരയൻ | മറ്റൊന്നിനേയും വിചാരിക്കാതെ |
| ഉത്പപാത | ഉയരെ കുതിച്ചു. |

സോഽപശ്യദ്രാമതീർത്ഥം ച നദീം വാലുകിനീം തഥാ
ഗോമതീം താം ച സോഽപശ്യദ്ഭീമം സാലവനം തഥാ
പ്രജാശ്ച ബഹുസാഹസ്രീഃ സ്ഫീതാൻ ജനപദാനപി. 26

| | |
|---|---|
| സഃ | ആ ഹനുമാൻ |
| രാമതീർത്ഥം ച | രാമതീർത്ഥത്തേയും |
| വാലുകിനീം നദീം തഥാ | വാലുകിനി എന്ന നദിയേയും |
| അപശ്യത് | കണ്ടു. |
| സഃ താം | അദ്ദേഹം ആ |
| ഗോമതീം ച | ഗോമതീനദിയേയും |
| ഭീമം | ഭയങ്കരമായ |
| സാലവനം തഥാ | സാലവൃക്ഷക്കാട്ടിനേയും |
| ബഹുസാഹസ്രീഃ | അനേകായിരം |
| പ്രജാഃ ച | ജനങ്ങളേയും |
| സ്ഫീതാൻ | സമൃദ്ധിയാന്ന |
| ജനപദാൻ അപി | പട്ടണങ്ങളേയും |
| അപശ്യത് | കണ്ടു. |

സ ഗത്വാ ദൂരമദ്ധ്വാനം ത്വരിതഃ കപികുഞ്ജരഃ
ആസസാദ ദ്രുമാൻ ഫുല്ലാൻ നന്ദിഗ്രാമസമീപഗാൻ 27
സ്ത്രീഭിഃ സപുത്രൈർവൃദ്ധൈശ്ച രമമാണൈരലംകൃതാൻ
സുരാധിപസ്യോപവനേ യഥാ ചൈത്രരഥേ ദ്രുമാൻ. 28

| | |
|---|---|
| സഃ കപികുഞ്ജരഃ | ആ വാനരോത്തമൻ |
| ത്വരിതഃ | ദ്രുതഗതിപൂണ്ടവനായി |
| ദൂരം അദ്ധ്വാനം | ഏറെ വഴി |
| ഗത്വാ | കടന്നുചെന്നു് |
| നന്ദിഗ്രാമസമീപഗാൻ | നന്ദിഗ്രാമത്തിന്റെ അടുത്തുള്ളവയും |
| ഫുല്ലാൻ | പുഷ്പിച്ചവയും |
| സ്ത്രീഭിഃ | സ്ത്രീകളോടും |
| സപുത്രൈഃ | പുത്രന്മാരോടുചേന്ന |
| രമമാണൈഃ | കളിയാടുന്ന |
| വൃദ്ധൈഃ ച | മുതിന്നവരാൽ |
| അലംകൃതാൻ | അഴകാന്നുള്ളവയും |
| സുരാധിപസ്യ | ദേവേന്ദ്രന്റെ |
| ഉപവനേ | ഉപവനത്തിലും |
| ചൈത്രരഥേ | ചൈത്രരഥോദ്യാനത്തിലും ഉള്ള |
| ദ്രുമാൻ യഥാ | തരുക്കറുപോലെയുള്ള |
| ദ്രുമാൻ | വൃക്ഷങ്ങളെ [വയുമായ |
| ആസസാദ. | കണ്ടു. |

ക്രോശമാത്രേ ത്വയോദ്ധ്യായാശ്ചീരകൃഷ്ണാജിനാംബരം
ദദർശ ഭരതം ദീനം കൃശമാശ്രമവാസിനം 29
ജടിലം മലദിഗ്ദ്ധാംഗം ഭ്രാതൃവ്യസനകർശിതം
ഫലമൂലാശിനം ദാന്തം താപസം ധർമ്മചാരിണം 30
സമുന്നതജടാഭാരം വല്കലാജിനവാസസം
നിയതം ഭാവിതാത്മാനം ബ്രഹ്മർഷിസമതേജസം 31
പാദുകേ തേ പുരസ്കൃത്യ ശാസന്തം വൈ വസുന്ധരാം
ചാതുർവ്വർണ്യസ്യ ലോകസ്യ ത്രാതാരം സർവ്വതോ ഭയാത്
ഉപസ്ഥിതമമാത്യൈശ്ച ശുചിഭിശ്ച പുരോഹിതൈഃ
ബലമുഖ്യൈശ്ച യുക്തൈശ്ച കാഷായാംബരധാരിഭിഃ 32

| | |
|---|---|
| അയോദ്ധ്യായാഃ | അയോദ്ധ്യാപുരത്തിന്നു് |
| ക്രോശമാത്രേ തു | ഒരു വിളിപ്പാടുദൂരത്തിൽ |
| ആശ്രമവാസിനം | ആശ്രമത്തിൽ വസിക്കുന്നവനും |
| ചീരകൃഷ്ണാജിനാംബരം | മരവുരിയും മാന്തോലും ഉടുത്തിരിക്കുന്നവനും |
| ജടിലം | ജടകളാന്നവനും |

| | |
|---|---|
| മലദിഗ്ദ്ധാംഗം | അഴുക്കാൻ മേനിയോടു കൂടിയവനും |
| ഭ്രാതൃവ്യസനകർശിതം | ജ്യേഷ്ഠനെക്കുറിച്ചുള്ള വ്യസനത്താൽ മെലിഞ്ഞവനും |
| ഫലമൂലാശിനം | കായ്കനികൾ ഭുജിക്കുന്നവനും |
| ദാന്തം താപസം | മനോനിഗ്രഹം ചെയ്തവനും തപസ്വിവേഷം ധരിച്ചു |
| ധർമ്മചാരിണം | ധർമ്മമാർഗ്ഗത്തിൽതന്നെ വർത്തിക്കുന്നവനും |
| സമുന്നതജടാഭാരം | ഉയർന്ന ജടാമണ്ഡലത്തോടുകൂടിയവനും |
| വല്ക്കലാജിനവാസിനം | വല്ക്കലവും മാന്തോലും ഉത്തരീയമായുള്ളവനും |
| നിയതം | അചഞ്ചലഭക്തിപൂണ്ടവനും |
| ഭാവിതാത്മാനം | ധ്യാനനിഷ്ഠയോടുകൂടിയവനും |
| ബ്രഹ്മർഷിസമതേജസം | ബ്രഹ്മർഷിയൊത്ത തേജസ്സോടുകൂടിയവനും |
| തേ | ആ |
| പാദുകേ | രണ്ടു തൃപ്പാദുകകളേയും |
| പുരസ്കൃത്യ വൈ | മുൻനിർത്തിക്കൊണ്ടു തന്നെ |
| വസുന്ധരാം | ഭൂമിയെ |
| ശാസന്തം | പരിപാലിക്കുന്നവനും |
| ലോകസ്യ | ലോകത്തിന്റെ |
| ചാതുർവ്വർണ്ണ്യസ്യ | ചാതുർവ്വർണ്ണ്യധർമ്മത്തെ |
| സർവ്വതഃ | എല്ലാ [യും |
| ഭയാത് | ആപത്തിൽനിന്നും |
| ത്രാതാരം | പരിരക്ഷിക്കുന്നവനും |
| കാഷായാംബരധാരിഭിഃ | കാഷായവസ്ത്രം ധരിച്ചവനും |
| യുക്തൈഃ ച | ശുദ്ധപ്രതിപത്തിപൂണ്ടവരുമായ |
| അമാത്യൈഃ ച | അമാത്യന്മാരാലും |
| ശുചിഭിഃ | പരിശുദ്ധന്മാരായ |
| പുരോഹിതൈഃ ച | പുരോഹിതന്മാരാലും |
| ബലമുഖ്യൈഃ ച | സേനാധിപന്മാരാലും |
| ഉപസ്ഥിതം | സേവിക്കപ്പെട്ടവനും |
| ദീനം | ആധിപൂണ്ടു [മായ |
| കൃശം | മെലിഞ്ഞിരിക്കുന്നവനു |
| ഭരതം ദദർശ. | ഭരതനെ സന്ദർശിച്ചു. |

ന ഹി തേ രാജപുത്രം തം ചീരകൃഷ്ണാജിനാംബരം
പരിഭോക്തും വ്യവസ്യന്തി പൌരാ വൈ ധർമ്മവത്സലം. 33

| | |
|---|---|
| ചീരകൃഷ്ണാജിനാംബരം | മരവുരിയും മാൻതോലും ഉടുത്തവനും |
| ധർമ്മവത്സലം | ധർമ്മൈകനിരതനുമായ |
| തം | ആ |
| രാജപുത്രം പരി | രാജകുമാരനായ ഭരത |
| തേ | ആ [നെക്കൂടാതെ |
| പൌരാഃ വൈ | നഗരജനങ്ങൾ |
| പരിഭോക്തും ഹി | സുഖങ്ങളനുഭവിപ്പാൻ |
| വ്യവസ്യന്തി ന. | തുനിയുന്നില്ല. |

[ധർമ്മവത്സലനായ ഭരതൻ സുഖങ്ങൾ അനുഭവിക്കാതിരിക്കുമ്പോൾ, തങ്ങളും അനുഭവിക്കാതെ കാഷായവസ്ത്രം മുതലായവ ധരിച്ചു നോററിരുന്നു, എന്നു മന്ത്രിമാരേയും മററ പുരജനങ്ങളേയും പററി പറയുന്നു.]

തം ധർമ്മമിവ ധർമ്മജ്ഞം ദേഹവന്തമിവാപരം
ഉവാച പ്രാഞ്ജലിർവ്വാക്യം ഹനുമാന്മാരുതാത്മജഃ 34

| | |
|---|---|
| മാരുതാത്മജഃ | വായുസുതനായ |
| ഹനുമാൻ | ഹനുമാൻ |
| പ്രാഞ്ജലിഃ | തൊഴുതുംകൊണ്ടു |
| ദേഹവന്തം | മൂർത്തിമാനായ |
| അപരം | മറെറാരു |
| ധർമ്മം ഇവ | ധർമ്മമെന്നപോലിരിക്കുന്നവനും |
| ധർമ്മജ്ഞം | ധർമ്മത്തെ നന്നായറിഞ്ഞവനുമായ |
| തം | ആ ഭരതനോടായി |
| വാക്യം ഉവാച | ഇപ്രകാരം ഉണർത്തിച്ചു. |

വസന്തം ദണ്ഡകാരണ്യേ യം ത്വം ചീരജടാധരം
അനുശോചസി കാകുത്സ്ഥം സ ത്വാം കുശലമബ്രവീത്. 35

| | | | |
|---|---|---|---|
| "ത്വം | "നിന്തിരുവടി | അനുശോചസി | ദുഃഖിച്ചുകൊണ്ടിരിക്ക[ന്നുവോ |
| ചീരജടാധരം | മരവുരിയും ജടകളും പൂണ്ടു് | സഃ | അദ്ദേഹം |
| ദണ്ഡകാരണ്യേ | ദണ്ഡകാരണ്യത്തിൽ | ത്വാം | നിന്തിരുവടിയോടു് |
| വസന്തം യം | വസിക്കുന്ന യാതൊരു | കുശലം അബ്രവീത്. | ക്ഷേമവൎത്തമാനത്തെ അരുളിച്ചെയ്യയച്ചിരിക്കുന്നു. |
| കാകുത്സ്ഥം | ശ്രീരാമനായ്ക്കൊണ്ടു് | | |

പ്രിയമാഖ്യാമി തേ ദേവ ശോകം ത്യക്ഷ്യസി ദാരുണം
അസ്മിൻ മുഹൂൎത്തേ ഭ്രാത്രാ ത്വം രാമേണ സഹ സംഗതഃ
ലക്ഷ്മണേന ച വൈദേഹ്യാ പരാം പ്രീതിമവാപ്സ്യസി. 36

| | | | |
|---|---|---|---|
| "ദേവ | "സ്വാമിൻ | ലക്ഷ്മണേന | ലക്ഷ്മണനോടും |
| തേ | നിന്തിരുവടിയോടു | വൈദേഹ്യാ ച | ജാനകീദേവിയോടും |
| പ്രിയം | പ്രിയവൎത്തമാനത്തെ | സംഗതഃ | ചേൎന്നവനായി |
| ആഖ്യാമി | ഞാൻ ഉണൎത്തിക്കുന്നു. | സുദാരുണം | അസഹ്യമായ |
| ത്വം അസ്മിൻ മുഹൂൎത്തേ | നിന്തിരുവടി ഇക്ഷണംതന്നെ | ശോകം | ദുഃഖത്തെ |
| | | ത്യജ | വെടിയുന്നതാണ്; |
| ഭ്രാത്രാ | ജ്യേഷ്ഠഭ്രാതാവായ | പരാം പ്രീതിം | പരമപ്രീതിയേയും |
| രാമേണ സഹ | ശ്രീരാഘവനോടും | അവാപ്സ്യസി. | കൈക്കൊള്ളുന്നതാണ്. |

നിഹത്യ രാവണം രാമഃ പ്രതിലഭ്യ ച മൈഥിലീം
ഉപയാതി സമൃദ്ധാൎത്ഥഃ സഹ മിത്രൈൎമ്മഹാബലൈഃ 37
ലക്ഷ്മണശ്ച മഹാതേജാ വൈദേഹീ ച യശസ്വിനീ
സീതാ സമഗ്രാ രാമേണ മഹേന്ദ്രേണ യഥാ ശചീ. 38

| | | | |
|---|---|---|---|
| "രാമഃ | "ശ്രീരാമസ്വാമി | മഹാതേജാഃ | മഹാതേജസ്വിയായ |
| രാവണം | രാവണനെ | ലക്ഷ്മണഃ | ലക്ഷ്മണനും |
| നിഹത്യ | വധിച്ചു് | യശസ്വിനീ | കീൎത്തിമതിയായ |
| മൈഥിലീം ച | ജാനകീദേവിയേയും | വൈദേഹീ | വിദേഹാത്മജയായ |
| പ്രതിലഭ്യ | വീണ്ടുകൊണ്ടു് | സീതാ ച | സീതാദേവിയും |
| സമൃദ്ധാൎത്ഥഃ | മനോരഥപൂൎത്തി കൈവന്നവനായി | മഹേന്ദ്രേണ | ഇന്ദ്രനോടുകൂടി |
| | | ശചീ യഥാ | ഇന്ദ്രാണിയെന്നപോലെ |
| മഹാബലൈഃ | മഹാബലശാലികളായ | രാമേണ സമഗ്രാ | ശ്രീരാഘവനോടു ചേൎന്നവളായി |
| മിത്രൈഃ | സുഹൃത്തുക്കളോടും | | |
| സഹ | കൂടി | ച." | അപ്രകാരംതന്നെ എഴുന്നെള്ളുന്നു." |
| ഉപയാതി. | എഴുന്നെള്ളുന്നു. | | |

ഏവമുക്തോ ഹനുമതാ ഭരതോ ഭ്രാതൃവത്സലഃ
പപാത സഹസാ ഹൃഷ്ടോ ഹൎഷാന്മോഹം ജഗാമ ഹ. 39

| | | | |
|---|---|---|---|
| ഹനുമതാ | ഹനുമാനാൽ | സഹസാ | തൽക്ഷണംതന്നെ |
| ഏവം ഉക്തഃ | ഇപ്രകാരം ഉണർത്തിക്ക | പപാത | നിലത്തു പതിച്ചു; |
| ഭ്രാതൃവത്സലഃ | ഭ്രാതൃഭക്തനായ [പ്പെട്ട | ഹർഷാത് | ആനന്ദാതിരേകത്താൽ |
| ഭരതഃ | ഭരതൻ [വനായി | മോഹം | } മൂർച്ഛ പ്രാപിച്ചു. |
| ഹൃഷ്ടഃ | കോരംമയിർക്കൊണ്ട– | ജഗാമ ഹ. | |

തതോ മുഹൂർത്താദുത്ഥായ പ്രത്യാശ്വസ്യ ച രാഘവഃ
ഹനൂമന്തമുവാചേദം ഭരതഃ പ്രിയവാദിനം. 40

| | | | |
|---|---|---|---|
| രാഘവഃ | രഘുകുലോത്തമനായ | ഉത്ഥായ ച | എഴുന്നേററു് |
| ഭരതഃ | ഭരതൻ | പ്രിയവാദിനം | പ്രിയവർത്തമാനത്തെ |
| തതഃ | അപ്പോൾ | | അറിയിച്ചവനായ |
| മുഹൂർത്താത് | ഒട്ടുനേരം ചെന്നു് | ഹനൂമന്തം | ഹനുമാനോടായി |
| പ്രത്യാശ്വസ്യ | ബോധംതെളിഞ്ഞു് | ഇദം ഉവാച. | ഇപ്രകാരം ഉരചെയ്തു. |

അശോകജൈഃ പ്രീതിമയൈഃ കപിമാലിംഗ്യ സംഭ്രമാത്
സിഷേച ഭരതഃ ശ്രീമാൻ വിപുലൈരസ്രബിന്ദുഭിഃ 41

| | | | |
|---|---|---|---|
| ശ്രീമാൻ ഭരതഃ | ശ്രീമാനായ ഭരതൻ | അശോകജൈഃ | ആനന്ദത്താലുണ്ടായവ |
| സംഭ്രമാത് | സംഭ്രമത്തോടെ | | യും |
| കപിം | ആ വാനരനെ | വിപുലൈഃ | തെരുതെരെ വരുന്നവ |
| ആലിംഗ്യ | പുൽകിക്കൊണ്ടു് | | യുമായ |
| പ്രീതിമയൈഃ | പ്രീതിയെ കാണിക്കുന്ന | അസ്രബിന്ദുഭിഃ | അശ്രുബിന്ദുക്കളാൽ |
| | വയും | സിഷേച. | കുളിപ്പിച്ചു. |

ദേവോ വാ മാനുഷോ വാ ത്വമനുക്രോശാദിഹാഗതഃ
പ്രിയാഖ്യാനസ്യ തേ സൌമ്യ ദദാമി ബ്രുവതഃ പ്രിയം 42
ഗവാം ശതസഹസ്രം ച ഗ്രാമാണാം ച ശതം പരം
സുകുണ്ഡലാഃ ശുഭാചാരാ ഭാര്യാഃ കന്യാശ്ച ഷോഡശ 43
ഹേമവർണ്ണാഃ സുനാസോരൂഃ ശശിസൌമ്യാനനാഃ സ്ത്രിയഃ
സർവ്വാഭരണസംപന്നാഃ സംപന്നാഃ കുലജാതിഭിഃ 44

| | | | |
|---|---|---|---|
| "അനുക്രോശാത് | "കാരുണ്യമുൾക്കൊ | ഗവാം ശത– | } ഒരു ലക്ഷം പശുക്ക |
| ഇഹ | ഇങ്ങു [ണ്ടു് | സഹസ്രം ച | ളേയും |
| ആഗതഃ | വന്നിരിക്കുന്നവനായ | ഗ്രാമാണാം | ഗ്രാമങ്ങളുടെ |
| ത്വം ദേവഃ വാ | അങ്ങു് ദേവനോ | പരം | ഉത്കൃഷ്ടമായ |
| മാനുഷഃ വാ? | അല്ല മനുഷ്യനോ? | ശതം ച | ഒരു നൂറിനേയും |
| സൌമ്യ | പുണ്യാത്മാവേ | സുകുണ്ഡലാഃ | അഴകാർന്ന കാതിലകള |
| പ്രിയാഖ്യാനസ്യ | മധുരമായുരചെയ്യുന്ന | | ണിഞ്ഞവരും |
| | വനും | ശുഭാചാരാഃ | സച്ചരിത്രകളും |
| പ്രിയം | പ്രിയവർത്തമാനത്തെ | ഭാര്യാഃ | വിവാഹോചിതകള |
| ബ്രുവതഃ | പറയുന്നവനുമായ | ഷോഡശ | പതിനാറു [മായ |
| ദദേ | അങ്ങേയ്ക്കു തരുന്നുണ്ടു് | കന്യാഃ ച | കന്യകമാരേയും |

| | | | |
|---|---|---|---|
| ഹേമവർണ്ണാഃ | തങ്കനിറമാന്നവരും | സർവ്വാഭരണസംപന്നാഃ | സർവ്വാഭരണങ്ങളും പൂണ്ടവരും |
| സൂനാസോരുഃ | ഭംഗിയേറിയ തുമ്പിക്കയ്യൊത്തതുടകളാന്നവരും | കുലജാതിഭിഃ സംപന്നാഃ | ആഭിജാത്യമുള്ളവരുമായ |
| ശശിസൌമ്യാനനാഃ | മതിയൊത്ത ചാരുവദനമാന്നവരും | സ്ത്രിയഃ ദദാമി." | സ്ത്രീകളേയും ഞാൻ പ്രദാനംചെയ്യുന്നു." |

നിശമ്യ രാമാഗമനം നൃപാത്മജഃ
കപിപ്രവീരസ്യ തദദ്ഭുതോപമം
പ്രഹർഷിതോ രാമദിദൃക്ഷയാऽഭവത്
പുനശ്ച ഹർഷാദിദമബ്രവീദ്വചഃ 45

| | | | |
|---|---|---|---|
| നൃപാത്മജഃ | ചക്രവർത്തിസൂനുവായ ഭരതൻ | രാമദിദൃക്ഷയാ | ശ്രീരാമനെ സന്ദർശിപ്പാൻ കൊതിപൂണ്ട് |
| കപിപ്രവീരസ്യ | കപിവരന്റെ വക്കൽനിന്നു് | പ്രഹർഷിതഃ | ആനന്ദതുന്ദിലനായി |
| തത് | ആ | അഭവത് | ഭവിച്ചു; |
| അദ്ഭുതോപമം | നിസ്തുല്യമായ | ഹർഷാത് | സന്തോഷത്താൽ |
| രാമാഗമനം | ശ്രീരാമഗമത്തെ | പുനഃ ച | വീണ്ടും |
| നിശമ്യ | ചെവിക്കൊണ്ടു് | ഇദം വചഃ | ഇപ്രകാരം വാക്യത്തെ |
| | | അബ്രവീത്. | ഉരചെയ്തു. |

ഇത്യാർഷേ ശ്രീമദ്രാമായണേ വാല്മീകീയേ ആദികാവ്യേ യുദ്ധകാണ്ഡേ
അഷ്ടാവിംശത്യുത്തരശതതമഃ സർഗ്ഗഃ= നൂററിരുപത്തെട്ടാംസർഗ്ഗം സമാപ്തം
ആദ്യം മുതൽ ശ്ലോകസംഖ്യ 20485; യുദ്ധകാണ്ഡം ആദ്യം മുതൽ ശ്ലോകസംഖ്യ 5810

—oo—

## ഏകോനത്രിംശത്യുത്തരശതതമഃ സർഗ്ഗഃ = നൂററിരുപത്തൊമ്പതാംസർഗ്ഗം

[ഹനുമദ്ഭരതസംഭാഷണം=ഹനുമാനും ഭരതനും തമ്മിൽ സംഭാഷണം ചെയ്യുന്നത്]

ബഹൂനി നാമ വർഷാണി ഗതസ്യ സുമഹദ്വനം
ശൃണോമ്യഹം പ്രീതികരം മമ നാഥസ്യ കീർത്തനം. 1

| | | | |
|---|---|---|---|
| "ബഹൂനി | "അനേകം | പ്രീതികരം | പ്രീതിജനകമായ |
| വർഷാണി | സംവത്സരങ്ങളെ | കീർത്തനം | വർത്തമാനത്തെ |
| സുമഹത് വനം | വൻകാട്ടിൽ പുക്ക് | അഹം | ഞാൻ |
| ഗതസ്യ മമ | കഴിച്ചുകൂട്ടിയ എന്റെ | ശൃണോമി നാമ | ശ്രവിക്കുന്നത് വാസ്തവം തന്നെയാണോ? |
| നാഥസ്യ | നാഥനെക്കുറിച്ചുള്ള | | |

കല്യാണീ ബത ഗാഥേയം ലൌകികീ പ്രതിഭാതി മേ
ഏതി ജീവന്തമാനന്ദോ നരം വർഷശതാദപി. 2

| | | | |
|---|---|---|---|
| " 'ജീവന്തം നരം | " 'ജീവനെ വെച്ചുകൊണ്ടിരിക്കുന്ന ഒരുവന്നു് | വർഷശതാത് അപി | പലനാറാണ്ടുകഴിഞ്ഞശേഷമെങ്കിലും |

| | | | |
|---|---|---|---|
| ആനന്ദഃ ഏതി | ആനന്ദം അനുഭവപ്പെടുന്നു,' എന്നുള്ള | കല്യാണീ | വാസ്തമായിട്ടന്നെ |
| ഇയം ലൌകികീ ഗാഥാ | ഈ ലോകരുടെ പഴമൊഴി | മേ | എന്റെ സംഗതിയിൽ |
| | | പ്രതിഭാതി | പ്രത്യക്ഷമായിരിക്ക |
| | | ബത | എന്തൊരാനന്ദം! [ന്നു |

രാഘവസ്യ ഹരീണാം ച കഥമാസീത്സമാഗമഃ
കസ്മിൻദേശേ കിമാശ്രിത്യ തത്ത്വമാഖ്യാഹി പൃച്ഛതഃ 3

| | | | |
|---|---|---|---|
| "കസ്മിൻ | "ഏതൊരു | സമാഗമഃ | ചേർച്ച |
| ദേശേ | ദേശത്തിൽവെച്ച് | ആസീദ് | ഉണ്ടായത് എന്നുള്ളതിനെപ്പററി |
| കിം ആശ്രിത്യ | എന്തുകാരണത്താൽ | | |
| കഥം | എപ്രകാരമാണ് | പൃച്ഛതഃ | ചോദിക്കുന്നവനായ എ [ന്നോട് |
| രാഘവസ്യ | ശ്രീരാഘവനും | തത്ത്വം | ഉള്ളപോലെ |
| ഹരീണാം ച | വാനരന്മാർക്കും തമ്മിൽ | ആഖ്യാഹി" | ഉരചെയ്താലും." |

സ പൃഷ്ടോ രാജപുത്രേണ ബൃസ്യാം സമുപവേശിതഃ
ആചചക്ഷേ തതഃ സർവ്വം രാമസ്യ ചരിതം വനേ. 4

| | | | |
|---|---|---|---|
| സഃ | ആ ഹനുമാൻ | തതഃ | ആ സമയം |
| രാജപുത്രേണ | ആ ചക്രവർത്തിസുത | വനേ | വനത്തിൽ നടന്നതായ |
| ബൃസ്യാം | ദർഭാസനത്തിൽ [നാൽ | രാമസ്യ | ശ്രീരാമന്റെ |
| സമുപവേശിതഃ | ഉപവേശിക്കപ്പെട്ട് | ചരിതം | വൃത്താന്തത്തെ |
| പൃഷ്ടഃ | പ്രശ്നം ചെയ്യപ്പെട്ടവനായി | സർവ്വം | എല്ലാം |
| | | ആചചക്ഷേ. | ഉണർത്തിച്ചു. |

യഥാ പ്രവ്രാജിതോ രാമോ മാതുർദത്തോ വരസ്തവ
യഥാ ച പുത്രശോകേന രാജാ ദശരഥോ മൃതഃ 5
യഥാ ദൂതൈസ്ത്വമാനീതസ്തൂർണ്ണം രാജഗൃഹാത് പ്രഭോ
ത്വയായോദ്ധ്യാം പ്രവിഷ്ടേന യഥാ രാജ്യം ന ചേപ്സിതം 6
ചിത്രകൂടം ഗിരിം ഗത്വാ രാജ്യേനാമിത്രകർശന
നിമന്ത്രിതസ്ത്വയാ ഭ്രാതാ ധർമ്മമാചരതാ സതാം 7
സ്ഥിതേന രാജ്ഞോ വചനേ യഥാ രാജ്യം വിസർജ്ജിതം
ആര്യസ്യ പാദുകേ ഗൃഹ്യ യഥാസി പുനരാഗതഃ 8
സർവ്വമേതന്മഹാബാഹോ യഥാവദ്വിദിതം തവ
ത്വയി പ്രതിപ്രയാതേ തു യദ്വൃത്തം തന്നിബോധ മേ. 9

| | | | |
|---|---|---|---|
| "പ്രഭോ | "പ്രഭോ | പ്രവ്രാജിതഃ | വനത്തിലേക്ക് പറഞ്ഞയക്കപ്പെട്ടു എന്നുള്ളതും |
| അമിത്രകർശന | ശത്രുസമ്മർദ്ദന | | |
| മഹാബാഹോ | മഹാബാഹുവായുള്ളോ | ദശരഥഃ രാജാ | ദശരഥമഹാരാജാവ് |
| തവ | നിന്തിരുവടിയുടെ [വേ | പുത്രശോകേന | പുത്രശോകത്താൽ |
| മാതുഃ വരഃ | മാതാവിന്നു വരം | യഥാ | എങ്ങിനെ |
| ദത്തഃ | നൽകപ്പെട്ട് | മൃതഃ ച | തീപ്പെട്ടു എന്നുള്ളതും |
| രാമഃ യഥാ | ശ്രീരാമൻ എങ്ങിനെ | ത്വം | നിന്തിരുവടി |

ദൂതൈഃ — ദൂതന്മാർ മുഖാന്തരം
രാജഗൃഹാത് — രാജഗൃഹമെന്ന മാതുല രാജധാനിയിൽനിന്നു്
തൂർണ്ണം യഥാ — ബദ്ധപ്പെട്ടു് എപ്രകാരം
ആനീതഃ — വരുത്തപ്പെട്ടു എന്നുള്ള
അയോദ്ധ്യാം — അയോദ്ധ്യയിൽ [ളും
പ്രവിഷ്ടേന — എത്തിച്ചേർന്ന
ത്വയാ — നിന്തിരുവടിയാൽ
യഥാ രാജ്യം — എങ്ങിനെ രാജ്യം
ഈപ്സിതം ന — കയ്ക്കൊള്ളപ്പെട്ടില്ല എന്നുള്ളതും
സതാം ധർമ്മം — സജ്ജനധർമ്മത്തെ
ആചരതാ — ആചരിക്കുന്ന
ത്വയാ — നിന്തിരുവടിയാൽ
ചിത്രകൂടം ഗിരിം ചിത്രകൂടപർവ്വതത്തിൽ
ഗത്വാ ഭ്രാതാ — ചെന്നു് ജ്യേഷ്ഠൻ
രാജ്യേന നിമന്ത്രിതഃ ച — രാജ്യാധികാരംകയ്ക്കൊള്ളുന്നതിന്നായി പ്രാർത്ഥിക്കപ്പെട്ടതും
രാജ്ഞഃ — മഹാരാജാവിന്റെ
വചനേ — ആജ്ഞയിൽതന്നെ
സ്ഥിതേന — വർത്തിച്ചവനായ ശ്രീരാമചന്ദ്രനാൽ
രാജ്യം യഥാ — രാജ്യത്തെ എങ്ങിനെ
വിസർജ്ജിതം — സ്വീകരിക്കപ്പെട്ടില്ല എന്നുള്ളതും
ആർയ്യസ്യ പാദുകേ ജ്യേഷ്ഠന്റെ പാദുകകളെ
ഗൃഹ്യ — വാങ്ങിക്കൊണ്ടു് [ളെ
യഥാ പുനഃ — എപ്രകാരം വീണ്ടും
ആഗതഃ അസി — നിന്തിരുവടി തിരിച്ചു
ഏതത് സർവ്വം — ഇതെല്ലാം [എന്നുള്ളതും
തവ — നിന്തിരുവടിക്കു്
യഥാവത് — ഉള്ളവണ്ണം
വിദിതം — അറിവുള്ളതാണല്ലോ;
ത്വയി പ്രതിപ്രയാതേ തു — തിരിച്ചെഴുന്നെള്ളിയതിൽപിന്നെ
യത് വൃത്തം — യാതൊന്നു് സംഭവിക്ക
തത് — അതിനെ [യുണ്ടായോ
മേ നിബോധ. — എങ്കൽനിന്നു് ചെവിക്കൊണ്ടാലും

അപയാതേ ത്വയി തദാ സമുദ്ഭ്രാന്തമൃഗദ്വിജം
പരിദ്യൂനമിവാത്യർത്ഥം തദ്വനം സമപദ്യത. 10

"ത്വയി — "നിന്തിരുവടി
അപയാതേ — തിരിച്ചെഴുന്നെള്ളിയ ശേഷം
തദാ — അപ്പോൾ
തത് വനം — ആ വനം
സമുദ്ഭ്രാന്ത മൃഗദ്വിജം — പേടിച്ചുഴറിയ മൃഗങ്ങളോടും പക്ഷികളോടും
അത്യർത്ഥം — ഏറെ [കൂടിയതായി
പരിദ്യൂനം ഇവ — പരിതാപമുറംക്കൊണ്ടതെന്നപോലെ
സമപദ്യത. — ആയിത്തീൎന്നു.

തദ്ധസ്തിമൃദിതം ഘോരം സിംഹവ്യാഘ്രമൃഗായുതം
പ്രവിവേശാഥ വിജനം സുമഹദ്ദണ്ഡകാവനം 11

അഥ — അതിൽപിന്നെ
ഹസ്തിമൃദിതം — കാട്ടാനകളാൽ മഥനം ചെയ്യപ്പെട്ടതും
സിംഹവ്യാഘ്ര-മൃഗായുതം — സിംഹങ്ങളും നരികളും മാനുകളും നിറഞ്ഞുള്ളതും
വിജനം — നിർജ്ജനവും
ഘോരം — ഭയങ്കരവുമായ
തത് — ആ
സുമഹത് — വമ്പിച്ച
ദണ്ഡകാവനം — ദണ്ഡകാരണ്യത്തിൽ
പ്രവിവേശ. — അദ്ദേഹം പ്രവേശിച്ചു.

തേഷാം പുരസ്താദ്ബലവാൻ ഗച്ഛതാം ഗഹനേ വനേ
നിനദൻ സുമഹാനാദം വിരാധഃ പ്രത്യദൃശ്യത. 12

| | | | |
|---|---|---|---|
| "ഗഹനേ | "ഇടതിങ്ങിയ | ബലവാൻ | ബലശാലിയായ |
| വനേ | വനത്തിൽ | വിരാധഃ | വിരാധൻ |
| ഗച്ഛതാം | ചെന്നുകൊണ്ടിരുന്ന | സുമഹാനാദം | പെരുതായി അട്ടഹ |
| തേഷാം | അവരുടെ | നിനദൻ | സിച്ചുംകൊണ്ട് |
| പുരസ്താത് | മുമ്പിലായി | പ്രത്യദൃശ്യത. | കാണപ്പെട്ടു. |

തമുത്ക്ഷിപ്യ മഹാനാദമൂർദ്ധ്വബാഹുമധോമുഖം
നിഖാതേ പ്രക്ഷിപന്തി സ്മ നദന്തമിവ കുഞ്ജരം. 13

| | | | |
|---|---|---|---|
| "മഹാനാദം നദന്തം | "ഉറക്കെ ഗർജ്ജിക്കുന്ന | തം | അവനെ |
| | | ഉത്ക്ഷിപ്യ | പൊന്തിച്ച് |
| കുഞ്ജരം ഇവ | ആനപോലുള്ളവനും | അധോമുഖം | തലകീഴായി |
| ഊർദ്ധ്വബാഹും | കൈകളുയർത്തിയവനുമായ | നിഖാതേ | ഒരു കുഴിയിൽ |
| | | പ്രക്ഷിപന്തി സ്മ | അവർ തള്ളിയിട്ടു. |

[ 'പ്രക്ഷിപന്തി' എന്നു ബഹുവചനം പ്രയോഗിച്ചതിനാൽ സീതയും ചെറിയ സഹായിച്ചു എന്നു ബോദ്ധ്യമാകുന്നു. (ഗോ. രാ.)]

തത് കൃത്വാ ദുഷ്കരം കർമ്മ ഭ്രാതരൌ രാമലക്ഷ്മണൌ
സായാഹ്നേ ശരഭംഗസ്യ രമ്യമാശ്രമമീയതുഃ 14

| | | | |
|---|---|---|---|
| "ഭ്രാതരൌ | "ഭ്രാതാക്കന്മാരായ | സായാഹ്നേ | വൈകുന്നേരം |
| രാമലക്ഷ്മണൌ | ശ്രീരാമലക്ഷ്മണന്മാർ | ശരഭംഗസ്യ | ശരഭംഗമഹർഷിയുടെ |
| തത് ദുഷ്കരം | ആ ദുസ്സാദ്ധ്യമായ | രമ്യം | മനോഹരമായ |
| കർമ്മ | പ്രവൃത്തിയെ | ആശ്രമം | ആശ്രമത്തിൽ |
| കൃത്വാ | ചെയ്ത് | ഈയതുഃ | എത്തിച്ചേർന്നു. |

ശരഭംഗേ ദിവം പ്രാപ്തേ രാമഃ സത്യപരാക്രമഃ
അഭിവാദ്യ മുനീൻ സർവ്വാൻ ജനസ്ഥാനമുപാഗമത്
ദൃഷ്ട്വാഽഗസ്ത്യം മഹാത്മാനം തേന ദത്തവരായുധഃ 15

| | | | |
|---|---|---|---|
| "സത്യപരാക്രമഃ | "നിഷ്ഫലമാകാത്ത പരാക്രമത്തോടു കൂടിയവനായ | അഭിവാദ്യ | വന്ദിച്ച് |
| | | ജനസ്ഥാനം | ജനസ്ഥാനത്തിലേക്ക് |
| | | ഉപാഗമത് | എഴുന്നെള്ളി; |
| രാമഃ | ശ്രീരാമൻ | മഹാത്മാനം | മഹാത്മാവായ |
| ശരഭംഗേ | ശരഭംഗമഹർഷി | അഗസ്ത്യം | അഗസ്ത്യഭഗവാനെ |
| ദിവം | സ്വർഗ്ഗത്തെ | ദൃഷ്ട്വാ | സന്ദർശിച്ച് |
| പ്രാപ്തേ | പ്രാപിച്ചശേഷം | തേന | അദ്ദേഹത്താൽ |
| സർവ്വാൻ | എല്ലാ | ദത്തവരായുധഃ | ദിവ്യങ്ങളായ ആയുധങ്ങൾ നൽകപ്പെട്ടു. |
| മുനീൻ | മുനിമാരെയും | | |

തതഃ പശ്ചാച്ഛൂർപ്പണഖാ രാമപാർശ്വമുപാഗതാ. 16

| | | | |
|---|---|---|---|
| "തതഃ പശ്ചാത് | "അതിൽപിന്നെ | രാമപാർശ്വം | ശ്രീരാമന്റെ സമീപത്തിൽ |
| ശൂർപ്പണഖാ | ശൂർപ്പണഖ | ഉപാഗതാ | വന്നെത്തി. |

തതോ രാമേണ സന്ദിഷ്ടോ ലക്ഷ്മണഃ സഹസോത്ഥിതഃ
പ്രഗൃഹ്യ ഖഡ്ഗം ചിച്ഛേദ കർണ്ണനാസം മഹാബലഃ. 17

| | | | |
|---|---|---|---|
| "തതഃ | "അപ്പോൾ | സഹസാ | പെട്ടെന്നു് |
| രാമേണ | ശ്രീരാമനാൽ [നായ | ഉത്ഥിതഃ | എഴുന്നേററു് |
| സന്ദിഷ്ടഃ | ആജ്ഞാപിക്കപ്പെട്ടവ | ഖഡ്ഗം പ്രഗൃഹ്യ | വാളിനെ കയ്യിൽക്കൊണ്ടു് |
| മഹാബലഃ | മഹാശക്തിമാനായ | കർണ്ണനാസം | കാതും മൂക്കും |
| ലക്ഷ്മണഃ | ലക്ഷ്മണൻ | ചിച്ഛേദ. | അരിഞ്ഞു. |

ചതുർദ്ദശ സഹസ്രാണി രക്ഷസാം ഭീമകർമ്മണാം
ഹതാനി വസതാ തത്ര രാഘവേണ മഹാത്മനാ. 18

| | | | |
|---|---|---|---|
| "തത്ര | "അവിടെ | ചതുർദ്ദശ- സഹസ്രാണി | പതിനാലായിരം പേർ |
| വസതാ | പാർത്തിരുന്ന | മഹാത്മനാ | മഹാത്മാവായ |
| ഭീമകർമ്മണാം | ഘോരകർമ്മാക്കളായ | രാഘവേണ | ശ്രീരാഘവനാൽ |
| രക്ഷസാം | രാക്ഷസരുടെ | ഹതാനി. | വധിക്കപ്പെട്ടു. |

ഏകേന സഹ സംഗമ്യ രണേ രാമേണ സംഗതാഃ
അഹ്നശ്ചതുർത്ഥഭാഗേന നിഃശേഷാ രാക്ഷസാഃ കൃതാഃ 19

| | | | |
|---|---|---|---|
| "രണേ | "പോരിൽ | സംഗമ്യ | യുദ്ധംചെയ്തു് |
| രാക്ഷസാഃ | രാക്ഷസർ | അഹ്നഃ | പകലിന്റെ |
| സംഗതാഃ | ഒന്നിച്ചുകൂടിയവരായി | ചതുർത്ഥഭാഗേന | നാലാംയാമംകൊണ്ടു് |
| ഏകേന രാമേണ സഹ | ശ്രീരാമൻ ഒരുത്തനോടുകൂടി | നിഃശേഷാഃ കൃതാഃ | ആരും ബാക്കിയില്ലാതെ നശിപ്പിക്കപ്പെട്ടു. |

മഹാബലാ മഹാവീര്യാസ്തപസോ വിഘ്നകാരിണഃ
നിഹതാ രാഘവേണാജൌ ദണ്ഡകാരണ്യവാസിനഃ. 20

| | | | |
|---|---|---|---|
| ''മഹാബലാഃ | "മഹാബലവാന്മാരും | ദണ്ഡ- കാരണ്യ- വാസിനഃ | ദണ്ഡകാരണ്യവാസികളായ രാക്ഷസർ |
| മഹാവീര്യാഃ | മഹാവീര്യശാലികളും | രാഘവേണ | ശ്രീരാഘവനാൽ |
| തപസഃ | തപസ്സിന്നു് | ആജൌ | പോരിൽ |
| വിഘ്നകാരിണഃ | വിഘ്നംവരുത്തിയിരുന്നവരുമായ | നിഹതാഃ. | ഹനിക്കപ്പെട്ടു. |

രാക്ഷസാശ്ച വിനിഷ്പിഷ്ടാഃ ഖരശ്ച നിഹതോ രണേ. 21

| | | | |
|---|---|---|---|
| ''രാക്ഷസാഃ ച | രാക്ഷസരെല്ലാം | ഖരഃ ച രണേ | ഖരനും പോരിൽ |
| വിനിഷ്പിഷ്ടാഃ | ഇട്ടരയ്ക്കപ്പെട്ടു, | നിഹതഃ | ഹനിക്കപ്പെട്ടു. |

തതസ്തേനാർദ്ദിതാ ബാലാ രാവണം സമുപാഗതാ. 22

| | | | |
|---|---|---|---|
| "തതഃ | "അതിൽ പിന്നെ | ബാലാ | ആ സ്ത്രീ |
| തേന | ആ ലക്ഷ്മണനാൽ | രാവണം | രാവണന്റെ അടുക്കൽ |
| അർദ്ദിതാ | ഹിംസിക്കപ്പെട്ട | സമുപാഗതാ | ചെന്നു. |

രാവണാനുചരോ ഘോരോ മാരീചോ നാമ രാക്ഷസഃ
ലോഭയാമാസ വൈദേഹീം ഭൂത്വാ രത്നമയോ മൃഗഃ 23

| | | | |
|---|---|---|---|
| "രാവണാനുചരഃ | "രാവണന്റെ അനുചരനായ | രത്നമയഃ | രത്നമയമായ |
| ഘോരഃ | ഭയങ്കരനായ | മൃഗഃ ഭൂത്വാ | മാനായിത്തീൎന്നു |
| മാരീചഃ നാമ | മാരീചനെന്ന | വൈദേഹീം | ജാനകീദേവിക്കു |
| രാക്ഷസഃ | രാക്ഷസൻ | ലോഭയാമാസ. | കൊതികാട്ടി. |

അഥൈനമബ്രവീദ്രാമം വൈദേഹീ ഗൃഹ്യതാമിതി
അഹോ മനോഹരഃ കാന്ത ആശ്രമോ നോ ഭവിഷ്യതി. 24

| | | | |
|---|---|---|---|
| "വൈദേഹീ | "ജാനകീദേവി | നഃ ആശ്രമഃ | നമ്മുടെ ആശ്രമം |
| ഏനം രാമം | ഈ ശ്രീരാഘവനോടായി | മനോഹരഃ | മനോഹരമായും |
| അഥ ഇതി | ആ സമയം ഇപ്രകാരം | അഹോ | ആശ്ചൎയ്യകരമായും |
| അബ്രവീത്. | അപേക്ഷിച്ചു | ഭവിഷ്യതി | ഭവിക്കുന്നതാണ് |
| 'കാന്ത | 'നാഥ | ഗൃഹ്യതാം.' | ഇതു പിടിക്കപ്പെടട്ടെ. |

തതോ രാമോ ധനുഷ്പാണിർധാവന്തമനുധാവതി
സ തം ജഘാന ധാവന്തം ശരേണാനതപൎവ്വണാ. 25

| | | | |
|---|---|---|---|
| "തതഃ | "അതിനാൽ | ധാവന്തം | കയ്യിൽ പിടികിട്ടാതെ ഓടിപ്പോയ്ക്കൊണ്ടിരുന്ന |
| രാമഃ | ശ്രീരാഘവൻ | | |
| ധനുഷ്പാണിഃ | വില്ലും കയ്യിലെടുത്തു | തം | അതിനെ |
| ധാവന്തം | ഓടിപ്പോകുന്ന അതിനെ | ആനതപൎവ്വണാ | മൊട്ടൊഴിഞ്ഞ |
| അനുധാവതി | പിന്തുടരുകയായി; | ശരേണ | ഒരു ബാണംകൊണ്ടു |
| സഃ | അദ്ദേഹം | ജഘാന. | കൊന്നു. |

അഥ സൌമ്യ ദശഗ്രീവോ മൃഗം യാതേ തു രാഘവേ
ലക്ഷ്മണേ ചാപി നിഷ്ക്രാന്തേ പ്രവിവേശാശ്രമം തദാ. 26

| | | | |
|---|---|---|---|
| "സൌമ്യ | "പുണ്യാത്മാവേ | ലക്ഷ്മണേ അപി | ലക്ഷ്മണനും |
| അഥ | ആ സമയം | നിഷ്ക്രാന്തേ ച | അവിടെനിന്നും പോ[യ്ക്കെ |
| രാഘവേ | ശ്രീരാമൻ | ദശഗ്രീവഃ | ദശകണ്ഠൻ |
| മൃഗം | മാനിന്നായി | തദാ ആശ്രമം | അപ്പോഴാം ആശ്രമത്തിൽ |
| യാതേ തു | എഴുന്നെള്ളിയിരിക്കെ | പ്രവിവേശ. | ഉൾപ്പൂകി. |

["ലക്ഷ്മണേ നിഷ്ക്രാന്തേ":– കഠോരമായവൃത്താന്തമാകയാൽ ലക്ഷ്മണൻ പോയതിന്നുള്ള കാരണം പറയപ്പെടുന്നില്ല. (ദശ. രാ) "പ്രിയം പത്ഥ്യം ച തത്ഥ്യം ച വദേദ്ധൎമ്മാൎത്ഥമേവ ച. അശ്രാവ്യമയശസ്യം ച പരോക്ഷേ കടു ചോത്സൃജേത്." എന്നു കാമന്ദകൻ.]

ജഗ്രാഹ തരസാ സീതാം ഗ്രഹഃ ഖേ രോഹിണീമിവ
ത്രാതുകാമം തതോ യുദ്ധേ ഹത്വാ ഗൃദ്ധ്രം ജടായുഷം 27
പ്രഗൃഹ്യ സീതാം സഹസാ ജഗാമാശു സ രാവണഃ. 28

| | | | |
|---|---|---|---|
| "സഃ രാവണഃ | "ആ രാവണൻ | ത്രാതുകാമം | രക്ഷിപ്പാൻ മുതിൎന്ന |
| ഖേ | ആകാശത്തിൽ | ജടായുഷം | ജടായുവെന്ന |
| ഗ്രഹഃ | ക്രൂരഗ്രഹം | ഗൃദ്ധ്രം | കഴുകനെ |
| രോഹിണീം | രോഹിണിയെ | യുദ്ധേ ഹത്വാ | പോരിൽ വെട്ടിവീഴ്ത്തി |
| ഇവ | എപ്രകാരമോ അപ്ര- | സഹസാ | ബലാൽകാരമായി |
| സീതാം | സീതാദേവിയെ [കാരം | സീതാം | സീതാദേവിയെ |
| തരസാ | പെട്ടെന്ന് | പ്രഗൃഹ്യ | എടുത്തുംകൊണ്ട് |
| ജഗ്രാഹ | അപഹരിച്ചുകൊണ്ടു | ആശു | വേഗത്തിൽ |
| തതഃ | അപ്പോൾ [പോയി; | ജഗാമ. | പോയ്ക്കളഞ്ഞു. |

തതസ്തേഽദ്ഭുതസങ്കാശാഃ സ്ഥിതാഃ പർവ്വതമൂർദ്ധനി
സീതാം ഗൃഹീത്വാ ഗച്ഛന്തം വാനരാഃ പർവ്വതോപമാഃ
ദദൃശുർവ്വിസ്മിതാസ്തത്ര രാവണം രാക്ഷസാധിപം. 29

| | | | |
|---|---|---|---|
| 'തതഃ | "ആസമയം | സീതാം | സീതാദേവിയെ |
| പർവ്വതമൂർദ്ധനി | പർവ്വതശിഖരത്തിൽ | ഗൃഹീത്വാ | എടുത്തുംകൊണ്ട് |
| സ്ഥിതാഃ | വസിച്ചിരുന്നവരും | ഗച്ഛന്തം | പൊയ്ക്കൊണ്ടിരുന്ന |
| അദ്ഭുത-സങ്കാശാഃ | ആശ്ചര്യവടിവുകളെല്ലാം ഉള്ളവരും | രാക്ഷസാധിപം | രക്ഷോനാഥനായ |
| പർവ്വതോപമാഃ | ഗിരിതുല്യന്മാരുമായ | രാവണം | രാവണനെ |
| വാനരാഃ | വാനരന്മാർ | വിസ്മിതാഃ | ആശ്ചര്യംപൂണ്ടവരായ |
| തത്ര | അവിടെ | ദദൃശുഃ | നോക്കിനിന്നു. |

പ്രവിവേശ തതോ ലങ്കാം രാവണോ ലോകരാവണഃ. 30

| | | | |
|---|---|---|---|
| "തതഃ | അതിൽപിന്നെ | രാവണഃ ലങ്കാം | രാവണൻ ലങ്കയിൽ |
| ലോകരാവണഃ | ലോകവിദ്വേഷകനായ | പ്രവിവേശ. | പ്രവേശിച്ചു. |

താം സുവർണ്ണപരിക്രാന്തേ ശുഭേ മഹതി വേശ്മനി
പ്രവേശ്യ മൈഥിലീം വാക്യൈഃ സാന്ത്വയാമാസ രാവണഃ. 31

| | | | |
|---|---|---|---|
| "രാവണഃ | "രാവണൻ | മഹതി | വമ്പിച്ച |
| താം മൈഥിലീം | ആ ജാനകീദേവിയെ | വേശ്മനി | അരമനയിൽ |
| സുവർണ്ണപരിക്രാന്തേ | സ്വർണ്ണനിർമ്മിതമായ | പ്രവേശ്യ | കൊണ്ടുപോയാക്കി |
| ശുഭേ | മനോഹരമായ | വാക്യൈഃ സാന്ത്വയാമാസ. | സാന്ത്വവാക്കുകൾ ഉരചെയ്തു. |

തൃണവദ്ഭാഷിതം തസ്യ തം ച നൈർഋതപുംഗവം
അചിന്തയന്തീ വൈദേഹീ ഹ്യശോകവനികാം ഗതാ 32

| | | | |
|---|---|---|---|
| "അശോകവനികാം | "അശോകവനത്തിൽ | വൈദേഹീ | വൈദേഹി |
| | | തസ്യ | അവന്റെ |
| ഗതാ | വസിച്ചുകൊണ്ട് | ഭാഷിതം | വാക്കിനെ |

| | | | |
|---|---|---|---|
| തൃണവത് | പുല്ലാക്കി | നൈർഋത-പുംഗവം ച | രക്ഷോനാഥനേയും |
| തം | ആ | അചിന്തയന്തീ. | ഗണിക്കാതിരുന്നു. |

ന്യവർത്തത തതോ രാമോ മൃഗം ഹത്വാ മഹാവനേ
നിവർത്തമാനഃ കാകുത്സ്ഥ അദൃഷ്ട്വാ വിവ്യഥേ ഖഗം 33
ഗൃധ്രം ഹതം തതോ ദഗ്ദ്ധ്വാ രാമഃ പ്രിയസഖം പിതുഃ
മാർഗ്ഗമാണസ്തു വൈദേഹീം രാഘവഃ സഹലക്ഷ്മണഃ
ഗോദാവരീമനുചരദ്വനോദ്ദേശാംശ്ച പുഷ്പിതാൻ. 34

| | | | |
|---|---|---|---|
| "തതഃ | "അപ്പോൾ | മാർഗ്ഗമാണഃ | തിരയുന്നവനായി |
| രാമഃ | ശ്രീരാമൻ | രാമഃ | ശ്രീരാമൻ |
| മഹാവനേ | വൻകാട്ടിൽ | പിതുഃ | പിതാവിന്റെ |
| മൃഗം | മാനിനെ | പ്രിയസഖം | പ്രിയ സുഹൃത്തും |
| ഹത്വാ | കൊന്നു | ഖഗം | പക്ഷിശ്രേഷ്ഠനും |
| ന്യവർത്തത | തിരിച്ചെഴുന്നള്ളി; | ഹതം | വെട്ടിവീഴ്ത്തപ്പെട്ടിരിക്കുന്നവനുമായ |
| നിവർത്തമാനഃ | മടങ്ങിപ്പോരുന്നവനാ[യ | ഗൃധ്രം | കഴുകനായ ജടായുവി[നെ |
| കാകുത്സ്ഥഃ | ശ്രീരാഘവൻ | തതഃ | അപ്പോൾ |
| വൈദേഹീം | ജാനകീദേവിയെ | ദഗ്ദ്ധ്വാ | ദഹിപ്പിച്ചശേഷം |
| അദൃഷ്ട്വാ | കാണാഞ്ഞു | ഗോദാവരീം | ഗോദാവരീനദീപ്രദേ[ശങ്ങളിലും |
| വിവ്യഥേ | പരിതപിച്ചു; | പുഷ്പിതാൻ | പുഷ്പിച്ച |
| തു | അപ്പോൾ | വനോദ്ദേശാൻ ച | വനപ്രദേശങ്ങളിലും |
| സഹലക്ഷ്മണഃ | ലക്ഷ്മണനോടുംകൂടി | അനുചരത് | ചുററിനടന്നു. |
| രാഘവഃ | ശ്രീരാഘവൻ | | |

ആസേദതുർമ്മഹാരണ്യേ കബന്ധം നാമ രാക്ഷസം. 35

| | | | |
|---|---|---|---|
| "മഹാരണ്യേ | "വൻകാട്ടിൽ | രാക്ഷസം | രാക്ഷസനെ |
| കബന്ധം നാമ | കബന്ധനെന്ന | ആസേദതുഃ | അടുത്തു മർദ്ദിച്ചു. |

തതഃ കബന്ധവചനാദ്രാമഃ സത്യപരാക്രമഃ
ഋശ്യമൂകം ഗിരിം ഗത്വാ സുഗ്രീവേണ സമാഗതഃ. 36

| | | | |
|---|---|---|---|
| "സത്യപരാക്രമഃ | "സത്യവിക്രമനായ | ഋശ്യമൂകം ഗിരിം | ഋശ്യമൂകഗിരിയിൽ |
| രാമഃ | ശ്രീരാമൻ | ഗത്വാ | ചെന്നു |
| തതഃ | അപ്പോൾ | സുഗ്രീവേണ | സുഗ്രീവനുമായി |
| കബന്ധ-വചനാത് | കബന്ധന്റെ വാക്യപ്രകാരം | സമാഗതഃ | മൈത്രികൈക്കൊണ്ടു. |

തയോഃ സമാഗമഃ പൂർവ്വം പ്രീത്യാ ഹാർദ്ദോ വ്യജായത
ഭ്രാത്രാ നിരസ്തഃ ക്രുദ്ധേന സുഗ്രീവോ വാലിനാ പുരാ
ഇതരേതരസംവാദാത് പ്രഗാഢഃ പ്രണയസ്തയോഃ. 37

| | | | |
|---|---|---|---|
| "തയോഃ | "അവരിരുവക്കും തക്ക[മ്മിൽ | പ്രണയഃ | സ്നേഹം |
| പൂവ്വം | ആദ്യംതന്നെ | പ്രഗാഢഃ | വേരുറച്ചു; |
| പ്രീത്യാ | പ്രീതിപൂണ്ട് | പുരാ | പണ്ട് |
| ഹാർദ്ദഃ | ഹൃദയംഗമമായ | സുഗ്രീവഃ | സുഗ്രീവൻ |
| സമാഗമഃ | മൈത്രി | ക്രുദ്ധേന | ക്രുദ്ധിച്ചവനും |
| വ്യജായത | ഉളവായി; | ഭ്രാത്രാ | ജ്യേഷ്ഠനുമായ |
| ഇതരേതര-സംവാദാത് | അന്യോന്യസംഭാഷണത്താൽ | വാലിനാ | ബാലിയാൽ |
| തയോഃ | അവർതമ്മിലുള്ള | നിരസ്തഃ | രാജ്യത്തിൽനിന്നു് ആട്ടിപ്പായിക്കപ്പെട്ടിരുന്നു. |

രാമസ്യ ബാഹുവീര്യേണ സ്വരാജ്യം പ്രത്യപാദയത്
വാലിനം സമരേ ഹത്വാ മഹാകായം മഹാബലം. 38

| | | | |
|---|---|---|---|
| "രാമസ്യ | "ശ്രീരാമന്റെ | വാലിനം | ബാലിയെ |
| ബാഹുവീര്യേണ | ബാഹുബലത്താൽ | ഹത്വാ | വധിച്ചു് |
| സമരേ | പോരിൽ | സ്വരാജ്യം | തന്റെ രാജ്യത്തെ |
| മഹാബലം | മഹാശക്തിമാനും | പ്രത്യപാദയത് | ആ സുഗ്രീവന്നായിക്കൊണ്ടു തിരിയെകൊടുത്തു. |
| മഹാകായം | പൃഥുശരീരനുമായ | | |

സുഗ്രീവഃ സ്ഥാപിതോ രാജ്യേ സഹിതഃ സർവ്വവാനരൈഃ
രാമായ പ്രതിജാനീതേ രാജപുത്ര്യാശ്ച മാർഗ്ഗണം. 39

| | | | |
|---|---|---|---|
| "രാജ്യേ | "രാജ്യത്തിൽ | രാജപുത്ര്യാഃ | സീതാദേവിയുടെ |
| സ്ഥാപിതഃ | വാഴിക്കപ്പെട്ടവനായി | മാർഗ്ഗണം ച | അന്വേഷണത്തെപ്പററിയും |
| സർവ്വവാനരൈഃ | എല്ലാ വാനരന്മാ[രോടും | രാമായ | ശ്രീരാമനോട് |
| സഹിതഃ | കൂടിയവനായ | പ്രതിജാനീതേ. | കയ്യേററു. |
| സുഗ്രീവഃ | സുഗ്രീവൻ | | |

ആദിഷ്ടാ വാനരേന്ദ്രേണ സുഗ്രീവേണ മഹാത്മനാ
ദശകോട്യഃ പ്ലവംഗാനാം സർവ്വാഃ പ്രസ്ഥാപിതാ ദിശഃ. 40

| | | | |
|---|---|---|---|
| "വാനരേന്ദ്രേണ | "വാനരേശ്വരനും | പ്ലവംഗാനാം | വാനരന്മാർ |
| മഹാത്മനാ | മഹാത്മാവുമായ | ദശകോട്യഃ | പത്തുകോടി പേർ |
| സുഗ്രീവേണ | സുഗ്രീവനാൽ | സർവ്വാഃ | എല്ലാ |
| ആദിഷ്ടാഃ | നിയമിക്കപ്പെട്ട | ദിശഃ | ദിക്കുകളിലേക്കായും |
| | | പ്രസ്ഥാപിതാഃ. | പറഞ്ഞയക്കപ്പെട്ടു. |

തേഷാം നോ വിപ്രകൃഷ്ടാനാം വിന്ധ്യേ പർവ്വതസത്തമേ
ഭൃശം ശോകാഭിതപ്താനാം മഹാൻ കാലോഽത്യവർത്തത. 41

| | | | |
|---|---|---|---|
| "വിന്ധ്യേ പർവ്വതസത്തമേ | "വിന്ധ്യമഹാഗിരിയിൽ | ഭൃശം | ഏററം |
| വിപ്രകൃഷ്ടാനാം | താമസിച്ചു് | ശോകാഭി-തപ്താനാം | ദുഃഖസന്തപ്തരായ |

| | |
|---|---|
| തേഷാം നഃ | ആ ഞങ്ങൾക്ക് |
| മഹാൻ | ഏറെ |
| കാലഃ | കാലം |
| അത്യവർത്തത. | കഴിഞ്ഞുപോയി. |

ഭ്രാതാ തു ഗൃധ്രരാജസ്യ സംപാതിർനാമ വീര്യവാൻ
സമാഖ്യാതി സ്മ വസതിം സീതായാ രാവണാലയേ. 42

| | |
|---|---|
| "ഗൃധ്രരാജസ്യ | "കഴുകർക്കരചനായ ജടായുവിന്റെ |
| ഭ്രാതാ | സോദരനും |
| വീര്യവാൻ | വീര്യവാനുമായ |
| സംപാതിഃ നാമ | സമ്പാതിയെന്നവൻ |
| തു | അപ്പോൾ |
| രാവണാലയേ | രാവണരാജധാനിയിൽ |
| സീതായാഃ | സീതാദേവിയുടെ |
| വസതിം | വാസത്തെപ്പററി |
| സമാഖ്യാതി സ്മ. | ഞങ്ങളോടറിയിച്ചു. |

സോഽഹം ശോകപരീതാനാം ദുഃഖം തജ്ജ്ഞാതിനാം നുദൻ
ആത്മവീര്യം സമാസ്ഥായ യോജനാനാം ശതം പ്ലുതഃ 43

| | |
|---|---|
| "സഃ അഹം | "ആ ഞാൻ |
| ശോകപരീതാനാം | ശോകാക്രാന്തരായ |
| ജ്ഞാതിനാം | ബന്ധുക്കളുടെ |
| തത് ദുഃഖം | ആ വ്യസനത്തെ |
| നുദൻ | പോക്കുന്നവനായി |
| ആത്മവീര്യം | നിജവീര്യത്തെ |
| സമാസ്ഥായ | കൈക്കൊണ്ട് |
| യോജനാനാം ശതം | നൂറു യോജനദൂരം |
| പ്ലുതഃ | ചാടികടന്നു. |

തത്രാഹമേകാമദ്രാക്ഷമശോകവനികാം ഗതാം
കൗശേയവസ്ത്രാം മലിനാം നിരാനന്ദാം ദൃഢവ്രതാം. 44

| | |
|---|---|
| "തത്ര | അവിടെ |
| ഏകാം | ഏകാകിനിയായി |
| അശോകവനികാം | അശോകവനത്തിൽ |
| ഗതാം | വർത്തിച്ചിരുന്നവളും |
| കൗശേയവസ്ത്രാം | പട്ടുവസ്ത്രം ധരിച്ചിരുന്നവളും |
| മലിനാം | അഴുക്കുപുരണ്ടിരുന്നവളും |
| നിരാനന്ദാം | സന്തോഷമില്ലാതെയിരിക്കുന്നവളും |
| ദൃഢവ്രതാം | അചഞ്ചലമായ ഭർത്തൃഭക്തിയാകുന്ന വ്രതത്തെ കൈക്കൊണ്ടിരുന്നവളുമായ സീതാദേവിയെ |
| അഹം അദ്രാക്ഷം | ഞാൻ കണ്ടെത്തി. |

തയാ സമേത്യ വിധിവത് പൃഷ്ട്വാ സർവമനിന്ദിതാം
അഭിജ്ഞാനം മയാ ദത്തം രാമനാമാംഗുലീയകം. 45

| | |
|---|---|
| "തയാ സമേത്യ | "അവളുടെ അരികിൽ ചെന്നു |
| അനിന്ദിതാം | നിഷ്കന്മഷയായ ആ ദേവിയോടായി |
| വിധിവത് | ആദരവോടെ |
| സർവ്വം | എല്ലാം |
| പൃഷ്ട്വാ | ചോദിച്ചറിഞ്ഞശേഷം |
| മയാ | എന്നാൽ |
| രാമനാമാംഗുലീയകം | ശ്രീരാമനാമാങ്കിതമായ മുദ്രമോതിരം |
| അഭിജ്ഞാനം | അടയാളമായി |
| ദത്തം | സമർപ്പിക്കപ്പെട്ടു |

തം ദൃഷ്ട്വാ പരമപ്രീതാ വിശശ്വാസ ച മൈഥിലീ. 46

| | | | |
|---|---|---|---|
| "തം | "അതിനെ | പരമപ്രീതാ | അത്യാനന്ദമുറംക്കൊണ്ട |
| ദൃഷ്ട്വാ | വീക്ഷിച്ച | | വളായി |
| മൈഥിലീ ച | ജാനകീദേവിയും | വിശശ്വാസ. | ആശ്വാസമുറംക്കൊണ്ടു. |

രാവണം ച ഹതം ദൃഷ്ട്വാ കൃത്വാ ലങ്കാം ച ഭസ്മസാത്
അഭിജ്ഞാനം മണിം ലബ്ധ്വാ ചാരിതാർത്ഥോഽഹമാഗത: 47

| | | | |
|---|---|---|---|
| "ഹത: | "അനന്തരം | മണിം | ചൂഡാമണിയേയും |
| രാവണം ദൃഷ്ട്വാ | രാവണനെയും കണ്ട് | ലബ്ധ്വാ | വാങ്ങിക്കൊണ്ട് |
| ലങ്കാം | ലങ്കയെ | ചാരിതാർത്ഥ: | കൃതാർത്ഥനായി |
| ഭസ്മസാത് | } ചുട്ടെരിച്ച് | അഹം | ഞാൻ |
| കൃത്വാ | | ച ച | തൽക്ഷണം തന്നെ |
| അഭിജ്ഞാനം | അടയാളമായി | ആഗത. | തിരിച്ചെത്തി. |

മയാ ച പുനരാഗമ്യ രാമസ്യാക്ലിഷ്ടകർമ്മണഃ
അഭിജ്ഞാനം മയാ ദത്തമർച്ചിഷ്മാൻ സ മഹാമണിഃ. 48

| | | | |
|---|---|---|---|
| "മയാ | "എന്നാൽ | അർച്ചിഷ്മാൻ | ഒളിവിതറുന്നതായ |
| പുനഃ ച | } വീണ്ടും മടങ്ങിയെത്ത | സ: മഹാമണി: | ആ ദിവ്യരത്നവും |
| ആഗമ്യ | പ്പെട്ടശേഷം | അഭിജ്ഞാനം | അടയാളമായി |
| അക്ലിഷ്ടകർമ്മണഃ | നിർദ്ദോഷകർമ്മാവായ | മയാ | എന്നാൽ |
| രാമസ്യ | ശ്രീരാമനുണ്ടുണ്ട് | ദത്തം | സമർപ്പിക്കപ്പെട്ടു. |

ശ്രുത്വാ തു മൈഥിലീം ഹൃഷ്ടസ്ത്വാശശംസേ ച ജീവിതം
ജീവിതാന്തമനുപ്രാപ്തഃ പീത്വാമൃതമിവാതുരഃ. 49

| | | | |
|---|---|---|---|
| "മൈഥിലീം തു | "ജാനകീദേവിയെക്കുറി | ആതുര. | രോഗി |
| ശ്രുത്വാ | അറിഞ്ഞതിനാൽ[ച്ചു് | അമൃതം | } അമൃതപാനം ചെയ്താ |
| ഹൃഷ്ടഃ | ആനന്ദമുറംക്കൊണ്ടവ | പീത്വാ ഇവ | ലെന്നപോലെ |
| | നായ ശ്രീരാഘവൻ | തു | ആ സമയം |
| ജീവിതാന്തം | മരണാവസ്ഥയെ | ജീവിതം ച | ജീവിതത്തിൽ |
| അനുപ്രാപ്ത: | പ്രാപിച്ചവനായ | ആശശംസേ. | ആശകയ്ക്കൊണ്ടു. |

ഉദ്യോജയിഷ്യന്നുദ്യോഗം ദധ്രേ കാമം വധേ മനഃ
ജിഘാംസുരിവ ലോകാന്തേ സർവ്വാൻ ലോകാൻ വിഭാവസുഃ 50

| | | | |
|---|---|---|---|
| "ലോകാന്തേ | "പ്രളയകാലത്തിൽ | ഉദ്യോഗം | പ്രയത്നത്തെ |
| സർവ്വാൻ | എല്ലാ | ഉദ്യോജയിഷ്യൻ | കയ്ക്കൊണ്ടവനായി |
| ലോകാൻ | ലോകങ്ങളേയും | വധേ | രാവണവധത്തിൽ |
| ജിഘാംസു: | നശിപ്പിപ്പാൻ മുതിന്ന | കാമം മന: | } ദൃഢമായ നിശ്ചയമുറം |
| വിഭാവസു: ഇവ | അഗ്നിയെപ്പോലെ | ദധ്രേ | ക്കൊണ്ടു. |

തതഃ സമുദ്രമാസാദ്യ നളം സേതുമകാരയത്
അതരത് കപിവീരാണാം വാഹിനീ തേന സേതുനാ. 51

| | | | |
|---|---|---|---|
| "തതഃ | "അതിൽപിന്നെ | അകാരയത് | കെട്ടിച്ചു; |
| സമുദ്രം | സമുദ്രത്തെ | തേന സേതുനാ | ആ അണവഴിയായി |
| ആസാദ്യ | പ്രാപിച്ച് | കപിവീരാണാം | വാനരോത്തമന്മാരുടെ |
| നളം | നളനെക്കൊണ്ട് | വാഹിനീ | സൈന്യം |
| സേതും | അണ | അതരത്. | അക്കരപററി. |

പ്രഹസ്തമവധീന്നീലഃ കുംഭകർണ്ണന്തു രാഘവഃ
ലക്ഷ്മണോ രാവണസുതം സ്വയം രാമസ്തു രാവണം. 52

| | | | |
|---|---|---|---|
| "പ്രഹസ്തം | "പ്രഹസ്തനെ | രാവണസുതം | രാവണിയേയും |
| നീലഃ അവധീത് | നീലൻ വധിച്ചു; | രാമഃ | ശ്രീരാമൻ |
| കുംഭകർണ്ണം | കുംഭകർണ്ണനെ | സ്വയം | താൻതന്നെ |
| രാഘവഃ തു | ശ്രീരാമൻ വധിച്ചു; | രാവണം തു | രാവണനേയും അപ്രകാ- |
| ലക്ഷ്മണഃ | ലക്ഷ്മണൻ | | രംതന്നെ നിഗ്രഹിച്ചു. |

സ ശക്രേണ സമാഗമ്യ യമേന വരുണേന ച
മഹേശ്വരസ്വയംഭൂഭ്യാം തഥാ ദശരഥേന ച 53
തൈശ്ച ദത്തവരഃ ശ്രീമാനൃഷിഭിശ്ച സമാഗതൈഃ
സുരർഷിഭിശ്ച കാകുത്സ്ഥോ വരാൻ ലേഭേ പരന്തപഃ. 54

| | | | |
|---|---|---|---|
| "സഃ | "ആ | ദശരഥേന ച | ദശരഥമഹാരാജാവി- |
| പരന്തപഃ | ശത്രുമർദ്ദനനായ | സമാഗമ്യ | ചേർന്ന് [നോടും |
| ശ്രീമാൻ | ശ്രീമാനായ | തൈഃ | അവരാലും |
| കാകുത്സ്ഥഃ | കാകുത്സ്ഥൻ | സമാഗതൈഃ | വന്നെത്തിയവരായ |
| ശക്രേണ | ഇന്ദ്രനോടും | ഋഷിഭിഃ ച | മഹർഷിമാരാലും |
| യമേന | യമധർമ്മദേവനോടും | സുരർഷിഭിഃ ച | ദേവർഷിമാരാലും |
| വരുണേന ച | വരുണഭഗവാനോടും | ദത്തവരഃ | വരങ്ങൾ നൽകപ്പെട്ട- |
| തഥാ | അപ്രകാരംതന്നെ | | വനായി |
| മഹേശ്വര-സ്വയംഭൂഭ്യാം | പരമശിവൻ ബ്രഹ്മാവ് എന്നിവരോടും | വരാൻ ലേഭേ. | മനോരഥപരിപൂർത്തി- |
| തഥാ | അവ്വണ്ണംതന്നെ | | കയ്ക്കൊണ്ടു. |

സ തു ദത്തവരഃ പ്രീത്യാ വാനരൈശ്ച സമാഗതഃ
സമഗ്രബലസംയുക്തോ രാജ്യം ദത്വാ വിഭീഷണേ
പുഷ്പകേണ വിമാനേന കിഷ്കിന്ധാമഭ്യുപാഗമത്. 55

| | | | |
|---|---|---|---|
| "ദത്തവരഃ | "വരങ്ങൾ നൽകപ്പെട്ട് | സഃ | ആ ശ്രീരാഘവൻ |
| സമഗ്രബല-സംയുക്തഃ | സമസ്തസൈന്യങ്ങളോടുംകൂടിയവനായി | തു | ആ സമയം |
| | | പ്രീത്യാ | പ്രീതി കയ്ക്കൊണ്ട് |

| | | | |
|---|---|---|---|
| വിഭീഷണേന | വിഭീഷണങ്കൽ | പുഷ്പകേണ വിമാനേന | പുഷ്പകവിമാനത്തിൽ കയറിക്കൊണ്ടു് |
| രാജ്യം | ലങ്കാരാജ്യത്തെ | കിഷ്കിന്ധാം | കിഷ്കിന്ധക്കു |
| ദത്വാ | പ്രദാനം ചെയ്തു് | അഭ്യുപാഗമത് | വന്നുചേർന്നു. |
| വാനരൈശ്ച | വാനരന്മാരോടും | | |
| സമാഗതഃ | ഒന്നിച്ചു് | | |

തം ഗംഗാം പുനരാസാദ്യ വസന്തം മുനിസന്നിധൌ
അവിഘ്നം പുഷ്യയോഗേന ശ്വോ രാമം ദ്രഷ്ടുമർഹസി. 56

| | | | |
|---|---|---|---|
| "ഗംഗാം | "ഗംഗാതീരത്തിൽ | രാമം | ശ്രീരാമനെ |
| പുനഃ | വീണ്ടും | പുഷ്യയോഗേന | പൂയംനക്ഷത്രം ചേർന്നതോടുകൂടി |
| ആസാദ്യ | വന്നെത്തി | അവിഘ്നം | കേടററതായ |
| മുനിസന്നിധൌ | ഭരദ്വാജമഹർഷിയുടെ സന്നിധിയിൽ | ശ്വഃ | നാളെദിവസം |
| വസന്തം | വസിക്കുന്ന | ദ്രഷ്ടും അർഹസി." | നിന്തിരുവടി സന്ദർശിക്കുന്നതാണു്." |
| തം | ആ | | |

തതസ്തു സത്യം ഹനുമദ്വചോ മഹ-
ന്നിശമ്യ ഹൃഷ്ടോ ഭരതഃ കൃതാഞ്ജലിഃ
ഉവാച വാണീം മനസഃ പ്രഹർഷിണീം
ചിരസ്യ പൂർണ്ണഃ ഖലു മേ മനോരഥഃ. 57

| | | | |
|---|---|---|---|
| തതഃ | അപ്പോൾ | മേ | എൻെറ |
| സത്യം | വാസ്തവമായുള്ളതും | മനോരഥഃ | മനോരഥം |
| മഹത് | ഉത്കൃഷ്ടവുമായ | തു | ഇപ്പോൾ |
| ഹനുമദ്വചഃ | ഹനുമാൻെറ വാക്യത്തെ | പൂർണ്ണഃ ഖലു!" | സാധിച്ചുവല്ലൊ!" എന്നിങ്ങിനെ |
| നിശമ്യ | ശ്രവിച്ചു് | മനസഃ പ്രഹർഷിണീം | ചിത്താഹ്ലാദകരമായ |
| ഹൃഷ്ടഃ | ആനന്ദമുൾക്കൊണ്ടവനായ | വാണീം | വാക്യത്തെ |
| ഭരതഃ | ഭരതൻ | ഉവാച | അരുളിച്ചെയ്തു. |
| കൃതാഞ്ജലിഃ | അഞ്ജലികൂപ്പിക്കൊണ്ടു് | | |
| "ചിരസ്യ | "ഏറെനാളായുള്ള | | |

ഇത്യാർഷേ ശ്രീമദ്രാമായണേ വാല്മീകീയേ ആദികാവ്യേ യുദ്ധകാണ്ഡേ
അഷ്ടാവിംശത്യുത്തരശതതമഃ സർഗ്ഗഃ = നൂറിരുപത്തെട്ടാം സർഗ്ഗം സമാപ്തം
ആദ്യം മുതൽ ശ്ലോകസംഖ്യ 20542; യുദ്ധകാണ്ഡം ആദ്യം മുതൽ ശ്ലോകസംഖ്യ 5867

—:o:—

## ത്രിംശദുത്തരശതതമഃ സർഗ്ഗഃ—നൂററിമുപ്പതാം സർഗ്ഗം

[ഭരതസമാഗമഃ=ഭരതനുമായ്‌ ചേരുന്നതു്]

ശ്രുത്വാ തു പരമാനന്ദം ഭരതഃ സത്യവിക്രമഃ
ഹൃഷ്ടമാജ്ഞാപയാമാസ ശത്രുഘ്നം പരവീരഹാ. 1

| | | | |
|---|---|---|---|
| സത്യവിക്രമഃ | സത്യപരാക്രമനും | ഹൃഷ്ടം | സന്തുഷ്ടനായിരുന്ന |
| പരവീരഹാ | ശത്രുവീരധ്വംസകനു | ശത്രുഘ്നം | ശത്രുഘ്നനെ നോക്കി |
| ഭരതഃ | ഭരതൻ [മായ | തു | ആ സമയം |
| പരമാനന്ദം | ആ അത്യാനന്ദകരമായ | ആജ്ഞാപ- | ഇങ്ങിനെ ആജ്ഞാ |
| ശ്രുത്വാ | കേട്ടു് [തിനെ | യാമാസ. | പിച്ചു. |

ദൈവതാനി ച സർവ്വാണി ചൈത്യാനി നഗരസ്യ ച
സുഗന്ധമാല്യൈർവ്വാദിത്രൈരർച്ചന്തു ശുചയോ നരാഃ. 2

| | | | |
|---|---|---|---|
| "ശുചയഃ | "പരിശുദ്ധന്മാരായ | ചൈത്യാനി ച | മണ്ഡപങ്ങളേയും |
| നരാഃ | ജനങ്ങൾ | സുഗന്ധമാല്യൈഃ | നറുമണമോലുന്ന |
| സർവ്വാണി | എല്ലാ ദേവാലയങ്ങളി | | പുഷ്പങ്ങൾകൊണ്ടു് |
| ദൈവതാനി ച | ലുള്ള ദേവന്മാരേയും | വാദിത്രൈഃ | വാദ്യഘോഷങ്ങളോടു |
| നഗരസ്യ | നഗരത്തിലുള്ള | അർച്ചന്തു. | പൂജിക്കട്ടെ. [കൂടി |

സൂതാഃ സ്തുതിപുരാണജ്ഞാഃ സർവ്വേ വൈതാളികാസ്തഥാ
സർവ്വേ വാദിത്രകുശലാ ഗണികാശ്ചാപി സംഘശഃ 3
രാജദാരാസ്തഥാഽമാത്യാഃ സൈന്യാഃ സേനാഗണാംഗനാഃ
ബ്രാഹ്മണാശ്ച സരാജന്യാഃ ശ്രേണീമുഖ്യാസ്തഥാ ഗണാഃ 4
അഭിനിര്യാന്തു രാമസ്യ ദ്രഷ്ടും ശശിനിഭം മുഖം. 5

| | | | |
|---|---|---|---|
| "സ്തുതി-<br>പുരാണജ്ഞാഃ | "സ്തോത്രങ്ങളും പുരാണ<br>ങ്ങളും അറിഞ്ഞവരായ | സൈന്യാഃ | സൈന്യങ്ങളും |
| സൂതാഃ | സ്തുതിപാഠകന്മാരും | സേനാ-<br>ഗണാംഗനാഃ | പടക്കൂട്ടത്തിലുള്ള<br>നാരിമാരും |
| തഥാ | അപ്രകാരംതന്നെ | സരാജന്യാഃ | ക്ഷത്രിയരോടുംകൂടി |
| വൈതാളികാഃ | വന്ദികൾ | ബ്രാഹ്മണാഃ ച | ബ്രാഹ്മണരും |
| സർവ്വേ | എല്ലാവരും | ശ്രേണീമുഖ്യാഃ | വർത്തകശ്രേഷ്ഠന്മാരും |
| സർവ്വേ വാദിത്ര-<br>കുശലാഃ | എല്ലാ മേളക്കാരും | തഥാ | അപ്രകാരംതന്നെ |
| | | ഗണാഃ | പരിവാരഗണങ്ങളും |
| ഗണികാഃ<br>അപി ച | വാരസ്ത്രീകളും | സംഘശഃ | കൂട്ടംകൂട്ടമായി |
| | | രാമസ്യ | ശ്രീരാഘവന്റെ |
| തഥാ | അപ്രകാരംതന്നെ | ശശിനിഭം മുഖം | മതിസന്നിഭമുഖത്തെ |
| രാജദാരാഃ | രാജപത്നിമാരും | ദ്രഷ്ടും | സന്ദർശിപ്പാനായി |
| അമാത്യാഃ | മന്ത്രിമാരും | അഭിനിര്യാന്തു." | എതിരേററു ചെല്ലട്ടെ." |

ഭരതസ്യ വചഃ ശ്രുത്വാ ശത്രുഘ്നഃ പരവീരഹാ
വിഷ്ടീരനേകസാഹസ്രാശ്ചോദയാമാസ വീര്യവാൻ 6

പരവീരഹാ ശത്രുവീരഹന്താവും
വീര്യ്യവാൻ വീര്യ്യശാലിയുമായ
ശത്രുഘ്നഃ ശത്രുഘ്നൻ
ഭരതസ്യ ഭരതന്റെ
വചഃ നിയോഗത്തെ
ശ്രുത്വാ കേട്ടു്
അനേക— സാഹസ്രാഃ } അനേകായിരമായുള്ള
വിഷ്ടീഃ പതിവുശമ്പളക്കാരല്ലാത്ത കൂലിക്കാരോടായി
ചോദയാമാസ. ഇങ്ങിനെ ആജ്ഞാപിച്ചു.

സമീകുരുത നിമ്നാനി വിഷമാണി സമാനി ച
സ്ഥലാനി ച നിരസ്യന്താം നന്ദിഗ്രാമാദിതഃ പരം. 7

"നന്ദി- ഗ്രാമാത് } "നന്ദിഗ്രാമംതൊട്ടു്
ഇതഃ പരം ഇവ അയോദ്ധ്യവരേയ്ക്കും
നിമ്നാനി കുണ്ടുകളേയും
വിഷമാണി ച സമനിരപ്പല്ലാത്തവയേയും
സമാനി സമമായി
സമീകുരുത വെട്ടപ്പാക്കുവിൻ;
സ്ഥലാനി ച മേടുള്ള സ്ഥലങ്ങളും
നിരസ്യന്താം. നന്നാക്കപ്പെടട്ടെ.

സിഞ്ചന്തു പൃഥിവീം കൃത്സ്നാം ഹിമശീതേന വാരിണാ
തതോഽഭ്യവകിരന്ത്വന്യേ ലാജൈഃ പുഷ്പൈശ്ച സർവ്വശഃ. 8

"അന്യേ "മററുചിലർ
പൃഥിവീം ഭൂതലം
കൃത്സ്നാം എല്ലാം
ഹിമശീതേന മഞ്ഞുപോലെ ശീതളമായ
വാരിണാ വെള്ളംകൊണ്ടു്
സിഞ്ചന്തു നനയ്ക്കട്ടെ
തതഃ പിന്നെ
ലാജൈഃ നെന്മലരുകൾകൊണ്ടും
പുഷ്പൈഃ ച പൂക്കൾകൊണ്ടും
സർവ്വശഃ എങ്ങും
അഭ്യവകിരന്തു വിതറട്ടെ.

സമുച്ഛ്രിതപതാകാസ്തു രഥ്യാഃ പുരവരോത്തമേ
ശോഭയന്തു ച വേശ്മാനി സൂര്യ്യസ്യോദയം പ്രതി 9
സ്രഗ്ദാമഭിർമ്മുക്തപുഷ്പൈഃ സുഗന്ധൈഃ പഞ്ചവർണ്ണകൈഃ
രാജമാർഗ്ഗമസംബാധം കിരന്തു ശതശോ നരാഃ 10

"ശതശഃ "നൂറുകണക്കായ
നരാഃ ആളുകൾ
പുരവരോത്തമേ വൻ നഗരങ്ങളിൽ വെച്ചുത്തമമായ ഇതിൽ
സൂര്യ്യസ്യോ- ദയനം പ്രതി } സൂര്യ്യോദയത്തിലകം
രഥ്യാഃ തു രാജവീഥികളെ
സമുച്ഛ്രിത- പതാകാഃ } ഉയരെ കെട്ടപ്പെട്ട കൊടിക്കൂറകളോടുകൂടിയവയായും
വേശ്മാനി ച ഭവനങ്ങളെയെല്ലാം
സ്രഗ്ദാമഭിഃ പൂമാലച്ചാർത്തുകൾകൊണ്ടും
മുക്തപുഷ്പൈഃ വിതറിയ പൂക്കൾകൊണ്ടും
ശോഭയന്തു അലങ്കരിക്കട്ടെ;
അസംബാധം വിസ്തൃതമായ
രാജമാർഗ്ഗം രാജമാർഗ്ഗത്തെ
സുഗന്ധൈഃ സുഗന്ധദ്രവ്യങ്ങൾകൊണ്ടും
പഞ്ചവർണ്ണ- കൈഃ } നിലത്തണിവാനുള്ള അഞ്ചുനിറത്തിലുള്ള പൊടികൾകൊണ്ടും
കിരന്തു." അണിയട്ടെ."

ധൃഷ്ടിൎജ്ജയന്തോ വിജയഃ സിദ്ധാൎത്ഥോ ഹ്യൎത്ഥസാധകഃ
അശോകോ മന്ത്രപാലശ്ച സുമന്ത്രശ്ചാപി നിൎയ്യയുഃ.
മത്തൈൎന്നാഗസഹസ്രൈശ്ച ശാതകുംഭവിഭൂഷിതൈഃ 11

| | | | |
|---|---|---|---|
| ധൃഷ്ടിഃ | ധൃഷ്ടി | സുമന്ത്രഃ അപി | സുമന്ത്രൻ എന്ന മന്ത്രിമാരെല്ലാം |
| ജയന്തഃ | ജയന്തൻ | ശാതകുംഭ- വിഭൂഷിതൈഃ | സ്വൎണ്ണപ്പട്ടങ്ങൾ കെട്ടിയ |
| വിജയഃ | വിജയൻ | മത്തൈഃ | കൊഴുത്ത |
| സിദ്ധാൎത്ഥഃ | സിദ്ധാൎത്ഥൻ | നാഗസഹ- സ്രൈഃ ച | അനേകായിരം ആനകളോടും കൂടി |
| അൎത്ഥസാധകഃ ഹി | അൎത്ഥസാധകൻ | നിൎയ്യയുഃ | പുറപ്പെട്ടു. |
| അശോകഃ ച | അശോകൻ | | |
| മന്ത്രപാലഃ ച | മന്ത്രപാലകൻ | | |

അപരേ ഹേമകക്ഷ്യാഭിഃ സഗജാഭിഃ കരേണുഭിഃ
നിൎയ്യയുസ്തുരഗാക്രാന്തൈ രഥൈശ്ച സുമഹാരഥാഃ 12

| | | | |
|---|---|---|---|
| അപരേ | മററു | സഗജാഭിഃ | കൊമ്പനോടുകൂടിയവയുമായ |
| സുമഹാരഥാഃ | സുപ്രസിദ്ധന്മാരായ മഹാരഥന്മാർ | കരേണുഭിഃ | പിടിയാനകളിലും |
| ഹേമകക്ഷ്യാഭിഃ | പൊൻചങ്ങലകളോടു കൂടിയവയും | തുരഗാക്രാന്തൈഃ | കുതിരകൾ കെട്ടപ്പെട്ട |
| | | രഥൈഃ ച | രഥങ്ങളിലും |
| | | നിൎയ്യയുഃ | പുറപ്പെട്ടു. |

ശക്ത്യൃഷ്ടിപ്രാസഹസ്താനാം സധ്വജാനാം പതാകിനാം
തുരഗാണാം സഹസ്രൈശ്ച മുഖ്യൈൎമ്മുഖ്യനരാന്വിതൈഃ
പദാതീനാം സഹസ്രൈശ്ച വീരാഃ പരിവൃതാ യയുഃ 13

| | | | |
|---|---|---|---|
| വീരാഃ | വീരന്മാർ | സഹസ്രൈഃ ച | ആയിരങ്ങളാലും |
| ശക്ത്യൃഷ്ടി- പ്രാസ- ഹസ്താനാം | വേൽ, വാൾ, കുന്തം എന്നവ കയ്യിലേന്തിയവരുടേയും | മുഖ്യനരാ- ന്വിതൈഃ | തലവന്മാരോടുകൂടിയ |
| സധ്വജാനാം | ധ്വജങ്ങളോടുകൂടിയവരുടേയും | പദാതീനാം | കാലാളുകളുടെ |
| പതാകിനാം | പതാകകളോടുകൂടിയവ | മുഖ്യൈഃ | മുഖ്യങ്ങളായ |
| തുരഗാണാം | കുതിരകളുടേയും[രുടേയും] | സഹസ്രൈഃ ച | അനേകായിരങ്ങളാലും |
| | | പരിവൃതാഃ | ചുറ്റപ്പെട്ടവരായി |
| | | യയുഃ | പുറപ്പെട്ടുചെന്നു. |

തതോ യാനാന്യുപാരൂഢാഃ സൎവ്വാ ദശരഥസ്ത്രിയഃ.
കൌസല്യാം പ്രമുഖേ കൃത്വാ സുമിത്രാം ചാപി നിൎയ്യയുഃ 14

| | | | |
|---|---|---|---|
| തതഃ | അപ്പോൾ | കൌസല്യാം ച | കൌസല്യാദേവിയേയും |
| ദശരഥസ്ത്രിയഃ | ദശരഥപത്നിമാർ | സുമിത്രാം അപി | സുമിത്രാദേവിയേയും |
| സൎവ്വാഃ | എല്ലാവരും | പ്രമുഖേ കൃത്വാ | മുമ്പിലാക്കിക്കൊണ്ടു് |
| യാനാനി | പല്ലക്കുകളിൽ | നിൎയ്യയുഃ | പുറപ്പെട്ടു. |
| ഉപാരൂഢാഃ | കയറിക്കൊണ്ടു് | | |

കൈകേയ്യാ സഹിതാഃ സർവ്വാ നന്ദിഗ്രാമമുപാഗമൻ. 15

| | | | |
|---|---|---|---|
| സർവ്വാഃ | എല്ലാവരും | നന്ദിഗ്രാമം | നന്ദിഗ്രാമത്തിൽ |
| കൈകേയ്യാ സഹിതാഃ | കൈകേയീദേവിയോടുംകൂടി | ഉപാഗമൻ. | എത്തി. |

അശ്വാനാം ഖുരശബ്ദേന രഥനേമിസ്വനേന ച
ശംഖദുന്ദുഭിനാദേന സംചചാലേവ മേദിനീ 16
ഗജാനാം ബൃംഹിതൈശ്ചാപി ശംഖദുന്ദുഭിനിസ്വനൈഃ
കൃത്സ്നം ച നഗരം തത്തു നന്ദിഗ്രാമമുപാഗമത്. 17

| | | | |
|---|---|---|---|
| മേദിനീ | ഭൂമി | ഗജാനാം | ആനകളുടെ |
| അശ്വാനാം | കുതിരകളുടെ | ബൃംഹിതൈഃ അപി | ഗർജ്ജനങ്ങളാലും |
| ഖുരശബ്ദേന ച | കുളമ്പടിയൊച്ചകളാലും | സംചചാല ഇവ | ഏററം കലുങ്ങി; |
| രഥനേമിസ്വനേന ച | തേർച്ചക്രങ്ങളുടെ ഒച്ചകളാലും | തത് | ആ |
| ശംഖദുന്ദുഭിനാദേന | ശംഖം, പെരുമ്പറ എന്നവയുടെ ഘോഷങ്ങളാലും | നഗരം | നഗരം |
| ശംഖദുന്ദുഭിനിസ്വനൈഃ | ശംഖദുന്ദുഭിഘോഷങ്ങളോടുകൂടിയ | കൃത്സ്നം ച | മുഴുവനും |
| | | നന്ദിഗ്രാമം തു | നന്ദിഗ്രാമത്തിലേക്ക |
| | | ഉപാഗമത് | വന്നെത്തി [തന്നെ |

ദ്വിജാതിമുഖ്യൈർദ്ധർമ്മാത്മാ ശ്രേണീമുഖ്യൈഃ സനൈഗമൈഃ
മാല്യമോദകഹസ്തൈശ്ച മന്ത്രിഭിർഭരതോ വൃതഃ 18
ശംഖഭേരീനിനാദൈശ്ച വന്ദിഭിശ്ചാഭിവന്ദിതഃ
ആര്യ്യപാദൗ ഗൃഹീത്വാ തു ശിരസാ ധർമ്മകോവിദഃ 19
പാണ്ഡുരം ഛത്രമാദായ ശുക്ലമാല്യോപശോഭിതം
ശുക്ലേ ച വാലവ്യജനേ രാജാർഹേ ഹേമഭൂഷിതേ 20
ഉപവാസകൃശോ ദീനശ്ചീരകൃഷ്ണാജിനാംബരഃ
ഭ്രാതുരാഗമനം ശ്രുത്വാ തത്പൂർവ്വം ഹർഷമാഗതഃ 21
പ്രത്യുദ്യയൗ തതോ രാമം മഹാത്മാ സചിവൈഃ സഹ 22

| | | | |
|---|---|---|---|
| ധർമ്മാത്മാ | ധർമ്മാത്മാവും | ഭ്രാതുഃ | ജ്യേഷ്ഠന്റെ |
| ധർമ്മകോവിദഃ | ധർമ്മത്തെ ഗ്രഹിച്ചവനും | ആഗമനം | ആഗമനത്തെ |
| | | ശ്രുത്വാ | ശ്രവിച്ച് |
| ഉപവാസകൃശഃ | ഉപവാസത്താൽ മെലിഞ്ഞവനും | തത്പൂർവ്വം | അതുമുതൽ |
| | | ഹർഷമാഗതഃ | ആഹ്ലാദംകൊണ്ട |
| ദീനഃ | ദീനാവസ്ഥയിലിരിക്കുന്നവനും | മഹാത്മാ | മഹാത്മാവുമായ [വനും |
| | | ഭരതഃ | ഭരതൻ |
| ചീരകൃഷ്ണാജിനാംബരഃ | മരവുരിയും മാൻതോലും ധരിച്ചവനും | ദ്വിജാതിമുഖ്യൈഃ | ബ്രാഹ്മണോത്തമന്മാരാലും |

| | |
|---|---|
| സനൈഗമൈഃ | വ്യാപാരികളോടുകൂടിയ |
| ശ്രേണീമുഖ്യൈഃ | തൊഴിലാളികളാലും |
| മാല്യമോദകഹസ്തൈഃ | മാലകളും മോദകങ്ങളും കയ്യിലാണ്ടവരായ |
| മന്ത്രിഭിഃ | മന്ത്രിമാരാലും |
| വൃതഃ | ചൂഴപ്പെട്ടവനായി |
| ശംഖഭേരീനിനാദൈഃ ച | ശംഖം, ഭേരി എന്നിവയുടെ ഘോഷങ്ങളോടും കൂടി |
| വന്ദിഭിഃ | വന്ദികളാലും |
| അഭിവന്ദിതഃ ച | സ്തുതിക്കപ്പെട്ടവനായി |
| ശുക്ലമാല്യോപശോഭിതം | വെണ്മയുള്ള മാലകളാൽ പരിശോഭിക്കുന്ന |
| പാണ്ഡുരം ഛത്രം | വെൺകൊററക്കുടയും |
| ഹേമഭൂഷിതേ | സ്വർണ്ണച്ചാർത്തുള്ളവയും |
| രാജാർഹേ | രാജോചിതങ്ങളുമായ |
| ശുക്ലേ വാലവ്യജനേ ച | രണ്ടു വെൺചാമരങ്ങളേയും |
| ആദായ ച | എടുത്തുകൊണ്ട് |
| സചിവൈഃ സഹ | സചിവന്മാരൊന്നിച്ച് |
| തതഃ തു | ആ സമയത്തിലും |
| ആര്യപാദൗ | ജ്യേഷ്ഠൻെറ പാദുകകളെ |
| ശിരസാ | ശിരസ്സിനാൽ |
| ഗൃഹീത്വാ | വഹിച്ചുകൊണ്ട് |
| രാമം | ശ്രീരാഘവനെ |
| പ്രത്യുദ്യയൌ. | എതിരേററുചെന്നു. |

സമീക്ഷ്യ ഭരതോ വാക്യമുവാച പവനാത്മജം. 23

| | |
|---|---|
| ഭരതഃ | ഭരതൻ |
| പവനാത്മജം | ഹനുമാനെ |
| സമീക്ഷ്യ | നോക്കി |
| വാക്യം ഉവാച | ഇപ്രകാരം ഓതി. |

കച്ചിന്ന ഖലു കാപേയീ സേവ്യതേ ചലചിത്തതാ
ന ഹി പശ്യാമി കാകുത്സ്ഥം രാമമാര്യം പരന്തപം
കച്ചിന്ന ഖലു ദൃശ്യന്തേ വാനരാഃ കാമരൂപിണഃ 24

| | |
|---|---|
| "കാപേയീ | "വാനരപ്രകൃതിയായ |
| ചലചിത്തതാ | ചഞ്ചലബുദ്ധി |
| സേവ്യതേ ന | (ഭവാനാൽ) കയ്ക്കൊള്ളപ്പെട്ടില്ലെന്ന് |
| കച്ചിത് | ഞാൻ കരുതുന്നു; |
| ഖലു ഹി | ഇപ്പോഴാകട്ടെ |
| കാകുത്സ്ഥം | കകുത്സ്ഥവംശജനും |
| പരന്തപം | ശത്രുസന്താപകനും |
| ആര്യം | ജ്യേഷ്ഠനുമായ |
| രാമം | ശ്രീരാഘവനെ |
| പശ്യാമി ന | ഞാൻ കാണുന്നില്ല; |
| കാമരൂപിണഃ | കാമരൂപികളായ |
| വാനരാഃ ഖലു | വാനരന്മാർതന്നെയാകട്ടെ |
| കച്ചിത് | എന്തുകൊണ്ടാണ് |
| ന ദൃശ്യന്തേ | കാണപ്പെടാത്തത് ? |

അഥൈവമുക്തേ വചനേ ഹനുമാനിദമബ്രവീത്
അർത്ഥം വിജ്ഞാപയന്നേവ ഭരതം സത്യവിക്രമം 25

| | |
|---|---|
| ഏവം | ഇപ്രകാരം |
| വചനേ ഉക്തേ അഥ | ഉരചെയ്യപ്പെട്ടാറെ |
| ഹനുമാൻ | ഹനുമാൻ |
| അർത്ഥം ഏവ | കാരണത്തെ |
| വിജ്ഞാപയൻ | ഉണർത്തിക്കുന്നവനായി |
| സത്യവിക്രമം | സത്യപരാക്രമനായ |
| ഭരതം | ഭരതനോടായി |
| ഇദം | ഇങ്ങിനെ |
| അബ്രവീത്. | ഉരചെയ്തു. |

സദാഫലാൻ കസുമിതാൻ വൃക്ഷാൻ പ്രാപ്യ മധുസ്രവാൻ 26
ഭരദ്വാജപ്രസാദേന മത്തഭ്രമരനാദിതാൻ
തസ്യ ചൈഷ വരോ ദത്തോ വാസവേന പരന്തപ
സസൈന്യസ്യ തഥാഽതിഥ്യം കൃതം സർവ്വഗുണാന്വിതം 27

| | | | |
|---|---|---|---|
| "പരന്തപ | "ശത്രുമർദ്ദന | കസുമിതാൻ | പൂക്കൾ നിറഞ്ഞവയും |
| സസൈന്യസ്യ | സൈന്യസമേതനായ | മധുസ്രവാൻ | തേനൊലിക്കുന്നവയും |
| തസ്യ | അദ്ദേഹത്തിന്നായ്ക്കൊണ്ടു് | മത്തഭ്രമര-നാദിതാൻ | മദിച്ച വണ്ടുകളാർന്നവയുമായ |
| ഭരദ്വാജ-പ്രസാദേന | ഭരദ്വാജമുനിയുടെ അനുഗ്രഹത്താലും | വൃക്ഷാൻ | വൃക്ഷങ്ങളെ |
| വാസവേന ച | ഇന്ദ്രനാലും | പ്രാപ്യ | പ്രാപിക്കകാരണം |
| ഏഷ: വര: | ഈ വരം | സർവ്വ-ഗുണാന്വിതം | (അവക്കു്) സർവ്വഗുണസമ്പന്നമായ |
| ദത്ത: | നൽകപ്പെട്ടു | | |
| തഥാ | അക്കാരണത്താൽ | | |
| സദാഫലാൻ | എപ്പോഴും ഫലങ്ങളോടുകൂടിയവയായും | ആതിഥ്യം | അതിഥിസൽക്കാരം |
| | | കൃതം | ചെയ്യപ്പെട്ടു. |

[അതിഥികളായ വാനരന്മാരുടെ സത്കാരത്തിന്നായി വഴിയിലുള്ള വൃക്ഷങ്ങളെയെല്ലാം ഇങ്ങിനെ ഫലവത്താക്കി. അവയെ അനുഭവിക്കുന്നതിനാൽ വാനരന്മാർ വഴിയിൽ താമസിച്ചുപോയതാണു് എന്നു സാരം.]

നിസ്സ്വനഃ ശ്രൂയതേ ഭീമഃ പ്രഹൃഷ്ടാനാം വനൌകസാം
മന്യേ വാനരസേനാ സാ നദീം തരതി ഗോമതീം. 28

| | | | |
|---|---|---|---|
| "പ്രഹൃഷ്ടാനാം | "സന്തുഷ്ടിയേറിയ | സാ | ആ |
| വനൌകസാം | വാനരന്മാരുടെ | വാനരസേനാ | വാനരസൈന്യം |
| ഭീമഃ | വമ്പിച്ച | ഗോമതീം നദീം | ഗോമതീനദിയെ |
| നിസ്സ്വനഃ | ആരവാരം | തരതി | കടക്കയാണെന്നു |
| ശ്രൂയതേ | കേൾക്കപ്പെടുന്നു; | മന്യേ | ഞാൻ കരുതുന്നു. |

രജോവർഷം സമുദ്ഭൂതം പശ്യ വാലുകിനീം പ്രതി
മന്യേ സാലവനം രമ്യം ലോലയന്തി പ്ലവംഗമാഃ.

| | | | |
|---|---|---|---|
| "വാലുകിനീം പ്രതി | "വാലുകിനീ നദിയിലോട്ടായി | പ്ലവംഗമാഃ | വാനരന്മാർ |
| | | രമ്യം | അഴകാർന്ന |
| പശ്യ | നോക്കിയാലും | സാലവനം | സാലവനത്തെ |
| രജോവർഷം | പൊടിപടലം | ലോലയന്തി | ചാടിയുലയ്ക്കുകയാണെ |
| സമുദ്ഭൂതം | പൊങ്ങിയിരിക്കുന്നു | മന്യേ | ഞാൻ കരുതുന്നു. [ന്നു് |

തദേതദ് ദൃശ്യതേ ദൂരാദ്വിമലം ചന്ദ്രസന്നിഭം
വിമാനം പുഷ്പകം ദിവ്യം മനസാ ബ്രഹ്മനിർമ്മിതം
~~[illegible]~~വൈസ്സാർദ്ധം ഹതം ലബ്ധം മഹാത്മനാ. 30
രാവണം ബാന്ധ

| | |
|---|---|
| "ദൂരാത് | ദൂരത്തിലായി |
| വിമലം | കളങ്കമററതും |
| ചന്ദ്രസന്നിഭം | ചന്ദ്രനൊത്തതും |
| മനസാ | സങ്കല്പത്താൽ |
| ബ്രഹ്മനിർമ്മിതം | ബ്രഹ്മദേവനാൽ നിർമ്മിക്കപ്പെട്ടതും |
| ദിവ്യം | ദിവ്യവും |
| ബാന്ധവൈഃ സാർദ്ധം | ബന്ധുക്കളടക്കം |
| രാവണം | രാവണനെ |
| ഹത്വാ | വധിച്ച് |
| മഹാത്മനാ | മഹാത്മാവായ ശ്രീരാമനാൽ |
| ലബ്ധം | കയ്ക്കൊള്ളപ്പെട്ടതുമായ |
| ഏതത് പുഷ്പകം വിമാനം | ഈ പുഷ്പകവിമാനം |
| തത് | ഇതാ |
| ദൃശ്യതേ | കാണപ്പെടുന്നു. |

തരുണാദിത്യസങ്കാശം വിമാനം രാമവാഹനം
ധനദസ്യ പ്രസാദേന ദിവ്യമേതന്മനോജവം. 31

| | |
|---|---|
| "രാമവാഹനം | "ശ്രീരാമന്നു വാഹനമായിരിക്കുന്ന |
| ഏതത് | ഈ |
| വിമാനം | വിമാനം |
| ധനദസ്യ | കുബേരന്റെ |
| പ്രസാദേന | വൈഭവത്താൽ |
| ദിവ്യം | ദിവ്യത്വമാർന്നതും |
| മനോജവം | മനോവേഗമുള്ളതും |
| തരുണാദിത്യ സങ്കാശം | ബാലസൂര്യകാന്തിയാർന്നതുമാകുന്നു. |

ഏതസ്മിൻ ഭ്രാതരൌ വീരൌ വൈദേഹ്യാ സഹ രാഘവൌ
സുഗ്രീവശ്ച മഹാതേജാ രാക്ഷസശ്ച വിഭീഷണഃ 32

| | |
|---|---|
| "ഏതസ്മിൻ | "ഇതിൽതന്നെയാണ് |
| വൈദേഹ്യാ സഹ | വൈദേഹിയോടുകൂടി |
| വീരൌ | വീരന്മാരായ |
| ഭ്രാതരൌ | സോദരന്മാരായ |
| രാഘവൌ | ശ്രീരാമലക്ഷ്മണന്മാരും |
| മഹാതേജാഃ | മഹാ തേജസ്വിയായ |
| സുഗ്രീവഃ ച | സുഗ്രീവനും |
| രാക്ഷസഃ | രാക്ഷസനായ |
| വിഭീഷണഃ ച." | വിഭീഷണനുമുള്ളത്." |

ഏവം ബ്രുവതി കാകുത്സ്ഥം ഹനൂമത്യതിവേഗിനാ
വിമാനേനാഭവൻ സർവ്വേ നന്ദിഗ്രാമസമീപഗാഃ 33

| | |
|---|---|
| കാകുത്സ്ഥം | ഭരതനോടായി |
| ഹനൂമതി | ഹനുമാൻ |
| ഏവം | ഇപ്രകാരം |
| ബ്രുവതി | ഉണർത്തിക്കുന്നസമയം |
| സർവ്വേ | എല്ലാവരും |
| അതിവേഗിനാ | അതിവേഗതയാർന്ന |
| വിമാനേന | വിമാനത്തിലിരുന്നുംകൊണ്ട് |
| നന്ദിഗ്രാമസമീപഗാഃ അഭവൻ. | നന്ദിഗ്രാമത്തിന്നരികിലായി വന്നെത്തി. |

തതോ ഹർഷസമുദ്ഭൂതോ നിസ്സ്വനോ ദിവമസ്പൃശത്
സ്ത്രീബാലയുവവൃദ്ധാനാം രാമോഽയമിതി കീർത്തിതേ. 34

| | |
|---|---|
| തതഃ | ആസമയം |
| "അയം രാമഃ." | "ഇതാ ശ്രീരാമൻ." |
| ഇതി | എന്നു |
| കീർത്തിതേ | പറയപ്പെട്ടപ്പോൾ |

| | | | |
|---|---|---|---|
| സ്ത്രീബാലയുവവൃദ്ധാനാം | സ്ത്രീകളുടേയും കുട്ടികളുടേയും യുവാക്കന്മാരുടേയും വൃദ്ധന്മാരുടേയും | ഹർഷസമുദ്ഭൂതഃ | സന്തോഷത്താലുളവായ |
| | | നിസ്സ്വനഃ | ആർപ്പുവിളി |
| | | ദിവം | ആകാശത്തിൽ |
| | | അസ്പൃശത്. | ചെന്നുമുട്ടി. |

രഥകുഞ്ജരവാജിഭ്യസ്തേഽവതീര്യ മഹീം ഗതാഃ
ദദൃശുസ്തം വിമാനസ്ഥം നരാഃ സോമമിവാംബരേ.

| | | | |
|---|---|---|---|
| തേ നരാഃ | ആ ആളുകൾ | സോമം | മുഴുമതിയെ |
| രഥകുഞ്ജരവാജിഭ്യഃ | തേർ, ആന, കുതിര, എന്നവയിൽനിന്നു് | ഇവ, | എന്നപോലെ |
| അവതീര്യ | ഇറങ്ങി | വിമാനസ്ഥം | പുഷ്പകവിമാനത്തിലെഴുന്നെള്ളിയിരുന്ന |
| മഹീം ഗതാഃ | നിലത്തുനിന്നുകൊണ്ടു് | തം | ആ ശ്രീരാഘവനെ |
| അംബരേ | വാനിൽ | ദദൃശുഃ | സന്ദർശിച്ചു. |

പ്രാഞ്ജലിർഭരതോ ഭൂത്വാ പ്രഹൃഷ്ടോ രാഘവോന്മുഖഃ
സ്വാഗതേന യഥാർത്ഥേന തതോ രാമമപൂജയത്. 36

| | | | |
|---|---|---|---|
| രാഘവോന്മുഖഃ | ശ്രീരാഘവനെത്തന്നെ പ്രതീക്ഷിച്ചുകൊണ്ടിരുന്നവനായ | പ്രഹൃഷ്ടഃ | ആനന്ദതുന്ദിലനായി |
| ഭരതഃ | ഭരതൻ | തതഃ | ആ സമയം |
| യഥാർത്ഥേന | വാഗ്ദത്തപ്രകാരമുള്ള | പ്രാഞ്ജലിഃ ഭൂത്വാ | കൈകൾ കൂപ്പിക്കൊണ്ടു് |
| സ്വാഗതേന | ആ ശോഭനകരമായ ആഗമനത്താൽ | രാമം | ശ്രീരാമനെ |
| | | അപൂജയത് | അകക്കാമ്പിൽ കൊണ്ടാടി. |

മനസാ ബ്രഹ്മണാ സൃഷ്ടേ വിമാനേ ഭരതാഗ്രജഃ
രരാജ പൃഥുദീർഘാക്ഷോ വജ്രപാണിരിവാപരഃ. 37

| | | | |
|---|---|---|---|
| പൃഥുദീർഘാക്ഷഃ | ഉത്ഫുല്ലായതനേത്രനായ | സൃഷ്ടേ | സൃഷ്ടിക്കപ്പെട്ടതായ |
| | | വിമാനേ | ആ വിമാനത്തിൽ |
| ഭരതാഗ്രജഃ | ഭരതാഗ്രജൻ | അപരഃ | മറെറാരു |
| ബ്രഹ്മണാ | ബ്രഹ്മദേവനാൽ | വജ്രപാണിഃ ഇവ | ഇന്ദ്രനെന്നപോലെ |
| മനസാ | സങ്കല്പമാത്രത്താൽ | രരാജ. | പരിലസിച്ചു. |

തതോ വിമാനാഗ്രഗതം ഭരതോ ഭ്രാതരം തദാ
വവന്ദേ പ്രയതോ രാമം മേരുസ്ഥമിവ ഭാസ്കരം. 38

| | | | |
|---|---|---|---|
| തദാ | ആ സമയം | രാമം | ശ്രീരാഘവനെ |
| പ്രയതഃ | നിഷ്കന്മഷമൂർത്തിയായ | തതഃ | അട്ടിക്കിൽനിന്നുതന്നെ |
| ഭരതഃ | ഭരതൻ | മേരുസ്ഥം | മേരുഗിരിയിലുള്ള |
| വിമാനാഗ്രഗതം | വിമാനത്തിന്റെ ഓരത്തിൽ വന്നവനായ | ഭാസ്കരം | ആദിത്യനെ |
| | | ഇവ | എന്നപോലെ |
| ഭ്രാതരം | ജ്യേഷ്ഠനായ | വവന്ദേ | വന്ദിച്ചു. |

തതോ രാമാഭ്യനുജ്ഞാതം തദ്വിമാനമനുത്തമം
ഹംസയുക്തം മഹാവേഗം നിഷ്പപാത മഹീതലേ. 39

| | | | |
|---|---|---|---|
| തത: | ആ സമയം | തത് വിമാനം | ആ വിമാനം |
| അനുത്തമം | നിസ്തുല്യവും | രാമാഭ്യനു- ജ്ഞാതം | ശ്രീരാമൻെറ ആജ്ഞ പ്രകാരം |
| ഹംസയുക്തം | ഹംസങ്ങളാൽ പൂട്ടിയതും | മഹീതലേ | ഭൂതലത്തിൽ |
| മഹാവേഗം | മഹാവേഗതയാന്നുമായ | നിഷ്പപാത. | ഇറങ്ങി. |

ആരോപിതോ വിമാനം തദ് ഭരതഃ സത്യവിക്രമഃ
രാമമാസാദ്യ മുദിതഃ പുനരേവാഭ്യവാദയത് 40

| | | | |
|---|---|---|---|
| തത് വിമാനം | ആ വിമാനത്തിൽ | രാമം | ശ്രീരാമനെ |
| ആരോപിത: | ആരോഹണം ചെയ്യി ക്കപ്പെട്ടവനും | ആസാദ്യ | സന്ദർശിച്ച് |
| | | മുദിതഃ | ആനന്ദഭരിതനായി |
| സത്യവിക്രമഃ | സത്യപരാക്രമനമായ | പുനഃ ഏവ | വീണ്ടും |
| ഭരത: | ഭരതൻ | അഭ്യവാദയത് | വീണുനമസ്കരിച്ചു. |

തം സമുത്ഥാപ്യ കാകുത്സ്ഥശ്ചിരസ്യാക്ഷിപഥം ഗതം
അങ്കേ ഭരതമാരോപ്യ മുദിതഃ പരിഷസ്വജേ. 41

| | | | |
|---|---|---|---|
| കാകുത്സ്ഥഃ | ശ്രീരാഘവൻ | സമുത്ഥാപ്യ | എഴുന്നേൽപ്പിച്ച് |
| ചിരസ്യ | എത്രയോ നാളുകൾശേഷം | അങ്കേ | മടിയിൽ |
| അക്ഷിപഥം ഗതം | നേരിൽ കണ്ടെത്തപ്പെട്ടവനായ | ആരോപ്യ | കയററിവെച്ചുകൊണ്ട് |
| | | മുദിതഃ | ആഹ്ലാദഭരിതനായി |
| തം ഭരതം | ആ ഭരതനെ | പരിഷസ്വജേ. | കെട്ടിപ്പുണൎന്നു. |

തതോ ലക്ഷ്മണമാസാദ്യ വൈദേഹീം ച പരന്തപഃ
അഭിവാദ്യ തതഃ പ്രീതോ ഭരതോ നാമ ചാബ്രവീത്. 42

| | | | |
|---|---|---|---|
| പരന്തപ: | ശത്രുസന്താപകനായ | പ്രീത: | പ്രീതിപൂണ്ടവനായി |
| ഭരതഃ | ഭരതൻ | അഭിവാദ്യ | നമസ്കരിച്ചുശേഷം |
| ലക്ഷ്മണം ച | ലക്ഷ്മണനേയും | തതഃ | പിന്നെ |
| ആസാദ്യ | കണ്ട് | നാമ ച അബ്രവീത് | തൻെറ പേരിനേയും ചൊല്ലി അഭിവാദനം ചെയ്തു. |
| തത: | അതിൽപിന്നെ | | |
| വൈദേഹീം | സീതാദേവിയെ | | |

[''ലക്ഷ്മണമാസാദ്യ" (വന്ദിക്കുന്നവനായ ലക്ഷ്മണനെ ആലിംഗനം മുതലായവ കൊണ്ട് ആദരിച്ച്) എന്നു തിലകം പാഠസമ്പ്രദായത്തിൽ സുമിത്രയ്ക്ക് ആദ്യം കൊട്ടതതിനാൽ ലക്ഷ്മണന്നു ജ്യേഷ്ഠതയുമുള്ളതുകൊണ്ടും, ജ്യേഷ്ഠനായ ശ്രീരാമനെ അനുവത്തിച്ചതിനാൽ ഗുരുത്വമുണ്ടെന്നതുകൊണ്ടും, ലക്ഷ്മണനേയും ഭരതൻ വന്ദിച്ചു എന്നു ചിലരുടെ പക്ഷം.

ഭരതലക്ഷ്മണന്മാരുടെ ജന്മത്തെപ്പററിപ്പറയുന്നഘട്ടത്തിൽ ഭരതൻ ആദ്യം ജനിച്ചു എന്നു് സ്പഷ്ടമായ് പറഞ്ഞിരിക്കുന്നതിനാൽ ഈ അഭിപ്രായം ശരിയല്ല. പാദ്മ പുരാണത്തിലും ജനനത്തെപ്പററി വ്യക്തമായി പറയപ്പെട്ടിട്ടുണ്ടു്. "അന്യേദ്യുഃ പാഞ്ചജന്യാത്മാ കൈകേയ്യാം ഭരതോഽഭവത്. തദന്യേദ്യുഃ സുമിത്രായാമനന്താത്മാ സലക്ഷ്മണഃ. സുദർശനാത്മാ ശത്രുഘ്നോ ദ്വൌ ജാതൌ യുഗപത് പ്രിയേ."]

സുഗ്രീവം കൈകയീപുത്രോ ജാംബവന്തം തഥാഽംഗദം
മൈന്ദം ച ദ്വിവിദം നീലമൃഷഭം പരിഷസ്വജേ. 43

| | | | |
|---|---|---|---|
| കൈകയീപുത്രഃ | കൈകേയീപുത്രനായ | മൈന്ദം | മൈന്ദനേയും |
| സുഗ്രീവം | സുഗ്രീവനേയും [ഭരതൻ | ദ്വിവിദം | ദ്വിവിദനേയും |
| ജാംബവന്തം | ജാംബവാനേയും | നീലം | നീലനേയും |
| തഥാ | അപ്രകാരംതന്നെ | ഋഷഭം ച | ഋഷഭനേയും |
| അംഗദം | അംഗദനേയും | പരിഷസ്വജേ | ആലിംഗനം ചെയ്തു. |

സുഷേണം ച നളം ചൈവ ഗവാക്ഷം ഗന്ധമാദനം
ശരഭം പനസം ചൈവ ഭരതഃ പരിഷസ്വജേ. 44

| | | | |
|---|---|---|---|
| ഭരത: | ഭരതൻ | ഗന്ധമാദനം ച | ഗന്ധമാദനേയും |
| സുഷേണം ച | സുഷേണനേയും | ശരഭം ഏവ | ശരഭനേയും |
| നളം | നളനേയും | പനസം ച | പനസനേയും |
| ഗവാക്ഷം ഏവ | ഗവാക്ഷനേയും | പരിഷസ്വജേ. | പുൽകി. |

തേ കൃത്വാ മാനുഷം രൂപം വാനരാഃ കാമരൂപിണഃ
കുശലം പര്യപൃച്ഛംസ്തേ പ്രഹൃഷ്ടാ ഭരതം തദാ. 45

| | | | |
|---|---|---|---|
| കാമരൂപിണ: | ഇച്ഛാരൂപികളായ | പ്രഹൃഷ്ടാ: | സന്തുഷ്ടിപൂണ്ടവരായി |
| തേ വാനരാ: | ആ വാനരന്മാർ | തേ | അവർ |
| തദാ | അപ്പോൾ | ഭരതം | ഭരതനോടായി |
| മാനുഷം രൂപം | മനുഷ്യവടിവു | കുശലം | ക്ഷേമത്തെപ്പററി |
| കൃത്വാ | കയ്ക്കൊണ്ടു് | പര്യപൃച്ഛൻ | ചോദിച്ചു. |

അഥാബ്രവീദ്രാജപുത്രഃ സുഗ്രീവം വാനരർഷഭം
പരിഷ്വജ്യ മഹാതേജാ ഭരതോ ധർമ്മിണാം വരഃ. 46

| | | | |
|---|---|---|---|
| രാജപുത്ര: | ചക്രവർത്തിസൂനുവും | വാനരർഷഭം | വാനരശ്രേഷ്ഠനായ |
| മഹാതേജാ: | മഹാതേജസ്വിയും | സുഗ്രീവം | സുഗ്രീവനെ |
| ധർമ്മിണാം | ധർമ്മിഷ്ഠന്മാരിൽ | പരിഷ്വജ്യ | ആലിംഗനം ചെയ്തു് |
| വര: | ഉത്തമനുമായ | അഥ | ഇപ്രകാരം |
| ഭരതഃ | ഭരതൻ | അബ്രവീത്. | ഉരചെയ്തു. |

ത്വമസ്മാകം ചതുർണ്ണാം തു ഭ്രാതാ സുഗ്രീവ പഞ്ചമഃ
സൌഹൃദാജ്ജായതേ മിത്രമപകാരോഽരിലക്ഷണം. 47

| | | | |
|---|---|---|---|
| “സുഗ്രീവ | സുഗ്രീവ | മിത്രം | സ്നേഹമെന്നുള്ളതു് |
| അസ്മാകം | ഞങ്ങടെ | സൌഹൃദാത് | ഉപകാരത്താൽ |
| ചതുൎണ്ണാം തു | നാൽവൎക്കും പുറമെ | ജായതേ | ഉണ്ടാകുന്നു; |
| പഞ്ചമഃ | അഞ്ചാമത്തെ | അപകാരഃ | അപകാരമെന്നതു് |
| ഭ്രാതാ | സഹോദരനാകുന്നു | അരിലക്ഷണം.” | ശത്രുക്കൾക്കുള്ള ലക്ഷണമാകുന്നു.” |
| ത്വം | അങ്ങു്; | | |

വിഭീഷണം ച ഭരതഃ സാന്ത്വവാക്യമഥാബ്രവീത്
ദിഷ്ട്യാ ത്വയാ സഹായേന കൃതം കൎമ്മ സുദുഷ്കരം. 48

| | | | |
|---|---|---|---|
| ഭരതഃ | ഭരതൻ | കൎമ്മ | കൃത്യം |
| വിഭീഷണം | വിഭീഷണനെ നോക്കി | ത്വയാ | ഭവാന്റെ സഹായ |
| സാന്ത്വവാക്യം | ഉള്ളം കുളുൎപ്പിക്കുന്ന | സഹായേന ച | ത്താൽതന്നെയാണു് |
| അഥ | ഈ പ്രകാരം [ഒരു വാക്കു് | കൃതം | നിവൎത്തിക്കപ്പെട്ടതു്; |
| അബ്രവീത് | ഉരചെയ്തു | ദിഷ്ട്യാ | ഞങ്ങളുടെ ഭാഗ്യവിശേഷംതന്നെ. |
| “സുദുഷ്കരം | “അത്യന്തദുഃസാധമായ | | |

ശത്രുഘ്നശ്ച തദാ രാമമഭിവാദ്യ സലക്ഷ്മണം
സീതായാശ്ചരണൌ പശ്ചാദ്വവന്ദേ വിനയാന്വിതഃ. 49

| | | | |
|---|---|---|---|
| വിനയാന്വിതഃ | വലിയവരെ ഉപചരിക്കുന്ന മുറകളെ അറിഞ്ഞവനായ | തദാ | അപ്പോൾ |
| | | അഭിവാദ്യ | വണങ്ങി |
| | | പശ്ചാത് | പിന്നെ |
| ശത്രുഘ്നഃ ച | ശത്രുഘ്നനും | സീതായാഃ | സീതാദേവിയുടെ |
| സലക്ഷ്മണം | ലക്ഷ്മണസമേതനായ | ചരണൌ | തൃപ്പാദങ്ങളെ |
| രാമം | ശ്രീരാമനെ | വവന്ദേ. | സേവിച്ചു. |

രാമോ മാതരമാസാദ്യ വിഷണ്ണാം ശോകകൎശിതാം
ജഗ്രാഹ പ്രണതഃ പാദൌ മനോ മാതുഃ പ്രസാദയൻ. 50

| | | | |
|---|---|---|---|
| രാമഃ | ശ്രീരാമൻ | മാതുഃ മനഃ | മാതൃചിത്തത്തെ |
| വിഷണ്ണാം | ഉത്സാഹമററവളായി | പ്രസാദയൻ | ആഹ്ലാദിപ്പിക്കുന്നവനായി |
| ശോകകൎശിതാം | ശോകത്തിൽ മുഴുകിയിരുന്നവളായ | പ്രണതഃ | സാഷ്ടാംഗമായി നമസ്കരിച്ചു് |
| മാതരം | മാതാവിനെ | പാദൌ | തിരുവടികളെ |
| ആസാദ്യ | അടുത്തു് | ജഗ്രാഹ. | പിടിച്ചു. |

അഭിവാദ്യ സുമിത്രാം ച കൈകേയീം ച യശസ്വിനീം
സ മാതൄശ്ച തദാ സൎവ്വാഃ പുരോഹിതമുപാഗമത്. 51

| | | | |
|---|---|---|---|
| തദാ സഃ | അപ്പോൾ അദ്ദേഹം | മാതൄഃ | മാതൃജനങ്ങളെ |
| സുമിത്രാം ച | സുമിത്രാദേവിയേയും | സൎവ്വാഃ ച | എല്ലാവരേയും |
| യശസ്വിനീം | പുകഴാൎന്ന | അഭിവാദ്യ | വന്ദിച്ചു് |
| കൈകേയീം ച | കൈകേയീ രാജ്ഞിയേയും | പുരോഹിതം | കുലഗുരുവെ |
| | | ഉപാഗമത് | പ്രാപിച്ചു. |

സ്വാഗതം തേ മഹാബാഹോ കൌസല്യാനന്ദവൎദ്ധന
ഇതി പ്രാഞ്ജലയഃ സൎവ്വേ നാഗരാ രാമമബ്രുവൻ. 52

| | | | |
|---|---|---|---|
| തേ | ആ | കൌസല്യാനന്ദവൎദ്ധന | കൌസല്യാദേവിയ്ക്കു് ആനന്ദത്തെ വൎദ്ധിപ്പിക്കുന്നോവേ |
| നാഗരാഃ | പുരജനങ്ങൾ | | |
| സൎവ്വാഃ | എല്ലാം | "സ്വാഗതം തേ" | നിന്തിരുവടിക്കു് സ്വാഗതം." |
| പ്രാഞ്ജലയഃ | തൊഴുകയ്യുമായി | ഇതി | എന്നിങ്ങിനെ |
| "മഹാബാഹോ | "മഹാബാഹുവായുള്ളോവേ | രാമം | ശ്രീരാമനോടായി |
| | | അബ്രുവൻ. | ഉണൎത്തിച്ചു. |

താന്യഞ്ജലിസഹസ്രാണി പ്രഗൃഹീതാനി നാഗരൈഃ
വ്യാകോശാനീവ പദ്മാനി ദദൎശ ഭരതാഗ്രജഃ. 53

| | | | |
|---|---|---|---|
| ഭരതാഗ്രജഃ | ഭരതാഗ്രജൻ | അഞ്ജലിസഹസ്രാണി | അസംഖ്യങ്ങളായ അഞ്ജലികളെ |
| നാഗരൈഃ | പൌരന്മാരാൽ | വ്യാകോശാനി | മൊട്ടുവിടൎന്ന |
| പ്രഗൃഹീതാനി | കയ്ക്കൊള്ളപ്പെട്ടവയായ | പദ്മാനി ഇവ | താമരപ്പൂക്കളെന്നപോലെ |
| താനി | ആ | ദദൎശ | കണ്ടു. |

പാദുകേ തേ തു രാമസ്യ ഗൃഹീത്വാ ഭരതഃ സ്വയം
ചരണാഭ്യാം നരേന്ദ്രസ്യ യോജയാമാസ ധൎമ്മവിത് 54

| | | | |
|---|---|---|---|
| ധൎമ്മവിത് | ധൎമ്മതത്വജ്ഞനായ | ഗൃഹീത്വാ | എടുത്തുംകൊണ്ടു് |
| ഭരതഃ | ഭരതൻ | നരേന്ദ്രസ്യ | നരോത്തമനായ ശ്രീരാഘവന്റെ |
| രാമസ്യ | ശ്രീരാമന്റെ | | |
| തേ പാദുകേ | ആ രണ്ടുപാദുകകളേയും | ചരണാഭ്യാം | ഇരു തൃപ്പാദങ്ങളിലും |
| സ്വയം തു | താൻതന്നെ | യോജയാമാസ. | ചേൎത്തു്. |

അബ്രവീച്ച തദാ രാമം ഭരതഃ സ കൃതാഞ്ജലിഃ. 55

| | | | |
|---|---|---|---|
| തദാ | ആ സമയം | രാമം | ശ്രീരാമനോടായി |
| സഃ | ആ | കൃതാഞ്ജലിഃ ച | തൊഴുതുംകൊണ്ടു് |
| ഭരതഃ | ഭരതൻ | അബ്രവീത്. | ഇപ്രകാരം ഉണൎത്തിച്ചു. |

ഏതത്തേ രക്ഷിതം രാജൻ രാജ്യം നിൎയ്യാതിതം മയാ
അദ്യ ജന്മ കൃതാൎത്ഥം മേ സംവൃത്തശ്ച മനോരഥഃ. 56

| | | | |
|---|---|---|---|
| "രാജൻ | "മഹാരാജാവേ | നിൎയ്യാതിതം | തിരിയെ സമൎപ്പിക്കപ്പെട്ടു. |
| ഏതത് | ഇതു് | | |
| തേ | നിന്തിരുവടിക്കായ്ക്കൊണ്ടു് | അദ്യ ച | ഇപ്പോൾമാത്രമാണു് |
| | | മേ ജന്മ | എന്റെ ജന്മം |
| രക്ഷിതം | രക്ഷിക്കപ്പെട്ടു; | കൃതാൎത്ഥം | സഫലമായതു്; |
| മയാ | അടിയനാൽ | മനോരഥഃ | മനോരഥസൎവ്വസ്വവും |
| രാജ്യം | രാജ്യം | സംവൃത്തഃ | നിറവേറിയതു്. |

യസ്ത്വാം പശ്യാമി രാജാനമയോദ്ധ്യാം പുനരാഗതം
അവേക്ഷതാം ഭവാൻ കോശം കോഷ്ഠാഗാരം പുരം ബലം
ഭവതസ്തേജസാ സർവ്വം കൃതം ദശഗുണം മയാ. 57

| | | | |
|---|---|---|---|
| "യഃ | "യാതൊരു ഞാൻ | പുരം | നഗരത്തേയും |
| ത്വാം | നിന്തിരുവടിയെ | ബലം | സൈന്യത്തേയും |
| അയോദ്ധ്യാം | അയോദ്ധ്യക്ക് | അവേക്ഷതാം | കടാക്ഷിച്ചരുളിയാലും; |
| പുനഃ ആഗതം | തിരിച്ചെഴുന്നെള്ളിയ | സർവ്വം | എല്ലാം |
| രാജാനം | രാജാവായി [നായി | ഭവതഃ | നിന്തിരുവടിയുടെ |
| പശ്യാമി | സന്ദർശിക്കുന്നു; | തേജസാ | പ്രഭാവത്താൽ |
| ഭവാൻ | നിന്തിരുവടി | മയാ | എന്നാൽ |
| കോശം | ഭണ്ഡാരത്തേയും | ദശഗുണം കൃതം." | പത്തിരട്ടി വർദ്ധിപ്പിക്കപ്പെട്ടു." |
| കോഷ്ഠാഗാരം | ധാന്യങ്ങളാം സൂക്ഷിക്കുന്ന പത്തായപ്പുരയേയും | | |

തഥാ ബ്രുവാണം ഭരതം ദൃഷ്ട്വാ തം ഭ്രാതൃവത്സലം
മുമുചുർവ്വാനരാ ബാഷ്പം രാക്ഷസശ്ച വിഭീഷണഃ. 58

| | | | |
|---|---|---|---|
| വാനരാഃ | വാനരന്മാരും | തം ഭരതം | ആ ഭരതനെ |
| രാക്ഷസഃ | രാക്ഷസനായ | ഭ്രാതൃവത്സലം ദൃഷ്ട്വാ | ജ്യേഷ്ഠന്റെപേരിൽ അചഞ്ചലഭക്തികൈക്കൊണ്ടവനായികണ്ട് |
| വിഭീഷണഃ ച | വിഭീഷണനും | | |
| തഥാ | മേൽപ്രകാരം | | |
| ബ്രുവാണം | ഉണർത്തിക്കുന്നവനായ | ബാഷ്പം മുമുചുഃ | ആനന്ദബാഷ്പം പൊഴിച്ചു |

തതഃ പ്രഹർഷാദ്ഭരതമങ്കമാരോപ്യ രാഘവഃ
യയൌ തേന വിമാനേന സസൈന്യോ ഭരതാശ്രമം. 59

| | | | |
|---|---|---|---|
| തതഃ | അതിൽപിന്നെ | ആരോപ്യ | വെച്ചുകൊണ്ട് |
| രാഘവഃ | ശ്രീരാഘവൻ | തേന | ആ |
| സസൈന്യഃ | സൈന്യസമേതനായി | വിമാനേന | വിമാനത്തിൽ എഴുന്നെള്ളിയിരുന്നവിധംതന്നെ |
| പ്രഹർഷാത് | അത്യാഹ്ലാദത്താൽ | | |
| ഭരതം | ഭരതനെ | ഭരതാശ്രമം | ഭരതന്റെ ആശ്രമത്തി[ലേക്ക് |
| അങ്കം | മടിയിൽ | യയൌ. | ചെന്നു. |

ഭരതാശ്രമമാസാദ്യ സസൈന്യോ രാഘവസ്തദാ
അവതീർയ്യ വിമാനാഗ്ര്യാദവതസ്ഥേ മഹീതലേ. 60

| | | | |
|---|---|---|---|
| തദാ | ആ സമയം | വിമാനാഗ്ര്യാത് | ഉത്തമമായ ആ വിമാനത്തിൽനിന്ന് |
| രാഘവഃ | ശ്രീരാമൻ | | |
| സസൈന്യഃ | സേനകളോടുംകൂടി | മഹീതലേ | ഭൂമിയിൽ |
| ഭരതാശ്രമം | ഭരതാശ്രമത്തെ | അവതീർയ്യ | ഇറങ്ങി |
| ആസാദ്യ | പ്രാപിച്ച് | അവതസ്ഥേ. | നിന്നു. |

അബ്രവീച്ച തദാ രാമസ്തദ്വിമാനമനുത്തമം
വഹ വൈശ്രവണം ദേവമനുജാനാമി ഗമ്യതാം. 61

| | | | |
|---|---|---|---|
| തദാ | അപ്പോൾ | "വൈശ്രവണം ദേവം ച | "കുബേരഭഗവാന്നായി തന്നെ |
| രാമഃ | ശ്രീരാമൻ | | |
| അനുത്തമം | അത്യുത്തമമായ | വഹ | വാഹനമായിരുന്നുകൊണ്ടാലും |
| തത് വിമാനം | ആ പുഷ്പകവിമാനത്തെ നോക്കി | അനുജാനാമി | പോകുവാൻ ഞാൻ വിടനല്കുന്നു |
| അബ്രവീത് | അരുളിച്ചെയ്തു | ഗമ്യതാം | പോയ്ക്കൊൾക. |

തതോ രാമാഭ്യനുജ്ഞാതം തദ്വിമാനമനുത്തമം
ഉത്തരം ദിശമാഗമ്യ ജഗാമ ധനദാലയം. 62

| | | | |
|---|---|---|---|
| തതഃ | അതിൽ പിന്നെ | ഉത്തരാം ദിശം ആഗമ്യ | വടക്കുദിക്കു നോക്കി |
| തത് അനുത്തമം | ആ നിരുപമമായ | ധനദാലയം | കുബേര ഭവനത്തിലേക്കായി |
| വിമാനം | വിമാനം | | |
| രാമാഭ്യനുജ്ഞാതം | ശ്രീരാമനാൽ വിടയരുളപ്പെട്ടതായി | ജഗാമ. | ചെന്നു. |

പുരോഹിതസ്യാത്മസമസ്യ രാഘവോ
ബൃഹസ്പതേഃ ശക്ര ഇവാമരാധിപഃ
നിപീഡ്യ പാദൌ പൃഥഗാസനേ ശുഭേ
സഹൈവ തേനോപവിവേശ വീര്യവാൻ. 63

| | | | |
|---|---|---|---|
| വീര്യവാൻ | വീര്യവാനായ | ബൃഹസ്പതേഃ | ബൃഹസ്പതിയുടെ പാദങ്ങളെ |
| രാഘവഃ | ശ്രീരാഘവൻ | ഇവ | എന്നപോലെ |
| ആത്മസമസ്യ | തനിക്കേററ | നിപീഡ്യ | തൊട്ടു വണങ്ങിയശേഷം |
| പുരോഹിതസ്യ | കുലഗുരുവായ വസിഷ്ഠമഹർഷിയുടെ | ശുഭേ | മംഗളകരമായ |
| പാദൌ | തൃപ്പാദങ്ങളെ | പൃഥഗാസനേ | മറെറാരു ആസനത്തിൽ |
| അമരാധിപഃ | ദേവരാജാവായ | തേന സഹ ഏവ | അദ്ദേഹത്തിനൊപ്പം |
| ശക്രഃ | ഇന്ദ്രൻ | ഉപവിവേശ. | ഉപവേശിച്ചു. |

ഇത്യാർഷേ ശ്രീമദ്രാമായണേ വാല്മീകീയേ ആദികാവ്യേ യുദ്ധകാണ്ഡേ
ത്രിംശദുത്തരശതതമഃ സർഗ്ഗഃ=നൂററിമുപ്പതാം സർഗ്ഗം സമാപ്തം.
ആദ്യംമുതൽ ശ്ലോകസംഖ്യ 20604; യുദ്ധകാണ്ഡം ആദ്യംമുതൽ ശ്ലോകസംഖ്യ 5929.

## ഏകത്രിംശത്യുത്തരശതതമസർഗ്ഗഃ=

## നൂററിമുപ്പത്തൊന്നാം സർഗ്ഗം.

[ശ്രീരാമപട്ടാഭിഷേകഃ=ശ്രീരാമപട്ടാഭിഷേകം]

ശിരസ്യഞ്ജലിമാധായ കൈകേയാനന്ദവർദ്ധനഃ
ബഭാഷേ ഭരതോ ജ്യേഷ്ഠം രാമം സത്യപരാക്രമഃ. 1

| | | | |
|---|---|---|---|
| കൈകേയ്യാനന്ദവർദ്ധനഃ | കൈകേയിയുടെ പ്രീതിപാത്രമായ | രാമം | ശ്രീരാമനോടായി |
| ഭരതഃ | ഭരതൻ | ശിരസി | ശിരസ്സിൽ |
| ജ്യേഷ്ഠം | ജ്യേഷ്ഠഭ്രാതാവും | അഞ്ജലിം ആധായ | അഞ്ജലികൂപ്പിക്കൊണ്ടു് |
| സത്യപരാക്രമം | സത്യവിക്രമനുമായ | ബഭാഷേ. | ഇപ്രകാരം ഉണർത്തിച്ചു. |

പൂജിതാ മാമികാ മാതാ ദത്തം രാജ്യമിദം മമ
തദ്ദദാമി പുനസ്തുഭ്യം യഥാ ത്വമദദാ മമ 2

| | | | |
|---|---|---|---|
| "മാമികാ | "എന്റെ | മമ | എനിക്കു് |
| മാതാ | മാതാവു് | യഥാ അദദാഃ | എപ്രകാരം നല്കിയോ |
| പൂജിതാ | ബഹുമാനിക്കപ്പെട്ടവളായി; | തത് | അതിനെ |
| ഇദം രാജ്യം | ഈ രാജ്യം | പുനഃ | വീണ്ടും |
| മമ | എനിക്കു് | തുഭ്യം ദദാമി | നിന്തിരുവടിയ്ക്കായ്ക്കൊണ്ടു് ഞാൻ തിരിയെ സമർപ്പിക്കുന്നു. |
| ദത്തം | നല്കപ്പെടുകയുംചെയ്തു; | | |
| ത്വം | നിന്തിരുവടി | | |

ധുരമേകാകിനാ ന്യസ്താമൃഷഭേണ ബലീയസാ
കിശോരവദ്ഗുരും ഭാരം ന വോഢുമഹമുത്സഹേ. 3

| | | | |
|---|---|---|---|
| "ഏകാകിനാ | "സഹായാപേക്ഷയില്ലാത്ത | കിശോരവത് | ഒരു പൈക്കുട്ടി എപ്രകാരമോ അപ്രകാരം |
| ബലീയസാ | ശക്തിയേറിയ | അഹം | ഞാൻ |
| വൃഷഭേണ | ഒരു വൃഷഭത്താൽ | ഗുരും | മഹത്തായ |
| ന്യസ്താം | ഇറക്കിവെക്കപ്പെട്ടതായ | ഭാരം | ഈ ഭാരത്തെ |
| | | വോഢും | വഹിപ്പാൻ |
| ധുരം | ഭാരത്തെ | ന ഉത്സഹേ | ശക്തനല്ല. |

വാരിവേഗേന മഹതാ ഭിന്നഃ സേതുരിവ ക്ഷരൻ
ദുർബ്ബന്ധനമിദം മന്യേ രാജ്യച്ഛിദ്രമസംവൃതം. 4

| | | | |
|---|---|---|---|
| "മഹതാ | "അളവററ | ഭിന്നഃ | പൊട്ടി |
| വാരിവേഗേന | പെരുവെള്ളത്തിന്റെ തള്ളിച്ചയാൽ | ക്ഷരൻ | ഒഴുകുന്ന |
| | | സേതുഃ ഇവ | അണക്കെട്ടെന്ന പോലെ |

അസംവൃതം — ആരാലും തടുത്തുനിൎത്തുവാൻ കഴിയാത്തതായ
ഇദം രാജ്യച്ഛിദ്രം — ഈ രാജ്യത്തിന്നുണ്ടായിട്ടുള്ള ഉടവു്
ദുൎബ്ബന്ധനം — കെട്ടി നേരാക്കപ്പെടുവാൻ കഴിയാത്തതാണെന്നു്
മന്യേ. — ഞാൻ വിചാരിക്കുന്നു.

ഗതിം ഖര ഇവാശ്വസ്യ ഹംസസ്യേവ ച വായസഃ
നാന്വേതുമുത്സഹേ രാമ തവ മാൎഗ്ഗമരിന്ദമ. 5

"രാമ — "ശ്രീരാമ
അരിന്ദമ — ശത്രുസമൎദ്ദന
അശ്വസ്യ — ഒരു കുതിരയുടെ
ഗതിം — ഗതിയെ
ഖരഃ — ഒരു കഴുത
ഇവ — എന്ന പോലെയും
ഹംസസ്യ — ഒരു ഹംസത്തിന്റെ തിനെ
വായസഃ ഇവ ച — കാക്കയെന്നപോലെയും
തവ — നിന്തിരുവടിയുടെ
മാൎഗ്ഗം — അനുഷ്ഠാനത്തെ
അന്വേതും — അനുസരിപ്പാൻ
ന ഉത്സഹേ. — ഞാൻ ശക്തനല്ല.

യഥാ ചാരോപിതോ വൃക്ഷോ ജാതശ്ചാന്തൎന്നിവേശനേ
മഹാംശ്ച സുദുരാരോഹോ മഹാസ്കന്ധപ്രശാഖവാൻ 6
ശീൎയ്യേത പുഷ്പിതോ ഭൂത്വാ ന ഫലാനി പ്രദൎശയൻ
തസ്യ നാനുഭവേദൎത്ഥം യസ്യ ഹേതോഃ സ രോപ്യതേ 7
ഏഷോപമാ മഹാബാഹോ ത്വദൎത്ഥം വേത്തുമൎഹസി
യദ്യസ്മാൻ മനുജേന്ദ്ര ത്വം ഭക്താൻ ഭൃത്യാൻ ന ശാധി ഹി. 8

"മഹാബാഹോ — "മഹാബാഹുവായുള്ളോവേ
മനുജേന്ദ്ര — ചക്രവൎത്തിയായുള്ളോ[വേ
ത്വം — നിന്തിരുവടി
ഭക്താൻ — ഭക്തികയ്യോണ്ട
ഭൃത്യാൻ — ഭൃത്യന്മാരായ
അസ്മാൻ ഹി — ഞങ്ങളെത്തന്നെയും
ന ശാധി യദി — പരിപാലിക്കാതിരു[ന്നാൽ
വൃക്ഷഃ — ഒരു വൃക്ഷം
അന്തൎന്നിവേശനേ — ഒരുവന്റെ വീട്ടുവളപ്പിൽ
ആരോപിതഃ — നട്ടുവളൎത്തപ്പെട്ടു്
മഹാൻ ച — വലുതായും
മഹാസ്കന്ധപ്രശാഖവാൻ — വമ്പിച്ച ശാഖോപശാഖകളോടുകൂടിയതായും
സുദുരാരോഹഃ ച — കയറിച്ചെല്ലുവാൻ കഴിയപ്പെടാത്തതായും
ജാതഃ — വളൎന്നു്
പുഷ്പിതഃ ച ഭൂത്വാ — പൂത്തശേഷം
ഫലാനി ന പ്രദൎശയൻ — കായ്കളുണ്ടാകാതെ
ശീൎയ്യേത യഥാ — ക്ഷയിച്ചുപോകുന്നുവെ[ന്നുവരികിൽ
സഃ — അതു്
യസ്യ ഹേതോഃ — എന്തുകാരണമായി
രോപ്യതേ — നട്ടുവളൎത്തപ്പെട്ടുവോ

| | |
|---|---|
| തസ്യ | അതിൻെറ |
| അർത്ഥം | ഫലത്തെ |
| ന അനുഭവേത് | ഒരുവൻ അനുഭവിക്കുന്നില്ല; |
| ഏഷാ | ഈ |
| ഉപമാ | ദൃഷ്ടാന്തം |
| ത്വദർത്ഥം | നിന്തിരുവടിയുടെ സംഗതിയിലും പററുന്നതാണെന്നു് |
| വേത്തും അർഹസി | തിരുവുള്ളത്തിൽ ഓർത്താലും. |

ജഗദദ്യാഭിഷിക്തം ത്വാമനുപശ്യന്തു സർവ്വതഃ
പ്രതപന്തമിവാദിത്യം മദ്ധ്യാഹ്നേ ദീപ്തതേജസം. 9

| | |
|---|---|
| "ത്വാം | "നിന്തിരുവടിയെ |
| അദ്യ | ഇപ്പോൾ |
| അഭിഷിക്തം | പട്ടാഭിഷേകം ചെയ്യപ്പെട്ടവനായി |
| മദ്ധ്യാഹ്നേ | നട്ടുച്ചയിൽ |
| ദീപ്തതേജസം | ഉജ്ജ്വലിക്കുന്ന കാന്തിയോടുകൂടി |
| പ്രതപന്തം | പ്രശോഭിക്കുന്ന |
| ആദിത്യം ഇവ | സൂര്യഭഗവാനെയെന്നപോലെ |
| ജഗത് | ലോകം |
| സർവ്വതഃ | മുഴുവനും |
| അനുപശ്യതു. | കണ്ടാനന്ദിക്കട്ടെ. |

തൂര്യസംഘാതനിർഘോഷൈഃ കാഞ്ചീനൂപുരനിസ്വനൈഃ
മധുരൈർഗീതശബ്ദൈശ്ച പ്രതിബുദ്ധ്യസ്വ രാഘവ 10

| | |
|---|---|
| "രാഘവ | "രഘുവംശതിലക |
| തൂര്യസംഘാത-നിർഘോഷൈഃ | വാദ്യഗണങ്ങളുടെ ധ്വനികളാലും |
| കാഞ്ചീനൂപുര-നിസ്വനൈഃ | (നൃത്തം ചെയ്യുന്നവരുടെ) മേഖലകളുടേയും കാൽച്ചിലമ്പുകളുടേയും സ്വനങ്ങളാലും |
| മധുരൈഃ | മധുരമായ |
| ഗീതശബ്ദൈഃ ച | സ്തുതിസംഗീതങ്ങളുടെ ശബ്ദങ്ങളാലും |
| പ്രതി-ബുദ്ധ്യസ്വ. | നിത്യം പള്ളിയുറക്കുണർന്നാലും. |

യാവദാവർത്തതേ ചക്രം യാവതീ ച വസുന്ധരാ
താവത് ത്വമിഹ സർവ്വസ്യ സ്വാമിത്വമനുവർത്തയ. 11

| | |
|---|---|
| "ചക്രം | "സൂര്യചന്ദ്രന്മാരടങ്ങിയ ജ്യോതിശ്ചക്രം |
| യാവത് | എത്രകാലംവരേയ്ക്കും |
| ആവർത്തതേ | ചുററുന്നുവോ |
| വസുന്ധരാ | ഭൂമി |
| യാവതീ ച | എത്രകാലം നിലനില്ക്കുമോ |
| താവത് | അത്രയും കാലം |
| സർവ്വസ്യ | എല്ലാററിനും |
| സ്വാമിത്വം | ചക്രവർത്തിയായി |
| ത്വം | നിന്തിരുവടി |
| ഇഹ | ഇപ്പോൾ |
| അനുവർത്തയ." | കയ്യേററുകൊണ്ടാലും." |

ഭരതസ്യ വചഃ ശ്രുത്വാ രാമഃ പരപുരഞ്ജയഃ
തഥേതി പ്രതിജഗ്രാഹ നിഷസാദാസനേ ശുഭേ 12

| | |
|---|---|
| പരപുരഞ്ജയഃ | ശത്രുപുരവിധ്വംസകനായ |
| രാമഃ | ശ്രീരാമൻ |
| ഭരതസ്യ | ഭരതൻെറ |
| വചഃ ശ്രുത്വാ | വാക്കുകേട്ടു് |
| "തഥാ" ഇതി | "ആവട്ടെ" എന്നു് |
| പ്രതിജഗ്രാഹ | സമ്മതിച്ചരുളി |
| ശുഭേ ആസനേ നിഷസാദ. | രമ്യമായ ആസനത്തിൽ എഴുന്നെള്ളിയിരുന്നു |

തതഃ ശത്രുഘ്നവചനാന്നിപുണാഃ ശ്മശ്രുവൎദ്ധകാഃ
സുഖഹസ്താഃ സുശീഘ്രാശ്ച രാഘവം പൎയ്യുപാസത 13

| | | | |
|---|---|---|---|
| തതഃ | ആ സമയം | സുശീഘ്രാഃ | കൈവേഗതയുള്ളവരും |
| ശത്രുഘ്ന-വചനാത് | ശത്രുഘ്നന്റെ ആജ്ഞ പ്രകാരം | നിപുണാഃ ച | മിടുക്കന്മാരുമായ |
| സുഖഹസ്താഃ | സുഖകരമാംവണ്ണം പ്രവൃത്തിചെയ്യുന്നവരും | ശ്മശ്രുവൎദ്ധകാഃ | ക്ഷൌരക്കാർ |
| | | രാഘവം | ശ്രീരാമന്നായ്ക്കൊണ്ടു് |
| | | പൎയ്യുപാസത. | വപനക്രിയ നടത്തി. |

പൂൎവ്വം തു ഭരതേ സ്നാതേ ലക്ഷ്മണേ ച മഹാബലേ
സുഗ്രീവേ വാനരേന്ദ്രേ ച രാക്ഷസേന്ദ്രേ വിഭീഷണേ. 14
വിശോധിതജടഃ സ്നാതശ്ചിത്രമാല്യാനുലേപനഃ
മഹാൎഹവസനോ രാമസ്തസ്ഥൌ തത്ര ശ്രിയാ ജ്വലൻ. 15

| | | | |
|---|---|---|---|
| പൂൎവ്വം | ആദ്യം | തത്ര രാമഃ | ആ സമയം ശ്രീരാമൻ |
| ഭരതേ സ്നാതേ | ഭരതൻസ്നാനംചെയ്തശേ | വിശോധിതജടഃ | ചീകിനന്നാക്കിയ മുടിയോടുകൂടിയവനായി |
| തു | അപ്രകാരംതന്നെ [ഷം | സ്നാതഃ | നീരാടിയവനായി |
| മഹാബലേ | മഹാബലശാലിയായ | മഹാൎഹവസനഃ | വിലയേറിയ വസ്ത്രം ധരിച്ചു് |
| ലക്ഷ്മണേ ച | ലക്ഷ്മണനും നീരാടിയാ | ചിത്രമാല്യാ-നുലേപനഃ | വിചിത്രതരങ്ങളായ മാലകളും കുറിക്കൂട്ടുകളു |
| വാനരേന്ദ്രേ | വാനരേന്ദ്രനായ [റെ | | മണിഞ്ഞവനായി |
| സുഗ്രീവേ | സുഗ്രീവനും | ശ്രിയാ ജ്വലൻ | കാന്തിയാൽ ജാജ്വല്യ |
| രാക്ഷസേന്ദ്രേ | രാക്ഷസേന്ദ്രനായ | തസ്ഥൌ. | വൎത്തിച്ചു. [മാനനായി |
| വിഭീഷണേ | വിഭീഷണനും | | |
| ച | അപ്രകാരംതന്നെ സ്നാനംചെയ്തതിൽപിന്നെ | | |

പ്രതികൎമ്മ ച രാമസ്യ കാരയാമാസ വീൎയ്യവാൻ
ലക്ഷ്മണസ്യ ച ലക്ഷ്മീവാനിക്ഷ്വാകുകുലവൎദ്ധനഃ. 16

| | | | |
|---|---|---|---|
| വീൎയ്യവാൻ | വീൎയ്യശാലിയും | രാമസ്യ ച | ശ്രീരാമനും |
| ലക്ഷ്മീവാൻ | ശ്രീമാനുമായ | ലക്ഷ്മണസ്യ ച | ലക്ഷ്മണനും |
| ഇക്ഷ്വാകു-കുലവൎദ്ധനഃ | ഇക്ഷ്വാകുകുലതിലകനായ ശത്രുഘ്നൻ | പ്രതികൎമ്മ | അലങ്കാരം |
| | | കാരയാമാസ. | ചെയ്യിച്ചു. |

പ്രതികൎമ്മ ച സീതായാഃ സൎവ്വാ ദശരഥസ്ത്രിയഃ
ആത്മനൈവ തദാ ചക്രുൎമ്മനസ്വിന്യോ മനോഹരം. 17

| | | | |
|---|---|---|---|
| തദാ | ആ സമയം | ആത്മനാ ഏവ | തങ്ങൾതന്നെ |
| മനസ്വിന്യഃ | ചിത്താനന്ദമുൾക്കൊണ്ടവരായ | സീതായാഃ | സീതാദേവിക്കു് |
| | | മനോഹരം | മനോഹരമായ |
| ദശരഥസ്ത്രിയഃ | ദശരഥപത്നിമാർ | പ്രതികൎമ്മ | അലങ്കരണകൃത്യത്തെ |
| സൎവ്വാഃ ച | എല്ലാവരും | ചക്രുഃ. | ചെയ്തു. |

തതോ വാനരപത്നീനാം സൎവ്വാസാമേവ ശോഭനം
ചകാര യത്നാത് കൌസല്യാ പ്രഹൃഷ്ടാ പുത്രവത്സലാ. 18

| | | | |
|---|---|---|---|
| തതഃ | അപ്പോൾ | സൎവ്വാസാം | എല്ലാ |
| പുത്രവത്സലാ | പുത്രപ്രീതി കൈക്കൊണ്ടവളായ | വാനര-പത്നീനാം ഏവ | വാനരപത്നിമാൎക്കും |
| കൌസല്യാഃ | കൌസല്യാദേവി | ശോഭനം | അലങ്കാരത്തെ |
| പ്രഹൃഷ്ടാഃ | അത്യാനന്ദമുൾക്കൊണ്ടവളായി | യത്നാത് | ശ്രദ്ധയോടെ |
| | | ചകാര. | ചെയ്തു. |

തതഃ ശത്രുഘ്നവചനാത് സുമന്ത്രോ നാമ സാരഥിഃ
യോജയിത്വാഽഭിചക്രാമ രഥം സൎവ്വാംഗശോഭനം 19

| | | | |
|---|---|---|---|
| തതഃ | അനന്തരം | സൎവ്വാംഗ-ശോഭനം | സൎവ്വാംഗമനോഹരമായ |
| ശത്രുഘ്ന-വചനാത് | ശത്രുഘ്നന്റെ ആജ്ഞപ്രകാരം | രഥം | ഒരു രഥത്തെ |
| സുമന്ത്രോ നാമ | സുമന്ത്രനെന്ന | യോജയിത്വാ | പൂട്ടി തെയ്യാറാക്കി |
| സാരഥിഃ | സാരഥി | അഭിചക്രാമ. | കൊണ്ടുവന്നുനിൎത്തി. |

അൎക്കമണ്ഡലസംകാശം ദിവ്യം ദൃഷ്ട്വാ രഥോത്തമം
ആരുരോഹ മഹാബാഹു രാമഃ സത്യപരാക്രമഃ. 20

| | | | |
|---|---|---|---|
| സത്യപരാക്രമഃ | സത്യപരാക്രമനും | ദിവ്യം | ദിവ്യവുമായ |
| മഹാബാഹുഃ | മഹാബാഹുവുമായ | രഥോത്തമം | ഉത്തമരഥത്തെ |
| രാമഃ | ശ്രീരാമൻ | ദൃഷ്ട്വാ | കണ്ട് |
| അൎക്കമണ്ഡല-സംകാശം | സൂൎയ്യമണ്ഡലസന്നിഭവും | ആരുരോഹ. | അതിൽ ആരോഹണം ചെയ്തു. |

സുഗ്രീവോ ഹനുമാംശ്ചൈവ മഹേന്ദ്രസദൃശദ്യുതീ
സ്നാതൌ ദിവ്യനിഭൈൎവ്വസ്ത്രൈൎജ്ജഗ്മതുഃ ശുഭകുണ്ഡലൌ 21

| | | | |
|---|---|---|---|
| സ്നാതൌ | സ്നാനംചെയ്ത് | മഹേന്ദ്ര-സദൃശദ്യുതീ | മഹേന്ദ്രനുതുല്യമായ കാന്തിയോടുകൂടിയവരുമായ |
| ശുഭകുണ്ഡലൌ | ദിവ്യകുണ്ഡലങ്ങളണിഞ്ഞവരും | സുഗ്രീവഃ ച | സുഗ്രീവനും |
| ദിവ്യനിഭൈഃ | ദിവ്യശോഭയാൎന്ന | ഹനുമാൻ ഏവ | ഹനുമാനും |
| വസ്ത്രൈഃ | വസ്ത്രങ്ങളോടുകൂടി | ജഗ്മതുഃ | കൂടെച്ചെന്നു. |

വരാഭരണസംപന്നാ യയുസ്താഃ ശുഭകുണ്ഡലാഃ
സുഗ്രീവപത്ന്യഃ സീതാ ച ദ്രഷ്ടും നഗരമുത്സുകാഃ. 22

| | | | |
|---|---|---|---|
| സീതാ | സീതാദേവിയും | ദ്രഷ്ടും | വീക്ഷിപ്പാൻ |
| വരാഭരണ-സംപന്നാഃ | ഉത്തമാഭരണങ്ങളണിഞ്ഞ് | ഉത്സുകാഃ | ഔത്സുക്യംപൂണ്ടവരുമായ |
| ശുഭകുണ്ഡലാഃ | അഴകാൎന്ന കാതിലകളും ധരിച്ച് | താഃ സുഗ്രീവ-പത്ന്യഃ ച | ആ സുഗ്രീവപത്നിമാരും |
| നഗരം | നഗരത്തെ | യയുഃ. | എഴുന്നെള്ളി. |

അയോദ്ധ്യായാം തു സചിവാ രാജ്ഞോ ദശരഥസ്യ യേ
പുരോഹിതം പുരസ്കൃത്യ മന്ത്രയാമാസുരർത്ഥവത്. 23

| | | | |
|---|---|---|---|
| അയോദ്ധ്യായാം | അയോദ്ധ്യയിൽ | പുരസ്കൃത്യ | മുൻനിർത്തി |
| ദശരഥസ്യ രാജ്ഞഃ | ദശരഥമഹാരാജാവിന്റെ | അർത്ഥവത് | ഭംഗിയായിഎല്ലാം നടക്കേണ്ടതിനെക്കുറിച്ച് |
| സചിവാഃ യേ തു | മന്ത്രിമാർ യാതൊരുവരോ അവരെല്ലാം | മന്ത്രയാമാസുഃ. | വേണ്ടതായ ആലോചനകളും നടത്തി. |
| പുരോഹിതം | പുരോഹിതനായ വസിഷ്ഠമഹർഷിയെ | | |

അശോകോ വിജയശ്ചൈവ സുമന്ത്രശ്ചൈവ സംഗതാഃ
മന്ത്രയൻ രാമവൃദ്ധ്യർത്ഥമൃദ്ധ്യർത്ഥം നഗരസ്യ ച. 24

| | | | |
|---|---|---|---|
| അശോകഃ ച | അശോകനും | രാമവൃദ്ധ്യർത്ഥം ഏവ | ശ്രീരാമന്റെ അഭിവൃദ്ധിക്കായും |
| വിജയഃ ച | വിജയനും | നഗരസ്യ | നഗരത്തിന്റെ |
| സുമന്ത്രഃ ഏവ | സുമന്ത്രനും | ഋദ്ധ്യർത്ഥം ച | ക്ഷേമത്തെ ഉദ്ദേശിച്ചും |
| സംഗതാഃ | ഒന്നിച്ച് | മന്ത്രയൻ. | വേണ്ടതിനെ ആലോചിച്ചു. |

സർവ്വമേവാഭിഷേകാർത്ഥം ജയാർഹസ്യ മഹാത്മനഃ
കർത്തുമർഹഥ രാമസ്യ യദ്യന്മംഗളപൂർവ്വകം. 25

| | | | |
|---|---|---|---|
| "ജയാർഹസ്യ | "വിജയത്തിന്നു അർഹനും | യത് യത് | ഏതേതെല്ലാം വേണ്ടതായുണ്ടോ |
| മഹാത്മനഃ | മഹാത്മാവുമായ | | |
| രാമസ്യ | ശ്രീരാഘവന്റെ | സർവ്വം ഏവ | അതെല്ലാംതന്നെ |
| അഭിഷേകാർത്ഥം | പട്ടാഭിഷേകത്തിന്നായി | കർത്തും അർഹഥ." | ചെയ്യരുളിയാലും." |
| മംഗളപൂർവ്വകം | മംഗളപൂർവ്വകമായി | | |

ഇതി തേ മന്ത്രിണഃ സർവ്വേ സന്ദിശ്യ തു പുരോഹിതം
നഗരാന്നിര്യയുസ്തൂർണ്ണം രാമദർശനബുദ്ധയഃ. 26

| | | | |
|---|---|---|---|
| തേ | ആ | രാമദർശന-ബുദ്ധയഃ | ശ്രീരാമനെ മുഖം കാണിപ്പാൻ ആഗ്രഹിച്ചവരായി |
| മന്ത്രിണഃ | മന്ത്രിമാർ | | |
| സർവ്വേ | എല്ലാം | | |
| പുരോഹിതം | പുരോഹിതനോടായി | നഗരാത് | നഗരത്തിൽ നിന്നും |
| ഇതി | ഇപ്രകാരം | തൂർണ്ണം | വേഗത്തിൽ |
| സന്ദിശ്യ തു | ഉരചെയ്ത ശേഷം | നിര്യയുഃ | പുറത്തുവന്നു. |

ഹരിയുക്തം സഹസ്രാക്ഷോ രഥമിന്ദ്ര ഇവാനഘഃ
പ്രയയൌ രഥമാസ്ഥായ രാമോ നഗരമുത്തമം 27

| | | | |
|---|---|---|---|
| ഹരിയുക്തം | കുതിരകളം പൂട്ടിക്കെട്ട | രാമഃ | ശ്രീരാഘവൻ |
| രഥം | രഥത്തിൽ [പ്പെട്ട | രഥം | തേരിൽ |
| സഹസ്രാക്ഷഃ | സഹസ്രനേത്രനായ | ആസ്ഥായ | വൎത്തിച്ചുകൊണ്ടു് |
| ഇന്ദ്രഃ ഇവ | ഇന്ദ്രനെന്നപോലെ | ഉത്തമം നഗരം | ആ ഉത്തമനഗരത്തിലേ |
| അനഘഃ | നിഷ്കന്മഷനായ | പ്രയയൌ. | എഴുന്നെള്ളി. [ക്കായി |

ജഗ്രാഹ ഭരതോ രശ്മീൻ ശത്രുഘ്നശ്ഛത്രമാദദേ
ലക്ഷ്മണോ വ്യജനം തസ്യ മൂൎദ്ധ്നി സംപൎയ്യവീജയത്. 28

| | | | |
|---|---|---|---|
| ഭരതഃ | ഭരതൻ | ലക്ഷ്മണഃ | ലക്ഷ്മണൻ |
| രശ്മീൻ | കടിഞ്ഞാണുകളെ | തസ്യ | അദ്ദേഹത്തിന്നു് |
| ജഗ്രാഹ; | പിടിച്ചു; | മൂൎദ്ധ്നി | ശിരസ്സിൽ |
| ശത്രുഘ്നഃ | ശത്രുഘ്നൻ | വ്യജനം | ആലവട്ടം |
| ഛത്രം | വെൺകൊററക്കുട | സംപൎയ്യ- | } വീശി. |
| ആദദേ; | പിടിച്ചു; | വീജയത് | |

ശ്വേതം ച വാലവ്യജനം ജഗ്രാഹ പുരതഃ സ്ഥിതഃ
അപരം ചന്ദ്രസംകാശം രാക്ഷസേന്ദ്രോ വിഭീഷണഃ. 29

| | | | |
|---|---|---|---|
| രാക്ഷസേന്ദ്രഃ | രാക്ഷസരാജാവായ | അപരം | അപ്രതിമമായ |
| വിഭീഷണഃ ച | വിഭീഷണനും | ശ്വേതം | } വെഞ്ചാമരത്തെ |
| പുരതഃ സ്ഥിതഃ | മുമ്പിൽ വൎത്തിച്ചുകൊണ്ടു് | വാലവ്യജനം | |
| ചന്ദ്രസംകാശം | കുളൎമതിയൊത്ത | ജഗ്രാഹ. | കയ്യിൽ പിടിച്ചുകൊണ്ടു് വീശി. |

ഋഷിസംഘൈസ്തദാऽऽകാശേ ദേവൈശ്ച സമരുദ്ഗണൈഃ
സ്തൂയമാനസ്യ രാമസ്യ ശുശ്രുവേ മധുരധ്വനിഃ. 30

| | | | |
|---|---|---|---|
| തദാ | ആ സമയം | രാമസ്യ | ശ്രീരാഘവൻ |
| ആകാശേ | ആകാശത്തിൽ | സ്തൂയമാനസ്യ | സ്തോത്രം ചെയ്യപ്പെട്ടപ്പോൾ |
| ഋഷിസംഘൈഃ | ഋഷിഗണങ്ങളാലും | മധുരധ്വനിഃ | ശ്രുതിമധുരമായനിനദം |
| സമരുദ്ഗണൈഃ | മരുദ്ഗണങ്ങളോടു | ശുശ്രുവേ | കേൾക്കപ്പെട്ടു. |
| ദേവൈഃ ച | ദേവന്മാരാലും [കൂടിയ | | |

തതഃ ശത്രുഞ്ജയം നാമ കുഞ്ജരം പൎവ്വതോപമം
ആരുരോഹ മഹാതേജാഃ സുഗ്രീവഃ പ്ലവഗൎഷഭഃ. 31

| | | | |
|---|---|---|---|
| "മഹാതേജാഃ | മഹാതേജസ്വിയും | ശത്രുഞ്ജയം നാമ | ശത്രുഞ്ജയമെന്ന |
| പ്ലവഗൎഷഭഃ | വാനരോത്തമനുമായ | പൎവ്വതോപമം | പൎവ്വതാകാരമായ |
| സുഗ്രീവഃ | സുഗ്രീവൻ | കുഞ്ജരം | ആനക്കൊമ്പന്റെ പു |
| തതഃ | അപ്പോൾ | ആരുരോഹ | കയറിയിരുന്നു. [റത്തു് |

നവനാഗസഹസ്രാണി യയുരാസ്ഥായ വാനരാഃ
മാനുഷം വിഗ്രഹം കൃത്വാ സർവ്വാഭരണഭൂഷിതാഃ. 32

| | |
|---|---|
| വാനരാഃ | വാനരന്മാർ |
| മാനുഷം വിഗ്രഹം | മനുഷ്യവടിവു |
| കൃത്വാ | കയ്ക്കൊണ്ടു് |
| സർവ്വാഭരണ-ഭൂഷിതാഃ | എല്ലാ കോപ്പുകളും അണിഞ്ഞുകൊണ്ടു് |
| നവനാഗ-സഹസ്രാണി ആസ്ഥായ | ഒമ്പതിനായിരം ആനകളുടെ പുറകിലിരുന്നുംകൊണ്ടു് |
| യയുഃ | കൂടെച്ചെന്നു. |

ശംഖഭേരീപ്രണാദൈശ്ച ദുന്ദുഭീനാം ച നിസ്വനൈഃ
പ്രയയൌ പുരുഷവ്യാഘ്രസ്താം പുരീം ഹർമ്മ്യമാലിനീം. 33

| | |
|---|---|
| പുരുഷവ്യാഘ്രഃ | പുരുഷോത്തമനായ ശ്രീരാമൻ |
| ശംഖഭേരീ-പ്രണാദൈഃ ച | ശംഖ്, പെരുമ്പറ എന്നിവയുടെ മുഴക്കങ്ങളോടും |
| ദുന്ദുഭീനാം | ദുന്ദുഭിവാദ്യങ്ങളുടെ |
| നിസ്വനൈഃ ച | ശബ്ദങ്ങളോടുംകൂടി |
| ഹർമ്മ്യമാലിനീം | പല അരമനകൾ നിരന്നതായ |
| താം | ആ |
| പുരീം | പട്ടണത്തിലേക്കായി |
| പ്രയയൌ. | എഴുന്നെള്ളി. |

ദദൃശുസ്തേ സമായാന്തം രാഘവം സപുരസ്സരം
വിരാജമാനം വപുഷാ രഥേനാതിരഥം തദാ. 34

| | |
|---|---|
| തേ | ആ മന്ത്രിമാർ |
| സപുരസ്സരം | പരിവാരസമേതനായി |
| വപുഷാ | കാന്തികൊണ്ടു് |
| വിരാജമാനം | പരിശോഭിക്കുന്ന |
| അതിരഥം | മഹാരഥനായ |
| രാഘവം | ശ്രീരാഘവനെ |
| തദാ | ആ സമയം |
| രഥേന | തേരിൽ എഴുന്നള്ളിയവനായി |
| സമായാന്തം | വന്നുകൊണ്ടിരിക്കുന്നതു് |
| ദദൃശുഃ | കണ്ടു. |

തേ വർദ്ധയിത്വാ കാകുത്സ്ഥം രാമേണ പ്രതിനന്ദിതാഃ
അനുജഗ്മുർമ്മഹാത്മാനം ഭ്രാതൃഭിഃ പരിവാരിതം. 35

| | |
|---|---|
| തേ | അവർ |
| ഭ്രാതൃഭിഃ | സോദരന്മാരാൽ |
| പരിവാരിതം | ചൂഴപ്പെട്ട |
| മഹാത്മാനം | മഹാത്മാവായ |
| കാകുത്സ്ഥം | ശ്രീരാഘവനായിക്കൊണ്ടു് |
| വർദ്ധയിത്വാ | വിജയാശിസ്സു് കുറിയശേഷം |
| രാമേണ | ശ്രീരാമനാൽ |
| പ്രതിനന്ദിതാഃ | മര്യാദവാക്കുകളുര ചെയ്യപ്പെട്ടവരായി |
| അനുജഗ്മുഃ | അനുഗമിച്ചു. |

അമാത്യൈർബ്രാഹ്മണൈശ്ചൈവ തഥാ പ്രകൃതിഭിർവൃതഃ
ശ്രിയാ വിരുരുചേ രാമോ നക്ഷത്രൈരിവ ചന്ദ്രമാഃ. 36

| | |
|---|---|
| രാമഃ | ശ്രീരാമൻ |
| അമാത്യൈ-ഏവ | മന്ത്രിമാരാലും |
| ബ്രാഹ്മണൈഃ ച | ബ്രാഹ്മണരാലും |
| പ്രകൃതിഭിഃ തഥാ | പ്രജകളാലും |
| വൃതഃ | ചൂഴപ്പെട്ടവനായി |
| ചന്ദ്രമാഃ | പനിമതിഭഗവാൻ |
| നക്ഷത്രൈഃ ഇവ | നക്ഷത്രങ്ങളാലെന്ന [പോലെ |
| ശ്രിയാ | തേജസ്സാൽ |
| വിരരാജ. | പരിശോഭിച്ചു. |

സ പുരോഗാമിഭിസ്തൂര്യൈസ്താളസ്വസ്തികപാണിഭിഃ
പ്രവ്യാഹരദ്ഭിർമ്മുദിതൈർമ്മംഗളാനി യയൗ വൃതഃ. 37

| | |
|---|---|
| സഃ | അദ്ദേഹം |
| പുരോഗാമിഭിഃ | മുൻഭാഗത്തിലായി നടക്കുന്ന |
| തൂര്യൈഃ | ചെണ്ടക്കാരാലും |
| താള-സ്വസ്തിക-പാണിഭിഃ | ഏലത്താളം, കോണക്കോൽ (ത്രികോണാകൃതിയിലുള്ളതാളവാദ്യം) എന്നവ കയ്യിൽ പിടിച്ചവരാലും |
| മംഗളാനി | മംഗളസ്തോത്രങ്ങളെ |
| മുദിതൈഃ | ഉത്സാഹമുൾക്കൊണ്ടവരായി |
| പ്രവ്യാഹരദ്ഭിഃ | പാടുന്നവരാലും |
| വൃതഃ | ചൂഴപ്പെട്ടവനായി |
| യയൗ | എഴുന്നള്ളിക്കൊണ്ടിരുന്നു. |

അക്ഷതം ജാതരൂപം ച ഗാവഃ കന്യാസ്തഥാ ദ്വിജാഃ
നരാ മോദകഹസ്താശ്ച രാമസ്യ പുരതോ യയുഃ. 38

| | |
|---|---|
| ജാതരൂപം | മഞ്ഞളുംതിരുമ്മിയുണ്ടാ[ക്കിയ |
| അക്ഷതം ച | വെള്ളരിയും |
| ഗാവഃ | പശുക്കളും |
| കന്യാഃ | കന്യകമാരും |
| ദ്വിജാഃ തഥാ | ബ്രാഹ്മണരും |
| മോദകഹസ്താഃ | മോദകങ്ങളും കയ്യിലേ[ന്തിയ |
| നരാഃ ച | ആളുകളും |
| രാമസ്യ | ശ്രീരാമന്ന് |
| പുരതഃ | മുമ്പിലായി |
| യയുഃ | യാത്രചെയ്തു. |

സഖ്യം ച രാമഃ സുഗ്രീവേ പ്രഭാവം ചാനിലാത്മജേ
വാനരാണാം ച തത്കർമ്മ രാക്ഷസാനാം ച തദ്ബലം
വിഭീഷണസ്യ സംയോഗമാചചക്ഷേ ച മന്ത്രിണാം. 39

| | |
|---|---|
| രാമഃ | ശ്രീരാമൻ |
| സുഗ്രീവേ | സുഗ്രീവന്റെ സംഗതിയിലുണ്ടായ |
| സഖ്യം ച | മൈത്രിയെക്കുറിച്ചും |
| അനിലാത്മജേ | വായുപുത്രങ്കലുള്ള |
| പ്രഭാവം ച | അമാനുഷശക്തിയെക്കുറിച്ചും |
| വാനരാണാം | വാനരന്മാരുടെ |
| തത്കർമ്മ ച | അത്ഭുതകൃത്യത്തെപ്പ[റ്റിയും |
| രാക്ഷസാനാം | രാക്ഷസരുടെ |
| തദ്ബലം ച | ആശ്ചര്യകരമായ ബലത്തെക്കുറിച്ചും |
| വിഭീഷണസ്യ | വിഭീഷണന്റെ |
| സംയോഗം ച | സമാഗമത്തെക്കുറിച്ചും |
| മന്ത്രിണാം | മന്ത്രിമാരോടായി |
| ആചചക്ഷേ | അരുളിച്ചെയ്തു. |

ശ്രുത്വാ തു വിസ്മയം ജഗ്മുരയോദ്ധ്യാപുരവാസിനഃ. 40

| | | | |
|---|---|---|---|
| അയോദ്ധ്യാപുരവാസിനഃ | അയോദ്ധ്യാപുരവാസികൾ | തു | അതിനാൽ |
| ശ്രുത്വാ | (അവയെ) കേട്ടു് | വിസ്മയം ജഗ്മുഃ | വിസ്മയഭരിതരായ്ഭവിച്ചു. |

ദ്യുതിമാനേതദാഖ്യായ രാമോ വാനരസംവൃതഃ
ഹൃഷ്ടപുഷ്ടജനാകീർണ്ണാമയോദ്ധ്യാം പ്രവിവേശ ഹ 41

| | | | |
|---|---|---|---|
| ദ്യുതിമാൻ | തേജസ്വിയായ | ഹൃഷ്ടപുഷ്ടജനാകീർണ്ണാം | ആനന്ദസമൃദ്ധിപൂണ്ട ജനങ്ങളാൽ നിറയപ്പെട്ടതായ |
| രാമഃ | ശ്രീരാഘവൻ | | |
| ഏതത് | ഇതിനെയെല്ലാം | | |
| ആഖ്യായ | അരുളിച്ചെയ്തു | അയോദ്ധ്യാം | അയോദ്ധ്യാനഗരത്തിൽ |
| വാനരസംവൃതഃ | വാനരന്മാരാൽ ചൂഴപ്പെട്ടവനായി | പ്രവിവേശ ഹ. | പ്രവേശിച്ചു. |

തതോ ഹ്യഭ്യുച്ഛ്രയൻ പൌരാഃ പതാകാസ്തേ ഗൃഹേ ഗൃഹേ. 42

| | | | |
|---|---|---|---|
| തതഃ | അപ്പോൾ | പതാകാഃ | കൊടിക്കൂറകളെ |
| തേ | ആ | ഗൃഹേ ഗൃഹേ ഹി | ഗൃഹംതോറും |
| പൌരാഃ | പൌരന്മാർ | അഭ്യുച്ഛ്രയൻ | ഉയർത്തി. |

ഐക്ഷ്വാകാദ്ധ്യുഷിതം രമ്യമാസസാദ പിതുർഗൃഹം. 43

| | | | |
|---|---|---|---|
| ഐക്ഷ്വാകാദ്ധ്യുഷിതം | ഇക്ഷ്വാകുവംശത്തിലുള്ളവരാൽ നിവസിക്കപ്പെട്ടതായ | രമ്യം | മനോഹരമായ |
| | | ഗൃഹം | കോവിലകത്തെ |
| പിതുഃ | പിതാവിന്റെ | ആസസാദ. | പ്രാപിച്ചു. |

പിതുർഭവനമാസാദ്യ പ്രവിശ്യ ച മഹാത്മനഃ
കൌസല്യാം ച സുമിത്രാം ച കൈകേയീമഭിവാദ്യ ച 44
അഥാബ്രവീദ്രാജസുതോ ഭരതം ധർമ്മിണാം വരം
അർത്ഥോപഹിതയാ വാചാ മധുരം രഘുനന്ദനഃ. 45

| | | | |
|---|---|---|---|
| രാജസുതഃ | ചക്രവർത്തിസുതനായ | അഭിവാദ്യ | നമസ്കരിച്ചു് |
| രഘുനന്ദനഃ | ശ്രീരഘുവീരൻ | ധർമ്മിണാം | ധർമ്മിഷ്ഠന്മാരിൽവെച്ചു് |
| മഹാത്മനഃ | മഹാത്മാവായ | വരം | ഉത്തമനായ |
| പിതുഃ ഭവനം | പിതൃഗൃഹത്തെ | ഭരതം | ഭരതനെ നോക്കി |
| ആസാദ്യ | പ്രാപിച്ചു് | അർത്ഥോപഹിതയാ | സാരവത്തായ |
| പ്രവിശ്യ ച | ഉൾപ്പുക്കശേഷം | | |
| കൌസല്യാം ച | കൌസല്യാദേവിയേയും | വാചാ | വാക്കുകൊണ്ടു് |
| | | അഥ | ഇപ്രകാരം |
| സുമിത്രാം ച | സുമിത്രാദേവിയേയും | മധുരം | അൻപോടെ |
| കൈകേയീം ച | കൈകേയീദേവിയേയും | അബ്രവീത്. | അരുളിച്ചെയ്തു. |

യച്ച മദ്ഭവനം ശ്രേഷ്ഠം സാശോകവനികം മഹത്
മുക്താവൈഡൂര്യസങ്കീർണ്ണം സുഗ്രീവായ നിവേദയ. 46

| | | | |
|---|---|---|---|
| "സാശോകവനികം | അശോകവൃക്ഷങ്ങളിട തിങ്ങിയ ഉദ്യാനത്തോടുകൂടിയതും | ശ്രേഷ്ഠം | ശ്രേഷ്ഠവും |
| | | മഹത് | വിശാലവുമായ |
| | | മദ്ഭവനം | എന്റെ അരമന |
| മുക്താവൈഡൂര്യസങ്കീർണ്ണം | നന്മുത്തുകളും വൈഡൂര്യങ്ങളും പതിക്കപ്പെട്ടതും | യത് ച | യാതൊന്നോ അതിനെ |
| | | സുഗ്രീവായ | സുഗ്രീവന്നായിക്കൊണ്ട് |
| | | നിവേദയ" | നൽകിയാലും." |

തസ്യ തദ്വചനം ശ്രുത്വാ ഭരതഃ സത്യവിക്രമഃ
പാണൌ ഗൃഹീത്വാ സുഗ്രീവം പ്രവിവേശ തമാലയം. 47

| | | | |
|---|---|---|---|
| സത്യവിക്രമഃ | സത്യപരാക്രമനായ | സുഗ്രീവം | സുഗ്രീവനെ |
| ഭരതഃ | ഭരതൻ | പാണൌ ഗൃഹീത്വാ | കൈപിടിച്ചു കൂട്ടിക്കൊണ്ട് |
| തസ്യ | ശ്രീരാഘവന്റെ | | |
| തത് വചനം | ആ മൊഴി | തം ആലയം | ആ അരമനയിൽ |
| ശ്രുത്വാ | കേട്ട് | പ്രവിവേശ | പ്രവേശിപ്പിച്ചു |

[ഭക്തന്മാരുടെ പാദധൂളികൾ തട്ടി പരിശുദ്ധമായിത്തീരുവാനായി സുഗ്രീവഹനുമദ്വിഭീഷണാദികളെ തന്റെ അരമനയിൽ ആദ്യമായി പ്രവേശിപ്പിച്ചു എന്നു പാദ്മത്തിൽ പറയുന്നു "സ്വം ശ്രീമദ്ഭവനം രാമോ ഭക്തപാദാബ്ജരേണുഭിഃ ശുദ്ധീകർത്തുമനാ രാജാ ഹനൂമന്തമകല്മഷം, വിഭീഷണം ച സുഗ്രീവം ഗൃഹം പ്രവേശയത്തദാ"]

തതസ്തൈലപ്രദീപാംശ്ച പര്യങ്കാസ്തരണാനി ച
ഗൃഹീത്വാ വിവിശുഃ ക്ഷിപ്രം ശത്രുഘ്നേന പ്രചോദിതാഃ 48

| | | | |
|---|---|---|---|
| തതഃ | അപ്പോൾ | പര്യങ്കാസ്തരണാനി ച | കട്ടിൽ മെത്ത എന്നിവയേയും |
| ശത്രുഘ്നേന | ശത്രുഘ്നനാൽ | | |
| പ്രചോദിതാഃ | ആജ്ഞാപിക്കപ്പെട്ടവരായ പരിചാരികമാർ | ഗൃഹീത്വാ | എടുത്തുകൊണ്ട് |
| | | ക്ഷിപ്രം | ഉടനെ |
| തൈലപ്രദീപാൻ ച | ചങ്ങലവെട്ടകളേയും | വിവിശുഃ | പ്രവേശിച്ചു. |

ഉവാച ച മഹാതേജാഃ സുഗ്രീവം രാഘവാനുജഃ
അഭിഷേകായ രാമസ്യ ദൂതാനാജ്ഞാപയ പ്രഭോ. 49

| | | | |
|---|---|---|---|
| മഹാതേജാഃ | മഹാതേജസ്വിയായ | രാമസ്യ | ശ്രീരാമന്റെ |
| രാഘവാനുജഃ | ഭരതൻ | അഭിഷേകായ | പട്ടാഭിഷേകത്തിന്നുള്ള തീർത്ഥങ്ങൾക്കായി |
| സുഗ്രീവം | സുഗ്രീവനെ നോക്കി | | |
| ഉവാച | ഇപ്രകാരം ഉരചെയ്തു | ദൂതാൻ | ദൂതന്മാരെ |
| "പ്രഭോ | "രാജാവേ | ആജ്ഞാപയ ച" | ആജ്ഞാപിച്ചയച്ചാലും." |

സൌവർണ്ണാൻ വാനരേന്ദ്രാണാം ചതുർണ്ണാം ചതുരോ ഘടാൻ
ദദൌ ക്ഷിപ്രം സ സുഗ്രീവഃ സർവ്വരത്നവിഭൂഷിതാൻ. 50

| | | | |
|---|---|---|---|
| സഃ സുഗ്രീവഃ | ആ സുഗ്രീവൻ | ചതുരഃ ഘടാൻ | നാലു കുടങ്ങളെ |
| ക്ഷിപ്രം | ഉടനെ | ചതുർണ്ണാം വാനരേന്ദ്രാണാം | നാലു വാനരോത്തമന്മാർക്കൽ |
| സർവ്വരത്നവിഭൂഷിതാൻ | നവരത്നഖചിതങ്ങളായ | ദദൌ | കൊടുത്തു് ഇപ്രകാരം നിയമിച്ചു |
| സൌവർണ്ണാൻ | സ്വർണ്ണനിർമ്മിതങ്ങളായ | | |

യഥാ പ്രത്യൂഷസമയേ ചതുർണ്ണാം സാഗരാംഭസാം
പൂർണ്ണൈർഘടൈഃ പ്രതീക്ഷദ്ധ്വം തഥാ കുരുത വാനരാഃ. 51

| | | | |
|---|---|---|---|
| "വാനരാഃ | "വാനരന്മാരെ | ഘടൈഃ | കുടങ്ങളോടുംകൂടി |
| ചതുർണ്ണാം | നാലു | പ്രത്യൂഷസമയേ | പുലരുംമുമ്പേ |
| സാഗരാംഭസാം | സമുദ്രങ്ങളിലുള്ള ജലങ്ങൾകൊണ്ടു് | പ്രതീക്ഷദ്ധ്വം യഥാ തഥാ | തയ്യാറായി കാത്തു നിൽക്കത്തക്കവണ്ണം |
| പൂർണ്ണൈഃ | നിറഞ്ഞുള്ള | കുരുത" | പ്രവൃത്തിപ്പിൻ. |

ഏവമുക്താ മഹാത്മാനോ വാനരാ വാരണോപമാഃ
ഉത്പേതുർഗ്ഗഗനം ശീഘ്രം ഗരുഡാ ഇവ ശീഘ്രഗാഃ. 52

| | | | |
|---|---|---|---|
| ഏവം | ഇപ്രകാരം | ശീഘ്രഗാഃ | ശീഘ്രഗതിയാന്ന [illegible] |
| ഉക്താ | ആജ്ഞാപിക്കപ്പെട്ട | വാനരാഃ | വാനരന്മാർ [[illegible] |
| മഹാത്മാനഃ | മഹാത്മാക്കളും | ശീഘ്രം | വിരവോടെ |
| വാരണോപമാഃ | ഗജസദൃശന്മാരും | ഗഗനം | ആകാശത്തിൽ |
| ഗരുഡാഃ ഇവ | ഗരുഡൻപോലെ | ഉത്പേതുഃ | കുതിച്ചുചെന്നു. |

ജാംബവാംശ്ച ഹനൂമാംശ്ച വേഗദർശീ ച വാനരഃ
ഋഷഭശ്ചൈവ കലശാൻ ജലപൂർണ്ണാനഥാനയൻ. 53

| | | | |
|---|---|---|---|
| ജാംബവാൻ ച | ജാംബവാനും | ജലപൂർണ്ണാൻ | തീർത്ഥങ്ങൾ നിറച്ച |
| വാനരഃ | വാനരനായ | കലശാൻ | കലശങ്ങളെ |
| ഹനുമാൻ ച | ഹനുമാനും | | |
| വേഗദർശീ ച | വേഗദർശിയും | അഥ ഏവ | അപ്പോൾതന്നെ |
| ഋഷഭഃ ച | ഋഷഭനും | ആനയൻ | കൊണ്ടുവന്നു. |

നദീശതാനാം പഞ്ചാനാം ജലം കുംഭേഷു ചാഹരൻ. 54

| | | | |
|---|---|---|---|
| കുംഭേഷു | കുടങ്ങളിൽ | ജലം ച | ജലത്തെയും |
| പഞ്ചാനാം നദീശതാനാം | അഞ്ഞൂറു നദികളിലുള്ള | ആഹരൻ | എടുത്തുകൊണ്ടുവന്നു |

പൂർവ്വാത് സമുദ്രാത് കലശം ജലപൂർണ്ണമഥാനയത്
ജാംബവാൻ സത്വസമ്പന്നഃ സർവ്വരത്നവിഭൂഷിതം. 55

| | | | |
|---|---|---|---|
| സത്വസമ്പന്നഃ | ബലശാലിയായ | സർവ്വരത്ന-വിഭൂഷിതം | പലരത്നങ്ങളും പതിച്ചതുമായ |
| ജാംബവാൻ | ജാംബവാൻ | | |
| പൂർവ്വാത് സമുദ്രാത് | കിഴക്കസമുദ്രത്തിൽ നിന്നു | കലശം | കലശത്തെ |
| | | അഥ | ആ സമയം |
| ജലപൂർണ്ണം | ജലംനിറച്ചതും | ആനയത്. | കൊണ്ടുവന്നു. |

ഋഷഭോ ദക്ഷിണാത് തൂർണ്ണം സമുദ്രാജ്ജലമാഹരത്
രക്തചന്ദനശാഖാഭിഃ സംവൃതം കാഞ്ചനം ഘടം. 56

| | | | |
|---|---|---|---|
| ഋഷഭഃ | ഋഷഭൻ | സംവൃതം | മൂടപ്പെട്ട |
| ദക്ഷിണാത് സമുദ്രാത് | തെക്കെ സമുദ്രത്തിൽ നിന്നു | കാഞ്ചനം ഘടം | പൊൻകുടത്തിൽ |
| | | ജലം | തീർത്ഥത്തെ |
| രക്തചന്ദന-ശാഖാഭിഃ | രക്തചന്ദനത്തഴകളും കൊണ്ടു | തൂർണ്ണം | വേഗത്തിൽ |
| | | ആഹരത് | കൊണ്ടുവന്നു. |

ഗവയഃ പശ്ചിമാത് തോയമാജഹാര മഹാർണ്ണവാത്
രത്നകുംഭേന മഹതാ ശീതം മാരുതവിക്രമഃ. 57

| | | | |
|---|---|---|---|
| മാരുതവിക്രമഃ | വായുതുല്യവേഗതയാന്ന | മഹതാ | വമ്പിച്ച |
| | | രത്നകുംഭേന | രത്നകലശംകൊണ്ടു |
| ഗവയഃ | ഗവയൻ | ശീതം | കുളുത്ത |
| പശ്ചിമാത് | പടിഞ്ഞാറെ | തോയം | തീർത്ഥത്തെ |
| മഹാണ്ണവാത് | വൻകടലിൽനിന്നു | ആജഹാര. | കൊണ്ടുവന്നു. |

ഉത്തരാച്ച ജലം ശീഘ്രം ഗരുഡാനിലവിക്രമഃ
ആജഹാര സ ധർമ്മാത്മാ ഹനുമാൻ മാരുതാത്മജഃ. 58

| | | | |
|---|---|---|---|
| ധർമ്മാത്മാ | ധർമ്മാത്മാവും | ഹനുമാൻ | ഹനുമാൻ |
| ഗരുഡാനില-വിക്രമഃ | ഗരുഡനും വായുവുമൊത്ത വേഗതയാന്നവനും | ഉത്തരാത് ച | വടക്കെ സമുദ്രത്തിൽ [നിന്നും |
| | | ജലം | തീർത്ഥത്തെ |
| മാരുതാത്മജഃ | വായുതനുജനമായ | ശീഘ്രം | വേഗത്തിൽ |
| സഃ | ആ | ആജഹാര. | കൊണ്ടുവന്നു. |

തതസ്തൈർവ്വാനരശ്രേഷ്ഠൈരാനീതം പ്രേക്ഷ്യ തജ്ജലം
അഭിഷേകായ രാമസ്യ ശത്രുഘ്നഃ സചിവൈഃ സഹ
പുരോഹിതായ ശ്രേഷ്ഠായ സുഹൃദ്ഭ്യശ്ച ന്യവേദയത്. 59

| | | | |
|---|---|---|---|
| തതഃ | ആ സമയം | സചിവൈഃ സഹ | മന്ത്രിമാരോടുംകൂടി |
| തൈഃ | ആ | | |
| വാനരശ്രേഷ്ഠൈഃ | വാനരശ്രേഷ്ഠന്മാരാൽ | ശത്രുഘ്നഃ | ശത്രുഘ്നൻ |
| രാമസ്യ | ശ്രീരാമന്റെ | പ്രേക്ഷ്യ | കണ്ടു |
| അഭിഷേകായ | അഭിഷേകത്തിന്നായി | ശ്രേഷ്ഠായ | മഹാനായ |
| ആനീതം | കൊണ്ടുവരപ്പെട്ട | പുരോഹിതായ | വസിഷ്ഠമഹർഷിയോടും |
| തത് | ആ | സുഹൃദ്ഭ്യഃ ച | സുഹൃത്തുക്കളോടും |
| ജലം | തീർത്ഥത്തെ | ന്യവേദയത്. | വിവരം അറിയിച്ചു. |

## ശ്രീരസ്തു

## ശ്രീരാമസ്യ പട്ടാഭിഷേകഘട്ടഃ

തതഃ സ പ്രയതോ വൃദ്ധോ വസിഷ്ഠോ ബ്രാഹ്മണൈഃ സഹ
രാമം രത്നമയേ പീഠേ സഹസീതം ന്യവേശയത്. 60

| | | | |
|---|---|---|---|
| തതഃ | അതിൽപിന്നെ | രാമം | ശ്രീരാഘവനെ |
| വൃദ്ധഃ പ്രയതഃ | ജ്ഞാനിയും അത്യാസക്തിപൂണ്ടിരുന്നവനുമായ | സഹസീതം | സീതാദേവിയോടുംകൂടി |
| സഃ വസിഷ്ഠഃ | ആ വസിഷ്ഠഭഗവാൻ[യ | രത്നമയേ | രത്നമയമായ |
| ബ്രാഹ്മണൈഃ സഹ | ബ്രാഹ്മണരോടുംകൂടി | പീഠേ | സിംഹാസനത്തിൽ |
| | | ന്യവേശയത് | എഴുന്നെള്ളിച്ചിരുത്തി. |

വസിഷ്ഠോ വാമദേവശ്ച ജാബാലിരഥ കാശ്യപഃ
കാത്യായനഃ സുയജ്ഞശ്ച ഗൌതമോ വിജയസ്തഥാ 61
അഭ്യഷിഞ്ചന്നരവ്യാഘ്രം പ്രസന്നേന സുഗന്ധിനാ
സലിലേന സഹസ്രാക്ഷം വസവോ വാസവം യഥാ. 62

| | | | |
|---|---|---|---|
| വസിഷ്ഠഃ | വസിഷ്ഠഭഗവാനും | വാസവം | ത്രിലോകാധിപതിയായ |
| വാമദേവഃ ച | വാമദേവമഹർഷിയും | സഹസ്രാക്ഷം | ഇന്ദ്രനെ |
| ജാബാലിഃ അഥ | ജാബാലിമഹർഷിയും | യഥാ | എന്നപോലെ |
| കാശ്യപഃ | കാശ്യപമഹർഷിയും | സുഗന്ധിനാ | നറുമണമേലുന്നതും |
| കാത്യായനഃ | കാത്യായനമഹർഷിയും | പ്രസന്നേന | മന്ത്രപൂതവുമായ |
| സുയജ്ഞഃ ച | സുയജ്ഞമഹർഷിയും | സലിലേന | തീർത്ഥത്താൽ |
| ഗൌതമഃ | ഗൌതമമഹർഷിയും | നരവ്യാഘ്രം | പുരുഷോത്തമനെ |
| വിജയഃ തഥാ | വിജയമഹർഷിയും | അഭ്യഷിഞ്ചൻ. | മംഗളാഭിഷേചനം ചെയ്തു. |
| വസവഃ | അഷ്ടവസുക്കൾ | | |

ഋത്വിഗ്ഭിർബ്രാഹ്മണൈഃ പൂർവ്വം കന്യാഭിർമ്മന്ത്രിഭിസ്തഥാ
യോധൈശ്ചൈവാഭ്യഷിഞ്ചംസ്തേ സംപ്രഹൃഷ്ടാഃ സനൈഗമൈഃ 63
സർവ്വൌഷധിരസൈർദ്ദിവ്യൈർദ്ദൈവതൈർന്നഭസി സ്ഥിതൈഃ
ചതുർഭിർല്ലോകപാലൈശ്ച സർവ്വൈർദ്ദേവൈശ്ച സംഗതൈഃ. 64

| | | | |
|---|---|---|---|
| തേ | അവർ | സനൈഗമൈഃ | വ്യാപാരികളോടുംകൂടി |
| സംപ്രഹൃഷ്ടാഃ | അത്യാനന്ദഭരിതരായി | യോധൈഃ ച | ഭടന്മാരെക്കൊണ്ടും [യ |
| പൂർവ്വം | ആദ്യം | നഭസി | ആകാശത്തിൽ |
| ഋത്വിഗ്ഭിഃ | ഋത്വിക്കുകളെക്കൊണ്ടും | സ്ഥിതൈഃ | വർത്തിച്ചവരായ |
| ബ്രാഹ്മണൈഃ | ബ്രാഹ്മണരെക്കൊണ്ടും | ചതുർഭിഃ | ബ്രഹ്മവിഷ്ണുരുദ്രേന്ദ്രന്മാരായ നാലു ലോകേശ- |
| തഥാ | അപ്രകാരംതന്നെ | ലോകപാലൈഃ ച | രന്മാരായ |
| കന്യാഭിഃ | കന്യകമാരെക്കൊണ്ടും | ദൈവതൈഃ | ദേവന്മാരെക്കൊണ്ടും |
| മന്ത്രിഭിഃ ഏവ | മന്ത്രിമാരെക്കൊണ്ടും | | |

| | | | |
|---|---|---|---|
| സംഗതൈഃ | ഒന്നിച്ചുചേൎന്നവരായ | ദിവ്യൈഃ | ദിവ്യങ്ങളായ |
| സൎവ്വൈഃ | എല്ലാ | സൎവ്വൌഷധിരസൈഃ | എല്ലാ ഔഷധികളുടെ രസങ്ങളാൽ |
| ദേവൈ: ച | ദേവകളെക്കൊണ്ടും | അഭ്യഷിഞ്ചൻ | അഭിഷേകം ചെയ്യിച്ചു. |

[ഇതിന്നുശേഷം കിരീടം ധരിപ്പിച്ചതായ ഈ നാലു ശ്ലോകങ്ങളും പല ഗ്രന്ഥങ്ങളിലും കാണുന്നുണ്ടു്:- "ബ്രഹ്മണാ നിൎമ്മിതം പൂൎവ്വം കിരീടം രത്നശോഭിതം അഭിഷിക്തഃ പുരാ യേന മനുസ്തം ദീപ്തതേജസം, തസ്യാന്വവായേ രാജാനഃ ക്രമാദ്യേനാഭിഷേചിതാ സഭായാം ഹേമക്ലിപ്തായാം ശോഭിതായാം മഹാജനൈഃ രത്നൈർനാനാവിധൈശ്ചൈവ ചിത്രിതായാം സുശോഭനൈഃ നാനാരത്നമയേ പീഠേ കല്പയിത്വാ യഥാവിധി കിരീടേന തതഃ പശ്ചാദ്വസിഷ്ഠേന മഹാത്മനാ ഋത്വിഗ്ഭിർ ഭൂഷണൈശ്ചൈവ സമയോക്ഷ്യത രാഘവഃ. അദ്ധ്യാത്മരാമായണത്തിൽ ഈ ഘട്ടത്തിൽ ശ്രീരാമനെ വൎണ്ണിച്ചിരിക്കുന്ന പ്രകാരം കാൺക. "നവദൂൎവ്വാദളശ്യാമം പദ്മപത്രായതേക്ഷണം രവികോടിപ്രഭായുക്തകിരീടേന വിരാജിതം കോടികന്ദർപ്പലാവണ്യം പീതാംബരസമാവൃതം, ദിവ്യാഭരണസമ്പന്നം ദിവ്യചന്ദനലേപനം അയുതാദിത്യ സങ്കാശം ദ്വിഭുജം രഘുനന്ദനം വാമഭാഗേ സമാസീനാം സീതാം കാഞ്ചനസന്നിഭാം സൎവ്വാഭരണസമ്പന്നാം വാമാങ്കേ സമുപസ്ഥിതാം രക്തോത്പലകരാംഭോജാം വാമേനാലിംഗ്യ സ സ്ഥിതാം സൎവ്വാതിശയ ശോഭാഢ്യം ദൃഷ്ട്വാ ഭക്തിസമന്വിതഃ ഉമയാസഹിതോ ദേവ: ശങ്കരോ രഘുനന്ദനം സൎവ്വദേവഗണൈൎയ്യുക്തഃ സ്തോതും സമുപചക്രമേ" ആനന്ദരാമായണത്തിൽ ഇപ്രകാരം വൎണ്ണിച്ചിരിക്കുന്നു. "അഥ രാമായ രാജ്യാത്മമഭിഷേകം ഗുരുസ്തദാ ചകാര സുമുഹൂൎത്തേ വൈ മഹാമംഗളപൂൎവ്വകം ഹനുമത് പ്രമുഖാദ്യൈശ്ച ചതുഃസിന്ധുജലം ശുഭം സമാനീയന്ദ്വൈപൈഃ സരൈർവ്വൎമ്മഹാവാദ്യപുരഃസരം ഛത്രം ച തസ്യ ജഗ്രാഹ പൃഷ്ഠസംസ്ഥഃ സ ലക്ഷ്മണഃ ദധാര സവ്യപാൎശ്വസ്ഥ ചാമരം ഭരതസ്തദാ ശത്രുഘ്നോ വാമപാൎശ്വസ്ഥോ ദധാര വ്യജനം ശുഭം ഹനുമാൻ പാദുകേ ദിവ്യേ ദധാര പുരതസ്ഥിതഃ വായവ്യാദിചതുഷ്കോണസംസ്ഥിതാസ്തേ മഹൌജസ: സുഗ്രീവാദ്യാസ്തദാ ചാസംശ്ചത്വാരോ രാഘവേക്ഷണാ: സുഗ്രീവോ ജാംബവാംശ്ച നരാദർശം വിഭീഷണ: ദധാരഹസ്തേ താംബൂലപാത്രം സ വാലിനന്ദന: വസ്ത്രകോശം ജദംബവാംശ്ച ദധാര ഭഗവത്തര: തസ്ഥൌ സിംഹാസനേ രാമ: സപൃഷ്ഠാങ്കോപബർഹണ: സൌമിത്രി വാമപാൎശ്വേƒഥ സമ്പാതിഃ സംസ്ഥിതോ ഭവത് വാരപാൎശ്വേ ഭരതസ്യ ഗുഹകഃ സംസ്ഥിതോƒഭവത് ശത്രുഘ്നവാമപാൎശ്വേƒഥ സംസ്ഥിതോ മകരധ്വജ: ഹനുമദ്വാമപാൎശ്വേƒഥ ഗരുഡ: സംസ്ഥിതോƒഭവത് സുഗ്രീവാദിചതുൎണ്ണാം തേ വാമപാൎശ്വേഷു സംസ്ഥിതാ: ശ്രീചിത്രരഥവിജയസുമന്ത്രദാരുകസ്തഥാ നാനാരാജോപകരണധൃതഹസ്താ മഹൌജസ: യയുർദേവാസുരാഃ സൎവ്വേ യക്ഷഗന്ധൎവ്വകിന്നരാഃ ഔഷധ്യ: പൎവ്വതാ വൃക്ഷാ സാഗരാശ്ചാഥ നിമ്നഗാ:]

ഛത്രം തു തസ്യ ജഗ്രാഹ ശത്രുഘ്നഃ പാണ്ഡുരം ശുഭം
ശ്വേതം ച വാലവ്യജനം സുഗ്രീവോ വാനരേശ്വരഃ
അപരം ചന്ദ്രസംകാശം രാക്ഷസേന്ദ്രോ വിഭീഷണഃ. 65

| | | | |
|---|---|---|---|
| ശത്രുഘ്നഃ | ശത്രുഘ്നൻ | തു | അപ്രകാരംതന്നെ |
| തസ്യ | അദ്ദേഹത്തിന്നായ്ക്കൊ | | പിടിച്ചുംകൊണ്ടുവീശി |
| ശുഭ്രം | രമണീയമായ [ണ്ടു് | രാക്ഷസേന്ദ്രഃ | രാക്ഷസരാജാവായ |
| പാണ്ഡുരം ഛത്രം | വെൺകൊററക്കുട | വിഭീഷണഃ | വിഭീഷണൻ |
| ജഗ്രാഹ | പിടിച്ചു | ചന്ദ്രസംകാശം | പനിമതി സദൃശമായ |
| വാനരേശ്വരഃ | വാനരരാജാവായ | അപരം | മറെറാരു വെഞ്ചാമര |
| സുഗ്രീവഃ | സുഗ്രീവൻ | | ത്തേയും |
| ശ്വേതം വാലവ്യജനം | ഒരു ഭാഗത്തിൽ വെഞ്ചാമരവും | ച | അപ്രകാരംതന്നെ വീശി. |

മാലാം ജ്വലന്തീം വപുഷാ കാഞ്ചനീം ശതപുഷ്കരാം
രാഘവായ ദദൌ വായുർവ്വാസവേന പ്രചോദിതഃ. 66

| | | | |
|---|---|---|---|
| വാസവേന | ഇന്ദ്രനാൽ | വപുഷാ ജ്വലന്തീം | ഭംഗിപൂണ്ടു് ഉല്ലസിക്കുന്നതുമായ |
| പ്രചോദിതഃ | ആജ്ഞാപിക്കപ്പെട്ട | മാലാം | ഒരു മാലയെ |
| വായുഃ | വായുഭഗവാൻ | രാഘവായ | ശ്രീരാഘവന്നായ്ക്കൊണ്ടു് |
| കാഞ്ചനീം | സ്വർണ്ണമയമായ | ദദൌ. | സമർപ്പിച്ചു. |
| ശതപുഷ്കരാം | നൂറുതാമരപ്പൂക്കളൊന്നതും | | |

സർവ്വരത്നസമായുക്തം മണിരത്നവിഭൂഷിതം
മുക്താഹാരം നരേന്ദ്രായ ദദൌ ശക്രപ്രചോദിതഃ. 67

| | | | |
|---|---|---|---|
| സർവ്വരത്നസമായുക്തം | നവരത്നഖചിതവും | മുക്താഹാരം | ഒരു മുത്തുമാലയെ |
| മണിരത്നവിഭൂഷിതം | നായകമണിയോടുകൂടിയതായി ഭംഗിയേറിയതുമായ | നരേന്ദ്രായ | പുരുഷോത്തമന്നായ്ക്കൊണ്ടു് |
| | | ശക്രപ്രചോദിതഃ | ഇന്ദ്രപ്രേരിതനായ വായുഭഗവാൻ |
| | | ദദൌ | നൽകി. |

പ്രജഗുർദ്ദേവഗന്ധർവ്വാ നനൃതുശ്ചാപ്സരോഗണാഃ
അഭിഷേകേ തദർഹസ്യ തദാ രാമസ്യ ധീമതഃ 68

| | | | |
|---|---|---|---|
| തദാ | ആ സമയം | ദേവഗന്ധർവ്വാഃ | ദേവന്മാരും ഗന്ധർവ്വന്മാരും |
| തദർഹസ്യ | ആ പട്ടാഭിഷേകത്തിന്നു പൂർണ്ണമായ അർഹതയുള്ള | പ്രജഗുഃ | ഗാനംചെയ്തു. |
| ധീമതഃ | ധീമാനായ | അപ്സരോഗണാഃ ച | അപ്സരസ്ത്രീഗണങ്ങളും |
| രാമസ്യ | ശ്രീരാഘവന്റെ | നനൃതുഃ | നർത്തനംചെയ്തു. |
| അഭിഷേകേ | പട്ടാഭിഷേകമഹോത്സവത്തിൽ | | |

[ഈ ഘട്ടത്തിൽ പരമശിവൻ ശ്രീരാമസ്തോത്രം ചെയ്തതായി ആനന്ദരാമായണത്തിലും അദ്ധ്യാത്മരാമായണത്തിലും മററും പറയപ്പെട്ടിട്ടുണ്ടു്. ആനന്ദരാമായണത്തിലെ സ്തോത്രമാകുന്നു ഇതു്:—

സുഗ്രീവമിത്രം പരമം പവിത്രം സീതാകളത്രം നവമേഘഗാത്രം
കാരുണ്യപാത്രം ശതപത്രനേത്രം ശ്രീരാമചന്ദ്രം സതതം നമാമി.
സംസാരസാരം നിഗമപ്രചാരം ധർമ്മാവതാരം ഹൃതഭൂമിഭാരം
സദാവികാരം സുഖസിന്ധുസാരം ശ്രീരാമചന്ദ്രം സതതം നമാമി.
ലക്ഷ്മീവിലാസം ജഗതാം നിവാസം ലങ്കാവിനാശം ഭുവനപ്രകാശം
ഭൂദേവവാസം ശരദിന്ദുഹാസം ശ്രീരാമചന്ദ്രം സതതം നമാമി.
മന്ദാരമാലം വചനേ രസാലം ഗുണൈർവിശാലം ഹൃതസപ്തതാലം
ക്രവ്യാദകാലം സുരലോകപാലം ശ്രീരാമചന്ദ്രം സതതം നമാമി.
വേദാന്തഗാനം സകലൈഃ സമാനം ഹൃതാരിമാനം ത്രിദശപ്രധാനം
ഗജേന്ദ്രയാനം വിഗതാവസാനം ശ്രീരാമചന്ദ്രം സതതം നമാമി
ശ്യാമാഭിരാമം നയനാഭിരാമം ഗുണാഭിരാമം വചനാഭിരാമം
വിശ്വപ്രണാമം കൃതഭക്തകാമം ശ്രീരാമചന്ദ്രം സതതം നമാമി.
ലീലാശരീരം രണരംഗധീരം വിശ്വൈകസാരം രഘുവംശഹാരം
ഗംഭീരനാദം ജിതസർവ്വവാദം ശ്രീരാമചന്ദ്രം സതതം നമാമി.
ഖലേ വിഭീതം സുജനേ വിനീതം സാമോപഗീതം മനസാപ്രതീതം
രാഗേണ ഗീതം വചനാദതീതം ശ്രീരാമചന്ദ്രം സതതം നമാമി
ശ്രീരാമചന്ദ്രസ്യ വരാഷ്ടകം ത്വാം മയേരിതം ദേവി മനോഹരം യേ
പഠന്തി ശൃണ്വന്തി ഗൃണന്തി ഭക്ത്യാ തേ സ്വീയകാമാൻ പ്രലഭന്തി നിത്യം

ഭൂമിഃ സസ്യവതീ ചൈവ ഫലവന്തശ്ച പാദപാഃ
ഗന്ധവന്തി ച പുഷ്പാണി ബഭൂവു രാഘവോത്സവേ. 69

| | | | |
|---|---|---|---|
| രാഘവോത്സവേ | ശ്രീരാഘവന്റെ പട്ടാഭിഷേകമഹോത്സവത്തിൽ | പാദപാഃ | തരുക്കൾ |
| ഭൂമിഃ ഏവ | ഭൂമിയാസകലം | ഫലവന്തശ്ച | ഫലങ്ങൾ നിറഞ്ഞവയായും |
| സസ്യവതീ ച | സസ്യങ്ങൾ നിറഞ്ഞതായും | പുഷ്പാണി | പൂക്കൾ |
| | | ഗന്ധവന്തി ച | നറുമണമാർന്നവയായും |
| | | ബഭൂവുഃ | ഭവിച്ചു. |

സഹസ്രശതമശ്വാനാം ധേനൂനാം ച ഗവാം തഥാ
ദദൗ ശതം വൃഷാൻ പൂർവ്വം ദ്വിജേഭ്യോ മനുജർഷഭഃ 70

| | | | |
|---|---|---|---|
| മനുജർഷഭഃ | പുരുഷോത്തമനായ ശ്രീരാമൻ | ഗവാം | പശുക്കളേയും |
| | | ശതം | നൂറ് |
| അശ്വാനാം സഹസ്രശതം | ലക്ഷം കുതിരകളേയും | വൃഷാൻ | വൃഷഭങ്ങളേയും |
| | | പൂർവ്വം | ഒന്നാമതായി |
| തഥാ ച | അപ്രകാരംതന്നെ ഒരു ലക്ഷം | ദ്വിജേഭ്യഃ | ബ്രാഹ്മണക്ക് |
| ധേനൂനാം | കറവയുള്ള | ദദൗ | ദാനം ചെയ്തു. |

ത്രിംശത്കോടിർഹിരണ്യസ്യ ബ്രാഹ്മണേഭ്യോ ദദൌ പുനഃ
നാനാഭരണവസ്ത്രാണി മഹാർഹാണി ച രാഘവഃ. 71

| | |
|---|---|
| രാഘവഃ | ശ്രീരാഘവൻ |
| പുനഃ | വീണ്ടും |
| ബ്രാഹ്മണേഭ്യഃ | ബ്രാഹ്മണക്കായ്ക്കൊണ്ടു |
| ഹിരണ്യസ്യ ത്രിംശത്കോടിഃ | മുപ്പതുകോടി വരാഹനും |
| മഹാർഹാണി | വളരെ വിലപിടിച്ച |
| നാനാഭരണ-വസ്ത്രാണി ച | പല ആഭരണങ്ങളേയും വസ്ത്രങ്ങളേയും |
| ദദൌ. | വിതരണംചെയ്തു. |

അർക്കരശ്മിപ്രതീകാശാം കാഞ്ചനീം മണിവിഗ്രഹാം
സുഗ്രീവായ സ്രജം ദിവ്യാം പ്രായച്ഛന്മനുജർഷഭഃ. 72

| | |
|---|---|
| മനുജർഷഭഃ | പുരുഷോത്തമൻ |
| അർക്കരശ്മി-പ്രതീകാശാം | സൂര്യകിരണസന്നിഭവും |
| മണിവിഗ്രഹാം | രത്നഖചിതവും |
| ദിവ്യാം | ഭംഗിയേറിയതുമായ |
| കാഞ്ചനീം | സ്വർണ്ണമയമായ |
| സ്രജം | ഒരു ഹാരത്തെ |
| സുഗ്രീവായ | സുഗ്രീവന്നായ്ക്കൊണ്ടു് |
| പ്രായച്ഛത്. | സമ്മാനിച്ചു. |

വൈഡൂര്യമണിചിത്രേ ച വജ്രരത്നവിഭൂഷിതേ
വാലിപുത്രായ ധൃതിമാനംഗദായാംഗദേ ദദൌ. 73

| | |
|---|---|
| ധൃതിമാൻ | പ്രസന്നതപൂണ്ടവനായ ശ്രീരാമൻ |
| വൈഡൂര്യ-മണിചിത്രേ | വൈഡൂര്യരത്നങ്ങളാൽ ഭംഗിയിലുണ്ടാക്കപ്പെട്ട |
| വജ്രരത്ന-വിഭൂഷിതേ ച | നായകക്കല്ലായി വൈരം പതിക്കപ്പെട്ടതായ |
| അംഗദേ | രണ്ടു തോൾവളകളെ |
| വാലിപുത്രായ | ബാലിപുത്രനായ |
| അംഗദായ | അംഗദന്നായ്ക്കൊണ്ടു് |
| ദദൌ. | നൽകി. |

മണിപ്രവരജുഷ്ടം ച മുക്താഹാരമനുത്തമം
സീതായൈ പ്രദദൌ രാമശ്ചന്ദ്രരശ്മിസമപ്രഭം. 74

| | |
|---|---|
| രാമഃ | ശ്രീരാമൻ |
| മണിപ്രവര-ജുഷ്ടം | ഉത്തമമായ പതക്കത്തോടു കൂടിയതും |
| ചന്ദ്രരശ്മി-സമപ്രഭം | ചന്ദ്രരശ്മിയൊത്ത കാന്തിയോടുകൂടിയതും |
| അനുത്തമം ച | നിസ്തുല്യവുമായ |
| മുക്താഹാരം | ഒരു മുത്തുമാലയെ |
| സീതായൈ പ്രദദൌ. | സീതയുടെ കഴുത്തിൽ അണിയിച്ചു. |

അരജേ വാസസീ ദിവ്യേ ശുഭാന്യാഭരണാനി ച
അവേക്ഷമാണാ വൈദേഹീ പ്രദദൌ വായുസൂനവേ. 75

| | |
|---|---|
| വൈദേഹീ | സീതാദേവി |
| അവേക്ഷ-മാണാ | കടാക്ഷിച്ചുളരുന്നവളായി |
| വായുസൂനവേ | വായുസുതന്നായ്ക്കൊണ്ടു |
| അരജേ | പരിശുദ്ധവും |
| ദിവ്യേ | ദിവ്യങ്ങളുമായ |
| വാസസീ | രണ്ടു വസ്ത്രങ്ങളേയും |
| ശുഭാനി | വിശേഷപ്പെട്ട |
| ആഭരണാനി ച | ആഭരണങ്ങളേയും |
| പ്രദദൌ | നൽകി. |

അവമുച്യാത്മനഃ കണ്ഠാദ്ധാരം ജനകനന്ദിനീ
അവൈക്ഷത ഹരീൻ സൎവ്വാൻ ഭർത്താരം ച മുഹുൎമ്മുഹുഃ 76

| | | | |
|---|---|---|---|
| ജനകനന്ദിനി | ജനകപുത്രി | സൎവ്വാൻ | എല്ലാ |
| ആത്മനഃ | തന്റെ | ഹരീൻ | വാനരന്മാരേയും |
| കണ്ഠാത് | കഴുത്തിൽനിന്നു | ഭർത്താരം ച | ഭർത്താവിനേയും |
| ഹാരം | ഹാരത്തെ | മുഹുഃ മുഹുഃ | പലകുറി |
| അവമുച്യ | എടുത്തു | അവൈക്ഷത | നിരീക്ഷിച്ചു. |

താമിംഗിതജ്ഞഃ സംപ്രേക്ഷ്യ ബഭാഷേ ജനകാത്മജാം
പ്രദേഹി സുഭഗേ ഹാരം യസ്യ തുഷ്ടാഽസി ഭാമിനി 77
തേജോ ധൃതിൎയ്യശോ ദാക്ഷ്യം സാമൎത്ഥ്യം വിനയോ നയഃ
പൌരുഷം വിക്രമോ ബുദ്ധിൎയ്യസ്മിന്നേതാനി സൎവ്വശഃ. 78

| | | | |
|---|---|---|---|
| ഇംഗിതജ്ഞഃ | ഭാവജ്ഞനായ ശ്രീരാ [ഘവൻ | വിനയഃ | സദാചാരവും |
| താം | ആ | നയഃ | പൂൎവ്വാലോചനയും |
| ജനകാത്മജാം | ജനകനന്ദിനിയെ | പൌരുഷം | വീൎയ്യവും |
| സംപ്രേക്ഷ്യ | നോക്കി | വിക്രമഃ | പരാക്രമവും |
| ബഭാഷേ | ഇപ്രകാരം അരുളിച്ചെ [യ്തു | ബുദ്ധിഃ | ബുദ്ധിയും |
| "സുഭഗേ | "പ്രേയസി | ഏതാനി സൎവ്വശഃ | ഇവയെല്ലാം |
| ഭാമിനി | സുന്ദരി | യസ്മിൻ | യാതൊരുവങ്കലുണ്ടോ |
| തേജഃ | അമാനുഷശക്തിയും | യസ്യ | യാതൊരുവനെക്കുറിച്ച് |
| ധൃതിഃ | സ്ഥിരോത്സാഹവും | തുഷ്ടാ അസി | ഭവതി സന്തുഷ്ടയായിരിക്കുന്നുവോ, അവന്നായി |
| യശഃ | യശസ്സും | | |
| ദാക്ഷ്യം | സത്യപ്രവൎത്തനവും | ഹാരം | ഹാരത്തെ |
| സാമൎത്ഥ്യം | സാമൎത്ഥ്യവും | പ്രദേഹി. | സമ്മാനിച്ചാലും. |

ദദൌ സാ വായുപുത്രായ തം ഹാരമസിതേക്ഷണാ. 79

| | | | |
|---|---|---|---|
| അസിതേക്ഷിണാ | കരിമിഴിയാളായ | ഹാരം | ഹാരത്തെ |
| സാ | അവൾ | വായുപുത്രായ | ഹനുമാന്നായ്ക്കൊണ്ട് |
| തം | ആ | ദദൌ | നൽകി. |

ഹനുമാംസ്തേന ഹാരേണ ശുശുഭേ വാനരൎഷഭഃ
ചന്ദ്രാംശുചയഗൌരേണ ശ്വേതാഭ്രേണ യഥാഽചലഃ 80

| | | | |
|---|---|---|---|
| വാനരൎഷഭഃ | വാനരോത്തമനായ | തേന ഹാരേണ | ആ ഹാരത്താൽ |
| ഹനുമാൻ | ഹനുമാൻ | അചലഃ | ഒരു പൎവ്വതം |
| ചന്ദ്രാംശുചയ-ഗൌരേണ | മുഴുമതിയുടെ കിരണജാലംപോലെ വെണ്മപൂണ്ട | ശ്വേതാഭ്രേണ | വെൺമുകിലിനാൽ |
| | | യഥാ | എന്നപോലെ |
| | | ശുശുഭേ. | വിളങ്ങി. |

തതോ ദ്വിവിദമൈന്ദാഭ്യാം നീലായ ച പരന്തപഃ
സൎവ്വാൻ കാമഗുണാൻ വീക്ഷ്യ പ്രദദൌ വസുധാധിപഃ 81

| | | | |
|---|---|---|---|
| പരന്തപഃ | ശത്രുവിധ്വംസകനായ | ദ്വിവിദ-<br>മൈന്ദാഭ്യാം | ദ്വിവിദനും മൈന്ദനും |
| വസുധാധിപഃ | ചക്രവത്തിയായശ്രീരാ | നീലായ ച | നീലനായിക്കൊണ്ടും |
| സവ്വാൻ | എല്ലാവരേയും [ഘവൻ | കാമഗുണാൻ | തക്കതായശ്രേഷ്ഠബഹു |
| വീക്ഷ്യ | കടാക്ഷിച്ച് | പ്രദദൌ | നൽകി. [മതികളെ |
| തതഃ | അതിൽപിന്നെ | | |

സർവ്വവാനരവൃദ്ധാശ്ച യേ ചാന്യേ വാനരേശ്വരാഃ
വാസോഭിർഭൂഷണൈശ്ചൈവ യഥാർഹം പ്രതിപൂജിതാഃ 82

| | | | |
|---|---|---|---|
| സർവ്വ-<br>വാനരവൃദ്ധാഃ | വാനരന്മാരിൽ മഹാ<br>ന്മാരായുള്ള എല്ലാവരും | വാസോഭിഃ ച | വസ്ത്രങ്ങൾകൊണ്ടും |
| അന്യേ | മററുള്ള | ഭൂഷണൈഃ ഏവ | ആഭരണങ്ങൾ കൊണ്ടും |
| വാനരേശ്വരാഃ | വാനരത്തലവന്മാർ | യഥാർഹം | ഉചിതംപോലെ |
| യേ ച | യാതൊരുവരോ അവരും | പ്രതിപൂജിതാഃ | ബഹുമാനിക്കപ്പെട്ടു. |

വിഭീഷണോഽഥ സുഗ്രീവോ ഹനുമാൻ ജാംബവാംസ്തഥാ
സർവ്വവാനരമുഖ്യാശ്ച രാമേണാക്ലിഷ്ടകർമ്മണാ 83
യഥാർഹം പൂജിതാഃ സർവ്വൈഃ കാമൈ രത്നൈശ്ച പുഷ്കലൈഃ
പ്രഹൃഷ്ടമനസഃ സർവ്വേ ജഗ്മുരേവ യഥാഗതം. 84

| | | | |
|---|---|---|---|
| അഥ | അനന്തരം | രത്നൈഃ ച | രത്നങ്ങൾകൊണ്ടും |
| വിഭീഷണഃ | വിഭീഷണനും | അക്ലിഷ്ട-<br>കർമ്മണാ | എന്നും കുറവില്ലാതെ<br>ചെയ്യുന്നവനായ |
| സുഗ്രീവഃ | സുഗ്രീവനും | രാമേണ | ശ്രീരാഘവനാൽ |
| ഹനുമാൻ | ഹനുമാനും | യഥാർഹം | യഥോചിതം |
| ജാംബവാൻ | ജാംബവാനും | പൂജിതാഃ | ബഹുമാനിക്കപ്പെട്ടവ |
| തഥാ | മററുള്ള | സർവ്വേ | എല്ലാവരും [രായി |
| സർവ്വവാനര-<br>മുഖ്യാഃ ച | എല്ലാ വാനരവീര<br>ന്മാരും | പ്രഹൃഷ്ടമനസഃ | അത്യാനന്ദമുൾക്കൊ<br>ണ്ടവരായി |
| കാമൈഃ | അത്യുത്കൃഷ്ടങ്ങളും | യഥാഗതം ഏവ | വന്നവണ്ണംതന്നെ |
| പുഷ്കലൈഃ | അളവററവയുമായ | ജഗ്മുഃ | മടങ്ങിച്ചെന്നു. |
| സർവ്വൈഃ | സർവ്വവിധ | | |

നത്വാ സർവ്വേ മഹാത്മാനം തതസ്തേ പ്ലവഗർഷഭാഃ
വിസൃഷ്ടാഃ പാർത്ഥിവേന്ദ്രേണ കിഷ്കിന്ധാമഭ്യുപാഗമൻ. 85

| | | | |
|---|---|---|---|
| തേ | ആ | തതഃ | അതിൽപിന്നെ |
| പ്ലവഗർഷഭാഃ | വാനരോത്തമന്മാർ | പാർത്ഥിവേന്ദ്രേണ | ചക്രവത്തിയാൽ |
| സർവ്വേ | എല്ലാവരും | വിസൃഷ്ടാഃ | വിടയരുളപ്പെട്ടവരായി |
| മഹാത്മാനം | ശ്രീരാമപരമാത്മാവി | കിഷ്കിന്ധാം | കിഷ്കിന്ധയിൽ |
| നത്വാ | നമസ്കരിച്ച് [നെ | അഭ്യുപാഗമൻ | ചെന്നുചേർന്നു. |

സുഗ്രീവോ വാനരശ്രേഷ്ഠോ ദൃഷ്ട്വാ രാമാഭിഷേചനം
പൂജിതശ്ചൈവ രാമേണ കിഷ്കിന്ധാം പ്രാവിശത് പുരീം. 86

വാനരശ്രേഷ്ഠഃ വാനരശ്രേഷ്ഠനായ
സുഗ്രീവഃ ച സുഗ്രീവനും
രാമാഭിഷേചനം ശ്രീരാമപട്ടാഭിഷേകത്തെ
ദൃഷ്ട്വാ സന്ദർശിച്ച്
രാമേണ ഏവ ശ്രീരാമനാൽ തന്നെ
പൂജിതഃ ബഹുമാനിക്കപ്പെട്ടവനായി
കിഷ്കിന്ധാം പുരീം കിഷ്കിന്ധാനഗരത്തെ
പ്രാവിശത് പ്രാപിച്ചു.

വിഭീഷണോഽപി ധർമ്മാത്മാ സഹ തൈർന്നൈർഋതർഷഭൈഃ
ലബ്ധ്വാ കുലധനം രാജാ ലങ്കാം പ്രായാന്മഹായശാഃ. 87

മഹായശാഃ മഹായശസ്വിയും
ധർമ്മാത്മാ ധർമ്മാത്മാവുമായ
വിഭീഷണഃ രാജാ അപി വിഭീഷണമഹാരാജാവും
തൈഃ ആ
നൈർഋതർഷഭൈഃ സഹ രാക്ഷസശ്രേഷ്ഠന്മാരോടുകൂടി
കുലധനം തന്റെ കുലത്തിന്നു ധനമായുള്ള ശ്രീരാമപ്രസാദത്തെ
ലബ്ധ്വാ കയ്ക്കൊണ്ടവനായി
ലങ്കാം പ്രായാത്. ലങ്കയ്ക്ക് എഴുന്നെള്ളി.

["കുലധനം":— രാക്ഷസക്ക് കുലധനമായ ലങ്കാരാജ്യത്തെ; ഇക്ഷ്വാകുകുലത്തിന്ന് ധനമായ ശ്രീരാമനെ സഖിത്വം വഴിയായി ലഭിച്ച്; ഇക്ഷ്വാകുകുലത്തിന്ന് കുലദൈവമായ ശ്രീരംഗവിമാനത്തെ ലഭിച്ച് എന്നിങ്ങിനെ വ്യാഖ്യാന്തരങ്ങളും.

ഉത്തരകാണ്ഡം 108-ാം സർഗ്ഗത്തിൽ സ്വർഗ്ഗാരോഹണഘട്ടത്തിൽ ശ്രീരാമൻ വിഭീഷണനോട് ഇക്ഷ്വാകുകുലദൈവമായ ശ്രീരംഗനാഥനെ ആരാധിപ്പാനായിപറയുന്നു. 'കിഞ്ചാന്യദ്വക്തുമിച്ഛാമി രാക്ഷസേന്ദ്ര മഹാമതേ. ആരാധയ ജഗന്നാഥമിക്ഷ്വാകുകുലദൈവതം. ആരാധനീയമനിശം സർവ്വൈർദ്ദേവൈഃ സവാസവൈഃ" പാദ്മപുരാണം ഉത്തരഖണ്ഡം 244-ാം അദ്ധ്യായത്തിലും സ്വർഗ്ഗാരോഹണസമയത്തിൽ ശ്രീരാമൻ വിഭീഷണന്റെ വക്കൽ സ്വകുലദൈവതമായ ശ്രീരംഗശായിയെ നൽകിയതായി പറയപ്പെട്ടിരിക്കുന്നു. ''യാവച്ചന്ദ്രശ്ച സൂര്യശ്ച യാവത്തിഷ്ഠതി മേദിനീ. താവദ്രമസ്വരാജ്യസ്ഥഃ കാലേ മമ പദം വ്രജ. ഇത്യുക്ത്വാ പ്രദദൌ തസ്മൈ സ്വവിശ്ലേഷാസഹിഷ്ണവേ. ശ്രീരംഗശായിനം സ്വാർച്ച്യമിക്ഷ്വാകുകുലദൈവതം രംഗം വിമാനമാദായ ലങ്കാം പ്രായാദ്വിഭീഷണഃ" ഇക്കാരണത്താലും, സ്വകുലദൈവതത്തെ ആരാധിക്കാതെ തന്നെ ശേഷമുള്ള പതിനോരായിരം വത്സരങ്ങളും ശ്രീരാഘവൻ കഴിക്കുക എന്നത് അനുചിതമാകയാലും, ഈ അർത്ഥം സാധുവല്ലെന്ന് ചിലരുടെ പക്ഷം.

സ്കാന്ദപുരാണം ഉമാസംഹിതയിൽ പന്ത്രണ്ടാമദ്ധ്യായത്തിലാകട്ടെ പട്ടാഭിഷേകം കഴിഞ്ഞ് പിരിയുന്ന ഘട്ടത്തിൽ തന്നെ വിഗ്രഹത്തെ നൽകിയതായും, വിഭീഷണൻ ലങ്കയിലേക്ക് മടങ്ങുമ്പോൾ മദ്ധ്യാഹ്നത്തിൽ കാവേരിയുടെ നടുവിൽവെച്ച് പൂജിച്ചതായും പറയപ്പെട്ടിരിക്കുന്നു. "ഉഷിത്വാ വത്സരം സർവ്വേ രാക്ഷസാ വാനരാസ്തഥാ. അനുജ്ഞാതോ രാഘവേണ ലങ്കാം പ്രായാദ്വിഭീഷണഃ. മദ്ധ്യാഹ്നേ വിഷ്ണുപൂജാർത്ഥം കാവേര്യാ മദ്ധ്യതോ ഹരിം നിധായ വിധിവത് സ്നാനം നിത്യം സർവ്വം സമാപ്യ ച. മഞ്ജൂഷാമദ്ധ്യഗം വിഷ്ണും പൂജയാമാസ ഭക്തിതഃ. തസ്മിൻ ക്ഷണേ പരിണതം വിമാനം പ്രണവാകൃതി."]

സ രാജ്യമഖിലം ശാസൻ നിഹതാരിർമ്മഹായശാഃ
രാഘവഃ പരമോദാരഃ ശശാസ പരയാ മുദാ. 88

| | | | |
|---|---|---|---|
| നിഹതാരിഃ | ശത്രുക്കളെ ഒഴിച്ചു് | ശാസൻ | പരിപാലിച്ചുംകൊണ്ടു് |
| മഹായശാഃ | അതിയായ പുകഴാന്നവനായ | പരമോദാരഃ | അത്യൗദാര്യത്തോടു കൂടിയവനായി |
| സഃ രാഘവഃ | ആ ശ്രീരാഘവൻ | പരയാ മുദാ | പരമസന്തുഷ്ടിയോടെ |
| രാജ്യം അഖിലം | രാജ്യം മുഴുവനും | ശശാസ. | ആണ്ടുവന്നു. |

ഉവാച ലക്ഷ്മണം രാമോ ധർമ്മജ്ഞം ധർമ്മവത്സലഃ 89

| | | | |
|---|---|---|---|
| ധർമ്മവത്സലഃ | ധർമ്മനിഷ്ഠനായ | ലക്ഷ്മണം | ലക്ഷ്മണനോടായി |
| രാമഃ | ശ്രീരാമൻ | ഉവാച. | ഇപ്രകാരം അരുളിച്ചെയ്തു. |
| ധർമ്മജ്ഞം | ധർമ്മജ്ഞനായ | | |

ആതിഷ്ഠ ധർമ്മജ്ഞ മയാ സഹേമാം
ഗാം പൂർവ്വരാജാദ്ധ്യുഷിതാം ബലേന
തുല്യം മയാ ത്വം പിതൃഭിർദ്ധൃതാ യാ
താം യൗവരാജ്യേ ധുരമുദ്വഹസ്വ 90

| | | | |
|---|---|---|---|
| “ധർമ്മജ്ഞ | “ധർമ്മകോവിദ! | ധൃതാ | പരിപാലിക്കപ്പെട്ടതായ |
| പൂർവ്വരാജാധ്യുഷിതാം | പണ്ടു് മുമ്പുള്ള ചക്രവർത്തിമാരാൽ പരിപാലിക്കപ്പെട്ടതായ | യാ | യാതൊരു |
| ഇമാം | ഈ | താം | അതിനെ |
| ഗാം | ഭൂമിയെ | ത്വം | ഭവാൻ |
| ബലേന | സഹായിയായ | മയാ തുല്യം | എനിക്കൊപ്പംതന്നെ |
| മയാ സഹ | എന്നോടുംകൂടി | യൗവരാജ്യേ | യുവരാജ്യാധികാരം വഹിച്ചു് |
| ആതിഷ്ഠ | ആണ്ടുവരിക; | | |
| പിതൃഭിഃ | പിതൃപിതാമഹാദികളാൽ | ധുരം ഉദ്വഹസ്വ.” | കയ്യേറ്റുകൊണ്ടാലും.’ |

സർവ്വാത്മനാ പര്യനുനീയമാനോ
യദാ ന സൗമിത്രിരുപൈതി യോഗം
നിയുജ്യമാനോഽപി ച യൗവരാജ്യേ
തതോഽഭ്യഷിഞ്ചദ് ഭരതം മഹാത്മാ. 91

| | | | |
|---|---|---|---|
| സൗമിത്രിഃ | ലക്ഷ്മണൻ | യോഗം ഉപൈതി ന | രാജ്യഭരണാധികാരത്തെ കയ്യേല്ക്കുകയുണ്ടായില്ല. |
| സർവ്വാത്മനാ | പല പ്രകാരത്തിലും | യദാ | അപ്പോഴം |
| പര്യനുനീയമാനഃ | പലകുറി അനുനയവാക്കരചെയ്യപ്പെട്ടിട്ടും | തതഃ | അതിനാൽ |
| | | മഹാത്മാ | മഹാത്മാവായ |
| | | ഭരതം | ഭരതനെ |
| നിയുജ്യമാനഃ അപി ച | ആവശ്യപ്പെടപ്പെട്ടിട്ടും | യൗവരാജ്യേ | യുവരാജപദവിയിൽ |
| | | അഭ്യഷിഞ്ചത് | പട്ടാഭിഷേകം ചെയ്തു. |

[“അനിച്ഛന്നപി രാമേണ യൌവരാജ്യേഽഭിഷേചിതഃ, ലക്ഷ്മണഃ പരയാ ഭക്ത്യാ രാമസേവാപരോഽഭവത്.” എന്നു ലക്ഷ്മണനെ യുവരാജാവായി വാഴിച്ചതായി അദ്ധ്യാത്മരാമായണത്തിൽ പറയുന്നു.]

പൌണ്ഡരീകാശ്വമേധാഭ്യാം വാജപേയേന ചാസകൃത്
അന്യൈശ്ച വിവിധൈര്യജ്ഞൈരയജത് പാർത്ഥിവർഷഭഃ 92

| | |
|---|---|
| പാർത്ഥിവർഷഭഃ | പാർത്ഥിവോത്തമനായ ശ്രീരാമൻ |
| പൌണ്ഡരീകാശ്വമേധാഭ്യാം | പൌണ്ഡരീകം, അശ്വമേധം എന്ന യാഗങ്ങളാലും |
| വാജപേയേന ച | വാജപേയയാഗത്താലും |
| അന്യൈഃ | മററു |
| വിവിധൈഃ | പല |
| യജ്ഞൈഃ ച | യാഗങ്ങളാലും |
| അസകൃത് | പലകുറി |
| അയജത്. | ദേവകളെ ആരാധിച്ചു. |

രാജ്യം ദശ സഹസ്രാണി പ്രാപ്യ വർഷാണി രാഘവഃ
ശതാശ്വമേധാനാജഹ്രേ സദശ്വാൻ ഭൂരിദക്ഷിണാൻ 93

| | |
|---|---|
| രാഘവഃ | ശ്രീരാഘവൻ |
| ദശസഹസ്രാണി വർഷാണി | പതിനായിരം സംവത്സരങ്ങൾ |
| രാജ്യം പ്രാപ്യ | രാജ്യപരിപാലനം ചെയ്തു് |
| സദശ്വാൻ | ഉത്തമാശ്വങ്ങളോടു കൂടിയതും |
| ഭൂരിദക്ഷിണാൻ | ധാരാളം ദക്ഷിണയോടു കൂടിയതുമായ |
| ശതാശ്വമേധാൻ | നൂറു അശ്വമേധയജ്ഞങ്ങളെ |
| ആജഹ്രേ | നടത്തി. |

ആജാനുലംബബാഹുഃ സ മഹാസ്കന്ധഃ പ്രതാപവാൻ
ലക്ഷ്മണാനുചരോ രാമഃ പൃഥിവീമന്വപാലയത്. 94

| | |
|---|---|
| ആജാനുലംബബാഹുഃ | കാൽമുട്ടോളം നീണ്ട ബാഹുക്കളുള്ളവനും |
| മഹാസ്കന്ധഃ | ഊക്കുള്ള ചുമലുകളോടു കൂടിയവനും |
| പ്രതാപവാൻ | പ്രതാപശാലിയുമായ |
| സഃ രാമഃ | ആ ശ്രീരാമൻ |
| ലക്ഷ്മണാനുചരഃ | ലക്ഷ്മണനാൽ കൈങ്കര്യം ചെയ്യപ്പെട്ടവനായി |
| പൃഥിവീം | ഭൂമിയെ |
| അന്വപാലയത് | പരിപാലിച്ചുവന്നു. |

രാഘവശ്ചാപി ധർമ്മാത്മാ പ്രാപ്യ രാജ്യമനുത്തമം
ഈജേ ബഹുവിധൈര്യജ്ഞൈഃ സസുഹൃജ്ജ്ഞാതിബാന്ധവഃ 95

| | |
|---|---|
| ധർമ്മാത്മാ | ധർമ്മാത്മാവായ |
| രാഘവഃ അപി | ശ്രീരാഘവനും |
| അനുത്തമം | നിസ്തുല്യമായ |
| രാജ്യം | രാജ്യത്തെ |
| സസുഹൃജ്ജ്ഞാതിബാന്ധവഃ | മിത്രജ്ഞാതിബന്ധുജനങ്ങളോടുംകൂടി |
| പ്രാപ്യ ച | അനുഭവിച്ചുകൊണ്ടു് |
| ബഹുവിധൈഃ | പലമാതിരിയായ |
| യജ്ഞൈഃ | യാഗങ്ങൾകൊണ്ടു് |
| ഈജേ. | ദേവാരാധനചെയ്തു. |

ന പര്യദേവൻ വിധവാ ന ച വ്യാളകൃതം ഭയം
ന വ്യാധിജം ഭയം വാപി രാമേ രാജ്യം പ്രശാസതി. 96

| | | | |
|---|---|---|---|
| രാമേ | ശ്രീരാമൻ | വ്യാളകൃതം | ദുഷ്ടജന്തുക്കളെക്കൊണ്ടുള്ള |
| രാജ്യം പ്രശാസതി | രാജ്യപരിപാലനം ചെയ്തുവന്നകാലത്തിൽ | ഭയം ച ന | ഭയംതന്നെ ഉണ്ടായില്ല; |
| വിധവാഃ ന പര്യദേവൻ | സ്ത്രീകൾ വൈധവ്യദുഃഖം അനുഭവിക്കയുണ്ടായില്ല. | വ്യാധിജം ഭയം അപി വാ ന ആസീത്. | വ്യാധിപീഡയും ഉണ്ടായില്ല. |

നിർദസ്യുരഭവല്ലോകോ നാനർത്ഥഃ കംചിദസ്പൃശത്
ന ച സ്മ വൃദ്ധാ ബാലാനാം പ്രേതകാര്യാണി കുർവ്വതേ 97
സർവം മുദിതമേവാസീത് സർവ്വോ ധർമ്മപരോഽഭവത്
രാമമേവാനുപശ്യന്തോ നാഭ്യഹിംസൻ പരസ്പരം 98
ആസൻ വർഷസഹസ്രാണി തഥാ പുത്രസഹസ്രിണഃ
നിരാമയാ വിശോകാശ്ച രാമേ രാജ്യം പ്രശാസതി. 99

| | | | |
|---|---|---|---|
| രാമേ | ശ്രീരാമൻ | സർവ്വഃ | എല്ലാവരും |
| രാജ്യം | രാജ്യത്തെ | ധർമ്മപരഃ | ധർമ്മത്തിൽ ആസക്തിപൂണ്ടവരായി |
| പ്രശാസതി | പരിപാലിച്ചുവന്ന കാലത്തിൽ | അഭവത് | ഭവിച്ചു; |
| ലോകഃ | ലോകം | രാമം ഏവ | ശ്രീരാമനെത്തന്നെ |
| നിർദ്ദസ്യുഃ | ചോരന്മാരററതായി | അനുപശ്യന്തഃ | ശരണമായ്ക്കരുതിയവരായി |
| അഭവത് | ഭവിച്ചു; | പരസ്പരം | ഒരുവക്കൊരുവർ |
| അനാർത്ഥഃ | അനർത്ഥം | നാഭ്യഹിംസൻ | ഹിംസിക്കാതിരുന്നു; |
| കംചിത് | ആരേയും തന്നെ | തഥാ | അപ്രകാരംതന്നെ |
| ന അസ്പൃശത് | സ്പർശിക്കയുണ്ടായില്ല; | പുത്രസഹസ്രിണഃ | അനേകം പുത്രപൌത്രാദികളോടുകൂടിയവരായി |
| വൃദ്ധാഃ | വൃദ്ധന്മാർ | നിരാമയാഃ | അരോഗദൃഢഗാത്രന്മാരായി |
| ബാലാനാം | ബാലന്മാരുടെ | വിശോകാഃ ച | ശോകമററവരായി |
| പ്രേതകാര്യാണി | പ്രേതകൃത്യങ്ങൾ | വർഷസഹസ്രാണി | പലകാലം |
| ന കുർവ്വതേ സ്മ ച | ചെയ്യേണ്ടതായി വന്നില്ല; | ആസൻ | ജീവിച്ചു. |
| സർവ്വം | എല്ലാം | | |
| മുദിതം ഏവ | സന്തുഷ്ടിപൂർണ്ണതയായ്ത്തന്നെ | | |
| ആസീത് | വർത്തിച്ചു | | |

രാമോ രാമോ രാമ ഇതി പ്രജാനാമഭവൻ കഥാഃ
രാമഭൂതം ജഗദഭൂദ്രാമേ രാജ്യം പ്രശാസതി. 100

| | | | |
|---|---|---|---|
| രാമേ | ശ്രീരാമൻ | പ്രജാനാം | പ്രജകൾക്ക് |
| രാജ്യം പ്രശാസതി | രാജ്യം വാഴുംകാലം | കഥാഃ അഭവൻ | ചൊല്ലുകളുണ്ടായിരുന്നത്; |
| രാമഃ രാമഃ രാമഃ ഇതി | "ശ്രീരാമൻ, ശ്രീരാമൻ ശ്രീരാമൻ" എന്നതന്നെയാണ് | ജഗത് | ലോകം |
| | | രാമഭൂതഃ | ശ്രീരാമമയമായി |
| | | അഭൂത് | ഭവിച്ചു. |

നിത്യപുഷ്പാ നിത്യഫലാസ്തരവഃ സ്കന്ധവിസ്തൃതാഃ
കാലേ വർഷീ ച പർജ്ജന്യഃ സുഖസ്പർശശ്ച മാരുതഃ 101
ബ്രാഹ്മണാഃ ക്ഷത്രിയാ വൈശ്യാഃ ശൂദ്രാ ലോഭവിവർജ്ജിതാഃ
സ്വകർമ്മസു പ്രവർത്തന്തേ തുഷ്ടാഃ സ്വൈരേവ കർമ്മഭിഃ 202
ആസൻ പ്രജാ ധർമ്മരതാ രാമേ ശാസതി നാനൃതാഃ
സർവ്വേ ലക്ഷണസമ്പന്നാഃ സർവ്വേ ധർമ്മപരായണാഃ 103

| | | | |
|---|---|---|---|
| രാമേ | ശ്രീരാമൻ | ലോഭവിവർജ്ജിതാഃ | ദുരാശയില്ലാത്തവരായി |
| ശാസതി | വാണിരുന്നകാലം | സ്വൈഃ | അവരവരുടെ |
| തരവഃ | വൃക്ഷങ്ങൾ | കർമ്മഭിഃ ഏവ | തൊഴിലുകൾകൊണ്ടു തന്നെ |
| നിത്യപുഷ്പാഃ | എന്നും പൂക്കളോടും | തുഷ്ടാഃ | സംതൃപ്തികയ്ക്കൊണ്ടവരായി |
| നിത്യഫലാഃ | എന്നും കായ്ക്കുന്നവയായും | സ്വകർമ്മസു | അവനവന്റെ കൃത്യങ്ങളിൽ |
| സ്കന്ധവിസ്തൃതാഃ | തഴച്ച കൊമ്പുകളോടു കൂടിയവയായി നിഴൽ തരുന്നവയായും ഇരുന്നു; | പ്രവർത്തന്തേ | പ്രവർത്തിച്ചുവന്നു. |
| പർജ്ജന്യഃ | ഇന്ദ്രൻ | പ്രജാഃ | പ്രജകൾ |
| കാലേ | അതാതുകാലത്തിൽ | ധർമ്മരതാഃ | ധർമ്മതല്പരന്മാരായി |
| വർഷീ ച | മഴപൊഴിച്ചു. | അനൃതാഃ ന | കള്ളംപറയുന്നവർ ഉണ്ടായിരുന്നില്ല; |
| മാരുതഃ | വായു | സർവ്വേ | എല്ലാവരും |
| സുഖസ്പർശഃ ച | സുഖകരമായിവീശി. | ലക്ഷണസമ്പന്നാഃ | സകല സൌഭാഗ്യസമ്പന്നന്മാരായി ഭവിച്ചു; |
| ബ്രാഹ്മണാഃ | ബ്രാഹ്മണരും | ധർമ്മപരായണാഃ | സദാചാരയുക്തന്മാരായും വർത്തിച്ചു. |
| ക്ഷത്രിയാഃ | ക്ഷത്രിയന്മാരും | | |
| വൈശ്യാഃ | വൈശ്യരും | | |
| ശൂദ്രാഃ | ശൂദ്രന്മാരും | | |

ദശ വർഷസഹസ്രാണി ദശ വർഷശതാനി ച
ഭ്രാതൃഭിഃ സഹിതഃ ശ്രീമാൻ രാമോ രാജ്യമകാരയത്. 104

| | | | |
|---|---|---|---|
| ശ്രീമാൻ | ശ്രീമാനായ | ദശവർഷസഹസ്രാണി ദശ വർഷശതാനി ച | പതിനോരായിരം സംവത്സരങ്ങൾ |
| രാമഃ | ശ്രീരാഘവൻ | | |
| ഭ്രാതൃഭിഃ സഹിതഃ | അനുജന്മാരോടുംകൂടി | രാജ്യം അകാരയത് | രാജ്യപരിപാലനം ചെയ്തു. |

ധന്യം യശസ്യമായുഷ്യം രാജ്ഞാം ച വിജയാവഹം
ആദികാവ്യമിദം ത്വാർഷം പുരാ വാല്മീകിനാ കൃതം
യഃ പഠേച്ഛൃണുയാല്ലോകേ നരഃ പാപാദ്വിമുച്യതേ. 105

| | |
|---|---|
| പുരാ | പൂർവ്വകാലത്തിൽ |
| വാല്മീകിനാ | വാല്മീകിഭഗവാനാൽ |
| കൃതം | വിരചിക്കപ്പെട്ടതും |
| ധന്യം | ധനസമൃദ്ധി നൽകുന്ന |
| യശസ്യം | കീർത്തികരവും [തും |
| ആയുഷ്യം | ദീർഘായുസ്സിനെ ഉളവാക്കുന്നതും |
| രാജ്ഞാം | രാജാക്കന്മാർക്ക് |
| വിജയാവഹം ച | വിജയത്തെ കൊടുക്കുന്നതും |
| തു | ഇപ്രകാരമായി |
| ആർഷം | അമാനുഷഫലങ്ങളെ |
| ഇദം | ഈ [നൽകുന്നതായ |
| ആദികാവ്യം | ആദികാവ്യത്തെ |
| ലോകേ | ലോകത്തിൽ |
| യഃ നരഃ | യാതൊരു നരൻ |
| പഠേത് | പഠനം ചെയ്യുകയോ |
| ശൃണുയാത് | ശ്രവണം ചെയ്യുകയോ ചെയ്യുന്നുവോ അവൻ |
| പാപാത് | പാപഫലത്തിൽനിന്ന് |
| വിമുച്യതേ. | വിമുക്തനായ് ഭവിക്കുന്നു. |

പുത്രകാമസ്തു പുത്രാന്വൈ ധനകാമോ ധനാനി ച
ലഭതേ മനുജോ ലോകേ ശ്രുത്വാ രാമാഭിഷേചനം. 106
മഹീം വിജയതേ രാജാ രിപൂംശ്ചാപ്യധിതിഷ്ഠതി
രാഘവേണ യഥാ മാതാ സുമിത്രാ ലക്ഷ്മണേന ച
ഭരതേനൈവ കൈകേയീ ജീവപുത്രാസ്തഥാ സ്ത്രിയഃ 107

| | |
|---|---|
| ലോകേ | ലോകത്തിൽ |
| മനുജഃ | മനുഷ്യർ |
| രാമാഭിഷേചനം | ശ്രീരാമപട്ടാഭിഷേകത്തെ |
| ശ്രുത്വാ | ശ്രവണംചെയ്ത് |
| തു | അതിനാൽ |
| പുത്രകാമഃ | സന്താനത്തെ കാമിക്കുന്നവർ |
| പുത്രാൻ വൈ | സന്താനങ്ങളേയും |
| ധനകാമഃ | ധനത്തെ കാംക്ഷിക്കുന്ന |
| ധനാനി ച | ധനങ്ങളേയും [വൻ |
| ലഭതേ | ലഭിക്കുന്നു; |
| രാജാ അപി | അരചൻ |
| മഹീം | ഭൂമിയെ |
| വിജയതേ | വെല്ലുന്നു; |
| രിപൂൻ ച | ശത്രുക്കളേയും |
| അധിതിഷ്ഠതി | കീഴടക്കുന്നു; |
| സ്ത്രിയഃ | സ്ത്രീകളും |
| മാതാ | കൌസല്യാമാതാവ് |
| രാഘവേണ യഥാ | ശ്രീരാമനാലെന്നപോലെയും |
| സുമിത്രാ | സുമിത്രാദേവി |
| ലക്ഷ്മണേന ച | ലക്ഷ്മണനാലെന്നപോലെയും |
| കൈകേയീ | കൈകേയീരാജ്ഞി |
| ഭരതേന ഇവ | ഭരതനാലെന്നപോലെയും |
| ജീവപുത്രാഃ തഥാ | ദീർഘായുഷ്മാന്മാരായ പുത്രന്മാരോടുകൂടിയവരായി ഭവിക്കുന്നു. |

ശ്രുത്വാ രാമായണമിദം ദീർഘമായുശ്ച വിന്ദതി
രാമസ്യ വിജയം ചൈവ സർവ്വമക്ലിഷ്ടകർമ്മണഃ 108

| | |
|---|---|
| അക്ലിഷ്ടകർമ്മണഃ | നിർദ്ദോഷകർമ്മാവായ |
| രാമസ്യ | ശ്രീരാമന്റെ |
| വിജയം ച | വിജയത്തെക്കുറിച്ചുള്ള |
| ഇദം | ഈ [തായ |
| രാമായണം | ശ്രീരാമായണം |
| സർവ്വം ഏവ | മുഴുവനുംതന്നെ |
| ശ്രുത്വാ | ശ്രവണംചെയ്താൽ |
| ദീർഘം ആയുഃ ച | ദീർഘായുസ്സിനേയും |
| വിന്ദതി. | പ്രാപിക്കുന്നു. |

ശൃണോതി യ ഇദം കാവ്യമാർഷം വാല്മീകിനാ കൃതം
ശ്രദ്ദധാനോ ജിതക്രോധോ ദുർഗ്ഗാണ്യതിതരത്യസൌ 109
സമാഗമം പ്രവാസാന്തേ ലഭതേ ചാപി ബാന്ധവൈഃ
പ്രാർത്ഥിതാംശ്ച വരാൻ സർവ്വാൻ പ്രാപ്നുയാദിഹ രാഘവാത്. 110

| | |
|---|---|
| യഃ | യാതൊരുവൻ |
| വാല്മീകിനാ | വാല്മീകി ഭഗവാനാൽ |
| കൃതം | നിർമ്മിക്കപ്പെട്ട |
| ഇദം ആർഷം | ഈ പുരാതനമായ |
| കാവ്യം | കാവ്യത്തെ |
| ശ്രദ്ദധാനഃ | ഭക്തിയോടു കൂടിയവനായി |
| ശൃണോതി | ശ്രവണംചെയ്യുന്നുവോ |
| അസൌ ജിതക്രോധഃ | അവൻ ക്രോധത്തെ ജയിച്ചവനായി |
| ദുർഗ്ഗാണി | മഹത്തായ ആപത്തുകളേയും |
| അതിതരതി | എളുപ്പത്തിൽ തരണം ചെയ്യുന്നു; |
| അപി ച | എന്നുതന്നെയല്ല |
| പ്രവാസാന്തേ | ദൂരയാത്രയുടെ അവസാനത്തിൽ |
| ബാന്ധവൈഃ | ബന്ധുക്കളുമായി |
| സമാഗമം ലഭതേ | ചേരുകയും ചെയ്യുന്നു. |
| രാഘവാത് | ശ്രീരാഘവങ്കൽനിന്നു് |
| പ്രാർത്ഥിതാൻ | പ്രാർത്ഥിക്കപ്പെട്ട |
| വരാൻ | വരങ്ങളെ |
| സർവ്വാൻ ച | എല്ലാററിനേയും |
| ഇഹ | ഈ ലോകത്തിൽ |
| പ്രാപ്നുയാത് | പ്രാപിക്കയും ചെയ്യുന്നു. |

ശ്രവണേന സുരാഃ സർവ്വേ പ്രീയന്തേ സംപ്രശൃണ്വതാം
വിനായകാശ്ച ശാമ്യന്തി ഗൃഹേ തിഷ്ഠന്തി യസ്യ വൈ 111

| | |
|---|---|
| സുരാഃ സർവ്വേ | ദേവകൾ എല്ലാം |
| സംപ്രശൃണ്വതാം | ശ്രദ്ധാലുക്കളായി ശ്രവണം ചെയ്യുന്നവരുടെ നേരെ |
| ശ്രവണേന | ആ രാമായണശ്രവണത്താൽ |
| പ്രീയന്തേ | പ്രസന്നരായ്ഭവിക്കുന്നു. |
| യസ്യ | യാതൊരുവന്റെ |
| ഗൃഹേ | ഭവനത്തിൽ |
| വിനായകാഃ | വിഘ്നങ്ങൾ |
| തിഷ്ഠന്തി വൈ ച | ഉണ്ടാകുന്നുവോ ആയവ |
| ശാമ്യന്തി. | നീങ്ങിപ്പോകുന്നു. |

വിജയേത മഹീം രാജാ പ്രവാസീ സ്വസ്തിമാൻ വ്രജേത്
സ്ത്രീയോ രജസ്വലാഃ ശ്രുത്വാ പുത്രാൻ സൂയുരനുത്തമാൻ. 112

| | |
|---|---|
| ശ്രുത്വാ | രാമായണശ്രവണത്താൽ |
| രാജാ | അരചൻ |
| മഹീം | ഭൂമിയെ |
| വിജയേത | ആളുന്നതാകുന്നു. |
| പ്രവാസീ | ദേശാന്തരയാത്ര ചെയ്യുന്നവൻ |
| സ്വസ്തിമാൻ | ക്ഷേമമായിട്ടുതന്നേ |
| വ്രജേത് | ചെല്ലുന്നതാണ് |
| രജസ്വലാഃ | ഋതുമതികളായ |
| സ്ത്രീയഃ | സ്ത്രീകൾ |
| അനുത്തമാൻ പുത്രാൻ | ഉത്തമസന്താനങ്ങളെ |
| സൂയുഃ | പ്രസവിക്കുന്നതാണ്. |

പൂജയംശ്ച പഠംശ്ചേമമിതിഹാസം പുരാതനം
സർവ്വപാപാത് പ്രമുച്യേത ദീർഘമായുരവാപ്നുയാത്. 113

| | |
|---|---|
| ഇമം പുരാതനം | ഈ പുരാതനമായ |
| ഇതിഹാസം | വാസ്തവചരിത്രത്തെ |
| പൂജയൻ ച | പൂജിക്കുന്നവനും |
| പഠൻ ച | പാരായണം ചെയ്യുന്നവനും |
| സർവ്വപാപാത് | സകലവിധ കഷ്ടങ്ങളിൽനിന്നും |
| പ്രമുച്യേത | മോചിക്കുന്നതാകുന്നു. |
| ദീർഘം ആയുഃ | ദീർഘായുസ്സിനേയും |
| അവാപ്നുയാത്. | ലഭിയ്ക്കുന്നതാകുന്നു. |

പ്രണമ്യ ശിരസാ നിത്യം ശ്രോതവ്യം ക്ഷത്രിയൈർദ്വിജാത്
ഐശ്വര്യം പുത്രലാഭശ്ച ഭവിഷ്യതി ന സംശയഃ 114

| | |
|---|---|
| ക്ഷത്രിയൈഃ | ക്ഷത്രിയന്മാരാൽ |
| നിത്യം | ദിവസംതോറും |
| ശിരസാപ്രണമ്യ | തലകുമ്പിട്ടുനമസ്കരിച്ച് |
| ദ്വിജാത് | ബ്രാഹ്മണങ്കൽനിന്നു് |
| ശ്രോതവ്യം | ശ്രവണംചെയ്യപ്പെടേണ്ടതാകുന്നു; |
| ഐശ്വര്യം | ഐശ്വര്യം |
| ഭവിഷ്യതി | ലഭിക്കുന്നതാകുന്നു |
| പുത്രലാഭഃ | പുത്രപ്രാപ്തിയും |
| ച | അപ്രകാരംതന്നെ ഉണ്ടാകുന്നതാണ് |
| സംശയഃ ന. | സംശയമില്ല. |

രാമായണമിദം കൃത്സ്നം ശൃണ്വതഃ പഠതഃ സദാ
പ്രീയതേ സതതം രാമഃ സ ഹി വിഷ്ണുഃ സനാതനഃ 115
ആദിദേവോ മഹാബാഹുർഹരിർനാരായണഃ പ്രഭുഃ 116

| | |
|---|---|
| വിഷ്ണുഃ | സർവ്വവ്യാപിയാകയാൽ വിഷ്ണുവെന്നറിയപ്പെടുന്നവനും |
| ഹരിഃ | സർവ്വപാപഹരനാകയാൽ ഹരിയെന്ന തിരുനാമം പൂണ്ടവനും |
| നാരായണഃ | പാൽക്കടലിൽ പള്ളികൊണ്ടവനാകയാൽ ശ്രീനാരായണനെന്നു് പറയപ്പെടുന്നവനും |
| സനാതനഃ | ആദ്യന്തരഹിതനും |
| പ്രഭുഃ | സർവ്വേശ്വരനും |
| മഹാബാഹുഃ | പുരുഷോത്തമനും |
| ആദിദേവഃ | ആദിദേവനുമായ |
| സഃ രാമഃ ഹി | ആ ശ്രീരാമമൂർത്തിതന്നെ |
| ഇദം രാമായണം | ഈ രാമായണത്തെ |
| കൃത്സ്നം സതതം | മുഴുവനും എപ്പോഴും |
| ശൃണ്വതഃ | ശ്രവണം ചെയ്യുന്നവന്റെ പേരിലും |
| പഠതഃ | പഠനം ചെയ്യുന്നവന്റെ പേരിലും |
| പ്രീയതേ. | പ്രസന്നനായ്ഭവിക്കുന്നു. |

കുടുംബവൃദ്ധിം ധനധാന്യവൃദ്ധിം
സ്ത്രിയശ്ച മുഖ്യാഃ സുഖമുത്തമം ച
ശ്രുത്വാ ശുഭം കാവ്യമിദം മഹാർത്ഥം
പ്രാപ്നോതി സർവ്വാം ഭുവി ചാർത്ഥസിദ്ധിം. 117

| | |
|---|---|
| മഹാർത്ഥം | മഹത്തായ സാരങ്ങളടങ്ങിയതായ |
| ശുഭം | പുണ്യകരമായ |
| ഇദം കാവ്യം | ഈ കാവ്യത്തെ |
| ശ്രുത്വാ | ശ്രവിച്ച് |
| ഭുവി ച | ഈ ഭൂലോകത്തിൽതന്നെ |
| കുടുംബവൃദ്ധിം | വംശാഭിവൃദ്ധിയേയും |
| ധനധാന്യവൃദ്ധിം | ധനധാന്യാഭിവൃദ്ധിയേയും |
| മുഖ്യാഃ | ഗുണവതികളായ |
| സ്ത്രിയഃ | പത്നിമാരേയും |
| ഉത്തമം | ഉത്തമമായ |
| സുഖം ച | മനഃസന്തുഷ്ടിയേയും |
| സർവ്വാം | എല്ലാ |
| അർത്ഥസിദ്ധിം ച | മനോരഥസിദ്ധിയേയും |
| പ്രാപ്നോതി. | പ്രാപിക്കുന്നു. |

ആയുഷ്യമാരോഗ്യകരം യശസ്യം
സൌഭ്രാത്രകം ബുദ്ധികരം സുഖം ച
ശ്രോതവ്യമേതന്നിയമേന സത്ഭി-
രാഖ്യാനമോജസ്കരമൃദ്ധികാമൈഃ 118

| | |
|---|---|
| ഋദ്ധികാമൈഃ | സമ്പത്തിനെ കാംക്ഷിക്കുന്നവരായ |
| സത്ഭിഃ | പുണ്യാത്മാക്കളാൽ |
| ആയുഷ്യം | ദീർഘായുസ്സിനെ തരുന്നതും |
| ആരോഗ്യകരം | ആരോഗ്യത്തെവിളയി[ക്കുന്നതും |
| യശസ്യം | കീർത്തികരവും |
| സൌഭ്രാത്രകം | ഭ്രാതൃസ്നേഹത്തെ ഉളവാക്കുന്നതും |
| ബുദ്ധികരം | സത്ബുദ്ധിനൽകുന്നതും |
| സുഖം | ശ്രുതിമധുരവും |
| ഓജസ്കരം ച | തേജസ്സിനെ തരുന്നതു[മായ |
| ഏതത് | ഈ |
| ആഖ്യാനം | ചരിത്രം |
| നിയമേന | ശുദ്ധിയോടുകൂടി |
| ശ്രോതവ്യം. | ശ്രവണം ചെയ്യത്തക്കതാകുന്നു. |

ഏവമേതത് പുരാവൃത്തമാഖ്യാനം ഭദ്രമസ്തു വഃ
പ്രവ്യാഹരത വിസ്രബ്ധം ബലം വിഷ്ണോഃ പ്രവർദ്ധതാം. 119

| | |
|---|---|
| ഏവം | ഇപ്രകാരം |
| പുരാവൃത്തം | പണ്ടുനടന്നതായ |
| ഏതത് | ഈ |
| ആഖ്യാനം | ചരിത്രത്തെ |
| വിസ്രബ്ധം | വിശ്വാസത്തോടുകൂടി |
| പ്രവ്യാഹരത | പ്രവചനം ചെയ്യുവിൻ |
| വഃ ഭദ്രം | നിങ്ങൾക്ക് മംഗളം |
| അസ്തു | ഭവിക്കട്ടെ |
| വിഷ്ണോഃ | മഹാവിഷ്ണുഭഗവാൻെറ അനുഗ്രഹത്താൽ വിളയുന്നതായ |
| ബലം പ്രവർദ്ധതാം. | ശക്തി ലോകത്തിൽ സർവ്വോത്കർഷേണ വർദ്ധിക്കുമാറാകട്ടെ. |

ദേവാശ്ച സർവ്വേ തുഷ്യന്തി ഗ്രഹണാച്ഛ്രവണാത്തഥാ
രാമായണസ്യ ശ്രവണാത് തുഷ്യന്തി പിതരസ്തഥാ. 120

| | |
|---|---|
| സർവ്വേ | എല്ലാ |
| ദേവാഃ ച | ദേവകളും |
| ഗ്രഹണാത് | ഉള്ളവണ്ണം ഗ്രഹിക്കുന്നതിനാലും |
| തഥാ | അപ്രകാരംതന്നെ |
| ശ്രവണാത് | ശ്രവണം ചെയ്യുന്നതിനാലും |
| തുഷ്യന്തി | പ്രസാദിക്കുന്നു; |
| രാമായണസ്യ ശ്രവണാത് | രാമായണശ്രവണത്താൽ |
| പിതരഃ | പിതൃക്കളും |

തഥാ തുഷ്യന്തി. ഏററം സംതൃപ്തരായ്ത്തീരുന്നു.

ഭക്ത്യാ രാമസ്യ യേ ചേമാം സംഹിതാമൃഷിണാ കൃതാം
ലേഖയന്തീഹ ച നരാസ്തേഷാം വാസസ്ത്രിവിഷ്ടപേ 121

| | |
|---|---|
| ഋഷിണാ | മഹർഷിയാൽ |
| കൃതാം | നിർമ്മിക്കപ്പെട്ട |
| ഇമാം | ഈ |
| രാമസ്യ സംഹിതാം | രാമചരിത്രത്തെ |
| ഇഹ | ഇഹലോകത്തിൽ |

| | | | |
|---|---|---|---|
| യേ നരാഃ | യാതൊരു നരന്മാർ | തേഷാം | അവക്ക |
| ഭക്ത്യാ | ഭക്തിയോടെ | ത്രിവിഷ്ടപേ | സ്വർഗ്ഗത്തിൽ |
| ലേഖയന്തി ച | പ്രചരിപ്പിക്കുന്നുവോ | വാസഃ ച. | ശാശ്വതമായ വാസം ലഭിയ്ക്കുന്നതാകുന്നു. |

ഇത്യാർഷേ ശ്രീമദ്രാമായണേ വാൽമീകിയേ ആദികാവ്യേ

യുദ്ധകാണ്ഡേ ശ്രീരാമപട്ടാഭിഷേകോ നാമ

ഏകത്രിംശത്യുത്തരശതതമഃ സർഗ്ഗഃ= നൂററിമുപ്പത്തൊന്നാംസർഗ്ഗം സമാപ്തം

ആദ്യം മുതൽ ശ്ലോകസംഖ്യ 20724; യുദ്ധകാണ്ഡം ആദ്യം മുതൽ ശ്ലോകസംഖ്യ 6049

ശുഭമസ്തു

ഇതി യുദ്ധകാണ്ഡഃ സമാപ്തഃ

ശ്രീ ഗോമതീതീരേ നൈമിശാരണ്യേ അശ്വമേധയജ്ഞവാടഗതമുനീന്ദ്രദ്വിജേന്ദ്ര നരേന്ദ്രഋക്ഷഗോപുച്ഛ വാനരേന്ദ്രരാക്ഷസേന്ദ്രപരിവൃതസ്യ മുനിവൃന്ദാരകവൃന്ദവന്ദ്യമാനകോരകകാര പാദയുഗളസ്യ അയോദ്ധ്യാപുരാധീശസ്യ രാജാധിരാജസ്യ കൃതജ്ഞസ്യ സകലലോക ശരണ്യസ്യ സകലജഗദ്രക്ഷണജാഗരൂകസ്യ ലോകാഭിരാമസ്യ ശ്രീരാമചന്ദ്രസ്യ നികടേ ഭക്ത്യാഃ ശ്രീരാമാത്മജയോഃ കുശലവയോഃ ആഖ്യാനേ ശ്രീമദ്രാമായണേ പഞ്ചവിംശേഽഹനി ഗീതാഃ ശ്ലോകാഃ സമാപ്താഃ

ശ്രീ ഗോമതീനദീതീരത്തിൽ, നൈമിശാരണ്യത്തിൽ അശ്വമേധയാഗശാലയിൽ സന്നിഹിതനായിരുന്ന മുനിശ്രേഷ്ഠന്മാർ, ബ്രാഹ്മണശ്രേഷ്ഠന്മാർ, രാജാക്കന്മാർ, കരടികൾ, ഗോപുച്ഛങ്ങൾ, വാനരേന്ദ്രന്മാർ, രാക്ഷസേന്ദ്രന്മാർ, ഇവരാൽചൂഴപ്പെട്ടവനും, മുനികളുടേയും ദേവന്മാരുടേയും സംഘങ്ങളാൽ വന്ദിക്കപ്പെട്ട താമരസകിഞ്ജൽക്കംപോലെ അഴകാന്ന തിരുവടിയുഗളത്തോടു കൂടിയവനും, അയോദ്ധ്യാ പുരീശ്വരനും, രാജാധിരാജനും, സദാചാരങ്ങളെ അറിഞ്ഞവനും സകലലോകശരണ്യനും സകലജഗത്തിനേയും സംരക്ഷിക്കുന്നതിൽ ജാഗരൂകനും, ലോകാഭിരാമനും ആയ ശ്രീരാമചന്ദ്രന്റെ സന്നിധാനത്തിൽ പ്രവചനം ചെയ്യപ്പെട്ടതും ശ്രീരാമകുമാരന്മാരായ കുശലവന്മാരാൽ ആഖ്യാനം ചെയ്യപ്പെട്ടതും ആയ ശ്രീമദ്രാമായണത്തിൽ ഇരുപത്തഞ്ചാം ദിവസം ഗാനം ചെയ്യപ്പെട്ട ശ്ലോകങ്ങൾ അവസാനിച്ചു.

ശുഭം

—൦൦—

മംഗളം കോസലേന്ദ്രായ മഹനീയഗുണാബ്ധയേ
ചക്രവർത്തിതനൂജായ സാർവ്വഭൗമായ മംഗളം.

—(൦൦)—